# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2025 സെപ്റ്റംബർ 18, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

വാല്യം 197 –നമ്പർ 4

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം
2025 സെപ്റ്റംബർ 18, വ്യാഴം

സ്പീക്കർ
**ശ്രീ. എ. എൻ. ഷംസീർ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി
**ഡോ. എൻ. കൃഷ്ണ കുമാർ**

ചീഫ് എഡിറ്റർ
**ശ്രീമതി ആർ. ഹേമലത**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. ഒ. ആർ. കേളു |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ്ജ് |

## ഉള്ളടക്കം

I. **ചോദ്യോത്തരങ്ങൾ**

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)

II. **നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്**

III. **ശ്രദ്ധ ക്ഷണിക്കൽ**

(1) ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള ആനുകൂല്യം
- ശ്രീ. ഇ. ചന്ദ്രശേഖരൻ

(2) പിന്നാക്ക/സംവരണ വിഭാഗങ്ങളുടെ തൊഴിൽ, വിദ്യാഭ്യാസ മേഖലകളിലെ പ്രാതിനിധ്യം
- ശ്രീ. പി. ഉബൈദുള്ള

IV. **സബ്മിഷൻ**

(1) ആറാട്ടുപുഴയിലെ ഡ്രെഡ്ജിങ് പ്രവർത്തനങ്ങൾ
- ശ്രീ. രമേശ് ചെന്നിത്തല

(2) വാമനപുരം-കുറ്റ, ആറാംപള്ളി പമ്പ് ഹൗസുകളിലെ വോൾട്ടേജ് ക്ഷാമം
- ശ്രീ. ഡി. കെ. മുരളി

(3) പെരിന്തൽമണ്ണയിലെ പുലിശല്യം
- ശ്രീ. നജീബ് കാന്തപുരം:

(4) കെൽട്രോണിനെതിരെയുള്ള വ്യാജ ആരോപണം
- ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(5) കാഞ്ഞിരോട് കൈത്തറി ഗ്രാമം പദ്ധതി
- ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

(6) ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവെ ഓവർബ്രിഡ്ജ് നിർമ്മാണം
- ശ്രീ. എ. പി. അനിൽ കുമാർ

(7) ആലുവയിലെ റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്തൽ
- ശ്രീ. അൻവർ സാദത്ത്

(8) ക്ഷീരകർഷകർക്ക് പാലിന് ന്യായവില ലഭ്യമാക്കൽ
- ശ്രീ. തോമസ് കെ. തോമസ്

(9) എച്ച്.എം.സി.-കളുടെയും എച്ച്.ഡി.സി.-കളുടെയും കീഴിലുള്ള ജീവനക്കാരുടെ ജോലിസ്ഥിരതയും ആനുകൂല്യങ്ങൾ ലഭ്യമാക്കലും
- ശ്രീ. പി. പി. ചിത്തരഞ്ജൻ

(10) വൈക്കം-വെള്ളൂരിൽ എയിംസ് സ്ഥാപിക്കാൻ നടപടി
- ശ്രീമതി സി. കെ. ആശ

## V. റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി VI-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

(2) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എൺപത്തിയൊന്ന് മുതൽ എൺപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ

(3) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അറുപത്തിയേഴ് മുതൽ എഴുപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ

(4) പരിസ്ഥിതി സംബന്ധിച്ച കമ്മിറ്റിയുടെ പതിനാലാമത് റിപ്പോർട്ട്

(5) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച കമ്മിറ്റിയുടെ പതിനെട്ടാമത് റിപ്പോർട്ട്

**VI. ധനകാര്യം**

2025-26 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർഥനകളുടെ സ്റ്റേറ്റ്മെന്റ്

**VII. ക്രമപ്രശ്നം**

വിജ്ഞാപനത്തിലെ അപാകത
- ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്)

**റൂളിങ്**

**VIII. നിയമനിർമ്മാണകാര്യം**

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപവും

(i) 2025-ലെ കേരള വന (ഭേദഗതി) ബിൽ

(ii) 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ

**IX. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച**

നിത്യോപയോഗ സാധനങ്ങളുടെ വിലവർധനവും പണപ്പെരുപ്പവും
- ശ്രീ. പി. സി. വിഷ്ണുനാഥ്

**നിയമനിർമ്മാണകാര്യം- തുടർച്ച**

(iii) 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

2025 സെപ്റ്റംബർ 18, വ്യാഴം

---

വാല്യം 197} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 4

---

നിയമസഭ 2025 സെപ്റ്റംബർ മാസം 18-ാം തീയതി വ്യാഴാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**I. ചോദ്യോത്തരങ്ങൾ**

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ (*61)

**പട്ടികജാതി നഗറുകളുടെ സമഗ്ര വികസനം**

1 (*61) ശ്രീമതി ശാന്തകുമാരി കെ.:

ശ്രീ. എം. മുകേഷ്:

ശ്രീ. എം. എസ്. അരുൺ കുമാർ:

ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി നഗറുകളുടെ സമഗ്ര വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദമാക്കാമോ;

(ബി) പതിനഞ്ചിൽ താഴെ മാത്രം കുടുംബങ്ങൾ താമസിക്കുന്ന നഗറുകളുടെ അടിസ്ഥാനസൗകര്യ വികസനം അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) എന്തെല്ലാം അടിസ്ഥാനസൗകര്യ വികസന പദ്ധതികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, (എ) സംസ്ഥാനത്ത് പട്ടികജാതി നഗറുകളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് അംബേദ്കർ ഗ്രാമം പദ്ധതി 2016-17 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി ഗ്രാമങ്ങളിൽ ഒരു കോടി രൂപ വരെയുള്ള വികസന പ്രവർത്തനങ്ങളാണ് ഈ പദ്ധതി പ്രകാരം നടപ്പാക്കുന്നത്. 2016-17 സാമ്പത്തിക വർഷം മുതൽ 2024-25 സാമ്പത്തിക വർഷം വരെ 800 ഗ്രാമങ്ങളെ ടി പദ്ധതിയിലേക്ക് തിരഞ്ഞെടുത്തിട്ടുള്ളതിൽ 428 ഗ്രാമങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ 73 ഗ്രാമങ്ങളെക്കൂടി ടി പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

കോർപ്പസ് ഫണ്ട് പദ്ധതികളിൽ ഉൾപ്പെടുത്തിയും ത്രിതല ഗ്രാമ പഞ്ചായത്തുകളുടെ പട്ടികജാതി വിഹിതം ഉപയോഗിച്ചും പട്ടികജാതി ഗ്രാമങ്ങളിലെ വികസന പദ്ധതികൾ നടപ്പാക്കിവരുന്നു.

(ബി) അംബേദ്കർ ഗ്രാമം പദ്ധതിയുടെ നിലവിലെ മാനദണ്ഡപ്രകാരം സംസ്ഥാനത്തെ അസംബ്ലി നിയോജകമണ്ഡലങ്ങളിൽ ഭൂരിഭാഗം പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും കുറഞ്ഞത് 25 പട്ടികജാതി കുടുംബങ്ങളെങ്കിലും ഉള്ളതുമായ ഗ്രാമങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. കുടുംബങ്ങളുടെ എണ്ണം 25-ൽ കുറവുള്ള ഗ്രാമങ്ങൾ / നഗറുകൾ ഉൾപ്പെടുത്തേണ്ടുന്ന സാഹചര്യത്തിൽ അതേ വാർഡിലെയോ തൊട്ടടുത്ത വാർഡിലെയോ ഭൂമിശാസ്ത്രപരമായി ചേർക്കാവുന്ന ഒരു നഗറിനെക്കൂടി ഉൾപ്പെടുത്തി കുറഞ്ഞത് 25 കുടുംബങ്ങളുടെ ക്ലസ്റ്ററുകളായി പദ്ധതി നടപ്പാക്കാവുന്നതും പരമാവധി ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാവുന്നതുമാണ്. ഇത്തരത്തിൽ നിർദ്ദേശിക്കപ്പെടുന്ന നഗറുകളിലെ ഗുണഭോക്താക്കളുടെ എണ്ണം 25-ൽ കുറവും ക്ലസ്റ്ററായി നടപ്പാക്കാൻ കഴിയാത്ത സാഹചര്യവുമാണെങ്കിൽ ആനുപാതികമായി തുക കുറവ് ചെയ്ത് DPR തയ്യാറാക്കി പദ്ധതി നടപ്പാക്കേണ്ടതാണ്. ഇതിനായി കുടുംബങ്ങളുടെ എണ്ണം 20 മുതൽ 24 വരെയാണെങ്കിൽ 75 ലക്ഷം രൂപയും 15 മുതൽ 19 വരെയാണെങ്കിൽ 50 ലക്ഷം രൂപയും ചെലവഴിക്കാവുന്നതാണ്.

ശിപാർശ ചെയ്യപ്പെടുന്ന നഗറിലെ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം 15-ൽ താഴെയാണെങ്കിൽ അത്തരം നഗറുകളെ ക്ലസ്റ്ററിന്റെ ഭാഗമായി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കാൻ സാധിക്കും.

(സി) അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ നിലവിലെ മാനദണ്ഡപ്രകാരം ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്താം.

(i) ഗ്രാമങ്ങൾക്കുള്ളിലെ റോഡ്/ നടപ്പാത

(ii) കുടിവെള്ള വിതരണം-ഓരോ വീട്ടിലും ഗാർഹിക കണക്ഷൻ ലഭ്യമാക്കി കുടിവെള്ള വിതരണം ഉറപ്പാക്കേണ്ടതാണ്. ജൽജീവൻ മിഷൻ ഉൾപ്പെടെയുള്ള കുടിവെള്ള പദ്ധതികളുള്ള പ്രദേശങ്ങൾ ഒഴിവാക്കേണ്ടതാണ്.

(iii) തെരുവ് വിളക്കുകൾ സ്ഥാപിക്കൽ

(iv) ഇന്റർനെറ്റ് കണക്റ്റിവിറ്റി സൗകര്യങ്ങൾ (കമ്മ്യൂണിറ്റി ഹാൾ/ ലൈബ്രറി)

(v) ഗ്രാമത്തിലെ ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ

(vi) ഭവന പുനരുദ്ധാരണം

(vii) ടോയ്‌ലറ്റ് നിർമ്മാണം/ ഉപയോഗയോഗ്യമാക്കൽ

viii. വിജ്ഞാനവാടി നിർമ്മാണം/ മെയിന്റനൻസ്

(ix) ഗ്രാമത്തിനുള്ളിലെ പൊതു ആസ്തികളുടെ മെയിന്റനൻസ്

(x) പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (കളിസ്ഥലം, കാവ്, കുളം ഉൾപ്പെടെ)

(xi) സംരക്ഷണ ഭിത്തി നിർമ്മാണം (മണ്ണിടിച്ചിൽ ഭീഷണിയുള്ള സാഹചര്യത്തിൽ മാത്രം)

(xii) കിണർ നവീകരണം

(xiii) ഭവന വൈദ്യുതീകരണം

(xiv) സാംസ്കാരിക നിലയം, വായനശാല എന്നിവയുടെ നിർമ്മാണം/ നവീകരണം.

ശ്രീമതി ശാന്തകുമാരി കെ. : സർ, ഇക്കഴിഞ്ഞ ആഗസ്റ്റ് 29, 30 തീയതികളിലായി ഒഡീഷയിലെ ഭുവനേശ്വറിൽവച്ച് നടന്ന പട്ടികജാതി-പട്ടികവർഗ ക്ഷേമം സംബന്ധിച്ച സമിതി ചെയർപേഴ്സൺമാരുടെ ദേശീയ കോൺഫറൻസിൽ കേരളത്തിലെ എസ്.സി./എസ്.ടി. മേഖലകളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ചാണ് വളരെ അഭിമാനത്തോടുകൂടി അവതരിപ്പിച്ചത്. അതിൽ വിങ്സ്, അംബേദ്കർ ഗ്രാമ പദ്ധതി, ലൈഫ് മിഷൻ, പട്ടയ മിഷൻ, ട്രേസ് (TRACE) തുടങ്ങിയ പദ്ധതികൾ വലിയ കൈയടിയോടെയാണ് ദേശീയതലത്തിൽ അംഗീകരിച്ചത്. അതിന് നേതൃത്വം നൽകിയ എൽ.ഡി.എഫ്. സർക്കാരിനെ ഞാൻ അഭിനന്ദിക്കുന്നു. അംബേദ്കർ ഗ്രാമം പദ്ധതിയുടെ പുതുക്കിയ മാനദണ്ഡത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. ഈ പദ്ധതി മുഖേന കേരളത്തിലെ വിവിധ ജില്ലകളിൽ 5 കുടുംബങ്ങൾ ഒരുമിച്ച് താമസിക്കുന്ന കോളനികളെ ഒരു ഹാബിറ്റാറ്റ് ആക്കി മാറ്റുന്നതിലേയ്ക്കായി എന്ത് പദ്ധതിയാണ് പ്രത്യേകമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. ഒ. ആർ. കേളു: സർ, ഒരുമിച്ച് താമസിക്കുന്ന 5 കുടുംബങ്ങളെ ഹാബിറ്റാറ്റ് ആയാണ് പരിഗണിച്ചിട്ടുള്ളത്. ഇത്തരം നഗറുകളിൽ വരുന്ന മറ്റ് വിഷയങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഇതേ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു പുതിയ പദ്ധതികൂടി ആവിഷ്കരിച്ചിട്ടുണ്ട്. അതിന്റെ ക്രൈറ്റീരിയ പൂർത്തീകരിച്ച് ജില്ലാതലത്തിൽ പദ്ധതി നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീമതി ശാന്തകുമാരി കെ.: സർ, അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് പലരും ആശങ്കയിലാണ്. പ്രസ്തുത പദ്ധതിയുടെ ഇംപ്ലിമെന്റേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളുടെ പുരോഗതി ശക്തമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. ഒ. ആർ. കേളു: സർ, അംബേദ്കർ ഗ്രാമം പദ്ധതി മുഖേന അനുവദിച്ച പദ്ധതികളിൽ 50 ശതമാനത്തോളം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വേഗത്തിലാക്കുന്നതിനുവേണ്ടി ജില്ലാതലത്തിൽ സാങ്കേതികാനുമതിയും ഭരണാനുമതിയും നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലയിലെ എസ്.സി. ഓഫീസർ കൺവീനറും ജില്ലാ കളക്ടർ ഉൾപ്പെടുന്നതുമായ ഒരു കമ്മിറ്റിക്ക് അംഗീകാരം നൽകുകയും ഒരു മോണിറ്ററിങ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. നിയോജകമണ്ഡലതലത്തിൽ എം.എൽ.എ.-മാർ ചെയർമാന്മാരായ കമ്മിറ്റികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനും കൃത്യമായ ഇടപെടൽ നടത്തി കാര്യങ്ങൾ വേഗത്തിലാക്കാനുമുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. എം. മുകേഷ്: സർ, അംബേദ്കർ ഗ്രാമ വികസന പദ്ധതി മുഖേന വീട് നവീകരണം, ഇലക്ട്രിഫിക്കേഷൻ, ശുചിമുറി നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ഗുണഭോക്താക്കൾക്ക് ഏറ്റെടുത്ത് നടപ്പാക്കാൻ സാധിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, പുതിയ ഉത്തരവനുസരിച്ച് അംബേദ്കർ ഗ്രാമ വികസന പദ്ധതി നടപ്പാക്കുന്നതിന് ലോക്കൽ ബോഡികളെയും ഗവൺമെന്റ് അംഗീകൃത അക്രഡിറ്റഡ് ഏജൻസിയെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. അക്രഡിറ്റഡ് ഏജൻസികളുമായി എഗ്രിമെന്റിൽ ഏർപ്പെട്ടുകൊണ്ട് അത്തരം പ്രവൃത്തികൾ ഉപഭോക്താവിന് നേരിട്ടുതന്നെ ചെയ്യാനുള്ള പ്രൊവിഷനും ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, അംബേദ്കർ ഗ്രാമ വികസന പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് ജില്ലാതലത്തിൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ഘടന വിശദീകരിക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, അംബേദ്കർ ഗ്രാമ വികസന പദ്ധതിക്ക് വകുപ്പുതലത്തിൽ ഭരണാനുമതി നൽകുമ്പോഴുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി ജില്ലാതലത്തിൽ സാങ്കേതിക പരിശോധന നടത്തി പദ്ധതിയുടെ ഡി.പി.ആർ-ന് അംഗീകാരം നൽകുന്നതിനും ശിപാർശ ചെയ്യുന്നതിനുമായി ജില്ലാ പട്ടികജാതി വികസന ഓഫീസർ കൺവീനറും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ കളക്ടർ ശിപാർശ ചെയ്യുന്ന പ്രാദേശിക പദ്ധതി നിർവഹണത്തിൽ പരിചയമുള്ളതുമായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ കുറയാത്ത ഒരു വിരമിച്ച ഉദ്യോഗസ്ഥൻ എന്നിവരെ ഉൾപ്പെടുത്തി ജില്ലാതലത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. ജെ. മാക്സ്ി: സർ, അംബേദ്കർ ഗ്രാമ വികസന പദ്ധതികൾ അംഗീകൃത ഏജൻസിക്കുപുറമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നടപ്പാക്കാൻ സാധിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രവർത്തനങ്ങൾ അക്രഡിറ്റഡ് ഏജൻസികളെ മാത്രം ഏൽപ്പിക്കുന്ന രീതിയാണ് മുമ്പുണ്ടായിരുന്നത്. പ്രസ്തുത ഉത്തരവ് ലഘൂകരിച്ച് ലോക്കൽ ബോഡികളെകൂടി (ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ) പദ്ധതി ഏൽപ്പിക്കുന്ന രീതി ക്രമീകരിച്ചിട്ടുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ, ഏകദേശം എട്ട് വർഷം മുമ്പ് എസ്.സി. പ്രൊമോട്ടർമാരുടെയും ക്ലറിക്കൽ അസിസ്റ്റന്റുമാരുടെയും ഓണറേറിയം വർധിപ്പിച്ചിരുന്നു. 2017-ൽ എസ്.സി. പ്രൊമോട്ടർമാർക്ക് 7500 രൂപ ഓണറേറിയമായി നൽകിയിരുന്നത് നിലവിൽ 10,000 രൂപയായി വർധിപ്പിച്ചിട്ടുണ്ട്. എന്നാൽ എട്ട് വർഷത്തോളമായിട്ടും ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ ഓണറേറിയം പഴയ നിരക്കിൽത്തന്നെ തുടരുകയാണ്. ഇക്കാലയളവിനിടയിൽ പലതവണ ബസ് ചാർജും ജീവിതചെലവുകളും വർധിച്ചുവെങ്കിലും അതിനനുസരിച്ച് ഓണറേറിയത്തിൽ മാറ്റമുണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ എസ്.സി. പ്രൊമോട്ടർമാരുടെയും ക്ലറിക്കൽ അസിസ്റ്റന്റുമാരുടെയും ഓണറേറിയം വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, എസ്.സി പ്രൊമോട്ടർമാരുടെ ഓണറേറിയം വർധിപ്പിക്കുന്നത് സംബന്ധിച്ച് വകുപ്പ് പരിശോധിച്ചുവരികയാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, അംബേദ്കർ ഗ്രാമവികസന പദ്ധതി മുഖേന വീടുകളുടെ അറ്റകുറ്റപ്പണി ചെയ്യാൻ വ്യവസ്ഥയുണ്ടെങ്കിലും പുതിയ വീട് നിർമ്മിക്കാനുള്ള വ്യവസ്ഥയില്ല. അതുകൊണ്ട് പ്രസ്തുത പദ്ധതിയുടെ ഭാഗമായി വീട് നിർമ്മാണത്തിനുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്താൻ കഴിയുമോ; അക്കാര്യം പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. ഒ. ആർ. കേളു: സർ, സംസ്ഥാനത്തൊട്ടാകെ ലൈഫ് ഭവന പദ്ധതിയുടെ കീഴിലാണ് ഭവന നിർമ്മാണത്തിനുള്ള സഹായം നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പ്രസ്തുത പദ്ധതി മുഖേന ജനറൽ, എസ്.സി./എസ്.ടി. തുടങ്ങി എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം നൽകിവരുന്നുണ്ട്. പക്ഷെ അംബേദ്കർ ഭവനം പദ്ധതിയിൻകീഴിൽ പ്രത്യേകമായി വീട് അനുവദിക്കുന്നില്ല. പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട് കുറച്ച് കുടുംബങ്ങളെ പ്രത്യേകമായി ഒരു സ്ഥലത്തേക്ക് മാറ്റി പാർപ്പിക്കുമ്പോൾ അത്തരം കുടുംബങ്ങൾക്ക് വീട് അനുവദിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. അനൂപ് ജേക്കബ്: സർ, എസ്.സി. ഗുണഭോക്താക്കളുടെ എണ്ണം 25-ൽ കുറവാണെങ്കിൽ അത് തികയ്ക്കുന്നതിനുവേണ്ടി ഒരു നഗറിനെക്കൂടി ഉൾപ്പെടുത്തി ക്ലസ്റ്റർ രൂപീകരിക്കാമെന്ന് അങ്ങ് സൂചിപ്പിച്ചു. രണ്ടോ മൂന്നോ കോളനികൾ ഉൾപ്പെടുത്തുമ്പോഴായിരിക്കാം ഇത്രയും എണ്ണം തികയ്ക്കാൻ കഴിയുന്നത്. അങ്ങനെ വരുമ്പോൾ

തുക അപര്യാപ്തമാകാനുള്ള സാഹചര്യമുണ്ട്. എന്നിരുന്നാലും ഒരു മോണിറ്ററിങ് കമ്മിറ്റി അംഗീകരിച്ചാൽ, അനിവാര്യമായി നവീകരിക്കേണ്ട പട്ടികജാതി ഭവനങ്ങളുള്ള കോളനികളെക്കൂടി ഉൾപ്പെടുത്താൻ സാധിക്കുന്ന നിലയിൽ ഈ പദ്ധതി വിഭാവനം ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മുമ്പ് 25 കുടുംബങ്ങൾ വേണമെന്നാണ് നിഷ്കർഷിച്ചിരുന്നത്. പക്ഷേ, ആ വ്യവസ്ഥ കുറച്ചുകൂടി ലഘൂകരിച്ചുകൊണ്ടാണ് ഇപ്പോൾ 15 കുടുംബങ്ങൾ മതിയെന്ന നിലപാടെടുത്തത്. കുടുംബങ്ങളുടെ എണ്ണം അതിലും കുറവാണെങ്കിൽ തൊട്ടടുത്തുള്ള നഗറുകളെ കൂടി ഉൾപ്പെടുത്തി ക്ലസ്റ്ററായിട്ടും ഈ പദ്ധതി നടപ്പാക്കാവുന്നതാണ്. അതിനുപുറമെ, ഇത്തരം നഗറുകളിലെ കുടുംബങ്ങളുടെ എണ്ണം 10-ൽ താഴെയാണെങ്കിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി ഒരു പുതിയ പദ്ധതികൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അത്തരം പദ്ധതിയിൽ അവരെക്കൂടി ഉൾപ്പെടുത്താവുന്നതാണ്.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, "പത്ത് അഭ്യസ്തവിദ്യരെ കണ്ട് മരിക്കണം" എന്നുള്ള മഹാനായ അയ്യങ്കാളിയുടെ സ്വപ്നം യാഥാർഥ്യമാക്കിക്കൊണ്ട് പട്ടികജാതി സമൂഹത്തെ ഉയർച്ചയിലേക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി വിവിധ മണ്ഡലങ്ങളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന അംബേദ്കർ ഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. എന്നാൽ പദ്ധതിയിലെ ഓരോ ഇനവും തരംതിരിച്ച് പരിശോധിക്കുമ്പോൾ ഓരോന്നിനും പര്യാപ്തമായ തുക ലഭിക്കുന്നില്ല എന്ന യാഥാർഥ്യവും

നമ്മുടെ മുന്നിലുണ്ട്. പ്രത്യേകിച്ച് വീടുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി അനുവദിക്കുന്ന തുക പലപ്പോഴും അപര്യാപ്തമാകുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നുണ്ട്. ഈ പദ്ധതിയുടെ മാനദണ്ഡങ്ങളിൽ മാറ്റമുണ്ടായ സാഹചര്യത്തിൽ വീട് മെയിന്റനൻസിനുള്ള തുക വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, നിലവിൽ വീട് മെയിന്റനൻസിന് എസ്.സി. വിഭാഗത്തിന് പരമാവധി രണ്ട് ലക്ഷം രൂപയും എസ്.റ്റി. വിഭാഗത്തിന് രണ്ടര ലക്ഷം രൂപയുമാണ് അനുവദിച്ചുവരുന്നത്. ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയ വിഷയം പരിശോധിക്കാം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പട്ടികജാതി പട്ടികവർഗ വിഭാഗക്കാർ ചികിത്സയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് ഏറ്റവും കൂടുതൽ അഭിമുഖീകരിക്കുന്നത്. നിലവിൽ സർക്കാർ ആശുപത്രികളിൽ ചികിത്സ സൗജന്യമാണ്. ഇത്തരത്തിൽ സ്വകാര്യ ആശുപത്രികളിൽക്കൂടി പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്ക് സൗജന്യചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, നിലവിൽ വകുപ്പ് നടപ്പാക്കുന്ന പ്രത്യേക ചികിത്സാ ധനസഹായ പദ്ധതി മുഖേനയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ പദ്ധതി മുഖേനയും ചികിത്സാ സഹായം നൽകിവരുന്നുണ്ട്. ടി രണ്ട് പദ്ധതിയിലും എസ്.സി/എസ്.റ്റി. വിഭാഗക്കാർക്ക് അപേക്ഷിക്കാൻ സാധിക്കും. ചികിത്സയുടെ ഡോക്യുമെന്റ്സും ഡോക്ടറുടെ സർട്ടിഫിക്കറ്റും ലഭ്യമാക്കുന്നമുറയ്ക്ക് ടി പദ്ധതി മുഖാന്തരം സഹായം അനുവദിക്കുന്നതാണ്. സ്വകാര്യ

ആശ്രുപത്രികളിൽ എസ്.സി/എസ്.റ്റി. വിഭാഗക്കാർക്ക് സൗജന്യ ചികിത്സ നൽകുന്നില്ല.

ശ്രീ. കെ. വി. സുമേഷ്: സർ, പട്ടികജാതി നഗറുകളുടെ സമഗ്ര വികസനത്തിനായുള്ള അംബേദ്കർ ഗ്രാമം പദ്ധതി വളരെ പ്രാധാന്യമുള്ളതാണ്. ടി പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കുന്നതിനായി ഫലപ്രദമായ മോണിറ്ററിങ് സംവിധാനം ഏർപ്പെടുത്തുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുമോ?

ശ്രീ. ഒ. ആർ. കേളു: സർ, അത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജില്ലാതല അവലോകന യോഗം ചേർന്നെങ്കിലും പ്രതീക്ഷിച്ച തരത്തിൽ പുരോഗതി കൈവരിക്കാൻ സാധിച്ചില്ല. എന്നിരുന്നാലും എം.എൽ.എ.-മാർ ആവശ്യപ്പെടുന്നമുറയ്ക്ക് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അതത് മണ്ഡലത്തിനായുള്ള അവലോകന യോഗങ്ങൾ വിളിച്ചുചേർത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും പദ്ധതി കാര്യക്ഷമമാക്കുന്ന രീതി അവലംബിക്കുകയും ചെയ്തുവരുന്നുണ്ട്. അതുകൂടാതെ, ഇത്തരം കാര്യങ്ങൾ റിവ്യൂ ചെയ്യുന്നതിനായി എം.എൽ.എ.-മാർക്ക് മണ്ഡലതലത്തിൽ പ്രവർത്തിക്കുന്ന മോണിറ്ററിങ് കമ്മിറ്റി യോഗം വിളിച്ചു ചേർക്കാവുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പട്ടികജാതി നഗറുകളുടെ സമഗ്ര വികസനത്തിന് പ്രൊമോട്ടർമാരുടെ സേവനം വളരെ അത്യാവശ്യമാണ്. അവർക്ക് ഓണറേറിയമായി നൽകിവരുന്ന 7500 രൂപ വർഷങ്ങൾക്കുമുമ്പ് തീരുമാനിച്ചതാണ്; അത് പുതുക്കാനുള്ള ആലോചനയുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. ഈ സർക്കാരിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് ഇക്കാര്യത്തിൽ തീരുമാനമെടുക്കുമോ; അതല്ലെങ്കിൽ അക്കാര്യം

അനിശ്ചിതമായി നീണ്ടുപോകുമോ?

ശ്രീ. ഒ. ആർ. കേളു: സർ, എസ്.സി./എസ്.റ്റി. പ്രൊമോട്ടർമാരുടെ ഓണറേറിയം കാലാനുസൃതമായി പരിഷ്കരിക്കണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ പരിശോധിച്ചുവരുന്നുണ്ട്. ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽത്തന്നെ അത്തരം കാര്യങ്ങൾ പൂർത്തീകരിക്കാനാണ് ആഗ്രഹിക്കുന്നത്. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

**പട്ടികവർഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലി**

2 (*62) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. എസ്. സുപാൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന പട്ടികവർഗ വികസന വകുപ്പിന്റെ പ്രവർത്തനം പട്ടികവർഗ വിഭാഗത്തിന്റെ സർവതോന്മുഖമായ വികസനത്തിന് സഹായകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആധുനിക കാലത്തിന്റെയും പുത്തൻ സാങ്കേതികവിദ്യയുടെയും വെല്ലുവിളികളെ ഏറ്റെടുത്തുകൊണ്ട് കരുത്തുറ്റ സമൂഹമായി പട്ടികവർഗ യുവജനതയെ മാറ്റുന്നതിന് വകുപ്പിന്റെ ചിട്ടയായ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വിവിധ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം സമയബന്ധിതമായി ലഭിക്കുന്നതിന് പട്ടികവർഗ വികസന വകുപ്പിന്റെ ആധുനികവൽക്കരണം സഹായകമായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പട്ടികവർഗ വികസന വകുപ്പിന്റെ ഭാവി ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, (എ) പട്ടികവർഗ വിഭാഗത്തിന്റെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ആരോഗ്യ-സാമൂഹിക-സാമ്പത്തിക ഉന്നമനം സാധ്യമാക്കുന്നതിനും കഴിഞ്ഞ 50 വർഷം കൊണ്ട് പട്ടികവർഗ വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ബി) ആധുനിക കാലത്തിന്റെ പുത്തൻ സാങ്കേതികവിദ്യയുടെ വെല്ലുവിളികളെ ഏറ്റെടുത്തുകൊണ്ട് പട്ടികവർഗ യുവജനതയെ ഒരു കരുത്തുറ്റ സമൂഹമാക്കി മാറ്റുന്നതിൽ പട്ടികവർഗ വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

സാങ്കേതിക വിദ്യയുടെ വേഗതയോടൊപ്പം സഞ്ചരിക്കാനും അതിനെ അവരുടെ ഉന്നമനത്തിനായി ഉപയോഗിക്കാനും യുവജനങ്ങളെ പ്രാപ്തരാക്കുവാനും ചുവടെ പറയുന്ന പ്രവർത്തനങ്ങളിലൂടെ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

+ അനുബന്ധം I

+ അനുബന്ധം I

(സി) വിവിധ പദ്ധതികളുടെ നേട്ടങ്ങൾ ഗുണഭോക്താക്കൾക്ക് കൂടുതൽ വേഗത്തിലും കാര്യക്ഷമമായും നേരിട്ട് എത്തിക്കാൻ പട്ടികവർഗ വികസന വകുപ്പിന്റെ ആധുനികവൽക്കരണം സഹായകമായിട്ടുണ്ട്.

സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിന്റെ ആസ്ഥാന കാര്യാലയം മുതൽ ടൈബൽ എക്സ്റ്റൻഷൻ ഓഫീസ് വരെയുള്ള സ്ഥാപനങ്ങൾ ഇ-ഓഫീസ് സംവിധാനത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതിലൂടെ വകുപ്പിന്റെ പ്രവർത്തനങ്ങളെ കൂടുതൽ സുതാര്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) പട്ടികവർഗ വികസന വകുപ്പ് രൂപീകരിച്ച് 50 വർഷം പൂർത്തിയാകുന്ന ഈ വർഷം പട്ടികവർഗ വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായി ഇക്കാലയളവിൽ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളും സംരംഭങ്ങളും വകുപ്പിന്റെ നേട്ടങ്ങളും പ്രവർത്തനങ്ങളും അവലോകനം ചെയ്യും.

സുവർണ്ണ ജൂബിലിയുടെ ഭാഗമായി രൂപീകരിച്ച ടാസ്ക് ഫോഴ്സ് ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർതലത്തിൽ പരിശോധിച്ച് പട്ടികവർഗ ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കും. ആയതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

ശ്രീ. ഇ. കെ. വിജയൻ: സർ, പട്ടികവർഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലി വർഷമാണ് ഇതെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഈ സുവർണ്ണ ജൂബിലി

+ അനുബന്ധം I

വർഷത്തിൽ സാമൂഹ്യ പഠനമുറികൾക്ക് പുറമെ വിദ്യാർഥികൾക്ക് വീട്ടിൽത്തന്നെ മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിനായി പ്രഖ്യാപിച്ച സ്മാർട്ട് പഠന മുറികളിൽ എന്തെല്ലാം സൗകര്യങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത്; പ്രതിവർഷം എത്ര വിദ്യാർഥികൾക്ക് ഇതിന്റെ ഗുണം ലഭിക്കും?

ശ്രീ. ഒ. ആർ. കേളു: സർ, സാധാരണരീതിയിലുള്ള പഠനമുറിയാണ് മുമ്പ് നടപ്പാക്കിക്കൊണ്ടിരുന്നത്. പട്ടികവർഗ വകുപ്പിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് കുറച്ചുകൂടി മെച്ചപ്പെട്ട രീതിയിൽ ഇന്റർനെറ്റ് കണക്ഷനുകളുൾപ്പെടെയുള്ള സൗകര്യമേർപ്പെടുത്തിക്കൊണ്ട് വീടുകളിൽ പഠനമുറിയൊരുക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കാനുദ്ദേശിക്കുന്നത്.

ശ്രീ. ഇ. കെ. വിജയൻ: സർ, പട്ടികവർഗ വിദ്യാർഥികളുടെ സമ്പൂർണ എൻറോൾമെന്റ് ഉറപ്പാക്കാനും കൊഴിഞ്ഞുപോക്ക് തടയാനും വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. ഒ. ആർ. കേളു: സർ, പട്ടികവർഗ വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുവേണ്ടി ധാരാളം പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഇത്തരം കാര്യങ്ങൾക്ക് ട്രൈബൽ പ്രൊമോട്ടർമാരെയും മെന്റർ ടീച്ചർമാരെയും കാര്യക്ഷമമായി വിനിയോഗിക്കുന്നുണ്ട്. റിമോട്ട് ഏരിയയിൽനിന്നും സ്കൂളിലേയ്ക്ക് എത്താൻ സാധിക്കാത്ത കുട്ടികളെ നിർബന്ധമായും എത്തിക്കുന്നതിനുവേണ്ടി 'വിദ്യാവാഹിനി' പദ്ധതി ഉപയോഗപ്പെടുത്തുന്നുണ്ട്. ഈ വിഭാഗത്തിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുവേണ്ടി ജില്ലാതലത്തിൽ റിവ്യൂ

നടത്തിവരികയാണ്. ഉന്നതികളിൽ ഭക്ഷണത്തിന്റെയോ പോഷകാഹാരത്തിന്റെയോ കുറവുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി പോഷകാഹാര വിതരണ പദ്ധതിയും വകുപ്പ് നടപ്പാക്കിവരുന്നു. ഇത്തരം കാര്യങ്ങൾ സംയോജിപ്പിച്ചുകൊണ്ടാണ് കുട്ടികളെ നിർബന്ധമായും സ്കൂളിൽ എത്തിക്കുന്നതിനുള്ള കാര്യങ്ങൾ ചെയ്യുന്നത്. ഇതിനുപുറമെ ലോക്കൽ ബോഡി/എൽ.എസ്.ജി.ഡി. മുഖേന കുട്ടികൾക്ക് പ്രഭാതഭക്ഷണ പരിപാടിയും സ്കൂളുകളിൽ ക്രമീകരിച്ച് നടപ്പാക്കുന്നുണ്ട്.

<u>ശ്രീമതി സി. കെ. ആശ</u>: സർ, കഴിഞ്ഞ 50 വർഷമായി സംസ്ഥാനത്തെ പട്ടികവിഭാഗത്തിൽപ്പെടുന്നവരെ സാമൂഹിക, സാമ്പത്തിക, ആരോഗ്യ മേഖലയിലെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന് വകുപ്പ് നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. ഇതുസംബന്ധിച്ച് ഡിപ്പാർട്ട്മെന്റ് തലത്തിൽ മോണിറ്ററിങ് നടത്തുന്നുണ്ടോ; സുവർണ്ണ ജൂബിലി വർഷത്തിൽ അഭ്യസ്തവിദ്യരായ പട്ടികവർഗ വിഭാഗത്തിലെ യുവതീ-യുവാക്കളെ ഒരേസമയം തൊഴിൽ സംരംഭകരും തൊഴിൽദാതാക്കളുമാക്കുന്നതിനുവേണ്ടി വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ആദ്യത്തെ ചോദ്യത്തിന് നേരത്തെ മറുപടി പറഞ്ഞിരുന്നു. സുവർണ്ണജൂബിലിയോടനുബന്ധിച്ച് പട്ടികവർഗ വിഭാഗങ്ങളിലെ യുവതീ-യുവാക്കളെ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആധുനിക ടെക്നോളജിയും ശാസ്ത്രവിദ്യയും ഉപയോഗിച്ച് പുതിയ തലമുറയ്ക്ക് ഏറ്റവും മികച്ച

രീതിയിലുള്ള സ്കിൽ ടെയിനിങ് നൽകി പ്ലേസ്മെന്റ് ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ ഉദ്ഘാടനം കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായി. എസ്.സി. വിഭാഗത്തിന് ഏവിയേഷൻ/ ഡിജിറ്റൽ കോഴ്സ് ഉൾപ്പെടെ എല്ലാ തരത്തിലുമുള്ള ആധുനിക കോഴ്സുകളും ലഭ്യമാക്കിവരുന്നുണ്ട്. സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ഐ.ടി.ഐ.-കളിൽ ആധുനിക കാലഘട്ടത്തിലെ ശാസ്ത്രവിദ്യ പ്രയോജനപ്പെടുത്തി പുതിയ ട്രേഡുകൾ ആരംഭിച്ച് ഉദ്യോഗാർഥികൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളാനും തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, പട്ടികവർഗ സമുദായത്തിലെ കുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസം ഉറപ്പാക്കാൻ സർക്കാർ നടപ്പാക്കിയ ഗോത്രബന്ധു പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഭാഷാ പ്രാവീണ്യത്തിന്റെ കുറവുമൂലം സ്കൂളിലെത്തുന്ന കുട്ടികൾക്ക് ചില കാര്യങ്ങളിൽ അജ്ഞത നിലനിൽക്കുന്ന സാഹചര്യത്തിൽ അവരുടേതായ ഭാഷയിൽ കാര്യങ്ങൾ പറഞ്ഞുകൊടുത്ത് ബോധ്യപ്പെടുത്തി ക്ലാസ്സിലെത്തിക്കുന്നതിനും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുംവേണ്ടിയാണ് 'ഗോത്രബന്ധു പദ്ധതി' നടപ്പാക്കിയിട്ടുള്ളത്. ഈ പദ്ധതി മുഖേന വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ മെന്റർ ടീച്ചർമാരുടെ നിയമനം നടത്തിവരികയാണ്.

ശ്രീ. സി. സി. മുകുന്ദൻ: സർ, പട്ടികവർഗ കുടുംബങ്ങളുടെ ക്ഷേമം ഉറപ്പുവരുത്താൻ സർക്കാർ പുതിയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, സുവർണ്ണ ജൂബിലിയുടെ ഭാഗമായി കഴിഞ്ഞ 50 വർഷക്കാലത്തെ പുരോഗതി വിലയിരുത്തുന്നതിനും അതിന്റെ നേട്ടങ്ങളും കോട്ടങ്ങളും പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും ഈ വിഭാഗത്തിന് വികസനം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ കാര്യങ്ങൾ ആധുനിക കാലഘട്ടത്തിൽ എപ്രകാരം വേണമെന്നത് സംബന്ധിച്ചുമുള്ള ചർച്ചകൾ ഇപ്പോൾ നടത്തിവരുന്നുണ്ട്. ഈ സാമ്പത്തികവർഷം മാർച്ച് അവസാനത്തോടുകൂടി ദേശീയ/സംസ്ഥാന തലത്തിലെ പ്രഗത്ഭരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു കോൺക്ലേവ് നടത്താനും ഈ വിഭാഗത്തിന് പുതിയ കാലഘട്ടത്തിനനുസൃതമായ ദിശാബോധം നൽകാനുമാണ് വകുപ്പ് ആലോചിക്കുന്നത്.

ശ്രീ. സണ്ണി ജോസഫ്: സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പട്ടികവർഗ പുനരധിവാസ മേഖലയായ ആറളം ഫാമിലെ ജനവിഭാഗങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പല തവണ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അവിടെ വന്യമൃഗശല്യം ഉണ്ടാകാതിരിക്കാൻ വേണ്ടിയുള്ള ആന മതിലിന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ നിലച്ചിരിക്കുകയാണ്. കുടിവെള്ളം ലഭിക്കാത്ത പ്രശ്നങ്ങളും അവിടെ നിലനിൽക്കുന്നുണ്ട്. പല കെട്ടിടങ്ങൾ നിർമ്മിച്ചെങ്കിലും അത് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല. ഇതുകൂടാതെ ഈ പ്രദേശത്ത് അർഹതപ്പെട്ടവർക്ക് ഭൂമി വിതരണം ചെയ്യാനും യാത്രാ സൗകര്യങ്ങൾ വർധിപ്പിക്കാനും നടപടിയെടുക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്?

ശ്രീ. ഒ. ആർ. കേളു: സർ, ആന മതിൽ നിർമ്മിക്കുന്ന പ്രവൃത്തി മുമ്പ് ഒരു കരാറുകാരനെ ഏൽപ്പിച്ചിരുന്നെങ്കിലും പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ രണ്ടു-മൂന്ന് തവണ സമയം നീട്ടിനൽകിയിരുന്നു. തുടർന്നും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്യുകയും നിലവിൽ വർക്ക് റീ-ടെൻഡർ ചെയ്ത് പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അവിടെ ഭൂമി വിതരണം ചെയ്യുന്ന വിഷയവുമായി ബന്ധപ്പെട്ട് ഒരേക്കർ ഭൂമി വീതമാണ് ടി കുടുംബങ്ങൾക്ക് നൽകിയിരുന്നത്. എന്നാൽ ഭൂമിയുടെമേൽ അവകാശം ലഭിച്ച കുറച്ച് കുടുംബങ്ങൾ അവിടെ താമസിക്കുന്നില്ല. അത്തരം കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചത് സംബന്ധിച്ച കണക്ക് വകുപ്പ് ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. കണക്ക് ലഭ്യമായതിനുശേഷം ആ ഭൂമി അവർക്കുതന്നെ നൽകണമോ എന്നും അവർ ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ ഭൂമിയില്ലാത്തവർക്ക് നൽകണമോ എന്നുമുള്ള കാര്യങ്ങൾ വകുപ്പ് പരിശോധിക്കുന്നതാണ്. ആറളം ഫാമിലെ മിൽക്ക് സൊസൈറ്റി, കൃഷി ഭവൻ, അങ്കണവാടി, സ്കൂളുകൾ, കെട്ടിടങ്ങൾ എന്നിവ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് യോഗം ചേരുകയും അതത് വകുപ്പിനുവേണ്ടി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ അവർതന്നെ ഏറ്റെടുക്കണമെന്ന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, പട്ടികവർഗ ജനവിഭാഗത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ ലഭ്യമാക്കാനുമുള്ള നോഡൽ ഏജൻസിയായി കുടുംബശ്രീയെ ചുമതലപ്പെടുത്തിക്കൊണ്ട് ആലപ്പുഴ ജില്ലയിൽ വളരെ

വിജയകരമായി നടപ്പാക്കിയ പി. കെ. കാളൻ പദ്ധതി കേരളത്തിലെ മറ്റ് ജില്ലകളിൽക്കൂടി വ്യാപിപ്പിക്കാൻ കഴിഞ്ഞാൽ അവിടെയുള്ള പട്ടികവർഗത്തിൽപ്പെട്ടവർക്കും ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സാധിക്കുന്നതാണ്. അതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഇത് കഴിഞ്ഞ ഗവൺമെന്റ് നടപ്പാക്കിയ ഒരു പദ്ധതിയാണ്. ആലപ്പുഴ ജില്ലയിൽ വളരെ ശോചനീയമായി നിലനിൽക്കുന്ന കുടുംബങ്ങളെ കണ്ടെത്തി അവർ നേരിടുന്ന വിഷയങ്ങൾ എന്താണെന്ന് മനസ്സിലാക്കി ഒരു മൈക്രോപ്ലാൻ തയ്യാറാക്കി അത്തരം കാര്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് പി. കെ. കാളൻ പദ്ധതി ആവിഷ്കരിച്ചത്. പ്രസ്തുത പദ്ധതി ജില്ലാടിസ്ഥാനത്തിൽ നടപ്പാക്കാൻ കഴിയുമോ എന്ന് വകുപ്പുതലത്തിൽ പരിശോധിക്കാം.

മി. സ്പീക്കർ: ശ്രീമതി ഉമ തോമസ് വളരെ ഗുരുതരമായി പരിക്കുപറ്റിയ അവസ്ഥയിൽനിന്നും പൂർണ്ണ ആരോഗ്യവതിയായി ഈ സെഷൻ മുതൽ സഭയിൽ വന്നിരിക്കുകയാണ്. ആ സന്തോഷം പങ്കുവയ്ക്കുകയാണ്.

ശ്രീമതി ഉമ തോമസ്: സർ, പട്ടികവർഗ വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ വിദ്യാഭ്യാസ പുരോഗതിയിലൂടെ മാത്രമെ സാധിക്കുകയുള്ളൂ. ഉന്നത വിദ്യാഭ്യാസത്തിനായി എത്തുന്നവരിൽ ഭൂരിഭാഗവും സർക്കാരിന്റെ ഇ-ഗ്രാന്റ്സ് മുഖാന്തരം പഠനം നടത്തുന്നവരാണ്. എന്നാൽ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് യഥാസമയം വിതരണം ചെയ്യാത്തതിന്റെ ഫലമായി പല കുട്ടികളും മാനസികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യവും

വിഷമത്തോടുകൂടി പഠനം തുടരുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇ-ഗ്രാന്റ്സ് യഥാസമയം നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഒ. ആർ. കേളു:</u> സർ, ഇക്കാര്യം ശ്രദ്ധയിൽപ്പെടുകയും ആയത് പരിഹരിക്കുന്നതിനായി വകുപ്പ് ശക്തമായ ഇടപെടൽ നടത്തുകയും ചെയ്തിരുന്നു. മുഴുവൻ കുട്ടികളുടെയും 2024-25 സാമ്പത്തിക വർഷത്തെ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, സ്കോളർഷിപ്പ് എന്നിവ കൊടുത്തുതീർക്കാൻ സാധിച്ചിട്ടുണ്ട്. ബജറ്റിനുപുറമെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 300 കോടി രൂപ കൂടി അധികം ലഭ്യമാക്കിയതുകൊണ്ടാണ് ഇക്കാര്യങ്ങളെല്ലാം നടപ്പാക്കാൻ സാധിച്ചത്. നിലവിൽ 2025-2026 സാമ്പത്തിക വർഷത്തെ ഗ്രാന്റ് വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. രണ്ട് മാസം കൂടുമ്പോഴെങ്കിലും കുട്ടികൾക്ക് ഗ്രാന്റ് നൽകണമെന്ന് കർശന നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ വിതരണം ത്വരിതപ്പെടുത്തിയിട്ടുണ്ട്. നേരത്തെ സ്ഥാപന മേധാവികൾക്ക് ഗ്രാന്റ് നൽകിക്കൊണ്ടിരുന്ന അവസരത്തിൽ ചില പ്രശ്നങ്ങൾ നേരിട്ടതുകൊണ്ട് ആ രീതിയിൽ മാറ്റം വരുത്തുകയും നിലവിൽ കുട്ടികളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ഗ്രാന്റ് കൊടുത്തുകൊണ്ടിരിക്കുകയുമാണ്. കൃത്യസമയത്ത് അപേക്ഷ ലഭ്യമാക്കാത്ത വിഷയങ്ങൾ നിലവിലുണ്ട്. സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ ഗ്രാന്റിനുള്ള അപേക്ഷ സമയബന്ധിതമായി സമർപ്പിക്കേണ്ടത് അതത് സ്കൂളിലെ ഹെഡ്മാസ്റ്റർമാരാണ്. ഏകദേശം എഴുന്നൂറോളം സ്കൂളുകളിലെ പ്രധാനാധ്യാപകർ ഇക്കാര്യത്തിൽ കൃത്യവിലോപം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കർശന നിർദേശം നൽകിയിട്ടുണ്ട്. ഹെഡ്മാസ്റ്റർ മുഖേന ഗ്രാന്റ് വാങ്ങുന്ന കുട്ടികളുടെ റിപ്പോർട്ട്

സമയബന്ധിതമായി വകുപ്പിന് ലഭ്യമാക്കണമെന്ന കർശന നിർദ്ദേശവും സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. എസ്.സി/എസ്.ടി. വിഭാഗത്തിന്റെ ഗ്രാന്റ് അവർക്ക് കൃത്യമായി ലഭിക്കേണ്ടതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ചില വിഷയങ്ങൾ നിലനിൽക്കുന്നുവെന്നുള്ളത് വസ്തുതയാണ്; അക്കാര്യങ്ങളിന്മേൽ കർശനമായി ഇടപെടുന്നുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സംസ്ഥാനത്ത് നാല് ജില്ലകളിലാണ് ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ (ഇ.എം.ആർ.എസ്.) ഉള്ളത്. അതിലൊന്ന് കാസർഗോഡ് ജില്ലയിൽ എന്റെ നിയോജകമണ്ഡലത്തിലാണ് പ്രവർത്തിക്കുന്നത്. ഈ വിദ്യാലയത്തിലെ വിദ്യാർഥികൾ നേരിടുന്ന പ്രശ്നം സംബന്ധിച്ച് അവിടത്തെ പി.ടി.എ. പ്രസിഡന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും വകുപ്പുമന്ത്രിക്കും കത്തയയ്ക്കുകയും അതിന്റെ കോപ്പി എനിക്ക് ലഭ്യമാക്കുകയും ചെയ്തിരുന്നു. ഇപ്പോൾ സർക്കാരിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന monthly mess allowance മൂവായിരം രൂപയാണ്. ഈ തുക കുറവുവരുത്തുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്ന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ?

ശ്രീ. ഒ. ആർ. കേളു: സർ, കേന്ദ്ര സർക്കാർകൂടി ഇടപെട്ട് മുന്നോട്ടുകൊണ്ടുപോകുന്ന ഇ.എം.ആർ.എസ്.-ന്റെ പ്രവർത്തനങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് നടത്തേണ്ടത്. ഫണ്ട് ലഭ്യമാക്കുന്നതിലും സംസ്ഥാനത്തെ സഹായിക്കുന്ന കാര്യത്തിലും കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് ചില പോരായ്മകൾ നിലനിൽക്കുന്നതിനാൽ അതുമായി ബന്ധപ്പെട്ട് ചെറിയ വിഷയങ്ങൾ നേരിടുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പരാതി എനിക്ക് ലഭിച്ചിരുന്നു. PM-AJAY (Pradhan Mantri Anusuchit Jaati Abhyuday Yojna) എന്ന

പുതിയ പദ്ധതി പ്രകാരം ഫണ്ട് ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും വകുപ്പ് ആവശ്യമായ നടപടികളിലേയ്ക്ക് കടക്കുകയും ചെയ്തിട്ടുണ്ട്.

**ജൽ ജീവൻ പദ്ധതി**

3 (*63) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ളമെത്തിക്കാനുള്ള ജൽ ജീവൻ പദ്ധതിയിൽ ഇതിനോടകം എത്ര ശതമാനത്തോളം പണി പൂർത്തിയാക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്രം അനുവദിച്ച തുക സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിമൂലം ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ കരാറുകാർക്ക് കുടിശ്ശിക നൽകാനുള്ളത് പദ്ധതിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക തുക കണക്കാക്കിയിട്ടുണ്ടോ എന്നും ഇത് എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, (എ) എല്ലാ ഗ്രാമീണ വീടുകളിലും ടാപ്പ് വഴി ശുദ്ധജലം ലഭ്യമാക്കുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ (JJM). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന

പദ്ധതിയാണിത്. പ്രസ്തുത പദ്ധതിയുടെ മിഷൻ പിരീഡ് 2024 ആയി തുടക്കത്തിൽ നിശ്ചയിക്കുകയും പിന്നീടത് 2025 വരെ ദീർഘിപ്പിക്കുകയും ചെയ്തിരുന്നു. 2025-26-ലെ കേന്ദ്ര ബജറ്റിൽ ഇതിന്റെ കാലാവധി 2028 വരെ നീട്ടിയതായി പ്രഖ്യാപിച്ചിട്ടുണ്ട്.

സംസ്ഥാനത്ത്, 2020-ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീടുകളിൽ മാത്രമാണ് കണക്ഷൻ ഉണ്ടായിരുന്നത് (25.06%). JJM-ലൂടെ 54.45 ലക്ഷം കൂടിവെള്ള കണക്ഷൻ നൽകാനായി; 44714.79 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 21.13 ലക്ഷം കണക്ഷനുകൾ നൽകി. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീടുകളിൽ 38.62 ലക്ഷം വീടുകൾക്ക് കൂടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.31%).

വിവിധ സ്കീമുകളിലായി നാളിതുവരെ 5546 വർക്ക് പാക്കേജുകളായി നടപ്പാക്കിവരുന്ന പ്രവൃത്തികളിൽ 3214 പ്രവൃത്തികൾ നിലവിൽ പൂർത്തിയാക്കിക്കഴിഞ്ഞു. 1770 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ബാക്കി പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾ സംസ്ഥാനത്ത് 3 ജില്ലകളിൽ മാത്രമാണ് 25 ശതമാനത്തിനുമുകളിൽ കൂടിവെള്ള കണക്ഷൻ കവറേജ് ഉണ്ടായിരുന്നത് (ആലപ്പുഴ, എറണാകുളം, തൃശ്ശൂർ). ഇപ്പോൾ 7 ജില്ലകൾ 50 ശതമാനത്തിനുമുകളിൽ കവറേജ് കൈവരിച്ചു (കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ). 3 ജില്ലകൾ 45 ശതമാനത്തിനുമുകളിൽ കവറേജ് കൈവരിച്ചു (പത്തനംതിട്ട, കോട്ടയം, മലപ്പുറം). മറ്റ്

ജില്ലകൾ 30 ശതമാനത്തിനുമുകളിൽ കവറേജ് കൈവരിച്ചു.

പദ്ധതി തുടങ്ങുമ്പോൾ ഒരു പഞ്ചായത്തിലും 100% കവറേജ് ഉണ്ടായിരുന്നില്ല. ഇപ്പോൾ 117 പഞ്ചായത്തുകൾ 100% കവറേജ് കൈവരിച്ചു. 403 പഞ്ചായത്തുകളിൽ 53 ശതമാനവും 9 നിയമസഭാ മണ്ഡലങ്ങളിൽ 100 ശതമാനവും കവറേജ് കൈവരിക്കാൻ കഴിഞ്ഞു (ധർമ്മടം, കല്ല്യാശ്ശേരി, കണ്ണൂർ, ബേപ്പൂർ, വൈപ്പിൻ, എറണാകുളം, കൊച്ചി, അരൂർ, വൈക്കം).

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഇതുവരെ നൽകിയ കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്[+].

(ബി) ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഇതുവരെ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുള്ളത് 5610.30 കോടി രൂപയാണ്. സംസ്ഥാനം ഇതുവരെ 6033.29 കോടി രൂപ വിഹിതമായി നൽകിയിട്ടുണ്ട്; (ആകെ 11643.59 കോടി രൂപ). ഇതിൽ 11643.59 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ 500 കോടി രൂപ അധികമായി അനുവദിച്ചിട്ടുള്ളതാണ്. കേന്ദ്രം അനുവദിച്ച തുക സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിമൂലം ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥയുണ്ടായിട്ടില്ല.

കേന്ദ്ര സർക്കാർ അവസാനമായി കേന്ദ്ര വിഹിതം അനുവദിച്ചത് 2024 ഒക്ടോബർ മാസമാണ്. അതിനുശേഷം തത്തുല്യമായ സംസ്ഥാന വിഹിതം ലഭ്യമാക്കിയെങ്കിലും പിന്നീട് ഇതുവരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. എങ്കിലും 2024-25 സാമ്പത്തിക വർഷം

+ അനുബന്ധം I

സംസ്ഥാനം അധികമായി 500 കോടി രൂപ ജൽ ജീവൻ മിഷൻ പദ്ധതിക്ക് അഡ്വാൻസായി നൽകിയിട്ടുണ്ട്.

കേന്ദ്ര സർക്കാർ 2025-26 യൂണിയൻ ബജറ്റിൽ ജൽ ജീവൻ മിഷൻ പദ്ധതി 2028 വരെ ദീർഘിപ്പിച്ചതായി പ്രഖ്യാപിച്ചെങ്കിലും ഇനിയും ഔദ്യോഗിക ഉത്തരവ് ആയിട്ടില്ല. ഈ സാമ്പത്തിക വർഷം ഇതുവരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ 2024 മാർച്ച് മുതൽ ആഗസ്റ്റ് വരെ കരാറുകാർക്ക് 6039.24 കോടി രൂപയുടെ കുടിശ്ശിക നൽകാനുള്ളതിനാൽ സംസ്ഥാന സർക്കാർ അഡ്വാൻസായി പദ്ധതിക്ക് സംസ്ഥാന വിഹിതം നൽകി കരാറുകാരുടെ കുടിശ്ശിക തീർക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി നബാർഡിൽനിന്നും വായ്പയെടുക്കാൻ 09-09-2025-ലെ മന്ത്രിസഭായോഗം അംഗീകാരം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.

(സി) ജൽ ജീവൻ മിഷൻ പദ്ധതിയിൽ നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 6039.24 കോടി രൂപ (5540 ബില്ലുകൾ - 2024 മാർച്ച് മുതൽ 2025 ആഗസ്റ്റ് വരെ) കുടിശ്ശിക നൽകാനുണ്ട്. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇത് തരണം ചെയ്യുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് നബാർഡിൽനിന്നും 9000 കോടി രൂപ വായ്പയെടുക്കാൻ തത്വത്തിൽ അനുമതി നൽകിക്കൊണ്ടും ആദ്യഘട്ടത്തിൽ 5000 കോടി രൂപ വായ്പയെടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകുന്നതിന് അനുമതി നൽകിക്കൊണ്ടും 15-09-2025-ലെ G.O.(Ms) No.67/2025/WRD നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കേരളമാകെ ശുദ്ധജലം എത്തിക്കുന്നതിന് ജൽ ജീവൻ മിഷൻ പദ്ധതിയിലൂടെ അങ്ങ് നല്ലരീതിയിൽ ശ്രമം നടത്തുന്നുണ്ടെങ്കിലും സാമ്പത്തിക പ്രയാസംമൂലം പദ്ധതി എത്രത്തോളം പൂർത്തീകരിക്കാൻ കഴിയുമെന്ന ആശങ്ക നിലനിൽക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ വെബ്സൈറ്റിൽനിന്ന് ലഭ്യമാകുന്ന പ്ലാനിംഗ് ആൻഡ് എക്സ്പെൻഡിച്ചർ സംബന്ധിച്ച രേഖ പരിശോധിച്ചാൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും തുല്യനിരക്കിൽ നൽകേണ്ട ഫണ്ട് സമയബന്ധിതമായി നൽകാത്തതുമൂലം വലിയൊരു തുക നഷ്ടപ്പെടുന്നുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. എന്റെ കൈവശം 2019 മുതലുള്ള കണക്കുകളുണ്ട്. കേന്ദ്ര സർക്കാർ 1804 കോടി രൂപ വകയിരുത്തിയതിൽ 1353 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും സംസ്ഥാന സർക്കാർ സമയബന്ധിതമായി വിഹിതം അനുവദിക്കാത്തതിനാൽ 451 കോടി രൂപയുടെ നഷ്ടം സംഭവിച്ചുവെന്നുമാണ് അതിൽനിന്നും വ്യക്തമാകുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ ഏകദേശം 671 കോടി രൂപയും 2024-25-ൽ ഏകദേശം 975 കോടി രൂപയുമാണ് ഇത്തരത്തിൽ നഷ്ടപ്പെട്ടത്. സംസ്ഥാന വിഹിതം സമയബന്ധിതമായി നൽകാത്തതുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചത്. ജൽ ജീവൻ മിഷൻ പദ്ധതി ആരംഭിച്ചത് 2019-ലാണ്. കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതം യഥാസമയം നൽകാത്തതുകൊണ്ട് 2019 മുതൽ ആകെ 2345 കോടി രൂപയാണ് നഷ്ടമായത്. 2022-23 സാമ്പത്തിക വർഷം വകയിരുത്തിയതുപോലെ കേന്ദ്ര വിഹിതം അനുവദിക്കുന്നമുറയ്ക്ക് യഥാസമയം സംസ്ഥാന വിഹിതം അനുവദിച്ചിരുന്നുവെങ്കിൽ ഈ സംഖ്യ നഷ്ടപ്പെടില്ലായിരുന്നു. അങ്ങ് നൽകിയ മറുപടിപ്രകാരം പദ്ധതി

പൂർത്തീകരിക്കാനായി 17000 കോടി രൂപ ആവശ്യമാണ്. ഈ തുകയും കരാറുകാർക്ക് നൽകാനുള്ള കുടിശ്ശികയുമുൾപ്പെടെ എങ്ങനെയാണ് ടി പദ്ധതി പൂർത്തീകരിക്കാൻ കഴിയുന്നത്; ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഈ വിഷയം സംബന്ധിച്ച് യാതൊരുവിധ ആശങ്കയുടെയും ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. കേന്ദ്ര വിഹിതം അനുസരിച്ചുള്ള സംസ്ഥാന വിഹിതം നൽകിയിട്ടുണ്ട്. ഇപ്പോഴത്തെ അവസ്ഥയെന്താണ്? 500 കോടി രൂപകൂടി സംസ്ഥാന സർക്കാർ അഡ്വാൻസായി നൽകിയിരിക്കുകയാണ്. ഒരു വർഷമായി കേന്ദ്ര വിഹിതം ലഭിക്കുന്നില്ല. മിഷൻ പിരീഡ് 2028 വരെ ദീർഘിപ്പിച്ചുവെന്ന് പറയുന്നുണ്ടെങ്കിലും തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എന്നിരുന്നാലും സംസ്ഥാനത്ത് കരാറുകാർക്ക് നൽകേണ്ട കുടിശ്ശിക തുകയുൾപ്പെടെ കൊടുത്തുതീർത്ത് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കണമെന്ന ഉദ്ദേശ്യത്തിലാണ് വായ്പയെടുക്കാൻ തീരുമാനിച്ചത്. അതിനായി ഗവൺമെന്റ് അനുമതി നൽകുകയും തുടർനടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കരാറുകാരുടെ കുടിശ്ശിക തുകകൂടി നൽകിക്കഴിയുമ്പോൾ ഉദ്ദേശിച്ചതിനെക്കാൾ വേഗത്തിൽ പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കും. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ മണ്ഡലത്തിലെ പ്രവൃത്തികൾ നല്ലരീതിയിൽ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അവിടെ ഞാൻ അടുത്തിടെ സന്ദർശനം നടത്തിയിരുന്നു. ആകെയുള്ള 44025 വീടുകളിൽ, ജൽ ജീവൻ മിഷൻ പദ്ധതി ആരംഭിക്കുന്നതിനുമുമ്പ് 7939 വീടുകളിലാണ് കുടിവെള്ള കണക്ഷനുണ്ടായിരുന്നത് (18.5%). ജൽ ജീവൻ മിഷൻ പദ്ധതി ആരംഭിച്ചതിനുശേഷം 18911

വീടുകളിൽ കുടിവെള്ള കണക്ഷൻ നൽകി. നിലവിൽ ആകെ 26900 കണക്ഷൻ നൽകിയിട്ടുണ്ട്. അങ്ങയുടെ നിയോജകമണ്ഡലത്തിൽ 18.5 ശതമാനമായിരുന്ന കുടിവെള്ള കണക്ഷൻ ഇപ്പോൾ 62 ശതമാനമായി ഉയർന്നിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ കൂട്ടായ പരിശ്രമമാണ് നടത്തേണ്ടത്. എം.എൽ.എ.-മാർക്ക് അതത് മണ്ഡലങ്ങളിലെ കാര്യങ്ങൾ മോണിറ്റർ ചെയ്യാൻ സാധിക്കും. കേന്ദ്ര വിഹിതത്തിന് അനുസൃതമായ സംസ്ഥാന വിഹിതം (500 കോടി രൂപ) അഡ്വാൻസായി നൽകിയിരിക്കുകയാണ്. ഇതുവരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച വകയിൽ കുടിശ്ശിക കൊടുത്തുതീർക്കേണ്ടതും ബാക്കി പണികൾ പൂർത്തീകരിക്കേണ്ടതുമുള്ളതിനാൽ കേന്ദ്ര വിഹിതത്തിനായി കാത്തിരിക്കുന്നത് ശരിയല്ല. അതിനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകുകയും ക്യാബിനറ്റ് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ആ തുകകൂടി ലഭിക്കുമ്പോൾ കൂടുതൽ ഊർജിതമായി പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കും. ഇതിനായി ഒരുമിച്ചുള്ള മുന്നേറ്റമാണ് ആവശ്യം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, മലപ്പുറം ജില്ലയിൽ എന്റെ നിയോജകമണ്ഡലമടക്കമുള്ള പ്രദേശങ്ങളിൽ ജൽ ജീവൻ പദ്ധതി നടപ്പാക്കുന്നതിനായി സ്ഥലമേറ്റെടുക്കേണ്ടിവരുന്നുണ്ട്. പഞ്ചായത്തും മറ്റ് ഏജൻസികളും ഈ സ്ഥലങ്ങൾ ഏറ്റെടുത്തുനൽകാൻ തയ്യാറാണ്. എന്നാൽ അതിന് വില നിശ്ചയിച്ചുകിട്ടാത്ത കാരണത്താൽ സ്ഥലം ഏറ്റെടുത്ത് ടാങ്ക്, പ്ലാന്റ് എന്നിവയുടെ നിർമ്മാണം നടത്താൻ സാധിക്കുന്നില്ല. വളാഞ്ചേരി, ഇരിമ്പിളിയം, ആതവനാട്, മാറാക്കര ഉൾപ്പെടെയുള്ള പ്രദേശത്ത് ടാങ്ക് നിർമ്മിക്കുന്നതിനായി സ്ഥലമേറ്റെടുക്കാനും അതിനായി പണം നൽകാനും പഞ്ചായത്ത്

തയ്യാറാണെങ്കിലും അതിനുള്ള അനുവാദം ലഭിക്കാത്തതുകൊണ്ട് ടി കുടിവെള്ള പദ്ധതി മുടങ്ങിയിരിക്കുകയാണ്. അത് എത്രയുംവേഗം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അത്തരത്തിലൊരു തടസ്സമുണ്ടെങ്കിൽ അടിയന്തരമായി ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് വളരെ സുതാര്യമായ ഇടപെടലാണ് നടത്തിയത്. സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പല തരത്തിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പല തലങ്ങളിൽ ചർച്ചകൾ നടത്തിയിരുന്നു. ഈ പദ്ധതിക്കുവേണ്ടി സംസ്ഥാനത്തിന് 92.86 ഏക്കർ സർക്കാർ ഭൂമിയാണ് ആവശ്യമായി വരുന്നത് . എന്നാൽ ഇതിനോടകം 89.61 ഏക്കർ ഭൂമി ലഭിക്കുകയും 4.60 ഏക്കർ ഭൂമി ഇനി ലഭ്യമാകേണ്ടതുമുണ്ട്. ഇത് ഗവൺമെന്റ് ഭൂമിയുടെ കാര്യം മാത്രമാണ്. സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട്, 97.69 ഏക്കർ ഭൂമി വേണ്ട സ്ഥാനത്ത് 77.9 ഏക്കർ ഭൂമിയാണ് ലഭിച്ചിട്ടുള്ളത്. ഇനി 7.32 ഏക്കർ ഭൂമി ലഭ്യമാകേണ്ടതുണ്ട്. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ സുതാര്യമാക്കുന്നതിന് മാർക്കറ്റ് വാല്യുവുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ പരിഹരിച്ചാൽ മാത്രമെ ഭൂമി ലഭ്യമാകാൻ സാധ്യതയുള്ളൂ. പല പഞ്ചായത്തുകളും പണം നൽകാൻ തയ്യാറാണ്. പക്ഷെ നിലവിലുള്ള ഫെയർ വാല്യൂ അനുസരിച്ച് ഈ സ്ഥലം വിട്ടുകൊടുക്കാൻ ആരും തയ്യാറല്ല. അതുകൊണ്ട് ജില്ലാ കളക്ടർമാർ അതനുസരിച്ചുള്ള കാര്യങ്ങൾ ചെയ്യുന്നതിന് ഗവൺമെന്റ് ഉത്തരവിലൂടെ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം അവർ പാലിക്കുന്നുണ്ട്. എവിടെയെങ്കിലും തടസ്സങ്ങളോ തർക്കങ്ങളോ ഉണ്ടെങ്കിൽ എം.എൽ.എ.-മാർക്ക് ബന്ധപ്പെടാം. ഗവൺമെന്റ്

തലത്തിൽ പരിഹരിക്കേണ്ട വിഷയമാണെങ്കിൽ, അക്കാര്യത്തിൽ ഗവൺമെന്റ് തലത്തിൽ ഇടപെട്ട് സ്ഥല ലഭ്യത ഉറപ്പുവരുത്തുന്നതാണ്. ഏതെങ്കിലും തരത്തിൽ തടസ്സമുണ്ടായാൽ അത് ടി പദ്ധതിയെ പൂർണ്ണമായും ബാധിക്കുമെന്നുള്ളതുകൊണ്ടുതന്നെ ആ വിഷയത്തിൽ ഗൗരവമായ സമീപനം സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കേരളത്തിൽ ജൽ ജീവൻ പദ്ധതിക്കായി 45000 കിലോമീറ്ററോളം പഞ്ചായത്ത്-പി.ഡബ്ല്യു.ഡി. റോഡുകൾ പൊളിച്ചിട്ടുണ്ടെന്നാണ് കണക്കുകളിലൂടെ വ്യക്തമാകുന്നത്. ഇവ പൂർവസ്ഥിതിയിൽ എത്തിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ചില സ്ഥലങ്ങളിൽ അതത് പഞ്ചായത്തുകൾ അവരുടെ ഫണ്ട് ഉപയോഗിച്ച് ഇത്തരം റോഡുകൾ നന്നാക്കിയിട്ടുണ്ട്. പക്ഷെ അങ്ങനെവരുമ്പോൾ ഒരു പ്രശ്നമുണ്ട്. ഈ സ്ഥലങ്ങളിൽ കണക്ഷൻ കൊടുക്കുമ്പോൾ പൈപ്പ് ലേ ചെയ്തിരിക്കുന്നത് എവിടെയാണെന്ന് കണ്ടുപിടിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടാകും. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തെങ്കിലും പരിഹാര മാർഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കേരള ചരിത്രത്തിൽ ഇത്രയും റോഡുകൾ ഒരുമിച്ച് പൊളിക്കേണ്ടി വന്ന സാഹചര്യമുണ്ടായിട്ടില്ല. അത് നാം വിലയിരുത്തേണ്ട ഒരു പ്രശ്നം തന്നെയാണ്. ഇതിന്റെ ഭാഗമായി കേരളത്തിൽ ഏകദേശം ഒരു ലക്ഷത്തിലധികം കിലോമീറ്റർ പൈപ്പ് ലൈൻ പഞ്ചായത്ത് റോഡുകളിൽ സ്ഥാപിക്കേണ്ടതുണ്ട്. അതിൽ ഏകദേശം 56813 കിലോമീറ്റർ പൈപ്പ് ലൈൻ പഞ്ചായത്ത് റോഡുകളിൽ സ്ഥാപിക്കുകയും 31079 കിലോമീറ്റർ റോഡ് പുനഃസ്ഥാപിക്കുകയും ചെയ്തു. ഇത്രയും വലിയൊരു പദ്ധതി

നടപ്പാക്കുമ്പോൾ, പഞ്ചായത്ത് റോഡുകൾ പുനഃസ്ഥാപിക്കുന്നതിന് ചില സ്ഥലങ്ങളിൽ കുറച്ച് കാലതാമസം നേരിടേണ്ടി വരും. അതുകൂടാതെ കോൺട്രാക്ടർമാരുടെ ഭാഗത്തുനിന്നും ചില അലംഭാവങ്ങളുമുണ്ടാകാം. എന്നോട് ഒരു കോൺട്രാക്ടർ പറഞ്ഞത്, പണം നൽകാതെ കുഴി അടയ്ക്കാൻ നിർവാഹമില്ലെന്നാണ്. എഗ്രിമെന്റ് വയ്ക്കുന്ന അടിസ്ഥാനത്തിൽത്തന്നെ റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിച്ചു കൊടുക്കണം. Permanent restoration-ന്റെ കാര്യത്തിൽപോലും അലംഭാവമുണ്ടാകുന്നുണ്ട്. അത് പരിഹരിക്കുന്നതിനായി ഉദ്യോഗസ്ഥർ നല്ലരീതിയിൽ ഇടപെടൽ നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് റോഡുകളുടെ ഒന്നും രണ്ടും സ്റ്റേച്ചിൽ റോഡ് റെസ്റ്റോറേഷനാവശ്യമായ പണം അനുവദിക്കപ്പെട്ടിരുന്നില്ല. അതിനുശേഷം ഗവൺമെന്റ് അതുമായി ബന്ധപ്പെട്ട് പലതവണ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയും സംസ്ഥാനം അഭിമുഖീകരിക്കുന്ന വിഷയങ്ങളും സാഹചര്യങ്ങളുമെല്ലാം ബോധ്യപ്പെടുത്തുകയും ചെയ്തതിനുശേഷമാണ് അഡീഷണലായി ഫണ്ട് അനുവദിച്ചത്. പ്രവൃത്തി ഏറ്റെടുത്ത കോൺട്രാക്ടർ മുഖാന്തരം തന്നെ ആ വർക്ക് ചെയ്യുകയാണെങ്കിൽ അങ്ങനെ അനുവദിക്കപ്പെട്ട ഫണ്ട് അവർക്ക് ലഭ്യമാകും. ഏതെങ്കിലും കാരണവശാൽ ആ കോൺട്രാക്ടർ പ്രവൃത്തി ചെയ്യാൻ തയ്യാറായില്ലെങ്കിൽ പഞ്ചായത്ത് ആ വർക്ക് ചെയ്തതിനുശേഷം തുക റീഇംബേഴ്സ് ചെയ്തുകൊടുക്കും. അതുകൊണ്ട് അതിലേയ്ക്കാവശ്യമായ തുകകൂടി ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് റോഡുകൾ തകരുന്നുവെന്ന് പറയുമ്പോൾ അവർ റോഡ് പൊളിക്കുന്ന ഭാഗം റെസ്റ്റോർ ചെയ്യാനുള്ള തുക മാത്രമെ ജലജീവൻ മിഷന്റെ ഭാഗമായിട്ടുള്ളുവെന്ന കാര്യം മനസ്സിലാക്കണം. റോഡ് പൊളിച്ച് പൈപ്പ് ലൈൻ

സ്ഥാപിച്ചതിനുശേഷം റോഡ് മൊത്തം നന്നാക്കേണ്ട സാഹചര്യമുണ്ടായാൽ അത് പ്രായോഗികമായി ചില ബുദ്ധിമുട്ടുകളുണ്ടാക്കും. പഞ്ചായത്ത് കമ്മിറ്റികളും ജനപ്രതിനിധികളുമെല്ലാം കൂടിയാലോചിച്ച് അതത് നിയോജകമണ്ഡലത്തിലെ പ്രശ്നം പരിഹരിക്കാൻ മാർഗം കണ്ടെത്തേണ്ടതുണ്ട്. എന്നാൽ ജൽ ജീവൻ മിഷന്റെ ഭാഗമായി റോഡുകൾ പൊളിച്ചതുമായി ബന്ധപ്പെട്ട് ആവശ്യമായ ഇടപെടൽ നടത്താത്തതുകൊണ്ട് എന്തെങ്കിലും ബുദ്ധിമുട്ട് നേരിടുന്നുവെങ്കിൽ അവ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. യു. എ. ലത്തീഫ്: സർ, ജൽ ജീവൻ പദ്ധതി നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകുമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ സന്തോഷം രേഖപ്പെടുത്തുന്നു. ജൽ ജീവൻ പദ്ധതിക്കുവേണ്ടി മഞ്ചേരി മണ്ഡലത്തിലെ കീഴാറ്റൂർ, തൃക്കലങ്ങോട് പഞ്ചായത്തുകളിൽ റോഡുകൾ വെട്ടിപ്പൊളിച്ചത് പുനഃസ്ഥാപിക്കാത്തതിനാൽ ഗതാഗതത്തിന് വലിയതോതിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഇത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; ടി പദ്ധതി പ്രകാരം വീടുകളിലേക്ക് വെള്ളം എത്തിക്കുന്ന പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കി കുടിവെള്ളം നൽകാനും നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇക്കാര്യം തീർച്ചയായും പരിശോധിക്കാം. മഞ്ചേരി മണ്ഡലത്തിലെ പ്രവൃത്തികൾ മന്ദഗതിയിലാണ് നടന്നുവരുന്നത്. അക്കാര്യം എം.എൽ.എ. കൂടി പരിശോധിക്കണം. മഞ്ചേരിയിൽ ഈയിടെ ഞാൻ പങ്കെടുക്കേണ്ട ഒരു പരിപാടി

മാറ്റിവയ്ക്കേണ്ട സാഹചര്യമുണ്ടായി. എന്തായാലും ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയങ്ങൾ കൂട്ടായി പരിശോധിച്ച് നല്ലരീതിയിൽ ഇടപെടൽ നടത്താം. എല്ലാവർക്കും കുടിവെള്ളം കൊടുക്കേണ്ടത് അനിവാര്യമായതിനാൽ തീർച്ചയായും അക്കാര്യത്തിന് ഉയർന്ന പരിഗണന നൽകുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഇന്ത്യാ രാജ്യത്ത് 2019-ൽ ആരംഭിച്ച ഈ മഹത്തായ പദ്ധതിയിൽ ഒരു വർഷം വൈകിയാണ് സംസ്ഥാനം ഭാഗമായത്. തദവസരത്തിൽ വർഷങ്ങൾ പഴക്കമുള്ള എസ്റ്റിമേറ്റും പ്രോജക്ടുകളും സമർപ്പിച്ച് അംഗീകാരം നേടുകയും ഗ്രഗിൾ മാപ്പ് ഉപയോഗിച്ചുള്ള സർവേ പ്രകാരം മാത്രം പ്രോജക്ടുകൾ തയ്യാറാക്കുകയും സംസ്ഥാന സർക്കാർ വിഹിതം യഥാസമയം വകയിരുത്താതിരിക്കുകയും ഭൂമി യഥാസമയം ഏറ്റെടുത്ത് നൽകാതിരിക്കുകയും കേന്ദ്ര ഫണ്ട് യഥാസമയം വിനിയോഗിക്കാതിരിക്കുകയും വിനിയോഗ സർട്ടിഫിക്കറ്റ് കേന്ദ്രത്തിന് നൽകാതിരിക്കുകയും കരാറുകാരുടെ തുക യഥാസമയം നൽകാതിരിക്കുകയും ചെയ്യുന്നതുൾപ്പെടെയുള്ള ഗുരുതരമായ വീഴ്ചകൾ വരുത്തിയതിന്റെ ഫലമായി ജൽ ജീവൻ മിഷൻ പദ്ധതി മുഖേന കേവലം 54% വീടുകളിൽ മാത്രമാണ് കുടിവെള്ളമെത്തിക്കാൻ സാധിച്ചത്. ഇപ്രകാരം രാജ്യത്ത് ഏറ്റവും പിന്നിൽ; അതായത്, 34-ാം സ്ഥാനത്ത്; നാണം കെട്ട് നിൽക്കുന്ന അവസ്ഥയാണ് കേരളത്തിനുള്ളത്. ജൽ ജീവൻ മിഷൻ പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുമെന്ന് പ്രകടനപത്രികയിൽ വാഗ്ദാനം നൽകിയ ഒരു മുന്നണിയുടെ സർക്കാരിന് 36% വീടുകളിൽ ഇപ്പോഴും കുടിവെള്ളമെത്തിക്കാൻ സാധിച്ചിട്ടില്ല. ഈ ചുരുങ്ങിയ മാസങ്ങൾകൊണ്ട് എത്ര വീടുകളിൽ

കൂടിവെള്ളമെത്തിക്കാനും എത്ര ശതമാനം പദ്ധതികൾ പൂർത്തീകരിക്കാനും സാധിക്കുമെന്ന് വിശദമാക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, പരിചയസമ്പന്നനായ ഒരു നിയമസഭാംഗം ഇത്തരത്തിൽ ഒരു ചോദ്യം ഉന്നയിച്ചതുകൊണ്ടാണ് സഭമുമ്പാകെ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദമാക്കാനുള്ള അവസരമുണ്ടായത്. ഈ പ്രശ്നത്തിൽ ആദ്യം പരിഗണിക്കേണ്ടത്, ഈ പറഞ്ഞ വാദഗതികൾ ശരിയാണോ എന്നാണ്. മറ്റൊന്ന്, ഗ്രൗണ്ട്മാപ്പ് ഉപയോഗിച്ച് സർവ്വേ നടത്തിയത് സംബന്ധിച്ചാണ്. എത്ര ദിവസംകൊണ്ടാണ് ഒരു റോഡ് നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് പൂർത്തിയാക്കുന്നത്; ഇത് അളന്നുതിരിച്ച് പൈപ്പ് ഇടുന്ന വഴി, ഓവർഹെഡ് ടാങ്ക്, പ്ലാന്റ് എന്നിങ്ങനെയുള്ള സംവിധാനങ്ങളൊരുക്കാൻ കാലതാമസമുണ്ടായോ; എന്ത് പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതെന്ന് എനിക്ക് മനസ്സിലായില്ല. ഓരോ മണ്ഡലത്തിലും 55 ശതമാനം ജലവിതരണ കണക്ഷൻ കൊടുത്തത് ആക്ഷേപകരമായി പോയെന്നാണ് അങ്ങ് ഉദ്ദേശിക്കുന്നതെങ്കിൽ, 55 ശതമാനം കണക്ഷൻ കൊടുക്കാൻ സാധിച്ചതിൽ അഭിമാനമുള്ള ഒരു ഗവൺമെന്റാണ് ഇതെന്ന് അങ്ങ് മനസ്സിലാക്കണം. ....(ബഹളം)..... ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഇക്കാര്യത്തിൽ നല്ലരീതിയിൽ സഹകരിക്കുന്ന ജനപ്രതിനിധികളാണ് നാം ഓരോരുത്തരും. അക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരു തർക്കവുമില്ല. നമ്മുടെ സംസ്ഥാനത്തിന്റെ അവസ്ഥയെന്തായിരുന്നു? 17 ലക്ഷം ഗാർഹിക കുടുംബങ്ങളിൽ മാത്രം കുടിവെള്ളം കൊടുക്കാൻ കഴിഞ്ഞിരുന്ന കാലഘട്ടത്തിൽ ആരംഭിച്ച ഒരു പദ്ധതി, മൂന്ന് വർഷംകൊണ്ട്

പ്രവൃത്തിയുടെ 54 ശതമാനം പൂർത്തീകരിച്ച് ഏകദേശം 40 ലക്ഷം കുടുംബങ്ങളിൽ കുടിവെള്ളം എത്തിക്കാൻ സാധിച്ചുവെന്നത് നിസ്സാര കാര്യമാണോ? അത്തരത്തിൽ 8 ലക്ഷം ഗാർഹിക കുടുംബങ്ങൾക്ക് ജലം എത്തിക്കുന്നതിനാവശ്യമായ പൈപ്പ്ലൈൻ ഇട്ടു. പക്ഷേ, കണക്ഷൻ കൊടുക്കണമെങ്കിൽ പ്ലാന്റും അനുബന്ധ സൗകര്യങ്ങളും രൂപപ്പെടണം. മൂന്നു-നാല് മാസക്കാലംകൊണ്ട് പ്ലാന്റും ഓവർഹെഡ് ടാങ്കും മറ്റ് സൗകര്യങ്ങളും രൂപപ്പെട്ടാൽ നിലവിൽ 40 ശതമാനം കുടുംബങ്ങൾക്ക് ജലം എത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാനത്ത് 48 ലക്ഷം കുടുംബങ്ങളിലേക്ക് ജലം എത്തിക്കാൻ സാധിക്കുന്നതാണ്. ആ നിലയിൽ മുന്നേറുന്ന ഒരു സംസ്ഥാനത്ത് ഇത്തരത്തിലുള്ള പ്രശ്നങ്ങളെക്കുറിച്ചല്ല നമ്മൾ ചിന്തിക്കേണ്ടത്. നിങ്ങൾ രാഷ്ട്രീയ വിഷയമായി ജൽ ജീവൻ മിഷനെയും കുടിവെള്ളത്തെയും കാണരുത്. ശ്രീ. മഞ്ഞളാംകുഴി അലിയുടെ മണ്ഡലത്തിലെ സ്ഥിതി എന്താണ്? അവിടെ 58061 കുടുംബങ്ങളാണുള്ളത്. ഇതിനുമുമ്പ് അവിടെ 13337 കണക്ഷൻ ഉണ്ടായിരുന്നു; അതായത്, 22.34 ശതമാനം. ബഹുമാനപ്പെട്ട അംഗം മീറ്റിംഗ് വിളിച്ചുകൂട്ടി നല്ലരീതിയിൽ ഇടപെടൽ നടത്തി. അതിനെ ഞാൻ എതിർത്തില്ലല്ലോ? അതിന്റെ ഭാഗമായി ശ്രീ. മഞ്ഞളാംകുഴി അലിയുടെ മണ്ഡലത്തിൽ 76.93 ശതമാനം വർധനവാണുണ്ടായത്. ഞാൻ പറയുന്ന കാര്യങ്ങൾ ശരിയല്ലെങ്കിൽ അങ്ങ് പറയണം. പതിമൂവായിരം കുടുംബങ്ങളിൽ മാത്രം കുടിവെള്ളമെത്തിക്കാൻ കഴിഞ്ഞിരുന്ന സ്ഥാനത്ത് 45000 വീടുകളിൽ ഇന്ന് കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞിട്ട് ആ പദ്ധതി ശരിയായില്ലെന്ന് പറഞ്ഞാൽ എങ്ങനെ ശരിയാകും? അതുകൊണ്ട് ഇക്കാര്യത്തിൽ സമഭാവനയോടെയുള്ള സമീപനമാണ് ആവശ്യം. ഞാൻ

തർക്കത്തിനൊന്നുമില്ല. ഫണ്ടിന്റെ കാര്യത്തിൽ കുറച്ച് ബുദ്ധിമുട്ടുണ്ടായതുകൊണ്ടാണ് ലോൺ എടുത്തത്. ആ നിലയിൽ നമുക്ക് മുന്നോട്ടുപോകാം. അതുകൊണ്ട് എത്രയുംവേഗം അങ്ങയുടെ മണ്ഡലത്തിലെയും പ്രവൃത്തികൾ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. കെ. അക്ബർ: സർ, ഗുരുവായൂർ നിയോജക മണ്ഡലത്തിലെ അഴുക്കുചാൽ പദ്ധതിയും കുടിവെള്ള വിതരണ പദ്ധതിയും വാട്ടർ അതോറിറ്റി ഒരുമിച്ച് നടത്തുന്നതിനാൽ അവിടെ വളരെയേറെ പ്രയാസങ്ങളുണ്ടാകുന്നുണ്ട്. അതുകൊണ്ട് ഗുരുവായൂർ അഴുക്കുചാൽ പദ്ധതിയുടെ പ്രവർത്തനത്തിനുവേണ്ടി പ്രത്യേക സെക്ഷൻ അനുവദിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഈ വിഷയം പ്രത്യേകമായി പരിഗണിച്ച് വാട്ടർ അതോറിറ്റിയുമായി ചർച്ച ചെയ്യേണ്ടതുണ്ട്. അതിൽ സംയോജിതമായും സമയബന്ധിതമായും ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. പ്രമോദ് നാരായൺ: സർ, റാന്നി മണ്ഡലത്തിൽ നടപ്പാക്കുന്ന ജലമിത്ര പദ്ധതിക്ക് സർക്കാർ നല്ലരീതിയിലുള്ള പിന്തുണ നൽകുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ ശബരിമല തീർഥാടകർക്കായി കുടിവെള്ളമെത്തിക്കാൻ ഭാരിച്ച തുക ചെലവഴിച്ചുകൊണ്ടാണ് ടാങ്കുകളിൽ വെള്ളം എത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ രീതി അവസാനിപ്പിക്കുന്നതിനായി നിലയ്ക്കലിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയുടെ ട്രയൽ റൺ വിജയിച്ച സാഹചര്യത്തിൽ വരാൻ പോകുന്ന തീർഥാടനകാലത്തിനുമുമ്പായി ടി പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്ത് തീർഥാടകർക്ക് പ്രയോജനകരമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വാട്ടർ അതോറിറ്റിക്കും സംസ്ഥാന ഗവൺമെന്റിനും ഏറെ സന്തോഷകരമായ അനുഭവമാണിത്. നിരവധി വർഷങ്ങളായി നിലയ്ക്കലിൽ വെള്ളമെത്തിച്ചിരുന്നത് ലോറികളിലും ടാങ്കറുകളിലുമൊക്കെയാണ്. നിലവിൽ കുടിവെള്ള പദ്ധതിയുടെ ട്രയൽ റൺ നടത്തിയിരുന്നു. പത്തനംതിട്ട ജില്ലയിലെ പുണ്യതീർഥാടന കേന്ദ്രമായ ശബരിമല ആഗോള തീർഥാടന കേന്ദ്രമായി വികസിച്ചുവരികയാണ്. ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് നിലയ്ക്കൽ ബേസ് ക്യാമ്പിലെത്തുന്ന ലക്ഷണക്കണക്കിന് തീർഥാടകർക്കും പെരുനാട് പഞ്ചായത്തിലെ നിലയ്ക്കൽ, പ്ലാപ്പള്ളി, ളാഹ ഭാഗങ്ങളിലും സീതത്തോട് പഞ്ചായത്തിലും കുടിവെള്ളമെത്തിക്കുന്നതിനായി നബാർഡ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് സീതത്തോട്-നിലയ്ക്കൽ കുടിവെള്ള പദ്ധതി. അതിന്റെ ഭാഗമായി മണ്ഡലകാലമാകുമ്പോഴേയ്ക്കും അവിടെ ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്യുന്ന രീതി കുറച്ചുകൊണ്ടുവരാനും ചരിത്രത്തിലാദ്യമായി ശബരിമലയിൽ എത്തുന്ന തീർഥാടകർക്ക് പൂർണ്ണതോതിൽ കുടിവെള്ളം നൽകാനും കഴിയുന്ന പദ്ധതി നടപ്പാക്കാൻ സാധിക്കുമെന്ന പ്രതീക്ഷയാണുള്ളത്. ഈ പദ്ധതി നടപ്പാകുന്നത് സംസ്ഥാനത്തിന് അഭിമാനകരമാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, സംസ്ഥാനത്ത് ഇന്ന് ജൽജീവൻ പദ്ധതി പരിപൂർണ്ണമായും നിലച്ചിരിക്കുകയാണ്. ഇന്ത്യയിൽ കേരളമാണ് ജൽജീവൻ പദ്ധതിയിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന സംസ്ഥാനം. അതിനുള്ള കാരണം, ടി പദ്ധതിയുടെ കാലാവധി കേന്ദ്രഗവൺമെന്റ് അവസാനിപ്പിച്ചതാണ്. കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ കേന്ദ്ര ധനകാര്യ

വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ ടി പദ്ധതിയുടെ കാലയളവ് മൂന്ന് വർഷംകൂടി എക്സ്റ്റന്റ് ചെയ്യുമെന്നാണ് പറഞ്ഞത്. കേന്ദ്ര ഗവൺമെന്റ് കേരളത്തിലേക്ക് ഒരു ടീമിനെ അയയ്ക്കുകയും അവർ ഇവിടെ നടപ്പാക്കിയ പ്രവൃത്തികൾ പരിശോധിക്കുകയും എന്റെ നിയോജകമണ്ഡലത്തിൽ പതിനാറ് വർഷമായി പല കാരണങ്ങളാൽ മുടങ്ങിക്കിടക്കുന്ന ഹരിപ്പാട് കുടിവെള്ള പദ്ധതിയുൾപ്പെടെ 90 പദ്ധതികൾ ഐഡന്റിഫൈ ചെയ്യുകയും ചെയ്തു. നിലവിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭ്യമാകാത്തതിനാൽ ഈ പദ്ധതി പ്രവൃത്തികൾ നടപ്പാക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. കേരളത്തിൽ മാത്രമല്ല ഇന്ത്യയിലൊട്ടാകെ ഈ അവസ്ഥയാണുള്ളത്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റിന് എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ സാധിക്കും? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും കേന്ദ്രസർക്കാരുമായി ഇടപെട്ട് അടിയന്തരമായി നടപടികൾ സ്വീകരിച്ചാൽ മാത്രമെ 'ജൽ ജീവൻ മിഷൻ' മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ് ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല സൂചിപ്പിച്ചത്. ഇതിൽ പ്രധാനപ്പെട്ട കാര്യം, കേന്ദ്ര ഗവൺമെന്റ് ഇറക്കിയ ഒരു സർക്കുലർ പ്രകാരം അത്തരം കാര്യങ്ങളുമായി ബന്ധപ്പെട്ട് പുതിയ എഗ്രിമെന്റ് വച്ചതിനാൽ സർക്കാരിന് മുന്നോട്ടുപോകാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. ആയതിനാൽ സർക്കാർ ഇക്കാര്യത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുകയും ആഴ്ചതോറും ഓർമ്മക്കുറിപ്പുകൾ അയയ്ക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇതിന്റെ ഭാഗമായി കേരളത്തിൽ

ആരംഭിച്ച കുടിവെള്ള പദ്ധതികൾ ഭാഗികമായി പ്രവൃത്തി പൂർത്തീകരിക്കാനുള്ളതുകൊണ്ടുതന്നെ പദ്ധതികളൊന്നും മുടങ്ങിപ്പോകില്ല. അങ്ങനെ മുടങ്ങിപ്പോയാൽ, പ്ലാന്റിന്റെ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. എന്നാൽ ലൈൻ വലിക്കാൻ കഴിയാത്തതും ഓവർ ഹെഡ് ടാങ്ക് സ്ഥാപിച്ചെങ്കിലും ഡിസ്ട്രിബ്യൂഷൻ ചെയ്യാൻ സാധിക്കാത്തതുമായ പ്രോജക്ടുകളിൽ ഏതെങ്കിലും കമ്മീഷൻ ചെയ്യാൻ ബാക്കിയുണ്ടെങ്കിൽ അവ പരിഗണിച്ചുകൊണ്ട് പ്രത്യേക അനുമതി നൽകി ആ വർക്ക് ചെയ്യുന്നതിനുള്ള നടപടികളെക്കുറിച്ച് സംസ്ഥാന സർക്കാർ ആലോചിക്കുന്നുണ്ട്. ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കേന്ദ്ര സർക്കാരാണ് ഇപ്പോൾ തടസ്സമായി നിൽക്കുന്നത്. കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടതുപ്രകാരം സംസ്ഥാന സർക്കാർ ആവശ്യമായ വിഹിതം നൽകിയിട്ടുണ്ട്. ഇപ്പോൾ സംസ്ഥാന സർക്കാർ 500 കോടി രൂപകൂടി അഡ്വാൻസായി നൽകിയെങ്കിലും കേന്ദ്രത്തിൽനിന്നുള്ള ഫണ്ടുകൾ ഒരു വർഷംകൊണ്ട് സംസ്ഥാനത്തിന് ലഭിക്കുന്നില്ല. ജൽ ജീവൻ മിഷൻ 2028 വരെ ദീർഘിപ്പിച്ചുവെന്ന് പറയുന്നുണ്ടെങ്കിലും തുടർനടപടികളൊന്നും കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടില്ല. അക്കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിക്കുന്നതിനായി നാം ഒരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. കേന്ദ്ര ഫണ്ട് ലഭിക്കേണ്ടത് സംസ്ഥാന സർക്കാരിന്റെ അവകാശമാണ്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സംയോജിത പദ്ധതിയായ ജൽ ജീവൻ മിഷനുവേണ്ടി സംസ്ഥാനം നൽകുന്ന വിഹിതത്തിനനുസൃതമായി കേന്ദ്രം ഫണ്ട് നൽകുകയും കേന്ദ്രം നൽകുന്ന തുകയ്ക്കനുസൃതമായി സംസ്ഥാന സർക്കാർ ഫണ്ട് നൽകുകയും ചെയ്യുന്ന കാര്യം

പരിശോധിച്ചാൽ ഫണ്ട് കൂടുതൽ നൽകിയിട്ടുള്ളത് സംസ്ഥാന സർക്കാരാണെന്ന് മനസ്സിലാക്കാൻ കഴിയും. കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനത്തിന് തുക ലഭിച്ചിട്ടില്ല. പക്ഷേ ആരംഭിച്ച ജോലികൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് തടസ്സം നേരിടാതിരിക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എല്ലാ ഇടപെടലുകളും നടത്തിവരുന്നുണ്ട്.

**ഇടമലക്കുടിയിൽ വീട്ടമ്മയെ ചുമന്ന് ആശുപത്രിയിലെത്തിച്ച സംഭവം**

4 (*64) ശ്രീ. അൻവർ സാദത്ത്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലക്കുടിയിൽ തിരുവോണനാളിൽ പനി ബാധിച്ച് അവശനിലയിലായ വീട്ടമ്മയെ കിലോമീറ്ററുകൾ ചുമന്ന് ആശുപത്രിയിലെത്തിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇടമലക്കുടിയിലെ കുടലാർകുടി സ്വദേശികളായ ദമ്പതിമാരുടെ മകൻ പനി ബാധിച്ച് ചികിത്സ കിട്ടാതെ മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇടമലക്കുടിയിൽ ദിവസങ്ങൾക്കുള്ളിൽ തന്നെ പ്രസ്തുത സംഭവങ്ങൾ ആവർത്തിച്ചുണ്ടായത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ രണ്ട് സംഭവങ്ങളും ഇടമലക്കുടിയിലെ കുടലാർകുടി എന്ന ദുർഘട പ്രദേശത്താണ് സംഭവിച്ചിരിക്കുന്നത്. ഇടമലക്കുടിയുടെ ഭൂമിശാസ്ത്രപരമായ ദുർഘടത കാരണം കുടലാർകുടിയിൽനിന്നും പ്രധാന റോഡിലേക്ക് എത്തുന്നതിന് നിലവിൽ വനപാത മാത്രമാണുള്ളത്. കുടലാർകുടിയിൽനിന്നും വനപാതയിലൂടെ സഞ്ചരിച്ച് ആനക്കുളത്ത് എത്തിയാൽ മാത്രമെ ഇവർക്ക് മാങ്കുളം വഴി അടിമാലിയിൽ എത്താൻ സാധിക്കുകയുള്ളൂ. ഈ പ്രദേശത്തേക്ക് റോഡുകൾ നിർമ്മിക്കേണ്ടതുണ്ട്. ആയതിന് വനം വകുപ്പിൽനിന്നും അനുമതി ലഭ്യമാകേണ്ടതുണ്ട്.

(സി) ഇടമലക്കുടിപോലെയുള്ള ദുർഘട പ്രദേശങ്ങളിലുള്ള ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങളിൽ വകുപ്പ് ശ്രദ്ധ നൽകിവരുന്നുണ്ട്. ഓണക്കാലത്ത് കല്ലാർകുടി ഭാഗത്ത് പനിബാധയുണ്ടായി എന്നറിഞ്ഞപ്പോൾത്തന്നെ ജില്ലാ മെഡിക്കൽ ഓഫീസറുമായി ബന്ധപ്പെട്ട് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇടമലക്കുടിയുടെ ഭൂമിശാസ്ത്രപരമായ ദുർഘടത മനസ്സിലാക്കി വകുപ്പ് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.

ഇടമലക്കുടിയിലേയ്ക്ക് ആദ്യഘട്ട റോഡ്, പെട്ടിമുടി മുതൽ ഇഡലിപ്പാറവരെയുള്ള 7 കിലോമീറ്റർ റോഡ് രാജമല പെട്ടിമുടിയിൽനിന്നും നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. റോഡ് നിർമ്മാണം 4.7 കിലോമീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ദൂരംകൂടി പൂർത്തിയായാൽ

രണ്ടാം ഘട്ടമായ ഇഡലിപ്പാറ-സൊസൈറ്റിക്കുടി വരെയുള്ള റോഡ് നിർമ്മാണം ആരംഭിക്കാൻ സാധിക്കും. മറ്റ് കുടികളിലേക്കുള്ള റോഡുകൾ കൂടി നിർമ്മിച്ചാൽ പൂർണ്ണമായും ഇടമലക്കുടിയിലേക്കുള്ള യാത്രാക്ലേശം പരിഹരിക്കാൻ സാധിക്കും.

ശ്രീ. അൻവർ സാദത്ത്: സർ, ഇന്ത്യയിലെ മറ്റുചില സംസ്ഥാനങ്ങളിൽ കണ്ടുവരുന്ന സംഭവങ്ങളാണ് ഇന്ന് നമ്മുടെ കൊച്ചുകേരളത്തിലും കണ്ടത്. കിലോമീറ്ററുകൾ ചുമന്നാണ് ഇടമലക്കുടിയിലെ കുടലാർകുടി സ്വദേശികളായ ദമ്പതികളുടെ പനി ബാധിച്ച മകനെ ആശുപത്രിയിൽ കൊണ്ടുപോയത്. ആശുപത്രിയിൽ കൊണ്ടുപോയെങ്കിലും ആ കുട്ടി മരണപ്പെടുന്ന സാഹചര്യമുണ്ടായി. ആദിവാസികൾ താമസിക്കുന്ന ഇത്തരം പ്രദേശങ്ങളിലെ രോഗികളെ എത്രയുംവേഗം ആശുപത്രികളിൽ എത്തിക്കാനുള്ള സംവിധാനമില്ല. ആധുനിക യുഗത്തിൽ അവിടെ എന്തെല്ലാം സൗകര്യങ്ങൾ കൊണ്ടുവരാൻ സാധിക്കും; എന്തുകൊണ്ട് സർക്കാർ അതിന് തയ്യാറാകുന്നില്ല; അത് എത്രയുംവേഗം നടപ്പാക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. ഒ. ആർ. കേളു: സർ, നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു പഞ്ചായത്താണ് ഇടമലക്കുടി. 2009-ൽ അന്നത്തെ എൽ.ഡി.എഫ്. സർക്കാരാണ് കേരളത്തിലെ ഏക ട്രൈബൽ പഞ്ചായത്തായി ഇടമലക്കുടിയെ പ്രഖ്യാപിച്ചത്. പതിനൊന്ന് കിലോമീറ്ററോളം ഉള്ളിൽ അവരുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും വിശ്വാസങ്ങളുമായി വർഷങ്ങളായി ജീവിക്കുന്ന ഒരു വിഭാഗം ജനതയുണ്ട്. അവരെ ആ പ്രദേശത്തുനിന്നും പുറത്തേക്ക്

കൊണ്ടുവരുന്നതിന് കാലാകാലങ്ങളായി സർക്കാർ പല ശ്രമങ്ങളും നടത്തിയിട്ടുണ്ടെങ്കിലും അത് ഫലപ്രദമാകാതെ വന്ന സാഹചര്യത്തിലാണ് 2009-ൽ അന്നത്തെ സർക്കാർ ആ പ്രദേശം പഞ്ചായത്തായി രൂപീകരിച്ചത്. അതിനുശേഷം സ്കൂൾ, വൈദ്യുതി, ടെലഫോൺ കണക്ഷനുകൾ, ആശുപത്രി എന്നിവ അന്നത്തെ സർക്കാർ അവിടെ അനുവദിച്ചു. ആ പ്രദേശത്ത് എത്തുന്നതിന് പതിനൊന്ന് കിലോമീറ്ററോളം വരുന്ന റോഡാണ് ഏക മാർഗമായുള്ളത്. ആ പ്രദേശം സന്ദർശിച്ച ഒരു വ്യക്തിയെന്ന നിലയ്ക്ക്, എനിക്ക് അതിനെ റോഡ് എന്നുപറയാൻ സാധിക്കില്ല. റോഡില്ലാത്തതുകൊണ്ടുതന്നെ ഈ വികസനത്തിനുപുറമെ കൂടുതൽ വികസനം വേഗത്തിൽ ചെയ്യാൻ പ്രയാസമുണ്ട്. ആ പ്രയാസങ്ങൾ മനസ്സിലാക്കിയാണ് മുൻ മന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ ടി വകുപ്പ് കൈകാര്യം ചെയ്തിരുന്ന സമയത്ത് ആ പ്രദേശത്തേയ്ക്കുള്ള പതിനൊന്ന് കിലോമീറ്റർ റോഡ് നിർമ്മിക്കുന്നതിനായി 13 കോടി രൂപ അനുവദിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ റോഡുനിർമ്മാണം പുരോഗമിച്ചുവരികയാണ്. ഏകദേശം അഞ്ച് കിലോമീറ്ററോളം റോഡുനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അവിടേയ്ക്കുള്ള പ്രധാനപ്പെട്ട റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചാൽ മാത്രമെ വികസനം വേഗത്തിലാക്കാൻ സാധിക്കുകയുള്ളൂ. അതിനുവേണ്ടിയുള്ള കാര്യങ്ങൾ അതിവേഗം ചെയ്തുകൊണ്ടിരിക്കുകയാണ്. ആ പ്രദേശം നൂറ് ശതമാനവും വനമേഖലയായതുകൊണ്ടുതന്നെ വനം വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുകയുണ്ടായി. അവയെല്ലാം ലഭ്യമാക്കിയതിനുശേഷമാണ് സർക്കാർ ഇടപെട്ട് റോഡ് നിർമ്മാണം ആരംഭിച്ചത്. റോഡ് നിർമ്മാണം സമയബന്ധിതമായി

പൂർത്തീകരിക്കുന്നതോടുകൂടി കാര്യങ്ങൾ വേഗത്തിലാക്കാനും അവിടത്തെ വികസനം കൂടുതൽ മെച്ചപ്പെടുത്താനും സാധിക്കും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച സംഭവമുണ്ടായത് കൂടലാർകുടി എന്നറിയപ്പെടുന്ന ഒരു ദുർഘട പ്രദേശത്താണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഈ പ്രദേശം റോഡിന്റെയുളളിലാണ്; അതായത്, വനാന്തരത്തിലുള്ള റോഡെന്ന് പറയാൻ സാധിക്കാത്ത തരത്തിൽ ദുർഘടമായ ഒരു നടവഴിയിലാണ് ഈ സംഭവമുണ്ടായിട്ടുള്ളത്. ആ വഴിയിലൂടെയാണ് നാം നിർമ്മിച്ചുകൊണ്ടിരിക്കുന്ന റോഡിലേയ്ക്ക് എത്തിച്ചേരേണ്ടത്. ഈ പ്രധാന റോഡ് നിർമ്മിച്ചാൽ മാത്രമെ കൂടലാർകുടി എന്ന സ്ഥലത്തേയ്ക്കുള്ള റോഡുകൾ നിർമ്മിക്കാൻ സാധിക്കുകയുള്ളൂ. അതിനാൽ പ്രധാനപ്പെട്ട റോഡുകൾ പൂർത്തീകരിച്ചതിനുശേഷം മറ്റ് റോഡുകൾകൂടി പൂർത്തീകരിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കും.

ശ്രീ. അൻവർ സാദത്ത്: സർ, എസ്.സി. വിഭാഗത്തിൽപ്പെട്ട ആളുകൾക്കുവേണ്ടി ഭൂമി വാങ്ങുമ്പോൾ, പലയിടത്തും ഇടനിലക്കാരായ ഭൂമാഫിയകൾ ഈ പണം തട്ടിയെടുക്കാൻ ശ്രമിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ വാഴക്കുളം ബ്ലോക്ക് ഏരിയയിൽ എസ്.സി. വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി വാങ്ങിയിരുന്നു. ടി ഭൂമിയുടെ ആധാരത്തിൽ വഴി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വാസ്തവത്തിൽ ആ ഭൂമിക്ക് വഴിയില്ല. ആ ഭൂമിയിൽ പല കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും വഴിയില്ലാതെ കാടുപിടിച്ച് കിടക്കുകയാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് വിജിലൻസ് അന്വേഷിക്കുന്നുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരെ മാത്രം കുറ്റക്കാരാക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. അതുകൊണ്ട്

ഇതുമായി ബന്ധപ്പെട്ട് ആധാരം എഴുതിയയാൾ, രജിസ്ട്രാർ, സാക്ഷിനിന്ന ആളുകൾ എന്നിങ്ങനെ ഉദ്യോഗസ്ഥരെയുൾപ്പെടെ അന്വേഷണ പരിധിയിൽ കൊണ്ടുവരാനും അവർക്കെതിരെ നടപടി സ്വീകരിക്കാനും വകുപ്പ് തയ്യാറാകുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഇവിടെ സൂചിപ്പിച്ച കാര്യങ്ങളിൽ കുറച്ചൊക്കെ ശരിയാണ്. എസ്.സി./എസ്.ടി. വിഭാഗത്തിന് ഭൂമി വാങ്ങുമ്പോൾ പ്രധാനമായും നാല് മാനദണ്ഡങ്ങൾ പറഞ്ഞിട്ടുണ്ട്. ചെങ്കുത്തായ സ്ഥലം ഏറ്റെടുക്കാൻ പാടില്ല, വാങ്ങുന്ന സ്ഥലത്തേയ്ക്ക് നിർബന്ധമായും വഴി (റോഡ്), വൈദ്യുതി, കുടിവെള്ളം തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടാകണം. ഈ നാല് മാനദണ്ഡങ്ങൾക്കനുസൃതമായാണ് ഭൂമി വാങ്ങാൻ നിർദ്ദേശം നൽകിയിട്ടുള്ളത്. പക്ഷേ ചില സ്ഥലങ്ങളിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലുള്ള കാര്യങ്ങൾ സംഭവിക്കുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുകയും ആയതിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

മി. സ്പീക്കർ: ചോദ്യോത്തരവേളയിൽ ഉന്നയിക്കുന്ന ചോദ്യങ്ങൾ essay പോലെ ആകാതിരിക്കാൻ ബഹുമാനപ്പെട്ട അംഗങ്ങൾ ശ്രദ്ധിക്കണമെന്ന് ഒരിക്കൽക്കൂടി ചെയർ അഭ്യർഥിക്കുന്നു. ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ചോദ്യോത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)+

+ അനുബന്ധം 2

**[10.00 AM]**

## II. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

മി. സ്പീക്കർ: സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർധിക്കുന്നതായും രാജ്യത്ത് പണപ്പെരുപ്പമുള്ള സംസ്ഥാനമായി കേരളം മാറിയിട്ടും സർക്കാർ യാതൊരു നടപടിയും സ്വീകരിക്കാൻ തയ്യാറാകാത്തതായും പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ. പി. സി. വിഷ്ണുനാഥ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും വിജയകരമായി വിപണി ഇടപെടലുകൾ നടന്ന കാലഘട്ടമാണ് കടന്നുപോകുന്നത്. ജനങ്ങൾ അതിന്റെ പ്രയോജനം നന്നായി അനുഭവിച്ചിട്ടുമുണ്ട്. എന്തിനാണ് പ്രതിപക്ഷം ഈ ഘട്ടത്തിൽ ഇത്തരമൊരു വിഷയം തിരഞ്ഞെടുത്തതെന്ന് മനസ്സിലാകുന്നില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കാൻ അവസരം ലഭിക്കുമെന്നതുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാണ്.

മി. സ്പീക്കർ: ചട്ടം 50 പ്രകാരം ഇന്ന് ലഭിച്ച നോട്ടീസിലൂടെ ഉന്നയിക്കപ്പെട്ട വിഷയത്തിന്മേൽ ചർച്ച ചെയ്യാമെന്ന് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി

അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ചട്ടം 55 അനുസരിച്ചുള്ള ഉപക്ഷേപം ഉച്ചയ്ക്ക് 12.00 മണിക്ക് ചർച്ചയ്ക്കെടുക്കുന്നതാണ്. രണ്ട് മണിക്കൂർ ചർച്ചയാണ് അനുവദിക്കുന്നത്. ഏതായാലും തുടർച്ചയായി മൂന്നാം ദിവസവും നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുത്ത സർക്കാരിനോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ചെയറിനുള്ള നന്ദി ഈ ഘട്ടത്തിൽ .അറിയിക്കുന്നു

**[10.03 AM]**

## III. ശ്രദ്ധക്ഷണിക്കൽ

(1) ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള ആനുകൂല്യം

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 'ആശ്വാസകിരണം പദ്ധതി'-യുടെ പരിധിയിൽപ്പെടുന്ന ഏതാനും വിഭാഗത്തിൽപ്പെടുന്നവർക്കും നമ്മുടെ ചുറ്റുപാടുള്ളവർക്കും ബാധകമായ ഒരു വിഷയത്തെക്കുറിച്ചാണ് ശ്രദ്ധക്ഷണിക്കലിലൂടെ അവതരിപ്പിക്കുന്നത്. ഓട്ടിസം, സെറിബ്രൽ പാൾസി ഉൾപ്പെടെ ബുദ്ധിമാന്ദ്യം സംഭവിച്ചവരും മാനസിക വൈകല്യമുള്ളവരുമായ വിവിധ വിഭാഗം ആളുകളെക്കുറിച്ച് നമുക്കെല്ലാവർക്കുമറിയാം. എം.എൽ.എ. എന്ന നിലയിൽ പല രക്ഷിതാക്കളും എന്റെ ഓഫീസിൽ നേരിട്ടുവന്ന് കരളലയിപ്പിക്കുന്നതും തൊണ്ടയിടറിപ്പറയുന്നതുമായ കാര്യങ്ങളാണ് പറയുന്നത്. ഇത്തരം വൈകല്യം നേരിടുന്നവരിൽ കുട്ടികളും മുതിർന്നവരുമായി നിരവധി ആളുകളുണ്ട്. ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പരിചരിക്കുന്ന രക്ഷിതാക്കളുടെ സങ്കടം പറഞ്ഞറിയിക്കാൻ

കഴിയുന്നതല്ല. അവർക്ക് ഈ കുട്ടികളുമായി ബന്ധുമിത്രാദികളുടെ വിവാഹ ചടങ്ങുകളിലോ മറ്റിടങ്ങളിലോ പങ്കെടുക്കാൻ സാധിക്കാത്ത അവസ്ഥയാണ്. ഓട്ടിസം ബാധിച്ച കുട്ടികളുൾപ്പെടെയുള്ളവർ ചില സന്ദർഭങ്ങളിൽ സ്വീകരിക്കുന്ന സമീപനങ്ങളും ഒച്ചവച്ചുള്ള അവരുടെ പെരുമാറ്റരീതികളും കാണുമ്പോൾ എന്തിനാണ് ഈ കുട്ടിയെയുംകൊണ്ട് ഇവിടെ വന്നിരിക്കുന്നത് എന്ന തരത്തിലുള്ള ബന്ധുജനങ്ങളുടെ ചോദ്യങ്ങൾ രക്ഷിതാക്കൾക്ക് എങ്ങനെയാണ് താങ്ങാൻ കഴിയുകയെന്ന് നമുക്ക് ഊഹിക്കാവുന്നതാണ്. ഇത്തരം അനുഭവമുള്ള കുടുംബങ്ങളിൽപ്പെട്ടവർക്കും അത് ബോധ്യപ്പെട്ടിട്ടുള്ളവർക്കും ഇതിന്റെ ഗൗരവം മനസ്സിലാകും. ഇത്തരം വെല്ലുവിളികൾ നേരിടുന്നവരെ പരിചരിക്കുന്നത് രക്ഷിതാക്കളെ സംബന്ധിച്ചിടത്തോളം ബാധ്യതയാണ്. പണക്കാരനോ പാവപ്പെട്ടവനോ എന്ന വ്യത്യാസങ്ങളില്ലാതെ എല്ലാവിഭാഗത്തിൽപ്പെട്ടവരും ഈ പ്രശ്നം അനുഭവിക്കുന്നുണ്ട്. സാമ്പത്തികശേഷിയുള്ളവർക്ക് കുറെയേറെ പരിചരണം നൽകാൻ കഴിയും. എന്നാൽ പാവപ്പെട്ട തൊഴിലാളികളുടെയും അച്ഛനും അമ്മയും ചെറിയ തൊഴിൽ ചെയ്തുകൊണ്ടുമാത്രം ഉപജീവനം നടത്തുന്ന കുടുംബങ്ങളിലും ഇത്തരം അവസ്ഥയുള്ള ആളുകളുടെ, ബുദ്ധിമാന്ദ്യം/ഓട്ടിസം ബാധിച്ചവരുടെ പരിചരണം എങ്ങനെ മുന്നോട്ടുകൊണ്ടുപോകുമെന്നതാണ് പ്രശ്നം. ആശ്വാസകിരണം പദ്ധതിയുടെകീഴിൽ ഇത്തരം ആൾക്കാരെ പരിചരിക്കുന്നവർക്ക് സാമ്പത്തിക സഹായം അനുവദിച്ചുനൽകുന്നുണ്ട്. തീർച്ചയായും ഈ പദ്ധതി വലിയൊരു അനുഗ്രഹമാണ്. പക്ഷേ ധനസഹായമായി വളരെ ചെറിയൊരു സംഖ്യ മാത്രമാണ് നൽകുന്നത്. നിലവിൽ ഈ സഹായധനം ആറ്-ഏഴ്

മാസക്കാലമായി നൽകാൻ കഴിയാതെ പെൻഡിങ്ങിൽ ആയതുകൊണ്ട് ഇക്കാര്യം പരിശോധിക്കണമെന്ന് ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 2018 മാർച്ച് 31 വരെ അപേക്ഷ നൽകിയിട്ടുള്ള 28030 പേർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ 2018-ന് ശേഷം 2024 നവംബർ വരെ 71233 പേർ അപേക്ഷ നൽകിയിട്ടുണ്ട്. ചുരുക്കത്തിൽ, ഒരു ലക്ഷത്തിലധികം കുടുംബങ്ങൾ ഈ വേദനയനുഭവിക്കുന്നുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ അടിയന്തരമായി തീരുമാനമെടുക്കണമെന്നും ഇത്തരം ആളുകളെ പരിചരിക്കുന്നവരെയുൾപ്പെടെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും അവർക്ക് നൽകിക്കൊണ്ടിരിക്കുന്ന ധനസഹായത്തിൽ വർധന വരുത്തണമെന്നും സാമൂഹ്യക്ഷേമ പെൻഷൻപോലുള്ള ഒരു സംവിധാനം അവർക്കുംകൂടി ബാധകമാക്കണമെന്നും അഭ്യർഥിക്കുന്നു. അതോടൊപ്പം അതീവ പരിഗണന ലഭിക്കേണ്ട ഭിന്നശേഷിക്കാരെ ഇൻഷ്വർ ചെയ്യുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് സർക്കാർ ആലോചിക്കണം. ഇതിലേയ്ക്കായി കുടുംബത്തിന്റെ വാർഷിക വരുമാനം പ്രധാന മാനദണ്ഡമായി പരിഗണിക്കുന്നത് ശരിയല്ല. കേരളത്തിൽ ലക്ഷത്തിൽപ്പരം കുടുംബങ്ങൾ ഇത്തരം അവശതയനുഭവിക്കുന്നവരുടെ എല്ലാ വേദനകളും പേറി ജീവിക്കുന്നുവെന്നുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അത്തരം ആളുകളുടെ സംരക്ഷണം, പരിചരണം, പരിചാരകർക്കാവശ്യമായ സഹായം എന്നിവ നൽകുന്നതോടൊപ്പം അവർക്ക് ഇൻഷ്വറൻസ് സംവിധാനമുൾപ്പെടെ ഏർപ്പെടുത്തുന്നതിനെക്കുറിച്ചും ഗൗരവമായി ആലോചിക്കണം. ഇക്കാര്യത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിൽനിന്നും അനുഭാവപൂർവമായ

സമീപനമുണ്ടാകുമെന്നാണ് ഈ വിഭാഗം ആളുകൾ പ്രതീക്ഷിക്കുന്നത്; അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്ന ഭിന്നശേഷിക്കാരുൾപ്പെടെ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, നൂറുശതമാനം അന്ധത ബാധിച്ചവർ, പ്രായാധിക്യംകൊണ്ടും കാൻസർ മുതലായ രോഗങ്ങളാലും കിടപ്പിലായവർ, ദൈനംദിനകാര്യങ്ങൾക്ക് പരസഹായം ആവശ്യമുള്ളവർ തുടങ്ങിയ വിഭാഗങ്ങളെ ഉൾപ്പെടുത്തി അവരെ പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/-രൂപ നിരക്കിൽ ആശ്വാസകിരണം പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നുണ്ട്. ഈ പദ്ധതിയിലൂടെ 2021-22 സാമ്പത്തികവർഷം മുതൽ 2024-25 വരെ 117 കോടി രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽനിന്ന് ആദ്യഘട്ടമായി ലഭിച്ച 17 കോടി രൂപയിൽ 11 കോടി രൂപ വിനിയോഗിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് 2025 ആഗസ്റ്റ് മാസം വരെയുള്ള ധനസഹായം ഓണത്തിനുമുമ്പായി കൊടുത്തുതീർത്തിട്ടുണ്ട്. ആശ്വാസകിരണം പദ്ധതിപ്രകാരമുള്ള ധനസഹായത്തുക വർധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ സാമ്പത്തികസ്ഥിതികൂടി കണക്കിലെടുത്ത് പരിഗണിച്ചുവരികയാണ്. 2018-ന് ശേഷം സമർപ്പിച്ച അപേക്ഷകൾ പരിഗണിക്കണമെന്ന ആവശ്യം ഊർജിതമായി മുന്നോട്ട് കൊണ്ടുപോകുന്നുണ്ട്. ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്ന

ഭിന്നശേഷിക്കാരും intellectually challenged ആയിട്ടുള്ള വിഭാഗങ്ങളുടെ രക്ഷിതാക്കളും അനുഭവിക്കുന്ന പ്രശ്നങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ് ഈ സർക്കാരിന്റെ നയം. സമൂഹ്യനീതി വകുപ്പിന് കീഴിലുള്ള State Initiative on Disabilities (SID) മുഖാന്തരം 'സ്പെക്ട്രം' പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഈ പദ്ധതി മുഖാന്തരം തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, മഞ്ചേരി, കോഴിക്കോട് എന്നീ ആറ് സർക്കാർ മെഡിക്കൽ കോളേജുകളിലും കോഴിക്കോട് IMHANS (Institute of Mental Health and Neurosciences)-ലും ഓട്ടിസം സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ഓട്ടിസം കേന്ദ്രങ്ങളിലൂടെ ഓട്ടിസം സ്ക്രീനിങ്ങ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിങ്ങ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കിവരുന്നുണ്ട്. പ്രതിവർഷം ഇരുപതിനായിരം മുതൽ ഇരുപത്തയ്യായിരം വരെ കേസുകൾ ഈ സ്ഥാപനത്തിൽ കൈകാര്യം ചെയ്തുവരുന്നു. ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവുമായ ഇടപെടലുകളും പുനരധിവാസ പ്രവർത്തനങ്ങളും ഉറപ്പാക്കുന്നതിനായി ഈ മേഖലയിൽ ഗവേഷണാത്മക പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന തൃശ്ശൂരിലെ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (NIPMR) സെന്ററിൽ റീജിണൽ ഓട്ടിസം റീഹാബിലിറ്റേഷൻ ആൻഡ് റിസർച്ച് സെന്റർ (RARRC) നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു.

ഓട്ടിസം ഉണ്ടെന്ന് സംശയിക്കുന്ന മൂന്ന് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ആധുനികവും ശാസ്ത്രീയവുമായ ഇടപെടലുകളിലൂടെ പുനരധിവാസ പ്രവർത്തനങ്ങൾ ലഭ്യമാക്കുന്നതിന് NIPMR കേന്ദ്രീകരിച്ചുള്ള ചൈൽഡ് ഡെവലപ്മെന്റ് ആൻഡ് റിസർച്ച്

സെന്റർ (CDRC) പ്രവർത്തിച്ചുവരുന്നു. സെറിബ്രൽ പാൾസിയുള്ള കുട്ടികൾക്ക് ആധുനിക സംവിധാനങ്ങളോടുകൂടിയ പുനരധിവാസ പ്രവർത്തനങ്ങളും ഗവേഷണാത്മക പഠനങ്ങളും നടത്തുന്നതിനും NIPMR-ന് കീഴിൽ സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആൻഡ് റിസർച്ച് സെന്റർ (CPRRC) പ്രവർത്തിക്കുന്നുണ്ട്. ഓട്ടിസം മേഖലയിൽ വിദഗ്ധ സേവനം ലഭ്യമാക്കുന്നതിന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന ശിശുരോഗ വിദഗ്ധർക്ക് തിരുവനന്തപുരത്തെ ചൈൽഡ് ഡെവലപ്മെന്റ് സെന്റർ (CDC)-ന്റെ സഹായത്തോടുകൂടി പ്രത്യേക പരിശീലനം നൽകിവരുന്നുണ്ട്. ഈ മേഖലയിൽ സേവനം ലഭ്യമാക്കുന്നവരുടെ പരിശീലനത്തിനായി ഈ മേഖലയിലെ വിദഗ്ധർക്ക് സഹായകരമായ ഒരു കോംപ്രിഹെൻസീവ് ഓട്ടിസം റിസോഴ്സ് ബുക്ക് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാർഷിക സർവകലാശാലയുമായി ബന്ധപ്പെട്ടുകൊണ്ട് ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ ഭിന്നശേഷി പുനരധിവാസം സാധ്യമാക്കാൻ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ശാസ്ത്രീയ പരിചരണങ്ങളും തെറാപ്പികളും ലഭ്യമാക്കുന്നതിന് സഹായകരമായ പദ്ധതിയും നടപ്പാക്കിവരുന്നുണ്ട്. ഇത്തരം കുട്ടികളുടെ രക്ഷിതാക്കൾക്കുവേണ്ടി രക്ഷാകർതൃ ശാക്തീകരണ പരിപാടി അഥവാ PEP (Parent Empowerment Programme) പരിശീലന പദ്ധതി നടപ്പാക്കിവരുന്നു.

തെറാപ്പി സൗകര്യങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് തെറാപ്പി സെന്ററുകളെ എംപാനൽ ചെയ്യുന്നതിനാവിശ്യമായ മാർഗരേഖ (Guidelines for Minimum Standard for Registration of Therapy Centers) ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാമൂഹ്യനീതി

വകുപ്പിനുകീഴിൽ ബൗദ്ധിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ പുനരധിവാസത്തിന് കൊല്ലം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങൾക്കുപുറമെ എൻ.ജി.ഒ. പങ്കാളിത്തത്തോടെ സാമൂഹ്യനീതി വകുപ്പിന്റെ ഫണ്ടുപയോഗിച്ച് കോഴിക്കോട് ജില്ലയിൽ 'പ്രതീക്ഷാ ഭവൻ' എന്ന പദ്ധതിപ്രകാരം ഒരു സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ സമഗ്രവികസനത്തിന് തൊഴിൽ പരിശീലനം, നൈപുണ്യ വികസനം എന്നിവ നൽകുന്ന സന്നദ്ധ സംഘടനകൾക്ക് സർക്കാർ സഹായം നൽകുന്ന പുതിയ പദ്ധതിയാണ് 'പ്രചോദനം'. സർക്കാർ അംഗീകരിച്ചിട്ടുള്ള SOP (Standard Operating Procedures) curriculum എന്നിവയുടെ അടിസ്ഥാനത്തിൽ ടി പദ്ധതിക്ക് 1,47,02,360/- രൂപയുടെ ഭരണാനുമതി നൽകുകയും വിവിധ ജില്ലകളിൽനിന്ന് എട്ട് സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിൽനിന്നുള്ള കേന്ദ്രങ്ങളെ ഉടനെ തിരഞ്ഞെടുക്കുന്നതാണ്. തീവ്ര ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്കും കുടുംബാംഗങ്ങൾക്കും താൽക്കാലിക താമസസൗകര്യവും അനുബന്ധ സംവിധാനങ്ങളും ഉറപ്പാക്കുന്നതിന് റെസ്പൈറ്റ് കെയർ കേന്ദ്രങ്ങൾ ഉടനെ ആരംഭിക്കുന്നതാണ്. ഹ്രസ്വകാല പരിരക്ഷ ഇവിടെനിന്നും ലഭ്യമാക്കുന്നതാണ്. രക്ഷിതാക്കൾക്ക് വിവാഹം പോലെയുള്ള ചടങ്ങുകളിൽ പങ്കെടുക്കേണ്ട അവസരങ്ങളിൽ അത്രയും സമയത്തേക്ക് കുട്ടികളെ ഇത്തരം കെയർ സെന്ററുകളിൽ ഏൽപ്പിക്കാൻകഴിയും. കുടുംബത്തോടൊപ്പം താൽക്കാലികമായി താമസിക്കാനുള്ള സൗകര്യവും റെസ്പൈറ്റ് കെയർ (Respite care centre) കേന്ദ്രങ്ങളിൽ ലഭിക്കുന്നതാണ്. മൂന്നിടങ്ങളിൽ റെസ്പൈറ്റ് കെയർ

കേന്ദ്രങ്ങൾ ആരംഭിക്കും.

സംയോജിത പുനരധിവാസത്തിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള മൂന്ന് പുനരധിവാസ വില്ലേജുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ബൗദ്ധികവെല്ലുവിളി നേരിടുന്നവർക്കുള്ള അസിസ്റ്റഡ് ലിവിങ് ഹോമും NISH (National Institute of Speech & Hearing)-ന്റെ എക്സ്റ്റെൻഷൻ സെന്ററും ആയാണ് അത് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം ജില്ലയിലും ഇത്തരം സെന്റർ ആരംഭിക്കുന്നതാണ്. ഇവിടെ എല്ലാവിധ തെറാപ്പി സൗകര്യങ്ങളും മറ്റും ലഭ്യമാക്കുന്നതാണ്. ബ്ലോക്ക് തലത്തിൽ സാമൂഹ്യ സഹായ കേന്ദ്രങ്ങൾ ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന പദ്ധതിയാണ് 'സഹജീവനം ഭിന്നശേഷി സഹായകേന്ദ്രം പദ്ധതി'. ഭിന്നശേഷിക്കാർക്കും അവരുടെ രക്ഷിതാക്കൾക്കും മാനസിക പിന്തുണ നൽകുന്നതോടൊപ്പം എല്ലാ സർക്കാർ സേവനങ്ങളും അർഹരായ മുഴുവൻ പേരിലേക്കും എത്തിക്കുകയെന്നതാണ് ഒരു എക്സ്റ്റെൻഷൻ സെന്റർ എന്ന നിലയിലുള്ള സഹജീവനം സഹായകേന്ദ്രം പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി ഒരു ജില്ലയിൽ ഈ വർഷം പൈലറ്റടിസ്ഥാനത്തിൽ ആരംഭിച്ച് അടുത്ത വർഷം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്ന ഭിന്നശേഷിക്കാർക്കായി സാമൂഹ്യനീതി വകുപ്പിന് പുറമേ പൊതുവിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, ആരോഗ്യം എന്നീ വകുപ്പുകളും വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി അതനുസരിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് സാമൂഹ്യനീതി വകുപ്പ് മുന്നോട്ട്

പോകുന്നുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പതിനെട്ട് വയസ്സ് കഴിഞ്ഞവരുടെ റീഹാബിലിറ്റേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് പദ്ധതികൾ ആവിഷ്കരിക്കുന്നതിന് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; ആ തീരുമാനങ്ങൾ നടപ്പാക്കുമോ?

ഡോ. ആർ. ബിന്ദു: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പതിനെട്ട് വയസ്സ് കഴിഞ്ഞവർക്ക് നൈപുണ്യവികസനത്തിനുള്ള പരിശീലനം നൽകുകയും അതുവഴി ഒരു തൊഴിൽ നേടാൻ സഹായകരമായ പിന്തുണ നൽകുന്നതിനുമാണ് 'പ്രചോദനം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ബഡ്സ് സ്കൂളുകൾക്ക് വ്യാപകമായി ബഡ്സ് റീഹാബിലിറ്റേഷൻ സെന്റേഴ്സ് ആരംഭിക്കുക എന്നതാണ് അതിനുള്ള പ്രതിവിധി. ഇത് പ്രധാനമായും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലാണ് തീരുമാനമെടുത്ത് നടപ്പാക്കേണ്ടത്. അക്കാര്യങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പുമായി ആലോചിച്ച് വരികയാണ്. സമീപഭാവിയിൽതന്നെ പതിനെട്ട് വയസ്സിനുമുകളിലുള്ളതും ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നതുമായ എല്ലാവരെയും കൃത്യമായ നിലയിൽ പുനരധിവസിപ്പിക്കാൻ സഹായകരമായ പദ്ധതികൾ ആവിഷ്കരിക്കാൻ നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(2) പിന്നാക്ക/സംവരണ വിഭാഗങ്ങളുടെ തൊഴിൽ, വിദ്യാഭ്യാസ മേഖലകളിലെ പ്രാതിനിധ്യം

ശ്രീ. പി. ഉബൈദുള്ള: സർ, കേരളത്തിലെ വിദ്യാഭ്യാസ-തൊഴിൽ മേഖലകളിൽ പിന്നാക്ക സമുദായങ്ങളുടെയും സംവരണ വിഭാഗങ്ങളുടെയും പ്രാതിനിധ്യം സംബന്ധിച്ച് വിശദമായ കണക്കെടുപ്പ് നടത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് സർക്കാരിന്റെ ശ്രദ്ധ

ക്ഷണിക്കുന്നതിനുവേണ്ടിയാണ് ഈ വിഷയം അവതരിപ്പിക്കുന്നത്.

കേരളം സാമൂഹ്യപരമായ മുന്നേറ്റം കൈവരിച്ചിട്ടുണ്ടെങ്കിലും വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ പിന്നാക്ക സമുദായങ്ങളുടെയും സംവരണ വിഭാഗങ്ങളുടെയും പ്രാതിനിധ്യം സംബന്ധിച്ച് കൃത്യമായ കണക്കുകൾ ലഭ്യമല്ല. സാമൂഹ്യനീതി ഉറപ്പാക്കുന്നതിനും സംവരണനയങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനും കൃത്യമായ കണക്കെടുപ്പ് അനിവാര്യമാണ്. സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളെയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുകയെന്ന ലക്ഷ്യത്തോടെയാണ് ഭരണഘടനയിൽ സംവരണം വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതനുസരിച്ചാണ് സംസ്ഥാന ഗവൺമെന്റുകൾ സംവരണത്തിന് അനുകൂലമായ നിയമനിർമ്മാണം നടത്തുന്നത്. തൊഴിലിലും വിദ്യാഭ്യാസത്തിലും സാമൂഹ്യനീതി ഉറപ്പാക്കുന്ന തരത്തിൽ സംവരണത്തെ മാറ്റിവച്ചെങ്കിൽ മാത്രമെ വികസിത രാഷ്ട്രമെന്ന നമ്മുടെ ആത്യന്തിക ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ. ജനസംഖ്യയിൽ ഭൂരിപക്ഷം വരുന്ന ഈ വിഭാഗത്തെ മുഖ്യധാരയിൽനിന്ന് മാറ്റിനിർത്തിക്കൊണ്ട് രാജ്യത്തിന്റെ വികസനം സാധ്യമാകുകയില്ല. കേന്ദ്ര സർക്കാർ നിയോഗിച്ച കലേക്കർ കമ്മീഷൻ മുതൽ രജീന്ദ്ര സച്ചാർ കമ്മിറ്റി വരെയും കേരള സർക്കാർ നിയോഗിച്ച കെ. കെ. വിശ്വനാഥൻ കമ്മീഷൻ മുതൽ രാജേന്ദ്രബാബു കമ്മീഷൻവരെയും നടത്തിയ പഠനങ്ങൾ വെളിപ്പെടുത്തുന്നത് പിന്നാക്ക സംവരണ സമുദായങ്ങൾക്ക് സർക്കാർ സർവീസിൽ അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്നാണ്. വെറും പതിനൊന്ന് വർഷത്തെ

കണക്കുകൾ മാത്രം പരിശോധിച്ചപ്പോൾ 18525 തസ്തികകളാണ് ഉദ്യോഗരംഗത്ത് പിന്നാക്ക വിഭാഗങ്ങൾക്ക് നഷ്ടമായതെന്നാണ് ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ചെയ്തത്. ഇത് സംവരണത്തിന്റെ ഉദ്ദേശ്യങ്ങൾ പൂർണ്ണമായി നടപ്പിലാക്കാത്തതിന്റെ സൂചനയാണ് വെളിപ്പെടുത്തുന്നത്. 1958-ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവീസസ് റൂൾസ് 14 മുതൽ 17 വരെയുള്ള ചട്ടങ്ങൾക്കനുസരിച്ചാണ് പി.എസ്.സി. നിയമന ശിപാർശയ്ക്ക് ആവശ്യമായ റൊട്ടേഷൻ ചാർട്ട് തയ്യാറാക്കുന്നത്. പി.എസ്.സി. 20 യൂണിറ്റുകളുടെ അടിസ്ഥാനത്തിൽ നിയമന ശിപാർശപട്ടിക തയ്യാറാക്കുമ്പോൾ സംവരണ സമുദായക്കാർ സംവരണ ടേണുകളിൽ മാത്രം ഉൾപ്പെട്ട് വരുന്നതിനാൽ അവരുടെ മെരിറ്റ് അവസരം നഷ്ടപ്പെട്ട് പോകുകയും തൽഫലമായി സംവരണ സമുദായക്കാർക്ക് നിയമനങ്ങളിൽ പ്രാതിനിധ്യക്കുറവ് ഉണ്ടാകുകയും ചെയ്യുന്നതിനാൽ പി.എസ്.സി.-യുടെ നിയമനരീതി മാറ്റണമെന്നത് കാലങ്ങളായുള്ള ആവശ്യമാണ്. ഇരുപതിന്റെ യൂണിറ്റായി നിയമന ശിപാർശ നൽകുന്ന രീതി അവസാനിപ്പിച്ച് ഓരോ സമയത്തും റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളെ ഒറ്റ യൂണിറ്റായി കണക്കാക്കി നിയമനവും സംവരണവും 50:50 എന്ന അനുപാതത്തിൽ നടത്തണമെന്ന് 1697/07 നമ്പർ റിട്ട് അപ്പീലിന്മേൽ തീർപ്പ് കൽപ്പിച്ചുകൊണ്ട് കേരള ഹൈക്കോടതി നേരത്തെ ഉത്തരവിറക്കിയിരുന്നു. സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും തുല്യാവകാശം ഉറപ്പാക്കുന്നതിനും സംവരണനയങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനും അവരുടെ പ്രാതിനിധ്യം കൃത്യമായി മനസിലാക്കേണ്ടത് അനിവാര്യമാണ്. സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ യഥാർഥ അവസ്ഥയെ അടിസ്ഥാനമാക്കിയുള്ള നയങ്ങൾ രൂപപ്പെടുത്താൻ

കൃത്യമായ കണക്കുകൾ സഹായകമാണ്. ബഹു. സുപ്രീംകോടതിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് കണക്കെടുപ്പ് നടത്തേണ്ടതുണ്ടെങ്കിൽപ്പോലും സാമ്പത്തിക ബാധ്യതകളും മറ്റ് കാരണങ്ങളും പറഞ്ഞുകൊണ്ട് സർക്കാർ ഇതിൽനിന്നും പിന്നോക്കം പോകുകയാണ്. പിന്നാക്ക വിഭാഗങ്ങളുടെ അവകാശങ്ങൾ ലഭ്യമാക്കുന്നതിനും സാമൂഹ്യനീതി ഉറപ്പാക്കുന്നതിനും അടിയന്തരമായി ഒരു കണക്കെടുപ്പ് നടത്താൻ സർക്കാർ നടപടി സ്വീകരിക്കണം.

**[അധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]**

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, സംസ്ഥാനത്ത് വളരെ മുമ്പുതന്നെ വിദ്യാഭ്യാസ, തൊഴിൽ എന്നീ മേഖലകളിൽ എല്ലാ വിഭാഗങ്ങൾക്കും പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുള്ള സംവരണം നിലവിലുണ്ട്. അതിന്റെ പശ്ചാത്തലത്തിലാണ് പൊതുസർവീസും പൊതുവിദ്യാഭ്യാസ മേഖലയും നിലവിൽ വന്നിട്ടുള്ളത്. എല്ലാ വിഭാഗങ്ങളെയും പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള സംവരണം നിലനിൽക്കണമെന്നാണ് സംസ്ഥാന സർക്കാർ ആഗ്രഹിക്കുന്നത്. 1965-ലെ കുമാരപിള്ള കമ്മീഷൻ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും വിദ്യാഭ്യാസം പ്രാപ്യമാക്കുന്നതിനുള്ള ശിപാർശയാണ് നൽകിയിരുന്നത്. കേരളത്തിൽ എല്ലാ മതവിഭാഗത്തിലുള്ളവർക്കും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നാക്ക വിഭാഗത്തിലുള്ളവർക്കും സംവരണമുണ്ട്. വിവിധ ഘടകങ്ങൾ ഉൾപ്പെടുന്നതാണ് സംവരണ മാനദണ്ഡം. എല്ലാ ജനവിഭാഗങ്ങളുടെയും സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ അവസ്ഥ

സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുന്നത് സംസ്ഥാനത്തിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്കും കൂടുതൽ ശ്രദ്ധ ആവശ്യമുള്ള ജനവിഭാഗങ്ങൾക്കും പ്രയോജനകരമാണ്. രാജ്യത്ത് അടുത്ത സെൻസസ് എടുക്കുന്ന വേളയിൽ സമഗ്രമായ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ വിവരങ്ങൾ തേടുമെന്നാണ് കേന്ദ്ര സർക്കാർ പ്രഖ്യാപനങ്ങളിൽനിന്നും മനസ്സിലാക്കുന്നത്. കൂടാതെ ജാതി സെൻസസും അതിൽ ഉൾപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. മാത്രമല്ല ബഹു. സുപ്രീംകോടതി മുമ്പാകെ ഇതുമായി ബന്ധപ്പെട്ട വ്യവഹാരം നിലനിൽക്കുന്നുണ്ട്. ഇത്തരത്തിലുള്ള വിവര ശേഖരണം നടത്തുന്നതുകൊണ്ടുണ്ടാകുന്ന വലിയ സാമ്പത്തിക ബാധ്യതയെക്കുറിച്ച് പല സംസ്ഥാനങ്ങളും ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ കേന്ദ്ര സെൻസസിനൊപ്പം നടത്തുന്ന ജാതി സെൻസസ് തന്നെയാണ് പ്രായോഗികവും ഉചിതവുമായ മാർഗ്ഗമെന്നും ഗവൺമെന്റ് പ്രതീക്ഷിക്കുന്നു. അതുകൊണ്ടുതന്നെ സംസ്ഥാന സർക്കാർ സെൻസസ് മാതൃകയിൽ സമഗ്ര വിവര ശേഖരണം നടത്തുന്നതിനെക്കുറിച്ച് ഇപ്പോൾ ആലോചിച്ചിട്ടില്ല. സംസ്ഥാന സർവീസിലെ പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം കണ്ടെത്തുന്നതിനായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ (KSCBC) e-Caste Database of Employees in Services-Kerala (e-CDESK) എന്നപേരിൽ ഒരു വെബ്പോർട്ടൽ വികസിപ്പിച്ച് സർക്കാർ വകുപ്പുകളിലെയും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ വിശദാംശങ്ങൾ വെബ്പോർട്ടലിൽ രേഖപ്പെടുത്താൻ ചുമതലപ്പെടുത്തിയിട്ടുള്ള ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ നോഡൽ ഓഫീസർമാർക്ക് പരിശീലനം നൽകുകയും ബന്ധപ്പെട്ട നോഡൽ ഓഫീസർമാർ പ്രസ്തുത

പോർട്ടലിൽ സ്ഥിരജീവനക്കാരുടെ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് നടപടി സ്വീകരിച്ച് വരികയുമാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, നിയമസഭാ സമിതികൾ നിയമസഭയുടെ മിനിയേച്ചറുകളാണെന്നാണ് പറയുന്നത്. എന്നാൽ കേരള നിയമസഭയുടെ പല സമിതി ശിപാർശകളും വേണ്ടത്ര ഗൗരവത്തിലെടുക്കപ്പെടുന്നില്ല. നിയമസഭയുടെ പിന്നാക്ക വിഭാഗ ക്ഷേമസമിതി 2006-2008 കാലയളവിലെ മൂന്നാമത് റിപ്പോർട്ടിലും 2009-2011 കാലയളവിലെ നാലാമത് റിപ്പോർട്ടിലും നിയമനവും സംവരണവും 50:50 എന്ന അനുപാതത്തിൽ നടത്തണമെന്ന നിർദേശം മുന്നോട്ട് വച്ചിരുന്നു. നിയമസഭാ സമിതി പലതവണ ശിപാർശ ചെയ്തിട്ടും ഇപ്പോഴും ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ഈ കണക്കെടുപ്പ് സംബന്ധിച്ച് ഗവൺമെന്റ് തീരുമാനിച്ചിട്ടില്ലെന്നാണ്. സർക്കാർ, അർധസർക്കാർ സ്ഥാപനങ്ങളിലെ പിന്നാക്ക സമുദായ പ്രാതിനിധ്യം പരിശോധിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഇവിടെ സൂചിപ്പിച്ച തരത്തിലുള്ള സെൻസസ് നടത്താൻ ഗവൺമെന്റ് ആലോചിച്ചിട്ടില്ല. അക്കാര്യങ്ങൾ കേന്ദ്ര-ഗവൺമെന്റ് പരിശോധിച്ചുവരുന്ന പശ്ചാത്തലത്തിലാണ് ഗവൺമെന്റ് ഇങ്ങനെയൊരു തീരുമാനം കൈക്കൊണ്ടത്. സർക്കാർ സർവീസിലെ ജീവനക്കാരുടെ വിശദാംശം കാര്യമായി പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി e-Caste Database of Employees in Services- Kerala എന്നൊരു പോർട്ടൽ തയ്യാറാക്കി അതിലൂടെ വിവരശേഖരണം നടത്തി വരികയാണ്. അങ്ങ് സൂചിപ്പിച്ച

കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

**[10.25 AM]**

## IV. സബ്മിഷൻ

(1) ആറാട്ടുപുഴയിലെ ഡ്രെഡ്ജിങ് പ്രവർത്തനങ്ങൾ

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്റെ നിയോജകമണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിന്റെ പരിധിയിലുള്ള കായംകുളം കായലിൽനിന്നും ദേശീയ പാതയുടെ നിർമ്മാണത്തിനാവശ്യമായ മണ്ണ് ലഭിക്കുന്നതിനായി ഇറിഗേഷൻ വകുപ്പ് മുഖേന ഡ്രെഡ്ജിങ് പ്രവർത്തനങ്ങൾ ചെയ്തുവരുന്നുണ്ട്. ഏകദേശം 2,68,000 ക്യുബിക് മീറ്റർ മണ്ണ് ഖനനം ചെയ്ത് കൊണ്ടുപോകുന്നതിന് ദേശീയപാതയുടെ കരാർ കമ്പനിക്ക് സർക്കാർ അനുമതി നൽകിയിരിക്കുകയാണ്. ഇത്രയും ഭീമമായ തോതിൽ കായംകുളം കായലിൽനിന്ന് മണ്ണെടുക്കുന്നത് ആ പ്രദേശത്തിന്റെ സർവനാശത്തിന് വഴിതെളിക്കുമെന്നാണ് ജനങ്ങൾ ആശങ്കപ്പെടുന്നത്. കായലിനും കടലിനുമിടയ്ക്കുള്ള ചെറിയൊരു ഗ്രാമമായ ആറാട്ടുപുഴ പഞ്ചായത്ത് അതീവ പരിസ്ഥിതി ദുർബല പ്രദേശമാണ്. അതിരൂക്ഷമായ കടൽക്ഷോഭവും കള്ളകടൽ പ്രതിഭാസവും തീരദേശ പരിപാലന നിയന്ത്രണത്തിലെ കർശന വ്യവസ്ഥകളുംമൂലം ആറാട്ടുപുഴ പഞ്ചായത്തിലെ ജനങ്ങൾ ഇപ്പോൾത്തന്നെ വലിയ തോതിലുള്ള പ്രതിസന്ധി നേരിടുകയാണ്. യാതൊരു പാരിസ്ഥിതിക സാമൂഹികാഘാത പഠനങ്ങളും നടത്താതെ തികച്ചും അശാസ്ത്രീയമായാണ് ഇപ്പോൾ ഡ്രെഡ്ജിങ് പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നത്. ഇത്തരത്തിൽ ആഴത്തിലുള്ള ഡ്രെഡ്ജിങ്

നടത്തിയാൽ കായൽ തീരത്തുള്ള വീടുകൾക്കും സ്വത്തുവകകൾക്കും നാശമുണ്ടാകുമെന്നാണ് ജനങ്ങൾ പരാതിപ്പെടുന്നത്. കായലിന് ഇരുവശത്തുമുള്ള കരകൾ ഇടിഞ്ഞുതാഴുമെന്നും കെട്ടിടങ്ങൾക്കും ഭൂപ്രകൃതിക്കും വലിയ തോതിലുള്ള കോട്ടങ്ങളുണ്ടാകുമെന്നും ജനങ്ങൾ ആശങ്കപ്പെടുകയാണ്. ഖനനത്തെതുടർന്ന് ഭൂമിക്കടിയിൽനിന്ന് വെള്ളവും മണലും ഊർന്നിറങ്ങി മണൽത്തിട്ടകൾ ഇടിയാനും ഭൂമി താഴാനുമുള്ള സാധ്യതയുണ്ടെന്നാണ് വിദഗ്ധർ പറയുന്നത്. വർഷത്തിൽ നിരവധി തവണ വേലിയേറ്റം കാരണം ഓരുവെള്ളം കയറി ആ പ്രദേശത്തെ മുഴുവൻ കൃഷിയും നശിക്കുന്ന പ്രതിഭാസവുമുണ്ട്. കായലിന്റെ അടിത്തട്ട് ആഴത്തിൽ ഡ്രെഡ്ജ് ചെയ്യുന്നതുമൂലം ഭൂഗർഭ ജലസ്രോതസ്സിൽ ഉപ്പുകലർന്ന മലിനജലമുണ്ടാകുമെന്ന ആശങ്ക ജനങ്ങൾക്കുണ്ട്. അശാസ്ത്രീയമായ രീതിയിൽ ഡ്രെഡ്ജിങ് നടത്തുന്നതിനെതിരെ ജനങ്ങൾ പ്രക്ഷോഭവുമായി മുന്നോട്ടുവരുന്നുണ്ട്. ഹൈവെ നിർമ്മാണത്തിന് മണ്ണാവശ്യമാണ്. പക്ഷേ അതെടുക്കേണ്ട സ്ഥലങ്ങൾ ഏതാണെന്ന് ഗവൺമെന്റ് തീരുമാനിക്കണ്ടേ; അതിന് സാമൂഹിക ആഘാത പഠനങ്ങൾ നടത്തണ്ടേ? കായംകുളം പൊഴിയിൽനിന്ന് വേണമെങ്കിൽ മണ്ണെടുക്കാം. അവിടെനിന്നും മണ്ണെടുക്കാതെ രണ്ട് ഭാഗത്തും ജീവിക്കുന്ന ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാകുന്ന നിലയിൽ 2,68,000-ൽ അധികം ക്യൂബിക് മീറ്റർ മണ്ണെടുക്കുകയാണ് ചെയ്യുന്നത്. അതോടൊപ്പം ഇക്കോളജിക്കലി സെൻസിറ്റീവായ പ്രദേശങ്ങളിൽ ഡ്രെഡ്ജിങ് ചെയ്യരുതെന്ന് ഗവൺമെന്റ് ഉത്തരവിൽത്തന്നെ പറയുന്നുണ്ട്. അതുപോലും കണക്കിലെടുക്കാതെ കായംകുളം കായലിൽ വൻതോതിലുള്ള ഡ്രെഡ്ജിങ് നടത്തി ഏകദേശം 268000 ക്യൂബിക് മീറ്റർ മണ്ണെടുക്കുന്ന

പ്രവൃത്തി അങ്ങ് പുനഃപരിശോധിക്കണം. മത്സ്യത്തൊഴിലാളികളും കയർ മേഖലയിലെ തൊഴിലാളികളും സമൂഹത്തിലെ ഏറ്റവും ദുർബല ജനവിഭാഗങ്ങളും താമസിക്കുന്ന പ്രദേശമാണ്. ഈ പ്രദേശം നിരവധി തവണ സന്ദർശിച്ചിട്ടുള്ള അങ്ങേയ്ക്ക് ഇക്കാര്യങ്ങളെല്ലാം അറിയാവുന്നതാണ്. ഈ പഞ്ചായത്തിന്റെ ദുരിതപൂർണ്ണമായ ജീവിതം കൂടുതൽ ദുസ്സഹമാകുന്ന സാഹചര്യം ഒഴിവാക്കാനും ജനങ്ങളുടെ ആശങ്കകൾ അകറ്റാനും ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ദേശീയപാത വികസനത്തിനായി തിരഞ്ഞെടുത്ത പതിനൊന്ന് ജലാശയങ്ങളിൽ ഡ്രെഡ്ജിങ് നടത്തുന്നതിനും ഡ്രെഡ്ജ് ചെയ്ത എക്കലും ചെളിയും മണ്ണും ദേശീയ പാതകളുടെ വികസനത്തിനായി ഉപയോഗിക്കാനും അനുവദിക്കുന്ന ഒരു സമഗ്ര നയ ചട്ടക്കൂട് 21-04-2025-ലെ G.O.(Ms) No.28/2025/WRD പ്രകാരവും മേൽ ഉത്തരവ് പ്രകാരമുള്ള പ്രവർത്തനങ്ങൾ ഫലപ്രദവും വേഗത്തിലും നടപ്പാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ 14-05-2025-ലെ GO(Ms) No. 37/2025/WRD പ്രകാരവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിൽ കായംകുളം കായലിലെ പൊഴിമുഖം മുതൽ പതിയാങ്കര വരെയുള്ള ഭാഗമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ ഭാഗത്തെ മണിവേലിക്കടവിന് തെക്കുവശത്തായി ഏകദേശം 1200 മീറ്റർ നീളത്തിലും 250 മീറ്റർ വീതിയിലും ശരാശരി ബെഡ് ലെവലിൽനിന്നും 1 മീറ്റർ ആഴത്തിലുമായി ഏകദേശം 268500 ക്യൂബിക് മീറ്റർ മണ്ണും ചെളിയും കലർന്ന മിശ്രിതം നീക്കം ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; അടിത്തട്ടിലേക്കുള്ളതല്ല നീക്കം ചെയ്യുന്നത്.

സമീപത്തായുള്ള Inland Water Way-യുടെ കപ്പൽ ചാലിന്റെ ആഴം ഏകദേശം 2.5 മീറ്റർ മുതൽ 3.3 മീറ്റർ വരെയാണ്. അതിൽനിന്നും 1.5 മുതൽ 2 മീറ്റർവരെ ഉയർത്തിയാണ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്. തന്മൂലം കായംകുളം കായലിന്റെ സംഭരണശേഷി വർധിക്കുകയും വേലിയിറക്ക സമയത്ത് ജലപാതയിലൂടെയുള്ള യാനങ്ങളുടെ സുഗമമായ സഞ്ചാരത്തിന് സഹായകരവുമാകുന്നു. നിലവിൽ 1 മീറ്റർ ആഴത്തിൽ മണ്ണും ചെളിയും കലർന്ന മിശ്രിതം നീക്കം ചെയ്യുന്നതുകൊണ്ട് കായംകുളം കായലിന് പരിസ്ഥിതി ആഘാതം ലഘൂകരിക്കുന്ന രീതിയിലാണ് പ്രവൃത്തി നടപ്പാക്കുന്നത്. ആയതിനാലാണ് സർക്കാർ ഉത്തരവുപ്രകാരം കായംകുളം കായലിൽനിന്നും ദേശീയപാതാ നിർമ്മാണാവശ്യത്തിന് മണ്ണ് ലഭ്യമാക്കുന്നതിനായി NHAI മുഖേന ഡ്രെഡ്ജിങ് പ്രവർത്തനം നടത്തിവരുന്നത്.

(2) വാമനപുരം-കുറ്റ, ആറാംപള്ളി പമ്പ് ഹൗസുകളിലെ വോൾട്ടേജ് ക്ഷാമം

ശ്രീ. ഡി. കെ. മുരളി: സർ, എന്റെ നിയോജകമണ്ഡലത്തിലെ നെല്ലനാട് പഞ്ചായത്തിലെ കുറ്റ, ആനാട് പഞ്ചായത്തിലെ ആറാംപള്ളി എന്നീ രണ്ട് പമ്പ് ഹൗസുകളിൽ വോൾട്ടേജ് ക്ഷാമംമൂലം കുടിവെള്ള വിതരണം ബുദ്ധിമുട്ടിലായിരിക്കുകയാണ്. ഈ രണ്ട് പഞ്ചായത്തുകളിലെ നിരവധി പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമായിരിക്കുകയാണ്. വാമനപുരം- ആനാട് കെ.എസ്.ഇ.ബി. സെക്ഷൻ പരിധിയിലാണ് പ്രസ്തുത പമ്പ് ഹൗസുകൾ സ്ഥിതിചെയ്യുന്നത്. മാസങ്ങൾക്കുമുമ്പ് കെ.എസ്.ഇ.ബി.എൽ.-ലെയും വാട്ടർ അതോറിറ്റിയിലെയും ഉദ്യോഗസ്ഥരുമായി

സംയുക്തയോഗം വിളിച്ച് പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചെങ്കിലും ഇപ്പോഴും വോൾട്ടേജ് ക്ഷാമം തുടരുകയാണ്. ഇക്കഴിഞ്ഞ ഓണനാളുകളിൽ ഈ രണ്ട് പഞ്ചായത്തുകളിലെ ഭൂരിഭാഗം പ്രദേശങ്ങളിലും പലദിവസങ്ങളിലും കുടിവെള്ളം മുടങ്ങുകയുണ്ടായി. വാട്ടർ അതോറിറ്റിയുടെ അധികാരികൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധചെലുത്തേണ്ടതാണ്. കണക്ഷനുകളുടെ എണ്ണം വർധിച്ചതുകൊണ്ടാണ് എല്ലായിടത്തും വോൾട്ടേജ് ലഭിക്കാത്തതെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അതിനാൽ ഇക്കാര്യത്തിൽ അടിയന്തര ശ്രദ്ധയുണ്ടായി പ്രസ്തുത സ്ഥലങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, നെടുമങ്ങാട് ഡിവിഷനിലെ വാമനപുരം സെക്ഷന്റെ പരിധിയിലാണ് കുറ്റ പമ്പ് ഹൗസ് സ്ഥിതി ചെയ്യുന്നത്. നെല്ലനാട്, വാമനപുരം പഞ്ചായത്തുകളിലെ മേലാറ്റുമൂഴി, വണ്ടിപ്പുരമുക്ക്, കാന്തലക്കോണം എന്നീ സ്ഥലങ്ങളിലേക്ക് ജലം പമ്പ് ചെയ്യുന്നത് വാട്ടർ അതോറിറ്റിയുടെ കുറ്റ പമ്പ്ഹൗസിൽ നിന്നാണ്. കേരള വാട്ടർ അതോറിറ്റി കുറ്റയിൽ സ്ഥാപിച്ചിരിക്കുന്ന ഈ പമ്പ് ഹൗസിലെ നിലവിലെ കണക്ടഡ് ലോഡ് 120 HP ആണ്. എന്നാൽ ഈ പമ്പ് ഹൗസ് ഒരു ലോ ടെൻഷൻ (LT) കണക്ഷനായാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. കിളിമാനൂർ 110 kV സബ്സ്റ്റേഷനിൽനിന്നുള്ള 11 kV കാരേറ്റ് ഫീഡർ വഴിയാണ് സാധാരണ ദിവസങ്ങളിൽ ടി പമ്പ് ഹൗസിലേക്ക് വൈദ്യുതി ലഭ്യമാക്കുന്നത്. എന്നാൽ കാരേറ്റ് ഫീഡർ ഫാൾട്ടിയാകുന്ന അവസരങ്ങളിലും അറ്റകുറ്റ പണികൾക്കായി ഓഫ് ചെയ്യുന്ന അവസരങ്ങളിലും മറ്റ് ഫീഡറുകൾ

വഴി ബാക്ക് ഫീഡ് ചെയ്ത് പമ്പ് ഹൗസിലേക്ക് വൈദ്യുതി നിലനിർത്താറുണ്ട്. ഇത്തരം സന്ദർഭത്തിലാണ് വോൾട്ടേജ് വ്യതിയാനമുണ്ടാകുന്നത്. പ്രസ്തുത വോൾട്ടേജ് ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടതനുസരിച്ച് ഹൈ ടെൻഷൻ (HT) കണക്ഷൻ നൽകുന്നതിനായി നെല്ലനാട് നിന്ന് 100 മീറ്റർ 11 kV OH ലൈൻ നിർമ്മാണത്തിനായി 2,99,382 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും വാട്ടർ അതോറിറ്റി പ്രസ്തുത തുക ഒടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ലൈൻ നിർമ്മാണം 25-09-2025-നുമുമ്പുതന്നെ പൂർത്തീകരിക്കുന്നതാണ്. വാട്ടർ അതോറിറ്റി വയറിങ്ങും ടെസ്റ്റ് റിപ്പോർട്ടും ഉൾപ്പെടെ അനുബന്ധ പ്രവൃത്തികളും പൂർത്തീകരിച്ച് നിലവിലെ കണക്ഷൻ ഹൈ ടെൻഷൻ (HT) ആയി മാറുമ്പോൾ കുറ്റ പമ്പ് ഹൗസിലെ വോൾട്ടേജ് ക്ഷാമം ശാശ്വതമായി പരിഹരിക്കപ്പെടുന്നതാണ്.

നെടുമങ്ങാട് ഡിവിഷനിലെ ചുള്ളിമാനൂർ സെക്ഷന്റെ പരിധിയിലാണ് ആറാംപള്ളി പമ്പ് ഹൗസ് സ്ഥിതി ചെയ്യുന്നത്. ചുള്ളിമാനൂർ സെക്ഷൻ പരിധിയിലുള്ള ആറാംപള്ളി പമ്പ് ഹൗസിലേക്ക് നിലവിൽ ആറാംപള്ളി പമ്പ് ഹൗസ് 100 kVA ട്രാൻസ്ഫോർമറിൽ നിന്നുമാണ് വൈദ്യുതി വിതരണം ചെയ്യുന്നത്. ഈ പമ്പ് ഹൗസിൽ 35 HP-യുടെ ഒരു മോട്ടോറാണ് സ്ഥാപിച്ചിട്ടുള്ളത്. ചുള്ളിമാനൂർ 33 kV സബ്സ്റ്റേഷനിൽ നിന്നുള്ള 11 kV പനവൂർ ഫീഡർ വഴിയാണ് ആറാംപള്ളി പമ്പ് ഹൗസിലേക്ക് വൈദ്യുതി വിതരണം ചെയ്യുന്നത്. ചുള്ളിമാനൂർ 33 kV സബ്സ്റ്റേഷനിലേക്ക് വൈദ്യുതി എത്തിക്കുന്ന 110 kV നെടുമങ്ങാട് സബ് സ്റ്റേഷനിലെ Tap Changer 19-07-2025 മുതൽ 19-08-2025 വരെ കേടായിരുന്നതിനാൽ മതിയായ

വോൾട്ടേജ് നിലനിർത്തുന്നതിന് തടസ്സം നേരിട്ടിരുന്നു. ഇപ്പോൾ കേടുപാടുകൾ പരിഹരിക്കുകയും ആറാംപള്ളി പമ്പ് ഹൗസിലെ മോട്ടോറിൽ കൃത്യമായി വോൾട്ടേജ് നിലനിർത്തിപ്പോകുകയും ചെയ്യുന്നുണ്ട്.

(3) പെരിന്തൽമണ്ണയിലെ പുലി ശല്യം

ശ്രീ. നജീബ് കാന്തപുരം: സർ, പെരിന്തൽമണ്ണയിലെ മണ്ണാർമല പ്രദേശത്ത് രണ്ട് വർഷമായി വലിയ തോതിൽ പുലി ശല്യമുണ്ടാകുന്നതിനാൽ നാട്ടുകാർ ആകെ ആശങ്കയിലും ഭീതിയിലുമാണ്. പലരും പുലിയെ കണ്ടെന്ന് പരാതിപ്പെട്ടെങ്കിലും വനം വകുപ്പ് ഉദ്യോഗസ്ഥർ അത് കാട്ടുപൂച്ച എന്നാണ് ആദ്യഘട്ടത്തിൽ പറഞ്ഞത്. പക്ഷേ അവസാനം നാട്ടുകാരുടെ നേതൃത്വത്തിൽതന്നെ ആറോളം നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുകയും പുലി മൂപ്പതോളം തവണ ക്യാമറയിൽ പതിയുകയും ചെയ്തിട്ടുണ്ട്. ഈയവസരത്തിലും വനംവകുപ്പിന്റെ ഭാഗത്തുനിന്ന് കാര്യമായ നടപടിയുണ്ടായില്ല. വളരെ ആശങ്കാജനകമായ ഈ സ്ഥിതിവിശേഷം നടക്കുമ്പോഴാണ് ജനവാസകേന്ദ്രമായ പെരിന്തൽമണ്ണ നഗരത്തിന് ഒരു കിലോമീറ്റർ മാത്രം അകലെയുള്ള മണ്ണാർമല പ്രദേശത്ത് ബൈക്ക് യാത്രക്കാരെ രണ്ട് തവണ പുലി ആക്രമിക്കുകയും അവർക്ക് ഗുരുതരമായ പരിക്കേൽക്കുന്ന സാഹചര്യമുണ്ടാകുകയും ചെയ്തത്. ഭാഗ്യമുള്ളതുകൊണ്ട് മാത്രമാണ് അവരുടെ ജീവൻ തിരിച്ച് ലഭിച്ചത്. ഏതുസമയത്തും നമ്മുടെ ആളുകൾ ആക്രമിക്കപ്പെടുന്ന സാഹചര്യമാണുണ്ടായിരിക്കുന്നത്. നിരീക്ഷണ ക്യാമറയിൽ പുലി സ്ഥിരമായി കുടുങ്ങുന്ന സന്ദർഭമുണ്ടായിട്ടും അതിനെതിരെ ശക്തമായ നടപടിയെടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഇന്നലെ നാട്ടുകാർ എല്ലാവരും അവിടെ

വലിയൊരു പ്രതിഷേധ പരിപാടി നടത്തിയിരുന്നു. പ്രതിഷേധ പരിപാടി നടത്തിയ നാട്ടുകാരും പഞ്ചായത്ത് പ്രസിഡന്റും ഗ്രാമപഞ്ചായത്ത് മെമ്പറും ഉൾപ്പെടുന്ന മുപ്പതോളം ആളുകൾക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തിരിക്കുകയാണ്. എന്നാൽ ഈ പുലിയെ പിടിക്കുടാനായി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ വളരെ ഗൗരവമായി ഇടപെടണമെന്ന് ബഹുമാന്യനായ വനം-വന്യജീവി വകുപ്പുമന്ത്രിയോട് അഭ്യർഥിക്കുന്നു. കാരണം, വണ്ടൂരിൽ ഒരു കടുവ മനുഷ്യനെ കടിച്ച് കൊന്നതിനുശേഷമാണ് ആ വിഷയത്തിൽ ഇടപെടാൻ കഴിഞ്ഞത്. മണ്ണാർമലയിൽ അത്തരത്തിലൊരു അത്യാഹിതം സംഭവിക്കുന്നതുവരെ കാത്തിരിക്കാതെ എത്രയുംവേഗം പുലിയെ മയക്കുവെടിവച്ച് പിടിക്കുടുകയോ അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽ വളരെ ശക്തമായ ഇടപെടൽ നടത്തുകയോ ചെയ്തില്ലെങ്കിൽ അവിടെ ഇനിയും ആളപായം ഉണ്ടാകാനുള്ള സാധ്യതയുണ്ട്. ജനങ്ങൾ വളരെ പ്രകോപിതരാണ്. ഇക്കാര്യത്തിൽ അങ്ങയുടെ അടിയന്തരമായ ഇടപെടൽ ആവശ്യപ്പെടുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഈ വിഷയം സംബന്ധിച്ച് ഇന്നലെ ബഹുമാനപ്പെട്ട പെരിന്തൽമണ്ണ അംഗവുമായി ചർച്ച ചെയ്തിരുന്നു. പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ മണ്ണാർമല പ്രദേശത്ത് കഴിഞ്ഞ കുറച്ചുകാലമായി പുലിയുടെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആർ.ആർ.ടി.-കളെ നിയമിക്കുകയും പടോളിങ് ശക്തിപ്പെടുത്തുകയുമാണ് ചെയ്തിരുന്നത്. നേരത്തെ ഒരു കൂട് സ്ഥാപിച്ച് പുലിയെ പിടിക്കാനുള്ള നടപടികളും ആരംഭിച്ചിരുന്നു. പക്ഷേ, അത്

മതിയാകില്ലെന്നാണ് ഇന്നലത്തെ ആലോചനയിൽനിന്നും മനസ്സിലായത്. അതിനാൽ ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള രണ്ട് കൂടുകൾക്ക് പുറമെ കൂടുകളുടെ എണ്ണം വർധിപ്പിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം ഈ പ്രദേശങ്ങളിൽ പുലിയുടെ സാന്നിധ്യമുണ്ടാകാനിടയായത് തോട്ടങ്ങളുടെ അടിക്കാടുകൾ പുലികൾ അവരുടെ ആവാസകേന്ദ്രമാക്കിയതുകൊണ്ടാണ്. അത്തരം അടിക്കാടുകൾ വെട്ടിമാറ്റുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ചെയ്താൽ മാത്രമെ പുലിയുടെ സാന്നിധ്യം കണ്ടെത്തിയാൽ അവയെ വെടിവയ്ക്കാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടതുപോലെ അവിടെ ഇതിനോടകം പുലിയെ വെടിവയ്ക്കാനുള്ള ഉത്തരവ് നൽകിക്കഴിഞ്ഞിട്ടുണ്ട്. അവിടത്തെ ജനങ്ങൾക്ക് ജീവഹാനി ഉണ്ടാകാതിരിക്കാനുള്ള എല്ലാ മുൻകരുതലുകളും ചർച്ചചെയ്ത് സ്വീകരിച്ച് മുന്നോട്ടുപോകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(4) കെൽട്രോണിനെതിരെയുള്ള വ്യാജ ആരോപണം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ടതും കേരളത്തിന്റെ അഭിമാനവുമായ പൊതുമേഖലാ സ്ഥാപനമാണ് കെൽട്രോൺ. 2023-24 വർഷത്തെ മികച്ച പൊതുമേഖലാ സ്ഥാപനങ്ങളെ പ്രഖ്യാപിച്ചപ്പോൾ 200 കോടി രൂപയ്ക്കുമേൽ വിറ്റുവരവുള്ള സ്ഥാപനങ്ങളുടെ വിഭാഗത്തിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് അവാർഡ് നേടുകയുണ്ടായി. ആയിരം കോടി രൂപയ്ക്ക് മുകളിലാണ് ഇന്ന് കെൽട്രോണിന്റെ വാർഷിക വിറ്റുവരവ്. ഇത്തരത്തിലുള്ള നേട്ടങ്ങളിൽ റെക്കോർഡ്

സൃഷ്ടിച്ച് മുന്നേറുന്ന കെൽട്രോണിനെ രാഷ്ട്രീയപ്രേരിതമായ വിവാദങ്ങളിൽ കുരുക്കി നശിപ്പിക്കാൻ ഒരു വിഭാഗം ശ്രമിക്കുകയാണ്. വിശേഷിച്ച് കോൺഗ്രസ്സുകാരാണ് അതിനുള്ള ശ്രമം നടത്തുന്നത്. കോൺഗ്രസിന്റെ പ്രമുഖ നേതാവ് ശ്രീ. കെ. മുരളീധരൻ പറഞ്ഞത് കെൽട്രോൺ അടച്ചുപൂട്ടണമെന്നും പരിണിതപ്രജ്ഞനായ കോൺഗ്രസ് നേതാവ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് സ്വന്തമായി നട്ടും ബോൾട്ടും പോലുമുണ്ടാക്കാനറിയാത്ത സ്ഥാപനമാണ് കെൽട്രോൺ എന്നുമാണ്. യാതൊരുവിധ അടിസ്ഥാനവുമില്ലാത്ത ആരോപണങ്ങളുന്നയിച്ച് മുൻപ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയും ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശനും കോടതിയെ സമീപിച്ചു. രണ്ട് നേതാക്കളും നുണക്കഥകൾ മുഴുവൻ കോടതിയിൽ പറയുകയും കോടതി രേഖ ആവശ്യപ്പെട്ടപ്പോൾ ഒരു സിനിമയിൽ ശങ്കരാടി കൈരേഖ കാണിച്ചതുപോലെ ഇവർ കൈരേഖ മാത്രം കാണിക്കുകയുമാണ് ചെയ്തത്. കെൽട്രോണിന്റെ കാര്യത്തിൽ യാതൊരുവിധ നിയമവിരുദ്ധതയോ അഴിമതിയോ നടപടിക്രമങ്ങളിൽ വീഴ്ചയോ ഇല്ലെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി കണ്ടെത്തിയത്. പൊതുതാൽപര്യം പറഞ്ഞുപോയ ഇവരുടെ ഹർജിക്ക് യാതൊരുവിധ പൊതുതാൽപര്യവും ഇല്ലെന്നും കോടതി കണ്ടെത്തി. ദേശീയശ്രദ്ധ ആകർഷിച്ച ഒരു പദ്ധതിക്കെതിരെ യാതൊരു തെളിവുമില്ലാതെ ആരോപണങ്ങളുന്നയിച്ച് തടസ്സപ്പെടുത്താൻ ശ്രമിച്ച പ്രതിപക്ഷനേതാവ് മാപ്പ് പറയണമെന്നാവശ്യപ്പെട്ട് കെൽട്രോണിലെ തൊഴിലാളികൾ ഇന്ന് നിയമസഭയിലേയ്ക്ക് മാർച്ച് നടത്തുകയാണ്. എ.ഐ. ക്യാമറാ വിവാദം പോലെയുള്ള അനാവശ്യ വിവാദങ്ങളിലേയ്ക്കും കോടതി

വ്യവഹാരങ്ങളിലേയ്ക്കും അനാവശ്യമായി സ്ഥാപനത്തെ വലിച്ചിഴച്ച് സ്ഥാപനത്തിന്റെ റെപ്യൂട്ടേഷൻ തകർക്കാനുള്ള ശ്രമമാണ് നടക്കുന്നതെന്നാണ് തൊഴിലാളികൾ പറയുന്നത്. ഇത്തരത്തിലുള്ള വിവാദങ്ങൾ ചർച്ചയായതോടെ നിരവധി വർക്ക് ഓർഡറുകളാണ് കെൽട്രോണിന് നഷ്ടമായത്. കേന്ദ്ര സർക്കാരിന്റെ ബൃഹത്തായ ഓട്ടോമാറ്റിക് വെഹിക്കിൾ ടെസ്റ്റിങ് പദ്ധതിയുടെ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനായി ജർമ്മൻ കമ്പനിയുമായുള്ള MoU മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം കെൽട്രോണിനുണ്ടായി. ഈ വിവാദങ്ങളിലൂടെ കെൽട്രോണിന് നഷ്ടമുണ്ടായിട്ടുണ്ടോ എന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. വ്യാജ ആരോപണങ്ങളിലൂടെ കെൽട്രോണിനെ തകർക്കാനുള്ള ശ്രമങ്ങൾക്കെതിരെ സർക്കാരിന്റെ പ്രത്യേക ശ്രദ്ധയുള്ളതിനാൽ കൂടുതൽ ശ്രദ്ധയും കർമ്മപദ്ധതി ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയും അനിവാര്യമായതിനാൽ അതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ പ്രസക്തമായ കാര്യമാണ് ബഹുമാന്യനായ അംഗം ഉന്നയിച്ചത്. 1973-ൽ ഇന്ത്യയിലെ ആദ്യത്തെ ഇലക്ട്രോണിക്സ് പൊതുമേഖലാ കമ്പനിയായി ആരംഭിച്ച കെൽട്രോണിന് ഒരു ഘട്ടത്തിൽ പ്രതിസന്ധികളുണ്ടായിരുന്നെങ്കിലും പിന്നീട് അതെല്ലാം മറികടന്ന് മികച്ചരീതിയിൽ മുന്നോട്ടുപോകുന്ന സന്ദർഭത്തിലാണ് ഈ അനാവശ്യമായ വിവാദം ഉയർന്നുവന്നത്. അതുമായി ബന്ധപ്പെട്ട കോടതിവിധിയുടെ ഒരു ഭാഗം ഇന്നലെ ഇവിടെ വായിച്ചു. പൊതുതാൽപര്യ ഹർജികൾ എങ്ങനെ ഉപയോഗിക്കണമെന്നത് സംബന്ധിച്ച്

വിധിപകർപ്പിലെ ഒരു ഭാഗം കൂടി ഞാൻ വായിക്കാം.

"Public Interest Litigation (PIL) is a legal tool intended to uphold the rule of law and protect the rights of vulnerable or voiceless citizens when there is a clear evidence of a failure or violation of the law. It is not designed as a forum for settling political disputes, addressing personal grievances, or challenging every Government decision without a solid factual basis. It is significant to note that the Petitioners, who are members of the legislative assembly, did not approach the court until after the project was fully implemented and went live on 5th June 2023." 90 പേജുള്ള ഈ റിട്ട് ഹർജിയിൽ തെളിവുകൾ ഹാജരാക്കുന്നതിൽ പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നുവെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. മഹാരാഷ്ട്ര, ഒറീസ, കർണ്ണാടക എന്നിവിടങ്ങളിലുള്ള ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് അധികാരികളുമായി തുടർന്നുവന്ന ചർച്ചയും NHAI-യുമായി തുടർന്നുവന്ന ക്യാമറ ചർച്ചകളും ഈ വിവാദങ്ങൾ ഉയർന്നുവന്നതുകൊണ്ട് നിർത്തിവയ്ക്കേണ്ടിവന്നു. കേന്ദ്ര സർക്കാരിന്റെ ബൃഹത്തായ ഓട്ടോമാറ്റിക് വെഹിക്കിൾ ടെസ്റ്റിങ് സിസ്റ്റത്തിന്റെ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനായി ജർമ്മൻ കമ്പനിയുമായി ഒരു എഗ്രിമെന്റിൽ ഏർപ്പെട്ടിരുന്നുവെങ്കിലും എ.ഐ. ക്യാമറ കേസിന്റെ വിവാദവുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകാൻ കഴിയാതെ പ്രതിസന്ധി നേരിടേണ്ടിവന്നു. എന്നാൽ ഇപ്പോൾ ആ പ്രതിസന്ധികളെല്ലാം മറികടന്നുകൊണ്ട് കെൽട്രോൺ മികച്ച രീതിയിലേയ്ക്ക് വന്നിട്ടുണ്ട്. കെൽട്രോൺ പൂർണ്ണമായും പ്രൊവിഷണലായി പ്രവർത്തിക്കുകയാണെന്നാണ് നാം

കാണേണ്ടത്. ഇന്ത്യൻ പ്രതിരോധസേനയിൽ 36 വർഷത്തെ അനുഭവസമ്പത്തുള്ള റീജിയണൽ എഞ്ചിനീയറിങ് കോളേജ് (ആർ.ഇ.സി.)-ൽ നിന്നും ബി.ടെക്-ഉം ഐ.ഐ.ടി.-യിൽനിന്നും എം.ടെക്-ഉം നേടിയ Vice Admiral ആണ് അതിന്റെ എം.ഡി. ആയി പ്രവർത്തിക്കുന്നത്. ഐ.എസ്.ആർ.ഒ.-യുടെ ഏറ്റവും മുതിർന്ന സയന്റിസ്റ്റ് ചെയർമാനായും NPOL-ന്റെ മുൻ ഡയറക്ടർ ടി സ്ഥാപനത്തിന്റെ ടെക്നിക്കൽ ഡയറക്ടറായും പ്രവർത്തിക്കുന്നു. കൂടാതെ ഐ.എസ്.ആർ.ഒ.-യുടെ മുതിർന്ന സയന്റിസ്റ്റായിരുന്ന ആളാണ് ഇപ്പോൾ എക്സിക്യൂട്ടീവ് ഡയറക്ടറായി പ്രവർത്തിക്കുന്നത്. അപ്രകാരം പ്രവർത്തിക്കുന്ന ഈ സ്ഥാപനം നിരവധി പുതിയ സംവിധാനങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട്. നിലവിലുള്ള ക്യാമറകൾ വാഹനങ്ങൾ പോകുന്നതാണ് കാണിക്കുന്നതെങ്കിൽ കെൽട്രോൺ ഇപ്പോൾ വികസിപ്പിച്ച പുതിയ സാങ്കേതികവിദ്യയനുസരിച്ച് ആ വാഹനത്തിനകത്ത് ഇരിക്കുന്ന ആളെ പൂർണ്ണമായി നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന സംവിധാനമാണ് ലോഞ്ച് ചെയ്തിട്ടുള്ളത്. അങ്ങനെ എല്ലാ രീതിയിലുമുള്ള വെല്ലുവിളികൾ നേരിട്ടുകൊണ്ടാണ് 1298 കോടി രൂപയ്ക്ക് മുകളിലേക്കുള്ള ടേൺ ഓവറിലേയ്ക്ക് കെൽട്രോൺ എത്തിയത്. ഈ വിവാദങ്ങളില്ലായിരുന്നുവെങ്കിൽ ഒരുപക്ഷേ കുറേയേറെ മുന്നേറാൻ കഴിയുമായിരുന്നു. ഈ കോടതി വിധിയിൽനിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട് നാടിന്റെ താൽപര്യം സംരക്ഷിക്കാനുള്ള സമീപനം എല്ലാവരും സ്വീകരിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

(5) കാഞ്ഞിരോട് കൈത്തറി ഗ്രാമം പദ്ധതി

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എന്റെ നിയോജക മണ്ഡലത്തിൽ

അനുവദിച്ചിട്ടുള്ള കൈത്തറി ഗ്രാമം പദ്ധതിയുടെ നടത്തിപ്പിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കാഞ്ഞിരോട് കൈത്തറി സ്ഥാപനം ബഹുമാനപ്പെട്ട മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയുടെ മണ്ഡലത്തിലാണ് സ്ഥിതി ചെയ്യുന്നത്. സ്ഥലപരിമിതിയാലും മറ്റും ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ടെങ്കിലും വിദേശത്തേയ്ക്കടക്കം ഏറ്റവും ഉത്തമമായ കൈത്തറി ഉൽപന്നങ്ങൾ കയറ്റി അയയ്ക്കാൻ കഴിയുന്ന ഒരു സ്ഥാപനമാണത്. കാഞ്ഞിരോട് കൈത്തറി ഗ്രാമം പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു കൈത്തറി വില്ലേജ് സ്ഥാപിക്കുന്നതിന് 2022-ലെ ബജറ്റിൽ 5 ലക്ഷം രൂപ സൈറ്റ് ക്ലിയറൻസിനും 5 ലക്ഷം രൂപ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി പാസ്സായിരുന്നു. കാഞ്ഞിരോട് കൈത്തറി സ്ഥാപനത്തിന്റെ ഭാഗമായുള്ള 7 ഏക്കർ സ്ഥലത്താണ് കൈത്തറി ഗ്രാമത്തിന്റെ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നത്. എന്നാൽ 2022-ൽ പ്രാഥമിക തുക അനുവദിച്ചെങ്കിലും വിശദമായ എസ്റ്റിമേറ്റനുസരിച്ച് കൈത്തറി ഗ്രാമം തുടങ്ങാനാവശ്യമായ ഫണ്ട് ലഭ്യമായിട്ടില്ല. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുമുണ്ട്. 50 കോടി രൂപയെങ്കിലും പ്രാഥമികമായി അതിനാവശ്യമായി വരും. എന്നാൽ ആദ്യഘട്ടമെന്ന നിലയിൽ 15 കോടി രൂപയ്ക്ക് അതിന്റെ സൈറ്റ് ക്ലിയറൻസും പ്രധാന നിർമ്മാണ കേന്ദ്രവും എക്സിബിഷൻ സെന്ററും ആരംഭിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. കണ്ണൂർ വിമാനത്താവളം ഇതിനടുത്ത പ്രദേശമായതിനാൽ ഈ കൈത്തറി ഗ്രാമം വരുന്നത് വളരെ ഗുണകരമായിരിക്കും. കൈത്തറി ഉൽപന്നങ്ങളുടെ കയറ്റുമതിക്കും വിപണനത്തിനും കൈത്തറിയെക്കുറിച്ച് പഠിക്കാനും അതിനെക്കുറിച്ച് അറിയാനും വരുന്നവർക്ക് സഹായകരമാകുംവിധം ഒരു ടൂറിസ്റ്റ് കേന്ദ്രമായി ഈ

ഡെസ്റ്റിനേഷനെ മാറ്റാനാണ് ഉദ്ദേശിക്കുന്നത്. അതിനാൽ ബഹുമാനപ്പെട്ട മന്ത്രി എത്രയുംവേഗം കൈത്തറി ഗ്രാമം പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഏറെക്കാലമായി ബഹുമാന്യയായ അംഗം പിന്തുടരുന്ന പ്രധാനപ്പെട്ട പദ്ധതിയാണത്. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ഈ പദ്ധതിക്കുവേണ്ടി പ്രത്യേക താൽപര്യം പ്രകടിപ്പിച്ചിരുന്നു. 2021-22 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ടതാണ് കാഞ്ഞിരോട് കൈത്തറി ഗ്രാമം പദ്ധതി. ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ മണ്ഡലത്തിലെ കൂടാളി വില്ലേജിലാണ് കൈത്തറി ഗ്രാമം നടപ്പാക്കാനുദ്ദേശിക്കുന്നത്. സൈറ്റ് ക്ലിയറൻസ്, മരം മുറിക്കൽ സർവെ എന്നീ പ്രവൃത്തികൾ ചെയ്യുന്നതിന്റെ ആദ്യഘട്ട പ്രവർത്തനത്തിന് 5 ലക്ഷം രൂപ അനുവദിച്ച് നൽകുകയും 2024-25 ബജറ്റിൽ ഈ പദ്ധതിക്കുവേണ്ടി 2.33 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്. പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിനെ കണ്ടെത്താനുള്ള ടെൻഡർ നടപടിയുൾപ്പെടെയുള്ള പ്രവൃത്തികൾക്ക് 5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കാഞ്ഞിരോട് കൈത്തറി ഗ്രാമം പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട്, ഡിസൈൻ കോസ്റ്റ്, PRICE സോഫ്റ്റ്വെയർ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കാനായി ഇ-ടെൻഡർ മുഖേന PMC-യെ തിരഞ്ഞെടുക്കുന്നതിനും പ്രാരംഭ നടപടികൾക്കുമുള്ള തുക റിലീസ് ചെയ്യാനുള്ള കൈത്തറി ഡയറക്ടറുടെ അപേക്ഷ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ധനകാര്യ വകുപ്പിന്റെ

അംഗീകാരം ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(6) ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവെ ഓവർബ്രിഡ്ജ് നിർമ്മാണം

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന വളരെ പ്രധാനപ്പെട്ട റോഡായ മഞ്ചേരി-വണ്ടൂർ-കാളികാവ് റോഡിലെ വാണിയമ്പലത്തെ ഷൊർണ്ണൂർ-നിലമ്പൂർ റെയിൽപ്പാതയിലുള്ള റെയിൽവെ ഓവർബ്രിഡ്ജ് നിർമ്മാണത്തിന് ശ്രീ. രാഹുൽ ഗാന്ധി പ്രത്യേക താൽപര്യമെടുത്ത് കേന്ദ്രമന്ത്രിയോട് ആവശ്യപ്പെട്ടതിനെത്തുടർന്ന് 2021-22-ൽ കേന്ദ്ര റെയിൽവെ ബജറ്റിലെ പിങ്ക് ബുക്കിലുൾപ്പെടുത്തി 20.90 കോടി രൂപ അനുവദിച്ചിരുന്നു. ഇന്നത്തെ സാഹചര്യത്തിൽ ഒരു ദിവസം 16 തവണയാണ് അവിടെ റെയിൽവെ ക്രോസ് ഗേറ്റ് അടയ്ക്കുന്നത്. വളരെ തിരക്കുള്ള വണ്ടൂർ-കാളികാവ് റോഡ് 16 തവണ അടയ്ക്കുമ്പോൾ പലപ്പോഴും അരമണിക്കൂറിലധികം ഗേറ്റ് അടച്ചിടുന്ന സാഹചര്യമുള്ളതിനാൽ വലിയ രീതിയിലുള്ള ഗതാഗത തടസമുണ്ടാകാറുണ്ട്. ഈ അടുത്ത ദിവസം അത്യാസന്നനിലയിൽ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്ന വഴി ആംബുലൻസിൽ വച്ച് ഒരു പാവപ്പെട്ട രോഗി മരണപ്പെടുന്ന സാഹചര്യമുണ്ടായി. ഗേറ്റടച്ചതിനാലാണ് രോഗിയെ ആശുപത്രിയിൽ എത്തിക്കാൻ കഴിയാത്തത്. ഇക്കാര്യവുമായി ബന്ധപ്പെട്ട് രാഷ്ട്രീയത്തിനതീതമായി ഇന്ന് അവിടത്തെ ജനങ്ങളെല്ലാം വളരെ ശക്തമായ സമരത്തിന്റെ പാതയിലാണ്. ഏതെല്ലാം രീതിയിലാണ് സമരം ഉണ്ടാകുന്നതെന്ന ഭയപ്പാടിലാണ് ഞാൻ നിൽക്കുന്നത്. നിലവിൽ പണം അനുവദിച്ചിട്ടുപോലും

ആ പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നില്ല. ഇതുമായി ബന്ധപ്പെട്ട പ്രവൃത്തി നിർവഹിക്കുന്നതിനായി റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും അതുമായി ബന്ധപ്പെട്ട് ചുമതലപ്പെടുത്തിയ ഏജൻസി മേൽപ്പാലവുമായി ബന്ധപ്പെട്ട മൂന്ന് അലൈൻമെന്റുകൾ തയ്യാറാക്കുകയുമുണ്ടായി. തുടർന്ന് വണ്ടൂരിലെ ജനപ്രതിനിധികളുടെയും രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെയും യോഗം വിളിച്ചുചേർത്ത് യോജിച്ച ഒരു അലൈൻമെന്റിന് അംഗീകാരം നൽകുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ട്രാഫിക് സ്റ്റഡിയും മണ്ണ് പരിശോധനയടക്കമുള്ള നടപടിക്രമങ്ങളും പൂർത്തിയാക്കി ഡി.പി.ആർ. സമർപ്പിച്ചിരുന്നു. പക്ഷേ ഭൂമിയേറ്റെടുക്കലുൾപ്പെടെ മേൽപ്പാലം നിർമ്മിക്കാനാവശ്യമായ 100 ശതമാനം തുകയും ഇന്ന് കണ്ടെത്തുന്നതിനുവേണ്ടി പ്രസ്തുത ഡി.പി.ആർ. കേരള റെയിൽ കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയതായാണ് അറിയാൻ സാധിച്ചത്. നിലവിലുള്ള സാഹചര്യം മാറ്റിയെടുക്കുന്നതിനുവേണ്ടി എത്രയുംവേഗം റെയിൽവെ ഓവർബ്രിഡ്ജ് അവിടെ ആരംഭിക്കണമെന്നത് പ്രധാനപ്പെട്ട കാര്യമായതിനാൽ ഗവൺമെന്റിന് കഴിയാവുന്ന രീതിയിൽ ഇടപെട്ട് ഈ പ്രവൃത്തി എത്രയുംവേഗം നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വളരെ പ്രാധാന്യമുള്ള വിഷയമാണ് ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ ഉന്നയിച്ചത്. വാണിയമ്പലം റെയിൽവെ മേൽപ്പാലത്തിന്റെ നിർമ്മാണ ചുമതല ആദ്യഘട്ടത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ആർ.ബി.ഡി.സി.കെ. (റോഡ്സ് ആൻഡ് ബ്രിഡ്ജസ്

ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള)-യെയാണ് ഏൽപ്പിച്ചിരുന്നത്. എന്നാൽ പിന്നീട് പാലത്തിന്റെ നിർമ്മാണം നൂറ് ശതമാനവും റെയിൽവെ ഫണ്ട് വിനിയോഗിച്ചുള്ള സ്കീമിൽ ഉൾപ്പെടുത്തിയതായി റെയിൽവെ അറിയിച്ചു. തുടർന്ന് അത്തരം പ്രവൃത്തികൾ ചെയ്യുന്ന കേരള റെയിൽവെ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ.)-ന് നിർമ്മാണ ചുമതല നൽകണമെന്ന് റെയിൽവെ നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ ചുമതല കെ.ആർ.ഡി.സി.എൽ.-നെ ഏൽപ്പിക്കുകയും ഇപ്പോൾ ഭൂമി ഏറ്റെടുക്കൽ ചെലവ് ഉൾപ്പെടെയുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയും ചെയ്യുന്നു. മേൽപ്പാലത്തിന്റെ ജി.എ.ഡി. (ജനറൽ അറേഞ്ച്മെന്റ് ഡ്രോയിങ്) പൂർത്തീകരിച്ച് റെയിൽവെ ബോർഡിന്റെ അംഗീകാരത്തിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും കെ.ആർ.ഡി.സി.എൽ. അറിയിച്ചിട്ടുണ്ട്. പല റെയിൽവെ ലെവൽ ക്രോസുകളിലും ആളുകൾ മണിക്കൂറുകളോളം കാത്തുനിൽക്കുന്ന സ്ഥിതിയാണുള്ളത്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ തന്നെ ഈ വിഷയം വളരെ പ്രാധാന്യത്തോടെ കാണുകയും കേരളത്തിലെ റോഡുകളിൽ തടസ്സമില്ലാത്ത യാത്ര സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ 'ലെവൽ ക്ലോസ് ഇല്ലാത്ത കേരളം എന്ന പദ്ധതിക്ക് രൂപം നൽകുകയും ചെയ്തു. സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി തൊണ്ണൂറ്റി ഒൻപത് റെയിൽവെ ഓവർ ബ്രിഡ്ജുകൾ നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇരുപത്തിമൂന്ന് റെയിൽവെ ഓവർ ബ്രിഡ്ജുകൾ കേന്ദ്ര സർക്കാരിന്റെകൂടി പങ്കാളിത്തത്തോടെ നടപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്. അതിൽ

സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിലുള്ള ഒൻപത് റെയിൽവെ ഓവർ ബ്രിഡ്ജുകളായ കാഞ്ഞങ്ങാട്, കൊടുവള്ളി, ഫറോക്ക്, തിരൂർ, ഗുരുവായൂർ, ചിറങ്ങര, മുളന്തുരുത്തി, കാരിത്താസ്, മാളിയേക്കൽ എന്നീ മേൽപ്പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാനം രൂപീകരിച്ചതിനുശേഷമുള്ള സർവ്വകാല റിക്കോർഡാണ് ഇതെന്ന് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഏറ്റവും കൂടുതൽ മേൽപ്പാലങ്ങൾ ഒരു സർക്കാരിന്റെ കാലത്ത് സാധ്യമാക്കുന്നൊരു ചരിത്രം ഇവിടെ നമുക്ക് കാണാൻ സാധിക്കും. നിലവിൽ ഏഴ് റെയിൽവെ ഓവർ ബ്രിഡ്ജുകളുടെ പ്രവൃത്തി പുരോഗമിക്കുന്നു. അതോടൊപ്പം എട്ട് ഓവർ ബ്രിഡ്ജുകളുടെ പ്രവൃത്തി ഈ വർഷം ആരംഭിക്കാനുള്ള നടപടിക്രമവും നടന്നുവരികയാണ്. ആളുകൾ മണിക്കൂറുകളോളം കാത്തുനിൽക്കുന്നുവെന്ന് ചൂണ്ടിക്കാട്ടിയ ഈ പ്രശ്നം വളരെ ഗൗരവത്തിലാണ് സംസ്ഥാന സർക്കാർ കാണുന്നത്. ഈ വിഷയത്തിലും ബന്ധപ്പെട്ടവരെ സമീപിച്ച് കാര്യങ്ങൾ വേഗത്തിലാക്കാനുള്ള ഇടപെടൽ നടത്താം. ഈ പ്രവൃത്തികൾ പൂർണ്ണമായും കേന്ദ്രസർക്കാരിന്റെ കീഴിലാണ് നടപ്പാക്കുന്നത് എന്നതാണ് ഇതിന്റെ ഒരു പരിമിതി. എന്നിരുന്നാലും ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് ഇടപെടാൻ സാധ്യമാകുന്ന നിലയിൽ കൂട്ടായിത്തന്നെ ഇടപെടാമെന്ന് സഭയെ അറിയിക്കുന്നു.

(7) ആലുവയിലെ റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്തൽ

ശ്രീ. അൻവർ സാദത്ത്: സർ, ആലുവ നിയോജകമണ്ഡലത്തിലെ ചെറുതും വലുതുമായ ഏകദേശം പന്ത്രണ്ട് റോഡുകളാണ് ബി.എം.&ബി.സി. നിലവാരത്തിൽ പുനർ നിർമ്മാണം ചെയ്യേണ്ടത്. ഈ റോഡുകളെല്ലാം ബി.എം.&ബി.സി. നിലവാരത്തിൽ പുനർനിർമ്മാണം

ചെയ്യണമെന്ന് ഞാൻ പലവട്ടം എഴുതി നൽകിയിട്ടുണ്ട്. ആലുവയിലെ കുറച്ച് റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിൽ പുനർനിർമ്മാണം നടത്തിയിട്ടുണ്ട്. ഈ പന്ത്രണ്ട് റോഡുകളിൽ ഉൾപ്പെട്ട ഇടപ്പള്ളി-മൂവാറ്റുപുഴ റോഡിന് (കളമശ്ശേരി നിയോജകമണ്ഡലത്തിലെ തേവയ്ക്കൽ മുതൽ പൂക്കാട്ടുപടി വരെയുള്ള നാല് കിലോമീറ്റർ റോഡ്) ഏകദേശം 5.5 കോടി രൂപയോളം ചെലവ് വരും. എടത്തല-തായ്ക്കാട്ട് റോഡ്, തുരുത്ത് റോഡ് എന്നിങ്ങനെയുള്ള മറ്റ് റോഡുകളും ഇതിൽ ഉൾപ്പെടുന്നു. ഇതിൽ ഇടപ്പള്ളി-മൂവാറ്റുപുഴ റോഡ് വളരെ മോശപ്പെട്ട നിലയിലാണുള്ളത്. ഇക്കാര്യം ഞാൻ പലവട്ടം എഴുതി തരികയും വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം പറഞ്ഞ് ജനങ്ങൾ ഞങ്ങളെ വിമർശിക്കുകയാണ്. ഭരണപക്ഷത്ത് ഇരിക്കുന്ന പാർട്ടിയിൽപ്പെട്ടവർ ഉൾപ്പെടെയുള്ളവർ ഇതിന്റെ വസ്തുത അറിഞ്ഞിട്ടുപോലും ഞങ്ങളെ വിമർശിക്കുകയാണ്. അത് രാഷ്ട്രീയമാണ്, അതിൽ നമുക്ക് വിഷയമില്ല. പക്ഷേ അനാവശ്യ വിമർശനം ഞങ്ങൾ കേൾക്കുകയാണ്. ഇത് ഒരു ജനപ്രതിനിധിയെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസമുളവാക്കുന്ന കാര്യമാണ്. അതുകൊണ്ട് ഗവൺമെന്റ് ഇങ്ങനെയുള്ള കാര്യങ്ങളിൽ ഇടപെടണം. ജനങ്ങൾ പറയുന്നതിൽ വസ്തുത ഇല്ലാതെയില്ല. ഇടപ്പള്ളി-മൂവാറ്റുപുഴ റോഡ് വളരെ മോശപ്പെട്ട അവസ്ഥയിലാണുള്ളത്. ആ റോഡ് സഞ്ചാര യോഗ്യമല്ലാത്ത സാഹചര്യവുമുണ്ട്. അതുകൊണ്ടാണ് ഇതിൽ പ്രതിഷേധമുണ്ടാകുന്നത്. ഈ ഘട്ടങ്ങളിൽ റോഡ് പണി പൂർത്തിയാക്കേണ്ടത് അത്യാവശ്യമാണ്. ആലുവ-മൂന്നാർ (എം.ഇ.എസ്. കവല വരെയുള്ള) റോഡിന് ഫണ്ട് അനുവദിച്ച് ടെൻഡർ ചെയ്ത് കഴിഞ്ഞതാണ്. മഴ പ്രവൃത്തിക്ക്

തടസ്സമാകുമെന്ന കാരണം പറഞ്ഞ് കോൺട്രാക്ടർമാർ യഥാസമയം ഇതിന്റെ പണി ആരംഭിക്കുന്നില്ല. നമ്മൾ പലപ്പോഴും ഇത് യാഥാർഥ്യമാക്കാൻ സാധിക്കില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് പറയുകയും ഇത് നടപ്പാക്കുന്നതിനുള്ള സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നുണ്ട്. ഇതിനെല്ലാം പരാതി കേൾക്കുന്നത് സ്വാഭാവികമായും ജനപ്രതിനിധികളാണ്. അതുപോലെ തോട്ടുമുഖം മുതൽ മണലിമുക്ക് വരെയുള്ള റോഡ് വളരെ മോശപ്പെട്ട നിലയിലാണുള്ളത്. ഇതിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്ത് പൂർത്തീകരിച്ചില്ലെങ്കിൽ കിൻഫ്രയ്ക്ക് നൽകുന്ന എൻ.ഒ.സി. റദ്ദ് ചെയ്ത് ആ റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ പുനർ നിർമ്മാണം നടത്താൻ നടപടി സ്വീകരിക്കണം. ഇതിനാവശ്യമായ ഫണ്ട് നേരത്തെ അനുവദിച്ച് നൽകിയിരുന്നു. ഈ റോഡിന്റെ പണി പൂർത്തിയാക്കാനുള്ള സാഹചര്യമുണ്ടാക്കണം. ജനങ്ങളുടെ ഭാഗത്തുനിന്നും വലിയ തോതിലുള്ള പ്രതിഷേധങ്ങൾ ഉണ്ടാകുന്നുണ്ട്. പല ജനപ്രതിനിധികളും ഇത്തരത്തിലുള്ള വിഷയങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇടപ്പള്ളി-മൂവാറ്റുപുഴ (തേവയ്ക്കൽ മുതൽ പൂക്കാട്ടുപടി വരെ) റോഡ് പ്രവൃത്തിക്കാവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് അഭ്യർഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ആലുവ നിയോജകമണ്ഡലത്തിലെ പന്ത്രണ്ടോളം റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിൽ പുതുക്കിപ്പണിയണമെന്നാണ് ശ്രീ. അൻവർ സാദത്ത് സബ്മിഷനിലൂടെ ആവശ്യപ്പെട്ടിട്ടുള്ളത്. ഈ റോഡുകൾ സഞ്ചാര യോഗ്യമല്ലാത്ത നിലയിലാണുള്ളതെന്ന്

അദ്ദേഹം പരാമർശിച്ചത് ശരിയായ കാര്യമല്ല. റണ്ണിങ് കോൺട്രാക്ടിൽ ഉൾപ്പെടുത്തി നല്ല നിലയിൽ പരിപാലിക്കുന്ന റോഡുകളാണിവ. എങ്കിലും ബി.എം.&ബി.സി. നിലവാരത്തിൽ റോഡുകൾ നവീകരിക്കണമെന്ന അദ്ദേഹത്തിന്റെ ആവശ്യത്തോട് ഞാൻ യോജിക്കുന്നു. ഇക്കാര്യത്തിൽ വളരെ പോസിറ്റീവായ നിലപാടാണ് സർക്കാരിനുള്ളത്. സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളെല്ലാം ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്തുകയെന്നതാണ് സർക്കാരിന്റെ പൊതുനയം. ബി.എം.&ബി.സി. റോഡുകൾ നമ്മുടെ രാജ്യത്ത് ഇന്ന് ഉയർന്ന ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. അഞ്ച്-എട്ട് വർഷത്തേക്ക് ഈ റോഡുകൾക്ക് ഒരു കുഴപ്പവും ഉണ്ടാകുകയില്ല. പക്ഷേ ഇതിന് കിലോമീറ്ററിന് അൻപത് ലക്ഷം രൂപ ചിപ്പിങ് കാർപ്പറ്റ് നിർമ്മാണത്തേക്കാൾ അധിക ചെലവാണ് ഉണ്ടാകുന്നത്. അനുയോജ്യമായ രീതിയിൽ ബി.എം.&ബി.സി. പ്രവൃത്തി നടന്ന നിയോജകമണ്ഡലങ്ങളുടെ പട്ടികയിൽ ആലുവയും ഉൾപ്പെട്ടിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ഇടപ്പള്ളി-മൂവാറ്റുപുഴ റോഡ് ജില്ലയിലെ പ്രധാനപ്പെട്ട റോഡാണ്. ഇത് സാമാന്യം ട്രാഫിക്കുള്ളൊരു റോഡുകൂടിയാണ്. ആലുവ ഭാഗത്ത് ബി.സി. റീ സർഫസിങ് ആവശ്യമാണെന്ന് പൊതുമരാമത്ത് വകുപ്പ് വിലയിരുത്തിയിട്ടുണ്ട്. അതിനുള്ള ഫണ്ട് എങ്ങനെ കണ്ടെത്താൻ സാധിക്കുമെന്ന് പരിശോധിച്ച് തീരുമാനിക്കാം. മറ്റ് റോഡുകളും ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്തുന്നത് സംബന്ധിച്ച് പരിശോധിക്കാം. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ അൻപത് ശതമാനം പി.ഡബ്ല്യു.ഡി. റോഡുകളും ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്താനാണ് നിശ്ചയിച്ചിരുന്നത്. അതിന്

പ്രത്യേക സംവിധാനവും ഒരുക്കിയിരുന്നു. നാല് വർഷത്തിനുള്ളിൽ കേരളത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ അൻപത് ശതമാനം റോഡുകളും ബി.എം.&ബി.സി. നിലവാരത്തിൽ എത്തിച്ചിരുന്നു. ഇപ്പോൾ അറുപത് ശതമാനം റോഡുകളും ബി.എം.&ബി.സി. നിലവാരത്തിലായിട്ടുണ്ട്. അധികം വൈകാതെ ഇന്ത്യയിലെ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ നൂറ് ശതമാനവും ബി.എം.&ബി.സി. നിലവാരത്തിൽ ആകാൻ പോകുന്ന സംസ്ഥാനത്തിന്റെ പേര് കേരളമാണെന്ന് ഈ സഭയെ അറിയിക്കുകയാണ്. ആലുവ നിയോജകമണ്ഡലത്തിൽ പി.ഡബ്ല്യു.ഡി. നിരത്തുവിഭാഗത്തിന് കീഴിൽ മാത്രം പതിനാല് പ്രവൃത്തികൾ പൂർത്തീകരിച്ചു. അഞ്ച് പ്രവൃത്തികൾ പുരോഗമിക്കുന്നു. രണ്ട് പ്രവൃത്തികളിൽ ഭരണാനുമതി ലഭ്യമായെങ്കിലും കിൻഫ്ര പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് ഒരു മീറ്റിങ്ങ് വിളിച്ചുചേർത്തിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഭരണാനുമതി ലഭ്യമാക്കിയ നാല് പ്രവൃത്തികളുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. ന്യായമായ കാര്യങ്ങൾ സ്വാഭാവികമായും ജനപ്രതിനിധികൾ ചെയ്യും. ആവശ്യമുള്ള വിമർശനങ്ങൾ അങ്ങനെ എടുക്കുക, അനാവശ്യമായ വിമർശനം വരുന്നത് ഒരു ചെവിയിൽക്കൂടി കേട്ട് മറ്റൊരു ചെവിയിലൂടെ കളഞ്ഞില്ലെങ്കിൽ മനസ്സിന് വലിയ പ്രശ്നമാകുമെന്ന് പ്രിയപ്പെട്ട സുഹൃത്തിനെ അറിയിക്കുകയാണ്. വളരെ ന്യായമായ ആവശ്യങ്ങൾ എൽ.എഡി.എഫ്. സർക്കാർ അതേ അർത്ഥത്തിൽ തന്നെയാണ് കാണുന്നത്.

**[11.00 AM]**

(8) ക്ഷീരകർഷകർക്ക് പാലിന് ന്യായവില ലഭ്യമാക്കൽ

ശ്രീ. തോമസ് കെ. തോമസ്: സർ, കേരളത്തിലുള്ള ക്ഷീര കർഷകർക്കും കുട്ടനാട്ടിലെ പ്രിയപ്പെട്ട താറാവ് കർഷകർക്കും വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കേരളം പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള വലിയ ശ്രമം നടത്തുകയാണ്. എന്നാൽ കന്നുകാലി വളർത്തൽ ലാഭകരമായി മുന്നോട്ടുകൊണ്ടുപോകാൻ സംസ്ഥാനത്തെ കർഷകർക്ക് സാധിക്കുന്നില്ലെന്നുള്ളതാണ് വാസ്തവം. കുട്ടനാട് ഒരു കാർഷിക മേഖലയും കന്നുകാലി വളർത്തലിന് വളരെയേറെ സൗകര്യമുള്ള പ്രദേശവുമാണ്. ഞങ്ങൾക്കുപോലും കന്നുകാലി വളർത്തൽ സാധിക്കുന്നില്ലെങ്കിൽ കേരളത്തിലെ കർഷകരുടെ അവസ്ഥ വളരെയധികം പരിതാപകരമായിരിക്കുമെന്നാണ് മനസ്സിലാക്കേണ്ടത്. കന്നുകാലിത്തീറ്റയുടെ അശാസ്ത്രീയമായ വില വർധനവും ഉൽപാദനച്ചെലവിന് ആനുപാതികമായി പാൽ വില ലഭിക്കാത്തതും നല്ലയിനം കന്നുകാലികളെ ലഭിക്കാത്തതുമാണ് ഈ പ്രതിസന്ധിക്ക് കാരണമാകുന്നത്. ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സംസ്ഥാനം ജാഗ്രത കാണിക്കേണ്ട സമയമാണിത്. ക്ഷീര കർഷകർക്ക് പലിശരഹിത സബ്സിഡി വായ്പ അനുവദിക്കുകയും പാലിന് ന്യായവില ഉറപ്പുവരുത്തുകയും സംഭരണ-വിതരണ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുകയും വില കുറച്ച് കാലിത്തീറ്റ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയും മുനിസിപ്പാലിറ്റി-പഞ്ചായത്ത് വ്യത്യാസമില്ലാതെ എല്ലാ ക്ഷീര

കർഷകരെയും തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തുകയും ചെയ്യണം. കൂട്ടനാട്ടിൽ പക്ഷിപ്പനിമൂലം കൊന്നൊടുക്കിയ താറാവ്, കോഴി എന്നിവയുടെ നഷ്ടപരിഹാരമായി താറാവ് കർഷകർക്കും കോഴി കർഷകർക്കും നൽകാനുള്ള തുകയുടെ 80 ശതമാനത്തോളം നഷ്ടപരിഹാരത്തുക നൽകിയെങ്കിലും 20 ശതമാനം തുക ഇനിയും നൽകാനുണ്ട്. ആ വിഷയംകൂടി അടിയന്തരമായി പരിഹരിച്ച് എല്ലാ കാര്യങ്ങളും നല്ലരീതിയിൽ കൊണ്ടുവരാനുള്ള ഇടപെടലുണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന സംസ്ഥാന സർക്കാരിന്റെ ലക്ഷ്യത്തിലേയ്ക്ക് ഇന്ന് മിൽമയും ക്ഷീരവികസന വകുപ്പും തോളോടുതോൾചേർന്ന് പ്രവർത്തിച്ചുവരികയാണ്. 2024-25-ൽ ക്ഷീര കർഷകർക്ക് നേരിട്ട് പ്രയോജനപ്പെടുന്ന ഒട്ടേറെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. അതിദരിദ്ര കുടുംബങ്ങളിൽപ്പെടുന്ന ആളുകൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കി ദാരിദ്ര്യ നിർമ്മാർജനത്തിനായി പ്രത്യേകം പദ്ധതിയും തിരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ 'ക്ഷീരഗ്രാമം പദ്ധതി'-യും വാണിജ്യ ഡയറി ഫാമുകളിൽ യുവാക്കൾക്കായി സ്മാർട്ട് ഡയറി ഫാമുകൾ എന്ന പ്രത്യേക സഹായ പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. കൂടാതെ തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് ക്ഷീരലയം പദ്ധതി, മത്സ്യ-കയർ മേഖലകളിലെ തൊഴിലാളികൾക്ക് സ്പെഷ്യൽ പദ്ധതികൾ, സ്പെഷ്യൽ ഡയറി പാക്കേജ്, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് പശു വളർത്തൽ, പാൽ ഉൽപന്ന നിർമ്മാണം, ബയോഇൻപുട്സ്, തീറ്റപ്പുൽകൃഷി എന്നിവയ്ക്കെല്ലാം പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

ബാങ്ക് വായ്പയിലൂടെ 5 പശുക്കളെയോ 10 പശുക്കളെയോ വാങ്ങുന്നവർക്ക് പലിശ ഇളവ് ഉൾപ്പെടെ നൽകിക്കൊണ്ടുള്ള പ്രത്യേക പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. ഒരു കർഷകന് ഒരു വർഷം 3 ലക്ഷം രൂപവരെ പലിശയിളവ് അനുവദിക്കുന്നുണ്ട്. അതോടൊപ്പം 50 കിടാരി വീതമുള്ള കിടാരി പാർക്ക് പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. 8 മാസം ഗർഭാവസ്ഥ മുതൽ പ്രസവശേഷം 3 മാസം വരെയുള്ള പശുക്കൾക്കുള്ള പ്രത്യേക ആരോഗ്യ സംരക്ഷണ പദ്ധതിയും കർഷകർക്ക് ലഭ്യമാക്കി വരുന്നുണ്ട്. വയനാട് ജില്ലയ്ക്ക് സ്പെഷ്യൽ ക്ഷീരവികസന പാക്കേജ് അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം മിൽക്ക് ഷെഡ് വികസന പദ്ധതികൾക്കായി ക്ഷീരവികസന വകുപ്പ് 2024-25 വർഷക്കാലം 1624.36 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2021-22-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽനിന്നും 121 കോടി രൂപയാണ് ചെലവഴിച്ചത്. 2022-23-ൽ 140 കോടി രൂപയും 2023-24-ൽ 132 കോടി രൂപയുമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിയത്. അപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഏകദേശം 95 ശതമാനം സഹകരണവും ക്ഷീരവികസന വകുപ്പിന് ലഭിച്ചിട്ടുണ്ട്. 2024-25 മുതൽ കേരളത്തിലെ പാൽ ഉൽപാദന മേഖലയിൽ മുൻപന്തിയിൽ നിൽക്കുന്ന 50 ഫോക്കസ് ബ്ലോക്കുകളിലും ഉരുക്കളെ വാങ്ങുന്ന സ്പെഷ്യൽ പദ്ധതി നടപ്പാക്കുന്നതിലൂടെ പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. കഴിഞ്ഞ സാമ്പത്തിക വർഷം കർഷകരുടെ ഉൽപാദനച്ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി മിൽമ ഫെഡറേഷൻ, മേഖല യൂണിയനുകൾ എന്നിവ ചേർന്ന് കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം മേഖലാ

യൂണിയനുകളിലെ ക്ഷീരകർഷകർക്ക് അധിക പാൽ വിലയിൽ നിന്നുമാത്രം 157.99 കോടി രൂപയാണ് സബ്സിഡിയായി മിൽമ നൽകിയത്. മറ്റ് ക്ഷേമപ്രവർത്തനങ്ങൾക്ക് 96.8 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2005 ഏപ്രിൽ മാസം മുതൽ പാൽ ഉൽപാദനം താരതമ്യേന വർധിച്ചതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2025-ൽ പ്രതിദിനം 2.64 ലക്ഷം ലിറ്റർ പാലാണ് ഉൽപാദിപ്പിക്കപ്പെടുന്നത്. ഈ വർഷം എറണാകുളം മേഖലയിൽ 2.83 ലക്ഷം ലിറ്റർ പാലും മലബാർ മേഖലയിൽ 6.71 ലക്ഷം ലിറ്റർ പാലുമാണ് ഒരു ദിവസം ഉൽപാദിപ്പിച്ചത്. ആ നിലയിൽ ഇത്തവണ പാൽ ഉൽപാദനരംഗത്ത് വൻ വർധനവാണ് ഉണ്ടായിട്ടുള്ളത്. പാലിന് ഏറ്റവും കൂടുതൽ വില നൽകുന്ന സംസ്ഥാനം കേരളമാണ്. ഒരു ലിറ്റർ പാലിന് തമിഴ്നാട് 34.72 രൂപയും കർണാടക 35.20 രൂപയുമാണ് നൽകുന്നതെന്നാണ് കണക്കുകളിൽനിന്നും വ്യക്തമാകുന്നത്. എന്നാൽ 43.17 രൂപയാണ് കേരളം നൽകുന്നത്. ഇന്ത്യയിൽ പാലിന് ഏറ്റവും കൂടുതൽ വില നൽകുന്ന സംസ്ഥാനമെന്ന ഖ്യാതികൂടി കേരളത്തിനുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി 2011 സെപ്റ്റംബർ മാസം 1-ാം തീയതി പുറപ്പെടുവിച്ച ഉത്തരവിൽ പാൽ വില വർധിപ്പിക്കുന്നതിനുള്ള അധികാരം മിൽമയ്ക്കാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിൽനിന്നും കുറഞ്ഞ നിരക്കിൽ ധാരാളം പാൽ നമ്മുടെ സംസ്ഥാനത്ത് എത്തിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് ക്ഷീരവിപണിക്ക് ഭീഷണിയാകുമെന്ന വിധത്തിലുള്ള സാധ്യതകൾ കണ്ടുകൊണ്ടും പാൽ വില വർധനവ് സംബന്ധിച്ച് രൂപീകരിച്ച അഞ്ചംഗ കമ്മിറ്റിയുടെ ശിപാർശപ്രകാരവും ക്ഷീര കർഷകർക്ക് പ്രയോജനകരമായ രീതിയിലുള്ള പാൽ വില വർധനവ് നടപ്പാക്കാനുള്ള നടപടികൾ മിൽമ

അധികം വൈകാതെ സ്വീകരിക്കുന്നതാണ്. പക്ഷിപ്പനിമൂലം ആലപ്പുഴ ജില്ലയിൽ പക്ഷികളെ കൊന്നൊടുക്കിയതു കാരണമുണ്ടായ നഷ്ടത്തിന്റെ 80 ശതമാനം തുക ആറുമാസം മുമ്പ് അനുവദിച്ചിട്ടുണ്ട്. 20 ശതമാനം തുകകൂടി നൽകാനുള്ള സംവിധാനം ഇപ്പോൾ ഒരുക്കിയിട്ടുണ്ട്. പന്നി കർഷകർക്കും അവർക്കുണ്ടായ നഷ്ടത്തിന്റെ മുഴുവൻ തുകയും നൽകാനുള്ള തുക സർക്കാരിന്റെ കൈവശമുണ്ട്. അത് കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(9) എച്ച്.എം.സി.-കളുടെയും എച്ച്.ഡി.സി.-കളുടെയും കീഴിലുള്ള ജീവനക്കാരുടെ ജോലിസ്ഥിരതയും ആനുകൂല്യങ്ങൾ ലഭ്യമാക്കലും

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കേരളത്തിലെ സർക്കാർ ആശുപത്രികളിലെ വികസന സമിതികളിലും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളിലും ജോലി ചെയ്യുന്ന ഏകദേശം 7500-ഓളം വരുന്ന തൊഴിലാളികളും ജീവനക്കാരുമുണ്ട്. അവരുടെ സേവന-വേതന വ്യവസ്ഥകളിലും ജോലി സ്ഥിരത ഉൾപ്പെടെയുള്ള വിഷയങ്ങളിലും ആരോഗ്യ വകുപ്പ് വളരെ ഗൗരവമായി ഇടപെടണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ സൂചിപ്പിക്കാനുള്ളത്. ജീവനക്കാരിൽ മഹാഭ്രരിപക്ഷവും 33 വർഷം മുതൽ താഴോട്ട് സീനിയോറിറ്റിയുള്ളവരാണെങ്കിലും അവരുടെ വേതനം സംബന്ധിച്ച് ഒരു ഏകീകരണവും ഇതുവരെയുണ്ടായിട്ടില്ല. മെഡിക്കൽ കോളേജുകളിൽ നഴ്സുമാർ ഉൾപ്പെടെയുള്ളവർക്ക് ദിവസവേതനമെന്ന നിലയിൽ 700 രൂപയ്ക്കുമുകളിൽ ശമ്പളം നൽകുമെങ്കിലും മറ്റ് ആശുപത്രികളിൽ 450-500-550-600 രൂപയാണ് വേതനമായി നൽകിക്കൊണ്ടിരിക്കുന്നത്.

കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജുകളിൽ ദിവസവേതനക്കാരായി ആയിരത്തിനുമുകളിൽ ജീവനക്കാരും തൊഴിലാളികളുമുണ്ട്. ആരോഗ്യരംഗത്ത് വൻ മുന്നേറ്റമുണ്ടാക്കാനും നേട്ടം കൈവരിക്കാനും സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ഏറെ അഭിമാനാർഹമാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ഇടപെടലിനെക്കുറിച്ച് നാം കഴിഞ്ഞ ദിവസം ചർച്ച ചെയ്തതാണ്. കേരളത്തിന്റെ പൊതുജനാരോഗ്യ മേഖല ഇത്രയധികം മെച്ചപ്പെടുന്നതിനായി തൊഴിലാളികൾ നിസ്വാർഥവും നിസ്തുലവുമായ സേവനമാണ് ചെയ്യുന്നത്. ഇതിൽ ശുചീകരണം മുതൽ സ്കാനിങ് വരെയുള്ള ജോലികൾ ചെയ്യുന്നവർ ഉൾപ്പെടുന്നുണ്ട്. നമ്മൾ ഏറെ ആദരവോടുകൂടി പറയുന്ന ഒരു നാമമാണ് സിസ്റ്റർ ലിനിയുടേത്. ലിനി എന്ന നിപ രക്തസാക്ഷി, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര താലൂക്കാശുപത്രിയിലെ നഴ്സായിരുന്നു. 450 രൂപയായിരുന്നു അവരുടെ ശമ്പളം. ലിനിയെ പോലുള്ള നൂറുകണക്കിന് ആളുകൾ ആശുപത്രികളിൽ സേവനം ചെയ്യുന്നുണ്ട്. ഒരു സാധാരണ സ്ഥിരം ജീവനക്കാരന് ലഭിക്കുന്ന വേതനത്തിന്റെ നാലിലൊന്നുപോലും അവർക്ക് ലഭിക്കുന്നില്ലെന്ന് മാത്രമല്ല മറ്റൊരു തരത്തിലുള്ള ആനുകൂല്യങ്ങളുമില്ല. അവർക്ക് മെറ്റേണിറ്റി ലീവില്ല; പ്രസവശേഷം അവധിയെടുത്താൽ ജോലി പോലുമില്ലാതാകുന്ന അവസ്ഥയാണ്. പ്രൊവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി, ഇ.എസ്.ഐ., ബോണസ്, മിനിമം വേതനം ഇവയൊന്നുംതന്നെ അവർക്ക് ലഭിക്കുന്നില്ല. ഈ നിലയിൽ വളരെ ദയനീയമായ അവസ്ഥയാണ് അവർ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. മെഡിക്കൽ കോളേജുകളിൽ വലിയ പ്രയാസങ്ങളില്ല. എന്നാൽ ജില്ലാ ആശുപത്രികളിലും താലൂക്കാശുപത്രികളിലും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മേൽനോട്ടം വഹിക്കുന്ന ആശുപത്രികളിലുമാണ് പലപ്പോഴും വലിയ തോതിലുള്ള പ്രയാസങ്ങൾ ഉണ്ടാകുന്നത്. അതിനാൽ ഈ ജീവനക്കാരുടെ പ്രശ്നത്തെ ഗൗരവമായിക്കണ്ട് അവരുടെ സേവന-വേതന വ്യവസ്ഥകൾ ന്യായമായ രീതിയിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, വളരെയേറെ വർഷങ്ങളായി നിലനിൽക്കുന്ന ഒരു വിഷയമാണ് ബഹുമാന്യനായ അംഗം സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവന്നത്. സംസ്ഥാനത്ത് അധികാര വികേന്ദ്രീകരണം നടപ്പാക്കിയതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലേക്ക് വന്ന ആരോഗ്യ സ്ഥാപനങ്ങളിലാണ് ഇത്തരത്തിലുള്ള വിഷയങ്ങളുള്ളത്. പഞ്ചായത്തുകളിൽ 2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിങ് കമ്മിറ്റികൾ) ചട്ടങ്ങൾ പ്രകാരവും നഗരസഭകളിൽ കൈമാറ്റം ചെയ്യപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിലെ ആശുപത്രി മാനേജിങ് കമ്മിറ്റികൾ രൂപീകരിച്ചിരിക്കുന്നത് 2013-ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിങ് കമ്മിറ്റി) ചട്ടങ്ങൾ പ്രകാരവുമാണ്. മാനേജിങ് കമ്മിറ്റിക്ക് അതിൽ നിക്ഷിപ്തമായ ചുമതലകൾ ശരിയായ വിധത്തിൽ നിർവഹിക്കുന്നതിനും രോഗികൾക്കും പൊതുജനങ്ങൾക്കും മെച്ചപ്പെട്ട സേവനം നൽകുന്നതിനുംവേണ്ടി അവരുടെ വരുമാന ലഭ്യതയ്ക്കും സർക്കാർ മാർഗനിർദേശങ്ങൾക്കും അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മുൻകൂർ അനുമതിക്കും വിധേയമായാണ്

പൊതുജനാരോഗ്യ സ്ഥാപനത്തിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ താൽക്കാലികമായി നിയോഗിക്കുന്നത്. ഓരോ ആരോഗ്യ സ്ഥാപനത്തിന്റെയും എച്ച്.എം.സി./എച്ച്.ഡി.സി.-യുടെയും ജീവനക്കാരുടെ വേതനവും വ്യത്യസ്തമാണ്. എച്ച്.എം.സി., എച്ച്.ഡി.സി. എന്നിവ മുഖാന്തരം നിയമിതരാകുന്ന താൽക്കാലിക ജീവനക്കാർക്ക് വേതനം നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ മുകളിൽ പറഞ്ഞ ചട്ടങ്ങളിലാണ് വ്യക്തമാക്കിയിട്ടുള്ളത്. പ്രസ്തുത ജീവനക്കാർ വളരെ നിസ്തുലമായ സേവനമാണ് കാഴ്ചവയ്ക്കുന്നത്. ആദരണീയയായ സിസ്റ്റർ ലിനിയുടെ കാര്യം ഇവിടെ പരാമർശിക്കുകയുണ്ടായി. പ്രസ്തുത വിഷയം സർക്കാർ വളരെ ഗൗരവത്തോടുകൂടി കാണുന്നുണ്ട്. ആശുപത്രി വികസന സമിതി, ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി എന്നിവ മുഖാന്തരം നിയമിക്കപ്പെട്ട് സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിവിധ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം 19-03-2025-ന് മന്ത്രിതലത്തിൽ ഉയർന്ന ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചുചേർക്കുകയും ആ യോഗത്തിൽ ഇക്കാര്യങ്ങൾ ഉൾപ്പെടെ ചർച്ച ചെയ്യുകയും ചെയ്തു. താൽക്കാലിക ജീവനക്കാരായതുകൊണ്ട് കരാർ അടിസ്ഥാനത്തിലാണ് അവരെ നിയോഗിക്കുന്നത്; എന്നിരുന്നാലും ഒരു പെർഫോർമൻസ് അപ്രൈസലിന്റെ അടിസ്ഥാനത്തിൽ അവർക്ക് തുടർനിയമനങ്ങൾ നൽകിവരുന്നുണ്ട്. ഇക്കാര്യങ്ങൾ പരിശോധിച്ചുകൊണ്ട് ഒരു ശിപാർശ സമർപ്പിക്കുന്നതിനുവേണ്ടി ഒരു സമിതിയെ രൂപീകരിക്കണമെന്ന് തീരുമാനിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അത് ഗൗരവമായി പരിഗണിക്കുകയും

അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(10) വൈക്കം-വെള്ളൂരിൽ എയിംസ് സ്ഥാപിക്കാൻ നടപടി

ശ്രീമതി സി. കെ. ആശ: സർ, കേരളത്തിൽ എയിംസ് സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലം പരിഗണിക്കുമ്പോൾ വൈക്കം നിയോജകമണ്ഡലത്തിലെ വെള്ളൂരിൽ എച്ച്.എൻ.എൽ.-ൽനിന്നും ഏറ്റെടുത്ത സ്ഥലം കൂടി പരിഗണിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ഉന്നയിക്കുന്ന ആവശ്യങ്ങളിൽ എയിംസ് കേരളത്തിന് അനുവദിച്ചു നൽകുകയെന്നത് ഏറ്റവും പ്രധാനപ്പെട്ടതാണ്. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ ആവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകിയെങ്കിലും നാളിതുവരെ കേരളത്തിന് അർഹതപ്പെട്ട എയിംസ് അനുവദിക്കപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിൽ എയിംസ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളുടെ ലിസ്റ്റ് കേന്ദ്ര സർക്കാരിന് അയയ്ക്കുമ്പോൾ വൈക്കം നിയോജകമണ്ഡലത്തിലെ വെള്ളൂർ പഞ്ചായത്തിൽ എച്ച്.എൻ.എൽ.-ൽനിന്ന് കിൻഫ്ര മുഖേന സർക്കാർ ഏറ്റെടുത്ത 700 ഏക്കർ (വ്യവസായ വകുപ്പിന്റെ KPPL-നും റബ്ബർ പാർക്കിനും ആവശ്യമായ സ്ഥലം ഒഴികെ) എയിംസിന് ആവശ്യമുള്ള സ്ഥലം വ്യവസായ വകുപ്പിന്റെ സാങ്കേതികത്വം മറികടന്ന് അനുവദിക്കാവുന്നതാണ്. പ്രസ്തുത സ്ഥലത്തിന് വളരെയേറെ പ്രത്യേകതകളുണ്ട്. ഒന്നാമതായി ഇത് കേരളത്തിന്റെ മധ്യഭാഗത്താണ് സ്ഥിതിചെയ്യുന്നത്. ഈ സ്ഥലത്തേയ്ക്ക് കേരളത്തിലെ എല്ലാ ജില്ലകളിൽനിന്നുള്ളവർക്കും എളുപ്പത്തിൽ എത്തിച്ചേരാൻ സാധിക്കും. മാത്രമല്ല, 35-40 കിലോമീറ്ററുകൾക്കുള്ളിൽ സീപോർട്ട്, എയർപോർട്ട് എന്നിവയും ഒരു കിലോമീറ്റർ ദൂരത്തിൽ

റെയിൽവെ സ്റ്റേഷനും നിർദ്ദിഷ്ട എരുമേലി എയർപോർട്ടിന്റെ സാന്നിധ്യവുമുണ്ട്. പ്രസ്തുത സ്ഥലത്ത് കുടിവെള്ളത്തിനും വൈദ്യുതിക്കുമായി എച്ച്.എൻ.എൽ.-ൽ സ്ഥാപിച്ച വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും സബ്സ്റ്റേഷനുമെല്ലാം നിലവിലുണ്ട്. സർവോപരി ഒരാളെപ്പോലും കുടിയൊഴിപ്പിക്കാതെ എയിംസിന് ആവശ്യമുള്ള സ്ഥലം ഇവിടെ ലഭ്യമാണെന്ന വസ്തുത കണക്കിലെടുത്ത്, എയിംസിനുവേണ്ടി സ്ഥലം ലിസ്റ്റ് ചെയ്യുമ്പോൾ വൈക്കം നിയോജകമണ്ഡലത്തിലെ വെള്ളൂരിലെ പ്രസ്തുത സ്ഥലം കൂടി പരിഗണിക്കാൻ നടപടി സ്വീകരിക്കണം. കേരളത്തിന്റെ ഏറ്റവും വലിയ ജനകീയ ആവശ്യമായ എയിംസ് കേരളത്തിന് ലഭിക്കുന്നതിനുള്ള ഇടപെടൽ നടത്തണമെന്നുകൂടി ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കേരളത്തിന് എയിംസ് വേണമെന്ന ആവശ്യം ഒരു പതിറ്റാണ്ടിലേറെയായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ഉന്നയിക്കുന്ന കാര്യമാണ്. ആദ്യഘട്ടത്തിൽ കേരളം പല സ്ഥലങ്ങൾ പ്രപ്പോസ് ചെയ്തു. പ്രസ്തുത സാഹചര്യത്തിൽ കേന്ദ്ര ആരോഗ്യമന്ത്രാലയം ഒരു സ്പെസിഫിക് സ്ഥലം കാണിച്ച് അതിന്റെ വിശദാംശങ്ങൾ നൽകണമെന്ന് പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിലാണ് കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥലത്തിന്റെ വിശദാംശങ്ങൾ നൽകുന്നതിനായി (വ്യവസായ വകുപ്പിന്റെ 150 ഏക്കർ സ്ഥലവും അക്വയർ ചെയ്ത 50 ഏക്കർ സ്ഥലവും) നടപടികൾ പൂർത്തീകരിച്ച്

അതിരടയാളക്കല്ലുകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്തത്. കേരളത്തിന് എയിംസ് അനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് പല പ്രാവശ്യം ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യവകുപ്പുമന്ത്രിമാരെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും അവസാനം ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയുടെ ഒരു കത്ത് ലഭിച്ചതിൽ അറിയിച്ചിട്ടുള്ളത്, നിങ്ങളുടെ പ്രൊപ്പോസൽ പരിഗണിക്കുന്നുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് മറ്റ് എതിർപ്പുകളൊന്നുമില്ലെന്നും ഇത് ധനകാര്യമന്ത്രാലയത്തിന് കൈമാറുന്നു എന്നുമാണ്. അടുത്ത തവണ എയിംസ് അനുവദിക്കുമ്പോൾ കേരളത്തെ പരിഗണിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ കാര്യം കുറച്ചുനാളുകളായി നാം കോൾക്കുന്നുണ്ടെങ്കിലും ഒരു പൊളിറ്റിക്കൽ ഡിസിഷനാണ് ഇതിൽ പെൻഡിങ്ങായിട്ടുള്ളതെന്നാണ് മനസ്സിലാക്കുന്നത്. കേരളത്തിന് എയിംസ് വേണമെന്നുള്ളത് നമ്മുടെ ആവശ്യമാണ്. കേന്ദ്രം ഒരു സ്ഥലം ചൂണ്ടിക്കാണിക്കണമെന്ന് പറഞ്ഞപ്പോൾ കോഴിക്കോട് ജില്ലയിലെ കിനാലൂരാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അതുസംബന്ധിച്ച തീരുമാനം കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. കേരളത്തിന് എയിംസ് ലഭിക്കുമെന്ന് ഇപ്പോഴും പ്രതീക്ഷിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വൈക്കം നിയോജകമണ്ഡലത്തിലെ വെള്ളൂരിൽ എച്ച്.എൻ.എൽ.-ൽനിന്നും ഏറ്റെടുത്ത സ്ഥലത്ത് KPPL എന്ന പുതിയ ഫാക്ടറിയുടെ പ്രവർത്തനം ആരംഭിച്ചു. കേരള റബ്ബർ കമ്പനിക്കുവേണ്ടി പുതിയതായി സ്ഥലം അനുവദിച്ച് അവിടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. KPPL-ന്റെ അടുത്ത ഘട്ടത്തിന്റെ പ്രെപ്പോസൽ അംഗീകരിച്ചിട്ടുമുണ്ട്. വെള്ളൂരിൽ നിലവിൽ

സ്ഥലമൊന്നും ലഭ്യമല്ലെന്ന കാര്യംകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

**[11.15 AM]**

**V. റിപ്പോർട്ട് സമർപ്പണം**

(1) സബ്ജക്ട് കമ്മിറ്റി VI-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എം. വിജിൻ: സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ അംഗമായ ഞാൻ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

(2) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എൺപത്തിയൊന്ന് മുതൽ എൺപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സണ്ണി ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. മഞ്ഞളാംകുഴി അലി: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അംഗമായ ഞാൻ സമിതിയുടെ എൺപത്തിയൊന്ന് മുതൽ എൺപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(3) ലോക്കൽ ഫണ്ട്സ് അക്കൗണ്ട്സ് കമ്മിറ്റിയുടെ അറുപത്തിയേഴ് മുതൽ എഴുപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ലോക്കൽ ഫണ്ട്സ് അക്കൗണ്ട് കമ്മിറ്റിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ അറുപത്തിയേഴ് മുതൽ എഴുപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(4) പരിസ്ഥിതി സംബന്ധിച്ച കമ്മിറ്റിയുടെ പതിനാലാമത് റിപ്പോർട്ട്

ശ്രീ. ഇ. കെ. വിജയൻ: സർ, പരിസ്ഥിതി സംബന്ധിച്ച കമ്മിറ്റിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(4) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച കമ്മിറ്റിയുടെ പതിനെട്ടാമത് റിപ്പോർട്ട്

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച കമ്മിറ്റിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

**[11.17 AM]**

## VI. ധനകാര്യം

2025-26 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർഥനകളുടെ സ്റ്റേറ്റ്മെന്റ്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർഥനകളുടെ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

**[11.18 AM]**

## VII. ക്രമപ്രശ്നം

വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്നതിലെ അപാകത

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, പതിനഞ്ചാം കേരള നിയമസഭയ്ക്ക് അഭിമാനിക്കാവുന്ന നിയമനിർമ്മാണമാണ് എട്ടാം സമ്മേളനത്തിൽ പാസ്സാക്കിയ 2023-ലെ കേരള പൊതുജനാരോഗ്യ ആക്ട്. പ്രസ്തുത നിയമത്തിന് 2023 നവംബർ 28-ന് ബഹുമാനപ്പെട്ട ഗവർണ്ണറുടെ അനുമതി ലഭിക്കുകയുണ്ടായി. പ്രസ്തുത ആക്ടിലെ പീഠികയിൽ 1955-ലെ ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട്, 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട് എന്നീ രണ്ട് ആക്ടുകൾക്ക് പകരമായാണ് സംസ്ഥാനത്താകെ ബാധകമാകുന്ന ഒരു നിയമം കൊണ്ടുവരുന്നതെന്ന് പറയുന്നുണ്ട്. 2023-ലെ കേരള പൊതുജനാരോഗ്യ ആക്ടിലെ 60-ാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പ് പ്രകാരം സർക്കാരിന് വിജ്ഞാപനം വഴി സംസ്ഥാനത്തെ ഏതെങ്കിലും പ്രദേശത്തെ ഉത്സവ മേഖലയായി പ്രഖ്യാപിക്കുന്നതിനും പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങളും നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിൽ ഉത്സവ മേഖലയെ സംബന്ധിച്ച് ജില്ലാ കളക്ടർമാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിൽ (അടുത്തകാലത്ത് പുറപ്പെടുവിച്ച വിജ്ഞാപനങ്ങളുടെ പകർപ്പ് എന്റെ കൈവശമുണ്ട്.) 2023-ലെ കേരള പൊതുജനാരോഗ്യ ആക്ടിലെ 60-ാം വകുപ്പ് എന്നതിനുപകരം മുമ്പ് നിലനിന്നിരുന്ന ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടിന്റെ 122-ാം വകുപ്പുപ്രകാരം ടി

പ്രദേശത്തെ ഉത്സവ മേഖലയായി പ്രഖ്യാപിക്കുന്നതായി കാണുന്നു. നിയമസഭ പാസ്സാക്കിയ പുതിയ നിയമം പ്രാബല്യത്തിലിരിക്കെ സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിലെ ഉത്സവങ്ങൾ, പെരുന്നാളുകൾ എന്നിവ സംബന്ധിച്ച ക്രമീകരണങ്ങൾക്ക് മുമ്പുണ്ടായിരുന്ന നിയമപ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുന്നത് ക്രമപ്രകാരമല്ലെന്നുള്ളതാണ് എന്റെ ക്രമപ്രശ്നം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ, കേരള നിയമസഭ വളരെ അഭിമാനകരമായി പാസ്സാക്കിയ ഒരു നിയമമാണ് 2023-ലെ കേരള പൊതുജനാരോഗ്യ ആക്ട്. കേരള സംസ്ഥാനം രൂപീകൃതമായതിനുശേഷം പ്രസ്തുത ആക്ട് നിയമസഭ പാസ്സാക്കുന്നതുവരെ ഇതുമായി ബന്ധപ്പെട്ട് 1955-ലെ ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട്, 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട് എന്നീ രണ്ട് നിയമങ്ങളാണ് സംസ്ഥാനത്ത് നിലനിന്നിരുന്നത്. ഇവ റദ്ദ് ചെയ്തുകൊണ്ടാണ് പുതിയ ആക്ട് കൊണ്ടുവന്നിട്ടുള്ളത്. പ്രസ്തുത നിയമം സെലക്ട് കമ്മിറ്റിയുടെ പരിഗണയ്ക്കയച്ച് നൂറിലധികം മണിക്കൂറുകൾ സജീവമായ ചർച്ച നടത്തിയശേഷമാണ് പാസ്സാക്കപ്പെട്ടത്. ബഹുമാനപ്പെട്ട ഡോ. എൻ. ജയരാജ്, എം.എൽ.എ.-യും അതിന്റെ ഭാഗമായിരുന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത് ഒരു സാങ്കേതിക വിഷയമാണ്. 2023-ലെ കേരള പൊതുജനാരോഗ്യ ആക്ടിലെ 60-ാം വകുപ്പിലെ ഒന്നാം ഉപവകുപ്പ് പ്രകാരം, സർക്കാരിന് ഒരു വിജ്ഞാപനം വഴി സംസ്ഥാനത്തെ ഏതെങ്കിലും ഒരു പ്രദേശം ഉത്സവമേഖലയായി പ്രഖ്യാപിക്കുന്നതിനും

പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങളും നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്നതിനുമുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഉത്സവമേഖലകളെ സംബന്ധിച്ച് നിലവിൽ ജില്ലാ കളക്ടർമാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിൽ പഴയ നിയമം ക്വാട്ട് ചെയ്യുന്നുണ്ട്. നിയമസഭ പുതിയ നിയമം പാസ്സാക്കിയ സാഹചര്യത്തിൽ അതിൽ സൂചിപ്പിച്ചിട്ടുള്ള 60(1), 75 എന്നീ വകുപ്പുകൾ പ്രകാരമാണ് ജില്ലാ കളക്ടർമാർ പുതിയ വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കേണ്ടത്. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയതിന് ബഹുമാനപ്പെട്ട ചീഫ് വിപ്പിനോട് പ്രത്യേകം നന്ദി അറിയിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ നിർദേശങ്ങൾ നൽകി ഉചിതമായ നടപടി സ്വീകരിക്കുമെന്ന് ഉറപ്പുനൽകുന്നു.

**[11.21 AM]**

**റൂളിങ്**

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ....ഓർഡർ..... 2023-ലെ കേരള പൊതുജനാരോഗ്യ നിയമം നിലവിൽ വന്നതിനുശേഷവും പ്രസ്തുത നിയമത്തിലെ 60-ാം വകുപ്പുപ്രകാരം പുറപ്പെടുവിക്കേണ്ടതായ വിജ്ഞാപനം മുൻ നിയമപ്രകാരം തന്നെ പുറപ്പെടുവിച്ചു വരുന്നതുമൂലമുണ്ടായ അപാകമാണ് ബഹുമാനപ്പെട്ട ഗവൺമെന്റ് ചീഫ് വിപ്പ് ഒരു ക്രമപ്രശ്നത്തിലൂടെ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട ആരോഗ്യ വനിത-ശിശുവികസന വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം തീർപ്പാക്കുകയാണ്. സുപ്രധാനമായൊരു വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയ

ബഹുമാനപ്പെട്ട ഗവണ്മെന്റ് ചീഫ് വിപ്പിനെ ചെയർ അനുമോദിക്കുന്നു. ഓർഡർ... ഓർഡർ....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഈ സഭയിലെ ശ്രീ. സനീഷ്കുമാർ ജോസഫ്, ശ്രീ. എ. കെ. എം. അഷ്റഫ് എന്നീ രണ്ട് അംഗങ്ങൾ സഭയുടെ കവാടത്തിനുമുമ്പിൽ സത്യാഗ്രഹ സമരം തുടരുകയാണ്. കുന്നംകുളത്ത് നടന്ന കസ്റ്റഡി മർദനത്തിൽ ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരെ സർവീസിൽനിന്ന് നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് അവർ ഈ സമരം നടത്തുന്നത്. സർക്കാർ ഇതുവരെ ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കാത്തതിൽ ഞങ്ങൾ ശക്തമായ പ്രതിഷേധം അറിയിക്കുന്നു. അവരുടെ സത്യാഗ്രഹ സമരം തുടരുന്നതാണെന്ന് സഭയെയും അങ്ങയെയും ഈ അവസരത്തിൽ പ്രത്യേകമായി അറിയിക്കുന്നു.

**[11.22 AM]**

## VIII. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും:

(i) 2025-ലെ കേരള വന (ഭേദഗതി) ബിൽ

(ii) 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 2025-ലെ കേരള വന (ഭേദഗതി) ബിൽ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ എന്നിവ

ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 2025-ലെ കേരള വന (ഭേദഗതി) ബിൽ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ എന്നിവ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, കേരളത്തിലെ മലയോര മേഖലകളിലും സംസ്ഥാനത്ത് പൊതുവെയും കഴിഞ്ഞ കുറെ കാലമായി ചർച്ച ചെയ്യപ്പെടുന്ന, ജനജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് ഇത്തരമൊരു നിയമ ഭേദഗതിയിലൂടെ കേരള സർക്കാർ പരിഹരിക്കാൻ ശ്രമിക്കുന്നത്. 2025-ലെ കേരള വന (ഭേദഗതി) ബില്ലിൽ കർഷക സമൂഹം നിരവധി മാറ്റങ്ങൾ ആവശ്യപ്പെടുന്നുണ്ടെങ്കിലും ചന്ദനമരം മുറിച്ച് വില്പന നടത്തുന്ന കാര്യത്തിൽ അവർക്ക് നിലവിൽ അധികാരം നൽകിയിട്ടില്ല. എന്നുമാത്രമല്ല, അവിടങ്ങളിലെ ചന്ദനമരങ്ങൾ ആരെങ്കിലും മുറിച്ചുകൊണ്ടുപോയാൽ ടി പ്രശ്നവുമായി ബന്ധപ്പെട്ട് സ്ഥലം ഉടമയുടെ പേരിലാണ് ഇപ്പോൾ കേസെടുക്കുന്നത്. അതുകൊണ്ടുതന്നെ ചന്ദനമരം വച്ചുപിടിപ്പിക്കാനും ടി കൃഷി വ്യാപകമാക്കാനും സർക്കാർ ആവിഷ്കരിക്കുന്ന പരിപാടികളോട് സഹകരിക്കാൻ കർഷക സമൂഹത്തിന് കഴിയുന്നില്ല. നമ്മുടെ സംസ്ഥാനം ഒരു കോടി

ചന്ദനത്തൈകൾ നട്ടുവളർത്തുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രമിക്കുകയാണ്. പക്ഷെ ചന്ദനമരം മുറിക്കാൻ ശ്രമിച്ചാൽ ജയിലിൽ പോകേണ്ട സാഹചര്യമുള്ളതുകൊണ്ട് ആരുംതന്നെ ചന്ദനമരം നട്ടുപിടിപ്പിക്കാൻ തയ്യാറാകുകയില്ല. ആ സാഹചര്യത്തിൽ സ്വകാര്യ ഭൂമിയിലെ ചന്ദനമരം വനം വകുപ്പ് മുഖേന മുറിച്ച് വില്പന നടത്താൻ പര്യാപ്തമായ ഒരു ഭേദഗതിയാണ് ഈ ബില്ലിലൂടെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. അതായത് ചന്ദനമരം മുറിച്ച് ഡിപ്പോയിൽ ഏല്പിച്ചാൽ, ചന്ദനമരത്തിന്റെ വില ആദ്യംതന്നെ കർഷകന് ലഭ്യമാക്കുന്ന വിധത്തിലുള്ള ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. അത് കർഷകരെ സംബന്ധിച്ചിടത്തോളം ഏറെ അനുഗ്രഹമായ ഒരു നിയമമായിരിക്കുമെന്ന് ഞാൻ കരുതുന്നു. വന കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട പല നിസ്സാരകേസുകളും വർഷങ്ങളോളം കോടതിയിൽ കെട്ടിക്കിടക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. കൃത്യസമയത്ത് കേസ് തീർപ്പാകുന്നില്ലെന്ന് മാത്രമല്ല, വകുപ്പിനോ ജനങ്ങൾക്കോ അതിന്റെ പ്രയോജനം ലഭിക്കാത്ത വല്ലാത്തൊരു അവസ്ഥയിൽ കഴിയുന്ന ഈ സാഹചര്യത്തിൽ, കോടതിയിലെത്തുന്ന വന കുറ്റകൃത്യങ്ങൾ കോമ്പൗണ്ട് ചെയ്യാനുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതിയാണ് ഈ ബില്ലിലൂടെ അവതരിപ്പിക്കുന്നത്. ടി രണ്ട് ഭേദഗതികളും നിലവിൽ വരുന്നതോടെ കർഷകർക്ക് വലിയൊരു ആശ്വാസം നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുപോലെ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ സംബന്ധിച്ചും ഭേദഗതി നിർദ്ദേശിക്കുന്നുണ്ട്. വന്യജീവി ആക്രമണം സംബന്ധിച്ച വളരെ രൂക്ഷമായ പ്രശ്നങ്ങളാണ് ഇന്ന് രാവിലെയും സഭയിലെ അംഗങ്ങൾ ഉന്നയിച്ചത്. അവരുടെ

അനുഭവത്തിൽ നിന്നുള്ള ഉത്കണ്ഠയാണ് ഇവിടെ പരാമർശിച്ചത്. 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിൽ കാലോചിതമായ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ സഭതന്നെ ഐകകണ്ഠ്യേന ഒരു ഉപക്ഷേപം പാസ്സാക്കിയിരുന്നു. പ്രസ്തുത ഉപക്ഷേപം പാസ്സാക്കുന്നതിന് മുമ്പും അതിനുശേഷവും ഈ ആവശ്യം പലതവണ നേരിട്ടും കത്ത് മുഖാന്തരവും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും അവർ അപ്രായോഗികമായ വ്യവസ്ഥകൾ അങ്ങനെതന്നെ തുടരട്ടെയെന്ന നിലപാടാണ് സ്വീകരിച്ചത്. ഏറ്റവും ഒടുവിൽ ലോക്സഭാ തിരഞ്ഞെടുപ്പിന് മുമ്പ് ഞാനും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. രാജനും കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന വകുപ്പുമന്ത്രിയെ നേരിൽ സന്ദർശിച്ച് കേരളം അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. 'നിഷേധാത്മകമായ നിലപാട് ' എന്ന വാക്ക് കഠിനമാണെങ്കിൽ അതാണ് ഞങ്ങൾക്ക് അവിടെനിന്നും അനുഭവിക്കേണ്ടിവന്നത്. അതുകൂടാതെ കേരള നിയമസഭയിലെ സബ്ജക്ട് കമ്മിറ്റി അംഗങ്ങളും ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിയെ നേരിൽക്കണ്ട് ടി വിഷയവുമായി ബന്ധപ്പെട്ട് സബ്ജക്ട് കമ്മിറ്റി കണ്ടെത്തിയ നിഗമനങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. കേന്ദ്ര വകുപ്പുമന്ത്രിയെ സന്ദർശിക്കുന്ന അവസരത്തിൽ ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.-യും ഒപ്പമുണ്ടായിരുന്നു. കേരളത്തിന് യാതൊരു അഭിപ്രായ വ്യത്യാസവുമില്ലാത്ത ഈ കാര്യത്തിൽ കേന്ദ്രം നിഷേധാത്മകമായ നിലപാട് സ്വീകരിച്ചപ്പോൾ കർഷക സമൂഹത്തെ എപ്രകാരം സഹായിക്കാൻ കഴിയുമെന്ന കാര്യമാണ് ഞങ്ങൾ പിന്നീട് ആലോചിച്ചത്. അതിന്റെ ഭാഗമായി നടത്തിയ പരിശോധനയിലാണ് ഇത് കൺകറണ്ട് ലിസ്റ്റിൽപ്പെട്ട

നിയമമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടത്. ആ നിയമത്തിൽ ഭേദഗതി വരുത്തണമെങ്കിൽ ഏറ്റവും ഒടുവിൽ ആ ഭേദഗതി ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടിവരുമെന്ന് ചില നിയമവിദഗ്ധർ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇക്കാര്യം എ.ജി.-യോടും മറ്റ് നിയമവിദഗ്ധരോടും കേരളത്തിന്റെ നിയമവകുപ്പുമായും ചർച്ച ചെയ്തപ്പോൾ ഇങ്ങനെയൊരു നിയമഭേദഗതി അവതരിപ്പിക്കുന്നതിന് മറ്റ് തടസ്സങ്ങൾ ഒന്നുംതന്നെയില്ലെന്ന ഉപദേശമാണ് ഞങ്ങൾക്ക് ലഭിച്ചത്. അതിന്റെ ഭാഗമായാണ് ഇത്തരത്തിലുള്ള ബിൽ കൊണ്ടുവന്നത്. കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്ന ഒരു ഭേദഗതിയാണ് നമുക്ക് പ്രധാനമായും വേണ്ടത്. അങ്ങനെ വന്നാൽ മറ്റ് നടപടികളൊന്നും ഇല്ലാതെതന്നെ അക്രമകാരികളായ കാട്ടുപന്നികളെ വെടിവച്ച് കൊല്ലാൻ സാധിക്കും. സഭയിലെ പല അംഗങ്ങളുടെയും സംസാരത്തിൽ, പരസ്യമായി എന്ന് ഞാൻ പറയുന്നില്ല, അതിന്റെ ഇറച്ചി ഭക്ഷിക്കാനും കഴിയുന്ന ഒരു സാഹചര്യമുണ്ടാക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. അതാണ് ശരിയായ വഴിയെന്ന് ഞാനും കരുതുന്നു. കേന്ദ്രമന്ത്രിയും മന്ത്രിസഭയിലെ ഉദ്യോഗസ്ഥരും കേരളത്തിൽ വന്നപ്പോൾ ടി വിഷയത്തിൽ എല്ലാ അധികാരവും സംസ്ഥാന സർക്കാരിനുണ്ടെന്നും സംസ്ഥാന സർക്കാരിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്നും പറയുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിലേക്ക് രണ്ട് കത്തുകളയച്ചു. മന്ത്രിയെന്ന നിലയിൽ കേന്ദ്ര പരിസ്ഥിതി, വനം മന്ത്രാലയത്തിന്റെ ചുമതലയുള്ള ക്യാബിനറ്റ് മന്ത്രിക്കാണ് ഞാൻ കത്തയച്ചത്. ക്യാബിനറ്റിന്റെ നിർദേശമനുസരിച്ച്, അവിടത്തെ സെക്രട്ടറിക്കും കത്തയച്ചു. രണ്ടു കത്തുകൾക്കും രണ്ട്

തരത്തിലുള്ള മറുപടിയാണ് ലഭിച്ചത്. കേന്ദ്രമന്ത്രിയുടെ കത്തിൽ അധികാരമുണ്ടെന്ന് പറയുകയും എന്നാൽ സെക്രട്ടറിയുടെ കത്തിൽ അധികാരമില്ലെന്ന് പറയുകയും ചെയ്യുന്ന രണ്ട് നയം സ്വീകരിച്ചുകൊണ്ട് കേരളത്തിലെ ജനങ്ങളെ രണ്ട് തരത്തിൽ തെറ്റിദ്ധരിപ്പിച്ച് സർക്കാർ വിരുദ്ധ മനോഭാവം വളർത്തുന്നതിനുള്ള രാഷ്ട്രീയ ഗൂഢാലോചനവരെ നടത്തിയെന്ന് ഈ ഘട്ടത്തിൽ പറയാതിരിക്കാൻ കഴിയില്ല. അതുകൊണ്ട് ജനങ്ങൾക്കേറെ ആശ്വാസം നൽകുന്ന ഈ രണ്ട് ബില്ലുകളും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. സബ്ജക്ട് കമ്മിറ്റി മുമ്പാകെ വരുന്ന ഭേദഗതികളും ശിപാർശകളുംകൂടി പരിഗണിച്ചതിനുശേഷം സഭയിൽ വീണ്ടും അവതരിപ്പിക്കുക എന്ന നടപടിക്രമം പാലിച്ചുകൊണ്ടുതന്നെ നമുക്ക് ഈ ബിൽ നിയമവിധേയമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതിന് എല്ലാവരുടെയും പിന്തുണ ഞാൻ അഭ്യർഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: രണ്ട് ബില്ലുകളും സംബന്ധിച്ച ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്.

ശ്രീ. വി. ജോയി: സർ, 2025-ലെ കേരള വന (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2025 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഗവൺമെന്റ് വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങൾ ഒഴികെയുള്ള സ്വകാര്യ ഭൂമികളിൽനിന്ന് ചന്ദനമരങ്ങൾ മുറിക്കുന്നതിനുള്ള നിയന്ത്രണങ്ങളിൽ ഇളവ് വരുത്തുന്നതിനും ഭൂവുടമകൾക്ക് വനം വകുപ്പ് മുഖേന ചന്ദനമരങ്ങൾ വിൽക്കാനുള്ള അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട ബില്ലാണ് ഇവിടെ അവതരിപ്പിച്ചത്. ചന്ദനം പ്രകൃതിയുടെ ഒരു

വരദാനമാണ്. കേരളത്തിന്റെ സംസ്കാര സുഗന്ധമാണ് ചന്ദനം എന്ന് നമുക്ക് പറയേണ്ടിവരും. ചന്ദനത്തിന്റെ സൗമ്യമായ വാസന ആരെയും മത്ത് പിടിപ്പിക്കുമെന്ന് മാത്രമല്ല, വല്ലാതെ കൊതിപ്പിക്കുകയും ചെയ്യുന്നതാണ്. അതിന്റെ ഔഷധ ഗുണങ്ങളെക്കുറിച്ച് പറഞ്ഞാൽ തീരില്ല. മറയൂർ ചന്ദനം അതിപ്രശസ്തമാണ്. ദേവാലയങ്ങളിലെ ചന്ദനക്കൂട്ടും ചന്ദനത്തിരിയും ഒരു കാലത്തും നമുക്ക് ഒഴിവാക്കാൻ സാധിക്കില്ല. ഒരു കിലോ ചന്ദനത്തിന്റെ കാതലിന് 8500 രൂപയിലധികം വില വരും. ഒരു മരത്തിൽ ശരാശരി 7 കിലോ കാതൽ അല്ലെങ്കിൽ ചിലപ്പോൾ അതിനു മുകളിലും ഉണ്ടാകും. അങ്ങനെയാണെങ്കിൽ 60,000 രൂപ വരെ വില ലഭിക്കും. ഒരു ഏക്കറിൽ 140-160 ചന്ദനമരം വരെ നട്ട് കൃഷി ചെയ്താൽ ഏതാണ്ട് ഒരു കോടി രൂപ വരെ ആദായം ലഭിക്കും. കേരളത്തിന്റെ കാലാവസ്ഥയുമായി പൊരുത്തപ്പെട്ടുപോകുന്ന മരമാണ് ചന്ദനം. ഇത്രയേറെ വിലയുള്ളതുകൊണ്ടാണ് ചന്ദനം കടത്തുകയും മോഷ്ടിക്കപ്പെടുകയും ചെയ്യുന്നത്. മറയൂരിൽ മാത്രമല്ല, ഗ്രാമപ്രദേശങ്ങളിലും നാട്ടിൻപുറങ്ങളിലുമെല്ലാം ചന്ദനമരം നിൽക്കുന്ന സ്ഥലങ്ങൾ കണ്ടുപിടിച്ച് രാത്രിസമയങ്ങളിൽ മുറിച്ചുകൊണ്ട് പോകുന്നത് പതിവാണ്. ചന്ദനത്തിന് വലിയ വിലയാണ് ലഭിക്കുന്നത്. യു.ഡി.എഫ്. ഭരണകാലത്ത് ഒരു മന്ത്രി പത്രസമ്മേളനത്തിൽ പറഞ്ഞത്, താൻ ചാർജ് എടുക്കുമ്പോൾ പ്രതിമാസം 15 കോടി രൂപയുടെ നഷ്ടം ഉണ്ടായിരുന്നുവെന്നാണ്. ചന്ദനമരം മുറിച്ചുമാറ്റുന്നതിനെക്കുറിച്ചാണ് അദ്ദേഹം ഉദ്ദേശിച്ചത്. യു.ഡി.എഫ്.-ന്റെ കാലത്ത് മൂന്നര വർഷം കഴിഞ്ഞിട്ടാണ് അദ്ദേഹം ഈ വകുപ്പ് കൈകാര്യം ചെയ്തത്. ആ മൂന്നര വർഷക്കാലംകൊണ്ട് 2500 കോടി രൂപയുടെ നഷ്ടം സംഭവിച്ചുവെന്ന് നമുക്ക് മനസ്സിലാക്കാൻ

സാധിക്കും. നമ്മുടെ നാട്ടിൽ അനധികൃതമായി പ്രവർത്തിക്കുന്ന ധാരാളം ചന്ദന ഫാക്ടറികളുണ്ട്. അതിൽ പ്രധാനമായും 10-12 ചന്ദന ഫാക്ടറികളുള്ളത് പാലക്കാടാണ്. ചന്ദനതൈലം വാറ്റിയെടുക്കുകയാണ് ചെയ്യുന്നത്. ചന്ദനത്തൈലത്തിന്റെ ഒരു തുള്ളി നമ്മൾ കൈത്തണ്ടയിലോ ശരീരത്തിലോ ശരീരഭാഗങ്ങളിലോ തേച്ചാൽ അന്ന് മുഴുവൻ അതിന്റെ സുഗന്ധം നിലനിൽക്കും. അതുകൊണ്ടുതന്നെ ചന്ദനത്തിന് അതിപ്രാധാന്യമുണ്ട്. ഹൈക്കോടതി പല ഘട്ടങ്ങളിലും അനധികൃത ചന്ദന ഫാക്ടറികൾക്കെതിരെ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. പക്ഷേ അന്നത്തെ ഭരണസമിതികളൊന്നും വേണ്ടരീതിയിലുള്ള നടപടികൾ സ്വീകരിച്ചില്ല. മറയൂരിലെ ചന്ദനമാണ് ഏറ്റവും മേന്മയേറിയതായി കണക്കാക്കപ്പെടുന്നത്. എന്തിനും തയ്യാറായി നിൽക്കുന്ന ചന്ദന മാഫിയകൾ പ്രധാനമായും അവ മറയൂരിൽനിന്ന് അടിച്ചുമാറ്റുകയാണ് ചെയ്യുന്നത്. വനപാലകരെപോലും ആക്രമിച്ചു കൊലപ്പെടുത്താൻ ശ്രമിക്കുന്ന സാഹചര്യം പലപ്പോഴും ഉണ്ടായിട്ടുണ്ട്. ചന്ദനത്തിന്റെ വിലക്കുടുതലാണ് ഇത്തരം ചില കാര്യങ്ങൾ ചെയ്യാൻ ഇവരെ പ്രേരിപ്പിക്കുന്നത്. നമ്മുടെ നാട്ടിൽ വീടുകളിൽ ചന്ദനം വച്ചുപിടിപ്പിക്കാൻ കഴിയും. പക്ഷേ വീടുകളിൽ ചന്ദനം വളർത്തിയാലും പിന്നീട് അത് മുറിച്ചുവിൽക്കുന്നതിന് പ്രയാസം നേരിടേണ്ടിവരും. അത് മറികടക്കുന്നതിന് വേണ്ടിയാണ് ഇപ്പോൾ ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ചന്ദന മാഫിയയ്ക്കെതിരെ മുഖംനോക്കാതെ നടപടി സ്വീകരിക്കേണ്ടതുണ്ട്. ഈ ബില്ലിന്റെ ഭാഗമായി നമുക്ക് വീടുകളിൽ ചന്ദനം വച്ചുപിടിപ്പിക്കാനും വനപാലകരുടെ സഹായത്തോടുകൂടി വിൽക്കാനും കഴിയുന്ന നിലയിലേക്ക് കാര്യങ്ങൾ എത്തിയിട്ടുള്ളത് സ്വാഗതാർഹമാണ്. 2025-ലെ വന്യജീവി

സംരക്ഷണം (കേരള ഭേദഗതി) ബില്ലും 2025-ലെ കേരള വന (ഭേദഗതി) ബില്ലും ഒരുമിച്ചാണ് ഇവിടെ ചർച്ചയ്ക്കെടുക്കുന്നത്. കഴിഞ്ഞ കുറെ വർഷങ്ങളായി നമ്മുടെ നാട്ടിൽ കാട്ടുമൃഗങ്ങളെക്കൊണ്ടുള്ള ശല്യം അതീവഗുരുതരമായി തുടരുകയാണ്. അതിൽ പന്നിക്കൂട്ടങ്ങൾ, ആന, കടുവ, പുലി, കാട്ടുപോത്ത് എന്നീ മൃഗങ്ങൾ നാട്ടിലെ ജനങ്ങളെ ആക്രമിക്കുകയാണ്. ഇവയെക്കൊണ്ട് പൊറുതിമുട്ടിയിരിക്കുന്ന സന്ദർഭത്തിൽ ഇങ്ങനെയൊരു ബിൽ കൊണ്ടുവരുന്നത് അല്പം ആശ്വാസം നൽകും. പ്രത്യേകിച്ചും ഈ ബിൽ പാസായാൽ ആക്രമണകാരികളായ പന്നികളെ വെടിവച്ചുകൊല്ലാൻ കഴിയുന്ന തരത്തിലേക്ക് നിയമം മാറുമെന്നത് നമുക്ക് ഗുണകരമായിരിക്കും. ഇതിനുപുറമെ കാട്ടിലെ നിരുപദ്രവകാരികളായ മാൻ കൂട്ടങ്ങളുണ്ട്. ഇവ പാവപ്പെട്ട മൃഗങ്ങളാണ്. എന്നാൽ നാട്ടിൽ ചില ആപൽകാരികളും അപകടകാരികളുമായ മാൻകൂട്ടങ്ങളുണ്ട്. ഇത്തരം മാൻകൂട്ടങ്ങളെക്കൊണ്ട് കേരളീയ ജനത പൊറുതിമുട്ടിയ സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. സ്വന്തം അച്ഛനെക്കാൾ പ്രായമുള്ള ആളുകളെ “എടോ” എന്ന് അഭിസംബോധന ചെയ്യുന്ന മാൻകൂട്ടവും ഈ നാട്ടിലുണ്ട്. ഔദ്യോഗിക കൃത്യനിർവഹണത്തിന്റെ ഭാഗമായി തിരഞ്ഞെടുപ്പ് സമയത്ത് വാഹനം ഉദ്യോഗസ്ഥൻ തടഞ്ഞതിനെത്തുടർന്ന് ആ ഉദ്യോഗസ്ഥനോട് “നിന്റെ സർവീസിന്റെ പാരിതോഷികം ഞാൻ തരാം” എന്ന് പറഞ്ഞതും ഒരു മാൻകൂട്ടമാണ്. ആ ഉദ്യോഗസ്ഥൻ വല്ലാതെ വിഷമിച്ചുപോയി. ദൈവമുണ്ടോ ഇല്ലയോയെന്ന് എനിക്ക് പറയാൻ കഴിയില്ല. പക്ഷേ പണി കിട്ടി, അദ്ദേഹത്തിന്റെ കരച്ചിൽ നന്നായി ഏറ്റുവെന്നാണ് സൂചിപ്പിക്കാനുള്ളത്. മാനുകൾ ഉയരത്തിൽ ചാടാറുണ്ട്; തന്നെക്കാൾ പൊക്കമുള്ള

അല്ലെങ്കിൽ ആറ്-ഏഴ് അടി പൊക്കമുള്ള തെങ്ങിന്റെ മുകളിലൂടെയൊക്കെ മാൻക്കൂട്ടം ചാടാറുണ്ട്; ഇവിടെയും അവർ ചാടുകയാണ്. തിരുവനന്തപുരത്തു നിന്ന് എറണാകുളത്തേക്കും എറണാകുളത്ത് നിന്ന് തൃശ്ശൂരിലേക്കുമൊക്കെ ചാടുകയാണ്. ചിലപ്പോൾ ചാടുമ്പോൾ ബാംഗ്ലൂർ വരെ എത്താറുണ്ട്. ഇങ്ങനെ ചാടുന്നത് ശരിയല്ലെന്ന് കണ്ടുകൊണ്ട് മയക്ക് വെടിവയ്ക്കാൻ തീരുമാനിച്ചു. പക്ഷെ മയക്ക് വെടിവച്ചെങ്കിലും ഏറ്റില്ല. മയക്ക് വെടിവച്ചവരുടെ നേർക്ക് തന്നെ തിരിഞ്ഞുവന്ന അവസ്ഥയുണ്ടായി. കാട്ടിലെ പാവപ്പെട്ട മാൻക്കൂട്ടം വല്ലാതെ പേടിച്ച് വിറച്ചിരിക്കുകയാണ്. ഈ ബില്ലിന്റെ ഭാഗമായി ഉപദ്രവകാരികളായ ഏത് മൃഗത്തെയും വെടിവച്ച് കൊല്ലാനുള്ള നിലപാടുകൾ സ്വീകരിക്കേണ്ടതുണ്ട്. ഇവിടെ നിങ്ങൾ കൂടെയുള്ള ആളുകളെ കൊന്നുകൊണ്ടിരിക്കുകയാണല്ലോ. വളരെ മോശമായ കാര്യമാണ് നിങ്ങൾ ചെയ്യുന്നത്. എത്ര പേരെയാണ് കൊന്നത്? ശ്രീ. റോജി എം. ജോൺ, കോൺഗ്രസിന്റെ അവസ്ഥ വളരെ മോശമാണ്. ഞാൻ അതിനെക്കുറിച്ച് പറയാതിരിക്കുന്നതാണ് നല്ലത്. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് ചൂമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എ. പി. അനിൽ കുമാർ: സർ, 2025-ലെ കേരള വന (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ബഹുമാന്യനായ എ. കെ. എം. അഷ്റഫ് ഇന്ന് നിയമസഭാ കവാടത്തിൽ സത്യാഗ്രഹ സമരത്തിലായതുകൊണ്ടാണ് അദ്ദേഹത്തിനുവേണ്ടി ഞാൻ സംസാരിക്കുന്നത്. 2025-ലെ കേരള വന (ഭേദഗതി) ബിൽ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ എന്നിവയാണ് മന്ത്രി ഇവിടെ

അവതരിപ്പിച്ചത്. ചന്ദനമരങ്ങൾ വെട്ടിമാറ്റുന്നതിന് അധികാരം നൽകുന്നതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി ആദ്യത്തെ ബിൽ അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത്. പൊതുവെ എല്ലാവരും ആ കാര്യത്തോട് യോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. ഈ ബിൽ വായിച്ചപ്പോൾ എനിക്ക് മനസ്സിലാവാത്ത കാര്യമുണ്ട്. ഖണ്ഡം 2(സി)-യിൽ പറയുന്നത്, "വനം ഉദ്യോഗസ്ഥൻ" എന്നാൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററായോ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററായോ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററായോ ഫോറസ്റ്റ് കൺസർവേറ്ററായോ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററായോ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററായോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായോ വൈൽഡ് ലൈഫ് വാർഡനായോ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനായോ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായോ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായോ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായോ തടി ഡിപ്പോ ഓഫീസറായോ ബീറ്റ് ഫോറസ്റ്റ് ഓഫീസറായോ വാച്ചറായോ അല്ലെങ്കിൽ ഈ ആക്ടോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ പ്രകാരം വനം ഉദ്യോഗസ്ഥന്റെ ഏതെങ്കിലും ചുമതല നിർവഹിക്കുവാനായോ പേരു പറഞ്ഞോ, ഗവൺമെന്റിന്റെ ഉത്തരവുകൾമൂലമോ ഉത്തരവുകൾ പ്രകാരമോ, ഉദ്യോഗം വഹിക്കാനോ നിയമിക്കപ്പെടുന്ന ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു;" എന്നാണ്. അപ്പോൾ ഫോറസ്റ്റ് ഓഫീസർ എന്ന പദവി താഴെ തട്ടിലുള്ള വാച്ചർ മുതൽ മുകൾത്തട്ടിലുള്ള ഉദ്യോഗസ്ഥർക്കുവരെ നൽകുന്ന സാഹചര്യമാണ് വന്നിട്ടുള്ളത്. ചന്ദന മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട ഈ ബിൽ തുടങ്ങിയിരിക്കുന്നതുതന്നെ മേൽ

സൂചിപ്പിച്ചതുപ്രകാരമാണ്. ഇതിൽ ജീവനക്കാരുടെ താല്പര്യങ്ങൾ ഉണ്ടാവാം. സാധാരണ ജനങ്ങൾ ഇന്ന് വനംവകുപ്പിലെ ഉദ്യോഗസ്ഥരിൽനിന്ന് അനുഭവിക്കുന്ന പ്രയാസങ്ങൾ, ദുരിതങ്ങൾ, ബുദ്ധിമുട്ടുകൾ എന്നിവയെക്കുറിച്ച് അങ്ങേയ്ക്കും വ്യക്തമായി അറിയാമല്ലോ. ഇന്ന് ഏറ്റവും കൂടുതൽ ജനങ്ങൾ ഭയപ്പെടുന്നത് പോലീസിനെയാണോ എക്സൈസിനെയാണോ അതല്ലെങ്കിൽ മറ്റേതെങ്കിലും വിഭാഗത്തെയാണോ എന്ന് ചോദിച്ചാൽ വനംവകുപ്പ് ഉദ്യോഗസ്ഥരെയാണെന്ന് പറയാൻ കഴിയും. പോലീസിന്റെ കാര്യം നമുക്കറിയാം. അതിനെക്കാൾ കൂടുതൽ കാര്യങ്ങൾ വനം വകുപ്പുദ്യോഗസ്ഥർ ചെയ്തുകൊണ്ടിരിക്കുമ്പോൾ അവർക്ക് ഇത്തരമൊരു പദവി കൊടുത്തുകൊണ്ട് നിയമത്തിൽ മാറ്റം കൊണ്ടുവരുന്നതിനെക്കുറിച്ച് അങ്ങ് ബിൽ അവതരിപ്പിച്ച് സംസാരിച്ചപ്പോൾ ഒരു വാക്കുപോലും പറയാതെ പോയതിന്റെ കാരണമെന്താണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അദ്ദേഹം താഴെതട്ടിലുള്ള ജീവനക്കാരുടെ കാര്യം സൂചിപ്പിച്ചു. ഫോറസ്റ്റ് ഫോഴ്സിന്റെ ഏറ്റവും തലപ്പത്തിരിക്കുന്ന ഡിപ്പാർട്ട്മെന്റ് ഹെഡ്ഡാണ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് (HoFF). ആ ഉദ്യോഗസ്ഥന്റെ പേര് ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവിടെ അദ്ദേഹത്തിന്റെ പേര് ഒഴിവാക്കി അതിന് താഴെയുള്ള കുറേ അധികം ഉദ്യോഗസ്ഥരുടെ പേര് ഉൾപ്പെടുത്തിയിരിക്കുകയാണ്. അപ്പോൾ ഈ നിയമം എങ്ങനെയാണ് ശരിയാകുന്നത്?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഈ ഗവൺമെന്റ് തന്നെ പ്രിൻസിപ്പൽ ആക്ടിലെ 52-ാം വകുപ്പ് ഭേദഗതി ചെയ്തുകൊണ്ട് ഒരു ഡ്രാഫ്റ്റ് ബിൽ ഇവിടെ കൊണ്ടുവന്നു. അത്

നിയമസഭയിൽ അവതരിപ്പിക്കുന്നതിനുമുമ്പുതന്നെ വലിയ രീതിയിലുള്ള ആക്ഷേപമുണ്ടായി. കോൺഗ്രസിന്റെയും യു.ഡി.എഫ്.-ന്റെയും ഭാഗത്തുനിന്ന് മാത്രമല്ല, കേരള കോൺഗ്രസ് ഉൾപ്പെടെ ശക്തമായ വികാരം ആ ബില്ലിനെതിരെ പ്രകടിപ്പിച്ചു. ആ ബില്ലിൽ ബീറ്റ് ഓഫീസർ ഉൾപ്പെടെയുള്ളവർക്ക് ആരെയും അറസ്റ്റ് ചെയ്യാനും അവരെ retain ചെയ്യാനും 24 മണിക്കൂർ നേരം ചോദ്യംചെയ്യാനുമുള്ള അവസരം ഉണ്ടാകുമെന്ന രീതിയിലുള്ള ഒരു ഭേദഗതിയാണ് കൊണ്ടുവന്നത്. പ്രിൻസിപ്പൽ ആക്ടിലെ 52-ാം വകുപ്പ് ഭേദഗതി ചെയ്തുകൊണ്ടുള്ള നിയമം അങ്ങ് തന്നെയാണ് പിൻവലിച്ചത്. അതിനെക്കുറിച്ച് ഞാൻ ഈ സഭയിൽ ചോദിച്ചപ്പോൾ അങ്ങ് പറഞ്ഞത്, 2013-ൽ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന നിയമം തന്നെയാണ് ഞങ്ങൾ വീണ്ടും കൊണ്ടുവന്നത് എന്നാണ്. ആ കാര്യം തെറ്റായിരുന്നു എന്ന് ഞാൻ നിയമസഭയിൽ പറയുകയും അതിൽ അങ്ങ് ഖേദം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. 2013-ൽ യു.ഡി.എഫ്.-ന്റെ കാലത്ത് അത്തരമൊരു നിയമം തങ്ങൾ കൊണ്ടുവന്നില്ലെന്ന കാര്യം അങ്ങ് അംഗീകരിക്കുകയും അക്കാര്യത്തിൽ തെറ്റ് പറ്റിയതാണെന്ന് സഭയെ അറിയിക്കുകയും ചെയ്തു. ഞാൻ ഇവിടെ സൂചിപ്പിക്കാൻ ഉദ്ദേശിക്കുന്നത്, അന്ന് കൊണ്ടുവന്ന അല്ലെങ്കിൽ നിങ്ങളുടെ മുന്നണിയിൽപ്പെട്ടവർ ഉൾപ്പെടെയുള്ളവരുടെ പ്രതിഷേധത്താൽ പിൻവലിക്കപ്പെട്ട ഈ നിയമം, ഇന്ന് ചന്ദന മരങ്ങൾ മുറിക്കുന്നതിനുള്ള ഈ ബില്ലിലൂടെ ഒരു കള്ളക്കടത്ത് നടത്തുന്നു എന്നുള്ളതാണ്. ഇന്ന് ഈ നിയമ ഭേദഗതിയിലൂടെ വനം വകുപ്പുദ്യോഗസ്ഥർക്ക് ഫോറസ്റ്റ് ഓഫീസർ എന്ന പദവി നൽകുമ്പോൾ, നിലവിലുള്ള ആക്ട് പ്രകാരം ഫോറസ്റ്റ് ഓഫീസർക്ക് എന്തെല്ലാം

കാര്യങ്ങൾ ചെയ്യാൻ കഴിയുമോ, അവയെല്ലാം ചെയ്യാനുള്ള അവസരമൊരുക്കുകയാണ് ചെയ്യുന്നത്. നിലവിലുള്ള, ഫോറസ്റ്റ് ഓഫീസർ എന്ന ഡെഫനിഷനിൽ വരുന്ന മാറ്റം എല്ലാ വിഭാഗം ജീവനക്കാർക്കും ലഭിക്കുമെന്ന് മാത്രമല്ല; ഒരു ഫോറസ്റ്റ് ഓഫീസർക്ക് ആ ഡഫനിഷനിലൂടെ നൽകിയിരിക്കുന്ന എല്ലാ അധികാരവും താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് പോകുന്ന അവസ്ഥയാണ് ഉണ്ടാകാൻ പോകുന്നത്. നിലവിലുള്ള ഉയർന്ന ഉദ്യോഗസ്ഥരുടെ അധികാരംപോലും സാധാരണ മലയോര മേഖലയിലുള്ളവർക്ക് ഉൾക്കൊള്ളാൻ കഴിയുന്നില്ല. ഇക്കാര്യങ്ങൾ ശ്രീ. റോഷി അഗസ്റ്റിൻ ശ്രദ്ധിക്കേണ്ട കാര്യമാണ്. നിങ്ങളും കൂടി അന്ന് ശബ്ദം ഉയർത്തി പ്രതിഷേധം അറിയിച്ചതിന്റെ ഫലമായാണ് ബിൽ അന്ന് ഗവൺമെന്റ് തിരിച്ചെടുത്തത്. ആ ബിൽ ഇന്ന് മറ്റൊരു രീതിയിലൂടെ അവതരിപ്പിച്ചിരിക്കുകയാണ്. അക്കാര്യങ്ങളെല്ലാം മനസ്സിലാക്കിക്കൊണ്ടാണോ കേരള കോൺഗ്രസ് ഉൾപ്പെടെയുള്ളവർ മൗനം പാലിക്കുന്നതെന്ന് എനിക്കറിയില്ല.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, അങ്ങ് ബില്ലിലെ ഏത് ഭാഗമാണ് ഉന്നയിക്കുന്നത്?

ശ്രീ. എ. പി. അനിൽ കുമാർ: സർ, വനം നിയമവുമായി ബന്ധപ്പെട്ട കാര്യത്തെക്കുറിച്ച് ആര് സംസാരിച്ചാലും അങ്ങ് വളരെ ശ്രദ്ധയോടെ കേട്ടിരിക്കേണ്ട ആളാണ്. ഈ നിയമത്തിൽ വാച്ചർ മുതലുള്ള ഉദ്യോഗസ്ഥർക്ക് ഫോറസ്റ്റ് ഓഫീസർ എന്ന ഡെസിഗ്നേഷനും സ്റ്റാറ്റസും നൽകുന്ന സാഹചര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചില്ല. ഇങ്ങനെ ചെയ്യുമ്പോൾ നിലവിലുള്ള ആക്ടിലെ അധികാരങ്ങൾ താഴെത്തട്ടിലേക്ക് പോകുന്ന

സാഹചര്യമുണ്ടാകും. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം എന്തുകൊണ്ട് പറഞ്ഞില്ല? അപ്പോൾ ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ നിലപാടിനോട് താല്പര്യമുണ്ടെന്നാണ് മനസ്സിലാക്കേണ്ടത്. മുമ്പുകൊണ്ടുവന്ന നിയമം എതിർപ്പിന്റെ പേരിൽ മാറ്റിവയ്ക്കുകയാണ് ചെയ്തത്. എന്നാൽ ഈ ഗവൺമെന്റ് വീണ്ടും ഈ വിഷയം ചന്ദനമരങ്ങളുമായി ബന്ധപ്പെടുത്തി കൊണ്ടുവരാൻ ശ്രമിക്കുകയാണ്. മലയോര മേഖലയിലെ സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം വലിയ ബുദ്ധിമുട്ടും പ്രയാസവും ഉണ്ടാക്കാൻ സാധ്യതയുള്ളതാണ് ഈ പുതിയ നിയമമെന്നുകൂടി ഓർക്കണം. അതുകൊണ്ട് ഇക്കാര്യത്തിൽ എപ്രകാരം നിയന്ത്രണം വരുത്താമെന്നതിനെക്കുറിച്ച് ആലോചിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ശ്രീ. എ. കെ. എം. അഷ്റഫ് എൽപ്പിച്ച ഉത്തരവാദിത്വം പരിണിതപ്രജ്ഞനായ അങ്ങ് വളരെ ഭംഗിയായി നിർവഹിച്ചുകൊണ്ടിരിക്കുന്നതിനെ ഞാൻ അഭിനന്ദിക്കുന്നു. ശ്രീ. എ. കെ. എം. അഷ്റഫിന് സഭയിൽവന്ന് സംസാരിക്കാൻ കഴിയാത്ത സാഹചര്യത്തെക്കുറിച്ച് നമുക്കറിയാം. അദ്ദേഹവും ശ്രീ. സനീഷ്കുമാർ ജോസഫും ഈ സഭയുടെ കവാടത്തിൽ നീതിക്കും ധർമ്മത്തിനും ജനാധിപത്യ സംരക്ഷണത്തിനുംവേണ്ടി നടത്തുന്ന വലിയൊരു പോരാട്ടത്തിന് അഭിവാദ്യം അർപ്പിക്കുകയാണ്. ശ്രീ. എ. കെ. എം. അഷ്റഫ് ഇന്നത്തെ ചർച്ചയിൽ പങ്കെടുക്കുതിരുന്നെങ്കിൽ അദ്ദേഹം ചന്ദനത്തെക്കാൾ പ്രാധാന്യമേറിയ ഒരു വിഷയത്തെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുമായിരുന്നു. അത് വിഷയവുമായി ബന്ധമില്ലാത്തതാണെന്ന് നമുക്ക് തോന്നാമെങ്കിലും ജനങ്ങളെ ബാധിക്കുന്ന വലിയൊരു

പ്രശ്നമാണ്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തെ മാത്രമല്ല, കാസർഗോഡ് ജില്ലയെ മുഴുവൻ ബാധിക്കുന്ന ഒരു പ്രശ്നമെന്ന നിലയിൽ അത് നമ്മൾ കണക്കിലെടുത്തേ മതിയാകൂ. അദ്ദേഹത്തിന്റെ മണ്ഡലത്തിലെ ആരിക്കാടിയിൽ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഒരു ടോൾ പ്ലാസ നിർമ്മിക്കുന്നുണ്ട്. ഈ ടോൾ പ്ലാസ ജനവിരുദ്ധമാണെന്ന് മാത്രമല്ല, ജനങ്ങളെ ബാധിക്കുന്നതും പുലിയെക്കാൾ ഭയക്കേണ്ടതുമായ പ്രശ്നമാണ്. ജനങ്ങൾ ഇതിനെതിരെ വലിയൊരു പ്രക്ഷോഭം നടത്തിയിരുന്നു; ഇപ്പോഴും അവർ സമരത്തിലാണ്. 60 കിലോമീറ്ററിനുള്ളിൽ ഒരു ടോൾ പ്ലാസ മാത്രമെ ഉണ്ടാകാൻ പാടുള്ളൂവെന്ന് ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിതന്നെ ലോക്സഭയിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ തലപ്പാടി കഴിഞ്ഞ് ആരിക്കാടിവരെ 22 കിലോമീറ്റർ ദൂരം മാത്രമെയുള്ളൂ. 22 കിലോമീറ്ററിനുള്ളിൽ വീണ്ടും മറ്റൊരു ടോൾ പ്ലാസ നിർമ്മിക്കുകയാണ്. പെരിയ ഭാഗത്ത് വർക്ക് ഏറ്റെടുത്തിരിക്കുന്ന മെഗാ കൺസ്ട്രക്ഷൻ കമ്പനിക്ക് അതിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതുകൊണ്ട് അതിനുള്ള ശിക്ഷയെന്ന നിലയിൽ ഇത് ജനങ്ങളുടെമേൽ വയ്ക്കുകയാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ശ്രീ. എൻ. എ. നെല്ലിക്കുന്ന് സൂചിപ്പിച്ച ശ്രീ. എ. കെ. എം. അഷ്റഫിന്റെ മണ്ഡലത്തിലെ വിഷയം തീർച്ചയായും വളരെ ഗൗരവത്തോടുകൂടി ഗവൺമെന്റ് കാണേണ്ടതാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഈ ബില്ലിൽ ഞാൻ ശ്രദ്ധിച്ചതും മനസ്സിലാക്കിയതുമനുസരിച്ച്, ആദ്യം സൂചിപ്പിച്ച ക്ലോസിൽ മാറ്റം വരുത്തിയിട്ടില്ല. ഇവിടെ സാധാരണ പോലീസ് കോൺസ്റ്റബിളിനെ സിവിൽ പോലീസ് ഓഫീസർ

എന്നുപറയുന്നതുപോലെ വനം ഉദ്യോഗസ്ഥന്റെ സ്റ്റാറ്റസിൽ മാറ്റം വരുത്തിയെന്നല്ലാതെ നേരത്തെ നിലനിന്നിരുന്ന അധികാരത്തിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല.

**[അധ്യക്ഷവേദിയിൽ മി. സ്പീക്കർ]**

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി മനസിലാക്കിയ പരിമിതിയെക്കുറിച്ച് ഞാൻ പറയുന്നില്ല; പക്ഷേ ഇത് വളരെ അപകടകരമായ കാര്യമാണ്, ഫോറസ്റ്റ് ഉദ്യോഗസ്ഥരെക്കുറിച്ച് നമുക്ക് അറിയാം. വേട്ടയാടാനുള്ള പെർമിഷനും അംഗീകാരവും ലൈസൻസും വേണമെന്ന് ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. യഥാർഥത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥരുടെ വേട്ടയാടൽ നിയന്ത്രിക്കേണ്ടതുണ്ട്. മൃഗങ്ങളെ വേട്ടയാടുന്നതിനെക്കാൾ ക്രൂരമായാണ് അവർ മനുഷ്യരെ വേട്ടയാടിക്കൊണ്ടിരിക്കുന്നത്. ഏതെങ്കിലും ഒരു വീട്ടിൽ പന്നിയിറച്ചി കണ്ടാൽ വീടിനകത്ത് അടുക്കളയിൽക്കയറി കാണിക്കുന്ന ക്രൂരകൃത്യങ്ങളൊക്കെ നമ്മൾ കാണുന്നുണ്ട്. ഭൂരിഭാഗം വനം വകുപ്പുദ്യോഗസ്ഥരും ഇത്തരം കാര്യങ്ങൾ ചെയ്യുന്നവരാണ്. എല്ലാവരെക്കുറിച്ചും ഞാൻ പറയുന്നില്ല, കാരണം അതിൽ നല്ല ആൾക്കാരുമുണ്ടാകും. വനം വകുപ്പിലെ താഴെത്തട്ടിലുള്ള അത്തരം ഉദ്യോഗസ്ഥർക്ക് ഈ ബില്ലിലൂടെ കൂടുതൽ അധികാരവും സ്റ്റാറ്റസും കൊടുക്കുകയാണ്. അങ്ങനെ ഒന്നുമില്ലെന്ന് നിങ്ങൾ കൈവച്ച് ആംഗ്യം കാണിച്ചിട്ട് കാര്യമില്ല. നിങ്ങൾ നിയമം മനസിലാക്കണം. നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രി ബിൽ അവതരിപ്പിക്കുമ്പോൾ അതിലുള്ള ഈ ഭേദഗതി നിർദ്ദേശത്തെക്കുറിച്ച് ഒരു വരിയെങ്കിലും പറയണ്ടേ? എന്നാൽ ബഹുമാനപ്പെട്ട മന്ത്രി ബോധപൂർവം ഇതിനെക്കുറിച്ച് പറയാതെ ചന്ദന മരത്തെക്കുറിച്ച്

മാത്രമാണ് പറഞ്ഞത്. ഇക്കാര്യത്തെക്കുറിച്ച് നിങ്ങൾ നിയമം പരിശോധിച്ച് ബോധ്യപ്പെടണമായിരുന്നു. കൂടുതൽ അധികാരം കൊടുക്കുന്ന സാഹചര്യമുണ്ടായാൽ അത് വലിയ പ്രയാസമുണ്ടാക്കുമെന്നാണ് ഞാൻ പറയുന്നത്. അതുകൊണ്ട് ഇക്കാര്യം ഗവൺമെന്റ് വളരെ ഗൗരവത്തോടെ കാണണമെന്ന് സൂചിപ്പിക്കുന്നു.

Dr. Mathew Kuzhalnadan: Sir, Amendment of section 2- ൽ പറയുന്നത്, "Forest Officer" means any person appointed by name or as holding an office by or under the orders of the Government to be a Principal Chief Conservator of Forests, Additional Principal Chief Conservator of Forests, Chief Conservator of Forests, Conservator of Forests, Deputy Conservator of Forests, Assistant Conservator of Forests, Divisional Forest Officer, Wildlife Warden, Assistant Wildlife Warden, Range Forest Officer, Deputy Range Forest Officer, Section Forest Officer, Timber Depot Officer, Beat Forest Officer, Watcher or to discharge any function of a Forest Officer under this Act or any rules made thereunder;" എന്നാണ്. ഈ ബില്ലിലൂടെയാണ് ആദ്യമായി വാച്ചർക്ക് ഫോറസ്റ്റ് ഓഫീസറുടെ സ്റ്റാറ്റസ് നൽകിയിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി അങ്ങനെ ഇല്ലെന്നു പറഞ്ഞതുകൊണ്ടാണ് ഞാൻ ഇക്കാര്യം പറഞ്ഞത്. ഇത് കാബിനറ്റ് മുമ്പാകെ വന്നപ്പോൾ ഫോറസ്റ്റ് ഓഫീസറുടെ ഡഫനിഷനിൽ 'വാച്ചർ' ഉൾപ്പെട്ടിട്ടുള്ള കാര്യം അങ്ങ് ശ്രദ്ധിച്ചില്ലേ? ഇതിൽ വാച്ചർക്ക് ഫോറസ്റ്റ് ഓഫീസറുടെ സ്റ്റാറ്റസും ഡസിഗ്നേഷനും അധികാരവും

കൊടുക്കുകയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, സ്റ്റാറ്റസ് നൽകുന്നത് എങ്ങനെയാണ് അധികാരമെന്ന് പറയാൻ സാധിക്കുന്നത്?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ചന്ദന മരങ്ങൾ വെട്ടിമാറ്റാൻ നിലവിലുള്ള തടസ്സങ്ങൾ നീക്കുന്നതിനുവേണ്ടിയുള്ള ഒരു നിയമം എന്ന നിലയ്ക്ക് സ്വാഭാവികമായും എല്ലാവരും ഈ ബില്ലിനെ പൂർണ്ണമായും സ്വാഗതം ചെയ്യുമെന്നുള്ളതിൽ തർക്കമില്ല. അതോടൊപ്പം വലിയ രീതിയിൽ കേരളം ചർച്ച ചെയ്തതും മലയോര മേഖലയിലെ ജനങ്ങൾ ആശങ്കയോടുകൂടി കണ്ടിരുന്നതുമായ ഒരു നിയമം നേരത്തെ ഇവിടെ കൊണ്ടുവന്നപ്പോൾ അതിനെതിരെ പൊതുവികാരം ഉണ്ടായതിനെത്തുടർന്ന് ടി നിയമം ഗവൺമെന്റ് പിൻവലിക്കുകയും ചെയ്തു. അന്നത്തെ നിയമത്തിലുണ്ടായിരുന്ന ക്ലോസുകൾ തന്നെയാണ് ഈ നിയമത്തിൽ ചന്ദന മരങ്ങൾ വെട്ടിമുറിക്കുന്നതുമായി ബന്ധപ്പെട്ട ഭേദഗതികളിലൂടെ കൊണ്ടുവരുന്നത്. അത് ഗവൺമെന്റ് ഗൗരവത്തോടുകൂടി കാണണം. എത്രത്തോളം അധികാരമാണ് ഫോറസ്റ്റ് ഓഫീസർക്ക് കൊടുക്കാൻ ഉദ്ദേശിക്കുന്നതെന്നും നിലവിലുള്ള ആക്ടിൽ ഫോറസ്റ്റ് ഓഫീസർക്ക് എത്രമാത്രം അധികാരം നൽകിയിട്ടുണ്ടെന്നതും സംബന്ധിച്ച് പരിശോധിക്കപ്പെടേണ്ടതുണ്ട്. 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബില്ലിന് പൊതുസമൂഹം വളരെ പ്രധാന്യം നൽകുന്നുണ്ടെന്ന തരത്തിലാണ് അങ്ങ് അവതരിപ്പിച്ചത്. ഞാൻ വണ്ടൂർ നിയോജകമണ്ഡലത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്.

എന്റെ മണ്ഡലത്തിലെ കാളികാവ്, ചോക്കാട്, കരുവാരക്കുണ്ട് എന്നീ മൂന്ന് പഞ്ചായത്തുകളെക്കുറിച്ച് പറയാൻ ഒരു മണിക്കൂറെങ്കിലും വേണ്ടിവരും. അവിടെ അത്രമാത്രം രൂക്ഷമായ വന്യമൃഗശല്യമാണ് നിലനിൽക്കുന്നത്. ചെറുപ്പക്കാരുൾപ്പെടെ എത്രയോ ആളുകൾ വന്യമൃഗ ആക്രമണത്തിൽ മരണപ്പെടുകയുണ്ടായി. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ ശക്തമായ നിയമം ഉണ്ടാകണമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. നിങ്ങൾ ഇപ്പോൾ കൊണ്ടുവന്ന ഈ നിയമത്തെ ഞങ്ങൾ ശക്തമായി എതിർക്കുന്നില്ല; അതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. എന്നാൽ ഇപ്പോൾ ഈ ഭേദഗതി കൊണ്ടുവരുന്നത് എന്ത് ഉദ്ദേശ്യത്തിലാണ്; സദുദ്ദേശത്തിലാണോ? അല്ല; ദുരുദ്ദേശത്തിലാണ്. ഒരു തിരഞ്ഞെടുപ്പിന് ആറുമാസം മാത്രം ബാക്കിനിൽക്കെ ഇത്തരമൊരു നിയമം കൊണ്ടുവന്ന് സഭയിൽ പാസാക്കി അംഗീകാരം ലഭിക്കണമെങ്കിൽ എത്തെല്ലാം കടമ്പകൾ കടക്കണം? ഈ നിയമസഭയുടെ കാലാവധി കഴിയുമ്പോൾ അത് ലഭിക്കുമോയെന്ന സംശയം ഒരുഭാഗത്ത് നിൽക്കുകയാണ്. ഇതിന് നമുക്ക് ഗവർണ്ണറുടെയും പ്രസിഡന്റിന്റെയും അസന്റ് വേണം. ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുമ്പോൾ അടുത്ത ഗവൺമെന്റ് അധികാരത്തിൽ വരുമെന്ന് എല്ലാവർക്കും അറിയാം. ആ സാഹചര്യത്തിൽ നിങ്ങൾ ജനങ്ങളെ ഇപ്രകാരം വഞ്ചിക്കാമോ? വന്യമൃഗ ആക്രമണവും വന്യമൃഗശല്യവും ഇപ്പോൾ തുടങ്ങിയതാണോ; ഇത് നിങ്ങൾക്ക് ഇപ്പോൾ തോന്നാൻ എന്താണ് കാര്യം? കാട്ടാന, കടുവ തുടങ്ങിയവയുടെ ആക്രമണവും വന്യമൃഗശല്യവും സംബന്ധിച്ച് നടപടികൾ നിർത്തിവയ്ക്കുന്ന ഉപക്ഷേപത്തിലൂടെയും സബ്മിഷനിലൂടെയും ശ്രദ്ധക്ഷണിക്കലിലൂടെയും പ്രസംഗങ്ങളിലൂടെയും ഞങ്ങൾ എത്ര പ്രാവശ്യം ഈ സഭയിൽ

ഉന്നയിച്ചു; വർഷങ്ങളായി ഞങ്ങൾ ഉൾപ്പെടെ പലരും ഇത് പറഞ്ഞുകൊണ്ടേയിരുന്നെങ്കിലും അന്നൊന്നും നിങ്ങൾക്ക് നടപടി സ്വീകരിക്കാൻ തോന്നിയില്ല.

മി. സ്പീക്കർ: നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുശേഷം താങ്കളുടെ പ്രസംഗം വീണ്ടും തുടരാം.

ഓർഡർ..... ഓർഡർ..... നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച ആരംഭിക്കാവുന്നതാണ്.

**[12.00 Noon]**

## IX. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

നിത്യോപയോഗ സാധനങ്ങളുടെ വിലവർധനവും പണപ്പെരുപ്പവും

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്കായി "സഭ ഇപ്പോൾ നിർത്തിവയ്ക്കുന്നു" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർധിക്കുകയും അത് തടഞ്ഞുനിർത്തുന്നതിനുള്ള സർക്കാർ സംവിധാനം പരാജയപ്പെടുകയും ചെയ്ത സാഹചര്യത്തിലാണ് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകിയത്. ബഹുമാനപ്പെട്ട ഭക്ഷ്യ-

പൊതുവിതരണ വകുപ്പുമന്ത്രി ഈ വിഷയം ചർച്ച ചെയ്യാമെന്ന് പറഞ്ഞപ്പോൾ ഭരണപക്ഷത്തുനിന്ന് ഉയർന്നുവന്ന വലിയ കരഘോഷം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് കരുതുന്നു. 'സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർധിക്കുകയും രാജ്യത്ത് ഏറ്റവും കൂടുതൽ പണപ്പെരുപ്പമുള്ള സംസ്ഥാനമായി കേരളം മാറുകയും ചെയ്തിട്ടും സർക്കാർ യാതൊരു നടപടിയും സ്വീകരിക്കാൻ തയ്യാറാകാത്ത ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം' എന്ന നോട്ടീസാണ് പ്രതിപക്ഷം നൽകിയത്. പ്രസ്തുത നോട്ടീസിൽ പരാമർശിച്ച വിഷയം ചർച്ച ചെയ്യാമെന്ന് സർക്കാർ അംഗീകരിച്ച അവസരത്തിൽ ഞങ്ങളെക്കാൾ മുമ്പ് ഭരണപക്ഷ എം.എൽ.എ.-മാർ കൈയ്യടിക്കണമെങ്കിൽ ഈ വിഷയം അവർപോലും എത്ര ഗൗരവത്തോടുകൂടിയാണ് കാണുന്നതെന്ന് നമ്മൾ മനസ്സിലാക്കണം. ഒരു ഭരണകക്ഷി അംഗത്തിന് ഋൾ 50 പ്രകാരം നോട്ടീസ് കൊടുക്കുന്നതിന് പരിമിതികളുണ്ട്. എന്നാൽ ഈ വിഷയം സഭയിൽ ചർച്ച ചെയ്യണമെന്ന് അവരും ആഗ്രഹിക്കാറുണ്ട്. ഇന്ന് ഈ വിഷയം ചർച്ച ചെയ്യാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമ്പോൾ, ഭരണപക്ഷ എം.എൽ.എ.-മാർ പ്രതിനിധാനം ചെയ്യുന്ന നിയമസഭാമണ്ഡലങ്ങളിലെ ജനങ്ങളോടുള്ള പ്രതിബദ്ധതകൊണ്ടാണ് അവർ ആത്മാർത്ഥമായി കൈയ്യടിച്ചതെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്; ആ വികാരം നമ്മൾ ഉൾക്കൊള്ളുന്നു. ഇന്ന് നമ്മുടെ സംസ്ഥാനത്തെ സാഹചര്യമെന്താണ്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്നുതവണ വൈദ്യുതി ചാർജ് വർധിപ്പിച്ചു, സെസ്സ് ഏർപ്പെടുത്തി, ബസ് ചാർജ്ജും വെള്ളക്കരവും ഭൂനികുതിയും കെട്ടിട നികുതിയും വർധിപ്പിച്ചു.

ഇതുകൂടാതെ കേന്ദ്ര സർക്കാർ ഡീസൽ-പെട്രോൾ വില വർധിപ്പിച്ചു; തുടർന്ന് സംസ്ഥാന സർക്കാർ അധിക സെസ്സ് ഏർപ്പെടുത്തി; സർക്കാർ ജീവനക്കാർക്ക് ലഭിക്കാനുള്ള ഡി.എ.-യിൽ 18 ശതമാനം കുടിശ്ശിക; കശുവണ്ടി തൊഴിലാളിക്ക് ജോലിയില്ല; കയർ മേഖലയിൽ പ്രതിസന്ധി; ഖാദി മേഖലയുടെ തകർച്ച; നെൽക്കർഷകരുടെയും റബ്ബർ കർഷകരുടെയും പ്രതിസന്ധി എന്നിങ്ങനെ പ്രശ്നങ്ങൾ നീണ്ടുപോകുന്ന അവസ്ഥയാണ്. ഇത്തരത്തിൽ, ജീവിക്കാൻപോലും പ്രയാസമനുഭവിക്കുന്ന സമയത്താണ് വിലക്കയറ്റംമൂലവും ജനങ്ങൾ പ്രതിസന്ധിയിലാകുന്നത്. വരുമാനം കുറഞ്ഞ മേഖലയിലും വരുമാനമൊന്നും ഇല്ലാത്ത നിരവധി മേഖലകളിലും ഉൾപ്പെടുന്ന ജനതയാണ് കേരളത്തിലുള്ളത്. ഈ വിലക്കയറ്റത്തോതിൽ അഥവാ റീട്ടെയിൽ ഇൻഫ്ലേഷൻ റേറ്റിൽ നാം ഇന്ത്യയിൽ ഒന്നാം സ്ഥാനത്തെത്തി നിൽക്കുന്നതുകൊണ്ടാണ് ഗുരുതരമായ ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് പ്രതിപക്ഷം ആഗ്രഹിച്ചത്. 2024 ജൂലൈ മാസം വിലക്കയറ്റം സംബന്ധിച്ച വിഷയം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമായി സഭയിൽ കൊണ്ടുവന്നപ്പോൾ ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ജി. ആർ. അനിൽ നൽകിയ മറുപടി ഞാൻ വായിക്കാം, 'ഇവിടെ ഉന്നയിക്കപ്പെട്ട വിഷയം ഒരു ദേശീയ പ്രശ്നമാണ്.... നമ്മുടെ തൊട്ടടുത്തുള്ള ഉൽപാദക സംസ്ഥാനങ്ങളായ കർണ്ണാടക, ആന്ധ്രാപ്രദേശ്, തെലുങ്കാന, ഒഡീഷ എന്നിവിടങ്ങളിലെ പണപ്പെരുപ്പനിരക്ക് രൂക്ഷമാണ്. കേരളത്തിൽ പണപ്പെരുപ്പം 5.47 ശതമാനം മാത്രമാണ്.....' ഇന്ന് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ആഗസ്റ്റ് മാസത്തെ കേരളത്തിന്റെ

കൺസ്യൂമർ പ്രൈസ് ഇൻഡക്സ് (സി.പി.ഐ.) റേറ്റ് 9.04 ശതമാനമാണ്. ഇന്ത്യയിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനമായ കർണ്ണാടകയുടെ സി.പി.ഐ. റേറ്റ് 3.8 ശതമാനമാണ്. നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിന്റെ കണക്കുപ്രകാരം കേരളത്തിന്റെ റീട്ടെയിൽ ഇൻഫ്ലേഷൻ റേറ്റ് 9.04 ശതമാനമാണ്. എന്റെ കൈവശമുള്ള (പേപ്പർ ഉയർത്തിക്കാണിച്ചു) മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷന്റെ ഡാറ്റ പ്രകാരം ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലെയും ആഗസ്റ്റ് മാസത്തെ സി.പി.ഐ. റേറ്റ് 1.24, 1.77, 0.52 ശതമാനം എന്നിങ്ങനെയാണ്. നെഗറ്റീവ് വാല്യൂ ഉള്ള സംസ്ഥാനങ്ങൾപോലും ഇന്ത്യയിലുള്ളപ്പോഴാണ് കേരളത്തിന് 9.04 ശതമാനം സി.പി.ഐ. റേറ്റുള്ളത്. നിങ്ങൾ ആവർത്തിച്ചുപറയുന്ന ഒരു കാര്യം ഇവിടെ യാഥാർഥ്യമായിട്ടുണ്ട്. കൺസ്യൂമർ പ്രൈസ് ഇൻഡക്സ് പ്രകാരം ഈ വിലക്കയറ്റതോതിൽ കേരളം നമ്പർ വൺ ആണ്. ഒരു മാസത്തെ കണക്ക് മാത്രമല്ല ഞാൻ സൂചിപ്പിക്കുന്നത്. ജനുവരിയിൽ 6.79 ശതമാനം, ഫെബ്രുവരിയിൽ 7.31 ശതമാനം, ജൂൺ 6.71 ശതമാനം, ജൂലൈ 8.89 ശതമാനം, ആഗസ്റ്റ് 9.04 ശതമാനം എന്നിങ്ങനെയാണ് സി.പി.ഐ. രേഖപ്പെടുത്തിയിരിക്കുന്നത്. ഈ സർക്കാരിനോട് ചോദിക്കാനുള്ളത്, തുടർച്ചയായി എട്ടുമാസം ഇന്ത്യയിൽ വിലക്കയറ്റതോതിൽ ഒന്നാം സ്ഥാനത്ത് ഒരു സംസ്ഥാനം വരുന്നുവെന്ന് പറയുന്നതിന്റെ അർഥമെന്താണ്; സർക്കാർ എന്താണ് ചെയ്യുന്നത്? ചിലപ്പോൾ ഒരു മാസം യാദൃശ്ചികമായി വിലക്കയറ്റം സംഭവിക്കാം; നമ്മുടെ നിയന്ത്രണത്തിലില്ലാത്ത സാഹചര്യങ്ങളും ഉണ്ടാകാം. എന്നാൽ ഇന്ത്യയിൽ എട്ടുമാസമായി വിലക്കയറ്റത്തോതിൽ ഒന്നാം സ്ഥാനത്ത് ഒരു സംസ്ഥാനം തന്നെ

നിൽക്കുകയാണ്. പല നിത്യോപയോഗ സാധനങ്ങളുടെയും വില വർധിച്ചു. ഉദാഹരണത്തിന് വെളിച്ചെണ്ണ. മലയാളിയുടെ ഭക്ഷണത്തിൽ ഒഴിച്ചുകൂടാൻ കഴിയാത്ത ഒന്നാണ് വെളിച്ചെണ്ണ. യു. എസ്. പ്രസിഡന്റ് ശ്രീ. ഡൊണാൾഡ് ട്രംപ്, ഇന്ത്യയുടെ കയറ്റുമതി തീരുവ 50 ശതമാനമായി വർധിപ്പിച്ചപ്പോൾ കേരളത്തിലെ സോഷ്യൽ മീഡിയയിൽ ഒരു ട്രോൾ വന്നിരുന്നു. '10 രൂപയുടെ പപ്പടം കാച്ചാൻ 400 രൂപയുടെ വെളിച്ചെണ്ണ വാങ്ങുന്ന മലയാളിയോടാണോ ട്രംപിന്റെ കളി', എന്നായിരുന്നു. എന്നാൽ ഇപ്പോൾ ആ ട്രോൾ മാറി. പപ്പടത്തിന് വെളിച്ചെണ്ണയിലേക്കെത്താൻ ഒരുപാട് കാത്തിരിക്കേണ്ടിവരും. പപ്പടവും വെളിച്ചെണ്ണയും തമ്മിലുള്ള സമാഗമം അടുത്തിടെയൊന്നും ഉണ്ടാവില്ല, പപ്പടം ചുട്ടുതിന്നേണ്ടിവരും. ഇത് അനന്തമായി നീണ്ടുപോകും. പൊതുവിപണിയിൽ വെളിച്ചെണ്ണയുടെ വില 400/- രൂപ, 500/- രൂപ, 550/- രൂപ എന്ന നിലയിൽ നിൽക്കുകയാണ്. സപ്ലൈകോയിലെ 'കേര' വെളിച്ചെണ്ണയ്ക്ക് 429/- രൂപയാണ്. ശബരി വെളിച്ചെണ്ണയുടെ വിലയിൽ 50 ശതമാനം സബ്സിഡിയും 50 ശതമാനം നോൺ-സബ്സിഡിയും ഉൾപ്പെടും. ഏതാണ്ട് 300/- മുതൽ 320/- രൂപയ്ക്കാണ് സപ്ലൈകോയിൽ ശബരി വെളിച്ചെണ്ണ നൽകിവരുന്നത്. 50 ശതമാനം സബ്സിഡിയിൽ വാങ്ങാൻ കഴിയില്ല. എന്തുകൊണ്ടെന്നാൽ ഒരു ലിറ്റർ വെളിച്ചെണ്ണ മാത്രമെ കൊടുക്കുകയുള്ളൂ. ഒരു പാക്കറ്റ് ഒരു ലിറ്ററിന്റേതാണ്. അരലിറ്ററിന്റെ പാക്കറ്റ് ലഭ്യമല്ല. അതുകൊണ്ട് 329/- രൂപയ്ക്ക് ശബരി വെളിച്ചെണ്ണ വാങ്ങേണ്ട സ്ഥിതിയാണുള്ളത്. വെളിച്ചെണ്ണയ്ക്ക് പൊതുമാർക്കറ്റിൽ ഉള്ളതിനെക്കാൾ കൂടുതൽ വിലയാണ് സപ്ലൈകോയിലെ 'കേര' വെളിച്ചെണ്ണയ്ക്കുള്ളത്. വിലക്കയറ്റവുമായി ബന്ധപ്പെട്ട് ഇടപെടൽ

നടത്തേണ്ട സംവിധാനങ്ങളാണ് സപ്ലൈകോ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നിവയെല്ലാം. 2024-ൽ പൊതുവിപണിയിൽ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി വകുപ്പ് 420 കോടി രൂപ ആവശ്യപ്പെട്ടപ്പോൾ വകയിരുത്തിയത് 205 കോടി രൂപയും അതിൽ ചെലവഴിച്ചത് 176 കോടി രൂപയുമാണ്. എങ്ങനെയാണ് മാർക്കറ്റ് ഇന്റർവെൻഷനുണ്ടാകുന്നത്; എങ്ങനെയാണ് വിലക്കയറ്റം പിടിച്ചുനിർത്താൻ കഴിയുന്നത്? ഇത് യഥാർഥത്തിൽ മന്ത്രി അല്ലെങ്കിൽ മന്ത്രിക്കുവേണ്ടി സി.പി.ഐ.-യുടെ എം.എൽ.എ.-മാർ അവതരിപ്പിക്കേണ്ട നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപമാണ്. ഓണക്കാലത്തുപോലും പൊതുവിപണിയിൽ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുന്നതിനും വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനുമായി ഭക്ഷ്യ-പൊതുവിതരണ വകുപ്പ് ആവശ്യപ്പെട്ടത് 420 കോടി രൂപയും വകയിരുത്തിയത് 205 കോടി രൂപയും ചെലവഴിച്ചത് 176 കോടി രൂപയുമാണ്. 24-03-2025-ൽ നിയമസഭയിൽ ഞാൻ നൽകിയ ചോദ്യത്തിന് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ശ്രീ. ജി. ആർ. അനിൽ ലഭ്യമാക്കിയ മറുപടിയിലാണ് വകുപ്പ് ആവശ്യപ്പെട്ട തുക, ധനകാര്യ വകുപ്പ് അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയിലെ വലിയ വ്യത്യാസം സൂചിപ്പിക്കുന്നത്. എന്തുകൊണ്ടാണ് ഫലപ്രദമായ വിപണി ഇടപെടലുണ്ടാകാത്തതെന്നും എന്തുകൊണ്ടാണ് മാർക്കറ്റ് ഇന്റർവെൻഷൻ പരാജയപ്പെടുന്നതെന്നും എന്തുകൊണ്ടാണ് ഇന്ത്യയിൽ വിലക്കയറ്റതോതിൽ കേരളം ഒന്നാം സ്ഥാനത്ത് നിൽക്കുന്നതെന്നും ഈ നിയമസഭാ ചോദ്യോത്തരം തന്നെ വലിയൊരു തെളിവാണ്. എല്ലാ ഗവൺമെന്റുകളുടെ കാലത്തും 13 ഇനം അവശ്യ സാധനങ്ങൾക്ക്

സബ്സിഡിയുണ്ടായിരുന്നു. പൊതുവിപണിയിൽ വില വർധിക്കുന്ന അവസരത്തിൽ ഈ സബ്സിഡി ഇനങ്ങൾക്ക് വില വർധിപ്പിക്കാതെയാണ് നമ്മുടേതായ ഇടപെടൽ നടത്തിക്കൊണ്ടിരുന്നത്. ഈ 13 സബ്സിഡി ഇനങ്ങളുടെ 2016-ലെ വിലയും നിലവിലെ വിലയും ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) എം.എൽ.എ.-യുടെ 16-09-2025-ലെ നിയമസഭാ ചോദ്യത്തിനുള്ള മറുപടിയായി ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി നൽകിയിട്ടുണ്ട്. അതിൽ സപ്ലൈകോയിലെ സബ്സിഡി ഇനമായ ചെറുപയറിന് 2016-ൽ 74 രൂപയായിരുന്നത് ഇപ്പോൾ 90 രൂപയും 66 രൂപയായിരുന്ന ഉഴുന്നിന് ഇപ്പോൾ 90 രൂപയും 43 രൂപയായിരുന്ന കടലയ്ക്ക് ഇപ്പോൾ 65 രൂപയും 65 രൂപയായിരുന്ന തുവരപ്പരിപ്പിന് ഇപ്പോൾ 93 രൂപയും 75 രൂപയായിരുന്ന മുളകിന് ഇപ്പോൾ 110 രൂപയുമാണ്. ഇവയെല്ലാം സപ്ലൈകോയിലെ സബ്സിഡി ഇനങ്ങളുടെ വിലയാണ്. സപ്ലൈകോയിലെ നോൺ-സബ്സിഡി ഇനങ്ങളുടെ വിലയും പൊതുവിപണിയിലെ വിലയും വ്യത്യസ്തമാണ്. ഇത് സപ്ലൈകോയിൽ എല്ലാ കാലത്തും എല്ലാ ഗവൺമെന്റുകളും പൊതുവിപണിയിലെ വിലക്കയറ്റത്തെ പിടിച്ചുനിർത്താൻവേണ്ടി നടത്തുന്ന ഏറ്റവും വലിയ മാർക്കറ്റിങ് ഇന്റർവെൻഷനായ 13 സബ്സിഡി ഇനങ്ങളുടെ വിലയുമായി ബന്ധപ്പെട്ട കാര്യമാണ്. 2016-ൽ 25 രൂപയായിരുന്ന ജയ അരിയുടെ വില ഇന്ന് 33 രൂപയും 25 രൂപയായിരുന്ന കുറുവ അരിയുടെ വില ഇന്ന് 33 രൂപയുമാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇത് ഒൻപത് വർഷം മുമ്പുള്ള കാര്യമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ദേശാഭിമാനി പത്രത്തിന്റെ ആദ്യത്തെ പേജിൽ 'സബ്സിഡി കൂട്ടില്ല' എന്ന് വാർത്ത വന്നിട്ടുണ്ട്. സബ്സിഡി ഉൽപന്നങ്ങൾക്ക് വില കൂട്ടില്ലെന്ന് പറഞ്ഞ് നമ്മെ ഒത്തിരി ഓടിച്ചതാണ്. അതൊന്നും വെറുതെ ഓർമ്മിപ്പിക്കരുത്; ഇപ്പോൾ ആ ഇനങ്ങൾക്കാണ് വില വർധനവുണ്ടായിരിക്കുന്നത്. പൊതുവിപണിയിൽ ഇതിനെക്കാൾ വലിയ വില വർധനവാണുള്ളത്. ഞാൻ മാത്രം പറയുന്ന കാര്യമല്ല. ഇപ്പോൾ പാർട്ടിയുടെ സമ്മേളനത്തിൽ നടക്കുന്നത് എന്തൊക്കെയാണെന്ന് നമുക്ക് അറിയാൻ കഴിയില്ല. അത് പത്രങ്ങളിലൂടെ വായിക്കാമെന്നല്ലാതെ പാർട്ടി കമ്മിറ്റിയിലൊന്നും ഞങ്ങളില്ല. പതിമൂന്നിന അവശ്യസാധനങ്ങൾക്ക് വില വർധിപ്പിക്കില്ലെന്ന സർക്കാർ വാഗ്ദാനം പാഴ്വാക്ക് ആണെന്നും വെളിച്ചെണ്ണ വില വർധനവ് നാണക്കേടാണെന്നും ഇപ്പോൾ കഴിഞ്ഞ സി.പി.ഐ. സമ്മേളനത്തിൽ പ്രതിനിധികൾ വിമർശനം ഉന്നയിച്ചു. പൊതുവിപണിയിൽ കുറഞ്ഞവിലയ്ക്ക് വെളിച്ചെണ്ണ ലഭിക്കുമെങ്കിൽ എന്തിനാണ് കേര വെളിച്ചെണ്ണ ഈ കൂടിയ വിലകൊടുത്ത് വാങ്ങണം എന്നുള്ള ചോദ്യവും ഹോർട്ടികോർപ്പ് എന്തിനാണെന്നും ഹോർട്ടികോർപ്പിൽ പൊതുവിപണിയെക്കാൾ വില വർധനവാണുള്ളതെന്നും പിന്നെ എങ്ങനെ ആ സ്ഥാപനം രക്ഷപ്പെടുമെന്നതടക്കമുള്ള ചോദ്യങ്ങളും ഉയർന്നുവന്നിട്ടുണ്ട്. ഇത് സി.പി.ഐ. സമ്മേളനത്തെ സംബന്ധിച്ച് മാധ്യമങ്ങളിൽ വന്ന വാർത്തയാണ്. അതിൽ ശരിയുമുണ്ടാകാം തെറ്റുമുണ്ടാകാം. ഇവിടെ ഇതുമാത്രമാണോ സംഭവിക്കുന്നത്; സപ്ലൈകോയിലെ കരാറുകാർക്ക് കൊടുക്കാനുള്ള കുടിശ്ശിക തുക നൽകാത്തതുകൊണ്ട് അവർ ടെൻഡറിൽ പങ്കെടുക്കുന്നില്ല. അതുമൂലം സപ്ലൈകോ വലിയ പ്രതിസന്ധി നേരിടുകയാണ്.

സപ്ലൈകോയ്ക്ക് അവർ ആവശ്യപ്പെടുന്ന തുക അനുവദിച്ചുകൊണ്ട് അതിനെ പിടിച്ചുനിർത്തണമെന്ന് ഞങ്ങൾ എപ്പോഴും പറയാറുണ്ട്. ഇനി സർക്കാരിന്റെ മുമ്പിൽ വിലക്കയറ്റം പിടിച്ചുനിർത്താൻ ആകെ ഒരു മാർഗമേയുള്ളൂ. ഇപ്പോഴത്തെ സാഹചര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് തിരുവനന്തപുരത്ത് ഒരു അന്തർദേശീയ വിലക്കയറ്റ വിരുദ്ധ കോൺക്ലേവ് സംഘടിപ്പിക്കുകയെന്നുള്ളതാണ് ഉചിതം. രാവണപ്രഭു സിനിമയിൽ ഇന്നസെന്റിന്റെ കഥാപാത്രം "ഇത് അയാളുടെ കാലമല്ലേ" എന്ന് പറയുന്നതുപോലെ, ഇത് കോൺക്ലേവിന്റെ കാലമല്ലേ? ഒരു വിലക്കയറ്റ വിരുദ്ധ കോൺക്ലേവ് നടത്തുകയല്ലാതെ ഗവൺമെന്റ് ഇക്കാര്യത്തിൽ നല്ലത് ചെയ്യുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല. പൊതുവിപണിയിലെ വിലക്കയറ്റത്തെക്കുറിച്ച് സൂചിപ്പിക്കാതെ പോകുന്നത് ശരിയല്ല. ഈ കണക്ക് ഒൻപത് വർഷംമുമ്പുള്ളതല്ലേ എന്ന് ബഹുമാനപ്പെട്ട മന്ത്രി നേരത്തെ സൂചിപ്പിച്ചു. രണ്ടുമാസം മുമ്പ് മട്ട അരി (ലൂസ്) 51 രൂപയായിരുന്നത് ഇപ്പോൾ 56 രൂപയും 170 രൂപയായിരുന്ന വറ്റൽമുളകിന് പൊതുവിപണിയിൽ രണ്ട് മാസത്തിനുശേഷം 185 രൂപയുമായി. രണ്ട് മാസം കൊണ്ട് പതിനഞ്ച് രൂപയാണ് വർധിച്ചത്. ചെറുപയർ രണ്ട് മാസത്തിനുമുമ്പ് 155 രൂപയായിരുന്നത് ഇപ്പോൾ 170 രൂപയായി. ഉഴുന്ന് പരിപ്പ് 120 രൂപയായിരുന്നത് ഇപ്പോൾ 130 രൂപയാണ്. നമുക്ക് പൊതുവിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കാൻ കഴിയുന്നില്ല. പൊതുവിപണിയിൽ വിലക്കയറ്റമുണ്ടാകുമ്പോൾ അത് തടയാനുള്ള സപ്ലൈകോ/സിവിൽ സപ്ലൈസ് കോർപ്പറേഷൻ പോലുള്ള സംവിധാനങ്ങളെ നമ്മൾ ശക്തിപ്പെടുത്തുന്നില്ല. ഇവിടെ പ്രൈസ് മോണിറ്ററിംഗ് ഇല്ല, അതിനായി റെഗുലർ

ഇന്റർവെൻഷനില്ല. സപ്ലൈ ചെയ്യുന്നതിൽ പ്രശ്നങ്ങളുണ്ട്. മൂന്നാർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽനിന്ന് ചെറിയ ഉള്ളി തുടങ്ങിയ സാധനങ്ങൾ വില കുറഞ്ഞിരിക്കുന്ന സമയത്ത് കർഷകരിൽനിന്നും വാങ്ങി കൃത്യമായി സ്റ്റോറേജ് ചെയ്താൽ വില വർധിക്കുന്ന അവസരത്തിൽ നമുക്ക് കർഷകരെയും ജനങ്ങളെയും സപ്പോർട്ട് ചെയ്യാൻ കഴിയുമെന്നാണ് ശ്രീ. മാണി സി. കാപ്പൻ എന്നോട് പറഞ്ഞത്. അതുപോലെയുള്ള സ്റ്റോറേജ് സമ്പ്രദായമൊന്നും ഇവിടെയില്ല. PSUs-നെ ശക്തിപ്പെടുത്താൻ യാതൊരു സംവിധാനവുമില്ല. അവിടെ inefficiency കൊടികുത്തി വാഴുകയാണ്. അതുകൊണ്ട് ഇത്ര ശ്രക്ഷമായ വിലക്കയറ്റത്തിൽ, രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് രണ്ടാമത് നിൽക്കുന്ന സംസ്ഥാനത്തിന്റെ റീട്ടെയിൽ ഇൻഫ്ലേഷൻ റേറ്റ് 3.86 ആണെങ്കിൽ നമ്മുടേത് 9.04 എന്നുള്ളത് ഒട്ടും ആശ്വാസകരമല്ല. ഇക്കാര്യത്തിൽ ജനങ്ങളെ സംരക്ഷിക്കാനും ജനങ്ങൾക്ക് ആശ്വാസം നൽകാനും കഴിയുന്ന നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങേയ്ക്ക് സഭയുടെ ഒരു സ്പെഷ്യൽ അപ്രീസിയേഷനുണ്ട്. പതിനഞ്ചാമത് കേരള നിയമസഭ പതിനാറ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപങ്ങൾ ചർച്ചയ്ക്കെടുത്തപ്പോൾ അങ്ങ് നൽകിയ നാല് നോട്ടീസും സഭ ചർച്ചയ്ക്കെടുത്ത വിവരം അറിയിക്കുകയാണ്.

ശ്രീ. വി. ജോയി: സർ, പ്രതിപക്ഷത്തിന് എന്താണ് സംഭവിച്ചതെന്ന് ഞാൻ ചിന്തിക്കുകയായിരുന്നു. സ്ഥിരം പണി വാങ്ങുന്ന രീതി കഴിഞ്ഞ കുറച്ചുകാലമായി അവർ തുടരുകയാണ്. 'കണ്ട കണ്ണിൽ കോൽകൊണ്ട് കുത്തുന്നു' എന്നൊരു പ്രയോഗമുണ്ട്. ഇവിടെ

യഥാർഥത്തിൽ അതല്ലേ സംഭവിച്ചുകൊണ്ടിരിക്കുന്നത്. നാട്ടിൽ മാത്രമല്ല, രാജ്യത്തും ലോകത്താകമാനവും വിലക്കയറ്റമുണ്ട്. ആ വിലക്കയറ്റത്തെ പിടിച്ചുനിർത്തുന്നതിന് സംസ്ഥാന ഗവൺമെന്റ് ആവനാഴിയിലെ അവസാനത്തെ അമ്പും അസ്ത്രവും ഉപയോഗപ്പെടുത്തുകയാണ്. അവയെല്ലാം ഉപയോഗപ്പെടുത്തി വിലക്കയറ്റം കുറച്ചുകൊണ്ടുവന്നിരിക്കുന്ന കാലഘട്ടത്തിൽ എന്തിനാണ് ഇങ്ങനെ പറയുന്നത്? കോൺക്ലേവ് നടത്തുകയല്ല; വിലക്കയറ്റം താഴേക്ക് പോകുന്നത് കാണിച്ചുകൊടുക്കുകയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ചെയ്തിട്ടുള്ളതെന്ന് നിങ്ങൾ മനസ്സിലാക്കണം. മാവേലി സ്റ്റോറിനുപകരം വാമന സ്റ്റോർ കൊണ്ടുവന്ന ചരിത്രമാണ് നിങ്ങൾക്കുള്ളതെന്ന് പ്രത്യേകം ഓർക്കണം. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണെന്ന കാര്യത്തിൽ എല്ലാവരും യോജിക്കുന്നുണ്ട്. സി.പി.ഐ.-യുടെ കണക്കുപ്രകാരം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം മുന്നിൽ വരുന്നുണ്ടെന്നുള്ളത് ശരിയാണ്. അതിനൊരു പ്രധാന കാരണം സംസ്ഥാനത്ത് ഇന്ന് നിലനിൽക്കുന്ന ഉയർന്ന കൂലി നിരക്കാണ്. ആർ.ബി.ഐ.-യുടെ കണക്കുപ്രകാരം കർഷകമേഖലയിലെ കൂലി 807 രൂപയാണ്. എന്നാൽ വാസ്തവത്തിൽ, അതിനെക്കാൾ കൂടുതൽ രൂപ കൂലിയായി നൽകുന്നുണ്ട്. രാജ്യത്തിന്റെ ദേശീയ ശരാശരി എത്രയാണ്? ദേശീയ ശരാശരി പ്രകാരം കൂലി 372 രൂപയാണ്. നിർമ്മാണ മേഖലയിലെ കൂലി 900 രൂപയാണെന്ന് പറയുന്നുണ്ടെങ്കിലും കേരളത്തിൽ അത് 1400-1500 രൂപയാണ്. എന്നാൽ ദേശീയ ശരാശരി 417 രൂപയാണ്. ഇതൊരു പ്രധാന കാര്യമായി നമ്മൾ മനസ്സിലാക്കേണ്ടതല്ലേ? 'വായിൽ വരുന്നത് കോതയ്ക്ക് പാട്ട്' എന്ന് പറയുന്നതുപോലെ ആശയ

ദാരിദ്ര്യം അല്ലെങ്കിൽ വിഷയ ദാരിദ്ര്യം വരുമ്പോൾ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമായി ഏതെങ്കിലുമൊരു വിഷയം സഭയിൽ അവതരിപ്പിക്കുകയും അതിന്റെ അവസാനം എന്തെങ്കിലും പറഞ്ഞശേഷം ഇറങ്ങിപ്പോകുന്ന പതിവുമാണ് നിങ്ങൾക്കുള്ളത്. അതിന് ഭരണപക്ഷം തയ്യാറല്ലെന്ന് നിങ്ങളെ ആവർത്തിച്ച് ബോധ്യപ്പെടുത്തുകയാണ്. ഉപക്ഷേപ അവതാരകൻ കേന്ദ്ര നയങ്ങളെ സംബന്ധിച്ച് ഒരു വാക്ക് പറഞ്ഞിട്ടുണ്ടോ; എന്തായിരുന്നു കേന്ദ്രഗവൺമെന്റിന്റെ സമീപനം? ഈ കഴിഞ്ഞ 11 വർഷക്കാലമായി രാജ്യത്ത് ഭരണം നടത്തുന്ന ബി.ജെ.പി. ഗവൺമെന്റ്, കുത്തകകളെയും കോർപ്പറേറ്റുകളെയും വൻകിട മുതലാളിമാരെയും സഹായിക്കുന്ന സമീപനം സ്വീകരിക്കുകയല്ലേ; രാജ്യത്തെ കർഷകരുടെ ഉൽപന്നങ്ങൾ നേരത്തെതന്നെ വിലയ്ക്കുവാങ്ങി ഗോഡൗണിൽ കൊണ്ടുപോയി സൂക്ഷിച്ച് വില നിശ്ചയിച്ച് രാജ്യത്താകമാനം വിതരണം ചെയ്യുന്ന സമ്പ്രദായമല്ലേ നിലനിൽക്കുന്നത്. കാർഷിക നിയമങ്ങളിൽ അവർ മാറ്റം വരുത്തിയില്ലേ; കേന്ദ്ര ഗവൺമെന്റിന്റെ ഈ സമീപനത്തെ സംബന്ധിച്ച് ഒരു വാക്ക് സൂചിപ്പിക്കാൻ വിഷയാവതാരകന് സാധിച്ചോ; നിങ്ങൾക്ക് സാധിക്കില്ല. പ്രതിപക്ഷം എപ്പോഴും അങ്ങനെയാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനെ സഭയിൽ എങ്ങനെ മോശപ്പെടുത്താമെന്ന് റിസർച്ച് നടത്തുന്നവരാണ് പ്രതിപക്ഷത്തുള്ളത്. എൽ.ഡി.എഫ്. ഗവൺമെന്റ് കാര്യങ്ങളൊന്നും ചെയ്തില്ലേ? ഈ കഴിഞ്ഞ കാലഘട്ടങ്ങളിൽ കോൺഗ്രസ്സിന്റെ കാലഘട്ടത്തെ അപേക്ഷിച്ച് എത്രയോ മടങ്ങാണ് എൽ.ഡി.എഫ്. ഗവൺമെന്റിന് സംസ്ഥാനത്ത് വിലക്കയറ്റം പിടിച്ചുനിർത്താൻ സധിച്ചത്. യു.ഡി.എഫ്.-ന്റെ

കാലത്ത് 773 കോടി രൂപ വിപണി ഇടപെടലിന്റെ ഭാഗമായി നിങ്ങൾ ചെലവഴിച്ചപ്പോൾ ഒന്നാം പിണറായി സർക്കാർ മാത്രം 4299 കോടി രൂപയാണ് ചെലവഴിച്ചത്. രണ്ടാം പിണറായി സർക്കാർ ഇതുവരെ 3502 കോടി രൂപ ചെലവഴിച്ചു. ഈ വർഷം ബജറ്റിൽ 325 കോടി രൂപ വകയിരുത്തി; ഇതുവരെ 274 കോടി രൂപ വിപണി ഇടപെടലിനുവേണ്ടി നൽകി. നെല്ലുസംഭരണവും മറ്റ് സാഹചര്യങ്ങളും ഇതുപോലെയാണ്. ഇത് പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഓണം വരികയല്ലേ, അപ്പോൾ കാണാമെന്നുപറഞ്ഞ് കോൺഗ്രസ്സ് സന്തോഷത്തിലായിരുന്നു. ചില മാധ്യമങ്ങൾ അച്ച് നിരത്തിവച്ചിരുന്നു. പക്ഷേ ഓണം ഹാപ്പിയായി. ഓണം എങ്ങനെ ഹാപ്പിയായി എന്നുചോദിച്ചാൽ, കേരളത്തിലെ 62 ലക്ഷം ക്ഷേമ പെൻഷൻകാർക്ക് ഈ ഗവൺമെന്റ് ഓണത്തിന് പത്ത് ദിവസം മുമ്പ് രണ്ട് ഗഡു പെൻഷനും തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഓണ സമ്മാനമായി അവരുടെ വേതനത്തിൽ 200 രൂപ വർധിപ്പിച്ച് വേതനം 1200 രൂപയാക്കി നൽകുകയും ചെയ്തിരുന്നു. പൂട്ടിക്കിടന്ന 425 കശുവണ്ടി ഫാക്ടറികളിലെ പതിനാലായിരത്തോളം തൊഴിലാളികൾക്ക് ഓണക്കാല ആശ്വാസമെന്ന നിലയിൽ നൽകിയിരുന്ന തുകയിൽ 250 രൂപ വർധിപ്പിച്ച് 2250 രൂപ വീതം ഈ ഗവൺമെന്റ് നൽകുകയുണ്ടായി. പൂട്ടിക്കിടന്ന തോട്ടം മേഖലയിലെ തൊഴിലാളികളെ സഹായിക്കുകയും 12500 ഖാദി തൊഴിലാളികൾക്ക് ഉത്സവബത്തയും ബോണസും നൽകുകയും ചെയ്തു. 379,000-ലധികം പരമ്പരാഗത തൊഴിലാളികൾക്ക് ഓണക്കാല സഹായം നൽകുന്നതിനായി പ്രത്യേകമായി 50 കോടി രൂപ നൽകി. ഭാഗ്യക്കുറി വകുപ്പ്, മറ്റിതര വിഭാഗങ്ങൾ എന്നിവയിൽ

ഉൾപ്പെടുന്നവരുടെ കൈയിൽ പണം എത്തിക്കുന്നതിനുള്ള വലിയ പരിശ്രമം നടത്തി. കേരള കൗമുദി പത്രത്തിൽ, "സാധനങ്ങളുടെ വില താഴുന്നു; സർക്കാർ ഇടപെടൽ ഭംഗിയായി" എന്നൊരു വാർത്തയും കൊടുത്തു. ഇവിടെ വെളിച്ചെണ്ണയുടെ വിലയെക്കുറിച്ച് പറഞ്ഞല്ലോ; ഓണത്തിന് 373 രൂപയ്ക്കാണ് വെളിച്ചെണ്ണ കൊടുത്തതെന്ന കാര്യം ഉപക്ഷേപ അവതാരകൻ മറന്നുപോയി. ഓണം സമൃദ്ധമായി എന്നാണ് കേരള കൗമുദി പത്രം ഒരു മുഖപ്രസംഗത്തിൽ എഴുതിയത്. "സർക്കാർ ജീവനക്കാരുടെ ശമ്പളവും ഫെസ്റ്റിവെൽ അലവൻസും ഓണം അഡ്വാൻസും മറ്റ് ക്ഷേമ പെൻഷനുകളും എല്ലാം കൃത്യസമയത്ത് വിതരണം ചെയ്തത് മികവായി. തൊഴിൽ മേഖലകളിലും യാതൊരു തർക്കവുമുണ്ടായില്ല; ബോണസിന്റെ പേരിൽ ഉയരാറുള്ള പ്രതിഷേധവും ഉണ്ടായില്ല. ധനമാനേജ്മെന്റിൽ ശ്രീ. കെ. എൻ. ബാലഗോപാൽ തുടർന്നുവരുന്ന ബാലൻസിങ് ഓണത്തെ കളർഫുളാക്കി" എന്നാണ് കേരള കൗമുദി പത്രത്തിന്റെ മുഖപ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്. ഓണത്തിന് എല്ലാ മാധ്യമങ്ങളും മൈക്കുംകൊണ്ട് ചാലക്കമ്പോളത്തിലും പാളയം മാർക്കറ്റിലും പോകുകയും ഇപ്പോഴുള്ള ഓണം എങ്ങനെയാണെന്ന് ആളുകളോട് ചോദിക്കുകയും ചെയ്തപ്പോൾ ഓണം ഹാപ്പിയാണെന്നും അടിപൊളിയാണെന്നുമുള്ള കൃത്യമായ മറുപടിയാണ് ജനം നൽകിയത്. അത് ശരിയായിരുന്നു; ഓണം കളർഫുൾ ആയിരുന്നു. എന്നിട്ട് പ്രതിപക്ഷം ഇപ്പോൾ ഇവിടെവന്ന് സർക്കാരിനെതിരെ സംസാരിക്കുകയാണ്. അതിനാൽ ഇതെല്ലാം ആര് കേട്ടാലും പുച്ഛിച്ച് തള്ളുകയേയുള്ളൂ. ഉപക്ഷേപ അവതാരകൻ തന്റെ നിയോജകമണ്ഡലമായ കുണ്ടറയിൽ ചെന്നാൽ ആളുകൾ ചോദിക്കും; "ഇത് ശരിയല്ലല്ലോ; ഞങ്ങളുടെ കൈയിൽ പണം

ഉണ്ടായിരുന്നു, ഞങ്ങൾ സാധനങ്ങളെല്ലാം വാങ്ങിയിരുന്നല്ലോ, ഞങ്ങൾ പട്ടിണിയിൽ അല്ലായിരുന്നല്ലോ" എന്നുള്ള സാഹചര്യമാണ് വരാൻ പോകുന്നത്. കഴിഞ്ഞ ദിവസം പൊലീസുമായി ബന്ധപ്പെട്ട വിഷയം സഭയിൽ ചർച്ചയ്ക്ക് വന്നപ്പോൾ ശിവഗിരിയുടെ കാര്യവും മുത്തങ്ങയിലെ വെടിവയ്പും സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരാമർശിച്ചിരുന്നു. ഇന്നലെ ശ്രീ. എ. കെ. ആന്റണി പത്രസമ്മേളനം വിളിച്ച് ചില കാര്യങ്ങൾ പറഞ്ഞു. യഥാർഥത്തിൽ വസ്തുതയെന്താണ്? ശിവഗിരിയിൽ നടന്ന നരനായാട്ട് സംബന്ധിച്ച് ആരാണ് മറുപടി പറയേണ്ടത്? ശ്രീ. എം. എസ്. മണി എഴുതിയ 'ശിവഗിരിക്ക് മുകളിൽ തീ മേഘങ്ങൾ' എന്ന പുസ്തകത്തിന്റെ സമർപ്പണം ഇങ്ങനെയാണ്; "നേതൃത്വമില്ലാത്ത സമുദായമാണെന്ന് മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി വിശേഷിപ്പിച്ച സമുദായത്തിന് സമർപ്പിക്കുന്നു" എന്നാണ്. കൂടാതെ, "ശിവഗിരി ചവിട്ടി പൊളിച്ചവർക്കും പൊളിപ്പിച്ചവർക്കും ന്യായീകരിച്ചവർക്കും ഒരിക്കലും മാപ്പില്ല" എന്നും ആ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്നലെ ശ്രീ. എ. കെ. ആന്റണി നടത്തിയ പത്രസമ്മേളനത്തിൽ, ഹൈക്കോടതി ജഡ്ജി അന്വേഷിച്ച റിപ്പോർട്ട് പരിശോധിച്ചാൽ അറിയാമെന്ന് പറഞ്ഞല്ലോ; ആ റിപ്പോർട്ടിന്റെ ഒരു ഭാഗം ഞാൻ വായിക്കാം. "1995-ൽ ഉണ്ടായ ശിവഗിരിയുടെ തർക്കം പരിഹരിക്കുന്നതിനുള്ള ഉപസമിതിയുടെ രൂപീകരണത്തിന് പ്രായോഗികതയില്ല. മറിച്ച് രാഷ്ട്രീയ ലക്ഷ്യം മാത്രമാണുണ്ടായിരുന്നത് എന്ന നിഗമനത്തിലേ കമ്മീഷന് എത്താനാകൂ, ഉപസമിതിയുടെ രൂപീകരണം ഒരു അനുഗ്രഹമായിരുന്നില്ല". വളരെ വ്യക്തമായി സൂചിപ്പിക്കുന്ന ഘടകം ഇതിലുണ്ട്. (.....ബഹളം....)

മി. സ്പീക്കർ: യെസ്..... പ്ലീസ്..... പ്ലീസ്.....കൺക്ലൂഡ്.

ശ്രീ. വി. ജോയി: സർ, ഇത് നിയമസഭാ രേഖകളിലും നിയമസഭയുടെ സൈറ്റിലുമുണ്ട്. (.....ബഹളം....)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തെക്കുറിച്ച് പ്രധാനപ്പെട്ട ഒരു ചർച്ച നടക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ജുഡീഷ്യൽ കമ്മീഷനുകളെക്കുറിച്ച് പറഞ്ഞു. വേണമെങ്കിൽ ജുഡീഷ്യൽ കമ്മീഷനെക്കുറിച്ച് നമുക്ക് വേറെ ചർച്ച ചെയ്യാം. അപ്പോൾ ഞങ്ങൾക്ക് പറയാനുള്ളത് മുഴുവൻ പറയേണ്ടിവരും. ശ്രീ. എ. കെ. ആന്റണി അതിലെ ചില ഭാഗങ്ങൾ മാത്രമെ പറഞ്ഞിട്ടുള്ളൂ. ഈ നിയമസഭ അംഗീകരിച്ച, ക്യാബിനറ്റ് അംഗീകരിച്ച ജുഡീഷ്യൽ കമ്മീഷനെക്കുറിച്ചാണ് ചർച്ചയെങ്കിൽ ആ ചർച്ചയിൽ പ്രതിപക്ഷത്തിനും അഭിപ്രായമുണ്ട്. എന്നുമാത്രമല്ല, ആ കമ്മീഷൻ റിപ്പോർട്ടുകൂടി വച്ച് നമുക്ക് ചർച്ച ചെയ്യാം. അതിനുപകരം ഭാഗികമായി അതിലുള്ള രണ്ട് വാക്കുകൾ പറഞ്ഞ് വീണ്ടും ശ്രീ. എ. കെ. ആന്റണിയെ കുത്താൻ ശ്രമിച്ചാൽ ഒരിക്കലും അത് സമ്മതിക്കാൻ കഴിയില്ല. അതുകൊണ്ട് പ്രസ്തുത പരാമർശം സഭാ രേഖകളിൽനിന്ന് നീക്കം ചെയ്യണം. (.....ബഹളം....)

മി. സ്പീക്കർ: യെസ്... യെസ്... യെസ്... പരിശോധിക്കാം.+

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, നടപടികൾ

+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ KLS/7836/2025/Editing തീയതി 18-09-2025) സഭാരേഖകളിൽ നിലനിർത്തി.

നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ച ചെയ്യുമ്പോൾ ഉന്നയിച്ച കാര്യത്തെക്കുറിച്ചാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്. അതൊരു കുറ്റബോധത്തിൽനിന്ന് പറഞ്ഞതായിരിക്കാം. "എന്നെ പ്രതിരോധിക്കാൻ ആരും ഉണ്ടായിരുന്നില്ല, അതുകൊണ്ട് ഞാൻ തന്നെ ദീർഘകാലത്തെ മൗനം വെടിഞ്ഞ് ഇറങ്ങിയിരിക്കുന്നു." എന്ന് ശ്രീ. എ. കെ. ആന്റണിക്ക് പറയേണ്ടിവന്ന സാഹചര്യമുണ്ടായില്ലേ? (.....ബഹളം....) സാധാരണ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്ക് വരുമ്പോൾ ഭരണപക്ഷത്തിന് പ്രതിരോധിക്കാൻ കഴിയാത്ത സാഹചര്യമാണുണ്ടാകുന്നത്. ഇന്നലെ ശ്രീ. എ. കെ. ആന്റണി തന്നെ ഇതിനെക്കുറിച്ച് പുറത്തുപറഞ്ഞിരിക്കുന്നു. അത് പ്രതിരോധിക്കാൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല, നിയമസഭാ തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ കുറച്ചുകാര്യങ്ങൾകൂടി പറയുമെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകി രണ്ട് മണിക്കൂർ ചർച്ച ചെയ്യുകയാണ്. വളരെ ഗൗരവമായ വിഷമാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടതുകൊണ്ടാണ് ഇന്ന് മൂന്ന് ബില്ലുകൾ പരിഗണിക്കേണ്ടതുണ്ടെങ്കിലും രണ്ട് മണിക്കൂർ ചർച്ച അനുവദിച്ചത്. അതുകൊണ്ടുതന്നെ ഈ വിഷയമല്ലാത്ത വേറെ കാര്യങ്ങൾ പറയാൻ അങ്ങ് അനുവദിക്കരുത്. (.....ബഹളം.....) റൂൾസ് ഓഫ് പ്രൊസീജ്യറിലുള്ള പ്രധാനപ്പെട്ട കാര്യമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. There is an impropriety. വളരെ പ്രധാനപ്പെട്ട ചർച്ച നടക്കുന്ന ഈ സമയത്ത് മറ്റ് വിഷയങ്ങൾ സംസാരിക്കുന്നത് ചട്ടത്തിനെതിരാണ്. മൂന്ന് ബില്ലുകൾ

പാസ്സാക്കാനുള്ളതല്ലേ; ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ഞങ്ങൾ ഏതെങ്കിലും കാര്യത്തിൽ oppose ചെയ്തിട്ടുണ്ടോ? മുമ്പ് നിങ്ങൾ പ്രതിപക്ഷത്തിരിക്കുമ്പോൾ രണ്ട് ബില്ലുകൾ പാസ്സാക്കിയശേഷം മൂന്നാമത്തെ ബില്ല് എടുക്കുമ്പോൾ അത് പറ്റില്ലെന്ന് പറയുമായിരുന്നു. ഞങ്ങൾ എല്ലാ കാര്യത്തിനും സഹകരിക്കുകയാണ്. അങ്ങ് മുഖ്യമന്ത്രിയോട് ചോദിക്കൂ; ബി.എ.സി.-യിൽ അങ്ങും ഉണ്ടായിരുന്നല്ലോ? ഞങ്ങൾ ഇക്കാര്യങ്ങളോടെല്ലാം സഹകരിക്കുന്നവരാണ്. പക്ഷെ എല്ലാ പരിധിയുംവിട്ട് വേറെ തലത്തിലേക്ക് ഈ ചർച്ച പോയാൽ ഞങ്ങൾ ഇതിനോട് സഹകരിക്കില്ല.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, എനിക്കുമുമ്പ് സംസാരിച്ച ശ്രീ. വി. ജോയി വിലക്കയറ്റത്തെക്കുറിച്ച് ശ്രീ. പി.സി. വിഷ്ണുനാഥ് പറഞ്ഞ കണക്കുകൾ ഖണ്ഡിച്ചുകൊണ്ട് സംസാരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. പക്ഷേ അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ വിലക്കയറ്റം അദ്ദേഹവും അംഗീകരിക്കുന്നുണ്ടെന്നാണ് എനിക്ക് മനസ്സിലായത്. ഇവിടെ വിലക്കയറ്റമില്ല എന്ന് കരുതുന്ന ഒരേ ഒരാളെയുള്ളൂ; അത് നമ്മുടെ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി മാത്രമാണ്. അദ്ദേഹത്തിന്റെ പാർട്ടിക്കാർക്കുപോലും അത് വിശ്വസിക്കാൻ കഴിയില്ല. മാതൃഭൂമി പത്രത്തിൽ വന്നൊരു വാർത്തയുണ്ട്. അതിൽ പറയുന്നത്, കഴിഞ്ഞ സി.പി.ഐ.-യുടെ ജില്ലാ സമ്മേളനത്തിൽ ശ്രീ. കെ. രാജൻ ഒഴികെ സി.പി.ഐ. മന്ത്രിമാർക്കെതിരെ രൂക്ഷ വിമർശനം ഉണ്ടായിരുന്നെന്നും അതിൽ സിവിൽ സപ്ലൈസ് വകുപ്പിനെതിരെയായിരുന്നു കടുത്ത വിമർശനം ഉണ്ടായിരുന്നത് എന്നുമാണ്. ഒരു കാലത്ത് സി.പി.ഐ.-യുടെ അഭിമാനമായിരുന്ന സിവിൽ സപ്ലൈസ് വകുപ്പ് ഇന്ന്

അപമാനമായി മാറിയിരിക്കുന്നു. വെളിച്ചെണ്ണ വില ഇത്രയും ഉയർന്നിട്ടും വകുപ്പ് യാതൊരു ഇടപെടലും നടത്തുന്നില്ല. (.....ബഹളം.....) സപ്ലൈകോയിലെ സാധനങ്ങൾക്ക് ഒരു നിലവാരവുമില്ല. കടല രാവിലെ അടുപ്പത്തിട്ട് പോയാൽ വൈകുന്നേരമായാലും വേവുകയില്ല എന്നുള്ള കളിയാക്കലുമുണ്ടായി. സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് അത് ക്വാളിറ്റി കൺട്രോളർ റിജക്ട് ചെയ്താലും ഉന്നതങ്ങളിലെ ഇടപെടൽമൂലം ആ സാധനങ്ങൾ വാങ്ങേണ്ടി വരുന്നുവെന്ന് സപ്ലൈകോയിലെ ഉദ്യോഗസ്ഥർതന്നെ പറയുകയാണ്. (....ബഹളം....) കടുകിനെക്കാൾ ചെറിയ ചെറുപയറാണ് ചിലസമയങ്ങളിൽ സപ്ലൈകോയിൽ വിതരണം ചെയ്യുന്നത്. ഒരു പത്രത്തിൽ മാത്രമല്ല, എല്ലാ പത്രങ്ങളിലും ഇക്കാര്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഓണക്കാലം ഹാപ്പിയായിരുന്നുവെന്നാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. ഏത് ഓണക്കാലമാണ് ഹാപ്പിയല്ലാത്തത്; 'കാണം വിറ്റും ഓണം ഉണ്ണണം' എന്ന തത്വത്തിൽ വിശ്വസിക്കുന്ന മലയാളികളുടെ അഭിമാനമായ ഓണം സന്തോഷകരമാക്കുന്നതിന് എന്തു വിറ്റായാലും നാം ആഘോഷിക്കുകതന്നെ ചെയ്യും. അതുകൊണ്ട് നിങ്ങളുടെ കാലത്ത് മാത്രം ഓണം ഹാപ്പിയായിരുന്നുവെന്ന് പറയേണ്ട. സപ്ലൈകോ ഓണക്കാലത്ത് 386 കോടി രൂപയുടെ വില്പന നടത്തിയെന്ന് പറഞ്ഞ് അദ്ദേഹം അഭിമാനിക്കുകയാണ്. ഈ സമയം ബിവറേജസ് കോർപ്പറേഷൻ 970 കോടി രൂപയുടെ മദ്യ വില്പയാണ് നടത്തിയിട്ടുള്ളത്. സപ്ലൈകോ മുഖേന ആകെ 180 കോടി രൂപയുടെ സബ്സിഡി സാധനങ്ങളാണ് വിറ്റഴിച്ചത്. അവിടെയാണ് സർക്കാർ ഇടപെടൽ നടത്തിയത്. 56 ലക്ഷം ഗുണഭോക്താക്കളുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറയുകയാണ്. അപ്പോൾ ഒരു ഗുണഭോക്താവ് വാങ്ങിയത് 321/-

രൂപയുടെ സബ്സിഡി സാധനങ്ങൾ മാത്രമാണ്. ഒരു കുടുംബം 2,000 മുതൽ 5,000 രൂപയുടെ വരെ നിത്യോപയോഗ സാധനങ്ങൾ ഓപ്പൺ മാർക്കറ്റിൽനിന്നും വാങ്ങുമ്പോൾ സപ്ലൈകോയിൽനിന്നും നൽകാൻ കഴിഞ്ഞത് 321/- രൂപയുടെ സാധനങ്ങൾ മാത്രമാണ്. ഇതിനർഥം വിലക്കയറ്റം നിയന്ത്രിക്കുന്നതിന് യാതൊരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ലെന്നാണ്. വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ സർക്കാർ സ്ഥാപനങ്ങൾ സമ്പൂർണ്ണമായി പരാജയപ്പെട്ടുവെന്നാണ് ശ്രീ. പി. സി. വിഷ്ണുനാഥ് ചൂണ്ടിക്കാണിച്ചത്. പച്ചക്കറിയുടെ വില നിയന്ത്രിക്കാനാണ് ഹോർട്ടികോർപ്പ് സ്ഥാപിച്ചത്. ഇന്ന് അതിൽ പലതും അടച്ചുപൂട്ടിയ സ്ഥിതിയിലാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ മണ്ഡലത്തിലുള്ള ടൗൺ ഔട്ട്ലെറ്റുപോലും അടച്ചുപൂട്ടി. ഇന്നത്തെ ഹോർട്ടികോർപ്പിന്റെ വിലവിവരപ്പട്ടിക എന്റെ കൈവശമുണ്ട്. ചാല മാർക്കറ്റിൽ അമരക്കയ്ക്ക് 30 രൂപയും മുളകിന് 70 രൂപയും തക്കാളിക്ക് 25 രൂപയും വെള്ളരിക്ക് 15 രൂപയുമാണ്. അവയ്ക്ക് ഹോർട്ടികോർപ്പിൽ യഥാക്രമം 38 രൂപയും 110 രൂപയും 33 രൂപയും 24 രൂപയുമാണ്. 70 രൂപയുള്ള ക്യാരറ്റ് 78 രൂപക്കും 80 രൂപ വിലയുള്ള മാങ്ങ 92 രൂപക്കും 40 രൂപക്കുള്ള കോളിഫ്ലവർ 60 രൂപക്കും 70 രൂപ വിലയുള്ള ചെറുനാരങ്ങ 92 രൂപക്കുമാണ് ഹോർട്ടികോർപ്പിൽ വിൽക്കുന്നത്. സർക്കാരിന്റെ സ്ഥാപനം ഓപ്പൺ മാർക്കറ്റിനെക്കാൾ വിലകൂട്ടി വില്പന നടത്തിയാൽ എങ്ങനെയാണ് വിലക്കയറ്റം നിയന്ത്രിക്കാൻ കഴിയുന്നത്? വിലക്കയറ്റം തടഞ്ഞുനിർത്താൻ നിങ്ങൾക്ക് കഴിയുന്നില്ലല്ലോ; കണക്കുകൾ പറയുന്നതല്ലാതെ, ഏതെങ്കിലുമൊരു സാധനത്തിന് വില കുറഞ്ഞതായി നിങ്ങൾക്ക് പറയാൻ കഴിയുമോ; കഴിഞ്ഞ ഓണക്കാലത്ത് 169/- രൂപക്ക് വില്പന ചെയ്തിരുന്ന

വെളിച്ചെണ്ണ ഇപ്പോൾ സപ്ലൈകോ മുഖേന 339/- രൂപയ്ക്കാണ് വിൽക്കുന്നത്. സപ്ലൈകോയുടെ സാധനങ്ങൾ എല്ലായിടത്തും സുലഭമാണെന്നു പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിക്കടക്കം ഏതെങ്കിലുമൊരു മണ്ഡലത്തിൽ സപ്ലൈകോയുടെ ഔട്ട്ലെറ്റിൽ ഒരു തരി പച്ചരി കാണിച്ചുതരാൻ കഴിയുമോ? നിലവിൽ പച്ചരി കിട്ടാനില്ല എന്നതാണ് വസ്തുത. ഒരു കിലോ തേങ്ങയ്ക്ക് ആറുമാസം മുമ്പ് 40 രൂപയായിരുന്നു. ഇപ്പോൾ അത് 74 രൂപയായിട്ടുണ്ട്. മുൻകാലങ്ങളിൽ, അതായത് നിങ്ങൾ അധികാരത്തിൽ വരുന്നതിന് മുമ്പ് ഒരു തട്ടുകടയിൽ പോയി ഒരു വടയും ചായയും കഴിച്ചിട്ട് 20 രൂപ കൊടുത്താൽ രണ്ടു രൂപ ബാക്കിതരും. ഇപ്പോൾ 20 രൂപ കൊടുത്താൽ അഞ്ചുരൂപ കടം പറയേണ്ട സ്ഥിതിയാണ് കേരളത്തിലുള്ളത്. ഹോട്ടലുകളിലെ സാമ്പാറിൽ മുരിങ്ങയ്ക്കയോ കഷ്ണങ്ങളോ തപ്പി നോക്കിയാൽപോലും കിട്ടാൻ വലിയ പ്രയാസമാണ്. വിലക്കയറ്റം ഇത്രയും രൂക്ഷമാകുകയും നിത്യോപയോഗ സാധങ്ങളുടെ വില ഇത്രയധികം കുതിച്ചുയരുകയും ചെയ്യുന്ന സാഹചര്യത്തിൽ എങ്ങനെയാണ് അത് വാങ്ങാൻ കഴിയുന്നത്? കാലിത്തീറ്റയ്ക്കും നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കൾക്കും വലിയ തോതിൽ വില വർധിച്ചിരിക്കുന്നു. പത്ത് വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്ന വിലനിലവാരവും ഇന്നത്തെ വിലനിലവാരവും ഏതെങ്കിലും ഒരു ഹോട്ടലിൽ കയറി നിങ്ങൾക്ക് പരിശോധിക്കാൻ കഴിയുമോ; വിപണി ഇടപെടലിൽ സർക്കാർ വൻ പരാജയമാണ്. പലപ്പോഴും കുറഞ്ഞ വിലയ്ക്ക് ചാല മാർക്കറ്റിൽനിന്നും പച്ചക്കറി വാങ്ങി ഹോർട്ടികോർപ്പിലൂടെ വിൽക്കുന്ന സാഹചര്യമാണുണ്ടായിരിക്കുന്നത്. ഏറ്റവും ഗുരുതരമായ വിഷയം, ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ ഇന്ന് സപ്ലൈകോയിലൂടെ

വിൽക്കുന്നുവെന്നുള്ളതാണ്. ഗുണനിലവാരം കുറഞ്ഞതിനാൽ റിജക്ട് ചെയ്ത സാധനങ്ങൾപോലും എടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസിൽനിന്നും സ്വാധീനം ചെലുത്തുന്നുവെന്ന വളരെ ഗുരുതരമായ ആരോപണം സപ്ലൈകോയിലെ ഉദ്യോഗസ്ഥരുടെ ഇടയിൽനിന്നുണ്ടാകുന്നുണ്ട്. അര കിലോ മുളക് പുറത്തുനിന്ന് വാങ്ങി ഉപയോഗിക്കുന്ന സ്ഥാനത്ത് സപ്ലൈകോയിൽനിന്ന് ഒരു കിലോ വാങ്ങിയാൽപോലും മതിയാകുന്ന സാഹചര്യമല്ല ഇന്നുള്ളത്. മുളകിന്റെ വിലയ്ക്ക് മുളകിനെക്കാൾ എരിവാണ്. ഉള്ളിയുടെ വില കേട്ടാൽ പൊള്ളും. ഇത്രയും സൂചിപ്പിച്ചുകൊണ്ട് എന്റെ പ്രസംഗം നിർത്തുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഇവിടെ പ്രതിപക്ഷത്തിന് എന്തുപറ്റിയെന്ന ചോദ്യംതന്നെയാണ് എനിക്കും ആവർത്തിക്കാൻ തോന്നുന്നത്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുത്തതിൽ ഉപക്ഷേപ അവതാരകൻ സന്തോഷം അറിയിച്ചു. അക്കാര്യത്തിൽ ഞങ്ങൾ തർക്കിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത് ഈ നാട്ടിലെ പാവപ്പെട്ടവനെ ചേർത്തുപിടിക്കാനായി ഈ ഗവൺമെന്റ് ചെയ്ത പ്രവർത്തനങ്ങൾ വിശദീകരിക്കാൻ അവസരം ലഭിക്കുമെന്നതുകൊണ്ട് അത് ചർച്ചയ്ക്കെടുക്കാൻ തയ്യാറാകുന്നു എന്നാണ്. ഗവൺമെന്റ് ആ വിഷയത്തെ അങ്ങനെയാണ് കാണുന്നത്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപവുമായി ബന്ധപ്പെട്ട ചർച്ചകളിൽ വിലക്കയറ്റവും സി.പി.ഐ.-യുടെ സമ്മേളനവുമായി കണക്കു ചെയ്തുള്ള പരാമർശങ്ങളെയും അവഗണിക്കുകയാണ്. പ്രതിപക്ഷം പത്രവാർത്തകൾ കാണിച്ച് സി.പി.ഐ.-യുടെ

സമ്മേളനങ്ങൾ വിലയിരുത്തുകയാണ് ചെയ്യുന്നത്. അവർ പറയുന്നത് ആനയെക്കണ്ട കുരുടൻമാരെപ്പോലെയാണ് എന്നുമാത്രമെ ഞാൻ സൂചിപ്പിക്കുന്നുള്ളൂ. ശ്രീ. എ. കെ. ആന്റണി നടത്തിയ പത്രസമ്മേളനം ഇവിടെ പരാമർശിക്കപ്പെട്ടതല്ലേ? വിലക്കയറ്റത്തെക്കുറിച്ച് പറയുമ്പോൾ കേന്ദ്ര നയത്തെ സംബന്ധിച്ച് ഒരക്ഷരം പറയുന്നില്ല. അതിന്റെ കാരണം, പഞ്ചായത്ത് ഇലക്ഷൻ വരികയാണ്. അവർക്ക് ചില കൂട്ടുകെട്ടുകളുണ്ടാക്കി അധികാരത്തിൽ വരേണ്ട ആവശ്യമുണ്ട്. ഇതിൽ രാഷ്ട്രീയമില്ലേ; രാഷ്ട്രീയത്തെക്കുറിച്ചുകൂടി കാണേണ്ടതുണ്ട്. പണപ്പെരുപ്പത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഇൻഫ്ലേഷൻ കൂടിയിരിക്കുമ്പോൾ കേവല വില താഴ്ന്നിരിക്കുന്ന പ്രതിഭാസവും ഇൻഫ്ലേഷൻ കുറഞ്ഞിരിക്കുമ്പോൾ വില കൂടുന്ന പ്രതിഭാസവുമുണ്ട്. ഇത് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ എളുപ്പമാണ്. സർക്കാർ ചെലവ് വർധിച്ചതുകാരണം ഇൻഫ്ലേഷൻ കൂടിയെന്ന് രാജ്യത്തെ തെറ്റിദ്ധരിപ്പിച്ചുവെന്ന് മുമ്പ് അമേരിക്കൻ പ്രസിഡന്റായിരുന്ന റൊണാൾഡ് റീഗൺ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിന്റെ പിൻഗാമികളായി മാത്രമെ നമുക്ക് ഇവരെയും കാണാൻ കഴിയൂ. കേരളത്തിൽ വെളിച്ചെണ്ണയുടെയും നാളികേരത്തിന്റെയും വില വർധിച്ചതുകൊണ്ട് മാത്രമാണ് ചില ഭക്ഷണ പാനീയങ്ങളുടെ വില ഉയർന്നത്. മറ്റ് ഭക്ഷണ സാധനങ്ങളുടെ വില വർധിച്ചിട്ടില്ല. കേരളത്തിൽ മിസലേനിയസ് ഗ്രൂപ്പിന്റെയും പലചരക്കുകളുടെയും ഉപയോഗം കൂടുതലാണ്. ഗ്രാമീണ കേരളത്തിൽ പലവക ചരക്കുകൾക്ക് നൽകിയിട്ടുള്ള ഉപഭോഗ ശരാശരി 42.5 ശതമാനമാണ്. ഇത് നഗര മേഖലയിൽ 38.5 ശതമാനമാണ്. ഭക്ഷ്യ സാധനങ്ങളുടെ ഉപഭോഗ ശരാശരി ദേശീയതലത്തിൽ 28 ശതമാനവും കേരളത്തിൽ 42 ശതമാനവുമാണ്.

അതിനുകാരണം അവയുടെ ഉപയോഗം കൂടുതലാണെന്നതാണ്. സ്വർണ്ണാഭരണങ്ങൾ, വെള്ളിയാഭരണങ്ങൾ, രത്നങ്ങൾ, മുത്തുകൾ, കുട, സിഗരറ്റ്, സോപ്പ്, പേസ്റ്റ്, ബ്രഷ്, പെർഫ്യൂമുകൾ, ഷാമ്പൂ, ഷേവിങ് ബ്ലേഡ്, ഷേവിങ് ക്രീം, സ്യൂട്ട്കേസ്, ക്ലോക്ക്, വാച്ച് എന്നിവയെല്ലാം അതിലുൾപ്പെടും. അത്തരത്തിലുള്ള പലവകയുടെ ഉപയോഗം കേരളത്തിൽ കൂടുതലായതുകൊണ്ട് പണപ്പെരുപ്പത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ വിലനിലവാരത്തെ അളക്കുന്നതിൽ അർഥമില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ കേരളത്തിൽ ഒരു പാവപ്പെട്ടവൻ പോലും പട്ടിണി കിടക്കില്ല. 'വിശപ്പുരഹിത കേരളം' എന്നത് ഇടതുപക്ഷത്തിന്റെ മുദ്രാവാക്യമാണ്. 2025 നവംബർ 1-ാം തീയതി കേരളം അതിദരിദ്രരില്ലാത്ത സംസ്ഥാനമായി മാറുകയാണ്. രാജ്യത്ത് എവിടെയാണ് പാവപ്പെട്ടവരെ ചേർത്തുപിടിച്ചുകൊണ്ട് ഇങ്ങനെയൊരു ഗവൺമെന്റ് പ്രവർത്തിക്കുന്നത്. വിലക്കയറ്റം നിയന്ത്രിക്കാൻ ഒരു ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങളെല്ലാം ചെയ്യുന്നുണ്ട്. മാർക്കറ്റിൽ വില നിശ്ചയിക്കുന്നത് ഗവൺമെന്റല്ല; ഉൽപാദകനും വിതരണക്കാരനുമാണ് അത് നിശ്ചയിക്കുന്നത്. നെഹ്റുവിന്റെ കാലത്ത് 1955-ൽ പുറത്തിറക്കിയ Essential Commodities Act-ന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്? 1991-ൽ അധികാരത്തിൽ വന്ന കോൺഗ്രസ് ഗവൺമെന്റ് de-regulation നടത്തി അതിന്റെ മുനയൊടിച്ചില്ലേ; കുത്തകകൾക്ക് ആവശ്യംപോലെ സാധനങ്ങൾ പൂഴ്ത്തിവയ്ക്കാനും ഉപയോഗിക്കാനും കഴിയുന്ന രീതിയിലുള്ള രാഷ്ട്രീയ നിലപാടുകൾ എടുത്തതാരാണ്; ഈ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിൽ കോൺഗ്രസ്സിന് എന്ത്

ആത്മാർഥതയാണുള്ളത്? ഉൽപാദകരും വിതരണക്കാരുമായി ചേർന്ന് വില നിശ്ചയിക്കുന്ന പരിപാടി നിയന്ത്രിക്കാൻ എന്താണ് ചെയ്യാൻ കഴിയുകയെന്ന് എൽ.ഡി.എഫ്. ഗവൺമെന്റുകളാണ് കേരളത്തിൽ കാണിച്ചു തന്നിട്ടുള്ളത്. 1980-ൽ നായനാർ മന്ത്രിസഭയിലുണ്ടായിരുന്ന ഇ. ചന്ദ്രശേഖരൻ നായർ ആരംഭിച്ച മാവേലി സ്റ്റോറിനെ ഒരു വിഭാഗം വ്യാപാരികളും ചില ആളുകളും ചേർന്ന് തകർക്കാൻ ശ്രമിച്ചിരുന്നു. അന്ന് ഇവർ ആരുടെ കൂടെയായിരുന്നു? നിങ്ങൾ മാവേലി സ്റ്റോറിനെതിരായി 'വാമന സ്റ്റോർ' എന്ന ആശയവുമായി കടന്നു വന്നവരല്ലേ; 'മാവേലി മന്ത്രി' എന്ന് ഇ. ചന്ദ്രശേഖരൻ നായരെ വിശേഷിപ്പിച്ചത് നമ്മുക്കറിയാമല്ലോ? 1987-ൽ അദ്ദേഹം വീണ്ടും മന്ത്രിയായപ്പോൾ മാവേലി റേഷൻ കടകൾ, മാവേലി സൂപ്പർ മാർക്കറ്റുകൾ, പെട്രോൾ ബങ്കുകൾ, മൊബൈൽ മാവേലി സ്റ്റോറുകൾ, പാചകവാതക വിതരണ കേന്ദ്രങ്ങൾ, റേഷൻ മൊത്ത വ്യാപാര കേന്ദ്രങ്ങൾ ഇതെല്ലാം വിപുലീകരിച്ചു. ഇന്ന് അതിന്റെ സ്ഥിതിയെന്താണ്? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നേതൃത്വത്തിൽ അവയെ 1629 ഔട്ട്‌ലറ്റുകളായി മാറ്റി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 250-ഓളം ഔട്ട്‌ലറ്റുകൾ ആരംഭിച്ചു. കേരളത്തിൽ സർക്കാർ നടത്തുന്ന വിപണി ഇടപെടലിന്റെ കണക്ക് പരിശോധിക്കാം. 2011 മുതൽ 2016 വരെയുള്ള യു.ഡി.എഫ്.-ന്റെ അഞ്ച് വർഷ കാലയളവിൽ വിപണി ഇടപെടലിന് 538 കോടി രൂപയാണ് ചെലവഴിച്ചത്. എന്നാൽ തുടർന്നുവന്ന ഇടതുപക്ഷ സർക്കാരിന്റെ രണ്ട് തവണത്തെ ഭരണകാലയളവിൽ 7270 കോടി രൂപയാണ് ചെലവാക്കിയത്. അതിൽ 6500 കോടി രൂപ ഈ സർക്കാരിന്റെ കാലയളവിലാണ് ചെലവാക്കിയത്. ഈ

ഓണക്കാലത്തോടനുബന്ധിച്ച് സപ്ലൈകോ മുഖേന 386 കോടി രൂപയും കൺസ്യൂമർഫെഡ് മുഖേന 187 കോടി രൂപയും സഹകരണ മേഖല മുഖേന 125 കോടി രൂപയുമാണ് ചെലവഴിച്ചത്. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 10 ശതമാനം അധിക വിലയ്ക്ക് കർഷകരിൽനിന്ന് ഉൽപന്നങ്ങൾ വാങ്ങി 30 ശതമാനം വിലക്കുറവോടെ വിതരണം ചെയ്യുന്ന ഹോർട്ടികോർപ്പിന്റെ പദ്ധതിയുടെ ഭാഗമായാണ് ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്. കേരളത്തിൽ റേഷൻകടകളിലൂടെ ഏകദേശം 597 കോടി രൂപ വിലവരുന്ന ഒന്നരലക്ഷം മെടിക് ടൺ അരിയാണ് ഈ ഓണത്തിന് ഗവൺമെന്റ് വിതരണം ചെയ്തത്. ഇപ്രകാരം ഈ ഗവൺമെന്റ് വിവിധ രീതിയിൽ മൊത്തം 1296 കോടി രൂപയുടെ വിപണി ഇടപെടൽ നടത്തിയിട്ടുണ്ട്. ഇന്ന് നമ്മുടെ ഗ്രാമങ്ങളുടെ സ്ഥിതി എന്താണെന്ന് പ്രതിപക്ഷ എം.എൽ.എ.-മാർ. നേരിട്ട് പരിശോധിക്കണം. സഹകരണ മേഖലയും സപ്ലൈകോയും കൺസ്യൂമർഫെഡും ഹോർട്ടികോർപ്പും റേഷൻ കടകൾ മുഖേന എല്ലാ സാധനങ്ങളും നൽകിയതിന്റെ ഫലമായാണ് പാവപ്പെട്ടവരുടെ വീടുകളിൽ രണ്ട് മാസത്തേയ്ക്കുള്ള സാധനം സ്റ്റോക്ക് ചെയ്യാൻ സാധിച്ചത്. 95 ലക്ഷം കാർഡുടമകളാണ് കേരളത്തിലുള്ളത്. ഓണത്തിന് 57 ലക്ഷം കാർഡുടമകൾ (ഏകദേശം രണ്ടരക്കോടി ആളുകൾ) സപ്ലൈകോ വഴിയാണ് സാധനം വാങ്ങിയത്. റേഷൻ കടകളിലൂടെ 83 ലക്ഷം കാർഡുടമകൾ (ഏകദേശം 88 ശതമാനം ആളുകൾ) സാധനം വാങ്ങിയിട്ടുണ്ട്. കോവിഡ് കാലത്താണ് ഇതിനേക്കാൾ കൂടുതൽ ആളുകൾ റേഷൻ കടയിൽ വന്നിട്ടുള്ളത്. ഇത് ആളുകൾക്ക് വലിയൊരു ആശ്വാസമാണ്. ഇക്കാര്യങ്ങളെല്ലാം ഗവൺമെന്റിന്റെ ഇടപെടൽകൊണ്ടല്ലേ സാധ്യമായത്?

മുൻഗണനാ വിഭാഗത്തിലുള്ളവർക്ക് രണ്ടുമാസത്തെ അരി നൽകുന്നതിനെക്കുറിച്ച് പറയുമ്പോൾ ആരും പരിഹസിക്കേണ്ട കാര്യമില്ല. ഒരാൾക്ക് 5 കിലോ അരി സൗജന്യമായി കൊടുക്കുന്നതുകൂടാതെ, 5 കിലോ അരി 10.90 രൂപ നിരക്കിലും ലഭ്യമാക്കിയിട്ടുണ്ട്. മഞ്ഞ കാർഡുടമകൾക്ക് നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന 35 കിലോ അരി കൂടാതെ ഓണക്കിറ്റ് വഴി പഞ്ചസാരയും ലഭ്യമാക്കുന്നുണ്ട്. വെള്ള കാർഡുടമകൾക്ക് 15 കിലോ അരി കൂടാതെ സപ്ലൈകോ മുഖേന 25 രൂപയ്ക്ക് 20 കിലോ അരിയും നല്കുന്നുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മാവേലി സ്റ്റോറിന്റെ സ്ഥിതിയെന്തായിരുന്നു; ഒഴിഞ്ഞ കാലിച്ചാക്കും കൂറച്ച് എലികളുമല്ലാതെ മറ്റെന്തെങ്കിലും ഉണ്ടായിരുന്നോ? ആ മാവേലി സ്റ്റോറിനെയാണ് നമ്മുടെ ഗവൺമെന്റ് ഈ രീതിയിലേയ്ക്ക് മാറ്റിയത്. 2016 മുതൽ 2021 വരെയുള്ള 5 വർഷക്കാലയളവിൽ വില വർധിപ്പിക്കില്ലെന്നായിരുന്നു പ്രകടനപത്രികയിൽ പറഞ്ഞിരുന്നത്. എന്നാൽ ഏഴുവർഷക്കാലം വിലയിൽ ഒരു വ്യത്യാസവുമില്ലാതെ കൊണ്ടുപോകാൻ കഴിഞ്ഞു. 2012-ലെ പൊതുവിപണിയിലെ വിലയും അന്നത്തെ വിപണി വ്യത്യാസവും തമ്മിലുള്ള കണക്ക് എന്റെ കൈവശമുണ്ട്. അന്ന് ജയ അരിക്ക് വിപണി വിലയുമായി ഉണ്ടായിരുന്ന വ്യത്യാസം 21 ശതമാനമായിരുന്നു; ഇന്നത് 27 ശതമാനമാണ്. കുറുവ അരിയ്ക്ക് 25-28 ശതമാനം വ്യത്യാസം ഉണ്ട്. 2012-ൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് മട്ട അരിക്കും വെളിച്ചെണ്ണയ്ക്കും ഓപ്പൺ മാർക്കറ്റിലെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ 17 ശതമാനം വ്യത്യാസം രേഖപ്പെടുത്തിയിരുന്നു. ഇന്ന് 17 ശതമാനത്തിന്റെ സ്ഥാനത്ത് ആ വ്യത്യാസം 27 ശതമാനമായി ഉയർന്നിട്ടുണ്ട്. 2012-ലെയും 2025-ലെയും കണക്ക് മേശപ്പുറത്ത് വയ്ക്കാൻ

ഞങ്ങൾ തയ്യാറാണ്. അത്തരത്തിൽ ഈ വിഷയത്തിൽ ഇടപെടുന്ന ഒരു ഗവൺമെന്റിന്റെ മുമ്പിലാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഈ ഉപക്ഷേപം കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് ഇക്കാര്യങ്ങളെല്ലാം വ്യക്തമാക്കാനാണ് ഈ ഉപക്ഷേപം ചർച്ചയ്ക്കെടുക്കാമെന്ന് മന്ത്രി പറഞ്ഞതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേന്ദ്ര ഗവൺമെന്റ് നിലപാടുകളുമായി ബന്ധപ്പെട്ട് പറയുകയാണങ്കിൽ, ഇവിടെ 'ഭക്ഷ്യ ഭദ്രത നിയമം' നിലവിൽ വന്നപ്പോൾ 57 ശതമാനം ആളുകൾ റേഷൻ ലഭിക്കേണ്ട പട്ടികയിൽനിന്നും പുറത്തായി. എന്ത് നിലപാടാണ് അവർ സ്വീകരിച്ചത്? എം.പി.-മാരുടെ സഹായം എന്തായിരുന്നു എന്നുകൂടി പരിശോധിക്കണം. നമ്മുടെ വിഹിതം 16 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 14 ലക്ഷമായി കുറച്ചു. നിലവിലുള്ളതെങ്കിലും അനുവദിക്കണമെന്നാവശ്യപ്പെട്ട് സഭയിൽ പ്രമേയം പാസ്സാക്കുന്ന സമയത്ത് പ്രതിപക്ഷം ഇറങ്ങിപ്പോവുകയല്ലേ ചെയ്തത്; എന്ത് ആത്മാർത്ഥതയാണ് കേരള ജനതയോട് നിങ്ങൾ കാണിക്കുന്നത്; ഇക്കാര്യത്തിൽ കോൺഗ്രസ് എം.പി.-മാരുടെ നിലപാട് എന്താണ്? അത്തരത്തിൽ കേരളത്തിലെ ജനങ്ങളുടെ കീശ കീറാതെ ഓണം ഒരുക്കിയ ഒരു സർക്കാരാണ് ഇപ്പോൾ കേരളത്തിലുള്ളതെന്ന് ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുത്തത് വലിയ നേട്ടമായിട്ടാണ് ഭരണപക്ഷം പറയുന്നത്. ഇവിടെ മിക്കവാറും എല്ലാ ചർച്ചകളും അനുവദിക്കുന്നുണ്ട്. പക്ഷേ ചർച്ചകളിൽ പങ്കെടുക്കുമ്പോൾ 8-10 കൊല്ലം മുമ്പ്

ഞങ്ങൾ അധികാരത്തിലിരുന്നപ്പോഴുള്ള സ്ഥിതിയും ഏകദേശം 10 കൊല്ലം ഭരിക്കാൻ അവസരം കിട്ടിയപ്പോൾ നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങളുംകൂടി കണക്കിലെടുത്തുകൊണ്ട് റിയലിസ്റ്റിക്കായി പറയുന്നതിനുപകരം "നിങ്ങളുടെ കാലം, ഞങ്ങളുടെ കാലം" എന്നാണ് രണ്ടു-മൂന്ന് ദിവസങ്ങളായി നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇന്നത്തെ നമ്മുടെ വിഷയം വിലക്കയറ്റമാണ്. ഇന്ത്യയിലെ ഓരോ സംസ്ഥാനങ്ങളിലും നിലവിലുള്ള വിലക്കയറ്റത്തിന്റെ നിരക്കുകളെക്കുറിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് സൂചിപ്പിച്ചു. വിലക്കയറ്റത്തിന്റെ ദേശീയ ശരാശരി 2.7 ശതമാനം ആണെങ്കിൽ നമ്മുടെ സംസ്ഥാനത്തിന്റെ വിലക്കയറ്റ നിരക്ക് 9 ശതമാനമാണ്. എത്ര വലിയ വിലക്കയറ്റമാണ്! ഇത് കേരളീയർക്ക് താങ്ങാൻ കഴിയുമോ എന്നതാണ് പ്രശ്നം. കേരളത്തിലെ സമ്പദ് വ്യവസ്ഥയിൽ ഇത് പ്രതിഫലിക്കാതിരുന്നത് നമ്മുടെ ആരുടെയും ഭരണത്തിന്റെ മേന്മകൊണ്ടായിരുന്നില്ല. സത്യസന്ധമായി പറഞ്ഞാൽ, പതിറ്റാണ്ടുകളായി മലയാളികൾ ലോകരാജ്യങ്ങളിൽ പോയി തൊഴിൽ ചെയ്യും മറ്റ് ബിസിനസ്സുകൾ ചെയ്യും സംസ്ഥാനത്തേയ്ക്ക് പണം അയച്ചിരുന്നതുകൊണ്ട് ആളോഹരി വരുമാനം കൂടുതലായിരുന്നു. ഇക്കാരണം കൊണ്ടാണ് നമ്മുടെ സംസ്ഥാനത്ത് വില വർധിച്ചാലും മറ്റ് പോരായ്മകൾ ഉണ്ടെങ്കിലും ഒരുവിധം ഒന്നാമതാണ് എന്ന് പറയാൻ കഴിയുന്നത്. നമ്മുടെ സംസ്ഥാനത്തേയ്ക്ക് ധാരാളം foreign remittance വരുന്നതുകൊണ്ടാണ് അതിഥി തൊഴിലാളികളെ നിലനിർത്താനും കൺസ്യൂമർ സ്റ്റേറ്റ് എന്ന നിലയിൽ കേരളത്തിന് സുഭിക്ഷമായി മുന്നോട്ടുപോകാനും കഴിയുന്നത്. എന്നാലിപ്പോൾ ഉൾക്കൊള്ളാൻ കഴിയുന്നില്ല, എന്തുകൊണ്ടെന്നാൽ സർക്കാർ ഖജനാവിൽ

പണമില്ല. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി എന്ത് പറഞ്ഞിട്ടും കാര്യമില്ല; നമ്മുടെ ആവശ്യങ്ങൾക്കൊന്നും പണമില്ല എന്നതാണ് വസ്തുത. ഇന്നലെ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് കൂടിയ യോഗത്തിൽ പുറത്തുനിന്ന് ഒരു സാധനവും വാങ്ങാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശക്തമായ പ്രഖ്യാപനം നടത്തിയിരുന്നു. ഇന്നത്തെ പത്രങ്ങളിലെ ലീഡിങ് സ്റ്റോറിയായി വന്നിട്ടുള്ളത് പുറത്തുനിന്ന് ഒരു സാധനവും വാങ്ങാൻ പാടില്ലെന്ന മന്ത്രിയുടെ പ്രസ്താവനയും ശസ്ത്രക്രിയകൾ നിർത്തിവച്ചുവെന്നുള്ള വാർത്തയുമാണ്. പ്രഖ്യാപനങ്ങൾ നടത്തിയതുകൊണ്ടുമാത്രം കാര്യമില്ല. ഗവൺമെന്റ് കുറച്ചുകൂടി റിയലിസ്റ്റിക്കാവണം. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി റിവേഴ്സ് മൈഗ്രേഷനെക്കുറിച്ച് ഇന്നലെ സഭയിൽ പറഞ്ഞിരുന്നു. 1970-കൾക്കുശേഷം ആളുകൾക്ക് യൂറോപ്പ്, കാനഡ, അമേരിക്ക, ഗൾഫ് തുടങ്ങിയ വിദേശരാജ്യങ്ങളിൽ അവസരങ്ങൾ ലഭിക്കുകയും അവിടെ വാണിജ്യ വ്യവസായങ്ങൾ ആരംഭിച്ച് കച്ചവടം ചെയ്ത് പണം കേരളത്തിലേയ്ക്ക് അയക്കുകയും ചെയ്തിരുന്നു. യൂറോപ്യൻ രാജ്യങ്ങൾ അവരുടേതായ ചില പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. ഗൾഫ് രാജ്യങ്ങളിൽ സ്വദേശിവൽക്കരണമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇപ്പോൾ പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് ഈ രാജ്യങ്ങളിൽ ജോലി കിട്ടാൻ സാധ്യതയില്ല. പ്രസ്തുത സ്ഥിതിവിശേഷം നമ്മുടെ ആഭ്യന്തരവരുമാനത്തെയും സാമ്പത്തിക സ്ഥിതിയെയും ഗുരുതരമായി ബാധിക്കും. നമ്മുടെ സംസ്ഥാനത്ത് ജോലിചെയ്യുന്ന അതിഥി തൊഴിലാളികളെ ഇനി നമുക്ക് അഫോർഡ് ചെയ്യാൻ സാധിക്കുമോ? നമുക്ക് അവരെ പിടിച്ചുനിർത്താൻ കഴിയുന്നത് റേഷൻ സമ്പ്രദായം

മുഖേന കേന്ദ്രഗവൺമെന്റിൽനിന്നും അരി ലഭിക്കുന്നതുകൊണ്ടാണ്. അതിൽ തടസ്സം നേരിട്ടാൽ നാം വളരെയധികം ബുദ്ധിമുട്ടിലാകും. നിത്യോപയോഗ സാധനങ്ങളുടെ വിലവർധനവ് അഫോർഡ് ചെയ്യാനുള്ള ശക്തി നമുക്ക് ഇല്ലാതായിക്കൊണ്ടിരിക്കുന്നു. എന്നാൽ മുൻകാലങ്ങളിലേതുപോലെ മാർക്കറ്റ് ഇന്റർവെൻഷൻ ഫലപ്രദമാക്കാൻ സാധിക്കുന്നില്ല. ഇപ്പോഴത്തെ മാർക്കറ്റ് ഇന്റർവെൻഷൻകൊണ്ട് ഒരു ഗുണവുമില്ല എന്നുള്ളതിന്റെ തെളിവാണ് നിത്യോപയോഗ സാധനങ്ങളുടെ വില വർധനവ്. ഗവൺമെന്റ് ആശുപത്രികളിൽ ചികിത്സ തേടി പോകുന്നവർ ഒരു സർജറിക്കുവേണ്ടി എട്ട്-പത്ത് മാസം കാത്തുനിൽക്കാൻ സാധിക്കാത്തതിനാൽ അവർ ചികിത്സയ്ക്കായി പ്രൈവറ്റ് ആശുപ്രതികളെ ആശ്രയിക്കുന്നു. എന്നാൽ അവർക്ക് അതിനുള്ള സാമ്പത്തിക ശേഷിയുണ്ടാകണമെന്നില്ല. ജനങ്ങൾ ഗവൺമെന്റ് ആശുപത്രികളെ ആശ്രയിക്കുന്നത് കുറഞ്ഞുവരികയാണ്. മരുന്നു കമ്പനികൾക്കും ഉപകരണങ്ങൾ വാങ്ങുന്നതിനും സർക്കാർ പണം നൽകാതിരുന്നാൽ ആരോഗ്യ മേഖല പ്രതിസന്ധിയിലാകും. എല്ലാ സാധനങ്ങൾക്കും വില വർധിക്കുന്ന സാഹചര്യമാണുള്ളത്. എന്നാൽ അതിനനുസരിച്ചുള്ള വരുമാനം ലഭിക്കുന്നുമില്ല. ഈ സാഹചര്യം ഗൗരവമായി കാണാതെ ചർച്ചകൾ മാത്രം നടത്തി ഗവൺമെന്റ് ഒഴിയുകയാണ് ചെയ്യുന്നത്. വരുമാനം വർധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ സർക്കാർ കണ്ടെത്തണം, അതിനുള്ള പദ്ധതികൾ കൊണ്ടുവരണം. കേന്ദ്ര പദ്ധതികളുടെ മാച്ചിങ് ഗ്രാന്റ് സംസ്ഥാനം കൊടുക്കാത്തതുകൊണ്ട് അവ മുടങ്ങിയിരിക്കുകയാണ്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് 'ജൽജീവൻ പദ്ധതി'. പ്രസ്തുത പദ്ധതി നടപ്പാക്കാത്തതുകൊണ്ട്

ജനങ്ങൾക്ക് കൂടിവെള്ളം നൽകാൻ കഴിയുന്നില്ല. സർക്കാർ എന്താണ് ചെയ്യുന്നത്? ഇപ്പോൾ ഇലക്ട്രിസിറ്റി ചാർജ്, വാട്ടർ ചാർജ് തുടങ്ങിയ എല്ലാ തരത്തിലുള്ള ചാർജ്ജുകളുടെയും നിരക്ക് തുടർച്ചയായി വർധിപ്പിച്ചിട്ടുണ്ട്. സാധനങ്ങളുടെ വിലയും ദിവസേന വർധിക്കുകയാണ്. നിശ്ചിത വരുമാനം മാത്രമുള്ള ശമ്പളക്കാരുടെ സ്ഥിതിയെക്കുറിച്ച് പറയേണ്ട കാര്യമുണ്ടോ; വിലക്കയറ്റം രൂക്ഷമാകുമ്പോൾ അവർ എന്തുചെയ്യും; പണമില്ലാത്തവർ ചികിത്സയ്ക്കായി എന്ത് ചെയ്യും; എങ്ങനെ ജീവിക്കും? സർക്കാർ കുറച്ചുകൂടി ഗൗരവത്തോടെ ഈ വിഷയത്തെ കാണണം. ഖജനാവിൽ പണമില്ലെന്നും മാർക്കറ്റ് ഇന്റർവെൻഷനും ആശുപത്രികൾക്ക് നൽകുന്ന പിന്തുണയും മറ്റു മേഖലകളിലെ പ്രവർത്തനങ്ങളിലുമെല്ലാം ഗുരുതരമായ പ്രശ്നങ്ങളുണ്ടെന്നും സർക്കാർ തുറന്നുപറയേണ്ടതായിരുന്നു. യാഥാർത്ഥ്യ ബോധത്തോടെ ഏറ്റെടുത്ത് അവയ്ക്ക് പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതും സർക്കാരിന്റെ ഉത്തരവാദിത്വമാണ്. അതിനായി പ്രതിപക്ഷത്തോടും ജനങ്ങളോടും തുറന്ന ചർച്ച നടത്തുകയാണ് വേണ്ടത്. ഫാഗ്എൻഡിൽ എത്തിച്ചേർന്നശേഷം കോൺക്ലേവുകൾ നടത്തിയിട്ട് യാതൊരു പ്രയോജനവുമില്ലെന്ന് മാത്രമല്ല, ഇനി ഫലം ഉണ്ടാകാൻ പോകുന്നുമില്ല. നമ്മുടെ സംസ്ഥാനം വലിയൊരു ദൂഷിത വലയത്തിൽ അകപ്പെട്ടിരിക്കുകയാണെന്നും നമ്മുടെ സാമ്പത്തിക സ്ഥിതി അതീവ ഗുരുതര ഘട്ടത്തിലേക്കാണ് പോകുന്നതെന്നും മനസ്സിലാക്കി ഈ വൈകിയ വേളയിലെങ്കിലും സർക്കാർ അതനുസരിച്ചുള്ള സമീപനം സ്വീകരിക്കണമെന്നാണ് ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. ജോബ് മൈക്കിൾ: സർ, കേരളത്തിന്റെ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. 'കാണം വിറ്റും ഓണം ഉണ്ണണം' എന്നുള്ള ആ പഴഞ്ചൊല്ല് മാറ്റിക്കൊണ്ട് 'കാണം വിൽക്കാതെ ഓണം ഉണ്ണാൻ' സാഹചര്യമൊരുക്കിയ മന്ത്രിയാണ് കേരളത്തിന്റെ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി. ഓണത്തിന് കുടുംബശ്രീ മീറ്റിങ്ങുകളിൽ പങ്കെടുത്ത അവസരത്തിൽ ഇപ്രാവശ്യത്തെ ഓണം എങ്ങനെയുണ്ടെന്ന് ഞാൻ ആരാഞ്ഞപ്പോൾ ഇത് അടിപൊളി ഓണമാണെന്നും എല്ലാം കിട്ടുന്ന ഓണമാണ് എന്നുമാണ് അവർ മറുപടി പറഞ്ഞത്. തൊടുപുഴയിൽ ഓണച്ചന്ത ഉദ്ഘാടനം ചെയ്തുകൊണ്ട് യു.ഡി.എഫ്.-ന്റെ ഒരു ഘടകകക്ഷി നേതാവ് പറയുന്നൊരു പത്രവാർത്തയുണ്ട് (പത്രം ഉയർത്തിക്കാണിക്കുന്നു) 'സർക്കാർ ഇടപെടൽ ഫലപ്രദം'. അതിന്റെ ബാക്കിഭാഗം ഞാൻ വായിക്കുന്നില്ല. സിവിൽ സപ്ലൈസ് ഓണച്ചന്ത ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുന്ന അദ്ദേഹത്തിന്റെ ചിത്രം സഹിതം മലയാള മനോരമ പത്രത്തിൽ വന്നിട്ടുണ്ട്. സംസ്ഥാനത്ത് 140 നിയോജക മണ്ഡലങ്ങളിലും ഓണച്ചന്തകൾ തുറക്കുകയും വിപണിയിൽ ഇടപെട്ട് വില കുറയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ശ്രീ. എം. വിൻസെന്റിന് ഇപ്രാവശ്യം കെ.എസ്.ആർ.ടി.സി-ക്ക് വേണ്ടി സമരം ചെയ്യാൻ പോകേണ്ടി വന്നില്ലല്ലോ; ഈ നാട്ടിൽ ഒരിടത്തും പട്ടിണി സമരം ഉണ്ടായില്ലല്ലോ; പട്ടിണിക്കാർക്കുവേണ്ടി സമരം ചെയ്യാനും ആരും പോയില്ലല്ലോ? ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ അരിയുടെ വിലക്കയറ്റത്തെക്കുറിച്ച് സംസാരിച്ചു. എന്നാൽ പ്രതിപക്ഷ ഉപനേതാവ് അടക്കമുള്ള പ്രതിപക്ഷാംഗങ്ങളുടെ പ്രസംഗത്തിൽ അരിയുടെ വിലയെക്കുറിച്ച് പരാമർശിച്ചില്ല. കാരണം അരിക്ക് വില

കുറവാണ്. റേഷൻകടകൾ മുഖേന ഭക്ഷ്യ-പൊതുവിതരണ വകുപ്പ് 10.90 രൂപയ്ക്ക് 15 കി.ഗ്രം. അരി കൊടുത്തിട്ടുള്ള കാര്യം നമുക്കറിയാം. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് ലക്ഷക്കണക്കിന് ആളുകൾ ബി.പി.എൽ. കാർഡിനുവേണ്ടി അലഞ്ഞിരുന്നു. പക്ഷെ, ഇപ്പോൾ എന്താണ് സ്ഥിതി? 5 ലക്ഷത്തിലധികം ആളുകൾക്ക് ബി.പി.എൽ. കാർഡ് അനുവദിച്ചിട്ടുണ്ട്. അങ്ങനെ എല്ലാ നല്ല കാര്യങ്ങളും ചെയ്യുന്ന ഒരു ഗവൺമെന്റിനെ വില കുറച്ച് കാണിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ഇപ്പോൾ വിലക്കയറ്റമുള്ളത് എവിടെയാണ്? സ്വർണ്ണത്തിന്റെ വിലക്കയറ്റത്തെക്കുറിച്ചുള്ള നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമാണ് അവതരിപ്പിക്കേണ്ടിയിരുന്നതെന്ന് ശ്രീ. പി. സി. വിഷ്ണുനാഥിനോട് ഞാൻ പറഞ്ഞു. സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ഇവിടെ വിലക്കയറ്റമില്ല. ഈ സർക്കാർ കേരളത്തിലെ സാധാരണക്കാർക്കുവേണ്ടി ഓണക്കാലത്തുമാത്രം 207 കോടി രൂപയാണ് വിപണിയിൽ ചെലവാക്കിയത്. റേഷൻ കടകൾ മുഖേന 597 കോടി രൂപയും ചെലവാക്കിയിട്ടുണ്ട്. സാധാരണക്കാർക്കുവേണ്ടി പ്രവർത്തിക്കുന്ന ഗവൺമെന്റിനെ കരിതേച്ചും വിലകുറച്ചും കാണിക്കാൻ വേണ്ടിമാത്രമാണ് ഈ ഒരു ഉപക്ഷേപം സഭയിൽ കൊണ്ടുവന്നത്. അതുകൊണ്ട് ഇതിന് യാതൊരു പ്രസക്തിയുമില്ല എന്നറിയിച്ചുകൊണ്ട് എന്റെ പ്രസംഗം നിർത്തുന്നു.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, കേരളത്തിലെ വിലക്കയറ്റത്തെക്കുറിച്ചാണ് പ്രതിപക്ഷാംഗങ്ങൾ സംസാരിക്കുന്നത്. പക്ഷേ, വല്ലാതെ വിലയിടിഞ്ഞുപോയ ഒരു സംഭവം കേരളത്തിലുണ്ട്. അത് കോൺഗ്രസാണ്; കാലങ്ങളായി അതിന്റെ

വിലയിടിഞ്ഞുകൊണ്ടേയിരിക്കുകയാണ്. ഈ ഓണക്കാലത്ത് വല്ലാതെ താഴേക്കിടിഞ്ഞുപോയി എന്നതന്നെ പറയാം. ഉപക്ഷേപ അവതാരകൻ രാവിലെ ഭക്ഷ്യഭദ്രതാ നിയമത്തെക്കുറിച്ച് ഒരു വാക്കുപോലും സംസാരിച്ചില്ല. അദ്ദേഹം ഇൻഫ്ലേഷനെക്കുറിച്ചാണ് സംസരിച്ചത്. ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കിയതാരാണ്? 2013-ലെ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കിയത് ആ കാലത്തെ ഗവൺമെന്റാണ്. അന്ന് കേരളത്തിലെ ജനസംഖ്യയുടെ 51% മുൻഗണനേതര വിഭാഗക്കാർ റേഷൻ പരിധിക്ക് പുറത്തായി; അല്ലെങ്കിൽ പുറത്താക്കി. അന്നത്തെ യു.പി.എ. ഗവൺമെന്റിന്റെ ഭാഗമായുള്ളവരാണ് ഇപ്പോൾ മുതലക്കണ്ണീരൊഴുക്കിക്കൊണ്ട്, ചില കോർപ്പറേറ്റ് മാധ്യമങ്ങളുടെ സഹായത്തോടെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ഇതുപോലൊരു ചർച്ച നടത്തുന്നത്. സത്യം പറഞ്ഞാൽ പ്രതിപക്ഷത്തോട് സഹതാപമാണ് തോന്നുന്നത്. പ്രതിപക്ഷത്തിന് വിഷയ ദാരിദ്ര്യമാണ്. നാം ഇൻഫ്ലേഷനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ, ഇൻഫ്ലേഷൻ ലോകത്തെയാകമാനം ബാധിക്കുന്ന ഈ അവസരത്തിൽ നമ്മുടെ നാടിനെ ഇത് എങ്ങനെ ബാധിക്കുമെന്നത് സംബന്ധിച്ച് അത്യാവശ്യം സാമ്പത്തിക ശാസ്ത്രം പഠിച്ചവർക്ക് ചിന്തിക്കാവുന്നതേയുള്ളൂ. ഇത്തവണ ഓണക്കാലത്ത് എല്ലായിടത്തും 'ഓണം മൂഡ്' എന്നൊരു പാട്ട് കേൾക്കുന്നുണ്ടായിരുന്നു. എന്തൊരു ഓണം മൂഡായിരുന്നു ഇക്കാലത്ത്. എല്ലായിടത്തും സന്തോഷം. ഒരു ഉപഭോക്തൃ സംസ്ഥാനം എന്ന നിലയിൽ പഴവും പച്ചക്കറിയുമൊക്കെ അന്യ സംസ്ഥാനങ്ങളിൽനിന്ന് വാങ്ങുന്ന നമ്മുടെ നാട്ടിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ ഏക്കർ കണക്കിന് പച്ചക്കറികളും പൂക്കളും കൃഷി ചെയ്യുകയുണ്ടായി. ഓരോ കാര്യങ്ങളെക്കുറിച്ച്

പറയുമ്പോൾ ഇതുപോലുള്ള കാര്യങ്ങൾ കൂടി പരാമർശിച്ചു പോകണം.

**[1.00 PM]**

ഈ വർഷം ഏറ്റവും നല്ല രീതിയിൽ ഓണം ആഘോഷിക്കാൻ ഈ സർക്കാർ ജനങ്ങളോടൊപ്പമുണ്ടായിരുന്നെന്ന് എല്ലാവർക്കും അറിയാം. ഒന്നോ രണ്ടോ കോടി രൂപയല്ല, ഇരുപതിനായിരം കോടി രൂപയാണ് ഈ ഓണക്കാലത്ത് സർക്കാർ നേരിട്ട് ജനങ്ങളുടെ കൈകളിലെത്തിച്ചത്. അതോടൊപ്പം ക്ഷേമപെൻഷനും ബോണസും ഉത്സവബത്തയും നൽകുകയുണ്ടായി. ഡി.എ. നേരത്തെതന്നെ കൊടുത്തതുകൊണ്ട് സർക്കാർ ജീവനക്കാരെല്ലാം സന്തോഷത്തിലാണ്. ക്ഷേമപെൻഷന്റെ രണ്ട് ഗഡുക്കളാണ് ഓണത്തിനുമുമ്പ് വിതരണം ചെയ്തത്. അതുപോലെ കുറഞ്ഞവിലയിൽ; അതായത് ആയിരം രൂപയ്ക്ക് 15 ഇന സാധനങ്ങളടങ്ങിയ കിറ്റ് വിപണിയിൽ ലഭ്യമാക്കി. എല്ലായിടത്തും ഓണം, എല്ലാവർക്കും ഓണം. പൊതുവിപണിയിൽ വിലക്കയറ്റമുണ്ടാകുന്നത് സ്വാഭാവികമാണ്. വിലക്കയറ്റത്തെ എങ്ങനെ പിടിച്ചുനിർത്താൻ സാധിക്കുമെന്ന കാര്യത്തിൽ ഈ സർക്കാർ മാതൃകയാകുകയാണ്. കേരളത്തിൽ ഒരു മാവേലി നാട് പുനഃസൃഷ്ടിക്കാൻ ഈ ഗവൺമെന്റിന്റെ നല്ല പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ട്. ഓണച്ചന്തവഴി അവശ്യസാധനങ്ങൾ വൻ വിലക്കുറവിൽ ലഭ്യമാക്കിയപ്പോൾ വെള്ള, നീല, പിങ്ക് കാർഡുകാർക്ക് യഥാക്രമം 15 കിലോ, 10 കിലോ, 5 കിലോ വീതം അരി 10.90 രൂപയ്ക്ക് റേഷൻ കടകൾ മുഖേന വിതരണം ചെയ്യുകയുണ്ടായി. പഴയകാലത്തെ റേഷൻ കടകളുടെ അവസ്ഥയല്ല നിലവിലുള്ളത്. ഇതുകൂടാതെ കെ-സ്റ്റോർ വഴി ധാരാളം കാര്യങ്ങൾ വകുപ്പിന്റെ

നേതൃത്വത്തിൽ സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ട്. അന്ത്യോദയ, അന്നയോജന വിഭാഗത്തിൽപ്പെട്ടവർക്കും ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കും സൗജന്യ ഭക്ഷ്യക്കിറ്റ് നൽകുകയുണ്ടായി. ഈ സർക്കാർ ആരെയും മാറ്റി നിർത്താതെ എല്ലാവരെയും ചേർത്തുനിർത്തുകയാണ് ചെയ്യുന്നത്. സ്കൂൾ കുട്ടികൾക്ക് കൃത്യമായി അരി നൽകുന്നുണ്ട്. പാഠപുസ്തകം പോലും ലഭിക്കാതിരുന്ന സ്കൂൾ കുട്ടികൾക്ക് നല്ല ഭക്ഷണമടക്കം കൃത്യമായി നൽകുന്നുണ്ട്. കോൺഗ്രസിന്റെ കാലത്ത് ഇതൊന്നുമുണ്ടായിരുന്നില്ല. അന്ന് മന്ത്രിമാരായിരുന്ന പലരും ഇവിടെയുണ്ട്. കൂടാതെ സർക്കാർ ജീവനക്കാർക്ക് ഒരു ഗഡു ഡി.എ. അനുവദിക്കാൻ കഴിഞ്ഞു. കരാർ തൊഴിലാളികളെയും സ്കീം തൊഴിലാളികളെയും ചേർത്തുനിർത്തിക്കൊണ്ട് അവരുടെയിടയിലും ഓണത്തിന്റെ കരുതലെത്തിച്ചു. കേരളത്തിലെ ഒട്ടുമിക്ക മാധ്യമങ്ങളും ഇത് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇൻഫ്ലേഷൻ റേറ്റിനെക്കുറിച്ച് ഉപക്ഷേപ അവതാരകൻ സൂചിപ്പിച്ചു. കഴിഞ്ഞ 5 വർഷമായി കേരളത്തിൽ ഇൻഫ്ലേഷൻ നിരക്കുകൾ കുറഞ്ഞുതന്നെയാണ് നിൽക്കുന്നതെന്ന് ഔദ്യോഗിക കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. 2024-ന്റെ ആരംഭത്തിൽ ഇന്ത്യയിൽ ഏറ്റവും കുറവ് ഇൻഫ്ലേഷൻ നിരക്ക് രേഖപ്പെടുത്തിയത് കേരളത്തിലായിരുന്നു. 2024 വർഷത്തിന്റെ മധ്യം മുതലാണ് കേരളത്തിൽ ഇൻഫ്ലേഷൻ നിരക്കുകൾ അല്പം ഉയരാൻ തുടങ്ങിയത്. സ്വർണ്ണവിലയെക്കുറിച്ച് ആരും സംസാരിക്കുന്നില്ല. ഇന്ന് സ്വർണ്ണത്തിന്റെ വില എവിടെ എത്തിനിൽക്കുന്നു? 2024 ഫെബ്രുവരിയിൽ ഒരു പവൻ സ്വർണ്ണത്തിന്റെ വില 45,000/- രൂപ ആയിരുന്നുവെങ്കിൽ ഇന്ന് ഒരു പവന് എൺപതിനായിരത്തിലധികം രൂപയായി. വെള്ളിയുടെ

വിലയും വർധിച്ചിട്ടുണ്ട്. കേരളത്തിന്റെ ഇൻഫ്ലേഷൻ നിരക്കിനെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സംസാരിക്കുമ്പോൾ, സ്വർണ്ണവും വെള്ളിയും ഉൾപ്പെട്ട പലവക ചരക്കുകൾക്ക് മറ്റ് സംസ്ഥാനങ്ങളിലുള്ളതിനെക്കാൾ ഉയർന്ന പ്രാധാന്യം നൽകിവരുന്നുണ്ട്. അതിനെക്കുറിച്ച് ഉപക്ഷേപത്തിലെങ്ങും സൂചിപ്പിക്കുന്നില്ല. ആളുകളുടെ കണ്ണിൽ പൊടിയിടാൻവേണ്ടി വിലക്കയറ്റം എന്നുമാത്രം പ്രതിപാദിക്കുകയാണ് ചെയ്തിരിക്കുന്നത്. കുറച്ചുമാസങ്ങളായി കേരളത്തിലെ ഇൻഫ്ലേഷൻ നിരക്ക് കുറച്ചെങ്കിലും ഉയർന്നിട്ടുണ്ടെങ്കിൽ അത് അവശ്യസാധനങ്ങളുടെ വില വർധനവുമൂലമല്ലെന്ന് സ്ഥാപിക്കുന്നതിനുവേണ്ടിയാണ് ആധികാരികമായ ഈ വിവരങ്ങൾ സഭയുടെ മുമ്പാകെ പറയുന്നത്. ഇതെല്ലാം പൊതുവിലുള്ള കാര്യമാണ്. നാളീകേര ഉൽപാദനത്തിലുണ്ടായ ഇടിവിന്റെ ഭാഗമായാണ് നാളീകേരത്തിന് വില വർധിച്ചത്. ആരാണ് ആസിയാൻ കരാർ കൊണ്ടുവന്നത്? അന്ന് ഏറ്റവും വലിയ പ്രതിരോധം സൃഷ്ടിച്ചത് ഇടതുപക്ഷ പാർട്ടികളായിരുന്നു. യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് രാജ്യത്തെ ജനങ്ങൾക്ക് ദോഷകരമായ എല്ലാ കരാറുകളിലും ഒപ്പുവച്ചവരാണ് ഈ കൊച്ചുകേരളത്തിൽ നാളീകേരത്തിന്റെയും റബ്ബറിന്റെയും വിലയിടിഞ്ഞുവെന്ന് പറയുന്നത്. എന്ത് വ്യാജമായ കണ്ണുനീരാണ് നിങ്ങൾ പൊഴിച്ചുകൊണ്ടിരിക്കുന്നത്? കേരളത്തിൽ ഭക്ഷ്യധാന്യങ്ങളുടെയോ ഭക്ഷ്യ വസ്തുക്കളുടെയോ തുണികളുടെയോ അവശ്യ ഉപഭോഗ വസ്തുക്കളുടെയോ വില വർധിച്ചിട്ടുണ്ടോ? റേഷൻ കാർഡുണ്ടാക്കി വേർതിരിവുണ്ടാക്കിയതെല്ലാം യു.പി.എ. ഗവൺമെന്റിന്റെ കാലത്താണ്. നിങ്ങളെല്ലാം അതിന്റെ ഭാഗമല്ലേ? സ്വർണ്ണം, വെള്ളി നിരക്കുകളിലെ വർധനവ് പൊതുജനങ്ങളെ

ബാധിക്കുന്ന കാര്യമായി പറയാൻ സാധിക്കില്ല. എന്നാൽ അവശ്യസാധനങ്ങളുടെ വിലവർധിച്ചത് എന്തുകൊണ്ടാണെന്ന് നിങ്ങൾക്ക് പറയാൻ കഴിയുന്നില്ല. ഔദ്യോഗിക കണക്കുകൾ പരിശോധിച്ചശേഷം തന്നെയാണ് ഈ വിവരങ്ങൾ സഭ മുമ്പാകെ പറയുന്നത്. പണപ്പെരുപ്പം എന്നു പറഞ്ഞാൽ ഒരു ചരക്കിന്റെ കേവല വില ഉയർന്നുനിൽക്കുന്നു എന്നാണ് അർഥമാകുന്നത്. ഓണക്കാലമാകുമ്പോൾ എല്ലാ സാധനങ്ങൾക്കും ഡിമാൻഡ് വർധിക്കും. കേവല വിലകൾ മറ്റ് സംസ്ഥാനങ്ങളെക്കാൾ താഴ്ന്ന് നിൽക്കുമ്പോഴും ചിലപ്പോൾ ചില ഡിമാൻഡുകൾ വർധിക്കും. സപ്ലൈയിൽ വരുന്ന മാറ്റങ്ങളെ അടിസ്ഥാനമാക്കി ഇൻഫ്ലേഷൻ നിരക്ക് വല്ലാതെ കൂടുകയോ കുറയുകയോ ചെയ്യാറുണ്ട്. എന്നാൽ ഇതൊന്നും പൊതുജനങ്ങളുടെ ജീവിതത്തെ ബാധിക്കാതിരിക്കാനുള്ള ഉത്തരവാദിത്വം നടപ്പാക്കിയ ഒരു ഗവൺമെന്റാണിത്. സർവകാല റിക്കാർഡുകൾ തകർക്കുന്ന തരത്തിലുള്ള വില്പനയാണ് സപ്ലൈകോ ഔട്ട്‌ലെറ്റ് വഴി ആഗസ്റ്റ് മാസത്തിൽ നടന്നത്. ഇത്രയും ആളുകൾ സാധനങ്ങൾ വാങ്ങുകയല്ലേ? കോടിക്കണക്കിന് രൂപയുടെ സാധനങ്ങൾ സപ്ലൈകോ ഔട്ട്‌ലെറ്റ് വഴി വിറ്റഴിക്കുകയല്ലേ? പൊതുവിപണിയിൽ സർക്കാർ ഇടപെട്ടുവെന്നതിന്റെ ഏറ്റവും വലിയ സൂചനയാണത്. ഇപ്പോൾ പറയുന്നത് വെളിച്ചെണ്ണയുടെ വില വർധിച്ചുവെന്നാണ്. 2025 ജൂലൈ മാസം കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരഫെഡിന്റെ കേര ബ്രാൻഡിലുള്ള വെളിച്ചെണ്ണ ലിറ്ററിന് 521/- രൂപയിൽനിന്ന് 479/- രൂപയായി കുറച്ചുകൊണ്ടുവരാൻ ഗവൺമെന്റ് വിപണയിടപെടൽ നടത്തിയിരുന്നു. ഇവിടെ വൈദ്യുതി നിരക്ക് വർധിപ്പിച്ചതിനെക്കുറിച്ച് പറഞ്ഞു. വൈദ്യുതി നിരക്ക് എപ്പോഴും വർധിപ്പിക്കുന്നത്

ആരാണ്? വൈദ്യുതി നിയമം 2003-ലെ സെക്ഷൻ 62 പ്രകാരം സംസ്ഥാനത്തെ വൈദ്യുതിയുടെ നിരക്ക് നിശ്ചയിക്കാനുള്ള പരമാധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ മാത്രം നിക്ഷിപ്തമാണ്. പ്രസ്തുത കമ്മീഷൻ നിലവിൽ വന്നതിനുശേഷം ആദ്യമായി 2012-ലാണ് സംസ്ഥാനത്തെ വൈദ്യുതി താരിഫ് പരിഷ്കരണം നടത്തിയത്. 2012-ൽ ആരുടെ ഭരണമായിരുന്നു? പിന്നീട് 2013, 2014, 2017, 2019, 2022, 2024, 2025 വർഷങ്ങളിൽ താരിഫ് വർധനവ് ഉണ്ടായിട്ടുണ്ട്. യു.ഡി.എഫ്. ഭരണകാലത്ത് 2012-ൽ 24 ശതമാനമാണ് വർധിപ്പിച്ചത്. ചരിത്രത്തിലാദ്യമായി നമ്മൾ പകൽ സമയത്ത് വൈദ്യുതി ചാർജ് കുറച്ചു. കെ.എസ്.ഇ.ബി.എൽ. 2024 ഏപ്രിൽ മുതൽ നടപ്പാക്കിയ ഒരു പ്രധാന മാറ്റമാണ് ടൈം ഓഫ് ഡേ താരിഫ്. അതായത് പകൽ സമയത്ത് വൈദ്യുതി നിരക്ക് കുറയ്ക്കാനുള്ള ധൈര്യം നമ്മൾ കാണിച്ചിട്ടുണ്ട്. ഇത് എല്ലാ ഉപഭോക്താക്കൾക്കും ബാധകമല്ല, പ്രതിമാസം 250 യൂണിറ്റിൽ കൂടുതൽ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമാണ്. പ്രതിപക്ഷം വ്യാജ പ്രചരണങ്ങൾ നടത്തിക്കൊണ്ട് ഒരു പുകമറ സൃഷ്ടിക്കുകയാണ് ചെയ്യുന്നത് എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ഈ വിഷയം ചർച്ചയ്ക്കെടുക്കുമ്പോൾ പത്തുവർഷം മുമ്പും നാൽപ്പത് വർഷം മുമ്പുമുള്ള കാര്യങ്ങളാണ് ഭരണപക്ഷാംഗങ്ങൾ ഉന്നയിക്കുന്നത്. നിലവിൽ റിയലിസ്റ്റിക്കായിട്ടുള്ള പ്രശ്നങ്ങളിൽനിന്നുള്ള ഒളിച്ചോട്ടമാണ് പലപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നത്. ആഭ്യന്തര വകുപ്പിനുണ്ടായിരിക്കുന്ന പ്രശ്നങ്ങൾ, കസ്റ്റഡി

മരണങ്ങൾ, ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ തുടങ്ങി ഇന്ന് സമൂഹം നേരിടുന്ന ഗുരുതരമായ പ്രതിസന്ധികളും ആശങ്കകളുമാണ് പ്രതിപക്ഷം ഇവിടെ പങ്കുവച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന വിലക്കയറ്റത്തെ നിയന്ത്രിക്കാൻ ഗവൺമെന്റിന് കഴിയാതെ പോകുന്നതിന്റെ പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് ഇതിന്റെ ഏജൻസിയായ സപ്ലൈകോയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന വലിയ സാമ്പത്തിക ബാധ്യതയാണ്. നെല്ല് സംഭരണത്തിൽ മാത്രം സപ്ലൈകോയുടെ ബാധ്യത നാലായിരം കോടി രൂപയാണെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇതിൽ അടിസ്ഥാനപരമായി സംഭവിച്ചത്, 2016-ലെ ഗവൺമെന്റിന്റെ പ്രധാനപ്പെട്ട തീരുമാനമായിരുന്ന 13 ഇനം സബ്സിഡി സാധനങ്ങൾക്ക് വില വർധിപ്പിക്കില്ല എന്നത്. അക്കാര്യത്തിന് വലിയ പ്രചരണം നൽകുകയും ചെയ്തു. പക്ഷേ സിവിൽ സപ്ലൈസ് കോർപ്പറേഷനുണ്ടാകാൻ പോകുന്ന അതിഭീകരമായ നഷ്ടം നികത്തേണ്ട ഉത്തരവാദിത്വം ഗവൺമെന്റിനുണ്ടായിരുന്നു. ആ ഉത്തരവാദിത്വം ഗവൺമെന്റ് യഥാസമയം നിറവേറ്റാത്തതുകൊണ്ടാണ് ഗണ്യമായ നിലയിൽ അതിന്റെ പർച്ചേസിംഗ് കപ്പാസിറ്റി കുറയാനിടയായത്. ഗവൺമെന്റിന്റെ ഒരു പോളിസിയാണ് സപ്ലൈകോ നടപ്പാക്കിയത്. പ്രസ്തുത പോളിസി നടപ്പാക്കിയതിന്റെ ഫലമായുണ്ടായ നഷ്ടം നികത്താൻ ഗവൺമെന്റ് തയ്യാറാകാത്തതുകൊണ്ട് വലിയ പ്രതിസന്ധി നേരിടേണ്ടിവന്നു. ഓണത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ ഓണക്കാലത്ത് മൂന്നോ നാലോ ദിവസങ്ങളിൽ താഴെയാണ് പ്രാദേശിക ഫെയറുകൾ നടത്തുന്നത്. മുൻകാലങ്ങളിൽ പത്ത് ദിവസം വരെ പ്രാദേശിക

ഫെയറുകൾ നടത്തിയിരുന്നു. ഇതിൽ എത്രപേർക്ക് ജില്ലാ വിപണിയിലേയ്ക്ക് എത്താൻ കഴിയും? പ്രാദേശിക ഫെയറുകളെ ശാക്തീകരിച്ചാൽ മാത്രമെ കൂടുതൽ ഇടപെടലുകൾ നടത്താൻ കഴിയുകയുള്ളൂ. സപ്ലൈകോയ്ക്ക് ലഭിക്കാനുള്ള പല തരത്തിലുള്ള കുടിശ്ശിക ഗവൺമെന്റിൽനിന്ന് ലഭിക്കാത്തതിന്റെ ഫലമായി വലിയ പ്രതിസന്ധി ഉടലെടുത്തിരിക്കുകയാണ്. ഹോർട്ടികോർപ്പ്, കൺസ്യൂമർഫെഡ്, മാവേലി സ്റ്റോറുകൾ എന്നിവ കേന്ദ്രീകരിച്ചുള്ള സംയുക്ത പ്രവർത്തനങ്ങൾ മുഖേന കൂടുതൽ കൃത്യതയോടെ മുന്നോട്ടു പോകാൻ കഴിയുന്ന സാഹചര്യമുണ്ട്. ഹോർട്ടികോർപ്പിന്റെ കാര്യം ഇവിടെ പ്രതിപാദിച്ചു. പല ഹോർട്ടികോർപ്പ് ഔട്ട്‌ലെറ്റുകളുടെയും പ്രവർത്തനം നിലയ്ക്കുന്നുവെന്ന വാർത്തകൾ വരുന്നുണ്ട്. ബഹുമാനപ്പെട്ട വി. ജോയി പ്രസംഗിച്ചപ്പോൾ, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലയളവിൽ 773 കോടി രൂപയാണ് വിപണി ഇടപെടലിനായി ചെലവഴിച്ചതെന്നും ഇപ്പോഴത്തെ ഗവൺമെന്റിന്റെ കാലയളവിൽ 4000 കോടി രൂപയാണ് ചെലവഴിച്ചതെന്നുമുള്ള കണക്കുകൾ പറഞ്ഞു. 2006-2011-ലെ വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെയും അതിനുമുമ്പ് 1996-2001-ലെ ഇ. കെ. നായനാർ ഗവൺമെന്റിന്റെയും കാലയളവുകൾ പരിശോധിക്കുമ്പോൾ 2006-2011-ൽ വിപണിയിടപെടലിന്റെ ഭാഗമായി ഏകദേശം 200 കോടി രൂപയാണ് നീക്കിവച്ചത് എന്ന് മനസ്സിലാക്കാൻ സാധിക്കും. അടുത്ത ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഇതിനെക്കാൾ കൂടുതൽ തുക വിപണിയിടപെടലിനായി നീക്കിവയ്ക്കും. അങ്ങനെ ചെയ്തേ മതിയാകൂകയുള്ളൂ; കാരണം അത് അനിവാര്യമാണ്. നിങ്ങൾ വസ്തുതാപരമായ കാര്യങ്ങളല്ല പറയുന്നത്. ഇന്ന് നാം നേരിടുന്ന ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന

നിലയിലുള്ള കൃത്യമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല എന്നതാണ് വസ്തുത. ഈ മേഖലയിലെ പരിശോധനാ സംവിധാനങ്ങൾ കൂടുതൽ കർശനമാക്കാൻ കഴിയണം. പൂഴ്ത്തിവയ്പും മറ്റ് രീതിയിലുള്ള പ്രശ്നങ്ങളുമുണ്ടാകുമ്പോൾ കൃത്യമായ സംവിധാനത്തിലൂടെ ഇവ ഫലപ്രദമായി നേരിടാൻ കഴിയുന്ന രീതിയിലുള്ള ഇടപെടലുണ്ടായാൽ അത് സ്വാഭാവികമായും കൺസ്യൂമേഴ്സിന് ഗുണകരമായി മാറും. അത്തരം കാര്യങ്ങളിലെല്ലാം ഗവൺമെന്റിന്റെ ശക്തമായ ഇടപെടലുണ്ടാകണം. നെല്ല് സംഭരണം സംബന്ധിച്ച് കർഷകർക്കുണ്ടാകുന്ന ആശങ്ക വീണ്ടും ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് യഥാസമയം വില ലഭ്യമാക്കണം. ഇക്കാര്യത്തിൽ കാലതാമസമുണ്ടായാൽ അത് സ്വാഭാവികമായും അവരെ വലിയ രീതിയിലുള്ള ആശങ്കയിലേയ്ക്ക് നയിക്കും. ഒന്നോ രണ്ടോ മാസങ്ങൾ കഴിഞ്ഞ് അവർക്ക് തുക ലഭിക്കുന്നുണ്ടെന്ന് പറഞ്ഞിട്ട് കാര്യമില്ല. ചില പ്രദേശങ്ങളിൽ നെല്ലിന് യഥാസമയം വില ലഭിക്കുന്നുണ്ടാകും. എന്നാൽ എല്ലായിടത്തും അപ്രകാരം ലഭിക്കുന്നില്ലെന്ന് പ്രത്യേകം ചൂണ്ടിക്കാണിക്കുന്നു. ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ: സർ, കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വന്നാൽ വിഷം കഴിച്ച് മരിക്കുമെന്ന് പറഞ്ഞ പത്രം ഉടമയുടെ പത്രത്തിൽ, 'വിലക്കയറ്റ തോതിൽ കേരളം വീണ്ടും ഒന്നാമത്' എന്നൊരു വാർത്ത പ്രത്യക്ഷപ്പെടുകയുണ്ടായി. ആ

വാർത്തയെ മാത്രം അടിസ്ഥാനപ്പെടുത്തിയാണ് ഇന്ന് ബഹുമാനപ്പെട്ട കുണ്ടറ അംഗം ഇവിടെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ ഭാഗമായി വിഷയം അവതരിപ്പിച്ചത്. അതിൽ സൂചിപ്പിച്ചിരുന്ന എട്ട് മാസത്തെ കണക്കാണ് അദ്ദേഹം പറയുന്നത്. ഇവിടെ യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്ന് ചർച്ചയിൽ പങ്കെടുത്തവരെല്ലാം പറഞ്ഞത്, 'നിങ്ങൾ ഇങ്ങനെ പത്ത് വർഷം മുമ്പത്തെ കാര്യം പറയാതെ ഇപ്പോൾ നടക്കുന്ന കാര്യങ്ങളെക്കുറിച്ച് പറയൂ' എന്നാണ്. 2023-24-ലെ ഇൻഫ്ലേഷനെക്കുറിച്ച് കേന്ദ്ര ഗവൺമെന്റ് പ്രസിദ്ധീകരിച്ച നിരക്കുണ്ട്. അതനുസരിച്ച് ആന്ധ്രാപ്രദേശ് 5.5%, ഗുജറാത്ത് 5.7%, കർണ്ണാടക 5.8%, തമിഴ്നാട് 5.4%, തെലങ്കാന 6.4%, കേരളം 5% എന്നിങ്ങനെയാണ് കണക്ക്. ഇന്ത്യയുടെ ദേശീയ ശരാശരി 5.4% ആണ്. ഈ കണക്കുകൾ വസ്തുതയല്ലെന്ന് പറയാൻ കഴിയുമോ? കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച കണക്കല്ലേ. ഓരോ മാസത്തിലും വരുന്ന ചെറിയ വ്യത്യാസങ്ങൾ കണക്കാക്കി ഇൻഫ്ലേഷൻ സംബന്ധിച്ച് സഭയെയും സമൂഹത്തെയും തെറ്റിദ്ധരിപ്പിക്കാനുള്ള നീക്കമാണ് നടത്തുന്നത്. നാഷണൽ സാമ്പിൾ സർവേ ഓഫീസിന്റെ 2023-24-ലെ കണക്ക് കേന്ദ്ര സർക്കാർ പുറത്തുവിട്ടിട്ടുണ്ട്. ഭക്ഷ്യ ഉപഭോഗവുമായി ബന്ധപ്പെട്ട്, രാജ്യത്ത് കേന്ദ്ര ഭരണ പ്രദേശങ്ങൾ ഉൾപ്പെടെയുള്ള മുപ്പത്തിയഞ്ച് പ്രദേശങ്ങൾ ഇതിൽ പട്ടികപ്പെടുത്തിയിട്ടുണ്ട്. അതിൽ കേരളത്തിന്റെ സ്ഥാനം മുപ്പത്തിനാലാണ്. ഇന്ത്യയിൽ ഭക്ഷ്യ ഉപഭോഗ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ ഏറ്റവും മികച്ച സംസ്ഥാനം

കേരളമാണെന്ന് അതിലെ കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അത് നിഷേധിക്കാൻ കഴിയുമോ? ഇനി കഴിഞ്ഞ തവണത്തെ കണക്ക് സൂചിപ്പിക്കാം. അത് പറയുമ്പോൾ വിരോധമുണ്ടായിട്ട് കാര്യമില്ല. കേരളത്തിൽ ഓഖി ദുരന്തം നേരിടേണ്ടിവന്നപ്പോൾ 3555 മെട്രിക് ടൺ അരി വിതരണം ചെയ്യുന്നതിനുവേണ്ടി 8.31 കോടി രൂപ ഗവൺമെന്റ് ചെലവഴിച്ചു. ഇത് സൗജന്യമായി കൊടുത്ത അരിയാണ്. ഒരു കിലോ അരിക്ക് 23.38 രൂപ നിരക്കിൽ വിതരണം ചെയ്തു. അതിനായി നൽകിയ തുക പൂർണ്ണമായും കേന്ദ്രം തിരിച്ചുപിടിച്ചു. ഇതുസംബന്ധിച്ച് കേരളത്തിൽനിന്നുള്ള ഏതെങ്കിലുമൊരു കോൺഗ്രസ് എം.പി. പാർലമെന്റിൽ ഒരക്ഷരം മിണ്ടിയോ? പ്രളയത്തിന്റെ ഭാഗമായി കേരളത്തിൽ 205.8 കോടി രൂപയുടെ അരി (89540 മെട്രിക് ടൺ) സൗജന്യമായി വിതരണം ചെയ്തു. അതിനായി നൽകിയ തുകയും പൂർണ്ണമായും കേന്ദ്രം തിരിച്ചുപിടിച്ചു. ഇതിനെക്കുറിച്ചും കോൺഗ്രസ് എം.പി.-മാർ പാർലമെന്റിൽ ഒന്നും സംസാരിച്ചില്ല. കോവിഡ് കാലത്ത് 649 കോടി രൂപയുടെ അരി (3.05 ലക്ഷം മെട്രിക് ടൺ) കേരള സർക്കാർ സൗജന്യമായി വിതരണം ചെയ്തു. ഇന്ന് കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന അരി എത്രയാണ്? ഉപ്പുതൊട്ട് കർപ്പൂരം വരെയുള്ള എല്ലാ സാധനങ്ങളും ഇറക്കുമതി ചെയ്യുന്ന സംസ്ഥാനമായ കേരളത്തിൽ അരിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ആരൊക്കെ ഭരിച്ചാലും സാധിക്കുന്ന കാര്യമല്ല. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നാൽ കേരളത്തിലെ ജനങ്ങൾക്ക് ആവശ്യമായ അരി ഇവിടെ ഉൽപാദിപ്പിക്കാൻ സാധിക്കുമോ? സാധ്യമല്ല എന്നതാണ്

യാഥാർഥ്യം. ആ യാഥാർഥ്യം മനസ്സിലാക്കിക്കൊണ്ടാണ് വസ്തുതകൾ പറയേണ്ടത്. ഓഖിയുടെയും പ്രളയത്തിന്റെയും കോവിഡിന്റെയും സമയത്ത് 862.39 കോടി രൂപ സൗജന്യ അരി വിതരണത്തിനായി സംസ്ഥാന സർക്കാർ ചെലവഴിച്ചു. അതിനായി നൽകിയ തുക കേന്ദ്രസർക്കാർ പൂർണ്ണമായും തിരിച്ചുപിടിച്ചപ്പോൾ അതിനെക്കുറിച്ച് ശ്രീ. നരേന്ദ്ര മോദിയുടെ ബി.ജെ.പി. ഗവൺമെന്റിനെതിരെ പാർലമെന്റിൽ ഒരക്ഷരം മിണ്ടാത്തവരാണ് കോൺഗ്രസ്സുകാർ എന്ന കാര്യവും നമുക്കറിയാം. ഓണക്കാലത്ത് കേരളത്തിനായി അധികം അരിവിഹിതം ആവശ്യപ്പെട്ട് ഇക്കഴിഞ്ഞ ജൂലൈ 1-ന് കേരളത്തിന്റെ ആദരണീയനായ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ഡൽഹിയിൽ പോയപ്പോൾ അവർ പറഞ്ഞത് കേരളത്തിലുള്ളവരെല്ലാം പണക്കാരാണെന്നാണ്. അതിനുശേഷം പാർലമെന്റ് സമ്മേളനം നടന്ന അവസരത്തിൽ ഓണസമയത്ത് കേരളത്തിനുള്ള അരിവിഹിതം വെട്ടിക്കുറയ്ക്കുന്നത് ശരിയല്ലെന്നും ആയതിനാൽ അധിക അരിവിഹിതം അനുവദിക്കണമെന്നും കോൺഗ്രസിന്റെ ഏതെങ്കിലും ഒരു എം.പി. പറഞ്ഞോ? കോൺഗ്രസ്സുകാർ ജനങ്ങളുടെ പ്രശ്നങ്ങളിൽനിന്ന് ഒളിച്ചോടുന്നവരായി മാറുന്നു. കർണ്ണാടകയിൽ ഒരു കിലോ പുഴുക്കലരിക്ക് 63 രൂപയും മട്ട അരിക്ക് 40 രൂപയുമാണ്. കേരളത്തിൽ 40-45 രൂപയ്ക്ക് പൊതുവിപണിയിൽ അരി ലഭിക്കുന്നുണ്ട്. 45 രൂപയാണ് കേരളത്തിൽ അരിയുടെ വില. അരി ഉൽപാദിപ്പിക്കുന്ന ആന്ധ്രാപ്രദേശിലും കർണ്ണാടകയിലുംവരെ അരിയുടെ വില ആ നിലയിൽ വർധിക്കുമ്പോൾ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് കേരളം നല്ല രീതിയിലുള്ള ഇടപെടലുകൾ നടത്തുന്നുണ്ട്. നമ്മൾ നടത്തിയ ഇടപെടലുകൾ സംബന്ധിച്ച് കൃത്യമായി പട്ടികപ്പെടുത്തി പറയാൻ

സാധിക്കും. കേരളത്തിൽ പപ്പടം-വെളിച്ചെണ്ണ സമാഗമം നടക്കില്ല എന്നാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. പപ്പടം-വെളിച്ചെണ്ണ സമാഗമമൊക്കെ നന്നായി നടന്നിട്ടുണ്ട്. 2236441 ലിറ്റർ വെളിച്ചെണ്ണ കേരളത്തിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു. കേരള ഗവൺമെന്റ് വിപണിയിൽ നല്ലരീതിയിൽ ഇടപെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം മറ്റൊരു കാര്യം പറഞ്ഞത്, ഗവൺമെന്റ് വിലക്കയറ്റ വിരുദ്ധ കോൺക്ലേവ് നടത്തണമെന്നും എല്ലാ കാര്യങ്ങൾക്കും കോൺക്ലേവ് നടത്തുന്നുവെന്നുമാണ്. എന്താണ് ആ പരാമർശത്തിന്റെ അടിസ്ഥാനം? ഇന്ന് കേരളത്തിന്റെ ആദരണീയനായ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി, ആ മേഖലയിലെ പ്രശ്നങ്ങളുൾപ്പെടെ വ്യക്തമാക്കിക്കൊണ്ട് ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തീകരിക്കുന്നതിനുമുമ്പ് ഏറ്റവും പ്രധാനപ്പെട്ട നടപടിയെന്ന നിലയിൽ കോൺക്ലേവ് നടത്തുമെന്ന് പറഞ്ഞു. അതിനെ പരിഹസിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗം കോൺക്ലേവിനെക്കുറിച്ച് പറഞ്ഞത്. കോൺഗ്രസ്സിന് നടത്താൻ പറ്റിയ കോൺക്ലേവുണ്ട്; അതാണ് ഗൈനക്കോളജി കോൺക്ലേവ്. ആ കോൺക്ലേവ് കോൺഗ്രസ് നടത്തട്ടെ. ആ കോൺക്ലേവ് നടത്താൻ അർഹരായിട്ടുള്ളവരും നേതൃത്വം കൊടുക്കാൻ കഴിയുന്നവരും ഉൾപ്പെടെയുള്ള എം.എൽ.എ.-മാർ കോൺഗ്രസിന്റെ ഭാഗമായി ഈ സഭയിൽത്തന്നെയുണ്ട്. പൊതുവിപണിയെക്കാൾ കൂടിയ വിലയ്ക്ക് സപ്ലൈകോ സാധനങ്ങൾ വില്പന നടത്തിയ ഒരു കാലഘട്ടമുണ്ടായിരുന്നു. 02-04-2015-ലെ മാധ്യമം പത്രം ഇതുസംബന്ധിച്ച വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. രുചി ഗോൾഡിന്റെ പാം ഓയിലിന് പൊതുവിപണിയിൽ 53 രൂപയും

സപ്ലൈകോ വില 65.30 രൂപയുമായിരുന്നു. സൺഫ്ലവർ ഓയിലിന് പൊതുവിപണിയിൽ 73 രൂപയായിരുന്നപ്പോൾ 81.90 രൂപയ്ക്കാണ് അത് സപ്ലൈകോയുടെ ഔട്ട്ലെറ്റിൽ വില്പന നടത്തിയത്. 2015-ൽ മൂന്ന് പിയേഴ്സ് സോപ്പ് 143 രൂപയ്ക്ക് പൊതുവിപണിയിൽ ലഭ്യമായിരുന്നപ്പോൾ സപ്ലൈകോ ഔട്ട്ലെറ്റിൽ 163 രൂപയായിരുന്നു. നന്മ സ്റ്റോറുകൾ അടച്ചുപൂട്ടുകയുണ്ടായി. കേരളത്തിൽ കൺസ്യൂമർ ഫെഡിന്റെ 915 ഔട്ട്ലെറ്റുകളും 1629 സപ്ലൈകോ ഔട്ട്ലെറ്റുകളും 14349 റേഷൻ കടകളുമുണ്ട്. നമ്മുടെ രാജ്യത്ത് ഏറ്റവും മികച്ച നിലയിൽ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തി മുന്നോട്ടുപോകുന്ന സംസ്ഥാനമാണ് കേരളം. വിലക്കയറ്റത്തിന്റെ ദുരിതവും പ്രയാസവും മനസ്സിലാകാത്തവിധം കേരളത്തിലെ ഓരോ ആഘോഷവേളകളും ആനന്ദകരമാക്കാൻ കഴിയുന്ന തരത്തിൽ ജനങ്ങൾക്ക് സംരക്ഷണം നൽകുന്ന ഒരു ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് എന്ന് ഈ നാടിനെ അറിയുന്ന എല്ലാവർക്കുമറിയാം. കേരളത്തിലെ ജനങ്ങളുടെ അഭിപ്രായങ്ങളെ മാനിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് ജനകീയ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നത്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തെ പൂർണ്ണമായും നിരാകരിച്ചുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണെന്ന യാഥാർഥ്യം നാം ഉൾക്കൊള്ളണം. കേരളത്തിൽ കാർഷികോൽപാദനം കുറവായതിനാൽ ഭക്ഷ്യവസ്തുക്കൾ, പഴങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ, പാൽ ഉൽപന്നങ്ങൾ തുടങ്ങി പലതും മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരേണ്ട സാഹചര്യമാണുള്ളത്. അതുകൊണ്ടുതന്നെ

അതത് സംസ്ഥാനങ്ങളിലുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾ, ദേശീയ ആഗോള വിപണിയിലെ മാറ്റങ്ങൾ, ഇന്ധന വിലവർധന, ഗതാഗത ചെലവുകൾ തുടങ്ങിയവ നേരിട്ട് വിലക്കയറ്റത്തെ ബാധിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. നമ്മുടെ ജനകീയ സർക്കാർ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും വിവിധങ്ങളായ ഇടപെടലുകൾ നടത്തിവരുന്നുവെന്നത് ഒരു യാഥാർഥ്യമാണ്. റേഷൻ സംവിധാനം കൂറ്റമറ്റ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്തെ സ്ഥിതി നമ്മുടെയെല്ലാം ഓർമ്മയിലുണ്ട്. കേരളത്തിലെ റേഷൻ കടകളിലും നന്മ സ്റ്റോറുകളിലും സാധനങ്ങൾ ലഭ്യമാകാത്ത ഒരു കാലഘട്ടത്തിലൂടെ കേരളം കടന്നുപോയിട്ടുണ്ട്. നന്മ സ്റ്റോറുകളുടെ പാക്കിങ് സെന്ററുകൾ അടച്ചുപൂട്ടിപ്പോയതും ജില്ലാതല ഗോഡൗണുകൾ നിർത്തലാക്കിയ സാഹചര്യവും ഈ സംസ്ഥാനത്തുതന്നെയല്ലേ ഉണ്ടായത്? അവിടെനിന്നും സംസ്ഥാനത്തെ മാറ്റിയെടുക്കാൻ ഈ സർക്കാരിന് സാധിച്ചുവെന്നതാണ് ഇന്നത്തെ സാഹചര്യം. കഴിഞ്ഞ ബജറ്റിൽ വിലക്കയറ്റം തടയാൻ വിപണി ഇടപെടലുകൾക്ക് 2063 കോടി രൂപ വകയിരുത്തിയിട്ടുള്ളത് നാം ഒരിക്കലും കാണാതെ പോകരുത്. കേന്ദ്ര സർക്കാർ ശക്തമായ സാമ്പത്തിക ഉപരോധം തീർത്ത ഘട്ടത്തിലാണ് ഈ ഗവൺമെന്റ് ഇത് ചെയ്തത് എന്നുള്ളത് ഒരു വസ്തുതയാണ്. ഈ ഓണക്കാലത്ത് ജനങ്ങൾക്ക് അതിന്റെ ഗുണം നൽകാൻ കഴിഞ്ഞിട്ടുണ്ട്. 'കാണം വിറ്റും ഓണം ഉണ്ണണം' എന്ന പ്രയോഗം പഴഞ്ചനായി മാറിയോയെന്ന് തോന്നിപ്പോയ ഒരു ഓണമാണ് ഈ ഓണക്കാലത്ത് നമുക്ക് അനുഭവപ്പെട്ടത്. ഒന്നും വിൽക്കാതെ തന്നെ സുഭിക്ഷമായി ഓണമുണ്ണാൻ കേരളീയർക്ക് സാധിച്ചു എന്നതാണ്

യാഥാർഥ്യം. ഫെയർ പ്രൈസ് ഷോപ്പുകൾ, മാവേലി സ്റ്റോറുകൾ, കെ-സ്റ്റോറുകൾ എന്നിവവഴി വിപണിയിൽ ശക്തമായ ഇടപെടൽ നടത്തിയതിന്റെ പ്രതിഫലനം നാം അനുഭവിച്ചറിഞ്ഞതാണ്. ഇക്കഴിഞ്ഞ ഓണക്കാലം നമുക്കൊരിക്കലും മറക്കാൻ കഴിയില്ല. എല്ലാ പൊതുവിതരണ കേന്ദ്രങ്ങളിലും സാധനങ്ങളും സബ്സിഡി സാധനങ്ങളും സുലഭമായി ലഭ്യമാക്കുകയും 597 കോടി രൂപയുടെ അരി വിതരണം നടത്തുകയും ഏതാണ്ട് 20000 കോടി രൂപ ജനങ്ങളുടെ കൈകളിലേക്ക് എത്തിക്കുകയും ചെയ്തൊരു ഓണക്കാലമാണ് കടന്നുപോയത്. അതോടൊപ്പം അർഹരായ എല്ലാവർക്കും കിറ്റുകൾ, കുടുംബശ്രീ വഴി ഭക്ഷ്യ കിറ്റുകൾ, സ്കൂൾ കുട്ടികൾക്ക് അഞ്ച് കിലോ സൗജന്യ അരി തുടങ്ങി എന്തെല്ലാം സഹായങ്ങളാണ് എല്ലാ വിഭാഗം ജനങ്ങളിലേക്കും ഈ സർക്കാർ കരുതലിന്റെ ഭാഗമായി എത്തിച്ചിട്ടുള്ളതെന്ന് ഓർക്കാതിരിക്കാൻ കഴിയില്ല. 2015-ൽ നടന്ന ഒരു സംഭവത്തെക്കുറിച്ച് ഞാൻ ഓർക്കുകയാണ്. തിരുവനന്തപുരം പൂജപ്പുരയിലെ കൺസ്യൂമർഫെഡ് ഗോഡൗണിൽനിന്നും വിതരണം ചെയ്യാതെ നശിച്ചുപോയ ടൺ കണക്കിന് അരിയും പയറും മറ്റ് ധാന്യങ്ങളും അടങ്ങുന്ന ഭക്ഷ്യവസ്തുക്കൾ കണ്ടെത്തിയ സംഭവത്തെക്കുറിച്ച് ഓർക്കുന്നില്ലേ; ഹൃദയഭേദകമായിരുന്നില്ലേ ആ കാഴ്ച? ഒമ്പത് വർഷം മുമ്പത്തെ യു.ഡി.എഫ്. കാലഘട്ടത്തോട് താരതമ്യം ചെയ്യുന്നത് എന്തിനാണെന്നാണ് പ്രതിപക്ഷം ചോദിക്കുന്നത്. എങ്ങനെ താരതമ്യം ചെയ്യാതിരിക്കും? സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും വികസനവും കരുതലും എത്തിക്കുന്ന എൽ.ഡി.എഫ്. സർക്കാരിനെ ഇല്ലാത്ത വിലക്കയറ്റം പറഞ്ഞ് തളർത്താനല്ലേ നിങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേരളം ദേശീയ ഭക്ഷ്യ സുരക്ഷാ

സൂചികയിൽ 2023-ലും 2024-ലും തുടർച്ചയായി ഒന്നാം സ്ഥാനം നേടി മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. Food Safety and Standards Authority of India (FSSAI) തയ്യാറാക്കുന്ന ഈ സൂചികയിൽ ഭക്ഷ്യ സുരക്ഷാ പരിശോധന, സാമ്പിൾ ശേഖരണം, ലാബുകൾ, ബോധവൽകരണ പ്രവർത്തനങ്ങൾ എന്നിങ്ങനെ നാല്പതിലധികം മേഖലകളിലെ മികവാണ് കേരളത്തെ ഒന്നാം സ്ഥാനത്തെത്തിച്ചത്. ഭക്ഷ്യ സുരക്ഷാ ഗ്രാമപഞ്ചായത്ത് പദ്ധതി നടപ്പാക്കി. സേഫ് ആൻഡ് ന്യൂട്രീഷ്യസ് ഫുഡ് അറ്റ് സ്കൂൾ പദ്ധതി 500-ലധികം സ്കൂളുകളിൽ നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. നമ്മുടെ സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ച അംഗീകാരം തന്നെയാണിത്. പ്രതിപക്ഷം ഈ നേട്ടങ്ങൾ കാണാതിരിക്കുകയല്ലല്ലോ? അവർ ഉറക്കം നടിക്കുകയാണ്. അവരെ ഉണർത്താൻ ഏറെ പ്രയാസമാണ്. ഇന്നലെയും മിനിഞ്ഞാന്നുമായി അവർ സഭയിൽനിന്നും തലകുനിച്ച് ഇറങ്ങിപ്പോകുന്നത് നാം കണ്ടതാണ്. ഇന്നും അതുതന്നെ സംഭവിക്കാനാണ് സാധ്യത. കേരളത്തിലെ മൊത്തം ഭക്ഷ്യാവശ്യത്തിന്റെ 15 ശതമാനം മാത്രമെ സംസ്ഥാനത്തിനകത്ത് ഉൽപാദിപ്പിക്കുന്നുള്ളൂ. പച്ചക്കറികളുടെ കാര്യത്തിൽ അയൽ സംസ്ഥാനങ്ങളെ നാം വളരെയധികം ആശ്രയിക്കുന്നു. ഇതര സംസ്ഥാനങ്ങളിലെ കാലാവസ്ഥാ വ്യതിയാനവും വാഹനക്കുളി വർധനവും നമ്മെ പ്രതിസന്ധിയിലാക്കുമ്പോൾ വിപണി ഇടപെടലിലൂടെ വിലക്കയറ്റം പിടിച്ചുനിർത്തിയ ബഹുമാന്യനായ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയോടും ഇടതുപക്ഷ ഗവൺമെന്റിനോടും പ്രത്യേകം നന്ദി രേഖപ്പെടുത്താൻ ഈ അവസരം ഞാൻ ഉപയോഗപ്പെടുത്തുന്നു. ഈ ഉപക്ഷേപത്തോട് ഞാൻ പൂർണ്ണമായും വിയോജിക്കുന്നു.

ശ്രീ. എം. വിജിൻ: സർ, കേരളത്തിന്റെ എല്ലാ മേഖലകളിലും മികവാർന്ന പ്രവർത്തനങ്ങളുമായാണ് പിണറായി സർക്കാർ മുന്നോട്ടുപോകുന്നത്. പാവപ്പെട്ടവന്റെ വിദ്യാഭ്യാസം, ആരോഗ്യം, വീട്, പെൻഷൻ, ഭക്ഷ്യ മേഖല എന്നിവയിലെല്ലാം നമ്മുടെ സർക്കാർ അഭിമാനകരമായ നിലയിലാണ് ഇടപെടുന്നത്. പ്രതിപക്ഷം സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് നോട്ടീസ് നൽകിക്കൊണ്ട് വിഷയം അവതരിപ്പിച്ചപ്പോൾ ചില ഡാറ്റകളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ സിവിൽ സപ്ലൈസ് മേഖലയാകെ തകരാറിലാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമമാണ് നടത്തിയത്. 09-11-2014-ന് മാതൃഭൂമി പത്രത്തിന്റെ എഡിറ്റോറിയൽ പേജിലെ വാർത്തയുടെ ഒരു ഭാഗം ഞാൻ വായിക്കാം. 'അന്നന്നത്തെ അന്നത്തിൽനിന്നും ഒഴിവാക്കാനാകാത്ത സാധനങ്ങൾക്കെല്ലാം കേരളത്തിൽ വില കൂടിയിരിക്കുന്നു. ഒരു കിലോഗ്രാം ചെറുപയറിന് 22 രൂപയും ഉഴുന്നുപരിപ്പിന് 34 രൂപയും മല്ലിക്ക് 52 രൂപയും വർധിച്ചിരിക്കുന്നു. മുളക് ഒഴികെയുള്ള മറ്റ് പലചരക്കുകൾക്കും വില കൂടിയിട്ടുണ്ട്. പൊതുവിപണിയും സപ്ലൈകോയും തമ്മിലുള്ള അന്തരം ഇതോടെ പേരിനുമാത്രമായി തീർന്നിരിക്കുകയാണ്.' ഇത് യു.ഡി.എഫ്. കാലഘട്ടത്തിലെ സാഹചര്യമാണ്. കേരളത്തിന്റെ പൊതുവിപണിയും സർക്കാർ സംവിധാനമായ സപ്ലൈകോയും തമ്മിൽ അന്തരമില്ലാതെ കേരളത്തിലെ പാവപ്പെട്ടവന്റെ പോക്കറ്റ് കാലിയാക്കിയ ഒരു കാലഘട്ടമാണ് കേരളത്തിലുണ്ടായിരുന്ന യു.ഡി.എഫ്.-ന്റെ ഭരണകാലം. ഇന്ന് ആ സാഹചര്യമല്ല നിലവിലുള്ളത്. ഇന്ന് കേരളത്തിന്റെ സമസ്ത മേഖലകളിലും സർക്കാർ ഇടപെടുന്നുണ്ട്. ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് നടപടികൾ

നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ അവതരണത്തിൽ CPI (Consumer Price Index) ഡാറ്റാ ക്വാട്ട് ചെയ്തുകൊണ്ടാണ് പ്രസംഗത്തിന് നേതൃത്വം കൊടുത്തത്. അതിൽ ഒരു ഭാഗം അദ്ദേഹം വളരെ മനോഹരമായി മറച്ചുവച്ചു. പണപ്പെരുപ്പം ഒരു രാജ്യവ്യാപകമായ പ്രതിഭാസമാണ്. CPI ഡാറ്റ അനുസരിച്ച് ഇന്ധനം, വസ്തുങ്ങൾ, പാദരക്ഷ, സ്വർണ്ണം എന്നിവയുടെ വിലവർധന കേരളത്തിലെ പണപ്പെരുപ്പത്തിന് കാര്യമായ സംഭാവന നൽകിയിട്ടുണ്ടെന്ന യാഥാർഥ്യത്തെ വളരെ കൃത്യമായി അദ്ദേഹം മറച്ചുവച്ചു. സ്വർണ്ണത്തിന്റെ വിലക്കയറ്റംതന്നെ ആഗോള സാമ്പത്തിക മാന്ദ്യവുമായി ചേർന്നുനിൽക്കുന്ന ഒന്നാണ്. ഇത് ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. യഥാർഥത്തിൽ കൺസ്യൂമർ പ്രൈസ് ഇൻഡക്സിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ വില വർധനയുണ്ടാകേണ്ട സംസ്ഥാനം കേരളമാണ് എന്നതിൽ സംശയമില്ല. മറ്റ് സംസ്ഥാനങ്ങളെ ആശ്രയിച്ചുകൊണ്ട് കേരളം നടത്തുന്ന ഇടപെടലുകൾ ഇതിന് കാരണമാണ്. കേരളത്തിലേക്ക് വരുന്ന ചരക്കുകളുടെ ട്രാൻസ്പോർട്ടേഷൻ ചാർജ് കണക്കാക്കുമ്പോൾ ചെറുപയറായാലും അരിയായാലും വില വർധിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിലവർധനയുണ്ടാകേണ്ട സംസ്ഥാനമായി കേരളം മാറേണ്ട സാഹചര്യത്തിൽനിന്ന് അവശ്യവസ്തുക്കൾക്ക് ഏറ്റവും വിലക്കുറവുള്ള സംസ്ഥാനമായി കേരളത്തെ മാറ്റിയത് പിണറായി ഗവൺമെന്റിന്റെ ഇടപെടലാണ്; പ്രത്യേകിച്ച് ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ ഇടപെടലാണ്. വിപണി ഇടപെടലിനായി യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ സംസ്ഥാന സർക്കാർ 538.37 കോടി രൂപയാണ് ചെലവഴിച്ചതെങ്കിൽ ഇന്ന് എൽ.ഡി.എഫ്.-ന്റെ കാലത്ത് 7270 കോടി രൂപ ചെലവഴിച്ചു.

വിലക്കയറ്റം തടയാൻ ഗവൺമെന്റ് നടത്തുന്ന പ്രവർത്തനങ്ങളെ നാം ഗൗരവത്തോടുകൂടി ചർച്ച ചെയ്യേണ്ടതില്ലേ? സബ്സിഡി വില്പന, മറ്റ് സംസ്ഥാനങ്ങളുമായി വിലപേശി നേടിയിട്ടുള്ള കിഴിവുകൾ എന്നിവയിലൂടെ ഈ ഓണക്കാലത്ത് മാത്രം 6 ലക്ഷം AAY (Antyodaya Anna Yojana) റേഷൻ കാർഡുടമകൾക്ക് 14 ഇനം സാധനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സൗജന്യ കിറ്റ് കൊടുക്കാൻ സാധിച്ചു. 140 ഓണം മാർക്കറ്റുകൾ സംഘടിപ്പിച്ചു. വിലക്കയറ്റം പിടിച്ചുനിർത്തിക്കൊണ്ട് സാധാരണക്കാരന് പച്ചക്കറി ലഭ്യമാക്കാൻ ഈ ഓണക്കാലത്ത് മാത്രം 2000 കർഷക ചന്തകൾ കേരളത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് അഭിനന്ദനാർഹമായ നിലയിൽതന്നെ നമ്മുടെ ഗവൺമെന്റ് നേതൃത്വം കൊടുത്തിട്ടുണ്ട്. പ്രതിപക്ഷ നിരയിൽനിന്നും എല്ലാവരും വെളിച്ചെണ്ണയെക്കുറിച്ചാണ് പറഞ്ഞത്. പ്രതിപക്ഷം ഈ ഉപക്ഷേപം അവതരിപ്പിക്കുമ്പോൾ വെളിച്ചെണ്ണയുടെ ഇന്നത്തെ വില എത്രയാണെന്നറിയാൻ ബാംഗ്ലൂരിലുള്ള എന്റെ സുഹൃത്തിനെ ഞാൻ വിളിച്ചിരുന്നു. അവിടെ ലിറ്ററിന് 550 രൂപയാണെന്നാണ് അദ്ദേഹം പറഞ്ഞത്. കോൺഗ്രസ് ഭരിക്കുന്ന കർണ്ണാടകയിൽ ഇന്ന് വെളിച്ചെണ്ണയുടെ വലിയ 550 രൂപയാണ്. കേരള മാർക്കറ്റിൽ ഒരു ലിറ്റർ വെളിച്ചെണ്ണയ്ക്ക് 529 രൂപ ആയിരിക്കുമ്പോൾ 'കേര' വെളിച്ചെണ്ണ വില്പന നടത്തിയത് 429 രൂപയ്ക്കാണ്. 383 രൂപയുടെ 'ശബരി' വെളിച്ചെണ്ണ സബ്സിഡി നിരക്കിൽ വില്പന നടത്തിയത് 319 രൂപയ്ക്കാണ്. ഈ മേഖലയിൽ എത്രമാത്രം ഗൗരവമായാണ് നമ്മുടെ സർക്കാർ ഇടപെടുന്നത് എന്നതിന്റെ പ്രധാനപ്പെട്ട ഉദാഹരണമാണിത്. ഓണക്കാലത്ത് 2236441 ലിറ്റർ ശബരി-കേര വെളിച്ചെണ്ണയാണ്

കേരളത്തിൽ വില്പന നടത്തിയിട്ടുള്ളത്. ഇൻഫ്ലേഷൻ റേറ്റിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. കേരളത്തിലെ ഇൻഫ്ലേഷൻ റേറ്റ് ഉയരാൻ കാരണമായത് സ്വർണ്ണം, വെളിച്ചെണ്ണ എന്നിവയുടെ വിലവർധനവ് മാത്രമാണ്. ഇപ്പോഴത്തെ ഇൻഫ്ലേഷൻ റേറ്റിനെക്കുറിച്ച് ബഹുമാനപ്പെട്ട കെ. പ്രേംകുമാർ എം.എൽ.എ. സൂചിപ്പിച്ചു. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 2013-ൽ ഇൻഫ്ലേഷൻ റേറ്റ് 14.22 ശതമാനം ആയിരുന്നു. അത് വച്ചുകൊണ്ടാണ് വിലവർധന പിടിച്ചുനിർത്തിയ ഈ ഗവൺമെന്റിന്റെ ഇൻഫ്ലേഷൻ റേറ്റിനെ നിങ്ങൾ താരതമ്യം ചെയ്യുന്നത്. ഇൻഫ്ലേഷൻ റേറ്റ് ഞങ്ങൾ 5 ശതമാനത്തിലേക്ക് എത്തിച്ചിട്ടുണ്ട്. അത്രയും മാതൃകാപരമായ ഇടപെടലാണ് വിപണിയിൽ ഈ സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. കേന്ദ്ര നിലപാടിനെ സംബന്ധിച്ച പ്രധാനപ്പെട്ട ഭാഗം ചർച്ച ചെയ്യേണ്ടത് അനിവാര്യമാണ്. ഈ പ്രമേയത്തിന്റെ ഏതെങ്കിലുമൊരു ഭാഗത്ത് കേന്ദ്ര നിലപാടിനെക്കുറിച്ച് നിങ്ങൾ പറഞ്ഞിട്ടുണ്ടോ? നിങ്ങൾ കേന്ദ്രം ഭരിച്ചപ്പോഴാണ് ഈ പ്രയാസങ്ങൾക്കും പ്രശ്നങ്ങൾക്കും തുടക്കം കുറിച്ചത്. കേരളത്തിൽ എ.പി.എൽ., ബി.പി.എൽ. എന്ന തരംതിരിവുണ്ടാക്കിയതും എ.പി.എൽ. കാർഡുകാർക്ക് റേഷൻ നൽകേണ്ടതില്ലെന്ന തീരുമാനമെടുത്തതും കോൺഗ്രസാണ്. പക്ഷേ കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് എ.പി.എൽ., ബി.പി.എൽ. കാർഡ് വ്യത്യാസമില്ലാതെ എല്ലാവർക്കും അരി ലഭ്യമാക്കാനും വിലക്കയറ്റത്തെ പിടിച്ചുനിർത്താനും സാധാരണക്കാരന്റെ ജീവിതത്തെ മികവാർന്ന നിലയിൽ മുന്നോട്ടുകൊണ്ടുപോകാനും നടപടി സ്വീകരിച്ചിട്ടുണ്ട്. നിങ്ങൾ അശാസ്ത്രീയമായാണ് എ.പി.എൽ., ബി.പി.എൽ. കാർഡുകൾ തരംതിരിച്ചത്. ഈ ഗവൺമെന്റ് ശാസ്ത്രീയമായി

കാര്യങ്ങൾ മനസ്സിലാക്കിയശേഷമാണ് 5.77 ലക്ഷം കുടുംബങ്ങൾക്ക് ബി.പി.എൽ. കാർഡ് നൽകുകയും ആ മേഖലയിൽ ആവശ്യമായ ഇടപെടൽ നടത്തുകയും ചെയ്തത്. ഓണത്തിന് ടൈഡ് ഓവർ വിഹിതത്തിന്റെ വിലയ്ക്ക്, അതായത്, 8.30 രൂപയ്ക്ക് കേരളത്തിന് അധികമായി അരി നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടെങ്കിലും കേന്ദ്രം ഒരു മണി അരിപോലും നൽകിയില്ല. ഇതുസംബന്ധിച്ച് ഇന്ത്യൻ പാർലമെന്റിൽ ഒരക്ഷരം മിണ്ടാൻ കേരളത്തിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട കോൺഗ്രസ്സിന്റെ എം.പി.-മാർ തയ്യാറായോ; കേരളത്തിനുവേണ്ടി നിങ്ങൾ അവിടെ ശബ്ദമുയർത്തിയോ? ഓഖിയുടെയും പ്രളയത്തിന്റെയും കോവിഡിന്റെയും കാലഘട്ടത്തിൽ കേന്ദ്ര സർക്കാർ കേരളത്തിന് നൽകിയ അരിയുടെ വിലയായി 649/- കോടി രൂപ നിർബന്ധപൂർവം തിരിച്ച് വാങ്ങി. അരി വാങ്ങുന്നവരിൽ ഇന്ത്യൻ പാർലമെന്റിന് അകത്തും പുറത്തും കോൺഗ്രസ്സുകാരും ബി.ജെ.പി.-ക്കാരും മറ്റുരാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരും ഉണ്ടായിരുന്നിട്ടും എന്തുകൊണ്ടാണ് നിങ്ങൾ ഒരക്ഷരം മിണ്ടാത്തത്; എന്തുകൊണ്ടാണ് ഇക്കാര്യം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ ഭാഗമായി നിങ്ങൾ പറയാത്തത്? കേരളം നടത്തിയ ഇടപെടലുകളെക്കുറിച്ചും എൻ.എഫ്.എസ്.എ.-യെ സംബന്ധിച്ചും അതിന്റെ മറ്റുതലങ്ങളെക്കുറിച്ചും ഞാൻ പ്രതിപാദിക്കുന്നില്ല. ആ ദുരിതത്തിലേക്ക് നിങ്ങൾ എത്തിച്ചുവെന്ന യാഥാർഥ്യം നമ്മുടെ മുമ്പിൽ നിൽക്കുമ്പോഴും ഇവിടെ എല്ലാവരെയും പരിഗണിച്ചുകൊണ്ടാണ് കേരളത്തിലെ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. തീർച്ചയായും വിലക്കയറ്റം നിയന്ത്രിക്കാൻ ഈ സർക്കാർ അഭിമാനകരമായ ഇടപെടലുകൾ

നടത്തിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്. അതുകൊണ്ടുതന്നെ ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. എം. നൗഷാദ്: സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേം ചർച്ചയ്ക്കെടുക്കാൻ തയ്യാറായ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. കാരണം കഴിഞ്ഞ മൂന്ന് ദിവസമായി പ്രതിപക്ഷം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവരികയും അതിന്റെ ചർച്ച അവസാനിക്കുന്നതിനുമുമ്പ് മറുപടി കേൾക്കാതെ സഭ ബഹിഷ്കരിക്കുകയുമാണ് ചെയ്തത്. അവർ പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവരികയും സഭയിൽ പ്രസംഗിക്കുകയും ചെയ്യുന്നു. എന്നാൽ പത്രസമ്മേളനത്തിന്റെ കാര്യം സഭയിൽ മിണ്ടാൻ പാടില്ലെന്നാണ് പറയുന്നത്. ശ്രീ. എ. കെ. ആന്റണി നടത്തിയ പത്രസമ്മേളനത്തെക്കുറിച്ച് ശ്രീ. വി. ജോയി സൂചിപ്പിച്ചപ്പോൾ പരിധിക്കുള്ളിൽനിന്നും സംസാരിക്കണമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്. ആ അവസരത്തിൽ റൂൾ, ചട്ടം എന്നിവയെക്കുറിച്ച് അവർ പറയുന്നുണ്ട്. പ്രതിപക്ഷത്തിന് പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം സഭയിൽ കൊണ്ടുവരാൻ കഴിയും. എന്നാൽ പത്രവാർത്തകൾ അവതരിപ്പിച്ച ആളിനുതന്നെ കാര്യങ്ങൾ ശരിയാണോ തെറ്റാണോയെന്ന് ഉറപ്പില്ലാതെയാണ് ഇവിടെ സംസാരിക്കുന്നത്. ഈ ഉപക്ഷേപത്തിന്റെ മറുപടി പൂർണ്ണമായും കേൾക്കുന്നതിനുവേണ്ടി സഭിയിലുണ്ടാകണമെന്നാണ് എനിക്ക് വിനയപൂർവം പ്രതിപക്ഷത്തോട് അഭ്യർഥിക്കാനുള്ളത്. വിലക്കയറ്റത്തെക്കുറിച്ചാണ് പ്രതിപക്ഷം പറയുന്നത്. അവർ

കേരളത്തിലല്ലേ താമസിക്കുന്നത്? ലോകവ്യാപകമായി പണപ്പെരുപ്പമുണ്ട്. പക്ഷേ കേരളത്തിന്റെ അവസ്ഥ എന്താണ്? അത് മനസ്സിലാക്കാതെയാണ് പ്രതിപക്ഷം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവരുന്നത്. കേരളത്തിന്റെ നന്മയ്ക്ക് ഉപകാരപ്രദമാകുന്ന കാര്യങ്ങളെ എതിർക്കുകയും എല്ലാ കാര്യങ്ങളും നെഗറ്റീവായി മാത്രം കാണുകയും ചെയ്യുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചിട്ടുള്ളത്. നാഷണൽ ഹൈവേ ഞങ്ങൾ അനുവദിക്കില്ലെന്ന് പറഞ്ഞുകൊണ്ട് വയൽക്കിളി സമരം നടത്തി. ഗെയിൽ പൈപ്പ് ലൈൻ, വിഴിഞ്ഞം എന്നീ പദ്ധതികൾ നടപ്പാക്കുന്നതിനെതിരെ പ്രതിപക്ഷം സമരം നടത്തിയിരുന്നു. വയനാട് തുരങ്കപാത അനുവദിക്കുന്ന പ്രശ്നമില്ലെന്നും അതിനെ എതിർക്കുമെന്നുമാണ് പ്രതിപക്ഷം പറഞ്ഞത്. എന്നാൽ കേരളത്തിൽ ഇവയെല്ലാം പിണറായി ഗവൺമെന്റ് നടപ്പിലാക്കിയെന്ന യാഥാർഥ്യം നിങ്ങൾ തിരിച്ചറിയണം. മുഴുവൻ ആളുകൾക്കും റേഷൻ ലഭിച്ചുകൊണ്ടിരുന്ന നാടാണ് കേരളം. കേന്ദ്ര ഗവൺമെന്റാണ് അതിനെ എ.പി.എൽ., ബി.പി.എൽ. എന്ന് തരംതിരിച്ചത്. അതിനായി ആക്ട് കൊണ്ടുവരികയും ബി.പി.എൽ. കാർഡുകാർക്ക് മാത്രമായി റേഷൻ പരിമിതപ്പെടുത്തുകയും ചെയ്തു. എന്നാൽ കേരളത്തിൽ എ.പി.എൽ. കാർഡുകാർക്ക് അല്പം കൂടിയ നിരക്കിൽ റേഷൻ ലഭിക്കുന്നുണ്ട്. ഇന്ത്യയിൽ കേരളത്തിൽ മാത്രമാണ് എ.പി.എൽ. കാർഡുകാർക്ക് റേഷൻ ലഭിക്കുന്നതെന്ന യാഥാർഥ്യം നിങ്ങൾ കാണാതെ പോകരുത്. സംസ്ഥാനത്തിന് 8.23 രൂപയ്ക്ക് ലഭിക്കുന്ന അരി 4 രൂപയ്ക്ക് എ.പി.എൽ. കാർഡുകാർക്ക് (വെള്ള, നീല കാർഡുകൾ) വിതരണം ചെയ്യുന്നുണ്ട്. രണ്ടാം യു.പി.എ. ഗവൺമെന്റ് അധികാരത്തിലിരുന്ന കാലഘട്ടത്തിൽ 16 ലക്ഷം ടൺ ആയിരുന്ന

ഭക്ഷ്യ വിഹിതം 14 ലക്ഷം ടൺ ആക്കി കുറച്ചു. അന്ന് ഭക്ഷ്യ വിഹിതം കുറച്ചതിനെതിരെ പ്രതിഷേധിക്കാനോ, അനുവദിച്ചെടുക്കുന്നതിനോ കേരളത്തിലെ യു.ഡി.എഫ്.-ന് കഴിഞ്ഞില്ല. കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് ഓണം വിപണിയിൽ സംസ്ഥാന സർക്കാർ ഫലപ്രദമായി ഇടപെട്ടതുകൊണ്ടാണ് സർക്കാർ ഓഫീസുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ക്ലബുകൾ എന്നിങ്ങനെ എല്ലായിടത്തും ഇന്ന് നല്ലരീതിയിൽ ഓണാഘോഷം നടത്താൻ സാധിച്ചത്. കേരളത്തിലെ ജനങ്ങൾക്ക് അല്ലലില്ലാതെ ഓണം ആഘോഷിക്കാൻ കാണം വിൽക്കേണ്ടതായി വന്നില്ലെന്ന് ശ്രീ. എം. വിൻസെന്റ് മനസ്സിലാക്കണം. വളരെ സന്തോഷകരമായിതന്നെ ജനങ്ങളുടെ കൈകളിലേക്ക് ഓണം ആഘോഷിക്കുന്നതിനാവശ്യമായ പണം എത്തിക്കാൻ സാധിച്ചു. 386 കോടി രൂപയുടെ വിറ്റുവരവിനെക്കുറിച്ച് മാത്രമാണ് എല്ലാവരും ഇവിടെ ചർച്ച ചെയ്തത്. കേരളത്തിൽ സപ്ലൈകോ മുഖേന മാത്രമല്ല വിപണി ഇടപെടലുകൾ നടത്തിയത്. കൺസ്യൂമർഫെഡ്, സഹകരണ മേഖല, ഹോർട്ടികോർപ്, റേഷൻ കടകൾ, കുടുംബശ്രീ എന്നിങ്ങനെ സമസ്ത മേഖലകളിലുമുള്ള ഇടപെടലുകൾ വഴി 1,305.08 കോടി രൂപയുടെ വില്പനയാണ് നടത്തിയത്. കേരളത്തിൽ വെളിച്ചെണ്ണയുടെ വില കൂടുതലാണെന്നുള്ളത് ശരിയാണ്. പക്ഷേ സപ്ലൈകോ മുഖേന 529/- രൂപ വിലയുള്ള ഒരു ലിറ്റർ കേര വെളിച്ചെണ്ണ 450/- രൂപയ്ക്കും തുടർന്ന് 445 രൂപ, 429 രൂപ എന്നീ നിരക്കുകളിലും ലഭ്യമാക്കാൻ സാധിച്ചുവെന്നത് സന്തോഷകരമാണ്. കൂടാതെ, അടുത്ത തിങ്കളാഴ്ച മുതൽ 419/- രൂപ നിരക്കിൽ വെളിച്ചെണ്ണ വിതരണം ചെയ്യാനും സപ്ലൈകോ തീരുമാനിച്ചിട്ടുണ്ട്. ശബരി വെളിച്ചെണ്ണ സബ്സിഡിയായി 349/- രൂപയ്ക്കും

നോൺ സബ്സിഡിയായി 429/- രൂപയ്ക്കും ലഭ്യമാക്കാനും തുടർന്ന് സബ്സിഡി വില 339/- രൂപയാക്കി കുറച്ചുകൊണ്ട് വിതരണം ചെയ്യാനും സാധിച്ചിട്ടുണ്ട്. തിങ്കളാഴ്ച മുതൽ 319/-രൂപയ്ക്ക് വെളിച്ചെണ്ണ ലഭ്യമാക്കാൻ സാധിക്കുമെന്നതാണ് മറ്റൊരു പ്രത്യേകത. ഇപ്രകാരം വളരെ ഫലപ്രദമായ രീതിയിലാണ് സർക്കാർ വിപണിയിൽ ഇടപെട്ട് വിലനിലവാരം പിടിച്ചുനിർത്തി മുന്നാട്ടുപോകുന്നത്. ആർക്കാണ് വില നിശ്ചയിക്കാനുള്ള അവകാശം നൽകിയിരിക്കുന്നത്? 1955-ലെ The Essential Commodities Act ഇല്ലാതാക്കിയത് ആരാണ്? വില നിശ്ചയിക്കാനുള്ള അധികാരം നഷ്ടപ്പെടുത്തിയത് കേന്ദ്രഗവൺമെന്റാണ്. കേരളം ഒരു ഉപഭോഗ സംസ്ഥാനമായതുകൊണ്ട് നവഉദാരവൽകരണ നയത്തിന്റെ ഭാഗമായി വിപണി തുറന്നുകൊടുത്തതിന്റെ ദുരിതം നാം അനുഭവിക്കുകയാണ്. കുപ്പിവെള്ളത്തിന്റെ കാര്യത്തിൽ സർക്കാർ വില നിശ്ചയിച്ചു. നിങ്ങൾക്ക് വില നിശ്ചയിക്കാനുള്ള അവകാശമില്ലെന്നും നിങ്ങളുടെ ഉദ്ദേശ്യം കൊള്ളാമെന്നും എന്നാൽ നിയമപരമായി വില നിശ്ചയിക്കുന്നതിനുള്ള അവകാശമില്ലെന്നും കേന്ദ്ര സർക്കാരിനു മാത്രമെ അതിന് കഴിയുകയുള്ളൂവെന്നുമാണ് ഹൈക്കോടതി പറഞ്ഞത്. ആ സന്ദർഭത്തിലാണ് വില നിശ്ചയിക്കാൻ അവകാശമില്ലാത്തൊരു സർക്കാർ വിപണിയിലിടപ്പെട്ട് വിലനിലവാരം പിടിച്ചുനിർത്തിയത്. അതിന്റെ ഭാഗമായി കോർപ്പറേറ്റുകൾക്ക് കേരളത്തിലെ ജനങ്ങളെ കൊള്ളയടിക്കാനുള്ള അവസരമില്ലാതാക്കുകയും ജനങ്ങൾക്ക് സംരക്ഷണ കവചമൊരുക്കുകയുമാണ് ചെയ്തത്. ഓണം കെങ്കേമമാക്കാൻ സംസ്ഥാന സർക്കാരിന് സാധിച്ചു. വിലനിലവാരം പിടിച്ചുനിർത്തിയ ഈ സർക്കാരിനെ പിന്തുണച്ചുകൊണ്ട് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തെ

ശക്തമായി ഞാൻ എതിർക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ വിലക്കയറ്റമുള്ള ഒന്നാമത്തെ സംസ്ഥാനം കേരളമാണ്. പ്രധാനപ്പെട്ട ഏജൻസികൾ റീട്ടെയിൽ പണപ്പെരുപ്പത്തിന്റെ റേറ്റ് അടിസ്ഥാനമാക്കിയാണ് വിലക്കയറ്റത്തെക്കുറിച്ച് കണക്കെടുക്കുന്നത്. കഴിഞ്ഞ ഒൻപതുമാസക്കാലമായി റീട്ടെയിൽ പണപ്പെരുപ്പത്തിലും വിലക്കയറ്റത്തിലും ഒന്നാം സ്ഥാനം തുടർച്ചയായി കൊണ്ടുപോകുന്ന സംസ്ഥാനമാണ് കേരളം. കേരളം കൺസ്യൂമർ സ്റ്റേറ്റായതുകൊണ്ടാണ് എല്ലാക്കാലത്തും ഒന്നാം സ്ഥാനം വഹിക്കുന്നത് എന്നുള്ള വാദം ശരിയല്ല. കേരളം എല്ലാക്കാലത്തും ഒന്നാംസ്ഥാനത്ത് നിൽക്കുന്നില്ല. കഴിഞ്ഞ കാലഘട്ടങ്ങളിൽ നിങ്ങളുടെ ഗവൺമെന്റ് ഭരിക്കുമ്പോഴും ഞങ്ങളുടെ ഗവൺമെന്റ് ഭരിക്കുമ്പോഴുമൊക്കെ നല്ലരീതിയിൽ മാർക്കറ്റ് ഇടപെടലുകൾ നടത്തിയിട്ടുണ്ട്. മാർക്കറ്റിൽ സ്വാഭാവികമായി രണ്ട് തരത്തിലുള്ള വിലക്കയറ്റമുണ്ടാകും. ഒന്നാമതായി, ചില ഘട്ടങ്ങളിൽ ഓർഗാനിക് വിലക്കയറ്റവും രണ്ടാമതായി, ആർട്ടിഫിഷ്യൽ വിലക്കയറ്റവും. ആർട്ടിഫിഷ്യൽ വിലക്കയറ്റമെന്ന് ഉദ്ദേശിക്കുന്നത് കരിഞ്ചന്തയാണ്. ഉദാഹരണത്തിന് വെളിച്ചെണ്ണയ്ക്ക് 300 രൂപ, 350 രൂപ, 400 രൂപ എന്നീ നിരക്കുകളിലാണ് വില വർധിക്കുന്നത്. എന്നാൽ അതിന്റെ വില 450 രൂപയായാൽ കരിഞ്ചന്തയിൽ വരും. കാരണം 300 രൂപയ്ക്ക് വാങ്ങിയ സാധനത്തിന്റെ റീട്ടെയിൽ പ്രൈസ് 500 രൂപയാകുമ്പോൾ വില്പന നടത്താമെന്ന ഉദ്ദേശത്തിൽ അവ പൂഴ്ത്തിവയ്ക്കും. അപ്രകാരം കരിഞ്ചന്തയും ആർട്ടിഫിഷ്യൽ വിലക്കയറ്റവും കാരണം കച്ചവടക്കാർ, മീഡിയേറ്റേഴ്സ് എന്നിവരെല്ലാം വില വർധിപ്പിക്കും. അവിടെയാണ്

സർക്കാരിന്റെ ഇടപെടലുണ്ടാകുന്നത്. സൂക്ഷ്മതയോടുകൂടി മാർക്കറ്റ് സ്റ്റഡി ചെയ്തില്ലെങ്കിൽ ഈ ഇടപെടലുകളെല്ലാം അപകടകരമാംവിധം മാർക്കറ്റിൽ വില വർധനവിന് ഇടയാക്കും. വെറുമൊരു വില വർധന സാധാരണക്കാരനെ ബാധിക്കുമെന്നുള്ളതാണ് ഏറ്റവും പ്രധാനം. നമ്മുടെ സാമ്പത്തിക സാഹചര്യത്തെയും സമ്പദ്‌വ്യവസ്ഥയെപ്പോലും അത് ഗുരുതരമായി ബാധിക്കുന്ന സ്ഥിതിയാണ്. ഇപ്പോൾ ഗ്രാമങ്ങളിലും നഗരങ്ങളിലും ഒരുപോലെ പണപ്പെരുപ്പമാണ്. ഗ്രാമങ്ങളിലെ പണപ്പെരുപ്പം യഥാർഥത്തിൽ റിഗ്രസീവ് ടാക്സ് ഏർപ്പെടുത്തുന്നതുപോലെയാണ്. ക്വാളിറ്റി ഓഫ് ലൈഫ് കോംപ്രമൈസ് ആണ് അതിന്റെ സോഷ്യൽ ഇംപാക്ട്. എല്ലാവരുടെയും ജീവിതനിലവാരം മെച്ചപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആ ജീവിത നിലവാരത്തെയും ക്വാളിറ്റി ഓഫ് ലൈഫിനെയും കോംപ്രമൈസ് ചെയ്യേണ്ട സ്ഥിതിയിൽ പണപ്പെരുപ്പമുണ്ടാകും. ഇവിടെ പണപ്പെരുപ്പത്തിന്റെ റേറ്റ് അനുസരിച്ച് ജനുവരി മാസം മുതൽ ആഗസ്റ്റ് മാസം വരെ എല്ലാ സാധനങ്ങൾക്കും വില വർധിക്കുന്ന സ്ഥിതയാണുള്ളത്. നേരത്തെ പ്രസ്തുത വിഷയം അവതരിപ്പിച്ച ശ്രീ. പി. സി. വിഷ്ണുനാഥ് വില വർധനവിനെ സംബന്ധിച്ച് വ്യക്തമായി സൂചിപ്പിച്ചു. വിലക്കയറ്റം ഒരു ടെൻഡായി വർധിച്ചുകൊണ്ടിരിക്കുകയാണ്. എന്തുകൊണ്ടാണ് കേരളത്തിൽ പണപ്പെരുപ്പം വർധിക്കുന്നത്; സാധാരണഗതിയിൽ മാർക്കറ്റിൽ ആവശ്യത്തിൽക്കൂടുതൽ പണം വരുമ്പോഴാണ് പണപ്പെരുപ്പമുണ്ടാകുന്നതെന്നുള്ള ഒരു പഴയ സിദ്ധാന്തമുണ്ട്. എന്നാൽ ഇവിടെ അതല്ല സംഭവിച്ചിരിക്കുന്നത്. പണപ്പെരുപ്പത്തിന് നേർവിപരീതമായി ലിക്വിഡിറ്റി ക്രഞ്ച് ഉണ്ടാകുന്നു; പണമില്ലാത്ത അവസ്ഥ മാർക്കറ്റിൽ ഉണ്ടായിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ

സാമ്പത്തിക അവസ്ഥ, വിലക്കയറ്റം എന്നിവ പരിശോധിച്ചാൽ പണപ്പെരുപ്പവുമുണ്ട്, ലിക്വിഡിറ്റി ക്രഞ്ചുമുണ്ട്. ഇന്നലെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവും റിവേഴ്സ് മൈഗ്രേഷനെക്കുറിച്ച് നല്ലൊരു ചർച്ച നടത്തി. റിവേഴ്സ് മൈഗ്രേഷൻ എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതിന്റെ ഇംപാക്ടുകൂടി നമ്മൾ ആലോചിക്കണം. നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാണ് റെമിറ്റൻസ്. റിവേഴ്സ് മൈഗ്രേഷൻ റെമിറ്റൻസിനെ കുറച്ചുകൊണ്ടുവരും. വിദേശത്തുപോയി നാട്ടിൽ തിരികെവരുന്ന നിരവധി പേരും സംരംഭം തുടങ്ങുന്നവരല്ലല്ലോ; അതുകൊണ്ടുതന്നെ തിരിച്ചുവരുമ്പോൾ നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ റെമിറ്റൻസ് കുറയും. കേരളത്തിൽ അപകടകരമായ അവസ്ഥയുണ്ടാകുന്നത് ഇവിടെ റിവേഴ്സ് റെമിറ്റൻസ് സംഭവിക്കുന്നതുകൊണ്ടാണ്. ഇരുപത്തിയഞ്ച്-മുപ്പതുലക്ഷം ആളുകൾ ഗൾഫിൽനിന്ന് കേരളത്തിലേയ്ക്ക് പണം അയയ്ക്കുമ്പോൾ 25-30 ലക്ഷം പേർ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേയ്ക്കും വരുന്നുണ്ട്. പണ്ടുകാലങ്ങളിൽ കേരളത്തിലുള്ളവർ ഗൾഫിൽ പോയി വരുന്നതുപോലെ മറ്റു സംസ്ഥാനങ്ങളിൽനിന്നും ഇവിടേയ്ക്ക് വരികയാണ്. അവർക്കും ശനിയാഴ്ച വൈകുന്നേരമാകുമ്പോൾ കൂലി ലഭിക്കുന്നുണ്ട്. അതിൽ 90 ശതമാനംപേരും അവർക്ക് ലഭിക്കുന്ന കൂലിയിൽനിന്ന് അത്യാവശ്യം ഭക്ഷണത്തിനുവേണ്ടി മാത്രമുള്ള തുക മാറ്റിവച്ചിട്ട് ബാക്കി പണം തിങ്കളാഴ്ച രാവിലെ ബാങ്കുവഴി അവരുടെ നാട്ടിലേയ്ക്ക് അയയ്ക്കുകയാണ്. ഇത്തരത്തിൽ കേരളത്തിൽ റിവേഴ്സ് റെമിറ്റൻസാണ് ഉണ്ടാകുന്നത്. ഒരു വശത്ത് റെമിറ്റൻസ് കുറയുകയും മറുവശത്ത് റിവേഴ്സ് റെമിറ്റൻസ് വർധിക്കുകയുമാണ്. ദിവസേന കേരളത്തിൽനിന്ന്

കോടിക്കണക്കിന് രൂപ സൈഫൺ ചെയ്ത് മറ്റുസംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നുണ്ട്. അപ്രകാരം സംസ്ഥാനത്ത് ഒരു ലിക്വിഡിറ്റി ക്രഞ്ച് ഉണ്ടാകുന്നു; അതായത് പണമില്ലാത്ത അവസ്ഥ ഉണ്ടാകുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ച റിവേഴ്സ് മൈഗ്രേഷനെക്കുറിച്ച് സ്വാഭാവികമായും നല്ല രീതിയിൽ ചർച്ച ചെയ്യേണ്ടതാണ്. ഇന്നലെ ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവും ഇക്കാര്യം സൂചിപ്പിക്കുകയുണ്ടായി. വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ വരികയാണെങ്കിൽ അവർ അവിടെനിന്ന് അയയ്ക്കുന്ന റെമിറ്റൻസിൽ കുറവുണ്ടാകാനിടയുണ്ടാകുമെന്നാണ് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചത്. റിവേഴ്സ് മൈഗ്രേഷൻ നമ്മുടെ സമ്പദ്ഘടനയെ സഹായിക്കും. കേരളത്തിൽനിന്നും വിദേശത്തുപോയ പ്രൊഫഷണലുകൾ തിരികെ വന്ന് നമ്മുടെ നാട്ടിൽ ഹൈലി പെയ്ഡ് തസ്തികകളിൽ ജോലിക്ക് പ്രവേശിക്കുമ്പോൾ ഇൻഡയറക്ടായി നാലോ അഞ്ചോ മറ്റുജോലികൾകൂടി സൃഷ്ടിക്കപ്പെടുന്നു. അതുവഴി ഇക്കോണമിയിൽ അതിനുള്ള ഡിമാൻഡ് വർധിക്കും. ഉദാഹരണത്തിന് റിവേഴ്സ് മൈഗ്രേഷനിലൂടെ വരുന്ന ഒരു വ്യക്തി നമ്മുടെ നാട്ടിൽ പുതിയ ജോലി ചെയ്യുമ്പോൾ, അതിന്റെ ഭാഗമായി ഒരു ഫ്ലാറ്റ് വാങ്ങുകയാണെങ്കിൽ അവിടെ കെയർടേക്കർ ഉണ്ടാകും; കുട്ടികളുണ്ടെങ്കിൽ സ്കൂളിൽപ്പോകുന്നവരുടെ എണ്ണം വർധിക്കും; സ്വിഗ്ഗി മുഖേന ഭക്ഷണം കൊണ്ടുവരുന്ന ആളുകളുടെ എണ്ണം വർധിക്കും; എന്നിങ്ങനെ സമ്പദ്ഘടനയിൽ ചലനമുണ്ടാകും. റിവേഴ്സ് മൈഗ്രേഷനിലൂടെ തൊഴിൽരഹിതനായിട്ടാണ്

ഒരു വ്യകതി തിരിച്ചുവരുന്നതെങ്കിൽ അതിൽ ഇക്കാര്യങ്ങൾ ഉൾപ്പെടില്ല; മറ്റു കാര്യങ്ങളാണ് വരുന്നത്. പക്ഷേ നമ്മൾ കാണേണ്ടത് എല്ലാവർക്കും ആഹ്ലാദിക്കാവുന്ന രൂപത്തിലുള്ള മാറ്റമാണ്. അതാണ് റിവേഴ്സ് മൈഗ്രേഷൻ എന്ന പദം പൊതുവെ വിവക്ഷിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതിനോട് ഞാൻ യോജിക്കുന്നു. പക്ഷേ ഇന്ന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അതിനോട് റിയാക്ട് ചെയ്തത് എങ്ങനെയാണ്; ഇവിടെ തിരികെ വരുന്നവരിൽ ആറിലൊരു ഭാഗംപോലും അങ്ങ് പറഞ്ഞ കാറ്റഗറിയിൽ ഉൾപ്പെടുന്നില്ല. നേച്ചർ ഓഫ് ജോബ് ലോകത്താകമാനം മാറിക്കൊണ്ടിരിക്കുകയാണ്. മുമ്പ് പത്തിരുപത് വർഷം കൂടുമ്പോഴായിരുന്നു ജോലിയുടെ സ്വഭാവം മാറിയിരുന്നത്. എന്നാൽ പുതിയ ടെക്നോളജിയുടെ ഈ കാലഘട്ടത്തിൽ എല്ലാവർഷവും ജോലിയുടെ സ്വാഭാവം മാറിക്കൊണ്ടിരിക്കുകയാണ്. ആ ജോലിയിൽ അവർക്ക് സ്കിൽ ചെയ്യുവാനോ റീ-സ്കിൽ ചെയ്യുവാനോ സാധിക്കാതെ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരികയാണ്. ഇത്തരത്തിൽ തിരിച്ചുവരുമ്പോൾ നമുക്ക് വലിയതോതിലുള്ള റെമിറ്റൻസ് കുറയുന്നുണ്ട്. മൈഗ്രന്റ്സിന്റെ റിവേഴ്സ് റെമിറ്റൻസും കൂടി സംഭവിക്കുമ്പോൾ അത് നമ്മുടെ സമ്പദ്വ്യവസ്ഥയെ ഗുരുതരമായി ബാധിക്കുന്നു. രൂക്ഷമായ വിലക്കയറ്റമുണ്ടാകുമ്പോൾ പല പ്രശ്നങ്ങളുണ്ടാകാറുണ്ട്. ഇതുമായി ബന്ധപ്പെട്ട് കേരള ഗവൺമെന്റിന്റെ സാമ്പത്തിക പശ്ചാത്തലംകൂടി ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്. അതുകൊണ്ടല്ലേ പ്രതിപക്ഷം ഗൗരവത്തോടുകൂടി ഈ വിഷയം ഈ ഹൗസിൽ കൊണ്ടുവരുന്നത്. ഈ ഉപക്ഷേപം ചർച്ചയ്ക്കെടുത്തത് സന്തോഷമുള്ള കാര്യമാണ്; അല്ലെങ്കിൽ ഇക്കാര്യങ്ങളെക്കുറിച്ച് പറയാൻ

സാധിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വിലക്കയറ്റത്തെക്കുറിച്ച് പറയുമ്പോൾ, കേന്ദ്രഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായി 300 രൂപ വിലയുള്ള പൊട്ടാഷ് 1800/-രൂപയായി. അതിനെക്കുറിച്ചൊന്നും ചർച്ചയിൽ ഒരു വാക്കും പറയാത്തതിൽ സങ്കടമുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത് വേറൊരു കാര്യമല്ലേ; അതിലേയ്ക്ക് ഞാൻ വരാം. തെറ്റായ പല സാമ്പത്തിക നയങ്ങളുടെയും ഫലമായി എല്ലാ മേഖലയിലും നികുതി വർധനവ്, ഡ്യൂട്ടി, ഫീസ്, സെസ്സ് എന്നിവ വർധിക്കുന്നു. ജനങ്ങളുടെമേൽ അമിത നികുതിഭാരം അടിച്ചേല്പിക്കപ്പെടുന്നു. നേരത്തെ ഭരണകക്ഷിയിലെ ഒരു അംഗം സൂചിപ്പിച്ചതുപോലെ പെട്രോൾ, ഡീസൽ വില ഉയർന്നുനിൽക്കുന്നതും ഒരു കാരണമാണ്. അമിത നികുതികൾ കാരണം ചരക്കുകൾക്കും സേവനങ്ങൾക്കുമുള്ള ഡിമാൻഡ് കുറയുന്നതിന്റെ ഫലമായി അത് സാമ്പത്തിക പ്രവർത്തനങ്ങളെ മുരടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി തൊഴിലില്ലായ്മയിൽ വർധനവുണ്ടാകുന്നു. സാമൂഹിക സുരക്ഷാ പെൻഷൻ, ക്ഷേമനിധി പെൻഷൻ ആനുകൂല്യങ്ങൾ, മറ്റ് സുരക്ഷാ പദ്ധതികൾ ഇവയിലൊക്കെ കോടിക്കണക്കിന് രൂപയുടെ കുടിശ്ശികയാണ്. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം പണം നൽകാൻ സാധിക്കുന്നില്ല. സർക്കാർ ജീവനക്കാർക്കുള്ള ഡി.എ., ശമ്പളപരിഷ്കരണ കുടിശ്ശിക, മറ്റ് അലവൻസുകൾ എല്ലാം മരവിപ്പിച്ചിരിക്കുന്നു. ഈ പണം മാർക്കറ്റിൽ ചെലവാക്കി ഡിമാൻഡ് വർധിപ്പിക്കാനുള്ളതാണ്. പണത്തിന്റെ ഡിസ്ട്രിബ്യൂഷനും

റൊട്ടേഷനും ഉണ്ടാകുന്നില്ല. പണം പിടിച്ചുവച്ചിരിക്കുന്ന അവസ്ഥയാണ്. മധ്യവർഗ്ഗ കുടുംബങ്ങളാണിവിടെ പ്രതിസന്ധിയിലാകുന്നത്. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലെ ചെലവ് ഗണ്യമായി വർധിക്കുകയും അത്യാവശ്യ കാര്യങ്ങൾപോലും നിറവേറ്റാൻ സാധിക്കാത്ത അവസ്ഥ സംജാതമാകുകയും ചെയ്യുന്നു. ജീവിത നിലവാരത്തിലും മാറ്റം സംഭവിക്കുന്നു. വിലക്കയറ്റം നമ്മുടെ വാങ്ങൽശേഷിയെ കുറയ്ക്കുകയും തൽഫലമായി ഡിമാൻഡ് കുറയുന്നതിന് കാരണമാകുകയും ചെയ്യുന്നു. ഡിമാൻഡ് കുറഞ്ഞാൽ വരുമാനം കുറയും; വരുമാനം കുറഞ്ഞാൽ നികുതി വരുമാനം കുറയും. നികുതി വരുമാനം കുറഞ്ഞാൽ വീണ്ടും സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുന്ന ഘട്ടത്തിലേക്ക് പോകും. ഇതെല്ലാം റിയാലിറ്റി ആണ്. സർക്കാർ രൂപീകരിച്ച സപ്ലൈകോ സംരംഭം വിപ്ലവകരമായ ഒരു നടപടിയായിരുന്നു. അത്തരത്തിൽ മാവേലി സ്റ്റോറുകളും ആരംഭിച്ചു. മാർക്കറ്റിൽ ഉണ്ടാകുന്ന ആർട്ടിഫിഷ്യലും ഓർഗാനിക്കുമായ വിലക്കയറ്റത്തെ കൺട്രോൾ ചെയ്യാനുള്ള സർക്കാരിന്റെ ഇൻസ്ട്രുമെന്റാണ് മാർക്കറ്റ് ഇന്റർവെൻഷൻ. ഏറ്റവും പ്രധാനപ്പെട്ട 13 അവശ്യ സാധനങ്ങൾക്ക് സബ്സിഡി നൽകിക്കൊണ്ട് സർക്കാർ മാർക്കറ്റിൽ ഇടപെടുന്നു. ഇതിൽ പലതിന്റെയും വില വർധിച്ചാൽ അതിന് side effects ഉണ്ടാകും. ഉദാഹരണത്തിന്, അരിയുടെ വിലയിൽ പെട്ടെന്ന് വർധനവുണ്ടായാൽ ചെറുപയർ, കടല, പരിപ്പ് തുടങ്ങിയ അവശ്യസാധനങ്ങളുടെ വിലയും വർധിക്കും. ഇതിനെയാണ് മാർക്കറ്റ് സ്റ്റഡിയെന്ന് പറയുന്നത്. എന്റെ അറിവിൽ, എല്ലാ ദിവസവും കേരളത്തിലെ മുഖ്യമന്ത്രിയുടെ ടേബിളിൽ അന്നത്തെ പ്രൈസ് ഇൻഡക്സ് എത്തിക്കാറുണ്ട്. ഇത് പണ്ടുകാലം മുതലുള്ള സിസ്റ്റമാണ്. മാർക്കറ്റിൽ ഉണ്ടാകുന്ന ചെറിയ

വ്യതിയാനങ്ങൾ, ഓരോ സാധനത്തിനും ഉണ്ടാകുന്ന വിലക്കയറ്റം തുടങ്ങിവയെ സൂക്ഷ്മതയോടെ നീരീക്ഷിക്കുന്നതിനുള്ള കൗണ്ടർ ഇന്റർവെൻഷൻ ഇല്ലാത്തതാണ് ഇവിടത്തെ പ്രശ്നം. അതായത് മാർക്കറ്റ് ഇന്റർവെൻഷൻ ഫലപ്രദമായി നടക്കുന്നില്ല. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ കുറ്റപ്പെടുത്തുന്നില്ല. ശ്രീ. പി. സി. വിഷ്ണുനാഥ് ഉപക്ഷേപം അവതരിച്ചപ്പോൾ ഓണക്കാലത്ത് നിങ്ങൾ 200 കോടി രൂപയ്ക്ക് പുറമെ ഓണക്കിറ്റ് വിതരണത്തിന് 43 കോടി രൂപ ആവശ്യപ്പെട്ട കാര്യം സൂചിപ്പിച്ചിരുന്നു. ആകെ 243 കോടി രൂപ ആവശ്യപ്പെട്ടതിൽ 150 കോടി രൂപയാണ് ലഭിച്ചത്. 93 കോടി രൂപ ലഭിക്കാത്തതിന്റെ ഫലമായി സപ്ലൈകോയ്ക്ക് മാർക്കറ്റ് ഇന്റർവെൻഷൻ സാധ്യമല്ലാതായി. ലഭിച്ച 150 കോടി രൂപയിൽ നിന്ന് ഓണക്കിറ്റ് വിതരണത്തിനാവശ്യമായ 43 കോടി രൂപ ചെലവാക്കുന്നതിനായി നൽകുകയും ചെയ്തു. മാർക്കറ്റ് ഇന്റർവെൻഷൻ എന്ന പർപ്പസ് സെർവ് ചെയ്യാൻ സപ്ലൈകോയ്ക്ക് കഴിയുന്നില്ല. ഹോർട്ടികോർപ്പിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇവയെല്ലാം രൂപീകരിച്ചത് മാർക്കറ്റ് ഇന്റർവെൻഷന് വേണ്ടിയാണ്. ഹോർട്ടികോർപ്പിൽ സാധനങ്ങൾക്ക് പൊതുവിപണിയെക്കാൾ വില കൂടുതലാണ്. കർഷകർ അധ്വാനിച്ചുണ്ടാക്കുന്ന പച്ചക്കറികൾ ഒരു ഗവൺമെന്റ് ഏജൻസി ന്യായമായ വില നൽകിക്കൊണ്ട് പ്രൊക്യൂവർ ചെയ്ത് കുറച്ചുകൂടി ന്യായമായ വിലയ്ക്ക് അവ മാർക്കറ്റിൽ വിൽക്കുക എന്ന ഉദ്ദേശ്യത്തിലാണ് ഹോർട്ടികോർപ്പ് രൂപീകരിച്ചത്. എന്നാൽ ഇപ്പോൾ ഹോർട്ടികോർപ്പ് ഭൂരിഭാഗം പച്ചക്കറികളും തമിഴ്നാട്ടിൽ നിന്നാണ് ഏറ്റെടുക്കുന്നത്. ഇക്കാര്യത്തെക്കുറിച്ച് കൃഷിമന്ത്രിക്ക് അറിയാം. പൊതുവിപണിയിൽ ലഭ്യമാക്കുന്നതിനായി

കർഷകരിൽനിന്ന് അവരുടെ ഉൽപന്നങ്ങൾ വാങ്ങുന്നത് വളരെക്കുറവാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള സാധനങ്ങൾ ഇവിടെയെത്തിച്ച് മാർക്കറ്റിലേതിനെക്കാൾ കൂടുതൽ വിലയ്ക്ക് വിറ്റഴിച്ചാൽ ഹോർട്ടികോർപ്പ് എന്ന സ്ഥാപനത്തിന്റെ മാർക്കറ്റ് ഇന്റർവെൻഷൻ എന്ന പർപ്പസ് എങ്ങനെ ഫലപ്രദമാക്കാൻ സാധിക്കും? അങ്ങനെ വരുമ്പോൾ പച്ചക്കറിയുടെ വില വർധിക്കും. 13 ഇനം അവശ്യ സാധനങ്ങൾക്ക് പലപ്പോഴും മാർക്കറ്റിൽ സബ്സിഡി ഉണ്ടാകാറില്ല. കഴിഞ്ഞ ക്രിസ്തുമസ് കാലത്ത് നല്ലൊരു ട്രോൾ കണ്ടു, ബിവറേജസ് കോർപ്പറേഷന്റെ അലമാരയിൽ സാധനം ഫുൾ ആണ്, അതിന്റെ തൊട്ട് താഴെ, മാവേലി സ്റ്റോറിന്റെ അലമാരയിൽ സാധനം ഒന്നുമില്ല. ഇത് വലിയൊരു പ്രശ്നമാണ്. സബ്സിഡി ഐറ്റങ്ങളുടെ വില വർധിപ്പിക്കില്ലെന്ന് നിങ്ങൾ ജനങ്ങൾക്ക് വാഗ്ദാനം നൽകിയതാണ്. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിക്ക് അവിടത്തെ കച്ചവടം കുറഞ്ഞുപോകുമെന്ന ടെൻഷൻ വേണ്ട, ഞാൻ കച്ചവടം കുറയ്ക്കുന്ന കാര്യത്തെക്കുറിച്ചൊന്നും പറയുന്നില്ല. നല്ല ബിസിനസ് നടക്കണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്; അതല്ലാതെ മോശമായി ഒന്നും പറയില്ല. സർക്കാരിന് മദ്യവില്പനയിലൂടെ നല്ല രീതിയിൽ വരുമാനം ലഭിക്കുന്നൊരു മാർഗ്ഗമെന്ന നിലയ്ക്ക് ഇടയ്ക്കിടയ്ക്ക് വില വർധിപ്പിക്കരുതെന്ന അഭിപ്രായമാണുള്ളത്. മദ്യത്തിന്റെ വില വർധിപ്പിച്ചാൽ അതിന്റെ consumption കുറയുമെന്ന ധാരണ തെറ്റാണ്. മദ്യത്തിന്റെ വില വർധിപ്പിച്ചെന്ന കാരണത്താൽ ഇന്നലെവരെ മൂന്ന് പെഗ്ഗ് കഴിച്ചിരുന്ന ആൾ ഇന്ന് രണ്ട് പെഗ്ഗ് ആയി കുറയ്ക്കുന്ന സ്ഥിതി ഇന്നുവരെ ഉണ്ടായിട്ടില്ല. അദ്ദേഹം വേണമെങ്കിൽ വില വർധിച്ച വിഷമത്തിൽ നാലാമത്തെ പെഗ്ഗ് കഴിക്കും. മറ്റൊരു

കാര്യമുള്ളത്, ഇതിന്റെ ഫലമായി ഇവർ വീട്ടിൽ നൽകുന്ന കാശ് കുറയും. അതിന്റെ ഇരകളാകുന്നത് സ്ത്രീകളും കുട്ടികളുമാണ്. അതിനാൽ മദ്യത്തിന്റെ വില വർധിപ്പിച്ചാൽ മദ്യത്തിന്റെ ഉപഭോഗം കുറയുമെന്ന അഭിപ്രായം എനിക്കില്ല. ഇത്തരത്തിൽ മാർക്കറ്റിലെ ഓരോ സെക്ടറുകളും നമ്മൾ വളരെ ശ്രദ്ധയോടുകൂടി കൈകാര്യം ചെയ്യണം. ഓരോ കാര്യങ്ങൾക്കും പലതരത്തിലുള്ള ഇംപാക്ട് ഉണ്ടാകും. ഫാമിലി ബജറ്റിന്റെ കാര്യം പരിശോധിച്ചാൽ, ഒരു ഇടത്തരം കുടുംബത്തിന്റെ 2024 സെപ്റ്റംബർ മാസത്തിലെ ബജറ്റും 2025 സെപ്റ്റംബർ മാസത്തിലെ ബജറ്റും താരതമ്യം ചെയ്യുകയാണെങ്കിൽ ആ കുടുംബത്തിൽ മാത്രം ഉണ്ടായിരിക്കുന്ന ചെലവിന്റെ വ്യത്യാസമായി രേഖപ്പെടുത്തുന്നത് പതിനായിരം മുതൽ പതിനയ്യായിരം രൂപ വരെയാണ്. ഇപ്രകാരം സംഭവിച്ചത് അവരുടെ ആരുടെയും വരുമാനം വർധിച്ചിട്ടില്ല. ഇതിനുള്ള കാരണം, നവംബറിലും ഏപ്രിൽ മാസങ്ങളിലുമായി രണ്ട് തവണ വൈദ്യുതചാർജിൽ വർധനവുണ്ടായി. രണ്ടാമത് ചാർജ് വർധിപ്പിച്ചതിന്റെ അന്നുതന്നെ അടുത്ത വർധനവ് വരുത്തുന്നതുമായി ബന്ധപ്പെട്ട് റെഗുലേറ്ററി അതോറിറ്റിക്ക് കത്തെഴുതിയശേഷമാണ് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ഇവിടെ ഇരിക്കുന്നത്. അത്തരത്തിൽ മൂന്ന് തവണ വൈദ്യുത ചാർജിൽത്തന്നെ വർധനവ് വരുത്തുന്നു. എന്നാൽ ആളുകളുടെ വരുമാനം വർധിക്കുന്നില്ല; മാർക്കറ്റിൽ ഡിമാൻഡ് വളരെയധികം കുറയുന്നു; റൊട്ടേറ്റ് ചെയ്യാൻ ആളുകളുടെ കൈയിൽ പണമില്ല; ഫാമിലി ബജറ്റ് അവതാളത്തിലാവുകയും സാധാരണക്കാരുടെ ജീവിതം ദുരിതപൂർണ്ണമാകുകയും ചെയ്യുന്നു. പട്ടിണി എന്ന വാക്ക് ഞാൻ ഉപയോഗിക്കുന്നില്ല. ആളുകൾ കഷ്ടപ്പാടിലേക്കും ദുരിതത്തിലേയ്ക്കും പോകുകയാണ്.

എം.എൽ.എ. എന്ന നിലയിൽ നിരവധി ആളുകൾ ഓഫീസിൽ വരാറുണ്ട്. ഇപ്രകാരം ജീവിതദുരിതം അനുഭവിക്കുന്ന കുടുംബങ്ങളുടെ എണ്ണം വർധിക്കുന്നു. മരുന്ന് വാങ്ങാൻ പണമില്ലാത്തവർ, കുട്ടികളുടെ ഫീസ് അടയ്ക്കാൻ കഴിയാത്തവർ, ചികിത്സാ ചെലവുകൾക്ക് പണമില്ലാതെ വിഷമിച്ച് കഷ്ടപ്പെടുന്നവരുടെയും എണ്ണം വർധിച്ചുവരുന്നു. നിങ്ങൾ തെറ്റിദ്ധരിക്കേണ്ട, ഞാൻ ഇത് രാഷ്ട്രീയമായല്ല പറയുന്നത്. നിങ്ങളുടെ ഗവൺമെന്റ് വന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്നല്ല ഞാൻ പറയുന്നത്. ഇടത്തരം ആളുകളുടെയും സാധാരണക്കാരുടെയും ജീവിതദുരിതം വല്ലാതെ വർധിക്കുകയാണ്. വിദ്യാഭ്യാസ- ആരോഗ്യ മേഖലകളിലെ ചെലവ് വർധിക്കുകയും സെസ്സ്, ടാക്സ് എന്നിവ വർധിച്ചതിന്റെയും ഫലമായി സാധനങ്ങളുടെ വിലയിലും വർധനവുണ്ടായി. എന്നാൽ വരുമാനത്തിൽ ഒരു തരത്തിലുമുള്ള വർധനവും ഉണ്ടാകുന്നില്ല. ഇതിന്റെ ഫലമായി ഒരു കുടുംബത്തിന്റെ ബജറ്റ് അവർക്ക് താങ്ങാൻ കഴിയുന്നതിനും അപ്പുറത്തേക്ക് പോകുകയാണ്. മിഡിൽ ക്ലാസിനെ സംബന്ധിച്ച് അവരുടെ standard of living-ഉം quality of life-ഉം compromise ചെയ്യാൻ കഴിയില്ല. അതുകൊണ്ടുതന്നെ അവർക്ക് കടം വാങ്ങേണ്ടിവരുന്നു. നിങ്ങളെല്ലാം സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവരല്ലേ; ബാങ്കുകളിലേക്ക് പണത്തിന്റെ തിരിച്ചടവ് ഉണ്ടാകുന്നുണ്ടോ? അപകടകരമായ രീതിയിലേക്ക് ബാങ്കുകളുടെ അവസ്ഥ മാറുകയാണ്. വലിയ രീതിയിലുള്ള വൺടൈം സെറ്റിൽമെന്റ് നടപ്പാക്കിയിട്ടും തുക തിരിച്ചടയ്ക്കുന്നതിനായി ആളുകളുടെ കൈയിൽ പണമില്ല. അതുകൊണ്ടുതന്നെ ആളുകൾ വീണ്ടും ലോണുകൾ എടുക്കുകയും നേരത്തേ എടുത്തിട്ടുള്ള ലോൺ വീണ്ടും പുതുക്കുകയും ചെയ്യുന്നു. നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിരിക്കുന്ന

വിലക്കയറ്റം അവശ്യസാധനങ്ങളുടെ വെറുമൊരു വിലക്കയറ്റമെന്നതിന് ഉപരിയായി കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെയും കുടുംബങ്ങളുടെ സമ്പദ് വ്യവസ്ഥയെയും അപകടകരമായ രീതിയിലേക്ക് കൊണ്ടുപോകുന്ന സ്ഥിതിയാണുള്ളത്.

ഫുഡ് പ്രോസസ്സിങ്ങിന്റെയും അവയുടെ വിതരണത്തിന്റെയും കാര്യം പരിശോധിച്ചാൽ, കാറ്ററിങ്ങും റെസ്റ്റോറന്റ് ബിസിനസും ഇപ്പോൾ കേരളത്തിൽ വലിയൊരു ബിസിനസ്സ് മേഖലയാണ്. കഴിഞ്ഞ 2-3 വർഷങ്ങൾക്കുള്ളിൽ കേരളത്തിൽ പൂട്ടിപ്പോയ ഹോട്ടലുകളുടെ കണക്ക് നിങ്ങളുടെ കൈവശമുണ്ടോ? സെക്രട്ടേറിയറ്റിന് മുന്നിൽ കാറ്ററിങ് ജീവനക്കാർ നടത്തിയ സമരം കണ്ട് ഞാൻ ഞെട്ടിപ്പോയി. അതിൽ അനേകം ആളുകൾ പങ്കെടുക്കാൻ വരുന്ന കാഴ്ചയാണ് കണ്ടത്. എല്ലാവരും വലിയ രീതിയിലുള്ള ക്രൈസിസ് നേരിടുകയാണ്. ഇപ്പോൾ ഒരു ലിറ്റർ വെളിച്ചെണ്ണ 350-450 രൂപയ്ക്ക് വാങ്ങാൻ സാധിക്കില്ല, പഞ്ചസാരയുടെ വില ഇരട്ടിയായി, എല്ലാ സാധനങ്ങളുടെയും വില വർധിച്ചു. ഈ വിലവർധനവിന്റെ ഫലമായി പല കുടുംബങ്ങളിലും ചെലവ് പിടിച്ചുനിൽക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിരിക്കുന്നു. നിലവധി വ്യവസായങ്ങളെയും ബിസിനസ്സുകളെയും വിലക്കയറ്റം ഗുരുതരമായി ബാധിച്ചിട്ടുണ്ട്. ഞാൻ പറയുന്നത്, നിങ്ങൾ peripheral ആയി കാണുന്ന ഇൻഡസ്ട്രികളെക്കുറിച്ചല്ല; മറിച്ച്, നമ്മുടെ സമൂഹത്തിലെ ഏറ്റവും സാധാരണക്കാരായ ആളുകളെക്കുറിച്ചാണ്. ഇതുസംബന്ധിച്ച് കൊല്ലം മാർക്കറ്റിലെ ചുമട്ടുതൊഴിലാളികൾ എന്നോട് പറഞ്ഞത്, 5 കൊല്ലം മുൻപുണ്ടായിരുന്ന തൊഴിൽ ദിനങ്ങൾ പത്തിലൊന്നായി കുറഞ്ഞുവെന്നും നേരത്തെ ദിവസവും നല്ല വരുമാനം ഉണ്ടായിരുന്നെന്നും ബിസിനസ്

നല്ലരീതിയിൽ നടക്കാത്തതുകാരണം കൊല്ലം മാർക്കറ്റിലെ നിരവധി കടകൾ അടച്ചുപൂട്ടിപ്പോയി എന്നുമാണ്. കഴിഞ്ഞ 4-5 കൊല്ലത്തിനിടയിൽ എത്ര സ്ഥാപനങ്ങൾ പൂട്ടിപ്പോയി എന്നത് സംബന്ധിച്ച് യാതൊരു കണക്കുമില്ല. ഇപ്രകാരം സ്ഥാപനങ്ങൾ പൂട്ടിപ്പോകുമ്പോൾ അവിടത്തെ ചെലവ്, ജീവനക്കാരുടെ വരുമാന നഷ്ടം, തൊഴിലില്ലായ്മ എന്നിവയെല്ലാം നമ്മുടെ സംസ്ഥാനത്ത് ശ്രുക്ഷമായ സാമൂഹിക-സാമ്പത്തിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുകയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

**[2.00 PM]**

ഞങ്ങൾ ഡിമാൻഡ് ചെയ്യുന്നത്, ഈ സർക്കാർ മാർക്കറ്റിൽ ഇടപെടണമെന്നാണ്. അതിനായി മാർക്കറ്റ് എന്താണെന്ന് പഠിക്കണം. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിലക്കയറ്റമുള്ള ഒന്നാമത്തെ സംസ്ഥാനമായി കേരളം മാറിയിരിക്കുന്നുവെന്നത് ഒരു real estimate ആണ്. കഴിഞ്ഞ ഒമ്പത് മാസമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന economic stagnancy-യുടെ ഫലമായി വിലക്കയറ്റം ശ്രുക്ഷമായിരിക്കുന്നു. അതിലേയ്ക്കായി സർക്കാർ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി വിലകുറയ്ക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യുക എന്ന ഒരു വഴി മാത്രമാണ് നമ്മുടെ മുന്നിലുള്ളത്. അതിനാവശ്യമായ സഹായം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് ലഭിക്കുന്നില്ലെന്നാണ് ഉപക്ഷേപം അവതരിപ്പിച്ച ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞത്. ഗവൺമെന്റിന് ചില പ്രയോറിറ്റികളും മുൻഗണനകളും ഉണ്ടാകണം. സർക്കാരിന് സാധാരണക്കാരന്റെ കഷ്ടപ്പാട് നിറഞ്ഞ ജീവിതം എന്താണെന്ന് കാണാൻ കഴിയണം. ഈ വിലക്കയറ്റം സാമൂഹ്യ ജീവിതത്തിലുണ്ടാക്കിയിരിക്കുന്ന ദുരിതങ്ങളും

പ്രയാസങ്ങളും കഷ്ടപ്പാടുകളും വേദനകളുമെന്താണെന്ന് മനസ്സിലാക്കണം. ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റാണ് അധികാരത്തിലിരിക്കുന്നത്. അതിന്റെ അഡ്മിനിസ്ട്രേഷനും ഗവേണൻസും നിങ്ങൾ തന്നെയാണ്. ഗ്രഡ് ഗവേണൻസ് എന്ന കൺസെപ്റ്റ് എന്നുപറയുന്നത് യാന്ത്രികമായി ഭരിച്ചുപോകുക എന്നതല്ല. നിങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത് മെക്കാനിക്കലാണ്; അതായത്, ഇവിടത്തെ സിസ്റ്റം അങ്ങനെയാണ് ഇങ്ങനെയാണ് എന്നൊക്കെ പറയുകയാണ്. ജനങ്ങൾ കഷ്ടപ്പെടുകയും ദുരിത പൂർണ്ണമായ അവസ്ഥയിലൂടെ കടന്ന് പോകുകയും ചെയ്യുമ്പോൾ, അവർ തിരഞ്ഞെടുത്ത ഗവൺമെന്റിന്റെ സാന്നിധ്യവും ഇടപെടലും ആഗ്രഹിക്കും. ദൗർഭാഗ്യവശാൽ അത്തരത്തിലൊരു സർക്കാരിന്റെ സാന്നിധ്യം കേരളത്തിലില്ല. അതിനാൽ 'ശ്രുക്ഷമായ വിലക്കയറ്റം' എന്ന ഈ വിഷയം ഞങ്ങൾ കൊണ്ടുവരുമ്പോൾ അങ്ങനെയൊരു പ്രശ്നം സംസ്ഥാനത്ത് ഇല്ലെന്ന് നിങ്ങൾ കുറേപേർ ഉച്ചത്തിൽ സംസാരിച്ചതുകൊണ്ടുമാത്രം മായ്ക്കുകളയാൻ കഴിയുന്ന യാഥാർഥ്യമല്ല. കാരണം ഇതെല്ലാം കണക്കുകളാണ്, മനുഷ്യന്റെ ജീവിതമാണ്. ഇത്രയും സംഭവമുണ്ടായിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട മന്ത്രിമാരുടെ യോഗംപോലും വിളിച്ചുകൂട്ടിയില്ല. ഈ വിലക്കയറ്റത്തിൽ സർക്കാരിന് എങ്ങനെ ഇടപെടാൻ കഴിയുമെന്നതിനെക്കുറിച്ച് ധനകാര്യ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരും മറ്റും ചേർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി യോഗം ചേർന്ന് ആലോചന നടത്തിയിട്ടുണ്ടോ? നിങ്ങൾ ആലോചിച്ചിട്ടില്ല. നിങ്ങൾ എല്ലാവരെയും വിധിക്ക് വിട്ടുനൽകുകയാണ്. അങ്ങനെയൊരു ഗ്രഡ് ഗവേണൻസ് പോയിട്ട് ഗവേണൻസ് പോലുമില്ല എന്നതുതന്നെയാണ് ഞങ്ങൾക്ക്

നിങ്ങളെക്കുറിച്ചുള്ള പരാതി. ഞങ്ങൾ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും ദുരിതമനുഭവിക്കുന്നവർക്കും വേണ്ടിയാണ് ഈ വിഷയം സഭയിൽ കൊണ്ടുവന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കടകൾ അടഞ്ഞ് പോകുന്നുവെന്നത് രേഖയിലുള്ളതുകൊണ്ട് ഞാൻ സൂചിപ്പിക്കുകയാണ്; ഔദ്യോഗിക കണക്കനുസരിച്ച് റെസ്റ്റോറന്റുകളുടെ കാര്യത്തിൽ കഴിഞ്ഞ വർഷത്തേതിൽനിന്നും ഈ വർഷം 6 ശതമാനത്തോളം വളർച്ചയാണ് ഉണ്ടായിരിക്കുന്നത്. ഓണക്കാലത്തെ കണക്ക് പരിശോധിച്ചാൽ ഏറ്റവും കൂടുതൽ വളർച്ചയുണ്ടായിരിക്കുന്നത് കാറ്ററിങ് മേഖലയിലാണ്. കുടുംബശ്രീ മാത്രം ഒരു ലക്ഷം ഓണസദ്യയാണ് കൊടുത്തിട്ടുള്ളത്. കോവിഡ് കാലഘട്ടത്തിനുശേഷം റെമിറ്റൻസിന്റെ കാര്യത്തിലും കേരളത്തിന്റെ കോൺട്രിബ്യൂഷൻ വീണ്ടും വർധിച്ചിരിക്കുന്നുവെന്നാണ് ഔദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നത് .

മി. സ്പീക്കർ: ബഹുമാനപ്പെട്ട റവന്യൂ മിനിസ്റ്റർ അങ്ങ് നേരത്തെ ഒരു ക്ലാരിഫിക്കേഷൻ നൽകിയിരുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, നേരത്തെ ബഹുമാനപ്പെട്ട കോവളം അംഗം സംസാരിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഞാനൊരു ക്ലാരിഫിക്കേഷൻ പറഞ്ഞത്. ഇവിടെ സഭയിൽ വളരെ ഗൗരവമായ ചർച്ച നടക്കുന്ന ഘട്ടത്തിൽ ഞങ്ങളുടെ പാർട്ടിയുടെ ജില്ലാ സമ്മേളനത്തിൽ ഉണ്ടാകാത്ത ഒരു വിഷയത്തെ സംബന്ധിച്ച് പത്രത്തിൽ വാർത്ത വന്നുവെന്ന് ഒരു രേഖയുമില്ലാതെ ബഹുമാനപ്പെട്ട കോവളം

അംഗം ഉന്നയിക്കുകയുണ്ടായി. ഈ സഭയിൽ ഒരോരുത്തരെയും കുറിച്ച് പത്രത്തിൽ വരുന്ന വാർത്തകളൊക്കെ ഞങ്ങൾ ഉദ്ധരിക്കാൻ നിന്നാൽ എന്തായിരിക്കും ഉദ്ധരണികളിൽ വരാൻ പോകുന്നതെന്ന് ഞാൻ ഇപ്പോൾ സൂചിപ്പിക്കുന്നില്ല. അതുകൊണ്ട് എന്റെ അഭ്യർഥന, സി.പി.ഐ. ജില്ലാ സമ്മേളനത്തിൽ നടക്കാത്തൊരു വിഷയത്തെക്കുറിച്ച് പത്രത്തിൽ വന്നുവെന്ന് പറയപ്പെടുന്നതും മേശപ്പുറത്തുപോലും വയ്ക്കാൻ കഴിയാത്തതുമായ തെറ്റായ രേഖ അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്ന് നീക്കം ചെയ്യണം.

മി. സ്പീക്കർ: ആയത് പരിശോധിക്കാം+.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഇലക്ട്രിസിറ്റി ചാർജ് വർധനവിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ജി.എസ്.ടി. 39.8 ശതമാനമായിരുന്നത് ഇപ്പോൾ 18.0 ശതമാനമാണ്. 2021 ഏപ്രിൽ മുതൽ വന്നിട്ടുള്ള പ്രധാനപ്പെട്ട മാറ്റം പകൽ സമയത്തുള്ള ഇലക്ട്രിസിറ്റി ചാർജ് പത്ത് ശതമാനമായി കുറച്ചുവെന്നതാണ്. അത് വ്യവസായങ്ങൾക്ക് വളരെ ഗുണകരമായാണ് വന്നിട്ടുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, പ്രതിപക്ഷം 7ൾ 50 പ്രകാരമുള്ള ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച കാര്യങ്ങൾക്കെല്ലാം ബഹുമാനപ്പെട്ട ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി മറുപടി പറയും. എന്നാൽ പലപ്പോഴും യാഥാർഥ്യങ്ങളെ മറച്ച് പിടിക്കുന്ന ധാരാളം സംഭവങ്ങൾ ഇക്കാര്യത്തിലുണ്ടായിട്ടുണ്ട്. രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങൾ മനസ്സിലാക്കാം. ഇവിടെ സൂചിപ്പിച്ച ചില കണക്കുകളെക്കുറിച്ച് അവർ

+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നം. KLS/7838/2025/Editing തീയതി 18-09-2025) സഭാരേഖയിൽ നിലനിർത്തി.

സൂചിപ്പിച്ചു. അതായത്, ചാല മാർക്കറ്റിൽ മുളകിന് ഇത്ര രൂപയാണെന്നും ഹോർട്ടികോർപ്പിൽ ഇത്ര രൂപയാണെന്നുമൊക്കെ പറയുകയുണ്ടായി. ഹോർട്ടികോർപ്പിൽ 55 രൂപയ്ക്ക് മുളക് വിൽക്കുന്നുണ്ട്. ശ്രീ. എം. വിൻസെന്റ് സഭയിൽ ഇക്കാര്യം ഉന്നയിച്ചതു സംബന്ധിച്ച് ഞാൻ വീണ്ടും രേഖകൾ പരിശോധിച്ചു. 70 രൂപയുടെ മുളക് മാർക്കറ്റിൽ വിൽക്കുന്നുണ്ട്. ഇവിടത്തെ വില 110 രൂപയാണ്. ഈ വില മാത്രം കണ്ടിട്ട് രണ്ടും ഒരേ ഗുണത്തിലുള്ളതാണെന്ന് നമ്മെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ അദ്ദേഹം അവതരിപ്പിക്കുകയാണ്. ഉപക്ഷേപം അവതരിപ്പിക്കുന്നതിന്റെ ബലത്തിനുവേണ്ടി മാത്രം ഇങ്ങനെ പറയുന്നത് ശരിയല്ല. തക്കാളിക്ക് 33 രൂപയാണെന്ന് സൂചിപ്പിച്ചു; എന്നാൽ നാടൻ തക്കാളിക്ക് സാധാരണ മറ്റ് തക്കാളിയെക്കാൾ വിലക്കൂടുതലുണ്ടാകും. കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം സൂചിപ്പിച്ചപ്പോൾ, പ്രതിപക്ഷം മാധ്യമങ്ങളുമായി ചേർന്ന് ഇവിടത്തെ വില ഇത്തരത്തിലാണെന്ന് സ്ഥാപിച്ച് വീണ്ടും ആക്ഷേപിക്കാൻ ശ്രമിക്കുകയാണ് ചെയ്തത്. അങ്ങനെയല്ല ചെയ്യേണ്ടത്; ഹോർട്ടികോർപ്പിലെ സാധനങ്ങളുടെ ഗുണമേന്മയും അതിന്റെ രീതികളും കൂടി മനസ്സിലാക്കിയശേഷമാണ് അത്തരം കാര്യങ്ങൾ അവതരിപ്പിക്കേണ്ടത്. മറ്റൊരു കാര്യം, ഇവിടെ പച്ചക്കറി സംഭരണം നടക്കുന്നില്ലെന്ന് പറഞ്ഞു. അത് ശരിയായ വസ്തുതയല്ല. നമ്മൾ ഏറ്റവും കൂടുതൽ സംഭരണം നടത്തിയത് ഈ കാലയളവിലാണ്. അതുസംബന്ധിച്ച കണക്കുകൾ എന്റെ കൈവശമുണ്ട്. കർഷകരിൽനിന്ന് പരമാവധി സംഭരണം ചെയ്യുന്നതിനായി നമ്മൾ നേരത്തെ യോഗങ്ങൾ ചേരുകയും കർഷകർ എവിടെയെല്ലാം ഉൽപാദിപ്പിക്കുന്നുവെന്ന് രജിസ്റ്റർ ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തു.

കർഷകർ ആരെങ്കിലും രജിസ്റ്റർ ചെയ്യാൻ മറന്ന് പോകുകയും അവരുടെ ഉൽപന്നമെടുക്കാൻ കഴിയാത്ത അവസ്ഥയുമുണ്ടായാൽ, ഉദ്യോഗസ്ഥർ ആ കാരണം പറഞ്ഞ് ഒഴിയാതെ എവിടെ കർഷകർ ഉൽപാദിപ്പിച്ചാലും അവ ഏറ്റെടുക്കണമെന്ന നിർദേശവും നൽകിയിരുന്നു. അത്തരത്തിലുള്ള പരാതി എവിടെയെങ്കിലും ഉയർന്നുവന്നിട്ടുണ്ടോ? കേരളത്തിലെ കർഷകർ ഉൽപാദിപ്പിക്കുന്ന പച്ചക്കറി ഏറ്റെടുക്കാതിരുന്നാലും നടപടിയെടുക്കും. ഉൽപന്നം വിറ്റഴിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഉദ്യോഗസ്ഥരും ഞാനും ഉൾപ്പെടെ എറണാകുളത്തുവന്ന് വില്പന നടത്തിയിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ പച്ചക്കറി ഉൽപാദിപ്പിക്കുന്ന ഇടുക്കി ജില്ലയിലെ വട്ടവടയിലെ കർഷകർ നൽകിയ പരാതി ഞാൻ അങ്ങേക്ക് നൽകാം. അവർ ഇപ്പോൾ തമിഴ്നാട്ടിൽ നിന്നും വരുന്നവർക്കാണ് പച്ചക്കറി നൽകുന്നത്. ഹോർട്ടികോർപ്പിന്റെ പ്രൊക്യൂവർമെന്റും പേയ്മെന്റും കറക്ടായി നൽകാത്തതുകൊണ്ട് കേരളത്തിൽ ഏറ്റവും കൂടുതൽ പച്ചക്കറി ഉൽപാദിപ്പിക്കുന്ന വട്ടവടയിലെ കർഷകരിൽനിന്ന് തമിഴ്നാട്ടിൽ നിന്നുംവരുന്ന ഏജന്റുമാർ ഉടനടി തുകനൽകി ഉൽപന്നങ്ങൾ വിലകുറച്ച് വാങ്ങിക്കൊണ്ടു പോകുകയാണ്.

ശ്രീ. പി. പ്രസാദ്: സർ, ഇതിനുമുമ്പും വട്ടവടയുമായി ബന്ധപ്പെട്ട് അങ്ങ് സംസാരിച്ചപ്പോൾ, ഈ വിഷയം സംബന്ധിച്ച് പരാതി നൽകിയാൽ പരിശോധിക്കാമെന്ന് ഞാൻ പറഞ്ഞിരുന്നു. എന്നാൽ അങ്ങ് ഇതുവരെയും പരാതി നൽകിയിട്ടില്ല. ഇത് ഞാൻ അങ്ങയെ കുറ്റപ്പെടുത്താൻ വേണ്ടി പറയുന്നതല്ല. വട്ടവടയുമായി ബന്ധപ്പെട്ട്, അവിടെയുള്ള

ചില സംഘങ്ങൾ/ഗ്രൂപ്പുകളുമായി തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്. അത് ഈ ഗവൺമെന്റിന്റെ കാലത്തുള്ള പ്രശ്നമല്ല. നേരത്തെ നൽകിയ പച്ചക്കറികളുമായി ബന്ധപ്പെട്ട് പരിഹരിക്കാൻ കഴിയാത്ത വിഷയം അവിടെ നിലനിൽക്കുന്നുണ്ട്. അതുമായി ബന്ധപ്പെട്ട കണക്കിലെ ചില പ്രശ്നങ്ങളാണ്; അതിനെക്കുറിച്ചാണ് അവർ പരാതി നൽകിയത്. ഈ പ്രശ്നം അങ്ങയുടെ സാന്നിധ്യത്തിൽ ചർച്ച ചെയ്യാൻ ഞങ്ങൾ തയ്യാറാണ്. അക്കാര്യത്തിൽ ഒരു തർക്കവും ഇല്ല. ഈ സംഭവത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ മുഴുവൻ ഈ പ്രശ്നമുണ്ടെന്ന് വരുത്തിത്തീർക്കരുത്. കർഷകർ ഉന്നയിക്കുന്ന പ്രശ്നങ്ങൾ ആരുടെ സാന്നിധ്യത്തിൽ ചർച്ച ചെയ്യാനും ഞങ്ങൾ തയ്യാറാണ്. ശ്രീ. എം. വിജിൻ സൂചിപ്പിച്ചതുപോലെ ഈ ഓണക്കാലത്ത് രണ്ടായിരത്തോളം കർഷക ചന്തകളാണുണ്ടായിരുന്നത്. ഈ വർഷം കഴിഞ്ഞ വർഷത്തെക്കാൾ അമ്പതിലധികം കർഷക ചന്തകൾ വർധിപ്പിച്ചിട്ടുണ്ട്. ഈ നാല് ദിവസം, കേരളത്തിലെ കർഷകർക്ക് പ്രയോജനം ലഭ്യമാകുന്ന തരത്തിലേക്ക് ഏതാണ്ട് 7 കോടിയോളം രൂപയുടെ ഉൽപന്നങ്ങൾ കർഷകർക്ക് വാങ്ങാം. കർഷകർ സാധാരണ മാർക്കറ്റിൽ കൊടുക്കുന്നതിനെക്കാൾ പത്ത് ശതമാനം കൂടിയ വിലയ്ക്ക് അവരിൽനിന്ന് സംഭരിക്കുകയും ഉപഭോക്താവിനെ സഹായിക്കാനായി 30 ശതമാനം വിലകുറച്ചും കൊടുക്കുന്നൊരു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. എവിടെയെങ്കിലും കച്ചവടവുമായി ബന്ധപ്പെട്ട് പ്രശ്നങ്ങളുണ്ടെങ്കിൽ അവയെല്ലാം റീ-അറേഞ്ച് ചെയ്ത് പ്രത്യേക ഷോപ്പുകളിലൂടെ നമുക്കാവശ്യമായ ഇടപെടൽ നടത്തുന്നതിനായി ഹോർട്ടികോർപ്പിനെ ശക്തിപ്പെടുത്തിക്കൊണ്ട് സർക്കാർ മുന്നോട്ടുപോകുന്നു. ഞാൻ ഇന്നലെ Vegetable and Fruit

Promotion Council Keralam (VFPCK)-യുടെ കാര്യം സൂചിപ്പിച്ചപ്പോൾ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞിരുന്നു. ചിലയിടങ്ങളിൽ ഭരണപരമായ ചെലവുകളുൾപ്പെടെ ചില പ്രതിസന്ധികൾ നിലനിൽക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഒരാളെപ്പോലും പിരിച്ചുവിടുന്നില്ല. കാരണം ചിലപ്പോൾ ഇതുമായി ബന്ധപ്പെട്ടായിരിക്കും അവരുടെ ജീവിതം മുന്നോട്ടുപോകുന്നത്. ബിസിനസ്സ് രംഗത്ത് അവർക്ക് ചില പ്രയാസങ്ങളൊക്കെ ഉണ്ടാകുന്നുണ്ടെങ്കിലും അവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് കൂടുതൽ മെച്ചപ്പെട്ട തരത്തിൽ മുന്നോട്ടുപോകാനുള്ള എല്ലാ ഇടപെടലും നടത്തുന്നുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് ഫലപ്രദമായി വിപണി ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്ന ഈ കാലയളവിൽ ഇത്തരത്തിൽ പറയുന്നതുതന്നെ ശരിയല്ല. വിപണിയിൽ വിലക്കയറ്റത്തിന്റെ തോത് പിടിച്ച് നിർത്താൻ, വിലക്കയറ്റമില്ലാത്ത ഒരു ഓണം സംജാതമാക്കാൻ സാധിച്ചിട്ടും ആ യാഥാർഥ്യത്തെ വിസ്മരിച്ചത് ശരിയല്ല.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, റൂൾ 50 പ്രകാരമുള്ള ഉപക്ഷേപത്തിലെ വിഷയവുമായി ബന്ധപ്പെട്ട് ഭരണ-പ്രതിപക്ഷഭാഗത്തുനിന്നുള്ള ചർച്ചകൾ നാം എല്ലാവരും കേട്ടതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് വേണ്ട രീതിയിലുള്ള ഇടപെടൽ നടത്തുന്നില്ലെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ് നിർത്തിയത്. ഗവൺമെന്റിന്റെ ഇടപെടൽ വളരെ ഫലപ്രദമാണെന്ന് കഴിഞ്ഞ നാളുകളിലെ വിപണി ഇടപെടൽ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ കാണാൻ സാധിക്കും. ഓണത്തിനുമുമ്പും മാധ്യമങ്ങളടക്കം കടുത്ത വിമർശനങ്ങൾ ഉയർത്തിയിട്ടുണ്ട്. എന്നാൽ, മാധ്യമ വിമർശനങ്ങളെ

ക്ഷമയോടെ കേൾക്കാനും അതിനനുസരിച്ച് പരിഹാരം കാണാനുമുള്ള ഫലപ്രദമായ ഇടപെടലാണ് ഗവൺമെന്റ് നടത്തിയിട്ടുള്ളത്. ഈ ഓണക്കാലത്ത് പ്രിന്റ്, വിഷ്വൽ മീഡിയ ഉൾപ്പെടെ ഒരാളുപോലും മാർക്കറ്റ് ഇടപെടലിനെ സംബന്ധിച്ച് വിമർശിക്കുകയോ അത്തരത്തിലൊരു ആക്ഷേപം ഉയർത്തികൊണ്ടുവരികയോ ചെയ്തിട്ടില്ല. അവിടെയാണ് ഗവൺമെന്റിന്റെ ഇടപെടലിനെ സംബന്ധിച്ച് മനസ്സിലാക്കേണ്ടത്. ഇവിടെ പല സുഹൃത്തുക്കളും സൂചിപ്പിച്ചതുപോലെ ഞാനും രാവിലെ ഈ നോട്ടീസ് കണ്ടപ്പോൾ പ്രതിപക്ഷത്തിന് എന്താണ് സംഭവിച്ചതെന്ന് അത്ഭുതത്തോടെയാണ് വീക്ഷിച്ചത്. ഈ വിഷയം ചർച്ചയ്ക്കെടുത്തപ്പോൾ അതിനെ സ്വാഗതം ചെയ്യുന്നുവെന്ന് വളരെ വ്യക്തമായാണ് പറഞ്ഞത്. ഗവൺമെന്റിന് പറയാൻ കഴിയുന്ന പല കാര്യങ്ങളും പൊതുസമൂഹത്തിനുമുന്നിൽ പറയാനുള്ള ഒരു അവസരമെന്ന നിലയിലാണ് ഇത് ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചില കണക്കുകൾ ഉദ്ധരിച്ചു. ഇവിടെ ഉന്നയിക്കുന്ന എല്ലാ വിഷയങ്ങൾക്കും യു.ഡി.എഫ്.-ന്റെ ഭരണവും എൽ.ഡി.എഫ്.-ന്റെ ഭരണവുമായി താരതമ്യപ്പെടുത്തുന്നുവെന്ന് പറയുന്നതിൽ കാര്യമില്ല. 2011 മുതൽ 2014 വരെ ഭരിച്ചിരുന്നത് യു.ഡി.എഫ്. ആണെന്ന് അംഗീകരിക്കുമല്ലോ; പണപ്പെരുപ്പിന്റെ കാര്യത്തിൽ 2011-ലെ ഇൻഡക്സ് കണക്ക് 10.11 ശതമാനവും 2012-ൽ 7.65 ശതമാനവും 2013-ൽ 14.22 ശതമാനവും 2014-ൽ 9.13 ശതമാനവുമാണെന്നാണ് പറയുന്നത്. ഈ കണക്കുകളിൽ പലരൂപത്തിലുള്ള മാറ്റങ്ങൾ ഉണ്ടാകാം. എന്നാൽ ഇത് 2016-ൽ 5.05 ശതമാനവും 2022-ൽ 5.1 ശതമാനവും 2024-ൽ 4.4 ശതമാനവുമാണ്. ഇപ്പോൾ ലഭ്യമായ പണപ്പെരുപ്പത്തിന്റെ ശതമാനക്കണക്ക്

യാഥാർഥ്യത്തെ സൂചിപ്പിക്കുന്നുവെങ്കിൽ ഉപഭോക്തൃ വിലസൂചികയുടെ റാങ്കിങ്ങിൽ ഇത് പ്രതിഫലിക്കേണ്ടതാണ്. 2020-21 മുതൽ 2023-24 വരെയുള്ള കാലയളവിലെ കണക്ക് പരിശോധിച്ചാൽ രാജ്യത്തെ 21 പ്രധാനപ്പെട്ട സംസ്ഥാനങ്ങളിൽ പതിനാലിനും പതിനേഴിനും ഇടയ്ക്കാണ് കേരളത്തിന്റെ റാങ്ക് ഉൾപ്പെട്ടിരിക്കുന്നത്. അവയെല്ലാം രേഖ പരിശോധിച്ചാൽ മനസ്സിലാകും. കാർഷിക-വ്യവസായ മേഖലയിൽ മുന്നിൽനിൽക്കുന്ന മറ്റ് സംസ്ഥാനങ്ങൾ ഈ റാങ്കിങ്ങിൽ കേരളത്തിന് മുകളിലാണ് എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. അതുകൊണ്ട് ചില മാറ്റങ്ങളുണ്ടാകാൻ സാധ്യതയുണ്ട്. ചില അംഗങ്ങൾ അതുസംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ അവതരിപ്പിച്ചതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. 2025 ഏപ്രിൽ, ജൂൺ, ജൂലൈ മാസങ്ങളിലുണ്ടായ ഭക്ഷണ പാനീയ വിലവർധനവ് ഇതിൽ പ്രധാനമാണ്. ഭക്ഷണ പാനീയങ്ങൾക്ക് 46 ശതമാനമാണ് വെയിറ്റേജ് കൊടുത്തിരിക്കുന്നത്. കേരളത്തിൽ ഈ കാലയളയിൽ ഇറച്ചി, മുട്ട, മീൻ, പാൽ, പഞ്ചസാര എന്നിവയ്ക്കൊന്നും വില വർധിപ്പിച്ചില്ല. പച്ചക്കറിക്കും പയർ വർഗങ്ങൾക്കും സുഗന്ധവ്യഞ്ജനങ്ങൾക്കും വില കുറയുകയാണ് ചെയ്തത്. പിന്നെ എങ്ങനെയാണ് പണപ്പെരുപ്പത്തിന്റെ ശതമാനം വർധിച്ചത് എന്നതുസംബന്ധിച്ച് കൂടുതൽ പരിശോധിക്കുമ്പോൾ ഓയിൽ, ഫാറ്റ്സ് എന്നീ വിഭാഗങ്ങളിലുണ്ടായ വർധനവാണ് ഈ കണക്കിൽ പ്രതിഫലിച്ചിട്ടുള്ളതെന്ന് കാണാൻ സാധിക്കും. നാളികേര ഉൽപാദനത്തിലെ കുറവും ഉപഭോഗത്തിലെ വർധനവുമാണ് കേരളത്തെ ഇത്തരത്തിൽ ഉയർന്ന പണപ്പെരുപ്പ ശതമാനത്തിലേക്കെത്തിച്ചത്. മറ്റൊന്ന്, പലവക ചരക്കുകൾ എന്ന ഇനത്തിലുണ്ടായ വർധനവാണ്. ഇത് ദേശീയതലത്തിൽ 28

ശതമാനവും കേരളത്തിൽ 38.5 മുതൽ 42.5 ശതമാനം വരെയുമാണ്. ഈയിനത്തിൽ വരുന്നത് ഹൗസ് ഹോൾഡ് ഗ്രഡ്സ് ആൻഡ് സർവീസസ്, ആരോഗ്യം, വിദ്യാഭ്യാസം, ട്രാൻസ്പോർട്ട് ആൻഡ് കമ്മ്യൂണിക്കേഷൻ, പേഴ്സണൽ കെയർ എന്നിവയാണ്. വിദ്യാഭ്യാസ-ആരോഗ്യ മേഖലയിലെ ചെലവുകൾക്കൊന്നും ഇപ്പോൾ വർധനവുണ്ടായിട്ടില്ല. സ്വർണ്ണാഭരണങ്ങൾ, വെള്ളി, രത്നങ്ങൾ, മുത്തുകൾ, കുട, സിഗരറ്റ്, സോപ്പ്, പേസ്റ്റ് തുടങ്ങിയ വിവിധ ഉൽപന്നങ്ങളിലുണ്ടായ മാറ്റവും നമ്മുടെ ഇൻഡക്സിൽ മാറ്റം വരുത്തിയിട്ടുണ്ടാകുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളത്തിലെ സാധാരണക്കാരെ സംബന്ധിച്ച്, മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി ഇവിടെ ക്രയവിക്രയശേഷി കൂടുതലാണെന്ന് നാമെല്ലാം ഒരുപോലെ സമ്മതിക്കുന്നുണ്ട്. അക്കാര്യം ചർച്ചയിലും സൂചിപ്പിച്ചു. വാസ്തവത്തിൽ കേരളത്തിലെ സാധാരണക്കാരുടെ ജീവിതത്തെ ബാധിക്കുന്ന ഇനങ്ങളിലൊന്നും വിലവർധനവുണ്ടായിട്ടില്ലെന്ന് നമുക്ക് കണക്കുകളിലൂടെ മനസ്സിലാക്കാൻ സാധിക്കും. കഴിഞ്ഞ ഓണക്കാലത്ത് മാധ്യമങ്ങളും വിഷ്വൽ മീഡിയകളുമെല്ലാം നിരവധി സാധാരണക്കാരെ ഇന്റർവ്യൂ ചെയ്യുന്നതിനായി മാർക്കറ്റിലേക്ക് പോയി. അതിൽ ആരെങ്കിലും ഒരാൾ പച്ചക്കറിയുടെ വില വർധനവ് കാരണം ഓണം ആഘോഷിക്കാൻ കഴിയുന്നില്ലെന്ന തരത്തിൽ പ്രതികരിച്ചതായി കാണാൻ കഴിഞ്ഞോ; വാസ്തവം എന്താണെന്നാണ് നാം കാണേണ്ടത്. സമ്പന്നരെയും ലാഭത്തിന്റെയും കണക്കുകൾ മാത്രമാണ് നിങ്ങൾ എപ്പോഴും കാണുന്നത്. എന്നാൽ, ഞങ്ങൾ കാണുന്നത് സാധാരണക്കാരെ ചേർത്തുനിർത്തുന്ന നിലപാടാണ്. രണ്ടും തമ്മിലുള്ള വ്യത്യാസം അവിടെയാണെന്ന് നിങ്ങൾ ഇനിയെങ്കിലും

തിരിച്ചറിയണം. നിങ്ങൾ ആണയിട്ട് ആയിരം തവണ സാധാരണക്കാരുടെ ഇടയിലാണെന്ന് പറയുന്നതിന്റെ യുക്തി ഞങ്ങൾക്കും നാട്ടുകർക്കും അറിയാം. സാധാരണക്കാരെയും പൊതുമേഖലാ സ്ഥാപനങ്ങളെയും സംരക്ഷിക്കാനാവശ്യമായ എന്തൊക്കെ നിലപാടുകളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചതെന്ന് നിങ്ങൾ പരിശോധിക്കണം. നിങ്ങളുടെ ഭരണകാലത്തെ കഷ്ടതയുടെയും തകർച്ചയുടെയുമൊക്കെ കഥകൾ ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ വീണ്ടും പരാമർശിക്കുന്നില്ല. ഇത്തരമൊരു ഘട്ടത്തിൽ അരിയുടെയും പച്ചക്കറിയുടെയും പലവ്യഞ്ജന സാധനങ്ങളുൾപ്പെടെയുള്ള അവശ്യവസ്തുക്കൾ ജനങ്ങൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കാൻ ഗവൺമെന്റ് എടുത്ത നിലപാടാണ് നാം പരിശോധിക്കേണ്ടത്. അതാണ് മാർക്കറ്റ് ഇന്റർവെൻഷനായി നമ്മൾ കാണുന്നത്. വിലവർധനവുണ്ടാകാതെ ഫലപ്രദമായി മാർക്കറ്റ് ഇന്റർവെൻഷൻ നിർവഹിച്ചതിന്റെ ഉദാഹരണം ഇവിടെ സൂചിപ്പിച്ചില്ലേ; ചരിത്രത്തിൽ ആദ്യമായി നിയമസഭ ഐകകണ്ഠ്യേന പാസാക്കി ആവശ്യപ്പെട്ടത് എന്താണ്? റേഷൻ കടകളിൽ മുമ്പുണ്ടായിരുന്ന രണ്ടുലക്ഷം മെട്രിക് ടൺ അരി കൂടി നൽകണമെന്ന ആവശ്യമാണ് ഉന്നയിച്ചത്. ഓണം പ്രമാണിച്ച് ഞാൻ കേന്ദ്ര ഉപഭോക്തൃകാര്യ-ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രിയെ സന്ദർശിച്ചുവെങ്കിലും ഒരുമണി അരിപോലും നൽകിയില്ലെന്ന് മാത്രമല്ല, OMSS (Open Market Sales Scheme) അനുസരിച്ച് സംസ്ഥാന ഗവൺമെന്റ് എഫ്.സി.ഐ.-യിൽനിന്ന് ലേലത്തിനെടുക്കണമെന്നാണ് പറഞ്ഞത്. അതിനർഥം, പണമുള്ളവരായതുകൊണ്ട് 23, 24 രൂപയ്ക്ക് അരി വിലയ്ക്ക് വാങ്ങണമെന്നാണ്. അത്തരം ഘട്ടത്തിൽ അത് കണ്ട് മടങ്ങി തിരിച്ചുവന്ന് കിടന്നുറങ്ങുന്ന നിലപാടല്ല ഈ ഗവൺമെന്റ്

സ്വീകരിച്ചത്. കേരളത്തിൽ ഓണക്കാലത്ത് ഫലപ്രദമായി എല്ലാ കുടുംബങ്ങൾക്കും അരികൊടുക്കാനുള്ള നടപടി സ്വീകരിച്ചു. വെള്ള കാർഡുകാർക്ക് മാർക്കറ്റിൽ 50 രൂപയിലധികം വിലവരുന്ന 15 കിലോ അരിയാണ് നൽകിയത്. അതിന് കേരളത്തിൽ ഒരാക്ഷേപവും വന്നില്ലല്ലോ; നീല കാർഡുകാർക്ക് ലഭിക്കുന്ന അരിക്ക് പുറമെ 10 കിലോ അരിയാണ് നൽകിയത്. അതുപോലെ, ചുവപ്പ് കാർഡുള്ളവർക്ക് പെർ ഹെഡ് 5 കിലോ അരിക്ക് പുറമെ ഒരു കാർഡിന് 5 കിലോ അരി നൽകി. ഇതൊക്കെ കേരളത്തിൽ യാഥാർഥ്യമായ കാര്യമാണ്. അതിന് പുറമെയാണ് സപ്ലൈകോ ഔട്ട്ലെറ്റുകളിലൂടെ 20 കിലോ അരി 25 രൂപ നിരക്കിൽ നൽകിയത്. അവർക്ക് 33 രൂപ നിരക്കിൽ 8 കിലോ അരി ലഭിച്ചിരുന്നതിന് പുറമെയാണ് ഓണം പ്രമാണിച്ച് 20 കിലോ അരി 25 രൂപയ്ക്ക് നൽകിയത്. അതിനർഥം, ഒരു കുടുംബത്തിന് 43-44 കിലോ അരി സൗജന്യനിരക്കിലും ന്യായവിലക്കും വാങ്ങാനുള്ള അവസരമൊരുക്കിയതാണ് വിലക്കയറ്റത്തിലേക്ക് എത്തിച്ചതെന്ന് നിങ്ങൾ പറഞ്ഞാൽ ഈ കേരളത്തിലെ ഒരു മനുഷ്യനും വിശ്വസിക്കില്ല. നിങ്ങളുടെ കുടുംബങ്ങളിൽ പോയി ഈ ഓണക്കാലത്ത് വിലക്കയറ്റമാണെന്ന് പറഞ്ഞാൽ അവർ അംഗീകരിക്കുമോ; ഇവിടെയിരിക്കുന്ന പ്രതിപക്ഷ എം.എൽ.എ.-മാർ ഓണച്ചന്തകൾ ഉദ്ഘാടനം ചെയ്തതിനെക്കുറിച്ച് ഭരണകക്ഷി എം.എൽ.എ.-മാർ ഇവിടെ സൂചിപ്പിച്ചല്ലോ. പ്രതിപക്ഷാംഗമായ ശ്രീ. പി. സി. വിഷ്ണുനാഥാണ് കുണ്ടറയിലെ സപ്ലൈകോ ഓണച്ചന്ത ഉദ്ഘാടനം ചെയ്തത്; പറവൂരിലെ ഓണച്ചന്ത ഉദ്ഘാടനം ചെയ്തത് പ്രതിപക്ഷനേതാവല്ലേ; അവിടെ എവിടെയെങ്കിലും സപ്ലൈകോയുടെ ഔട്ട്ലെറ്റുകളിൽ സാധനം ഇല്ലായ്മയുടെയും

വിലക്കയറ്റത്തിന്റെയും ക്വാളിറ്റിയുടെയും പരാതി ജനങ്ങൾ പറയുന്നത് കേൾക്കാൻ കഴിഞ്ഞോ; അവിടെയെല്ലാം പ്രസംഗിച്ച കാര്യങ്ങൾ പറഞ്ഞാൽ നിങ്ങൾക്ക് ഇഷ്ടപ്പെടില്ല. നിങ്ങൾ പ്രസംഗിച്ചത് നേരിട്ട് കേട്ട മന്ത്രിയാണ് മറുപടി പറയുന്നതെന്ന ഓർമ്മ നിങ്ങൾക്കുണ്ടാകണം. 140 നിയോജകമണ്ഡലങ്ങളിലും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഓണക്കാലത്ത് ജനങ്ങളെ സഹായിക്കാൻ ഒരുമിച്ച് നിൽക്കണമെന്ന ഗവൺമെന്റിന്റെ കാഴ്ച്ചപ്പാടാണ് നിങ്ങളെയെല്ലാം സഹകരിപ്പിച്ച് മുന്നോട്ടുപോയത്.

ശ്രീ. വി. ഡി. സതീശൻ: സർ, പ്രതിപക്ഷത്തെ സഹകരിപ്പിച്ചുവെന്ന് നിങ്ങൾ പറയുന്നു; എല്ലാ സർക്കാരിന്റെ കാലത്തും എല്ലാ നിയോജകമണ്ഡലങ്ങളിലെയും ഓണച്ചന്തകൾ ഉദ്ഘാടനം ചെയ്യുന്നത് അതത് മണ്ഡലങ്ങളിലെ എം.എൽ.എ.-മാരാണ്. നിങ്ങൾ ഏതാണ്ട് ഞങ്ങളോട് വലിയൊരു ഔദാര്യം കാണിച്ചു ക്ഷണിച്ചതുപോലെയാണല്ലോ സംസാരിക്കുന്നത്.

ശ്രീ. ജി. ആർ. അനിൽ: സർ, പ്രതിപക്ഷ നേതാവ് ഈ അവസരത്തിലെങ്കിലും അങ്ങനെയൊരു പ്രസ്താവന നടത്തിയത് നന്നായെന്നാണ് സൂചിപ്പിക്കാനുള്ളത്. ഗവൺമെന്റിന്റെ വാർഷികാഘോഷങ്ങളെയും നല്ല പദ്ധതികളെയും ബഹിഷ്കരിച്ചുപോയ പ്രതിപക്ഷത്തിന് തിരിച്ചറിവുണ്ടായി എന്നത് സന്തോഷമുള്ള കാര്യമാണ്. കേരളത്തിൽ വെളിച്ചെണ്ണയുടെ വില വർധിക്കാനുള്ള പ്രവണത കണ്ടയുടനെ വ്യവസായ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ഞാനും മറ്റ് ഉദ്യോഗസ്ഥരുമടക്കം അതിനാവശ്യമായ ഇടപെടൽ നടത്തുകയും വെളിച്ചെണ്ണയുടെ വില 529 മുതൽ 550 രൂപ വരെ വർധിച്ചപ്പോൾ

അതിലിടപെട്ട് വില കുറച്ചുകൊണ്ടുവരികയും ചെയ്തു. വെളിച്ചെണ്ണയുടെ വില ഇനിയും കുറയ്ക്കുമെന്നാണ് ഞാൻ കഴിഞ്ഞ ദിവസം സഭയിൽ പറഞ്ഞത്. ഇത്തരത്തിൽ വില കുറയുമ്പോൾ ആ കുറവ് മറ്റു കടകളിൽ വില്പന നടത്തുന്നതിലും പ്രതിഫലിക്കണം. സപ്ലൈകോയിൽ വെളിച്ചെണ്ണയുടെ വില കുറഞ്ഞപ്പോൾ വലിയ മാളുകളിൽ അവരുടെ നിലവിലുള്ള റേറ്റ് മാറ്റി നമ്മുടെ വിലയ്ക്കനുസരിച്ച് കുറവുചെയ്ത അനുഭവം നമുക്കെല്ലാമുണ്ട്. വെളിച്ചെണ്ണയുടെ വില കുറയ്ക്കാൻ ഫലപ്രദമായി ഇടപെടാൻ സാധിച്ചിട്ടുണ്ട്. ഈ ഓണക്കാലത്തുമാത്രം 22,36,441 ലിറ്റർ ശബരി വെളിച്ചെണ്ണ സപ്ലൈകോ ഔട്ട്‌ലെറ്റിലൂടെ വിൽപന ചെയ്തുവെന്ന് പറയുമ്പോൾ അവയെല്ലാം ഈ നാട്ടിലെ ജനങ്ങൾ തന്നെയാണ് വാങ്ങിയത്. ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ പറഞ്ഞത്, പപ്പടം കാച്ചാൻ, വെളിച്ചെണ്ണയും പപ്പടവും കൂടി അടുക്കില്ലെന്നാണ്. എന്നാൽ ആ പരാമർശം നടപ്പാകുന്നത് കർണ്ണാടകയിലായിരിക്കും. ഇവിടെയുള്ള ഒരു വീട്ടമ്മയ്ക്കും അപ്രകാരമുള്ള യാതൊരു പ്രശ്നവുമുണ്ടായില്ല. ഇപ്രകാരം വെളിച്ചെണ്ണ വിലകുറച്ച് കൊടുത്തതിനുപുറമെ ഈ ഗവൺമെന്റ് AAY (Antyodaya Anna Yojana) കാർഡുടമകളായ ആറുലക്ഷം കുടുംബങ്ങൾക്ക് അര ലിറ്റർ വെളിച്ചെണ്ണ സൗജന്യമായി നൽകി. അവരെല്ലാം ഉപ്പേരി വറുക്കുകയും പപ്പടം കാച്ചി ഓണം ആഘോഷിക്കുകയും ചെയ്തു. ആ കുടുംബങ്ങളിലൊന്നും ഒരു പ്രയാസവുമുണ്ടായില്ല. 1965 മുതൽ സാർവത്രിക റേഷൻ ഉണ്ടായിരുന്ന സംസ്ഥാനത്ത് NFSA (National Food Security Act) നിലവിൽ വന്നതിനുശേഷമാണ് 2 ലക്ഷം മെട്രിക് ടൺ അരി നഷ്ടമായത്. 57% മലയാളികളാണ് സ്റ്റാറ്റ്യൂട്ടറിയായി ലഭിച്ചുകൊണ്ടിരുന്ന റേഷൻ സംവിധാനത്തിൽനിന്ന്

പുറത്തായത്. ആരാണത് കൊണ്ടുവന്നത്? എന്നിട്ട് ഇവിടെ വന്നുനിന്ന് വിലപിക്കുകയാണ്. ഇതിന്റെ അവസ്ഥ എന്താണ്? 43 ശതമാനമായി പരിമിതപ്പെടുത്തിയ ഭക്ഷ്യ-ധാന്യം 57% മലയാളികൾക്ക് നിഷേധിച്ചത് ഇവരല്ലേ? അതുകൊണ്ടല്ലേ കഴിഞ്ഞ സഭയ്ക്കകത്ത് ഐകകണ്ഠ്യേന ഉപക്ഷേപം അവതരിപ്പിച്ചത്. അതിനുമുമ്പ് അവരുമായി സംസാരിച്ച് ഉപക്ഷേപത്തിലെ മാറ്റങ്ങൾ ഉൾക്കൊണ്ട് തിരുത്തി അവതരിപ്പിക്കാൻ നിൽക്കുമ്പോൾ പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു. അവർക്ക് ആ കുറ്റബോധമല്ലേ? മലയാളിക്ക് അരി നിഷേധിക്കുകയും നൽകില്ലെന്ന് പറയുകയും ചെയ്ത കേന്ദ്ര ഗവൺമെന്റിനെ ചോദ്യം ചെയ്യാനോ ഈ നിമിഷം വരെ ഒരു സ്റ്റേറ്റ്മെന്റ് നൽകാനോ തയ്യാറാകാതെ എപ്പോഴും സംസ്ഥാന ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്ന നിലപാടുമായി അധികദൂരം പോയാൽ നിങ്ങൾക്ക് നിരാശപ്പെടേണ്ടിവരും. ടൈഡ് ഓവർ നിരക്കുപ്രകാരം 8.30 രൂപയ്ക്ക് അരി നൽകണമെന്ന് ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത തുകയ്ക്ക് അരി നൽകിയില്ല; എന്നാൽ ആവശ്യാനുസരണം അരി കൊടുത്തിരുന്നു. കോവിഡ് കാലത്തും ദുരന്തകാലഘട്ടങ്ങളിലും സംസ്ഥാനം നൽകിയ അരി വാങ്ങിയതിന്റെ വില സംബന്ധിച്ച കണക്കുകൾ പറഞ്ഞപ്പോൾ പ്രതിപക്ഷം അന്ന് ഒന്നും പ്രതികരിക്കാതെ ഇന്ന് ഇവിടെ വന്ന് വിലക്കയറ്റത്തെക്കുറിച്ച് പറയുന്നുണ്ടല്ലോ; കേരളം ദുരന്തമനുഭവിച്ച നാളുകളിൽ നൽകിയ അരിക്ക് പണം പിടിച്ചുവാങ്ങുന്ന നിലപാട് കേന്ദ്രം സ്വീകരിച്ചില്ലേ? അന്ന് പ്രതിപക്ഷം എന്തെങ്കിലും ഒരക്ഷരം പറഞ്ഞോ? കഴിഞ്ഞ ഓണക്കാലത്ത് റേഷൻ കടകളിലൂടെ സർക്കാർ ഇടപെട്ടതിന്റെ ഫലമായി 1,49,407 മെട്രിക് ടൺ ഒന്നാന്തരം അരി റേഷൻ കടകൾ മുഖേന വിതരണം

ചെയ്യാൻ സാധിക്കുകയും തൽഫലമായി മൊത്തക്കച്ചവടക്കാർ കട പൂട്ടിയിരിക്കേണ്ട അവസ്ഥയുണ്ടാകുകയും ചെയ്തു. ഒരു കിലോഗ്രാം അരിക്ക് 40 രൂപ വീതം വിലയിട്ടാൽ പോലും 597 കോടി രൂപയുടെ അരി നമ്മുടെ മാർക്കറ്റിലെത്തുന്ന സ്ഥിതിയാണുള്ളത്. മറ്റ് കാർഡുകളുടെ കണക്ക് പരിശോധിച്ചാൽ, 87% മലയാളി കുടുംബങ്ങൾ റേഷൻകടയിൽനിന്നും അരിവാങ്ങിയെന്നത് ചരിത്ര സംഭവമല്ലേ? AAY കാർഡുകാരിൽ 99 ശതമാനവും PHH (Priority Households) കാർഡുകാർ 97 ശതമാനവും റേഷൻ വാങ്ങിയിട്ടുണ്ട്. പ്രതിപക്ഷം ഈ വിലക്കയറ്റത്തിന്റെ കഥ പറഞ്ഞ് പ്രസംഗിച്ചത് ആ കുടുംബത്തിലെ ആരെങ്കിലും വിശ്വസിക്കുമോ; ഇവർ ഇനിയെങ്കിലും അത് തിരുത്തണ്ടേ; AAY കാർഡുകാർക്കും ക്ഷേമസ്ഥാപനങ്ങൾക്കും 6,14,217 സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തതിനാലാണ് ഓണത്തിന് അരിയുടെ വിലയിൽ ഒരു പൈസ പോലും വർധിച്ചില്ലെന്ന് നമ്മൾ അഭിമാനത്തോടെ പറയുന്നത്. ഇനി മുളകിന്റെ കാര്യം സൂചിപ്പിക്കാം. 500 ഗ്രാം മുളക് സബ്സിഡിയായി നൽകിയ സ്ഥാനത്ത് 2 കിലോഗ്രാം മുളക് നൽകുന്ന നിലപാട് സ്വീകരിക്കുകയും എല്ലാ സബ്സിഡി സാധനങ്ങളും ഇരട്ടിയായി നൽകുകയും ചെയ്തു. ഗവൺമെന്റ് നൽകിയ കാര്യങ്ങളെ അംഗീകരിച്ചില്ലെങ്കിലും കുറ്റപ്പെടുത്താതിരിക്കേണ്ട നിലപാടെങ്കിലും പ്രതിപക്ഷം സ്വീകരിക്കണ്ടേ? ഇത്തവണ ഓണവുമായി ബന്ധപ്പെട്ട് കൃഷി വകുപ്പുമന്ത്രി സൂചിപ്പിച്ചത്: 2000 കർഷക ചന്തകളിലൂടെ കർഷകരിൽനിന്നും 1193 ടൺ പഴങ്ങളും പച്ചക്കറിയും കൃഷി വകുപ്പ് സംഭരിക്കുകയും 10% വിലകൂട്ടി കർഷകന് നൽകുകയും 30% വിലക്കുറച്ച് ഉപഭോക്താക്കൾക്ക് നൽകുകയും ചെയ്തുവെന്നാണ്. ഏത് ഗവൺമെന്റാണ്

ഇപ്രകാരം ഇടപെടുന്നത്. ഇന്ത്യയിലെ ഏതെങ്കിലും ഒരു സംസ്ഥാനത്തെ കോൺഗ്രസ് ഗവൺമെന്റ് അത്തരമൊരു നിലപാട് സ്വീകരിച്ചതായി പറയാൻ കഴിയുമോ; നിങ്ങൾ കേരള ഗവൺമെന്റിനെക്കുറിച്ചും ഭക്ഷ്യവകുപ്പിനെക്കുറിച്ചും കുറ്റപ്പെടുത്തി പ്രസംഗിച്ചല്ലോ; ഈ ഉപക്ഷേപം അവതരിപ്പിച്ച ശ്രീ. പി. സി. വിഷ്ണുനാഥിന് കർണ്ണാടകയിലെ ചുമതലയുണ്ടല്ലോ; കർണ്ണാടക ഗവൺമെന്റിന് കേരളത്തിന് മാതൃകയായി ഞങ്ങൾ ഇങ്ങനെ ചെയ്യുന്നുവെന്ന് പറയാൻ കഴിയുന്ന സാഹചര്യമുണ്ടോ? കുടുംബശ്രീയിലെ സഹോദരിമാർ കഴിഞ്ഞ വർഷം 28.47 കോടി രൂപയുടെ ഉൽപന്നങ്ങളായിരുന്നു വിറ്റഴിച്ചതെങ്കിൽ ഇത്തവണ അവർ 40 കോടി രൂപയുടെ വില്പനയാണ് നടത്തിയത്. അവർ പൂ കൃഷിയിലേയ്ക്കും പച്ചക്കറി കൃഷിയിലേയ്ക്കും ഇറങ്ങി 1943 വിപണന കേന്ദ്രങ്ങൾ സംഘടിപ്പിച്ചു. 2016-ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സാധനങ്ങൾക്ക് 5 വർഷക്കാലം വില വർധിപ്പിക്കില്ലെന്ന വാഗാനം നൽകിയതിനെത്തുടർന്ന്, അഞ്ച് വർഷമല്ല എട്ട് വർഷക്കാലം വില വർധിപ്പിച്ചില്ല. സബ്സിഡി വില വർധിപ്പിക്കാതെ ജനങ്ങൾക്ക് 10 വർഷക്കാലത്തോളം ഒരേ വിലയ്ക്ക് സാധനം നൽകിയ നിലപാട് നല്ലതെന്നല്ലേ പറയേണ്ടത്? പാവപ്പെട്ടവരെ ചേർത്തുനിർത്തി അവർക്ക് ആശ്വാസം പകരുന്നതും ഓണക്കാലത്ത് ന്യായവിലയ്ക്ക് സാധനം നൽകുന്നതുമെല്ലാം എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ചരിത്രമാണ്. അവരെ മുതലാളിമാർ പീഡിപ്പിച്ച ഒരു കാലഘട്ടമുണ്ടായിരുന്നു. അത്തരം വിലവർധനവിൽനിന്നും അവരെ മോചിപ്പിക്കാനുള്ള മനസ്സാണ് ഇടതുപക്ഷ ഗവൺമെന്റുകൾ ഓരോ ഘട്ടങ്ങളിലും നടപ്പാക്കിയത്. ഞാൻ അതിന്റെ കഥകളൊന്നും പറയുന്നില്ല. കോവിഡ് കാലത്ത് 13 തവണയായി 12.30 കോടി

ഭക്ഷ്യക്കിറ്റുകൾ എല്ലാ മലയാളികളുടെയും കുടുംബങ്ങളിലെത്തിച്ച ഗവൺമെന്റാണിത്. ആ കിറ്റുമായി ബന്ധപ്പെട്ടും അതിനോടനുബന്ധിച്ച് നൽകിയ അരിക്ക് വില കൊടുക്കേണ്ടി വന്ന കഥയെക്കുറിച്ചും ഞാൻ നേരത്തെ സൂചിപ്പിച്ചു. 95 ലക്ഷം വരുന്ന കാർഡുടമകളിൽ 56,73,000 കുടുംബങ്ങളെന്നുപറഞ്ഞാൽ ഏകദേശം 2.25 കോടി വരുന്ന ജനസംഖ്യ ഇത്തവണ സപ്ലൈകോയുടെ ഔട്ട്‌ലെറ്റുകളിലേയ്ക്കെത്തി സാധനം വാങ്ങിയതിന്റെ കണക്കാണ് ഞാൻ സൂചിപ്പിച്ചത്. ഇത് സർവകാല റെക്കോർഡാണ്, ചരിത്ര റെക്കോർഡാണ്. ഏറ്റവും കൂടുതൽ വില്പന നടന്നിട്ടുള്ളത്, ഒരു ദിവസം പതിനഞ്ച് കോടി രൂപയുടേതായിരുന്നു. എന്നാൽ ഇപ്പോൾ ഒരു ദിവസംകൊണ്ട് 24-25 കോടിയോളം രൂപയുടെ വില്പന നടന്നിരിക്കുന്നു. അതാണ് ഇവിടെപ്പറഞ്ഞ 386 കോടി രൂപയുടെ വിറ്റുവരവിന്റെയും 180 കോടി രൂപയുടെ സബ്സിഡി വില്പനയുടെയും കണക്ക്. ഈ കാലയളവിൽ 5,673,960 ഉപഭോക്താക്കളാണ് സപ്ലൈകോയെ ആശ്രയിച്ചത്. ഒരു കുടുംബത്തിൽ നാലുപേർ വച്ച് കൂട്ടിയാൽ രണ്ട് കോടിയോളം മലയാളികൾ നേരിട്ട് ഇടപെടുകയുണ്ടായി. ഇപ്രകാരമുള്ള വിപണി ഇടപെടലുകളും അതിന്റെ വിജയവും കേരളത്തിലെ പൊതുസമൂഹം എന്നപോലെ മാധ്യമങ്ങളെല്ലാം അംഗീകരിക്കുകയും പ്രകീർത്തിക്കുകയും അഭിനന്ദിക്കുകയും ചെയ്ത ഈ കാലഘട്ടത്തിലാണ് വിലക്കയറ്റത്തിന്റെ വിഷയവുമായി പ്രതിപക്ഷം വന്നിരിക്കുന്നത്. ഇതു സംബന്ധിച്ച് കേരളകൗമുദി പത്രം മുഖപ്രസംഗം എഴുതുകയും മലയാള മനോരമ പത്രം നേരിട്ടുവന്ന് എന്നെ ഇന്റർവ്യൂ ചെയ്യുകയും ചെയ്തു. ഇതൊരു സാധാരണ കാര്യമല്ല. എല്ലാ പത്രമാധ്യമങ്ങളിലും റെക്കോർഡ് വില്പന സംബന്ധിച്ച വാർത്തകൾ വന്നിരുന്നു.

അവരെയെല്ലാം ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കുന്നു. ഇവിടെ യാതൊരു വിലക്കയറ്റവും ഉണ്ടായിട്ടില്ല. അവശ്യസാധനങ്ങളുടെ വില ക്രമാതീതമായി വർധിച്ചുവെന്നത് ഒരു സാങ്കൽപിക കഥയെന്നപോലെ ഓർമ്മ പങ്കുവയ്ക്കാൻ വേണ്ടി മാത്രമാണ് പ്രതിപക്ഷം ഉപയോഗിച്ചത്. സപ്ലൈകോയ്ക്ക് സർക്കാർ പണം അനുവദിക്കുന്നില്ലെന്ന് ആരോപിക്കുകയുണ്ടായി. ഈ സാമ്പത്തിക വർഷം വിപണി ഇടപെടലിന് വകയിരുത്തിയ 250 കോടി രൂപയും സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. "എല്ലാ സാധനങ്ങളും ഉണ്ടെന്നും നല്ല നിലയ്ക്കുള്ള ഇടപെടലാണ് ഇത്തവണ നടത്തിയത്" എന്നുമാണ് പ്രതിപക്ഷ നേതാവ് അദ്ദേഹത്തിന്റെ നിയോജകമണ്ഡലമായ പറവൂരിൽ ഓണച്ചന്ത ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിച്ചത്. (....ബഹളം....) സർക്കാരിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചതിന് ഞാൻ അദ്ദേഹത്തിന് പ്രത്യേകം നന്ദി പറയുന്നു.

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്.....മിനിസ്റ്റർ... (.....ബഹളം.....)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഏറ്റവും രസകരമായ കാര്യം. XXXXXX* മന്ത്രി പറയുന്നത്. ഞാൻ വിളക്ക് കൊളുത്തി പോന്നതല്ലാതെ അവിടെ പ്രസംഗിച്ചിട്ടില്ല. നിയമസഭയിൽ വന്ന് XXXXXX* മന്ത്രി പറയുന്നത്.

മി. സ്പീക്കർ: പ്ലീസ്.....യെസ്...പോയിന്റ് ക്ലിയർ..

ശ്രീ. ജി. ആർ. അനിൽ: സർ, ഞാൻ കള്ളം പറയില്ല. ആ പ്രസംഗത്തിന്റെ വോയ്സ്

* ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നം. KLS/7857/2025/Editing തീയതി 19-09-2025 )രേഖയിൽ നിന്നും നീക്കംചെയ്തു.

* ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നം. KLS/7857/2025/Editing തീയതി 19-09-2025 )രേഖയിൽ നിന്നും നീക്കംചെയ്തു.

മെസ്സേജ് എന്റെ കൈവശമുണ്ട്. അദ്ദേഹം സംസാരിച്ചത് മറന്നുപോയതാണ്. എനിക്ക് ലഭിച്ച വോയ്സ് മെസ്സേജ് ഞാൻ അങ്ങേയ്ക്ക് ഫോർവേഡ് ചെയ്യാം. തിരുവോണത്തിന് ഞാൻ ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ മലയാള മനോരമ പത്രക്കാർ വീട്ടിൽവരികയും 'കേരളത്തിലെ ജനങ്ങൾക്ക് സന്തോഷത്തോടുകൂടി ഭക്ഷണം കഴിക്കാൻവേണ്ടി എല്ലാ സൗകര്യം ചെയ്തുകൊടുത്ത മന്ത്രിയുടെ ഭക്ഷണം' എന്നുപറഞ്ഞാണ് സംഭാഷണം തുടങ്ങുന്നത്. ഇത് ഒരു യാഥാർഥ്യമല്ലേ; കണ്ണടച്ച് ഇരുട്ടാക്കിയാൽ ഇരുട്ടാകുമോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ. മലയാള മനോരമ പത്രവാർത്തയുടെ അടിസ്ഥാനത്തിലാണ് പറയുന്നതെന്ന് മന്ത്രി ഇവിടെ പറഞ്ഞു. എന്നാൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിലക്കയറ്റമുള്ള സംസ്ഥാനം കേരളമാണെന്ന മലയാള മനോരമയുടെ പത്രവാർത്ത ബഹുമാനപ്പെട്ട മന്ത്രി അംഗീകരിക്കുന്നുണ്ടോ?

ശ്രീ. ജി. ആർ. അനിൽ: സർ, പത്രത്തിന് പത്രധർമ്മമുണ്ട്. എഡിറ്റോറിയലായി പത്രവാർത്ത വരുന്നതും നേരിട്ടുവന്ന് പറയുന്നതുമെല്ലാം ആ ധർമ്മത്തിന്റെ ഭാഗമാണ്. അതെല്ലാം നമ്മൾ ആ രീതിയിൽ കാണേണ്ടതല്ലേ; എല്ലാവർക്കും ശ്രീ. പി. സി. വിഷ്ണുനാഥിനെപ്പോലെ കാണാൻ സാധിക്കുമോ? (.....ബഹളം.....) 2016 മുതൽ 2025 ആഗസ്റ്റ് വരെ സപ്ലൈകോ മുഖേന മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടിയും ജനങ്ങൾക്ക് ആശ്വാസം പകരുന്നതിനുമായി ഒന്നും രണ്ടും പിണറായി സർക്കാർ 7,270 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നുള്ളത് ഒരു യാഥാർഥ്യമാണ്. ഇക്കാര്യത്തിൽ യാതൊരു ആശങ്കയും വേണ്ട. കേരളത്തിലെ ജനങ്ങൾക്ക് ഇനിയുള്ള നാളുകളിലും സപ്ലൈകോ

ഔട്ട്‌ലെറ്റുകളിലൂടെയും കൺസ്യൂമർ ഫെഡിലൂടെയും മറ്റ് സർക്കാർ സ്ഥാപനങ്ങൾ വഴിയും സാധനങ്ങൾ വിലകുറച്ച് വാങ്ങാനും ആശ്വാസം പകരാനുമുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. 'വാമന സ്റ്റോർ' കൊണ്ടുവന്ന് മാവേലിയെ ചവിട്ടി താഴ്ത്തിയവരാണ് നിങ്ങൾ. ഞങ്ങൾ അത് ചെയ്തില്ല. മാവേലിയെപ്പോലും ചവിട്ടി താഴ്ത്തിയവരാണ് നിങ്ങൾ എന്നുള്ള കാര്യം മറന്നുപോകരുത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ. എവിടെയാണ് 'വാമന സ്റ്റോർ' കൊണ്ടുവന്നത്? മന്ത്രി മറുപടി പറയട്ടെ, യു.ഡി.എഫ്. എവിടെയാണ് 'വാമന സ്റ്റോർ' കൊണ്ടുവന്നതെന്ന് ബഹുമാനപ്പെട്ട സ്പീക്കർ മന്ത്രിയോട് ചോദിക്കണം. മന്ത്രിയെന്ന നിലയിൽ ഇത്തരത്തിൽ സംസാരിക്കാമോ?

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്.....

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗത്തിന് അന്ന് അത്ര പ്രായമായിക്കാണില്ല. അന്ന് മുഖ്യമന്ത്രി ലീഡറായിരുന്നു. ആ സമയത്ത് കൊണ്ടുവന്ന 'വാമന സ്റ്റോർ'-നെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. നിങ്ങൾ 'കുടുംബശ്രീ'-ക്ക് പകരം 'ജനശ്രീ' കൊണ്ടുവന്നവരല്ലേ? (....ബഹളം....) ഇത്രയും കാര്യങ്ങൾ പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങയുടെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ് : പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, കൃത്യമായ സ്റ്റാറ്റിസ്റ്റിക്സിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ വിലക്കയറ്റം സംബന്ധിച്ച ഈ ഉപക്ഷേപം അവതരിപ്പിച്ചത്. എന്നാൽ ഒരു സ്റ്റാറ്റിസ്റ്റിക്സും വയ്ക്കാതെയാണ് ബഹുമാനപ്പെട്ട മന്ത്രി വിലക്കയറ്റത്തെ സംബന്ധിച്ച് പറയുന്നത്. വിലക്കയറ്റം കേരളത്തിലെ ഒരു യാഥാർഥ്യമാണ്. അത് മറച്ചുവയ്ക്കുന്ന മന്ത്രിയുടെയും സർക്കാരിന്റെയും നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു. (....ബഹളം....)

(ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിന് സമീപം വന്നുനിന്ന് ബഹളം വയ്ക്കുകയും പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനു ശേഷം തിരിച്ചുവരികയും ചെയ്തു.)

**[2.38 PM]**

**നിയമനിർമ്മാണകാര്യം– തുടർച്ച**

മി. സ്പീക്കർ: ഓർഡർ.....ഓർഡർ..... ശ്രീ. എ. പി. അനിൽ കുമാറിന് പ്രസംഗം തുടരാം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബില്ലും ഈ വിഷയവുമായി ബന്ധപ്പെട്ട നിയമത്തെയും തത്വത്തിൽ അംഗീകരിക്കുന്നുവെന്ന് ഞാൻ നേരത്തേ സൂചിപ്പിച്ചിരുന്നു. ഈ നിയമം എത്രമാത്രം നിലനിൽക്കുമെന്നും ഇതിന്റെ ലീഗൽ

ആസ്പെക്ട്സ് എന്തായിരിക്കും എന്നതിനെക്കുറിച്ചും ഞാൻ പറയുന്നില്ല. ഇത് സ്റ്റേറ്റ് / സെൻട്രൽ ബിൽ അല്ല, കൺകറന്റ് ബില്ലാണ്. ഇത്തരത്തിലുള്ള വിഷയങ്ങൾ ഭേദഗതി ചെയ്യുന്നതിന് ഭരണഘടനയുടെ 254-ാം അനുച്ഛേദം അനുസരിച്ച് പ്രസിഡന്റിന്റെ അംഗീകാരം ആവശ്യമാണ്. പ്രസിഡന്റിന്റെ അംഗീകാരമുള്ള കേസുകൾപോലും കേന്ദ്ര നിയമത്തിന് എതിരായിക്കഴിഞ്ഞാൽ പാർലമെന്റിന് ഓവർറൂൾ ചെയ്യാവുന്ന സാഹചര്യമുണ്ട്. ഞാൻ അതിന്റെ സാങ്കേതികവശങ്ങളെക്കുറിച്ച് വിശദീകരിക്കുന്നില്ല. ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട വിഷയം വന്യമൃഗങ്ങൾ പുറത്തിറങ്ങി അക്രമണകാരികളായാൽ വെടിവയ്ക്കാൻ കഴിയുന്ന ഉത്തരവിടുന്നതിനെക്കുറിച്ചാണ്.

മി. സ്പീക്കർ: വളരെ പ്രധാനപ്പെട്ട നിയമനിർമ്മാണമാണിത്. കേരളത്തിന്റെ വനയോര മേഖലയെ ബാധിക്കുന്ന വിഷയമായതിനാൽ എല്ലാ അംഗങ്ങളും ശ്രദ്ധിച്ചുകേൾക്കണം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, നിലവിലെ നിയമമനുസരിച്ച് ജില്ലാ കളക്ടറുടെയും ഫോറസ്റ്റ് ഓഫീസറുടെയും അംഗീകാരത്തോടുകൂടി വനം വകുപ്പ് മേധാവിയുടെ രേഖമൂലമുള്ള അനുവാദത്തോടെ വെടിവയ്ക്കാൻ അനുവാദം നേടുന്നതിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഇത് എങ്ങനെയാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഏതു നിയമം കൊണ്ടുവന്നാലും ഗവൺമെന്റ് ആ നിയമത്തെ എങ്ങനെ വിനിയോഗിക്കുന്നുവെന്നതാണ് പ്രധാനം. കേരളത്തിൽ നിലവിലുള്ള വന നിയമങ്ങൾ പ്രകാരം വനമേഖലയിലെ കർഷകരെ സംരക്ഷിക്കാനുള്ള ഒരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ലെന്ന് എന്റെ ഒൻപതര വർഷക്കാലത്തെ അനുഭവത്തിന്റെയും ബോധ്യത്തിന്റെയും അടിസ്ഥാനത്തിൽ അടിവരയിട്ട് പറയാൻ

സാധിക്കും. എന്റെ നിയോജകമണ്ഡലത്തിലെ ചില വിഷയങ്ങളെക്കുറിച്ച് മാർച്ച് മാസം 12-ാം തീയതി നടത്തിയ പ്രസംഗത്തിൽ ഞാൻ സൂചിപ്പിച്ചിരുന്നു. അന്ന് ഞാൻ പറഞ്ഞത്, 'കടുവ ഇറങ്ങിയ സ്ഥലത്ത് കാട്ടുപോത്തിന്റെ ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെടുകയുണ്ടായി; ആ മേഖലയിലുള്ളവർ റബ്ബർ പാലെടുക്കാൻ രാവിലെ പോകുമ്പോൾ പടക്കക്കെടയിൽനിന്നും പടക്കം വാങ്ങി പൊട്ടിച്ചാണ് മുന്നോട്ടുപോകുന്നതെന്നുമാണ് ഇന്നലെ രാവിലെ അവർ വിളിച്ചുപറഞ്ഞത്. അവർക്ക് അത്രമാത്രം ഭയമാണ്. എവിടെനിന്നാണ് കടുവയും പുലിയും ചാടിവീഴുന്നതെന്ന് അറിയാൻ സാധിക്കാത്ത സ്ഥിതിയാണ്" എന്നാണ്. കടുവ ഇറങ്ങിയിരിക്കുന്നതിനാൽ ക്യാമറയും കൂടും സ്ഥാപിക്കണമെന്ന എന്റെ ആവശ്യം അംഗീകരിച്ച് അങ്ങ് ക്യാമറ സ്ഥാപിക്കാമെന്ന് സഭയിൽ ഉറപ്പും നൽകിയിരുന്നു. മൂന്നുദിവസം കഴിഞ്ഞ് ഇവിടെ വീണ്ടും ചോദ്യം വന്നപ്പോൾ "എന്റെ നിയോജകമണ്ഡലത്തിൽ കടുവ ഇറങ്ങിയ സ്ഥലത്ത് കൂടുവയ്ക്കാനുള്ള സൗകര്യം ചെയ്യാമെന്ന് രണ്ടു ദിവസംമുമ്പ് അങ്ങ് ഉറപ്പുനൽകിയെന്നും ആ വാക്ക് അങ്ങ് പാലിച്ചില്ല" എന്നും ഞാൻ അങ്ങയോട് പറയുകയുണ്ടായി. അതിനുശേഷം ഒരു കൂട് വയ്ക്കുകയും ഒരാഴ്ച കഴിഞ്ഞപ്പോൾത്തന്നെ അത് തിരികെകൊണ്ടുപോവുകയും ചെയ്തു. അതിന് നൽകിയ വില എന്താണെന്നറിയാമോ? കടുവയെ പിടിക്കാനുള്ള നടപടി വനം വകുപ്പ് സ്വീകരിക്കണമെന്ന് സഭയിൽ ആവശ്യപ്പെട്ടിട്ടുപോലും അതിന് സർക്കാർ മുഖം തിരിഞ്ഞുനിന്നതിന്റെ ഫലമായി രാവിലെ ആറര മണിക്ക് 42 വയസ്സുള്ള അബ്ദുൾ ഗഫൂർ എന്ന ചെറുപ്പക്കാരനെ ഈ കടുവ കടിച്ചുകൊല്ലുന്ന അവസ്ഥയുണ്ടായി. ഞാൻ ഇക്കാര്യം നിയമസഭയിൽ അവതരിപ്പിച്ച് 45

ദിവസം പോലും കഴിഞ്ഞിരുന്നില്ല. നിയമസഭയിൽ ഇക്കാര്യം പറയുമ്പോൾത്തന്നെ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദേശം നൽകുകയും പിടിക്കൂടാനുള്ള കൂടും ക്യാമറകളും സ്ഥാപിക്കുകയും ചെയ്തിരുന്നെങ്കിൽ, ആ പാവപ്പെട്ട ചെറുപ്പക്കാരന്റെ ജീവൻ രക്ഷിക്കാമായിരുന്നു. ഒരു ജീവൻ നഷ്ടപ്പെട്ടപ്പോഴാണ് വയനാട് ഫോറസ്റ്റിലേയ്ക്ക് പുലിയെ പിടിക്കുന്ന പ്രധാനപ്പെട്ട വേട്ട സംഘത്തെ നിയമിച്ചുകൊണ്ടുള്ള നടപടികൾ ആരംഭിച്ചത്. ഇതേത്തുടർന്ന് കടുവയെ പിടിക്കുന്നതിനുവേണ്ടി ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് കൂടും ക്യാമറയും വച്ച് സംഘം സെർച്ച് ആരംഭിച്ച് 52-ാം ദിവസമാണ് കടുവ കൂട്ടിൽ കയറിയത്.

**[അധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ]**

ചെയർപേഴ്സൺ: യെസ്...യെസ്... പ്ലീസ് കൺക്ലൂഡ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇത് പ്രധാനപ്പെട്ട കാര്യമാണ്. കടുവ കയറി 52-ാമത്തെ ദിവസം അതിനെ പിടിച്ചു; അതിനുമുമ്പ് ഇതേ കടുവക്കൂട്ടിൽ പുലി കയറി. അപ്പോഴാണ് ആളുകൾ അറിയുന്നത് കടുവ മാത്രമല്ല, പുലിയുമുണ്ടെന്ന്. അതിനുമുമ്പ് ഒരു പുലി കയറി. ഈ ഗവൺമെന്റിന്റെ നിരുത്തരവാദപരമായ സമീപനം കൊണ്ടാണ് ഒരു ജീവൻ നഷ്ടപ്പെട്ടത്. നിശ്ചിത സ്ക്വയർ കിലോമീറ്റർ സ്ഥലത്ത് ഒരു കടുവയുണ്ടെങ്കിൽ അവിടെ രണ്ടാമതൊരു കടുവ വരില്ലെന്നാണ് നമ്മൾ ധരിച്ചിരുന്നത്. ഈ കടുവയെ പിടിച്ച് ഒരാഴ്ചയ്ക്കകം രണ്ടാമത്തെ കടുവ വരുന്നു. ഒരു കടുവ ഇറങ്ങിയ പ്രദേശത്ത് അഞ്ച് കടുവകൾ നിലവിൽ ഉണ്ടെന്നാണ് അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്. ഇക്കാര്യം അങ്ങ് വനം വകുപ്പ് ഉദ്യോഗസ്ഥരോട് അന്വേഷിക്കണം. ഒരു കടുവയ്ക്ക് കഴിയാനുള്ള ടെറിട്ടറി വളരെ വലുതാണ്.

അവിടെ രണ്ടാമതൊരു കടുവ വരില്ലെങ്കിൽ ആ കടുവയെ പിടിച്ച് ഒരാഴ്ചക്കകം വീണ്ടും അതേസ്ഥലത്ത്, കടുവ വരുമോ; അവിടെ ഒന്നിൽ കൂടുതൽ കടുവകൾ വന്നതിന്റെ ദൃശ്യങ്ങൾ വനം വകുപ്പിന്റെ ക്യാമറയിൽ പതിഞ്ഞിരുന്നു. എന്തുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത്; കടുവകളുടെ എണ്ണം അത്രമാത്രം കൂടുതലാണ്. സൗത്ത് ഡി.എഫ്.ഒ.-യ്ക്കുകീഴിൽ എത്ര കൂടുകളുണ്ടെന്ന് അന്വേഷിച്ചപ്പോൾ നാലെണ്ണമുണ്ടെന്ന് അറിയാൻ സാധിച്ചു. എന്റെ മണ്ഡലത്തിലുള്ള മൂന്ന് പഞ്ചായത്തുകളിലെ പുലിയേയും കടുവയേയും പിടികൂടണമെങ്കിൽപോലും നാൽപത് കൂടുകൾ വേണം. നാട്ടിൽ ഈ അവസ്ഥ നിലനിൽക്കുമ്പോൾ ഗവൺമെന്റ് എന്താണ് ചെയ്യുന്നത്; വെറും നാല് കൂടുകളാണ് ഒരു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കീഴിലുള്ളത്. അതുകൊണ്ടാണ് ഇക്കാര്യത്തിൽ സർക്കാർ ഇടപെടുന്നില്ലെന്ന് പറയുന്നത്. രണ്ടാമതും പ്രദേശത്ത് പുലി ഇറങ്ങിയപ്പോൾ അവിടെ വീണ്ടും കടുവയെ പിടിക്കാൻ കൂടുവയ്ക്കുന്നുണ്ടെന്നും എന്നാൽ അതിൽ കെട്ടാൻ ആട്ടിൻകുട്ടിയില്ലെന്നും പറഞ്ഞുകൊണ്ട് അവിടത്തെ മുൻപഞ്ചായത്ത് മെമ്പർ എന്നെ വിളിച്ചിരുന്നു. ആട്ടിൻകുട്ടിയെയാണ് കടുവയുടെ ഇരയായി സാധാരണ വയ്ക്കുന്നത്. ആട്ടിൻകുട്ടിക്ക് ഏകദേശം പതിനായിരം രൂപ വില വരും. എന്തുചെയ്യണമെന്ന് ചോദിച്ചു. പഞ്ചായത്തിനോ ഡി.എഫ്.ഒ.-യ്ക്കോ ആട്ടിൻകുട്ടിയെ വാങ്ങാൻ കഴിയില്ല. എങ്ങനെയെങ്കിലും ഒരു ആട്ടിൻകുട്ടിയെ ഡി.എഫ്.ഒ.-യ്ക്ക് നൽകി കൂട്ടിൽ കെട്ടിയിടാൻ ഞാൻ അദ്ദേഹത്തോടു പറഞ്ഞു. പുലിയെ പിടികൂടാൻ കൂടുവയ്ക്കുമ്പോൾ അതിന് കഴിക്കാനുള്ള ഇരയെ വച്ചുകൊടുക്കണ്ടേ; അതിന് എവിടെനിന്നാണ് തുക കണ്ടെത്തുന്നത്; പഞ്ചായത്തിന് ഫണ്ടില്ല.

നാട്ടുകാർ ഫണ്ട് പിരിച്ചെടുക്കേണ്ട സ്ഥിതിയാണുള്ളത്. ഏതു നിയമം കൊണ്ടുവന്നാലും അത് നടപ്പാക്കുന്നിടത്ത് നമുക്ക് ഉത്തരവാദിത്വവും ആത്മാർഥതയുമില്ലാതെ വന്നാൽ എങ്ങനെയാണ് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നത്? കടുവയും പുലിയും ഇറങ്ങാൻ തുടങ്ങിയപ്പോൾ ഞാൻ അക്കാര്യത്തെക്കുറിച്ച് പഠിക്കാൻ തുടങ്ങി. അപ്പോഴാണ് എനിക്ക് മനസ്സിലായത്, ഒരു കടുവ പശുവിനെയോ ആടിനെയോ ആക്രമിച്ചാൽ അന്ന് വളരെ കുറച്ചു മാത്രമെ ഭക്ഷിക്കുകയുള്ളൂ. രണ്ടാമത്തെ ദിവസമാണ് കൂടുതൽ ഭക്ഷിക്കുന്നത്. അതിനാൽ കടുവയെ പിടിക്കാനുള്ള ഏറ്റവും നല്ല സന്ദർഭം രണ്ടാമത്തെ ദിവസമാണ്. എന്റെ നാട്ടിൽ കടുവ ഒരാളെ കടിച്ചുകൊന്നു. രണ്ടാഴ്ചയ്ക്കുശേഷം കടുവ വീണ്ടും വന്ന് പശുവിനെ കടിച്ചു. തീർച്ചയായും തൊട്ടടുത്ത ദിവസം കടുവ അവിടെ വരുമെന്ന് എനിക്കറിയാം. ഞാൻ ഡി.എഫ്.ഒ.-യെ വിളിച്ച് കൂട് വയ്ക്കണമെന്ന് പറഞ്ഞു. ഉടൻ വയ്ക്കാമെന്ന് അദ്ദേഹം പറഞ്ഞതല്ലാതെ രണ്ടാമത്തെയും മൂന്നാമത്തെയും ദിവസം കഴിഞ്ഞിട്ടും കൂട് വയ്ക്കുന്നില്ല. കാര്യം അന്വേഷിച്ചപ്പോൾ കൂട് വയ്ക്കണമെങ്കിൽ വനം വകുപ്പ് മേധാവി, ചീഫ് വൈൽഡ് ലൈഫ് വാർഡൻ എന്നിവരുടെ അംഗീകാരം വേണമെന്നാണ് അറിയാൻ കഴിഞ്ഞത്. ആറുദിവസം കഴിഞ്ഞാണ് അദ്ദേഹം അംഗീകാരം നൽകിയത്. അങ്ങനെയുള്ള അവസ്ഥയിൽ എങ്ങനെയാണ് പുലിയെയും കടുവയെയും പിടിക്കുന്നത്; വെടിവയ്ക്കാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അംഗീകാരം വാങ്ങണമെന്നാണ് ഇപ്പോൾ പറയുന്നത്; മൃഗങ്ങളെ പിടിക്കാൻ അംഗീകാരം ലഭിക്കാത്തിടത്താണ് വെടിവയ്ക്കാനുള്ള അംഗീകാരം വാങ്ങാൻ നടക്കുന്നത്. ഇത്തരം കാര്യങ്ങളിൽ എന്തുചെയ്യാൻ കഴിയുമെന്നാണ് വനം വകുപ്പ്

ആലോചിക്കേണ്ടത്. നിങ്ങൾക്ക് എന്റെ പ്രയാസം മനസ്സിലാകില്ല. എന്റെ മണ്ഡലത്തിലെ നാല് ചെറുപ്പക്കാരാണ് വന്യമൃഗ ആക്രമണത്താൽ കൊല്ലപ്പെട്ടത്. യഥാർഥത്തിൽ വനം വകുപ്പ് എത്ര കോടി രൂപയാണ് വന്യമൃഗ ആക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നത്; ഇതിലേയ്ക്കായി എന്തൊക്കെ ആധുനിക മാർഗങ്ങളുണ്ട്; നിലവിലുള്ള ഏതെല്ലാം രീതികളിലൂടെ ഇതിനുള്ള മുന്നൊരുക്കം നടത്താൻ സാധിക്കും? നമുക്ക് ഇപ്പോഴും ഫെൻസിങ്, ട്രഞ്ചിങ് പോലുള്ള സംവിധാനങ്ങളാണുള്ളത്. ഇപ്പോൾ ഡ്രോൺ ഉപയോഗിച്ചാൽ വന്യമൃഗങ്ങൾ കടന്നുവരുന്നതിനെക്കുറിച്ച് അറിയാൻ സാധിക്കും. ആർട്ടിഫിഷ്യൽ ഇന്റലിജൻസിലൂടെ നമുക്ക് കുറെ കാര്യങ്ങൾ ചെയ്യാൻ കഴിയും; പല രാജ്യങ്ങളും അത് ഉപയോഗപ്പെടുത്തുന്നുവെന്നാണ് പറയപ്പെടുന്നത്. അക്കാര്യങ്ങളെല്ലാം നിങ്ങൾക്കും ചെയ്യുകൂടേ; എന്റെ നിയോജകമണ്ഡലത്തിലെ മമ്പാട് പഞ്ചായത്തിന്റെ തൊട്ടടുത്ത് ഇത്തവണ രണ്ടു ദിവസങ്ങളിലാണ് ആന ഇറങ്ങിയത്. ഇത് എടവണ്ണ ഏറനാടിനോട് തൊട്ടടുത്തുള്ള സ്ഥലമാണ്. മൂന്നാമത്തെ ദിവസം ആന ഒരു സ്ത്രീയെ ചവിട്ടിക്കൊന്നു. തപ്പിനുമുകളിൽ കൊട്ടി ഒച്ചയുണ്ടാക്കുക, പന്തംകൊളുത്തി കാണിക്കുക തുടങ്ങിയ രീതികളാണ് ആനയെ ആട്ടി അകറ്റുന്നതിന് നിലവിൽ ചെയ്യുവരുന്നതെന്നാണ് ഇവിടത്തെ ഫോറസ്റ്റ് ഉദ്യോസ്ഥർ പറഞ്ഞത്. ഇതുകൂടാതെ മറ്റ് മാർഗങ്ങളുമുണ്ടെന്നാണ് അറിയാൻ സാധിച്ചത്. ആന ഇറങ്ങിയാൽ എങ്ങനെ നേരിടണമെന്നതിനെക്കുറിച്ചും കടുവയും പുലിയും ഇറങ്ങിയാൽ അവയെ എങ്ങനെ പിടികൂടണമെന്നതിനെക്കുറിച്ചും വനം വകുപ്പുദ്യോഗസ്ഥർക്ക് പരിശീലനം നൽകണം. ഇത്തരം കാര്യങ്ങളൊന്നും ചെയ്യാതെ,

അടുത്ത തിരഞ്ഞെടുപ്പിന് ആറുമാസം മാത്രമുള്ളപ്പോൾ, കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കാര്യം സംബന്ധിച്ച് ഒരു നിയമം കൊണ്ടുവന്ന് നടപ്പാക്കുന്നതിൽ ഒരുപാട് ബുദ്ധിമുട്ടുകളുള്ളപ്പോൾ, നിങ്ങൾ ജനങ്ങളെ വിഡ്ഢികളാക്കാനാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളതെന്ന് ഞങ്ങൾക്കറിയാം. എങ്കിൽപ്പോലും തത്വത്തിൽ ഇത്തരം കാര്യങ്ങളിൽ, ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഞങ്ങൾ ബില്ലിനെ പിന്തുണയ്ക്കുമെന്നതിൽ സംശയമില്ല. പക്ഷെ നിങ്ങൾ ഇത് കൊണ്ടുവന്നിട്ടുള്ളത് യാഥാർഥ്യബോധത്തോടുകൂടി കർഷകരെയും പാവപ്പെട്ട ആളുകളെയും സംരക്ഷിക്കാനല്ല; മറിച്ച് തിരഞ്ഞെടുപ്പിൽ എങ്ങനെ ജനങ്ങളെ നേരിടാൻ കഴിയും എന്ന ആലോചനയിൽനിന്നുണ്ടായ ഒരു ബില്ലാണിത് എന്നുമാത്രം പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. മുഹമ്മദ് മുഹസിൻ: സർ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2025 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണ് ഇന്ന് നിയമസഭയിൽ ഭേദഗതി ബില്ലായി കൊണ്ടുവന്നിട്ടുള്ളത്. ഇന്ന് കേരളത്തിലെ ജനങ്ങൾ അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് മനുഷ്യ-വന്യജീവി സംഘർഷമാണ്. വന്യജീവി ആക്രമണം ജനജീവിതത്തെ ഏറെ ബുദ്ധിമുട്ടിക്കുന്ന രീതിയിലേക്ക് മാറിയിരിക്കുന്നു. കേരളത്തിലെ ആകെ ഭ്രവിസ്തൃതിയുടെ ഏകദേശം മുപ്പത് ശതമാനത്തോളം വനമാണ്.

കേരളത്തിന്റെ 54 ശതമാനത്തിലധികവും വനവും വനവുമായി ബന്ധപ്പെട്ട പ്രകൃതി സമ്പത്തും വൃക്ഷലതാദികളും പച്ചപ്പും പ്രകൃതിരമണീയതയുംകൊണ്ട് അനുഗൃഹീതമാണ്. ഇരവികുളം, സൈലന്റ് വാലി, ആനമുടി, മതികെട്ടാൻമല, പാമ്പാടും ചോല തുടങ്ങിയ നാഷണൽ പാർക്കുകളും പെരിയാർ, പറമ്പിക്കുളം, മുത്തങ്ങ, ചിന്നാർ തുടങ്ങിയ വന്യജീവി സങ്കേതങ്ങളും ഉൾപ്പെടുന്ന നാടാണ് കേരളം. ജനസാന്ദ്രത കൂടുതലുള്ള സംസ്ഥാനമെന്നനിലയ്ക്ക് വന്യജീവികളുമായി ബന്ധപ്പെട്ട് കേരളത്തിലെ ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നുണ്ട്. പണ്ടുകാലങ്ങളിൽ പ്രകൃതിയുമായി ഇണങ്ങിച്ചേർന്നുള്ള ജീവിത സാഹചര്യവും ധാരാളം വനപ്രദേശങ്ങളും ഉണ്ടായിരുന്നതുകൊണ്ട് വന്യജീവി സംഘർഷം ഇത്രയധികം ഉണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ വന്യജീവി സംഘർഷം വളരെയേറെ വർധിച്ചിട്ടുണ്ട്. അത് ജനങ്ങളുടെ ജീവനും സ്വത്തിനും ജീവനോപാധികൾക്കുമടക്കം ഭീഷണിയാകുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ആദ്യ കാലഘട്ടങ്ങളിൽ ഇന്ത്യയുടെ ബഹുഭൂരിപക്ഷംവരുന്ന വന്യജീവികളെ കൊല്ലുകയും മൃഗവേട്ട വർധിച്ചുവന്നതുമായ സാഹചര്യത്തിലാണ് സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ 1972-ൽ വന്യജീവി (സംരക്ഷണം) നിയമം കൊണ്ടുവന്നത്. ആ കാലഘട്ടത്തിൽ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന മൃഗങ്ങളെ സംരക്ഷിക്കുകയായിരുന്നു പ്രധാനലക്ഷ്യം. അതുകൊണ്ടാണ് വന്യമൃഗങ്ങൾക്ക് പ്രാധാന്യവും സംരക്ഷണവും നൽകിക്കൊണ്ടുള്ള ഒരു നിയമം അന്നത്തെ ചരിത്ര പശ്ചാത്തലത്തിലുണ്ടായത്. അതിനുശേഷം 1976-ൽ ഭരണഘടനാ ഭേദഗതിയിലൂടെ ആർട്ടിക്കിൾ 48A കൊണ്ടുവരികയും അത് വലിയ രീതിയിൽ വന്യജീവികളെ

സംരക്ഷിക്കുന്നതിനുള്ള സംവിധാനമായി മാറുകയുംചെയ്തു. എന്നാൽ അന്നത്തെ സാഹചര്യമല്ല ഇന്നുള്ളത്. വന്യജീവി സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഇന്ന് വന്യജീവികളുടെ എണ്ണം വർധിച്ചിട്ടുണ്ടെന്ന് മാത്രമല്ല വനവിസ്തൃതി കുറഞ്ഞുവരുന്നതുകൊണ്ട് വനാതിർത്തിയിൽ താമസിക്കുന്നവർക്ക് വന്യജീവി ആക്രമണം രൂക്ഷമായ രീതിയിൽ നേരിടേണ്ടിവരികയും ചെയ്യുന്നു. കാട്ടുപന്നിയടക്കമുള്ള വന്യജീവികളുടെ എണ്ണം വളരെയേറെ വർധിച്ചത് കാരണം വയലുകളിൽ കൃഷിയിറക്കാൻ പറ്റാത്ത സാഹചര്യമാണ്. പട്ടാമ്പി അടക്കമുള്ള പ്രദേശങ്ങളിൽ കാട്ടുപന്നിയാക്രമണം വൻതോതിൽ വർധിച്ചിട്ടുണ്ട്. കടുവ, പുലി, ആന എന്നിവയുടെ ആക്രമണം കാരണം മലയോര കർഷകരുടെ കൃഷി മാത്രമല്ല നൂറുകണക്കിന് ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നേരിടുന്ന സാഹചര്യമാണുള്ളത്. നമ്മുടെ രാജ്യത്ത് വന്യമൃഗാക്രമണത്താലുള്ള മരണം ഏറ്റവും കൂടുതലുണ്ടാകുന്നത് കേരളത്തിൽ അല്ലെന്ന് എല്ലാവർക്കും അറിയാം. പക്ഷേ കേരളത്തെ സംബന്ധിച്ചിടത്തോളം ജനസാന്ദ്രത കൂടുതലായതുകൊണ്ട് മനുഷ്യജീവനും കാർഷികമേഖലയ്ക്കും വന്യമൃഗാക്രമണം വളരെയേറെ ഭീഷണിയായി മാറിയിട്ടുണ്ട്. പലപ്പോഴും ഗ്രാമീണ മേഖലകളിലെ ജനങ്ങൾക്ക് സ്വന്തം വീടുകളിൽപ്പോലും സ്വസ്ഥമായി ജീവിക്കാൻ സാധിക്കാത്ത സാഹചര്യമാണ് സംജാതമായിരിക്കുന്നത്. കുരങ്ങ്, പന്നി എന്നിവ ജനങ്ങളുടെ വീടുകൾക്കും കൃഷിക്കും വളരെയേറെ ദോഷമുണ്ടാക്കുന്നു. 1976-ലെ 42-ാം ഭരണഘടനാ ഭേദഗതിയിലൂടെ വന്യജീവി സംരക്ഷണം സ്റ്റേറ്റ് ലിസ്റ്റിൽനിന്ന് കൺകറന്റ് ലിസ്റ്റിലേയ്ക്ക് മാറ്റിയെങ്കിൽപ്പോലും കേന്ദ്രസർക്കാരിനോട് 1972-ലെ നിയമത്തിൽ കാലാനുസൃതമായ നിയമനിർമ്മാണം നടത്തി

ശാശ്വത പരിഹാരം കാണുന്നതിന് സംസ്ഥാന സർക്കാർ നല്ല രീതിയിലുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുമന്ത്രിയെ മൂന്ന് തവണ നേരിട്ട് സന്ദർശിച്ച് ഇക്കാര്യം അവതരിപ്പിച്ചിട്ടുണ്ട്. കൂടാതെ നിയമസഭാ സമിതി കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുമന്ത്രിയെ സന്ദർശിച്ച് ഈ വിഷയം ചർച്ചചെയ്യുകയും നമ്മുടെ ആവശ്യം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട എം.പി-മാരും ഇക്കാര്യം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നത്തിനുള്ള ശാശ്വത പരിഹാരത്തിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര സർക്കാരിനോട് നേരിട്ട് ആവശ്യം ഉന്നയിച്ചിട്ടുമുണ്ട്. കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിച്ചാൽ അവയെ സുഗമമായി നിയന്ത്രിക്കാനാകും. ഇന്നത്തെ സാഹചര്യത്തിനനുസൃതമായി 1972-ലെ നിയമം ഭേദഗതി ചെയ്താൽ കർഷകരെ സഹായിക്കാനും ജനങ്ങളുടെ സ്വൈരജീവിതം ഉറപ്പാക്കാനും വന്യജീവികളെ സംരക്ഷിക്കാനും സാധിക്കും. അപകടകാരിയായ ഒരു മൃഗത്തെ ക്ഷുദ്ര ജീവിയായി പ്രഖ്യാപിച്ചാൽത്തന്നെയും അതിനെ നീക്കംചെയ്യാനുള്ള ഒരു നിയമം ഇപ്പോഴത്തെ സാഹചര്യത്തിൽ എളുപ്പമല്ലെന്നും കേന്ദ്ര സർക്കാരിനെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതുവരെയും അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. കേന്ദ്ര നിയമം ഭേദഗതി ചെയ്യണമെന്നും വന്യജീവികളുടെ എണ്ണം വളരെയേറെ വർധിക്കുന്ന സാഹചര്യത്തിൽ ജനന നിയന്ത്രണം പോലുള്ള മാർഗങ്ങൾ ഏർപ്പെടുത്തണമെന്നും കേരളം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. ഇതുമായി ബന്ധപ്പെട്ട് 2024 ഫെബ്രുവരി 5-ന് കേരള നിയമസഭ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിന്

അയച്ചിട്ടുണ്ട്. എന്നാൽ ഇതിനൊന്നും പോസിറ്റീവായ യാതൊരു സമീപനവും കേന്ദ്ര സർക്കാർ സ്വീകരിച്ചില്ല. കർഷകരെ സഹായിക്കുന്നതിനുവേണ്ടി കാട്ടുപന്നികളെ കൊല്ലുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരെ അല്ലെങ്കിൽ സെക്രട്ടറിമാരെ ഓണററി വൈൽഡ് ലൈഫ് വാർഡന്മാരായി ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പാസ്സാക്കുകയും അതിന്റെ ഭാഗമായി 2021 മുതൽ സംസ്ഥാനത്ത് കാട്ടുപന്നികളെ കൊല്ലുന്ന സാഹചര്യമുണ്ടാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമത്തിന്റെ ആനുകൂല്യം ഉപയോഗിച്ച് എന്റെ നിയോജകമണ്ഡലത്തിലെ ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ ഒരു ദിവസം എൺപതോളം കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യാൻ സാധിച്ചു. പക്ഷേ ഈ രീതി സ്ഥിരമായി തുടരാൻ കഴിയാത്തതിനാൽ ഇപ്പോഴും ആ മേഖലയിലെ കർഷകരുടെ പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ സാധിച്ചിട്ടില്ല. അടിസ്ഥാനപരമായി കേന്ദ്ര നിയമത്തിലാണ് മാറ്റം വരുത്തേണ്ടത്. എന്നാൽ കേന്ദ്ര സർക്കാർ അതിന് തയ്യാറാകാത്തതുകൊണ്ടും അവസാന ആശ്രയമെന്ന നിലയിലുമാണ് സംസ്ഥാന നിയമസഭയുടെ അധികാരം പ്രയോഗിക്കാനുള്ള ശ്രമം നടത്തുന്നത്. മനുഷ്യജീവന് സുരക്ഷിതത്വം ഉറപ്പാക്കുകയെന്നത് ഭരണഘടന ഉറപ്പ് നൽകുന്ന ഫണ്ടമെന്റൽ റൈറ്റാണ്. എന്നാൽ അത് പാലിക്കുന്നതിനുള്ള സമീപനമല്ല കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. 1976-ലെ നിയമത്തിലാണ് ആർട്ടിക്കിൾ 48A പ്രകാരം പരിസ്ഥിതിയെയും വന്യജീവിയെയും സംരക്ഷിക്കേണ്ട കടമ ഭേദഗതിയായി കൊണ്ടുവന്നിട്ടുള്ളത്. എന്നാൽ ഇത് രണ്ടും തമ്മിൽ ഒരു ബാലൻസ് ഉണ്ടാകണം. അക്കാര്യം കേന്ദ്ര സർക്കാർ ഇപ്പോഴും ശ്രദ്ധിക്കുന്നില്ല. ഈ നിയമം പാസ്സാക്കിയിട്ടും കേന്ദ്ര സർക്കാർ

ഇതിന് പോസിറ്റീവായ സമീപനം സ്വീകരിച്ചില്ലെങ്കിൽ നമുക്ക് വേണ്ടരീതിയിൽ മുന്നോട്ടുപോകാൻ സാധിക്കില്ല. ഇത് കേരളത്തിന്റെ മാത്രം പ്രശ്നമല്ല; വനാതിർത്തിയിൽ ജീവിക്കുന്ന മുഴുവൻ ജനങ്ങളുടെയും പ്രശ്നമാണ്. എന്നാൽ ഇതിനെ അത്തരത്തിൽത്തന്നെ അഡ്രസ് ചെയ്യുന്ന സമീപനം കേന്ദ്ര സർക്കാർ സ്വീകരിക്കുന്നില്ല. അതുകൊണ്ട് അവസാന ആശ്രയമെന്ന നിലയിൽ കേരളത്തിലെ സർക്കാർ ഇങ്ങനെയൊരു ഭേദഗതി നിയമം കൊണ്ടുവന്നതിനെ അഭിനന്ദിക്കുന്നു. എല്ലാ നിയമങ്ങളും ജനങ്ങൾക്ക് അനുകൂലമായ നിയമം ആണ്. അതിനാൽ ബഹുമാനപ്പെട്ട ഗവർണ്ണറടക്കം കേന്ദ്ര സർക്കാരുൾപ്പെടെ പോസിറ്റീവായ സമീപനം സ്വീകരിക്കുകയും അതിനാവശ്യമായ നടപടി കൈക്കൊള്ളുകയും ചെയ്യണമെന്നുമാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

**[3.00 PM]**

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, ബഹുമാന്യനായ മുഹമ്മദ് മുഹസിൻ എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമം ഭേദഗതി ചെയ്യുകയെന്നത് കേരളജനതയുടെ ഏറ്റവും വലിയ ആവശ്യമാണ്. ഇക്കാര്യം ശ്രീ. ജോസ് കെ. മാണി, എം.പി. പാർലമെന്റിൽ ഉൾപ്പെടെ നിരവധി തവണ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇടതുപക്ഷ എം.പി.-മാരും ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് ശക്തമായി ശബ്ദമുയർത്തിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനം പരിമിതിക്കുള്ളിൽനിന്നുകൊണ്ട് മാതൃകാപരമായ നിയമനിർമ്മാണം നടത്തുന്നുവെന്നത് അഭിനന്ദനാർഹമാണ്. ടി വിഷയവുമായി ബന്ധപ്പെട്ട്, നേരത്തെയുണ്ടായിരുന്ന പരിമിതികളിൽ മാറ്റംവരുത്തി ജില്ലാ

കളക്ടർക്ക് റിപ്പോർട്ട് നൽകാൻ കഴിയുന്നുവെന്നതും പ്രധാനപ്പെട്ട കാര്യമാണ്. എന്റെ നിയോജകമണ്ഡലമായ റാന്നിയിൽ ഒരു കർഷകനെ കാട്ടാന ചവിട്ടിക്കൊല്ലുന്ന സംഭവമുണ്ടായി. ഇത്തരം ജീവികൾ ആക്രമിക്കാൻ വരുമ്പോൾ ആത്മരക്ഷാർഥം മനുഷ്യർ ചെയ്യുന്ന കാര്യങ്ങളിൽ അവരുടെമേൽ കേസ് ചാർജ് ചെയ്യുന്ന സമീപനത്തിൽ മാറ്റം വരുത്തണം. മനുഷ്യജീവന് അപകടകരമാണെന്ന് ആക്ടിന്റെ രണ്ടാം വകുപ്പിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ഏത് സാഹചര്യത്തിലാണ് മനുഷ്യജീവന് അപകടകരമായി വരുന്നതെന്ന് മുമ്പ് വ്യക്തമാക്കിയിരുന്നില്ല. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുമ്പോൾ അക്കാര്യത്തെക്കുറിച്ച് കൂടുതൽ വ്യക്തതയുണ്ടാക്കുമെന്ന് കരുതുന്നു. വനം-വന്യജീവി സംഘർഷമെന്നത് കേരളത്തിലെ മനുഷ്യജീവനെയും കൃഷിയെയും ബാധിക്കുന്ന ഗുരുതരമായ സാമൂഹിക പ്രശ്നമാണ്. ടി പ്രശ്നത്തിൽ കേരളത്തെയാകെ ഒരേ സമീപനത്തോടെയല്ല കാണേണ്ടത്. വന്യജീവികളുടെ സ്വഭാവം, കാടിന്റെ സ്വഭാവം, കാടുകൾക്കിടയിലുള്ള കോറിഡോറുകളുടെ സ്വഭാവം, ജനജീവിതത്തിന്റെ സവിശേഷത എന്നിവയെല്ലാം വ്യത്യസ്തമായതുകൊണ്ട് ഒരു ക്ലസ്റ്റർ ലെവൽ അപ്രോച്ചുകൂടി വനം-വന്യജീവി വകുപ്പ് സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ എ.ഐ. ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്രദമാക്കി ലോകത്തെവിടെയുമുള്ള അനുഭവങ്ങൾ സ്വീകരിച്ചുകൊണ്ട് വനം-വന്യജീവി വകുപ്പിന്റെ നേതൃത്വത്തിൽ ഒരു റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സെന്റർ ആരംഭിക്കണമെന്ന നിർദേശം ലഭിച്ചുവെന്ന് അറിയാൻ സാധിച്ചു. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുന്നുണ്ടോ?

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, വളരെ പോസിറ്റീവായ നിർദേശമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. പ്രസ്തുത ഭേദഗതി നിയമത്തിന്റെ പ്രത്യേകത ജില്ലാ കളക്ടർക്കും ചീഫ് വൈൽഡ് ലൈഫ് വാർഡനും നിശ്ചിത അധികാരം നൽകുക എന്നതുതന്നെയാണ്. മുമ്പ് ഈ അധികാരമുണ്ടായിരുന്നില്ല. ജീവന് ഭീഷണിയാണെന്നും അപകടകാരിയായ മൃഗമെന്നുമൊക്കെ വ്യാഖ്യാനിക്കുമ്പോൾ അതിൽ വ്യക്തതയില്ലെന്ന കാരണത്താൽ കൃത്യമായ നടപടി സ്വീകരിക്കാൻ കഴിയുന്ന സാഹചര്യമുണ്ടായിരുന്നില്ല. എന്നുമാത്രമല്ല ഇത്രയും സങ്കീർണ്ണമായ സാഹചര്യത്തിൽപ്പോലും നിലവിലെ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാത്ത നിസ്സഹായ അവസ്ഥയാണുള്ളത്. അതെല്ലാം പരിഹരിക്കാനാണ് ഈ ഭേദഗതി നിയമം കൊണ്ടുവരുന്നത്. കേന്ദ്രസർക്കാർകൂടി അംഗീകരിച്ചാൽ മാത്രമെ നമുക്ക് ഇത് നിയമമാക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. അതുകൊണ്ട് നിയമസഭയുടെ ഈ ആവശ്യം കേന്ദ്രസർക്കാർ പോസിറ്റീവായി കാണണം. നമ്മൾ ഇന്ത്യയിലാണ് ജീവിക്കുന്നത്. രാജ്യത്തിന്റേതായ ഒരു നിയമം ഇവിടത്തെ സാധാരണ ജനങ്ങളുടെ ജീവിതത്തിന് വലിയ രീതിയിലുള്ള ഭീഷണിയായി ഉയരുന്നെങ്കിൽ അക്കാര്യത്തിന് ആവശ്യമായ ഭേദഗതി വരുത്തിക്കൊണ്ട് നിയമനിർമ്മാണം നടത്തേണ്ടത് കേന്ദ്രസർക്കാരിന്റെ കടമയാണ്. എന്നാൽ കേന്ദ്രസർക്കാർ മനുഷ്യരുടെ ജീവനും ജീവിതത്തിനും യാതൊരു തരത്തിലുള്ള വിലയും കല്പിക്കാത്ത സമീപനം സ്വീകരിക്കുന്നത് അപലപനീയമാണ്. ടി വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നഷ്ടപരിഹാരം

നൽകുന്നത് അടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രണ്ട് ലക്ഷം രൂപ മുതൽ പത്ത് ലക്ഷം രൂപവരെ നഷ്ടപരിഹാരത്തുക അനുവദിക്കാൻ ആരംഭം കുറിച്ച സർക്കാരിനെ ഈയവസരത്തിൽ അഭിനന്ദിക്കുന്നു. ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന നഷ്ടപരിഹാരത്തുകയുടെ നിരക്ക് വർധിപ്പിക്കണം. പലപ്പോഴും ഒരു ജീവൻ മാത്രമല്ല ഒരു കുടുംബത്തിന്റെ അത്താണി കൂടിയായിരിക്കും നഷ്ടമാകുന്നത്. അതുമൂലമുണ്ടാകുന്ന നഷ്ടം വളരെ വലുതാണ്. പ്രത്യേകിച്ച് വനപ്രദേശങ്ങളിൽ ജീവിക്കുന്ന മനുഷ്യരെ സംബന്ധിച്ചിടത്തോളം അവർക്ക് തങ്ങളുടെ ജീവിതം തിരിച്ചുപിടിക്കുകയെന്നത് അത്ര എളുപ്പമല്ല. അതുകൊണ്ടുതന്നെ നഷ്ടപരിഹാരത്തുകയുടെ നിരക്ക് ഇനിയും വർധിപ്പിക്കേണ്ടതുണ്ട്. 2011-16 വരെയുള്ള കാലയളവിൽ ഇതുസംബന്ധിച്ച് നിരവധി ചർച്ചകൾ ഉണ്ടായിട്ടുണ്ട്. പക്ഷെ ഒരു കാര്യം നമ്മൾ ശ്രദ്ധിക്കേണ്ടത് കോമ്പൻസേഷൻ തുകയുടെ 80 ശതമാനവും കുടിശ്ശികയായിരുന്നു എന്നതാണ്. പാവപ്പെട്ട മനുഷ്യരെ സംബന്ധിച്ചിടത്തോളം അവർക്ക് കോമ്പൻസേഷൻ തുക പോലും സമയബന്ധിതമായി ലഭിച്ചിരുന്നില്ല എന്നതാണ് യാഥാർഥ്യം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇക്കാര്യത്തിൽ വലിയ മാറ്റമാണുണ്ടായത്. നഷ്ടപരിഹാരത്തുക ഇനത്തിൽ ഏതാണ്ട് എൺപത് കോടിയോളം രൂപ അനുവദിക്കാൻ കഴിഞ്ഞു. നേരത്തെയുള്ള കുടിശ്ശിക പൂർത്തീകരിച്ചതിനുശേഷം 95 ശതമാനം അപേക്ഷകളിലും തീരുമാനമാനമെടുത്തു എന്നതും സർക്കാരിന്റെ നേട്ടമാണ്. ഈ സർക്കാരിന്റെ കാലത്ത് നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വൈദ്യുത വേലികൾ, സോളാർ ഫെൻസിങ് അടക്കമുള്ള പ്രവൃത്തികളും

പുരോഗമിക്കുന്നു. റാപിഡ് റെസ്പോൺസ് ടീം, ബീറ്റ് ഫോറസ്റ്റ് ടീം അടക്കമുള്ളവരെ ഇതിന്റെ ഭാഗമായി നിയമിച്ചു. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് നിരവധി കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഇക്കാര്യത്തിൽ കുറച്ചുകൂടി ശാസ്ത്രീയമായ രീതിയിൽ പ്രവർത്തിക്കണമെന്ന അഭിപ്രായമാണുള്ളത്. പല രാജ്യങ്ങളിലും ശാസ്ത്രീയമായി വൈൽഡ് ലൈഫ് കോറിഡോറുകൾ നിർമ്മിക്കുന്നുണ്ട്. റോഡുകൾ, പാലങ്ങൾ, മറ്റ് നിർമ്മാണങ്ങൾ എന്നിവയിലൂടെ അതിവേഗം നഗരവൽകരണം പുരോഗമിക്കുന്ന സാഹചര്യമാണ് കേരളത്തിലുള്ളത്. അതുകൊണ്ടുതന്നെ ഇന്ന് വനത്തിൽ മൃഗങ്ങൾക്ക് സ്വതന്ത്രമായി വിഹരിക്കാൻ കഴിയുന്ന സാഹചര്യമില്ലെന്ന് മനസ്സിലാക്കിക്കൊണ്ട് ടി പ്രശ്നം പരിഹരിക്കുന്നതിന് വിദേശ രാജ്യങ്ങളെപ്പോലെ കോറിഡോർ സംവിധാനങ്ങളും അതിനോടനുബന്ധിച്ചുള്ള കാര്യങ്ങളും ചെയ്യേണ്ടതുണ്ട്. ശ്രീലങ്കയിലും കെനിയയിലും ചില ആഫ്രിക്കൻ രാജ്യങ്ങളിലും വളരെ നല്ല രീതിയിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ടൂറിസത്തിനുകൂടി സാധ്യതയുള്ള രീതിയിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ആവിഷ്കരിക്കേണ്ടത്. യൂറോപ്പിലെ പല സ്ഥലങ്ങളിലും ഇക്കോ ടൂറിസത്തിന്റെ ഭാഗമായി മൃഗങ്ങൾക്ക് സ്വതന്ത്രമായി വിഹരിക്കാൻ കഴിയുന്ന സാഹചര്യങ്ങളുണ്ട്. AI, drone technology, GIS എന്നിവ ഉപയോഗിച്ചുള്ള റിയൽ ടൈം മോണിറ്ററിങ് അടക്കമുള്ള കാര്യങ്ങൾ ഇവിടെ ചെറിയ തോതിൽ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. അത് വിപുലമാക്കാനുള്ള പ്രവർത്തനങ്ങളും കാര്യക്ഷമമാക്കേണ്ടതുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലുണ്ടാകാൻ സാധ്യതയുള്ള ഏരിയകൾ തരംതിരിച്ച്

റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി ആധുനികവൽക്കരിക്കുന്ന സമീപനം സ്വീകരിച്ചാൽ കാര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും. വൈൽഡ് ലൈഫ് കോറിഡോർ, ഇക്കോ ബ്രിഡ്ജസ്, അണ്ടർപാസ് തുടങ്ങിയ സംവിധാനങ്ങളിലൂടെ മൃഗങ്ങൾക്ക് സ്വൈരമായി വിഹരിക്കാനുള്ള അവസരമൊരുക്കണം. റെയിലുകൾ, റോഡുകൾ എന്നിവയ്ക്കടിയിലൂടെ മനുഷ്യരുമായി യാതൊരു ബന്ധവും വരാത്ത രീതിയിൽ അവയ്ക്ക് സഞ്ചരിക്കാനുള്ള സംവിധാനമുണ്ടായാൽ മാത്രമെ നമുക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. ഈ നിയമം കേന്ദ്രസർക്കാർ അംഗീകരിക്കണം.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, കേരളത്തിലെ മലയോര മേഖലയിലെ ജനങ്ങൾ അഭിമുഖീകരിക്കുന്ന ഏറ്റവും ഗൗരവതരമായ ഈ വിഷയത്തിൽ ഇത്തരമൊരു നിയമനിർമ്മാണവുമായി മുന്നോട്ടുവന്ന സംസ്ഥാന സർക്കാരിന്റെ സമീപനം അങ്ങേയറ്റം അഭിനന്ദനാർഹമാണ്. കാടിന് പുറത്തേക്കുവരുന്ന വന്യമൃഗങ്ങൾ മനുഷ്യന് ഭീഷണിയാകുന്ന സാഹചര്യത്തിൽ, ഇവയുടെ ആക്രമണം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി വന്യജീവി കൊല്ലപ്പെടുന്ന പ്രത്യേക സാഹചര്യത്തിൽ മനുഷ്യന് കൂടുതൽ നിയമ പരിരക്ഷ ആവശ്യമാണ്. പ്രസ്തുത വ്യവസ്ഥകൾകൂടി ഈ നിയമത്തിൽ ഉൾപ്പെടുത്തുന്നത് കൂടുതൽ അഭികാമ്യമാണെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

<u>ചെയർപേഴ്സൺ</u>: പ്ലീസ്.. മറ്റൊരു ബിൽകൂടി ഇന്ന് പരിഗണിക്കേണ്ടതുണ്ട്. ദയവായി പ്രസംഗം അവസാനിപ്പിക്കണം.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, തീർച്ചയായും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്

വളരെ പ്രധാനപ്പെട്ട വസ്തുതയാണ്. ഈ നിയമം കേന്ദ്രസർക്കാർ അംഗീകരിക്കേണ്ടതുണ്ടെന്ന് മാത്രമല്ല വരും തലമുറയ്ക്ക് മുന്നോട്ടുപോകണമെങ്കിൽ ഇത്തരം കാര്യങ്ങളിൽ വളരെ കൃത്യതയോടുകൂടി തീരുമാനങ്ങൾ എടുക്കേണ്ടതുമുണ്ട്. വന്യജീവികളെ സംരക്ഷിക്കുന്നതോടൊപ്പം മനുഷ്യന് സ്വൈരമായി ജീവിക്കാനും വിഹരിക്കാനുമുള്ള അവകാശമുണ്ടാകണം. മനുഷ്യന്റെ ജീവനോപാധിയായ കൃഷിയും വയലുകളും സംരക്ഷിക്കപ്പെടണം. മനുഷ്യരുടെ ജീവിതം സുരക്ഷിതമാക്കാനുള്ള സംവിധാനങ്ങളാണ് ആവിഷ്കരിക്കേണ്ടത്. വന്യജീവികൾക്ക് അവരുടെ ശരിയായ ആവാസ വ്യവസ്ഥയിൽ ജീവിക്കാനുള്ള സാഹചര്യമാണ് ഉണ്ടാകേണ്ടത്. മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ ഭാഗമായി ഒരു മനുഷ്യന് അപകടം സംഭവിച്ചാൽ നഷ്ടപരിഹാരത്തുക അടക്കമുള്ള ആനുകൂല്യങ്ങൾ വളരെ വേഗം നൽകാൻ സാധിക്കണം. കൂടാതെ ജീവിക്കാൻ കഴിയുന്ന സാഹചര്യത്തിലേക്ക് അവരെ തിരികെ കൊണ്ടുവരുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ കൃത്യമായ പദ്ധതിയനുസരിച്ച് നടപ്പാക്കി മുന്നോട്ടുപോകുന്ന സംസ്ഥാന സർക്കാരിനെ അഭിനന്ദിക്കുന്നു. ഇക്കാര്യത്തിൽ ശക്തമായ കേന്ദ്രനിയമം നിലനിൽക്കുന്നതുകൊണ്ട് കേന്ദ്രസർക്കാർ ഈ വിഷയത്തിൽ ഇടപെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. വനം-വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട രണ്ട് ബില്ലുകളാണ്

ഇന്ന് പരിഗണിക്കുന്നത്. ഇവ കേരളീയ സമൂഹത്തിൽ വലിയ രീതിയിലുള്ള ചലനങ്ങളുണ്ടാക്കാൻ പര്യാപ്തമായ ബില്ലുകളാണ്. വനം നിയമ ഭേദഗതിയിൽ വന ഉദ്യോസ്ഥരുടെ നിർവചനം ഉൾപ്പെടുന്ന ഭാഗത്ത് ചൂണ്ടിക്കാണിച്ച ചില ആശങ്കകൾ പരിശോധിക്കുകയും ആവശ്യമായ ഭേദഗതികൾ വരുത്തുകയും വേണം. വനം-വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട ബില്ലുകൾ ഇവിടെ പരിഗണിക്കുന്ന അവസരത്തിൽ, ഇക്കാര്യം കേരളീയ സമൂഹം നേരിടുന്ന ഗൗരവതരമായ ജീവിത പ്രശ്നങ്ങളാണെന്ന് വിസ്മരിക്കരുത്. നിയമപരമായ പരിരക്ഷ നൽകാൻ പാകത്തിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ ബിൽ സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്. വന്യജീവി വിഷയവുമായി ബന്ധപ്പെട്ട് ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം നിയമം തയ്യാറാക്കി അവതരിപ്പിക്കുന്നത്. നമ്മുടെ അതിർത്തി ഗ്രാമങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷം പതിവാണ്. ഇത്തരം അവസരങ്ങളിൽ കൃഷിനാശമോ മനുഷ്യഹത്യയോ നടക്കുമ്പോൾ അതിനെ രാഷ്ട്രീയ മുതലെടുപ്പിനുള്ള ഒരു അവസരമായി കണ്ട് വിവാദമാക്കുന്നതായാണ് സാധാരണഗതിയിൽ കണ്ടുവരുന്നത്. കർണ്ണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലുണ്ടായ മനുഷ്യ നഷ്ടത്തിന്റെ എണ്ണത്തെ നമ്മുടെ സംസ്ഥാനവുമായി താരതമ്യം ചെയ്താൽ അത് തുലോം കുറവാണെന്ന് മനസ്സിലാകും. കേരളത്തിനുണ്ടായ നഷ്ടം നഷ്ടമല്ലെന്നല്ല. വന്യജീവി ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 2019-2023 വരെയുള്ള അഞ്ച് വർഷക്കാലത്തെ കൃത്യമായ കണക്ക് ഇന്ന് ലഭ്യമാണ്. അഞ്ചുവർഷംകൊണ്ട് നമ്മുടെ രാജ്യത്ത് കാട്ടാന, കടുവ എന്നിവയുടെ ആക്രമണങ്ങളിൽ 3076 പേർക്കാണ് ജീവൻ

നഷ്ടപ്പെട്ടത്. അതിൽ കടുവയുടെ ആക്രമണത്തിൽ മാത്രം 349 പേരാണ് കൊല്ലപ്പെട്ടത്. ഏറ്റവും കൂടുതൽ പേർ കൊല്ലപ്പെട്ടത് മഹാരാഷ്ട്രയിലും രണ്ടാമത്, യു.പി.-യിലുമാണ്. കേരളത്തിൽ ആറുപേരുടെ ജീവൻ നഷ്ടപ്പെട്ടുവെന്നത് സങ്കടകരമാണ്. പക്ഷേ ആനുപാതികമായി വന്യജീവികളിൽനിന്നും മനുഷ്യരെ രക്ഷിക്കാൻ നമുക്ക് കഴിയുന്നുണ്ടെന്നുള്ളതാണ് അറിയേണ്ടത്. നമ്മുടെ രാജ്യത്ത് കാട്ടാന ആക്രമണത്തിൽ ആകെ 2727 പേരാണ് കൊല്ലപ്പെട്ടത്. അതിൽ ഒറീസയാണ് ഒന്നാം സ്ഥാനത്ത് (624 പേർ). ഝാർഖണ്ഡിൽ 474 പേരും പശ്ചിമ ബംഗാളിൽ 436 പേരും ആസാമിൽ 383 പേരും കേരളത്തിൽ 124 പേരും കൊല്ലപ്പെട്ടു. വന്യജീവി ആക്രമണം പ്രതിരോധിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി പരിശ്രമിക്കുന്നുണ്ടെങ്കിലും അതിന് നിയമപരമായ പരിരക്ഷ ലഭിക്കാത്തതുകൊണ്ടാണ് ഇത്തരത്തിലൊരു നിയമം കൊണ്ടുവരാൻ അടിസ്ഥാനപരമായി തീരുമാനിച്ചത്. മാധ്യമങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളുമൊക്കെ ടി വിഷയം വളരെ വൈകാരികമായി അവതരിപ്പിക്കുന്നുണ്ടെങ്കിലും യഥാർഥ പ്രശ്നം തിരിച്ചറിഞ്ഞ് കേരളമാകെ യോജിച്ച് ഫലപ്രദമായ നിയമനിർമ്മാണം നടത്തുന്നതിന് പലരീതിയിലുള്ള തടസ്സങ്ങൾ ഉയർന്നുവരുന്നുണ്ട്. മനുഷ്യർക്ക് നേരെയുള്ള വന്യജീവികളുടെ കടന്നാക്രമണം തടയുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് നിയമഭേദഗതി കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഉപക്ഷേപം രാഷ്ട്രീയഭേദമില്ലാതെ നമ്മൾ ഇവിടെ പാസാക്കിയിട്ടുണ്ട്. പക്ഷേ കേന്ദ്ര ഗവൺമെന്റ് അതൊന്നും പരിഗണിക്കുന്നതേയില്ലെന്നാണ് ഇതുവരെയുള്ള

അനുഭവത്തിൽനിന്നും മനസ്സിലായത്. ഇക്കാര്യത്തിൽ കേരളത്തിന് സാമ്പത്തികമായ ചില പരിമിതികളുണ്ട്. കേരളത്തിന്റെ വനമേഖലയിലെ പ്രദേശങ്ങളെ അടിസ്ഥാനപ്പെടുത്തി പരിശോധിച്ചാൽ, മനുഷ്യ ജീവന് രക്ഷ നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിൽ നമ്മൾ ഒട്ടും പുറകിലല്ല എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഫെൻസിങ്, വലിയ കിടങ്ങുകൾ, കമ്പിവേലി എന്നിവ കെട്ടി വന്യജീവി ശല്യം തടയുന്നതിന് കേരള സർക്കാർ നല്ലരീതിയിലുള്ള ശ്രമം നടത്തിയിട്ടുണ്ട്, അതിപ്പോഴും തുടരുകയാണ്. എന്നാൽ ഇതിലേയ്ക്കായി ന്യായമായും കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കേണ്ട വിഹിതം നമുക്ക് അനുവദിക്കുന്നില്ല. ഇക്കാര്യം പാർലമെന്റിൽ ശക്തമായി ഉന്നയിക്കപ്പെടണം. രാഷ്ട്രീയ ഭേദമില്ലാതെ പാർലമെന്റ് അംഗങ്ങൾ ടി വിഷയം ഉന്നയിക്കുന്നതിനെക്കുറിച്ച് ഭരണ-പ്രതിപക്ഷ കക്ഷികൾ ആലോചിക്കണം. അതിനാൽ നമ്മുടെ അവകാശങ്ങൾ നേടിയെടുക്കാൻ പാർലമെന്റിൽ ശക്തമായ നിലയിൽ കാര്യങ്ങൾ ഉന്നയിക്കണം. 2021-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര ഗവൺമെന്റിനോട് 620 കോടി രൂപയുടെ ആവശ്യം ഉന്നയിക്കുകയുണ്ടായി. ഗവൺമെന്റ് ന്യായമായ ആവശ്യത്തിന് വേണ്ടിയുള്ള വലിയ ഇടപെടൽ നടത്തുകയും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തന്നെ രണ്ടുതവണ കേന്ദ്ര വനം വകുപ്പുമന്ത്രിയെ നേരിൽക്കണ്ട് ഈ വിഷയങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. നാല്പതുശതമാനം തുക സംസ്ഥാന ഗവൺമെന്റ് വഹിക്കാമെന്നും അറുപത് ശതമാനം തുകയെങ്കിലും കേന്ദ്ര ഗവൺമെന്റ് അനുവദിക്കണമെന്നുമുള്ള ഡിമാൻഡാണ് നമ്മൾ മുന്നോട്ടുവച്ചത്. ഒരു പഞ്ചവത്സര കർമ്മ പദ്ധതി ആവിഷ്കരിച്ചുകൊണ്ടാണ് കേരളം ഈ

വിഷയത്തിൽ ഇടപെട്ടത്. പക്ഷേ ഒരു നയാപൈസ അനുവദിച്ചുതരാൻ കേന്ദ്ര ഗവൺമെന്റ് സന്നദ്ധമായില്ലെന്നുള്ളതാണ് യാഥാർഥ്യം. 1972-ലാണ് ഇന്ദിരാഗാന്ധിയുടെ കാലത്തെ കോൺഗ്രസ് ഗവൺമെന്റ് കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമം പാസാക്കിയത്. ടി നിയമ നിർമാണത്തിലൂടെ വന്യജീവിശല്യം രൂക്ഷമാകാൻ ഇത് കാരണമായി എന്നുള്ളതാണ് ഒരു യാഥാർഥ്യം. ഇവിടെ സംസ്ഥാന ഗവൺമെന്റിനെ വിമർശിക്കുന്ന കോൺഗ്രസ് പ്രതിനിധികൾ ഇന്ദിരാഗാന്ധിയുടെ കാലത്ത് കൊണ്ടുവന്നിട്ടുള്ള നിയമത്തെക്കുറിച്ച് ഒരക്ഷരം പ്രതികരിക്കുന്നില്ല.

ശ്രീ. ലിന്റോ ജോസഫ്: സർ, ബഹുമാനപ്പെട്ട അംഗം 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) നിയമ ഭേദഗതിയെക്കുറിച്ചാണ് സൂചിപ്പിച്ചത്. കേരളത്തിലെ മലയോര മേഖലയിലെ കർഷകർ ഉൾപ്പെടെ വളരെ പ്രതീക്ഷയോടെ നോക്കിക്കാണുന്ന ഒരു നിയമ ഭേദഗതിയാണ് സംസ്ഥാന ഗവൺമെന്റും വനം-വന്യജീവി വകുപ്പും മുൻകൈയെടുത്ത് അവതരിപ്പിച്ചത്. കേന്ദ്ര സർക്കാർ 1972-ലെ വന്യജീവി (സംരക്ഷണ) നിയമം ഒമ്പത് തവണ ഭേദഗതി ചെയ്തു. ഓരോ തവണ നിയമഭേദഗതി ചെയ്തപ്പോഴും ആ നിയമം കൂടുതൽ കർക്കശമാക്കിയതല്ലാതെ ജനോപകാരപ്രദമാകുന്ന രൂപത്തിലുള്ള യാതൊരു ഇളവുകളും വരുത്തിയിരുന്നില്ല. ഈ നിയമത്തിൽ നേരത്തെ നാടൻ കുരങ്ങ് എന്ന ജീവിവർഗത്തെ ഷെഡ്യൂളിന്റെ താഴെയാണ് ഉൾപ്പെടുത്തിയിരുന്നത്; എന്നാൽ ഇപ്പോഴത് ഷെഡ്യൂൾ I-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2022-ലെ ഭേദഗതിയിലൂടെയാണ് നാടൻ കുരങ്ങുകൾ എന്ന ജീവിവർഗത്തിന് കൂടുതൽ സുരക്ഷ നൽകുന്ന നിലയിലേക്ക് മാറിയത്. ശ്രീ. എ. പി.

അനിൽകുമാർ അദ്ദേഹത്തിന്റെ നാട്ടിൽ കടുവ ഇറങ്ങിയതുമായി ബന്ധപ്പെട്ട വിഷയം ചൂണ്ടിക്കാണിച്ചു. 2013-ൽ കേന്ദ്രത്തിൽ മൻമോഹൻ സിങ് സർക്കാരിന്റെയും കേരളത്തിൽ ഉമ്മൻ ചാണ്ടി സർക്കാരിന്റെയും ഭരണകാലത്താണ് പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണം നടത്തിയത്. കടുവയും പുലിയും നാട്ടിൽ ഇറങ്ങിയാൽ ഉണ്ടാകുന്ന അപകടത്തെ എങ്ങനെ നേരിടണമെന്നത് സംബന്ധിച്ച് നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയും കേന്ദ്ര ഗവൺമെന്റും ചേർന്ന് സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യുവർ പുറത്തിറക്കുകയുണ്ടായി. തുടർന്ന് അത് കൂടുതൽ കർക്കശമാകുന്ന നിലയിലേയ്ക്ക് രൂപപ്പെടുത്തുകയും ചെയ്തു. ഉദാഹരണത്തിന് ആനയെ പുറത്തിറക്കുന്ന അവസരത്തിൽ പാലിക്കപ്പെടേണ്ട ഒരു നിയമാവലി തയ്യാറാക്കുകയും ചെയ്തു. ഇത്തരത്തിലുള്ള കർശന നിർദേശങ്ങൾ വന്നതോടുകൂടി കേരളത്തിലെ ജനങ്ങൾക്ക് വീർപ്പുമുട്ടുന്ന സാഹചര്യമുണ്ടായി. 1972-ൽ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന നിയമനിർമ്മാണത്തെ മറികടന്ന് കേരളത്തിലെ മലയോര മേഖലയിലെ ജനങ്ങളെ ഈ വലിയ ദുരിതത്തിൽനിന്ന് കരകയറ്റുന്നതിനുവേണ്ടിയുള്ള പരിശ്രമമാണ് നാം നടത്തേണ്ടത്. 1972-ലെ വന്യജീവി (സംരക്ഷണ) നിയമം ഭേദഗതി ചെയ്യേണ്ടത് അനിവാര്യമാണ്. ഏറ്റവും കൂടുതൽ വന്യജീവി ആക്രമണം നടക്കുന്ന മണ്ഡലത്തിലെ ജനപ്രതിനിധിയെന്ന നിലയിലാണ് ഞാൻ കൂടുതൽ കാര്യങ്ങൾ സൂചിപ്പിക്കുന്നത്. കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് ബില്ലിൽ പരാമർശമുണ്ട്. യഥാർഥത്തിൽ കാട്ടുപന്നിയെ ഇപ്പോൾ കണ്ടുവരുന്നത് കാട്ടിലല്ല, മറിച്ച് അവ ജനവാസ മേഖലകളിൽ ഇറങ്ങുന്ന അവസ്ഥയാണുള്ളത്. വന്യജീവികളുടെ ആക്രമണങ്ങളിൽനിന്ന്

ജനങ്ങളെ സംരക്ഷിക്കാനുള്ള നിയമനിർമ്മാണം നടത്തുന്ന അവസരത്തിൽ, പലപ്പോഴും വനത്തിനുള്ളിൽ മൃഗങ്ങളെ നിർത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ടാണ് കാട്ടുപന്നിയുടെ കാര്യം സൂചിപ്പിച്ചത്. ഇത്തരം പ്രതിസന്ധികൾക്ക് വലിയ മാറ്റമുണ്ടാക്കാൻ കഴിയുന്നതും ലോകത്തിനുതന്നെ മാതൃകയാക്കാൻ കഴിയുന്ന തരത്തിലും ഇന്ത്യയ്ക്ക് മാതൃകയാകുന്ന നിലയിലാണ് സംസ്ഥാന ഗവൺമെന്റ് ഈ നിയമനിർമ്മാണം നടത്തുന്നത്. 1972-ലെ വന്യജീവി (സംരക്ഷണ) നിയമം കാലോചിതമായ പരിഷ്കാരങ്ങൾക്ക് വിധേയമാക്കേണ്ടതല്ലേ എന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, 1972-ലെ വന്യജീവി (സംരക്ഷണ) നിയമം നമ്മുടെ നാടിന് യോജിക്കുന്നതല്ല. ഈ സങ്കീർണ്ണ പരിതസ്ഥിതിയിലാണ് ഇന്ത്യയിൽ ആദ്യമായി ഒരു സംസ്ഥാന ഗവൺമെന്റ് വന്യജീവി സംരക്ഷണ ഭേദഗതി നിയമം തയ്യാറാക്കി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത്. നിലവിൽ അതിനുള്ള നീക്കം നടത്തുന്നത് കേരള ഗവൺമെന്റാണ്. കേന്ദ്രത്തിൽ വാജ്പേയി ഗവൺമെന്റിന്റെ ഭരണകാലത്താണ് ബി.ജെ.പി. ഗവൺമെന്റ് ഈ നിയമങ്ങൾ കുറെക്കൂടി കർശനമാക്കിയത്. അത്തരത്തിൽ 2022-ലെ ബി.ജെ.പി. സർക്കാർ കുറെക്കൂടി കഠിനമായ രീതിയിലുള്ള കാര്യങ്ങൾ ആ നിയമത്തിൽ ഉൾപ്പെടുത്തിയപ്പോൾ അത് ജനവിരുദ്ധവും മനുഷ്യജീവന് വിലകല്പിക്കാത്ത നിലയിലുമുള്ളതായിരുന്നു. അതുകൊണ്ടുതന്നെ ഈ നിയമം നാം എല്ലാവരും ഒറ്റക്കെട്ടായി ഒരേ മനസ്സോടുകൂടി അംഗീകരിച്ച് പോകണമെന്ന നിലപാടിനോട് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ യോജിക്കുമെന്നാണ് കരുതുന്നത്. ഈ ബില്ലിൽ വന്യജീവികളുടെ

കാറ്റഗറിയെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. കുരങ്ങുകളുടെ വിഷയത്തിൽ നമ്മൾ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണമെന്നതിനെക്കുറിച്ചും ഈ ബില്ലിൽ വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ ഏത് നിലയിലുള്ള നയമാണ് സ്വീകരിക്കുന്നത് എന്നതിനും വലിയ പ്രാധാന്യമുണ്ട്. ഈ ഗവൺമെന്റ് കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്ന് നിരന്തരം ആവശ്യപ്പെടുന്നുണ്ടെങ്കിലും കേന്ദ്രഗവൺമെന്റ് അത് അംഗീകരിക്കുന്നില്ല. കൃഷിനാശം വരുത്തുന്ന നീലക്കാളകളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കാൻ 2015-ൽ ബീഹാർ ഗവൺമെന്റ് ആവശ്യപ്പെട്ടപ്പോൾ കേന്ദ്രസർക്കാരിന് യാതൊരു വിഷമവുമുണ്ടായിരുന്നില്ല. അവർ ആവശ്യപ്പെട്ട മുറയ്ക്ക് കേന്ദ്രഗവൺമെന്റ് നീലക്കാളകളെ ക്ഷുദ്രജീവികളായിപ്രഖ്യാപിച്ചു. 2016-ലാണ് ഉത്തരാഖണ്ഡിൽ കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്ന് അവിടത്തെ സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടത്. കേരള ഗവൺമെന്റിന്റെ ഈ ആവശ്യം പരിഗണിക്കാത്ത കേന്ദ്രഗവൺമെന്റ് ഉത്തരാഖണ്ഡിന്റെ ആവശ്യത്തിന് അംഗീകാരം നൽകുന്ന നിലപാടാണ് സ്വീകരിച്ചത്. ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് നമ്മൾ കേന്ദ്രഗവൺമെന്റിൽ നിരന്തരം സമ്മർദ്ദം ചെലുത്തുന്നുണ്ടെങ്കിലും എല്ലാ തലങ്ങളിലുമുള്ള അവഗണനയുടെ തുടർച്ചപോലെ മനുഷ്യജീവന് വിലകല്പിക്കാത്ത നിലയിൽ കേരള വിരുദ്ധ സമീപനമാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. അതുകൊണ്ടുതന്നെയാണ് ഈ ഭേദഗതി കൂടുതൽ ഗൗരവമുള്ളതായി കണക്കാക്കപ്പെടുന്നത്.

ശ്രീ. എ. രാജ: സർ, ഏറ്റവും കൂടുതൽ വനവുമായി അതിർത്തി പങ്കിടുന്ന ഒരു മണ്ഡലവും

ഈ കഴിഞ്ഞ വർഷങ്ങളിലെല്ലാം ഏറ്റവും കൂടുതൽ ആളുകൾ വന്യജീവി ആക്രമണംമൂലം മരണപ്പെടുകയും ചെയ്ത മണ്ഡലത്തിലെ ജനപ്രതിനിധിയെന്ന നിലയിലും ചില കാര്യങ്ങൾ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ സംസ്ഥാന സർക്കാർ 1972-ലെ കേന്ദ്രനിയമത്തിൽ ഭേദഗതി വരുത്തണമെന്ന ലക്ഷ്യത്തോടെയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. അക്കാര്യം വളരെ സന്തോഷത്തോടെയും പ്രതീക്ഷയോടെയുമാണ് നമ്മൾ നോക്കിക്കാണുന്നത്. വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്നവരുടെ കുടുംബത്തിന് 2 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകിയിരുന്ന സ്ഥാനത്ത് ഈ ഗവൺമെന്റ് പ്രസ്തുത തുക 10 ലക്ഷം രൂപയായി വർധിപ്പിച്ചിട്ടുണ്ട്. നിലവിൽ വന്യമൃഗ ആക്രമണങ്ങളിൽ പരിക്കേൽക്കുന്നവർക്ക് ഒരു ലക്ഷം രൂപ മാത്രമാണ് നഷ്ടപരിഹാരമായി നൽകുന്നത്. ഇത്തരത്തിൽ ആക്രമിക്കപ്പെടുന്ന ആളുകളുടെ ജീവൻ രക്ഷാർത്ഥം പല സാഹചര്യങ്ങളിലും പലതരത്തിലുള്ള ആശുപത്രികളിലേക്ക് ചികിത്സ തേടേണ്ടിവരുമ്പോൾ സർക്കാർ അനുവദിക്കുന്ന ഒരു ലക്ഷം രൂപ തികച്ചും അപര്യാപ്തമാണ്. തുടർചികിത്സയ്ക്കായി ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള തുക കണ്ടെത്തേണ്ടിവരുന്നത് പ്രയാസകരമാണ്. ഇത്തരം സന്ദർഭങ്ങളിൽ എന്നെപ്പോലുള്ള ജനപ്രതിനിധികൾ ആവശ്യമായ ഇടപെടൽ നടത്തിയാണ് മറ്റ് കാര്യങ്ങൾ ചെയ്തുകൊടുക്കുന്നത്. അതുകൊണ്ട് വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് അനുവദിക്കുന്ന നഷ്ടപരിഹാരത്തുക വർധിപ്പിക്കണം. നേരത്തെ കാട്ടിലുണ്ടായിരുന്ന മൃഗങ്ങളെല്ലാം ഇപ്പോൾ നാട്ടിലേക്ക് ഇറങ്ങിവരുന്ന സാഹചര്യമാണുള്ളത്. ഇവ നാട്ടിലേക്ക് ഇറങ്ങാതിരിക്കുന്നതിലേയ്ക്കായി ആവശ്യമുള്ള വെള്ളവും ഭക്ഷണവും

കാട്ടിൽത്തന്നെ ഒരുക്കേണ്ടതല്ലേ? നാട്ടിലേക്ക് വന്യമൃഗങ്ങൾ ഇറങ്ങിവരുന്ന സ്ഥലങ്ങൾ നിരീക്ഷിക്കുന്നതിനായി ആധുനിക ഉപകരണങ്ങളും AI (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) സംവിധാനവും ഉപയോഗപ്പെടുത്തിയാൽ ഒരു പരിധിവരെ വന്യമൃഗ ആക്രമണത്തെ തടയാൻ സാധിക്കില്ലേ എന്നതിനോട് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ബഹുമാനപ്പെട്ട അംഗം വന്യജീവി ആക്രമണം നേരിടുന്ന നിയോജകമണ്ഡലത്തിലെ പ്രതിനിധിയാണ്. അങ്ങയുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ പുതിയ വീട്ടിൽ ആനയുടെ ചവിട്ടേറ്റ് മരണപ്പെട്ട പത്മനാഭനെ സംബന്ധിച്ച ഫയൽ ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ ഓഫീസിലുണ്ട്. എന്റെ മണ്ഡലത്തിലെ കർണാടക വനാതിർത്തിയോട് ചേർന്ന പ്രദേശത്താണ് ടി സംഭവം നടന്നത്. കർണ്ണാടക ഉൾപ്പെടുന്ന വനത്തിൽവച്ചാണ് ടി സംഭവമുണ്ടായത് എന്ന റിപ്പോർട്ട് വന്നതിനെത്തുടർന്ന് കേരള ഗവൺമെന്റ് മരണപ്പെട്ട ആളിന്റെ അവകാശികൾക്ക് ആനുകൂല്യങ്ങൾ നൽകാൻ തയ്യാറായില്ല. തുടർന്ന് വില്ലേജ് അധികാരികൾ പരിശോധന നടത്തുകയും ആനയുടെ ചവിട്ടേറ്റ് പത്മനാഭൻ കൊല്ലപ്പെട്ടത് കേരള അതിർത്തിയിൽവച്ച് തന്നെയാണെന്ന് മനസ്സിലാക്കുകയും അക്കാര്യം രേഖപ്പെടുത്തിക്കൊണ്ടുള്ള സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ കുടുംബം നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് നിവേദനം നൽകിയിട്ട് കുറച്ചുനാളായെങ്കിലും ഇതുവരെയും ആശ്വാസ ധനസഹായം ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ അങ്ങ് ഇടപെട്ട് അടിയന്തരമായി പരിഹാര നടപടി സ്വീകരിക്കണം. ഇത്തരത്തിലുള്ള

കാര്യങ്ങൾക്ക് സഹായകമാകുന്ന വ്യവസ്ഥകൾ ഈ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ജനവാസ മേഖലയിൽ ഇറങ്ങുന്ന ഏതെങ്കിലും ഒരു വന്യമൃഗം ഒരാളെ ആക്രമിച്ച് പരിക്കേൽപ്പിച്ചാൽ ഉടൻതന്നെ ആ വന്യമൃഗത്തെ കൊല്ലാൻ ഉത്തരവിടുന്നതിന് ഉന്നതാധികാരികളുടെ സമ്മതത്തോടുകൂടി ചീഫ് വൈൽഡ് ലൈഫ് വാർഡന് അധികാരം നൽകുന്നതാണ് ഈ നിയമത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രധാനപ്പെട്ട ഒരു വ്യവസ്ഥയായി കണക്കാക്കുന്നത്. അത് കേരളത്തിന്റെ വന്യജീവി ആക്രമണം നേരിടുന്ന പ്രദേശങ്ങളിലെ ജനങ്ങൾക്ക് വളരെയധികം ആശ്വാസം നൽകുമെന്ന് പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല. നിലവിലുള്ള കേന്ദ്രനിയമത്തിലെയും കേന്ദ്രസർക്കാർ പുറപ്പെടുവിച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യുവറിലെയും അപ്രായോഗികവും കാലതാമസം വരുത്തുന്നതുമായ നടപടിക്രമങ്ങൾ ഒഴിവാക്കിക്കൊണ്ടാണ് മനുഷ്യജീവന് സുരക്ഷിതത്വം നൽകാൻ കഴിയുന്ന തരത്തിലുള്ള നിയമ ഭേദഗതി ഈ ബില്ലിലൂടെ കൊണ്ടുവരുന്നത്. പട്ടിക II-ലെ വ്യവസ്ഥപ്രകാരം വന്യമൃഗങ്ങളുടെ എണ്ണം വർധിക്കുന്ന അവസരത്തിൽ അവയുടെ എണ്ണം നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണം നടത്തുന്നതുമായി ബന്ധപ്പെട്ടും മറ്റ് സ്ഥലങ്ങളിലേക്ക് നാടുകടത്തുന്നത് സംബന്ധിച്ചും ബില്ലിൽ വ്യവസ്ഥയുണ്ട്. പ്രസ്തുത വ്യവസ്ഥ നടപ്പാക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കണമെന്ന വ്യവസ്ഥ പാലിക്കേണ്ടതില്ല എന്നതാണ് ഈ നിയമത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രധാനപ്പെട്ട മറ്റൊരുകാര്യം. ഇവിടെ സൂചിപ്പിച്ചതുപോലെ, അക്രമകാരികളായി നാട്ടിലിറങ്ങുന്ന വന്യജീവികളെ കൊല്ലുന്നതിനുള്ള അനുമതിയുണ്ടെങ്കിലും ഈ ജീവികൾക്കും

ജീവിതത്തിന് അവകാശമുണ്ടെന്നുള്ള കാര്യം ഗവൺമെന്റ് ഈ നിയമത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ കൃഷിക്ക് നാശം വരുത്തുകയോ മനുഷ്യജീവൻ അപായപ്പെടുത്തുകയോ ചെയ്താൽ അത്തരം കാര്യങ്ങൾക്ക് പരിഹാരം കാണുന്നതിന് കൃത്യമായ നിലയിൽ ഉറപ്പുണ്ടാകണം. കാരണം, ഈ നിയമവുമായി ബന്ധപ്പെട്ട് കേന്ദ്ര നിയമത്തിലെ ചില അനുഭവങ്ങളെക്കുറിച്ച് പല ഘട്ടങ്ങളിൽ വളരെ വിശദമായി ചർച്ച ചെയ്തിട്ടുള്ളതാണ്. 2018 നവംബർ 2-ന് മഹാരാഷ്ട്രയിലെ പന്താർകാവ്ഡ എന്ന സ്ഥലത്ത് പതിമൂന്നോളം മനുഷ്യരെ കൊന്നുവെന്ന് പറയപ്പെടുന്ന 'അവിനി' എന്ന പെൺ കടുവയെ കൊല്ലാൻ മഹാരാഷ്ട്രയിൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഷൂട്ട് അറ്റ് സൈറ്റ് ഓർഡർ പുറപ്പെടുവിച്ചു. ഒരു മനുഷ്യശരീരത്തിന്റെ 60 ശതമാനവും കടുവ കഴിച്ചുവെന്നായിരുന്നു ഇതിനുള്ള ഒരു കാരണം. എന്നാൽ ബോംബെ ഹൈക്കോടതിയുടെ നാഗ്പൂർ ബെഞ്ച് ഈ കേസ് പരിഗണിക്കവെ നിരവധി ചോദ്യങ്ങൾ ചോദിക്കുകയും ഈ കടുവ നരഭോജിയാണ് (man eater) എന്നതിനുള്ള തെളിവുകൾ വരെ പരിശോധിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ആ കടുവ മനുഷ്യന്റെ 60% ഭക്ഷണമാക്കിയെന്നുള്ളത് ഗ്രാമവാസികളൊക്കെ കണ്ടിട്ടുള്ള കാര്യമാണ്. ഈ കടുവ നിരന്തരം ആളുകളെ ആക്രമിച്ചിരുന്നുവെന്നത് ഒരു യാഥാർഥ്യവുമാണ്. പക്ഷേ കോടതി പറയുന്നത്, ഇത് മനുഷ്യശരീരം ഭക്ഷണമാക്കിയിട്ടുണ്ടോ എന്നുള്ളതിന്റെ കൃത്യമായ തെളിവ് കൊണ്ടുവരണമെന്നാണ്. ആ കടുവയുടെ സമീപത്ത് ഏത് മനുഷ്യനാണ് പോകാൻ സാധിക്കുക? ഇത്തരത്തിൽ ഈ നിയമത്തിന്റെ പല നൂലാമാലകളെയും മറികടന്ന് മനുഷ്യജീവന് ഉറപ്പുകൊടുക്കേണ്ടത് പുരോഗമന സമൂഹത്തിന്റെ

ഏറ്റവും പ്രധാനപ്പെട്ട ആവശ്യമാണ്. ഈ ഭേദഗതി നിയമമാകുകയും ഇതിന്റെ മറ്റ് നടപടിക്രമങ്ങൾകൂടി പ്രായോഗികമാകുകയും ചെയ്യുമ്പോൾ കേരളത്തിലെ വനത്തോട് ചേർന്ന് നിൽക്കുന്ന പ്രദേശങ്ങൾ ഇന്നനുഭവിക്കുന്ന പ്രയാസങ്ങൾക്ക് തീർച്ചയായും പരിഹാരമാകും. 30-ഉം 40-ഉം കിലോമീറ്റർ ദൂരം വരെ കടന്നശേഷമാണ് ഇപ്പോൾ വന്യജീവികൾ നാട്ടിലേക്ക് വരുന്നത്. കേരളത്തിലെ വനത്തോട് ചേർന്ന് നിൽക്കുന്ന പ്രദേശങ്ങളിൽ വലിയ ആശങ്കയോടുകൂടി കഴിയുന്ന മനുഷ്യർക്ക് ഒരു ഗവൺമെന്റ് എങ്ങനെയാണോ സുരക്ഷിതത്വം നൽകേണ്ടത്, അപ്രകാരം ആ സുരക്ഷിതത്വം നൽകുന്നതിന് ഈ നിയമഭേദഗതി വഴിയൊരുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ നിയമം യാദൃശ്ചികമായി ഉണ്ടായിട്ടുള്ള ഒന്നല്ല. കേരളത്തിൽ കർഷകസംഘം, കിസാൻ സഭ ഉൾപ്പെടെയുള്ള സംഘടനകൾ വലിയ നിലയിൽ നമ്മുടെ മലയോര പ്രദേശങ്ങളിൽ നടത്തിയിട്ടുള്ള ജനകീയ പ്രക്ഷോഭങ്ങളും ജനപങ്കാളിത്തത്തോടെ നടത്തിയ വലിയ പ്രചാരണജാഥകളും സമരങ്ങളുമുണ്ട്. സംസ്ഥാന അടിസ്ഥാനത്തിൽ കർഷകസംഘം നടത്തിയിട്ടുള്ള സമരം ഈ സമീപകാലത്താണ് വലിയ നിലയിൽ കേരളത്തിൽ ചർച്ച ചെയ്യപ്പെട്ടത്. വിവിധ മേഖലകളിൽ ജനങ്ങളുടെ വിപുലമായ കൂട്ടായ്മകളും സംഘടിപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ഈ നിയമം മനുഷ്യന് ഗുണകരമാകുന്ന രീതിയിൽ ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇന്ത്യൻ പാർലിമെന്റിന് മുന്നിൽ ജനകീയ പ്രക്ഷോഭങ്ങൾ നടത്തിയിട്ടുണ്ട്. ആ ജനകീയ പ്രക്ഷോഭങ്ങളുടെയെല്ലാം ഉല്പന്നമായിട്ടാണ് യഥാർഥത്തിൽ മനുഷ്യജീവന് വില കല്പിക്കുന്ന കേരളീയ സമൂഹത്തിൽ എല്ലാ ജീവികളുടെയും മൂല്യത്തെ ഉയർത്തിപ്പിടിച്ചുകൊണ്ട് മനുഷ്യജീവന് പരിരക്ഷ

ഒരുക്കുന്നതിനുള്ള ഈ നിയമം കേരള ഗവൺമെന്റ് ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ ആ നിലയിൽ പരിഗണിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ നിയമസഭ പാസ്സാക്കി പ്രസിഡന്റിന് അയച്ചുകൊടുക്കുകയും അദ്ദേഹം അത് കേന്ദ്രസർക്കാരിലേക്ക് അയയ്ക്കുകയും അവർ അത് അംഗീകരിക്കുകയും ചെയ്താൽ മാത്രമെ അതൊരു നിയമമായി മാറ്റാൻ സാധിക്കുകയുള്ളൂ. ഈ ഭേദഗതിയുടെ കാര്യത്തിൽ ഭാവിയിൽ വലിയ പ്രതീക്ഷയൊന്നുമില്ല, കാരണം അതിന് അംഗീകാരം ലഭിക്കില്ലെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് കേരള സർക്കാർ മുമ്പ് അയച്ച കത്തുകൾക്കെല്ലാം നിലവിലുള്ള നിയമത്തിലെ സെക്ഷനുകളുപയോഗിച്ച് സംസ്ഥാന സർക്കാരിന് പ്രശ്നങ്ങൾ പരിഹരിക്കാവുന്നതേയുള്ളൂവെന്ന മറുപടിയാണ് കേന്ദ്ര സർക്കാർ നൽകിയത്. കൃഷിക്കും ജീവനും സംരക്ഷണം നൽകാൻ സെക്ഷൻ 11(2) പ്രകാരം Self defence എന്ന മാർഗവും ഉപയോഗിക്കാം. അതല്ലെങ്കിൽ കളക്ടർമാരുടെ അധികാരമോ ദുരന്തനിവാരണ നിയമമോ ഉപയോഗിക്കാം. മൃഗങ്ങൾ കാട്ടിൽ അതിന്റെ ആവാസ വ്യവസ്ഥയിൽ/ഹാബിറ്റാറ്റിൽ ആയിരിക്കുമ്പോൾ മാത്രമെ വന്യജീവിയായി പരിഗണിക്കപ്പെടേണ്ടതുള്ളൂ എന്നതടക്കമുള്ള സാധ്യതകൾ നമുക്ക് ഉപയോഗിക്കാം. ഇതൊക്കെ ഒരു നിയമ ഭേദഗതിയുമില്ലാതെ സംസ്ഥാന സർക്കാരിന് ചെയ്യാവുന്നതാണ്. സംസ്ഥാനത്ത് വരാനിരിക്കുന്ന തിരഞ്ഞെടുപ്പിന് നിലമൊരുക്കൽ അല്ലെങ്കിൽ election stunt

ഈ ഭേദഗതിയിലുണ്ടെന്ന് നമ്മൾ ആരെങ്കിലും സംശയിക്കുന്നുണ്ടെങ്കിൽ അത് സത്യമാണെന്ന് നമുക്ക് തോന്നും. ഒന്നുകൂടി ലളിതമായിപ്പറഞ്ഞാൽ നിയമം ഇല്ലാത്തതല്ല, നിലപാട് ഇല്ലാത്തതാണ് ഈ സർക്കാരിന്റെ യഥാർഥ പ്രശ്നം. കേരളത്തിന്റെ ഭൂവിസ്തൃതിയുടെ 29 ശതമാനം സ്ഥലവും വനമാണ്. 30 ലക്ഷത്തോളം ജനങ്ങളാണ് വനാതിർത്തി ഗ്രാമങ്ങളിലെ മനുഷ്യ-വന്യജീവി സംഘർഷ ബാധിത പ്രദേശങ്ങളിൽ ജീവിക്കുന്നത്. ഈ ജനങ്ങളെല്ലാം ഭീതിയുടെ മുൾമുനയിലാണ്. വന്യജീവി ആക്രമണത്തിൽ സംസ്ഥാനത്ത് ജനങ്ങൾ മരിച്ചുവീഴുമ്പോൾ മനുഷ്യ-വന്യജീവി ആക്രമണത്തിൽ മനുഷ്യനഷ്ടം കുറയാൻ തുടങ്ങിയെന്ന വിചിത്രമായ വാദമാണ് ഇത്രയുംകാലം സർക്കാർ ഉയർത്തിയത്. കൂട്ടായ പരിശ്രമംകൊണ്ട് വന്യമൃഗങ്ങളുമായുള്ള സംഘർഷത്തിൽ മനുഷ്യ നഷ്ടം കുറഞ്ഞുതുടങ്ങിയെന്ന വാദത്തിന്റെ അർഥമെന്താണ്? ഈ കാലഘട്ടത്തിലാണ് സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ എണ്ണം ക്രമാതീതമായി വർധിച്ചിട്ടുള്ളത്. 2016 മുതൽ നാളിതുവരെ വന്യജീവി ആക്രമണത്താൽ ആയിരത്തോളം പേർ കൊല്ലപ്പെട്ടിട്ടുണ്ട്. അക്കാലത്തെ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളിലും കൃഷിസ്ഥലങ്ങളിലും കാട്ടാന, കാട്ടുപന്നി, കാട്ടുകുരങ്ങ്, കാട്ടുപോത്ത്, മയിൽ, കടുവ തുടങ്ങിയ വന്യമൃഗങ്ങളുടെ ആക്രമണവും കടന്നുകയറ്റവുംമൂലം മനുഷ്യജീവനുകൾ നഷ്ടപ്പെടുകയും നിരവധി പേർക്ക് ഗുരുതര പരിക്കുകളേൽക്കുകയും കൃഷിയും സമ്പത്തും നശിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ കണക്കുപ്രകാരം 2016 മുതൽ നാളിതുവരെ കേരളത്തിൽ അറുപതിനായിരത്തോളം വന്യജീവി ആക്രമണങ്ങളുണ്ടാകുകയും

എണ്ണായിരത്തോളം പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. മലയോരവാസികൾ വന്യജീവികളുടെ ആക്രമണം കാരണം ജീവൻ പണയപ്പെടുത്തിയാണ് ജീവിക്കുന്നത്. വനാതിർത്തിയിൽ താമസിക്കുന്ന ജനങ്ങളുടെ വളർത്തുമൃഗങ്ങളായ പശു, ആട്, പട്ടി, കോഴി എന്നിവ കാട്ടുമൃഗങ്ങളുടെ ആക്രമണത്തിന് ഇരയായിത്തീരുന്നു. വാഴ, കവുങ്ങ്, കപ്പ, ചേമ്പ്, ചേന തുടങ്ങിയ എല്ലാ കൃഷികളും കൂട്ടത്തോടെ നശിപ്പിക്കപ്പെടുന്ന സാഹചര്യമാണ് വനാതിർത്തിയിലുള്ളത്. സർക്കാരിന്റെതന്നെ കണക്കുകൾ പ്രകാരം 2016 മുതൽ 70 കോടി രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. സർക്കാരിന് നഷ്ടപരിഹാരംപോലും സമയബന്ധിതമായി നൽകാൻ സാധിക്കുന്നില്ല. വിവിധ വന്യജീവി ആക്രമണങ്ങളിൽ മനുഷ്യജീവനും കൃഷിയും വളർത്തുമൃഗങ്ങളും നഷ്ടപ്പെട്ട നാലായിരത്തോളം പേരുടെ നഷ്ടപരിഹാരം ഇതുവരെയും നൽകിയിട്ടില്ല. നഷ്ടപരിഹാരമായി നൽകുന്ന തുകയിൽ കാലോചിതമായ വർധനവ് വരുത്തിയിട്ടില്ലെന്ന് മാത്രമല്ല, 9 വർഷം മുമ്പുള്ള തുകയാണ് നൽകിക്കൊണ്ടിരിക്കുന്നത്. അത് ലഭിക്കുന്നതിനുവേണ്ടി കൃഷി, വനം വകുപ്പ് എന്നീ ഓഫീസുകളിൽ പലതവണ കയറിയിറങ്ങണം; ഈ ലഭിക്കുന്ന തുക അതിനുപോലും തികയില്ലെന്നാണ് പരാതി. അതുമാത്രമല്ല, വന്യജീവി ആക്രമണം തടയുന്നതിനായി സർക്കാർ ചെലവഴിക്കുന്ന തുക പരിശോധിച്ചാൽത്തന്നെ ഈ വിഷയത്തിൽ സർക്കാരിന്റെ അലംഭാവം എത്രത്തോളമാണെന്ന് വ്യക്തമാകും. 2018-19-ൽ വന്യമൃഗ ആക്രമണം തടയുന്നതിനായി സർക്കാർ 6.28 കോടി രൂപ ചെലവഴിച്ചപ്പോൾ 2022-23-ൽ അത് വെറും 3 കോടി രൂപയായി കുറഞ്ഞു. പുതിയ നിയമത്തിൽ സാധാരണയായി ജനങ്ങൾ ഒരുമിച്ചുകൂടുന്ന

പൊതുസ്ഥലത്തോ ജനവാസമേഖലയിലോ വന്യമൃഗം ഏതെങ്കിലും ആളെ ആക്രമിക്കുകയും ഗുരുതരമായി പരിക്കേൽപ്പിക്കുകയും ചെയ്താൽ പെട്ടെന്ന് നടപടിയെടുക്കാനും കാലതാമസംകൂടാതെ അവയെ കൊല്ലാനുള്ള ഉത്തരവിടാനും ചീഫ് വൈൽഡ് ലൈഫ് വാർഡനെ അധികാരപ്പെടുത്തിക്കൊണ്ടാണ് ബിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. വന്യജീവി ജനവാസകേന്ദ്രത്തിലാണെന്നും അപകടകാരിയാണെന്നും ജില്ലാ കളക്ടറിൽനിന്നും ഫോറസ്റ്റ് കൺസർവേറ്ററിൽനിന്നുമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമെ ഇത് ചെയ്യാൻ കഴിയുള്ളൂവെന്നാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അപ്പോൾ എന്തായിരിക്കും സ്ഥിതി; ആ കടലാസൊക്കെ വാങ്ങിക്കൊണ്ടുവരുമ്പോഴേയ്ക്കും വന്യജീവികൾ അവിടെയാകെ തവിടുപൊടിയാക്കിയിട്ടുണ്ടാവില്ലേ? കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് ഇത്രയും സംവിധാനങ്ങൾ സർക്കാർ ഏർപ്പെടുത്തിയെന്ന് പറയുമ്പോഴും വന്യമൃഗ ആക്രമണം വർധിക്കുന്ന സാഹചര്യമാണ് സംസ്ഥാനത്തുള്ളത്. ഇതെല്ലാം വെറും കടലാസിൽ ഒതുങ്ങുന്ന പദ്ധതികൾ മാത്രമാണെന്നാണ് ഇതിൽനിന്നും തെളിയുന്നത്. വനാതിർത്തിയിൽ സ്ഥാപിച്ചിട്ടുള്ള വൈദ്യുതവേലികളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സർക്കാരിന് സാധിക്കുന്നില്ല. എത്രയുംവേഗം അത് പൂർത്തീകരിച്ചില്ലെങ്കിൽ ഈ മേഖലയിലെ കൃഷിയും ജീവിതവും കൂടുതൽ ദുരിതപൂർണ്ണമാകും. വന്യമൃഗങ്ങളുടെ വരവിനെ തടയാൻ നാട്ടുകാർ പടക്കം പൊട്ടിക്കുകയും തകരചെണ്ടകൾ മുഴക്കുന്ന സ്ഥിതിയുമാണുള്ളത്. രാത്രി മാത്രമല്ല, പകൽസമയത്തുപോലും കാട്ടുമൃഗങ്ങൾ മനുഷ്യ വാസസ്ഥലങ്ങൾ ആക്രമിക്കുന്നത് വളരെയധികം വർധിച്ചിട്ടുണ്ട്. കാട്ടാനകൾക്ക്

സ്വൈരവിഹാരം നടത്തുന്നതിനായി വന്യജീവി കേന്ദ്രങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന ആനത്താരകൾ കൂടുതലായി നിർമ്മിക്കാൻ സർക്കാർ തയ്യാറാകണം. ഇതൊന്നും ചെയ്യാതെ കടലാസിൽ മാത്രം ഓരോ നിയമം ഉണ്ടാക്കി നമ്മൾ ഇവിടെനിന്നും പോകുകയും കൃഷിക്കാർ വീണ്ടും കഷ്ടപ്പെടുകയും ചെയ്യും.

ശ്രീ. ടി. സിദ്ദിഖ്: സർ, സാധാരണ കർഷകർക്കും മനുഷ്യർക്കും സ്വന്തം ജീവരക്ഷാർഥം ഗൺ ലൈസൻസ് കൊടുക്കാറുണ്ട്. ഇപ്പോൾ ഗൺ ലൈസൻസ് പുതുക്കിക്കൊടുക്കുന്നില്ല. വന്യമൃഗങ്ങൾ ആക്രമിക്കാൻ വരുമ്പോഴും സുരക്ഷയ്ക്കുവേണ്ടി ഉപയോഗിക്കാവുന്ന ഗൺ ലൈസൻസ് പുതുക്കിക്കൊടുക്കാത്തത് കാരണം മലയോരമേഖലകളിൽ ഗുരുതരമായ പ്രതിസന്ധിയുണ്ട്. അതിനുള്ള മാർഗനിർദേശം നൽകാൻ ഈ ബില്ലിന്റെ ഭാഗമായെങ്കിലും സർക്കാർ ശ്രദ്ധിക്കുമോ; ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, ഈ നിയമം പരിശോധിച്ചപ്പോൾ സെൻട്രൽ ആക്ടിൽ ഷെഡ്യൂൾ (I), (II), (III) തുടങ്ങി മൃഗങ്ങളെ കാറ്റഗറൈസ് ചെയ്തിട്ടുണ്ട്. ആ കാറ്റഗറി മാറ്റാനും vermin animals ആയി ഡിക്ലയർ ചെയ്യാനുമുള്ള അധികാരം സെൻട്രൽ ആക്ടിലാണുള്ളത്. എന്നാൽ ഇവിടെ കൊണ്ടുവന്നിരിക്കുന്ന നിയമത്തിൽ സംസ്ഥാന സർക്കാരാണ് അത് ചെയ്യുന്നത്. ആർട്ടിക്കിൾ 254 പ്രകാരം ഇങ്ങനെയൊരു direct conflict വന്നാൽ ഈ നിയമത്തിന്റെ ഗതി എന്താകുമെന്ന് അങ്ങ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ശ്രീ. ടി. സിദ്ദിഖ് ഉന്നയിച്ചത് ഗൺ ലൈസൻസിന്റെ കാര്യമാണ്. അത് രണ്ടുമൂന്ന് വർഷമായി പുതുക്കിക്കൊടുക്കുന്നില്ല. ചില പ്രത്യേക

ഓഫീസർമാർ മലപ്പുറത്ത് എത്തിയപ്പോൾ ഞങ്ങൾ പല പ്രാവശ്യം അവരോട് ഈ വിഷയം സംസാരിച്ചുവെങ്കിലും അതൊന്നും സാധിക്കാത്തതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. ഒരുഭാഗത്ത് പന്നികളും മറ്റുള്ള മൃഗങ്ങളും കൃഷി മുഴുവനായും നശിപ്പിക്കുകയാണ്. അതിൽനിന്നും രക്ഷനേടുന്നതിനായി ഗൺ ലൈസൻസുള്ള ആരെയെങ്കിലും അന്വേഷിച്ചാൽ അവർക്കാർക്കും ലൈസൻസ് പുതുക്കി നൽകിയിട്ടില്ല, തോക്കുകൾ പോലീസ് സ്റ്റേഷനുകളിലാണുള്ളത്. ഇത് മലപ്പുറത്തും വയനാടുമൊക്കെ വലിയൊരു പ്രശ്നമാണ്. ബഹുമാനപ്പെട്ട ഡോ. മാത്യു കുഴൽനാടൻ ഉന്നയിച്ച കാര്യത്തിൽ, ഈ നിയമം ഇവിടെനിന്നും നമുക്ക് പാസാക്കി അയയ്ക്കാം. എന്നാൽ ഇതിന്റെ ഭാവി വളരെ ഇരുളടഞ്ഞതാണ്. ജനങ്ങളെ കബളിപ്പിക്കുന്നതിനുള്ള ഒരു election stunt മാത്രമായാണ് ഞാൻ ഇതിനെ കാണുന്നത്. ഞങ്ങൾ ആരും ഇതിനെ എതിർക്കുന്നില്ല, ഞങ്ങൾ എല്ലാവരും ഇതിന് wholehearted support നൽകുന്നുണ്ട്. പക്ഷേ അതിന് അംഗീകാരം വാങ്ങേണ്ടത് ബഹുമാനപ്പെട്ട മന്ത്രിയുടെ കടമയാണെന്നുമാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, വന്യമൃഗ ആക്രമണത്തിൽ ജീവനും സ്വത്തും നഷ്ടപ്പെട്ട് വിറങ്ങലിച്ചുനിൽക്കുന്ന കേരളത്തിലെ മലയോരമേഖലയിലെ ആദിവാസികളും കർഷകരുമുൾപ്പെടെയുള്ള മുപ്പത് ലക്ഷത്തിലധികംവരുന്ന ജനങ്ങളുടെ ദീനരോദനം കഴിഞ്ഞ ഒൻപത് വർഷക്കാലമായി സംസ്ഥാനസർക്കാർ സാമാന്യവൽകരിച്ചതിനെതിരെ ഉയർന്നുവന്ന പ്രതിഷേധത്തിന്റെ പശ്ചാത്തലത്തിലാണ് സർക്കാർ ഇത്തരമൊരു നിയമ

ഭേദഗതിക്ക് നിർബന്ധിതമായത്. വന്യജീവി ആക്രമണം തടയുന്നതിനുള്ള ഇടപെടലിനെയും അതിന്റെ ഭാഗമായി നടത്തുന്ന ഒരു ചെറിയ നീക്കത്തെപ്പോലും ഞങ്ങൾ പ്രതിപക്ഷവും കേരളത്തിലെ പൊതുസമൂഹവും തുറന്ന മനസ്സോടെയാണ് കാണുന്നത്. പക്ഷേ ഇത്തരത്തിൽ രണ്ട് ബില്ലുകൾ സഭയിൽ അവതരിപ്പിക്കുമ്പോൾ അതിന്റെ പ്രായോഗികതയും ബില്ലുകൾ അവതരിപ്പിക്കുന്നതിലെ ആത്മാർഥതയും സ്വാഭാവികമായും സമൂഹത്തിൽ ചർച്ച ചെയ്യപ്പെടും. 1961-ലെ കേരള വന (ഭേദഗതി) ബിൽ, 1972-ലെ കേന്ദ്ര വന്യജീവി (സംരക്ഷണ) ബിൽ എന്നീ രണ്ടു ബില്ലുകളും യഥാർഥത്തിൽ ഫലപ്രദമല്ലെന്ന് മാത്രമല്ല, 1961-ലെ കേരള വന (ഭേദഗതി) ബിൽ ദുരുദ്ദേശ്യപരമായി അവതരിപ്പിക്കപ്പെട്ടതുമാണ്.

2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബില്ലിൽ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ ഒട്ടും പര്യാപ്തമല്ല. വന്യമൃഗങ്ങൾ ജനവാസമേഖലകളിൽ കടന്ന്, ആക്രമണം നടത്തി മനുഷ്യജീവനും സമ്പത്തിനും നാശനഷ്ടങ്ങൾ വരുത്തുന്ന ഘട്ടത്തിൽ മാത്രം ഇടപെടൽ നടത്താനുള്ള ചില നിർദേശങ്ങളാണ് വച്ചിട്ടുള്ളത്. എന്നാൽ, വന്യമൃഗങ്ങളുടെ ആക്രമണമുണ്ടായ ആളിന് ജീവനും സ്വത്തും നഷ്ടപ്പെട്ടതിനുശേഷം മാത്രം ഇടപെടുന്നതിനപ്പുറം ഇത്തരം ആക്രമണങ്ങളെ തടയാനുള്ള യാതൊരു നിർദേശങ്ങളും നടപടികളും ഫലപ്രദമായ വ്യവസ്ഥകളും ഈ ബില്ലിൽ പ്രതിപാദിക്കുന്നില്ല. ഇത്തരം സന്ദർഭങ്ങളിൽ ജില്ലാ കളക്ടറുടെയോ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെയോ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് മാത്രമെ ചീഫ് വൈൽഡ് ലൈഫ് വാർഡന് ഉത്തരവുമുഖേന അത്തരം മൃഗങ്ങളെ കൊല്ലുന്നതിനോ മയക്കുന്നതിനോ പിടികൂടുന്നതിനോ മറ്റൊരു സ്ഥലത്ത്

മാറ്റുന്നതിനോ അനുവാദം നൽകാൽ പാടുള്ളൂ എന്ന ബില്ലിലെ വ്യവസ്ഥയോട് യോജിക്കാൻ കഴിയില്ല. കാരണം ഈ പ്രോസസ്സിന് ദീർഘ സമയമെടുക്കുമെന്ന് മാത്രമല്ല, അത്രയും സമയം നമുക്ക് കാത്തിരിക്കാനും സാധിക്കില്ല. കാരണം അപകടത്തെ നമുക്ക് തടയാൻ സാധിക്കില്ല. അതുകൊണ്ടുതന്നെ അത് ഒട്ടും പ്രായോഗികമല്ല. ഡി.എഫ്.ഒ. അല്ലെങ്കിൽ റേഞ്ച് ഓഫീസർ തലത്തിലെങ്കിലും നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർ ഉൾപ്പെടെയുള്ളവർക്ക് പ്രാദേശികമായി വിശ്വാസയോഗ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാനുള്ള പ്രായോഗികമായ ഒരു നടപടിയെക്കുറിച്ച് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നില്ല. കാട്ടുപന്നികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കുന്നതിന് ഈ ബില്ലിൽ കൃത്യമായ വ്യവസ്ഥ ആവശ്യമാണെന്നിരിക്കെ അതൊന്നും ബില്ലിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. പൊതുസമൂഹം ആവശ്യപ്പെടുന്നതും മറ്റ് പല രാജ്യങ്ങളിലേതുംപോലെ കൊല്ലപ്പെടുന്ന ഇത്തരത്തിലെ കാട്ടുപന്നികൾ ഉൾപ്പെടെയുള്ള ക്ഷുദ്രജീവികളുടെ മാംസം ഭക്ഷ്യയോഗ്യമാക്കുന്നതിനുള്ള വ്യവസ്ഥകൂടി ഈ ബില്ലിൽ ഉൾപ്പെടുത്തേണ്ടതല്ലേ? എന്നാൽ അതൊന്നും ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ചില കാര്യങ്ങൾ വാക്കാൽ പറഞ്ഞു എന്നല്ലാതെ പ്രായോഗികമായി നടപ്പിലാക്കേണ്ട കാര്യങ്ങളൊന്നും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. വന്യമൃഗ ആക്രമണത്തിൽ മരണപ്പെടുന്ന ആശ്രിതർക്കും നാശനഷ്ടങ്ങൾക്കും മതിയായ നഷ്ടപരിഹാരം നൽകുന്നതിനുള്ള വ്യവസ്ഥകളും ആയതിനുള്ള മാനദണ്ഡങ്ങളും ഈ ബില്ലിൽ കൃത്യമായി നിർവചിക്കാൻ സാധിക്കണം. ആക്സിഡന്റ് കേസുകളിൽ പരിഹാരം കാണുന്ന മോട്ടോർ

ആക്സിഡന്റ്സ് ക്ലെയിംസ് ട്രിബ്യൂണൽ (MACT) പോലെ അർഹതയ്ക്കനുസരിച്ച് കൃത്യമായി നഷ്ടപരിഹാരം ഉറപ്പുവരുത്തുന്ന പ്രത്യേക ട്രിബ്യൂണലുകളും കോടതികളും രൂപീകരിച്ച് ഇരകളാകുന്നവർക്ക് നീതി ലഭ്യമാക്കുന്നതിനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളും ഈ ബില്ലിൽ ഉൾപ്പെട്ടിട്ടില്ല എന്നതാണ് യാഥാർഥ്യം.

ശ്രീ. ടി. സിദ്ദിഖ്: സർ, '...ചീഫ് വൈൽഡ് ലൈഫ് വാർഡന്, ജില്ലാ കളക്ടറിൽ നിന്നോ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിൽനിന്നോ ഉള്ള ഒരു റിപ്പോർട്ടിന്മേൽ, കാലതാമസം കൂടാതെ രേഖാമൂലമുള്ള ഉത്തരവിലൂടെ അതിനുള്ള കാരണങ്ങൾ പ്രസ്താവിച്ചുകൊണ്ട്....' നിർദ്ദേശം നൽകാം എന്നാണ് ആക്ടിൽ പറഞ്ഞിട്ടുള്ളത്. 'കാലതാമസം' എന്നതിലെ 'കാലം' എത്രയാണ് എന്നുള്ളതാണ് പ്രധാനം. നിലവിൽ ഒരു കൂട് സ്ഥാപിക്കാൻ ഒരാഴ്ചയിലധികം സമയമെടുക്കുന്ന വനം വകുപ്പിന് 'കാലതാമസം കൂടാതെ' എന്നുപറഞ്ഞാൽ എത്ര കാലം വേണ്ടിവരും; ഈ ബിൽ മുഖേന എന്തെങ്കിലും ഉപകാരം ഉണ്ടാകണമെങ്കിൽ കാലതാമസത്തിലെ 'കാലം' എത്രയാണെന്ന് പറയണ്ടേ; 'അടിയന്തരമായി അല്ലെങ്കിൽ ഉടൻതന്നെ' എന്ന് പറയാതെ കാലതാമസം കൂടാതെ എന്ന് പറയുന്നതുതന്നെ ഈ ബിൽ ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്നതിനുവേണ്ടിയാണെന്ന് അങ്ങേയ്ക്ക് ബോധ്യമല്ലേ?

ശ്രീ. സജീവ് ജോസഫ്: സർ, ശ്രീ. ടി. സിദ്ദിഖ് സൂചിപ്പിച്ചതുപോലെ ബില്ലിൽ കൃത്യമായ ഒരു സമയപരിധിയെക്കുറിച്ച് പറയുന്നില്ല. കാലതാമസം കൂടാതെ എന്ന് പറയുമ്പോൾ അതിനൊരു ടൈം ഡെഫനിഷനില്ല. ഇപ്പോൾതന്നെ അതുമായി ബന്ധപ്പെട്ട നിരവധി പരാതികൾ ശ്രീ. എ. പി. അനിൽ കുമാർ ഉൾപ്പെടെ സൂചിപ്പിച്ചു. പലപ്പോഴും ഈ

നടപടിക്രമങ്ങൾ അല്ലെങ്കിൽ സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യുവർ വൈകാറുണ്ട്. ഇവയൊക്കെ പൂർത്തിയാകുമ്പോൾ അവിടെ നിരവധി അപകടങ്ങൾ ഉണ്ടായിട്ടുണ്ടാകും. അതുകൊണ്ടുതന്നെയാണ് ഈ ബിൽ ഒട്ടും പ്രായോഗികമല്ലെന്ന് പറയുന്നത്. മാത്രമല്ല ബില്ലിൽ ജനവാസ മേഖലയിലേക്ക് ഇറങ്ങുന്ന അക്രമകാരികളായ മൃഗങ്ങളെക്കുറിച്ചാണ് പറയുന്നത്. അതിൽ 'ജനവാസമേഖല' എന്ന വാക്കിന് 'ജനങ്ങൾ താമസിക്കുന്ന ഏതെങ്കിലും ഭൂപ്രദേശം എന്ന് അർഥമാകുന്നു' എന്നാണ് ഡെഫനിഷൻ കൊടുത്തിരിക്കുന്നത്. യഥാർഥത്തിൽ വന്യമൃഗ ആക്രമണം നടക്കുന്നത് വീടുകളിലോ പട്ടണങ്ങളിലോ മാത്രമല്ല, അവർ ജോലി ചെയ്യുന്ന കൃഷിയിടങ്ങളിലും കർഷകരുടെ അധീനതയിലുള്ള സ്ഥലത്തും അവർ യഥേഷ്ടം യാത്ര ചെയ്യുന്ന സ്ഥലങ്ങളിലും റോഡുകളിലുമൊക്കെയാണ്. ഇവിടങ്ങളിൽ കാട്ടാന ആക്രമണമുൾപ്പെടെ ഉണ്ടാകുമ്പോൾ 'ജനവാസമേഖല' എന്ന ഒരു പദപ്രയോഗം നടത്തി അതിനെ ചുരുക്കിക്കാണിക്കുന്നത് ബില്ലിന്റെ ഗുണം ഒട്ടും ലഭിക്കാത്ത സാഹചര്യത്തിലേക്കാണ് കൊണ്ടുപോകുന്നത്. ഈ നിയമം ഇപ്പോൾ ഭേദഗതി ചെയ്യുന്നതുകൊണ്ട് എത്രമാത്രം ഫലപ്രാപ്തിയുണ്ടാകുമെന്ന് ശ്രീ. മഞ്ഞളാംകുഴി അലി ഇവിടെ സൂചിപ്പിച്ചു. കഴിഞ്ഞ ഒൻപത് വർഷക്കാലമായി ആയിരത്തോളം ആളുകൾ വന്യമൃഗ ആക്രമണത്തിൽ മരണപ്പെട്ട വളരെ ദയനീയമായ സാഹചര്യമുണ്ടായ കാലഘട്ടമാണിത്. 1972-ൽ ഈ നിയമം നിർമ്മിച്ചതാണ് കുറ്റമെന്ന് ഇവിടെ ശ്രീ. ടി. ഐ. മധുസൂദനൻ പറഞ്ഞു. ഈ നിയമഭേദഗതിക്ക് ആധാരമായ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണവും എഴുതിയിട്ടുണ്ട്.

എന്നാൽ ബഹുമാനപ്പെട്ട മന്ത്രി അത് വായിച്ചില്ല. 1972-ൽ, ഏതെങ്കിലും വന്യമൃഗത്തെ വേട്ടയാടുന്നതിന് നിരോധനമില്ലാതിരുന്ന സാഹചര്യം പരിഗണിച്ചുകൊണ്ടാണ് ആക്ട് പാസ്സാക്കിയത്. വന്യമൃഗങ്ങളും പക്ഷികളും ദ്രുതഗതിയിൽ കുറയുന്നതും രാജ്യത്ത് ചില ജീവിവർഗ്ഗങ്ങൾക്ക് വംശനാശം സംഭവിച്ചതും അന്ന് നിലവിലുണ്ടായിരുന്ന സാഹചര്യം കൈകാര്യം ചെയ്യുവാൻ സംസ്ഥാന നിയമങ്ങൾ അപര്യാപ്തമായിരുന്നുവെന്ന വസ്തുതയും കേന്ദ്രസർക്കാർ പരിഗണിച്ചിട്ടുണ്ട്. ഇതൊക്കെ ഉദ്ദേശ്യകാരണങ്ങളായി ഈ ബില്ലിൽ കൃത്യമായി പറഞ്ഞിട്ടുണ്ടെങ്കിലും ബഹുമാനപ്പെട്ട ഭരണകക്ഷി അംഗങ്ങൾ അത് കാണാതെ അതിനെ രാഷ്ട്രീയവൽകരിക്കാനുള്ള ശ്രമമാണ് നടത്തിയത്. അക്കാലത്ത് പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയുടെ ഉദ്ദേശ്യലക്ഷ്യത്തെയും ഈ രാജ്യത്തിനുവേണ്ടി നടപ്പിലാക്കിയ ഒരു നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യത്തെയും ചോദ്യം ചെയ്യുന്ന വിധത്തിൽ ബഹുമാനപ്പെട്ട ഭരണകക്ഷി അംഗം ഇവിടെ സംസാരിച്ചത് ഒട്ടും ശരിയല്ല. 1972-നുശേഷം 53 വർഷം പിന്നിടുന്ന കേരളത്തിന്റെ ചരിത്രത്തിൽ, കഴിഞ്ഞ ഒൻപത് വർഷംകൊണ്ടാണ് ഇതുവരെ ഒരു സംസ്ഥാനത്തും നടക്കാത്ത രീതിയിലുള്ള, സമാനതകളില്ലാത്ത വളരെ രൂക്ഷമായ വന്യമൃഗ ആക്രമണമുണ്ടാകുന്നത്. അതിനുകാരണം കേരളത്തിലെ ഇടതുപക്ഷ സർക്കാരാണ്. കഴിഞ്ഞ രണ്ട് തവണ ഭരിച്ച സർക്കാർ വന്യമൃഗ ശല്യം തടയുന്നതിനുവേണ്ടി ക്രിയാത്മകമായ/പ്രയോഗികമായ നടപടികൾ സ്വീകരിക്കാത്തതുകൊണ്ടാണ് ഇക്കഴിഞ്ഞ ഒൻപത് വർഷക്കാലം ഇത്രയേറെ രൂക്ഷമായ വന്യമൃഗാക്രമണങ്ങൾ ഉണ്ടായത്. 2016 മുതൽ ആയിരത്തോളം ആളുകൾ വന്യമൃഗാക്രമണത്തിൽ മരണപ്പെടുകയും എണ്ണായിരത്തോളം

പേർക്ക് പരിക്കേൽക്കുകയും അയ്യായിരത്തോളം കന്നുകാലികൾ കൊല്ലപ്പെടുകയും കോടിക്കണക്കിന് രൂപയുടെ കൃഷിനാശം സംഭവിക്കുകയും ചെയ്തിട്ടും ക്രിയാത്മകമായ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കേരളത്തിൽ മറ്റേതൊരു സർക്കാരിന്റെ ഭരണകാലയളവിലും ഇത്തരത്തിൽ ഉണ്ടായിട്ടില്ലെന്നുള്ളതാണ് യാഥാർഥ്യം. മാത്രമല്ല, ഇക്കഴിഞ്ഞ ഒൻപതര വർഷക്കാലമായി നിരന്തരം വന്യമൃഗ ആക്രമണം നടക്കുമ്പോഴും ഈ ദുരന്തങ്ങളെയൊക്കെ കേവലവൽകരിച്ച്/സാമാന്യവൽകരിച്ച് സർക്കാർ നിർനിമേഷരായി നോക്കിനിൽക്കുക മാത്രമാണ് ചെയ്തത്. നമ്മുടെ നാട്ടിൻപുറങ്ങളിലെ വനാതിർത്തിയിലും മലയോര മേഖലയിലും താമസിക്കുന്ന ഏറ്റവും പാവപ്പെട്ട ആളുകളുടെ ജീവനും യുദ്ധസമാനമായ സാഹചര്യത്തിൽ ശത്രുരാജ്യത്തിന്റെ ആക്രമണത്താൽ നമ്മുടെ അതിർത്തിഗ്രാമങ്ങളിൽ പിടഞ്ഞുവീണ് വീരമൃത്യു വരിച്ച ഭടന്മാരുടെയും പൗരന്മാരുടെയും ജീവനും ഒരേ വില തന്നെയാണ്. വന്യജീവി ആക്രമണങ്ങൾ തടയാതെ, അവർക്ക് നീതി ഉറപ്പാക്കാൻ കഴിയാതെ, അത് നോക്കിനിൽക്കുന്ന പ്രവണതയാണ് നമ്മൾ കണ്ടിട്ടുള്ളത്. അതുകൊണ്ടാണ് സർക്കാരിന് ആത്മാർഥതയില്ലാത്ത സമീപനമാണെന്ന് ഞാൻ സൂചിപ്പിച്ചത്. ഈ സഭയിൽ മുമ്പ് ആറേഴുതവണ ബഹുമാനപ്പെട്ട അംഗങ്ങൾ വന്യജീവി ആക്രമണം സംബന്ധിച്ച് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ശ്രീ. സണ്ണി ജോസഫ് ഈ വിഷയവുമായി ബന്ധപ്പെട്ട് രണ്ടോ മൂന്നോ തവണ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ചിരുന്നു. ഭരണകക്ഷി അംഗങ്ങൾ ഉൾപ്പെടെ നിയമസഭയിൽ സബ്മിഷനായും ശ്രദ്ധക്ഷണിക്കലായും പ്രമേയമായും

കൂടാതെ അവരുടെ പ്രസംഗങ്ങളിലും വന്യമൃഗ ആക്രമണങ്ങളെക്കുറിച്ച് പറയുകയുണ്ടായി. ആത്മാർഥതയുണ്ടായിരുന്നെങ്കിൽ ഇക്കാര്യങ്ങളൊക്കെ അന്ന് സഭ നിർത്തിവച്ച് നമുക്ക് ചർച്ച ചെയ്യാമായിരുന്നില്ലേ? വളരെ ഗുരുതരമായ ഒരു കാര്യമല്ലേ; ആ ഘട്ടത്തിലൊന്നും നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേൽ ചർച്ച അനുവദിച്ചിരുന്നില്ല; അന്ന് കൂട്ടായ തീരുമാനമെടുക്കാനും അഭിപ്രായങ്ങൾ കേൾക്കാനും സാധിക്കുമായിരുന്നു. എന്നാൽ അതൊന്നും സർക്കാർ ചെവിക്കൊണ്ടില്ല. ആ ഘട്ടത്തിലൊക്കെ സർക്കാർ സ്വീകരിച്ച നിലപാട് എന്താണ്? സംസ്ഥാന സർക്കാരിന് അധികാരമില്ല; ഇതെല്ലാം ചെയ്യേണ്ടത് കേന്ദ്ര സർക്കാരാണ്; കേന്ദ്ര സർക്കാരിന് മാത്രമെ ഇത് ചെയ്യാൻ സാധിക്കുകയുള്ളൂ എന്നായിരുന്നു സംസ്ഥാന സർക്കാരിന്റെ നിലപാട്. ഈ സഭയിൽ നമ്മൾ പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിന് അയച്ച അവസരത്തിലും ഇക്കാര്യങ്ങളെല്ലാം കേന്ദ്രസർക്കാർ ചെയ്യണമെന്നായിരുന്നു നിങ്ങൾ പറഞ്ഞത്. സംസ്ഥാന സർക്കാരിന് ചെയ്യാൻ കഴിയുമെന്ന് ഒരിക്കലും പറഞ്ഞിട്ടില്ല. ഇത് ആത്മാർഥമായി നടപ്പിലാക്കാനുള്ള ഒരു ബില്ലാണെങ്കിൽ, ഒൻപതര വർഷക്കാലം കഴിയുന്നതിനുമുൻപ് ഈ സർക്കാരിന് ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കാനും നടപ്പിലാക്കാനും സാധിക്കുമായിരുന്നില്ലേ; അതിനുവേണ്ടി പരിശ്രമിക്കാൻ സാധിക്കില്ലായിരുന്നോ; മരണം തുടർക്കഥയായപ്പോഴും ആയിരങ്ങൾ മരണപ്പെട്ടപ്പോഴും ചെയ്യാൻ കൂട്ടാക്കാത്തൊരു കാര്യം ഇപ്പോൾ ഈ തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് എന്തിനുവേണ്ടി അവതരിപ്പിച്ചു എന്നതിന്റെ കാരണം സംബന്ധിച്ച് കൂടുതലൊന്നും ആലോചിക്കേണ്ടതില്ല. നിലമ്പൂരിലെ തിരഞ്ഞെടുപ്പ് ഫലം സർക്കാരിന്റെ ആലോചനകൾക്കും

ചിന്തകൾക്കും പാത്രീഭവിച്ചിട്ടുണ്ട്. കാരണം, അത്രയേറെ ശക്തമായ ജനവികാരമാണ് മലയോര മേഖലയിലുള്ളത്. അതുകൊണ്ട് അന്നൊന്നും ചർച്ച ചെയ്യപ്പെടാത്ത വിഷയം ഇപ്പോൾ പരിഗണിക്കുന്നതിൽ ആത്മാർഥതയില്ല. വന്യമൃഗ ആക്രമണം തടയുന്നതിനായി ബജറ്റിൽ അനുവദിച്ച പരിമിതമായ ഫണ്ട് അപര്യാപ്തമാണെന്ന് അന്ന് ഞങ്ങൾ സൂചിപ്പിച്ചിട്ടും കൂടുതൽ ഫണ്ട് അനുവദിച്ചില്ലെന്ന് മാത്രമല്ല, അനുവദിച്ച ഫണ്ട് ചെലവഴിച്ചിട്ടുമില്ല. കേന്ദ്ര സർക്കാർ നൽകിയ ഫണ്ടും ചെലവഴിച്ചിട്ടില്ല. ചുരുക്കിപ്പറഞ്ഞാൽ എം.എൽ.എ.-മാർ ഇതിനുവേണ്ടി മാറ്റിവച്ച ഫണ്ടുപോലും ചെലവഴിക്കാൻ നമ്മുടെ ഡിപ്പാർട്ട്മെന്റിന് സാധിച്ചിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിലെ ഉദയഗിരി പഞ്ചായത്ത് ഭരിക്കുന്നത് ഇടതുപക്ഷ മുന്നണിയാണ്. വന്യമൃഗ ആക്രമണം തടയാൻ ആ പഞ്ചായത്തിന് തനത് ഫണ്ടില്ലാത്തതിനാൽ എം.എൽ.എ. ഫണ്ട് അനുവദിക്കണമെന്ന് പറഞ്ഞു. തുടർന്ന് ആ പഞ്ചായത്തിന് എം.എൽ.എ. ഫണ്ട് അനുവദിച്ച്, രണ്ടുമൂന്ന് വർഷം പൂർത്തിയായിട്ടും ഇപ്പോൾപോലും അത് ചെലവഴിക്കാൻ വനം വകുപ്പിന് സാധിക്കുന്നില്ല. എം.എൽ.എ. ഫണ്ട് മാത്രമല്ല, ഒരു ഫണ്ടും ചെലവഴിക്കാൻ സാധിക്കുന്നില്ല. ഫെൻസിങ്ങോ, പ്രതിരോധ സംവിധാനങ്ങളോ ആനവേലി സംവിധാനങ്ങളോ ഒന്നുംതന്നെ അവിടെ നടപ്പാക്കാനുള്ള ക്രിയാത്മകമായ യാതൊരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല. അതുകൊണ്ടാണ് സർക്കാരിന് ഒട്ടും ആത്മാർഥതയില്ലാത്ത സമീപനമാണെന്ന് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ഈ പ്രശ്നങ്ങളൊക്കെ തുടരുമ്പോഴും അതിനുള്ള പരിഹാര നടപടി സർക്കാർ സ്വീകരിക്കുന്നില്ല. മാസങ്ങൾക്കുമുമ്പ് കേരള വന നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് ഒരു നീക്കം

നടത്തിയിരുന്നു. ജനങ്ങൾക്കുവേണ്ടിയുള്ള ഒരു ബില്ലായിരിക്കുമെന്നാണ് എല്ലാവരും കരുതിയത്. പൊതുവെ വനംവകുപ്പ് ഉദ്യോഗസ്ഥരെകൊണ്ട് പൊറുതിമുട്ടിയ ജനങ്ങളുടെ മുന്നിൽ, ഈ ഉദ്യോഗസ്ഥർക്ക് കൂടുതൽ അധികാരം നൽകിക്കൊണ്ട് സംസ്ഥാനത്ത് ഫോറസ്റ്റ് രാജ് നടപ്പിലാക്കാനുള്ള ശ്രമമാണ് സർക്കാർ ബില്ലിലൂടെ ഉദ്ദേശിച്ചിരിക്കുന്നതെന്ന് ആ ബിൽ പരിശോധിച്ചപ്പോഴാണ് മനസ്സിലായത്. ശക്തമായ ജനപ്രതിഷേധം ഉണ്ടായി. വന്യമൃഗശല്യം തടയാൻ നടപടി സ്വീകരിക്കണമെന്നും ഈ പ്രശ്നത്തിൽ ഇടപെടണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ നടത്തിയ മലയോര യാത്ര കേവലം ഒരു രാഷ്ട്രീയ പരിപാടിയായിരുന്നില്ല. ഈ വിഷയം അത്രയേറെ ഗൗരവത്തിലെടുത്ത് അത് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് വേണ്ടിയാണ് കേരളത്തിന്റെ ചരിത്രത്തിൽ അങ്ങനെയൊരു മലയോര യാത്ര നടത്തിയത്. ആ ഘട്ടത്തിലൊന്നും സർക്കാർ അനുകൂല നിലപാട് സ്വീകരിച്ചില്ല. 1961-ലെ കേരള വനം നിയമത്തിലും ആവശ്യമായ കാര്യങ്ങളൊന്നും പ്രതിപാദിച്ചിട്ടില്ല. റവന്യൂ ഭൂമിയും വനഭൂമിയും കൃത്യമായി വേർതിരിച്ച് കർഷകർക്ക് സുരക്ഷ ഒരുക്കുന്ന വ്യവസ്ഥ ഉറപ്പാക്കുകയായിരുന്നു ആദ്യം ചെയ്യേണ്ടിയിരുന്നത്. അത് ചെയ്യുന്നതിനുപകരം ഉദ്യോഗസ്ഥർക്ക് അമിതാധികാരം നൽകുന്ന നടപടിയാണ് സ്വീകരിച്ചത്. ഫോറസ്റ്റ് ഉദ്യോഗസ്ഥർ എന്ന നിർവചനത്തിൽ ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത സംഭവമാണ് നമ്മൾ ഇവിടെ കണ്ടത്. ഉയർന്ന ഫോറസ്റ്റ് ഉദ്യോഗസ്ഥരോടൊപ്പം വാച്ചർക്കും സർക്കാർ നിയോഗിക്കുന്ന താൽക്കാലിക ഉദ്യോഗസ്ഥർക്കും അമിതാധികാരം നൽകുന്ന നടപടിയാണ് ഈ ബില്ലിലൂടെ ഉണ്ടായിട്ടുള്ളത്.

അതുകൊണ്ട് ഈ ബിൽ ദുരുപദിഷ്ടമാണെന്നുകൂടി സൂചിപ്പിക്കുന്നു. ഇന്ന് ഈ ബിൽ ഭരണകക്ഷിയുടെ ഭൂരിപക്ഷംകൊണ്ട് പാസ്സാക്കാൻ സാധിക്കുമായിരിക്കും. പക്ഷേ, ഈ ബില്ലിന്റെ ഭാവി എന്തായിരിക്കും? ആർട്ടിക്കിൾ 254 കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുന്നതും കേന്ദ്രത്തിനുകൂടി അധികാരം ലഭിക്കുന്നതുമായ ഒരു വിഷയമായതുകൊണ്ടും കേന്ദ്ര നിയമത്തിന് കടകവിരുദ്ധമായ ഒരു നിയമമെന്ന നിലയിൽ മാത്രമെ ഇത് കേന്ദ്രസർക്കാർ കണക്കാക്കുകയുള്ളൂ. എന്നിരുന്നാലും കേരളത്തിന്റെ പൊതുവികാരം അറിയിക്കുമ്പോൾ അനുകൂലമായ തീരുമാനമുണ്ടാകട്ടെയെന്ന് നമ്മൾ ആഗ്രഹിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു. പക്ഷെ ഇതിന്റെയെല്ലാം പ്രയോഗികമായ ബുദ്ധിമുട്ട് സർക്കാരിന് അറിയാം. നിലവിൽ നിയമങ്ങൾ ഇല്ലാത്തതുകൊണ്ടല്ല, ആ നിയമങ്ങൾ നടപ്പാലാക്കാത്തതുകൊണ്ടാണ് കേരളത്തിൽ പ്രശ്നങ്ങൾ രൂക്ഷമായിക്കൊണ്ടിരിക്കുന്നത്. ആക്രമണകാരികളായ വന്യമൃഗങ്ങളെ വേട്ടയാടാനും കൊല്ലുന്നതിനും നിലവിൽ നിയമം അനുവദിക്കുന്നുണ്ട്. 'അത്തരം സാഹചര്യങ്ങളിൽ രേഖാമൂലമുള്ള ഉത്തരവിലൂടെ കാരണങ്ങൾ പ്രസ്താവിച്ചുകൊണ്ട് അങ്ങനെയുള്ള മൃഗത്തെ കൊല്ലുന്നതിനോ മയക്കുന്നതിനോ പിടികൂടുന്നതിനോ....' വന്യജീവി സംരക്ഷണം (കേരള ഭേദഗതി) നിയമത്തിലെ സെക്ഷൻ 11(2)-ൽ കൃത്യമായി പറയുന്നുണ്ട്. പുതിയ കാര്യങ്ങളൊന്നും ഈ ബില്ലിലൂടെ കേരളത്തിന് നൽകാൻ സാധിക്കുകയില്ല. പീരുമേട്ടിൽ ഒരു ഫോറസ്റ്റ് ഉദ്യോഗസ്ഥനെ ആക്രമിച്ച കടുവയെ വെടിവച്ച് കൊന്നപ്പോൾ കേസെടുത്തില്ല. പക്ഷെ സ്വയംരക്ഷയ്ക്കുവേണ്ടി മൃഗങ്ങളെ നേരിട്ട നിരവധി സാധാരണക്കാർക്കെതിരെ കേസെടുത്തു. അങ്ങനെയുള്ള ഇരട്ടത്താപ്പ് സമീപനമാണ് പല

ജില്ലകളിലും പല സ്ഥലങ്ങളിലും വനംവകുപ്പ് സ്വീകരിക്കുന്നത്. എല്ലാ സംസ്ഥാനങ്ങളിലും വനം വകുപ്പുണ്ട്. അവിടെയുള്ള വനം വകുപ്പുമന്ത്രിമാർ അധികാരം കൃത്യമായി ഉപയോഗപ്പെടുത്താറുണ്ട്. പക്ഷേ കേരളത്തിൽ മാത്രം ഇത്തരത്തിൽ ആയിരങ്ങൾ പിടഞ്ഞുവീണ് മരിക്കുമ്പോഴും സർക്കാർ നോക്കിനിൽക്കുകയാണ്. തമിഴ്നാട്ടിലും കർണാടകയിലും ആന്ധ്രാപ്രദേശിലും മറ്റ് സംസ്ഥാനങ്ങളിലും ഫോറസ്റ്റ് ഉദ്യോഗസ്ഥരെ നിലയ്ക്ക് നിർത്താനുള്ള ത്രാണി അവിടത്തെ ഭരണകൂടങ്ങൾ കാണിച്ചിട്ടുണ്ട്. കഴിഞ്ഞ 9 വർഷക്കാലമായി ഇവിടെ നാഥനില്ലാ കളരിയാണ്. ആ പ്രതിസന്ധി പരിഹരിക്കാൻ, സർക്കാരിനെതിരെയുള്ള വിമർശനവും പ്രതിഷേധവും മറികടക്കാൻവേണ്ടിയുള്ള ഒരു സൂത്രവാക്യം മാത്രമാണ് ഈ ബില്ലുകൾ. ഈ ബില്ലിൽ ക്രിയാത്മകമായ നിർദേശങ്ങൾ കൂട്ടിച്ചേർത്ത് കേരളത്തിലെ ജനങ്ങൾ നേരിടുന്ന രൂക്ഷമായ പ്രതിസന്ധി പരിഹരിക്കാൻ, വന്യമൃഗ ശല്യം തടയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സർക്കാർ മുൻകൈയെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

**[4.00 PM]**

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഈ ബിൽ പാസ്സാക്കിയിട്ട് കാര്യമുണ്ടോ എന്നും പ്രത്യേകിച്ച് ഗുണമുണ്ടോ എന്നും പ്രതിപക്ഷം ചോദിക്കുകയുണ്ടായി. നമ്മുടെ ഭരണഘടന നിലവിൽവന്ന ഘട്ടത്തിൽ വനവും വന്യജീവി സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ സ്റ്റേറ്റ് ലിസ്റ്റിൽ 19-ഉം 20-ഉം എൻട്രി ആയാണ് ഉൾപ്പെടുത്തിയിരുന്നത്. അതിനുശേഷം 1972-ലാണ് പാർലമെന്റ് ഇപ്പോഴുള്ള വന്യജീവി

(സംരക്ഷണം) നിയമം പാസ്സാക്കുന്നത്. പാർലമെന്റിന് ലെജിസ്ലേറ്റീവ് കോമ്പീറ്റൻസി ഇല്ലെങ്കിലും ഭരണഘടനയുടെ അനുച്ഛേദം 252 പ്രകാരം രണ്ടിലധികം സംസ്ഥാനങ്ങൾ ആവശ്യപ്പെടുകയാണെങ്കിൽ ആ സംസ്ഥാനങ്ങൾക്കാകെ ബാധകമാകുന്ന നിയമം വേണമെങ്കിൽ പാർലമെന്റിന് പാസ്സാക്കാം. ഏഴോ എട്ടോ സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടാണ് 1972-ൽ ഈ നിയമം പാസ്സാക്കുന്നത്. എന്നാൽ കേരളം അത് ആവശ്യപ്പെട്ടിരുന്നില്ല. കേരള നിയമസഭ പിന്നീട് അത് അംഗീകരിച്ചോ ഇല്ലയോ എന്ന് എനിക്ക് വ്യക്തമായി അറിയില്ല. 1976-ലെ അടിയന്തരാവസ്ഥ കാലഘട്ടത്തിൽ 42-ാം ഭരണഘടനാ ഭേദഗതി കൊണ്ടുവന്നപ്പോൾ സ്റ്റേറ്റ് ലിസ്റ്റിലുണ്ടായിരുന്ന പല വിഷയങ്ങളും കൺകറന്റ് ലിസ്റ്റിലേക്ക് മാറി. അങ്ങനെയാണ് ഈ രണ്ട് വിഷയങ്ങളും കൺകറന്റ് ലിസ്റ്റിൽ 17(എ) യും 17(ബി) യും ആയി ഉൾപ്പെടുത്തിയത്. കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയതിനാൽ സംസ്ഥാന നിയമസഭയ്ക്കും പാർലമെന്റിനും നിയമം പാസ്സാക്കാവുന്നതാണ്. ഭരണഘടനയുടെ 254-ാം അനുച്ഛേദപ്രകാരം കേന്ദ്ര-സംസ്ഥാന നിയമങ്ങൾ തമ്മിൽ വൈരുധ്യമുണ്ടായാൽ പാർലമെന്റ് പാസ്സാക്കുന്ന നിയമമാണ് നിലനിൽക്കുക എന്നത് വസ്തുതയാണ്. എന്നാൽ സംസ്ഥാന നിയമസഭകൾക്ക് ഭേദഗതി കൊണ്ടുവരാം. CrPC, Evidence Act, Right to Property Act, IPC തുടങ്ങിവയിലെല്ലാം തന്നെ നമ്മുടെ നിയമസഭ ഭേദഗതികൾ പാസ്സാക്കിയിട്ടുണ്ട്. കേന്ദ്ര വന്യജീവി (സംരക്ഷണം) നിയമത്തിൽ ആസ്സാം നിയമസഭ ഭേദഗതി പാസ്സാക്കിയിട്ടുണ്ട്. അതുപോലെ ജെല്ലിക്കെട്ടുമായി ബന്ധപ്പെട്ട് Prevention of Cruelty to Animals എന്ന നിയമത്തിൽ തമിഴ്നാട് നിയമസഭയും നിയമം പാസ്സാക്കിയിട്ടുണ്ട്. നിയമം

പാസ്സാക്കുന്നതിനുള്ള അധികാരം പൂർണ്ണമായും സംസ്ഥാന നിയമസഭയ്ക്കുണ്ട്. അത്തരത്തിൽ പാസ്സാക്കുന്ന നിയമം പ്രസിഡന്റിന്റെ അംഗീകാരം നേടേണ്ടതുണ്ട്. എന്നാൽ പാർലമെന്റ് ഈ വികാരം ഉൾക്കൊണ്ട് നേരത്തെ നിയമം പാസ്സാക്കേണ്ടതായിരുന്നു. അതാണ് കേരള നിയമസഭ ഉപക്ഷേപത്തിലൂടെ ആവശ്യപ്പെട്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വനം-വന്യജീവി വകുപ്പുമന്ത്രിയും ആവശ്യപ്പെട്ടെങ്കിലും കേന്ദ്ര സർക്കാർ അങ്ങനെയൊരു നിലപാട് സ്വീകരിക്കാത്ത ഘട്ടത്തിലാണ് ഈ ഒരു ഭേദഗതി അനിവാര്യമായി വരുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. കൺകറന്റ് ലിസ്റ്റിലുള്ള ഒരു വിഷയത്തിൽ ഭേദഗതി കൊണ്ടുവരാനുള്ള ലീഗൽ കോമ്പീറ്റൻസി ഹൗസിനുണ്ട്. എന്നാൽ ഈ വിഷയത്തിൽ സെൻട്രൽ ആക്ട് നിലനിൽക്കുമ്പോൾ അതിന് വിരുദ്ധമായ പ്രൊവിഷൻസ് ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ഭേദഗതി സംസ്ഥാനം പാസ്സാക്കിയാൽ അത് നിലനിൽക്കുമോ? സെൻട്രൽ വൈൽഡ് ലൈഫ് (പ്രൊട്ടക്ഷൻ) ആക്ടിലെ പ്രൊസീഡ്യുവർ അനുസരിച്ച് രണ്ടോ മൂന്നോ നടപടിക്രമങ്ങൾ കഴിഞ്ഞാൽ മാത്രമെ വന്യജീവികളെ വെടിവയ്ക്കാൻ പാടുള്ളൂ. ആദ്യം അവയെ പിടികൂടാനും കൂട്ടിലാക്കാനും കഴിയുമോ എന്ന് നോക്കണം. ഈ ശ്രമങ്ങളൊക്കെ പരാജയപ്പെട്ടാൽ മാത്രമെ സെൻട്രൽ ആക്ടിലെ വ്യവസ്ഥപ്രകാരം വെടിവയ്ക്കാൻ സാധിക്കുകയുള്ളൂ. സെൻട്രൽ ആക്ടിലെ പ്രൊസീഡ്യുവറിന് വിരുദ്ധമായി സംസ്ഥാന നിയമസഭ നിയമം പാസ്സാക്കിയാൽ ആർട്ടിക്കിൾ 254 ബാധകമാകും. എന്നിരുന്നാലും ഡോമിനേറ്റ് ചെയ്ത് നിൽക്കുന്നത് പാർലമെന്റ് പാസ്സാക്കിയ നിയമം ആയിരിക്കും. നിങ്ങളുടെ

ഉദ്ദേശ്യം ഞങ്ങൾക്ക് മനസ്സിലായി. നിയമസഭ ഈ ബിൽ പാസ്സാക്കി ഗവർണ്ണറുടെ അംഗീകാരത്തിനായി അയയ്ക്കും, അവിടെ കുറച്ച് നാൾ അത് വച്ചിരിക്കും, അതിനുശേഷം അത് പ്രസിഡന്റിന് അയയ്ക്കും, അവിടെയും കുറച്ചുനാൾ വച്ചുകൊണ്ടിരിക്കും, അപ്പോഴേയ്ക്കും ഇലക്ഷൻ ഡിക്ലയർ ചെയ്യും. ചുരുക്കത്തിൽ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നതുപ്രകാരം വെടി വയ്ക്കാനുള്ള നിയമം പാസ്സാക്കിയെന്ന് സംസ്ഥാന സർക്കാരിന് പറയുകയും ചെയ്യാം; എന്നാൽ ബിൽ തത്വത്തിൽ പാസ്സാക്കാൻ മാത്രമെ കഴിയുകയുള്ളൂ; ഭേദഗതി കൊണ്ടുവരാൻ സംസ്ഥാന നിയമസഭയ്ക്ക് അധികാരമുണ്ടെങ്കിലും സെൻട്രൽ ആക്ട് ഡോമിനേറ്റ് ചെയ്ത് നിൽക്കുമെന്നുള്ള യാഥാർഥ്യം നിയമപ്രശ്നമായി തുടരുന്നതാണ്.

<u>ശ്രീ. പി. രാജീവ്</u>: സർ, സെൻട്രൽ ആക്ടിന് ഭേദഗതി കൊണ്ടുവരുമ്പോൾ അതിൽ വ്യത്യസ്തത ഉണ്ടെങ്കിൽപോലും പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചാൽ ആ ഭേദഗതി ഏത് നിയമസഭയാണോ പാസ്സാക്കുന്നത് ആ സംസ്ഥാനത്തിന് ബാധകമായിരിക്കും. ഇതുസംബന്ധിച്ച് ആർട്ടിക്കിൾ 254(2)-ൽ വ്യക്തമായി പറയുന്നുണ്ട്. പിന്നീട് പാർലമെന്റിന് വേണമെങ്കിൽ അതിനെ ഓവർ റൂൾ ചെയ്യാവുന്ന പുതിയ നിയമം കൊണ്ടുവരാം. അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ഈ നിയമം പാസ്സാക്കി കഴിഞ്ഞ് എന്തെങ്കിലും തടസ്സം വന്നാൽ നമ്മൾ ഒന്നിച്ച് നിൽക്കണം. ഈ നിയമസഭ പാസ്സാക്കുന്ന ഒരു നിയമം ഗവർണ്ണർ പിടിച്ചുവച്ചാൽ നമ്മൾ ഒന്നിച്ച് നിൽക്കണം, അടിയന്തരമായിത്തന്നെ പ്രസിഡന്റിന് അയപ്പിക്കണം. ഇക്കാര്യത്തിൽ നിങ്ങൾക്കാണ് ഞങ്ങളെക്കാൾ കൂടുതൽ കാര്യം ചെയ്യാൻ സാധിക്കുന്നത്. കാരണം കൂടുതൽ പാർലമെന്റ് അംഗങ്ങൾ ഉള്ളത് നിങ്ങൾക്കാണ്. നിങ്ങൾ

ഉത്തരവാദിത്വം ഏറ്റെടുത്താൽ ഞങ്ങളും അതിനോടൊപ്പം ചേർന്ന് ഡൽഹിയിലേക്ക് വരാൻ തയ്യാറാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, നിയമത്തെ ഞങ്ങൾ എതിർക്കുന്നില്ല, അത് പാസ്സാക്കണം. പക്ഷേ നിയമപരമായി ഇത് നിലനിൽക്കുമോ ഇല്ലയോ എന്നുള്ള ചോദ്യമുണ്ട്. അതിനെക്കുറിച്ച് ഞങ്ങൾക്ക് പറയാതിരിക്കാൻ കഴിയില്ല. കണ്ണിൽ പൊടിയിടാനുള്ള ഒരു സംഭവമായി ഇത് മാറാതിരിക്കണം. There is a legal issue. കൈയടിച്ചതുകൊണ്ട് ആ പ്രശ്നം ഇല്ലാതാവുകയില്ല.

ശ്രീ. പി. രാജീവ്: സർ, നിയമപരമായി പരിശോധിച്ചാൽ പല കാര്യങ്ങളുമുണ്ട്. മൂഗം കാട്ടിനകത്താണ്; അവ പുറത്തേക്ക് കടക്കുന്ന കാര്യങ്ങളുൾപ്പെടെ വ്യഖ്യാനിക്കേണ്ട കുറെ ഭാഗങ്ങളുണ്ട്. നമുക്ക് ഒന്നിച്ച് ശ്രമിക്കാം. നിങ്ങൾ പാർലമെന്റിൽ ശക്തമായി നിൽക്കണം. ഞങ്ങളും അവിടേയ്ക്ക് വരാം. ഈ ബില്ലിന് അംഗീകാരം നേടിയെടുക്കാൻ നമുക്ക് പരമാവധി ശ്രമിക്കാം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, കേരളത്തിലെ മഹാഭ്രരിപക്ഷം ജനങ്ങളെ സാരമായി ബാധിക്കുന്ന ഒരു പ്രശ്നം സംബന്ധിച്ചാണ് ഇന്ന് ചർച്ച ചെയ്തത്. അതിൽ സ്വഭാവികമായും അനുകൂലമായും പ്രതികൂലമായുമുള്ള അഭിപ്രായങ്ങളും നിർദേശങ്ങളുമുണ്ടാകും. ഈ ചർച്ചയുടെ ഉദ്ദേശ്യവും അതുതന്നെയാണ്. ആ അർഥത്തിൽ ഇന്ന് ക്രിയാത്മകമായ ചർച്ചയാണ് നടന്നത്. 2025-ലെ കേരള വന (ഭേദഗതി) ബില്ലിൽ

വരുത്തിയിട്ടുള്ള മാറ്റമാണ് ഒന്നാമത്തെ പ്രശ്നമായി ഇവിടെ ചർച്ച ചെയ്യപ്പെട്ടത്. കർഷകർ സ്വന്തം പുരയിടത്തിൽ വച്ചുപിടിപ്പിച്ചതോ സ്വമേധയാ വളർന്നുവന്നതോ ആയ ചന്ദന മരങ്ങൾ മുറിക്കുന്നതിനുള്ള നിയന്ത്രണങ്ങളിൽ ഇളവ് വരുത്തുക എന്നതാണ് പ്രധാനമായും ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുന്നത്. ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. എ. പി. അനിൽ കുമാർ ഉന്നയിച്ചത്, എന്തിനാണ് 'വനം ഉദ്യോഗസ്ഥർ' എന്ന പദവി ബില്ലിൽ നിർണ്ണയിച്ചിരിക്കുന്നത് എന്നാണ്. അങ്ങനെ വരുമ്പോൾ വാച്ചർക്കും ഈ അധികാരം കിട്ടുകയില്ലേ എന്ന സന്ദേഹമാണ് അദ്ദേഹം ഉയർത്തിയത്. 1961-ലാണ് കേരള വന നിയമം പാസ്സാക്കിയത്. ആ നിയമത്തിൽ ഇന്നുവരെ ഒരു മാറ്റവും ഉണ്ടായിട്ടില്ല. ആ നിയമത്തിൽ ആർക്കൊക്കെ എന്തൊക്കെ അധികാരങ്ങളാണോ ഉള്ളത് അതിലൊന്നും ഒരു മാറ്റവും വരുത്തിയിട്ടില്ല. എന്നാൽ അതിൽ മാറ്റം വേണമെന്ന നിർദേശം ഇവിടെ വരികയുണ്ടായി. വാച്ചർക്ക് ഇപ്പോൾ നിർണ്ണയിക്കപ്പെട്ടിട്ടുള്ള അധികാരം നൽകേണ്ടതുണ്ടോ ഇല്ലയോ എന്നത് സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ തുറന്ന മനസ്സോടെ പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, സ്റ്റാറ്റസ് വരുന്നുവെന്നല്ലാതെ വാച്ചറുടെ അധികാരത്തിൽ വ്യത്യാസം വരുന്നില്ലല്ലോ? സിവിൽ പോലീസ് ഓഫീസർ എന്നു പറയുന്നതുപോലെ ഇത് വാച്ചർക്ക് നൽകുന്നൊരു സ്റ്റാറ്റസ് മാത്രമാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഈ ബില്ലിലെ ഖണ്ഡം 2(സി)-ൽ അഡീഷണലായി

ചേർത്തൊരു കാര്യത്തെക്കുറിച്ചാണ് ഞാൻ സൂചിപ്പിച്ചത്. ഇക്കാര്യം സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചതിനെ വളരെ പോസീറ്റാവായി കാണുന്നു. ആ രീതിയിൽ ഈ ബില്ലിൽ മാറ്റം വരുത്തിയെങ്കിൽ നന്നായിരുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതിനെ നിഷേധിച്ചതല്ല, അക്കാര്യത്തിൽ വ്യക്തത വരുത്താനാണ് ഞാൻ ശ്രമിച്ചത്. ഇതുസംബന്ധിച്ച് കൂടുതൽ വ്യക്തത ആവശ്യമാണെങ്കിൽ തീർച്ചയായും അക്കാര്യം സബ്ജക്ട് കമ്മിറ്റി മുമ്പാകെ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് യാതൊരു മടിയുമില്ല. 'ഞാൻ പിടിച്ച മുയലിന് മൂന്ന് കൊമ്പ്' എന്ന രീതിയിലുള്ള വാശിയും എനിക്കില്ല. ആദ്യത്തെ ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് വലിയ അഭിപ്രായ വ്യത്യാസങ്ങളുണ്ടായില്ല; ചന്ദനമരം മുറിക്കുന്നതിനും വിൽക്കുന്നതിനുമുള്ള വ്യവസ്ഥകളുടെ കാര്യത്തിൽ അംഗങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായ അനുകൂലമായ പ്രതികരണത്തെ ഞാൻ സ്വാഗതം ചെയ്യുന്നു.

2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബില്ലിന്മേൽ വലിയ വാദപ്രതിവാദം ഉണ്ടാകില്ലെന്നാണ് ഞാൻ കരുതിയത്. എന്നാൽ വാദപ്രതിവാദം ഉണ്ടായത് അതിന്മേലാണ്. ദയവായി അംഗങ്ങൾ ശ്രദ്ധിക്കേണ്ട ഒരു കാര്യം, ഈ ബില്ലിനെ അനുകൂലിക്കുകയും കേന്ദ്ര ഗവൺമെന്റ് ചെയ്തതുപോലെ Chief Wildlife Warden-ന് അധികാരമുണ്ടെന്ന് പറയുകയും ചെയ്യുന്നത്, 'ഒരുതുള്ളി ചോരപോലും പൊടിയാതെ ഒരു റാത്തൽ ഇറച്ചി വെട്ടിയെടുക്കണം' എന്ന തരത്തിലുള്ള നയം സ്വീകരിക്കുന്നതുപോലെയാണ്; അതുകൊണ്ടുതന്നെ ഇത്തരത്തിലൊരു നയം സ്വീകരിക്കുന്നത് ശരിയല്ല; അതിൽ തെറ്റായ

ഒരു സന്ദേശമുണ്ട്. പ്രതിപക്ഷം ഈ ബില്ലിനെ ഒരു തമാശ എന്ന നിലയിലാണ് കാണുന്നതെങ്കിൽ കേന്ദ്ര സർക്കാരിന് അതൊരു സന്ദേശമാകും. ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് ചൂണ്ടിക്കാണിച്ചതുപോലെ ഈ വിഷയത്തിൽ ഒറ്റക്കെട്ടായ നിലപാട് നാം സ്വീകരിക്കണം. കേന്ദ്ര നിയമത്തിന് വിരുദ്ധമായി ഒരു നിയമം പാസ്സാക്കാൻ സംസ്ഥാനങ്ങൾക്ക് അധികാരമില്ല. അതുകൊണ്ട് Chief Wildlife Warden-നുള്ള അധികാരം ഇല്ലായ്മ ചെയ്യുന്ന ഒരു വകുപ്പ് ഈ ബില്ലിൽ ഉൾപ്പെടുത്തുന്നത് കേന്ദ്ര നിയമത്തിനെതിരാകുന്നതാണ്. അപ്രകാരം ചേർക്കുന്നത് ശരിയല്ലാത്തതുകൊണ്ടാണ് ആ അധികാരം നിലനിർത്തിക്കൊണ്ട് ബില്ലിലെ നിബന്ധനകൾക്ക് ഇളവ് നൽകുന്ന വിധത്തിലുള്ള ഒരു ഭേദഗതി കൊണ്ടുവന്നത്. കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച Chief Wildlife Warden-ന്റെ അധികാരത്തെ സംസ്ഥാന സർക്കാർ വെല്ലുവിളിക്കുന്നില്ല. ആ അധികാരത്തെ അംഗീകരിച്ചുകൊണ്ടുതന്നെ SOP (Standared Operating Procedures)-ൽ ഭേദഗതി വരുത്തിയാൽ വളരെ വേഗത്തിൽ നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകാൻ കഴിയുമെന്ന കാഴ്ചപ്പാടുള്ളതുകൊണ്ടാണ് ഇത്തരത്തിലൊരു ഭേദഗതി നിർദ്ദേശിക്കാൻ തീരുമാനിച്ചത്. അല്ലാതെ ഇത് തിരഞ്ഞെടുപ്പ് ലക്ഷ്യമാക്കി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ കൊണ്ടുവന്ന ഒരു ബില്ലാണെന്ന തരത്തിലുള്ള സന്ദേശമുണ്ടാക്കുന്നത് നിങ്ങൾ പ്രകടിപ്പിച്ച പിന്തുണയുടെ നേരെ വിപരീത ഫലമേ ഉണ്ടാക്കുകയുള്ളൂവെന്ന് സ്നേഹപൂർവ്വം ധരിപ്പിക്കാൻ ആഗ്രഹിക്കുന്നു. വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് നിരവധി കണക്കുകൾ ഇവിടെ സൂചിപ്പിച്ചു. വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കും കൊല്ലപ്പെട്ടവരുടെ ആശ്രിതർക്കും ഉൾപ്പെടെ

ധാരാളം പേർക്ക് നഷ്ടപരിഹാരം നൽകാനുള്ളത് സംബന്ധിച്ചും മരണനിരക്ക് വല്ലാതെ വർധിക്കുന്നതിനെക്കുറിച്ചും ചൂണ്ടിക്കാണിക്കുകയുണ്ടായി. 2016-17-ൽ 239 ലക്ഷം രൂപയും 2017-18-ൽ 198 ലക്ഷം രൂപയും 2018-19-ൽ 242 ലക്ഷം രൂപയും 2020-21-ൽ 270 ലക്ഷം രൂപയും 2021-22-ൽ 444 ലക്ഷം രൂപയും 2022-23-ൽ 337 ലക്ഷം രൂപയും 2023-24-ൽ 709 ലക്ഷം രൂപയും 2024-25-ൽ 797 ലക്ഷം രൂപയും 2025-26-ൽ ഇന്നുവരെ 86 ലക്ഷം രൂപയുമാണ് വന്യമൃഗ ആക്രമണത്തിൽ ജീവഹാനി സംഭവിച്ചവർക്കുള്ള ആശ്രിതർക്ക് നഷ്ടപരിഹാരമായി നൽകിയത്. പരിക്കേറ്റവർക്കുള്ള നഷ്ടപരിഹാരമായി ഇതുവരെ 2991 ലക്ഷം രൂപ നൽകിയിട്ടുണ്ട്. അങ്ങനെ 95 ശതമാനം ആളുകൾക്കുമുള്ള നഷ്ടപരിഹാരത്തുക ഇതിനോടകം കൊടുത്തുതീർത്തിട്ടുണ്ട്. ശരിയായ പിന്തുടർച്ചാവകാശ രേഖ ഹാജരാക്കാൻ കഴിയാത്തവരുടെ കാര്യത്തിലാണ് കുടിശ്ശികയുള്ളത്. ഇപ്രകാരമല്ലാതെ മറ്റാർക്കെങ്കിലും കുടിശ്ശിക നൽകാനുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ ഉടനെ പരിഹരിക്കാൻ ശ്രമിക്കുന്നതാണ്. എന്നാൽ നാളിതുവരെ ആരും അത്തരത്തിലുള്ള അപേക്ഷ നൽകിയിട്ടില്ല. ശ്രീ. ടി. ഐ. മധുസൂദനൻ, എം.എൽ.എ.-യുടെ മണ്ഡലത്തിൽ കർണ്ണാടകയിലെ വനവുമായി ബന്ധപ്പെട്ട പ്രശ്നമുണ്ടെന്ന് സൂചിപ്പിച്ചു; അക്കാര്യം അടിയന്തരമായി പരിശോധിച്ച് നടപടി സ്വീകരിക്കും. വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് മരണം വല്ലാതെ വർധിക്കുന്നുണ്ടെന്ന് സൂചിപ്പിച്ചിരുന്നു. ഒരു മരണം സംഭവിച്ചാലും അത് വലിയ വിഷമമാണ്. ആ വിമർശനത്തെ ആ അർഥത്തിൽ ഉൾക്കൊള്ളുകയാണ്. 2011-12-ൽ 113 പേർ മരണപ്പെട്ടതിൽ 84 പേർ പാമ്പുകടിയേറ്റാണ് മരിച്ചത്. 2012-13-ൽ 126 പേർ മരണപ്പെട്ടതിൽ 111 പേരും 2013-14-ൽ

126 പേർ മരണപ്പെട്ടതിൽ 110 പേരും 2014-15-ൽ 135 പേർ മരണപ്പെട്ടതിൽ 119 പേരും 2015-16-ൽ 104 പേർ മരണപ്പെട്ടതിൽ 88 പേരും 2016-17-ൽ 96 പേർ മരണപ്പെട്ടതിൽ 75 പേരും 2017-18-ൽ 119 പേർ മരണപ്പെട്ടതിൽ 92 പേരും 2018-19-ൽ 146 പേർ മരണപ്പെട്ടതിൽ 123 പേരും 2019-20-ൽ 90 പേർ മരണപ്പെട്ടതിൽ 71 പേരും 2020-21-ൽ 88 പേർ മരണപ്പെട്ടതിൽ 52 പേരും 2021-22-ൽ 113 പേർ മരണപ്പെട്ടതിൽ 65 പേരും 2022-23-ൽ 89 പേർ മരണപ്പെട്ടതിൽ 48 പേരും 2023-24-ൽ 76 പേർ മരണപ്പെട്ടതിൽ 34 പേരും 2024-25-ൽ 67 പേർ മരണപ്പെട്ടതിൽ 34 പേരും 2025-26-ൽ ഇതുവരെ 20 പേർ മരണപ്പെട്ടതിൽ 6 പേരും പാമ്പുകടിയേറ്റ് മരിച്ചവരാണ്. മരണനിരക്ക് കൂടുകയാണോ കുറയുകയാണോ എന്നത് സംബന്ധിച്ച കണക്കുകൾ നിങ്ങൾ തന്നെ പരിശോധിച്ചോളൂ. ഒരാൾപോലും മരിക്കുന്നത് വലിയ പ്രശ്നമായാണ് ഈ സർക്കാർ കാണുന്നത്. അത്തരത്തിൽ ഈ പ്രശ്നത്തെ സമീപിച്ചാൽ മാത്രമെ നമുക്ക് ശരിയായ പരിഹാരമാർഗം കണ്ടെത്താൻ കഴിയുകയുള്ളൂ. നിങ്ങൾ ഊതിപ്പെരുപ്പിച്ച കണക്കുകളുമായി വന്ന് ജനങ്ങളെ പരിഭ്രാന്തരാക്കരുത്; മരണനിരക്കിൽ വർധനവ് ഉണ്ടായിട്ടില്ലെന്ന് ഞാൻ ആവർത്തിക്കുന്നു. പല വർഷങ്ങളിലും ഏറ്റക്കുറച്ചിലുകളുണ്ടായിട്ടുണ്ട്. പക്ഷെ, അന്നുള്ളതിനെക്കാൾ മാധ്യമ ശ്രദ്ധയും ജനപ്രതിനിധികളുടെ ശ്രദ്ധയും ഇപ്പോൾ ഈ പ്രശ്നത്തിൽ പതിയുന്നു എന്നതാണ് സവിശേഷത. അത് നല്ലകാര്യമാണ്. നാട്ടിലുണ്ടാകുന്ന പ്രശ്നങ്ങൾ ജനങ്ങളുടെ മുമ്പിൽ എത്തിച്ചുകൊണ്ട് അതിന് പരിഹാരം കാണാൻ ജനപ്രതിനിധികളെ പ്രേരിപ്പിക്കുന്ന രാഷ്ട്രീയമാണ് അതിന്റെ പുറകിലുള്ളതെങ്കിൽ, അത് ശരിയായ സമീപനമാണ്. ആ

നിലപാടിനെ ഞാൻ സ്വാഗതം ചെയ്യുന്നു. എന്നാൽ അത് ഏകപക്ഷീയമായ കടന്നാക്രമണമായി മാറാതിരിക്കാൻ ഇന്ന് ചർച്ചയിൽ പങ്കെടുത്ത അംഗങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്, അതിന് അവരോട് നന്ദി പറയുന്നു. നിങ്ങൾ അനുകൂല മനോഭാവം പ്രകടിപ്പിച്ച സാഹചര്യത്തിൽ തർക്കിച്ച് ജയിക്കാൻ ഞാനില്ല. അറിയേണ്ടത് കേൾക്കാനും അറിയിക്കേണ്ടത് പറയാനും മാത്രമായി ഞാൻ ഈ സമയം ഉപയോഗപ്പെടുത്തുന്നു. എനിക്ക് ഒരു അപേക്ഷകൂടിയുണ്ട്. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പറഞ്ഞതുപോലെ നമുക്കൊരുമിച്ച് ശുഭാപ്തി വിശ്വാസത്തോടെ ഈ ബിൽ പാസ്സാക്കി ടി നിയമത്തിന് അംഗീകാരം ലഭിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിനോട് അഭ്യർഥിക്കുകയും ചെയ്യാം. അതിന് നിങ്ങൾ തയ്യാറാണെന്ന് അറിയിച്ചതിൽ ഞാൻ സന്തോഷം രേഖപ്പെടുത്തുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതൊരു നിയമപ്രശ്നമാണ്. കാരണം നമ്മുടെ വനാതിർത്തി മറ്റ് സംസ്ഥാനങ്ങളുമായി പങ്കിടുന്നുണ്ട്. ഉദാഹരണത്തിന്, ബന്ദിപ്പൂർ മേഖല ഒരു ടൈ ജംഗ്ഷനാണ്. അവിടെ കർണ്ണാടകയും തമിഴ്നാടുമായി അതിർത്തി പങ്കിടുന്നുണ്ട്. ഇത് കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയമായതിനാൽ നമ്മുടെ ജൂറിസ്ഡിക്ഷനിൽ മാത്രം ബാധകമായ രീതിയിൽ സെൻട്രൽ ആക്ടിന് ഒരു ഭേദഗതി കൊണ്ടുവരാൻ കഴിയുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽനിന്ന് ഞാൻ മനസ്സിലാക്കുന്നത്. കടുവ വരുന്നത് കേരളത്തിന്റെയോ കർണ്ണാടകയുടെയോ അതിർത്തി ഏതാണെന്ന് നോക്കിയിട്ടല്ല. അതുകൊണ്ട് ഇത് നമ്മൾ ആത്മാർഥമായാണ് ചെയ്യുന്നതെങ്കിൽ, വന്യമൃഗങ്ങളുടെ ഉപദ്രവത്തിൽനിന്ന് ജനങ്ങളെ രക്ഷിക്കാൻ പ്രാപ്തമായ ഒരു നിയമം കൊണ്ടുവരണമെന്നാണ്

ശ്രീ എ. പി. അനിൽകുമാർ സൂചിപ്പിച്ചത്. ഈ നിയമംകൊണ്ട് എന്ത് ഗുണമാണുണ്ടാകുന്നത് എന്നൊരു ചോദ്യം കൂടി ഉന്നയിച്ചിരുന്നു. ആ ചോദ്യത്തിന് അങ്ങ് ഉത്തരം പറഞ്ഞില്ലെന്നുള്ളതാണ് എന്റെ വിഷമം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങ് മുമ്പ് വനം വകുപ്പുമന്ത്രിയായി പ്രവർത്തിച്ചിരുന്ന ആളാണല്ലോ; അങ്ങേയ്ക്ക് ഇതുസംബന്ധിച്ച ധാരാളം ധാരണകളുണ്ടെന്ന് എനിക്കറിയാം. വനത്തിന് പുറത്തുവന്ന് ജനവാസകേന്ദ്രങ്ങളിലും കൃഷി മേഖലകളിലും ഉപദ്രവമുണ്ടാക്കുന്ന മൃഗങ്ങൾക്കാണ് ഈ നിയമം ബാധകമാകുന്നത്. കർണ്ണാടക ഫോറസ്റ്റിന്റെ പരിധിയിലാണെങ്കിൽ അവർ അക്കാര്യം നോക്കിക്കൊള്ളും. നമ്മുടെ സംസ്ഥാനത്തിന്റെ പ്രദേശത്താണ് വരുന്നതെങ്കിൽ നമ്മൾ നോക്കും. വനത്തിനകത്തുള്ള മൃഗങ്ങളെ സംബന്ധിച്ച പ്രശ്നമാണ് താങ്കൾ ഇവിടെ ഉന്നയിച്ചത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മൃഗങ്ങളുടെ ആവാസകേന്ദ്രം വനവിസ്തൃതിക്കകത്ത് വരുന്നതല്ലേ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അതെ, എന്നാൽ നമ്മൾ വനത്തിനകത്തേയ്ക്ക് പോകുന്നില്ല; ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ, നമ്മുടെ നിയമത്തിന്റെ ഉദ്ദേശ്യം വന്യമൃഗങ്ങൾ വനത്തിന് പുറത്ത്, ജനവാസ മേഖലയിൽ വന്ന് മനുഷ്യരെ ഉപദ്രവിക്കുകയും കൃഷിനാശം വരുത്തുകയും ചെയ്യുന്നത് ഒഴിവാക്കുക എന്നതാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയെന്ന ബാധ്യതയാണ് നമുക്കുള്ളത്. എല്ലാ സംസ്ഥാന

ഗവൺമെന്റുകളും അക്കാര്യം ഉറപ്പുവരുത്തും. അതിൽ സർക്കാരിന് ആത്മാർഥത കുറവൊന്നുമില്ല. ഇവിടെ വരുമ്പോൾ എന്ത് ചെയ്യണമെന്നാണ് അങ്ങ് പറയുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വനത്തിന്റെ ആവാസമേഖല വ്യത്യസ്തമാണ്. ആ ആവാസമേഖലയിൽ നിന്നാണ് മൃഗങ്ങളെല്ലാം ഇറങ്ങി വരുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇത് കേന്ദ്ര നിയമത്തിന്റെ ഭേദഗതിയാണെങ്കിലും അതിന് രാഷ്ട്രപതി അംഗീകാരം നൽകിയാൽ കേരളത്തിനകത്ത് മാത്രമാണ് ബാധകമാകുന്നത്. മൃഗങ്ങൾ നമ്മുടെ നാട്ടിൽ വന്നാൽ ഈ നിയമം പ്രയോഗിക്കാം. ഈ നിയമം കർണ്ണാടകയിൽ വേണമെന്ന് നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ അവരോട് പറഞ്ഞാൽ അവരും ഇത്തരത്തിലുള്ള നിയമത്തെക്കുറിച്ച് ആലോചിക്കും. അങ്ങനെ വന്നാൽ ആ പ്രശ്നം അവിടെ കൈകാര്യം ചെയ്യാൻ സാധിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പ്രശ്നപരിഹാരം ഉണ്ടാകണം. കടുവയും പുലിയും പിടിച്ചും ആനയുടെ ചവിട്ടേറ്റും കുരങ്ങ് കടിച്ചും ദുർമരണപ്പെടുന്നവരുടെ എണ്ണം കുറയ്ക്കണം. അങ്ങ് പറഞ്ഞതനുസരിച്ച് പാമ്പുകടിയേറ്റാണ് ഏറ്റവും കൂടുതൽ മരണം ഉണ്ടാകുന്നത്. അതിനെതിരെ ഈ നിയമം മുഖേന എന്തെങ്കിലും പരിഹാര നടപടി നടപ്പാക്കാൻ സാധിക്കില്ലല്ലോ; അപ്പോൾ പ്രശ്നം വീണ്ടും നിലനിൽക്കുകതന്നെ ചെയ്യും. നമ്മുടെ നാട്ടിൽ ഉപദ്രവം ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന മൂന്നോ നാലോ വിഭാഗത്തിലുള്ള വന്യമൃഗങ്ങളെക്കുറിച്ച് മാത്രമാണ് അങ്ങ് പറഞ്ഞത്, എന്നാൽ അതിലും ഒരു പ്രശ്നമുണ്ട്. ശ്രീ. എ. പി. അനിൽ കുമാർ

പറഞ്ഞതുപോലെ, കടുവ ആക്രമിക്കാൻ വരുമ്പോൾ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ പെർമിഷൻ വാങ്ങുന്നതിനുവേണ്ടി പോകാൻ കഴിയുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ, നിലവിലുള്ള നിയമമെന്താണ്? പഞ്ചായത്ത് കമ്മിറ്റി കൂടണം, ബീറ്റ് ഫോറസ്റ്റ് ഓഫീസറെ അറിയിക്കണം, ഡി.എഫ്.ഒ.-യെ അറിയിക്കണം, സി.സി.എഫ്.-നെ അറിയിക്കണം, ചീഫ് വൈൽഡ് ലൈഫ് വാർഡനെ അറിയിക്കണം. അതിനൊക്കെയാണ് കാലതാമസമുണ്ടാകുന്നത്. ആ കാലതാമസം ഒഴിവാക്കാനാണ് ഈ ബിൽ കൊണ്ടുവന്നത്. സംസ്ഥാനത്ത് വന്യജീവി ആക്രമണത്തെ ഒരു സവിശേഷ ദുരന്തമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ, ഉപദ്രവകാരിയായ മൃഗത്തെ ക്ഷുദ്രജീവിയായി പ്രഖ്യാപിച്ചുകിട്ടിയാൽ ജില്ലാ കളക്ടർമാർക്ക് അടിയന്തരമായും ഇടപെടാനുള്ള സാഹചര്യമാണ് ഇവിടെ ഉണ്ടാകാൻ പോകുന്നത്. മറ്റൊന്ന്, പാമ്പുകളെ കൊല്ലുന്നതിന് ഇപ്പോഴും നിയന്ത്രണമില്ലെന്ന് മാത്രമല്ല, 'സർപ്പ ആപ്പ്' എന്ന പുതിയ സംവിധാനത്തിലൂടെ പാമ്പുകളുടെ വിവരം അറിയിച്ചാൽ വനം വകുപ്പ് മുഖേന അതിനെ പിടികൂടാനും സൂക്ഷിക്കാനുമാവശ്യമായ ഫലപ്രദമായ ഇടപെടൽ നടത്തിവരുന്നുണ്ട്. അതിനാൽ പാമ്പുകൾക്ക് വേണ്ടി വേറെ നിയമമൊന്നും ആവശ്യമില്ല. ബാക്കിയുള്ള കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ പരിഗണിച്ച് കൂടുതൽ ഫലപ്രദമായി ചർച്ച ചെയ്യാം. വാച്ചർമാർക്കുള്ള അധികാരം സംബന്ധിച്ച് ശ്രീ. ടി. ഐ. മധുസൂദനൻ ചൂണ്ടിക്കാണിച്ചത് സംബന്ധിച്ചും നമുക്ക് സബ്ജക്ട് കമ്മിറ്റിയിൽവച്ച് പ്രത്യേകം പരിശോധിക്കാൻ സാധിക്കും.. ഈ രണ്ട് ബില്ലുകളും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക്

അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ചെയർപേഴ്സൺ: ശ്രീ. വി. ജോയി, 2025-ലെ കേരള വന (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ജോയി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ, 2025-ലെ കേരള വന (ഭേദഗതി) ബിൽ' ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

'2025-ലെ കേരള വന (ഭേദഗതി) ബിൽ', '2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ' എന്നിവ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ സബ്ജക്ട് കമ്മിറ്റി X-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

**[4.29 PM]**

(iii) 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

ചെയർപേഴ്സൺ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഇന്നലെ അവതരിപ്പിച്ച കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബില്ലിന് സമാനമായിട്ടുള്ളതാണ്. പ്രസ്തുത ബില്ലിലൂടെ കേന്ദ്ര തൊഴിൽ നിയമങ്ങളുടെയും നിലവിലെ പണത്തിന്റെ മൂല്യവും കണക്കിലെടുത്ത് പിഴ വർധിപ്പിക്കൽ, പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാലുള്ള ശിക്ഷ എന്നിങ്ങനെ പിഴയും ശിക്ഷയുമായി ബന്ധപ്പെട്ട നടപടികൾ കാലോചിതമാക്കാനും പ്രക്രിയ ലളിതവൽകരിക്കാനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇത് വളരെ ലളിതമായൊരു ബില്ലാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2025 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ഇന്നലെ സഭയിൽ അവതരിപ്പിച്ച കേരള

കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബില്ലിന്റെ കൂടെ 1987-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ആക്ടിലെ 34-ാം വകുപ്പിലെ ചില ഭേദഗതികളാണ് ഇവിടെ അവതരിപ്പിക്കുന്നത്. കയർ മേഖലയിലെ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന വിഷയങ്ങളും കയർ മേഖലയെ ആധുനികവൽകരിക്കുന്നതിന് ഗവൺമെന്റും വ്യവസായ വകുപ്പുമന്ത്രിയും ഇനിഷ്യേറ്റീവ് എടുക്കുന്നതിനെക്കുറിച്ചും ശ്രീ. മുഹമ്മദ് മുഹസിൻ ഇന്നലെ സഭയിൽ പരാമർശിച്ചിരുന്നു. ഈ ബില്ലിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

**[അധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീ. കുറുക്കോളി മൊയ്തീൻ]**

ശ്രീ. എ. പി. അനിൽ കുമാർ: സർ, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നമ്മുടെ വ്യവസായ മേഖലയിൽ പരമ്പരാഗത വ്യവസായങ്ങൾക്ക് വളരെ പ്രധാന്യമുണ്ട്. ഒരു നാടിന്റെ വ്യവസായ വളർച്ചയിൽ പരമ്പരാഗത വ്യവസായങ്ങളും മറ്റ് വ്യവസായങ്ങൾക്കൊപ്പം വളരേണ്ടത് അത്യാവശ്യമാണ്. പക്ഷെ, ഇന്ന് കേരളത്തെ സംബന്ധിച്ചിടത്തോളം പരമ്പരാഗത വ്യവസായങ്ങൾ വളരുകയല്ല; തളരുന്നതായാണ് കാണുന്നതെന്ന് ആമുഖമായി സൂചിപ്പിക്കുന്നു.

കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിൽ കയർ തൊഴിലാളികളെക്കുറിച്ചാണ് സൂചിപ്പിച്ചിട്ടുള്ളത്. കയർ തൊഴിലാളികൾ കയർ എടുക്കേണ്ട സ്ഥിതിയാണ് കേരളത്തിലുള്ളത്. അത്രമാത്രം പ്രതിസന്ധി കേരളത്തിലുണ്ട്. എന്നാൽ,

ഞങ്ങൾ ഈ പ്രതിസന്ധിയെക്കുറിച്ച് പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി എന്താണ് പറയാൻ പോകുന്നതെന്ന് തീർച്ചയായും എനിക്കറിയാം. കഴിഞ്ഞ രണ്ടുമൂന്ന് ദിവസങ്ങളിലായി ബഹുമാനപ്പെട്ട മന്ത്രിമാർ പറഞ്ഞുകൊണ്ടിരിക്കുന്നതും ഈ സഭയിലെടുത്തതുമായ പൊതുവായ ഒരു തീരുമാനമുണ്ട്. യാഥാർഥ്യങ്ങൾ എന്താണെങ്കിലും അതൊക്കെ മറച്ചുവച്ച് അയഥാർഥ്യം ആവർത്തിച്ചുപറഞ്ഞ് സത്യമാക്കാനുള്ള ശ്രമമാണ് അവർ ചെയ്തുകൊണ്ടിരിക്കുന്നത്. മൂന്ന് ദിവസങ്ങളിലായി റൂൾ 50 അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച അവസരത്തിൽ ആദ്യ ദിവസം മുതൽതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിപോലും നമ്മൾ പറഞ്ഞ കാര്യങ്ങളെക്കുറിച്ചല്ല സംസാരിക്കുന്നത്; പകരം ഐക്യകേരള രൂപീകരണത്തിനുശേഷമുള്ള ചരിത്രവും അതിന് പിന്നിലുള്ള ചരിത്രവും സർ സി.പി.-യുടെ ഭരണകാലത്തെ ചരിത്രവുമൊക്കെയാണ് പറയുന്നത്. നമ്മുടെ മുന്നിലുള്ള അത്തരം ചരിത്രങ്ങളുടെ നാൾവഴികളിലൂടെയാണ് കേരളം കടന്നുപോയത്. അങ്ങനെ രൂപാന്തരപ്പെട്ട കേരളത്തിൽ ഇന്ന് നടക്കുന്ന കാര്യങ്ങൾ നമ്മുടെ പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ല എന്ന് ചൂണ്ടിക്കാണിക്കുമ്പോൾ അതിന് ഉത്തരം പറയുന്നതിനുപകരം പഴയകാല ചരിത്രങ്ങളിലേക്ക് പോവുകയാണ് ചെയ്യുന്നത്. ആരോഗ്യ വകുപ്പും ഇന്നലെ ചെയ്തത് മറിച്ചല്ല. കേരളത്തിന്റെ ആരോഗ്യ മേഖലയുടെ വളർച്ചയിൽ ഏതെങ്കിലും ഒരു ഗവൺമെന്റിന് മാത്രമല്ല, ഒരുപാട് ഗവൺമെന്റുകളുടെ വലിയരീതിയിലുള്ള പിന്തുണയുണ്ട്. ഒടുവിലത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന മെഡിക്കൽ കോളേജുകൾ ഒരു ഭാഗത്ത് നിൽക്കുമ്പോൾ കാത്ത് ലാബ് കൊണ്ടുവന്നു എന്നുപറഞ്ഞ് അതിനെ നേരിട്ടവരാണ് ഈ ഗവൺമെന്റിലെ മന്ത്രിമാർ. ശ്രീ. പി. സി.

വിഷ്ണുനാഥ് വിലക്കയറ്റത്തെക്കുറിച്ച് പറഞ്ഞപ്പോഴും നിങ്ങൾ എന്താണ് പറഞ്ഞത്? വിലക്കയറ്റം 200 രൂപയിൽനിന്നും 400 രൂപയായെന്ന് നമ്മൾ വാദിച്ചപ്പോൾ വിലക്കയറ്റം 400 രൂപയിൽനിന്നും 200 രൂപ അല്ലെങ്കിൽ 300 രൂപയാക്കി ഞങ്ങൾ കുറച്ചുകൊണ്ടുവന്നു എന്നല്ല പറഞ്ഞത്. വിലക്കയറ്റം 400 രൂപയാണെന്ന് പറയുമ്പോഴും നിങ്ങൾ ഒരു ഭാഗത്തിരുന്ന് കൈയടിക്കുകയാണ്. എന്തിനാണ് കൈയടിക്കുന്നത്; മറ്റ് സംസ്ഥാനങ്ങളുടെ സ്ഥിതി എന്താണെന്ന് ശ്രീ. പി. സി. വിഷ്ണുനാഥിനെ വെല്ലുവിളിച്ചപ്പോൾ, അദ്ദേഹത്തിന് എന്താണ് പറയാനുള്ളതെന്നുകൂടി കേൾക്കണ്ടേ; തൊട്ടടുത്ത കർണ്ണാടകയിലെ സ്ഥിതി എന്താണെന്ന് ചോദിച്ചപ്പോൾ കർണ്ണാടകയിലെ സ്ഥിതി പറയാനുള്ള അവസരം നിങ്ങൾ കൊടുക്കണ്ടേ; കർണ്ണാടകയിലെ സ്ഥിതി നിങ്ങൾക്കറിയില്ലേ? ഒരു കാർഡിലെ ഒരാൾക്ക് 5 കി.ഗ്രാം അരി സൗജന്യമാണ്. ആ കാർഡിൽ 5 പേർ ഉണ്ടെങ്കിൽ അവർക്കെല്ലാവർക്കുകൂടി 25 കി.ഗ്രാം അരിയാണ് ലഭിക്കുന്നത്. അതുപറയാൻ ശ്രീ. പി. സി. വിഷ്ണുനാഥിനെ നിങ്ങൾ അനുവദിച്ചില്ലല്ലോ? അതുപോലെ, കർണ്ണാടകയിൽ സ്ത്രീകൾക്ക് യാത്രാസൗജന്യമുള്ള കാര്യവും വൈദ്യുതി സൗജന്യമാണെന്ന് പറയാനും നിങ്ങൾ അനുവദിച്ചില്ല. പകരം വെല്ലുവിളിക്കുകയാണ് ചെയ്തത്. ഞങ്ങൾക്ക് പറയാനുള്ളത് കേൾക്കാൻ നിങ്ങൾക്ക് സൗകര്യമില്ല. അതിനെക്കാൾ നന്നായി സംസാരിക്കാൻ അറിയാവുന്ന വ്യക്തിയാണ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി. അങ്ങ് ആലപ്പുഴ ജില്ലയിൽനിന്നല്ലേ വരുന്നത്; എന്താണ് കയർ തൊഴിലാളികളുടെ സ്ഥിതി; കയർ തൊഴിലാളികൾ ഇന്ന് സംതൃപ്തരാണെന്ന് അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ? ഈ സർക്കാർ ഒൻപതര വർഷക്കാലമാണ് ഭരിച്ചത്.

കയർ തൊഴിലാളികൾ ഇന്ന് സംതൃപ്തരാണെന്നും അവർക്ക് കൂലിയുണ്ടെന്നും ബുദ്ധിമുട്ടില്ലെന്നും എല്ലാം സുഭിക്ഷമാണെന്നും പറയേണ്ട കാര്യമില്ല. കേരളത്തിലെ കയർ തൊഴിലാളികൾക്ക് ഈ ഒൻപതര വർഷക്കാലത്തിനിടയ്ക്ക് മാന്യമായി ജീവിക്കാനുള്ള അവസരം ഉണ്ടായിട്ടുണ്ടോ? 'ഉണ്ട്' എന്നാണ് അങ്ങയുടെ മറുപടിയെങ്കിൽ ഞാൻ ഇപ്പോൾ ഇവിടെയിരിക്കാം. എന്റെ ചോദ്യം സത്യസന്ധമാണ്. അങ്ങയെ ഞാൻ ബുദ്ധിമുട്ടിക്കുന്നില്ല. ഇക്കാര്യത്തിൽ ഞാൻ വഴങ്ങുന്നില്ല. (...ബഹളം...) പരമ്പരാഗത മേഖലയിൽ ഇന്ന് കൈത്തറിയും കശുവണ്ടിയും തകർന്നതുപോലെ കേരളത്തിലെ കയർ വ്യവസായം അതിഭീകരമായ തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിനെ സംരക്ഷിക്കാൻ എന്താണ് ഗവൺമെന്റ് ചെയ്യുന്നത്; വ്യവസായ വകുപ്പ് എന്ത് ചെയ്യുന്നു? കയർ മേഖലയിൽ എന്തൊക്കെ തരത്തിലുള്ള പ്രതിസന്ധിയുണ്ടായാലും വർഷത്തിൽ 200 ദിവസം തൊഴിൽ നൽകുമെന്ന് വ്യവസായ വകുപ്പുമന്ത്രിതന്നെ പ്രഖ്യാപിച്ചിരുന്നു. ഇപ്പോൾ എന്താണ് സ്ഥിതി? ഒരു വർഷത്തിൽ 100 ദിവസത്തെ തൊഴിൽ കൊടുക്കാൻ ഗവൺമെന്റിന് കഴിയുന്നുണ്ടോ? ഉണ്ടെങ്കിൽ അങ്ങ് പറയണം. അതുപോലെ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽവന്നാൽ വലിയ മാറ്റമുണ്ടാകുമെന്ന് പറഞ്ഞു. എന്നാൽ എത്ര രൂപയാണ് വർധിപ്പിച്ചത്? നിങ്ങൾ രണ്ട് ഘട്ടങ്ങളിലായി 50 രൂപ വീതം വർധിപ്പിച്ചു. ആ 50 രൂപയുടെ വർധനവ് കൊടുക്കുന്നത് സർക്കാരല്ല, കയർ സംഘങ്ങളാണ്. 50 രൂപ വർധിപ്പിച്ചിട്ടുപോലും അത് കൊടുക്കാൻ കഴിയാത്ത സ്ഥിതിയാണ് സർക്കാരിനുള്ളത്. ഈ സംഘങ്ങൾ കയർഫെഡിനാണ് അവരുടെ ഉല്പന്നങ്ങൾ നൽകുന്നത്. ഈ സംഘങ്ങൾക്ക് കയർഫെഡ് 30 ലക്ഷത്തോളം രൂപ

നൽകാനുണ്ടെന്നാണ് ഈ സംഘവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എന്റെയൊരു സുഹൃത്ത് മുഖേന അറിയാൻ സാധിച്ചത്. കയർഫെഡിൽനിന്നും ലഭിക്കേണ്ട ഈ പണം ലഭിച്ചതിനുശേഷമാണ് തൊഴിലാളികൾക്ക് ശമ്പളം കൊടുക്കേണ്ടത്. അതിനെക്കുറിച്ച് ഗവൺമെന്റിന് എന്താണ് പറയാനുള്ളത്? ഓരോ മേഖലയും പരിശോധിച്ചാൽ ഇന്ന് വലിയ രീതിയിലുള്ള പ്രയാസങ്ങൾ നേരിടുകയാണെന്ന് മനസ്സിലാക്കാൻ സാധിക്കും. കയർഫെഡിൽനിന്നും പണം ലഭിച്ചാൽ മാത്രമെ ചകിരി വാങ്ങാൻ സാധിക്കുകയുള്ളൂ. ചകിരി വാങ്ങാനുള്ള പണം പോലുമില്ലാത്ത സാഹചര്യമാണ് സംഘങ്ങളിൽ നിലനിൽക്കുന്നത്. അത്തരത്തിൽ വളരെധികം പ്രയാസകരമായ സാഹചര്യത്തിലൂടെയാണ് കയർ തൊഴിലാളികൾ കടന്നുപോകുന്നത്.

ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങൾ ഒന്നുകൂടി ലഘൂകരിക്കുന്നതിലൂടെ ഈ മേഖല പുഷ്ടിപ്പെടുമെങ്കിൽ കുഴപ്പമില്ല. പക്ഷേ, അങ്ങനെയാണോ സംഭവിക്കുന്നത്; സെസ്സ് പിരിക്കുന്ന കാര്യത്തിലുൾപ്പെടെ ഇതിലെ കർക്കശമായ നിയമങ്ങൾവച്ച് നമുക്ക് മുന്നോട്ട് പോകാൻ സാധിക്കുന്നില്ല. നിയമങ്ങൾ വീണ്ടും ലഘൂകരിക്കുമ്പോൾ അതിന്റെ ഫലമെന്താകും? ഇന്ന് കയർ മേഖലയിൽ നിലനിൽക്കുന്ന വളരെ പ്രയാസകരമായ സാഹചര്യം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പരമ്പരാഗത വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ എണ്ണം കുറഞ്ഞിരിക്കുന്നു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് അതിന്റെ കണക്ക് അറിയാം. 2022-23-ൽ നൂൽ

മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നത് ഏകദേശം 23000 ആളുകളായിരുന്നെങ്കിൽ 2023-24-ൽ അത് 17257 ആളുകളായി കുറഞ്ഞു. തൊഴിലാളികളുടെ എണ്ണത്തിൽ 24 ശതമാനത്തിന്റെ കുറവ് സംഭവിച്ചിരിക്കുന്നു. ഈ മേഖലയിൽ തൊഴിൽ ഇല്ലാത്തതുകൊണ്ടുതന്നെ തൊഴിലാളികൾ ഇതിൽനിന്നും വിട്ടുപോകുന്നു. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് എന്താണ്? കേരളംപോലുള്ള ഒരു സംസ്ഥാനത്ത് പരമ്പരാഗത രംഗത്ത് ജോലി സാധ്യത നൽകുന്നൊരു വ്യവസായ മേഖലയാണിത്. ജോലിസാധ്യത കൊണ്ടുവരുന്ന ഈ മേഖലയിൽ ഗവൺമെന്റ് പരാജയമായിക്കഴിഞ്ഞാൽ പിന്നെ എന്തുചെയ്യാൻ സാധിക്കും? ഇവിടെ തൊഴിലില്ലായ്മ പരിഹരിക്കാൻ വലിയ രീതിയിലുള്ള കാര്യങ്ങൾ നടപ്പാക്കുന്നുണ്ടെന്ന് നിങ്ങൾ പറയുന്നുണ്ട്. പക്ഷേ, ഏറ്റവും പ്രധാനപ്പെട്ട മേഖലയിൽപ്പോലും ഈ കുറഞ്ഞകാലംകൊണ്ട് 24 ശതമാനത്തിന്റെ തൊഴിൽ നഷ്ടം സംഭവിച്ചിരിക്കുന്നുവെന്ന് പറയുമ്പോൾ പിന്നെ എങ്ങനെയാണ് അങ്ങേയ്ക്ക് വ്യവസായ രംഗം വളർച്ച പ്രാപിക്കുന്നുവെന്ന് അവകാശപ്പെടാൻ കഴിയുന്നത്? കയർ കയറ്റുമതിയിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന തുകയാണ് സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വരുമാനം. എന്നാൽ എന്താണ് ഇന്നത്തെ സ്ഥിതി? ഈ ഗവൺമെന്റിന്റെ ഭരണകാലത്ത്, അതായത് 2021-22-ൽ കയറ്റുമതി ഇനത്തിൽ നമുക്ക് 1731 ലക്ഷം രൂപ ലഭിച്ചപ്പോൾ 2022-23-ൽ അത് 1640 ലക്ഷം രൂപയായും 2023-24-ൽ അത് 1005 ലക്ഷം രൂപയായും കുറഞ്ഞു. കയറ്റുമതിയിൽനിന്ന് നമുക്ക് ലഭിക്കുന്ന വരുമാനം ഇത്തരത്തിൽ കുറഞ്ഞുവരുകയാണ്. കയർ കയറ്റുമതിയിൽനിന്ന് ലഭിക്കുന്ന വരുമാനം കുറയുമ്പോഴും അങ്ങ് പറയുന്നത് നമ്മുടെ

വ്യവസായ രംഗത്തിന് യാതൊരു കുഴപ്പവുമില്ല, വ്യവസായ മേഖല നല്ല രീതിയിൽ മുന്നോട്ടുപോകുന്നുവെന്നാണ്. യാഥാർഥ്യങ്ങൾ കാണേണ്ടതല്ലേ? കയറ്റുമതിയിൽനിന്നുള്ള വരുമാനത്തിന്റെയും തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നതിന്റെയും കണക്കുകൾ തെറ്റാണെങ്കിൽ അങ്ങേയ്ക്ക് അക്കാര്യം വ്യക്തമാക്കാം. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ ഇന്ന് വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ഈ രംഗവുമായി ബന്ധപ്പെട്ട് ഏകദേശം 1100 കയർ സഹകരണ സംഘങ്ങൾ ഉള്ളതിൽ ഏകദേശം 511 സംഘങ്ങൾ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഒരു നിയമസഭാ ചോദ്യത്തിന് ഉത്തരമായി അങ്ങ് പറഞ്ഞത്, അവയിൽ ലാഭകരമായി പ്രവർത്തിക്കുന്നത് ഏകദേശം 250 എണ്ണം മാത്രമാണെന്നാണ്. ബാക്കിയുള്ള സംഘങ്ങൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഇത്തരത്തിൽ സഹകരണ സംഘങ്ങൾ ഇന്ന് ഇല്ലാതായിക്കൊണ്ടിരിക്കുകയും അതിലൂടെ തൊഴിൽ നഷ്ടം ഉണ്ടാകുകയും ചെയ്യുന്നു. പരമ്പരാഗത മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് 1250/- രൂപ പെൻഷൻ കൊടുക്കുമെന്ന് അങ്ങ് ബജറ്റിലോ മറ്റോ സഭയിൽ പ്രഖ്യാപിച്ചിരുന്നു. എന്നാൽ ആ തുക കയർ മേഖലയിലുള്ളവർക്ക് ഇതുവരെയും ലഭ്യമായിട്ടില്ല. കയർ മേഖലയിൽ പണം ലഭിക്കുന്നില്ലെന്ന് സി.പി.ഐ., സി.പി.ഐ.(എം.) സമ്മേളനങ്ങളിൽ ട്രേഡ് യൂണിയൻ പ്രവർത്തകർ അങ്ങയെ പേരുപറഞ്ഞ് വിമർശിച്ചതായി പത്രവാർത്തയിലൂടെ അറിയാൻ സാധിച്ചു. അവിടെ എന്താണ് നടന്നതെന്ന് എനിക്ക് അറിയില്ല; പത്രവാർത്തയാണ് എന്റെ വാക്കുകൾക്ക് അടിസ്ഥാനം. ഒരു കാലഘട്ടത്തിൽ കയർ, കശുവണ്ടി മേഖലകളിലെ തൊഴിലാളികളുടെ കരുത്ത് നിങ്ങളുടെ പാർട്ടിയെ വളർത്തുന്നതിൽ ചെറിയ പങ്ക്

വഹിച്ചിട്ടുണ്ട്. പക്ഷേ പാർട്ടി അധികാരത്തിൽ വന്നപ്പോൾ നിങ്ങൾ ഇവരെ തിരിഞ്ഞുനോക്കുന്നില്ലെന്നുള്ള യാഥാർഥ്യം തുറന്ന് പറയേണ്ട സാഹചര്യമാണ് ഉണ്ടായിരിക്കുന്നത്. ആ രീതിയിൽ ഇന്ന് തകർച്ച നേരിടുന്ന പരമ്പരാഗത മേഖലയെ ഈയൊരു നിയമംകൊണ്ട് നിങ്ങൾക്ക് ഏതെല്ലാം രീതിയിൽ മാറ്റമുണ്ടാക്കാൻ സാധിക്കുമെന്ന് എനിക്കറിയില്ല. ഈ നിയമം പ്രത്യേകിച്ച് ഗുണം ചെയ്യില്ലെന്നും അത് തൊഴിലാളികൾക്ക് ഉപദ്രവകരമായ നിയമമായി മാറുമെന്നുമാണ് ഞാൻ മനസ്സിലാക്കുന്നത്; കാരണം ഇന്ന് സെസ് പിരിക്കുന്ന കാര്യത്തിലും ക്ഷേമനിധിയുമായി ബന്ധപ്പെട്ട കാര്യത്തിലും നിങ്ങൾ ഒരു രീതിയിലുള്ള സഹായവും നൽകുന്നില്ല. ക്ഷേമനിധിക്ക് കൊടുക്കേണ്ട മാച്ചിംഗ് ഗ്രാന്റുപോലും നിങ്ങൾ കൊടുക്കുന്നില്ല. നിങ്ങളുടെ തൊഴിലാളി താല്പര്യമെന്താണ്? കുറഞ്ഞ വർഷങ്ങൾകൊണ്ട് 24 ശതമാനം തൊഴിൽ നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ യാതൊരു സംശയവും വേണ്ട, ഈ എട്ട് മാസക്കാലംകൊണ്ട് ഈ ഗവൺമെന്റ് അധികാരത്തിൽനിന്ന് പുറത്തുപോയില്ലെങ്കിൽ ഈ മേഖലയിൽ വളരെ ഗുരുതരമായ സ്ഥിതിയുണ്ടാകും. നിങ്ങൾ അധികാരത്തിൽനിന്ന് പോയാൽ ഇതിനെല്ലാം ഒരു മാറ്റമുണ്ടാകുമെന്നാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നത്. ഇന്ന് കയർ മേഖലയിലെ പാവപ്പെട്ട തൊഴിലാളികളിൽ 80 ശതമാനവും സ്ത്രീത്തൊഴിലാളികളാണ്. അവരുടെ താൽപര്യം സംരക്ഷിക്കാൻ ഈ ഗവൺമെന്റ് പ്രയോറിറ്റി കൊടുക്കണം. ഓണത്തിന് ജനങ്ങൾക്കാവശ്യമായ എല്ലാ സാധനങ്ങളും നൽകിയെന്നാണ് പറയുന്നത്. ബഹുമാന്യരായ വ്യവസായ വകുപ്പുമന്ത്രിയോ ധനകാര്യ വകുപ്പുമന്ത്രിയോ ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പുമന്ത്രിയോ, ഇതിൽ

ആരാണെന്നറിയില്ല, ഈ ഓണം പ്രയാസമില്ലാതെ കടന്നുപോയെന്ന് ഒരു ചടങ്ങിൽ അഭിപ്രായപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിരുന്നു. നിർഭാഗ്യവശാൽ അതിന്റെ തൊട്ടടുത്ത ദിവസമാണ്, അതായത് ഒരു ഓണക്കാലത്ത് കെ.എസ്.ആർ.ടി.സി.-യുടെ ഒരു സമരത്തിൽ ഞാൻ പങ്കെടുത്തത്. അവിടെ അവർ തങ്ങളുടെ പ്രയാസങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. കയർ തൊഴിലാളികൾക്ക് ആവശ്യമായ കാര്യങ്ങളൊന്നും നൽകിയിട്ടില്ല. അപ്പോൾ ആർക്കായിരുന്നു ഓണം സുഭിക്ഷമായത്? സംസ്ഥാനത്തെ മന്ത്രിമാർക്കാണോ ഓണം സുഭിക്ഷമായത്; കേരളത്തിലെ ജനങ്ങൾക്ക് ഓണം സുഭിക്ഷമായിട്ടില്ല. ആശാവർക്കർമാർ ഓണക്കാലത്തും സമരത്തിലായിരുന്നു. എല്ലാ മേഖലയിലുള്ളവരും പ്രയാസം അനുഭവിക്കുകയായിരുന്നു. ശ്രീ. കെ. എൻ. ബാലഗോപാലിനും ഡോ. ആർ. ബിന്ദുവിനും ശ്രീ. പി. രാജീവിനും ഓണം സുഭിക്ഷമായിട്ടുണ്ടാകും. പക്ഷേ, കേരളത്തിലെ സാധാരണക്കാർക്ക് ഓണം പ്രയാസകരമായിരുന്നുവെന്ന യാഥാർഥ്യം തിരിച്ചറിയണം. കേരളത്തിലെ പരമ്പരാഗത തൊഴിലാളികളുടെ കണ്ണുനീര് കാണാനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും ഈ ഗവൺമെന്റിന് സാധിക്കണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ പെട്ടെന്ന് പറഞ്ഞ് അവസാനിപ്പിക്കാമെന്ന് കരുതിയ ഒരു ബില്ലാണിത്. പക്ഷേ ബഹുമാന്യനായ വണ്ടൂർ അംഗം എ. പി. അനിൽ കുമാർ പല മേഖലകളെ സംബന്ധിച്ച് പരാമർശിച്ചതുകൊണ്ട് അതിനെക്കുറിച്ചുള്ള കാര്യങ്ങൾ പറയാതെ പോകാൻ കഴിയില്ല. തൊഴിൽ മേഖല ബുദ്ധിമുട്ടിലായതിനാൽ ഈ ഗവൺമെന്റ് മാറി അങ്ങയെപ്പോലുള്ള ആളുകൾ

ഭരണപക്ഷത്തിരിക്കണമെന്ന് തൊഴിലാളി വർഗം ആഗ്രഹിക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് നാല് വർഷമേ ആയിട്ടുള്ളൂ. യു.ഡി.എഫ്.-ന്റെ ഭരണകാലത്തെ കണക്ക് പറയാൻ എന്നെ നിർബന്ധിതനാക്കിയത് അങ്ങാണ്. നിങ്ങൾ അധികാരത്തിൽ വരണമെന്ന് തൊഴിലാളികൾ ആഗ്രഹിക്കുന്ന സാഹചര്യമുണ്ടെന്നാണ് ഇവിടെ പറഞ്ഞത്. തൊഴിലാളികൾക്ക് ഈ മേഖലയിലെ കാര്യങ്ങളും കണക്കുകളും വ്യക്തമായി അറിയാം. 2011-16-ലെ യു.ഡി.എഫ്. ഭരണകാലത്ത് ആദ്യത്തെ നാല് വർഷത്തെ മൊത്തം കയർ ഉല്പാദനം 26274 ടൺ ആയിരുന്നു. ഈ ഗവൺമെന്റ് നാല് വർഷംകൊണ്ട് 54823 ടൺ കയർ ഉൽപാദിപ്പിച്ചുകഴിഞ്ഞു. ഈ നാല് വർഷത്തിന്റെ പകുതിപോലും ഉല്പാദിപ്പിക്കാൻ കഴിയാതിരുന്ന യു.ഡി.എഫ്. ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വരണമെന്ന് ഭീകര സ്വപ്നത്തിൽപ്പോലും കേരളത്തിലെ കയർത്തൊഴിലാളികൾ ആഗ്രഹിക്കില്ലെന്ന് അങ്ങേയ്ക്കും നന്നായി അറിയാവുന്നതാണ്. ഇവിടെ എന്താണ് പ്രശ്നം? ഞങ്ങളെല്ലാം പഴയ ചരിത്രം പറയുന്നുവെന്ന് അങ്ങ് പറഞ്ഞു. അതിനുള്ള സാഹചര്യമുണ്ടാക്കിയത് അങ്ങല്ലേ; ഞങ്ങൾ അതിലേക്ക് പോയതല്ലല്ലോ. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിൽ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. അതിനെക്കുറിച്ച് ഇവിടെ മറുപടി പറഞ്ഞതാണ്. നാം ഇവിടെ മാത്രമല്ല നിൽക്കുന്നത്. ചരിത്രം എന്നുപറയുന്നത് തുടർച്ചയാണ്. ആ തുടർച്ചയ്ക്ക് ഒരു ഇടർച്ചയുണ്ടാകരുതെന്ന് ഇപ്പോൾ നാട്ടിലെ ജനങ്ങൾ ആഗ്രഹിക്കുന്നുണ്ട്. തുടർച്ച ഈ രീതിയിൽ മുന്നോട്ടുപോയാൽ ജനങ്ങൾ ആഗ്രഹിക്കുന്ന രീതിയിൽ നമ്മുടെ നാട് മാറും. അതിന് ബ്രേക്കുണ്ടാകരുതെന്ന ചിന്തയാണ്

ഇപ്പോൾ പൊതുവെ കേരളത്തിലെ ജനങ്ങൾക്കുള്ളത്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപവുമായി ബന്ധപ്പെട്ട് അങ്ങ് പറഞ്ഞതാണോ യാഥാർഥ്യം? എന്തുകൊണ്ട് ശ്രീ. എ. കെ. ആന്റണിക്ക് ഇന്നലെ പത്രസമ്മേളനം നടത്തേണ്ടിവന്നു? നിങ്ങൾ ഇവിടെ ശരിയായ നിലയിൽ പ്രവർത്തിച്ചിരുന്നെങ്കിൽ എന്നെ പ്രതിരോധിക്കാൻ ആരുമില്ല എന്നുപറഞ്ഞ് അത്രയും സീനിയറായ ഒരു കോൺഗ്രസ് നേതാവിന് ദീർഘകാലത്തെ മൗന വാല്മീകത്തിൽനിന്ന് പുറത്തുവന്ന് ഒരു പത്രസമ്മേളനം നടത്തേണ്ടി വരുമായിരുന്നോ; യഥാർഥത്തിൽ ഞങ്ങൾ നിങ്ങളോട് കടപ്പെട്ടിരിക്കുന്നത് എന്തുകൊണ്ടാണ്? നിങ്ങൾ ഓരോ ദിവസവും നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവരുന്നതുകൊണ്ട് ഞങ്ങൾ ചെയ്യുന്ന കാര്യങ്ങൾ വിശദീകരിക്കാമെന്ന് മാത്രമല്ല, പഴയ കാര്യങ്ങളെക്കുറിച്ച് വീണ്ടും സജീവമായി കേരളീയ സമൂഹത്തെ ഓർമ്മപ്പെടുത്താനും സാധിക്കും. ഒരിക്കലും മാപ്പ് നൽകില്ലെന്ന് ശ്രീമതി സി. കെ. ജാനു പറഞ്ഞില്ലേ; മുത്തങ്ങയിൽ കുഞ്ഞുങ്ങളെയും പ്രായമായവരെയും രോഗികളെയുംവരെ എങ്ങനെയാണ് ആക്രമിച്ചതെന്ന് ശ്രീമതി സി. കെ. ജാനു പറഞ്ഞില്ലേ? ഇവിടെ പുസ്തകങ്ങളിലെ ചില ഉദ്ധരണികളും സൂചിപ്പിച്ചു. 'നിയമസഭാ തിരഞ്ഞെടുപ്പ് കഴിഞ്ഞശേഷം കുറച്ച് കാര്യങ്ങൾകൂടി പറയാനുണ്ട്' എന്നാണ് ശ്രീ. എ. കെ. ആന്റണി പറഞ്ഞത്. നിങ്ങൾക്ക് ഗുണമുള്ള കാര്യമായിരുന്നെങ്കിൽ അദ്ദേഹം ഇപ്പോൾത്തന്നെ പറയുമായിരുന്നു. അദ്ദേഹം പറയാനുദ്ദേശിക്കുന്ന കാര്യം എന്തായാലും നിങ്ങൾക്ക് ഗുണമുള്ളതല്ലെന്ന് അരി ആഹാരം കഴിക്കുന്ന എല്ലാവർക്കുമറിയാം. നേരത്തെ പറഞ്ഞതുപോലെ ഈ സർക്കാരിന്റെ ഭരണത്തുടർച്ചയുണ്ടാകുന്ന സാഹചര്യം വരുമല്ലോ.

അങ്ങനെ വരുമ്പോൾ, താൻ പറഞ്ഞതുകൊണ്ടാണ് കോൺഗ്രസ്സിന് അധോഗതി ഉണ്ടായതെന്ന് നാളെ ആരും പറയരുതെന്നൊരു മുൻകൂർ ജാമ്യത്തിലാണ് അദ്ദേഹം നിൽക്കുന്നതെന്ന് അങ്ങേയ്ക്കും അറിയാം. ഞാൻ ഇതൊന്നും പറയാൻ ആഗ്രഹിച്ചതല്ല. അങ്ങ് ഒരു വാതിൽ തുറന്നിട്ടു, പിന്നെ കയറാതിരിക്കാൻ നിവൃത്തിയില്ലല്ലോ. ഓണം മന്ത്രിമാർക്ക് മാത്രം സുഭിക്ഷമായിരുന്നെന്ന് അങ്ങ് പറഞ്ഞു. ബഹുമാനപ്പെട്ട വണ്ടൂർ അംഗം മുൻ മന്ത്രിയായിരുന്ന ആളാണ്. കഴിഞ്ഞ വർഷത്തെ ഓണം ഓർമ്മയില്ലേ? സിവിൽ സപ്ലൈസിന്റെ ഓണച്ചന്തയിൽ സാധനങ്ങൾ ഒന്നുമുണ്ടായിരുന്നില്ലെന്ന് കഴിഞ്ഞ തവണ നിങ്ങൾതന്നെ സഭയിൽ പറയുകയുണ്ടായി. അതിന്റെ രേഖകൾ നമ്മുടെ നിയമസഭയിലുണ്ടല്ലോ. ഇത്തവണ അങ്ങനെ ആർക്കെങ്കിലും പറയേണ്ടിവന്നോ? നിങ്ങൾ കുറച്ചുപേർക്ക് അസ്വസ്ഥതയുണ്ടാകുന്നത് ഓണസദ്യയിൽ കുറവുള്ളതുകൊണ്ടല്ല, ഈ ഒൻപതര വർഷത്തിന്റെ അധികാരമില്ലായ്മ നേരിടേണ്ടി വന്നതുകൊണ്ടാണ്. അതാണ് നിങ്ങളിൽ കുറച്ചുപേരുടെ ഓണം ഇങ്ങനെ ആയിപ്പോയത്. ബാക്കി മലയാളികളുടെ ഓണം സുഭിക്ഷവും സമൃദ്ധവും സന്തോഷഭരിതവുമായിരുന്നു.

ഇന്നലെ കുറച്ചുകൂടി പോസിറ്റീവായ ചർച്ചയാണുണ്ടായത്. ഈ മേഖലയിൽ കുറച്ച് പ്രതിസന്ധിയുണ്ടെന്ന് അംഗീകരിക്കുന്നു. എന്നാൽ അവയെല്ലാം ഇപ്പോഴുണ്ടായ പ്രതിസന്ധിയല്ല, പൊതുവെ വരുന്ന പ്രതിസന്ധിയാണ്. പുതിയ കാലഘട്ടത്തിന്റെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാനും ഈ മേഖലയിലെ പ്രതിസന്ധി മനസിലാക്കി അവ പരിഹരിക്കാനുമാണ് ഈ ഗവൺമെന്റ് ശ്രമിച്ചത്. കശുവണ്ടി മേഖലയിൽ കുറേ കാര്യങ്ങൾ

ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്; എന്നാൽ അതെല്ലാം പൂർണ്ണമായി എന്ന് പറയുന്നില്ല. ആദ്യ വർഷങ്ങളിൽ ഇ.എസ്.ഐ. ചികിത്സാ സഹായം ലഭിക്കുന്നതിനാവശ്യമായ തൊഴിൽദിനങ്ങൾ വർധിക്കുന്നില്ല എന്ന പ്രശ്നം ശ്രീ. പി. സി. വിഷ്ണുനാഥ് ഈ സഭയിൽ ഉന്നയിച്ചിരുന്നു. കഴിഞ്ഞ രണ്ട് വർഷവും കുടുംബാംഗങ്ങൾക്കുൾപ്പെടെ ഇ.എസ്.ഐ. ചികിത്സാ സഹായം ലഭിക്കുന്ന വിധത്തിൽ തൊഴിൽദിനം ഉറപ്പുവരുത്തിയിട്ടുണ്ടെന്ന് ഞാൻ ഈ സഭയിൽ അഭിമാനത്തോടുകൂടി അറിയിക്കുന്നു. മേയ് മാസം വരെയുള്ള കശുവണ്ടി പൂർണ്ണമായും കശുവണ്ടി കോർപ്പറേഷനിലും കാപ്പെക്സിലും ഇപ്പോൾത്തന്നെ സംഭരിച്ചു കഴിഞ്ഞ സാഹചര്യത്തിൽ ഈ വർഷവും തൊഴിൽദിനങ്ങൾ പൂർണ്ണമായും ഉറപ്പുവരുത്തിയിട്ടുണ്ടെന്ന് പറയാൻ സാധിക്കും.

മറ്റൊരു പ്രശ്നം സ്വകാര്യ മേഖലയുമായി ബന്ധപ്പെട്ടായിരുന്നു. ഇന്ത്യയിൽ ആദ്യമായി ഒരു മേഖലയിലും ചെയ്യാത്ത രൂപത്തിൽ സ്വകാര്യ കശുവണ്ടി വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളി പി.എഫ്. അടയ്ക്കുന്നതോടൊപ്പം മുതലാളി അടക്കേണ്ട പി.എഫ്., ഇ.എസ്.ഐ., സ്റ്റാറ്റ്യൂട്ടറി വിഹിതങ്ങൾ എന്നിവ ഗവൺമെന്റ് ഏറ്റെടുത്തു. ഇതുകൂടാതെ സ്വകാര്യ കമ്പനികൾക്ക് ക്യാപിറ്റൽ ഇൻസെന്റീവ് നൽകുകയുണ്ടായി. എന്നാൽ അവർ അഭിമുഖീകരിക്കുന്ന പ്രതിസന്ധി സംബന്ധിച്ച് ചർച്ച ചെയ്തപ്പോൾ വർക്കിംഗ് ക്യാപിറ്റൽ പ്രതിസന്ധിയാണുള്ളതെന്ന് മനസ്സിലാക്കുകയും വർക്കിംഗ് ക്യാപിറ്റലിലും പലിശയുടെ 50 ശതമാനമായ 10 ലക്ഷം രൂപവരെയുള്ള തുകയ്ക്കും ഇന്ററസ്റ്റ് സബ്വെൻഷൻ നൽകി. ഇതുകൂടാതെ, സ്ത്രീ തൊഴിലാളികൾ കൂടുതൽ ജോലി ചെയ്യുന്ന മേഖലയായ shelling

modernisation-നുവേണ്ടി (തൊഴിലിടങ്ങൾ മെച്ചപ്പെടുത്താൻവേണ്ടി) സ്വകാര്യ കമ്പനികൾക്ക് 5 കോടി രൂപ അനുവദിച്ചു. ഇതിലുള്ള പ്രശ്നമെന്തെന്നാൽ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിന് മുമ്പുതന്നെ, കാലങ്ങളായി എടുത്തിട്ടുള്ള കടങ്ങൾകൊണ്ട് NPA (Non-Performing Asset) ആയി പ്രതിസന്ധിയിൽ നിലനിന്നിരുന്ന സ്ഥാപനങ്ങളുണ്ടായിരുന്നു. അത്തരം സ്ഥാപനങ്ങളെ സംരക്ഷിക്കാൻവേണ്ടി SLBC (State Level Bankers' Committee)-യിൽ പങ്കെടുത്ത് വിഷയം അവതരിപ്പിക്കുകയും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രത്യേക യോഗം ചേർന്ന് അതിന്റെ അടിസ്ഥാനത്തിൽ തുടർച്ചയായി നടത്തിയ ശ്രമങ്ങളുടെ ഭാഗമായി പാക്കേജ് തയ്യാറാക്കുകയും ചെയ്തിരുന്നു. ഒരാൾക്ക് രണ്ട് കോടി രൂപ വരെയുള്ള കടമുണ്ടെങ്കിൽ 50 ശതമാനം തുക മാത്രം അടച്ചാൽ മതിയെന്നും പത്ത് കോടി രൂപവരെയുള്ള കടത്തിന് 60 ശതമാനം തുക അടച്ചാൽ മതിയെന്നുമുള്ള വ്യവസ്ഥയിൽ ബാക്കിയെല്ലാം എഴുതിത്തള്ളി. ആദ്യഘട്ടത്തിൽ 10 ശതമാനം തുക അടയ്ക്കണമെന്ന രീതിയാണുള്ളത്. എന്നാൽ അതുപോലും അടയ്ക്കാൻ സാധിക്കാത്ത കുറച്ച് ആളുകളുണ്ട്. ഗവൺമെന്റിന്റെ ഈ നടപടി നല്ല രീതിയിൽ ഉപയോഗിക്കാൻ കഴിഞ്ഞതുകൊണ്ട് സ്വകാര്യമേഖലയിൽ വ്യവസായങ്ങൾ ശക്തിപ്പെട്ടു. കഴിഞ്ഞ ദിവസം എനിക്ക് കരുനാഗപ്പള്ളിയിൽ ഒരു പുതിയ കശുവണ്ടി ഫാക്ടറി ഉദ്ഘാടനം ചെയ്യാനുള്ള അവസരമുണ്ടായി. പണ്ടുകാലത്തെപ്പോലെ കശുവണ്ടി തല്ലിയെടുക്കുന്ന രീതിയല്ല അവിടെയുള്ളത്. സ്ത്രീതൊഴിലാളികൾ എല്ലാവരും നല്ല രീതിയിൽ ജർമ്മൻ, ജപ്പാൻ നിർമ്മിത മെഷീനുകൾ ഉപയോഗിച്ചാണ് ജോലി ചെയ്യുന്നത്. ഗ്രാമി, ഓസ്കാർ എന്നീ അവാർഡ് വേദികളിൽ ആളുകൾ സ്നാക്സ് ബോക്സിൽനിന്നുമെടുത്ത്

കൊറിച്ചുകൊണ്ടിരിക്കുന്ന കശുവണ്ടി കൊല്ലത്തുള്ള ഈ കമ്പനിയിൽനിന്നും കയറ്റിയയ്ക്കുന്ന റോസ്റ്റഡ് കശുവണ്ടിയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവിടെ സന്ദർശിച്ചിട്ടുണ്ടോയെന്ന് എനിക്കറിയില്ല. ഇപ്പോൾ കമ്പനിക്കകത്ത് കയറണമെങ്കിൽ ഗ്ലൗസ്, മാസ്ക് തുടങ്ങിയവ ധരിക്കണം. അത്തരത്തിൽ കശുവണ്ടി മേഖലയിൽ ആധുനികവൽകരണം നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ആധുനിക യുഗത്തിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ നടപ്പാക്കാതെ പിടിച്ചുനിൽക്കാൻ കഴിയില്ല. കേരളത്തിൽ നേരത്തേതന്നെ ഉല്പാദനച്ചെലവ് കൂടുതലായിരുന്നു; ഇപ്പോഴും അത് കൂടുതൽ തന്നെയാണ്. മറ്റ് രാജ്യങ്ങളിൽ 800 രൂപയ്ക്ക് 80 കിലോഗ്രാമിന്റെ ബാഗ് പ്രോസസ്സ് ചെയ്യുമ്പോൾ ഇവിടെ 4600 രൂപയാണ് കൊടുക്കേണ്ടി വരുന്നത്. ആ തുക കുറച്ചാൽ നമുക്ക് ഇവിടെ കൂടുതൽ തൊഴിൽ സാധ്യത സൃഷ്ടിക്കാൻ സാധിക്കും. അതിനുള്ള ശ്രമങ്ങൾ ആധുനികവൽകരണം വഴിയേ സാധിക്കുകയുള്ളൂ. എല്ലാ ട്രേഡ് യൂണിയനുകളും അംഗീകരിച്ച തരത്തിലുള്ള മാറ്റം കശുവണ്ടി മേഖലയിൽ നടപ്പാക്കിവരികയാണ്. ആ മേഖല നല്ല രീതിയിൽ മാറിയതുകൊണ്ട് ഇപ്പോൾ ഒരു അസ്വസ്ഥതയുമില്ല. കൂലിയും ബോണസും വർധിപ്പിച്ചതിനാൽ കശുവണ്ടി തൊഴിലാളികൾക്ക് ഈ വർഷത്തെ ഓണക്കാലം സന്തോഷഭരിതമായിരുന്നുവെന്ന കാര്യംകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കയർ മേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് നേരത്തെതന്നെ സഭയിൽ വ്യക്തമാക്കിയിരുന്നു. ഇവിടെയുള്ള കയറിന്റെ വിലയെക്കാൾ കുറഞ്ഞ വിലയ്ക്കാണ് തമിഴ്നാട്ടിൽനിന്നും കയർ ലഭിക്കുന്നത്. നമ്മൾ ഇവിടെ ഉണ്ടാക്കിയ മെഷീനിന്റെ runnage 140m ആണ്. അതിൽ ഒരു തൊഴിലാളി 40

മുതൽ 50 കിലോഗ്രാം വരെ കയർ ഒരു ദിവസം പിരിക്കുമ്പോൾ, തമിഴ്നാട്ടിൽ ഒരു തൊഴിലാളി രണ്ട് മെഷീനുകളിൽ വർക്ക് ചെയ്ത് 200 കിലോഗ്രാം കയറാണ് പിരിക്കുന്നത്. ഇപ്പോൾ നമുക്കും ക്ലസ്റ്റർ സംവിധാനം ആരംഭിച്ചപ്പോൾ ഒരു തൊഴിലാളിക്ക് 100 കിലോഗ്രാം കയർ പിരിക്കാൻ കഴിയുന്ന സാഹചര്യമുണ്ടായി. ബഹുമാനപ്പെട്ട എ. പി. അനിൽ കുമാർ പറഞ്ഞ കാര്യങ്ങളിലെ ഒരു ഭാഗം ശരിയാണ്. കയർഫെഡിന് സൊസൈറ്റികൾക്ക് പണം കൊടുക്കാൻ സാധിക്കാതെ പ്രതിസന്ധി നേരിടുന്നുണ്ട്. അത് പരിഹരിക്കുന്നതിന് റിവോൾവിംഗ് ഫണ്ട് സ്കീം നടപ്പാക്കാൻ ഞങ്ങൾ ശ്രമിക്കുകയാണ്. 10 കോടി രൂപയുടെ റിവോൾവിംഗ് ഫണ്ട് നടപ്പാക്കിയിട്ടുണ്ട്. കയർഫെഡ് കയർ സംഭരിച്ചയുടൻ പണം കൊടുക്കുകയും ഗവൺമെന്റിന്റെ പണം ലഭിക്കുമ്പോൾ തിരികെ ഈ റിവോൾവിംഗ് ഫണ്ടിലേയ്ക്ക് വരികയും ചെയ്യും. മറ്റൊന്ന്, ചകിരിയുടെ ലഭ്യതക്കുറവായിരുന്നു. ചകിരിക്കുവേണ്ടി ഇപ്പോൾ Yarn bank ആരംഭിച്ചിട്ടുണ്ട്. ആറുമാസത്തേയ്ക്ക് ആവശ്യമായിവരുന്ന ചകിരിയുടെ അളവ് മുൻകൂട്ടി കണ്ടുകൊണ്ട് അതിലേയ്ക്കായി ഒന്നരക്കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടെക്സ്റ്റൈൽ മേഖലയിൽ കോട്ടൺ ബോർഡ് രൂപീകരിച്ചതിലൂടെ വളരെയധികം വിജയകരമായി മുന്നോട്ടുപോകുന്നുണ്ട്. അതിനുശേഷം ടെക്സ്റ്റൈൽ മില്ലുകൾ ലാഭത്തിലാകുകയും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന മില്ലുകളുടെ നഷ്ടം കുറയുകയും ചെയ്തു. ബഹുമാനപ്പെട്ട അംഗം മന്ത്രിയായിരുന്ന വ്യക്തിയായതുകൊണ്ട്, സംസ്ഥാനത്തുള്ള സംവിധാനങ്ങളെക്കുറിച്ച് അറിയാമല്ലോ? വ്യവസായ വകുപ്പിൽനിന്നും ആവശ്യപ്പെടുന്ന തുകയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിൽ കൊടുത്ത് അംഗീകരിക്കുകയും

ആയത് റിലീസ് ചെയ്ത് വരുമ്പോഴേക്കും കോട്ടണിന്റെ വില വർധിക്കുകയും ക്വാളിറ്റി കുറയുകയും ചെയ്യും. ആ കോട്ടൺ ഉപയോഗിച്ച് നൂൽ ഉല്പാപാദിപ്പിച്ചാൽ എത്ര ഉല്പാപാദിപ്പിക്കുന്നുവോ അത്രയും നഷ്ടം വർധിക്കുകയും ഉല്പാദിപ്പിക്കാതിരുന്നാൽ ലാഭവുമില്ല-നഷ്ടവുമില്ല എന്ന നിലയിലേയ്ക്ക് വരികയും ചെയ്യും. കോട്ടൺ ബോർഡ് നിലവിൽ വന്നപ്പോൾ 10 കോടി രൂപ ധനകാര്യ വകുപ്പ് പ്രത്യേകമായി അനുവദിച്ച് ആ സംവിധാനം ഏർപ്പെടുത്തിയിരുന്നു. തുടർന്ന് ആ സീസണിൽ കോട്ടൺ സംഭരിച്ചശേഷം ടെക്സ്റ്റൈൽ മില്ലുകൾക്ക് കൊടുക്കും. അതൊരു എക്സ്ട്രാ അക്കൗണ്ട് എന്ന നിലയിൽ ആരംഭിച്ചതുകൊണ്ട് അവർ നൂലാക്കി വിൽക്കുമ്പോൾ ലഭിക്കുന്ന തുക ഈ അക്കൗണ്ടിലേക്ക് വരും. തുടർന്ന് നമ്മൾ ചെലവഴിച്ച തുക എടുത്തശേഷം ബാക്കി തുക അവർക്ക് നൽകുകയും ചെയ്യും. റിവോൾവിംഗ് ഫണ്ട് ആരംഭിച്ചതിനുശേഷം ടെക്സ്റ്റൈൽ മേഖലയിൽ നല്ല മാറ്റമുണ്ടാക്കാൻ സാധിച്ചു. ആ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ കയർ മേഖലയെക്കുറിച്ച് പഠനം നടത്തുന്നതിനായി കമ്മിറ്റിയെ നിയോഗിച്ചത്. കശുവണ്ടി മേഖലയിൽ പറഞ്ഞ ഈ കാര്യങ്ങളെല്ലാം നടപ്പാക്കിയത് ഒരു വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ട്രേഡ് യൂണിയനുകൾ ആകെ ചർച്ച ചെയ്ത് ഐകകണ്ഠ്യേന അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, എന്റെ ചോദ്യം slightly out of context ആണെങ്കിലും അറിയാനുള്ള ആകാംക്ഷകൊണ്ട് ചോദിക്കുന്നതാണ്. നമ്മുടെ പരമ്പരാഗത മേഖലയിൽ നിന്നുള്ള എക്സ്പോർട്ടുകൾ വളരെ ക്രിട്ടിക്കൽ ആയിരുന്നല്ലോ. ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ചിരുന്ന താരിഫ് നിലവിൽ വന്നതിനുശേഷം അത് ഏതെങ്കിലും നിലയിൽ നമ്മുടെ

കയറ്റുമതിയെ ബാധിച്ചിട്ടുണ്ടോ? അങ്ങനെ ബാധിച്ചിട്ടുണ്ടെങ്കിൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അതിനെ അഡ്രസ്സ് ചെയ്യാൻ കഴിയുന്ന എന്തെങ്കിലും ഒരു സ്റ്റെപ്പ് എടുക്കാൻ സാധിച്ചിട്ടുണ്ടോ; പരമ്പരാഗത മേഖലയെ അത് ഏതെങ്കിലും വിധത്തിൽ ബാധിച്ചിട്ടുണ്ടോയെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, ഞാൻ ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്ന വിഷയം പൂർത്തിയാക്കിയശേഷം അങ്ങ് പറഞ്ഞ കാര്യത്തിലേക്ക് കടക്കാം. ഞാൻ പറഞ്ഞുവന്നത്, സംസ്ഥാനത്ത് yarn bank ആരംഭിക്കുകയുണ്ടായി. Yarn bank-ൽ ആറ് മാസത്തേക്കുള്ള യാൺ ടെണ്ടർ ചെയ്ത് കേരളത്തിൽതന്നെ അത് സംഭരിക്കുകയാണ് ചെയ്യുന്നത്. മലപ്പുറത്ത് നിന്നാണ് ധാരാളം ലഭിക്കുന്നത്. മലപ്പുറത്ത് സ്ഥാപിച്ച മെഷീനുകൾക്ക് രണ്ട് പ്രശ്നങ്ങളുണ്ടായിരുന്നു. നമ്മൾ നിർമ്മിച്ച മെഷീനുകൾ കേടായാൽ മെയിന്റനൻസ് ചെയ്യാൻ സാധിക്കാത്ത വിഷയവുമായി ബന്ധപ്പെട്ട് വലിയ പരാതി ഉയർന്നുവന്നിരുന്നു. ഇപ്പോൾ ഗവൺമെന്റുതന്നെ ഫണ്ട് കൊടുത്ത് ഗവൺമെന്റ് സംവിധാനത്തിൽ 500 മെഷീനുകൾ മെയിന്റനൻസ് ചെയ്യുകയും പ്രൊഡക്റ്റിവിറ്റി വർധിപ്പിക്കുകയും ചെയ്തു. 250 മെഷീനുകളുടെ മെയിന്റനൻസ് ഈ വർഷം നടപ്പാക്കിയിട്ടുണ്ട്. യാൺ ബാങ്ക് കൂടി ആരംഭിക്കുമ്പോൾ ചകിരി ലഭ്യത കൃത്യമായി ഉറപ്പുവരുത്താനും കയർ സംഭരിക്കുമ്പോൾ കൃത്യസമയത്ത് തുക കൊടുക്കുകയാണെങ്കിൽ നിലവിലുള്ള പ്രൊഡക്ഷനെക്കാൾ 50 ശതമാനം വർധിപ്പിക്കാനും സാധിക്കുന്നതാണ്. കൂടുതൽ തുക കൊടുക്കേണ്ട ആവശ്യം ഉണ്ടാകുന്നില്ല. കൃത്യ സമയത്ത്

ചകിരിയും സംഭരണത്തിന്റെ തുകയും കൊടുത്താൽ സ്വാഭാവികമായും വർക്ക് നടന്നുകൊണ്ടേയിരിക്കും.

ഈ ബിൽ കയർ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഒന്നല്ല. ക്ഷേമനിധി ബോർഡിന്റെ കാര്യത്തെക്കുറിച്ച് ഇന്നലത്തെ ചർച്ചയിൽ സൂചിപ്പിച്ചിരുന്നു. ക്ഷേമനിധി പെൻഷൻ പൂർണ്ണമായും കൊടുക്കുന്നത് സർക്കാരാണ്. കയർ തൊഴിലാളികളുടെ ക്ഷേമനിധി മറ്റ് ക്ഷേമനിധികൾ പോലെയല്ല; ഇതിന് മാച്ചിംഗ് ഗ്രാന്റ് ഇല്ല. എന്നാൽ ഇവർ കൊടുക്കുന്ന ധാരാളം ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. അവയെല്ലാം ഇന്നലെ ഞാൻ സഭയിൽ വിശദീകരിച്ചതായതിനാൽ ആവർത്തിക്കുന്നില്ല. അതുമായി ബന്ധപ്പെട്ട പ്രശ്നം നമ്മളെല്ലാവരും അറിയേണ്ടതാണ്. ഒന്നേമുക്കാൽ കോടി രൂപയുടെ ആനുകൂല്യം കൊടുക്കുന്നതിനായി നാലേകാൽ കോടി രൂപയുടെ ഭരണപരമായ ചെലവുകൾ ഉണ്ടാകുന്നുണ്ട്. ഇത് എല്ലാ ക്ഷേമനിധി ബോർഡുകളും നേരിടുന്ന പ്രശ്നമാണ്. ഈ വിഷയം കക്ഷി രാഷ്ട്രീയത്തിനപ്പുറം പരിശോധിക്കപ്പെടേണ്ട കാര്യമാണ്. ക്ഷേമനിധി എന്ന കാഴ്ചപ്പാടിലൂടെ ആ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കാനാണ് ലക്ഷ്യം വയ്ക്കുന്നതെങ്കിൽ ഒരു ഘട്ടം കഴിയുമ്പോൾ ക്ഷേമനിധിയെ നിലനിർത്തുക എന്ന ഉദ്ദേശ്യത്തിലേക്ക് പതുക്കെ നമ്മുടെ ലക്ഷ്യം മാറാൻ തുടങ്ങും. ഇപ്പോൾ നമ്മൾ ചെലവ് ചുരുക്കാനുള്ള സമീപനം സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി താല്കാലിക ജീവനക്കാരെയും ചില തസ്തികകളിൽ ആവശ്യമില്ലെന്ന് കണ്ടെത്തുകയും ചെയ്തിട്ടുള്ളവരെ ഒഴിവാക്കുകയും മറ്റു ചെലവുകൾ ചുരുക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തു. അത്തരത്തിൽ നിരവധി

കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ക്ഷേമനിധി പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നത് ഗവൺമെന്റാണ്. ഈ വർഷം ധനകാര്യ വകുപ്പ് 53,92,441/- രൂപയുടെ സീലിംഗ് ഏർപ്പെടുത്തിയിരുന്നു. അത് ഒഴിവാക്കിക്കൊണ്ടുതന്നെ ഓണത്തിനുമുമ്പായി ചെയ്യേണ്ട കാര്യങ്ങളെല്ലാം നടപ്പാക്കുന്നതിന് പരമ്പരാഗത മേഖലയ്ക്ക് ധനകാര്യ വകുപ്പ് പ്രത്യേക അനുമതി നൽകുകയുണ്ടായി. ഇവയെല്ലാം ഇപ്പോൾ സംസ്ഥാന സർക്കാർ നടപ്പാക്കാൻ തുടങ്ങിയിട്ടുണ്ട്. Income support scheme-നായി സർക്കാർ ഇപ്പോൾ 91.36 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേടായ തറികളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിനായി സൊസൈറ്റിക്ക് കാശ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ അതിന് പരിഹാരമെന്ന നിലയിൽ ഒരു തറിക്ക് 15,000/- രൂപ നിരക്കിൽ 900 തറികൾക്ക് 1.35 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് മുഖേന തറികളുടെ കാര്യക്ഷമത വർധിപ്പിക്കാൻ സാധിക്കും. Legacy liabilities തുടരുന്നതിന്റെ ഭാഗമായി, സൊസൈറ്റിയിൽനിന്നും വിരമിക്കുന്നവർക്ക് ഗ്രാറ്റുവിറ്റി നൽകാൻ സാധിച്ചിരുന്നില്ല. അത് ദീർഘകാലമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ തുടരുന്നൊരു പ്രശ്നമാണ്. വിരമിക്കുന്ന തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി ലഭിക്കേണ്ടതല്ലേ? ഗ്രാറ്റുവിറ്റി നൽകുന്ന വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പലപ്പോഴും ഇടപെട്ടിട്ടുമുണ്ട്. ഗ്രാറ്റുവിറ്റി നൽകുന്നത് സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണെങ്കിലും അക്കാര്യത്തിൽ നമുക്കെല്ലാവർക്കും ഉത്തരവാദിത്വമുണ്ട്. അതിന്റെ ഭാഗമായി ഗ്രാറ്റുവിറ്റിയുടെ അമ്പത് ശതമാനം (ഒരു ലക്ഷം രൂപ വരെ) നൽകുന്നതിനുള്ള പുതിയ പദ്ധതി സർക്കാർ നടപ്പാക്കുകയും ഇതിനായി 67,66,549/- രൂപ ചെലവഴിക്കുയും ചെയ്തു. ബാങ്ക്

സെക്രട്ടറിമാർക്കും മറ്റും ശമ്പളം നൽകുന്നതിന് മാനേജീരിയൽ സബ്സിഡിയായി 4.19 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കിങ് ക്യാപിറ്റലുമായി ബന്ധപ്പെട്ട പ്രതിസന്ധി പരിഹരിക്കുന്നതിന് 14.15 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 430 സംഘങ്ങൾക്കായി 4.34 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ ക്ലസ്റ്റർ സംവിധാനത്തിന് സാധ്യതയുണ്ടെന്ന് കണ്ടെത്തുകയും പരീക്ഷണാർഥം എക്സ്പോർട്ടേഴ്സിനെയും സംഘങ്ങളെയും തൊഴിലാളികളെയും ഉൾപ്പെടുത്തി ആലപ്പുഴയിൽ ഒരു ക്ലസ്റ്റർ രൂപീകരിക്കുകയും ചെയ്തു. അഞ്ചോ ആറോ മെഷീനുകൾ ഒരുമിച്ച് പ്രവർത്തിപ്പിച്ച് ഉൽപാദനക്ഷമത വർധിപ്പിച്ചു. ക്ലസ്റ്റർ സംവിധാനത്തിലൂടെ ഒരു തൊഴിലാളിക്ക് രണ്ടു മെഷീനുകൾ ഒരേസമയം കൈകാര്യം ചെയ്യാൻ സാധിക്കും. ടെക്നോളജി പുരോഗമിച്ചതിനാൽ തൊഴിലാളികളുടെ ജോലിഭാരം വർധിക്കുന്നില്ല. അതനുസരിച്ച് നിലവിൽ 120-130 കിലോവരെ കയർ പിരിക്കാൻ സാധിക്കുന്നുണ്ട്. കൂടുതൽ കയർ പിരിക്കുന്നതിന്റെ ഭാഗമായി അവർക്ക് മുമ്പ് ലഭിച്ചു കൊണ്ടിരുന്നതിനെക്കാൾ അധികം വേതനവും ലഭിക്കും. നൂറ് മെഷീനുകൾ പ്രവർത്തിപ്പിക്കാവുന്ന ഒരു ക്ലസ്റ്ററിന് സർക്കാർ അംഗീകാരം നൽകുകയും 37,00,000/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ഈ ഇനത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ വിഹിതവും ലഭിക്കും. പണ്ട് കാലങ്ങളിൽ ചെയ്തിരുന്നതുപോലെ കുടിലുകൾ കേന്ദ്രീകരിച്ച്/വീടുകളോട് ചേർന്ന് കുളത്തിലോ ചെറിയ ജലാശയങ്ങളിലോ ഇട്ട് തൊണ്ട് അഴുക്കി ചകിരി തല്ലിയെടുക്കുന്ന രീതി നിലവിൽ പ്രായോഗികമല്ല. അതിനുള്ള സൗകര്യങ്ങൾ ഇപ്പോൾ

ഒരിടത്തും ലഭിക്കുകയുമില്ല. ആലപ്പുഴയിൽതന്നെ പത്തിരുപത് ക്ലസ്റ്ററുകൾ ആരംഭിച്ചാൽ നല്ല രീതിയിലുള്ള മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കും. ക്ലസ്റ്ററുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.-യും ഞാനും ആലപ്പുഴ ജില്ല സന്ദർശിച്ച് അവിടത്തെ തൊഴിലാളി യൂണിയനുകളുമായി ചർച്ച ചെയ്ത് നിർദേശങ്ങൾ സ്വീകരിച്ചു. ഇക്കാര്യങ്ങളെല്ലാം ചർച്ച ചെയ്യുന്നതിനായി 23-09-2025-ൽ ആലപ്പുഴ ജില്ലയിലെ കയർ മേഖലയുമായി ബന്ധപ്പെട്ട എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു കോൺക്ലേവ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. താരിഫുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൂടുതൽ ബാധിക്കുന്നത് കശുവണ്ടി മേഖലയെയാണ്. അതുകൂടാതെ, സീ ഫുഡ്, സ്പൈസസ് മേഖലയെയും ഇത് പ്രതികൂലമായി ബാധിക്കുന്നുണ്ട്. നിലവിലെ പ്രശ്നം, ഇതുസംബന്ധിച്ച് സർക്കാരിന് സ്ഥായിയായ നയം സ്വീകരിക്കാൻ സാധിക്കില്ല എന്നുള്ളതാണ്. ഡൊണാൾഡ് ട്രംപ് രാവിലെ ഒരു താരിഫും ഉച്ചയ്ക്ക് മറ്റൊരു താരിഫും രാത്രി വേറൊരു താരിഫുമായിരിക്കും പ്രഖ്യാപിക്കുന്നത്. ഉറക്കത്തിനിടയിൽ എഴുന്നേൽക്കല്ലേ എന്നാണ് ആളുകൾ ആഗ്രഹിക്കുന്നത്. അങ്ങനെ വന്നാൽ ചിലപ്പോൾ പുതിയ താരിഫ് പ്രഖ്യാപിക്കും. അതുകൊണ്ട് അതിനെ അടിസ്ഥാനപ്പെടുത്തി നയം തീരുമാനിക്കാൻ സാധിക്കില്ല. ഈ താരിഫ് നിലവിൽ വന്നപ്പോൾതന്നെ വ്യവസായ വകുപ്പ് എക്സ്പോർട്ടേഴ്സിന്റെ യോഗം വിളിച്ചിരുന്നു. പ്രത്യേകിച്ച് ചെറിയ എക്സ്പോർട്ടേഴ്സിന് പെട്ടെന്ന് ഷിപ്പിങ് ക്യാൻസലേഷൻ വന്നാൽ അതിന്റെ ആഘാതം സഹിക്കാൻ പ്രയാസമായിരിക്കും. ആ അവസരത്തിൽ ഗവൺമെന്റ് അവർക്കൊപ്പമുണ്ടെന്നും ഭയപ്പെടേണ്ടതില്ലെന്നും വ്യക്തമാക്കുകയും അവരുടെ

അഭിപ്രായങ്ങൾ കേൾക്കുകയും ചെയ്തു. ധനകാര്യ വകുപ്പ് ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനുമായി ചേർന്ന് ഈ മേഖലയിൽ പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്. Alternative market, domestic market എന്നിവ വികസിപ്പിക്കുന്നതിനുള്ള സാധ്യതകൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്തെ ലുലുമാളിൽ coir craft-ന്റെ ചെറിയൊരു ഷോറൂം ആരംഭിക്കുകയും 60 ലക്ഷം രൂപയുടെ വില്പന നടത്തുകയും ചെയ്തിരുന്നു. അവിടെ ഇത്തരത്തിലൊരു സ്ഥാപനത്തിൽ വില്പന ചെയ്യാൻ സാധിക്കുമോയെന്ന ആശങ്ക ഗവൺമെന്റിന് ആദ്യമുണ്ടായിരുന്നു. ഇന്ത്യയിലെ ഡൊമസ്റ്റിക് മാർക്കറ്റുകളോടൊപ്പം യൂറോപ്യൻ മാർക്കറ്റുകളിലേയ്ക്കുള്ള വ്യാപനം സാധ്യമാക്കുന്നതിനെക്കുറിച്ചും ലോക കേരളസഭയിലെ അംഗങ്ങളുടെ സഹായം പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ചും സർക്കാർ പരിശോധിച്ചുവരികയാണ്; അതിനുള്ള ശ്രമങ്ങൾ തുടരുന്നുമുണ്ട്. ശ്രീ. എ. പി. അനിൽ കുമാർ കയർ ഉൽപന്നങ്ങളുടെ കയറ്റുമതിയിൽ മൊത്തം പ്രശ്നം നേരിടുന്നുണ്ടെന്നും അത് കേരളത്തിലെ കയർ മേഖലയെ ബാധിക്കുമെന്നും സൂചിപ്പിച്ചു. എന്നാൽ കയർ കോർപറേഷൻ 12 കോടി രൂപയുടെ കയറ്റുമതി നടത്തുകയുണ്ടായി. ആദ്യമായി കേരളത്തിന് ഇ-കൊമേഴ്സ് മേഖലയിലേക്ക് കടക്കാൻ സാധിച്ചതിലൂടെ Walmart, Flipkart, Amazon എന്നീ പ്രമുഖ ഇ-കൊമേഴ്സ് കമ്പനികൾ മുഖേനയുള്ള വിപണനത്തിനായി കേരളത്തിൽനിന്നും കയർ ഉൽപന്നങ്ങൾ കണ്ടെയ്നറുകളിൽ അയയ്ക്കാൻ സാധിക്കും. ആധുനികവൽക്കരണത്തിന്റെ ഭാഗമായി തൊഴിലാളികൾക്ക് പുതിയ കാലത്തിന്റെ പരിശീലനം നൽകുന്നതിനായി

ഭോപ്പാൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിന്റെ സേവനം തേടി. അവരൊരു മോഡ്യൂൾ തയ്യാറാക്കുകയും ആ മോഡ്യൂൾ നടപ്പാക്കുന്നതിനു മുമ്പ് ട്രേഡ് യൂണിയനുകളെയും സൊസൈറ്റി പ്രതിനിധികളെയും മാറ്റ്സ് ആൻഡ് മാറ്റിങ്സ് സൊസൈറ്റിയെയും എക്സ്പോർട്ടേഴ്സിനെയും വിളിച്ച് അവരുടെ അഭിപ്രായങ്ങൾകൂടി ആരാഞ്ഞതിനുശേഷം പുതിയ ഡിസൈനുകൾ കൊണ്ടുവരികയും ചെയ്തിരുന്നു. തൊഴിലാളികൾക്ക് ദിവസം 600 രൂപ സ്റ്റൈപ്പൻഡ് നൽകുകയും 500 പേർക്ക് പരിശീലനം നൽകി അവരെ മാസ്റ്റർ ട്രെയിനേഴ്സാക്കുകയും ചെയ്തു. ഇത്തരത്തിൽ പരിശീലനം ലഭിച്ചവരെയുൾപ്പെടുത്തി സ്റ്റാർട്ടപ്പുകൾ ആരംഭിക്കുകയും അവർ നിർമ്മിക്കുന്ന ഉൽപന്നങ്ങൾക്ക് രൂപീകരിച്ച സ്ഥലത്തുതന്നെ മുൻകൂർ ഓർഡർ ഫോം നൽകി വിപണനം ഉറപ്പുവരുത്തുകയും ചെയ്തു. അവർ നല്ല രീതിയിൽ പ്രവർത്തിക്കുന്നതിന്റെ ഫലമായി ആ മേഖലയിൽ പുതിയ മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട്. വ്യവസായ വകുപ്പിന്റെ കീഴിൽ കയർ കോർപറേഷൻ, കയർഫെഡ്, മെഷിനറി കോർപറേഷൻ, ഫോം മാറ്റിങ്സ്, കയർ അപ്പെക്സ് ബോഡി, കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിങ്ങനെ ആറ് സ്ഥാപനങ്ങളുണ്ട്. ഭരണച്ചെലവ് കുറയ്ക്കുന്നതിനായി ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾത്തന്നെ ഫോം മാറ്റിങ്സ് ചെയർമാനും ബോർഡും ആവശ്യമില്ലെന്നും കയർ കോർപറേഷനെ ഫോം മാറ്റിങ്സിൽ ലയിപ്പിക്കാനും തീരുമാനിച്ചു. ഇവ രണ്ടും ലയിപ്പിക്കുന്നതിനുള്ള തീരുമാനം അന്തിമ ഘട്ടത്തിലെത്തുകയും അതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തു. അതിനാൽ ഈ മാസം കയർ കോർപറേഷൻ, ഫോം മാറ്റിങ്സ് എന്നിവ ഒരു കമ്പനിയാകും. കയർ കോർപ്പറേഷൻ

ഇപ്പോൾ തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്നുവെന്ന കാര്യം അഭിമാനത്തോടെ പറയുന്നു. ഒരു ദശകത്തിനപ്പുറത്ത്/ പതിനെട്ട് കൊല്ലത്തിനുശേഷം ഫോം മാറ്റിങ്സ് തുടർച്ചയായി രണ്ട് വർഷവും ലാഭത്തിലെത്തി.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, കയർ തൊഴിലാളികളുടെ ക്ഷേമവും വേതനവും ഉറപ്പുവരുത്തണമെങ്കിൽ കയർ ഉൽപന്നങ്ങളുടെ വിപണിക്കൂടി ഉറപ്പുവരുത്തണം. കേരളത്തിൽ പെരിയാർവാലി പോലെയുള്ള നിരവധി കനാലുകൾ വർഷംതോറും തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ശുചീകരിക്കുന്നതിനായി കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നുണ്ട്. അതിന്റെ ഇരുകരകളിലും കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിയാൽ വിപണി സാധ്യത ഉറക്കാൻ സാധിക്കുമായിരുന്നു. അക്കാര്യം പരിഗണിക്കാൻ സാധിക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, വലിയ രീതിയിലുള്ള കയറ്റുമതിയും ലാഭവും ഉണ്ടായെന്നാണ് അങ്ങ് സൂചിപ്പിച്ചത്. കയറ്റുമതിയെക്കുറിച്ചും തൊഴിൽനഷ്ടത്തെക്കുറിച്ചും ഞാൻ സംസാരിച്ച മുഴുവൻ കാര്യങ്ങളും കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഇക്കണോമിക് റിവ്യൂവിനെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. അതല്ലാതെ ഇക്കാര്യത്തിൽ മറ്റ് രേഖകളെയൊന്നും ആശ്രയിച്ചിട്ടില്ല. അതിൽ പൂർണ്ണമായും ഗവൺമെന്റിന്റെ കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. പി. രാജീവ്: സർ, കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്കുകളെ ഞങ്ങൾ ആസൂത്രണം ചെയ്യുന്നതിനുള്ള അടിസ്ഥാന ഘടകമായിട്ടാണ് കാണുന്നത്. അങ്ങ്

പറഞ്ഞ ഈ പ്രശ്നങ്ങൾ നിലനിൽക്കുമ്പോൾ, അത് എങ്ങനെ പരിഹരിക്കാൻ സാധിക്കും? ഇത് നിലവിലുള്ള പ്രശ്നമല്ല; ആസൂത്രണ ബോർഡിന്റെ മുൻകാലങ്ങളിലെ സംഭവവികാസങ്ങളുംകൂടി ചേർത്തുള്ള കാര്യമാണ് പറഞ്ഞത്. അങ്ങ് മന്ത്രിയായിരുന്ന കാലഘട്ടത്തിലെ നാല് വർഷവും ഞാൻ മന്ത്രിയായിരിക്കുന്ന നാല് വർഷവും തമ്മിൽ താരതമ്യം ചെയ്ത് പറഞ്ഞതാണ്. ഇന്നത്തെ ആസൂത്രണ ബോർഡിന്റെ കണക്ക് അങ്ങ് പറഞ്ഞപ്പോൾ, അങ്ങ് മന്ത്രിയായിരുന്ന കാലഘട്ടത്തിലെ ആസൂത്രണ ബോർഡിന്റെ കണക്കുകൾകൂടി ചേർത്തുവച്ച് ഞാൻ താരതമ്യം നടത്തി. നമ്മൾ അങ്ങോട്ടുമിങ്ങോട്ടുമുള്ള കാര്യങ്ങളെ സംബന്ധിച്ച് പറയുന്നെങ്കിലും ഈ മേഖലയെ മാറ്റുന്നതിനുള്ള ശ്രമമാണ് നടത്തേണ്ടത്. ശ്രീ. പി. വി. ശ്രീനിജിൻ നല്ലൊരു നിർദേശമാണ് മുന്നോട്ടുവച്ചത്. നിലവിൽ ആലപ്പുഴ കനാലിന്റെ വശങ്ങളിൽ കയർ ഭ്രവസ്തുങ്ങൾ മനോഹരമായി വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ, കേരളത്തിലെ റോഡുകളുടെ വശങ്ങളിലും കയർ ഭ്രവസ്തുങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഇക്കാര്യത്തിൽ നാഷണൽ ഹൈവേ അതോറിറ്റിയുമായി ചർച്ച നടത്തി ധാരണയിലെത്തിയിരുന്നു. പക്ഷേ, നമ്മൾ വിതരണം ചെയ്യുന്നതിന്റെ പകുതി വിലയ്ക്ക് തമിഴ്നാട്ടിൽനിന്നും കയർ ഭ്രവസ്തും ലഭിക്കുന്നതിനാൽ ആ വിപണി സാധ്യത കേരളത്തിന് ഉറപ്പുവരുത്താൻ സാധിച്ചില്ല. ഒറീസ്സയിൽ മൈനുകൾ ഇടിഞ്ഞുപോകുന്നത് സംരക്ഷിക്കുന്നതിനായി കയർഭ്രവസ്തും ഉപയോഗിക്കുന്നുണ്ട്. ഏകദേശം മിക്ക പഞ്ചായത്തുകളിലും അവയുടെ വില്പന ഇരട്ടിയായിട്ടുണ്ട്. പെരിയാർവാലിയിൽ കയർ ഭ്രവസ്തും സാധ്യമാക്കണമെന്ന നിർദേശം പരിഗണിക്കാം. കയർ തൊഴിലാളികൾക്ക് പുതിയൊരു

ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ആശുപത്രികളിൽ cashless ചികിത്സയുടെ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുവെ ഈ പ്രതിസന്ധികൾ മനസ്സിലാക്കി പരിഗണിക്കാനാണ് ശ്രമിക്കുന്നത്. 23-09-2025-ൽ ചേരുന്ന സമ്മേളനത്തിലെ ഒരു സെഷൻ കമ്പോള പ്രതിസന്ധിയും അതിന്റെ ബദൽ മാർഗ്ഗങ്ങളെ സംബന്ധിച്ചുമാണ് ചർച്ച ചെയ്യുന്നത്. മറ്റൊരു സെഷനിൽ 'പുതിയ കാലം പുതിയ സമീപനം' എന്ന വിഷയത്തെ ആസ്പദമാക്കിയും ചർച്ച ചെയ്യും. ആ യോഗത്തിൽ എക്സ്പോർട്ടേഴ്സ്, സൊസൈറ്റി പ്രതിനിധികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ, കയർ മാറ്റ്സ് ആൻഡ് മാറ്റിങ്സ് സൊസൈറ്റി പ്രതിനിധികൾ, ചെറുകിട ഉൽപാദകർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും. ഇത്തവണ രാഷ്ട്രീയ പ്രതിനിധികളോ ട്രേഡ് യൂണിയൻ പ്രതിനിധികളോ മാനേജ്മെന്റ് പ്രതിനിധികളോ ഉണ്ടായിരുന്നില്ല. ചെന്നൈ ഐ.ഐ.ടി.-യിലെ പ്രൊഫസറിന്റെ നേതൃത്വത്തിലുള്ള വിദഗ്ധ സമിതി റിപ്പോർട്ട് അവതരിപ്പിച്ചിരുന്നു. ആ റിപ്പോർട്ടിന്റെ ആദ്യഭാഗം ട്രേഡ് യൂണിയനുകൾ അംഗീകരിച്ചിട്ടുണ്ട്. മറ്റ് കാര്യങ്ങൾ സംബന്ധിച്ച് കുറെക്കൂടി വിശദമായി യോഗത്തിൽ ചർച്ച ചെയ്തതിനുശേഷം ഈ പ്രശ്നങ്ങൾക്കെല്ലാം നമ്മുടെ പരിമിതിക്കുള്ളിൽനിന്നുകൊണ്ട് സാധ്യമാകുന്ന തരത്തിലുള്ള മാറ്റം വരുത്താനും തൊഴിലാളികൾക്ക് പരമാവധി വരുമാനം വർധിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിക്കാനും സർക്കാർ ശ്രമിക്കുന്നുണ്ട്. അതിനുള്ള ഫലം കണ്ടെത്തുന്നുമുണ്ട്. ഇക്കാര്യങ്ങളുടെയെല്ലാം അടിസ്ഥാനത്തിൽ ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

ചെയർപേഴ്സൺ: ശ്രീ. കെ. വി. സുമേഷ്, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന് അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ശ്രീ. കെ. വി. സുമേഷ്, അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ശ്രീ. എ. പി. അനിൽ കുമാർ, അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും സെപ്റ്റംബർ 19-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 സെപ്റ്റംബർ 19-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 5.10-ന് പിരിഞ്ഞു.)

******

**അനുബന്ധം 1**

(1) (i) 18-09-2025-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (*62)-ന്റെ ഉത്തരത്തിന്റെ (എ) പിരിവിലെ അനുബന്ധം

കേരളത്തിലെ പട്ടികവർഗ ജനവിഭാഗങ്ങൾക്കിടയിലെ സാമ്പത്തിക വളർച്ച, സാമൂഹിക ശാക്തീകരണം, വിദ്യാഭ്യാസം, മെച്ചപ്പെട്ട അടിസ്ഥാന ഭൗതിക സാഹചര്യങ്ങളുടെ ഉറപ്പാക്കൽ, കലാ-സാംസ്കാരിക-പൈതൃകങ്ങളുടെ ഉദ്ബോധനം, കായികശേഷി പരിപോഷിപ്പിക്കൽ, ശുദ്ധജല ലഭ്യത, ആരോഗ്യപരമായ അന്തരീക്ഷം എന്നിവ ഉറപ്പുവരുത്തി പൊതുസമൂഹത്തിലേക്ക് അവരെ ഉയർത്തി പരാമർശിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് മറ്റ് വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പട്ടികവർഗ വികസന വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്ത് നഴ്സറിതലം മുതൽ പൈലറ്റ് പരിശീലന കോഴ്സുകളിൽവരെ പഠനസഹായം ഉറപ്പുവരുത്തുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീ/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, ഐ.ടി.ഐ.-കൾ, നഴ്സറി സ്കൂളുകൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങി വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്ന നിരവധി സ്ഥാപനങ്ങൾ നിലവിലുണ്ട്. സാമൂഹ്യപഠനമുറി, സ്കോളർഷിപ്പ്, ഹോസ്റ്റൽ സൗകര്യം, എൻട്രൻസ് പരിശീലനം, ലാപടോപ്പ്, പാരലൽ കോളേജിലെ പഠനസഹായം, സിവിൽ സർവീസ് പരിശീലനം, മത്സരപരീക്ഷാ പരിശീലനം, വിദേശ പഠന സ്കോളർഷിപ്പ്, അഭിഭാഷക പരിശീലനം തുടങ്ങിയവ വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികളിൽ ഉൾപ്പെടുന്നു.

സാമ്പത്തിക ഉന്നമനത്തിനായി വിവിധ തൊഴിൽ പരിശീലനങ്ങൾ, സംരംഭകത്വം ആരംഭിക്കുന്നതിനുള്ള ധനസഹായങ്ങൾ, ഉല്പന്ന പ്രദർശന- വിപണന മേളകൾ, ടൈബൽ പ്ലാൻ പദ്ധതി മുതലായ നിരവധി പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നു. വിവാഹ ധനസഹായം, മിശ്രവിവാഹിതർക്ക് ധനസഹായം, ചികിത്സാ ധനസഹായം, ഏകവരുമാനദായകൻ അന്തരിച്ച കുടുംബത്തിനുള്ള ധനസഹായം തുടങ്ങി വ്യത്യസ്തമായ സാമൂഹ്യ ക്ഷേമപദ്ധതികളും നടപ്പാക്കിവരുന്നു. സാംസ്കാരിക മേഖലയിലെ ഉണർവിനായി നടപ്പിലാക്കുന്ന കലാമേളയായ ഗദ്ദിക, സർഗ്ഗോത്സവം, കായിക പ്രോത്സാഹനത്തിനായി കളിക്കളം തുടങ്ങിയവ പൊതുസമൂഹത്തിലാകെ ശ്രദ്ധേയമാണ്. അതിക്രമം തടയൽ നിയമം കർശനമായി നടപ്പാക്കുന്നതിനായി പ്രത്യേക ഇടപെടലുകളും നടത്തിവരുന്നുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഭവന പുനരുദ്ധാരണം (SAFE), അംബേദ്കർ

സെറ്റിൽമെന്റ് വികസന പദ്ധതി, ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പാക്കുന്ന പദ്ധതികളും നിർവഹിച്ചുവരുന്നു.

(ii) 18-09-2025-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (*62)-ന്റെ ഉത്തരത്തിന്റെ (ബി) പിരിവിലെ അനുബന്ധം

**സാമൂഹ്യ പഠനമുറി**

വിദ്യാഭ്യാസത്തിലൂടെ വികസനം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായാണ് സാമൂഹ്യ പഠനമുറി എന്ന പദ്ധതി തയ്യാറാക്കിയത്. കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഊരിൽത്തന്നെ ആധുനിക രീതിയിലുള്ള പഠന സൗകര്യങ്ങൾ (കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ലൈബ്രറി) ഉറപ്പുവരുത്തിക്കൊണ്ട് സാമൂഹ്യപഠന മുറികൾ ആരംഭിച്ചു. പഠന കാര്യങ്ങളിൽ സഹായിക്കുന്നതിന് ഒരു ഫെസിലിറ്റേറെ നിയമിച്ചിട്ടുണ്ട്. 364 സാമൂഹ്യപഠന മുറികൾ ആരംഭിച്ചിട്ടുണ്ട്. ഇവയിൽ 54 എണ്ണം മോഡൽ സാമൂഹ്യപഠന മുറികളായി അപ്ഗ്രേഡ് ചെയ്ത് മത്സര പരീക്ഷകൾക്കുള്ള പരിശീലനം നൽകുന്നതിനും ലൈബ്രറികളാക്കി മാറ്റാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഇന്റർനെറ്റ് കണക്ടിവിറ്റി**

ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമല്ലാതിരുന്ന ഉന്നതികളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കിവരുന്നു. ഇതിലൂടെ ഡിജിറ്റൽ പഠന രംഗത്ത് സമാനതകളില്ലാത്തവിധം മുന്നേറ്റം സാധ്യമാക്കി.

**മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ**

വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന 22 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും ആധുനിക വിദ്യാഭ്യാസ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനും നിരവധി പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കാൻ വകുപ്പിന് കഴിഞ്ഞു. സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, ലാംഗ്വേജ് ലാബ്, സ്കൂൾ റേഡിയോ, കരിയർ ഗൈഡൻസ് & കൗൺസിലിങ്, സി.സി.റ്റി.വി., നവീകരിച്ച അടുക്കള സംവിധാനങ്ങൾ, മൾട്ടി പർപ്പസ് സിന്തറ്റിക് കോർട്ട്, മിനി മാസ്റ്റ് ലൈറ്റ്, ഖര-ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, ജലശുദ്ധീകരണ പദ്ധതി തുടങ്ങിയ വിപുലമായ സൗകര്യങ്ങൾ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്.

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ എല്ലാ വിദ്യാർഥികളുടെയും ആരോഗ്യകാര്യങ്ങൾ രേഖപ്പെടുത്തുന്നതിനായി ഹെൽത്ത് കാർഡ് വിതരണം ചെയ്ത് രാജ്യത്തിന് തന്നെ മാതൃകയായി. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പ്രവേശനത്തിനുള്ള വരുമാന പരിധി വർധിപ്പിച്ചു. കുട്ടികൾക്ക് പഠനത്തിന് ദിശാബോധം നൽകുന്നതിനായി കരിയർ സെല്ലുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പൂർവ്വ വിദ്യാർഥികളെ പങ്കെടുപ്പിച്ച് സംഗമങ്ങൾ നടത്തി. വിദ്യാർഥികൾക്കായി ജീവിത നൈപുണ്യ ക്ലാസുകളും സംഘടിപ്പിച്ചുവരുന്നുണ്ട്.

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, വിക്രം സാരാഭായി സ്പെയ്സ് സെന്റർ, ടെക്നോപാർക്ക് എന്നിവയുടെ സഹകരണത്തോടെ വിജ്ഞാന വ്യാപന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

**പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പിന്തുണ**

മെഡിസിൻ, എഞ്ചിനീയറിങ്, നിയമം തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുന്ന വിദ്യാർഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. ഇത് കൂടുതൽ യുവജനങ്ങളെ ഉന്നത വിദ്യാഭ്യാസത്തിലേക്ക് ആകർഷിക്കാൻ സഹായിച്ചു. വിദേശ പഠനത്തിനുള്ള സഹായം, പൈലറ്റ് പരിശീലനത്തിനുള്ള സാമ്പത്തിക സഹായം എന്നിവയിലൂടെ പട്ടികവർഗ യുവജനതയെ കരുത്തുറ്റ സമൂഹമായി മാറ്റുന്നതിന് വലിയൊരു പങ്കുവഹിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**ഉന്നതി വിദേശ പഠന സ്കോളർഷിപ്പ്**

സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗങ്ങളിലെ മിടുക്കരായ വിദ്യാർഥികൾക്ക് വിദേശ സർവകലാശാലകളിൽ ബിരുദാനന്തര ബിരുദ ഉന്നത വിദ്യാഭ്യാസം നേടുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പദ്ധതിയാണ് ഉന്നതി വിദേശ പഠന സ്കോളർഷിപ്പ്. വിജ്ഞാനത്തിന്റെയും ആഗോള തൊഴിൽ മേഖലയുടെയും വിശാലമായ ലോകത്തേക്ക് വിദ്യാർഥികൾക്ക് പ്രവേശനം ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

- ബിരുദാനന്തര ബിരുദ പഠനത്തിനായി ഒരു വിദ്യാർഥിക്ക് 25 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് ലഭിക്കും.
- ഒരു വർഷം 310 വിദ്യാർഥികൾക്കാണ് ഈ സ്കോളർഷിപ്പ് ലഭിക്കുന്നത്. ഇതിൽ 50 പട്ടികവർഗ വിദ്യാർഥികൾക്ക് വരുമാന പരിധിയില്ലാതെ സ്കോളർഷിപ്പ് ലഭിക്കും.
- ടൈംസ് ഹയർ എഡ്യൂക്കേഷൻ റാങ്കിങ് പ്രകാരം ലോകത്തിലെ മികച്ച 500 സർവകലാശാലകളിൽ പ്രവേശനം നേടുന്നവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുക.
- പെൺകുട്ടികൾ, ശാരീരിക വൈകല്യമുള്ളവർ, ഏക രക്ഷിതാവുള്ള കുട്ടികൾ എന്നിവർക്ക് അപേക്ഷകളിൽ മുൻഗണനയുണ്ട്.
- പദ്ധതിക്ക് കീഴിൽ ഇതുവരെ 95 വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകി.
- സ്കോളർഷിപ്പിന് പുറമേ, വിസ അപേക്ഷ, കൗൺസിലിങ് സെഷനുകൾ, നിയമ സഹായം, ആരോഗ്യ ഇൻഷ്വറൻസ് എന്നിവ നൽകി വിദ്യാർഥികൾക്ക് സുരക്ഷിതമായ പഠനം ഉറപ്പാക്കുന്നു. ഇത് ഏജന്റ്/ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും വിദ്യാർഥികളെ സംരക്ഷിക്കുന്നു.

**TRACE (Training for Career Excellence):**

ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് പ്രായോഗിക പരിശീലനം നൽകുന്ന പദ്ധതിയാണിത്. എഞ്ചിനീയറിങ്, നഴ്സിംഗ്, നിയമം, പാരാമെഡിക്കൽ തുടങ്ങി വിവിധ മേഖലകളിൽ ഓണറേറിയത്തോടെയുള്ള ഇന്റേൺഷിപ്പ് ഇതുവഴി ലഭിക്കുന്നു.

(iii) 18-09-2025-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (*62)-ന്റെ ഉത്തരത്തിന്റെ (ഡി) പിരിവിലെ അനുബന്ധം

സമഗ്രമായ പട്ടികവർഗ വികസന ക്ഷേമ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് 50 വർഷങ്ങൾ തികയുന്ന വേളയിൽ സുവർണ ജൂബിലി ആഘോഷങ്ങളുടെ ആസൂത്രണവും നടത്തിപ്പും സംബന്ധിച്ച് രൂപീകരിച്ച ടാസ്ക് ഫോഴ്സ് ലഭ്യമാക്കിയ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ചുവടെ പറയുന്ന വിഷയങ്ങൾക്ക് സർക്കാർ അനുമതിയോടുകൂടി മുൻഗണന നൽകി നടപ്പിലാക്കുന്നതിന് നടികൾ സ്വീകരിക്കുന്നതാണ്.

1. സുവർണ്ണ ജൂബിലി വർഷത്തിൽ, എല്ലാ പട്ടികവർഗ വിഭാഗക്കാർക്കും ഭൂമി ഉറപ്പാക്കി ഭൂരഹിത പട്ടികവർഗ വിഭാഗക്കാർ ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുക.
2. ഫോറസ്റ്റ് വില്ലേജുകൾ റവന്യൂ വില്ലേജ് ആക്കി സമയബന്ധിതമായി പരിവർത്തനം ചെയ്യൽ, വനാവകാശ പ്രകാരം നൽകിയ സ്ഥലത്തിന്റെ സമ്പൂർണ്ണ ഡിജിറ്റൈസേഷൻ പൂർത്തിയാക്കൽ.
3. എല്ലാ ഉന്നതികളിലും റോഡ്, കുടിവെള്ളം, വൈദ്യുതി, ഇന്റർനെറ്റ്, ശ്മശാനം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കൽ - പുതിയ പദ്ധതി പ്രഖ്യാപനം.
4. എല്ലാ പട്ടികവർഗക്കാർക്കും അടിസ്ഥാന രേഖകൾ ഉറപ്പാക്കുന്ന ABCD പദ്ധതിയുടെ പൂർത്തീകരണം.
5. പട്ടികവർഗ വിഭാഗക്കാരിലെ അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രഖ്യാപനം.

6. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സഹകരണത്തോടെ ദുരന്തസാധ്യതയുള്ള പട്ടികവർഗ ഉന്നതികളിൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കൽ.

7. എല്ലാ പട്ടികവർഗ വിഭാഗക്കാരേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ സംരക്ഷണം ഉറപ്പാക്കൽ - രാജ്യത്തെ ആദ്യ സംസ്ഥാന പ്രഖ്യാപനം.

8. എല്ലാ പട്ടികവർഗ വിഭാഗക്കാർക്കും സിക്കിൾസെൽ അനീമിയ സ്ക്രീനിങ് ടെസ്റ്റ്, കൗൺസിലിങ് എന്നിവ നടത്തി ആരോഗ്യ പരിപാലനം ഉറപ്പുവരുത്തൽ, ചികിത്സ ഏകോപനത്തിനും രോഗബാധിതരെ സഹായിക്കുന്നതിനുമായി ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ കോഴിക്കോട് മെഡിക്കൽ കോളേജിൽ സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കൽ.

9. പട്ടികവർഗ വിദ്യാർഥികളുടെ സമ്പൂർണ്ണ എൻറോൾമെന്റ് ഉറപ്പുവരുത്തൽ, കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കൽ.

10. സാമൂഹ്യ പഠനമുറിക്ക് പുറമെ വിദ്യാർഥികൾക്ക് 2.5 ലക്ഷം രൂപ ചെലവഴിക്കുന്ന സ്മാർട്ട് പഠന മുറി - പുതിയ പദ്ധതി പ്രഖ്യാപനം.

11. ഡിജിറ്റലി കണക്ടഡ് ട്രൈബൽ ഏരിയാസ് പദ്ധതി ആവശ്യമായ മറ്റ് മേഖലകളിലേക്കും വ്യാപിപ്പിക്കൽ.

12. കാറ്റാടി പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കൽ.

13. 5,000 പട്ടികവിഭാഗ യുവതയ്ക്ക് സ്ഥിര വരുമാനമുള്ള തൊഴിൽ ലഭ്യമാക്കുന്ന ഉന്നതി വിജ്ഞാന തൊഴിൽ ഹബ്ബ് മിഷൻ പ്രവർത്തനം.

14. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം ഒരു കുടുംബത്തിന് 100 തൊഴിൽ ദിനങ്ങൾ നൽകുന്നതിന് പുറമെ, സംസ്ഥാന സർക്കാർ പട്ടികവർഗക്കാർക്കായി നടപ്പിലാക്കുന്ന ടൈബൽ പ്ലസ് പദ്ധതിയിലൂടെ, അതത് പട്ടികവർഗ മേഖലകളിലെ പരമ്പരാഗത കൃഷിരീതികൾ പ്രോത്സാഹിപ്പിക്കൽ, മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ, മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ എന്നിവ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കൽ.

15. പട്ടികവർഗ മേഖലയിലെ ഫാമിങ് സൊസൈറ്റി/ കോർപ്പറേഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി അപെക്സ് സംഘം രൂപീകരിച്ച് ഏകോപിപ്പിക്കുക.

16. ഫാമിങ് സൊസൈറ്റികളിലെ ഉൽപന്നങ്ങൾക്ക് കൂടുതൽ ആവശ്യകത സൃഷ്ടിക്കാനും അതുവഴി കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കാനും അപെക്സ് സംഘം വഴി വിപണനം ശക്തിപ്പെടുത്തുന്നതിനും മൂല്യവർധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിനും മുൻഗണന നൽകും.

17. RIDF/KIIFB പദ്ധതിപ്രകാരം ആറളം ഫാമിൽ നിർമ്മാണം പൂർത്തികരിച്ച സ്കൂൾ കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തി കാർഷിക, ഫിഷറീസ്, വെറ്ററിനറി

സർവകലാശാലകളുടെ ഹ്രസ്വകാല കോഴ്സുകൾ ഉൾപ്പെടുത്തിയുള്ള സുവർണ ജൂബിലി ടെയിനിങ് കേന്ദ്രം ആരംഭിക്കാൻ ലക്ഷ്യംവയ്ക്കുന്നു.

18. അപെക്സ് സംഘം ഉപയോഗപ്പെടുത്തി ആറളം ഫാമിലെ സപ്ലൈകോ ഔട്ലെറ്റുകൾ, മൃഗാശുപത്രി, കൃഷിഭവൻ, മിൽക്ക് സൊസൈറ്റി കെട്ടിടങ്ങൾ അതത് വകുപ്പുകളുടെ സഹകരണത്തോടെ പ്രയോജനപ്പെടുത്തുക. ജലലഭ്യത പ്രയോജനപ്പെടുത്തി കേന്ദ്രീകൃത ജലസേചന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക.

19. എൻ ഊര് പദ്ധതി ഉത്തരവാദിത്ത ടൂറിസത്തിന്റെ സാധ്യതകൾ കൂടി ഉൾക്കൊള്ളിച്ച് സംസ്ഥാനത്തെ പ്രധാനപ്പെട്ട തദ്ദേശീയ കേന്ദ്രങ്ങളെ ഉൾക്കൊള്ളിച്ച് എത്നിക് ടൂറിസം ട്രാവൽ ടൂറിസം പദ്ധതിയായി വിപുലീകരിക്കുക.

20. സംസ്ഥാനത്ത് CMD വഴി വിവിധ നിർമ്മാണ ജോലികൾക്ക് പരിശീലനം നൽകിയ 85 ഗോത്ര ജീവിക സംഘങ്ങളെ സംസ്ഥാന തലത്തിൽ ഏകോപിപ്പിച്ച് ഫെഡറേഷൻ രൂപീകരിക്കുക.

21. KIRTADS തയ്യാറാക്കിയിട്ടുള്ള തദ്ദേശീയ വൈദ്യൻമാരുടെ അറിവ് സംരക്ഷിക്കുന്നതിനും ഏകീകരിക്കുന്നതിനും പ്രത്യേക പദ്ധതി നടപ്പിലാക്കുക.

(2) <u>18-09-2025-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (*63)-ന്റെ ഉത്തരത്തിന്റെ (എ) പിരിവിലെ അനുബന്ധം</u>

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഇതുവരെ നൽകിയ കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | ആകെ ഗ്രാമീണ വീടുകൾ | ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം | ജൽ ജീവൻ മിഷൻ പദ്ധതി തുടങ്ങിയ ശേഷം നൽകിയ ആകെ കണക്ഷൻ | നിലവിലുള്ള മൊത്തം കണക്ഷൻ | കവറേജ് (%) |
|---|---|---|---|---|---|
| ആലപ്പുഴ | 543821 | 378352 | 171325 | 366778 | 67.44 |
| എറണാകുളം | 620848 | 346467 | 151265 | 416656 | 67.11 |
| ഇടുക്കി | 279017 | 241261 | 40222 | 98413 | 35.27 |
| കണ്ണൂർ | 433842 | 376986 | 174539 | 254962 | 58.77 |
| കാസർഗോഡ് | 253522 | 220320 | 44982 | 85123 | 33.58 |
| കൊല്ലം | 607160 | 446930 | 303398 | 451177 | 74.31 |
| കോട്ടയം | 471910 | 373493 | 120041 | 229985 | 48.73 |
| കോഴിക്കോട് | 514666 | 526159 | 118993 | 205265 | 39.88 |
| മലപ്പുറം | 797512 | 652951 | 221830 | 365406 | 45.82 |
| പാലക്കാട് | 650491 | 497280 | 235145 | 384032 | 59.04 |
| പത്തനംതിട്ട | 357519 | 273171 | 88907 | 174137 | 48.71 |
| തിരുവനന്തപുരം | 659860 | 524194 | 282026 | 448838 | 68.02 |
| തൃശ്ശൂർ | 600633 | 438834 | 130618 | 309247 | 51.49 |
| വയനാട് | 191308 | 148944 | 29434 | 72273 | 37.78 |
| ആകെ | 6982109 | 5445342 | 2112725 | 3862292 | 55.31 |

**അനുബന്ധം 2**

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**പട്ടികവർഗക്കാർക്ക് ഭൂമി**

5 (*65) ശ്രീ. എ. പ്രഭാകരൻ:

ശ്രീ. കെ. യു. ജനീഷ് കുമാർ:

ശ്രീ. കെ. ആൻസലൻ:

ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗക്കാർക്ക് ഭൂമി നൽകുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമ പ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെയും കൂടാതെ അതിദരിദ്രപട്ടികയിൽ ഉൾപ്പെട്ട ഭൂമിയും വീടും ആവശ്യമുള്ള കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായവും നൽകിവരുന്നു. അതിനുപുറമെ റവന്യൂ ഭൂമി വിതരണത്തിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നുണ്ട്.

ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നാളിതുവരെ 41774 പേർക്കായി 51857.30 ഏക്കർ ഭൂമിയും 5609 പട്ടികവർഗ കുടുംബങ്ങൾക്ക് വീടും അനുവദിച്ചിട്ടുണ്ട്. ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്ന കുടുംബങ്ങൾക്ക് ഭവനം, കുടിവെള്ളം, റോഡ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ

ലഭ്യമാക്കുന്നതോടൊപ്പം ജീവനും സ്വത്തും സംരക്ഷിക്കുന്നതിനും, ജീവനോപാധികൾക്കുമുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) കഴിഞ്ഞ ഒൻപത് വർഷങ്ങൾക്കിടയിൽ എത്ര പട്ടികവർഗ കുടുംബങ്ങൾക്ക് എത്ര ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ?

ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വനാവകാശ നിയമപ്രകാരം 4690 പേർക്ക് 6288.12 ഏക്കർ ഭൂമിക്ക് കൈവശാവകാശരേഖ നൽകി, 213 പേർക്ക് 48.28 ഏക്കർ റവന്യൂ ഭൂമി വിതരണം ചെയ്തു. ഭൂമി വാങ്ങി നൽകൽ പദ്ധതി പ്രകാരം 274 പേർക്ക് 149.05 ഏക്കർ ഭൂമി വിതരണം ചെയ്തു. ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 388 പേർക്ക് 68.52 ഏക്കർ ഭൂമി വിതരണം ചെയ്തു. നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതി പ്രകാരം 3426 പേർക്ക് 2106.21 ഏക്കർ ഭൂമി വിതരണം ചെയ്തു. പ്രളയ പുനരധിവാസ പദ്ധതിപ്രകാരം 171 പേർക്ക് 20.47 ഏക്കർ ഭൂമി വിതരണം ചെയ്തു. ഇത്തരത്തിൽ കഴിഞ്ഞ ഒൻപത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർഷങ്ങൾക്കിടയിൽ ആകെ 9162 പട്ടികവർഗ കുടുംബങ്ങൾക്ക് 8680.65 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(സി) ഈ കാലയളവിൽ എത്ര പട്ടികവർഗ കുടുംബങ്ങൾക്ക് എത്ര ഏക്കർ ഭൂമിക്ക് വനാവകാശ പട്ടയം ലഭിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണെങ്കിൽ നൽകാമോ?

ഈ കാലയളവിൽ 4690 പേർക്ക് 6288.12 ഏക്കർ ഭൂമിക്കുള്ള വനാവകാശ പട്ടയം/കൈവശാവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്.

**ജൽ ജീവൻ മിഷന്റെ പുരോഗതി**

6 (*66) ശ്രീമതി ഉമ തോമസ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ നടപ്പാക്കുന്നതിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ?

എല്ലാ ഗ്രാമീണ വീടുകളിലും ടാപ്പുവഴി ശുദ്ധജലം ലഭ്യമാക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ (JJM). കേന്ദ്ര-സംസ്ഥാന

സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. മിഷൻ പിരീഡ് 2024 ആയി തുടക്കത്തിൽ നിശ്ചയിച്ചിരുന്നു. പിന്നീടത് 2025 വരെ ദീർഘിപ്പിക്കുകയും 2025-26-ലെ യൂണിയൻ ബജറ്റിൽ കാലാവധി 2028 വരെ നീട്ടിയതായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് 2020-ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീടുകളിൽ മാത്രമാണ് കണക്ഷൻ ഉണ്ടായിരുന്നത് (25.06%). ജൽ ജീവൻ മിഷനിലൂടെ 54.45 ലക്ഷം കൂടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 21.13 ലക്ഷം കണക്ഷനുകൾ നൽകി. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീടുകളിൽ 38.62 ലക്ഷം വീടുകളിൽ കൂടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.31 %).

പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾ സംസ്ഥാനത്ത് 3 ജില്ലകളിൽ മാത്രമാണ് 25 ശതമാനത്തിന് മുകളിൽ കൂടിവെള്ള കണക്ഷൻ കവറേജ് ഉണ്ടായിരുന്നത് (ആലപ്പുഴ, എറണാകുളം, തൃശ്ശൂർ). ഇപ്പോൾ 7 ജില്ലകൾ 50 ശതമാനത്തിന് മുകളിൽ കവറേജ് കൈവരിച്ചു (കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ). 3

ജില്ലകൾ 45 ശതമാനത്തിന് മുകളിൽ കവറേജ് കൈവരിച്ചു (പത്തനംതിട്ട, കോട്ടയം, മലപ്പുറം). മറ്റ് ജില്ലകൾ 30 ശതമാനത്തിന് മുകളിൽ കവറേജ് കൈവരിച്ചു.

പദ്ധതി തുടങ്ങുമ്പോൾ ഒരു പഞ്ചായത്തിലും 100 ശതമാനം കവറേജ് ഉണ്ടായിരുന്നില്ല. ഇപ്പോൾ 117 പഞ്ചായത്തുകൾ 100 ശതമാനം കവറേജ് കൈവരിച്ചു. 408 പഞ്ചായത്തുകൾ 50 ശതമാനത്തിന് മുകളിൽ കവറേജ് കൈവരിച്ചു. 9 നിയമസഭാ മണ്ഡലങ്ങളും 100 ശതമാനം കവറേജ് കൈവരിച്ചു. (ധർമ്മടം, കല്ല്യാശ്ശേരി, കണ്ണൂർ, ബേപ്പൂർ, വൈപ്പിൻ, എറണാകുളം, കൊച്ചി, അത്തൂർ, വൈക്കം).

വിവിധ സ്കീമുകളിലായി നാളിതുവരെ 5546 വർക്ക് പാക്കേജുകളായി നടപ്പിലാക്കിവരുന്ന പ്രവൃത്തികളിൽ 3214 പ്രവൃത്തികൾ നിലവിൽ പൂർത്തിയാക്കി കഴിഞ്ഞു. 1770 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ബാക്കി പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

ഇതുവരെ 5610.30 കോടി രൂപ കേന്ദ്ര വിഹിതമായും 6033.29 കോടി രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട് (ആകെ-11643.59 കോടി രൂപ). മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട് .

നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 31-08-2025-ലെ കണക്ക് പ്രകാരം 6039.24 കോടി രൂപ (5540 ബില്ലുകൾ - 2024 മാർച്ച് മുതലുള്ളത് ) കുടിശ്ശിക നൽകാനുണ്ട് .

2025-26 സാമ്പത്തിക വർഷം ഇതുവരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇത് തരണം ചെയ്യാനായി കേരള വാട്ടർ അതോറിറ്റിക്ക് നബാർഡിൽനിന്നും 9000 കോടി രൂപ വായ്പ എടുക്കാൻ തത്വത്തിൽ അനുമതി നൽകിക്കൊണ്ടും ആദ്യഘട്ടത്തിൽ 5000 കോടി രൂപ വായ്പ എടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകുന്നതിന് അനുമതി നൽകിക്കൊണ്ടും 15-09-2025-ലെ G.O.(Ms)No. 67/2025/WRD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽ ഏറ്റവും പുറകിലാണ് സംസ്ഥാനത്തിന്റെ സ്ഥാനം എന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ?

ദേശീയതലത്തിൽ 2019-ൽ ജൽ ജീവൻ മിഷൻ പദ്ധതി ആരംഭിച്ചെങ്കിലും കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020 ഒക്ടോബറിലാണ് . പദ്ധതി ആരംഭിക്കുമ്പോൾ കേരളത്തിലെ ഗ്രാമീണ വീടുകളിൽ കവറേജ് 25 ശതമാനത്തിൽ താഴെയായിരുന്നു. പദ്ധതി ആരംഭിക്കുമ്പോൾ പല പ്രദേശങ്ങളിലും കുടിവെള്ള വിതരണ പദ്ധതികൾ ഇല്ലായിരുന്നു. ആയതിനാൽ പല ഇടങ്ങളിലും പുതുതായി പദ്ധതികൾ ആവിഷ്കരിക്കേണ്ടിവന്നു.

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഗ്രാമീണ-നഗര സ്വഭാവം വേർതിരിച്ചെടുക്കാൻ കഴിയാത്ത രീതിയിലുള്ള ആവാസ വ്യവസ്ഥയുണ്ട്. ഇതുമൂലം ചെറുപദ്ധതികളിലൂടെ എല്ലാ ഗ്രാമീണ വീടുകളിലും കണക്ഷൻ എത്തിക്കുക പ്രായോഗികമല്ല. കേരളത്തിൽ പ്രധാനമായും ഉപരിതല ജലസ്രോതസ്സുകൾ അടിസ്ഥാനമാക്കിയുള്ളതും സുസ്ഥിരമായതും അടുത്ത 30 വർഷത്തേക്ക് ആസൂത്രണത്തോടുകൂടിയുള്ളതുമായ സ്ഥായിയായ കുടിവെള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. കേരളത്തിലെ ഗ്രാമ-നഗര വ്യത്യാസമില്ലാത്ത സാഹചര്യവും ദീർഘകാല ആവശ്യങ്ങളും സുസ്ഥിരതയും പരിഗണിച്ച് പ്രതിദിനം ഒരു വ്യക്തിക്ക് 100 ലിറ്ററെങ്കിലും കുടിവെള്ളം ഉറപ്പുവരുത്തുന്ന തരത്തിലുള്ള പദ്ധതികളാണ്

ആസൂത്രണം ചെയ്തിട്ടുള്ളത് . ഈ പദ്ധതികൾ പൂർത്തിയാക്കാൻ കൂടുതൽ സമയം ആവശ്യമാണ് .

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പദ്ധതി നടപ്പിലാക്കുന്നതിനായി ആവശ്യമായ ഭൂമി ലഭ്യമാകുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ട് . കൂടാതെ കൂടുതൽ ഗ്രാമീണ റോഡുകളും മെച്ചപ്പെട്ട ടാർ റോഡുകളാണ്. പദ്ധതികളുടെ പൈപ്പ്ലൈൻ സ്ഥാപിക്കണമെങ്കിൽ ഈ റോഡുകൾവഴി മാത്രമെ സാധ്യമാവുകയുള്ളൂ. ഇതിന് ദേശീയപാത, പൊതുമരാമത്ത്, റെയിൽവേ, വനം മുതലായ വിവിധ ഏജൻസികളിൽനിന്നും അനുമതി ലഭിക്കുന്നതിനുള്ള കാലതാമസവും പദ്ധതി നിർവഹണത്തിൽ കാലതാമസം വരുത്തുന്നുണ്ട് . ഇതുകൂടാതെ പദ്ധതിയുടെ തുടക്കത്തിൽ കോവിഡ്മൂലമുണ്ടായ ലോക്ക്ഡൗൺ സാഹചര്യങ്ങളും മറ്റ് നിയന്ത്രണങ്ങളും കാലതാമസത്തിന് ഇടയാക്കിയിരുന്നു.

ഇത്തരം പ്രതിസന്ധികൾക്കിടയിലും പദ്ധതി തുടങ്ങിയതിനുശേഷം നാലുവർഷം കൊണ്ടുതന്നെ നിലവിലുണ്ടായിരുന്നതിനേക്കാൾ അധികം കണക്ഷൻ നൽകാൻ കഴിഞ്ഞു. 30 ശതമാനത്തോളം വർധന ഗ്രാമീണ കണക്ഷനുകളുടെ കവറേജിൽ ഈ കാലയളവിൽ കൈവരിക്കാൻ കഴിഞ്ഞു.

നിലവിലുള്ള കുടിവെള്ള കണക്ഷനുകളുടെ ശതമാനത്തെ മുൻ നിർത്തിയാണ് കേരളം മറ്റ് പല സംസ്ഥാനങ്ങളെ അപേക്ഷിച്ച് പുറകിലായതായി നിരീക്ഷിക്കപ്പെടുന്നത്. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് സുസ്ഥിരത ഉറപ്പാക്കുന്ന ബൃഹത് പദ്ധതികൾ നടപ്പിലാക്കുന്നതിനാൽ ഉൽപാദന ഘടകങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ കൂടുതൽ കുടിവെള്ള കണക്ഷനുകൾ നൽകാൻ സാധിക്കുകയുള്ളൂ. നാളിതുവരെ (12-09-2025) 21.13 ലക്ഷം കണക്ഷനുകൾ നൽകി. ഇതുകൂടാതെ 8.17 ലക്ഷം കണക്ഷനുകൾ HTC ആയി നൽകിയിട്ടുണ്ട്. സ്കീമുകളുടെ പ്രൊഡക്ഷൻ കംപോണന്റുകളുടെ പൂർത്തീകരണത്തോടെ ഈ കണക്ഷനുകളിലും കുടിവെള്ളമെത്തിക്കാൻ കഴിയും. ഇപ്പോൾ കുടിവെള്ളം നൽകാൻ കഴിയാത്ത 8.17 ലക്ഷം കണക്ഷനുകളെ സംസ്ഥാനം ഇപ്പോൾ FHTC കണക്കിൽ ദേശീയതലത്തിൽ നൽകിയിട്ടില്ല. ഇതും സംസ്ഥാനം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കണക്ഷൻ നൽകുന്നതിൽ പിന്നിലാണെന്നുള്ള നിരീക്ഷണത്തിന് കാരണമാണ്.

ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളിലും പദ്ധതി ആദ്യം നിശ്ചയിച്ച കാലയളവിൽ പൂർത്തിയാക്കാത്തതിനാലും നൽകിയ കണക്ഷനുകളുടെ

സുസ്ഥിരത ഉറപ്പാക്കാൻ കഴിയാത്തതിനാലും പദ്ധതി പൂർത്തീകരണ കാലാവധി കേന്ദ്ര സർക്കാർ 2028 വരെ നീട്ടിയിട്ടുണ്ട്.

(സി) പദ്ധതി പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പദ്ധതിയുടെ തുടക്കത്തിൽ കോവിഡ്മൂലമുണ്ടായ ലോക്ക്ഡൗൺ സാഹചര്യങ്ങളും മറ്റ് നിയന്ത്രണങ്ങളും കാലതാമസത്തിന് ഇടയാക്കിയിരുന്നു. കേരളത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ആവശ്യമായ ഭൂമി ലഭ്യമാകുന്നതിൽ ബുദ്ധിമുട്ടുണ്ട്. ഇതും പദ്ധതിയുടെ പുരോഗതിയെ ബാധിച്ചു. കൂടാതെ, പൊതുനിരത്തുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി ദേശീയപാത, പൊതുമരാമത്ത്, റെയിൽവേ, വനം മുതലായ വിവിധ ഏജൻസികളിൽനിന്നും അനുമതി ലഭിക്കുന്നതിനുള്ള കാലതാമസവും പദ്ധതി നിർവഹണത്തിൽ തുടക്കത്തിൽ കാലതാമസം വരുത്തിയിട്ടുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് താരതമ്യേന ബൃഹത് പദ്ധതികൾ നടപ്പിലാക്കുന്നതിനാൽ ഉൽപാദന ഘടകങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ കൂടുതൽ കുടിവെള്ള കണക്ഷനുകൾ നൽകാൻ സാധിക്കുകയുള്ളൂ.

കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽനിന്നുള്ള ഫണ്ടിന്റെ അപര്യാപ്തത പ്രവൃത്തികളുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട് .

(ഡി) പ്രസ്തുത പദ്ധതി എന്നേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പദ്ധതി പൂർത്തീകരണ കാലാവധി 2028 വരെ കേന്ദ്ര സർക്കാർ നീട്ടിയിട്ടുണ്ട്. പ്രസ്തുത സമയപരിധിക്കുള്ളിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

**ന്യൂനപക്ഷങ്ങളുടെ ക്ഷേമവും വികസനവും**

7 (*67) ശ്രീ. ആന്റണി ജോൺ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുമായി സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സംസ്ഥാനത്തെ മതന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുമായി കേരള സംസ്ഥാന ന്യൂനപക്ഷവികസന ധനകാര്യ കോർപ്പറേഷൻവഴി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. സംസ്ഥാനത്തെ ന്യൂനപക്ഷ സമുദായങ്ങൾക്ക് സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കി സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനും അതുവഴി ന്യൂനപക്ഷ ശാക്തീകരണം നടപ്പിലാക്കുന്നതിൽ കേരള സംസ്ഥാന ന്യൂനപക്ഷവികസന ധനകാര്യ കോർപ്പറേഷന് വലിയ പങ്ക് വഹിക്കാൻ സാധിച്ചിട്ടുണ്ട്. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC) സ്റ്റേറ്റ് ചാനലൈസിങ് ഏജൻസിയായും കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ പ്രവർത്തിച്ചുവരുന്നു. കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, ജൈന, പാഴ്സി എന്നീ മതത്തിൽപ്പെട്ട എല്ലാ വിഭാഗത്തിലുള്ളവർക്കും കേരള സംസ്ഥാന ന്യൂനപക്ഷ വികസന കോർപ്പറേഷൻ വളരെ കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ നൽകിവരുന്നുണ്ട്. കോർപ്പറേഷന്റെ വിവിധ ധനസഹായ പദ്ധതികളിലൂടെ നാളിതുവരെ 6,300 പേർക്ക് 250 കോടിയോളം രൂപ വായ്പയായി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ പുതുതായി മേഖലാ ഓഫീസുകളും ജില്ലാ ഓഫീസുകളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

കേരള സംസ്ഥാന ന്യൂനപക്ഷ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ പുതുതായി മേഖലാ ഓഫീസുകളും ജില്ലാ ഓഫീസുകളും ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്.

(സി) പ്രസ്തുത കമ്മീഷൻ നടത്തിവരുന്ന വായ്പാ പദ്ധതികൾ സംബന്ധിച്ച് വിശദമാക്കാമോ?

സംസ്ഥാനത്തെ മതന്യൂനപക്ഷങ്ങളുടെ ക്ഷേമവും സാമ്പത്തിക ഉന്നമനത്തിനുമായി കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന വിവിധ ധനസഹായ പദ്ധതികളുടെ വിവരണം അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപയുടെ ഏതെല്ലാം വായ്പാ പദ്ധതികളാണ് നടപ്പാക്കിയതെന്ന് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പറേഷന്റെ വിവിധ വായ്പാ പദ്ധതികളിലായി നാളിതുവരെ 2,334 ഗുണഭോക്താക്കൾക്കായി 146.21 കോടി രൂപ വായ്പയായി അനുവദിച്ച് നൽകാൻ കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ഇ) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നടത്തിവരുന്ന വായ്പാ പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും സുതാര്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

കോർപ്പറേഷൻ നൽകിവരുന്ന വായ്പാ പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും സുതാര്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിലവിലെ പദ്ധതികൾക്ക് ഉപരിയായി സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് കൂടുതൽ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1) പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി മദ്രസ്സ അധ്യാപകർക്കുള്ള പലിശരഹിത ഭവന വായ്പ പദ്ധതിയിൽ താഴെ കൊടുത്ത പ്രകാരം പരിഷ്കാരങ്ങൾ വരുത്തുന്നത് പരിഗണിച്ചുവരുന്നു.

- വായ്പത്തുക രണ്ടരലക്ഷത്തിൽനിന്ന് അഞ്ച് ലക്ഷം രൂപയായി വർധിപ്പിക്കുന്നതിന്;
- തിരിച്ചടവ് കാലാവധി 7 വർഷത്തിൽനിന്ന് 10 വർഷമായി ഉയർത്തുന്നതിന്;
- കുടുംബ വാർഷിക വരുമാനം ഒരു ലക്ഷത്തി ഇരുപതിനായിരം രൂപയിൽനിന്ന് മൂന്ന് ലക്ഷം രൂപയായും, പ്രായപരിധി 30-50-ൽനിന്ന് 25-55 വയസ്സായും ഭേദഗതി വരുത്തുന്നതിന്.

2) വായ്പയ്ക്കുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നുണ്ട്.

3) വായ്പത്തിരിച്ചടവിന് ഓൺലൈൻ പേയ്മെന്റ് (മൊബൈൽ ആപ്പ്, യു.പി.ഐ., നെറ്റ് ബാങ്കിങ് തുടങ്ങിയ) സൗകര്യം നടപ്പിലാക്കുന്നുണ്ട്.

4) ന്യൂനപക്ഷ വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വനിതകൾക്ക് സ്വന്തമായി വരുമാനം കണ്ടെത്തുന്നതിലേക്ക് സ്വയംതൊഴിൽ പദ്ധതി (ഇലക്ട്രിക് ഓട്ടോ വാങ്ങുന്നതിനുള്ള) പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

5) ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾ, വിവാഹമോചിതർ, ഉപേക്ഷിക്കപ്പെട്ട വിഭാഗത്തിലെ സ്ത്രീകൾ എന്നിവർക്ക് മാത്രമായി പ്രത്യേകം സ്വയംതൊഴിൽ വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**ആദിവാസി മേഖലയിലെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

8 (*68) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിൽ താമസിക്കുന്നവരുടെ അടിയന്തര ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പട്ടികവർഗ വികസന വകുപ്പ് മുഖേന ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് പട്ടികവർഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിന് പട്ടികവർഗ വികസന വകുപ്പ് പ്രഥമ പരിഗണനയാണ് നൽകിവരുന്നത്. പട്ടികവർഗക്കാരുടെ ആരോഗ്യസംരക്ഷണത്തിനായി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി
- സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം
- പട്ടികവർഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധി
- ജനനീ ജന്മരക്ഷാ പദ്ധതി
- ട്രൈബൽ പാരാമെഡിക്സ് പദ്ധതി
- കാറ്റാടി പദ്ധതി
- മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ
- ഒ.പി. ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും
- ഊരിന്റെ താരാട്ട്
- ആംബുലൻസ് സേവനം

- ട്രൈബൽ ഹെൽത്ത് & ന്യൂട്രീഷൻ കൺസൾട്ടന്റ്

ഇതുകൂടാതെ പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫുഡ് സപ്പോർട്ട് പ്രോഗ്രാംകൂടി നടപ്പിലാക്കിവരുന്നു.

(ബി) ഇടുക്കി ഇടമലക്കുടിയിൽ പനിപിടിച്ച് അവശനായതിനെ തുടർന്ന് 10 കിലോമീറ്റർ ചുമന്ന് ആശുപത്രിയിലെത്തിച്ച കുഞ്ഞ് മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ ഇടമലക്കുടി കുടല്ലാർകുടിയിലെ മൂർത്തി-ഉഷ ദമ്പതികളുടെ 5 വയസ്സുള്ള കാർത്തി എന്ന കുട്ടിക്ക് പനി, വയറിളക്കം, തലവേദന എന്നിവ ബാധിച്ചതിനെ തുടർന്ന് ആദ്യം മാങ്കുളത്തുള്ള സ്വകാര്യ ആശുപത്രിയിൽ ചികിത്സയ്ക്കായി പ്രവേശിപ്പിക്കുകയും തുടർന്ന് രോഗനില കൂടുതലായതിനാൽ അടിമാലി താലൂക്ക് ആശുപത്രിയിലേക്ക് കൊണ്ടുപോകുംവഴി കുട്ടി മരണപ്പെടുകയുമാണുണ്ടായത്.

(സി) ഇടമലക്കുടി അടക്കമുള്ള ആദിവാസി മേഖലകളിൽ താമസിക്കുന്നവരുടെ അടിയന്തര ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന്

യുദ്ധകാലാടിസ്ഥാനത്തിൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

പട്ടികവർഗ മേഖലയിലുള്ളവരുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പട്ടികവർഗ വികസന വകുപ്പ് നിരന്തരമായ ഇടപെടൽ നടത്തുകയും ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ആരോഗ്യ വകുപ്പിന്റെ പ്രൈമറി ഹെൽത്ത് സെന്റർ എന്നിവ മുഖേന നടത്തിവരുന്ന മെഡിക്കൽ ക്യാമ്പുകളിൽ കൃത്യമായ പരിശോധന നടത്തി ആവശ്യമായ മരുന്നുകൾ ഉന്നതികളിൽ വിതരണം ചെയ്യുന്നുണ്ട്. പരിശോധനകളിൽ അവപോഷണം നേരിടുന്നവർക്ക് ഡോക്ടർ നിർദ്ദേശിക്കുന്നതനുസരിച്ച് പ്രത്യേക പോഷകാഹാര കിറ്റുകൾ എത്തിച്ചുനൽകുന്നു.

**സ്വീവേജ് ആൻഡ് സെപ്റ്റേജ് മാനേജ്മെന്റ് പദ്ധതികൾ**

9 (*69) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. വി. ജോയി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:

ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരങ്ങളിലെയും വെള്ളക്കെട്ടുകളാൽ ചുറ്റപ്പെട്ട ജനസാന്ദ്രതയുള്ള ചതുപ്പ് പ്രദേശങ്ങളിലെയും ജലാശയങ്ങളിൽ കക്കൂസ് മാലിന്യം വൻതോതിൽ കലരുന്നതിനാൽ കോളിഫോം ബാക്ടീരിയയുടെ അളവ് ജലത്തിൽ ക്രമാതീതമായി അധികരിച്ച് വിവിധ പകർച്ചവ്യാധികൾക്ക് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വിലയിരുത്തിയിട്ടുണ്ട്.

(ബി) കക്കൂസ് മാലിന്യം, വ്യവസായശാലകളിൽനിന്നും ഒഴുക്കിവിടുന്ന രാസമാലിന്യങ്ങൾ, കാർഷിക മേഖലയിൽനിന്നും എത്തിപ്പെടുന്ന കീടനാശിനികൾ മുതലായവ പൊതുജലസ്രോതസ്സുകളെ മലിനമാക്കുന്നത് ഫലപ്രദമായി തടയുന്നതിന് നിലവിലെ നിയമങ്ങൾ പര്യാപ്തമാണോയെന്ന് പരിശോധിക്കുമോ; വ്യക്തമാക്കാമോ?

പരിശോധിക്കാവുന്നതാണ്.

(സി) പുതുതായി സ്വീവേജ് ആൻഡ് സെപ്റ്റേജ് മാനേജ്മെന്റ് പദ്ധതികൾ ആവിഷ്കരിച്ച് ഘട്ടംഘട്ടമായി നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

അനുയോജ്യമായ പദ്ധതികൾ ഘട്ടംഘട്ടമായി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ചെറുതും വലുതുമായ ജലാശയങ്ങൾ മാലിന്യമുക്തമാക്കുന്നതിനായി പ്രത്യേക ജനകീയ പദ്ധതികൾക്ക് രൂപം നൽകുമോ; വിശദമാക്കാമോ?

വിവിധ വകുപ്പുകളുടെ സഹകരണത്തോടെയും ജനപങ്കാളിത്തത്തോടെയും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

**പട്ടികജാതി, പട്ടികവർഗ വിദ്യാർഥികൾക്ക് വിദേശപഠന സഹായം**

10 (*70) ശ്രീ. പി.പി. സുമോദ്:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. വിജിൻ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒൻപത് വർഷത്തിനിടെ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് വിദേശപഠനത്തിനായി അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാണോ; എങ്കിൽ നൽകാമോ?

കഴിഞ്ഞ ഒൻപത് വർഷത്തിനിടെ 1059 പട്ടികജാതി വിദ്യാർഥികൾക്ക് 211,10,17,248/- രൂപയും, 80 പട്ടികവർഗ വിദ്യാർഥികൾക്ക് 16,73,32,659/- രൂപയും ഉൾപ്പടെ ആകെ 1139 വിദ്യാർഥികൾക്ക് 227,83,49,907/- രൂപ വിദേശപഠനത്തിനായി അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ വിദേശപഠനത്തിനുള്ള സഹായം ഏത് സർക്കാർ ഏജൻസി മുഖേനയാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

2024 ജനുവരി ഇൻടേക്ക് മുതൽ ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ് ലിമിറ്റഡ് (ODEPC) എന്ന സർക്കാർ ഏജൻസി മുഖേനയാണ് പട്ടികജാതി-പട്ടികവർഗ വിഭാഗം വിദ്യാർഥികൾക്ക് വിദേശപഠന സ്കോളർഷിപ്പ് അനുവദിക്കുന്നത്.

(സി) പ്രസ്തുത ഏജൻസി വന്നതിനുശേഷം എത്ര വിദ്യാർഥികൾക്ക് എത്ര കോടി രൂപ വിദേശപഠന സഹായമായി നൽകിയിട്ടുണ്ടെന്ന വിവരം ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ?

474 പട്ടികജാതി വിദ്യാർഥികൾക്ക് 80,58,75,000/- രൂപയും, 41 പട്ടികവർഗ വിദ്യാർഥികൾക്ക് 6,86,18,973/- രൂപയും ഉൾപ്പടെ ആകെ 515 വിദ്യാർഥികൾക്ക് 87,44,93,973/- രൂപ ODEPC മുഖേന വിദേശപഠനത്തിനായി അനുവദിച്ച് നൽകിയിട്ടുണ്ട്.

**ന്യൂനപക്ഷ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ്**

11 (*71) ഡോ. കെ. ടി. ജലീൽ:
ശ്രീ. എച്ച്. സലാം:
ശ്രീ. എം. നൗഷാദ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ ഗവേഷണ വിദ്യാർഥികൾക്കുള്ള മൗലാന ആസാദ് നാഷണൽ ഫെല്ലോഷിപ്പ് 2022-23 സാമ്പത്തിക വർഷം മുതൽ കേന്ദ്ര സർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ ന്യൂനപക്ഷ ഗവേഷണ വിദ്യാർഥികൾക്കായി സർക്കാർ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ?

ന്യൂനപക്ഷ ഗവേഷണ വിദ്യാർഥികൾക്കായി പുതിയ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 6 കോടി രൂപ ബജറ്റിൽ വകയിരുത്തിട്ടുണ്ട്. കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഗവേഷണ വിദ്യാർഥികൾക്കായി മൗലാനാ ആസാദ് നാഷണൽ ഫെല്ലോഷിപ്പ് നൽകിവന്നിരുന്നു. 2022-23 മുതൽ മൗലാനാ ആസാദ് നാഷണൽ ഫെല്ലോഷിപ്പ് പദ്ധതി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം നിർത്തലാക്കിയിരുന്നു. ടി പദ്ധതി കേന്ദ്ര സർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ, കേരള സർക്കാർ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെല്ലോഷിപ്പ് ഫോർ മൈനോറിറ്റീസ് എന്ന പേരിൽ പുതിയ പദ്ധതി ആരംഭിക്കുന്നതിന് തീരുമാനമെടുക്കുകയും, 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ ആറ് കോടി രൂപ വകയിരുത്തുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2024-25 വർഷം ന്യൂനപക്ഷ ക്ഷേമ വകുപ്പ് വിവിധ സ്കോളർഷിപ്പുകൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട്; എത്ര കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭ്യമായിട്ടുണ്ട്; വ്യക്തമാക്കാമോ?

2024-25 സാമ്പത്തിക വർഷം വിവിധ സ്കോളർഷിപ്പുകൾക്കായി 3856.36 ലക്ഷം രൂപ വിനിയോഗിച്ചു. 141943 വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് ലഭ്യമായിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**വന്യജീവി ആക്രമണം തടയാൻ കേന്ദ്ര സഹായം ലഭ്യമാക്കാൻ നടപടി**

12 (*72) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിന് സംസ്ഥാനത്തിന് കൂടുതൽ അധികാരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുമന്ത്രിക്ക് കത്തയച്ചിട്ടുണ്ടോ; എങ്കിൽ മറുപടി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷങ്ങൾ തടയുന്നതിന് നിയമപരമായി നിലവിലുള്ള നടപടിക്രമങ്ങളിലെ സങ്കീർണ്ണതകൾ ലഘൂകരിക്കുന്നതിനും കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമായ ചില അധികാരങ്ങൾ സംസ്ഥാന ചീഫ് വൈൽഡ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലൈഫ് വാർഡന് നൽകുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വനം-പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം സെക്രട്ടറിക്ക് സംസ്ഥാന സർക്കാർ 06-06-2025-ൽ കത്തയച്ചിട്ടുള്ളതാണ് (അനുബന്ധമായി ചേർത്തിരിക്കുന്നു+). കാടിന് പുറത്ത് ജനവാസ മേഖലയിൽ പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായി എത്തിച്ചേരുന്ന വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിന് നിലവിലുള്ള കേന്ദ്ര നിയമമായ 1972-ലെ വന്യജീവി (സംരക്ഷണ) നിയമം അനുയോജ്യമായ രീതിയിൽ കാലോചിതമായി ഭേദഗതി ചെയ്യുന്നതിനുള്ള പ്രമേയം 2024 ഫെബ്രുവരി മാസം 14-ന് നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കി. ആയത് കേന്ദ്ര സർക്കാരിലേക്ക് 27-02-2024-ൽ അയച്ചുകൊടുത്തിരുന്നു (അനുബന്ധമായി ചേർത്തിരിക്കുന്നു+). കൂടാതെ, സമാന ആവശ്യം ഉന്നയിച്ച് 06-01-2025-ലും സംസ്ഥാന സർക്കാർ കത്ത് നൽകിയിരുന്നു (അനുബന്ധമായി ചേർത്തിരിക്കുന്നു+).

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്ര വനം-പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിൽനിന്നും 11-06-2025-ലെ F.No. WL-8/70/2025-WL നമ്പർ കത്ത് പ്രകാരം മറുപടി ലഭ്യമായിട്ടുണ്ട് (അനുബന്ധമായി ചേർത്തിരിക്കുന്നു[+]).

(ബി) പ്രസ്തുത കത്തിലെ പ്രധാന ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ജനവാസ മേഖലയിൽ പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായി ഇറങ്ങുന്ന വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിന് നിലവിലുള്ള കേന്ദ്ര നിയമമായ 1972-ലെ വന്യജീവി (സംരക്ഷണം) നിയമം അനുയോജ്യമായ രീതിയിൽ കാലോചിതമായി ഭേദഗതി ചെയ്യുക, കാട്ടുപന്നികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കുക, നാടൻ കുരങ്ങുകളെ ഷെഡ്യൂൾ I-ൽനിന്നും ഷെഡ്യൂൾ II-ലേക്ക് മാറ്റുക, വന്യജീവി സംരക്ഷണ നിയമപ്രകാരം കേന്ദ്ര സർക്കാരിൽ മാത്രം നിക്ഷിപ്തമായ ചില അധികാരങ്ങൾ സംസ്ഥാന ചീഫ് വൈൽഡ്‌ലൈഫ് വാർഡന് നൽകുക എന്നിവയാണ് പ്രധാന ആവശ്യങ്ങൾ.

(സി) വന്യജീവി ആക്രമണങ്ങൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്ക് സംസ്ഥാനം സമർപ്പിച്ച 620 കോടിയുടെ പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കുന്നതിനായി പ്രത്യേക സാമ്പത്തിക സഹായം അനുവദിക്കണമെന്ന ആവശ്യം കേന്ദ്രം അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് സംസ്ഥാന സർക്കാർ 620 കോടി (60:40 അനുപാതത്തിൽ) രൂപയ്ക്ക് 5 വർഷത്തേക്കുള്ള ഒരു കർമ്മ പദ്ധതി തയ്യാറാക്കി ധനസഹായത്തിനായി 07-09-2021-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ സമർപ്പിക്കുകയും ആയത് 22-11-2021-ൽ ബഹുമാനപ്പെട്ട കേരള വനം വകുപ്പുമന്ത്രി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രിക്ക് നേരിട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം സമർപ്പിച്ച പദ്ധതിയെക്കുറിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാട് 12-01-2023-ലെ DO No. NA-13/16/2020-NA(Pt) നമ്പർ അർധ ഔദ്യോഗിക കത്ത് പ്രകാരം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട് (അനുബന്ധമായി ചേർത്തിരിക്കുന്നു.)+ ടി അർധ ഔദ്യോഗിക കത്തിൽ പ്രതിപാദിക്കുന്നത് സംസ്ഥാന സർക്കാരിനുള്ള ധനസഹായം നിലവിൽ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ, CAMPA എന്നിങ്ങിനെ സംസ്ഥാനവുമായി കേന്ദ്രം ചെലവ് പങ്കിടുന്ന പദ്ധതികളിൽ പരിഗണിക്കാറുണ്ടെന്നും സംസ്ഥാനം ശാസ്ത്രീയവും ആധുനികവുമായ രീതികൾ അവലംബിച്ചും വിവിധ സംസ്ഥാന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികളിൽനിന്നും വിഭവ സമാഹരണം നടത്തിയും ദീർഘകാല, സുസ്ഥിര പദ്ധതികൾ ആസൂത്രണം ചെയ്ത് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതാണ് അഭികാമ്യമെന്നും അറിയിച്ചിട്ടുണ്ട്.

**ജൽ ജീവൻ മിഷന്റെ പൂർത്തീകരണം**

13 (*73) ശ്രീമതി കെ. കെ. രമ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. എല്ലാ ഗ്രാമീണ വീടുകളിലും ടാപ്പ് വഴി ശുദ്ധജലം ലഭ്യമാക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ (JJM). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. മിഷൻ പിരീഡ് 2024 ആയി തുടക്കത്തിൽ നിശ്ചയിച്ചിരുന്നു. പിന്നീടത് 2025 വരെ ദീർഘിപ്പിക്കുകയും, 2025-26-ലെ യൂണിയൻ ബജറ്റിൽ

കാലാവധി 2028 വരെ നീട്ടിയതായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് 2020-ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീടുകളിൽ മാത്രമാണ് കണക്ഷനുണ്ടായിരുന്നത് (25.06%). JJM-ലൂടെ 54.45 ലക്ഷം കൂടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 21.13 ലക്ഷം കണക്ഷനുകൾ നൽകി. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീടുകളിൽ 38.62 ലക്ഷം വീടുകളിൽ കൂടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.31 %).

പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾ സംസ്ഥാനത്ത് 3 ജില്ലകളിൽ മാത്രമാണ് 25 ശതമാനത്തിനുമുകളിൽ കൂടിവെള്ള കണക്ഷൻ കവറേജ് ഉണ്ടായിരുന്നത് (ആലപ്പുഴ, എറണാകുളം, തൃശ്ശൂർ).

ഇപ്പോൾ 7 ജില്ലകൾ 50 ശതമാനത്തിനുമുകളിൽ കവറേജ് കൈവരിച്ചു (കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ).

3 ജില്ലകൾ 45 ശതമാനത്തിനുമുകളിൽ കവറേജ് കൈവരിച്ചു (പത്തനംതിട്ട, കോട്ടയം, മലപ്പുറം).

മറ്റ് ജില്ലകൾ 30 ശതമാനത്തിനുമുകളിൽ കവറേജ് കൈവരിച്ചു.

പദ്ധതി തുടങ്ങുമ്പോൾ ഒരു പഞ്ചായത്തിലും 100 ശതമാനം കവറേജ് ഉണ്ടായിരുന്നില്ല. ഇപ്പോൾ 117 പഞ്ചായത്തുകൾ 100 ശതമാനം കവറേജ് കൈവരിച്ചു. 408 പഞ്ചായത്തുകൾ 50 ശതമാനത്തിനുമുകളിൽ കവറേജ് കൈവരിച്ചു.

9 നിയമസഭാ മണ്ഡലങ്ങളും 100 ശതമാനം കവറേജ് കൈവരിച്ചു (ധർമ്മടം, കല്ല്യാശ്ശേരി, കണ്ണൂർ, ബേപ്പൂർ, വൈപ്പിൻ, എറണാകുളം, കൊച്ചി, അരൂർ, വൈക്കം).

620 സ്കീമുകളിലായി 5546 വർക്ക് പാക്കേജുകളായി നടപ്പിലാക്കിവരുന്ന പ്രവൃത്തികളിൽ 3214 പ്രവൃത്തികൾ നിലവിൽ പൂർത്തിയാക്കി കഴിഞ്ഞു. 1770 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ബാക്കി പ്രവൃത്തികൾ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

ഇതുവരെ 5610.30 കോടി രൂപ കേന്ദ്ര വിഹിതമായും 6033.29 കോടി രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട് (ആകെ-11643.59 കോടി രൂപ). മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട് .

നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 2025 ആഗസ്റ്റ് 31-ലെ കണക്ക് പ്രകാരം 6039.24 കോടി രൂപ (5540 ബില്ലുകൾ - 2024 മാർച്ച് മുതലുള്ളത്) കുടിശ്ശിക നൽകാനുണ്ട്.

2025-26 സാമ്പത്തിക വർഷം ഇതുവരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല.

ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇത് തരണം ചെയ്യാനായി കേരള വാട്ടർ അതോറിറ്റിക്ക് നബാർഡിൽനിന്നും 9000 കോടി രൂപ വായ്പ എടുക്കുവാൻ തത്വത്തിൽ അനുമതി നൽകിക്കൊണ്ടും ആദ്യഘട്ടത്തിൽ 5000 കോടി രൂപ വായ്പ എടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകുന്നതിന് അനുമതി നൽകിക്കൊണ്ടും 15-09-2025-ലെ G.O.(Ms)No. 67/2025/WRD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പദ്ധതി പൂർത്തീകരണത്തിനുള്ള തുക ഏതുരീതിയിൽ കണ്ടെത്താനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കേരള വാട്ടർ അതോറിറ്റിക്ക് നബാർഡിൽനിന്നും 9000 കോടി രൂപ വായ്പ എടുക്കുവാൻ തത്വത്തിൽ അനുമതി നൽകിക്കൊണ്ടും ആദ്യഘട്ടത്തിൽ 5000 കോടി രൂപ വായ്പ എടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകുന്നതിന് അനുമതി

നൽകിക്കൊണ്ടും 15-09-2025-ലെ G.O.(Ms)No. 67/2025/WRD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ജൽ ജീവൻ മിഷന്റെ പ്രവൃത്തി ഏറ്റെടുത്ത കരാറുകാർക്ക് നൽകാനുള്ള തുക കുടിശ്ശികയായിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 2025 ആഗസ്റ്റ് 31-ലെ കണക്ക് പ്രകാരം 6039.24 കോടി രൂപ (5540 ബില്ലുകൾ - 2024 മാർച്ച് മുതലുള്ളത്) കുടിശ്ശിക നൽകാനുണ്ട്.

**വനം കൈയേറ്റം തടയാൻ നടപടി**

14 (*74) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. എം. എം. മണി:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം കൈയേറ്റം തടയുന്നതിനായി ജണ്ട കെട്ടി അതിരുകൾ വേർതിരിക്കുന്ന പ്രവൃത്തിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വനം കൈയേറ്റം പൂർണ്ണമായും തടയുന്നതിനും സ്വകാര്യ ഭൂമികൾക്ക് എൻ.ഒ.സി. നൽകുന്നതിനുമുള്ള ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുന്നതിനായി വനാതിർത്തി സ്ഥിരം ജണ്ട കെട്ടി വേർതിരിക്കുന്ന പദ്ധതി വനംവകുപ്പ് സർക്കാരിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ജണ്ടകൾ നിർമ്മിക്കേണ്ട വനാതിർത്തിയുടെ ആകെ ദൂരം 11554.74 കി.മീ. ആണ്. ടി പ്രവൃത്തി കഴിഞ്ഞ വർഷങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അതിരുകൾ വേർതിരിക്കുന്ന പ്രവൃത്തി നടപ്പാക്കിവരുന്നവയാണ്. ഇതുവരെ 10714.0975 കി.മീ. ദൂരം വനാതിർത്തി നിർണ്ണയിച്ച് ജണ്ട കെട്ടി വേർതിരിച്ചിട്ടുണ്ട്. ഇനി 840.6425 കി.മീ. ദൂരത്തിൽ ജണ്ടകൾ നിർമ്മിക്കാൻ ബാക്കിയുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ജണ്ടകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്; വിശദവിവരങ്ങൾ നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂർത്തിയായ ജണ്ടകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | നിർമ്മിച്ച ജണ്ടകളുടെ എണ്ണം |
|---|---|
| 2021-22 | 5934 |

| | |
|---|---|
| 2022-23 | 1516 |
| 2023-24 | 1528 |
| 2024-25 | 463 |
| ആകെ | 9441 |

(സി) വനാതിർത്തി ഡിജിറ്റൈസ് ചെയ്യുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പൂർത്തിയാക്കിയിട്ടില്ല. ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് നിലവിലുള്ള കാടിന്റെ അതിർത്തി നിർണ്ണയം പൂർത്തീകരിച്ച് ഡിജിറ്റൈസ് ചെയ്യുന്ന പ്രവൃത്തി, ജിയോ ഫെൻസിങ് എന്നിവ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വനാതിർത്തി ഡിജിറ്റൽ സർവെ ചെയ്യുന്നതിനായി സർക്കാരിന്റെ 'എന്റെ ഭൂമി' പദ്ധതിയുടെ ഭാഗമായി സർവെ ആൻഡ് ലാൻഡ് റെക്കോർഡ്സ് വകുപ്പ് ആദ്യ രണ്ട് ഘട്ടങ്ങളിൽ റവന്യൂ-വനം വകുപ്പുകളുമായി അതിർത്തി പങ്കിടുന്ന മേഖലകളിൽ സംയുക്തമായി ഡിജിറ്റൽ സർവെ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ ഭൂമി മുഴുവൻ ഡിജിറ്റൈസ് ചെയ്യുന്ന സർക്കാർ പദ്ധതിയായ 'എന്റെ ഭൂമി' പദ്ധതിയുടെ ഭാഗമായാണ് വനാതിർത്തിയും വനഭൂമിയും

ഡിജിറ്റൈസ് ചെയ്യുന്ന പ്രവൃത്തി നടപ്പിലാക്കിവരുന്നത്. 'എന്റെ ഭൂമി' പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വനഭൂമിയുടെ അതിർത്തികൾ ഡിജിറ്റൈസ് ചെയ്യുന്ന പ്രവൃത്തിയും പൂർത്തീകരിക്കാൻ സാധിക്കും.

**ജൽ ജീവൻ മിഷൻ പൂർത്തിയാക്കുന്നതിനുള്ള നടപടി**

15 (*75) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ ഭവനങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ജൽ ജീവൻ മിഷന്റെ പൂർത്തീകരണത്തിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ നൽകുവാൻ ലക്ഷ്യമിട്ട് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ പദ്ധതി. 2019-20 വർഷം ദേശീയതലത്തിൽ പദ്ധതി പ്രഖ്യാപിച്ചുവെങ്കിലും

കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020 ഒക്ടോബറിലാണ്. മിഷൻ പിരീഡ് 2024 ആയി തുടക്കത്തിൽ നിശ്ചയിച്ചിരുന്നു. പിന്നീടത് 2025 വരെ ദീർഘിപ്പിക്കുകയും 2025-26-ലെ യൂണിയൻ ബജറ്റിൽ കാലാവധി 2028 വരെ നീട്ടിയതായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 54.45 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 44714.79 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്ന സമയത്ത് കേവലം 17.50 ലക്ഷം (25.06%) ഭവനങ്ങളിൽ മാത്രമാണ് കണക്ഷനുകൾ ഉണ്ടായിരുന്നത്. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ സംസ്ഥാനത്ത് 21.13 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയ കണക്ഷനുകൾ ഉൾപ്പെടെ നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെ 38.62 ലക്ഷം കുടിവെള്ള കണക്ഷനുകളാണ് നിലവിലുള്ളത്. ഇത് ആകെ ഗ്രാമീണ വീടുകളുടെ 55.31 ശതമാനമാണ്.

ഗ്രാമീണ മേഖലയിലെ എല്ലാ സ്കൂളുകൾക്കും അങ്കണവാടികൾക്കും ശുദ്ധവും സുരക്ഷിതവുമായ കുടിവെള്ള സൗകര്യം ഒരുക്കിയത് ഈ പദ്ധതിയിലൂടെയുള്ള സംസ്ഥാനത്തിന്റെ നേട്ടമാണ്.

2020 ഏപ്രിലിൽ 100 ശതമാനം കവറേജുള്ള പഞ്ചായത്തുകൾ ഒന്നുമുണ്ടായിരുന്നില്ലെങ്കിലും ഇപ്പോൾ സംസ്ഥാനത്തെ 117 പഞ്ചായത്തുകൾ 100 ശതമാനം കവറേജ് കൈവരിച്ചു.

ജൽ ജീവൻ മിഷൻ ആരംഭിക്കുന്നതിന് മുമ്പ് 50 ശതമാനത്തിന് മുകളിൽ കവറേജ് ഉണ്ടായിരുന്ന പഞ്ചായത്തുകൾ 116 ആയിരുന്നു. ഇപ്പോൾ അത് നൂറ് ശതമാനം കവറേജ് കൈവരിച്ച പഞ്ചായത്തുകളുൾപ്പെടെ 525 ആണ്.

2020 ഏപ്രിൽ മാസത്തിൽ 25 ശതമാനത്തിൽ താഴെ വീടുകളിൽ മാത്രം കുടിവെള്ള സൗകര്യമുള്ള പഞ്ചായത്തുകളുടെ എണ്ണം 517 ആയിരുന്നു. ഇപ്പോൾ അത് 200 ആയി കുറഞ്ഞിട്ടുണ്ട്.

ജൽ ജീവൻ മിഷൻ ആരംഭിക്കുന്നതിന് മുമ്പ് 25 ശതമാനത്തിൽ താഴെ വീടുകളിൽ കുടിവെള്ള സൗകര്യമുള്ള നിയമസഭാ മണ്ഡലങ്ങളുടെ എണ്ണം 82 ആയിരുന്നു. ഇപ്പോൾ അത് 12 ആയി കുറഞ്ഞിട്ടുണ്ട്. 2020 ഏപ്രിലിൽ 100

ശതമാനം കവറേജുള്ള നിയമസഭാ മണ്ഡലങ്ങൾ ഒന്നുമുണ്ടായിരുന്നില്ലെങ്കിലും ഇപ്പോൾ 9 നിയമസഭാ മണ്ഡലങ്ങൾ 100 ശതമാനം കവറേജ് കൈവരിച്ചു.

ജലഗുണനിലവാര നിരീക്ഷണവും മേൽനോട്ടവും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 84 ജല ഗുണനിലവാര പരിശോധന ലബോറട്ടറികൾക്ക് NABL അംഗീകാരം ലഭിച്ചിട്ടുണ്ട്. വിവിധ സ്കീമുകളിലായി 5546 വർക്ക് പാക്കേജുകളായി നടപ്പിലാക്കിവരുന്ന പ്രവൃത്തികളിൽ 3214 പ്രവൃത്തികൾ നിലവിൽ പൂർത്തിയാക്കി കഴിഞ്ഞു. 1770 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ബാക്കി പ്രവൃത്തികൾ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

ഇതുവരെ 5610.30 കോടി രൂപ കേന്ദ്ര വിഹിതമായും 6033.29 കോടി രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട് (ആകെ-11643.59 കോടി രൂപ). ഈ തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ട്.

നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 6039.24 കോടി രൂപ (5540 ബില്ലുകൾ - 2024 മാർച്ച് മുതൽ 2025 ആഗസ്റ്റ് വരെ) കുടിശ്ശിക നൽകുവാനുണ്ട്.

2025-26 സാമ്പത്തിക വർഷം ഇതുവരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇത് തരണം ചെയ്യാനായി കേരള വാട്ടർ അതോറിറ്റിക്ക് നബാർഡിൽനിന്നും 9000 കോടി രൂപ വായ്പ എടുക്കുവാൻ തത്വത്തിൽ അനുമതി നൽകിക്കൊണ്ടും ആദ്യഘട്ടത്തിൽ 5000 കോടി രൂപ വായ്പ എടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകുന്നതിന് അനുമതി നൽകിക്കൊണ്ടും 15-09-2025-ലെ G.O.(Ms) No. 67/2025/WRD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ജൽ ജീവൻ മിഷൻ പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി, മിഷൻ ഡയറക്ടർ എന്നിവരുടെ നേതൃത്വത്തിൽ സംസ്ഥാന, ജില്ലാതലങ്ങളിൽ ഉൾപ്പെടെ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതി ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളും തടസ്സങ്ങൾ നീക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട് പൈപ്പുകൾ സ്ഥാപിക്കാൻ സ്ഥലം ഏറ്റെടുക്കൽ തുടങ്ങിയ വിഷയങ്ങളിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതികൾക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനായി സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിൽ അവലോകന യോഗങ്ങൾ സംഘടിപ്പിച്ച് സ്ഥലലഭ്യത സംബന്ധിച്ചുള്ള പ്രശ്നങ്ങൾക്ക് ആവശ്യമായ പരിഹാരങ്ങൾ കണ്ടെത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. സർക്കാർതലത്തിലും ജില്ലാതലത്തിലും പ്രസ്തുത യോഗങ്ങൾ തുടർന്നും നടത്തി സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതാണ്.

ജൽ ജീവൻ മിഷൻ പദ്ധതിക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കാൻ വിവിധ ഉത്തരവുകൾ സർക്കാർ ഇതിനോടകം പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ പുറമ്പോക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ഭൂമിയുടെ ഉപയോഗാനുമതി നൽകാനുള്ള അധികാരം 17-06-2022-ലെ സ.ഉ.(കൈ)നം. 161/2022/RD പ്രകാരം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ജൽ ജീവൻ മിഷൻ പദ്ധതികൾക്കായി സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകിക്കൊണ്ടുള്ള മാർഗരേഖ 01-06-2023-ലെ GO(MS)No. 32/2023/WRD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

ഇതിനുപുറമെ സർക്കാരിന്റെ 11-12-2023-ലെ WS-C3/296/2023-WRD നമ്പർ കത്ത് പ്രകാരം പദ്ധതി നിർവഹണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനാവശ്യമായ തുക എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തികൊണ്ട് ആവശ്യമായ നിർദ്ദേശവും നൽകിയിട്ടുണ്ട്.

ജൽ ജീവൻ മിഷൻ പദ്ധതിക്ക് ആകെ ആവശ്യമുണ്ടായിരുന്ന 92.86 ഏക്കർ (472 ലൊക്കേഷൻ) സർക്കാർ ഭൂമിയിൽ, 89.61 ഏക്കർ ഭൂമി (460 ലൊക്കേഷൻ) ഇതിനോടകം ലഭ്യമായിട്ടുണ്ട്. ഇനി 3.25 ഏക്കർ (12 ലൊക്കേഷൻ) സർക്കാർ ഭൂമി കൂടിയേ ലഭ്യമാകാനുള്ളൂ.

ജൽ ജീവൻ മിഷൻ പദ്ധതിക്ക് ആകെ ആവശ്യമുണ്ടായിരുന്ന 97.69 ഏക്കർ (779 ലൊക്കേഷൻ) സ്വകാര്യ ഭൂമിയിൽ, 85.05 ഏക്കർ ഭൂമി (732 ലൊക്കേഷൻ) ഇതിനോടകം ലഭ്യമായിട്ടുണ്ട്. ഇനി 12.64 ഏക്കർ (47 ലൊക്കേഷൻ) സ്വകാര്യ ഭൂമി കൂടിയേ ലഭ്യമാകാനുള്ളൂ.

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പുതിയ കണക്ഷനുകൾ നൽകുമ്പോൾ ആവശ്യമായിവരുന്ന അധിക ജല സ്രോതസ്സുകൾ കണ്ടെത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പദ്ധതിയുമായി ബന്ധപ്പെട്ട പുതിയ കണക്ഷനുകൾ നൽകുന്നതിനാവശ്യമായ അധിക ജലസ്രോതസ്സുകൾ കണ്ടെത്തുന്നതിന് പദ്ധതികളുടെ രൂപകല്പനാ ഘട്ടത്തിൽത്തന്നെ ജില്ലാതല സോഴ്സ് ഫൈൻഡിങ് കമ്മിറ്റികൾ രൂപീകരിച്ച് പരിശോധിച്ചിട്ടുണ്ട്. അതിനനുസരിച്ചുള്ള ആസൂത്രണം

പദ്ധതികളിൽ നടത്തിയിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതികളുടെ ദീർഘകാല സുസ്ഥിരത ഉറപ്പാക്കുന്നതിനായി പ്രധാനമായും റിസർവോയറുകളെയും പുഴകളെയുമാണ് പദ്ധതികളുടെ സ്രോതസ്സുകളായി കണ്ടെത്തിയിട്ടുള്ളത്.

സംസ്ഥാനത്തൊട്ടാകെ ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി 598 സ്രോതസ്സുകളാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 53 റിസർവോയർ സ്രോതസ്സുകൾ, 383 പുഴ സ്രോതസ്സുകൾ, 44 ഭൂഗർഭജല സ്രോതസ്സുകൾ, 68 കിണർ സ്രോതസ്സുകൾ, 50 നീരുറവ, കുളം, കായൽ സ്രോതസ്സുകൾ എന്നിവ ഉൾപ്പെടുന്നു. ജൽ ജീവൻ മിഷനിലൂടെ ഈ സ്രോതസ്സുകളിൽനിന്നായി പുതുതായി പ്രതിദിനം 1862.60 ദശലക്ഷം ലിറ്റർ ശുദ്ധജലം ഉൽപാദിപ്പിക്കുന്ന പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

ജലസ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനായി ഉറവിടം, ശുദ്ധീകരണ സംവിധാനം, വിതരണ ശൃംഖല എന്നിവയുടെ ശാക്തീകരണ പ്രവർത്തനങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. കൂടാതെ ജലസ്രോതസ്സുകളുടെ സുസ്ഥിര വികസനത്തിന്റെ ഭാഗമായി സംസ്ഥാന വാട്ടർ സെക്യൂരിറ്റി പ്ലാൻ തയ്യാറാക്കുന്നതിനായി സർക്കാർ ഉത്തരവ് പ്രകാരം ഇതുമായി

ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പ്രത്യേക കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(ഡി) പദ്ധതിയുടെ ഭാഗമായി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് തദ്ദേശസ്വയംഭരണം, പൊതുമരാമത്ത്, ജലവിഭവം, റവന്യൂ എന്നീ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ജൽ ജീവൻ മിഷൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുൻഗണനാപദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ്. കൂടാതെ ജലവിഭവ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്ന ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, സംസ്ഥാന മിഷൻ ഡയറക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ നടത്തി പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇതോടൊപ്പം ബഹുമാന്യരായ

എം.എൽ.എ., എം.പി., ജില്ലാ കളക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥതല മീറ്റിങ്ങുകളും നടത്തിവരുന്നു. വിവിധ വകുപ്പുകളുടെ സഹകരണം ആവശ്യമായിവരുന്ന ഘട്ടങ്ങളിൽ പ്രസ്തുത വകുപ്പുകളുമായി ബന്ധപ്പെട്ട് സഹകരണം ഉറപ്പാക്കി സംയുക്ത പരിശോധന, ചർച്ചകൾ എന്നിവ നടത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടത്തിനായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന ജലശുചിത്വ മിഷൻ (SWSM), ജില്ലാതല ജലശുചിത്വ മിഷൻ (DWSM) എന്നിവയിൽ തദ്ദേശസ്വയംഭരണം, പൊതുമരാമത്ത്, ജലവിഭവം, റവന്യൂ, പൊതുവിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

കുടിവെള്ള പദ്ധതികളുടെ ഭാഗമായി പൈപ്പുകൾ പൊതുനിരത്തുകളിലാണ് സ്ഥാപിക്കേണ്ടിവരുന്നത്. ഇതുമായി ബന്ധപ്പെട്ടുള്ള തടസ്സങ്ങൾ വകുപ്പുകളുമായും കേന്ദ്ര സർക്കാർ ഏജൻസികളുമായും ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതി നിർവഹണത്തിലെ തടസ്സങ്ങൾ

പരിഹരിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഉന്നതതല ഇടപെടൽ ആവശ്യമായ വിഷയങ്ങളിൽ ഉന്നത ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാനും ശ്രമിക്കുന്നുണ്ട്. മാത്രമല്ല പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയറുടെയും കേരള വാട്ടർ അതോറിറ്റി പ്രോജക്ട് & ഓപ്പറേഷൻ ചീഫ് എഞ്ചിനീയറുടെയും നേതൃത്വത്തിലുള്ള പ്രത്യേക പി.ഡബ്ല്യു.ഡി. കോ-ഓർഡിനേഷൻ കമ്മിറ്റിയും പി.ഡബ്ല്യു.ഡി.-യുമായി ബന്ധപ്പെട്ട വിഷയങ്ങൾ അവലോകനം ചെയ്ത് തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനായി രൂപീകരിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാർ ഏജൻസികളായ റെയിൽവേ, ഫോറസ്റ്റ്, ദേശീയ ഹൈവേ എന്നിവയിൽനിന്നുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി ദേശീയ ജൽ ജീവൻ മിഷന്റെ നേതൃത്വത്തിലും അവലോകന യോഗങ്ങൾ നടത്തി തടസ്സങ്ങൾ പരിഹരിച്ചുവരുന്നുണ്ട്.

**ഇടുക്കിയിലെ അനധികൃത മരംമുറി**

16 (*76) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. കുറുക്കോളി മൊയ്തീൻ:

ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) പട്ടയ ഉടമകൾക്ക് രാജകീയ മരങ്ങൾ വെട്ടാൻ അനുമതി നൽകിയ ഉത്തരവ് റദ്ദാക്കിയതിനുശേഷം, അടിമാലി, നേര്യമംഗലം, മുള്ളരിങ്ങാട്, തൊടുപുഴ റേഞ്ചുകളിൽനിന്ന് ഏകദേശം 30 ലക്ഷം രൂപ വിലമതിക്കുന്ന മരങ്ങൾ വെട്ടിമാറ്റിയതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടയ ഉടമകൾക്ക് രാജകീയ മരങ്ങൾ വെട്ടാൻ നൽകിയ അനുമതി റദ്ദ് ചെയ്തുകൊണ്ട് റവന്യൂ വകുപ്പ് പുറപ്പെടുവിച്ച 02-02-2021-ലെ സ.ഉ.(കൈ)നം. 30/2021/റവ. ഉത്തരവിനെത്തുടർന്ന് വനം വകുപ്പിൽ രൂപീകരിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം സമർപ്പിച്ച വിശദമായ റിപ്പോർട്ട് 25-06-2021-ൽ വി.ഇ.10-990/2021 നമ്പർ കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു. പ്രസ്തുത സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നടത്തിയ അന്വേഷണത്തിൽ റവന്യൂ വകുപ്പ് അനുമതി റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷവും ഏതാനും പാസ്സുകൾ നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. അടിമാലി 16 പെർമിറ്റ്സ്, നേര്യമംഗലം 44 പെർമിറ്റ്സ്,

മുള്ളരിങ്ങാട് 7 പെർമിറ്റ്സ് എന്നിവയാണ് അത്തരത്തിൽ കണ്ടെത്തിയ പാസ്സുകൾ. എന്നാൽ പ്രത്യേകമായ കണക്കെടുപ്പ് നടത്തിയിട്ടില്ല.

(ബി) ഈ സംഭവത്തിൽ കുറ്റക്കാരായവരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഈ വിഷയത്തിൽ മുൻ അടിമാലി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ. ജോജി ജോണിന്റെ ഭാഗത്തുനിന്നും വീഴ്ചകൾ കണ്ടെത്തിയതിനെത്തുടർന്ന് 17-12-2021-ലെ സ.ഉ.(സാധാ.) നമ്പർ 418/2021/വനം ഉത്തരവ് പ്രകാരം സസ്പെൻഡ് ചെയ്യുകയും തുടർന്ന് കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം/കുറ്റാരോപണപത്രിക നൽകി അച്ചടക്കനടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ ഔപചാരിക അന്വേഷണം നടന്നുവരുന്നു.

(സി) ഇതുമൂലം സർക്കാരിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഹൈറേഞ്ച് സർക്കിളിന് കീഴിലെ അടിമാലി, നേര്യമംഗലം, മുള്ളരിങ്ങാട്, തൊടുപുഴ റെയ്ഞ്ചുകളിൽനിന്ന് പട്ടയ ഉടമകൾക്ക് രാജകീയ മരങ്ങൾ വെട്ടാൻ അനുമതി നൽകിയ ഉത്തരവ് റദ്ദാക്കിയതിനുശേഷം (02-02-2021-നുശേഷം) ഈട്ടി, തേക്ക് എന്നീ ഇനങ്ങളിൽപ്പെട്ട മരങ്ങൾ മുറിച്ചതുമായി ബന്ധപ്പെട്ട

കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. മരങ്ങൾ മുറിച്ചുനീക്കിയതുമൂലം ആകെ 12,41,285/- (പന്ത്രണ്ട് ലക്ഷത്തി നാൽപത്തി ഒന്നായിരത്തി ഇരുനൂറ്റി എൺപത്തിയഞ്ച്) രൂപയുടെ നഷ്ടം വനം വകുപ്പ് കണക്കാക്കിയിട്ടുണ്ട്. ടി മരംമുറിയുമായി ബന്ധപ്പെട്ട് ഒ.ആർ. കേസുകൾ രജിസ്റ്റർ ചെയ്യുകയും 1957-ലെ ഭൂസംരക്ഷണ നിയമ പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പിന് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

**റൂം ഫോർ റിവർ പദ്ധതി**

17 (*77) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയം ഉണ്ടാകുന്നത് തടയുന്നതിനായി റൂം ഫോർ റിവർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ?

ഉണ്ട്. റൂം ഫോർ റിവർ പദ്ധതി അന്തിമമായിട്ടില്ല. കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിന്റെ ഭാഗമായി 'റൂം ഫോർ റിവർ' പദ്ധതി

റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ തീരുമാനിക്കുകയും വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനായി 07-12-2019-ലെ സ.ഉ.(സാധാ)നം. 918/2019/ജവിവ. പ്രകാരം 4.5 കോടി രൂപയുടെ ഭരണാനുമതിയും 16-01-2020-ലെ സ.ഉ.(കൈ)നം. 06/2020/ജവിവ. പ്രകാരം നിർവഹണാനുമതിയും നൽകി ഉത്തരവായിരുന്നു. റൂം ഫോർ റിവർ പദ്ധതിയുമായി ബന്ധപ്പെട്ട ഹൈഡ്രോഡൈനാമിക് പഠനം നടത്തുന്നതിനാവശ്യമായ 1.38 കോടി രൂപ, പദ്ധതിരേഖ തയ്യാറാക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഫണ്ടിൽനിന്നും അനുവദിച്ച 4.5 കോടി രൂപയിൽനിന്നും ചെലവഴിക്കുന്നതിന് 25-06-2020-ലെ സ.ഉ.(സാധാ.)നം. 416/2020/ജവിവ. പ്രകാരം ഉത്തരവായിരുന്നു.

കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിന്റെ ഭാഗമായുള്ള 'റൂം ഫോർ റിവർ' പദ്ധതി നടത്തിപ്പിനായുള്ള ഹൈഡ്രോഡൈനാമിക് പഠനത്തിന്റെ കൺസൾട്ടൻസി സർവീസിനായി ചെന്നൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയെ ചുമതലപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാരിനുവേണ്ടി പ്രസ്തുത സ്ഥാപനവുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നതിനും ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറെ

ചുമതലപ്പെടുത്തിക്കൊണ്ടും 15-02-2021-ലെ സ.ഉ.(സാധാ)നം. 113/2021/ജവിവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) ഇതിനായി പ്രത്യേക സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

'റൂം ഫോർ റിവർ' പദ്ധതി നടപ്പിലാക്കുന്നതിനായി പ്രത്യേക സമിതികളൊന്നുംതന്നെ ജലസേചന വകുപ്പിന് കീഴിൽ രൂപീകരിച്ചിട്ടില്ല.

(സി) ഈ പദ്ധതിക്കാവശ്യമായ തുക എപ്രകാരം സ്വരൂപിക്കാനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല. മറിച്ച് പദ്ധതിയുടെ നടത്തിപ്പ് രീതിയും മറ്റ് വിശദ നടപടികളും തീരുമാനിക്കുന്നതിനനുസരിച്ച് തുക കണ്ടെത്തുന്ന കാര്യവും തീരുമാനിക്കാവുന്നതാണ്.

**കാട്ടുപന്നികളെയും നാടൻ കുരങ്ങുകളെയും നിയന്ത്രിക്കുന്നതിന് നടപടി**

18 (*78) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനവാസ മേഖലകളിൽ മനുഷ്യജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ ഇല്ലായ്മ ചെയ്യുന്നതിന് പഞ്ചായത്തുകളെ അധികാരപ്പെടുത്തിയതിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ കാലാവധി ദീർഘിപ്പിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ?

ജനവാസ മേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരെ ഓണററി വൈൽഡ്‌ലൈഫ് വാർഡനായി ചുമതലപ്പെടുത്തിയും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസറായി ചുമതലപ്പെടുത്തിയും 1972-ലെ വന്യജീവി (സംരക്ഷണ) നിയമപ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും, ടി നിയമപ്രകാരം ഷെഡ്യൂൾ 2-ൽ ഉൾപ്പെട്ട കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള ചീഫ് വൈൽഡ്‌ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും ഡെലിഗേറ്റ് ചെയ്തുകൊണ്ട് ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. കാടിന് പുറത്ത് ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും

ഭീഷണിയായിട്ടുള്ള കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് പഞ്ചായത്തുകളെ അധികാരപ്പെടുത്തിയിട്ടുള്ള ഉത്തരവിന്റെ കാലാവധി 28-05-2025-ലെ സ.ഉ.(കൈ)നം. 17/2025/വനം പ്രകാരം 27-05-2026 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. കൂടാതെ അപകടകാരികളായ കാട്ടുപന്നികളെ കൊല്ലുന്നതിന് അംഗീകൃത ഷൂട്ടർമാർക്കുള്ള ഓണറേറിയം 1500/- രൂപ നിരക്കിലും കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെ ജഡം മറവ് ചെയ്യുന്നതിനുള്ള ചെലവിനത്തിൽ 2000/- രൂപയും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഫണ്ടിൽനിന്നും വകയിരുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകാൻ 06-03-2025-ലെ GO(Rt)No. 108/2025/DMD പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിന് പഞ്ചായത്തുകളെ അധികാരപ്പെടുത്തിയതിനുശേഷം 2025 ജൂലൈ വരെ കാട്ടുപന്നികളെ ഇല്ലായ്മ ചെയ്തിട്ടുണ്ടോ; വിശദവിവരം നൽകാമോ?

കാടിന് പുറത്ത് ജനവാസമേഖലയിൽ മനുഷ്യരുടെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിന് പഞ്ചായത്തുകളെ അധികാരപ്പെടുത്തിയതിനുശേഷം 2025 ജൂലൈ വരെ 4734 (നാലായിരത്തി

എഴുന്നൂറ്റി മുപ്പത്തിനാല്) കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്തിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) സംസ്ഥാനത്ത് നാടൻ കുരങ്ങുകളെ നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ജനവാസ മേഖലകളിൽ നാടൻ കുരങ്ങുകളുടെ സാന്നിധ്യംമൂലമുണ്ടാകുന്ന സംഘർഷങ്ങളുടെ യഥാർഥ കാരണങ്ങളും, പൊതുവായും പ്രാദേശിക പ്രത്യേകതകൾക്ക് അനുസരിച്ച് വ്യത്യസ്തമായും പ്രതിവിധിയായി സ്വീകരിക്കാവുന്ന നടപടികളും ഉൾക്കൊള്ളിച്ച് വിശദമായ പ്രൊപ്പോസൽ തയാറാക്കിയിട്ടുണ്ട്. നാടൻ കുരങ്ങുകൾമൂലമുണ്ടാകുന്ന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ഫലപ്രദമായി ഇല്ലാതാക്കുകയെന്ന ലക്ഷ്യത്തോടുകൂടി 'Mission Bonnet Macaque' എന്ന പേരിൽ വനം വകുപ്പ് തയ്യാറാക്കിയ പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. നിലവിൽ നാടൻ കുരങ്ങുകൾ 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ ഒന്നാം പട്ടികയിലുൾപ്പെടുന്ന വന്യജീവി ആയതിനാൽ ഇവയുടെ എണ്ണം നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. എന്നിരുന്നാലും കുരങ്ങുകളുടെ എണ്ണം ക്രമാതീതമായി പെരുകി സംഘർഷങ്ങൾക്ക് കാരണമാകുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രദേശങ്ങളിൽ ഇവയെ നിയന്ത്രിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടുന്നതുൾപ്പെടെയുള്ള നടപടികളും ഈ പദ്ധതി ലക്ഷ്യമിടുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ വിശദമായ കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ രംഗത്തെ വിദഗ്ധരെ കണ്ടെത്തുകയും വിശദമായ ഒരു ശില്പശാല നടത്തുകയും ചെയ്തിട്ടുണ്ട്. ശില്പശാലയിൽ ഉരുത്തിരിഞ്ഞ വിദഗ്ധാഭിപ്രായങ്ങളും നിർദേശങ്ങളും ക്രോഡീകരിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലിന് അന്തിമരൂപം നൽകി ഉടൻതന്നെ കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

നാടൻ കുരങ്ങുകൾമൂലം പ്രദേശവാസികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന പ്രദേശങ്ങളിൽ ആവശ്യാനുസരണം കൂടുവച്ചോ വല വീശിയോ സുരക്ഷിതമായി പിടികൂടി വിദൂര വനപ്രദേശങ്ങളിലെ അനുയോജ്യമായ ആവാസ വ്യവസ്ഥകളിലേക്ക് വിട്ടയയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നാടൻ കുരങ്ങുകളുടെ ശല്യം നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 28 ആർ.ആർ.ടി.-കളും വിവിധ ഫോറസ്റ്റ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സാറ്റലൈറ്റ് ആർ.ആർ.ടി.-കളും സദാ സേവനസജ്ജരാണ്.

**കടുവയുടെ ആക്രമണം തടയാൻ നടപടി**

19 (*79) ശ്രീ. ആര്യാടൻ ഷൗക്കത്ത്:

ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല സ്ഥലങ്ങളിലും കടുവ നാട്ടിലറിങ്ങി മനുഷ്യ ജീവനുകളുൾപ്പെടെ അപഹരിക്കുന്ന അതീവ ഗുരുതര സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വന മേഖലയോട് ചേർന്ന് കിടക്കുന്ന ചില പ്രദേശങ്ങളിൽ കടുവയുടെ ആക്രമണത്തിൽ മനുഷ്യജീവൻ നഷ്ടപ്പെട്ട ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ഗൗരവത്തോടെ കാണുന്നതുമാണ്.

(ബി) മലപ്പുറം കാളികാവ് അടയ്ക്കാക്കുണ്ടിൽ റബ്ബർ ടാപ്പിങ് തൊഴിലാളിയെ കടുവ ആക്രമിച്ച് കൊലപ്പെടുത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലക്കാട് ഈസ്റ്റേൺ സർക്കിളിന് കീഴിലെ നിലമ്പൂർ സൗത്ത് ഡിവിഷനിൽപ്പെട്ട കാളികാവ് റെയ്ഞ്ചിലെ കരുവാരക്കുണ്ട്

ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ 15-05-2025-ന് രാവിലെ റബ്ബർ ടാപ്പിങ് തൊഴിലാളിയായ 42 വയസ്സുള്ള ഗഫൂർ എന്നയാൾ കടുവയുടെ ആക്രമണത്തിൽ മരണപ്പെട്ടിട്ടുണ്ട്. തുടർന്ന് നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റി മാർഗനിർദേശങ്ങൾ അനുസരിച്ച് 9 ലൈവ് ക്യാമറകൾ ഉൾപ്പെടെ 61 ക്യാമറകളും നാല് കൂടുകളും വിവിധയിടങ്ങളിൽ വിന്യസിക്കുകയും മൂന്ന് യൂണിറ്റ് ആർ.ആർ.ടി.-കളും നിലമ്പൂർ സൗത്ത്, നിലമ്പൂർ നോർത്ത് ഡിവിഷനുകളിലെ ജീവനക്കാരെ ഉൾപ്പെടുത്തി പ്രത്യേക ദൗത്യസംഘത്തെ രൂപീകരിച്ച് കടുവയെ പിടികൂടുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്തു. തുടർന്ന് 06-07-2025-ന് സുൽത്താന എസ്റ്റേറ്റിൽ സ്ഥാപിച്ച കൂട്ടിൽ കടുവ കുടുങ്ങുകയുണ്ടായി. ഏതാണ്ട് 13 വയസ്സ് പ്രായമുള്ളതും മുഖത്ത് പരിക്കേറ്റതുമായ പെൺ കടുവയാണ് കൂട്ടിൽ കുടുങ്ങിയത്. വിശദമായ പരിശോധനയിൽ ടി കടുവതന്നെയാണ് ടാപ്പിങ് തൊഴിലാളിയായ ഗഫൂറിന്റെ മരണത്തിനിടയാക്കിയതെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. കടുവയെ പിന്നീട് തൃശ്ശൂർ സുവോളജിക്കൽ പാർക്കിലേക്ക് മാറ്റിയിട്ടുള്ളതാണ്.

(സി) സംസ്ഥാനത്ത് കടുവയുടെ ആക്രമണം തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

വനത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്നതും വേണ്ടത്ര പരിപാലനമില്ലാതെ അടിക്കാടുകൾ നിറഞ്ഞ് വനസമാനമായ സാഹചര്യങ്ങളുള്ളതുമായ പ്രദേശങ്ങളിലാണ് വനത്തിന് പുറത്ത് കടുവയുടെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. 07-03-2024-ലെ സർക്കാർ ഉത്തരവ് നമ്പർ 12/2024/വനം പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല നിയന്ത്രണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി അത്തരം പ്രദേശങ്ങളിലെ അടിക്കാടുകൾ തെളിക്കുന്നതിനുവേണ്ടി ഉടമകൾക്ക് റവന്യൂ വകുപ്പ് മുഖേന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. വനാതിർത്തിയോട് ചേർന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ സുരക്ഷയ്ക്കായി വന്യജീവികൾ ജനവാസമേഖലകളിലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി വനാതിർത്തികളിൽ സോളാർ ഫെൻസിങ്, ഹാങ്ങിങ് സോളാർ ഫെൻസിങ്, ആന പ്രതിരോധ മതിൽ, ആന പ്രതിരോധ കിടങ്ങ്, റെയിൽ ഫെൻസിങ് തുടങ്ങിയ പ്രതിരോധ സംവിധാനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ RRT, പ്രൈമറി റെസ്പോൺസ് ടീമുകൾ (PRT) എന്നിവയും പ്രവർത്തിക്കുന്നുണ്ട്.

വനാതിർത്തിയോട് ചേർന്നുള്ള മാലിന്യ നിക്ഷേപം വന്യമൃഗങ്ങളെ നാട്ടിലേക്ക് ആകർഷിക്കുന്നവ ആയതിനാൽ ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ

നടപടിയെടുക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രാദേശിക സമിതികൾവഴി നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

കൂടാതെ ഉന്നതികളിൽ രാത്രികാലങ്ങളിൽ വനപാതകളിലൂടെയുള്ള യാത്ര ഒഴിവാക്കുന്നതിന് പ്രേരണയും ബോധവൽക്കരണവും നടത്തുന്നുണ്ട്. വനപാതകളിൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. വന്യജീവികളുടെ സാന്നിധ്യം സംബന്ധിച്ച് മുന്നറിയിപ്പ് നൽകുന്നതിന് വാട്സ്ആപ്പ് ഗ്രൂപ്പുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഉപയോഗശൂന്യമായി കാടുകയറി കിടക്കുന്ന കൃഷി സ്ഥലങ്ങൾ അടിക്കാടുകൾ വെട്ടിത്തെളിച്ചിടുന്നതിന് നിർദ്ദേശം നൽകുന്നുണ്ട്. കാനന പാതകളുടെ ഇരുവശവും മൃഗങ്ങളുടെ സാന്നിധ്യം മനസ്സിലാക്കുന്നതിനായി വിസ്ത ക്ലിയറൻസ് നടത്തുന്നുണ്ട്. കടുവയുടെ സാന്നിധ്യമുള്ള സ്ഥലങ്ങളിൽ ആടിനെ മേയ്ക്കുന്നതിനും ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിനും മറ്റുമായി കാട്ടിലേക്ക് പോകുന്നവർക്ക്, വന്യജീവികളിൽനിന്നുള്ള അപകടങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തിയിട്ടുണ്ട്.

**വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം**

20 (*80) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. സി. ആർ. മഹേഷ്:

ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് നിലവിൽ എത്ര രൂപയാണ് നഷ്ടപരിഹാരമായി നൽകുന്നതെന്ന് വ്യക്തമാക്കാമോ?

മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10 (പത്ത്) ലക്ഷം രൂപയാണ് നിലവിൽ നഷ്ടപരിഹാരമായി നൽകിവരുന്നത്. വനത്തിന് പുറത്തുവച്ച് സംഭവിക്കുന്ന പാമ്പുകടി, തേനീച്ച, കടന്നൽ എന്നിവമൂലമുണ്ടാകുന്ന ജീവഹാനിക്ക് നഷ്ടപരിഹാരമായി നൽകിവരുന്ന തുക 4 (നാല്) ലക്ഷം രൂപയായി വർധിപ്പിച്ചിട്ടുണ്ട്.

(ബി) വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാര തുക ഇരട്ടിയാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

07-03-2024-ലെ സ.ഉ.(കൈ)നം. 4/2024/ഡി.എം.ഡി. പ്രകാരം വന്യജീവി ആക്രമണം സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ, വനംവകുപ്പും ദുരന്തനിവാരണ വകുപ്പും സംയുക്തമായി വന്യജീവി ആക്രമണത്തിന് നൽകിവരുന്ന നഷ്ടപരിഹാരം പരിഷ്കരിച്ചിട്ടുള്ളതാണ്. നിലവിലെ നഷ്ടപരിഹാര തുക ഇരട്ടിയാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**ന്യൂനപക്ഷ വിഭാഗ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ് പദ്ധതി**

21 (*81) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നിർത്തലാക്കിയ പ്രീ മെട്രിക് സ്കോളർഷിപ്പിന് പകരമായി സംസ്ഥാന സർക്കാർ പുതിയ സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) 2024-25 വർഷം എത്ര കുട്ടികൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട്; ഈ സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

(എ&ബി) രാജ്യത്തെ ന്യൂനപക്ഷ വിഭാഗങ്ങളിലെ ഒന്നുമുതൽ ഏട്ടുവരെ ക്ലാസുകളിലെ വിദ്യാർഥികൾക്ക് കേന്ദ്ര സർക്കാർ നൽകിവന്നിരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് 2022 സാമ്പത്തിക വർഷം മുതൽ നിർത്തലാക്കുകയും ഒൻപത്, പത്ത് ക്ലാസുകളിലെ വിദ്യാർഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർഥികൾക്കായി 'മാർഗ്ഗദീപം' എന്ന പുതിയൊരു സ്കോളർഷിപ്പ് പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം ബജറ്റിൽ ഇരുപത് കോടി രൂപ അനുവദിക്കുകയും 121667 വിദ്യാർഥികൾക്കായി പതിനെട്ട് കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷവും ഈ പദ്ധതിക്കായി ഇരുപത് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) 2025-26 സാമ്പത്തിക വർഷം ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർഥികൾക്കായി നടപ്പാക്കുന്ന സ്കോളർഷിപ്പ് പദ്ധതികൾ ഏതൊക്കെയെന്നും ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ?

2025-26 സാമ്പത്തിക വർഷം ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർഥികൾക്ക് നടപ്പാക്കുന്ന സ്കോളർഷിപ്പ് പദ്ധതികളുടെയും ഇതിനായി വകയിരുത്തിയ തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ഹില്ലി അക്വാ കുഴിവെള്ളം**

22 (*82) ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ വിലയിൽ ശുദ്ധമായ കുപ്പിവെള്ളം ജനങ്ങൾക്ക് എത്തിക്കുകയെന്ന ലക്ഷ്യത്തോടെ ജലവിഭവ വകുപ്പിന് കീഴിൽ ആരംഭിച്ച ഹില്ലി അക്വാ കുപ്പിവെള്ളത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വിറ്റുവരവ് എത്രയാണെന്ന് വിശദമാക്കാമോ?

ഹില്ലി അക്വാ കുപ്പിവെള്ളത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വിറ്റുവരവ് 11.40 കോടി രൂപയാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഹില്ലി അക്വാ കുപ്പിവെള്ളം കയറ്റുമതി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര ലിറ്റർ കുപ്പിവെള്ളം കയറ്റി അയച്ചിട്ടുണ്ടെന്ന വിവരം വ്യക്തമാക്കാമോ?

ഉണ്ട്. മൊത്തം 51,228 ലിറ്റർ കുപ്പിവെള്ളം ഇതിനകം കയറ്റി അയച്ചിട്ടുണ്ട്.

(സി) ഹില്ലി അക്വാ കുപ്പിവെള്ളത്തിന് സംസ്ഥാനത്ത് എത്ര വിതരണക്കാരുണ്ടെന്ന വിവരം ലഭ്യമാണോ; താലൂക്ക് അടിസ്ഥാനത്തിൽ ഇത് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ?

നിലവിൽ ഹില്ലി അക്വാ കുപ്പിവെള്ളത്തിന് കേരള സംസ്ഥാനത്ത് 52 വിതരണക്കാരുണ്ട്. കേരള വിപണിയിൽ താലൂക്ക് അടിസ്ഥാനത്തിലാണ് വിതരണം നടത്തിവരുന്നത്. വിതരണക്കാരെ ലഭ്യമല്ലാത്ത താലൂക്കുകളിൽ പത്രമാധ്യമങ്ങളിലൂടെ പരസ്യം ചെയ്ത് വിതരണക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മത ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവർക്ക് സ്വയംതൊഴിൽ പദ്ധതി**

23 (*83) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എൻ. കെ. അക്ബർ:

ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത ന്യൂനപക്ഷ വിഭാഗങ്ങളിലെ വിധവകൾക്കും വിവാഹമോചിതർക്കുംവേണ്ടി പുതിയ സ്വയംതൊഴിൽ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് മത ന്യൂനപക്ഷ വിഭാഗങ്ങളിലെ വിധവകൾക്കും വിവാഹമോചിതർക്കുംവേണ്ടി പുതിയ സ്വയംതൊഴിൽ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾ/വിവാഹമോചിതർ/ ഉപേക്ഷിക്കപ്പെട്ട വിഭാഗത്തിലെ സ്ത്രീകൾ എന്നിവർക്ക് സ്വയംതൊഴിൽ ആരംഭിക്കുന്നതിന് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേനയുള്ള ലോൺ തുകയുടെ ഇരുപത് ശതമാനമോ പരമാവധി ഒരു ലക്ഷം രൂപയോ സബ്സിഡി നൽകുന്ന പദ്ധതിയാണിത്.

(ബി) പ്രസ്തുത സ്വയംതൊഴിൽ പദ്ധതികൾക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

ന്യൂനപക്ഷ വിഭാഗങ്ങളിലെ വിധവകൾക്കും വിവാഹമോചിതർക്കുംവേണ്ടി ആരംഭിച്ച പുതിയ സ്വയംതൊഴിൽ പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഈ പദ്ധതിയുടെ പ്രയോജനം കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പദ്ധതിയുടെ പ്രയോജനം കൂടുതൽ പേർക്ക് ലഭ്യമാക്കുംവിധം അർഹതാ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതുൾപ്പെടെയുള്ള നടപടി പൂർത്തീകരിച്ചുവരുന്നുണ്ട്.

**പട്ടികജാതി, പട്ടികവർഗ വിദ്യാർഥികൾക്ക് നൽകിവരുന്ന ഗ്രാന്റുകൾ**

24 (*84) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് നൽകിവരുന്ന ഗ്രാന്റുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**പട്ടികജാതി വികസന വകുപ്പ്**

സംസ്ഥാനത്തെ പട്ടികജാതി വിഭാഗ വിദ്യാർഥികൾക്ക് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഗ്രാന്റ്/സ്കോളർഷിപ്പ് പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

2. സ്റ്റേറ്റ് പ്രീമെട്രിക് സ്കോളർഷിപ്പ്

3. സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ്

4. സ്പെഷ്യൽ ഇൻസെന്റീവ് പദ്ധതി

5. ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് സ്കോളർഷിപ്പ്

6. ലാപ്ടോപ് ധനസഹായ പദ്ധതി

7. പ്രാഥമിക ചെലവ് ധനസഹായ പദ്ധതി (മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക്)

8. സ്റ്റെതസ്കോപ്പ് ധനസഹായ പദ്ധതി

9. ആടയാഭരണങ്ങളും വാദ്യോപകരണങ്ങളും വാങ്ങുന്നതിനുള്ള ധനസഹായം

10. പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം

11. ഉന്നതി സ്കോളർഷിപ്പ് ഫോർ ഓവർസീസ് സ്റ്റഡീസ് പദ്ധതി

12. പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർഥികൾക്കുള്ള പോക്കറ്റ് മണി

13. വിഷൻ, വിഷൻ പ്ലസ് (എൻട്രൻസ് പരിശീലനത്തിനുള്ള ധനസഹായം)

14. പഠനയാത്രാ ധനഹായം

**പട്ടികവർഗ വികസന വകുപ്പ്**

<u>പ്രീമെട്രിക് സ്കോളർഷിപ്പ്</u>:-

സംസ്ഥാനത്ത് എസ്.എസ്.എൽ.സി. വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർഥികൾക്ക് അധ്യയന വർഷം ആരംഭിക്കുമ്പോളുണ്ടാകുന്ന ചെലവുകൾക്കായുള്ള ലംപ്സം ഗ്രാന്റ് (എൽ.പി. വിഭാഗം വിദ്യാർഥികൾക്ക് 750/- രൂപയും യു.പി. വിഭാഗം വിദ്യാർഥികൾക്ക് 900/- രൂപയും ഹൈസ്കൂൾ വിഭാഗം വിദ്യാർഥികൾക്ക് 1000/- രൂപയും), സ്റ്റൈപ്പന്റ് 2000/- രൂപയും ഇതിന് പുറമെ പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് അധിക ധനസഹായമായി പ്രതിമാസം 200/- രൂപയും നൽകിവരുന്നു.

കൂടാതെ 9, 10 ക്ലാസുകളിൽ പഠിക്കുന്നതും കുടുംബ വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ വിദ്യാർഥികൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രതിവർഷം 2250/- രൂപ സ്കോളർഷിപ്പ്

ഇനത്തിലും 750/- രൂപ ബുക്സ് തുടങ്ങിയ പഠനസാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റിനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർഥികൾക്ക് യഥാക്രമം 5250/- രൂപയും 1000/- രൂപയും നൽകുന്നു.

പോസ്റ്റ്മെടിക് സ്കോളർഷിപ്പ്:-

പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികവർഗ വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് അനുവദിക്കുന്ന ഗ്രാന്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ഗ്രാന്റ്സ് | തുക |
|---|---|
| ലംപ്സം ഗ്രാന്റ് | 800/- മുതൽ 3800/- വരെ (കോഴ്സുകൾ അനുസരിച്ച്) |
| സ്റ്റൈപ്പന്റ് | 8500/- (പ്രതിവർഷം) |
| പോക്കറ്റ് മണി (ഹോസ്റ്റൽ വിദ്യാർഥിക്ക്) | 2000/- (പ്രതിവർഷം) |
| ഫെല്ലോഷിപ്പ് (PhD, Mphil, Mtech, MLit വിദ്യാർഥികൾക്ക്) | യു.ജി.സി. നിരക്കിന്റെ 75% (കണ്ടിജന്റ് + ഫെല്ലോഷിപ്പ്) |
| ഹോസ്റ്റൽ ഫീസ് ഗവ /എയ്ഡഡ് | 3500/- (പ്രതിമാസം) |
| ഹോസ്റ്റൽ ഫീസ് സെൽഫ് ഫിനാൻസ് പ്രൊഫഷണൽ | 4500/- (പ്രതിമാസം) |

| | |
|---|---|
| പ്രൈവറ്റ് അക്കൊമഡേഷൻ | 30,000/-<br>(പ്രതിവർഷം) |

കൂടാതെ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് പദ്ധതി, പട്ടികവർഗ വിദ്യാർഥികൾക്കുള്ള വസ്തുവിതരണം, കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് (വിങ്സ്), സിവിൽ സർവീസ് പരിശീലനം, അഭിഭാഷക പരിശീലന പദ്ധതി, ഉന്നതി വിദേശ പഠന സ്കോളർഷിപ്പ് തുടങ്ങിയ പദ്ധതികൾ മുഖേനയും ഗ്രാന്റുകൾ വിതരണം ചെയ്തുവരുന്നു.

(ബി) പ്രസ്തുത ഗ്രാന്റുകളിൽ കുടിശ്ശിക നൽകാനുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**പട്ടികജാതി വികസന വകുപ്പ്**

മേൽ പരാമർശിച്ച പദ്ധതികളിൽ കുടിശ്ശികയില്ല.

**പട്ടികവർഗ വികസന വകുപ്പ്**

പ്രീമെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർഥികളുടെ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനായി ലഭ്യമായ ക്ലെയിമുകൾ മുഴുവൻ അനുവദിച്ച് നൽകിയിട്ടുണ്ട്.

പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർഥികൾക്ക് വിദ്യാഭ്യാസാനുകൂല്യമായി 2225-02-277-29-01-12 (പ്ലാൻ) ശീർഷകത്തിൽ 36 കോടി രൂപയും 2225-02-277-29-02-12 (പ്ലാൻ) ശീർഷകത്തിൽ 12 കോടിയുമായി ആകെ 48 കോടി രൂപ ലഭ്യമായിരുന്നു. ടി തുകയിൽനിന്നും മുൻവർഷങ്ങളിലെ കുടിശ്ശിക തുകയുൾപ്പടെ 10901 പട്ടികവർഗ വിദ്യാർഥികൾക്ക് 25,05,78,242/- രൂപ 2025-26 സാമ്പത്തിക വർഷം വിതരണം ചെയ്തിട്ടുണ്ട്.

2025-26 സാമ്പത്തിക വർഷം പോസ്റ്റ് മെട്രിക് നോൺ പ്ലാൻ ശീർഷകത്തിൽ (2225-02-277-98-12-നോൺ പ്ലാൻ) 6.30 കോടി രൂപ വകയിരുത്തിയിരുന്നു.

പ്രസ്തുത തുക ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യംതന്നെ ചെലവഴിക്കുകയും തുടർന്ന് സർക്കാരിലേക്ക് അധിക ധനാഭ്യർഥന നടത്തുകയും സർക്കാർ ആദ്യ ഗഡുവായി 10 കോടി രൂപ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ലഭ്യമായ തുകയിൽനിന്നും മുൻവർഷങ്ങളിലെ കുടിശ്ശിക 9,04,61,609/- രൂപയുൾപ്പടെ ആകെ 15,34,61,609/- രൂപ ട്രഷറി മുഖേനയും അനുവദിച്ച് നൽകിയിട്ടുണ്ട്. ടി ഇനത്തിൽ 1762 വിദ്യാർഥികളുടെ അക്കൗണ്ടിലേക്കും ABLC,

ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ്, കണ്ടിജന്റ് ഫെല്ലോഷിപ്പ് തുടങ്ങിയവ 810 സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്കും നിക്ഷേപിച്ചിട്ടുണ്ട്. നിലവിൽ ലഭ്യമായ 9,42,74,160/- രൂപയുടെ ക്ലെയിമുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത ഗ്രാന്റുകൾ കൃത്യമായി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനങ്ങളുണ്ടോ; ഇല്ലെങ്കിൽ അത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ?

**പട്ടികജാതി വികസന വകുപ്പ്**

പിരിവ് 1 ൽ പരാമർശിച്ച ക്രമ നമ്പർ 1 മുതൽ 6 വരെയുള്ള പദ്ധതികൾ E-Grantz 3.0 പോർട്ടൽ മുഖേന ഓൺലൈനായാണ് നടപ്പിലാക്കിവരുന്നത്. അർഹരായ വിദ്യാർഥികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് സ്കോളർഷിപ്പ് തുക നേരിട്ട് (DBT സംവിധാനം) അനുവദിച്ചുവരികയാണ് ചെയ്തുവരുന്നത്.

മറ്റ് സ്കോളർഷിപ്പ് പദ്ധതികൾ കൃത്യമായിത്തന്നെ വിദ്യാർഥികൾക്ക് അനുവദിച്ചുവരുന്നു.

**പട്ടികവർഗ വികസന വകുപ്പ്**

പട്ടികവർഗ വിദ്യാർഥികൾക്ക് ഗ്രാന്റുകൾ കൃത്യമായി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്കോളർഷിപ്പ് E-Grantz 3.0 പോർട്ടൽ മുഖേന വിദ്യാർഥികളുടെയും സ്ഥാപനങ്ങളുടെയും ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക നേരിട്ട് അനുവദിച്ചുവരുന്നു. ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്യുന്നത് സംബന്ധിച്ച സംശയങ്ങൾക്ക് ടോൾഫ്രീ നമ്പറിൽ സംശയനിവാരണം നടത്തുന്നതിനുള്ള സംവിധാനം വകുപ്പ് ഡയറക്ടേറ്റിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഇ-ഗ്രാന്റ്സുമായി ബന്ധപ്പെട്ട കത്തിടപാടുകൾക്കായി പ്രത്യേകം ഇ-മെയിൽ ഐ.ഡി. സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. പട്ടികവർഗ പ്രൊമോട്ടർമാർ, സോഷ്യൽ വർക്കർമാർ, കമ്പ്യൂട്ടർ സഹായികൾ, അക്രഡിറ്റഡ് എഞ്ചിനീയർമാർ, ഫീൽഡുതല ഉദ്യോഗസ്ഥർ തുടങ്ങിയവർ മുഖേനയും ഇ-ഗ്രാന്റ്സുമായി ബന്ധപ്പെട്ട സംശയനിവാരണവും ഗ്രാന്റുകൾ കൃത്യമായി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

**പട്ടികജാതി, പട്ടികവർഗ, മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് പൈലറ്റുമാരാകാൻ ധനസഹായം**

25 (*85) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. എം. സച്ചിൻദേവ്:

ശ്രീമതി ദെലീമ:

ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി, പട്ടികവർഗ, മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ എത്ര വിദ്യാർഥികൾക്ക് പൈലറ്റുമാരാകുന്നതിനുള്ള ഏവിയേഷൻ കോഴ്സ് പഠിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക നൽകിയിട്ടുണ്ടെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് 5 പട്ടികജാതി വിദ്യാർഥികൾക്കും 3 പട്ടികവർഗ വിദ്യാർഥികൾക്കും 2 പിന്നാക്ക വിഭാഗ വിദ്യാർഥികൾക്കും ഉൾപ്പടെ ആകെ 10 വിദ്യാർഥികൾക്ക് പൈലറ്റുമാരാകുന്നതിനുള്ള ഏവിയേഷൻ കോഴ്സ് പഠിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. ഇതിനായി ആകെ 1,85,94,000/- രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 2016 മുതൽ 2021 വരെ പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർഥികൾക്ക് പ്രസ്തുത ഏവിയേഷൻ കോഴ്സ് പഠിക്കുവാൻ തുക

അനുവദിച്ചിട്ടുണ്ടെന്നും എത്ര തുകയാണ് അനുവദിച്ചതെന്നുമുള്ള കണക്ക് ലഭ്യമെങ്കിൽ നൽകാമോ?

2016 ഏപ്രിൽ മുതൽ 2021 മാർച്ച് വരെ ഏവിയേഷൻ കോഴ്സ് പഠിക്കുവാനായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5 വിദ്യാർഥികൾക്കും 2 പട്ടികവർഗ വിദ്യാർഥികൾക്കും ഉൾപ്പടെ ആകെ 7 വിദ്യാർഥികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഇതിനായി ആകെ 74,62,320/- രൂപ അനുവദിച്ചിട്ടുണ്ട്.

(സി) 2011-2016 സർക്കാരിന്റെ കാലയളവിൽ പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് എത്ര തുക പ്രസ്തുത ഏവിയേഷൻ കോഴ്സ് പഠിക്കാൻ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2011-2016 സർക്കാരിന്റെ കാലയളവിൽ ഏവിയേഷൻ കോഴ്സ് പഠിക്കുവാനായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട 6 വിദ്യാർഥികൾക്കും, ഒരു പട്ടികവർഗ വിദ്യാർഥിക്കും ഉൾപ്പടെ ആകെ 7 വിദ്യാർഥികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഇതിനായി ആകെ 86,49,620/- രൂപ അനുവദിച്ചിട്ടുണ്ട്.

**ഭൂജലവകുപ്പിന്റെ പ്രവർത്തനങ്ങൾ**

26 (*86) <u>ശ്രീ. എൻ. കെ. അക്ബർ</u>:

ശ്രീമതി ശാന്തകുമാരി കെ.:

ശ്രീമതി കാനത്തിൽ ജമീല:

ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തിൽ ഭൂജലവകുപ്പ് നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഭൂജലവകുപ്പ് 2024-25 സാമ്പത്തിക വർഷം പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

- സുസ്ഥിര ഭൂജലലഭ്യത കൈവരിക്കുന്നതിനായി വിവിധ തരം ഭൂജല സംപോഷണ പദ്ധതികൾക്കായുള്ള സ്ഥാനനിർണ്ണയവും നിർമ്മാണവും.

- കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ചെറുകിട കുടിവെള്ള വിതരണ പദ്ധതികളും കുഴൽക്കിണർ കൈപ്പമ്പ് പദ്ധതികളും നടപ്പാക്കൽ.

- കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണം, കുഴൽക്കിണർ കൈപ്പമ്പ് പദ്ധതികളുടെ അറ്റകുറ്റപ്പണികൾ.

• വിവിധതരം കിണറുകൾക്കുള്ള (തുറന്ന കിണർ, ബോർവെൽ, ട്യൂബ് വെൽ, ഫിൽറ്റർ പോയിന്റ് വെൽ) സ്ഥാന നിർണ്ണയം.

• കുടിവെള്ളം, ജലസേചനം, വ്യാവസായിക അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ എന്നിവയുടെ ആവശ്യങ്ങൾക്കുള്ള കിണറുകളുടെ (ബോർവെൽ, ട്യൂബ് വെൽ, ഫിൽറ്റർ പോയിന്റ് വെൽ) നിർമ്മാണം, ഡെവലപ്പിങ്, ലോഗിങ്, കിണറുകളുടെ ജലക്ഷമതാ പരിശോധന.

• ഭൂജല ഉപഭോഗത്തിന്റെ നിയന്ത്രണത്തിനും ക്രമീകരണത്തിനുമായുള്ള ആക്ടിന്റെ ഫലപ്രദമായ നടപ്പാക്കൽ.

• ഭൂജലത്തിന്റെ ക്രമമായ ഉപയോഗത്തിനും സംരക്ഷണത്തിനുമായുള്ള ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

• സംസ്ഥാനത്തിന്റെ ഭൂജല വിഭവശേഷി തിട്ടപ്പെടുത്തൽ.

കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജൽ ജീവൻ മിഷൻ, മറ്റ് സ്ഥാപനങ്ങൾ, എം.പി./എം.എൽ.എ. ഫണ്ട്, എസ്.സി. ഫണ്ട്, വരൾച്ചാ ദുരിതാശ്വാസ ഫണ്ട് എന്നിവ വിനിയോഗിച്ച് ചെറുകിട കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കൽ, സാങ്കേതിക സഹായം നൽകൽ, കേന്ദ്ര സർക്കാർ

ആവിഷ്കരിച്ച ജൽ ശക്തി അഭിയാൻ പ്രോഗ്രാമിന്റെ ഭാഗമായ ജൽ സഞ്ജയ് ജൻ ഭാഗിധാരി എന്ന ഉദ്യമത്തിലൂടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ജലവിഭവ മാനേജ്മെന്റ് പ്രവർത്തനങ്ങളുടെ ഏകോപനവും മേൽനോട്ടവും, നവകേരളം കർമ്മ പദ്ധതിക്കുള്ള സാങ്കേതിക സഹായം/വിവിധ പദ്ധതികൾ നടപ്പിലാക്കൽ, കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഫലപ്രദമായ നടപ്പാക്കൽ എന്നീ പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2025-26 സാമ്പത്തിക വർഷത്തിൽ ഭൂജലവകുപ്പ് ലക്ഷ്യമിടുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

2025-26 സാമ്പത്തിക വർഷത്തിൽ ഭൂജലവകുപ്പ് മേൽ സൂചിപ്പിച്ച പ്ലാൻ തുടർപദ്ധതികളുടെ നടപ്പിലാക്കലും, വിവിധ പഞ്ചായത്തുകൾ/സ്ഥാപനങ്ങൾ എന്നിവയുടെ ഡെപ്പോസിറ്റ് ഫണ്ട് ഉപയോഗിച്ച് കൂടിവെള്ള പദ്ധതികൾ നടപ്പിലാക്കൽ, നീരുറവകളുടെ വിവരശേഖരണം തുടങ്ങിയവ ലക്ഷ്യമിടുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ അഡ്വാൻസ് ഘട്ടമായ 'W-AMRITHAM' പദ്ധതി 2025-26-ൽ ആരംഭിക്കുന്നതിന് 86 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം തടയുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്.

ഭൂജലവകുപ്പ് 'ഭൂജലസംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതി ഭൂജലസംരക്ഷണത്തിനായി നടപ്പിലാക്കിവരുന്നു. മേൽക്കൂര വഴിയുള്ള മഴവെള്ള കൊയ്ത്തിലൂടെ ഇറന്ന കിണർ/കുഴൽക്കിണർ, റീചാർജ് പിറ്റ് വഴിയുള്ള ഭൂജലസംപോഷണം, ചെറിയ തടയണകളുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുദ്ധാരണം തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിൻകീഴിൽ വിഭാവനം ചെയ്തുവരുന്നു. കേരളത്തിലെ ഗുരുതര, അർധ ഗുരുതര ബ്ലോക്കുകളിൽ ഭൂജലസംപോഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകിവരുന്നു. സുസ്ഥിര ഭൂജല ലഭ്യത കൈവരിക്കുന്നതിനായി സംസ്ഥാനത്തെ പൊതുസ്ഥാപനങ്ങളിലെ ഭൂജല നിർമ്മിതികളെ കേന്ദ്രീകരിച്ചാണ് പ്രസ്തുത പദ്ധതി പ്രധാനമായും നടപ്പിലാക്കുന്നത്. കൂടാതെ പദ്ധതി പൂർത്തീകരണത്തിലൂടെ സമീപ പ്രദേശങ്ങളിലെ ജലവിതാനവും മെച്ചപ്പെടുന്നതാണ്.

കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കിവരുന്ന 'ജൽ ശക്തി അഭിയാൻ'-Catch the rain programme-ന്റെ

ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ തനത് ഫണ്ടും കേന്ദ്ര ഫണ്ടും ഉപയോഗപ്പെടുത്തി വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്.

കൂടാതെ ഭൂജലചൂഷണം തടയുന്നതിന്റെ ഭാഗമായി ഭൂജല നിയന്ത്രണവും ക്രമീകരണവും എന്ന പ്ലാൻ പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

**വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കുള്ള ചികിത്സാ ചെലവ്**

27 (*87) ശ്രീ. റോജി എം. ജോൺ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് സർക്കാർ ചികിത്സാ ചെലവ് അനുവദിക്കുന്നുണ്ടോ; എങ്കിൽ എന്തൊക്കെ വ്യവസ്ഥകൾക്ക് വിധേയമായാണ് ചികിത്സാ ചെലവ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വന്യജീവി ആക്രമണംമൂലമുള്ള ജീവഹാനി, പരിക്ക്, കന്നുകാലി നഷ്ടം, സ്വത്ത്/കൃഷിനാശം എന്നിവയ്ക്ക് വനം വകുപ്പ് നഷ്ടപരിഹാരം അനുവദിച്ച്

നൽകുന്നത് 1980-ലെ കേരള റൂൾസ് ഫോർ പെയ്മെന്റ് ഓഫ് കോംപൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് (Kerala Rules for Payment of Compensation to Victims of Attack by Wild Animals, 1980)-ന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 05-04-2018-ലെ സർക്കാർ ഉത്തരവ് (കൈ)നം. 17/2018/വനം പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് നഷ്ടപരിഹാരം അനുവദിച്ചുവന്നിരുന്നത്. ഈ ചട്ടങ്ങൾ പ്രകാരം വന്യജീവി ആക്രമണത്തിൽ ജീവഹാനി/പരിക്ക് സംഭവിക്കുന്ന വ്യക്തിക്ക് വന്യജീവി (സംരക്ഷണ) നിയമം, 1972, കേരള വന നിയമം എന്നിവ പ്രകാരമുള്ള കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെടുകയോ ഉൾപ്പെടുകയോ ചെയ്താൽ നഷ്ടപരിഹാരത്തിന് അർഹതയില്ല. എന്നിരുന്നാലും സ്ഥിരം കുറ്റവാളികളല്ലാത്ത വനം കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികൾ വനം കുറ്റകൃത്യത്തിനിടയിൽ അല്ലാതെ വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടാൽ ആയത് ബന്ധപ്പെട്ട സർക്കിളിലെ ഉദ്യോഗസ്ഥർ പരിശോധിക്കുകയും അർഹതയുള്ള കേസിൽ നഷ്ടപരിഹാരം അനുവദിക്കുന്നതുമാണ്. കൂടാതെ ടി ചട്ടങ്ങൾ പ്രകാരം വന്യജീവി ആക്രമണങ്ങളിലെ മരണം ഒഴികെയുള്ള നാശനഷ്ടങ്ങൾക്ക്

നഷ്ടപരിഹാരത്തിനായി ആറ് മാസങ്ങൾക്കുള്ളിലും മരണങ്ങൾക്കുള്ള നഷ്ടപരിഹാരത്തിന് ഒരു വർഷത്തിനുള്ളിലും അപേക്ഷ സമർപ്പിക്കേണ്ടതാണ്.

മനുഷ്യ-വന്യജീവി സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 09-05-2025-ലെ സർക്കാർ ഉത്തരവ് (സാധാ)നം. 304/2025/DMD പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾക്ക് 07-03-2024 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്.

മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ 60 ശതമാനത്തിലധികം അംഗവൈകല്യം സംഭവിക്കുന്നവർക്ക് രണ്ടര ലക്ഷം രൂപയും 40 ശതമാനം മുതൽ 60 ശതമാനം വരെയുള്ള അംഗവൈകല്യത്തിന് രണ്ട് ലക്ഷം രൂപയും വന്യമൃഗാക്രമണത്തിൽ സംഭവിക്കുന്ന പരിക്കിന് ഒരു ലക്ഷം രൂപ വരെയും അനുവദിച്ചുവരുന്നു. പട്ടികവർഗക്കാരുടെ കാര്യത്തിൽ ചികിത്സാ ചെലവ് പൂർണ്ണമായും അനുവദിച്ചുവരുന്നു.

(ബി) വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവരുടെ ചികിത്സാ ചെലവ് പൂർണ്ണമായും ഏറ്റെടുക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

1980-ലെ കേരള റൂൾസ് ഫോർ പെയ്മെന്റ് ഓഫ് കോംപൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് (Kerala Rules for Payment of Compensation to Victims of Attack by Wild Animals, 1980)-ന്റെ അടിസ്ഥാനത്തിലാണ് വന്യജീവി ആക്രമണത്തിൽ സംഭവിക്കുന്ന ജീവഹാനി, പരിക്ക് എന്നിവയ്ക്ക് നഷ്ടപരിഹാരം, ചികിത്സാസഹായം എന്നിവ നൽകിവരുന്നത്. നിലവിൽ വന്യജീവി ആക്രമണം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചതിനെത്തുടർന്ന് വനം വകുപ്പും ദുരന്തനിവാരണ വകുപ്പും സംയുക്തമായി വന്യജീവി ആക്രമണത്തിന് സംഭവിക്കുന്ന പരിക്ക്/ജീവഹാനി/മറ്റ് നാശനഷ്ടങ്ങൾ എന്നിവയ്ക്ക് ധനസഹായം നൽകുന്നതിന് പൊതുമാനദണ്ഡം രൂപീകരിച്ചിട്ടുണ്ട്. അതേസമയം പരിക്കേൽക്കുന്നവരുടെ ചികിത്സാ ചെലവ് പൂർണ്ണമായും ഏറ്റെടുക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. എന്നാൽ പട്ടികവർഗക്കാരുടെ കാര്യത്തിൽ വന്യമൃഗ

ആക്രമണത്തിൽ സംഭവിക്കുന്ന പരിക്കിനുള്ള ചികിത്സാ ചെലവ് മുഴുവനായും അനുവദിച്ചുവരുന്നു.

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

28 (*88) ശ്രീ. എം. വിൻസെന്റ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?

കായിക മേഖലയുടെ അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ട് ഗ്രാമീണ കളിസ്ഥലങ്ങൾ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കുക എന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. എല്ലാവർക്കും പ്രായഭേദമന്യേ ഒത്തുകൂടാനും ശാരീരികവും മാനസികവുമായ ഉണർവുണ്ടാക്കാനും ഇതുവഴി സാധിക്കുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ലോകാരോഗ്യ സംഘടനയുടെ 2030-ലെ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ പലതും കൈവരിക്കുന്നതിന് സാധിക്കും. ലോകാരോഗ്യ

സംഘടനയുടെ അഭിപ്രായത്തിൽ നടത്തം, സൈക്ലിങ്, കായികം, സജീവമായ വിനോദം, കളി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ പലതും കൈവരിക്കുന്നതിനും ശാരീരിക പ്രവർത്തനങ്ങൾക്ക് ഗുണപരമായ ആരോഗ്യവും സാമൂഹികവും സാമ്പത്തികവുമായ നേട്ടങ്ങളും കൈവരിക്കുന്നതിനും സാധിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കളിക്കളം നിർമ്മിക്കുന്നതിനുള്ള സ്ഥലലഭ്യത, നിർമ്മാണച്ചെലവ് എന്നിവയുടെ അടിസ്ഥാനത്തിൽ ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ് ബോൾ, ബാഡ്മിന്റൺ, ഫുട്ബോൾ ടർഫുകൾ, സിന്തറ്റിക് കോർട്ടുകൾ, മൾട്ടി സ്പോർട്സ് അരീന, ഇൻഡോർ കോർട്ടുകൾ, ഫിറ്റ്നസ് പവലിയൻ/ഓപ്പൺ ജിം, ടോയ്ലറ്റുകളും വസ്ത്രം മാറുന്ന മുറികളും, കഫറ്റീരിയ, വൈദ്യുതീകരണം, സ്റ്റേഡിയം/ഗ്യാലറി എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദവിവരം അറിയിക്കാമോ?

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഒരു കളിക്കളത്തിന് ആവശ്യമായിവരുന്ന തുകയുടെ 50 ശതമാനം തുക (പരമാവധി 50 ലക്ഷം രൂപ) കായിക വകുപ്പിന്റെ പദ്ധതി വിഹിതമായും ബാക്കി വരുന്ന തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യപ്രതിബദ്ധതാ ഫണ്ട് എന്നിവയിൽ നിന്നുമാണ് വകയിരുത്തുന്നത്. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിക്കായി ജനപ്രതിനിധികളുടെ ശിപാർശ പ്രകാരം ഒന്നാംഘട്ടമായി തിരഞ്ഞെടുത്തിട്ടുള്ള 124 കളിസ്ഥലങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടതും എം.എൽ.എ./എം.പി./തദ്ദേശസ്വയംഭരണ ഫണ്ട് വിഹിതം ലഭ്യമായതുമായ 116 കളിസ്ഥലങ്ങളിൽ 103 കളിക്കളങ്ങളുടെ നിർമ്മാണ പ്രവൃത്തിക്കായി സ്പോർട്സ് കേരള ഫൗണ്ടേഷൻ ഭരണാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 82 കളിക്കളങ്ങൾക്ക് പ്ലാൻ ഫണ്ടും എം.എൽ.എ./എം.പി./തദ്ദേശസ്വയംഭരണ ഫണ്ടും ചേർത്ത് കായിക യുവജനകാര്യ ഡയറക്ടർ സംയുക്ത ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇതിൽ 78 പ്രവൃത്തികൾക്ക് നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സാങ്കേതികാനുമതി നൽകുകയും 77 പ്രവൃത്തികൾക്ക് ദർഘാസ്

ക്ഷണിക്കുകയും ചെയ്തു. അതിൽ 10 കളിക്കളങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 54 പ്രവൃത്തികൾക്ക് കരാറിലേർപ്പെടുകയും വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയുമാണ്. 10 പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

പദ്ധതിയുടെ രണ്ടാംഘട്ടമായി തിരഞ്ഞെടുത്തിട്ടുള്ള 12 കളിസ്ഥലങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടതും എം.എൽ.എ./എം.പി./തദ്ദേശസ്വയംഭരണ ഫണ്ട് വിഹിതം ലഭ്യമായതുമായ 2 പ്രവൃത്തികൾക്ക് ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ സമർപ്പിച്ചിട്ടുണ്ട്. ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. 9 പ്രവൃത്തികളുടെ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിവരുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ മൂന്നാംഘട്ടമായി 36 കളിസ്ഥലങ്ങളുടെ ലിസ്റ്റിന് അംഗീകാരം നൽകുകയും ടി ലിസ്റ്റിൽ ഉൾപ്പെട്ടതും എം.എൽ.എ./എം.പി./തദ്ദേശസ്വയംഭരണ ഫണ്ട് വിഹിതം ലഭ്യമായതുമായ 7 പ്രവൃത്തികൾക്ക് ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ സമർപ്പിച്ചിട്ടുള്ളതുമാണ്. ആയതിൽ എം.എൽ.എ./എം.പി./ തദ്ദേശസ്വയംഭരണ ഫണ്ട് വിഹിതം ലഭ്യമായ 4

കളിക്കളങ്ങൾക്ക് പ്ലാൻ ഫണ്ടും എം.എൽ.എ./എം.പി./തദ്ദേശസ്വയംഭരണ ഫണ്ടും ചേർത്ത് കായിക യുവജനകാര്യ ഡയറക്ടർ സംയുക്ത ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തികൾക്ക് നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. 11 പ്രവൃത്തികളുടെ ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിവരുന്നു. എം.എൽ.എ./എം.പി./ തദ്ദേശസ്ഥാപന വിഹിതം എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി കളിസ്ഥലങ്ങൾക്കുള്ള സംയുക്ത ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കും.

**പട്ടികവർഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് നടപ്പാക്കുന്ന പദ്ധതികൾ**

29 (*89) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് എന്തൊക്കെ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സമഗ്രമായ പട്ടികവർഗ വികസന ക്ഷേമപ്രവർത്തനങ്ങൾ ആരംഭിച്ച് 50 വർഷങ്ങൾ തികയുന്ന വേളയിൽ, സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ആസൂത്രണവും നടത്തിപ്പും സംബന്ധിച്ച് രൂപീകരിച്ച ടാസ്ക് ഫോഴ്സ് ലഭ്യമാക്കിയ റിപ്പോർട്ടിലെ വിഷയങ്ങൾ നടപ്പാക്കുന്നതിന് സർക്കാർതലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ആയതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പട്ടികവർഗ വിഭാഗത്തിലെ വിദ്യാർഥികളുടെ പഠന നിലവാരം കൂടുതൽ മെച്ചപ്പെടുത്താൻ സ്മാർട്ട് പഠനമുറി എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

പട്ടികവർഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലി ആഘോഷവേളയിൽ വിദ്യാഭ്യാസ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. നിലവിൽ വകുപ്പ് നടപ്പിലാക്കിവരുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമൂഹ്യ പഠനമുറിക്ക് പുറമെ വ്യക്തിഗത ആനുകൂല്യങ്ങളിൽ ഉൾപ്പെടുത്തി ആധുനിക സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് പഠനമുറികൾ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) നവകേരളത്തിന്റെ വികസന വഴികളിൽ പട്ടികവർഗ വിഭാഗക്കാർ പിന്തള്ളപ്പെട്ട് പോകാതിരിക്കാൻ എന്തൊക്കെ പുതിയ പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2025-26 സാമ്പത്തിക വർഷത്തിൽ പട്ടികവർഗക്കാരുടെ ഉന്നമനത്തിനായി സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ വികസന വകുപ്പ് മുഖേന ചുവടെ പറയുന്ന 3 പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായുള്ള മാർഗരേഖകൾ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

1. പണിയ സമുദായത്തിനുള്ള പ്രത്യേക വികസന പാക്കേജ്

2. പട്ടികവർഗ ഉന്നതികൾക്കായുള്ള ഉപജീവന മിഷൻ

3. പട്ടികവർഗ ഉന്നതികളിൽ അടിസ്ഥാന സൗകര്യങ്ങളിലെ നിർണ്ണായക വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പാക്കേജ്.

**കാട്ടുതീ നിവാരണം**

30 (*90) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാട്ടുതീ നിവാരണത്തിനായി ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് കാട്ടുതീ നിവാരണത്തിനായി 2024-25 സാമ്പത്തിക വർഷത്തെ ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തെ ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്.

(ബി) കാട്ടുതീ തടയാനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഏതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കാട്ടുതീ ഉണ്ടാകുവാൻ ഏറെ സാധ്യതയുള്ള പ്രദേശങ്ങളുടെ സ്കെച്ച്/വിവരങ്ങൾ തീ കത്തുന്നതിന് കൂടുതൽ സാധ്യതയുള്ള മേഖല, മിതമായ സാധ്യതയുള്ള മേഖല, സാധ്യതയില്ലാത്ത മേഖല (Highly Fire Prone, Moderately

Fire Prone & Low Fire Prone) എന്നിങ്ങനെ തിരിച്ച് 1129 ബ്ലോക്കുകളിലായി തയ്യാറാക്കിയ ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഡിവിഷൻ തലത്തിൽ ക്രോഡീകരിച്ച് സർക്കിൾ തലത്തിൽ പരിശോധിച്ച് അംഗീകരിച്ച് നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നിലവിൽ നടത്തിവരുന്നത്.

ഡിവിഷൻ, റെയ്ഞ്ച് തലങ്ങളിൽ ഫയർ കൺട്രോൾ റൂമുകൾ എല്ലാ സർക്കിളിന് കീഴിലും പ്രവർത്തനം നടത്തിവരുന്നു. വനംവകുപ്പ് ആസ്ഥാനത്തും ഫയർ സെൽ പ്രവർത്തിച്ചുവരുന്നു. ഫോറസ്റ്റ് സർവെ ഓഫ് ഇൻഡ്യ (FSI) മുഖാന്തരം ലഭിക്കുന്ന ഫയർ അലർട്ടുകൾ വനം വകുപ്പ് ആസ്ഥാനത്തെ ഫയർസെല്ലിൽനിന്നും യഥാസമയം ഡിവിഷൻ, സർക്കിൾതല ഫയർ കൺട്രോൾ റൂമുകളിൽ നൽകുകയും തുടർനടപടി സ്വീകരിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

കാട്ടുതീ ഉണ്ടാകുന്നതിന് തീവ്രസാധ്യതയുള്ള മേഖലകളിൽ കുറഞ്ഞ തോതിൽ മുൻക്കൂർ കത്തിക്കൽ, നിയന്ത്രിത കത്തിക്കൽ, കൂടുതൽ ഫയർലൈനുകൾ സൃഷ്ടിക്കൽ, ഫയർ വാച്ചർമാരെ സുരക്ഷയ്ക്കായി നിയോഗിക്കൽ എന്നിവ ചെയ്തുവരുന്നു.

വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയാനും ജലലഭ്യത ഉറപ്പാക്കാനും കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുന്നു. മണ്ണ് സംരക്ഷിച്ച് ജലാംശം നിലനിർത്തുന്നതിന് ഗള്ളി പ്ലഗ്ഗിങ്ങുകൾ നടത്തുന്നു.

പൊതുജനങ്ങൾക്കും ജീവനക്കാർക്കും ബോധവൽക്കരണ ക്ലാസുകളും റാലികളും സംസ്ഥാനമൊട്ടാകെ നടത്തിവരുന്നു. ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ, സാമൂഹ്യ മാധ്യമങ്ങൾ എന്നിവയിലൂടെ ബോധവൽക്കരണ സന്ദേശങ്ങൾ നൽകുന്നു.

ഫയർ പട്രോളിങ് ശക്തമാക്കി എല്ലാ ജീവനക്കാരും വാച്ചർമാരും കാട്ടുതീ പടരുവാൻ സാധ്യതയുള്ള പ്രദേശങ്ങളിലുണ്ടെന്ന് ഉറപ്പുവരുത്തുന്നു. പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായി ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി/വനസംരക്ഷണ സമിതി അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ലൈനുകൾ തെളിക്കുകയും ഗാങ്ങുകൾ രൂപീകരിച്ച് ആവശ്യാനുസരണം കാട്ടുതീ സാധ്യതയുള്ള മേഖലകളിലേക്ക് നിയോഗിക്കുകയും ചെയ്തുവരുന്നു.

(സി) കാട്ടുതീ നിരീക്ഷണ/പ്രതിരോധ പ്രവർത്തനം നടത്തുന്നതിന് ഏതെല്ലാം തലത്തിലുള്ള ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വനം വകുപ്പ് മേധാവിയുടെ 31-12-2024-ലെ Pro(5) 76/2024 നമ്പർ ഉത്തരവ് പ്രകാരം സ്റ്റേറ്റ് ഫോറസ്റ്റ് ഫയർ മോണിറ്ററിങ് സെൽ രൂപീകരിക്കുകയും ആയത് പ്രകാരം ടെറിട്ടോറിയൽ, വൈൽഡ്‌ലൈഫ് സർക്കിളുകളിൽ 01-01-2025 മുതൽ കൺട്രോൾ റൂം രൂപീകരിക്കാനും അതത് സർക്കിളുകളിലെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ (എസ്.ഐ.പി.) മേൽനോട്ടത്തിലും വൈൽഡ്‌ലൈഫ് സർക്കിളുകളിലെ ടെക്നിക്കൽ അസിസ്റ്റന്റ്മാരുടെ നേതൃത്വത്തിലും കൺട്രോൾ റൂമിന്റെ പ്രവർത്തനം ആരംഭിക്കുവാനും ആയതിന്റെ വിവരങ്ങൾ വനംവകുപ്പ് ആസ്ഥാനത്തെ മോണിറ്ററിങ് സെല്ലിൽ റിപ്പോർട്ട് ചെയ്യുവാനും നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

കൂടാതെ ടെറിട്ടോറിയൽ, വൈൽഡ്‌ലൈഫ് സർക്കിളുകളിലെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (എസ്.ഐ.പി.), ടെക്നിക്കൽ അസിസ്റ്റന്റ്മാർ എന്നിവരെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. അതോടൊപ്പം റെയ്ഞ്ച്

തലത്തിലും സെക്ഷൻ തലത്തിലും റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവരുടെ ചുമതലയിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ മേൽനോട്ടത്തിൽ ഫയർ കൺട്രോൾ റൂമുകൾ പ്രവർത്തിച്ചുവരുന്നു. കാട്ടുതീ പ്രതിരോധ പ്രവർത്തനം നടത്തുന്നതിന് ഫയർ വാച്ചർമാരെ നിയോഗിക്കുകയും നിലവിലെ 400 വനസംരക്ഷണ സമിതികളുടെയും 190 ഇക്കോ ഡെവലപ്മെന്റ് കമ്മറ്റികളുടെയും സഹായത്തോടെ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്. ഇക്കോ ഡെവലപ്മെന്റ് കമ്മറ്റി/വനസംരക്ഷണ സമിതി അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ലൈനുകൾ തെളിക്കുകയും ഗാങ്ങുകൾ രൂപീകരിച്ച് ആവശ്യാനുസരണം ടിയാൻമാരെ കാട്ടുതീ മേഖലകളിലേക്ക് നിയോഗിക്കുകയും ചെയ്തുവരുന്നു. ട്രക്ക് പാത്തുകളും, ക്ലൂപ്പുറോഡുകളും നവീകരിച്ച് ഉൾക്കാടുകളിൽ താമസംവിനാ എത്തിചേർന്ന് കാട്ടുതീ കണ്ടെത്തി തടയുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കാട്ടുതീ നിവാരണവുമായി ബന്ധപ്പെട്ട് ജൈവകവചം എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

അത്തരത്തിലൊരു പദ്ധതിക്ക് രൂപം നൽകിയിട്ടില്ല.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**സേഫ് പദ്ധതി**

1 (852) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് പദ്ധതി പ്രകാരം പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ ഭവനം പുതുക്കിപ്പണിയാനായി നിലവിലുള്ള ചട്ടങ്ങൾ പ്രകാരം എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ചുവരുന്നത്;

(ബി) ഈ മാനദണ്ഡങ്ങളിൽ പരിഷ്കാരങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) പട്ടികജാതി വിഭാഗങ്ങൾക്കുള്ള സേഫ് പദ്ധതി 27-9-2022-ലെ സ.ഉ.(സാധാ)നം.990/2022/പജപവവിവ പ്രകാരം ആരംഭിക്കുകയും 30-12-2022-ലെ സ.ഉ.(കൈ) നം.59/2022/പജപവവിവ, 10-07-2023-ലെ സ.ഉ.(സാധാ) നം.865/2023/പജപവവിവ, 8-9-2025-ലെ സ.ഉ.(സാധാ) നം.713/2025/പജപവവിവ എന്നിവ പ്രകാരം പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് സേഫ് പദ്ധതി 07-11-2022-ലെ സ.ഉ. (സാധാ) നം. 1116/2022/പജപവവിവ പ്രകാരം ആരംഭിക്കുകയും 12-01-2023-ലെ സ.ഉ. (സാധാ) നം. 62/2023/പജപവവിവ, 24-04-2023-ലെ സ.ഉ.(സാധാ) നം.499/2023/പജപവവിവ എന്നിവ പ്രകാരം പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.+

**ഇലയ്ക്കാട് നഗർ – പട്ടയപ്രശ്നം**

2 (853) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടപ്ലാമറ്റം ഗ്രാമ പഞ്ചായത്തിലെ ഇലയ്ക്കാട് നഗറിൽ നാല്പത്തിമൂന്ന് വർഷമായി താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി വകുപ്പ് ഡയറക്ടേറ്റ് തലത്തിൽ എപ്പോൾ പൂർത്തിയാക്കുമെന്ന് അറിയിക്കാമോ;

(ബി) പട്ടികജാതി വികസന വകുപ്പ് ഡയറക്ടേറ്റിൽ സമർപ്പിച്ചിരിക്കുന്ന അപേക്ഷ സർക്കാരിൽ ലഭ്യമാക്കാത്തതിന് കാരണം വ്യക്തമാക്കാമോ; ഫയൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടോ; കൈവശക്കാരുടെ മുഴുവൻ ഭൂമിക്കും പട്ടയം നൽകുമോ; ഇല്ലെങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത അപേക്ഷ നിലവിൽ പട്ടികജാതി വികസന ഡയറക്ടേറ്റിലെ എസ്.സി.ഡി.ഡി/5344/2024-എ 2 (ഡി.ഇ.വി.എ.) നമ്പർ ഫയലിൽ പരിഗണനയ്ക്കായി ഉൾപ്പെടുത്തി നടപടി സ്വീകരിച്ചുവരുന്നതാണോ; ഇതിന്റെ പുരോഗതി വിശദമാക്കാമോ?

(എ-സി) ഇലയ്ക്കാട് നഗറിലെ താമസക്കാരായ 53 കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിനുള്ള അപേക്ഷകളിന്മേലുള്ള നടപടികൾ പട്ടികജാതി വികസന വകുപ്പ് ഡയറക്ടേറ്റിലെ SCDD/5344/2024-A2 (DEV A) എന്ന ഫയലിൽ സ്വീകരിച്ചുവരുന്നുണ്ട്. വകപ്പ് ഡയറക്ടറുടെ 12-12-2024-ലെ SCDD/5344/2024-A2 (DEV A), നമ്പർ നടപടി ഉത്തരവ് പ്രകാരം അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നിർദേശങ്ങളും അനുമതിയും കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 9 അപേക്ഷകർക്ക് വകുപ്പിൽനിന്നും നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ചുനൽകിയിട്ടുണ്ട്. അവശേഷിക്കുന്ന അപേക്ഷകർ ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്നമുറയ്ക്ക് അടിയന്തരമായി നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ച്

വകുപ്പുതല നടപടികൾ പൂർത്തിയാക്കുന്നതാണ്. പട്ടികജാതി വികസന വകുപ്പിൽനിന്നും അനുവദിക്കുന്ന നിരാക്ഷേപ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് റവന്യൂ വകുപ്പ് പട്ടയം അനുവദിക്കുന്നത്. രേഖകൾ പ്രകാരം അനുവദിച്ച ഭൂമിയുടെയും കൈവശ ഭൂമിയുടെയും അളവുകൾ തമ്മിൽ വ്യത്യാസമുള്ള പക്ഷം റവന്യൂ വകുപ്പ് മുഖേന ഭൂമി അളന്നുതിട്ടപ്പെടുത്തി റവന്യൂ അധികാരികളുടെ തീരുമാനത്തിന് വിധേയമായി അർഹതയുള്ള ഭൂമിക്ക് പട്ടയം അനുവദിക്കുന്നതാണ്.

**സേഫ് പദ്ധതി**

3 (854) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സേഫ് പദ്ധതിയിൽ ആലത്തൂർ മണ്ഡലത്തിലെ എത്ര ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 174 ഗുണഭോക്താക്കളെയും പട്ടികവർഗ വിഭാഗത്തിൽപ്പെട്ട 21 ഗുണഭോക്താക്കളെയും

ഭവന പുനരുദ്ധാരണ പദ്ധതിയായ 'സേഫ് പദ്ധതിയിൽ' ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കാനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 77 ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. പട്ടികവർഗ വിഭാഗത്തിൽപ്പെട്ട 7 ഗുണഭോക്താക്കളുടെ വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 14 ഭവനങ്ങളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർ**

4 (855) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര ഭൂരഹിത കുടുംബങ്ങൾ ഭൂമിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന വിവരം തദ്ദേശസ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; ഇതിൽ എത്ര പേർക്ക് ഭൂമി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കുന്നത്തുനാട് മണ്ഡലത്തിലെ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾ**

5 (856) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽനിന്നും ഭൂരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങൾ ഭൂമിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കിയെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ഭൂമിക്കുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള കുന്നത്തുനാട് മണ്ഡലത്തിലെ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വേഗത്തിൽ ഭൂമി ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ലൈഫ് മിഷൻ ലിസ്റ്റിലുൾപ്പെട്ട ഭൂരഹിതരായ പട്ടികജാതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ അപേക്ഷയും അനുബന്ധ രേഖകളും പൂർണ്ണമാക്കി അനുയോജ്യമായ ഭൂമി കണ്ടെത്തി ഭൂമി രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്.

**വാടക നിശ്ചയിച്ച് കെട്ടിടങ്ങൾ നൽകുമ്പോൾ എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്കുള്ള സംവരണം**

6 (857) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ, കെട്ടിടങ്ങൾ, ഷോപ്പിങ് കോംപ്ലക്സുകൾ, മാർക്കറ്റുകളടക്കം വാടക നിശ്ചയിച്ച് പൊതുജനങ്ങൾക്കായി നൽകുമ്പോൾ എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്ക് അർഹമായ സംവരണം നൽകുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഏതെല്ലാം വകുപ്പുകൾ ഇത്തരത്തിൽ എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്ക് സംവരണം നൽകുന്നുണ്ട്; വിശദമാക്കാമോ;

(സി) ഇത്തരത്തിൽ എസ്.സി./എസ്.റ്റി. സംവരണം നൽകാത്ത വകുപ്പുകളിൽ സംവരണം ഏർപ്പെടുത്തുന്നതിനുവേണ്ടി നിവേദനങ്ങൾ

ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സർക്കാരിന്റെ വിവിധ വകുപ്പുകൾ ഇത്തരത്തിൽ വാടക നിശ്ചയിച്ച് നൽകുന്ന കെട്ടിടങ്ങളിലും, ഷോപ്പിങ് കോംപ്ലക്സ്, മാർക്കറ്റുകൾ എന്നിവിടങ്ങളിലും എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്ക് അർഹമായ സംവരണം ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**ലാൻഡ് ബാങ്ക് പദ്ധതിയിലേക്ക് കോങ്ങാട് മണ്ഡലത്തിൽ സ്ഥലം ഏറ്റെടുത്ത നടപടി**

7 (858) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികവർഗക്കാർക്ക് ഭൂമി വാങ്ങി വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ലാൻഡ് ബാങ്ക് പദ്ധതിയിലേക്ക് കോങ്ങാട് മണ്ഡലത്തിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. 2023-24 വർഷം ലാൻഡ് ബാങ്ക് പദ്ധതിയിൽ കരിമ്പ ഒന്ന് വില്ലേജിൽ 10 ഏക്കർ ഭൂമി ഏറ്റെടുത്ത് 43 പ്ലോട്ടുകളായി തിരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഭൂമി വിതരണം ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി

വിശദമാക്കാമോ?

പ്രസ്തുത ഭൂമി 43 ഗുണഭോക്താക്കൾക്ക് അനുവദിക്കാൻ തീരുമാനിക്കുകയും സ്ഥലം എം.എൽ.എ. ഉൾപ്പെട്ട ബെനിഫിഷറി ഐഡന്റിഫിക്കേഷൻ കമ്മിറ്റി കൂടി 40 ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും 08-05-2025-ന് 34 പേർക്ക് പട്ടയം നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കി ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**ഭൂരഹിത പുനരധിവാസ പദ്ധതി**

8 (859) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം നാളിതുവരെ എത്ര പേർക്ക് ഭൂമി കണ്ടെത്തി വിതരണം ചെയ്തിട്ടുണ്ട്; ആയത് എത്ര ഏക്കർ ഭൂമി വരുമെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം

നാളിതുവരെ 13,928 പേർക്ക് 668.0312 ഏക്കർ ഭൂമി കണ്ടെത്തി വിതരണം ചെയ്തിട്ടുണ്ട്.

(ബി) 2021-22 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഭൂമി ലഭ്യമായവരുടെ എണ്ണം പ്രത്യേകം പട്ടികയായി ലഭ്യമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ഭൂരഹിതരായ പട്ടികവർഗക്കാർക്ക് ഭവന നിർമ്മാണം**

9 (860) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം ഭൂരഹിതരായ പട്ടികവർഗക്കാർക്ക് വിതരണം നടത്തുന്നതിനായി വിലയ്ക്കുവാങ്ങിയ ഭൂമിയിൽ വെരി ലൈറ്റ് സ്ട്രക്ചർ ഭവന നിർമ്മാണം മാത്രമേ നടത്താൻ സാധിക്കുയെന്ന മണ്ണ് പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയിൽ ഭവന നിർമ്മാണം ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എറണാകുളം ജില്ലയിലെ വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിൽ ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം വാങ്ങിയ ഭൂമിയിൽ മണ്ണ് പരിശോധനാ റിപ്പോർട്ട് പ്രകാരം ടി സ്ഥലത്ത് 150 mm diameter 30 cm centre to centre sand pile ചെയ്ത് അതിന് മുകളിൽ 80.0 t/m2 എന്ന നിരക്കിൽ മൂന്ന് മാസത്തേക്ക് പ്രീലോഡ് ചെയ്ത് മണ്ണ് ബലപ്പെടുത്തേണ്ടതുണ്ടെന്ന് അറിയിച്ചതിനെ തുടർന്ന് ടി പ്രവൃത്തി ചെയ്യുന്നതിന് എസ്റ്റിമേറ്റ് ലഭ്യമാക്കാൻ ജില്ലാ നിർമ്മിതി കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത ഭൂമിയിൽ എന്നത്തേക്ക് ഭവനനിർമ്മാണം ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ജില്ലാ നിർമ്മിതി കേന്ദ്രം എസ്റ്റിമേറ്റ് ലഭ്യമാക്കിയതിനുശേഷം ആയത് വിലയിരുത്തി ഭവന നിർമ്മാണ പ്രവർത്തനങ്ങളുടെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**പട്ടികജാതി, പട്ടികവർഗ കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിൽ അനുവദിച്ച വീടുകൾ**

10 (861) <u>ശ്രീ. പി. കെ. ബഷീർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും ആയതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2021 മേയ്) ലൈഫ് ഭവന പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ 62,449 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ 22,745 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.+

(ബി) പ്രസ്തുത കാലയളവിൽ പട്ടികജാതി വികസന വകുപ്പും പട്ടികവർഗ വികസന വകുപ്പും ലൈഫ് ഭവന പദ്ധതിയിലേക്ക് ഓരോ സാമ്പത്തിക വർഷവും എത്ര തുക നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധമായി ചേർക്കുന്നു.+

**കടുത്തുരുത്തി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

11 (862) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ പട്ടികജാതി കുടുംബങ്ങൾക്കായി നടപ്പാക്കുന്ന ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര വീടുകളാണ് നിർമ്മിക്കാൻ അനുമതി ലഭ്യമായത്; അതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്; ബാക്കി വീടുകൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

കരാർവച്ചത് - 493

നിർമ്മാണം പൂർത്തിയാക്കിയത് - 380

അവശേഷിക്കുന്നത് - 113

നിർമ്മാണം ആരംഭിച്ചത് - 19

ബേസ്മെന്റ് - 24

ലിന്റൽ - 28

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റൂഫ് - 18

നിർമ്മാണം ആരംഭിക്കാത്തത് - 24

(ബി) 2021-25 കാലയളവിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം കടുത്തുരുത്തി മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ അനുവദിച്ചിട്ടുണ്ട്; അപ്രകാരം അനുവദിച്ച പദ്ധതികളുടെ പ്രവർത്തന പുരോഗതി ലഭ്യമാക്കാമോ?

2021-25 കാലയളവിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം കടുത്തുരുത്തി മണ്ഡലത്തിൽ വടുകുന്നപ്പുഴ നഗറിന്റെ 55 ശതമാനം വർക്ക് പൂർത്തീകരിച്ചു. ഉഴവൂർ ഗ്രാമ പഞ്ചായത്ത് ആച്ചിക്കൽ നഗറിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്ന നടപടി പുരോഗമിക്കുന്നു. മധുരവേലി ഐ.ടി.ഐ. നഗറിന്റെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ട്.

(സി) ആച്ചിക്കൽ, മധുരവേലി നഗറുകളുടെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ; മധുരവേലി ഐ.ടി.ഐ. നഗറിന്റെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ആച്ചിക്കൽ ഐ.എച്ച്.ഡി.പി. അംബേദ്കർ ഗ്രാമ പദ്ധതിയുടെ എസ്റ്റിമേറ്റിന് 25-03-2025-ന് ഭരണാനുമതി നൽകിയെങ്കിലും 2025 ഏപ്രിൽ 1

മുതൽ 2021 DSR പ്രകാരമുള്ള നിരക്കുകൾ പ്രാബല്യത്തിൽ വന്നതിനാൽ പുതുക്കിയ DSR പ്രകാരമുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനായി കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദേശം നൽകിയിട്ടുണ്ട്. മധുരവേലി ഐ.ടി.ഐ. നഗർ നവീകരണത്തിനായി ഏജൻസി എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ആച്ചിക്കൽ നഗറിന്റെ സ്ഥലം ഏറ്റെടുപ്പ് സംബന്ധിച്ച് നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

ഭൂമി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി പാലാ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ഇ) ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കടുത്തുരുത്തി മണ്ഡലത്തിൽ ബാക്കി വരുന്ന 51 വീടുകളിൽ എത്രയാണ് പൂർത്തീകരിക്കാതിരിക്കുന്നതെന്നും അവയുടെ നിലവിലെ നിർമ്മാണഘട്ടം എന്താണെന്നും അറിയിക്കാമോ?

51 വീടുകളിൽ 10 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളത് - 41 വീടുകൾ

ആരംഭിച്ചത് - 5

ബേസ്മെന്റ് - 12

ലിന്റിൽ - 13

റൂഫ് - 7

നിർമ്മാണം ആരംഭിക്കാത്തത് - 4

**പട്ടികവർഗ കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കുന്നതിന് നടപടി**

12 (863) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജകമണ്ഡലത്തിൽ എത്ര പട്ടികവർഗ കുടുംബങ്ങൾക്കാണ് ഭൂമി അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജക മണ്ഡലത്തിൽ 4 പട്ടികവർഗ കുടുംബങ്ങൾക്ക് 1 ഏക്കർ വീതം എലവഞ്ചേരി വെങ്കായപ്പാറയിൽ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഇനി എത്ര കുടുംബങ്ങൾക്കാണ് ഭൂമി അനുവദിക്കാനുള്ളതെന്നും അതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

നെന്മാറ നിയോജകമണ്ഡലത്തിൽ 162 ഭ്രരഹിത പട്ടികവർഗക്കാർക്കാണ് ഭ്രമി അനുവദിക്കാനുള്ളത്. ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം ഏറ്റെടുത്തതിൽ മുതലമട ഒന്ന് വില്ലേജിൽ 20 സെന്റ് വീതമുള്ള 3 പ്ലോട്ടുകൾ 3 കുടുംബങ്ങൾക്കായും മിച്ചഭ്രമി വിതരണം പദ്ധതി പ്രകാരം എലവഞ്ചേരി വില്ലേജിൽ വീട് നിർമ്മാണത്തിനായി 10 സെന്റ് വീതമുള്ള 15 പ്ലോട്ടുകളും കൃഷിക്കായി 46 സെന്റ് വീതമുള്ള 15 പ്ലോട്ടുകളും 15 കുടുംബങ്ങൾക്കായും അനുവദിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം കൂടുതൽ ഭ്രമി തുടർന്നും ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**നിലമ്പൂർ മണ്ഡലത്തിലെ ആദിവാസി കുടുംബങ്ങൾക്ക് ഭൂമിയും വീടും കൃഷിസ്ഥലവും ലഭ്യമാക്കുന്നതിന് നടപടി**

13 (864) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമപ്രകാരം നിലമ്പൂർ മണ്ഡലത്തിൽ എത്ര ആദിവാസി കുടുംബങ്ങളാണ് ഭ്രമിക്കായി അപേക്ഷ നൽകിയതെന്നും ഇതുവരെ എത്ര

കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ടെന്നും സംബന്ധിച്ച പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

നിലമ്പൂർ നിയോജക മണ്ഡലത്തിൽ വനാവകാശ നിയമം 2006 പ്രകാരം വ്യക്തിഗത വനാവകാശം അനുവദിക്കുന്നതിന് 737 പേർ അപേക്ഷിച്ചു. ആയതിൽ 544 പേർക്ക് ROR വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | അപേക്ഷകളുടെ എണ്ണം | നൽകിയ കൈവശരേഖകളുടെ എണ്ണം |
|---|---|---|
| അമരമ്പലം | 55 | 55 |
| കരുളായി | 321 | 128 |
| മൂത്തേടം | 22 | 22 |
| പോത്തുകൽ | 268 | 268 |
| വഴിക്കടവ് | 71 | 71 |
| ആകെ | 737 | 544 |

(ബി) 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ വീടും കൃഷി സ്ഥലവും നഷ്ടപ്പെട്ട് വനത്തിനുള്ളിൽ പ്ലാസ്റ്റിക് ഷീറ്റ് മേഞ്ഞ ഷെഡ്ഡുകളിൽ ശുചിമുറിയോ കുടിവെള്ള സൗകര്യമോ ഇല്ലാതെ ദുരിത ജീവിതം നയിക്കുന്ന നിലമ്പൂർ-പോത്തുകൽ പഞ്ചായത്തിലെ വാണിയമ്പുഴ, ഇരുട്ടുകുത്തി, തരിപ്പപൊട്ടി,

കുമ്പളപ്പാറ, കരുളായി പഞ്ചായത്തിലെ മുണ്ടക്കടവ്, വട്ടിക്കല്ല് എന്നീ ഉന്നതികളിലെ മുന്നൂറോളം ആദിവാസി കുടുംബങ്ങൾക്ക് വീടും സ്ഥലവും കൃഷിഭൂമിയും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

2018, 2019 പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട പോത്തുകൽ ഗ്രാമ പഞ്ചായത്തിലെ വാണിയമ്പുഴ, തരിപ്പപൊട്ടി ഉന്നതികളിലെ 41 പേർക്ക് പ്രളയത്തിൽ നഷ്ടപ്പെട്ടുപോയ ഭൂമിയിൽ നൽകിയ വനാവകാശ രേഖ റദ്ദുചെയ്ത് നിലവിൽ ഭൂമിക്ക് മുൻപ് വനാവകാശം നിയമപ്രകാരം അനുവദിച്ച അതേ അളവിലും, കരുളായി ഗ്രാമ പഞ്ചായത്തിലെ പുലിമുണ്ട-മുണ്ടക്കടവ്, വട്ടിക്കല്ല് ഉന്നതികളിലെ 53 പേർക്ക് 0.8332 ഹെക്ടർ വീതവും ഭൂമിക്ക് കൈവശാവകാശരേഖ നൽകുന്നതിന് ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി (DLC) തീരുമാനം എടുത്തിട്ടുണ്ട്. ഇരുട്ടുകുത്തി, കുമ്പളപ്പാറ ഉന്നതികളിലെ കുടുംബങ്ങൾ നിലവിൽ ഈ ഉന്നതികളിൽ തന്നെയാണ് താമസിക്കുന്നത്.

(സി) 2018-ലെ പ്രളയത്തിൽ പുന്നപ്പുഴയ്ക്ക് കുറുകെയുള്ള ഇരുമ്പുപാലവും വീടുകളും തകർന്നതിനാൽ വഴിക്കടവ് പഞ്ചായത്തിലെ പുഞ്ചകൊല്ലി, അളക്കൽ ഉന്നതിക്കാർ കഴിഞ്ഞ 7 വർഷമായി പുറംലോകവുമായി ഒറ്റപ്പെട്ട് കഴിയുന്ന

ദുരിതാവസ്ഥ പരിഹരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2018-ലെ പ്രളയത്തിൽ തകർന്ന പുന്നപ്പുഴയ്ക്ക് കുറുകെയുള്ള പാലം നിർമ്മിക്കുന്ന നടപടി പൊതുമരാമത്ത് വകുപ്പാണ് കൈകാര്യം ചെയ്തുവരുന്നത്.

(ഡി) ഭൂരഹിതരായ ആദിവാസികൾ 2 വർഷത്തോളം ബിന്ദുവൈലാശേരിയുടെ നേതൃത്വത്തിൽ ജില്ലാ പട്ടികജാതി പട്ടികവർഗ ഓഫീസിന് മുന്നിൽ നടത്തി വന്ന സമരവും തുടർന്ന് കളക്ടറുമായുണ്ടാക്കിയ ഒത്തുതീർപ്പ് കരാറും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കരാർ പാലിക്കാത്തതിന്റെ പേരിൽ ഇന്നും മലപ്പുറം കളക്ട്രേറ്റിന്റെ മുന്നിൽ സമരം തുടർന്ന് പോരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കളക്ടറുമായുണ്ടാക്കിയ പ്രസ്തുത കരാർ നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 22-01-2024-ൽ 570 ഭൂരഹിതരായ കുടുംബങ്ങൾക്ക് 176.1 ഏക്കർ ഭൂമിയും അവശേഷിക്കുന്ന അപേക്ഷകരിൽ ഭൂരഹിതരായ കുടുംബങ്ങളെ തിരിച്ചറിയൽ കമ്മിറ്റി യോഗത്തിന്റെ ശിപാർശകൾ 15-03-2025-ന് ചേർന്ന ടി.ആർ.ഡി.എം. ജില്ലാ മിഷൻ പരിഗണിക്കുകയും കമ്മിറ്റി ശിപാർശ ചെയ്ത 417 അപേക്ഷകരുടെ ഭൂരഹിതരായ

പട്ടികയ്ക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഈ ഗുണഭോക്താക്കൾക്ക് ഭൂമി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരുരങ്ങാടി മണ്ഡലത്തിലെ എസ്.സി. ഉന്നതികളുടെ നവീകരണം**

14 (865) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനായി തിരുരങ്ങാടി നിയോജകമണ്ഡലത്തിൽനിന്നും വിവിധ വർഷങ്ങളിലായി തിരഞ്ഞെടുത്ത എസ്.സി. ഉന്നതികൾ ഏതെല്ലാമായിരുന്നു; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) തിരഞ്ഞെടുക്കപ്പെട്ട ഓരോ ഉന്നതിയുടെയും നവീകരണത്തിനായി എത്ര തുക വീതമാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ മീൻകുഴി അയ്യങ്കാളി നഗറുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 50 ലക്ഷം രൂപ വീതം അഡ്വാൻസ് നൽകിയിട്ടുണ്ട്.

(സി) നിർമ്മാണ പ്രവൃത്തികൾക്ക് തുകകൾ അനുവദിച്ച എസ്.സി. ഉന്നതികളുടെ നിർമ്മാണ പ്രവൃത്തികൾ ഏതു വരെയായി; ഇതുവരെ എത്ര രൂപയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു; ഈ നിർമ്മാണ പ്രവൃത്തികളുടെ കരാറുകാരൻ എഗ്രിമെന്റുവച്ച തീയതി എന്നാണ്; ഓരോന്നും ഇനം തിരിച്ച് വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഈ പ്രവൃത്തികളുടെ തുടർനിർമ്മാണങ്ങൾ എന്നേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

ഈ നഗറുകളിലെ പ്രവൃത്തികൾ തൽസ്ഥിതി വച്ച് അവസാനിപ്പിച്ചിട്ടുള്ളതാണ്. ശേഷിക്കുന്ന പ്രവൃത്തികൾ അനിവാര്യത പരിശോധിച്ച് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**അംബേദ്കർ ഗ്രാമപദ്ധതി**

15 (866) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിൽ എത്ര പട്ടികജാതി നഗറുകളും അതിൽ എത്ര കുടുംബങ്ങളും താമസിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ ഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച മണ്ഡലത്തിലെ നഗറുകളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത നഗറുകളുടെ പ്രവൃത്തിയുടെ പുരോഗതി ലഭ്യമാക്കാമോ?

കല്ല്യാശ്ശേരി അസംബ്ലി മണ്ഡലത്തിൽ ആകെ 100 പട്ടികജാതി നഗറുകളും അതിൽ 1956 കുടുംബങ്ങളും താമസിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുതുകട (2020-21), കുണ്ടായിട്ടുമ്മൽ (2021-22), പള്ളിക്കര (2021-22), ചെങ്ങൽത്തടം (2023-24), പാറക്കടവ് (2024-25), പറമ്പത്ത് ലക്ഷംവീട് (2025-26) എന്നീ ഗ്രാമങ്ങളെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ കുണ്ടായിട്ടുമ്മൽ ഗ്രാമത്തിന്റെ (2021-22) പ്രവൃത്തി 50 ശതമാനം പൂർത്തിയായിട്ടുണ്ട്. മുതുകട ഗ്രാമത്തിന്റെ (2020-21) എസ്റ്റിമേറ്റ് മോണിറ്ററിങ് കമ്മിറ്റി അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പള്ളിക്കര

(2021-22) നഗറിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. എസ്റ്റിമേറ്റ് നടപടികൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതാണ്. ചെങ്ങൽത്തടം ഗ്രാമത്തിന്റെ (2023-24) എസ്റ്റിമേറ്റ് മോണിറ്ററിങ് കമ്മിറ്റി അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാറക്കടവ് ഗ്രാമത്തിന്റെ (2024-25) പ്രാഥമിക യോഗം 10-09-2025-ന് ചേർന്നു.

**വർക്കല മണ്ഡലത്തിൽ കൂടിവെള്ള ലഭ്യത കുറവുള്ള ഉന്നതികൾ**

16 (867) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ കൂടിവെള്ള ലഭ്യത കുറവുള്ള ഉന്നതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെയും (2016-21) ഈ സർക്കാരിന്റെയും കാലയളവിൽ എത്ര ഉന്നതികളിൽ കൂടിവെള്ളം നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; ആയത് എവിടെയെല്ലാം നടപ്പിലാക്കിയെന്നും ഇതിനായി ചെലവഴിച്ച തുകയെത്രയെന്നും വിശദമാക്കാമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കാട്ടാക്കട വെള്ളമാനർകോണം അംബേദ്കർ സ്വയംപര്യാപ്ത പദ്ധതി**

17 (868) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: (എ)

വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ കാട്ടാക്കട വെള്ളമാനർകോണം അംബേദ്കർ സ്വയംപര്യാപ്ത പദ്ധതിയുടെ പ്രവൃത്തികൾ പൂർത്തിയാകുന്നത് നീണ്ടുപോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) സമയബന്ധിതമായി പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) വെള്ളമാനർകോണം അംബേദ്കർ സ്വയംപര്യാപ്ത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭവന പുനരുദ്ധാരണത്തിന്റെ 95 ശതമാനം പ്രവൃത്തികളും റോഡ്/നടപ്പാത നിർമ്മാണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പദ്ധതികൾ പുരോഗമിച്ചുവരുന്നു. 2025 നവംബർ മാസത്തോടെ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കും. പദ്ധതി നിർവഹണത്തിൽ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഉന്നതികൾക്ക് ഫണ്ട്**

18 (869) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും (2016-21) ഈ സർക്കാരിന്റെയും കാലയളവിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഉന്നതികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

2016-17 വർഷം മുതൽ 2025-26 വർഷം വരെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 873 ഗ്രാമങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. ഒരു ഗ്രാമത്തിന് പരമാവധി ഒരു കോടി രൂപ വരെ പദ്ധതി പ്രകാരം അനുവദിക്കുന്നു.

(ബി) ആയവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

2016-17 വർഷം മുതൽ 2024-25 വർഷം വരെ തിരഞ്ഞെടുത്ത 800 ഗ്രാമങ്ങളിൽ 428 ഗ്രാമങ്ങളുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ പുതുതായി 73 ഗ്രാമങ്ങളെക്കൂടി പദ്ധതിയിലേക്ക് തിരഞ്ഞെടുത്തിട്ടുണ്ട്.

**അംബേദ്കർ ഗ്രാമവികസന പദ്ധതി**

19 (870) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2025 വരെ വടക്കാഞ്ചേരി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെട്ട നഗറുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

കൊള്ളന്നൂർ ഗ്രാമത്തിൽ (2022-23) റോഡിന് സംരക്ഷണ ഭിത്തി നിർമ്മാണം (Retaining Wall), Concrete Road നിർമ്മാണം, അങ്കണവാടി നിർമ്മാണം (ശിശുസൗഹൃദ Toilet നിർമ്മാണം), സാംസ്കാരിക നിലയത്തിന്റെ നവീകരണം, കൾവെർട്ട് നിർമ്മാണം എന്നിവ പൂർത്തീകരിച്ചു. കോൺക്രീറ്റ് റോഡ് നിർമ്മാണം (2 എണ്ണം)-പാലക്കുണ്ടു റോഡ് പൂർത്തിയായി. മുയ്യത്ത് പറമ്പിൽ റോഡ് ആരംഭിച്ചിട്ടില്ല. 11 വീടുകളുടെ അറ്റകുറ്റപ്പണികളിൽ 8 എണ്ണത്തിന്റെ പൂർത്തിയായി. 2 വീടുകളുടെ പണി പുരോഗമിക്കുന്നു. നിലവിലുള്ള റോഡിന്റെ നവീകരണം ആരംഭിച്ചിട്ടില്ല. പോന്നോർ IHDP ഗ്രാമത്തിൽ (2023-24) 19 വീടുകളുടെ അറ്റകുറ്റപ്പണികളിൽ 7 വീടുകളുടെ പണി പുരോഗമിക്കുന്നു. ഓവർഹെഡ്, വാട്ടർ ടാങ്ക് നിർമ്മാണ പ്രവൃത്തികൾക്ക് തടസ്സമുള്ള KSEB

പോസ്റ്റുകൾ മാറ്റി നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. വാട്ടർ ടാങ്കിന്റെ 6 പില്ലറുകളും 7 ബീമുകളും ഒന്നാംനില വാർപ്പും കഴിഞ്ഞിട്ടുണ്ട്. റോഡ് റീ ടാറിങ്, ഐറിഷ് കാന നിർമ്മാണം, കാന നിർമ്മാണവും റോഡിന്റെ സംരക്ഷണ ഭിത്തി കെട്ടലും, കൾവെർട്ട് നിർമ്മാണം, കമ്മ്യൂണിറ്റി ഹാളിന്റെ നവീകരണ പ്രവൃത്തികൾ എന്നിവ ആരംഭിച്ചിട്ടില്ല. നെല്ലിക്കുന്ന് നഗറിന്റെ (2023-24) എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തെക്കുംക്കര നഗറിൽ (2024-25) പ്രഥമ യോഗം ചേർന്ന് ചെയ്യേണ്ടതായ പ്രവൃത്തികൾ നിശ്ചിയിച്ചിട്ടുള്ളതാണ്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുമരനെല്ലൂർ IHDP നഗറിൽ (2022-23) അങ്കണവാടി നവീകരണം- ചുറ്റുമതിൽ നിർമ്മാണം, പ്ലാസ്റ്ററിങ്, അടുക്കള സ്ലാബ് നിർമ്മാണം, പ്ലാസ്റ്ററിങ്, പാരപ്പെറ്റ്, വൈറ്റ് വാഷിങ് എന്നിവയും ചെയ്തിട്ടുണ്ട്. 4 കിണറുകളുടെ നവീകരണം- ഇതിൽ 2 കിണറിന്റെ ചുറ്റുമതിൽ നിലവിലുള്ള സംരക്ഷണ ഭിത്തി ഉയരം കൂട്ടി നിർമ്മിച്ചിട്ടുള്ളതും പ്ലാസ്റ്ററിങ്, വൈറ്റ് വാഷിങ് എന്നിവയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന കിണറുകളിൽ പ്ലാസ്റ്ററിങ്, വൈറ്റ് വാഷിങ്, ഉൾവശം വൃത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ചങ്ങാലി- കൃഷ്ണനാൾ റോഡ് കോൺക്രീറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. വാട്ടർ ടാങ്കിലേക്കുള്ള വഴി –PCC Work,

Retaining Wall എന്നിവ ചെയ്തിട്ടുണ്ട്. വാട്ടർ ടാങ്കിനുള്ള സ്ഥലത്ത് പാറക്കെട്ടുകൾ മാറ്റി നിരപ്പാക്കിയിട്ടുണ്ട്. ടാങ്ക് നിർമ്മാണം ആരംഭിച്ചിട്ടില്ല. മുക്കിലക്കാട് റോഡ് Drain Work ആരംഭിച്ചിട്ടില്ല. Open Gym yard-ൽ Inter Lock വിരിക്കൽ ആരംഭിച്ചിട്ടില്ല.

(ബ) പ്രസ്തുത മണ്ഡലത്തിൽ 2021-നുശേഷം റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി പുതുക്കി നൽകിയ അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെട്ട നഗരുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

പാരിക്കാട് നഗറിൽ 48 വീടുകളുടെ അറ്റകുറ്റപ്പണികളിൽ 45 എണ്ണം പൂർത്തീകരിച്ചു. 82 വീടുകളിൽ ഡി.സി. സോളാർ സിസ്റ്റം സ്ഥാപിക്കൽ -78 വീടുകളിൽ സ്ഥാപിച്ചു. സാംസ്കാരിക നിലയത്തിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു. കുഴൽകിണർ നിർമ്മിച്ചു. ജലലഭ്യത ഇല്ല. വരടിയം നഗറിൽ 87 വീടുകളുടെ അറ്റകുറ്റപ്പണികളിൽ 80 എണ്ണം പൂർത്തീകരിച്ചു. കോൺക്രീറ്റ് റോഡ് നിർമ്മാണം അരംഭിച്ചിട്ടില്ല.

(സി) അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം നിർമ്മാണം പുരോഗമിക്കുന്ന നഗരുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി

പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് ഏജൻസിക്ക് നിർദേശം നൽകിയിട്ടുണ്ട്.

**പെരിന്തൽമണ്ണ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

20 (871) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

പെരിന്തൽമണ്ണ മണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പൂളക്കുഴി നഗറിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഒറവിങ്ങൽ നഗറിന്റെ 60 ശതമാനം പ്രവൃത്തികളും മരുതംപാറ നഗറിന്റെ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം ഒഴികെയുള്ള പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ?

2026 മാർച്ച് 31-നകം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

(സി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ മരുതൻപാറ പട്ടികജാതി സദ്ഗ്രാമത്തിൽ നിർമ്മാണത്തിലിരിക്കെ തകർന്നുവീണ കെട്ടിടത്തിന്റെ പുനർനിർമ്മാണ പ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്നും പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ?

മരുതംപാറ നഗറിലെ കമ്മ്യൂണിറ്റി ഹാൾ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്. 2026 മാർച്ച് 31-നകം പൂർത്തീകരിക്കാൻ സാധിക്കും.

**മംഗൽപാടി, പുത്തിഗെ എന്നീ പഞ്ചായത്തുകളിലെ അംബേദ്കർ ഗ്രാമം പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ**

21 (872) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗൽപാടി ഗ്രാമപഞ്ചായത്തിലെ പുളികുത്തി, പുത്തിഗെ പഞ്ചായത്തിലെ ബാഡൂർ എന്നീ ഉന്നതികളിലെ അംബേദ്കർ ഗ്രാമം പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾ ഉടൻ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആവശ്യമായ തൊഴിലാളികളെ ലഭിക്കാത്തതുമൂലം ടി നഗറിന്റെ നിർമ്മാണപ്രവൃത്തികൾ മന്ദഗതിയിലായിരുന്നു. മഞ്ചേശ്വരം എം.എൽ.എ.-യുടെ അധ്യക്ഷതയിൽ സങ്കേതികതല യോഗം ചേരുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രദേശത്ത് പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രവൃത്തികൾ വേഗത്തിലായിട്ടുണ്ട്. കൂടാതെ നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ അധ്യക്ഷതയിൽ 26-08-2025-ന് ഒരു അവലോകന യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ 31-10-2025-നകം പദ്ധതി പൂർത്തീകരിക്കുന്നതാണെന്ന് ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചിട്ടുണ്ട്.

**അംബേദ്കർ ഉന്നതി പദ്ധതി**

22 (873) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ മണ്ഡലത്തിൽ എത്ര ഉന്നതികൾക്കാണ് അംബേദ്കർ ഉന്നതി പദ്ധതി പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ആര്യാട് നോർത്ത് നഗർ (2021-22), പന്നിശ്ശേരി നഗർ (2022-23) എന്നീ രണ്ട് ഉന്നതികൾക്കുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത എസ്റ്റിമേറ്റുകളിൽ ഏതൊക്കെ ഉന്നതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന വിവരം അറിയിക്കാമോ;

(സി) ഭരണാനുമതി ലഭിച്ചതിൽ ഏതൊക്കെ ഉന്നതികളുടെ പ്രവൃത്തിയാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(ബി&സി) ആര്യാട് നോർത്ത് നഗറിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 60 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുകയാണ് ചെലവഴിക്കുന്നതെന്നും ആരംഭിച്ച പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

ആര്യാട് നോർത്ത് ഗ്രാമത്തിന്റെ 99,16,752/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകകയും 41,42,870/- രൂപ ടി പദ്ധതിക്കായി നാളിതുവരെ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തികൾ 2025 ഡിസംബറിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്.

പന്നിശ്ശേരി നഗറിന്റെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടില്ലാത്തതിനാൽ തുക അനുവദിച്ചിട്ടില്ല.

**ഇടമലക്കുടി ആദിവാസി ഊരിലേക്കുള്ള ഗതാഗത സൗകര്യങ്ങൾ**

23 (874) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലക്കുടിയിൽ പനി ബാധിതനായ പിഞ്ചുബാലൻ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്ന വഴിയിൽ മരണപ്പെട്ടതും മറ്റൊരു രോഗിയെ കാട്ടിലൂടെ ദണ്ഡുകെട്ടി ചുമന്ന് ആശുപത്രിയിൽ എത്തിക്കേണ്ടി വന്നതും സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ കുടല്ലാർക്കുടി ഉന്നതിയിലെ മൂർത്തി-ഉഷ ദമ്പതികളുടെ 5 വയസ്സുള്ള കുട്ടിക്ക് പനി, വയറിളക്കം, തലവേദന എന്നീ അസുഖങ്ങൾ കാരണം വീട്ടിൽ തന്നെ ചികിത്സയിലായിരുന്നു. എന്നാൽ അസുഖം കൂടിയതിനെ തുടർന്ന് മാങ്കുളം എന്ന സ്ഥലത്തെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ച് താൽക്കാലിക ചികിത്സ നൽകിയിരുന്നു. അവിടെ നിന്നും രോഗം മൂർച്ഛിച്ചതിനാൽ സ്വകാര്യ ആശുപത്രിയിൽനിന്നും അടിമാലി താലൂക്ക് ആശുപത്രിയിലേക്ക് കൊണ്ടുപോകുന്ന വഴി കുട്ടി മരണപ്പെടുകയാണുണ്ടായത്. ഇടമലക്കുടിയിലെ അതീവ ദുർഘട പ്രദേശമായ കുടല്ലാർക്കുടിയിലാണ് കുട്ടിയുടെ വീട്. സഞ്ചാരയോഗ്യമായ വഴിയും വാഹനസൗകര്യവും ഇല്ലാത്തതിനാലാണ് കാട്ടിലൂടെ ചുമന്നുകൊണ്ട് പോകേണ്ട സാഹചര്യം ഉണ്ടായത്. പനി ബാധിച്ച വയോധികയായ രോഗിയെ കാട്ടിലൂടെ ദണ്ഡുകെട്ടി ചുമന്ന് ആശുപത്രിയിൽ എത്തിക്കേണ്ട സാഹചര്യവും ഉണ്ടായിട്ടുണ്ട്. മേൽ വിഷയങ്ങളിൽ വകുപ്പ് ഗൗരവകരമായി ഇടപെടുകയും ഉന്നതികളിൽ ആരോഗ്യവകുപ്പുമായി ചേർന്നും വകുപ്പിന്റെ മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം ഉൾപ്പെടുത്തിയും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇടമലക്കുടിയുടെ ആരോഗ്യസംരക്ഷണം നടപ്പാക്കുന്നതിന് ഷെഡ്ഡുകുടിയിൽ പുതുതായി

പണികഴിപ്പിച്ച കെട്ടിടത്തിലേക്ക് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം മാറ്റിയിട്ടുണ്ട്. ഇവിടെ സ്ഥിരമായി ഡോക്ടറുടെ സേവനം ലഭ്യമാണ്. കൂടാതെ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ്, പോഷകാഹാര ബോധവൽക്കരണ ക്ലാസുകൾ, സ്ക്രീനിങ് ടെസ്റ്റ്, ത്വക്ക് രോഗ ക്യാമ്പ്, രോഗനിർണ്ണയ ക്യാമ്പ് എന്നിവയും സംഘടിപ്പിക്കുന്നുണ്ട്.

(ബി) ആദിവാസി ഊരിൽനിന്നും അടിമാലി താലൂക്ക് ആശുപത്രിയിലേക്ക് രോഗികളെ എത്തിക്കുന്നതിന് സംവിധാനം ഏർപ്പെടുത്താൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇടമലക്കുടിയിലെ വിവിധ പട്ടികവർഗ ഊരുകളിൽ വാഹനസൗകര്യമുള്ള റോഡുകൾ എത്തിയിട്ടുള്ള പ്രദേശങ്ങളിൽനിന്നും അടിമാലി താലൂക്ക് ആശുപത്രിയിൽ രോഗികളെ എത്തിക്കുന്നതിനായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ വാടക വകുപ്പ് വഹിക്കുന്നുണ്ട്.

(സി) ഇടമലക്കുടി ആദിവാസി ഊരിലേക്ക് ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അത്യാവശ്യ സന്ദർഭങ്ങളിൽ ആംബുലൻസ് സേവനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇടമലക്കുടി പട്ടികവർഗ പഞ്ചായത്തിലെ പെട്ടിമുടി മുതൽ ഇഡലിപ്പാറ വരെയുള്ള ആദ്യഘട്ടം റോഡ് കോൺക്രീറ്റിനായി 13.70 കോടി രൂപ വകയിരുത്തുകയും 12.43 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. നിർദിഷ്ട റോഡിന്റെ 4.7 കിലോമീറ്റർ ദൂരം കോൺക്രീറ്റിങ് പ്രവൃത്തികൾ പുരോഗമിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഭാഗത്തെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. വാഹനസൗകര്യമുള്ള റോഡുകൾ എത്തിയിട്ടുള്ള പ്രദേശങ്ങളിൽനിന്നും അടിമാലി താലൂക്ക് ആശുപത്രിയിൽ രോഗികളെ എത്തിക്കുന്നതിനായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ വാടക വകുപ്പ് വഹിക്കുന്നുണ്ട്.

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും ഇടമലക്കുടി ആദിവാസി ഊരിന്റെ വികസന പ്രവർത്തനങ്ങൾക്കായി നീക്കിവച്ച തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും ഇടമലക്കുടി ആദിവാസി ഊരിന്റെ വികസന പ്രവർത്തനങ്ങൾക്കായി നീക്കിവച്ച തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ചാത്തന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതികളുടെ പുരോഗതി**

24 (875) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ഇടയാടിമുക്കം പട്ടികജാതി നഗറിലും കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട ഇടക്കുന്ന് പട്ടികജാതി നഗറിലും അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നടന്നുവരുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

ഇടയാടിമുക്കം നഗറിൽ 85 ശതമാനം നിർമ്മാണ പ്രവൃത്തികളും ഇടക്കുന്ന് പട്ടികജാതി നഗറിൽ 75 ശതമാനം നിർമ്മാണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ പാറയിൽ പട്ടികജാതി നഗറിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

നിർവഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം പ്രസ്തുത നഗറിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഉടുമ്പൻചോല മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി**

25 (876) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം ഉടുമ്പൻചോല മണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ ഉന്നതികളിലാണ് നവീകരണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിരിക്കുന്നതെന്നും പ്രസ്തുത ഉന്നതികളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കാമോ?

അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ഉടുമ്പൻചോല മണ്ഡലത്തിൽ നടപ്പിലാക്കുന്ന നവീകരണ പ്രവൃത്തികളുടെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ഉന്നതി | വർഷം | നിർമ്മാണ പുരോഗതി |
|---|---|---|
| ആടുവിളാന്തൻ കുടി | 2017-18 | റോഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| തിങ്കൾക്കാട് | 2020-21 | റോഡ് നിർമ്മാണം, കലുങ്ക് നിർമ്മാണം, |

| | | |
|---|---|---|
| | | റീടെയിനിങ് വാൾ നിർമ്മാണം എന്നിവയാണ് പ്രവൃത്തികൾ. ആയതിൽ റോഡ് നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു. 25 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| പന്തടിക്കളം | 2020-21 | റോഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| മുതുവാക്കുടി | 2022-23 | ഡി.പി.ആർ. പുതുക്കി ലഭ്യമാക്കുന്നതിന് നിർവഹണ ഏജൻസിയോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| വലിയതോവാള – നാലുമുക്ക് | 2022-23 | ഡി.പി.ആർ. പുതുക്കി ലഭ്യമാക്കുന്നതിന് നിർവഹണ ഏജൻസിയോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| എസ്റ്റേറ്റ് പൂപ്പാറ | 2022-23 | നിർവഹണ ഏജൻസിയെ തിരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി ആരംഭിച്ചിട്ടില്ല. |

(ബി) മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ഏതൊക്കെ പട്ടികവർഗ ഉന്നതികളിലാണ് നവീകരണ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി, അനുവദിച്ച വർഷം, ചെലവഴിച്ച തുക, തുടങ്ങിയവ സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.[+]

**ഉടുമ്പൻചോല മണ്ഡലത്തിലെ പട്ടികജാതി ഉന്നതികളിലെ വികസന പ്രവർത്തനങ്ങൾ**

26 (877) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

[+] നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഉടുമ്പൻചോല മണ്ഡലത്തിലെ പട്ടികജാതി ഉന്നതികളിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പ്രസ്തുത പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ള പട്ടികജാതി ഉന്നതികളുടെ പേര്, പഞ്ചായത്ത്, അനുവദിച്ച തുക, ചെലവഴിച്ച തുക ഇവ സംബന്ധിച്ച വിശദാംശം നൽകുമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ എസ്.സി. നഗറുകളിലെ നവീകരണ പ്രവർത്തനങ്ങൾ**

27 (878) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ എത്ര എസ്.സി. നഗറുകൾ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനുവേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എസ്.സി. നഗറുകളുടെ പേരുകളും പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങളും ലഭ്യമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പുത്തേത്ത്നഗർ (കുന്നത്തുനാട്), പുളിയാമ്പിള്ളിമുഗൾ (പുത്തൻകുരിശ്), സി.ആർ.എൽ. പീച്ചിങ്ങാച്ചിറ (പുത്തൻകുരിശ്), മൂലേക്കുഴി (പുത്തൻകുരിശ്), എണ്ണക്കാമോളം (ഐക്കരനാട്) എന്നീ എസ്.സി. നഗറുകൾ അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിൽ എത്ര എസ്.സി. നഗറുകളിൽ നവീകരണം പൂർത്തിയായെന്നും എന്തെല്ലാം പ്രവൃത്തികളാണ് നവീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയതെന്നും വ്യക്തമാക്കാമോ?

പുത്തേത്ത്മുഗൾ, പുളിയാമ്പിള്ളിമുഗൾ ഗ്രാമങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പുത്തേത്ത്മുഗൾ ഗ്രാമത്തിൽ 19 ഭവന പുനരുദ്ധാരണം, റോഡുകളുടെ നവീകരണം, വീടുകളുടെ സംരക്ഷണം, RC ബെഞ്ച് നിർമ്മാണം, സോളാർ ലൈറ്റ് സ്ഥാപിക്കൽ, കിണർ നവീകരണം എന്നീ പ്രവൃത്തികളും പുളിയാമ്പിള്ളിമുഗൾ ഗ്രാമത്തിൽ 34 വീടുകളുടെ പുനരുദ്ധാരണം, റോഡുകളുടെ

നവീകരണം, സോളാർ ലൈറ്റ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തിയ എസ്.സി. നഗറുകളിൽ നവീകരണ പ്രവർത്തനങ്ങൾ ഇനിയും പൂർത്തീകരിക്കാത്തവ ഏതെല്ലാമാണെന്നും ഈ നഗറുകളിലെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

സി.ആർ.എൽ. പീച്ചിങ്ങാച്ചിറ നഗറിന്റെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. മൂലേക്കുഴി ഗ്രാമത്തിന്റെ പദ്ധതി നിർവഹണ ചുമതലയിൽനിന്നും ജില്ലാ നിർമ്മിതി കേന്ദ്രം മാറ്റി FIT-യെ ചുമതല ഏൽപ്പിച്ച് 23-09-2022-ൽ ഉത്തരവായിരുന്നു. വീണ്ടും നിർവഹണ ഏജൻസിയെ മാറ്റുന്നതിന് ശിപാർശ ലഭ്യമായതിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. എണ്ണക്കാമോളം നഗറിന്റെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. എന്നാൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കളിസ്ഥലത്തിന് ആവശ്യമായ സ്ഥലം പെരിയാർ വാലിയിൽനിന്നും ലഭ്യമായിട്ടില്ലാത്തതിനാൽ മോണിറ്ററിങ് കമ്മറ്റിക്കൂടി നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

(ഡി) മുഴുവൻ എസ്.സി. നഗറുകളിലും സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

മേൽ നഗരുകളുടെ ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തികൾ ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(ഇ) എന്നത്തേക്ക് നവീകരണം പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പ്രവൃത്തികൾ ഭരണാനുമതി ലഭിക്കുന്നതിനുമുമ്പുള്ള വിവിധ ഘട്ടങ്ങളിലാണ്. ഭരണാനുമതി നൽകി ഒരു വർഷത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**പൂഞ്ഞാർ മണ്ഡലത്തിലെ പട്ടികവർഗ ഉന്നതികളുടെ വികസനം**

28 (879) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി എരുത്വാപ്പുഴ മലവേടർ പട്ടികവർഗ ഉന്നതി, തുമരംപാറ പട്ടികവർഗ ഉന്നതി എന്നിവിടങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

പട്ടികവർഗ വികസന വകുപ്പ് മുഖേന പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി പഞ്ചായത്തിലെ എരുത്വാപ്പുഴ മലവേടർ പട്ടികവർഗ ഉന്നതിയിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇരുപത് ശതമാനത്തിലധികം പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

എരുമേലി പഞ്ചായത്തിലെ തുമരംപാറ പട്ടികവർഗ ഉന്നതിയിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ഡി.പി.ആർ. വകുപ്പ് തലത്തിൽ പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഉടുമ്പൻചോല മണ്ഡലത്തിലെ നഗറുകളുടെ നിർമ്മാണ പുരോഗതി**

29 (880) <u>ശ്രീ. എം. എം. മണി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി നഗറുകളുടെ വികസനത്തിനായുള്ള അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി വികസന പ്രവൃത്തികൾ നടക്കുന്ന ഉടുമ്പൻചോല മണ്ഡലത്തിലെ നഗറുകളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തിൽ 2016 മുതൽ 2025 വരെ എത്ര നഗറുകൾ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉടുമ്പൻചോല മണ്ഡലത്തിൽ 2016 മുതൽ 2025 വരെ പുതുകിൽ എസ്.സി. നഗർ (2016-17), വട്ടപ്പാറ എസ്.സി. നഗർ (2016-17), അമ്പതേക്കർ എസ്.സി. നഗർ (2019-20), പ്രതാപ്മേട് എസ്.സി. നഗർ (2021-22), ചാറൽമേട് എസ്.സി. നഗർ (2021-22), ചക്കക്കാനം എസ്.സി. നഗർ (2024-25) എന്നിങ്ങനെ 6 നഗറുകൾ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**അംബേദ്കർ ഗ്രാമം പദ്ധതി**

30 (881) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ചിറയിൻകീഴ് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള അംബേദ്കർ ഗ്രാമം പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

ചിറയിൻകീഴ് മണ്ഡലത്തിൽനിന്നും ഖാൻ മുണ്ടക്കൽ നഗർ (2016-17), കുഴിയം നഗർ (2016-17), പുതുവൽ ഗ്രാമം (2019-20), പുളിന്തുരുത്തി (2021-22), എ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ. നഗർ (2021-22), കൽപ്പന ഗ്രാമം (2022-23), വലിയവിള കൈപ്പറ്റിമുക്ക് (2024-25), വലിയേല ഗ്രാമം (2025-26) എന്നീ ഗ്രാമങ്ങളെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിക്കേണ്ടതും പൂർത്തീകരിച്ചതുമായ പ്രവൃത്തികളുടെ വിശദംശങ്ങൾ ലഭ്യമാക്കാമോ?

ഖാൻ മുണ്ടക്കൽ നഗർ, കുഴിയം നഗർ, പുതുവൽ ഗ്രാമം എന്നീ ഗ്രാമങ്ങളിലെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

പുളിന്തുരുത്തി അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ അങ്കണവാടി പുനരുദ്ധാരണം, കുട്ടികളുടെ പാർക്ക്, സബ് സെന്ററിന്റെ റൂഫിങ് വർക്ക് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

Drainage work (New & Existing), ഇന്റർലോക്ക് വർക്ക്, Infrastructure development for self employment, ശീലതോട് സൈഡ് വാൾ നിർമ്മാണം, വീടുകളുടെ പുനരുദ്ധാരണം (17-ൽ 12 എണ്ണം പൂർത്തീകരിച്ചു), സ്ട്രീറ്റ് ലൈറ്റ് വർക്ക് എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. എ. കെ. നഗർ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ കോൺക്രീറ്റ് റോഡ് നിർമ്മാണം പൂർത്തീകരിച്ചു. റീടെയ്നിങ് വാൾ നിർമ്മാണം, Infrastructure development for self employment,

സോളാർലൈറ്റ്, വീടുകളുടെ പുനരുദ്ധാരണം (24 എണ്ണം) എന്നിവ പൂർത്തീകരിക്കാനുണ്ട്. കല്പന ഗ്രാമം ഭവന പുനരുദ്ധാരണം (31 എണ്ണം), കസ്തൂർബാ അങ്കണവാടി കെട്ടിടം പുനരുദ്ധാരണം, ഇന്റർലോക്ക് വർക്കുകൾ, കൾവർട്ട് വർക്കുകൾ, റീടെയ്നിങ് വാൾ എന്നിവയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രവൃത്തി തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. വലിയവിള കൈപ്പറ്റിമുക്ക് അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**കണ്ണാട്ടുകോണം ഉന്നതിയുടെ നവീകരണം**

31 (882) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണാട്ടുകോണം ഉന്നതിയുടെ നവീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കണ്ണാട്ടുകോണം നഗറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി മോണിറ്ററിങ് കമ്മിറ്റി രൂപീകരിക്കുകയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്

എൽ.എസ്.ജി.ഡി. എഞ്ചിനീയറിങ് വിഭാഗത്തെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**അംബേദ്കർ ഗ്രാമം പദ്ധതിയിലൂടെ മാവേലിക്കര മണ്ഡലത്തിലെ നവീകരണങ്ങൾ**

32 (883) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ ഏതെല്ലാം നഗറുകൾ നവീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെട്ട നഗറുകളുടെ തൽസ്ഥിതി വിശദമാക്കുമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കുറ്റ്യാടി മണ്ഡലത്തിലെ പട്ടികജാതി നഗറുകളുടെ വികസനത്തിനുവേണ്ടി നടപ്പിലാക്കിയ പദ്ധതികൾ**

33 (884) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2021 വർഷം മുതൽ ഇതുവരെയായി കുറ്റ്യാടി മണ്ഡലത്തിലെ പട്ടികജാതി നഗറുകളുടെ വികസനത്തിനുവേണ്ടി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് പദ്ധതിയുടെ അടങ്കൽ തുക സഹിതം വിശദമാക്കാമോ; ഈ പദ്ധതികൾ വഴി ഏതൊക്കെ തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തിയതെന്നും വിശദമാക്കാമോ; പ്രസ്തുത മണ്ഡലത്തിലെ വിവിധ പട്ടികജാതി നഗറുകളിലെ എത്ര കുടുംബങ്ങൾക്ക് ഈ പദ്ധതിയിലൂടെ പ്രയോജനമുണ്ടായി എന്ന് നഗറുകൾ തിരിച്ച് വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കുറ്റ്യാടി മണ്ഡലത്തിലെ കുളിക്കുന്ന് നഗർ, ചോയി മഠം നഗർ, വാളാഞ്ഞി കുളങ്ങരത്ത് നഗർ എന്നിവിടങ്ങളിലെ അംബേദ്കർ ഗ്രാമപദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഈ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ചോയി മഠം നഗറിലെ വികസന പ്രവൃത്തികൾ നിലവിലുള്ള എസ്റ്റിമേറ്റ് പ്രകാരം പൂർത്തിയാക്കിയിട്ടുണ്ട്. കുളിക്കുന്ന് നഗർ അംബേദ്കർ ഗ്രാമപദ്ധതി പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. 2025 ഒക്ടോബർ 31-നകം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തീകരിക്കുന്നതിന് ഏജൻസിക്ക് നിർദേശം നൽകിയിട്ടുണ്ട്. വാളാഞ്ഞി കുളങ്ങരത്ത് നഗർ പ്രവൃത്തിയുടെ പുതിയ ഏജൻസിയായ SILK-ന് MoU ഒപ്പുവച്ച് എത്രയുംവേഗം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്.

**പൂഞ്ഞാർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രവൃത്തികൾ**

34 (885) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിലെ ആഴമല ഐ.എച്ച്.ഡി.പി. നഗർ, മൂക്കൻപെട്ടി ഐ.എച്ച്.ഡി.പി. നഗർ, മുറികല്ലുംപുറം നഗർ എന്നീ പട്ടികജാതി നഗറുകളിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

1. ആഴമല ഐ.എച്ച്.ഡി.പി. നഗർ:

ഫുട്പാത്ത് കോൺക്രീറ്റ് ഉൾപ്പടെ 20 ശതമാനം വർക്കുകൾ പൂർത്തീകരിച്ചു. വീട് മെയിന്റനൻസ് വർക്കുകൾ, സ്റ്റെപ്പ് വർക്കുകൾ നടന്നുവരുന്നു.

2. മൂക്കൻപെട്ടി ഐ.എച്ച്.ഡി.പി. നഗർ:

90 ശതമാനം വർക്കുകൾ പൂർത്തീകരിച്ചു. Finishing Stage-ലെ വർക്കുകളുടെ നടപടിക്രമങ്ങൾ നടന്നുവരുന്നു.

3. മുറിക്കല്ലുംപുറം നഗർ:

65 ശതമാനം വർക്കുകളും പൂർത്തീകരിച്ചു. Inter Lock വിരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

**കോട്ടക്കൽ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി**

35 (886) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പൂവത്തുംതറ, മണ്ണഴി-കോട്ടപ്പുറം, മൂർദ്ധാവ് എന്നീ പട്ടികജാതി നഗറുകളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ; ഇനി എന്തെല്ലാം പ്രവർത്തനങ്ങൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

കോട്ടക്കൽ മണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പൂവത്തുംതറ (എടയൂർ) നഗറിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഇന്റേണൽ റോഡ് ആൻഡ് ഭവന പുനരുദ്ധാരണം 25-ൽ 19 എണ്ണവും, റോഡ്, നടപ്പാത 9-ൽ 8 എണ്ണവും സംരക്ഷണഭിത്തി നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.

മണ്ണടി-കോട്ടപ്പുറം (പൊന്മള) നഗറിലെ എസ്റ്റിമേറ്റിൽ ഭവന പുനരുദ്ധാരണം (38 എണ്ണം), പുതിയ ടോയ്ലെറ്റ് (1 എണ്ണം), ഇന്റേണൽ റോഡ് ആൻഡ് ഫുട്പാത്ത്, ഇന്റേണൽ റോഡ് ആൻഡ് ഫുട്പാത്ത് (കോളനി റോഡ്) എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയതിൽ 10 ശതമാനം പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. മൂർദ്ധാവ് പട്ടികജാതി നഗർ (കുറ്റിപ്പുറം) നഗറിന്റെ നിർവഹണ ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ട്.

(ബി) 2025-26 വർഷത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മണ്ഡലത്തിൽനിന്നും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

2025-26 വർഷത്തിൽ കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഗ്രാമങ്ങൾ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല.

**ചാലക്കുടി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

36 (887) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചാലക്കുടി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തിരഞ്ഞെടുത്ത നഗറുകൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് അറിയിക്കുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചാലക്കുടി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം 2016-17 വർഷത്തിൽ പുലിപ്പാറക്കുന്ന്, കുറ്റിച്ചിറ വെസ്റ്റ്, കലിക്കൽക്കുന്ന്, കാഞ്ഞിരപ്പിള്ളി എന്നീ നഗറുകളെയും 2019-20-ൽ കുറ്റിച്ചിറ ഈസ്റ്റ്, 2020-21-ൽ തൃപ്പാപ്പിള്ളി, 2021-22-ൽ വി.ആർ.പുരം, 2022-23-ൽ കൂവക്കാട്ടുകുന്ന്, 2023-24-ൽ വെലാത്ര, കുർക്കമറ്റം എന്നീ നഗറുകളെയും തിരഞ്ഞെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത നഗരുകളിലെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദീകരിക്കാമോ?

കലിക്കൽക്കുന്ന് നഗറിൽ പദ്ധതി പൂർത്തീകരിച്ചു. ഫൈനൽ ബിൽ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാഞ്ഞിരപ്പിള്ളി, പുലിപ്പാറക്കുന്ന്, കുറ്റിച്ചിറ വെസ്റ്റ് എന്നീ ഗ്രാമങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കുറ്റിച്ചിറ ഈസ്റ്റ് ഗ്രാമത്തിന്റെ ഫൈനൽ ബിൽ അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തിപ്പാപ്പിള്ളി ഗ്രാമത്തിന്റെ ഏജൻസിയെ മാറ്റുന്നതിനുള്ള ശിപാർശയിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. വി.ആർ.പുരം ഗ്രാമത്തിലെ 36 വീടുകളുടെ വാട്ടർപ്രൂഫിങ് പൂർത്തീകരിച്ചു. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കുവക്കാട്ടുകുന്ന് ഗ്രാമത്തിന്റെ മോണിറ്ററിങ് കമ്മിറ്റി എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കുർക്കമറ്റം ഗ്രാമത്തിൽ 33 വീടുകൾ വാട്ടർപ്രൂഫിങ് പ്ലാസ്റ്ററിങ് എന്നിവ പൂർത്തീകരിച്ചു. ആദ്യ പാർട്ട് ബില്ലും രണ്ടാം പാർട്ട് ബില്ലും അംഗീകരിച്ചു. വൈലാത്ര ഗ്രാമത്തിലെ മോണിറ്ററിങ് കമ്മിറ്റി ചേർന്നിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്.

**അംബേദ്കർ ഗ്രാമം പദ്ധതി**

37 (888) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച നഗരുകളുടെ നിർവഹണ ഏജൻസി തയ്യാറാക്കുന്ന എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനായി ആധികാരപ്പെടുത്തിയത് ഏത് ഉദ്യോഗസ്ഥനെയാണെന്ന് വ്യക്തമാക്കാമോ;

(ബി) എസ്റ്റിമേറ്റുകൾ അംഗീകരിച്ച് കിട്ടുന്നതിൽ നിലവിലുള്ള കാലതാമസം ഒഴിവാക്കാൻ ആയതിനുള്ള അധികാരം ജില്ലാതല ഓഫീസുകൾക്ക് കൈമാറുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) 2023-24 വർഷം വരെ അംബേദ്കർ ഗ്രാമം പദ്ധതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളുടെ നവീകരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിരുന്നത് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറാണ്.

എസ്റ്റിമേറ്റുകൾ അംഗീകരിച്ച് കിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾ 16-01-2025-ലെ സ.ഉ. (കൈ) നം.4/2025/പജപവവിവ പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. അപ്രകാരം അതാത് ജില്ലാ കളക്ടർമാരാണ് നിലവിൽ എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകേണ്ടത്.

**കോങ്ങാട് മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി**

38 (889) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 മുതൽ കോങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ ഉന്നതികളെയാണ് അംബേദ്ക്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പടുത്തിയിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിലെ അച്ചിലട്ടി ഉന്നതിയെ 2020-21 വർഷവും പാങ്ങോട് ഉന്നതിയെ 2022-23 വർഷവും മുണ്ടക്കുന്ന് ഉന്നതിയെ 2024-25 വർഷവും അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ഉന്നതികളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

| ഉന്നതി | പുരോഗതി |
|---|---|
| അച്ചിലട്ടി | ജില്ലാ നിർമ്മിതി കേന്ദ്ര മുഖേന പദ്ധതി നടപ്പിലാക്കി വരുന്നു. 50 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. |
| പാങ്ങോട് | കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിനെ നിർവഹണ ഏജൻസിയായി തിരഞ്ഞെടുത്തെങ്കിലും ഊരുക്കൂട്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ KEL എന്ന സ്ഥാപനത്തിനെ നിർവഹണ ഏജൻസിയാക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നു. |
| മുണ്ടക്കുന്ന് | നിർവഹണ ഏജൻസിയായി KEL-നെ തിരഞ്ഞെടുത്തിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

(സി) നിലവിൽ ഏതെങ്കിലും പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ?

നിലവിൽ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. അച്ചിലട്ടി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുമായി ബന്ധപ്പെട്ട് കമ്മ്യൂണിറ്റി ഹാൾ, റോഡ് എന്നീ പ്രവൃത്തികൾക്കായി ഭൂമി ലഭ്യമാക്കുന്നതിന് കാലതാമസമുണ്ടായിരുന്നു. നിലവിൽ ആയത് പരിഹരിച്ച് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

**മങ്കട മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

39 (890) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തിരഞ്ഞെടുത്ത ഉന്നതികൾ ഏതൊക്കെയാണ്; ഓരോന്നിന്റെയും നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത ഏജൻസികൾ ഏതൊക്കെയാണ്; ഓരോന്നിന്റെയും നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഓരോ ഉന്നതിയിലും നിർമ്മാണ പ്രവർത്തനങ്ങൾ എത്ര ശതമാനം വീതം പൂർത്തിയാക്കിയിട്ടുണ്ട്; ഇനി എന്തെല്ലാം പ്രവൃത്തികളാണ് ബാക്കിയുള്ളത്; ഏതെങ്കിലും പ്രവൃത്തികളിൽ എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ കളത്തിൽ ചാലയ്ക്കൽ നഗർ, ചൊവ്വാണ പട്ടികജാതി നഗർ, അമ്പലപ്പറമ്പ് പട്ടികജാതി നഗർ എന്നിവിടങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പട്ടിയിൽപറമ്പ്, കല്ലറാംകുന്ന് പട്ടികജാതി നഗറുകളിൽ 40 ശതമാനം പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

പട്ടിയിൽപറമ്പ് നഗറിൽ സ്വകാര്യ കിണർ 6 എണ്ണം, കുടിവെള്ള പദ്ധതി, ഡ്രെയ്നേജ് പിറ്റ്, ഇലക്ട്രിക്ക് പോസ്റ്റ് റീപ്ലേസ്മെന്റ് എന്നിവ പൂർത്തീകരിക്കാനുണ്ട്.

കല്ലറാംകുന്ന് നഗറിൽ സാനിട്ടേഷൻ, പൊതുകിണർ നവീകരണം, സോളാർ മിനിമാസ്റ്റ്, ഭവന പുനരുദ്ധാരണം 20 എണ്ണം, കമ്മ്യൂണിറ്റി ഹാൾ, ശ്മശാനം നവീകരണം 20 ശതമാനം എന്നിവ പൂർത്തീകരിക്കാനുണ്ട്.

(സി) മങ്കട മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ നാളിതുവരെ ഉൾപ്പെടുത്തിയിട്ടില്ലാത്തതും എന്നാൽ പദ്ധതിയുടെ മാനദണ്ഡപ്രകാരം അംബേദ്കർ ഗ്രാമമായി ഉയർത്താൻ അർഹതയുള്ളതുമായ ഉന്നതികൾ ഏതെല്ലാം; മുൻഗണനാക്രമമനുസരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവർക്കായി പ്രവർത്തിക്കുന്ന ഉന്നതികൾ**

40 (891) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവർക്കായി നിലവിൽ എത്ര ഉന്നതികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

2013-ലെ കില സർവെ പ്രകാരം സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവർക്കായി 26,342 ഉന്നതികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇവയിൽ എത്ര ഉന്നതികൾക്ക് ശുദ്ധമായ കുടിവെള്ളം, ശൗചാലയം, വൈദ്യുതി എന്നിവ ലഭ്യമല്ലെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവർക്കായി പ്രവർത്തിക്കുന്ന ഒരു ഉന്നതിയിലും പൂർണ്ണമായി ശൗചാലയം, വൈദ്യുതി എന്നിവ ലഭ്യമല്ലെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. 135 ഉന്നതികളിൽ ശുദ്ധമായ കുടിവെള്ളത്തിന് ക്ഷാമം അനുഭവപ്പെടുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(സി) ഇതിന് പരിഹാരം കാണാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കുടിവെള്ളം ലഭ്യമല്ലാത്ത നഗറുകളെ പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമ വികസന പദ്ധതി, കോർപ്പസ് ഫണ്ട് എന്നിവ മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് പ്രയോജനപ്പെടുത്തിയും ജൽ ജീവൻ മിഷൻ, വാട്ടർ അതോറിറ്റി എന്നിവ മുഖേന ശുദ്ധമായ കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കടമ്പറക്കോണം-ഭാസ്കർ ഉന്നതിയുടെ പ്രവർത്തനം**

41 (892) <u>ശ്രീമതി ഒ. എസ്. അംബിക:</u> താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിച്ച മണനൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ കടമ്പറക്കോണം-ഭാസ്കർ ഉന്നതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

കടമ്പറക്കോണം-ഭാസ്കർ ഗ്രാമത്തിൽ ഭവന പുനരുദ്ധാരണത്തിനായി 8 വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. Drainage work 95 ശതമാനം പൂർത്തീകരിച്ചു. സംരക്ഷണഭിത്തി, നടപ്പാത നിർമ്മാണം എന്നിവയുടെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. KSEB പോസ്റ്റ് മാറ്റേണ്ടതുള്ളതിനാൽ റോഡ് കോൺക്രീറ്റ്

പ്രവൃത്തി ആരംഭിച്ചിട്ടില്ല. സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി 2 പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

**ആദിവാസി യുവാവിനെ വൈദ്യുതിത്തൂണിൽ കെട്ടിയിട്ട് തല്ലിച്ചതച്ച സംഭവം**

42 (893) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ആദിവാസി യുവാവിനെ വൈദ്യുതിത്തൂണിൽ കെട്ടിയിട്ട് തല്ലിച്ചതച്ച സംഭവത്തിൽ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഉത്തരവാദികളായവർക്കെതിരെ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ തടയൽ നിയമപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

അഗളി വില്ലേജിൽ ചിറ്റൂർ പോസ്റ്റിൽ കട്ടേക്കാട് എന്ന സ്ഥലത്തുവച്ച് ശ്രീ. സിജു എന്നയാളെ 24-05-2025-ന് ശ്രീ. റെജിൻ മാത്യു, ശ്രീ. വിഷ്ണുദാസ് എന്നിവർ ചേർന്ന് കെട്ടിയിട്ട് തല്ലിയ സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടി സംഭവത്തിൽ ശ്രീ. റെജിൻ മാത്യു, ശ്രീ. വിഷ്ണുദാസ് എന്നിവരെ പ്രതികളാക്കി അഗളി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 199/2025 U/s 128(12), 127 (2), 296 (b), 115 (2), 118 (1) r/w 3(5) BNS 63(1) (d), 3(2) (va) SC/ST (PoA) Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്. കേസിന്റെ അന്വേഷണം എസ്.എം.എസ് & അഗളി സബ് ഡിവിഷൻ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് നടത്തിയിട്ടുള്ളതാണ്. പ്രസ്തുത കേസിലെ പ്രതികളായ രണ്ടുപേരെയും 28-05-2025-ന് അറസ്റ്റ് ചെയ്തിട്ടുള്ളതും ബഹുമാനപ്പെട്ട മണ്ണാർക്കാട് പട്ടികജാതി/പട്ടികവർഗ പ്രത്യേക കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും കോടതി പ്രതികളെ റിമാൻഡ് ചെയ്തിട്ടുള്ളതുമാണ്. തുടർന്ന് റിമാൻഡിൽ കഴിഞ്ഞിരുന്ന പ്രതികൾക്ക് 03-06-2025-ന് ബഹുമാനപ്പെട്ട കോടതി ജാമ്യം അനുവദിച്ചിട്ടുള്ളതാണ്. കേസിന്റെ അന്വേഷണം അഗളി ഡിവൈ.എസ്.പി. പൂർത്തിയാക്കി 23-07-2025-ന് പ്രതികൾക്കെതിരെ ബഹുമാനപ്പെട്ട കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്.

കൂടാതെ ടിയാന് കോട്ടത്തറ ട്രൈബൽ ആശുപത്രിയിൽ ചികിത്സയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ, ഹെൽത്ത് പ്രൊമോട്ടറുടെ സേവനം എന്നിവ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് സമാനമായ സംഭവങ്ങൾ നിരന്തരം ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്ക് സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

കേരളത്തിൽ പട്ടികജാതി പട്ടികവർഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പട്ടികജാതി പട്ടികവർഗ അതിക്രമങ്ങൾ തടയൽ നിയമം (PoA), പൗരാവകാശ സംരക്ഷണ നിയമം എന്നിവ പ്രകാരം കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പട്ടികജാതി/ പട്ടികവർഗ വിഭാഗക്കാരിൽനിന്നും ലഭിക്കുന്ന പരാതികളിൽ പ്രത്യേകം ശ്രദ്ധ ചെലുത്തി പോലീസ് സ്റ്റേഷൻ തലത്തിലും സബ് ഡിവിഷൻ തലത്തിലും SC/ST മോണിറ്ററിങ് കമ്മിറ്റി മീറ്റിങ്ങുകൾ നടത്തിയും പട്ടികവർഗ ഊരുകളിൽ നിരന്തരം സന്ദർശനം നടത്തിയും നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികജാതി പട്ടികവർഗ ഊരുകളിൽ പല വിഷയങ്ങൾ സംബന്ധിച്ച് ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസുകൾ നൽകിയും ഊരുവിസിറ്റുകൾ നടത്തിയും പട്രോളിങ് ശക്തിപ്പെടുത്തി പോലീസ് സാന്നിധ്യം ഉറപ്പുവരുത്തിയും

ഊരുമേളകൾ, അദാലത്തുകൾ എന്നിവ സംഘടിപ്പിച്ചും മറ്റും പ്രസ്തുത വിഭാഗക്കാരുടെ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കുന്നുണ്ട്.

സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിന് സംസ്ഥാനത്ത് വകുപ്പ് മുഖേന (അതിക്രമങ്ങൾ) തടയൽ നിയമ പ്രകാരമുള്ള സെമിനാറുകളും ബോധവൽക്കരണ ക്ലാസുകളും നടത്തിവരുന്നു. പട്ടികജാതി പട്ടികവർഗ അതിക്രമങ്ങൾ തടയൽ നിയമം (PoA) പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ ഇരകളായവർക്ക് നിയമാനുസരണം ധനസഹായം അനുവദിച്ച് നൽകുന്നുണ്ട്. കൂടാതെ പൗരാവകാശ സംരക്ഷണ നിയമം, അതിക്രമങ്ങൾ തടയൽ നിയമം എന്നിവ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുക, അതിക്രമത്തിന് ഇരയാകുന്ന പട്ടികജാതിക്കാർക്ക് അടിയന്തര നിയമസഹായം ലഭ്യമാക്കുക, ആശ്വാസ ധനസഹായം യഥാസമയം ലഭ്യമാക്കുക, ആവശ്യമായ മാനസിക പിന്തുണ നൽകുക, അതിക്രമവുമായി ബന്ധപ്പെട്ട ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, നിയമ അവബോധം നൽകുക എന്നീ ലക്ഷ്യങ്ങളോടെ പട്ടികജാതി വികസന വകുപ്പ് രൂപീകരിച്ച നിയമസഹായ സെല്ലാണ് JWALA (Justice Welfare and Legal Assistance). തിരുവനന്തപുരത്ത്, വെള്ളയമ്പലം, അയ്യങ്കാളി ഭവനിൽ കാൾ സെന്റർ പ്രവർത്തിക്കുന്നു. 0471 2994717, 2994718 എന്നീ രണ്ടു ലാൻഡ് ലൈൻ

നമ്പറുകൾ മുഖേന കാൾ സെന്ററുമായി ബന്ധപ്പെടാവുന്നതാണ്. ഒരു ലീഗൽ അഡ്വൈസർ, മൂന്ന് ലീഗൽ സെൽ കോ-ഓർഡിനേറ്റർ എന്നിവരെ കാൾ സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി നിയമിച്ചിട്ടുണ്ട്. ഇതോടൊപ്പം ജില്ലകളിൽ ഓരോ ലീഗൽ കൗൺസിലർമാരും ജ്വാലയുടെ ഭാഗമായി സേവനം അനുഷ്ഠിക്കുന്നു.

**ദളിത് പെൺകുട്ടികൾ ലൈംഗിക അതിക്രമത്തിന് ഇരയായ കേസുകൾ**

43 (894) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ടയിൽ ദളിത് പെൺകുട്ടി കൂട്ടബലാത്സംഗത്തിന് ഇരയായ സംഭവം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; ഈ വിഷയത്തിൽ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. പത്തനംതിട്ട ജില്ലയിൽ ഇലന്തൂർ ബ്ലോക്ക്, ചെന്നീർക്കര ഗ്രാമപഞ്ചായത്ത് പരിധിയിലെ താമസക്കാരിയായ പട്ടികജാതി പെൺകുട്ടി അതിക്രമത്തിന് ഇരയായ സംഭവുമായി ബന്ധപ്പെട്ട് ജില്ലയിലെ വിവിധ

പോലീസ് സ്റ്റേഷനുകളിലായി 31 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും അതിൽ പട്ടികജാതി പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 17 കേസുകളുടെ അടിസ്ഥാനത്തിൽ അതിജീവിതയ്ക്ക് ആശ്വാസ ധനസഹായമായി വകുപ്പ് മുഖേന 2,00,000/- രൂപ അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. നിലവിൽ പട്ടികജാതി പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 17 കേസുകളുടെ ഫൈനൽ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതിനാൽ ടി നിയമ പ്രകാരം അതിക്രമത്തിന് ഇരയാകുന്നവർക്കുള്ള ധനസഹായ പദ്ധതി പ്രകാരം അലോട്ട്മെന്റ് ലഭ്യമാകുന്ന മുറയ്ക്ക് അനുവദിക്കുന്നതുമാണ്.

പത്തനംതിട്ട ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ സംരക്ഷണയിലുള്ള അതിജീവിതയ്ക്ക് കോന്നി നിർഭയ എൻടി ഹോമിൽ സ്ഥാപന സംരക്ഷണവും, സൈക്കോളജിസ്റ്റ് സേവനവും താലൂക്ക് ആശുപത്രി മുഖാന്തരം വൈദ്യപരിചരണവും ലഭ്യമാക്കിയിരുന്നതും ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് മുഖേന ആശ്വാസ ധനസഹായത്തിന് അപേക്ഷിച്ചിട്ടുള്ളതും ആയത് പരിഗണനയിലുമാണ്.

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും ഇരകളായവരുടെ തുടർ വിദ്യാഭ്യാസത്തിനും മെച്ചപ്പെട്ട സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ വകുപ്പ് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് സംസ്ഥാനത്ത് വകുപ്പ് മുഖേന പട്ടികജാതി പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരമുള്ള സെമിനാറുകളും ബോധവൽക്കരണ ക്ലാസുകളും നടത്തിവരുന്നു. ടി നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ ഇരകളായവർക്ക് നിയമാനുസരണം ധനസഹായം അനുവദിച്ചുനൽകുന്നുണ്ട്.

**പട്ടികജാതിക്കാരിയായ ജീവനക്കാരി സ്ഥലം മാറിയപ്പോൾ ശുദ്ധികലശം നടത്തിയ നടപടി**

44 (895) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതിക്കാരിയായ ജീവനക്കാരി സെക്രട്ടേറിയറ്റിൽ നിന്ന് സ്ഥലം മാറിയപ്പോൾ സഹപ്രവർത്തകൻ ശുദ്ധികലശം നടത്തിയെന്ന പരാതിയിൽ

എസ്.സി./എസ്.ടി. കമ്മീഷൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച് പൊതുഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഈ വിഷയത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

സെക്രട്ടേറിയറ്റ് ജീവനക്കാരി സ്ഥലം മാറി പോയപ്പോൾ സഹപ്രവർത്തകൻ ശുദ്ധികലശം നടത്തിയെന്ന പരാതിയിൽ 2007-ലെ പട്ടികജാതി പട്ടികഗോത്രവർഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്ടിലെ 9-ാംവകുപ്പ് പ്രകാരം കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ കമ്മീഷൻ പൊതുഭരണ വകുപ്പ് സെക്രട്ടറിയോടും കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറോടും റിപ്പോർട്ട് ആവശ്യപ്പെടുകയും കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ സ്റ്റേഷൻ ഹൗസ് ഓഫീസർ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിരുന്നു. ടി റിപ്പോർട്ടിൽ പരാതി നിലനിൽക്കുന്നതല്ലായെന്ന് അറിയിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ പൊതുഭരണ വകുപ്പിലെ അണ്ടർ സെക്രട്ടറിയെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കുകയും ടി അന്വേഷണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ അന്വേഷണ റിപ്പോർട്ട് ബഹുമാനപ്പെട്ട കേരള സംസ്ഥാന

പട്ടികജാതി പട്ടികഗോത്രവർഗ കമ്മീഷന് ലഭ്യമാക്കുകയും ചെയ്തിരുന്നു. എന്നാൽ വ്യക്തമായ അഭിപ്രായം സഹിതമുള്ള അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കാൻ കമ്മീഷൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിന്മേലുള്ള അന്വേഷണ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സ.ഉ.(സാധാ)നം.3641/2025/ജി.എ.ഡി. പ്രകാരം 2 അഡീഷണൽ സെക്രട്ടറിമാരും 1 ജോയിന്റ് സെക്രട്ടറിയുമടങ്ങുന്ന 3 ഉദ്യോഗസ്ഥരുടെ പാനൽ രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി പാനൽ 15-09-2025-ന് കക്ഷികളെ നേരിൽ കേൾക്കാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാരിൽനിന്നും അന്വേഷണ റിപ്പോർട്ട് ലഭ്യമായതിനുശേഷം ഹിയറിങ് ഉൾപ്പെടെയുള്ള മറ്റ് തുടർനടപടികൾ സ്വീകരിക്കാനാണ് കമ്മീഷൻ തീരുമാനിച്ചിട്ടുള്ളത്.

പൊതുഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.[+]

**പട്ടികജാതി-പട്ടികവർഗ വിദ്യാർഥികൾക്ക് വിദേശത്ത് ഉന്നത പഠനം**

45 (896) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ വിദ്യാർഥികൾക്ക് വിദേശത്ത് ഉന്നത പഠനം നടത്തുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ODEPC (Overseas Development and Employment Promotion Consultants)-ന്റെ സഹകരണത്തോടെ നിലവിൽ ഉന്നതി വിദേശപഠന സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു. വിദേശരാജ്യങ്ങളിൽ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾ, പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾക്ക് തത്തുല്യമായ ഡിപ്ലോമാ കോഴ്സുകൾ, പി.എച്ച്.ഡി., പോസ്റ്റ് ഡോക്ടറേറ്റ് കോഴ്സുകൾ എന്നിവ പഠിക്കുന്നതിനായി പട്ടികജാതി വിദ്യാർഥികൾക്ക് വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 3 സ്ലാബുകളായിട്ടാണ് ചുവടെ ചേർക്കും പ്രകാരം സ്കോളർഷിപ്പ് അനുവദിക്കുന്നത്.

(1) 12 ലക്ഷം രൂപ വരെ വാർഷിക വരുമാന പട്ടികജാതി വിദ്യാർഥികൾക്ക് വിസ, എയർ ടിക്കറ്റ്, ഹെൽത്ത് ഇൻഷ്വറൻസ്, ട്യൂഷൻ ഫീസ്, ജീവിത ചെലവ്, താമസ ചെലവ് എന്നിവയ്ക്കായി പരമാവധി 25 ലക്ഷം രൂപ.

(2) 12 ലക്ഷത്തിന് മുകളിലും 20 ലക്ഷത്തിന് താഴെ വാർഷിക വരുമാന പട്ടികജാതി വിദ്യാർഥികൾക്ക് വിസ, എയർ ടിക്കറ്റ്, ഹെൽത്ത് ഇൻഷ്വറൻസ്, ട്യൂഷൻ ഫീസ്, ജീവിത ചെലവ്, താമസ ചെലവ് എന്നിവയ്ക്കായി പരമാവധി 20 ലക്ഷം രൂപ.

(3) 20 ലക്ഷത്തിന് മുകളിൽ വാർഷിക വരുമാന പട്ടികജാതി വിദ്യാർഥികൾക്ക് ട്യൂഷൻ ഫീസ് ഇനത്തിൽ പരമാവധി 15 ലക്ഷം രൂപ.

മാനദണ്ഡങ്ങൾക്ക് വിധേയമായി പരമാവധി 25 ലക്ഷം രൂപ വരെ വരുമാന പരിധിയില്ലാതെ പട്ടികവർഗ വിദ്യാർഥികൾക്ക് അനുവദിച്ചുനൽകുന്നു.

ODEPC മുഖേന ഓൺലൈനായി അപേക്ഷ സ്വീകരിക്കുകയും ടി വിദ്യാർഥികളെയും, രക്ഷിതാക്കളെയും കൗൺസിലിങ് നൽകി കരട് ലിസ്റ്റ് തയ്യാറാക്കി വകുപ്പുകളുടെ സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പരാതിയുണ്ടെങ്കിൽ ആയത് ഉൾപ്പടെയുള്ള കരട് ലിസ്റ്റ് സ്കോളർഷിപ്പ് (സെലക്ഷൻ/അപ്പീൽ) കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. തുടർന്ന് വിദേശ സർവകലാശാലകളിൽ പഠനത്തിനായുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നു.

(ബി) പട്ടികജാതി-പട്ടികവർഗ വിദ്യാർഥികൾക്കായി കേന്ദ്ര സർക്കാർ നൽകുന്ന ഓവർസീസ് സ്കോളർഷിപ്പ് തുകയുടെ കഴിഞ്ഞ നാല് വർഷത്തെ ലഭ്യത വിശദമാക്കാമോ?

പട്ടികജാതി-പട്ടികവർഗ വിദ്യാർഥികൾക്കുള്ള സംസ്ഥാന സർക്കാരിന്റെ വിദേശ പഠന സ്കോളർഷിപ്പിന് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭ്യമാകുന്നില്ല. പൂർണ്ണമായും സംസ്ഥാന സർക്കാരാണ് തുക അനുവദിക്കുന്നത്.

(സി) വിദേശ പഠനത്തിന് അർഹത നേടുന്നവർക്കെല്ലാം പ്രസ്തുത സ്കോളർഷിപ്പ് നൽകുന്നതിന് കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ അത്തരം വിദ്യാർഥികളെ സഹായിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ഓരോ അധ്യയന വർഷവും 225 പട്ടികജാതി വിദ്യാർഥികൾക്കും 50 പട്ടികവർഗ വിദ്യാർഥികൾക്കും ഉൾപ്പടെ 275 വിദ്യാർഥികൾക്കാണ് വിദേശ പഠന സ്കോളർഷിപ്പ് നൽകുന്നത്. വിദേശത്ത് പഠനത്തിന് അർഹത നേടുന്നവർക്കെല്ലാം സ്കോളർഷിപ്പ് അനുവദിച്ചുനൽകുന്നുണ്ട്. കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ODEPC (Overseas Development and Employment

Promotion Consultants) മുഖേനയാണ് തുക അനുവദിക്കുന്നത്. വിദ്യാർഥികളുടെ പഠനം പൂർത്തിയാകുന്നതുവരെ വിദ്യാർഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ODEPC (Overseas Development and Employment Promotion Consultants) പരിഹരിച്ച് നൽകി വരുന്നുണ്ട്.

**പട്ടികജാതി വിഭാഗക്കാർക്കായുള്ള പഠന മുറികൾ**

46 (897) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കുന്നത്തുനാട് മണ്ഡലത്തിൽ പട്ടികജാതി വിഭാഗക്കാർക്കായി എത്ര പഠന മുറികൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കുന്നത്തുനാട് മണ്ഡലത്തിൽ പട്ടികജാതി വിഭാഗക്കാർക്കായി നിർമ്മിച്ച് നൽകിയിട്ടുള്ള പഠന മുറികളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | പഞ്ചായത്ത് | പഠനമുറികളുടെ എണ്ണം |
|---|---|---|
| 1 | കുന്നത്തുനാട് | 42 |
| 2 | മഴുവന്നൂർ | 40 |
| 3 | പുത്തൻകുരിശ് | 24 |
| 4 | പുത്തൃക്ക | 13 |
| 5 | തിരുവാണിയൂർ | 20 |
| 6 | ഐക്കരനാട് | 20 |
| 7 | വാഴക്കുളം | 30 |
| 8 | കിഴക്കമ്പലം | 34 |
| ആകെ | | 223 |

(ബി) ഇതിനായി എത്ര തുക വീതം ചെലവഴിച്ചു എന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

ഇതിനായി ചെലവഴിച്ച തുകയുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പഞ്ചായത്ത് | പഠനമുറികളുടെ എണ്ണം |
|---|---|---|
| 1 | കുന്നത്തുനാട് | 75,30,000 |
| 2 | മഴുവന്നൂർ | 76,30,000 |
| 3 | പുത്തൻകുരിശ് | 45,70,000 |
| 4 | പുത്തൃക്ക | 24,80,000 |
| 5 | തിരുവാണിയൂർ | 39,70,000 |

| | | |
|---|---|---|
| 6 | ഐക്കരനാട് | 39,70,000 |
| 7 | വാഴക്കുളം | 57,90,000 |
| 8 | കിഴക്കമ്പലം | 63,55,002 |
| ആകെ | | 4,22,95,002 |

(സി) കുന്നത്തുനാട് മണ്ഡലത്തിൽനിന്നും പഠന മുറിക്കായി അപേക്ഷിച്ചിട്ടുള്ള അർഹരായ മുഴുവൻ പേർക്കും പഠനമുറി സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽനിന്നും പഠനമുറിക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ള 231 അപേക്ഷകളിൽ അർഹതയില്ലാത്ത 8 അപേക്ഷകൾ ഒഴിവാക്കി അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും (223) പഠനമുറി അനുവദിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ കുന്നത്തുനാട് മണ്ഡലത്തിൽനിന്നും പട്ടികജാതി വിഭാഗക്കാർക്കായുള്ള പഠന മുറിക്കായി എത്ര അപേക്ഷകൾ ലഭിച്ചെന്നും ഇതിൽ ഇനി എത്ര അപേക്ഷകളിൽ തീരുമാനമെടുക്കാൻ ഉണ്ടെന്നും പഞ്ചായത്തുകൾ തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിൽനിന്നും പട്ടികജാതി വിഭാഗക്കാർക്കായുള്ള പഠനമുറിക്കായി 2024-25 വരെ അപേക്ഷ സമർപ്പിച്ചിട്ടുള്ള അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും പഠനമുറി അനുവദിച്ചിട്ടുണ്ട്.

പഠനമുറിക്കായി 2025-26 വർഷം ലഭ്യമായ അപേക്ഷകൾ ഉൾപ്പെടെ ലഭിച്ച ആകെ അപേക്ഷകളുടെ എണ്ണവും അതിൽ തീരുമാനമെടുക്കാൻ അവശേഷിക്കുന്ന അപേക്ഷകളുടെ എണ്ണവും സംബന്ധിച്ച പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | പഞ്ചായത്ത് | പഠനമുറി അപേക്ഷകളുടെ എണ്ണം | തിരുമാനം എടുക്കാൻ അവശേഷിക്കുന്ന അപേക്ഷകൾ (2025-26 വർഷം ലഭ്യമായ അപേക്ഷകൾ) | ആകെ ലഭ്യമായ അപേക്ഷകൾ |
|---|---|---|---|---|
| 1 | കുന്നത്തുനാട് | 42 | 10 | 52 |
| 2 | മഴുവന്നൂർ | 40 | 21 | 61 |
| 3 | പുത്തൻകുരിശ് | 24 | 16 | 40 |
| 4 | പുത്തൃക്ക | 13 | 06 | 19 |
| 5 | തിരുവാണിയൂർ | 20 | 09 | 29 |
| 6 | ഐക്കരനാട് | 20 | 06 | 26 |
| 7 | വാഴക്കുളം | 36 | 12 | 48 |
| 8 | കിഴക്കമ്പലം | 36 | 05 | 41 |
| ആകെ | | 231 | 85 | 316 |

(ഇ) അർഹരായ മുഴുവൻ അപേക്ഷകർക്കും വേഗത്തിൽ പഠന മുറി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? പഠനമുറി ലഭ്യമാക്കാൻ അവശേഷിക്കുന്ന 85 അപേക്ഷകളിൽ അർഹരായ മുഴുവൻ അപേക്ഷകർക്കും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആനുകൂല്യം അനുവദിക്കുന്നതാണ്.

**പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിലെ വിദ്യാർഥികളുടെ വിദേശപഠനം**

47 (898) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് വിദേശത്ത് പഠിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; വിശദവിവരം നൽകാമോ?

പട്ടികവർഗ വികസന വകുപ്പ്

പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് വിദേശത്ത് പഠിക്കുന്നതിന് ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ODEPC (Overseas Development and Employment Promotion Consultant)-ന്റെ

സഹകരണത്തോടെ "കേരള സർക്കാർ-ഉന്നതി വിദേശപഠന സ്കോളർഷിപ്പ്" എന്ന പേരിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി പരമാവധി 25 ലക്ഷം രൂപ വരെ വരുമാന പരിധിയില്ലാതെ പട്ടികവർഗ വിദ്യാർഥികൾക്ക് അനുവദിച്ചുനൽകുന്നു.

1. കേരള സംസ്ഥാനത്തെ സ്ഥിരതാമസക്കാരനായിരിക്കണം.

2. യോഗ്യത പരീക്ഷയിൽ 55 ശതമാനം മാർക്ക് ലഭിച്ചിരിക്കണം.

3. 35 വയസ്സിന് താഴെ പ്രായമുള്ളവരായിരിക്കണം.

4. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരായിരിക്കരുത്.

5. ഒരു വിദ്യാർഥിക്ക് ഒരു തവണ മാത്രമേ സ്കോളർഷിപ്പ് അനുവദിക്കുകയുള്ളൂ. വിദേശ യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടിയതിനുശേഷമുള്ള അപേക്ഷയാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

55 ശതമാനം മാർക്കിന് മുകളിലുള്ളവരും 35 വയസ്സിൽ താഴെയുള്ളവരുമായ പട്ടികവർഗ വിദ്യാർഥികൾക്ക് സർക്കാർ ഏജൻസിയായ ODEPC മുഖേന ഓൺലൈനായി അപേക്ഷ നൽകാവുന്നതാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ സ്കോളർഷിപ്പ് (സെലക്ഷൻ/അപ്പീൽ) കമ്മിറ്റി (അഡീഷണൽ ചീഫ് സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി)-ചെയർമാൻ, ഡയറക്ടർ (പട്ടികവർഗ

വികസനവകുപ്പ്)- മെമ്പർ, ഡയറക്ടർ (പട്ടികജാതി വികസനവകുപ്പ്) -കൺവീനർ, ഡയറക്ടർ (പിന്നാക്ക വിഭാഗ വികസനവകുപ്പ്-മെമ്പർ, മാനേജിങ് ഡയറക്ടർ (ODEPC)-മെമ്പർ) പരിശോധിച്ച് അംഗീകരിക്കുന്നു. തുടർന്ന് വിദേശ സർവകലാശാലകളിൽ പഠനത്തിനായുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നു.

പട്ടികജാതി വികസന വകുപ്പ്

പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് വിദേശത്ത് പഠിക്കുന്നതിനായി സംസ്ഥാന സർക്കാരും ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ് ലിമിറ്റഡും (ODEPC) സംയുക്തമായി ഉന്നതി സ്കോളർഷിപ്പ് ഫോർ ഓവർസീസ് സ്റ്റഡീസ് എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ടി സ്കോളർഷിപ്പ് ലഭിക്കുന്നതിനായി വിദ്യാർഥികൾ ഓൺലൈനായി പേര് രജിസ്റ്റർ ചെയ്യുകയും ODEPC മുഖാന്തരം നടത്തുന്ന സ്ക്രീനിങ്ങിനുശേഷം നടപടിക്രമങ്ങൾ അനുസരിച്ച് സ്കോളർഷിപ്പ് (സെലക്ഷൻ/അപ്പീൽ) കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി തിരഞ്ഞെടുക്കുന്ന വിദ്യാർഥികൾക്കാണ് വിദേശപഠന സ്കോളർഷിപ്പ് അനുവദിക്കുന്നത്. വിദേശരാജ്യങ്ങളിൽ പോസ്റ്റ്

ഗ്രാജ്വേറ്റ് കോഴ്സുകൾ, പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്ക് തത്തുല്യമായ ഡിപ്ലോമാ കോഴ്സുകൾ, പി.എച്ച്.ഡി., പോസ്റ്റ് ഡോക്ടറേറ്റ് കോഴ്സുകൾ എന്നിവ പഠിക്കുന്നതിനായി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നു. വേൾഡ് ടൈംസ് യൂണിവേഴ്സിറ്റി റാങ്കിങ്ങിൽ 500-നകത്തുള്ള യൂണിവേഴ്സിറ്റികളെയാണ് പരിഗണിക്കുന്നത്. അപേക്ഷിക്കുന്ന സമയത്ത് പ്രായം 35 വയസ്സിൽ കവിയാൻ പാടില്ല. അടിസ്ഥാന യോഗ്യതയായ ഡിഗ്രി പരീക്ഷയിൽ 55 ശതമാനം മാർക്ക് നേടിയിരിക്കണം.

വാർഷികവരുമാനത്തിന്റെ അടിസ്ഥാനത്തിൽ 3 സ്ലാബുകളായിട്ടാണ് ആനുകൂല്യം അനുവദിക്കുന്നത്.

(1) 12 ലക്ഷം രൂപ വരെ-25 ലക്ഷം രൂപ:- (വിസ, എയർ ടിക്കറ്റ്, ഹെൽത്ത് ഇൻഷ്വറൻസ്, ട്യൂഷൻ ഫീസ്, ജീവിത ചെലവ്/താമസ ചെലവ്)

(2) 12-20 ലക്ഷം രൂപ വരെ-20 ലക്ഷം രൂപ:- ട്യൂഷൻ ഫീസ് (15 ലക്ഷം രൂപ വരെ) വിസ, എയർ ടിക്കറ്റ്, ഹെൽത്ത് ഇൻഷ്വറൻസ്, ജീവിത ചെലവ്/ താമസ ചെലവ് എന്നിവയ്ക്കായി 5 ലക്ഷം രൂപ.

(3) 20 ലക്ഷത്തിനു മുകളിൽ-15 ലക്ഷം രൂപ:- ട്യൂഷൻ ഫീസ് (15 ലക്ഷം രൂപയിൽ നിജപ്പെടുത്തി നൽകുന്നു. )

ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികൾക്ക് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ 50 ശതമാനം തുക വിസ, എയർ ടിക്കറ്റ്, ഹെൽത്ത് ഇൻഷ്വറൻസ്, ട്യൂഷൻ ഫീ എന്നിവ മുൻകൂറായി ODEPC-ന് അനുവദിക്കുന്നു. വിദ്യാർഥികളുടെ ട്യൂഷൻ ഫീസ് ODEPC യൂണിവേഴ്സിറ്റിക്ക് നേരിട്ടും ലിവിങ് എക്സ്പെൻസിനുള്ള തുക വിദ്യാർഥിയുടെ വിദേശ ബാങ്ക് അക്കൗണ്ടിലേക്കും അനുവദിക്കുന്നു.

(ബി) 2021 മുതൽ ഇതുവരെ ഈ പദ്ധതി വഴി എത്ര വിദ്യാർഥികൾക്ക് വിദേശത്ത് പഠിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകാമോ?

പട്ടികവർഗ വികസന വകുപ്പ്

2021 മുതൽ ഇതുവരെ വിദേശത്ത് പഠിക്കാൻ അവസരം ലഭിച്ച വിദ്യാർഥികളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 13 |
| കോട്ടയം | 6 |
| ഇടുക്കി | 31 |
| വയനാട് | 16 |
| മലപ്പുറം | 1 |
| എറണാകുളം | 6 |
| കോഴിക്കോട് | 1 |
| കാസർഗോഡ് | 5 |
| പാലക്കാട് | 3 |
| തൃശ്ശൂർ | 3 |
| പത്തനംതിട്ട | 1 |
| കണ്ണൂർ | 1 |
| ആകെ | 87 |

പട്ടികജാതി വികസന വകുപ്പ്

| ജില്ല | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|
| തിരുവനന്തപുരം | 22 | 36 | 31 | 43 |
| കൊല്ലം | 7 | 19 | 13 | 20 |
| പത്തനംതിട്ട | 1 | 6 | 6 | 8 |
| ആലപ്പുഴ | 6 | 9 | 11 | 18 |
| കോട്ടയം | 3 | 23 | 13 | 16 |
| ഇടുക്കി | 3 | 4 | 9 | 14 |
| എറണാകുളം | 18 | 43 | 48 | 47 |

| | | | | |
|---|---|---|---|---|
| തൃശ്ശൂർ | 9 | 22 | 13 | 38 |
| പാലക്കാട് | 4 | 11 | 5 | 13 |
| മലപ്പുറം | 13 | 13 | 13 | 20 |
| കോഴിക്കോട് | 11 | 15 | 14 | 14 |
| വയനാട് | 2 | 7 | 8 | 15 |
| കണ്ണൂർ | 3 | 7 | 5 | 2 |
| കാസർഗോഡ് | 3 | 2 | 2 | 2 |

(സി) വിദ്യാർഥികളുടെ പഠനത്തിന് ചെലവഴിച്ച തുകയുടെ വിശദാംശം നൽകാമോ?

പട്ടികവർഗ വികസന വകുപ്പ്

| വർഷം | വിദ്യാർഥികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2013-14 | 1 | 2,00,000 |
| 2017-18 | 1 | 38,69,230 |
| 2018-19 | 1 | 31,15,561 |
| 2019-20 | 3 | 75,00,000 |
| 2020-21 | 3 | 75,00,000 |
| 2021-22 | 10 | 2,47,86,728 |
| 2022-23 | 14 | 3,44,42,167 |
| 2023-24 | 6 | 1,50,00,000 |
| 2024-25 | 26 | 5,11,18,973 |
| 2025-26 | 16 | 2,00,00,000 |
| ആകെ | 81 | 16,75,32,659 |

2025-26-ൽ ആകെ 31 വിദ്യാർഥികളെ വിദേശ പഠനത്തിനായി തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ വിദേശ സർവകലാശാലകളിൽനിന്നും ഓഫർ ലെറ്റർ ലഭ്യമായ 16 വിദ്യാർഥികൾക്കാണ് നിലവിൽ വിദേശ പഠന ധനസഹായം അനുവദിച്ചുനൽകിയിട്ടുള്ളത്.

പട്ടികജാതി വികസന വകുപ്പ്

2017-18 മുതൽ 2025-26 വരെ വകുപ്പുമുഖേന പോയിട്ടുള്ള 550 വിദ്യാർഥികൾക്കായി ഒന്നും രണ്ടും ഗഡുക്കളായി ആകെ 130,51,42,248/- രൂപയും ODEPC മുഖേന തിരഞ്ഞെടുത്തിട്ടുള്ള 474 വിദ്യാർഥികൾക്കായി ഒന്നും രണ്ടും ഗഡുക്കളായി ആകെ 80,58,75,000/- രൂപയും ചേർത്ത് ആകെ 211,10,17,248/- രൂപ വിദേശപഠനത്തിനായി നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

**പട്ടികവർഗ വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ നടപടി**

48 (899) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ വിഭാഗത്തിൽ നിന്നുള്ള വിദ്യാർഥികൾ പഠനം പൂർത്തിയാക്കുന്നതിനുമുമ്പ് കൊഴിഞ്ഞു പോകുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്. (ബി)

ഇപ്രകാരം കൊഴിഞ്ഞുപോകുന്ന കുട്ടികളെ തിരികെ സ്കൂളുകളിൽ എത്തിക്കുന്നതിനും അവരുടെ തുടർവിദ്യാഭ്യാസത്തിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? സ്കൂൾ പഠനം ഉപേക്ഷിച്ച കുട്ടികളെ തിരികെ സ്കൂളിലേക്ക് കൊണ്ടുവരുന്നതിനും ഇവർക്ക് പ്രത്യേക പരിഗണന നൽകുന്നതിനും പട്ടികവർഗ വികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. പട്ടികവർഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യംവച്ച് സ്കൂളുകളിൽനിന്നും ഉന്നതികളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠനസൗകര്യവും ലഘുഭക്ഷണവും ഒരുക്കുന്നതിനായി സാമൂഹ്യപഠനമുറി പദ്ധതിയും വിദ്യാർഥികളുടെ ഭാഷാപ്രശ്നങ്ങൾ മൂലമുള്ള കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന ഗോത്രബന്ധു പദ്ധതിയും വകുപ്പ് നടപ്പിലാക്കുന്നുണ്ട്.

കൊഴിഞ്ഞുപോകുന്ന വിദ്യാർഥികളെ കണ്ടെത്തി അവരെ തിരികെ സ്കൂളുകളിൽ എത്തിക്കുന്നതിന് ജില്ലാതലത്തിൽ ടൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, എസ്.ടി. പ്രൊമോട്ടർമാർ, മെന്റർ ടീച്ചർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവരുടെ സഹായത്തോടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്തുവരുന്നു. പട്ടികവർഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യംവച്ച് സ്കൂളുകളിൽനിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠനസൗകര്യവും ലഘുഭക്ഷണവും ഒരുക്കുന്നതിനായി 2017-18 വർഷത്തിൽ സാമൂഹ്യപഠനമുറി പദ്ധതി നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്ത് 364 സാമൂഹ്യപഠനമുറികൾ പ്രവർത്തിച്ചുവരുന്നു. വിദ്യാർഥികളുടെ ഭാഷാപ്രശ്നങ്ങൾ മൂലമുള്ള കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നിവ പരിഹരിക്കുന്നതിന് സർക്കാർ എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ 326 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. ടി മെന്റർ ടീച്ചർമാർ കുട്ടികളുടെ തനത് ഗോത്രഭാഷയിൽ പാഠ്യഭാഗങ്ങൾ വിവരിച്ച് നൽകുന്നു.

പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർഥികളെ മുടങ്ങാതെ സ്കൂളിൽ അയയ്ക്കുന്നതിനായി ഓരോ അധ്യയനവർഷവും 75 ശതമാനം ഹാജരുള്ള വിദ്യാർഥികളുടെ രക്ഷിതാക്കൾക്ക് പ്രതിവർഷം 500/- രൂപ പ്രോത്സാഹന ധനസഹായം നൽകുന്നു.

എസ്.എസ്.എൽ.സി. വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർഥികൾക്ക് അധ്യയനവർഷം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകൾക്കായുള്ള ലംപ്സംഗ്രാന്റ് (L.P. വിഭാഗം വിദ്യാർഥികൾക്ക് 750/- രൂപയും, U.P. വിഭാഗം വിദ്യാർഥികൾക്ക് 900/- രൂപയും H.S. വിഭാഗം വിദ്യാർഥികൾക്ക് 1000/- രൂപയും), സ്റ്റൈപെൻഡ് 2000/- രൂപയും, ഇതിനുപുറമേ പ്രാക്തന ഗോത്രവിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് അധിക ധനസഹായമായി പ്രതിമാസ സ്റ്റൈപെൻഡ് 200/- രൂപയും, നഴ്സറി തലത്തിൽ പഠനം നടത്തുന്ന വിദ്യാർഥികൾക്ക് 500/- രൂപ നിരക്കിൽ ലംപ്സംഗ്രാന്റും അനുവദിച്ചുവരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 2,250/- രൂപ സ്കോളർഷിപ്പ് ഇനത്തിലും

750/-രൂപ ബുക്ക് തുടങ്ങിയ പഠനസാമഗ്രികൾ വാങ്ങുന്നതിനും ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർഥികൾക്ക് യഥാക്രമം 5,250/- രൂപയും 1,000/- രൂപയും നൽകുന്നു.

അക്കാദമിക് കലാകായിക മത്സരങ്ങളിൽ ഉന്നതവിജയം നേടുന്ന സമർഥരായ പട്ടികവർഗ വിദ്യാർഥികൾക്ക് പ്രത്യേക പ്രോത്സാഹനമായി എസ്.എസ്.എൽ.സി., പ്ലസ് ടു കട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ 3000/- രൂപയും ബിരുദം, ബിരുദാനന്തരബിരുദം എന്നിവയ്ക്ക് യഥാക്രമം 4500/-, 6000/- രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹനം നൽകി വരുന്നു.

സമർഥരായ പട്ടികവർഗ വിദ്യാർഥികളെ ഒരു മത്സര പരീക്ഷയിലൂടെ കണ്ടെത്തി അവരുടെ 5-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ള തുടർപഠനത്തിനായുള്ള അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു.

പട്ടികവർഗ വിദ്യാർഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും പഠനത്തോട് കൂടുതൽ താൽപര്യം ഉണ്ടാക്കുന്നതിനും വിദ്യാർഥികളുടെ കലാ-കായിക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുമായി

വകുപ്പ് 110 പ്രീമെട്രിക് ഹോസ്റ്റലുകളും റെസിഡൻഷ്യൽ സൗകര്യത്തോടുകൂടി 22 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും പട്ടികവർഗ വികസന വകുപ്പിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ ഹൈടെക്/സ്മാർട്ട് ക്ലാസ് റൂമുകളാക്കുക വഴി പൊതുസമൂഹത്തെപോലെതന്നെ പട്ടികവർഗ വിദ്യാർഥികൾക്ക് പഠനത്തോട് താൽപര്യവും ഉത്സാഹവും ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

കൂടാതെ പട്ടികവർഗ വിദ്യാർഥികളുടെ പഠന നിലവാരം അവലോകനം ചെയ്യുന്നതിനും കുട്ടികളുടെ പങ്കാളിത്തം സ്കൂളിൽ ഉറപ്പാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും വിദ്യാഭ്യാസത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവരുടെ സഹകരണത്തോടുകൂടി ആക്ഷൻപ്ലാൻ തയ്യാറാക്കുകയും ആയത് പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആദിവാസി മേഖലയിലെ വിദ്യാർഥികൾക്ക് യാത്രാസൗകര്യം ഒരുക്കുന്നതിനും പ്രഭാത ഭക്ഷണം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

പട്ടികവർഗ വിദ്യാർഥികൾക്ക് വാസസ്ഥലത്തുനിന്നും സ്കൂളിൽ പോയിവരാൻ പട്ടികവർഗ വികസന വകുപ്പ് ആവിഷ്കരിച്ച "ഗോത്രസാരഥി" പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുകയും, ഗോത്രവാഹിനി പദ്ധതിയുടെ മാർഗനിർദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി "വിദ്യാവാഹിനി" എന്ന് പുനഃനാമകരണം ചെയ്ത് നടപ്പിലാക്കിവരുന്നു. 2017-18 വർഷത്തിൽ ആവിഷ്കരിച്ച സാമൂഹ്യപഠനമുറി എന്ന പദ്ധതിയിലൂടെ കൊഴിഞ്ഞുപോക്ക് തടയാനായി പഠന സൗകര്യവും ലഘുഭക്ഷണവും ഒരുക്കിയിട്ടുണ്ട്. 2017-18 വർഷത്തിൽ സാമൂഹ്യപഠനമുറി പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തുടനീളം 364 സാമൂഹ്യപഠനമുറികൾ പ്രവർത്തിച്ചുവരുന്നു.

(ഡി) ആദിവാസി വിദ്യാർഥികളുടെ പഠന നിലവാരം അവലോകനം ചെയ്യുന്നതിനും കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

നിലവിൽ പട്ടികവർഗ വിദ്യാർഥികളുടെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പും പ്ലാനിങ്

ബോർഡും ചേർന്ന് ആക്ഷൻപ്ലാൻ തയ്യാറാക്കി കർമ്മപദ്ധതി നടപ്പിലാക്കുന്നതിനായി വിവിധ തലങ്ങളിൽ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. പട്ടികവർഗ വിദ്യാർഥികൾക്ക് വീടിനോടുചേർന്ന് സ്മാർട് പഠനമുറി നിർമ്മിക്കുന്നതിന് മാർഗരേഖ സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. പട്ടികവർഗ വിദ്യാർഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി വകുപ്പ് 22 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും 120 ഹോസ്റ്റലുകളും പ്രവർത്തിപ്പിക്കുന്നു. ഇവിടത്തെ വിദ്യാർഥികളെ ഓരോ ഘട്ടത്തിലും അവലോകനം നടത്തി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്കായി റെമഡിയൽ ക്ലാസുകൾ ഉൾപ്പെടെ നൽകിവരുന്നു. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ ഗണിത പഠനം, ശാസ്ത്ര പഠനം ഇവയിൽ അടിസ്ഥാനം നൽകുന്നതിനായി KDISC-മായി സഹകരിച്ച് മഞ്ചാടി, മഴവിൽ പദ്ധതികൾ നടത്തിവരുന്നു. കൂടാതെ 2025-ലെ വേനലവധി കാലയളവിൽ വിദ്യാർഥികളുടെ മാനസിക ഉല്ലാസം വർധിപ്പിക്കുക, പഠന നിലവാരം അവലോകനം ചെയ്യുക, കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുക എന്നീ ഉദ്ദേശ്യത്തോടെ പട്ടികവർഗ ഉന്നതികളോട് ചേർന്ന് പ്രവർത്തിക്കുന്ന സാമൂഹ്യ പഠനമുറികളിൽ പഠനോത്സവം എന്ന പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്.

**വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്റർ**

49 (900) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ വിദ്യാർഥികളെ വിവിധ മത്സര പരീക്ഷകൾക്കായി പരിശീലിപ്പിക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും 'വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്റർ' എല്ലാ നിയോജകമണ്ഡലങ്ങളിലും ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ വിദ്യാർഥികളെ വിവിധ മത്സര പരീക്ഷകൾക്കായി പരിശീലിപ്പിക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും 14 ജില്ലകളിലും (എല്ലാ നിയമസഭാമണ്ഡലങ്ങളിലും) വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകൾ ആരംഭിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ പ്രവർത്തിക്കുന്ന അംബേദ്കർ ഭവനിൽ മെയിൻ സ്റ്റുഡിയോ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. സ്റ്റുഡിയോ സജ്ജമായി കഴിഞ്ഞാൽ എല്ലാ നിയോജകമണ്ഡലങ്ങളിലും നിലവിൽ ലഭ്യമായ കെട്ടിടങ്ങളിലും പി.ഇ.റ്റി.സി.-

കളിലും വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകൾ ആരംഭിക്കാൻ കഴിയും.

ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സൊലൂഷൻസ് (ICFOSS)-ന്റെ സ്റ്റുഡിയോ ഉപയോഗപ്പെടുത്തി പ്രീറെക്കോർഡിങ് ക്ലാസ് നടത്തുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

**പിന്നാക്ക വിഭാഗത്തിലുള്ള വിദ്യാർഥികളുടെ വിദേശ വിദ്യാഭ്യാസം**

50 (901) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽ ഉൾപ്പെടാത്ത മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് കേരളത്തിന് പുറത്തോ രാജ്യത്തിന് പുറത്തോ പോയി പഠിക്കുന്നതിന് എന്തെങ്കിലും സ്കീം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

ഉണ്ട്. മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് വിദേശ സർവകലാശാലകളിൽ പഠനം നടത്തുന്നതിന് ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിയും സംസ്ഥാനത്തിന് പുറത്തെ ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിൽ

മെറിറ്റ്/റിസർവേഷൻ പ്രകാരം ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ പ്രവേശനം ലഭിച്ച ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവർക്ക് PM-YASASVI Postmatric Scholarship പദ്ധതിയും നടപ്പാക്കുന്നുണ്ട്. ടി പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) 2021 മുതൽ എത്ര വിദ്യാർഥികൾക്ക് ഇപ്രകാരം ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2021 മുതൽ വിദേശ പഠനത്തിനുള്ള ധനസഹായം 55 കുട്ടികൾക്കും സംസ്ഥാനത്തിന് പുറത്ത് പഠിക്കുന്ന 9595 വിദ്യാർഥികൾക്കും വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചിട്ടുണ്ട്.

(സി) പുതുതായി ഈ ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിയുടെ വിജ്ഞാപനവും കേരളത്തിന് പുറത്ത് പഠിക്കുന്ന കുട്ടികൾക്കുള്ള ധനസഹായം അനുവദിക്കുന്ന പോസ്റ്റ്മെട്രിക് പദ്ധതികളുടെ സർക്കുലറുകളും അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഈ ആനുകൂല്യം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഏതൊക്കെ കോഴ്സുകളാണ് ഈ സ്കീമുകളിൽ ഉൾപ്പെട്ടിട്ടുള്ളതെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിയുടെ വിജ്ഞാപനവും കേരളത്തിന് പുറത്ത് പഠിക്കുന്ന കുട്ടികൾക്കുള്ള ധനസഹായം അനുവദിക്കുന്ന പോസ്റ്റ്മെട്രിക് പദ്ധതികളുടെ സർക്കുലറുകളും അനുബന്ധമായി ചേർക്കുന്നു.[+]

**പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർക്കുള്ള പദ്ധതികളിലെ കുടിശ്ശിക**

51 (902) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കുള്ള വിവിധ സ്കോളർഷിപ്പുകളിലും വിദ്യാഭ്യാസ സഹായ പദ്ധതികളിലുമായി നിലവിൽ എത്ര രൂപയുടെ കുടിശ്ശിക വിതരണം ചെയ്യാനുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വിഭാഗ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികളിൽ കുടിശ്ശികയില്ല. പ്രീമെട്രിക്, മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ കുടിശ്ശികയില്ല. പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർഥികൾക്ക് നിലവിൽ സ്കോളർഷിപ്പായി 9,42,74,160/- രൂപയുടെ ക്ലെയിമുകൾ അനുവദിച്ച് നൽകാനുണ്ട്. ശീർഷകത്തിൽ തുക ലഭ്യമല്ലാത്തതിനാൽ അഡീഷണൽ ഓതറൈസേഷൻ മുഖേന നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള വിവിധ ചികിത്സാസഹായ പദ്ധതികളിലും ക്ഷേമ പദ്ധതികളിലുമായി നിലവിൽ എത്ര രൂപയുടെ കുടിശ്ശിക വിതരണം ചെയ്യാനുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ചികിത്സാസഹായ പദ്ധതികളുടെയും ക്ഷേമ പദ്ധതികളുടെയും കുടിശ്ശിക ഉള്ളതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | കുടിശ്ശിക |
|---|---|
| ചികിത്സാ ധനസഹായം | 3,42,25,500/- |

| | |
|---|---|
| വിവാഹ ധനസഹായം | 58,07,00,000/- |
| മിശ്ര വിവാഹ ധനസഹായം | 65,12,25,000/- |
| ഏക വരുമാന ദായകന്റെ മരണം ധനസഹായം | 15,56,00,000/- |
| വിദേശ തൊഴിൽ ധനസഹായം | 5,61,00,000/- |

പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള മിശ്രവിവാഹ ധനസഹായത്തിൽ 91,75,000/- രൂപ കുടിശ്ശികയുണ്ട്.

**പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ് പരിഹരിക്കാനുള്ള സ്പെഷ്യൽ ഡ്രൈവ്**

52 (903) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ ശിപാർശയുടെ വെളിച്ചത്തിൽ സർക്കാർ, അർധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർവകലാശാലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ് പഠിക്കാനും അത് നികത്താനും ആരംഭിച്ച സ്പെഷ്യൽ ഡ്രൈവ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വിവരശേഖരണത്തിനായി പിന്നാക്ക വിഭാഗ കമ്മീഷൻ ആസ്ഥാനത്ത് ആരംഭിച്ച വെബ് പോർട്ടൽ വഴി ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

(എ&ബി) പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നതിനായി ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമനരീതിയിൽ മാറ്റം വരുത്തുകയുണ്ടായി.

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, സർക്കാർ വകുപ്പുകൾ/ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പിന്നാക്ക വിഭാഗങ്ങളുടെ സംസ്ഥാന സർവീസിലെ പ്രാതിനിധ്യം കണ്ടെത്താനുതകുന്ന തരത്തിൽ e-CDESK (e Caste Database of Employees in Service Kerala) എന്ന പേരിൽ ഒരു വെബ്പോർട്ടൽ വികസിപ്പിക്കുകയും സർക്കാർ വകുപ്പുകളിലെയും/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ വിശദാംശങ്ങൾ e-CDESK വെബ്പോർട്ടലിൽ രേഖപ്പെടുത്താൻ ചുമതലപ്പെടുത്തിയിട്ടുള്ള ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ നോഡൽ ഓഫീസർമാർക്ക് പരിശീലനം നൽകുകയും ബന്ധപ്പെട്ട നോഡൽ ഓഫീസർമാർ

പ്രസ്തുത പോർട്ടലിൽ സർക്കാർ വകുപ്പുകളുടെയും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളുടെയും സ്ഥിരം ജീവനക്കാരുടെ വിവരങ്ങൾ ചേർത്തുവരികയുമാണ്.

(സി) വിവിധ സമുദായങ്ങൾക്കുണ്ടായിട്ടുള്ള പ്രാതിനിധ്യക്കുറവ് സംബന്ധിച്ച് മുഖ്യമന്ത്രി അധ്യക്ഷനായ ഉന്നത സമിതിയുടെ കണ്ടെത്തലുകൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) സമിതിയുടെ കണ്ടെത്തലുകളുടെയും ലഭ്യമായ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ഏതെല്ലാം സമുദായങ്ങളുടെ പ്രാതിനിധ്യക്കുറവ് പരിഹരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(സി&ഡി) കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, സർക്കാർ വകുപ്പുകൾ/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ വിവിധ സമുദായ വിഭാഗങ്ങളുടെ സംസ്ഥാന സർവീസിലെ പ്രാതിനിധ്യം കണ്ടെത്താനുതകുന്ന തരത്തിൽ e-CDESK (e Caste Database of Employees in Service Kerala) എന്ന പേരിൽ ഒരു വെബ്പോർട്ടൽ വികസിപ്പിക്കുകയും സർക്കാർ വകുപ്പുകളിലെയും/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ വിശദാംശങ്ങൾ e-CDESK വെബ്പോർട്ടലിൽ രേഖപ്പെടുത്താൻ ചുമതലപ്പെടുത്തിയിട്ടുള്ള ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ നോഡൽ

ഓഫീസർമാർക്ക് പരിശീലനം നൽകുകയും ബന്ധപ്പെട്ട നോഡൽ ഓഫീസർമാർ പ്രസ്തുത പോർട്ടലിൽ സർക്കാർ വകുപ്പുകളുടെയും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളുടെയും സ്ഥിരം ജീവനക്കാരുടെ വിവരങ്ങൾ ചേർത്തുവരികയുമാണ്.

**ഹരിപ്പാട് മണ്ഡലത്തിലെ സൈബർശ്രീ യൂണിറ്റിന്റെ പ്രവർത്തനം**

53 (904) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ പട്ടികജാതി വിദ്യാർഥികൾക്ക് സൗജന്യ കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി സ്ഥാപിച്ചിരുന്ന സൈബർശ്രീ സെന്ററിന്റെ പ്രവർത്തനം അവസാനിപ്പിച്ചതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ സെന്ററിന്റെ പ്രവർത്തനം അടിയന്തരമായി പുനരാരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) 2019-20 വർഷം ഹരിപ്പാട് സബ്സെന്ററിൽ രണ്ട് കോഴ്സുകൾ ആരംഭിക്കുന്നതിന് (Digital Print and Web Design, Computarised Finance Management) Total Project cost ആയ 59,48,300/- രൂപയുടെ അനുമതി നൽകിയിരുന്നു. 50 ശതമാനം തുകയായ 29,74,150/- രൂപ സൈബർശ്രീക്ക്

ഒന്നാം ഗഡുവായി 14-10-2019-ന് അനുവദിച്ചിരുന്നു. പരിശീലനം പൂർത്തിയാക്കിയ 39 വിദ്യാർഥികൾക്കുള്ള തുക സ്ഥാപനത്തിന് അനുവദിക്കുകയും ചെയ്തിരുന്നു. തുടർന്ന് 21 പേർക്കുകൂടി പരിശീലനം നൽകുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടതിൻ പ്രകാരം ഉത്തരവ് റീവാലിഡേറ്റ് ചെയ്തനൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) ഹരിപ്പാട് സൈബർശ്രീ സെന്ററിനെ സംബന്ധിച്ച് സെക്രട്ടേറിയറ്റിലുള്ള SCSTDD-A3/286/2022-SCSTDD നമ്പർ നടപ്പ്, കുറിപ്പ് ഫയലുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

പകർപ്പ് വിവരാവകാശ നിയമ പ്രകാരം ശേഖരിക്കാവുന്നതാണ്.

**ചേലക്കര മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു പഠന സൗകര്യം ആരംഭിക്കാൻ നടപടി**

54 (905) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ പട്ടികജാതി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ചേലക്കര മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു പഠന സൗകര്യമില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ചേലക്കര നിയോജകമണ്ഡലത്തിൽ പട്ടികജാതി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ചേലക്കര മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കൻഡറി ബാച്ച് ആരംഭിക്കുന്നതിന് നിലവിലുള്ള അക്കാദമിക് ബ്ലോക്കിന് മുകളിൽ 40 വിദ്യാർഥികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവൃത്തി ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പിനും തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ഓഫീസർക്കും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അനുമതി നൽകിയിട്ടുണ്ട് . പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ചേലക്കര മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു പഠന സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ബി) സംവരണ മണ്ഡലമായ ചേലക്കരയിൽ ധാരാളം പട്ടികജാതി വിദ്യാർഥികളുള്ളതിനാൽ അടുത്ത അധ്യയന വർഷം മുതൽ ചേലക്കര മോഡൽ

റെസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു പഠനസൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകാമോ?

ചേലക്കര നിയോജകമണ്ഡലത്തിൽ പട്ടികജാതി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ചേലക്കര മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കൻഡറി ബാച്ച് ആരംഭിക്കുന്നതിന് നിലവിലുള്ള അക്കാദമിക് ബ്ലോക്കിന് മുകളിൽ 40 വിദ്യാർഥികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവൃത്തി ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പിനും തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ഓഫീസർക്കും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാകുന്നമുറയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കി ചേലക്കര മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു പഠന സൗകര്യം ഏർപ്പെടുത്തതിന് നടപടി സ്വീകരിക്കുന്നതാണ് .

**വിദ്യാർഥികൾക്കുള്ള പഠന സഹായം**

55 (906) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. എം. മുകേഷ്:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിന്നാക്കവിഭാഗ വിദ്യാർഥികൾക്കുള്ള വിദേശപഠന സഹായം എത്ര കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും ഇവർക്ക് എത്ര തുകയാണ് സ്കോളർഷിപ്പായി നൽകി വരുന്നതെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിന്നാക്ക വിഭാഗ വിദ്യാർഥികൾക്കുള്ള വിദേശപഠന സഹായം 55 കുട്ടികൾക്ക് നൽകിയിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികൾ ഹാജരാക്കുന്ന പഠനച്ചെലവുകളുടെ അടിസ്ഥാനത്തിൽ പരമാവധി 10 ലക്ഷം രൂപ ഓരോ വിദ്യാർഥിക്കും അനുവദിച്ച് നൽകിവരുന്നു.

(ബി) പട്ടികജാതി വിദ്യാർഥികളുടെ 2024-25 വർഷത്തെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് വിതരണം പൂർത്തിയായിട്ടുണ്ടോയെന്നും എത്ര തുകയാണ് സ്കോളർഷിപ്പായി ഇവർക്ക് നൽകി വരുന്നതെന്നും വിശദമാക്കാമോ?

പട്ടികജാതി വിദ്യാർഥികളുടെ 2024-25 വർഷത്തെ അപ്രൂവൽ ലഭിച്ച പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകളുടെ വിതരണം പൂർത്തീകരിച്ചിട്ടുണ്ട്.

നടപ്പുവർഷത്തെ ഫണ്ടിൽനിന്നും 30-08-2025 വരെ 2024-25 അധ്യയന വർഷത്തെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ 224.42 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

(സി) പട്ടികജാതി-പിന്നാക്ക വിഭാഗ വിദ്യാർഥികളുടെ തൊഴിൽ നൈപുണ്യത്തിനായി വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജ്, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയവയിൽ മെച്ചപ്പെട്ട സൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിന് മെച്ചപ്പെട്ട സൗകര്യം ഏർപ്പെടുത്തിക്കൊണ്ട് പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം 2025 സെപ്റ്റംബർ 8-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിച്ചിട്ടുണ്ട്.

**പട്ടികജാതി പട്ടികവർഗ വിഭാഗം വിദ്യാർഥികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ്**

56 (907) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ വിഭാഗത്തിലെ വിദ്യാഭ്യാസ സ്കോളർഷിപ്പിന് അർഹരായ വിദ്യാർഥികളുടെ കുടുംബ വാർഷിക വരുമാനത്തിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ?

പട്ടികജാതി വികസന വകുപ്പ്

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പ് പദ്ധതികളായ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി, സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് Comp 1 എന്നിവ ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷമായി നിശ്ചയിച്ചിട്ടുണ്ട്.

സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് Comp II പദ്ധതിയിൽ ജാതി, വരുമാനം എന്നിവ ബാധകമാക്കാതെ സ്കോളർഷിപ്പ് അനുവദിക്കുന്നു.

പട്ടികവർഗ വികസന വകുപ്പ്

പട്ടികവർഗ വിഭാഗത്തിലെ സ്കോളർഷിപ്പിന് അർഹരായ വിദ്യാർഥികളുടെ കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷമായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.

(ബി) ഇതുമൂലം നിലവിലെ സർക്കാരിന് അധിക ബാധ്യത ഉണ്ടായിട്ടുണ്ടോ?

പട്ടികജാതി വികസന വകുപ്പ്

ഉണ്ട്. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ കുടുംബ വാർഷിക വരുമാനം 2.5 ലക്ഷത്തിന് മുകളിലുള്ള വിദ്യാർഥികളുടെ സ്കോളർഷിപ്പ് പൂർണ്ണമായും സംസ്ഥാന സർക്കാർ അനുവദിക്കുന്നുണ്ട്. ആയതിനൊപ്പം കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം വരെയുള്ള വിദ്യാർഥികളുടെ സ്കോളർഷിപ്പിൽ കേന്ദ്രസർക്കാർ അനുവദിക്കാത്ത കംപോണന്റുകളായ അഡീഷണൽ സ്റ്റൈപ്പന്റ് അലവൻസ്, ഹോസ്റ്റൽ ഫീസ്, ഗവേഷണ വിദ്യാർഥികളുടെ ഫെല്ലോഷിപ്പ് എന്നിവ പൂർണ്ണമായും സംസ്ഥാന സർക്കാർ അനുവദിക്കുന്നു.

പട്ടികവർഗ വികസന വകുപ്പ്

കുടുംബ വാർഷിക വരുമാനം 2.5 ലക്ഷത്തിന് മുകളിലുള്ള പട്ടികവർഗ വിദ്യാർഥികളുടെ സ്കോളർഷിപ്പ് പൂർണ്ണമായും സംസ്ഥാന സർക്കാർ അനുവദിക്കുന്നുണ്ട്.

(സി) എത്ര വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പ്

പിരിവ് 1-ൽ പരാമർശിച്ച പദ്ധതികൾ പ്രകാരം സ്കോളർഷിപ്പ് ലഭിച്ച വിദ്യാർഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

1. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

| അധ്യയന വർഷം | വിദ്യാർഥികളുടെ എണ്ണം |
|---|---|
| 2024-25 | 119495 |

2. സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് - Comp I

| അധ്യയന വർഷം | വിദ്യാർഥികളുടെ എണ്ണം |
|---|---|
| 2024-25 | 47456 |

3. സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് - Comp II

| അധ്യയന വർഷം | വിദ്യാർഥികളുടെ എണ്ണം |
|---|---|
| 2024-25 | 404 |

2025-26 അധ്യയന വർഷത്തെ സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി സ്കോളർഷിപ്പ് അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്.

ആയതിൻപ്രകാരം ലഭ്യമാകുന്ന സ്കോളർഷിപ്പ് ക്ലെയിമുകൾ അപ്പ്രൂവൽ ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യതയ്ക്കുവിധേയമായി പേയ്മെന്റ് ചെയ്തുവരുന്നു.

പട്ടികവർഗ വികസന വകുപ്പ്

2024-25 അധ്യയന വർഷം 62,158 വിദ്യാർഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പും 14,427 വിദ്യാർഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പും അനുവദിച്ചു.

**പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കുള്ള കേന്ദ്ര സ്കോളർഷിപ്പ്**

57 (908) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ 1,151 വിദ്യാർഥികൾക്ക് നഷ്ടമായത് കേന്ദ്ര സർക്കാരിന്റെ ഏത് സ്കോളർഷിപ്പാണെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി/പട്ടികവർഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന സ്കോളർഷിപ്പ് പദ്ധതികൾ പ്രകാരം പാലക്കാട് ജില്ലയിലെ 1151 വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നഷ്ടമായത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. (ബി) നാഷണൽ മീൻസ്

കം മെറിറ്റ് സ്കോളർഷിപ്പ് (എൻ.എം.എം.എസ്.എസ്.) ലഭിക്കാൻ വിദ്യാർഥികൾ പാലിക്കേണ്ട രണ്ട് പ്രധാന നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് പദ്ധതി (എൻ.എം.എം.എസ്.എസ്.) പട്ടികജാതി/പട്ടികവർഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കുന്നില്ല.

(സി) ഇ-ഗ്രാന്റ് സ്കോളർഷിപ്പും കേന്ദ്ര സ്കോളർഷിപ്പും തമ്മിൽ പ്രധാന വ്യത്യാസം എന്താണെന്ന് വിശദമാക്കാമോ?

കേന്ദ്ര മാനദണ്ഡങ്ങൾക്കനുസൃതമായി സംസ്ഥാന സർക്കാർ അനുവദിക്കുന്ന ആനുകൂല്യങ്ങൾകൂടി ഉൾപ്പെടുത്തി വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നത് വകുപ്പിന്റെ വിദ്യാഭ്യാസ ഓൺലൈൻ പ്ലാറ്റ്ഫോമായ ഇ-ഗ്രാന്റ്സ് 3.0 പോർട്ടൽ മുഖേന താഴെപ്പറയുന്ന 2 രീതിയിലാണ് സ്കോളർഷിപ്പ് അനുവദിച്ചുവരുന്നത്.

1. <u>പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്</u>

കുടുംബവാർഷിക വരുമാനം 2.5 ലക്ഷം വരെയുള്ള പട്ടികജാതി വിദ്യാർഥികൾക്ക് ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ്, അക്കാദമിക്

അലവൻസ് എന്നിവ 60 ശതമാനം കേന്ദ്ര വിഹിതമായും 40 ശതമാനം തുക സംസ്ഥാന വിഹിതമായും പട്ടികവർഗ വിദ്യാർഥികളിൽ 75 ശതമാനം തുക കേന്ദ്ര വിഹിതമായും 25 ശതമാനം തുക സംസ്ഥാന വിഹിതമായും അനുവദിക്കുന്നു. കേന്ദ്ര വിഹിതത്തിനായി സംസ്ഥാന വിഹിതം നൽകിയതിനുശേഷം നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലേക്ക് ഡാറ്റ ഷെയർ ചെയ്യുന്നു. ഹോസ്റ്റൽ വിദ്യാർഥികൾക്കുള്ള ഹോസ്റ്റൽ ഫീസ് സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്കും അനുവദിക്കുന്നു.

കുടുംബവാർഷിക വരുമാനം 2.5 ലക്ഷത്തിന് മുകളിലുള്ള പട്ടികജാതി/ പട്ടികവർഗ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് തുക മുഴുവനായി സംസ്ഥാന ബജറ്റിൽനിന്നും വിദ്യാർഥികളുടെ അക്കൗണ്ടിലേക്ക് അനുവദിക്കുന്നു. ഹോസ്റ്റൽ വിദ്യാർഥികൾക്കുള്ള ഹോസ്റ്റൽ ഫീസ് പൂർണ്ണമായും സംസ്ഥാന വിഹിതമായി സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്കും അനുവദിച്ചുവരുന്നു.

ഈ രണ്ട് പദ്ധതികളിലും ഉൾപ്പെട്ട പട്ടികജാതി/പട്ടികവർഗ വിദ്യാർഥികൾക്ക് സംസ്ഥാന സർക്കാർ ലംപ്സംഗ്രാന്റ് അനുവദിച്ചുവരുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നവർക്ക് പോക്കറ്റ് മണിയും പോയിവരുന്ന

വിദ്യാർഥികൾക്ക് സ്റ്റൈപെൻഡ് സംസ്ഥാന ബജറ്റിൽനിന്നും അനുവദിക്കുന്നു. അതായത് കുടുംബ വാർഷിക വരുമാനം 2.5 ലക്ഷംവരെയുള്ള പട്ടികജാതി/പട്ടികവർഗ വിദ്യാർഥികൾക്ക് ലഭിക്കുന്ന കേന്ദ്ര അക്കാദമിക് അലവൻസിനുപുറമേ സംസ്ഥാന പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് ആനുപാതികമായി അധിക സംസ്ഥാന അക്കാദമിക് അലവൻസുകൂടി അനുവദിച്ചുവരുന്നു.

2. <u>പ്രീ മെട്രിക് സ്കോളർഷിപ്പ്</u>

പ്രീ മെട്രിക് സ്കോളർഷിപ്പ് കേന്ദ്ര സർക്കാർ 9, 10 ക്ലാസുകളിലെ 2.5 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ളവരുടെ പട്ടികജാതി വിദ്യാർഥികൾക്ക് 60 ശതമാനം കേന്ദ്ര വിഹിതമായും 40 ശതമാനം തുക സംസ്ഥാന വിഹിതമായും പട്ടികവർഗ വിദ്യാർഥികളിൽ 75 ശതമാനം തുക കേന്ദ്ര വിഹിതമായും 25 ശതമാനം തുക സംസ്ഥാന വിഹിതമായും പരിമിതപ്പെടുത്തിയിരിക്കുകയാണ്. എന്നാൽ സംസ്ഥാന സർക്കാർ വരുമാന പരിധിയില്ലാതെ മുഴുവനായി സംസ്ഥാന ബജറ്റിൽനിന്നും വിദ്യാർഥികളുടെ അക്കൗണ്ടിലേക്ക് അനുവദിക്കുന്നു. കൂടാതെ

സംസ്ഥാന സർക്കാർ 1 മുതൽ 8 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികവിഭാഗ വിദ്യാർഥികൾക്ക് ലംപ്സംഗ്രാന്റും സ്റ്റൈപെൻഡും അനുവദിച്ചുവരുന്നു.

(ഡി) എൻ.എം.എം.എസ്.എസ്. സ്കോളർഷിപ്പ് പ്രകാരം ഒൻപതാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർഥികൾക്ക് പ്രതിവർഷം ലഭിക്കുന്ന തുക എത്രയാണെന്ന് വിശദമാക്കാമോ?

നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് പദ്ധതി (എൻ.എം.എം.എസ്.എസ്.) വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല. ആയതിനാൽ വിശദാംശങ്ങൾ ലഭ്യമല്ല.

(ഇ) ഇ-ഗ്രാന്റ് കൈപ്പറ്റിയ വിദ്യാർഥികൾ തുക തിരിച്ചുനൽകിയാൽ ഭാവിയിൽ കേന്ദ്ര സ്കോളർഷിപ്പ് വീണ്ടും ലഭ്യമാകുമോയെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ മാർഗനിർദേശ പ്രകാരം വിദ്യാർഥികൾക്ക് ഒരേ കാലയളവിൽ ഒരു സ്കോളർഷിപ്പിന് മാത്രമാണ് അർഹതയുള്ളത്. ആയതിനാൽ ഇ-ഗ്രാന്റ്സിനോടൊപ്പം മറ്റ് സ്കോളർഷിപ്പുകൾ കൈപ്പറ്റാൻ കഴിയില്ല.

**പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകൾ**

58 (909) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകൾ (പി.ഇ.റ്റി.സി.) ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ നിലവിൽ തിരുവനന്തപുരം-മണ്ണന്തല, എറണാകുളം-ആലുവ, പാലക്കാട്-കുഴൽമന്ദം, കോഴിക്കോട് എന്നീ ജില്ലകളിലായി 4 പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) പി.ഇ.റ്റി.സി.-യിൽനിന്നും ലഭ്യമാകുന്ന സേവനങ്ങൾ വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്റർ മുഖേന കേരള പി.എസ്.സി., UPSC, RRB, SSC, പബ്ലിക് സെക്ടർ & പ്രൈവറ്റ് സെക്ടർ എന്നീ മത്സരപരീക്ഷകൾക്കുള്ള പരിശീലനവും CA, Typist, Stenographer എന്നീ മത്സരപരീക്ഷകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള പരിശീലനവുമാണ് നൽകിവരുന്നത്.

(സി) പി.ഇ.റ്റി.സി. ഇല്ലാത്ത ജില്ലകളിൽ അത് സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) എങ്കിൽ ഭാഷാ ന്യൂനപക്ഷങ്ങൾ അധിവസിക്കുന്ന കാസർഗോഡ് പോലെയുള്ള ജില്ലകൾക്ക് മുൻഗണന നൽകുമോ;

(ഇ) ഒരു പി.ഇ.റ്റി.സി. സ്ഥാപിക്കാനാവശ്യമായ ചെലവ് എത്രയാണെന്നും സജ്ജമാക്കേണ്ട സംവിധാനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

(സി-ഇ) 14 ജില്ലകളിലും (എല്ലാ നിയമസഭാമണ്ഡലങ്ങളിലും) വെർച്വൽ പ്രീ-എക്സാമിനേഷൻ ടെയിനിങ് സെന്ററുകൾ ആരംഭിക്കുന്നതിനുവേണ്ടി പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പ്രീ-എക്സാമിനേഷൻ ടെയിനിങ് സെന്ററുകളിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ വെർച്വൽ ക്ലാസ് റൂമുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വെർച്വൽ ക്ലാസ് റൂമുകൾ പണിയുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ പ്രവർത്തിക്കുന്ന അംബേദ്കർ ഭവനിൽ മെയിൻ സ്റ്റുഡിയോ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സൊല്യൂഷൻസ് (ICFOSS)-ന്റെ സ്റ്റുഡിയോ ഉപയോഗപ്പെടുത്തി പ്രീ

റെക്കോർഡിങ് ക്ലാസ് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയത് സജ്ജമാകുന്ന മുറയ്ക്ക് പി.ഇ.ടി.സി. ഇല്ലാത്ത ജില്ലകളിൽ വെർച്വൽ പി.ഇ.ടി.സി. സ്ഥാപിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ്.

**പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണം**

59 (910) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബജറ്റിൽ അനുവദിച്ചിട്ടുള്ള അഴീക്കോട് മണ്ഡലത്തിലെ പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതിക്കുവേണ്ടി പ്രൊപ്പോസൽ സമർപ്പിച്ചിട്ടും തുടർനടപടി സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി അറിയിക്കാമോ;

(സി) പദ്ധതി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

(എ-സി) കണ്ണൂർ അഴീക്കോട് പ്രീ-മെട്രിക് ഹോസ്റ്റലിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിക്കായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം, പട്ടികജാതി വികസന ഡയറക്ടറോട് അധിക വിവരം ആരാഞ്ഞിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**എംപവർ സൊസൈറ്റിയുടെ പ്രവർത്തനം**

60 (911) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതി-യുവാക്കളെ ഒരേസമയം സംരംഭകരും തൊഴിൽ ദാതാക്കളുമാക്കുന്നതിന് ആരംഭിച്ച എംപവർ സൊസൈറ്റിയുടെ നാളിതുവരെയുള്ള പ്രവർത്തനം വിശദമാക്കാമോ?

പട്ടികവർഗ വിഭാഗത്തിൽപ്പെട്ട സംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും അവർ താൽപര്യപ്പെടുന്ന സംരംഭകത്വ മാർഗദർശനം നൽകി അവരെ വിജയത്തിലേക്ക് കൈപിടിച്ച് ഉയർത്തുന്നതിനുമായി വകുപ്പിന്റെ ഭാഗമായുള്ള ഉന്നതി എംപവർമെന്റ് സൊസൈറ്റി കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പട്ടികവർഗക്കാരായ തൊഴിൽ അന്വേഷകരെ കണ്ടെത്തി രജിസ്റ്റർ ചെയ്യിപ്പിച്ച് തൊഴിലവസരങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾ കൂടാതെ എഞ്ചിനീയറിങ്, ഐ.ടി. അധിഷ്ഠിത സാങ്കേതികവിദ്യകൾ, മറ്റ് ആധുനിക സാങ്കേതികവിദ്യകൾ, ആരോഗ്യ സംരക്ഷണം, വിനോദസഞ്ചാരം മാർക്കറ്റിങ്, കാർഷികം, നിർമ്മാണം തുടങ്ങിയ മേഖലകളിൽ പരിജ്ഞാനമുള്ള പട്ടികജാതി പട്ടികവർഗ യുവതിയുവാക്കളെ സംരംഭകരാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ചെയ്തുവരുന്നത്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർ തൊഴിൽ സംരംഭകരായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തൊഴിൽ സംരംഭകരിൽ എത്ര പേർ തൊഴിൽ ദാതാക്കളായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(ബി&സി) സംരംഭകത്വ പദ്ധതിക്കായി സ്റ്റാർട്ടപ്പ് മിഷൻ മുഖേനയും വകുപ്പിലുമായി 18 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ അപാകതകൾ കണ്ടെത്തിയതിനാൽ ആയത് പരിഹരിച്ച് ലഭ്യമാക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് അപേക്ഷകൾ തിരികെ നൽകിയിട്ടുണ്ട്. സ്റ്റാർട്ടപ്പ് മിഷൻ മുഖേന ശിപാർശ ലഭിച്ച അപേക്ഷകളിൽ അംഗീകാരം ലഭിക്കുന്നതിനുവേണ്ടി പ്രസ്തുത അപേക്ഷകൾ ഉന്നതി സി.ഇ.ഒ.-ക്ക് കൈമാറിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി പ്രകാരം കൂടുതൽ പേർക്ക് തൊഴിൽ ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രസ്തുത പദ്ധതി പ്രകാരം കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായവർ**

61 (912) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ വൈമാനിക മേഖലകൾ അടക്കമുള്ള പുതുതലമുറ തൊഴിൽ മേഖലകളിലേക്ക് എത്തുവാൻ സഹായിക്കുന്ന തരത്തിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതിയുവാക്കൾക്ക് കൊമേഴ്സ്യൽ പൈലറ്റ് കോഴ്സിന് പരിശീലനം നൽകി അവരെ കൊമേഴ്സ്യൽ Air Craft പൈലറ്റ് മേഖലയിലുള്ള തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'വിങ്സ്'.

തിരുവനന്തപുരം രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ ഓരോ അധ്യയന വർഷവും 3 പട്ടികജാതി വിദ്യാർഥികൾക്കും 2 പട്ടികവർഗ വിദ്യാർഥികൾക്കും ഒരു മറ്റർഹ വിദ്യാർഥിക്കും കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് പഠനത്തിനായി സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു.

തിരുവനന്തപുരം രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമി നടത്തുന്ന സുതാര്യമായ യോഗ്യത പരീക്ഷയിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ ഉയർന്ന റാങ്കോടുകൂടി യോഗ്യത നേടുന്നവരിൽ എറ്റവും കുറവ് വരുമാനമുള്ള വിദ്യാർഥികൾക്ക് മുൻഗണന നൽകികൊണ്ട് ഓരോ അധ്യയന വർഷവും

തിരഞ്ഞെടുക്കുന്ന വിദ്യാർഥികൾക്ക് ടി സ്ഥാപനത്തിൽ കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് പഠനത്തിനായി സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ വിദ്യാർഥികൾക്കായി എയർ ലൈൻ ആൻഡ് എയർപോർട്ട് മാനേജ്മെന്റ്, എയർലൈൻ കസ്റ്റമർ സർവീസ്, ലോജിസ്റ്റിക്സ് എന്നീ 3 കോഴ്സുകളിലായി 215 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 40 പേർക്ക് മേഖലയിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

**സംരംഭകത്വ പദ്ധതിയുമായി ബന്ധപ്പെട്ട് തൊഴിൽ ഉറപ്പുവരുത്തൽ**

62 (913) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. പി. പി. സുമോദ്:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സംരംഭകത്വ പദ്ധതികളിലൂടെ തൊഴിൽ ഉറപ്പുവരുത്തുന്നതിന് പട്ടികജാതി, പട്ടികവർഗ ക്ഷേമ വകുപ്പുകൾക്ക് കീഴിലുള്ള

നാല് കോർപ്പറേഷനുകൾ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്; പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ;

(സി) ഈ കാലയളവിൽ പ്രസ്തുത പദ്ധതികളിലൂടെ എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

(എ-സി) പട്ടികജാതി/പട്ടികവർഗ വികസന വകുപ്പിനുകീഴിലുള്ള കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

i) പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷനിൽ ദേശീയ പുനർവായ്പാ ഏജൻസിയായ എൻ.എസ്.എഫ്.ഡി.സി. വഴി നടപ്പിലാക്കുന്ന സംരംഭകത്വ പദ്ധതികൾ.

1. ലഘു വ്യവസായ യോജന

2. മൈക്രോ ക്രെഡിറ്റ് ഫിനാൻസ് പ്രോഗ്രാം

3. മഹിളാ സമൃദ്ധി യോജന

4. വുമൺ എംപവർമെന്റ് പ്രോഗ്രാം (കുടുംബശ്രീ ഗ്രൂപ്പ്)

5. കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി ലോൺ

ii). ദേശീയ പുനർവായ്പാ ഏജൻസിയായ എൻ.എസ്.ടി.എഫ്.ഡി.സി. വഴി നടപ്പിലാക്കുന്ന പദ്ധതികൾ.

1. ആദിവാസി മഹിളാ ശാക്തീകരൺ യോജന

2. ലോൺ ഫോർ ടൈബൽ എന്റർപ്രണേഴ്സ്

3. ആദിവാസി ശിക്ഷാ റിൻ യോജന (വിദ്യാഭ്യാസ ലോൺ)

4. വുമൺ എംപവർമെന്റ് പ്രോഗ്രാം (കുടുംബശ്രീ ഗ്രൂപ്പ്)

5. കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി ലോൺ

iii). കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ മൂലധന സഹായം ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ.

1. ബെനിഫിഷ്യറി ഓറിയന്റഡ് സ്കീം

2. പ്രൊഫഷണൽ സർവീസ് സ്കീം (എസ്.സി. മാത്രം)

3. വെഹിക്കിൾ ലോൺ

4. മൾട്ടി പർപ്പസ് യൂണിറ്റ് ലോൺ (Available to Government Contractors)

5. ലോൺ ഫോർ റിഹാബിലിറ്റേഷൻ ഓഫ് റിട്ടേൺ എമിഗ്രൻസ്

6. ലോൺ ഫോർ സ്റ്റാർട്ടപ്പ് എന്റർപ്രണേഴ്സ്

7. വർക്കിങ് ക്യാപിറ്റൽ ലോൺ ടു പെട്രോളിയം ഡീലേഴ്സ്

മേല്പറഞ്ഞ പദ്ധതികൾ എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. പദ്ധതികൾ ഒന്നും പൂർത്തിയാക്കിയിട്ടില്ല.

ഈ കാലയളവിൽ പ്രസ്തുത പദ്ധതികളിലൂടെയുള്ള ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| 2021-2022 | 3653 |
| 2022-2023 | 4220 |
| 2023-2024 | 2699 |
| 2024-2025 | 3202 |
| ആകെ | 13774 |

പിന്നോക്ക വിഭാഗ വികസന വകുപ്പിനുകീഴിലുള്ള കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്, കേരള സംസ്ഥാന

പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ എന്നിവ വഴി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ.

1. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും പുതിയ സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള സ്വയം തൊഴിൽ വായ്പാ പദ്ധതി.

2. പ്രവാസ ജീവിതത്തിനുശേഷം നാട്ടിൽ സ്ഥിരതാമസമാക്കിയ പിന്നാക്ക ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടവർക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള പദ്ധതി പ്രവാസി സുരക്ഷ സ്വയം തൊഴിൽ വായ്പാ പദ്ധതി. നോർക്കയുടെ NDPREM പദ്ധതിയിലുൾപ്പെടുത്തി പദ്ധതി അടങ്കലിന്റെ 15 ശതമാനം വരെ മൂലധന സബ്സിഡിയായി (പരമാവധി 3 ലക്ഷം രൂപ) അനുവദിക്കുന്നതാണ്.

3. പിന്നാക്ക വിഭാഗത്തിൽപെട്ട ഒ.ബി.സി. പ്രൊഫഷണലുകൾക്ക് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സ്റ്റാർട്ടപ്പ് സ്വയംതൊഴിൽ പദ്ധതി.

4. നിലവിൽ സ്വയംതൊഴിൽ സംരംഭം ആരംഭിച്ച് ഒരു വർഷം കഴിഞ്ഞവർക്ക് നിലവിലെ സംരംഭം വിപുലീകരിക്കുന്നതിന് Business Development വായ്പ.

5. കെ.എസ്.ബി.സി.ഡി.സി.-യിൽനിന്നും സ്വയംതൊഴിൽ വായ്പ എടുത്ത് സംരംഭം ആരംഭിച്ചവർക്ക് തിരിച്ചടവ് കാലാവധി കഴിഞ്ഞതിനുശേഷം പ്രസ്തുത സംരംഭത്തിന് പ്രവർത്തന മൂലധന ആവശ്യാർഥം നൽകുന്നതിനായി പ്രവർത്തന മൂലധന വായ്പ.

6. സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട 60 വയസ് അധികരിക്കാത്ത ലൈസൻസും ബാഡ്ജുമുള്ള ഓട്ടോ-ടാക്സി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ഇലക്ട്രിക്/സി.എൻ.ജി. ഓട്ടോ- ടാക്സികൾ വാങ്ങുന്നതിനും തങ്ങളുടെ പെട്രോൾ വാഹനങ്ങൾ സി.എൻ.ജി.-യിലേക്ക് മാറ്റുന്നതിനുമുള്ള പുതിയ വായ്പാ പദ്ധതിയാണ് ഗ്രീൻ വീൽ സ്വയം തൊഴിൽ വായ്പാ പദ്ധതി.

7. സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വിധവകൾക്കും, 40 വയസിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കും സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള പുനർജനി സ്വയം തൊഴിൽ വായ്പാ പദ്ധതി.

കേരളത്തിലെ എല്ലാ ജില്ലകളിലും ഈ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ സ്വയം തൊഴിൽ സംരംഭങ്ങൾ അനുവദിക്കുന്നതിനായി 26203 ഗുണഭോക്താക്കൾക്ക് വായ്പകൾ അനുവദിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ</u>

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ ലക്ഷ്യവിഭാഗത്തിൽപ്പെട്ടവർക്കായി സ്വയംതൊഴിൽ വായ്പാ പദ്ധതി പ്രകാരം 5 ലക്ഷം രൂപ വരെ 6 ശതമാനം പലിശ നിരക്കിൽ 60 മാസ തിരിച്ചടവ് കാലാവധിയിൽ നൽകിവരുന്നു.

യുവജനങ്ങൾക്ക് തൊഴിൽ നേടുന്നതിനും സ്വന്തമായി സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി ലക്ഷ്യവിഭാഗത്തിൽപ്പെട്ട യുവജനങ്ങളെ സജ്ജരാക്കുന്ന തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു.

സ്വയംതൊഴിൽ വായ്പാ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നുണ്ട്. തിരുവനന്തപുരം, കോട്ടയം ജില്ലകളിലാണ് കഴിഞ്ഞ സാമ്പത്തിക വർഷം തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ നടപ്പിലാക്കിയത്. 2025-26 സാമ്പത്തിക വർഷത്തിൽ ടി പദ്ധതി തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. മറ്റ് ജില്ലകളിലെ യുവജനങ്ങൾക്കും ടി ജില്ലകളിലെ പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ കഴിയുന്നതാണ്.

കഴിഞ്ഞ സാമ്പത്തിക വർഷത്തെ തൊഴിലധിഷ്ഠിത പരിശീലന പരിപാടിയിലൂടെ 67 യുവജനങ്ങളെ തൊഴിൽ നേടുന്നതിന് സജ്ജരാക്കാൻ സാധിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ</u>

1. കളിമൺ ഉൽപന്ന നിർമ്മാണ യൂണിറ്റ് വായ്പാ പദ്ധതി (PMU) - പരമാവധി വായ്പാ തുക-10,00,000/- രൂപ, പലിശ നിരക്ക്-6 ശതമാനം.

2. കളിമൺ ഉൽപന്ന വിപണന വായ്പാ പദ്ധതി (PWCL) - പരമാവധി വായ്പാ തുക - 2,00,000/- രൂപ, പലിശ നിരക്ക് - 6 ശതമാനം.

3. സ്വയം സഹായ ഗ്രൂപ്പ് വായ്പാ (SHG) - ഒരു സി.ഡി.എസ്.-ന് 25 ലക്ഷം രൂപ വരെ, ഒരു അയൽക്കൂട്ടത്തിന് 10 ലക്ഷം രൂപ വരെ, സി.ഡി.എസ്.-കളിൽ നിന്ന് ഈടാക്കുന്ന പലിശ നിരക്ക് 3 ശതമാനം, അയൽക്കൂട്ടം, വ്യക്തികൾ എന്നിവരിൽ നിന്ന് ഈടാക്കുന്ന പരമാവധി പലിശ നിരക്ക് 4 ശതമാനം.

കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷന് തിരുവനന്തപുരത്ത് ഒരു ഓഫീസ് മാത്രമേ നിലവിലുള്ളൂ. അതിനാൽ എല്ലാ ജില്ലകളിലും കോർപ്പറേഷന്റെ പദ്ധതികൾ നടപ്പിലാക്കുന്നു.

ചുവടെ സൂചിപ്പിക്കുന്ന 3 ലോൺ സ്കീമുകളാണ് നിലവിലുള്ളത്

1. കളിമൺ ഉൽപന്ന നിർമ്മാണ യൂണിറ്റ് വായ്പാ പദ്ധതി (PMU)

2. കളിമൺ ഉൽപന്ന വിപണന വായ്പാ പദ്ധതി (PWCL)

3. സ്വയം സഹായ ഗ്രൂപ്പ് വായ്പ (SHG)

ഈ കാലയളവിൽ പ്രസ്തുത പദ്ധതികളിലൂടെ താഴെ പറയുന്ന പ്രകാരം തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

1. കളിമൺ ഉൽപന്ന നിർമ്മാണ യൂണിറ്റ് വായ്പാ പദ്ധതി (PMU)-26 കുടുംബങ്ങൾക്ക്

2. കളിമൺ ഉൽപന്ന വിപണന വായ്പാ പദ്ധതി (PWCL)-16 കുടുംബങ്ങൾക്ക്

ആകെ - 42 കുടുംബങ്ങൾക്ക്

3. സ്വയം സഹായ ഗ്രൂപ്പ് വായ്പാ (SHG) - നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**ഉന്നത വിദ്യാഭ്യാസം നേടിയ തൊഴിൽരഹിതരായ പട്ടികവിഭാഗക്കാർ**

63 (914) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u>
<u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ ഉന്നത വിദ്യാഭ്യാസം നേടിയ പട്ടിക വിഭാഗത്തിൽപ്പെട്ടവരുടെ ഇടയിൽ തൊഴിൽരഹിതരുടെ എണ്ണം വർധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

മുൻവർഷങ്ങളെ അപേക്ഷിച്ച് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പടെയുള്ള ഉന്നത വിദ്യാഭ്യാസം നേടിയ പട്ടികവിഭാഗക്കാർക്കിടയിലുള്ള തൊഴിൽ രഹിതരുടെ എണ്ണം വർധിച്ചുവരുന്നുണ്ട്. ആഗോളതലത്തിൽ നിലനിന്നിരുന്ന തൊഴിലില്ലായ്മപോലുള്ള പ്രശ്നങ്ങൾ അഭ്യസ്തവിദ്യരായ പട്ടികവിഭാഗക്കാർക്കിടയിൽ ഉണ്ടാകുന്നുണ്ടെങ്കിലും പട്ടികജാതി പട്ടികവർഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ ഇതിന്റെ അളവ് കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ബി) ഇവർക്ക് സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും തൊഴിൽ നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ അംഗീകൃതപരിശീലന സ്ഥാപനങ്ങൾവഴി നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന പട്ടികവിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ ദാതാക്കളുമായി വിവിധ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനോ

പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിന് പ്രാപ്തരാക്കുകയോ ചെയ്യുന്നതിന് ചുവടെ പരാമർശിക്കും പ്രകാരം ആധുനിക തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ പട്ടികജാതി പട്ടികവർഗ വികസന വകുപ്പുകൾ മുഖേന നടത്തി വരുന്നുണ്ട്.

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- സ്വയംതൊഴിൽ പദ്ധതി
- സ്റ്റാർട്ടപ്പ് ഡ്രീംസ്
- നൈപുണ്യ വികസന പരിശീലനങ്ങൾ
- സ്വാശ്രയ സംഘങ്ങൾക്കും, വനിതാ സംഘങ്ങൾക്കും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.
- പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്റർ
- ലക്ഷ്യ സ്കോളർഷിപ്പ്
- വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള സാമ്പത്തിക സഹായം

- വിങ്സ് പദ്ധതി

- TRACE (Training for Career Excellence) പദ്ധതി

പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- ഏവിയേഷൻ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ.

- ഓട്ടോമൊബൈൽ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ.

- ഡിജിറ്റൽ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ.

ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ.

- നിർമ്മാണ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ.

- അഭിഭാഷക ധനസഹായ പദ്ധതി.

- പൈലറ്റ് പരിശീലന ധനസഹായ പദ്ധതി.

- സിവിൽ സർവീസ് പരിശീലന ധനസഹായ പദ്ധതി.

- ടൈബൽ പാരാമെഡിക്സ് ട്രെയിനി പദ്ധതി.

- ഉന്നതി - വിദേശ പഠന സഹായ പദ്ധതി.

സിവിൽ എഞ്ചിനീയറിങ്, കമ്പ്യൂട്ടർ, സർക്കാർ മേഖലകളിലെ തൊഴിൽ മേഖലകൾ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി എഞ്ചിനീയറിങ് ബിരുദധാരികളായ അക്രെഡിറ്റഡ് എഞ്ചിനീയർമാരെയും വകുപ്പിൽ നിയമിച്ച് പരിശീലനം നൽകിവരുന്നു.

(സി) പട്ടിക വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

പട്ടികവിഭാഗത്തിൽപ്പെട്ടവരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ പട്ടികജാതി പട്ടികവർഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ പര്യാപ്തമായതിനാൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള വരുമാന പരിധി വർധിപ്പിക്കാൻ നടപടി**

64 (915) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) പിന്നാക്ക സമുദായത്തിൽപ്പെട്ട ഉദ്യോഗാർഥികൾക്ക് സംവരണാനുകൂല്യങ്ങൾ ലഭിക്കുന്നതിനായുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് സർക്കാർ 09-04-2018-ലെ 3/2018 നമ്പർ ഉത്തരവിലൂടെ നിശ്ചയിച്ച 8 ലക്ഷം രൂപയെന്ന വരുമാന പരിധി വർധിപ്പിക്കാൻ ആലോചനയുണ്ടോ; വ്യക്തമാക്കാമോ?

കേന്ദ്ര പേഴ്സണൽ & ട്രെയിനിങ് മന്ത്രാലയത്തിന്റെ 13-09-2017-ലെ ഓഫീസ് മെമ്മോറാണ്ടം നം.36033/1/2013-Estt.(Res.) പ്രകാരമാണ് കേന്ദ്ര സർക്കാർ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ നോൺ-ക്രീമിലെയർ വരുമാന പരിധി 6 ലക്ഷം രൂപയിൽ നിന്ന് 8 ലക്ഷം രൂപയാക്കി വർധിപ്പിച്ചത്. പ്രസ്തുത ഓഫീസ് മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിലാണ് 09-04-2018-ലെ G.O. (Ms)No.3/2018/BCDD ഉത്തരവിലൂടെ കേരളത്തിലെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ നോൺ-ക്രീമിലെയർ വരുമാന പരിധിയും 8 ലക്ഷം രൂപയാക്കി ഉയർത്തിയത്. ആയതിനാൽ കേന്ദ്ര നിർദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ക്രീമിലെയർ വരുമാന പരിധി വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(ബി) 09-04-2018-നുശേഷം ഏഴ് വർഷം കൊണ്ടുണ്ടായിട്ടുള്ള പണപ്പെരുപ്പവും ജീവിത ചെലവിലെ വർധനവും തൊഴിൽ മേഖലയിലെ ശമ്പള വർധനവും കണക്കിലെടുത്ത് നോൺ ക്രീമിലെയർ വരുമാന പരിധി 10 ലക്ഷം രൂപയായിട്ടെങ്കിലും വർധിപ്പിക്കുന്നത് പരിഗണിക്കുമോ; വിശദമാക്കാമോ?

കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്ന മുറയ്ക്ക് മാത്രമേ ക്രീമിലെയർ വരുമാന പരിധി വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**കോർപ്പസ് ഫണ്ട് ഉപയോഗിച്ച മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾ**

65 (916) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം കോർപ്പസ് ഫണ്ട് അനുവദിച്ച മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾ എന്തെല്ലാമെന്നും അവയുടെ തൽസ്ഥിതി വിവരവും വിശദമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് അനുവദിച്ച് പട്ടികജാതി വികസന

വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരവും പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരവും അനുബന്ധമായി ചേർക്കുന്നു.+

**കായംകുളം മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് വിനിയോഗം**

66 (917) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും പ്രവൃത്തികളുടെ പുരോഗതി എന്തൊക്കെയാണെന്നും വിശദമാക്കാമോ?

പട്ടികവർഗ വികസന വകുപ്പ്

2016-17, 2017-18, 2018-19, 2021-22 എന്നീ വർഷങ്ങളിൽ കോർപ്പസ് ഫണ്ട് മുഖാന്തരം കായംകുളം നിയോജകമണ്ഡലത്തിൽ പദ്ധതികൾ നടപ്പാക്കിയിട്ടില്ല. 2019-20, 2020-21, 2022-23, 2023-24, 2024-25 വർഷങ്ങളിൽ ചെലവാക്കിയ തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2019-20 - ആകെ ചെലവഴിച്ചത് 35,000/- രൂപ

5 കുടുംബങ്ങൾക്ക് പുതപ വാങ്ങി നൽകൽ –17,500/- രൂപ

പട്ടികവർഗ കുട്ടികൾക്ക് അധ്യയന വർഷാരംഭം ധനസഹായം (3 കുട്ടികൾക്ക്) - 15,000/- രൂപ

സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം - 2,500/- രൂപ

2020-21 –ആകെ ചെലവഴിച്ചത് 36,625/-രൂപ

മരം വെട്ട് തൊഴിലാളികൾക്ക് മെഷീൻ വിതരണം - 21,625/- രൂപ

തൊഴിലധിഷ്ഠിത പരിശീലന പരിപാടി - 15,000/- രൂപ

2022-23- ആകെ ചെലവഴിച്ചത് 1,49,000/- രൂപ

പട്ടികവർഗ വിദ്യാർഥികൾക്ക് അധ്യയന വർഷം പ്രാരംഭ ചെലവ് - ധനസഹായം 4,000/- രൂപ

ചെണ്ടമേളം ഗ്രൂപ്പിന് ധനസഹായം - 90,000/- രൂപ

ലോട്ടറി കച്ചവടം നടത്തുന്ന പട്ടികവർഗക്കാർക്ക് ധനസഹായം - 15,000/- രൂപ

തൊഴിലുപകരണങ്ങൾ വിതരണം - 40,000/- രൂപ

2023-24 - ആകെ ചെലവഴിച്ചത് 15,000/- രൂപ

പട്ടികവർഗ വിദ്യാർഥികൾക്ക് പ്രാരംഭ ചെലവ് - ധനസഹായം 15,000/- രൂപ

2024-25 - ആകെ ചെലവഴിച്ചത് 35,500/- രൂപ

പട്ടികവർഗ വിദ്യാർഥികൾക്ക് പ്രാരംഭ ചെലവ്- ധനസഹായം 5,000/- രൂപ

മരം വെട്ട് മെഷീൻ - 30,500/- രൂപ

പട്ടികജാതി വികസന വകുപ്പ്

അനുബന്ധമായി ചേർക്കുന്നു.+

**കാട്ടാക്കട മണ്ഡലത്തിലെ നേമം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വിവിധ പദ്ധതികൾ**

67 (918) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കാട്ടാക്കട മണ്ഡലത്തിലെ നേമം ബ്ലോക്ക് പഞ്ചായത്തിനുകീഴിലുള്ള കിളിക്കോട്ടുകോണം-മാറനല്ലൂർ പഞ്ചായത്ത്, കവലോട്ടുകോണം-വിളവൂർക്കൽ പഞ്ചായത്ത്, മുതുവല്ലൂർ പറയൻകോണം-പള്ളിച്ചൽ പഞ്ചായത്ത്, കൊങ്ങപ്പള്ളി-വിളപ്പിൽ പഞ്ചായത്ത് എന്നിവയിലെ പ്രവൃത്തികളുടെ സ്ഥിതി വിശദമാക്കാമോ?

കിളിക്കോട്ടുകോണം നഗറിന്റെ (2024-25) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കാവലോട്ടുകോണം ഗ്രാമം ഫീസിബിളല്ലാത്തതിനാൽ കുരിശുമുട്ടം ഗ്രാമത്തെക്കൂടി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റിലെ ന്യൂനത പരിഹരിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മുതുവല്ലൂർ പറയക്കോണം നഗറിന്റെ നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിന് ഇ-ടെൻഡർ വിളിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൊങ്ങപ്പള്ളി (വിളപ്പിൽ ഗ്രാമപഞ്ചായത്ത്) ഗ്രാമത്തെ 2025-26 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള സമയപരിധി വ്യക്തമാക്കാമോ?

എസ്റ്റിമേറ്റ് അംഗീകരിച്ച് ഒരു വർഷത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**പട്ടികവർഗ വകുപ്പിലെ ആഭ്യന്തര ഓഡിറ്റ്**

68 (919) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ വകുപ്പിലെ ആഭ്യന്തര ഓഡിറ്റ് വിഭാഗം ഈ വർഷം നാളിതുവരെ എത്ര അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിച്ചുവെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ വകുപ്പിലെ ആഭ്യന്തര ഓഡിറ്റ് വിഭാഗം ഈ വർഷം നാളിതുവരെ രണ്ട് അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം ജില്ലകളിലെ റിപ്പോർട്ടുകളാണ് സമർപ്പിച്ചതെന്ന് അറിയിക്കുമോ?

വയനാട് (ഭാഗികമായ റിപ്പോർട്ടാണ് സമർപ്പിച്ചിട്ടുള്ളത്), ആലപ്പുഴ എന്നീ ജില്ലകളിലെ റിപ്പോർട്ടുകളാണ് സമർപ്പിച്ചത്.

(സി) അതിൽ ഏതെല്ലാം റിപ്പോർട്ടുകളിലാണ് ക്രമക്കേട് കണ്ടെത്തിയത്; റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

1. വയനാട് ഐ.ടി.ഡി.പി.-യിൽ നടത്തിയ പരിശോധനയിൽ ഭാഗികമായ റിപ്പോർട്ടാണ് പരിശോധനാസംഘം സമർപ്പിച്ചിട്ടുള്ളത്. ആയതിനാൽ റിപ്പോർട്ട് അന്തിമമായി അംഗീകരിച്ചിട്ടില്ല.

2. ആലപ്പുഴ ടൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പുകൾ, അംഗീകരിച്ചതിനുശേഷം ലഭ്യമാക്കുന്നതാണ്.

**ദുരിതാശ്വാസനിധിയിൽ (ഡി.ആർ.എഫ്.) നിന്ന് ധനസഹായം**

69 (920) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ (ഡി.ആർ.എഫ്) നിന്ന് വാമനപുരം മണ്ഡലത്തിലുൾപ്പെടുന്ന 9 പഞ്ചായത്തുകളിലായി നാളിതുവരെ ധനസഹായം ലഭിച്ചവരുടെ എണ്ണം, ലഭിച്ച തുക എന്നിവ പഞ്ചായത്ത് തിരിച്ച് നൽകാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ (ഡി.ആർ.എഫ്.) നിന്ന് വാമനപുരം മണ്ഡലത്തിലുൾപ്പെടുന്ന പഞ്ചായത്തുകളിലായി നാളിതുവരെ ധനസഹായം ലഭിച്ചവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ന ം | പഞ്ചായത്തിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | | | അനുവദിച്ച തുക | | |
|---|---|---|---|---|---|---|---|
| | | പട്ടികജാതി | പട്ടികവർഗം | ആകെ | പട്ടികജാതി | പട്ടികവർഗം | ആകെ |
| 1 | നെല്ലനാട് | 116 | - | 116 | 1553576 | - | 1553576 |
| 2 | പുല്ലമ്പാറ | 202 | - | 202 | 2579500 | - | 2579500 |
| 3 | പാങ്ങോട് | 94 | 209 | 303 | 1380964 | 781350 | 2162314 |
| 4 | നന്ദിയോട് | 32 | 218 | 250 | 552000 | 793537 | 1345537 |
| 5 | കല്ലറ | 47 | - | 47 | 908000 | - | 908000 |
| 6 | വാമനപുരം | 25 | - | 25 | 267000 | - | 267000 |
| 7 | പെരിങ്ങമ്മല | 55 | 533 | 588 | 873763 | 1854494 | 2728257 |
| 8 | ആനാട് | 23 | - | 23 | 432000 | - | 432000 |
| 9 | പനവൂർ | 33 | 17 | 50 | 482000 | 63874 | 545874 |
| | ആകെ | 627 | 977 | 1604 | 9028803 | 3493255 | 1,25,22,058 |

(ബി) അപേക്ഷകളിൽ ഇനി തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് നൽകാമോ?

| നം. | പഞ്ചായത്തിന്റെ പേര് | തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | നെല്ലനാട് | 2 |
| 2 | പുല്ലമ്പാറ | 0 |
| 3 | പാങ്ങോട് | 6 |
| 4 | നന്ദിയോട് | 7 |
| 5 | കല്ലറ | 0 |
| 6 | വാമനപുരം | 0 |
| 7 | പെരിങ്ങമ്മല | 20 |
| 8 | ആനാട് | 1 |
| 9 | പനവൂർ | 3 |
| | ആകെ | 39 |

**കരുനാഗപ്പള്ളി മണ്ഡലത്തിലെ പദ്ധതികൾ**

70 (921) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിനുകീഴിൽ കരുനാഗപ്പള്ളി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പദ്ധതികളുടെ പ്രവൃത്തികൾ,

മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് പ്രവൃത്തി ആരംഭിച്ചതുമായ പദ്ധതികൾ എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പിനുകീഴിൽ 4 പദ്ധതികൾക്ക് കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. അവയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കിയ 8 പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

പട്ടികജാതി വികസന വകുപ്പിനും പട്ടികവർഗ വികസന വകുപ്പിനും മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതുമായ പദ്ധതികളൊന്നുമില്ല.

**പട്ടികവർഗ വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

71 (922) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ഗുരുവായൂർ മണ്ഡലത്തിൽ പട്ടികജാതിയിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് പഠനമുറി**

72 (923) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് ഗുരുവായൂർ മണ്ഡലത്തിൽ പട്ടികജാതിയിൽ ഉൾപ്പെട്ട എത്ര കുടുംബങ്ങൾക്ക് പഠനമുറി അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് തദ്ദേശസ്ഥാപന അടിസ്ഥാനത്തിൽ തരംതിരിച്ച് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാരിന്റെ കാലത്ത് ഗുരുവായൂർ മണ്ഡലത്തിൽ പഠനമുറി അനുവദിച്ചുനൽകിയിട്ടുള്ള പട്ടികജാതിയിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ എണ്ണം തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ തരംതിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം. | തദ്ദേശ സ്ഥാപനങ്ങൾ | അനുവദിച്ച പഠനമുറികളുടെ എണ്ണം |
|---|---|---|
| 1. | ഗുരുവായൂർ മുനിസിപ്പാലിറ്റി | 47 |
| 2. | ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് | 40 |
| 3. | ഒരുമനയൂർ ഗ്രാമപഞ്ചായത്ത് | 14 |
| 4. | പുന്നയൂർ ഗ്രാമപഞ്ചായത്ത് | 15 |
| 5. | പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് | 18 |
| 6. | കടപ്പുറം ഗ്രാമപഞ്ചായത്ത് | 16 |
| 7. | ചാവക്കാട് ഗ്രാമപഞ്ചായത്ത് | 9 |
| 8. | വടക്കേക്കാട് ഗ്രാമപഞ്ചായത്ത് | 18 |
| ആകെ | | 177 |

**അംബേദ്കർ ഗ്രാമം പദ്ധതി**

73 (924) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ ഏതൊക്കെ പട്ടികജാതി നഗറുകളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് തിരഞ്ഞെടുത്തിട്ടുള്ളതെന്നും ഒരോ നഗറിനും എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നുമുള്ള പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം നൽകാമോ;

(ബി) പ്രസ്തുത നഗറുകളുടെ നവീകരണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**അംബേദ്കർ ഗ്രാമം പദ്ധതി**

74 (925) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

നാദാപുരം മണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ വില്യംപാറ നഗറിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭവനപുനരുദ്ധാരണം (17 എണ്ണം), കിണർ, കുടിവെള്ള ടാങ്ക് നവീകരണം എന്നിവ ആരംഭിച്ചിട്ടില്ല. സാംസ്കാരിക നിലയത്തിലേക്കുള്ള നടപ്പാത ആരംഭിച്ചിട്ടുണ്ട്. ഡ്രെയിനേജ് പ്രവൃത്തി പൂർത്തീകരിച്ചു. സാംസ്കാരിക നിലയം പുരോഗമിക്കുന്നു.

(ബി) 2016 മുതൽ നാളിതുവരെ നാദാപുരം മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് അംബേദ്കർ ഗ്രാമം പദ്ധതി അനുവദിച്ചതെന്നും ഒരോ പദ്ധതിക്കുമായി എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ?

2016 മുതൽ നാളിതുവരെ നാദാപുരം മണ്ഡലത്തിൽനിന്നും മരുതോങ്കര പഞ്ചായത്തിലെ വില്യംപാറ നഗറിനെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പദ്ധതിക്കായി 96,20,410/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) മണ്ഡലത്തിൽ നാളിതുവരെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ ഓരോ ഉന്നതിയിലും എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന വിശദാംശങ്ങൾ നൽകാമോ?

അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി തിരഞ്ഞെടുത്ത മരുതോങ്കര പഞ്ചായത്തിലെ വില്യംപാറ നഗറിൽ 28 പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നുണ്ട്.

(ഡി) കാവിലുംപാറ ഗ്രാമ പഞ്ചായത്തിലെ ഓടോംകാട്, വലിയപറമ്പ് എന്നീ പട്ടികവർഗ ഉന്നതികൾക്ക് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം അനുവദിച്ച പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

പട്ടികവർഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം കാവിലുംപാറ ഗ്രാമപഞ്ചായത്തിലെ ഓടോംകാട് ഉന്നതിയെ തിരഞ്ഞെടുത്തിട്ടില്ല.

2020-21 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം തിരഞ്ഞെടുത്ത വലിയപറമ്പ്-പൊയിൽ (ക്ലസ്റ്റർ) ഉന്നതിയിലെ 60 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ വികസന പ്രവർത്തനങ്ങൾ**

75 (926) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ വിവിധ പദ്ധതി പ്രകാരം പട്ടികജാതി-പട്ടികവർഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് 2021 മുതൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിൽ വിവിധ പദ്ധതി പ്രകാരം പട്ടികജാതി വികസന വകുപ്പ് 2021 മുതൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

പട്ടികവർഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിലെ വൈപ്പിൻ മണ്ഡലത്തിൽ 2021 മുതൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ വികസന പ്രവർത്തനങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1. ഭൂരഹിതരായ പട്ടികവർഗക്കാർക്ക് ഭൂമി വാങ്ങി വിതരണം നൽകുന്നതിന് ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം കൊച്ചി താലൂക്കിൽ എളങ്കുന്നപ്പുഴ വില്ലേജിൽ 32.10 ആർ ഭൂമി ജില്ലാ കളക്ടറുടെ പേരിൽ 2023-24 വർഷം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. സേഫ് പദ്ധതി പ്രകാരം രണ്ട് പേർക്ക് 2.5 ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചു.

പിന്നാക്ക വിഭാഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് വൈപ്പിൻ മണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക, ഭരണാനുമതി നൽകിയ തീയതി എന്നിവ വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് അനുവദിച്ച തുക, ഭരണാനുമതി നൽകിയ തീയതി എന്നിവ അനുബന്ധമായി ചേർക്കുന്നു.[+]

ഭൂരഹിതരായ പട്ടികവർഗക്കാർക്ക് ഭൂമി വിതരണം നടത്തുന്നതിനായി എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ ജില്ലാ കളക്ടറുടെ പേരിൽ വിലയ്ക്ക് വാങ്ങിയ ഭൂമിയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഭൂമി വാങ്ങുന്നതിന് അനുവദിച്ച തുക | തുക അനുവദിച്ച തിയതി | വിലയ്ക്ക് വാങ്ങിയ ഭൂമിയുടെ അളവ് |
|---|---|---|

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | | |
|---|---|---|
| 2,37,89,600/- | 27-10-2023 | 32.10 ആർ |

(സി) ഈ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.+

പട്ടികവർഗ വികസന വകുപ്പിനെ സംബന്ധിച്ച വിവരം ഇപ്രകാരമാണ്.

1. എറണാകുളം ജില്ലയിൽ വൈപ്പിൻ മണ്ഡലത്തിൽ ഭൂരഹിതരായ പട്ടികവർഗക്കാർക്ക് ഭൂമി വാങ്ങി വിതരണം ചെയ്യുന്നതിന് ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം ജില്ലാ കളക്ടറുടെ പേരിൽ വിലയ്ക്ക് വാങ്ങിയ സ്ഥലത്ത് ജില്ലയിലെ ഭൂരഹിതരായ പട്ടികവർഗക്കാർക്ക് ഭവന നിർമ്മാണം പൂർത്തീകരിച്ച ശേഷം ടി സ്ഥലവും വീടും വിതരണം ചെയ്യുന്നതിന് മുന്നോടിയായി ടി സ്ഥലത്ത് മണ്ണ് പരിശോധന നടത്തുകയും ടി റിപ്പോർട്ട് പ്രകാരം ടി സ്ഥലത്ത് വീടുകൾ നിർമ്മിക്കുന്നതിന് 150mm diameter 30cm centre to centre sand pile ചെയ്ത് അതിന് മുകളിൽ 80.ot/m2 എന്ന നിരക്കിൽ 3 മാസത്തേക്ക് പ്രീലോഡ് ചെയ്ത് മണ്ണ് ബലപ്പെടുത്തേണ്ടതുണ്ടെന്ന് അറിയിച്ചതിനെ തുടർന്ന് ടി പ്രവൃത്തി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്യുന്നതിന് എസ്റ്റിമേറ്റ് ലഭ്യമാക്കാൻ ജില്ലാ നിർമ്മിതി കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭവന നിർമ്മാണ പ്രവർത്തനം ഉൾപ്പെടെ തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

2. രണ്ട് പേരുടെ ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടുണ്ട്.

**പട്ടികജാതി-പട്ടികവർഗ വകുപ്പുമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതി**

76 (927) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ വകുപ്പുമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതി പ്രകാരം 2021 മുതൽ സംസ്ഥാനത്തെ എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ വകുപ്പുമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതി പ്രകാരം 2021 മുതൽ 2024-25 വർഷം വരെ പട്ടികജാതി വിഭാഗത്തിലുള്ള 44,924 പേർക്കും പട്ടികവർഗ വിഭാഗത്തിലുള്ള 1,36,699 പേർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ഇത്തരം ധനസഹായം എത്ര പേർക്ക് അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 67 പേർക്ക് 17,05,500/-രൂപ (പതിനേഴ് ലക്ഷത്തി അയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുവദിച്ച് നൽകിയിട്ടുള്ളതും പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ആർക്കും തന്നെ ഇത്തരം ധനസഹായം നൽകിയിട്ടില്ലാത്തതുമാണ്.

**പട്ടികവർഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികൾ**

77 (928) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പട്ടികവർഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലി ആഘോഷവേളയിൽ വിദ്യാഭ്യാസ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകി നിലവിൽ വകുപ്പ് നടപ്പിലാക്കി വരുന്ന സാമൂഹ്യ പഠനമുറിക്ക് പുറമെ വ്യക്തിഗത ആനുകൂല്യങ്ങളിൽ ഉൾപ്പെടുത്തി

ആധുനിക സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് പഠനമുറികൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിന്റെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി വിവിധ വികസന മാതൃകകൾ പരിചയപ്പെടുന്നതിനും നവീന കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിനും ഒരു ഇന്റർനാഷണൽ കോൺക്ലേവ് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ വകുപ്പിന്റെ കഴിഞ്ഞ 50 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി ടാസ്ക്ഫോഴ്സ് റിപ്പോർട്ട് പ്രകാരമുള്ള നിർദേശങ്ങൾ നടപ്പിലാക്കുന്നതാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ഗോത്രസംസ്കാരത്തിന്റേയും കലകളുടേയും ഗോത്ര ഭാഷകളുടേയും സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഗോത്രസംസ്കാരത്തിന്റേയും കലകളുടേയും ഗോത്ര ഭാഷകളുടേയും സംരക്ഷണത്തിനായി ഗദ്ദിക 2025 പട്ടികജാതി പട്ടികവർഗ വികസന വകുപ്പുകളുടെയും കിർത്താഡ്സിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ എറണാകുളത്ത് സംഘടിപ്പിക്കുയും ഇതിൽ ഗോത്ര സംസ്കാരത്തിന്റെ വിവിധ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കലാരൂപങ്ങൾ അവതരിപ്പിക്കാൻ അവസരം നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) ഗോത്രഭാഷകളുടെ ശരിയായ ഉച്ചാരണവും സംവേദന രീതികളും മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ ഓഡിയോ/വീഡിയോ ഡോക്യുമെന്റേഷൻ നടത്തിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

ഗോത്രഭാഷകളുടെ ശരിയായ ഉച്ചാരണങ്ങളും സംവേദനരീതികളും മനസ്സിലാക്കാൻ കഴിയുക എന്ന പ്രത്യേക ഉദ്ദേശ്യത്തിൽ വകുപ്പ് ഓഡിയോ/ വീഡിയോ ഡോക്യുമെന്റേഷൻ നടത്തിയിട്ടില്ല.

എന്നാൽ മറ്റ പദ്ധതികളുടെ ഭാഗമായി നടത്തിയ ഓഡിയോ വീഡിയോകൾ കിർത്താഡ്സ് വകുപ്പിൽ ലഭ്യമാണ്. എന്നാൽ പ്രസ്തുത പദ്ധതിയുടെ ആവശ്യകത തിരിച്ചറിയുകയും അതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. പണിയർ, കൊറഗർ, കുറുമ്പർ, ചോലനായ്ക്കർ, കാടർ, മലപണ്ടാരം എന്നീ ഗോത്രവിഭാഗങ്ങൾക്കുവേണ്ടി പ്രൈമറുകൾ പ്രസിദ്ധീകരിക്കാനുള്ള നിലവിലെ പദ്ധതിയുടെ ഭാഗമായി ഗോത്രഭാഷകളുടെ ശരിയായ ഉച്ചാരണങ്ങളും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംവേദനരീതികളും മനസ്സിലാക്കാൻ സാധിക്കുന്ന തരത്തിൽ ഓഡിയോ/വീഡിയോ ഡോക്യുമെന്റേഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗോത്രഭാഷകളുടെ ശരിയായ ഉച്ചാരണങ്ങളും സവേദനരീതികളും മനസ്സിലാക്കുന്നതിനായി പണിയഭാഷ-ഓൺലൈൻ കോഴ്സ്, ഗോത്രഭാഷാ പരിചയ ലാബ്, ഗോത്രഭാഷകളുടെ കമ്പ്യൂട്ടർവൽക്കരണം എന്നീ പദ്ധതികൾ കിർത്താഡ്സ് വകുപ്പ് മുഖേന ഭാവിയിൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്.

**അത്തൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി**

78 (929) <u>ശ്രീമതി ദെലീമ:</u> താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത്തൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം അനുവദിച്ച നഗറുകൾ ഏതെല്ലാമാണെന്നും ആയതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

ഉളവെയ്പ് അംബേദ്കർ നഗർ, ഇളയപാടം ലക്ഷംവീട് നഗർ, ചൂടുകാട്ടുപുറം നഗർ എന്നീ ഗ്രാമങ്ങളെയാണ് അത്തൂർ മണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഉളവെയ്പ് അംബേദ്കർ ഗ്രാമത്തിൽ ചുടുകാട്ടുപുറം പനച്ചിക്കൽ റോഡ് കീത്തറ-പുളിമൂട് റോഡ് (പുതിയത്) ഫില്ലിങ് എന്നിവ പൂർത്തീകരിച്ചു. ചാത്തങ്കരി റോഡ് മണ്ണിട്ടുയർത്തൽ 80 ശതമാനം പൂർത്തീകരിച്ചു. സ്ലൂയിസ് കവർ സ്ലാബ്, ബോക്സ് കൾവർട്ട്, പനച്ചിക്കൽ അപ്പക്കത്തറ റോഡ് എന്നിവ മോണിറ്ററിങ് കമ്മിറ്റി തീരുമാനപ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

ഇളയപാഠം ലക്ഷംവീട് നഗറിൽ പടന്നയിൽ കൾവർട്ട്, അങ്കണവാടി നടപ്പാത, പടന്നയിൽ റോഡ് സംരക്ഷണഭിത്തി എന്നിവ പൂർത്തീകരിച്ചു. പുതുവൽനികർത്ത് റോഡ് 80 ശതമാനം പൂർത്തിയായി. പുന്നത്തറ പുതുവൽ നികർത്ത് റോഡ് സംരക്ഷണഭിത്തി നിർമ്മാണം കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്യ. സ്ലൂയിസ് കൾവർട്ട് ഒഴിവാക്കി ബാക്കി തുകയ്ക്ക് മാർക്കണ്ടഴം പുതുവൽനികർത്ത് റോഡ് 490 മീറ്റർ ചെയ്യുന്നതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

ചുടുകാട്ടുപുറം നഗറിന്റെ നിർമ്മാണ ചുമതല KEL എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം ഏജൻസിക്ക് നൽകിയിട്ടുണ്ട്.

**അച്ചൻകോവിൽ കുടുംബാരോഗ്യ കേന്ദ്രം**

79 (930) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗക്കാരായ ആളുകൾ തിങ്ങി പാർക്കുന്നതും പൂർണ്ണമായും വനത്തിനുള്ളിൽ ഉൾപ്പെട്ടതുമായ അച്ചൻകോവിൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഉച്ചയ്ക്കുശേഷം ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിന് പട്ടികജാതി പട്ടികവർഗ ക്ഷേമ വകുപ്പ് ആരോഗ്യവകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

(എ&ബി) പട്ടികവർഗക്കാരായ ആളുകൾ തിങ്ങിപ്പാർക്കുന്നതും പൂർണ്ണമായും വനത്തിനുള്ളിൽ ഉൾപ്പെട്ടതുമായ അച്ചൻകോവിൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ നിലവിൽ ഉച്ചവരെ മാത്രമാണ് ഡോക്ടറുടെ സേവനം ലഭ്യമായിട്ടുള്ളത്. നിലവിലുള്ള PHC-യെ CHC ആയി ഉയർത്തിയാൽ ഉച്ചയ്ക്കുശേഷവും ഡോക്ടറുടെ സേവനം ലഭ്യമാക്കാവുന്നതാണ്.

അച്ചൻകോവിലിൽ പ്രവർത്തിച്ചുവരുന്ന PHC പൂർണ്ണമായും ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

**ചാലക്കുടി മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി**

80 (931) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചാലക്കുടി മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം തിരഞ്ഞെടുത്ത ഉന്നതികൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത ഉന്നതികളിലെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(എ&ബി) ചാലക്കുടി മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം തിരഞ്ഞെടുത്ത ഉന്നതികളുടെ വിശദാംശവും നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിവരവും അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പൂർത്തിയാകാത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനും ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നിർവഹണ ഏജൻസികളായ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിനും സംസ്ഥാന നിർമ്മിതി കേന്ദ്രയ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**പാടൃം ഗ്രാമ പഞ്ചായത്തിലെ ഇളമാങ്കൽ ഉന്നതി**

81 (932) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് നിയോജകമണ്ഡലത്തിൽ പാടൃം ഗ്രാമ പഞ്ചായത്തിലെ ഇളമാങ്കൽ ഉന്നതിയിൽ കാട്ടാനകൾ കാർഷിക വിളകൾ നശിപ്പിക്കുന്നതിനുപുറമെ ജീവനും ഭീഷണിയാവുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഉന്നതിയിൽ കുടുംബങ്ങൾ നടത്തിവരുന്ന കൃഷികൾ കാട്ടാനകൾ നശിപ്പിക്കുകയും വ്യാപകമായ നാശനഷ്ടങ്ങൾ

ഉണ്ടാവുകയും അതുവഴി അവരുടെ വരുമാനം നഷ്ടപ്പെടുകയും ക്കടാതെ ഉന്നതി നിവാസികളെ ആക്രമിക്കാൻ വരുന്നത് സംബന്ധിച്ചും ഉന്നതി നിവാസികൾ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. ഈ വിഷയങ്ങൾ വനം വകുപ്പിന്റെ ശ്രദ്ധയിപ്പെടുത്തിയിട്ടുണ്ട്.

(ബി) അടിയന്തര ഘട്ടങ്ങളിൽ ഉന്നതിയിൽനിന്നും പുറത്തേക്ക് പോകുന്നതിന് മുണ്ടയോട് കടവ് ഉന്നതി മുതൽ ഇളമാങ്കൽ ഉന്നതി വരെ രണ്ട് കിലോമീറ്റർ ദൂരമുള്ള ദുർഘടമായ പാത കോൺക്രീറ്റ് ചെയ്ത് ഗതാഗത യോഗ്യമാക്കാൻ ആവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

ഇളമാങ്കൽ ഉന്നതിയിൽ ആകെ 5 വീടുകളിലായി 5 കുടുംബങ്ങൾ മാത്രമാണ് താമസിച്ചുവരുന്നത്. വനാവകാശ പ്രകാരം കൈവശരേഖ ലഭിച്ചതും തികച്ചും ഒറ്റപ്പെട്ടതുമായ ഒരു പ്രദേശമാണിത്. ഉന്നതിയിലേക്ക് മുണ്ടയോട് കടവ് മുതൽ ഏകദേശം 5 കിലോമീറ്റർ ദൂരത്തോളം മൺ റോഡാണുള്ളത്. ഈ റോഡ് കോൺക്രീറ്റ് ചെയ്ത് ഗതാഗത യോഗ്യമാക്കണമെങ്കിൽ ഭീമമായ തുക വേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു. ഇക്കാര്യം പരിശോധിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു.

**പട്ടികജാതി-പട്ടികവർഗ വകുപ്പുകൾ മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

82 (933) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ പട്ടികജാതി പട്ടികവർഗ വകുപ്പുകൾ മുഖേന വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ?

പട്ടികവർഗ വികസന വകുപ്പ്

ഈ സർക്കാർ അധികാരമേറ്റതിനുശേഷം വടകര നിയോജക മണ്ഡലത്തിൽ വകുപ്പ് മുഖേന പുതുപ്പണത്ത് പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിനായി 482.59 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പ്

ഈ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ പട്ടികജാതി വകുപ്പ് മുഖേന വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പദ്ധതി | എണ്ണം | തുക |
|---|---|---|---|
| 1 | ഭ്രൂരഹിത പുനരധിവാസ പദ്ധതി | 8 | 30,00,000 |
| 2 | പഠനമുറി | 14 | 26,90,000 |
| 3 | സേഫ് പദ്ധതി | 6 | 11,50,000 |
| 4 | ഭവനപൂർത്തീകരണം | 7 | 10,50,000 |
| 5 | ചികിത്സാധനസഹായം | 146 | 32,73,500 |
| 6 | വിവാഹ ധനസഹായം | 33 | 33,25,000 |
| 7 | മിശ്രവിവാഹ ധനസഹായം | 26 | 19,50,000 |
| 8 | ഏകവരുമാനം | 7 | 14,00,000 |
| 9 | സ്വയംതൊഴിൽ ധനസഹായം | 3 | 3,00,000 |
| 10 | വിദേശതൊഴിൽ ധനസഹായം | 6 | 6,00,000 |
| 11 | അയ്യങ്കാളി സ്കോളർഷിപ്പ് | 146 | 6,60,500 |

(ബി) ഇക്കാലയളവിൽ വടകര നിയോജകമണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ വകുപ്പുകൾ മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ചശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം

പൂർത്തികരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ?

പട്ടികവർഗ വികസന വകുപ്പ്

പട്ടികവർഗ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ച പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം പുരോഗമിച്ചുവരുന്നു.

പട്ടികജാതി വികസന വകുപ്പ്

ഇല്ല. ഇക്കാലയളവിൽ വടകര നിയോജകമണ്ഡലത്തിൽ പട്ടികജാതി വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ചശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഒന്നും ഇല്ല.

(സി) ഇവ ഓരോന്നിനുമായി നീക്കിവച്ചിട്ടുള്ള തുകകൾ എത്ര വീതമാണെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇതിൽ കേന്ദ്ര സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണ്; ഇവ ഓരോന്നിനും നീക്കിവച്ചിട്ടുള്ള കേന്ദ്ര-സംസ്ഥാന-തദ്ദേശസ്ഥാപന വിഹിതങ്ങൾ എത്ര വീതമാണ്;

(ഇ) ഇക്കാലയളവിൽ വടകര നിയോജകമണ്ഡലത്തിനായി വകുപ്പുകൾ മുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണ്; വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

(സി-ഇ) പട്ടികവർഗ വികസന വകുപ്പ്

കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പുതുപ്പണത്ത് പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിന് 482.59 ലക്ഷം രൂപ 100 ശതമാനം കേന്ദ്ര വിഹിതമായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്.

പട്ടികജാതി വികസന വകുപ്പ്

അനുബന്ധമായി ചേർക്കുന്നു.+

**പീച്ചാംകോട് അതിദുർബല ഗ്രാമം സമഗ്ര വികസന പദ്ധതി**

83 (934) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തരൂർ നിയോജകമണ്ഡലത്തിലെ പീച്ചാംകോട് അതിദുർബല ഗ്രാമം സമഗ്ര വികസന പദ്ധതിയുടെ പ്രവർത്തന പുരോഗതി ഏത് ഘട്ടത്തിലാണ്; എന്ന് പൂർത്തീകരിക്കുവാൻ കഴിയും; വ്യക്തമാക്കാമോ?

തരൂർ നിയോജകമണ്ഡലത്തിലെ പീച്ചാംകോട് അതിദുർബല ഗ്രാമം സമഗ്ര വികസന പദ്ധതിയുടെ നിർമ്മാണം പുരോഗതിയിലാണ്. 60 ശതമാനം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ 6 മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള നിർദേശം പാലക്കാട് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നൽകിയിട്ടുണ്ടെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പീച്ചാംകോട് നായാടി നഗറിലെ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെടാത്ത പട്ടികജാതി ദുർബല വിഭാഗത്തിൽപെട്ട 10 കുടുംബങ്ങൾക്ക് നിലവിലെ സ്ഥിതി പരിഗണിച്ച് പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിനുള്ള ധനസഹായം അനുവദിക്കുന്ന വിഷയവും പരിശോധിച്ചുവരുന്നു.

**കാവശ്ശേരി കെൽപാം മോഡേൺ റൈസ് മിൽ പദ്ധതി**

84 (935) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിനുകീഴിൽ ആരംഭിച്ച കാവശ്ശേരി കെൽപാം മോഡേൺ റൈസ്മിൽ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കാവശ്ശേരി കെൽപാം മോഡേൺ റൈസ് മില്ലിന്റെ Building & Civil work, Plant & Machinery എന്നിവയുടെ 90 ശതമാനം പണികളും പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി പ്രവൃത്തികൾ അന്തിമമാക്കി കമ്മീഷൻ ചെയ്യുന്നതിലേക്ക് ആവശ്യമായ തുടർനടപടി സ്വീകരിച്ചുവരുന്നു.

**മലപ്പുറം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

85 (936) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന അംബേദ്കർ സ്വാശ്രയ ഗ്രാമ പദ്ധതി വഴിയുള്ള നഗർ നവീകരണ പ്രവൃത്തികളുടെ പുരോഗതികൾ

വെളിപ്പെടുത്താമോ?

മലപ്പുറം മണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പാലമുറ്റത്ത് പട്ടികജാതി നഗർ, ആണ്ടിക്കാട്ടിൽ പട്ടികജാതി നഗർ എന്നീ നഗറുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ചെറുപറമ്പ് പട്ടികജാതി നഗറിന്റെ 30 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചു. മലയത്തൊടി നഗറിൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

(ബി) മൊറയൂർ പഞ്ചായത്തിലെ മലയത്തൊടി നഗറിലെ നവീകരണ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; നിർമ്മാണം എന്ന് തുടങ്ങാനാകുമെന്ന് വ്യക്തമാക്കാമോ?

മലയത്തൊടി ഗ്രാമത്തിന്റെ നവീകരണത്തിനായി 2018 DSoR നിരക്കിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിന് 25-04-2025-ന് അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും ടി DSoR നിരക്കിൽ കരാറുകാർ ആരും തന്നെ പ്രവൃത്തി ഏറ്റെടുക്കുന്നതിന് തയ്യാറായിട്ടില്ലെന്ന് ഏജൻസി അറിയിച്ചതിനാൽ DSoR 2021 പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് സമർപ്പിച്ച് അംഗീകാരം നൽകിയാലുടൻ പ്രവൃത്തി ആരംഭിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകുന്നതാണ്.

(സി) മലപ്പുറം മുനിസിപ്പാലിറ്റിയിലെ ചെറുപറമ്പ് അംബേദ്കർ ഗ്രാമം പദ്ധതിയുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ചെറുപറമ്പ് അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ പ്രവൃത്തി 30 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ 6 മാസത്തിനുള്ളിൽ തീർക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ലൈവ്‌ലിഹുഡ് മിഷൻ ഫോർ ടൈബൽ സെറ്റിൽമെന്റ്**

86 (937) ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. വിജിൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈവ്‌ലിഹുഡ് മിഷൻ ഫോർ ടൈബൽ സെറ്റിൽമെന്റിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ പട്ടികവർഗ കുടുംബങ്ങൾക്ക് സുസ്ഥിരമായ ഉപജീവന സാധ്യതകളൊരുക്കി കൊടുക്കുക, അതുവഴി അവരുടെ വരുമാനം വർധിപ്പിക്കുക, മികച്ച പിന്തുണയിലൂടെ സമഗ്രമായ മാനവിക പുരോഗതി ഉറപ്പാക്കുക എന്നിവ പദ്ധതി ലക്ഷ്യം വയ്ക്കുന്നു. വരുമാനം സൃഷ്ടിക്കുന്ന വൈവിധ്യമായ പ്രവർത്തനങ്ങളിലൂടെ സുസ്ഥിര സാമ്പത്തിക സ്വാതന്ത്ര്യം സുഗമമാക്കികൊണ്ട് പട്ടികവർഗ സമുദായങ്ങളെ ശാക്തീകരിക്കുന്നതും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

(ബി) പ്രസ്തുത പാക്കേജ് നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി എത്ര തുക ഈ വർഷം വകയിരുത്തിയിട്ടുണ്ട്; വിശദമാക്കാമോ?

2025-26-ൽ പദ്ധതിക്കായി 800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(സി) മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ അക്കാദമിക നിലവാരവും വിജയ ശതമാനവും മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ അക്കാദമിക് നിലവാരം വർധിപ്പിക്കുന്നതിനായി സ്മാർട്ട് ക്ലാസ് റൂമുകൾ, സ്മാർട്ട് ലാബുകൾ എന്നിവ

സജ്ജീകരിച്ചുവരുന്നു. വിദ്യാർഥികളിൽ ഗണിത പഠന സഹായിയായി മഞ്ചാടി പദ്ധതിയും ശാസ്ത്ര പഠന സഹായിയായി മഴവിൽ പദ്ധതിയും KDISC-ന്റെ സഹായത്തോടെ നടത്തിവരുന്നു. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തി റെമഡിയൽ ക്ലാസുകളും നൽകി വരുന്നുണ്ട്. 2024-25 വർഷം SSLC പരീക്ഷയിൽ എല്ലാ MRS-കളും 100 ശതമാനം വിജയം നേടിയിട്ടുണ്ട്. ഹയർ സെക്കൻഡറിയിൽ വടശ്ശേരിക്കര MRS 100 ശതമാനം വിജയം നേടിയിട്ടുണ്ട്.

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ പട്ടികജാതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

87 (938) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

* ഞണ്ടുകുളം എസ്.സി. നഗർ അടിസ്ഥാന സൗകര്യ വികസനം - 2 വർക്കുകൾ പൂർത്തീകരിച്ചു.

* കെ.പി.എം.എസ്. കടമാൻചിറ നഗർ റോഡ് പൂർത്തീകരണം - വർക്ക് പൂർത്തീകരിച്ചു.

* അറുനൂറിൽ പുതുവിൽചിറ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം - 2 വർക്കുകൾ പൂർത്തീകരിച്ചു.

* വെള്ളുക്കുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം - വർക്ക് പൂർത്തീകരിച്ചു.

* കുറിച്ചി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന വിജ്ഞാൻവാടി കെട്ടിടത്തിന്റെ ടോയ്ലറ്റ് അറ്റകുറ്റപണികൾ - വർക്ക് പൂർത്തീകരിച്ചു.

* സചിവോത്തമപുരം സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ - വർക്ക് പൂർത്തീകരിച്ചു.

* അംബേദ്കർ ഗ്രാമം 2023-24 മുതലപ്ര എസ്.സി. നഗർ - വർക്ക് പുരോഗമിക്കുന്നു.

* അംബേദ്കർ ഗ്രാമം 2023-24 വെള്ളക്കുന്ന് എസ്.സി. നഗർ - വർക്ക് പുരോഗമിക്കുന്നു.

* അംബേദ്കർ ഗ്രാമം 2023-24 വാഴപ്പള്ളി സെറ്റിൽമെന്റ് നഗർ എസ്റ്റിമേറ്റ് അംഗീകാരം നൽകുന്നതിനായി 11-07-2025-ന് സമർപ്പിച്ച പ്രൊപ്പോസൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരിശോധിച്ചുവരുന്നു.

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക, ഉത്തരവുകളുടെ പകർപ്പുകൾ എന്നിവ അനുബന്ധമായി ചേർക്കുന്നു.+

**പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരുടെ മുന്നേറ്റം**

88 (939) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർഥികൾക്ക് സർക്കാർ സർവീസിൽ ഉൾപ്പെടെ ജോലി ലഭിക്കുന്നതിനുള്ള വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിന് വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വിവിധ മത്സര പരീക്ഷകൾക്ക് പട്ടികജാതി ഉദ്യോഗാർഥികളെ പരിശീലിപ്പിക്കുന്നതിന് തിരുവനന്തപുരം-മണ്ണന്തല, എറണാകുളം-ആലുവ, പാലക്കാട്-കുഴൽമന്ദം, കോഴിക്കോട് എന്നിവിടങ്ങളിലായി നാല് പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകൾ പ്രവർത്തിക്കുന്നു.

തിരഞ്ഞെടുക്കപ്പെടുന്നവർക്ക് സ്റ്റൈപെൻഡോടുകൂടിയ പരിശീലനം നൽകിവരുന്നു. പട്ടികവർഗ വിദ്യാർഥികളുടെ വിദ്യാഭ്യാസം, തൊഴിൽ, ഉന്നമനം, എന്നിവ ലക്ഷ്യമാക്കി ഓരോ വർഷവും ഡിഗ്രി പരീക്ഷയിൽ 50 ശതമാനം മാർക്ക് ലഭിച്ചതും 30 വയസ്സിനുതാഴെ പ്രായമുള്ളവരും വാർഷിക വരുമാന പരിധി രണ്ടര ലക്ഷം രൂപയിൽ അധികരിക്കാത്തവരുമായ വിദ്യാർഥികൾക്ക് സിവിൽ സർവീസ് പരിശീലനം നൽകിവരുന്നു. തിരഞ്ഞെടുക്കപ്പെടുന്ന ഓരോ വിദ്യാർഥിക്കും പഠനത്തിനായി പരമാവധി മൂന്നു ലക്ഷം രൂപ സ്കോളർഷിപ്പായി അനുവദിച്ച് നൽകിവരുന്നു. ബാങ്കിങ് സർവീസ്, UPSC, SSC, KPSC തുടങ്ങിയ

മേഖലകളിൽ പരിശീലനത്തിനൊരുങ്ങുന്ന പട്ടികവർഗ വിദ്യാർഥികൾക്ക് ഇത്തരം മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനാവശ്യമായ പരിശീലനം ലഭ്യമാക്കുന്നതിനായി ഫിനാൻഷ്യൽ അസിസ്റ്റന്റ്സ് ഫോർ കോമ്പറ്റേറ്റീവ് എക്സാം കോച്ചിങ് എന്ന പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. പ്രസ്തുത പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കായി വകുപ്പ് ഏതെങ്കിലും സ്വയംതൊഴിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി നടപ്പിലാക്കുന്ന സ്വയംതൊഴിൽ പദ്ധതിയുടെ വിവരം ചുവടെ ചേർക്കുന്നു.

1. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാരായ വ്യക്തികൾക്ക് മൂന്നുലക്ഷം രൂപ വരെയുള്ള വായ്പ തുകയുടെ 1/3 സബ്സിഡി അനുവദിക്കുന്ന പദ്ധതി ബാങ്കുകളുമായി ചേർന്ന് വകുപ്പ് നടപ്പിലാക്കുന്നു. ബാങ്ക് അംഗീകരിക്കുന്ന ഏത് സ്വയംതൊഴിൽ സംരംഭവും പദ്ധതി പ്രകാരം ആരംഭിക്കാം.

2. പത്തോ അതിൽ കൂടുതലോ പട്ടിജാതി വിഭാഗക്കാർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്കും 80 ശതമാനമോ അതിന് മുകളിലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള വനിതാ സ്വാശ്രയ സംഘങ്ങൾക്കും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 75 ശതമാനം തുക (പരമാവധി 10 ലക്ഷം രൂപ) അംഗങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ചുനൽകുന്നു.

പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കായി സംരംഭകരെ പ്രോത്സാഹിക്കുന്നതിനായി സംരംഭകത്വ വികസന പരിപാടി കേരള എംപവേർഡ് സൊസൈറ്റിയും കേരളാ സ്റ്റാർട്ടപ്പ് മിഷന്റെ സഹായത്തോടെ വകുപ്പ് നടപ്പിലാക്കുന്നു. കൂടാതെ ജില്ലാ തലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ജില്ലാതല വർക്കിങ് ഗ്രൂപ്പിന്റെ അനുമതിയോടെ സ്വയംതൊഴിൽ പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം പട്ടികവർഗ ഉന്നതികൾക്കായുള്ള ഉപജീവന മിഷൻ എന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് 8 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്.

**കയ്പമംഗലം മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

89 (940) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയ്പമംഗലം മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലം മുതൽ ഇതുവരെ പട്ടികജാതി, പട്ടികവർഗ, പിന്നാക്ക ക്ഷേമ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമായ റിപ്പോർട്ട് നൽകാമോ?

കയ്പമംഗലം മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലം മുതൽ ഇതുവരെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളും അവയുടെ ഗുണഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| പദ്ധതി | 2016-21 | 2021-24 |
|---|---|---|
| ഭൂരഹിത പുനരധിവാസം | 86 | 53 |
| ഭവന പൂർത്തീകരണം | 67 | 0 |
| പഠനമുറി | 137 | 139 |
| വിവാഹ ധനസഹായം | 102 | 91 |
| മിശ്രവിവാഹ ധനസഹായം | 40 | 32 |
| ചികിത്സാ ധനസഹായം | 3234 | 1027 |
| ഏകവരുമാനദായകൻ | 18 | 69 |

| | | |
|---|---|---|
| മരണപ്പെട്ട കുടുംബത്തിന് ധനസഹായം | | |
| സ്വയംതൊഴിൽ ധനസഹായം | 6 | 4 |
| വിദേശതൊഴിൽ ധനസഹായം | 64 | 90 |
| അംബേദ്കർ ഗ്രാമം | 3 | 2 |
| കോർപ്പസ് ഫണ്ട് | 0 | 0 |

തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം മണ്ഡലത്തിൽ പട്ടികവർഗ വിഭാഗക്കാരില്ല.

സ്കൂൾ, കോളേജ് വിദ്യാർഥികൾക്ക് നൽകുന്ന സ്കോളർഷിപ്പുകൾ ഒഴികെ കയ്പമംഗലം നിയോജകമണ്ഡലത്തിൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രത്യേക വികസന പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

**മട്ടന്നൂർ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി**

90 (941) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ നിലവിലെ അവസ്ഥയെക്കുറിച്ചുള്ള വിശദാംശങ്ങൾ നൽകാമോ?

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ അംബേദ്കർ നഗറിൽ പദ്ധതി നടപ്പിലാക്കുന്നതിന് കമ്മിറ്റി കൂടിയിട്ടുണ്ട്. നിർവഹണ ഏജൻസിയായ പടിയൂർ ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിങ് വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി) മണ്ഡലത്തിലെ ഏതെങ്കിലും പട്ടികജാതി ഉന്നതികളെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉൾപ്പെടുത്തിയിട്ടില്ല.

**2024-25 കാലയളവിൽ ദേശീയ പട്ടികജാതി കമ്മീഷൻ അംഗങ്ങളുടെ കേരള സന്ദർശനം**

91 (942) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25-ൽ ദേശീയ പട്ടികജാതി കമ്മീഷൻ അംഗങ്ങൾ എത്ര തവണ കേരളത്തിൽ സന്ദർശനം നടത്തിയെന്ന് വിശദമാക്കാമോ?

2024-25-ൽ ദേശീയ പട്ടികജാതി കമ്മീഷൻ അംഗങ്ങൾ രണ്ട് പ്രാവശ്യം കേരളത്തിൽ സന്ദർശനം നടത്തി.

(ബി) ദേശീയ പട്ടികജാതി കമ്മീഷൻ അംഗങ്ങൾ നടത്തിയ യോഗങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ദേശീയ പട്ടികജാതി കമ്മീഷൻ അംഗങ്ങൾ നടത്തിയ യോഗങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.[+]

(സി) പ്രസ്തുത അംഗങ്ങളുടെ സന്ദർശനം സംബന്ധിച്ച് സർക്കാരിനുണ്ടായ ചെലവുകളുടെ കണക്കുകൾ ലഭ്യമാക്കുമോ?

പ്രസ്തുത അംഗങ്ങളുടെ സന്ദർശനം സംബന്ധിച്ച് സർക്കാരിന് 25,07,573/- (ഇരുപത്തി അഞ്ച് ലക്ഷത്തി ഏഴായിരത്തി അഞ്ഞൂറ്റി എഴുപത്തി മൂന്ന്) രൂപയുടെ ചെലവ് ഉണ്ടായിട്ടുണ്ട്.

(ഡി) കമ്മീഷൻ സന്ദർശനം സമുദായ നേതാക്കളെ അറിയിക്കാത്തത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്മീഷൻ സന്ദർശനം സമുദായ നേതാക്കളെ അറിയിക്കാത്തത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടില്ല.

(ഇ) കമ്മീഷൻ അംഗങ്ങളുടെ കേരള സന്ദർശനം സംബന്ധിച്ച് മീഡിയകളിൽ വാർത്ത നൽകാറുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കമ്മീഷൻ അംഗങ്ങളുടെ കേരള സന്ദർശനം സംബന്ധിച്ച് പ്രമുഖ പത്രങ്ങളിൽ വാർത്ത നൽകിയിട്ടുണ്ട്.

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ വകുപ്പുകളുടെ കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ**

92 (943) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ വകുപ്പുകളുടെ കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ അവസ്ഥ വിശദമാക്കാമോ?

(എ&ബി) പട്ടികവർഗ വികസന വകുപ്പ്

വിവരം ശേഖരിച്ചുനൽകുന്നതാണ്.

പട്ടികജാതി വികസന വകുപ്പ്

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ പട്ടികജാതി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**വണ്ടൂർ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

93 (944) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

2016 മെയ് മാസം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. വാരിയത്ത് പട്ടികജാതി നഗർ (2016-17)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. ഷാരിയിൽ പട്ടികജാതി നഗർ (2016-17)

3. കാഞ്ഞിരപ്പാടം മച്ചിങ്ങാപ്പൊയിൽ പട്ടികജാതി നഗർ (2018-19) പ്രളയത്തിൽ തകർന്ന നഗറുകളുടെ പുനരുദ്ധാരണം.

4. വണ്ടൂർ ഗവൺമെന്റ് പട്ടികജാതി നഗർ (2019-20)

5. വാരിയത്ത് പട്ടികജാതി നഗർ (2021-22)

6. വളരാട്ടുകുന്ന് പട്ടികജാതി നഗർ (2023-24)

7. തെക്കുപാടം പട്ടികജാതി നഗർ (2023-24)

8. പുത്തൻകുന്ന് പട്ടികജാതി നഗർ (2024-25)

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

വണ്ടൂർ മണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ നഗറുകളിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

**പട്ടികജാതി വികസന വകുപ്പിന്റെ വിവിധ ധനസഹായ പദ്ധതികൾ**

94 (945) <u>ശ്രീ. പി. ഉബൈദുള്ള:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക്

[+] നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, വിദേശ തൊഴിൽ ധനസഹായം എന്നിവയിൽ എത്ര അപേക്ഷകൾ ഇനിയും തീർപ്പാക്കാനുണ്ട്; ഇതിലേക്ക് ഓരോന്നിനും എത്ര തുക ആവശ്യമുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, വിദേശ തൊഴിൽ ധനസഹായം എന്നിവയിൽ തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം, ഇതിലേക്ക് ഓരോന്നിനും എത്ര തുക ആവശ്യമുണ്ട് എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.[+]

(ബി) വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, വിദേശ തൊഴിൽ ധനസഹായം എന്നിവ ബ്ലോക്ക് പഞ്ചായത്തിന്റെ എസ്.സി.എസ്.ടി.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹണം നടത്തുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇല്ലെങ്കിൽ 2025-26 സാമ്പത്തിക വർഷം മുതൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, വിദേശ തൊഴിൽ ധനസഹായം എന്നിവ ബ്ലോക്ക് പഞ്ചായത്തിന്റെ എസ്.സി.എസ്.ടി. പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹണം നടത്തുന്നതിന് നിലവിൽ വ്യവസ്ഥയില്ല. ഗ്രാമപഞ്ചായത്ത്, നഗരസഭാ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാണ് നിലവിൽ വ്യവസ്ഥയുള്ളത്. പ്രസ്തുത ധനസഹായങ്ങൾ ബ്ലോക്ക് പഞ്ചായത്തുകളുടെ പട്ടികജാതി പ്രത്യേക ഘടകപദ്ധതിയിലുൾപ്പെടുത്തി നിർവഹണം നടത്തുന്നതിനുള്ള സാധ്യത തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് പരിശോധിച്ചുവരുന്നു.

**ജാതി സർവെ നടത്താൻ നടപടി**

95 (946) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പിന്നാക്ക സമുദായങ്ങളുടെ സംവരണ പട്ടിക പരിഷ്കരിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പിന്നാക്ക സംവരണ പട്ടിക കാലാനുസൃതമായി പുതുക്കി വരുന്നുണ്ട്.

(ബി) പട്ടിക പുതുക്കുന്നതിന്റെ ഭാഗമായി ജാതി സർവെ നടത്താൻ പിന്നാക്ക കമ്മീഷനോട് നിർദ്ദേശിച്ചിരുന്നോ; വ്യക്തമാക്കാമോ?

പട്ടിക പുതുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ജാതി സർവെ നടത്താൻ പിന്നാക്ക കമ്മീഷനോട് നിർദ്ദേശിച്ചിട്ടില്ല.

(സി) സർവെ നടത്തുന്നതിന് മുൻപ് പിന്നാക്ക സമുദായ സംഘടനകളുമായി ചർച്ച നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

സംസ്ഥാനത്ത് ജാതി സെൻസസ് നടത്തുന്നത് സംബന്ധിച്ച കേസ് [Contempt Petition (C)669-670/2022 in SLP(C)4751-52/2021 filed by Minority Indians Planning & Vigilance Commission Trust] ബഹുമാനപ്പെട്ട

സുപ്രീംകോടതിയിൽ നിലവിലുണ്ട്. പ്രസ്തുത കേസിലെ സുപ്രീംകോടതിയുടെ അന്തിമ തീരുമാനം വരുന്ന മുറയ്ക്ക് സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ രാജ്യത്ത് അടുത്ത സെൻസസിന്റെ കൂടെ ജാതി സെൻസസും നടത്തുമെന്ന് 2025 ഏപ്രിൽ 30-ന് കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുകയും അടുത്ത സെൻസസ് സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്.

**പട്ടികജാതി-പട്ടികവർഗ വകുപ്പുവഴി അത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

96 (947) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ വകുപ്പ് വഴി അത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ, അനുവദിച്ച തുക എന്നിവ പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പ്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വകുപ്പ് വഴി അത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ, പ്രസ്തുത പ്രവൃത്തികളുടെ

നിലവിലെ അവസ്ഥ, അനുവദിച്ച തുക എന്നിവ പഞ്ചായത്തടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.+

പട്ടികവർഗ വികസന വകുപ്പ്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത്തൂർ മണ്ഡലത്തിൽ പട്ടികവർഗ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ, നിലവിലെ അവസ്ഥ, അനുവദിച്ച തുക എന്നിവ പഞ്ചായത്തടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.+

**പ്ലാൻ ഫണ്ടിൽ ഗണ്യമായ വെട്ടിക്കുറവ്**

97 (948) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ഗണ്യമായ വെട്ടിക്കുറവ് വരുത്തിയ സാഹചര്യത്തിൽ, എസ്.സി. വിഭാഗത്തിന് 10 ശതമാനവും എസ്.ടി. വിഭാഗത്തിന് രണ്ട് ശതമാനവും പദ്ധതി വിഹിതം നീക്കിവെക്കണമെന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭരണഘടനപരമായ ഉത്തരവാദിത്വം നിറവേറ്റാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ജനസംഖ്യാനുപാതികമായി SCP/TSP വിഹിതം വകയിരുത്തണമെന്ന് ഭരണഘടന നിബന്ധന ഇല്ലെങ്കിലും കേരളത്തിൽ നയപരമായ തീരുമാന പ്രകാരം ജനസംഖ്യാനുപാതത്തേക്കാൾ ഉയർന്ന ശതമാനം ബജറ്റിൽ വകയിരുത്തുന്നുണ്ട്.

2011-ലെ സെൻസസ് പ്രകാരം കേരളത്തിന്റെ ആകെ ജനസംഖ്യയുടെ 9.1 ശതമാനം വരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ജനസംഖ്യാനുപാതികമായി ആകെ സംസ്ഥാന ബജറ്റിന്റെ 9.81 ശതമാനം തുകയാണ് വകയിരുത്തിവരുന്നത്.

കഴിഞ്ഞ സാമ്പത്തിക വർഷം സ്പെഷ്യൽ കമ്പോണന്റ് പ്ലാനിൽ 2979.40 കോടി രൂപയാണ് വകയിരുത്തിയത്. ടി തുകയുടെ 55 ശതമാനമായ 1638.10 കോടി രൂപ പട്ടികജാതി വികസന വകുപ്പും 45 ശതമാനം തുകയായ 1341.30 കോടി രൂപ തദ്ദേശസ്വയംഭരണ വകുപ്പുമാണ് നടപ്പിലാക്കുന്നത്.

2024-25 സാമ്പത്തിക വർഷം 1.45 ശതമാനം പട്ടികവർഗക്കാരുടെ ഉന്നമനത്തിനായി ആകെ പദ്ധതി അടങ്കലിന്റെ 2.83 ശതമാനം തുക പട്ടികവർഗ ഉപപദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കൽ തുകയായ 30,370 കോടി രൂപയിൽ 859.50 കോടി രൂപ പട്ടികവർഗ ഉപപദ്ധതിയിൽ (TSP) ലഭിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം എസ്.സി. വിഭാഗത്തിനായി ചെലവഴിച്ച പ്ലാൻ ഫണ്ടിന്റെയും എസ്.ടി. വിഭാഗത്തിനായി ചെലവഴിച്ച പ്ലാൻ ഫണ്ടിന്റെയും തുകകൾ ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമായിരുന്നു എന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പിന് വകയിരുത്തിയ പദ്ധതി വിഹിതമായ 1607.18 കോടി രൂപയിൽ 1331.06 കോടി (82.81%) രൂപ ചെലവഴിച്ചു.

തദ്ദേശസ്ഥാപനങ്ങൾ മുഖേന 1341.30 കോടി രൂപ SCP വിഹിതം വകയിരുത്തിയതിൽ 1141.25 കോടി രൂപ (85.1%) ചെലവഴിച്ചു.

പട്ടികവർഗ വികസന വകുപ്പ് 2024-25 സാമ്പത്തിക വർഷം TSP ഇനത്തിൽ 859.50 കോടി രൂപ വകയിരുത്തിയതിൽ 634.12 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ആയത് ആകെ പദ്ധതി വിഹിതത്തിന്റെ 73.77 ശതമാനമാണ്.

തദ്ദേശസ്ഥാപനങ്ങൾ മുഖേന 201.55 കോടി രൂപ TSP വിഹിതം വകയിരുത്തിയതിൽ 171.61 കോടി രൂപ (85.14%) ചെലവഴിച്ചു.

(സി) നടപ്പുസാമ്പത്തിക വർഷം നാളിതുവരെ എസ്.സി. വിഭാഗത്തിനായി ചെലവഴിച്ച പ്ലാൻ ഫണ്ടിന്റെയും എസ്.ടി. വിഭാഗത്തിനായി ചെലവഴിച്ച പ്ലാൻ ഫണ്ടിന്റെയും തുകകൾ ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ?

നടപ്പുസാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പിന് വകയിരുത്തിയ പദ്ധതി വിഹിതമായ 1712.60 കോടി രൂപയിൽ നാളിതുവരെ 587.02 കോടി (34.27%) രൂപ ചെലവഴിച്ചു.

2025-26 സാമ്പത്തിക വർഷം പട്ടികവർഗ ഉപപദ്ധതിയിൽ ലഭിച്ച 920 കോടി രൂപയ്ക്ക് നാളിതുവരെ 206.24 കോടി രൂപ (22.41%) ചെലവഴിച്ചിട്ടുണ്ട്.

**വണ്ടൂർ മണ്ഡലത്തിൽ പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

98 (949) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ വിശദവിവരം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

(എ&ബി) 2016 മെയ് മാസം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ വിവരവും പ്രവർത്തന പുരോഗതിയും അനുബന്ധമായി ചേർക്കുന്നു.+

**പട്ടികജാതി വിഭാഗങ്ങൾക്ക് ചികിത്സാ സഹായം**

99 (950) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട അർഹരായ അപേക്ഷകർക്ക് ചികിത്സാസഹായം അനുവദിക്കുന്നത് ഓൺലൈൻ സംവിധാനത്തിൻ കീഴിൽ ആക്കുന്നതിനും ചികിത്സാ സഹായം ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ ടി-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈൻ സംവിധാനത്തിലാണ് ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ സ്വീകരിച്ചുവരുന്നത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അടിയന്തര പ്രാധാന്യത്തോടെ സീനിയോറിറ്റി പ്രകാരം കാലതാമസം വരുത്താതെ തുക വിതരണം ചെയ്തുവരുന്നു.

**പട്ടികവർഗ വിഭാഗത്തിലെ ഗർഭിണികളുടെയും ഗർഭസ്ഥ ശിശുക്കളുടെയും ആരോഗ്യ സുരക്ഷ**

100 (951) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ വിഭാഗത്തിലെ ഗർഭിണികളുടെയും ഗർഭസ്ഥ ശിശുക്കളുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നൂതന പ്രവർത്തനങ്ങളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ വിഭാഗത്തിലെ ഗർഭിണികളുടെയും ഗർഭസ്ഥ ശിശുക്കളുടെയും ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നൂതന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

ട്രൈബൽ ഹെൽത്ത് ആൻഡ് ന്യൂട്രീഷ്യൻ കൺസൾട്ടന്റ്

അട്ടപ്പാടി ഉൾപ്പെടെയുള്ള പട്ടികവർഗ മേഖലകളിലെ ആരോഗ്യ പോഷക ക്ഷേമ പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്യുന്നതിനായി UNICEF-ന്റെ സാമ്പത്തിക സഹായത്തോടെ ഒരു കൺസൾട്ടന്റിനെ (Tribal Health and Nutrition Consultant) നിയമിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഊരിന്റെ താരാട്ട് പദ്ധതി- അട്ടപ്പാടിയിലെ ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കുമായി പട്ടികവർഗ വികസന വകുപ്പും പാലക്കാട് ജില്ലാ ഭരണകൂടവും സംയുക്തമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഊരിന്റെ താരാട്ട്. ഈ പദ്ധതിയുടെ ഭാഗമായി വിവിധ ക്യാമ്പയിനുകളും ബോധവൽക്കരണ ക്യാമ്പുകളും പരിശീലനവും നടപ്പിലാക്കിവരുന്നുണ്ട്.

ഊരിന്റെ താരാട്ട് പദ്ധതിയുടെ ഭാഗമായി അട്ടപ്പാടി മേഖലയിലെ, ഗർഭസ്ഥ ശിശുവിനും അമ്മയ്ക്കും ആവശ്യമായ നിയോനാറ്റൽ (നവജാത ശിശു സംരക്ഷണ) കിറ്റ് വിതരണം ചെയ്യുന്നതിനായി 'സ്നേഹപൂർവം അമ്മയ്ക്ക് എന്ന പദ്ധതി ആവിഷ്കരിച്ച് കിറ്റ് വിതരണം ചെയ്തുവരുന്നു.

(ബി) പട്ടികവർഗ വിഭാഗത്തിലെ നവജാത ശിശുക്കളുടെയും അമ്മമാരുടെയും ആരോഗ്യ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ പട്ടികവർഗ മേഖലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനായി നടപ്പാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

ജനനി ജന്മരക്ഷാ പദ്ധതി

പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അമ്മയ്ക്കും കുഞ്ഞിനും വേണ്ട പരിചരണം ഉറപ്പാക്കുന്നതിനും പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ജനനി ജന്മരക്ഷ. ഈ പദ്ധതി പ്രകാരം

ഗർഭാവസ്ഥയിലെ മൂന്നാം മാസം മുതൽ 18 മാസത്തേക്ക് പ്രതിമാസം 2000/- രൂപ ധനസഹായം അനുവദിക്കുന്നു.

വാത്സല്യ സ്പർശം പദ്ധതി

അട്ടപ്പാടിയിൽ കഴിഞ്ഞ കാലങ്ങളിലുണ്ടായ നവജാത ശിശുമരണങ്ങളിൽ ഏറിയവയും മിൽക്ക് ആസ്പിറേഷൻ മൂലമാണെന്ന് ആരോഗ്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നവജാത ശിശുക്കളുടെ അമ്മമാർക്ക് രാത്രി കാലങ്ങളിൽ മുലയൂട്ടൽ അപകട രഹിതമാക്കുന്നതിന് സഹായിക്കുന്നതിനായി വേണ്ട പരിശീലനവും, അവബോധവും നൽകുന്നതിനായി അഗളി, ഷോളയൂർ, പുതൂർ ഗ്രാമപഞ്ചായത്തുകളിലായി ഒന്നുവീതം ഫീൽഡ് നഴ്സുമാരെ വാത്സല്യ സ്പർശം പദ്ധതിയിൽ ഉൾപ്പെടുത്തി നിയമിച്ചിട്ടുണ്ട്.

പോഷകാഹാര ലഭ്യത വിവിധ പദ്ധതികളിലൂടെ ഉറപ്പുവരുത്തിയിട്ടുണ്ട്.

പട്ടികവർഗ വികസന വകുപ്പിനുകീഴിലുള്ള കൗൺസിലർമാർ മുഖേന കൗൺസിലിങ് നൽകിവരുന്നു.

ഗർഭിണികൾക്ക് പ്രത്യേക പോഷകാഹാര കിറ്റുകൾ നൽകിവരുന്നു.

സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

സിക്കിൾസെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 2500/- രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്.

പ്രതിരോധ കുത്തിവയ്പ്, വിളർച്ചയുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും പ്രത്യേക സ്ക്രീനിങ് ക്യാമ്പുകൾ നടത്തിവരുന്നു. കൂടാതെ കുട്ടികൾക്കും, ഗർഭിണികൾക്കും അയൺ, ഫോളിക് ആസിഡ്, വിറ്റാമിനുകൾ എന്നിവ കൃത്യമായി വിതരണം ചെയ്തുവരുന്നുണ്ട്.

ട്രൈബൽ ഹെൽത്ത് ആൻഡ് ന്യൂട്രീഷ്യൻ കൺസൾട്ടന്റ്

അട്ടപ്പാടി ഉൾപ്പെടെയുള്ള പട്ടികവർഗ മേഖലകളിലെ ആരോഗ്യ പോഷക ക്ഷേമ പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്യുന്നതിനായി UNICEF-ന്റെ സാമ്പത്തിക സഹായത്തോടെ ഒരു കൺസൾട്ടന്റിനെ (Tribal Health and Nutrition Consultant) നിയമിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

ഊരിന്റെ താരാട്ട് പദ്ധതി - അട്ടപ്പാടിയിലെ ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കുമായി പട്ടികവർഗ വികസന വകുപ്പും പാലക്കാട്

ജില്ലാ ഭരണകൂടവും സംയുക്തമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഊരിന്റെ താരാട്ട്. ഈ പദ്ധതിയുടെ ഭാഗമായി വിവിധ ക്യാമ്പയിനുകളും ബോധവൽക്കരണ ക്യാമ്പുകളും പരിശീലനവും നടപ്പിലാക്കി വരുന്നുണ്ട്.

ഈ പദ്ധതിയുടെ ഭാഗമായി അട്ടപ്പാടി മേഖലയിലെ ഗർഭസ്ഥ ശിശുവിനും അമ്മയ്ക്കും ആവശ്യമായ നിയോനാറ്റൽ (നവജാത ശിശു സംരക്ഷണ) കിറ്റ് വിതരണം ചെയ്യുന്നതിനായി "സ്നേഹപൂർവം അമ്മയ്ക്ക്" എന്ന പദ്ധതി ആവിഷ്കരിച്ച് കിറ്റ് വിതരണം ചെയ്തുവരുന്നു.

അട്ടപ്പാടി മേഖലയിലെ വികസന ക്ഷേമ പ്രവർത്തനങ്ങൾ ഒറ്റപ്പാലം സബ് കളക്ടറുടെ നേതൃത്വത്തിൽ എല്ലാ ആഴ്ചയിലും, പാലക്കാട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മാസത്തിൽ ഒരിക്കലും കൂടാതെ ബഹുമാനപ്പെട്ട എം.പി., എം.എൽ.എ. എന്നിവർ ഉൾപ്പെടുന്ന കോർഡിനേഷൻ സമിതിയുടെ നേതൃത്വത്തിൽ 3 മാസത്തിലൊരിക്കലും വിലയിരുത്തി നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(സി) പട്ടികവർഗ വിഭാഗത്തിന്റെ ഉപജീവനം മെച്ചപ്പെടുത്താനായി പട്ടികവർഗ ക്ഷേമ വകുപ്പ് നടപ്പാക്കുന്ന 'ടൈബൽ പ്ലസ്' പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ടോ എന്നത് കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് വിലയിരുത്താറുണ്ട്. പദ്ധതി പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**പട്ടികജാതി-പട്ടികവർഗ വിഭാഗക്കാരുടെ ഉന്നമനത്തിനായുള്ള വികസന പദ്ധതികൾ**

101 (952) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജകമണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ വിഭാഗത്തിലുള്ളവരുടെ ഉന്നമനത്തിനായി എന്തെല്ലാം പ്രധാന വികസന പദ്ധതികളാണ് അനുവദിച്ചത്; വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികവർഗ വികസന വകുപ്പ്

1. നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ പൂല്ലുകാട് ഉന്നതിയിലേക്കുള്ള റോഡ് നിർമ്മാണത്തിന് 99.53 ലക്ഷം രൂപയും പാലം നിർമ്മാണത്തിന് 83.16 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പദ്ധതി പുരോഗതിയിലാണ്.

2. പറമ്പിക്കുളം കുരിയാർകുറ്റി ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി ക്വാർട്ടേഴ്സ് നവീകരണം 6,39,288/- രൂപ ചെലവിൽ പണി പൂർത്തീകരിച്ചിട്ടുണ്ട്.

3. സേഫ് ഭവന പദ്ധതി പ്രകാരം 2023-24-ൽ 45 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചതിൽ 13 പേർ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 2024-25-ൽ 23 പേർക്ക് ഒന്നാം ഗഡു അനുവദിച്ചുനൽകിയിട്ടുണ്ട്.

4. 4 പേർക്ക് 4 ഏക്കർ വി.എഫ്.സി. ഭൂമി ടി.ആർ.ഡി.എം. പദ്ധതിയിൽ വിതരണം ചെയ്തിട്ടുണ്ട്.

5. നെന്മാറ മണ്ഡലത്തിൽ 2 സ്കൂളുകളിൽ വിദ്യാവാഹിനി പദ്ധതി നടപ്പിലാക്കുകയും 227 വിദ്യാർഥികൾക്ക് പ്രയോജനം ലഭ്യമാക്കി വരികയും ചെയ്യുന്നു.

6. പ്രതിവർഷം ജൂൺ-ജൂലായ് മാസങ്ങളിലായി 2086 ഗുണഭോക്താക്കൾക്ക് ഭക്ഷ്യ സഹായ പദ്ധതിയിൽ ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്യുവരുന്നുണ്ട്.

7. അനാഥരായ 6 കുട്ടികളുടെ സംരക്ഷണത്തിന് കൈത്താങ്ങ് പദ്ധതിയിൽ ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

8. ജനനി ജന്മരക്ഷാ പദ്ധതിയിൽ 248 ഗർഭിണികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. പദ്ധതി തുടർന്നുവരുന്നു.

9. 4325 പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

10. 2 പഠനമുറികളിലായി 41 കുട്ടികൾക്ക് ട്യൂഷൻ നൽകി വരുന്നുണ്ട്.

11. 8 മെന്റർ ടീച്ചർമാർ മുഖേന 8 സ്കൂളുകളിലെ വിദ്യാർഥികൾക്ക് പ്രയോജനം ലഭിച്ചുവരുന്നുണ്ട്.

12. നിർദ്ധനരായ 20 യുവതിയുവാക്കൾക്ക് വിവാഹ ധനസഹായം അനുവദിച്ചിട്ടുണ്ട്. പദ്ധതി തുടർന്നുവരുന്നുണ്ട്.

13. 2022-23 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം അളകാപുരി ഉന്നതിയെ തിരഞ്ഞെടുത്ത് ഉത്തരവായിട്ടുണ്ട്. പദ്ധതി പുരോഗതിയിലാണ്.

പട്ടികജാതി വികസന വകുപ്പ്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജക മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായി നടപ്പിലാക്കിയ പ്രധാന വികസന പദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|---|
| 1 | പഠനമുറി | 121 | 1,91,90,000 |
| 2. | ഭവന പുനരുദ്ധാരണം (സേഫ്) | 95 | 1,45,20,000 |
| 3 | ഭൂരഹിത പുനരധിവാസം | 74 | 2,07,98,000 |

കോർപ്പസ് ഫണ്ട്:- കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയ വണ്ടാഴി ഗ്രാമ പഞ്ചായത്ത് കൊരക്കാലി റോഡ് പദ്ധതിയുടെ ടെൻഡർ വിളിക്കുന്ന നടപടി ആയിട്ടുണ്ട്.

അംബേദ്കർ ഗ്രാമവികസന പദ്ധതി:- 3 പ്രൊജക്ടുകൾ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ പദ്ധതികളിൽ എത്രയെണ്ണം പൂർത്തീകരിച്ചുവെന്നും ഇനി പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

പട്ടികവർഗ വികസന വകുപ്പ്

നിർമ്മാണ പ്രവൃത്തികൾ ഒഴികെ മറ്റെല്ലാ പദ്ധതികളും അതാത് വർഷങ്ങളിൽ പൂർത്തീകരിച്ചിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പ്

അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെട്ട നഗറുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

- 2021-22 വർഷം പല്ലശ്ശന ഗ്രാമപഞ്ചായത്ത് കക്കാട്ടുകുന്ന് അംബേദ്കർ ഗ്രാമം പദ്ധതി പൂർത്തീകരിച്ചു.
- 2023-24 വർഷം അനുവദിച്ച എലവഞ്ചേരി ഗ്രാമപഞ്ചായത്ത് ചേപ്പലോട് അംബേദ്കർ ഗ്രാമം പദ്ധതിയുടെ എസ്റ്റിമേറ്റ് ഡയറക്ടറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

- 2024-25 വർഷം അനുവദിച്ച പല്ലശ്ശന ഗ്രാമപഞ്ചായത്ത് പല്ലാവൂർക്കാട് കരിമ്പാറത്തൊടി അംബേദ്കർ ഗ്രാമം പദ്ധതിയുടെ എസ്റ്റിമേറ്റ് ഏജൻസി ലഭ്യമാക്കിയിട്ടുണ്ട്.

കോർപ്പസ് ഫണ്ട്:- കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയ വണ്ടാഴി ഗ്രാമപഞ്ചായത്ത് കൊരക്കാലി റോഡ് പദ്ധതിയുടെ ടെൻഡർ നടപടി ആയിട്ടുണ്ട്.

(സി) ഈ പദ്ധതികൾ എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനം ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതികൾ**

102 (953) ശ്രീമതി സി. കെ. ആശ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ ഉന്നമനം

ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതികളും സ്ഥാപനങ്ങളും ഏതെല്ലാമാണ്; അവയുടെ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ നൽകിയിട്ടുള്ള പ്രാധാന്യം വിശദീകരിക്കുമോ?

വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതികൾ

1. ഉന്നതി സ്കോളർഷിപ്പ് ഫോർ ഓവർസീസ് സ്റ്റഡീസ് (പദ്ധതി)

2225-01-277-57-12 (P) എന്ന ശീർഷകത്തിൽ 60 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2. ലാപ്ടോപ്പ് ധനസഹായ പദ്ധതി

2225-01-277-57-34 (P) എന്ന ശീർഷകത്തിൽ 3,50,00,000/- (മൂന്ന് കോടി അൻപതുലക്ഷം) രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

3. പ്രാഥമിക ചെലവ് ധനസഹായ പദ്ധതി

2225-01-277-57-34 (P) എന്ന ശീർഷകത്തിൽ 50,00,000/- (അൻപതുലക്ഷം) രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

4. സ്റ്റെതസ്കോപ്പ് ധനസഹായ പദ്ധതി

2225-01-277-57-34 (P) എന്ന ശീർഷകത്തിൽ 24,00,000/- (ഇരുപത്തി നാല് ലക്ഷം) രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

5. ആടയാഭരണങ്ങളും വാദ്യോപകരണങ്ങളും

2225-01-277-57-34 (P) എന്ന ശീർഷകത്തിൽ 10,00,000/- (പത്ത് ലക്ഷം) രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

6. <u>സ്റ്റേറ്റ് പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി</u>

ലംപ്സംഗ്രാന്റ്, ദുർബല വിഭാഗ സ്റ്റൈപ്പന്റ്, ഫീസ് റീ-ഇംബേഴ്സ്മെന്റ്, വിദ്യാലയ വികാസ് നിധി എന്നീ കംപോണന്റുകൾക്കായി ബജറ്റിൽ നോൺ പ്ലാൻ ശീർഷകത്തിൽ 33 കോടി രൂപയും പ്ലാൻ ശീർഷകത്തിൽ 23.54 കോടി രൂപയും എഡ്യൂക്കേഷൻ എയ്ഡ് കംപോണന്റിനായി 48 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

7. <u>സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ്</u>

9-10 ക്ലാസ് സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് (Central Prematric Scholarship –Component-I)-സ്കോളർഷിപ്പിനായി 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

അനാരോഗ്യകരമായ ചുറ്റുപാടുകളിൽ പണിയെടുക്കുന്നവരുടെ ആശ്രിതർക്കുള്ള സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് (Central Prematric Scholarship–Component-II)-സ്കോളർഷിപ്പിനായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

8. ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് സ്കോളർഷിപ്പ് പദ്ധതി

5.36 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

9. പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി

6.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

10. പോസ്റ്റ്മെട്രിക്ക് സ്കോളർഷിപ്പ്

ഫീസ്, സെൻട്രൽ അക്കാദമിക് അലവൻസ്, സ്റ്റേറ്റ് അക്കാദമിക് അലവൻസ്, ലംപ്സംഗ്രാന്റ്, അഡീഷണൽ സ്റ്റേറ്റ് അലവൻസ്, ഹോസ്റ്റൽ ഫീസ്, ഫെല്ലോഷിപ്പ് എന്നിവയ്ക്കായി 2222-01-277-53-12 പ്ലാൻ ശീർഷകത്തിൽ 221.47 കോടി രൂപയും 2222-01-277-51-02-12 പ്ലാൻ ശീർഷകത്തിൽ 73 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

11. വിഷൻ പദ്ധതി

2225-01-277-57-34 (P) എന്ന ശീർഷകത്തിൽ 50,00,000/- (അൻപത് ലക്ഷം) രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

12. വിഷൻ പ്ലസ് പദ്ധതി

2225-01-277-57-34 (P) എന്ന ശീർഷകത്തിൽ 250,00,000/- (ഇരുന്നൂറ്റി

അൻപതുലക്ഷം) രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

13. പഠനയാത്ര പദ്ധതി

2225-01-277-57-34 (P) എന്ന ശീർഷകത്തിൽ 150,00,000/- (നൂറ്റിയൻപത് ലക്ഷം) രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമിട്ട് നടത്തുന്ന സ്ഥാപനങ്ങൾ

CREST (Centre for Research and Education for Social Transformation), പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്റർ (PETC), ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസ് എക്സാമിനേഷൻ ട്രെയിനിങ് സൊസൈറ്റി (ICSETS), മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ, ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, പാലക്കാട്.

2225-01-102-96 (P) എന്ന ശീർഷകത്തിൽ CREST, PETC, ICSETS പദ്ധതി നടപ്പാക്കുന്നതിനായി 4,00,00,000/- (നാല് കോടി) രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾക്കായി 2225-01-277-58 (P) എന്ന ശീർഷകത്തിൽ 15,00,00,000/- (പതിനഞ്ച് കോടി) രൂപയും 4225-01-277-82(P) എന്ന ശീർഷകത്തിൽ 2,00,00,000/- (രണ്ട് കോടി) രൂപയും ബജറ്റിൽ

വകയിരുത്തിയിട്ടുണ്ട്.

ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, പാലക്കാടിന് 2 ശീർഷകങ്ങളിലായി 95 കോടി രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നത വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമിട്ട് വകുപ്പിന്റെ നിയന്ത്രണത്തിൽ നടത്തുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്.

CREST

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ കോഴിക്കോട് പ്രവർത്തിക്കുന്ന ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനമാണ് CREST (Centre for Research and Education for Social Transformation). 2002-ൽ IIM-ന്റെ കീഴിൽ പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനം 2008 മുതൽ CREST (Centre for Research and Education for Social Transformation) എന്ന പേരിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

ടി സ്ഥാപനത്തിൽ അഭ്യസ്തവിദ്യരായ പട്ടികജാതി പട്ടികവർഗ വിഭാഗം

വിദ്യാർഥികൾക്ക് കരിയറിലോ ഉന്നത പഠന മേഖലയിലോയുള്ള പ്രസക്തമായ കഴിവുകൾ, അറിവ് എന്നിവ മെച്ചപ്പെടുത്തുകയും വികസിപ്പിക്കുകയും ചെയ്യുന്നതിനായി 5 മാസം ദൈർഘ്യമുള്ള Post Graduate Certificate Course for Professional Development (PGCCPD) എന്ന നൈപുണ്യ കേന്ദ്രീകൃതമായ ഡിപ്ലോമ കോഴ്സ് നടത്തിവരുന്നു. ഇതേവരെ 36 ബാച്ചുകൾ ടി കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ട്. 2002 മുതൽ 1360 വിദ്യാർഥികൾ കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ട്.

പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്റർ (PETC)

വിവിധ മത്സര പരീക്ഷകൾക്ക് പട്ടികജാതി വിഭാഗം ഉദ്യോഗാർഥികളെ പരിശീലിപ്പിക്കുന്നതിന് തിരുവനന്തപുരം-മണ്ണന്തല, എറണാകുളം-ആലുവ, പാലക്കാട്-കുഴൽമന്ദം, കോഴിക്കോട് എന്നിവിടങ്ങളിലായി 4 പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. PETC-യിൽ പരിശീലനം നേടുന്ന വിദ്യാർഥികളിൽ 8 കിലോമീറ്റർ ദൂരപരിധിയിലുള്ളവർക്ക് പ്രതിമാസം 200/- രൂപയും 8 കിലോമീറ്റർ ദൂരപരിധിക്ക് പുറത്തുള്ളവർക്ക് പ്രതിമാസം 800/- രൂപയും സ്റ്റൈപെൻഡ് ഇനത്തിൽ അനുവദിച്ചുവരുന്നു.

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസ് എക്സാമിനേഷൻ ട്രെയിനിങ് സൊസൈറ്റി (ICSETS)

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കായുള്ള ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസ് എക്സാമിനേഷൻ ട്രെയിനിങ് സൊസൈറ്റി (ICSETS) മുഖേന നടപ്പാക്കിവരുന്നു.

ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി പ്രകാരം ഐ.സി.എസ്.ഇ.റ്റി.എസ്. മുഖേന നടത്തിയ ഓറിയന്റേഷൻ ക്ലാസിൽ പങ്കെടുത്ത് എഴുത്തുപരീക്ഷ, ഇന്റർവ്യൂ എന്നിവ പാസ്സായി തിരഞ്ഞെടുക്കുന്ന റാങ്ക് പട്ടികയിൽനിന്നും ആദ്യ 60 റാങ്കിൽ വരുന്ന വിദ്യാർഥികളിൽ ആദ്യ 10 റാങ്കുകാർക്ക് കേരളത്തിനകത്തോ പുറത്തോ ഉള്ള മികച്ച സ്ഥാപനങ്ങളിൽ സിവിൽ സർവീസ് പരീക്ഷാ പരിശീലനം നടത്തുന്നതിനും ബാക്കി 50 റാങ്കുകാർക്ക് കേരളത്തിനകത്തും പരിശീലനം നേടാവുന്നതാണ്. റാങ്ക് ലിസ്റ്റിൽ ബാക്കിയുള്ള പട്ടികജാതി/പട്ടികവർഗ വിഭാഗം വിദ്യാർഥികളിൽനിന്നും നിശ്ചിത എണ്ണം വിദ്യാർഥികളെ കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമി നടത്തുന്ന പരിശീലന പദ്ധതിയിൽ പരിശീലനം നടത്തുന്നതിനും അവസരം ലഭിക്കുന്നു. അഡ്മിഷൻ ലഭിക്കുന്ന വിദ്യാർഥികൾക്ക് ICSETS മുഖേന വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ചുവരുന്നു.

മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ

വകുപ്പിനുകീഴിൽ പട്ടികജാതി വിഭാഗം വിദ്യാർഥികൾക്കായി 10 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ ഒന്ന് സ്പോർട്സ് സ്കൂൾ ആണ്. എം.ആർ.എസ്.-കളിൽ 5-ാം ക്ലാസ് മുതലുള്ള വിദ്യാർഥികളാണ് പഠനം നടത്തിവരുന്നത്. ടി എം.ആർ.എസ്.-കളിൽ 7 എണ്ണത്തിൽ ഹയർ സെക്കൻഡറി പ്രവർത്തിച്ചുവരുന്നു. കൂടാതെ വിദ്യാർഥികൾക്ക് താമസിച്ച് പഠനം നടത്തുന്നതിലേക്കായി 86 പ്രീമെട്രിക് ഹോസ്റ്റലുകളും 19 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നു.

ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, പാലക്കാട്

വകുപ്പിന്റെ അധീനതയിൽ പാലക്കാട് ജില്ലയിൽ മെഡിക്കൽ കോളേജ് (ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, പാലക്കാട്) പ്രവർത്തിച്ചുവരുന്നു. ടി മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ്. പ്രവേശനത്തിനായി SC-70 ശതമാനം, ST-2 ശതമാനം പൊതുമെറിറ്റ് 13 ശതമാനം, ആൾ ഇന്ത്യാ ക്വാട്ട 15 ശതമാനം എന്നിങ്ങനെ പ്രവേശനം നൽകുന്നു.

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് വിദേശ സർവകലാശാലകളിൽ പഠിക്കുന്നതിനുവേണ്ടി നൽകിയ സഹായങ്ങൾ

സംബന്ധിച്ച് വിശദീകരിക്കുമോ?

കഴിഞ്ഞ ഒൻപത് വർഷത്തിനിടെ 1059 പട്ടികജാതി വിദ്യാർഥികൾക്ക് 211,10,17,248/- രൂപ വിദേശപഠനത്തിനായി ചെലവഴിച്ചിട്ടുണ്ട്.

(ഡി) മികച്ച കരിയർ സാധ്യതയുള്ള പൈലറ്റ് ട്രെയിനിങ്, ഏവിയേഷൻ തുടങ്ങിയ കോഴ്സുകളിലേക്ക് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് അവസരം നൽകുന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്.

കൊമേഴ്സ്യൽ പൈലറ്റ് കോഴ്സ് (CPL)

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതി-യുവാക്കൾക്ക് കൊമേഴ്സ്യൽ പൈലറ്റ് കോഴ്സിന് പരിശീലനം നൽകി അവരെ കൊമേഴ്സ്യൽ Air Craft പൈലറ്റ് മേഖലയിലുള്ള തൊഴിൽ അവസരങ്ങൾക്ക് പ്രാപ്തരാക്കുന്നതിന്/ നേടിയെടുക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'വിങ്സ്'. തിരുവനന്തപുരം രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ ഓരോ അധ്യയന വർഷവും 3 പട്ടികജാതി വിദ്യാർഥികൾക്കും 2 പട്ടികവർഗ വിദ്യാർഥികൾക്കും ഒരു മറ്റർഹ വിദ്യാർഥിക്കും കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് പഠനത്തിനായി

സ്കോളർഷിപ്പ് അനുവദിക്കുന്നു.

രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമി നടത്തുന്ന സുതാര്യമായ പരീക്ഷയിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ ഉയർന്ന റാങ്കോടുകൂടി യോഗ്യത നേടുന്നവരിൽ ഏറ്റവും കുറവ് വരുമാനമുള്ള വിദ്യാർഥികൾക്ക് മുൻഗണന നൽകിക്കൊണ്ടാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. നാളിതുവരെ 16 പട്ടികജാതിക്കാർക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.

**നൈപുണ്യ പരിശീലനവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതികൾ**

103 (954) ശ്രീമതി യു. പ്രതിഭ:

ശ്രീ. ഐ. ബി. സതീഷ്:

ശ്രീ. പി. പി. ചിത്തരഞ്ജൻ:

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൈപുണ്യ പരിശീലനവുമായി ബന്ധപ്പെട്ട് പട്ടികജാതി-പട്ടികവർഗ വകുപ്പ് നാളിതുവരെ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ; വിശദവിവരം നൽകാമോ?

സംസ്ഥാനത്ത് നൈപുണ്യ പരിശീലനവുമായി ബന്ധപ്പെട്ട് പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. നൈപുണ്യ വികസന പരിശീലനങ്ങൾ:-

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളതും അല്ലാത്തവരുമായ തൊഴിൽ രഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പാക്കിവരുന്നു. വിവര സാങ്കേതികം, ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ് ഓട്ടോമൊബൈൽ, ഏവിയേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് ഉതകുന്ന പരിശീലനങ്ങൾ നിലവിൽ നടപ്പാക്കിവരുന്നു. ഇത്തരം നൈപുണ്യ വികസന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ തൊഴിൽ ലഭ്യമാക്കൽ (പ്ലേസ്മെന്റ്) ഈ പദ്ധതികൾ പ്രകാരം ഉറപ്പാക്കുന്നു.

2. പ്രധാൻ മന്ത്രി - അനുസൂചിത് ജാതി അഭ്യുദയ് യോജന (PM-AJAY):-

കേന്ദ്രാവിഷ്കൃത പദ്ധതികളായ, പ്രധാനമന്ത്രി ആദർശ് ഗ്രാം യോജന

(PMAGY), പട്ടികജാതി ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം (SCA to CSP), ബാബു ജഗജീവൻ റാം ഛത്രുവാസ് യോജന (BJRCY) എന്നീ പദ്ധതികൾ ലയിപ്പിച്ച് പ്രധാൻ മന്ത്രി അനുസൂചിത് ജാതി അഭ്യുദയ് യോജന (PM-AJAY) എന്ന പുതിയ പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിരുന്നു.

പ്രധാൻ മന്ത്രി-അനുസൂചിത് ജാതി അഭ്യുദയ് യോജന (PM-AJAY) പദ്ധതിയുടെ ഭാഗമായി കേരള ഡിജിറ്റൽ സർവകലാശാല (Digital University of Kerala) BWFS (Bird World Wide Flight Services) എന്നീ സ്ഥാപനങ്ങൾ മുഖേന നിലവിൽ ഏവിയേഷൻ, ഐ.ടി. മേഖലകളിൽ വിവിധ നൈപുണ്യ വികസന പരിശീലനങ്ങൾ നടപ്പാക്കിവരുന്നു.

അഭ്യസ്തവിദ്യരായ പട്ടികവർഗ വിഭാഗക്കാർക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി സ്വകാര്യ മേഖലകളിൽ തൊഴിൽ ലഭ്യമാക്കുന്നതിന് തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങൾ പട്ടികവർഗ വികസന വകുപ്പ് മുഖേന നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയിലൂടെ അഭ്യസ്തവിദ്യരായ പട്ടികവർഗ യുവതി-യുവാക്കൾക്ക് അവരവരുടെ താൽപര്യത്തിനനുസരിച്ച് ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ അംഗീകൃത പരിശീലന സ്ഥാപനങ്ങൾ നൽകുകയും

പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽദാതാക്കളുമായി വിവിധ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിന് പ്രാപ്തരാക്കുകയോ ചെയ്യുന്നതിന് ചുവടെ പരാമർശിക്കും പ്രകാരം ആധുനിക തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ വകുപ്പ് മുഖേന നടത്തി വരുന്നുണ്ട്.

- ഏവിയേഷൻ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- ഓട്ടോ മൊബൈൽ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- ഡിജിറ്റൽ മേഖലയിലെ തൊഴിൽ പരിശീലങ്ങൾ
- ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- നിർമ്മാണ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- അഭിഭാഷക ധനസഹായ പദ്ധതി
- പൈലറ്റ് പരിശീലന ധനസഹായ പദ്ധതി
- സിവിൽ സർവീസ് പരിശീലന ധനസഹായ പദ്ധതി
- ഉന്നതി - വിദേശ പഠന സഹായ പദ്ധതി

സർക്കാർ മേഖലകളിലെ തൊഴിൽ മേഖലകൾ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി പട്ടികവർഗ വികസന വകുപ്പ് ആവിഷ്കരിച്ച TRACE പദ്ധതിയിലൂടെ

ചുവടെപ്പറയുന്ന സർക്കാർ മേഖലകളിൽ ഓണറേറിയത്തോടെ തൊഴിൽ ലഭിക്കുന്നു.

* അക്രഡിറ്റഡ് എഞ്ചിനീയർ

* ഓഫീസ് മാനേജ്മെന്റ് ട്രെയിനി

* എസ്.ടി. പ്രൊമോട്ടർ

* കമ്മിറ്റഡ് സോഷ്യൽ വർക്കർ

* സാമൂഹ്യ പഠനമുറി ഫെസിലിറ്റേറ്റർ

* ട്രൈബൽ പാരാമെഡിക്സ്

* സീനിയർ അഭിഭാഷകരുടെ കീഴിൽ ഇന്റേൺഷിപ്പ്

* മെന്റർ ടീച്ചർ

(ബി) ഇതുവരെ എത്ര പേർക്ക് നൈപുണ്യ പരിശീലനം നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 2042 പേർക്കും പട്ടികവർഗ വികസന വകുപ്പ് മുഖേന 4502 പേർക്കും വിവിധ മേഖലകളിൽ നൈപുണ്യ പരിശീലനം നൽകിയിട്ടുണ്ട്.

(സി) ഇതിലൂടെ എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന്

അറിയിക്കുമോ; വിശദവിവരം നൽകാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 311 പേർക്ക് നാളിതുവരെ തൊഴിൽ ലഭ്യമായിട്ടുണ്ട്. കോഴ്സ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

പട്ടികവർഗ വിഭാഗത്തിൽപ്പെട്ട 3112 പേർക്ക് ഇതിലൂടെ വിവിധ മേഖലകളിൽ തൊഴിൽ ലഭ്യമായിട്ടുണ്ട്.

**പട്ടാമ്പി മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ വകുപ്പ് പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് പദ്ധതികൾ**

104 (955) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെയും മുൻസർക്കാരിന്റെയും കാലയളവിൽ പട്ടാമ്പി നിയോജകമണ്ഡലത്തിൽ, ആസ്തി വികസന ഫണ്ടിലോ പ്രാദേശിക വികസന ഫണ്ടിലോ ഉൾപ്പെടാത്ത ഏതെല്ലാം പദ്ധതികളാണ് പട്ടികജാതി, പട്ടികവർഗ വകുപ്പ്, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മുഖാന്തരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടാമ്പി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) പദ്ധതിയുടെ വിശദവിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ-സി)

പട്ടികവർഗ വികസന വകുപ്പ്

ഈ സർക്കാരിന്റെയും മുൻസർക്കാരിന്റെയും കാലയളവിൽ പട്ടാമ്പി നിയോജകമണ്ഡലത്തിൽ, ആസ്തി വികസന ഫണ്ടിലോ പ്രാദേശിക വികസന ഫണ്ടിലോ ഉൾപ്പെടാത്ത താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്:

1. പട്ടാമ്പി മണ്ഡലത്തിൽ ആമയൂർ, മണ്ണേംങ്ങോട് എന്നീ 2 ഉന്നതികളിലായി കാട്ടുനായ്ക്കർ വിഭാഗത്തിൽപ്പെട്ട 10 കുടുംബങ്ങളിലായി 42 പേർ താമസിച്ചുവരുന്നു. ഇതിലെ 3 കുടുംബങ്ങൾക്ക് Land for landless പദ്ധതി പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിൽ 20 സെന്റ് വീതം 60 സെന്റ് ഭൂമി അനുവദിച്ചിട്ടുണ്ട്.

2. 2019-20 വർഷം കോർപ്പസ് ഫണ്ട് പദ്ധതിയിൽ 2 പേർക്ക് 53,200/- രൂപ ചെലവിൽ 2 കാട് വെട്ടിയന്ത്രം വിതരണം ചെയ്തിട്ടുണ്ട്.

3. അതിക്രമം തടയൽ നിയമപ്രകാരം ഒരാൾക്ക് 3,75,000/- രൂപ സമാശ്വാസ ധനസഹായം നൽകിയിട്ടുണ്ട്.

4. ഭക്ഷ്യസഹായ പദ്ധതിയിലുൾപ്പെടുത്തി 10 കുടുംബങ്ങൾക്ക് എല്ലാ വർഷവും രണ്ടുമൂന്ന് തവണകളായി ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തുവരുന്നുണ്ട്.

5. ജനനി ജന്മരക്ഷാ പദ്ധതി പ്രകാരം 2 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

6. വകുപ്പിന്റെ കീഴിലുള്ള മലമ്പുഴ ആശ്രമം സ്കൂളിൽ ഈ ഉന്നതിയിലെ 2 വിദ്യാർഥികൾ പഠനം നടത്തിവരുന്നു.

<u>പട്ടികജാതി വികസന വകുപ്പ്</u>

ഈ സർക്കാരിന്റെയും മുൻസർക്കാരിന്റെയും കാലയളവിൽ പട്ടാമ്പി നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലോ പ്രാദേശിക വികസന ഫണ്ടിലോ ഉൾപ്പെടാത്ത അംബേദ്കർ ഗ്രാമം, കോർപ്പസ് ഫണ്ട് എന്നിവ ഉപയോഗിച്ച് പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പിന്നാക്ക വിഭാഗ വികസന വകുപ്പ്

ഈ സർക്കാരിന്റെയും മുൻസർക്കാരിന്റെയും കാലയളവിൽ പട്ടാമ്പി നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലോ പ്രാദേശിക വികസന ഫണ്ടിലോ ഉൾപ്പെടാത്ത പ്രത്യേക പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

**ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനം**

105 (956) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ എസ്.സി. നഗറുകളിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയും എസ്.സി./എസ്.ടി. വകുപ്പ് മുഖേനയും നടപ്പാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതിയിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുത്തി നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

കോർപ്പസ് ഫണ്ട് - 2021-22

1. കുരാച്ചുണ്ട് പഞ്ചായത്തിലെ കാളങ്ങാലി നാല് സെന്റ് നഗർ കുടിവെള്ള പദ്ധതി ടാങ്ക് നിർമ്മാണം പൂർത്തീകരിച്ചു. (Rs.10,00,000/-)

കോർപ്പസ് ഫണ്ട് - 2024-25

2. പനങ്ങാട് ഗ്രാമപഞ്ചായത്തിലെ പറയരുകണ്ടി റോഡ് പ്രവൃത്തി പുരോഗമിക്കുന്നു. (Rs.9,30,000/-)

3. ഉണ്ണികുളം ഗ്രാമ കരിങ്കാളിമ്മൽ നഗർ റോഡ് പ്രവൃത്തി പുരോഗമിക്കുന്നു. (Rs.4,76,000/-)

അംബേദ്കർ ഗ്രാമം പദ്ധതി - 2020-21

1. നെല്ലിക്കുന്ന് നഗർ - ഉള്ളിയേരി ഗ്രാമപഞ്ചായത്ത്

അംബേദ്കർ ഗ്രാമം പദ്ധതി - 2021-22

1. തിയ്യകണ്ടിമീത്തൽ നഗർ - കോട്ടൂർ ഗ്രാമപഞ്ചായത്ത്

2. കോട്ടക്കുന്ന് നഗർ - പനങ്ങാട് ഗ്രാമപഞ്ചായത്ത്

എന്നീ നഗറുകളിൽ വികസന പ്രവൃത്തികൾ നടന്നുവരുന്നു.

അംബേദ്കർ ഗ്രാമം പദ്ധതി - 2022-23

1. രാമയ്യർ നഗർ (ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്)- പ്രവൃത്തിയുടെ എസ്റ്റിമേറ്റ് മോണിറ്ററിങ് കമ്മിറ്റി അംഗീകരിച്ച് ലഭ്യമായിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, എസ്.ടി. എന്നീ വകുപ്പുകൾ മുഖേന നടപ്പാക്കിയ വികസന പ്രവർത്തനങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

**പട്ടികജാതി പട്ടികവർഗക്കാർക്കുള്ള സേഫ് പദ്ധതി**

106 (957) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാരിന്റെ കാലത്ത് വാമനപുരം മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്കായുള്ള 'സേഫ്' പദ്ധതി പ്രകാരം എത്ര വീടുകൾക്ക് മെയിന്റനൻസിനായി തുക അനുവദിച്ചിട്ടുണ്ട്; ഓരോ പഞ്ചായത്തിലും ഓരോ വിഭാഗത്തിനായി എത്ര തുക വീതം ചെലവഴിച്ചുവെന്ന് വിശദമാക്കാമോ?

വാമനപുരം മണ്ഡലത്തിൽ, പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്കായുള്ള 'സേഫ്' പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 387 ഗുണഭോക്താക്കൾക്കും പട്ടികവർഗ വിഭാഗത്തിൽപ്പെട്ട 220 ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുകയുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | അനുവദിച്ച തുക (രൂപയിൽ) | |
|---|---|---|
| | പട്ടികജാതി വിഭാഗം | പട്ടികവർഗ വിഭാഗം |
| ആനാട് | 38,00,000/- | - |
| പനവൂർ | 69,50,000/- | 12,75,000/- |
| നെല്ലനാട് | 68,20,000/- | - |
| പുല്ലംമ്പാറ | 89,17,500/- | - |
| പാങ്ങോട് | 73,10,000/- | 66,50,000/- |
| നന്ദിയോട് | 49,97,500/- | 1,32,00,000/- |
| കല്ലറ | 55,50,000/- | - |
| വാമനപുരം | 24,00,000/- | - |
| പെരിങ്ങമ്മല | 45,27,500/- | 1,67,20,000/- |

**അരുവിക്കര മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ**

107 (958) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വകുപ്പ് മുഖേനയും പട്ടികവർഗ വകുപ്പ് മുഖേനയും അരുവിക്കര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികളും അവയുടെ ഫണ്ട് വിവരങ്ങളും തൽസ്ഥിതിയും ഇനം തിരിച്ച് അറിയിക്കുമോ?

അരുവിക്കര നിയോജകമണ്ഡലത്തിൽ പട്ടികവർഗ വികസന വകുപ്പും

പട്ടികജാതി വികസന വകുപ്പും മുഖേന നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

**അംബേദ്കർ ഗ്രാമം പദ്ധതി**

108 (959) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നടപ്പാക്കി വരുന്ന പദ്ധതികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ?

കരൂർ ഗ്രാമപഞ്ചായത്തിലെ നെല്ലാനിക്കാട്ട്പാറ നഗറിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുന്ന കമ്മ്യൂണിറ്റി ഹാൾ ഒഴികെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിന് തിരഞ്ഞെടുത്തിരുന്ന സ്ഥലത്തെ അസൗകര്യംമൂലം ആയതിനുപകരം മറ്റ് പദ്ധതികൾ ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കാൻ KEL-ന് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ടി പദ്ധതി പ്രകാരം നടപ്പാക്കുന്ന പദ്ധതികൾക്ക് കാലതാമസം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെപ്റ്റംബർ മാസത്തിൽ കൂടിയ ജില്ലാതല റിവ്യൂ മീറ്റിങ്ങിൽ സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പാലാ നിയോജകമണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗക്കാരുടെ ക്ഷേമത്തിനായി എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**കായംകുളം മണ്ഡലത്തിലെ ചികിത്സാധനസഹായം**

109 (960) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പട്ടികജാതി ക്ഷേമ വകുപ്പ് വഴി എത്ര പേർക്ക് ചികിത്സാധനസഹായം അനുവദിച്ചിട്ടുണ്ട്; ആകെ

എത്ര രൂപയാണ് ധനസഹായമായി അനുവദിച്ചത്; വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പട്ടികജാതി ക്ഷേമ വകുപ്പ് വഴി 1951 പേർക്ക് ചികിത്സാ ധനസഹായമായി 3,75,99,000/-രൂപ (മൂന്ന് കോടി എഴുപത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റിയൊൻപതിനായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

**അമ്പലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് വഴി നടപ്പാക്കിയ പദ്ധതികൾ**

110 (961) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വികസന വകുപ്പ് മുഖേന 2021 മുതൽ നാളിതുവരെ അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന 2021 മുതൽ നാളിതുവരെ അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (കോടിയിൽ) |
|---|---|---|

| | | |
|---|---|---|
| 1. | സേഫ് | 0.6458 |
| 2. | പഠനമുറി | 0.774 |
| 3. | ഭ്രൂരഹിത പുനരധിവാസം | 1.0877 |
| 4. | വിവാഹം | 0.12077 |
| 5. | സ്വയംതൊഴിൽ | 0.0075 |
| 6. | വിദേശ തൊഴിൽ | 0.15 |
| 7. | ചികിത്സാ ധനസഹായം | 0.086 |
| 8. | മിശ്ര വിവാഹം | 0.2025 |
| 9. | അംബേദ്കർ ഗ്രാമം | 0.44999 |
| 10. | കോർപ്പസ് ഫണ്ട് | 0.1973 |

**ദേവികുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

111 (962) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

1. അംബേദ്കർ ഗ്രാമ വികസന പദ്ധതി

| വർഷം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക | നിലവിലെ പുരോഗതി |
|---|---|---|---|
| 2021-22 | ചാനൽമേട് എസ്.സി. നഗർ | 1,00,00,000/- | റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. വർക്ക് ആരംഭിച്ചിട്ടില്ല. |
| 2022-23 | ആനയ്ക്കാൽപെട്ടി എസ്.സി. നഗർ | എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല | |
| 2023-24 | പഴത്തോട്ടം എസ്.സി. നഗർ | എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല | |
| 2024-25 | കുറ്റിയാർവാലി എസ്.സി. നഗർ | എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല | |

2. കോർപ്പസ് ഫണ്ട്

| വർഷം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക | നിലവിലെ പുരോഗതി |
|---|---|---|---|
| 2023-24 | ദേവികുളം ന്യൂ നഗർ സംരക്ഷണ ഭിത്തി നിർമ്മാണം. | 24,95,000/- | വർക്ക് ആരംഭിച്ചിട്ടില്ല. |

**ഇരിക്കൂർ മണ്ഡലത്തിലെ പദ്ധതികൾ**

112 (963) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇരിക്കൂർ മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ വകുപ്പിന്റെയും പിന്നാക്ക ക്ഷേമ വകുപ്പിന്റെയും ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും മുൻസർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് പ്രവൃത്തി ആരംഭിച്ചതുമായ പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇരിക്കൂർ മണ്ഡലത്തിൽ പട്ടികജാതി വകുപ്പിന്റെ ഭരണാനുമതി ലഭിച്ച പ്രവൃത്തികളും വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇരിക്കൂർ മണ്ഡലത്തിൽ പട്ടികവർഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ച പ്രവൃത്തികളും വിശദാംശങ്ങളും ഈ സർക്കാരിന്റെ കാലത്ത് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം തിരഞ്ഞെടുത്ത നഗറുകളുടെ വിവരങ്ങളും അനുബന്ധങ്ങളായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചേർക്കുന്നു.+

മുൻസർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് പ്രവൃത്തി ആരംഭിച്ചതുമായ പദ്ധതികളൊന്നും പട്ടികജാതി, പട്ടികവർഗ വികസന വകുപ്പുകൾക്ക് കീഴിൽ ഇല്ല.

ഇരിക്കൂർ മണ്ഡലത്തിൽ പിന്നാക്ക ക്ഷേമ വകുപ്പിന്റെ കീഴിൽ പദ്ധതികളൊന്നും നടപ്പാക്കുന്നില്ല.

**ഏറനാട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

113 (964) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് എത്ര നഗരുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്; നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിശദാംശം നൽകാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഏറനാട് മണ്ഡലത്തിൽ എത്ര പട്ടികജാതി, പട്ടികവർഗ നഗറുകളാണുള്ളതെന്നും അവ ഏതെല്ലാമാണെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പ്

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പട്ടികവർഗ വികസന വകുപ്പ്

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്താൻ സാഹചര്യമുള്ളതും ഇല്ലാത്തതുമായ നഗറുകളുടെ വിശദാംശം നൽകാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) പ്രസ്തുത മണ്ഡലത്തിൽ ഈ പദ്ധതി പ്രകാരം നവീകരിച്ച പട്ടികജാതി, പട്ടികവർഗ നഗറുകളുടെ വിശദാംശം ലഭ്യമാക്കുമോ; ഏത് ഏജൻസി മുഖേനയാണ് പ്രവൃത്തികൾ ചെയ്തുവരുന്നതെന്നും പ്രവൃത്തികളുടെ പുരോഗതിയും വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വെള്ളാമ്പുറം, കൊടിഞ്ഞാറുപൊയിൽ, കരിപ്പത്തിച്ചാലിൽ എന്നീ നഗറുകളുടെ നിർവഹണ ഏജൻസി ജില്ലാ നിർമ്മിതി കേന്ദ്രം, മലപ്പുറം ആണ്. വെള്ളാമ്പുറം നഗറിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു. കൊടിഞ്ഞാറുപൊയിൽ നഗറിന്റെ 50 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചു. കരിപ്പത്തിച്ചാലിൽ നഗറിന്റെ 10 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചു.

(ഇ) പ്രസ്തുത പദ്ധതി പ്രകാരം ഏറനാട് മണ്ഡലത്തിൽ പുതുതായി നവീകരിക്കാൻ തീരുമാനിച്ചിട്ടുള്ള പട്ടികജാതി, പട്ടികവർഗ നഗറുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഏറനാട് മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിനായി പുതുതായി ഒരു നഗറും തിരഞ്ഞെടുക്കപ്പെട്ടിട്ടില്ല.

**പട്ടികജാതി പട്ടികവർഗ ക്ഷേമപദ്ധതികൾ**

114 (965) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾ ലക്ഷ്യം നേടിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾ ലക്ഷ്യം നേടിയിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടികവർഗ വികസന വകുപ്പ്

പട്ടികവർഗക്കാരുടെ പ്ലാൻ ഫണ്ട് വിനിയോഗ വിവരങ്ങൾ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും അവലോകനം ചെയ്യുന്നതിന് "പ്ലാൻ സ്പേയ്സ്" എന്ന സംവിധാനം നിലവിലുണ്ട്. ഇതിലൂടെ ഓരോ പദ്ധതിയിലും വിനിയോഗിക്കുന്ന ഫണ്ട് വിവരം അറിയാൻ സാധിക്കുന്നതാണ്. ഈ സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ മാസത്തിലൊരിക്കൽ വിവിധ വകുപ്പുകളുടെ പ്രാതിനിധ്യത്തോടെ പദ്ധതി പുരോഗതി

വിലയിരുത്തുന്നതിനോടൊപ്പം വിവിധ പാദങ്ങളിലായി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പുരോഗതി കൈവരിക്കുന്നതിന് ആവശ്യമായ നിർദ്ദേശവും നൽകുന്നുണ്ട്.

പട്ടികവർഗ വിഭാഗത്തിനായി നടപ്പാക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും കാര്യക്ഷമത ഉറപ്പുവരുത്തി പുരോഗതി വിലയിരുത്തുന്നതിനുമായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അധ്യക്ഷനും ജനപ്രതിനിധികൾ അംഗങ്ങളുമായി വർക്കിങ് ഗ്രൂപ്പ് നിലവിലുണ്ട്. ജില്ലാതലത്തിൽ നടത്തുന്ന പദ്ധതികളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിന് ഈ കമ്മിറ്റി പദ്ധതികൾ പരിശോധിച്ച് യഥാസമയം പുരോഗതി വിലയിരുത്തി വരുന്നു.

പട്ടികജാതി വികസന വകുപ്പ്

പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ PM-AJAY പദ്ധതിയുടെ നൈപുണ്യ വികസന പരിശീലന പദ്ധതിയായ BWFS (Bird World wide Flight Service) എന്ന സ്ഥാപനം മുഖേനയുള്ള Airline Customer Executive എന്ന പരിശീലന പദ്ധതിയും ഡിജിറ്റൽ യൂണിവേഴ്സിറ്റി, കേരള മുഖേന നടത്തുന്ന Certificate in PCB Design, Certified Block chain Architect Programme, PG Diploma in Cyber Security എന്നീ 3 പരിശീലന പദ്ധതിയും

വകുപ്പ് നിലവിൽ നടപ്പാക്കിവരുന്നു. കൂടാതെ PM-AJAY (Grant in Aid പദ്ധതിയുടെ Income Generation Activity) ഘടകത്തിലുൾപ്പെട്ട കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ കോർപ്പറേഷൻ സമർപ്പിച്ച 11 പദ്ധതികളും നടപ്പാക്കിവരുന്നു.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ ഒരോ പദ്ധതിയുടെയും നിലവിലെ അവസ്ഥ അറിയിക്കാമോ?

പട്ടികവർഗ വികസന വകുപ്പ്

നടപ്പ് സാമ്പത്തിക വർഷത്തെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാന വിഹിതം-69,713 ലക്ഷം രൂപ

സംസ്ഥാന വിഹിതം ചെലവായതുക-18,989.06 ലക്ഷം രൂപ

2. കേന്ദ്ര വിഹിതം -6793.41 ലക്ഷം രൂപ

കേന്ദ്ര വിഹിതം ചെലവായ തുക-3739.73 ലക്ഷം രൂപ

3. ആകെ വിഹിതം-76506.41 ലക്ഷം രൂപ

ആകെ ചെലവായ തുക-22,728.79 ലക്ഷം രൂപ

പട്ടികജാതി വികസന വകുപ്പ്

കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വകുപ്പ് മുഖേന നടപ്പാക്കുന്ന എല്ലാ പദ്ധതികളുടെയും നിർവഹണ നടപടികൾ പുരോഗമിക്കുന്നു. BWFS എന്ന

സ്ഥാപനം മുഖേന വകുപ്പ് നടപ്പാക്കുന്ന Airline Customer Executive എന്ന നൈപുണ്യ വികസന പരിശീലനത്തിലൂടെ 2023-24, 2024-25 എന്നീ വർഷങ്ങളിൽ പരിശീലനം ലഭിച്ച 100 (50+50) പരിശീലനാർഥികളിൽ പരിശീലനം വിജയകരമായി പൂർത്തീകരിച്ച 88 (44+44) പേർക്ക് സ്ഥാപനം ജോലി നൽകിയിട്ടുണ്ട്. ഡിജിറ്റൽ യൂണിവേഴ്സിറ്റി, കേരള മുഖേന നടത്തുന്ന Certificate in PCB Design, Certified in Block chain Architect Programme, PG Diploma in Cyber Security എന്നീ 3 നൈപുണ്യ വികസന പരിശീലനം 2023-24 അധ്യയന വർഷത്തിൽ 82 വിദ്യാർഥികൾ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ Certified Block chain Architect Programme-ൽ 28 വിദ്യാർഥികൾക്ക് placement ലഭ്യമായിട്ടുണ്ട്.

PM-AJAY (Grant in Aid) പദ്ധതിയുടെ income Generation Activity ഘടകത്തിൽ ഉൾപ്പെട്ട കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ കോർപ്പറേഷൻ സമർപ്പിച്ച 11 പദ്ധതികളിൽ 669 പേർക്കായി 3,19,29,000/- രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

PCR&POA Act പ്രകാരം നിലവിൽ 2025-26 സാമ്പത്തിക വർഷത്തെ കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിനായി 10,500 ലക്ഷം രൂപയുടെ പ്രൊപ്പോസൽ

സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) പദ്ധതിയേതര വിഹിതത്തിൽ പകുതിപോലും ചെലവിടാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പദ്ധതിയേതര വിഹിതത്തിൽ പകുതിപോലും ചെലവിടാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടായിട്ടില്ല. നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ പദ്ധതിയേതര വിഹിതത്തിൽ പട്ടികവർഗ വികസന വകുപ്പ് 57.22 ശതമാനം തുകയും പട്ടികജാതി വികസന വകുപ്പ് 60.70 ശതമാനം തുകയും ചെലവഴിച്ചിട്ടുണ്ട്.

**തൃശ്ശൂർ മണ്ഡലത്തിലെ കൊളക്കോട് അംബേദ്കർ ഗ്രാമവികസന പദ്ധതി**

115 (966) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മണ്ഡലത്തിലെ കൊളക്കോട് അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ മണ്ഡലത്തിലെ കൊളക്കോട് അംബേദ്കർ ഗ്രാമവികസനം പദ്ധതി നിലവിൽ 75 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. 2025 ഡിസംബർ മാസം

അവസാനത്തോടുകൂടി പൂർത്തീകരിക്കുന്നതാണെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്.

**അതിദാരിദ്ര്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട് പട്ടികജാതി, പട്ടികവർഗ വകുപ്പ് കൈവരിച്ച നേട്ടങ്ങൾ**

116 (967) ശ്രീ. വി. ജോയി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിദാരിദ്ര്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട് വകുപ്പ് കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

അതിദാരിദ്ര്യ നിർമ്മാർജന പദ്ധതിയുമായി ബന്ധപ്പെട്ട സർവെയിൽ കണ്ടെത്തിയ 11095 പട്ടികജാതി കുടുംബങ്ങളിൽ 10507 (94.7%) കുടുംബങ്ങൾ അതിദാരിദ്ര്യത്തിൽനിന്ന് മുക്തി നേടിയിട്ടുണ്ട്. അതിദാരിദ്ര്യത്തിൽ ഉൾപ്പെടുന്നവരുടെ പട്ടിക തയ്യാറാക്കുന്നതിന് നിഷ്കർഷിച്ച 5 സൂചകങ്ങളിൽ 'വാസസ്ഥലം' എന്ന സൂചകമാണ് വകുപ്പ് വഴി നൽകിവരുന്നത്. പട്ടികയിൽ വാസസ്ഥലം ആവശ്യമായ 2650 കുടുംബങ്ങളിൽ 2066 (77.96%) കുടുംബങ്ങൾക്ക് വാസസ്ഥലം ലഭിച്ചിട്ടുണ്ട്. അതിദാരിദ്ര്യ

നിർമ്മാർജനവുമായി ബന്ധപ്പെട്ട് പട്ടികവർഗ വികസന വകുപ്പ് പോഷകാഹാര കിറ്റ്, എഫ്.എസ്.പി. കിറ്റ്, ഭവനപുനരുദ്ധാരണ പദ്ധതി, ചികിത്സാധനസഹായം, ഭൂരഹിതരായ പട്ടികവർഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിനായുള്ള നടപടി എന്നിവ സ്വീകരിച്ചിട്ടുണ്ട്. അതിദാരിദ്ര്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട് പട്ടികവർഗ വികസന വകുപ്പ് കൈവരിച്ച നേട്ടങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) അതിദരിദ്രരായ പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട എല്ലാ ഭവനരഹിതർക്കും വീട് നൽകുന്നതിനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ?

അതിദരിദ്രരായ പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് ലൈഫ് പദ്ധതി പ്രകാരമാണ് വീട് അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നത്.

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരെ ഏതെല്ലാം ജില്ലകളിൽ അതിദാരിദ്ര്യ മുക്തരാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കോട്ടയം, കണ്ണൂർ എന്നീ ജില്ലകളെ അതിദാരിദ്ര്യ വിമുക്തമാക്കിയിട്ടുണ്ട്.

**എസ്.ടി. വിഭാഗങ്ങൾക്ക് ഭവന നിർമ്മാണം**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

117 (968) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വീടില്ലാത്ത എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഭവന നിർമ്മാണത്തിനായി ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുക എത്രയാണ്; ചെലവഴിച്ച തുക എത്രയാണ്; വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനരഹിതരുടെ ഭവനനിർമ്മാണത്തിന് സംസ്ഥാന വിഹിതമിനത്തിൽ ധനസഹായം അനുവദിക്കുന്നതിന് സംസ്ഥാന ബജറ്റിൽ ലൈഫ് മിഷന്റെ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. ലൈഫ് മിഷന്റെ ശീർഷകത്തിൽ പൊതു വിഭാഗം, പട്ടികജാതി, പട്ടികവർഗം എന്നിങ്ങനെ കാറ്റഗറി തിരിച്ചല്ല തുക വകയിരുത്തിയിട്ടുള്ളത്. എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും സംസ്ഥാന വിഹിതം അനുവദിക്കുന്നതിന് ആവശ്യമായ വിഹിതമാണ് സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിൽ നിന്നുമാണ് പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരുടെ ഭവനനിർമ്മാണത്തിനും സംസ്ഥാന വിഹിതം

അനുവദിക്കുന്നത്. പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ലൈഫ് ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന് പ്രത്യേകമായി ലൈഫ് മിഷൻ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ല.

പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരുടെ ഭവനനിർമ്മാണത്തിനായി പട്ടികവർഗ വികസന വകുപ്പിൽനിന്നും ലൈഫ് മിഷന് അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | തുക (കോടിയിൽ) |
|---|---|
| 2021-22 | 140 |
| 2022-23 | 140 |
| 2023-24 | 25 |
| 2024-25 | 70 |
| 2025-26 | 49 |
| ആകെ | 424 |

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സാമൂഹിക നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള വാത്സല്യനിധി പദ്ധതിക്ക് കഴിഞ്ഞ സാമ്പത്തിക വർഷം വകയിരുത്തിയ തുക എത്രയാണ്; ചെലവഴിച്ച തുക എത്രയാണ്; ഈ സാമ്പത്തിക വർഷം വകയിരുത്തിയ തുക എത്രയാണ്; നാളിതുവരെ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ?

പദ്ധതി മാനദണ്ഡങ്ങൾ പ്രകാരമുള്ള ചില ഘടകങ്ങളിൽനിന്ന് LIC പിന്മാറിയത് കാരണം പദ്ധതി മുന്നോട്ടുപോകാൻ സാധിക്കാത്ത സാഹചര്യമാണ്. ആയതിനാൽ ടി പദ്ധതിയിലേക്ക് അപേക്ഷകൾ സ്വീകരിക്കാനോ പ്രസ്തുത സാമ്പത്തിക വർഷത്തിനുശേഷം പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിക്കാനോ കഴിഞ്ഞിട്ടില്ല. 2024-25 സാമ്പത്തിക വർഷം വാത്സല്യ നിധി പദ്ധതിക്കായി 100,000,000/-രൂപയും 2025-26 സാമ്പത്തിക വർഷം 1,00,000/- രൂപയുമാണ് വകയിരുത്തിയിരുന്നത്. കഴിഞ്ഞ വർഷവും നടപ്പ് വർഷവും തുക വിനിയോഗിച്ചിട്ടില്ല. നിലവിൽ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കുട്ടികൾക്ക് ലഭ്യമാകുന്ന രീതിയിൽ പദ്ധതി ധനസഹായം രൂപപ്പെടുത്തുന്നതിന് മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെ പ്രൊപ്പോസൽ പരിഗണിക്കുന്ന കാര്യം നിർദ്ദേശിച്ചിട്ടുണ്ട്.

**കോവളം മണ്ഡലത്തിലെ പദ്ധതികൾ**

118 (969) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോവളം

മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പട്ടികജാതി, പട്ടികവർഗ ക്ഷേമ വകുപ്പിന്റെ പ്രവൃത്തികളും മുൻസർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് പ്രവൃത്തി ആരംഭിച്ചതുമായ പദ്ധതികളുടെ വിവരങ്ങളും ലഭ്യമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് അനുമതി ലഭിച്ച പ്രവൃത്തികൾ:-

* വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ കാട്ടുകുളം ലക്ഷം വീട് ഗ്രാമം അംബേദ്കർ ഗ്രാമം പദ്ധതിയിൽ 2023-24 വർഷത്തിൽ തിരഞ്ഞെടുക്കപ്പെട്ടു. 2025-26 വർഷത്തിൽ പ്രവൃത്തികളുടെ തറക്കല്ലിടുകയും പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വീടുകളുടെ അറ്റകുറ്റപ്പണികൾ, ഓട നിർമ്മാണം, അതിര് സൈഡ് വാൾ നിർമ്മാണം, റോഡ് നിർമ്മാണം, സ്ട്രീറ്റ് ലൈറ്റ്, സോളാർ പാനൽ മുതലായ പ്രവൃത്തികൾ. അടങ്കൽ തുക: 1 കോടി രൂപ.

* ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ തെക്കേ മലഞ്ചരിവ് നഗറിനെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തിരഞ്ഞെടുത്ത് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് മുൻസർക്കാരിന്റെ കാലത്ത്

ഭരണാനുമതി ലഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് പ്രവൃത്തി ആരംഭിച്ചതുമായ പദ്ധതികൾ ഇല്ല.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോവളം മണ്ഡലത്തിൽ പട്ടികവർഗക്കാർക്കായി പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | അനുവദിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കാട്ടുകുളം ലക്ഷം വീട് | 20,00,000/- | 5 വീടുകളുടെ അറ്റകുറ്റപ്പണികൾ നടന്നുവരുന്നു. |
| 2 | തെക്കേ മലഞ്ചരിവ് നഗർ | എസ്റ്റിമേറ്റ് തുക 98,29,131/- | വീട് മെയിന്റനൻസിനായി തിരഞ്ഞെടുത്ത വീടുകളുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. |

**പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾ**

119 (970) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ നീക്കിവച്ച തുക എത്രയാണ്; ചെലവഴിച്ച തുക എത്രയാണ്; വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

കഴിഞ്ഞ സാമ്പത്തിക വർഷം ക്ഷേമ പ്രവർത്തനങ്ങൾക്കായി പട്ടികവർഗ വികസന വകുപ്പും പട്ടികജാതി വികസന വകുപ്പും ബജറ്റിൽ നീക്കിവച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) നടപ്പ് സാമ്പത്തിക വർഷം പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ നീക്കിവച്ച തുക എത്രയാണ്; നാളിതുവരെ ചെലവഴിച്ച തുക എത്രയാണ്; വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

നടപ്പ് സാമ്പത്തിക വർഷം ക്ഷേമ പ്രവർത്തനങ്ങൾക്കായി പട്ടികവർഗ വികസന വകുപ്പും പട്ടികജാതി വികസന വകുപ്പും ബജറ്റിൽ നീക്കിവച്ച തുകയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

**കാസർഗോഡ് ജില്ലയിൽ പട്ടികജാതി, പട്ടികവർഗക്കാർക്ക് വേണ്ടി ചെയ്ത പ്രവൃത്തികൾ**

120 (971) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ 14 വർഷം പട്ടികജാതി, പട്ടികവർഗക്കാർക്കുവേണ്ടി ചെയ്ത പ്രവൃത്തികൾ എന്തൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ 14 വർഷം പട്ടികജാതിക്കാർക്കുവേണ്ടി ചെയ്ത പ്രവൃത്തികൾ എന്തൊക്കെയാണെന്ന് മണ്ഡലം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

പട്ടികവർഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ബി) ഏതെല്ലാം പദ്ധതികളാണ് കഴിഞ്ഞ 14 വർഷം ജില്ലയിൽ പ്രഖ്യാപിച്ചതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; പ്രഖ്യാപിച്ച പദ്ധതികളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തീകരിക്കേണ്ടതും പൂർത്തീകരിച്ചതുമായ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പട്ടികജാതിക്കാർക്കുവേണ്ടി പ്രഖ്യാപിച്ച പദ്ധതികളിൽ പൂർത്തീകരിക്കേണ്ടതും പൂർത്തീകരിച്ചതുമായ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പട്ടികവർഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണെന്നും ഏറ്റെടുത്ത കരാറുകാർ ആരാണെന്നും ചെയ്ത പ്രവൃത്തിക്ക് അനുവദിച്ച തുകയിൽ കുടിശ്ശിക ഉണ്ടോയെന്നും വ്യക്തമാക്കാമോ?

പട്ടികജാതി/പട്ടികവർഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

**അച്ചൻകോവിൽ ആവണിപ്പാറ ഗിരിവർഗ കോളനിയിലെ കുട്ടികളുടെ സ്കൂൾ യാത്ര**

121 (972) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ അച്ചൻകോവിൽ ഗവ. വി.എച്ച്.എസ്.എസ്., ചെമ്പനരുവി എൽ.പി.എസ്. എന്നിവിടങ്ങളിൽ പഠിക്കുന്ന അച്ചൻകോവിൽ ആവണിപ്പാറ ഗിരിവർഗ കോളനിയിലെ കുട്ടികൾക്ക് അച്ചൻകോവിലാർ മുറിച്ചുകടന്ന് സ്കൂളിലെത്തുന്നതിന് പട്ടികവർഗ വകുപ്പ് എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ആവണിപ്പാറ ഗിരിവർഗ ഉന്നതി പത്തനംതിട്ട ജില്ലയിലെ റാന്നി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ അധികാരപരിധിയിൽ വരുന്ന പ്രദേശമാണ്. ടി ഉന്നതിയിൽ നിന്നും പുനലൂർ മണ്ഡലത്തിലെ അച്ചൻകോവിൽ ഗവ. വി.എച്ച്.എസ്.എസ്., ചെമ്പനരുവി എൽ.പി.എസ്. എന്നീ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ വള്ളത്തിൽ അച്ചൻകോവിലാറിന്റെ മറുകരയിൽ എത്തി അവിടെനിന്നും ചെമ്പനരുവി എൽ.പി.എസ്.-ലെ കുട്ടികൾ വിദ്യാവാഹിനി പ്രകാരം ഏർപ്പാടാക്കിയ വാഹനത്തിലും അച്ചൻകോവിൽ ഗവ. വി.എച്ച്.എസ്.എസ്.-ലെ കുട്ടികൾ ബസ്സിലുമാണ് സ്കൂളിലെത്തുന്നത്.

(ബി) പട്ടികവർഗ കോർപ്പസ് ഫണ്ടുപയോഗിച്ച് അച്ചൻകോവിലാറിന് കുറുകെ പാലം നിർമ്മിക്കുന്നതിനുവേണ്ടി സ്വീകരിച്ചിരുന്ന നടപടികളുടെ

നിലവിലെ പുരോഗതി അറിയിക്കുമോ?

ആവണിപ്പാറ ഗിരിവർഗ ഉന്നതിയിൽ അച്ചൻകോവിലാറിന് കുറുകെ പാലം നിർമ്മിക്കുന്നതിന് 2018-ലെ SOR പ്രകാരം 250.30 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കി മുഴുവൻ തുകയും പൊതുമരാമത്ത് വകുപ്പിന് റാന്നി ടി.ഡി.ഒ. മുഖേന ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

**ഗുരുവായൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

122 (973) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ ഗുരുവായൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട ഉന്നതികൾ ഏതൊക്കെയെന്നും അവയുടെ പ്രവർത്തന പുരോഗതികൾ എന്തെല്ലാമെന്നും അറിയിക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ ഗുരുവായൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി ഒറ്റത്തെങ്ങ്, കോളാടി പറമ്പ്, ഏത്തായി എന്നീ ഗ്രാമങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഒറ്റത്തെങ്ങ് ഗ്രാമത്തിന്റെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കോളാടി പറമ്പ് നഗറിൽ 14 വീടുകളുടെ അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടുണ്ട്. ഏത്തായി നഗറിൽ നടപ്പാക്കേണ്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനുവേണ്ടി ലഭ്യമായിട്ടില്ല.

**കായംകുളം മണ്ഡലത്തിലെ പട്ടികജാതി ക്ഷേമ വകുപ്പിന്റെ വിവിധ പദ്ധതികൾ**

123 (974) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പട്ടികജാതി ക്ഷേമ വകുപ്പ് വഴി നടപ്പാക്കിയ വിവിധ പദ്ധതികൾ എന്തൊക്കെ; ഇതിനായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പട്ടികജാതി ക്ഷേമ വകുപ്പ് വഴി നടപ്പാക്കിയ വിവിധ പദ്ധതികൾ, വിനിയോഗിച്ച തുക എന്നിവ അനുബന്ധമായി ചേർക്കുന്നു.+

**ഒ. ഇ. സി. സർട്ടിഫിക്കറ്റ്**

124 (975) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സാമൂഹികമായും സാമ്പത്തികമായും വളരെ പിന്നാക്കം നിൽക്കുന്നതും പരമ്പരാഗത കുലത്തൊഴിലായ മൺപാത്രനിർമ്മാണത്തിൽ ഏർപ്പെടുന്നവരുമായ കുശവ സമുദായം ഒ.ഇ.സി. വിഭാഗത്തിലാണോ ഉൾപ്പെട്ടിട്ടുള്ളതെന്നും ഈ വിഭാഗത്തിന് ഒ.ഇ.സി. ആനുകൂല്യം നിലവിൽ ലഭിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; ഇവരുടെ സർട്ടിഫിക്കറ്റിൽ കുലാല, കുലാൻ, ആന്ധ്ര നായർ എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മൺപാത്ര നിർമ്മാണം കുലത്തൊഴിലാക്കിയ കുശവൻ സമുദായം ഒ.ഇ.സി. വിഭാഗത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ വിഭാഗത്തിന് ഒ.ഇ.സി. ആനുകൂല്യം നിലവിൽ ലഭിക്കുന്നുണ്ട്. ടി വിഭാഗങ്ങളുടെ സർട്ടിഫിക്കറ്റിൽ കുലാല, കുലാലൻ, ആന്ധ്ര നായർ എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചില വില്ലേജ് ഓഫീസർമാർ കുലാല വിഭാഗത്തിൽപ്പെട്ടവർക്ക് ഒ.ഇ.സി. സർട്ടിഫിക്കറ്റ് നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കുലാല വിഭാഗം നിലവിൽ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

അതിനാലാണ് വില്ലേജ് ഓഫീസർമാർ കൃലാല വിഭാഗത്തിൽപ്പെട്ടവർക്ക് ഒ.ഇ.സി. സർട്ടിഫിക്കറ്റ് നൽകാൻ വിസമ്മതിക്കുന്നത്.

(സി) കൃലാല വിഭാഗക്കാർക്ക് ഒ.ഇ.സി. സർട്ടിഫിക്കറ്റ് നൽകാനുള്ള നിർദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

കൃലാല വിഭാഗക്കാരെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**തേക്ക് തടി മോഷണം**

125 (976) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൊക്കനയിൽ വനം വകുപ്പിന്റെ തേക്ക് തോട്ടങ്ങളിൽനിന്നും വൻതോതിൽ തേക്ക് തടികൾ കടത്തിക്കൊണ്ടുപോയത് സംബന്ധിച്ച പരാതി ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ വനം വകുപ്പ് നടത്തിയ അന്വേഷണത്തിന്റെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ചാലക്കുടി ഡിവിഷനിലെ വെള്ളിക്കുളങ്ങര റെയ്ഞ്ചിൽ അന്തിമ വെട്ട്

കഴിഞ്ഞ 1947, 1954 ചൊക്കന തേക്ക് പ്ലാന്റേഷൻ ബീറ്റുകളിൽ നിന്നും തേക്കും ഖന മരങ്ങളും നീക്കം ചെയ്തപ്പോൾ ബാക്കി വന്ന സോഫ്റ്റ് വുഡ് മരങ്ങൾ മാത്രം മുറിച്ച് നീക്കംചെയ്യുന്നതിനായി കരാറെടുത്ത ശ്രീ. ചന്ദ്രൻ, ചിത്ര എന്റർപ്രൈസസ്, പാങ്ങോട് തിരുവനന്തപുരം എന്ന കരാറുകാരൻ സോഫ്റ്റ് വുഡ് ലോഡുകളോടൊപ്പം ബാക്കി വന്ന തേക്ക് ബില്ലറ്റും ഫയർ വുഡും നീക്കം ചെയ്തതായി കണ്ടെത്തിയതിനെ തുടർന്ന് എറണാകുളം ഫ്ലയിങ് സ്ക്വാഡ് ഡിവിഷന്റെ കീഴിലുള്ള തൃശ്ശൂർ ഫ്ലയിങ് സ്ക്വാഡ് റെയ്ഞ്ചിൽ മഹസർ തയ്യാറാക്കി എഫ്.എസ്.റ്റി.-02/2025 കേസും കൂടാതെ പ്രാദേശിക വാച്ചർമാരുടെ വീടുകളിലേക്ക് ഇത്തരത്തിൽ തേക്ക് വിറക് നീക്കം ചെയ്തതായി കണ്ട് എഫ്.എസ്.റ്റി.-03/2025, എഫ്.എസ്.റ്റി.-04/2025 എന്നീ കേസുകളും രജിസ്റ്റർ ചെയ്ത് തുടർനടപടികൾക്കായി വെള്ളിക്കുളങ്ങര റെയ്ഞ്ചിലേക്ക് കൈമാറിയിട്ടുള്ളതാണ്. മേൽ വിഷയത്തിൽ വെള്ളിക്കുളങ്ങര റെയ്ഞ്ചിലെ മുപ്ലിയം ഫോറസ്റ്റ് സ്റ്റേഷനിൽ ഒ.ആർ.4/2025, 5/2025, 6/2025, 7/2025 എന്നീ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. മേല്പറഞ്ഞ തേക്ക് പ്ലാന്റേഷനുകളിൽനിന്നും അടച്ചുമുറി കഴിഞ്ഞ ഭാഗത്തുനിന്നും നീക്കം ചെയ്ത സോഫ്റ്റ് വുഡ്/പലവക തടികൾ ഏതേത് പാസുകൾ വഴി എങ്ങോട്ടെല്ലാമാണ്

ട്രാൻസ്പോർട്ട് ചെയ്തിട്ടുള്ളതെന്നും പാസ് വിവരങ്ങളും വനം വിജിലൻസ് ശേഖരിച്ച് പരിശോധന നടത്തിവരികയാണ്. ഇതുസംബന്ധിച്ച് വനം വിജിലൻസിന്റെ അന്വേഷണം തുടർന്നുവരുന്നു. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) ചന്ദനമരങ്ങൾ അടക്കം വളരുന്ന വനമേഖലയായിട്ടും വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഇല്ലാതെ മരം മുറിക്കാൻ അനുമതി നൽകിയത് ഏത് സാഹചര്യത്തിലാണെന്നും ഇക്കാര്യത്തിൽ കുറ്റക്കാരായവർക്കെതിരെ എന്തൊക്കെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

2024-25 വർഷത്തിൽ വെള്ളിക്കുളങ്ങര റെയ്ഞ്ചിൽ മുപ്ലിയം ഫോറസ്റ്റ് സ്റ്റേഷനിലെ 1945 വെള്ളാരംപാടം, 1947 ചൊക്കന, 1954 ചൊക്കന എന്നീ തേക്ക് തോട്ടങ്ങളിൽ അടച്ചുമുറി നടത്തിയിട്ടുള്ളതാണ്. ആയതിൽ ഫൈനൽ ഫെല്ലിങ് ജോലികളുടെ ഭാഗമായി 1947 ചൊക്കന തേക്ക് തോട്ടത്തിലെ 660 എണ്ണം മൂട്ടു മരങ്ങൾ മുറിച്ച് നീക്കംചെയ്യുന്നതിന് കരാറുകാരനായ ശ്രീ. ചന്ദ്രൻ, ചിത്ര എന്റർപ്രൈസസ് പാങ്ങോട് പി.ഒ. എന്നയാൾ കരാർ നമ്പർ 08/2025-26 ഉടമ്പടി പ്രകാരം മുഴുവൻ കരാർ തുകയും അടച്ച് ജോലികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. ടി തേക്ക് തോട്ടങ്ങളിലെ മാർക്ക് ചെയ്തിട്ടുള്ള മരങ്ങളിൽനിന്നും പരമാവധി തടികളും കഴകളും ബില്ലറ്റും ഫയർവുഡും ശേഖരിച്ചിട്ടുണ്ട്.

ടി തോട്ടങ്ങളിലെ അടച്ചുമുറി ജോലികളെല്ലാം മേലുദ്യോഗസ്ഥർ യഥാവിധി സ്ഥലത്തെത്തി പരിശോധന നടത്തിയിട്ടുള്ളതും ചെക്ക് മെഷർ ചെയ്തിട്ടുള്ളതുമാണ്. ഹിപ്പിങ് & ബേണിങ്ങിനായി തോട്ടത്തിന്റെ പലഭാഗങ്ങളിൽ ഇട്ടിരുന്ന വിറകുകൾ, ബില്ലറ്റ് എന്നിവയാണ് തദ്ദേശവാസികളായ എൻ.എം.ആർ. വാച്ചർമാർ നിയമ വിരുദ്ധമായി കടത്തിക്കൊണ്ടുപോയത്. ടിയാന്മാർക്കെതിരെ മൂപ്ലിയം ഫോറസ്റ്റ് സ്റ്റേഷനിൽ ഒ.ആർ.നമ്പർ 04/25, ഒ.ആർ.05/25, ഒ.ആർ.06/25 എന്നീ കേസുകളും കരാറുകാരനെ പ്രതിയാക്കി ഒ.ആർ.07/25 നമ്പറായും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ച് നടപടികൾ കൈക്കൊള്ളുന്നതാണ്.

**വന്യജീവി ആക്രമണങ്ങളുടെ കണക്ക്**

126 (977) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വന്യജീവി ആക്രമണങ്ങൾ തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ഓരോ സാമ്പത്തിക വർഷവും ബജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കുമോ?

2021-22 മുതൽ 2025-26 വരെ മനുഷ്യ-വന്യജീവി സംഘർഷം

ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ബജറ്റിൽ വകയിരുത്തിയ തുകയും റിലീസ് ചെയ്തിട്ടുള്ള തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ സംസ്ഥാനത്ത് എത്ര വന്യജീവി ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്രപേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്; എത്രപേർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്; എത്രപേർക്ക് നഷ്ടപരിഹാരം അനുവദിക്കാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

2021-22 മുതൽ 2025 ജൂലൈ വരെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ ജീവഹാനി, പരിക്ക് എന്നിവയുടെ എണ്ണവും വിതരണം ചെയ്തിട്ടുള്ള നഷ്ടപരിഹാരത്തിന്റെയും വിവരം അനുബന്ധമായി ചേർക്കുന്നു.+

2025 ജൂലൈ 7 വരെ ജീവഹാനി സംഭവിച്ച 51 അപേക്ഷകളിന്മേലും പരിക്കേറ്റ 738 പേർക്കും നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ട്. ആവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് മാത്രമെ നഷ്ടപരിഹാരം വിതരണം ചെയ്യാൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാധിക്കുകയുള്ളൂ.

**വൈദ്യുതി ലൈനുകൾക്ക് ഭീഷണിയായ മരങ്ങൾ മുറിച്ചുമാറ്റാൻ നടപടി**

127 (978) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മട്ടന്നൂർ മണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിലെ കെ.എസ്.ഇ.ബി.-യുടെ വൈദ്യുതി ലൈനുകൾക്ക് ഭീഷണിയായ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് സമർപ്പിച്ച അപേക്ഷയിൽ വനം വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മട്ടന്നൂർ നിയമസഭാ മണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്നതും കണ്ണവം മുതൽ ചങ്ങലഗേറ്റ് വരെയും ചങ്ങലഗേറ്റ് മുതൽ പെരുവ, കൊളപ്പവരെയും കണ്ണവം ചെറുവാഞ്ചേരി ഭാഗങ്ങളിലും വനം വകുപ്പിന്റെ പരിധിയിൽ വരുന്ന HT/LT ലൈനിന് ഭീഷണിയാകുന്ന മരങ്ങൾ/ ശിഖരങ്ങൾ മുറിച്ചുമാറ്റുന്നതിന് രണ്ട് അപേക്ഷകൾ കിട്ടിയിരുന്നു. ബന്ധപ്പെട്ട റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ പ്രാഥമിക പരിശോധന നടത്തുകയും തുടർന്ന് കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥരുടെ സംയുക്ത പരിശോധന നടത്തിയതിനുശേഷം മാത്രമെ ഏതൊക്കെ മരങ്ങൾ/ശിഖരങ്ങൾ

മുറിക്കേണ്ടതെന്ന് തീരുമാനിക്കാൻ കഴിയുകയുള്ളൂ. കെ.എസ്.ഇ.ബി.എൽ. അധികൃതരുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**ആദിവാസികൾക്ക് നേരെയുള്ള വന്യജീവി ആക്രമണം**

128 (979) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന വിഭവങ്ങളും മറ്റും ശേഖരിക്കാനും കൃഷി ആവശ്യങ്ങൾക്കുമായി വനത്തെ ആശ്രയിക്കുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് നേരെ വന്യജീവി ആക്രമണം വർധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

മുൻകാലങ്ങളെ അപേക്ഷിച്ച് സമീപകാലത്ത് അത്തരം അപകടങ്ങൾ നേരിയ തോതിൽ വർധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2016 മുതൽ 14-09-2025 വരെ മനുഷ്യ-വന്യജീവി സംഘർഷത്തിൽ മരണപ്പെട്ട ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.+

(ബി) 2016 മുതൽ നാളിതുവരെ വന്യജീവി ആക്രമണംമൂലം മരണപ്പെട്ട ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെയും ഗുരുതരമായി പരിക്കേറ്റവരുടെയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണക്ക് ലഭ്യമാക്കാമോ?

2016 മുതൽ 14-09-2025 വരെ സംസ്ഥാനത്ത്, വനത്തിന് പുറത്ത് പാമ്പ് കടി, കടന്നൽ/തേനീച്ച എന്നിവയുടെ കുത്തേറ്റത് ഉൾപ്പെടെ മനുഷ്യ-വന്യജീവി സംഘർഷത്തിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട 125 പേർ മരണപ്പെട്ടിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതേകാലയളവിൽ 101 പേർക്ക് ഗുരുതരമായി പരിക്കേറ്റിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) വന്യജീവി ആക്രമണംമൂലം മരണപ്പെടുകയും പരിക്കേൽക്കുകയും ചെയ്ത ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ ആശ്രിതർക്ക് പട്ടികവർഗ വികസന വകുപ്പിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്ന ആദിവാസി ഗോത്രവിഭാഗക്കാർക്ക് പട്ടികവർഗ വികസന വകുപ്പ് ചികിത്സാ സഹായം അനുവദിക്കുന്നുണ്ട്. പട്ടികവർഗ വികസന വകുപ്പ് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ ശിപാർശ ചെയ്യുന്ന അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് വകുപ്പ് അധ്യക്ഷന്റെ അധികാരപരിധിയിൽ അധികരിക്കാത്ത 25,000/- രൂപ വരെയുള്ള അപേക്ഷകൾക്ക് അടിയന്തര ധനസഹായം അനുവദിക്കും. 25,000/-

രൂപയ്ക്ക് മുകളിലേക്കുള്ള ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകൾ സർക്കാരിലേക്ക് ശിപാർശ ചെയ്ത് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് അനുവദിച്ചുനൽകുന്നു. വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്ക് പട്ടികവർഗ വികസന വകുപ്പ് ജില്ലാ ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ചികിത്സാധനസഹായം അനുവദിച്ചുനൽകാറുണ്ട്.

**റിസർവ് വനമാക്കി മാറ്റിയ ഭൂമി**

129 (980) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് പുതിയതായി റിസർവ് വനമാക്കി മാറ്റിയ ഭൂമിയുടെ വിസ്തൃതി ജില്ലതിരിച്ച് വ്യക്തമാക്കുമോ?

2016-2021 കാലയളവിലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ 1961-ലെ കേരള വനനിയമം പ്രകാരം പ്രൊപ്പോസ്ഡ് റിസർവ്/റിസർവ് വനമാക്കി മാറ്റിയ ഭൂമിയുടെ വിസ്തൃതി ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | വിസ്തൃതി (ഹെക്ടർ) |
|---|---|
| പത്തനംതിട്ട | 8.12 |

| | |
|---|---|
| ഇടുക്കി | 967.0038 |
| കോട്ടയം | 8.2621 |
| എറണാകുളം | 2.3088 |
| തൃശ്ശൂർ | 6.5284 |
| പാലക്കാട് | 3.762 |
| മലപ്പുറം | 12.624 |
| കാസർഗോഡ് | 192.1032 |

(ബി) സി.എച്ച്.ആർ. മേഖല മുഴുവൻ വനമായാണോ സംസ്ഥാന സർക്കാർ പരിഗണിക്കുന്നതെന്നും ഇതിന് ആസ്പദമാക്കിയ നിയമവ്യവസ്ഥകൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ഭൂമിയുടെ സംരക്ഷണ ചുമതല സംബന്ധിച്ച വിഷയം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

**കാട്ടുമൃഗങ്ങളുടെ ആക്രമണം മൂലമുള്ള അപകടങ്ങൾക്ക് നഷ്ടപരിഹാരം**

130 (981) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടിന് പുറത്തുവച്ചുണ്ടാകുന്ന കാട്ടുപന്നി, ആന, പാമ്പ് തുടങ്ങിയ ജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന അപകടങ്ങൾക്കുള്ള നഷ്ടപരിഹാര ലഭ്യതയ്ക്ക് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

വന്യമൃഗങ്ങൾ മൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകി വന്നിരുന്നത് 1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് ചട്ടങ്ങൾ പ്രകാരമാണ്. ഇതുപ്രകാരം അതത് പ്രദേശത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കോ വൈൽഡ് ലൈഫ് വാർഡനോ ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖാന്തരം അപകടത്തിന് ഹേതുവായ സംഭവം നടന്ന് ആറ് മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. മനുഷ്യ-വന്യജീവി സംഘർഷത്തിൽ മരണം സംഭവിച്ചാൽ ഒരു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചാൽ മതിയാകും. അപേക്ഷയുടെയും ബന്ധപ്പെട്ട ഡോക്യുമെന്റുകളുടെയും പരിശോധനയ്ക്കുശേഷം അർഹതപ്പെട്ടവർക്ക് അർഹമായ നഷ്ടപരിഹാരം അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് അനുവദിക്കുന്നതാണ്.

**മുട്ടിൽ മരം മുറി**

131 (982) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരംമുറിക്കേസിൽ മുറിച്ചുമാറ്റിയ മരങ്ങളുടെ വിശദാംശങ്ങളും ഓരോന്നിന്റെ ശരാശരി വിലയും വ്യക്തമാക്കാമോ; ഈ സംഭവത്തിൽ ഉണ്ടായ

നഷ്ടം എത്രയാണ്; പിടിച്ചെടുത്ത മരങ്ങളുടെ അളവും അതിന്റെ മൂല്യവും ഇനം തിരിച്ച് ലഭ്യമാക്കാമോ?

മുട്ടിൽ സൗത്ത് വില്ലേജിൽ അനധികൃതമായി റിസർവ് വീട്ടിമരങ്ങൾ മുറിച്ചതുമായി ബന്ധപ്പെട്ട് മേപ്പാടി റെയ്ഞ്ചിൽ ഒ.ആർ.01/2021 മുതൽ 49/2021 വരെ നമ്പറുകളിലായി 49 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകളിൽ കസ്റ്റഡിയിലെടുത്ത വീട്ടിത്തടികൾ നിലവിൽ കൂപ്പാടി ഡിപ്പോയിൽ സൂക്ഷിച്ചിട്ടുള്ളതും ആയതിൽ 01/2021 മുതൽ 21/2021 വരെയും ഒ.ആർ.25/2021 മുതൽ ഒ.ആർ.36/2021 വരെയും ഒ.ആർ.38/2021 മുതൽ ഒ.ആർ.41/2021 വരെയും ഒ.ആർ.43/2021 നമ്പർ കേസും ഉൾപ്പെട്ട 38 കേസുകളിൽ കൂപ്പാടി ഡിപ്പോയിൽ നിന്നുള്ള ഫോറം 12 പ്രകാരം വാല്യുവേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതും ആയതിന്റെ വിലനിർണ്ണയ സർട്ടിഫിക്കറ്റ് വൈത്തിരി താലൂക്ക് തഹസിൽദാർക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. ആയത് അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു+.

ഒ.ആർ.22/2021, ഒ.ആർ.23/2021, ഒ.ആർ.24/2021, ഒ.ആർ.37/2021, ഒ.ആർ.42/2021, ഒ.ആർ.44/2021 മുതൽ ഒ.ആർ.49/2021 വരെയുള്ള 11

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേസുകളിലെ വീട്ടിത്തടികൾ മുഴുവൻ തടികളും ചെത്തിയൊരുക്കാത്തതിനാൽ വിലനിർണ്ണയം നടത്തുന്നതിന് സാധിച്ചിട്ടില്ല. ഇതിൽ ചെത്തിയതും ചെത്തിയൊരുക്കാത്തതുമായ തടികൾ കിടക്കുന്നതിനാൽ കേസിലെ വാല്യുവേഷൻ പൂർത്തിയാക്കുന്നതിന് സാധിച്ചിരുന്നില്ല. ചെത്തിയൊരുക്കിയ വീട്ടിത്തടികൾ മാത്രമെ നിയമാനുസൃതം കൃത്യമായി വാല്യുവേഷൻ നടത്താൻ സാധിച്ചിട്ടുള്ളൂ. ചെത്തിയൊരുക്കിയ തടികളുടെയും ചെത്തിയൊരുക്കാത്ത തടികളുടെ ഏകദേശ വിലനിർണ്ണയമുൾപ്പെടെയുള്ള വിവരങ്ങളടങ്ങിയ പട്ടിക അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു+.

(ബി) മുട്ടിൽ മരംമുറിക്കേസുമായി ബന്ധപ്പെട്ട് വനംവകുപ്പ് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

മുട്ടിൽ സൗത്ത് വില്ലേജിൽ അനധികൃതമായി റിസർവ് വീട്ടിമരങ്ങൾ മുറിച്ചതുമായി ബന്ധപ്പെട്ട് മേപ്പാടി റെയ്ഞ്ചിൽ ഒ.ആർ.01/2021 മുതൽ 49/2021 വരെ നമ്പറുകളിലായി 49 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽ നമ്പർ കേസുകളിൽ കസ്റ്റഡിയിലെടുത്ത വീട്ടിത്തടികൾ അനന്തര നടപടികൾക്കായി കൂപ്പാടി ഡിപ്പോയിലേക്ക് എത്തിച്ചിട്ടുണ്ട്. മേൽ കേസുകളിൽ 01/2021, 41/2021

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേസുകളൊഴികെ കേരള വന നിയമം 61 എ വകുപ്പ് പ്രകാരം സർക്കാരിലേക്ക് കണ്ടുകെട്ടി ഉത്തരവായിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കുന്നതിലേക്കായി 61 എ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. മേൽ കേസുകളിലെ പ്രതികൾ 24 കേസുകളിൽ സി.എം.എ. ഫയൽ ചെയ്തിട്ടുള്ളതും ആയത് ബഹുമാനപ്പെട്ട കോടതി മുമ്പാകെ പരിഗണനയിലുമാണ്. കൂടാതെ ഒ.ആർ.22/2021, ഒ.ആർ. 23/2021, ഒ.ആർ.24/2021, ഒ.ആർ.37/2021, ഒ.ആർ.42/2021, ഒ.ആർ.44/2021 മുതൽ ഒ.ആർ.49/2021 വരെയുള്ള 11 കേസുകളിലെ വീട്ടിത്തടികളുടെ തൊലി ചെത്തിയൊരുക്കുന്നതിനുള്ള അനുമതിക്കായി ബഹുമാനപ്പെട്ട കോടതി മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്.

**നരിക്കോട്, ചെന്നപ്പൊയിൽ പന്ന്യോട് പ്രദേശങ്ങളിൽ കാട്ടാന ശല്യം പരിഹരിക്കുന്നതിനുള്ള നടപടി**

132 (983) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് നിയോജകമണ്ഡലത്തിൽ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ ആദിവാസി മേഖലകളായ നരിക്കോട്, ചെന്നപ്പൊയിൽ പന്ന്യോട് പ്രദേശങ്ങളിലും പരിസരങ്ങളിലുമായുള്ള ജനവാസകേന്ദ്രങ്ങളിൽ

കാട്ടാനകൾ ഇറങ്ങുന്നത് ജനങ്ങളിൽ ഭീതിയുയർത്തുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ണൂർ വനം ഡിവിഷനിലെ കണ്ണവം റെയ്ഞ്ച് പരിധിയിലെ ആദിവാസി മേഖലകളായ നരിക്കോട് ചെന്നപ്പൊയിൽ പന്ന്യോട് പ്രദേശങ്ങളിലെയും പരിസര പ്രദേശങ്ങളിലെയും ജനവാസ മേഖലകളിൽ കാട്ടാനകൾ ഇറങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾതന്നെ ആനകളെ ഉൾക്കാട്ടിലേക്ക് തിരികെ അയയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത പ്രദേശങ്ങളിലെ കാട്ടാന ശല്യം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

മേൽസ്ഥലങ്ങളിൽ കാട്ടാന സാന്നിധ്യമുണ്ടായ അവസരത്തിൽ തന്നെ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നേതൃത്വത്തിൽ ജനജാഗ്രത സമിതി ചേരുകയും കാട്ടാനകളെ ഉൾക്കാട്ടിലേക്ക് തിരിച്ചയയ്ക്കുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്യുകയുമുണ്ടായിട്ടുണ്ട്. ആദിവാസി ഉന്നതികളിൽ കാട്ടാനകൾ ഇറങ്ങി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ഒഴിവാക്കുന്നതിനായി നൈറ്റ് പട്രോളിങ് ശക്തമാക്കുകയും ഫീൽഡ് ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തി അവയെ ഉൾക്കാട്ടിലേക്ക് തിരിച്ചയച്ചിട്ടുമുണ്ട്.

(സി) പ്രസ്തുത പ്രദേശങ്ങളിൽ വനം വകുപ്പ് സ്ഥാപിച്ച 3 കിലോമീറ്റർ സോളാർ ഹാങ്ങിങ് ഫെൻസിങ് നിലവിലുണ്ടെങ്കിലും കാട്ടാനകളെ തടയുന്നതിന് അത് പര്യാപ്തമല്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

നിലവിൽ പ്രസ്തുത പ്രദേശത്ത് മൂന്ന് കിലോമീറ്റർ ദൂരത്തിലാണ് സോളാർ ഫെൻസിങ് സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ ആനപ്രതിരോധം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നരിക്കോട് ചെന്നപ്പൊയിൽ മേഖലകളിൽ ഒൻപത് കിലോമീറ്റർ ദൂരത്തിൽ സോളാർ തൂക്കുവേലി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നിലവിലുള്ള ഫെൻസിങ്ങിനോട് ചേർന്ന് 5 കിലോമീറ്റർ സോളാർ ഹാങ്ങിങ് ഫെൻസിങ് സ്ഥാപിക്കുന്നതിനായി വനം വകുപ്പ് സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരമുള്ള ഫണ്ട് അനുവദിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

പ്രസ്തുത അഞ്ച് കിലോമീറ്റർ സോളാർ തൂക്കുവേലി സ്ഥാപിക്കുന്നതിനുള്ള അടങ്കൽ തയ്യാറാക്കി സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വനഭൂമി ഡി-റിസർവ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ**

133 (984) ഡോ. മാത്യൂ കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയ റിസർവ് വനങ്ങളുടെ വിജ്ഞാപനങ്ങളിൽ ഉൾപ്പെട്ട വിവിധ ഭൂപതിവ് നിയമപ്രകാരം സർക്കാർ പതിച്ച് നൽകിയതും വിവിധ വികസന പദ്ധതികൾക്കായി ഏറ്റെടുത്തിട്ടുള്ളതുമായ ഭൂമി ഡീ-റിസർവ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ റിസർവിൽ ഉൾപ്പെട്ട ഭൂമിയാണ് ഡീ-റിസർവ് ചെയ്തിട്ടുള്ളത്; ഡീ-റിസർവ് ചെയ്തിട്ടുള്ള ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉണ്ട്. ഡീ-റിസർവ് ചെയ്തിട്ടുള്ള ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ബി) വനഭൂമി ഡീ-റിസർവ് ചെയുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ?

1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരമുള്ള കേന്ദ്രാനുമതിയോടുകൂടിയും 1961-ലെ കേരള വന നിയമം സെക്ഷൻ 26 അനുശാസിക്കുന്ന പ്രകാരവുമാണ് വനഭൂമി ഡീ-റിസർവ് ചെയ്യുന്നതിനുള്ള നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിക്കുന്നത്.

**ചേറ്റുവ-പെരിങ്ങാട് പുഴയെ റിസർവ് വനമാക്കി നോട്ടിഫിക്കേഷൻ ചെയ്ത നടപടി**

134 (985) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പാവറട്ടി പഞ്ചായത്തിലെ ചേറ്റുവ-പെരിങ്ങാട് പുഴയെ റിസർവ് വനമാക്കി നോട്ടിഫിക്കേഷൻ ചെയ്ത നടപടി പിൻവലിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഈ കാര്യത്തിൽ വനം വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) 1961-ലെ കേരള വനം ആക്ട്, സെക്ഷൻ 4 പ്രകാരം, ചാവക്കാട് താലൂക്കിലെ വെൺമനാട് വില്ലേജിൽ സർവെ നമ്പർ 119/2-ൽ ഉൾപ്പെടുന്ന 94.77 ഹെക്ടർ സ്ഥലം ഉൾപ്പെടുത്തി പുറപ്പെടുവിച്ച പ്രാഥമിക വിജ്ഞാപനത്തിനെതിരെ ബഹുമാനപ്പെട്ട മണലൂർ എം.എൽ.എ. മുരളി പെരുനെല്ലി സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട വനം വന്യജീവി വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ 22-03-2025-ന് തൃശ്ശൂർ രാമനിലയത്തിൽവച്ച് ചേർന്ന യോഗത്തിൽ റിസർവ്

വിജ്ഞാപനം പിൻവലിക്കുന്നതിനുള്ള (ഡിനോട്ടിഫൈ) നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസർ കൂടിയായ തൃശ്ശൂർ ആർ.ഡി.ഒ.-യെയും തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെയും ചുമതലപ്പെടുത്തുകയുണ്ടായി.

ആയതിന്റെ ഭാഗമായി ജനങ്ങളെയും ബന്ധപ്പെട്ട മറ്റെല്ലാപേരെയും 07-04-2025-ന് നേരിൽ കേട്ട് തൃശ്ശൂർ ആർ.ഡി.ഒ. ആയത് സംബന്ധിച്ച ശിപാർശ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. RDO-യുടെ ശിപാർശയിന്മേലുള്ള അഭിപ്രായവും തുടർന്ന് മുന്നോട്ടുപോകുന്നതിനുള്ള നടപടിക്രമവും സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ വനം വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വനം വകുപ്പ് മുഖാന്തരം പട്ടാമ്പി മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ**

135 (986) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ ഇതുവരെ പട്ടാമ്പി നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലോ പ്രാദേശിക ഫണ്ടിലോ ഉൾപ്പെടാത്ത ഏതെല്ലാം പദ്ധതികളാണ് വനം വകുപ്പ് മുഖാന്തരം

നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ വിശദവിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ഏലം റിസർവിൽനിന്നും മരങ്ങൾ മുറിച്ചുമാറ്റിയ സംഭവം**

136 (987) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ശാന്തൻപാറയിലെ ഏലം റിസർവിൽ നിന്നും വൻതോതിൽ മരങ്ങൾ മുറിച്ചുമാറ്റിയത് സംബന്ധിച്ച് നാഷണൽ ഗ്രീൻ ട്രിബ്യൂണൽ സംസ്ഥാന സർക്കാരിന് നോട്ടീസ് നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ നോട്ടീസ് വനം വകുപ്പ് മേധാവിക്ക് ലഭിച്ചിട്ടുണ്ട്. ഹൈറേഞ്ച് സർക്കിളിലെ മൂന്നാർ ഡിവിഷനിൽ ശാന്തൻപാറയിൽ CHR-ൽപ്പെട്ട ഭൂമിയിൽ ഏലം കൃഷിയുടെ മറവിൽ മരങ്ങൾ മുറിച്ചുമാറ്റിയതുമായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബന്ധപ്പെട്ട് ഹിന്ദു ദിനപത്രത്തിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണൽ സ്വമേധയാ OA-380/2025 നമ്പർ ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സി.എച്ച്.ആർ. ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം മരങ്ങൾ മുറിച്ചുമാറ്റിയതെന്ന് വ്യക്തമാക്കുമോ?

സി.എച്ച്.ആർ. ഭൂമിയിൽനിന്ന് മരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പ് അനുമതി നൽകിയിട്ടില്ല. ഏലം കൃഷിയുടെ മറവിൽ വനം വകുപ്പിന്റെ അനുമതി ഇല്ലാതെയാണ് മരങ്ങൾ മുറിച്ചത്.

(സി) ഏലം റീപ്ലാന്റേഷന്റെ മറവിൽ വൻതോതിൽ മരങ്ങൾ മുറിച്ചുമാറ്റിയ സംഭവത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; ഈ വിഷയത്തിൽ നാഷണൽ ഗ്രീൻ ട്രിബ്യൂണലിന് സംസ്ഥാന സർക്കാർ മറുപടി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

മേൽ സംഭവവുമായി ബന്ധപ്പെട്ട് മൂന്നാർ വനം ഡിവിഷനിലെ ദേവികുളം റെയ്ഞ്ചിൽ ഒ.ആർ.09/2025, 10/2025 എന്നീ നമ്പരുകളിലായി 2 കേസുകൾ

രജിസ്റ്റർ ചെയ്തിട്ടുള്ളതും അന്വേഷണം പുരോഗമിച്ചുവരുന്നതുമാണ്. നാഷണൽ ഗ്രീൻ ട്രിബ്യൂണലിന് സംസ്ഥാന സർക്കാർ മറുപടി നൽകിയിട്ടില്ല.

**വനത്തിനായി ഏറ്റെടുത്ത ഭൂമി**

137 (988) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ വനാതിർത്തി പ്രദേശത്ത് താമസിച്ചുവന്നിരുന്ന ആളുകളിൽനിന്ന് വനം വകുപ്പ് ഏറ്റെടുത്തിട്ടുള്ള ഭൂമിയുടെ വിസ്തൃതി എത്രയാണെന്ന് അറിയിക്കാമോ; ആയത് റെയ്ഞ്ച്, ഉടമസ്ഥർ എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമിക്ക് നൽകിയിട്ടുള്ള നഷ്ടപരിഹാരം, റെയ്ഞ്ച്, ഉടമസ്ഥർ എന്നിവ തിരിച്ച് വ്യക്തമാക്കുമോ;

(സി) 2016 മുതൽ നാളിതുവരെയും വനാതിർത്തി പ്രദേശത്ത് കൃഷി ചെയ്തുവന്നിരുന്ന ആളുകളിൽനിന്ന് വനം വകുപ്പ് ഏറ്റെടുത്തിട്ടുള്ള കൃഷിഭൂമിയുടെ വിസ്തൃതി എത്രയാണെന്ന് അറിയിക്കാമോ; ആയത് റെയ്ഞ്ച്, ഉടമസ്ഥർ എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കൃഷിഭൂമിക്ക് നൽകിയിട്ടുള്ള നഷ്ടപരിഹാരം റെയ്ഞ്ച്,

ഉടമസ്ഥർ എന്നിവ തിരിച്ച് അറിയിക്കുമോ?

(എ-ഡി) 14-11-2019-ലെ G.O(Rt)No.483/2019/P&EA പ്രകാരം വനം വകുപ്പിൽ നടപ്പാക്കിയ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിയാണ് നവകിരണം. നവകിരണം സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിയിൽ 2020 മുതൽ വനാതിർത്തി പ്രദേശത്തിൽ താമസിച്ചുവരുന്ന ആളുകളിൽനിന്ന് രണ്ട് ഗഡുവും നൽകി 156.77 ഹെക്ടർ ഭൂമി വനംവകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

ഇത്തരത്തിൽ വനാതിർത്തി പ്രദേശത്തിൽ താമസിച്ചുവരുന്ന ആളുകളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് രണ്ട് ഗഡുവും ലഭിച്ച് സർക്കാരിലേക്ക് ഭൂമി രജിസ്റ്റർ ചെയ്ത് തന്നിട്ടുള്ള അപേക്ഷകർക്ക് നാളിതുവരെ 120.3 കോടി രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

ടി പദ്ധതി പ്രകാരം കൃഷിഭൂമി, വാസഭൂമി എന്നീ വ്യത്യാസമില്ലാതെയാണ് സർക്കാരിലേക്ക് ഏറ്റെടുത്തിട്ടുള്ളത്. ഇപ്രകാരം ഏറ്റെടുത്ത വനാന്തരങ്ങളിൽ ഒറ്റപ്പെട്ട് താമസിക്കുന്ന വ്യക്തികളുടെ കൈവശമുള്ള എല്ലാ ഭൂമിയും കൃഷിഭൂമികളാണ്. അതേ ഭൂമിയിൽ തന്നെയാണ് അവരിൽ ഭൂരിഭാഗം വ്യക്തികളും താമസിച്ചുവരുന്നത്. നാളിതുവരെ ഇപ്രകാരം ഏറ്റെടുത്ത ഭൂമിയുടെ വിസ്തൃതി, ഉടമകളുടെ പേര്, ഏറ്റെടുത്ത കൃഷിഭൂമിക്ക് നൽകിയിട്ടുള്ള നഷ്ടപരിഹാരതുക

തുടങ്ങിയ വിശദാംശങ്ങൾ റെയ്ഞ്ച് തിരിച്ച് പട്ടികയായി അനുബന്ധമായി ചേർത്തിരിക്കുന്നു+.

**വന്യജീവി ആക്രമണം തടയുന്നതിനുള്ള നടപടികൾ**

138 (989) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021 മുതൽ വന്യജീവി ആക്രമണത്തിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ; ആയതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

2021 മുതൽ 31-08-2025 വരെ സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷത്തിൽ 430 പേർ മരണപ്പെട്ടിട്ടുള്ളതാണ്. മരണങ്ങളിൽ അധികവും വനത്തിന് പുറത്തുവച്ച് പാമ്പ് കടിയേറ്റുണ്ടായ മരണങ്ങളാണ്. പാമ്പ് കടി ഉൾപ്പെടെ മനുഷ്യ-വന്യജീവി സംഘർഷത്തിൽ മരണപ്പെട്ടിട്ടുള്ളവരുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(ബി) വന്യജീവി ആക്രമണത്തിനിരയായ എത്ര പേരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും ആശ്രിത നിയമനവും നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2021-22 മുതൽ 2025 ജൂലൈ വരെ മരണപ്പെട്ടിട്ടുള്ളവരിൽ 390 പേരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. കോട്ടയം ഡിവിഷനിൽ താൽക്കാലിക വാച്ചർ റെസ്ക്യൂ ഡ്യൂട്ടിക്കിടയിൽ പാമ്പുകടിയേറ്റ് മരണപ്പെട്ടിട്ടുള്ളതിനാൽ ആശ്രിതയ്ക്ക് സൂപ്പർ ന്യൂമററി തസ്തികയിൽ വാച്ചറായി നിയമനം നൽകിയിട്ടുണ്ട്. മരണപ്പെട്ടവരുടെ ആശ്രിതരുടെ ജീവിത സാഹചര്യവും മാനുഷിക പരിഗണനയും കണക്കിലെടുത്ത് കോഴിക്കോട് ജില്ലയിൽ രണ്ട് പേരുടെയും വയനാട് ജില്ലയിൽ ആറുപേരുടേയും ആശ്രിതർക്ക് താൽക്കാലിക ജോലിയും നൽകിയിട്ടുണ്ട്.

(സി) വന്യജീവി ആക്രമണംമൂലം മലയോര മേഖലകളിൽ ജനങ്ങൾ കൃഷിഭൂമിയും വീടും ഉപേക്ഷിച്ച് പലായനം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ ഉപേക്ഷിക്കപ്പെടുന്ന ഭൂമി ഏറ്റെടുക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷം കാരണം മലയോര മേഖലകളിൽനിന്നും ജനങ്ങൾ കൃഷിഭൂമിയും വീടും ഉപേക്ഷിച്ച് പലായനം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വനാന്തർഭാഗത്ത് സ്ഥിരതാമസമായിട്ടുള്ള ജനവിഭാഗങ്ങൾ കൂടുതൽ മെച്ചപ്പെട്ട ജീവിതസൗകര്യം തേടി സ്വയം പുനരധിവാസത്തിന്

തയ്യാറാകുന്നപക്ഷം വനം വകുപ്പ് നടപ്പാക്കി വരുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി അവർക്ക് നഷ്ടപരിഹാരവും അതിജീവന സഹായവും നൽകി ഭൂമി ഏറ്റെടുത്തുവരുന്നുണ്ട്.

(ഡി) വന്യജീവി ആക്രമണത്തിൽനിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദവിവരം നൽകുമോ?

സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി വിവിധ പദ്ധതികൾ സംസ്ഥാന സർക്കാരും വനം വകുപ്പും ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. അവയുടെ സംക്ഷിപ്ത വിവരണം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**മിയാവാക്കി മാതൃകയിൽ വനവൽക്കരണ പദ്ധതി**

139 (990) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിയാവാക്കി മാതൃകയിൽ വനവൽക്കരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് കാലടി പ്രകൃതി പഠനകേന്ദ്രത്തിന് കീഴിലെ നെടുമ്പാശ്ശേരി സുവർണ്ണോദ്യാനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, തൃശ്ശൂർ ജില്ലയിലെ പട്ടിക്കാട് എന്നിവിടങ്ങളിൽ 2020-2021 വർഷത്തിൽ മിയാവാക്കി വനം ആവിഷ്കരിച്ചിട്ടുള്ളതാണ്. തുടർന്ന് ഇതേ ആശയം ഉൾക്കൊള്ളിച്ച് സാമൂഹ്യ വനവൽക്കരണ വിഭാഗം നഗരപ്രദേശങ്ങളിൽ നഗരവനം, വിദ്യാലയങ്ങളിൽ വിദ്യാവനം എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു. സംസ്ഥാനത്താകെ 2020-21 മുതൽ 2024-25 വരെ 40 നഗരവനങ്ങളും വിവിധ വിദ്യാലയങ്ങളിലായി 128 വിദ്യാവനങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഏതൊക്കെ ജില്ലകളിലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്; ഇതിനായി എത്ര സ്ഥലങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കാമോ?

സംസ്ഥാനത്ത് കാലടി പ്രകൃതി പഠനകേന്ദ്രത്തിന് കീഴിലെ നെടുമ്പാശ്ശേരി സുവർണ്ണോദ്യാനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, തൃശ്ശൂർ ജില്ലയിലെ പട്ടിക്കാട് എന്നിവിടങ്ങളിലാണ് 2020-2021 വർഷത്തിൽ മിയാവാക്കി വനം ആവിഷ്കരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ 14 ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ വിദ്യാവനം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട,

എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ നഗരവനം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സ്ഥല ലഭ്യതയ്ക്കനുസരിച്ച് മറ്റു ജില്ലകളിലും നഗരവനം പദ്ധതി നടപ്പാക്കാവുന്നതാണ്. 2025-26 വർഷത്തിൽ വിദ്യാവനം നടപ്പാക്കുന്നതിനായി കണ്ടെത്തിയ സ്ഥലങ്ങളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.+

(സി) ഇപ്രകാരം നട്ടുവളർത്തുന്ന മരങ്ങളും ചെടികളും സംരക്ഷിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

മിയാവാക്കി വനങ്ങളുടെ പരിപാലനം വനവകുപ്പും വിദ്യാവനം പദ്ധതിയുടെ ആസൂത്രണവും നടത്തിപ്പും തുടർന്നുള്ള പരിപാലനവും വിലയിരുത്തലും സ്കൂളുകളിലെയും കോളേജുകളിലെയും അധ്യാപകർ, ഫോറസ്ട്രി ക്ലബ്ബുകളിലെ വിദ്യാർഥികൾ എന്നിവരുടെ സജീവ പങ്കാളിത്തത്തിലും നഗരവനം പദ്ധതിയുടെ നടത്തിപ്പും തുടർപരിചരണവും പദ്ധതി നടപ്പാക്കിയിട്ടുള്ള സ്ഥാപനങ്ങളിലും നിക്ഷിപ്തമാണ്.

(ഡി) വനവൽക്കരണത്തിനായി എന്തെല്ലാം പുതിയ കർമ്മ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

സാമൂഹ്യവനവൽക്കരണ വിഭാഗത്തിൻ കീഴിൽ വനവൽക്കരണത്തിനായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരംഭിച്ച പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

കൽപ്പത്തരു

05-08-2025-ലെ സർക്കാർ ഉത്തരവ് GO(Rt)നമ്പർ 316/2025/F&WLD പ്രകാരം കൽപ്പത്തരു പദ്ധതിക്ക് സർക്കാർ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം ലഭ്യമാകുന്ന സ്ഥലങ്ങളിൽ ജൈവ വൈവിധ്യ പാർക്ക്, ബട്ടർഫ്ലൈ ഗാർഡൻ, സ്കൂൾ/കോളേജുകളിൽ ഔഷധത്തോട്ടം, പരിഹാര വനവൽക്കരണം, അർബൻ ഫോറസ്ട്രി & അവന്യൂ പ്ലാന്റിങ്, അഗ്രോ ഫോറസ്ട്രി Coastal Eco Restoration, പരിഹാര വനവൽക്കരണം, ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പാക്കിവരുന്നു.

ട്രീ ബാങ്കിങ്

കേരള സർക്കാർ സ്വകാര്യ ഭൂമിയിലെ വൃക്ഷാവരണം വർധിപ്പിക്കുന്നതിന്റെ ഭാഗമായി വൃക്ഷം വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് 29-03-2025-ലെ സർക്കാർ ഉത്തരവ് 137/2025/വനം, പ്രകാരം സംസ്ഥാന സർക്കാർ ട്രീ ബാങ്കിങ് പദ്ധതിക്ക് അനുമതി നൽകിയിട്ടുള്ളതാണ്. ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രത്യാഘാതങ്ങൾ ലഘൂകരിച്ച് സംസ്ഥാനത്തെ കാർബൺ ന്യൂട്രലാക്കുക, വിപണിയിൽ തടി ലഭ്യത

ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പാക്കുന്ന പദ്ധതിയാണ് "ടീ ബാങ്കിങ് പദ്ധതി". കൂടാതെ വനേതര പ്രദേശങ്ങളിൽ, പ്രത്യേകിച്ച് സ്വകാര്യ ഉടമസ്ഥതയിലുള്ള പ്രദേശങ്ങളിൽ, വൃക്ഷവൽക്കരണ-പരിപാലന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ച് കേരളത്തിന്റെ ഹരിതാഭ വർധിപ്പിക്കാനും കർഷകന് അതുമൂലം അധിക വരുമാനം ഉറപ്പുവരുത്തുന്നതിനുമായി വിഭാവനം ചെയ്തിട്ടുള്ളതാണ് ടീ ബാങ്കിങ് പദ്ധതി. ടി പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**മലയോര ഹൈവേയുടെ അലൈൻമെന്റ് മാറ്റം**

140 (991) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കോതമംഗലം നിയോജകമണ്ഡലത്തിലെ ആറാം മൈൽ-എളംപ്ലാശ്ശേരി വഴി ഇടുക്കി ജില്ലയിലെ കുറത്തിക്കുടി-പെരുമ്പൻകുത്ത് ഭാഗത്തുകൂടി കടന്നുപോകുന്ന മലയോര ഹൈവേയുടെ അലൈൻമെന്റിൽ മാറ്റം വരുത്താൻ 05-01-2021-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 05-10-2021-ൽ യോഗം ചേർന്ന് തീരുമാനം കൈക്കൊണ്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആറാം മൈൽ മുതൽ എളംപ്ലാശ്ശേരി വരെയുള്ള ഭാഗം നിലവിലുള്ള വീതിയിൽ പുനരുദ്ധാരണം നടത്തുന്നതിന് വനം വകുപ്പിന്റെ ഭാഗത്തുനിന്നും ലഭ്യമാക്കേണ്ട അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള റോഡ് ഫണ്ട് ബോർഡ്, മൂവാറ്റുപുഴയുടെ 23-12-2024-ലെ കത്തിൽ ആറാം മൈൽ-എളംപ്ലാശ്ശേരി വരെയുള്ള ഭാഗം ഉൾപ്പെടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ചുള്ള നിർദേശങ്ങൾ അറിയിക്കുന്നതിന് ആവശ്യപ്പെട്ടതിനെ തുടർന്ന് മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 01-02-2025-ൽ ആവശ്യമായ നിർദേശങ്ങൾ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിരുന്നു. ആറാം മൈൽ എളംപ്ലാശ്ശേരി വരെയുള്ള ഭാഗം നിലവിലുള്ള വീതിയിൽ പുനരുദ്ധാരണം നടത്തുന്ന പ്രവൃത്തികൾക്ക് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു പ്രൊപ്പോസൽ ഇതുവരെ ലഭ്യമായിട്ടില്ല.

(സി) 05-01-2021-ലെ യോഗത്തിൽ തീരുമാനിച്ച പ്രകാരം ആറാം മൈൽ

മുതൽ എളംപ്ലാശ്ശേരി വരെയുള്ള റോഡിന്റെ പുനരുദ്ധാരണത്തിന് വനംവകുപ്പിന്റെ ഭാഗത്തു നിന്നും സ്വീകരിക്കേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

05-10-2021-ലെ യോഗ തീരുമാന പ്രകാരം വിശദമായ പ്രൊപ്പോസൽ ലഭിക്കുകയാണെങ്കിൽ ആവശ്യമായ പരിശോധനകൾ നടത്തി വകുപ്പ് തലത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയും.

**വനപ്രദേശങ്ങളിൽ ഫലവൃക്ഷങ്ങൾ നട്ടുവളർത്താൻ നടപടി**

141 (992) ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണത്തിനായി വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് ഇറങ്ങി വരുന്നതുതടയാൻ അവയ്ക്ക് ആവശ്യമായ ഭക്ഷണത്തിനുള്ള ഫലവൃക്ഷങ്ങളും പുല്ലുകളും കാട്ടിൽത്തന്നെ വളർത്താനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ തന്നെ ഭക്ഷ്യ-ജല ലഭ്യത

ഉറപ്പാക്കുന്നതിനായി വനംവകുപ്പ് മിഷൻ ഫുഡ്, ഫോഡർ, വാട്ടർ തീവ്രയജ്ഞ പരിപാടി തുടങ്ങിയ പദ്ധതികൾ നടപ്പാക്കിവരുന്നു. അതുപ്രകാരം വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ സജ്ജീകരിക്കുന്നതിനുമായി കുളങ്ങളും മറ്റുജലസംഭരണികളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും അധിനിവേശ കള സസ്യങ്ങളെ ഉന്മൂലനം ചെയ്യും തദ്ദേശീയമായ ഫലവൃക്ഷങ്ങളുടെയും പുല്ലിന്റെയും വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽ തന്നെ നിലനിർത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മിഷൻ ഫുഡ്, ഫോഡർ, വാട്ടർ തീവ്രയജ്ഞ പരിപാടിയിലൂടെ 2025 ഫെബ്രുവരി മുതൽ നാളിതുവരെ നടപ്പാക്കിയ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ പദ്ധതിക്ക് ഏതെല്ലാം ഏജൻസികളുടെ സഹകരണമാണ് പ്രതീക്ഷിക്കുന്നത്?

2025-ൽ തുടക്കമിട്ട വിത്തൂട്ട് പദ്ധതിയിൽ വിത്ത് ശേഖരിക്കുന്നതിലും അവ ഉപയോഗിച്ച് വിത്തുണ്ടകൾ തയ്യാറാക്കുന്നതിലും വനമേഖലയിൽ വിതരണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്യുന്നതിലും വിദ്യാലയങ്ങൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, യുവജനസംഘടനകൾ, പഞ്ചായത്തുകൾ, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി തുടങ്ങി വിവിധ ഏജൻസികളുടെ സഹകരണം ലഭ്യമായിട്ടുണ്ട്. വനത്തിനുള്ളിലെ വയലുകളിലെയും ചതുപ്പുകളിലെയും അധിനിവേശ കളസസ്യങ്ങൾ നീക്കം ചെയ്ത് പരിപാലിക്കുന്നതിന് നബാർഡ് മുഖേന ₹25 കോടി ലഭ്യമാക്കുകയും അതനുസരിച്ചുള്ള പ്രവൃത്തികൾ പുരോഗമിച്ച് വരികയുംചെയ്യുന്നു.

(സി) വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ കൈതച്ചക്ക കൃഷിക്ക് നിരോധനമോ നിയന്ത്രണമോ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ കൈതച്ചക്ക കൃഷി നിയന്ത്രിക്കുന്നതിനോ നിരോധിക്കുന്നതിനോ വനം വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനയോരമേഖലയിലെ വന്യമൃഗങ്ങളെ നാട്ടിലേക്ക് ആകർഷിക്കുന്ന തരത്തിലുള്ള കൃഷിരീതികൾ വനമേഖലയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ നിരുത്സാഹപ്പെടുത്തണമെന്ന നിർദേശം വിദഗ്ധർ മുന്നോട്ടുവയ്ക്കുന്നുണ്ട്.

**ഇരിക്കൂർ മണ്ഡലത്തിലെ വനം വന്യജീവി വകുപ്പിന്റെ പദ്ധതികൾ**

142 (993) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇരിക്കൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ച് ഈ സർക്കാരിന്റെ കാലത്ത് പ്രവൃത്തി ആരംഭിച്ചതുമായ വനം വന്യജീവി വകുപ്പിന്റെ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ**

143 (994) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനഭൂമിയുടെ അതിരുകൾ നിർണ്ണയിക്കുന്നതിനുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജണ്ട നിർമ്മാണത്തിൽ ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദിയായവരെ കണ്ടുപിടിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ഉണ്ട്. സെൻട്രൽ സർക്കിൾ തൃശ്ശൂർ, ഈസ്റ്റേൺ സർക്കിൾ പാലക്കാട്, നോർത്തേൺ സർക്കിൾ കണ്ണൂർ, സതേൺ സർക്കിൾ കൊല്ലം എന്നീ സർക്കിളുകൾക്ക് കീഴിൽ ജണ്ട നിർമ്മാണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ഉത്തരവാദികളായവരെ കണ്ടുപിടിച്ചിട്ടുണ്ട്. അവർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ബി) സർക്കാരിനുണ്ടായ നഷ്ടം ഇവരിൽനിന്നും ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. സർക്കാരിനുണ്ടായ നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

കരാറുകാരുടെ മുൻകാല പരിചയവും പ്രവർത്തന മികവും പരിശോധിച്ച്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരഞ്ഞെടുക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് അടങ്കൽ തയ്യാറാക്കുന്നത് മുതൽ പൂർത്തീകരണം വരെയുള്ള ഓരോ ഘട്ടത്തിലും കൃത്യമായ പരിശോധന ഉറപ്പുവരുത്തുന്നതിന് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകുന്നുണ്ട്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നേരിട്ട് പരിശോധന നടത്തുന്നുണ്ട്. സുതാര്യമായ ടെൻഡർ നടപടികളിലൂടെയും സാധനങ്ങളുടെ അളവും ഗുണനിലവാരവും ഉറപ്പാക്കുന്നതിന് ഓരോ ഘട്ടത്തിലും പരിശോധന നടത്തി അപാകതകളില്ലാത്ത നിർമ്മാണരീതി ഉറപ്പുവരുത്തിവരുന്നുണ്ട്. അപാകതകൾ കണ്ടെത്തുന്നപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ കടുത്ത അച്ചടക്ക നടപടിക്ക് വിധേയരാക്കുകയും ഉദ്യോഗസ്ഥരിൽ നിന്നും കോൺട്രാക്ടർമാരിൽ നിന്നും സർക്കാർ നഷ്ടം ഈടാക്കുന്നതിനും മാത്രമല്ല ബന്ധപ്പെട്ട കോൺട്രാക്ടറെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**കോഴിക്കോട് ബയോളജിക്കൽ പാർക്ക്**

144 (995) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ ബയോളജിക്കൽ പാർക്ക് തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; പ്രസ്തുത നടപടികൾ

എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

25-07-2025-ലെ സ.ഉ.(സാധാ)നം.286/2025-വനം പ്രകാരം കോഴിക്കോട് ബയോളജിക്കൽ പാർക്കിന്റെ ഡി.പി.ആർ. (Detailed Project Report) തയ്യാറാക്കുന്നതിനും അതിലേക്കായി ഫണ്ട് വിനിയോഗിക്കുന്നതിനും തത്വത്തിൽ ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. Detailed Project Report തയ്യാറാക്കുന്നതിനായി ഹരിയാനയിലെ ഗുരുഗ്രാം ആസ്ഥാനമായുള്ള Jain & Associates എന്ന കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിരുന്നു. ടി പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ Detailed Project Report തയ്യാറാക്കി ലഭ്യമായിട്ടുണ്ട്. ഒന്നാംഘട്ട പ്രവർത്തനങ്ങൾ കോഴിക്കോട് ഡിവിഷന്റെ വർക്കിങ് പ്ലാനിൽ ഉൾപ്പെടുത്തി പുതുക്കിയ വർക്കിങ് പ്ലാനിന്റെ അംഗീകാരം ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഒന്നാംഘട്ട പ്രവർത്തനങ്ങൾ രണ്ട് വർഷത്തിനകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കോഴിക്കോട് ബയോളജിക്കൽ പാർക്കിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കാവശ്യമായ അനുമതി ദേശീയ വന്യജീവി ബോർഡിൽനിന്നും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാർക്കിനോട് അനുബന്ധിച്ച് അനിമൽ ഹോസ്പൈസ് സെന്ററിന് 1.68 കോടി രൂപയും ബയോളജിക്കൽ

പാർക്കിന് 5 കോടി രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**പുനലൂർ മണ്ഡലത്തിലെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി**

145 (996) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്കിൽ കുളത്തൂപ്പുഴ വില്ലേജിൽ റോസ് മല, കട്ടിളപ്പാറ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽനിന്നും വനം-വന്യജീവി വകുപ്പിന്റെ 'സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി' പ്രകാരം പുനരധിവസിപ്പിക്കുന്ന കുടുംബങ്ങൾക്ക് നഷ്ടപരിഹാരത്തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. പുനലൂർ താലൂക്കിൽ കുളത്തൂപ്പുഴ വില്ലേജിലെ റോസ് മല, കട്ടിളപ്പാറ സെറ്റിൽമെന്റുകളിൽ 178 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് തുക നൽകി വനാന്തരങ്ങളിൽനിന്ന് മാറിപ്പോകാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.

കട്ടിളപ്പാറ സെറ്റിൽമെന്റിൽ 66 അർഹതപ്പെട്ട കുടുംബയൂണിറ്റുകൾക്ക് പദ്ധതി തുക പൂർണ്ണമായും നൽകുകയും (യൂണിറ്റ് ഒന്നിന് 15 ലക്ഷം രൂപ നിരക്കിൽ), 2 അർഹതപ്പെട്ട കുടുംബയൂണിറ്റുകൾക്ക് ആദ്യ ഗഡുവായ 7.5 ലക്ഷം രൂപ വീതം ഇതിനകം നൽകിയിട്ടുള്ളതുമാണ്. വസ്തുരജിസ്ട്രേഷൻ കഴിയുന്ന മുറയ്ക്ക്

തുക പൂർണ്ണമായും നൽകാൻ കഴിയുന്നതാണ്.

റോസ് മല സെറ്റിൽമെന്റിൽ 88 അർഹതപ്പെട്ട കുടുംബയൂണിറ്റുകൾക്ക് പദ്ധതി തുക പൂർണ്ണമായും നൽകുകയും (യൂണിറ്റ് ഒന്നിന് 15 ലക്ഷം രൂപ നിരക്കിൽ), 22 അർഹതപ്പെട്ട കുടുംബയൂണിറ്റുകൾക്ക് ആദ്യ ഗഡുവായ 7.5 ലക്ഷം രൂപ വീതം ഇതിനകം നൽകിയിട്ടുള്ളതുമാണ്. വസ്തു രജിസ്ട്രേഷൻ കഴിയുന്ന മുറയ്ക്ക് തുക പൂർണ്ണമായും നൽകാൻ കഴിയുന്നതാണ്.

(ബി) ഇവിടെ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നവകിരണം സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിലൂടെ കട്ടിളപ്പാറ, റോസ് മല സെറ്റിൽമെന്റുകളിലായി 24.9 കോടി രൂപ (റീബിൽഡ് കേരള ഡെവപല്മെന്റ് പദ്ധതി മുഖേന 23.1 കോടിയും കിഫ്ബി പദ്ധതി മുഖേന 1.8 കോടിയും) കുടുംബങ്ങൾക്ക് നൽകിയിട്ടുള്ളതാണ്.

(സി) സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട 'നവകിരണം പദ്ധതി'യുടെ നിലവിലുള്ള അംഗീകൃത മാർഗരേഖയുടെ പകർപ്പ് ലഭ്യമാക്കാമോ?

അംഗീകൃത മാർഗരേഖയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.[+]

(ഡി) പുനലൂർ താലൂക്കിൽപ്പെട്ട വിവിധ വില്ലേജുകളിൽനിന്നും സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്നും അവ ഏതൊക്കെ പ്രദേശങ്ങളാണെന്നും വിശദമാക്കാമോ?

പുനലൂർ താലൂക്കിൽപ്പെട്ട ശെന്തുരുണി വന്യജീവി സങ്കേതത്തിൽനിന്നും സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം റോസ് മലയിൽനിന്നും 9.487 ഹെക്ടറും കട്ടിളപ്പാറയിൽനിന്നും 8.7721 ഹെക്ടറും ഉൾപ്പെടെ ആകെ 18.26 ഹെക്ടർ ഭൂമി വനം വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. തിരുവനന്തപുരം ഡിവിഷന് കീഴിലുള്ള കുളത്തൂപ്പുഴ റെയ്ഞ്ചിലെ മാത്രക്കരിക്കം (3.7109 ഹെക്ടർ), വട്ടക്കരിക്കം (2.6558 ഹെക്ടർ), ചന്നമല (1.1854 ഹെക്ടർ), ഡാലിക്കരിക്കം (0.9863 ഹെക്ടർ) എന്നീ സെറ്റിൽമെന്റുകളിലായി ആകെ മൊത്തം 8.5384 ഹെക്ടർ ഭൂമി വനംവകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

(ഇ) പുനലൂർ താലൂക്കിൽ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം ഏറ്റെടുത്ത ഭൂമി, വനഭൂമി ഏറ്റെടുക്കുന്നതിന് പകരമായി ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശബരിമല റോപ്‌വേ പ്രോജക്ടിനുവേണ്ടി പരിഹാരവൽക്കരണത്തിനായുള്ള ഭൂമി കണ്ടെത്തിയിട്ടുള്ളത് കുളത്തുപ്പുഴ വില്ലേജിലെ സർവെ നമ്പർ-976/1-ൽ വരുന്ന ആർ.കെ.ഡി.പി. പദ്ധതി പ്രകാരം ഏറ്റെടുത്ത 4.5336 ഹെക്ടർ പ്രദേശമാണ്. നിലവിൽ ഈ റോപ്‌വേ പ്രോജക്ടിന്റെ അനുമതിക്ക് വേണ്ടിയുള്ള നടപടികൾ പരിവേശ് പോർട്ടലിൽ നടന്നുകൊണ്ടിരിക്കുകയാണ്.

(എഫ്) സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം സർക്കാർ ഏറ്റെടുത്ത റവന്യൂ ഭൂമിക്ക് പകരമായി വനഭൂമി അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം ഏറ്റെടുത്ത ഭൂമിയുടെ വിശദാംശങ്ങൾ റവന്യൂ വകുപ്പിനെ അതത് സമയം അറിയിക്കുന്നതാണ്. ഇപ്രകാരം ഏറ്റെടുത്ത ഭൂമി സർക്കാരിന്റെ വികസന പദ്ധതികൾക്കായി വനഭൂമി ഏറ്റെടുക്കുന്നതിന് പകരമായി ഉപയോഗിക്കുകയും ഈ നടപടിക്രമം കേന്ദ്ര സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് ടി ഭൂമി റിസർവ് ഫോറസ്റ്റായി നോട്ടിഫൈ ചെയ്യുന്നതുമാണ്.

**വനമേഖലയിൽ താമസിക്കുന്നവരുടെ പുനരധിവാസം**

146 (997) <u>ശ്രീ. ചാണ്ടി ഉമ്മൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സംഘർഷത്തിൽ ഒറ്റപ്പെട്ട് വനമേഖലയിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ, വ്യക്തമാക്കുമോ?

രൂപീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ വിവിധ കാരണങ്ങൾ മുൻനിർത്തി വനത്തിനുള്ളിലെ മനുഷ്യവാസ മേഖലകളിൽനിന്നും സ്വയംസന്നദ്ധമായി ആദിവാസി ഇതര വിഭാഗത്തിൽനിന്നും വരുന്നവരുടെ പുനരധിവാസത്തിനായുള്ള പദ്ധതി ആർ.കെ.ഡി.പി., കിഫ്ബി എന്നിവയുടെ സാമ്പത്തിക സഹായത്തോടെ 'നവകിരണം' എന്ന പേരിൽ സർക്കാർ നടപ്പാക്കിവരുന്നു. ടി പദ്ധതി പ്രകാരം 1039 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് തുക നൽകി വനാന്തരങ്ങളിൽനിന്ന് മാറിപ്പോകാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. ടി അർഹതകുടുംബങ്ങളിൽ, 802 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതി തുക പൂർണ്ണമായും നൽകുകയും (യൂണിറ്റ് ഒന്നിന് 15 ലക്ഷം രൂപ നിരക്കിൽ), 237 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ 7.5 ലക്ഷം രൂപ വീതം ഇതിനകം നൽകുകയും ചെയ്തിട്ടുള്ളതാണ്. ഈ പദ്ധതിയിലൂടെ 138.075 കോടി

രൂപ (ആർ.കെ.ഡി.പി. മുഖേന 95.25 കോടിയും കിഫ്ബി ഫേസ് I & II പദ്ധതി മുഖേന 42.825 കോടിയും) നൽകിയിട്ടുള്ളതാണ്.

(ബി) ഈ പദ്ധതി എപ്രകാരമാണ് നടപ്പാക്കുന്നതെന്നും ഇതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

കേരള വനം-വന്യജീവി വകുപ്പ് റീബിൽഡ് കേരള ഡെവപല്മെന്റ് സ്വയം സന്നദ്ധ പുനരധിവാസ/കിഫ്ബി ഫേസ് II എന്നീ സർക്കാർ പദ്ധതികൾ വിനിയോഗിച്ചാണ് വനാന്തരങ്ങളിൽ ഒറ്റപ്പെട്ട് താമസിക്കുന്ന ആദിവാസി ഇതര ജനവിഭാഗങ്ങളെ മാറി താമസിക്കുന്നതിനുള്ള സാഹചര്യം ഈ പദ്ധതിയിലൂടെ ഒരുക്കുന്നത്. ഈ പദ്ധതി പരിശോധിച്ചാൽ ഭ്രമിയുടെ വിസ്തൃതിക്ക് ഉപരിയായി ഇപ്രകാരമുള്ള പ്രദേശത്ത് താമസിക്കുന്നവരുടെ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്ന രീതിയിലാണ് പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്. പദ്ധതിയുടെ മാർഗരേഖ പ്രകാരം ഒറ്റപ്പെട്ട വനാന്തരങ്ങളിൽ താമസിക്കുന്ന വ്യക്തികൾക്ക് യൂണിറ്റ് ഒന്നിന് ലഭിക്കുന്ന 15 ലക്ഷത്തിനുപരിയായി അപേക്ഷയിൽ ആശ്രിതനായി കൂടെ താമസിക്കുന്ന പ്രായപൂർത്തിയായ മകൻ, മകൾ, സഹോദരൻ, സഹോദരി, വിധവ, വിവാഹമോചിത, അനാഥൻ, അംഗവൈകല്യമുള്ളവർ എന്നിവരും ഓരോ ഉപയൂണിറ്റിന് അർഹരാണ്.

ടി പദ്ധതിയുടെ മാർഗരേഖയുടെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

കുടുംബമെന്നാൽ ഒരു വ്യക്തി/അവരുടെ ജീവിത പങ്കാളി, പ്രായപൂർത്തിയാകാത്ത മക്കൾ, പ്രായപൂർത്തിയാകാത്ത സഹോദരങ്ങൾ, മാതാപിതാക്കൾ, ഉപജീവനത്തിനായി വ്യക്തിയെ ആശ്രയിച്ച് ഒപ്പം കഴിയുന്ന മറ്റ് ബന്ധുക്കൾ.

ഒരു കുടുംബത്തിലെ തന്നെ താഴെപ്പറയുന്ന അംഗങ്ങളെ (ഇപ്പോൾ ഒന്നിച്ചാണ് താമസിക്കുന്നതെങ്കിലും) പുനരധിവാസത്തിന് 'അർഹരായ പ്രത്യേക കുടുംബമായി' കണക്കാക്കുന്നതാണ്.

1. പ്രായപൂർത്തിയായ മകനോ, മകളോ (18 വയസ്സിന് മുകളിൽ), വിവാഹിതരോ അല്ലയോ എന്നത് കണക്കിലെടുക്കാതെ.

2. 18 വയസ്സിന് മുകളിൽ പ്രായമുള്ള സഹോദരനോ സഹോദരിയോ.

3. ശാരീരികമായോ മാനസികമായോ വെല്ലുവിളികൾ നേരിടുന്നവർ (പ്രായം കണക്കിലെടുക്കാതെ)

4. പ്രായപൂർത്തിയാകാത്ത, മാതാപിതാക്കൾ നഷ്ടപ്പെട്ട അനാഥർ.

5. വിധവ അല്ലെങ്കിൽ വിവാഹമോചിത.

രണ്ട് ഹെക്ടർ വരെ ഭൂമിയുള്ള ഒരു അർഹതപ്പെട്ട കുടുംബത്തിന് മുഴുവൻ

പാക്കേജ് തുകയായ 15 ലക്ഷം രൂപ ലഭ്യമാകും.

വനമേഖലയിൽ സ്ഥിരതാമസമില്ലാത്ത കുടുംബമാണെങ്കിൽ, പ്രായപൂർത്തിയായ മകൻ/മകൾ എന്നിങ്ങനെ കണക്കാക്കാതെ നഷ്ടപരിഹാരം ഒരു അർഹതപ്പെട്ട കുടുംബം മാത്രമായി നിജപ്പെടുത്തുന്നതാണ്.

രണ്ട് ഹെക്ടറിന് മേൽ വിസ്തൃതിയിലുള്ള ഭൂമിയെങ്കിൽ അധികമായുള്ള ഓരോ രണ്ട് ഹെക്ടറിനെയും ഒരു പാർപ്പിട യൂണിറ്റായി കണക്കാക്കുന്നതാണ്.

(സി) നിലവിൽ ഇതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ടെന്നുമുള്ള കണക്കുകൾ നൽകാമോ, ഈയിനത്തിൽ ചെലവഴിച്ച ആകെ തുകയെത്ര?

സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിക്കായുള്ള അപേക്ഷ വനം വകുപ്പിന്റെ റെയ്ഞ്ച് ഓഫീസുകളിലും ഡിവിഷൻ ഓഫീസുകളിലുമായാണ് നൽകുക. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധനാവിധേയമാക്കിയാൽ മാത്രമെ അപേക്ഷകൻ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ അർഹനാണോയെന്ന് നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള ഫണ്ട് പ്രകാരം 1545 കുടുംബയൂണിറ്റുകൾക്ക് മാത്രമെ പദ്ധതിത്തുക അനുവദിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ 1039 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് തുക

നൽകി വനാന്തരങ്ങളിൽനിന്ന് മാറിപ്പോകാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ചാണ് ഫീൽഡ് പരിശോധന റെയ്ഞ്ച്, ഡിവിഷൻ തലങ്ങളിൽ പുരോഗമിക്കുന്നത്. ആയതിനാൽ നിലവിൽ കേരളത്തിലെ 36 വനം ഡിവിഷനുകളിലായി ലഭിച്ച അപേക്ഷകരുടെ കണക്കുകൾ തിട്ടപ്പെടുത്താനാവുകയില്ല.

നവകിരണം സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിലൂടെ 138.075 കോടി രൂപ (റീബിൽഡ് കേരള ഡെവപല്മെന്റ് പദ്ധതി മുഖേന 95.25 കോടിയും കിഫ്ബി പദ്ധതി മുഖേന 42.825 കോടിയും) കുടുംബങ്ങൾക്ക് നൽകിയിട്ടുള്ളതാണ്. ഇതുവഴി 207.4632 ഹെക്ടർ ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) ഇനിയുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് ആവശ്യമായ ഫണ്ടിന്റെ ലഭ്യത ഉണ്ടോ, ഇല്ലെങ്കിൽ എപ്രകാരമാണ് ഫണ്ട് കണ്ടെത്താൻ ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

നവകിരണം സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി ആർ.കെ.ഡി.പി., കിഫ്ബി എന്നിവയുടെ സാമ്പത്തിക സഹായത്തോടെയാണ് നടപ്പാക്കിവരുന്നത്. നിലവിൽ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള ഫണ്ട് പ്രകാരം

1545 കുടുംബയൂണിറ്റുകൾക്ക് (യൂണിറ്റിന് 15 ലക്ഷം രൂപ) മാത്രമെ പദ്ധതിത്തുക അനുവദിക്കാൻ സാധിക്കുകയുള്ളൂ. ഇതിൽ 1039 കുടുംബയൂണിറ്റുകൾക്ക് പദ്ധതി തുക അനുവദിക്കുകയും 506 കുടുംബയൂണിറ്റുകൾക്ക് ഇനി പദ്ധതി തുക അനുവദിക്കാൻ സാധിക്കുകയും ചെയ്യും. പദ്ധതിയിൽ ആകൃഷ്ടരായ അപേക്ഷകരുടെ ആവശ്യകത കണക്കിലെടുത്ത് KIIFB Phase II പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് KIIFB Phase III -ൽ പുനരധിവാസ പദ്ധതി ആരംഭിക്കുന്നതിനുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സമർപ്പിക്കുന്നതാണ്.

**നവകിരണം പദ്ധതി**

147 (998) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനത്തിനകത്ത് താമസിക്കുന്ന ഗോത്ര സമൂഹത്തിൽപ്പെട്ടവരെ മാറ്റി താമസിപ്പിക്കുന്നതിനായി സർക്കാർ നടപ്പാക്കി വരുന്ന നവകിരണം പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

നവകിരണം സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി

ഗോത്രവർഗസമൂഹത്തിൽ ഉൾപ്പെട്ടവർക്കായി നടപ്പാക്കി വരുന്ന പദ്ധതിയല്ല. മനുഷ്യ-വന്യജീവി സംഘർഷം, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, വികസനപ്രവർത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയ വിവിധ കാരണങ്ങൾ മുൻനിർത്തി വനത്തിനുള്ളിലെ മനുഷ്യവാസ മേഖലകളിൽ നിന്നും സ്വയം സന്നദ്ധമായി ആദിവാസി ഇതര വിഭാഗത്തിൽ വരുന്നവരുടെ പുനരധിവാസത്തിനായുള്ള പദ്ധതി സർക്കാർ നടപ്പാക്കിവരുന്നു. വനം വകുപ്പിന്റെ നേതൃത്വത്തിൽ ആർ.കെ.ഡി.പി., കിഫ്ബി എന്നിവയുടെ സാമ്പത്തിക സഹായത്തോടെ ഈ പദ്ധതി നടപ്പാക്കിവരുന്നു.

(ബി) ഇതുവരെ എത്ര കുടുംബങ്ങളെ മാറ്റി താമസിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്നും അതുവഴി എത്ര ഹെക്ടർ ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

1039 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് തുക നൽകി വനാന്തരങ്ങളിൽ നിന്ന് മാറിപ്പോകാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. ടി 1039 അർഹതകുടുംബങ്ങളിൽ 802 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതി തുക പൂർണ്ണമായും നൽകുകയും (യൂണിറ്റ് ഒന്നിന് 15 ലക്ഷം രൂപ നിരക്കിൽ), 237 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ 7.5 ലക്ഷം രൂപ വീതം ഇതിനകം

നൽകിയിട്ടുള്ളതുമാണ്. വസ്തു രജിസ്ട്രേഷൻ കഴിയുന്ന മുറയ്ക്ക് തുക പൂർണ്ണമായും നൽകാൻ കഴിയുന്നതാണ്. ഇപ്രകാരം നവകിരണം സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിലൂടെ 138.075 കോടി രൂപ (റീബിൽഡ് കേരള ഡെവപല്മെന്റ് പദ്ധതി മുഖേന 95.25 കോടിയും കിഫ്ബി പദ്ധതി മുഖേന 42.825 കോടിയും) കുടുംബങ്ങൾക്ക് നൽകിയിട്ടുള്ളതാണ്. ഇതുവഴി 207.4632 ഹെക്ടർ ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

**പട്ടയ ഭൂമിയിൽനിന്നും മരങ്ങൾ വെട്ടി മാറ്റിയ സംഭവം**

148 (999) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ മുട്ടിൽ മരം മുറി കേസിന് ആസ്പദമായ വിവാദ ഉത്തരവ് പിൻവലിച്ചതിനുശേഷം ഇടുക്കി ജില്ലയിലെ പട്ടയ ഭൂമിയിൽനിന്നും വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ മരങ്ങൾ വെട്ടി മാറ്റിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ വനം വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഗൗരവത്തോടെ കാണുന്നുണ്ട്. അന്വേഷണം നടത്തിയിട്ടുണ്ട്. ഇടുക്കി

ജില്ലയിലെ പട്ടയഭൂമിയിൽനിന്നും മരങ്ങൾ വെട്ടിമാറ്റിയത് സംബന്ധിച്ച് Special Investigation Team രൂപീകരിച്ച് വനം വകുപ്പ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്. വിജിലൻസ് വിഭാഗത്തിന്റെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തെ വിവിധ എൽ.എ. പട്ടയ ഭൂമിയിൽനിന്ന് തേക്ക്, റോസ് വുഡ് തടികൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനും ആകെ 483 പെർമിറ്റുകൾ ഉപയോഗിച്ചതായി കണ്ടെത്തി.

2. ഏറ്റവും കൂടുതൽ പെർമിറ്റുകൾ നൽകിയത് എറണാകുളം (205 എണ്ണം), ഇടുക്കി (119 എണ്ണം) ജില്ലകളിൽ നിന്നുമാണ്.

3. ഏറ്റവും കൂടുതൽ പെർമിറ്റുകൾ നൽകിയ വനമേഖലകൾ നേര്യമംഗലം ഫോറസ്റ്റ് റെയ്ഞ്ച് (147 എണ്ണം), അടിമാലി ഫോറസ്റ്റ് റെയ്ഞ്ച് (56), മുള്ളരിങ്ങാട് ഫോറസ്റ്റ് റെയ്ഞ്ച് (46), തട്ടേക്കാട് ഫോറസ്റ്റ് റെയ്ഞ്ച് (40), മച്ചാട് ഫോറസ്റ്റ് റെയ്ഞ്ച് (35) എന്നിവയാണ്.

4. നേര്യമംഗലം ഫോറസ്റ്റ് റെയ്ഞ്ചിന്റെ (മൂന്നാർ ഫോറസ്റ്റ് ഡിവിഷൻ) അധികാര പരിധിയിലുള്ള പ്രദേശങ്ങളിൽ നിന്നാണ് പരമാവധി തടി കണ്ടെത്തിയിരിക്കുന്നത്.

5. അടിമാലി ഫോറസ്റ്റ് റെയ്ഞ്ചിൽ, ദേവികുളം തഹസിൽദാർ,

വെള്ളത്തൂവൽ, കൊന്നത്തടി, മന്നാങ്കണ്ടം, ആനവിരട്ടി എന്നിവിടങ്ങളിലെ വില്ലേജ് ഓഫീസർമാർ എന്നിവർ ഭൂമിയിൽ ബാധ്യതയില്ലെന്നും വലിയ മരങ്ങൾ സംവരണം ചെയ്തിട്ടില്ലെന്നും സൂചിപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്.

6. റവന്യൂ സർക്കുലറും സർക്കാർ ഉത്തരവും റദ്ദാക്കിയതിനുശേഷം അടിമാലി റെയ്ഞ്ചിൽ, ഈട്ടി, തേക്ക് മരങ്ങൾ/തടികൾ എന്നിവയ്ക്ക് 18 പെർമിറ്റുകൾ, നേര്യമംഗലം റെയ്ഞ്ചിൽ ഇടുക്കി ഭാഗത്ത് 16 പെർമിറ്റുകളും എറണാകുളം ഭാഗത്ത് 28 പെർമിറ്റുകളും നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത വിഷയത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; ഓരോ ഫോറസ്റ്റ് റെയ്ഞ്ചിൽനിന്നും ഏതൊക്കെ തടികൾ എത്രയെണ്ണം വീതമാണ് മുറിച്ചുമാറ്റിയതെന്ന് വ്യക്തമാക്കാമോ; അനധികൃതമായി മുറിച്ചുമാറ്റിയ തടികൾ വീണ്ടെടുക്കാൻ സാധിച്ചിട്ടുണ്ടോ; പ്രസ്തുത സംഭവത്തിൽ എത്ര രൂപയുടെ നഷ്ടം ഉണ്ടായതായാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത വിഷയത്തിൽ ഹൈറേഞ്ച് സർക്കിളിലെ ഒരു റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചിട്ടുള്ളതാണ്. ഓരോ ഫോറസ്റ്റ് റെയ്ഞ്ചുകളിൽനിന്നും മുറിച്ചുമാറ്റിയ മരങ്ങളുടെ വിവരം, മുറിച്ചുമാറ്റിയ തടികൾ വീണ്ടെടുത്തിട്ടുണ്ടോ, ഇല്ലയോ, ആയതുമൂലം ഉണ്ടായ നഷ്ടം എന്നിവ അനുബന്ധമായി ചേർക്കുന്നു.+

**ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സുരക്ഷാ ഓഡിറ്റ്**

149 (1000) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. കെ. വിജയൻ:താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ ഇക്കോ ടൂറിസം സെന്ററുകളിൽ അപകടങ്ങളും അപകട മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യം വിശകലന വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരള വനം വകുപ്പിന് കീഴിലുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ എല്ലാവിധ സുരക്ഷാ മാനദണ്ഡങ്ങളും കർശനമായി പാലിക്കുന്നുണ്ട്. എന്നാൽ ഏതെങ്കിലും സാഹചര്യത്തിൽ അപകടങ്ങളുണ്ടാകുന്നപക്ഷം പ്രാഥമിക ശുശ്രൂഷ, അടിയന്തര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വൈദ്യസഹായം എന്നിവ ലഭ്യമാക്കുകയും അപകടം, മരണം തുടങ്ങിയ സാഹചര്യങ്ങൾ ഉണ്ടാകുകയാണെങ്കിൽ പോലീസ് നിയമ നടപടിക്രമങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതോടൊപ്പം ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ സഞ്ചാരികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് എത്രയുംവേഗം അപകടത്തിൽപ്പെട്ടവർക്ക്/ കുടുംബാംഗങ്ങൾക്ക് നൽകുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിക്കുകയും ആവശ്യമെങ്കിൽ പ്രാദേശിക വനവികസന ഏജൻസികൾ മുഖേന അധിക സാമ്പത്തിക സഹായം ഉറപ്പാക്കുകയും ചെയ്യുന്നു. കൂടാതെ എല്ലാ ഇക്കോടൂറിസം കേന്ദ്രങ്ങളിലും കൂടുതൽ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി വാഹകശേഷി പഠനം (Carrying Capacity), സുരക്ഷാ ഓഡിറ്റ് (Safety Audit), ഡെസ്റ്റിനേഷൻ ഓഡിറ്റ് (Destination Audit) എന്നീ ശാസ്ത്രീയ പഠനങ്ങളും അവയെ മുൻനിർത്തിയുള്ള സുരക്ഷാക്രമീകരണങ്ങളും ഉറപ്പാക്കുന്നു.

(ബി) ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ ശാസ്ത്രീയമായ പരിപാലനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ കേന്ദ്രങ്ങളിലും കാര്യക്ഷമമായ രീതിയിൽ സുരക്ഷാ ഓഡിറ്റ് നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

വനംവകുപ്പിന് കീഴിലുള്ള മുഴുവൻ ഇക്കോടൂറിസം കേന്ദ്രങ്ങളിലും സന്ദർശക സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായുള്ള സുരക്ഷാ ഓഡിറ്റ് നടപ്പാക്കാനുള്ള

നടപടികൾ പൂർത്തിയാക്കിവരുന്നു. ഇതിന്റെ ഭാഗമായി സന്ദർശക ബാഹുല്യമുള്ളതും പ്രധാനപ്പെട്ടതുമായ 37 ഇക്കോടൂറിസം കേന്ദ്രങ്ങളിൽ നാഷണൽ സേഫ്റ്റി കൗൺസിൽ നിർദ്ദേശിക്കുന്ന സുരക്ഷാ ഓഡിറ്റും (Safety Audit) കൂടാതെ ഡെസ്റ്റിനേഷൻ ഓഡിറ്റും നടത്തിയിട്ടുണ്ട്. ബാക്കിയുള്ള ഇക്കോടൂറിസം കേന്ദ്രങ്ങളിൽ മേല്പറഞ്ഞ മാനദണ്ഡങ്ങൾ അനുസരിച്ച് സുരക്ഷാ ഡെസ്റ്റിനേഷൻ ഓഡിറ്റുകൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെത്തുന്ന വിനോദസഞ്ചാരികൾക്ക് നാഷണൽ സേഫ്റ്റി കൗൺസിൽ നിർദ്ദേശങ്ങൾ പ്രകാരമുള്ള സുരക്ഷയും ഇൻഷ്വറൻസും ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇക്കോ ടൂറിസം സെന്ററുകളിലുണ്ടാകുന്ന അപകടത്തിൽപ്പെട്ട് മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് ധനസഹായവും പരിക്ക് പറ്റുന്നവർക്ക് മികച്ച ചികിത്സയും ഉറപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കുമോ?

(സി &ഡി) ഇക്കോടൂറിസം കേന്ദ്രങ്ങളിലെത്തുന്ന സഞ്ചാരികൾക്ക് (ഇന്ത്യൻ പൗരന്മാർക്ക് മാത്രം) അപകട ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. അപകട മരണത്തിനും (Accident death), സ്ഥിരവും പൂർണ്ണവുമായ

അംഗവൈകല്യത്തിനും (Permanent Total Disability) 5.00 ലക്ഷം രൂപയും സ്ഥിരവും ഭാഗികവുമായ അംഗവൈകല്യത്തിന് (Permanent Partial Disability) 2.50 ലക്ഷം രൂപയും നഷ്ടപരിഹാരമായി ലഭിക്കും. കൂടാതെ നാഷണൽ സേഫ്റ്റി കൗൺസിൽ നിർദേശിക്കുന്ന പ്രകാരമുള്ള സുരക്ഷാ ഓഡിറ്റ് റിപ്പോർട്ട് മുഖേന ആവശ്യമുള്ള സുരക്ഷാക്രമീകരണങ്ങൾ സംസ്ഥാന വനവികസന ഏജൻസിയുടെയും അതത് വനവികസന ഏജൻസികളുടെയും നേതൃത്വത്തിൽ ഉറപ്പാക്കുന്നു. ഇതിനുപുറമെ അടിയന്തര സാഹചര്യങ്ങളിൽ ഉണ്ടാകുന്ന സുരക്ഷാവീഴ്ചകൾ കണ്ടെത്തി ഉടൻതന്നെ പരിഹരിക്കാറുമുണ്ട്.

**ഇക്കോ ടൂറിസം കേന്ദ്രങ്ങൾക്കായി ഏകീകൃത വെബ് പോർട്ടൽ**

150 (1001) ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കോ ടൂറിസം കേന്ദ്രങ്ങളെ കോർത്തിണക്കി വനം വകുപ്പിന്റെ ഏകീകൃത വെബ്പോർട്ടൽ ആരംഭിച്ചിട്ടുണ്ടോ; അതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ആരംഭിച്ചിട്ടുണ്ട്. ഇ-ടിക്കറ്റിങ് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ഇക്കോട്ടൂറിസം കേന്ദ്രങ്ങളെയും കോർത്തിണക്കികൊണ്ട് വനംവകുപ്പ് ഒരു കേന്ദ്രീകൃത ഇക്കോട്ടൂറിസം വെബ്സൈറ്റും മൊബൈൽ ആപ്പും ആരംഭിച്ചിട്ടുണ്ട്. www.ecotourism.forest.kerala.gov.in എന്ന വെബ്സൈറ്റ് വഴി പൊതുജനങ്ങൾക്ക് കേരള വനംവകുപ്പിന്റെ കീഴിലുള്ള പ്രകൃതിരമണീയമായ ഇക്കോട്ടൂറിസം കേന്ദ്രങ്ങളെ അടുത്തറിയുവാനും അവിടത്തെ സന്ദർശനം ബുക്ക് ചെയ്യാനും സാധിക്കും. ഇക്കോ ടൂറിസ്റ്റ് സ്ഥലങ്ങൾ, ജില്ലാ അടിസ്ഥാനത്തിൽ കാണാനും തിരയുവാനും കൂടാതെ വനം വകുപ്പിൽ നടക്കുന്ന വിവിധ ഇക്കോട്ടൂറിസം പ്രവർത്തനങ്ങൾ, പദ്ധതികൾ, മറ്റുപ്രവർത്തനങ്ങൾ, ബ്ലോഗുകൾ എന്നിവ ഈ വെബ്സൈറ്റിലൂടെ വായിക്കാനും അറിയാനും സാധിക്കുന്നതാണ്.

പ്രൊഫൈൽ രജിസ്ട്രേഷൻ, ഇ-ടിക്കറ്റിങ്, ടിക്കറ്റ് റിസർവേഷൻ, ക്യാൻസലേഷൻ, റീ-ഫണ്ട്, വിവിധ ഇക്കോട്ടൂറിസം കേന്ദ്രങ്ങളെ ബന്ധപ്പെടാനുള്ള വിവരങ്ങൾ, സാങ്കേതിക സഹായം, ഉപഭോക്തൃ സേവനം, വനശ്രീ ഉൽപന്നങ്ങൾ ഓൺലൈനിലൂടെ വാങ്ങാനുള്ള സൗകര്യം എന്നിവയും ഈ വെബ്സൈറ്റ് വഴി നടത്താവുന്നതാണ്. വിവിധ ഇക്കോട്ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങളും അവയുടെ കീഴിൽ നടപ്പാക്കുന്ന ഇക്കോട്ടൂറിസം

പാക്കേജുകളുടെ വിശദാംശങ്ങൾ എന്നിവയും ഈ വെബ് പോർട്ടൽ വഴി മനസ്സിലാക്കാൻ സാധിക്കുന്നതാണ്. കൂടാതെ ഇതേ സൗകര്യങ്ങൾ അടങ്ങിയ Kerala Forest Ecotourism ആപ്പ് ഗൂഗിൾ പ്ലേസ്റ്റോർ, ആപ്പ്സ്റ്റോർ എന്നിവയിലും ലഭ്യമാണ്.

(ബി) വെബ് പോർട്ടലിൽ എത്ര ഇക്കോ ടൂറിസം കേന്ദ്രങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വനംവകുപ്പിന് കീഴിലുള്ള 80 ഇക്കോടൂറിസം കേന്ദ്രങ്ങളെയും വെബ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെത്തുന്ന സഞ്ചാരികളുടെ കണക്ക് ലഭ്യമാണോ; എങ്കിൽ അതനുസരിച്ച് വർഷത്തിൽ എത്ര സഞ്ചാരികളാണ് ഇക്കോ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഇക്കോടൂറിസം കേന്ദ്രങ്ങളിലെത്തുന്ന സഞ്ചാരികളുടെ കണക്ക് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസുകളിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുണ്ട്. 2022 വർഷത്തിൽ 5637632 പേരും 2023 വർഷത്തിൽ 6868942 പേരും 2024 വർഷത്തിൽ 7183680 പേരും സംസ്ഥാനത്തെ ഇക്കോ ടൂറിസം

കേന്ദ്രങ്ങളിൽ സന്ദർശനം നടത്തിയിട്ടുണ്ട്.

**എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ ഇക്കോ ടൂറിസം പദ്ധതി**

151 (1002) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ പുതുവൈപ്പ്, വളപ്പ് ബീച്ചുകളിൽ 30 ലക്ഷം രൂപയുടെ ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട പ്രൊപ്പോസലിന് അനുമതി ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കാമോ?

ഇക്കോടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽ എറണാകുളം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, ഇക്കോ ടൂറിസം ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. ടി പ്രൊപ്പോസൽ 30 ലക്ഷം രൂപയിൽ നിജപ്പെടുത്തി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും (CRZ) ക്ലിയറൻസ് സർട്ടിഫിക്കറ്റും സമർപ്പിക്കാനുള്ള ഇക്കോ ടൂറിസം ഡയറക്ടറുടെ നിർദേശം എറണാകുളം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് ലഭിച്ചിട്ടുണ്ട്. ആയത് അടിയന്തരമായി ലഭ്യമാക്കാനും പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമാക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ പദ്ധതി എന്നത്തേക്ക് നടപ്പാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

മേൽപ്രകാരം ഈ പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കി, ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കാൻ സാധിക്കും.

**ചിമ്മിനി ഇക്കോ ടൂറിസം**

152 (1003) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട മലനിരകളിൽപ്പെട്ട ചിമ്മിനി ഡാം മേഖലയിൽ വനം വകുപ്പ് മുഖേന നടപ്പാക്കുന്ന ചിമ്മിനി ഇക്കോ ടൂറിസം പദ്ധതിക്കായി സംസ്ഥാന ബജറ്റിൽ നീക്കിവച്ച തുകയും നവകേരള നിർമ്മിതി പദ്ധതിയിൽ ഉൾപ്പെടുത്തിയ തുകയും പ്രയോജനപ്പെടുത്തി ഇതിന്റെ പ്രവൃത്തികൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് അനുമതി ലഭ്യമാക്കുന്ന നടപടികൾ ഏതു ഘട്ടത്തിലാണ്; കാലതാമസം കൂടാതെ പദ്ധതിക്ക് അനുമതി ലഭ്യമാക്കുന്നതിനും നിർമ്മാണം ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ചിമ്മിനി ഇക്കോടൂറിസം പദ്ധതിയിൽ നവകേരള സദസ്സ്

മുഖേന ലഭ്യമാകുന്ന ഒരു കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിലേക്ക് അംഗീകാരമുള്ള സ്ഥാപനങ്ങളിൽനിന്നും താൽപര്യപത്രം ക്ഷണിക്കുകയും അതനുസരിച്ച് കേരള പോലീസ് ഹൗസിങ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അനുവാദം നൽകിയിട്ടുള്ളതുമാണ്. ടി പ്രവൃത്തിയുടെ അടങ്കൽ കേരള പോലീസ് ഹൗസിങ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. 28-07-2025-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 3/2025/PIE&MD പ്രകാരം അനുമതി ലഭ്യമായിട്ടുള്ളതുമാണ്. ചിമ്മിനി ഇക്കോടൂറിസം പദ്ധതിയിൽ 2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് (അനുബന്ധമായി ചേർത്തിരിക്കുന്നു.[+]) മുഖേന ലഭ്യമാകുന്ന ഒരു കോടി രൂപയുടെ പ്രവർത്തനങ്ങൾക്ക് അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും പ്രവൃത്തി നടപ്പാക്കുന്നതിനായി താൽപര്യപത്രം ക്ഷണിച്ച് കേരള പോലീസ് ഹൗസിങ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനവുമായി 09-09-2025-ൽ ചർച്ച നടത്തിയിട്ടുണ്ട്. പ്രവർത്തനങ്ങൾ അടിയന്തരമായി നടപ്പാക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**എളനാട് ഫോറസ്റ്റ് ഓഫീസിൽ ഒഴിഞ്ഞുകിടക്കുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ**

153 (1004) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ തൃശ്ശൂർ വനം ഡിവിഷനിൽ മച്ചാട് വനം റെയ്ഞ്ചിലെ എളനാട് ഫോറസ്റ്റ് ഓഫീസിൽ നിലവിലുള്ള ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ എത്രയാണെന്ന് അറിയിക്കുമോ; ആയതിൽ എത്രയെണ്ണം നിലവിൽ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

തൃശ്ശൂർ ഡിവിഷനിലെ മച്ചാട് റെയ്ഞ്ചിലെ എളനാട് ഫോറസ്റ്റ് സ്റ്റേഷനിൽ 13 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ തസ്തികകളുണ്ട്. ഇതിൽ 10 തസ്തികകളിൽ ജീവനക്കാർ നിലവിലുണ്ട്. ഒഴിഞ്ഞ് കിടക്കുന്ന മൂന്ന് തസ്തികകളിൽ ഓൺലൈൻ പൊതുസ്ഥലംമാറ്റം മുഖേന നിയമന ഉത്തരവായിട്ടുള്ളതാണ്.

(ബി) എളനാട് ഫോറസ്റ്റ് ഓഫീസ് പരിധിയിൽ വനാതിർത്തിയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ ഇടയ്ക്കിടെ കാട്ടാനകൾ കൃഷി നശിപ്പിക്കുന്നതടക്കമുള്ള സംഭവങ്ങൾ റിപ്പോർട്ടുചെയ്യുന്ന സാഹചര്യത്തിൽ വനപാലകരുടെ സേവനം ഉറപ്പുവരുത്തുന്നതിന് എളനാട് ഫോറസ്റ്റ് സ്റ്റേഷനിൽ

ഒഴിഞ്ഞുകിടക്കുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ?

എളനാട് ഫോറസ്റ്റ് സ്റ്റേഷനിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന മൂന്ന് ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകളിലേക്ക് ഓൺലൈൻ പൊതുസ്ഥലംമാറ്റം മുഖേന നിയമന ഉത്തരവ് നൽകിയിട്ടുള്ളതും പ്രസ്തുത ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ എത്രയും പെട്ടന്ന് തന്നെ ഡ്യൂട്ടിക്ക് ഹാജരാകുന്നതിനായി വിടുതൽ ചെയ്യാൻ ബന്ധപ്പെട്ട ഓഫീസുകളിലേക്ക് നിർദേശം നൽകിയിട്ടുള്ളതുമാണ്.

**വനം വകുപ്പിലെ സ്ഥാനക്കയറ്റം**

154 (1005) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ റൂളിൽ നിഷ്കർഷിച്ചിരിക്കുന്ന വകുപ്പുതല പരീക്ഷകൾ പാസ്സാകാത്തവർക്ക് വനം വകുപ്പിൽ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നീക്കം നടക്കുന്നതായ ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇതിനായി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശ അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിൽനിന്നും നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) യോഗ്യതയുള്ളവർക്ക് സ്ഥാനക്കയറ്റം നിഷേധിക്കുന്ന രീതിയിൽ വനംവകുപ്പ് ആസ്ഥാനത്തെ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഉന്നത ഉദ്യോഗസ്ഥർ നിക്ഷിപ്ത താൽപര്യത്തോടെ പ്രവർത്തിക്കുന്നതായ ആക്ഷേപം ഉയർന്ന സാഹചര്യത്തിൽ സ്പെഷ്യൽ റൂൾ ഭേദഗതി സംബന്ധിച്ച വിഷയത്തിൽ ഗൗരവതരമായ പരിശോധന നടത്താൻ തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിന്നും സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് അവശ്യ യോഗ്യതയായി വകുപ്പുതല പരീക്ഷകളായ Forest Test for Clerical and Protective Staff, Manual of Office procedure എന്നിവ പാസ്സാകണമെന്ന് 30-08-2010 പ്രാബല്യത്തോടെ ഭേദഗതി ചെയ്യപ്പെട്ട 2014-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവീസ് വിശേഷാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരുന്നു. ടി ചട്ടങ്ങളിൽ, റൂൾ 2, സബ് റൂൾ (11) ആയി ഒരു സേവിങ് ക്ലോസ് ചേർത്തിരുന്നു. പ്രസ്തുത സേവിങ് ക്ലോസ് പ്രകാരം 30-08-2010-ന് മുമ്പ് നിയമനം ലഭിച്ച ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് വകുപ്പുതല യോഗ്യതാ

പരീക്ഷകൾ പാസ്സാകേണ്ടതില്ലെന്ന വ്യാഖ്യാനത്തിൽ പ്രൊമോഷൻ അനുവദിക്കുകയുണ്ടായി.

സ്പെഷ്യൽ റൂൾസ് പ്രകാരം നിശ്ചിത യോഗ്യതകൾ ഇല്ലാത്ത ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിനുള്ള നടപടികൾ സെൻട്രൽ സർക്കിൾ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സ്വീകരിക്കുന്നതായി കാണിച്ച് ശ്രീ. പ്രമോദ് എ. ഡി., ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA(EKM) 1095/2022 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. 2014-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവീസ് വിശേഷാൽ ചട്ടങ്ങളിൽ സേവിങ് ക്ലോസ് ഉൾപ്പെടുത്തിയിരിക്കുന്നത് ശരിയായ രീതിയിൽ അല്ലെന്നും ടെസ്റ്റ് യോഗ്യതകൾ നേടാത്തവർക്ക് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 05-08-2022-ലെ നടപടിക്രമം നിയമപരമല്ലെന്നും 01-12-2023-ലെ ഉത്തരവിൽ ബഹുമാനപ്പെട്ട ട്രിബ്യൂണൽ വ്യക്തമാക്കുകയുണ്ടായി.

സ്ഥാനക്കയറ്റത്തിനായി നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ നേടുന്നതിൽ നിന്ന് ഒരുവിഭാഗം ഉദ്യോഗസ്ഥരെ പൊതുതാൽപര്യം മുൻനിർത്തി ഒഴിവാക്കുന്നത്

സർക്കാരിന് പരിഗണിക്കാവുന്നതാണെന്ന് ബഹുമാനപ്പെട്ട ട്രിബ്യൂണലിന്റെ ഉത്തരവിനെതിരെ ഫയൽ ചെയ്ത അപ്പീൽ പെറ്റീഷനുകളിൽ പുറപ്പെടുവിച്ച 13-11-2024-ലെ വിധിന്യായത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വ്യക്തമാക്കിയിരുന്നു. ടി വിഷയത്തിൽ ഫയൽ ചെയ്ത റിവ്യൂ പെറ്റീഷനുകളിലെ വിധിന്യായത്തിലും ഏതെങ്കിലും വിഭാഗം ഉദ്യോഗസ്ഥരെ സ്ഥാനക്കയറ്റം ലഭിക്കുന്നതിനായി നിശ്ചിത യോഗ്യത ആർജിക്കണമെന്ന വ്യവസ്ഥയിൽനിന്നും ഒഴിവാക്കുന്ന കാര്യം പൊതുതാൽപര്യാർഥം കെ.എസ്. & എസ്.എസ്.ആർ. ഭാഗം II, ചട്ടം 39 പ്രകാരമുള്ള അധികാരം വിനിയോഗിച്ച് സർക്കാരിന് പരിഗണിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു.

2014-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവീസ് വിശേഷാൽ ചട്ടങ്ങളിലെ സേവിങ് ക്ലോസിന്റെ വ്യാഖ്യാനം അടിസ്ഥാനമാക്കിയാണ് 30-08-2010-ന് മുൻപായി നിയമനം ലഭിച്ച ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചത്. ഇതിൽ ജീവനക്കാരുടെ ഭാഗത്ത് മനഃപൂർവമായ വീഴ്ചകളോ, തെറ്റുകളോ സംഭവിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ജീവനക്കാരുടേതല്ലാത്ത കാരണത്താൽ യോഗ്യതാ പരീക്ഷ പാസ്സാകേണ്ടതില്ലെന്ന വ്യാഖ്യാനം എടുത്ത് സ്ഥാനക്കയറ്റം

അനുവദിച്ചവർക്ക് റിവർഷൻ വരാതെ സംരക്ഷിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടത് പൊതുതാൽപര്യാർഥം ആവശ്യമാണെന്ന് സർക്കാർ കരുതുകയും 1962-ലെ സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച പി.എസ്.സി. വിജ്ഞാപനം പ്രകാരവും (direct recruitment), ബൈ ട്രാൻസ്ഫർ, ബൈ പ്രൊമോഷൻ മുഖേനയും 30-08-2010-ന് മുമ്പ് ബി.എഫ്.ഒ. തസ്തികയിൽ നിയമനം ലഭിച്ചവർക്ക് ടെസ്റ്റ് യോഗ്യതയില്ലാതെ എസ്.എഫ്.ഒ. തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനും ടെസ്റ്റ് യോഗ്യതയില്ലാതെ 30-08-2010-നുശേഷം എസ്.എഫ്.ഒ. തസ്തികയിലേക്ക് ഇതിനകം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ സംരക്ഷിക്കുന്നതിനുമായി എസ്.എഫ്.ഒ. തസ്തികയിൽ സ്ഥാനക്കയറ്റത്തിനായി 2014-ലെ വിശേഷാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന അവശ്യ യോഗ്യതകളായ ടെസ്റ്റ് യോഗ്യതകൾ നേടുന്നതിൽനിന്നും കെ.എസ്. & എസ്.എസ്.ആർ. ഭാഗം II ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള സവിശേഷ അധികാരം ഉപയോഗിച്ച് ഇളവ് അനുവദിച്ചുകൊണ്ട് 01-08-2025-ലെ സ.ഉ(സാധാ)നം.296/2025/വന പ്രകാരം ഉത്തരവാകുകയും ചെയ്തു.

01-08-2025-ലെ സ.ഉ(സാധാ)നം.296/2025/വന ഉത്തരവിന്

അനുസൃതമായി 2014-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവീസ് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. നിർദിഷ്ട നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്ന കാര്യം പരിശോധനയിലാണ്.

**ചെമ്പ്ര ടൂറിസം അഴിമതി**

155 (1006) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ചെമ്പ്ര ടൂറിസം അഴിമതിയിൽ കടുത്ത നടപടിക്ക് ഫോറസ്റ്റ് വിജിലൻസ് ശിപാർശ ചെയ്ത ഉദ്യോഗസ്ഥരെ സംരക്ഷിച്ചുവെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ നിജസ്ഥിതി വ്യക്തമാക്കുമോ?

വയനാട് ചെമ്പ്ര ടൂറിസം അഴിമതിയിൽ കടുത്ത നടപടിക്ക് ഫോറസ്റ്റ് വിജിലൻസ് ശിപാർശ ചെയ്ത ഉദ്യോഗസ്ഥരെ സംരക്ഷിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചെമ്പ്ര വനസംരക്ഷണ സമിതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് പരാതിയിൽ അന്വേഷണം നടത്തി 31-05-2024-ൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് ആൻഡ് ഫോറസ്റ്റ്

ഇന്റലിജൻസ്) സമർപ്പിച്ച റിപ്പോർട്ടിൽ കൃത്യവിലോപത്തിന് ഉത്തരവാദികളായ ചെന്ത്ര വി.എസ്.എസ്. സെക്രട്ടറിമാരായിരുന്ന ശ്രീ. ബിനീഷ് പി. പി., ശ്രീ. രഞ്ജിത് എം. എ., ശ്രീ. വിഷ്ണു വി. പി. എന്നീ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) റൂൾസ് പ്രകാരം മേജർ പെനാൽറ്റിക്കുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ഫോറസ്റ്റ് വിജിലൻസ് ശിപാർശ ചെയ്യുകയും ആയത് പ്രകാരം അച്ചടക്കനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ വിഷയത്തിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് ആൻഡ് ഫോറസ്റ്റ് ഇന്റലിജൻസ്) 06-05-2025-ലെ കത്ത് പ്രകാരവും തുടർ നടപടികൾ സ്വീകരിക്കുന്നതിനായി കണ്ണൂർ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന് നിർദേശം നൽകിയിട്ടുണ്ട്.

(ബി) ചെന്ത്ര ടൂറിസം അഴിമതിയുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് വിജിലൻസിന്റെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വനംവകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ?

ചെന്ത്ര ടൂറിസം കേന്ദ്രത്തിലെ പ്രവേശന ഫീസ് ഇനത്തിലുള്ള വരുമാനം കൃത്യമായ ഇടവേളകളിൽ ബാങ്കിൽ നിക്ഷേപിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ടൂറിസ്റ്റ് കേന്ദ്രം പരിശോധന നടത്തുന്നതിൽ വന്ന വീഴ്ചയും രേഖകൾ കൃത്യമായി പരിശോധനയ്ക്ക് വിധേയമാക്കുന്നതിലുള്ള വീഴ്ചയ്ക്കും പുറമെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കാത്തതിലുള്ള വീഴ്ചകൾക്കും ഉത്തരവാദികളായ ശ്രീ. ബിനീഷ് പി. പി., ശ്രീ. രഞ്ജിത് എം. എ., ശ്രീ. വിഷ്ണു വി. പി. എന്നീ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസ് (തരംതിരിക്കലും, നിയന്ത്രണവും & അപ്പീലും) ചട്ടങ്ങൾ പ്രകാരം മേജർ പെനാൽറ്റിക്കുള്ള അച്ചടക്കനടപടി സ്വീകരിക്കുന്നതിന് അന്വേഷണ സമിതി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ടിയാരെ സസ്പെൻഡ് ചെയ്തതിട്ടുള്ളത്. കൂടാതെ ഫോറസ്റ്റ് വിജിലൻസിന്റെ ശിപാർശ പ്രകാരം മറ്റ് നടപടികൾ സ്വീകരിച്ചുവരുന്നു. ഫോറസ്റ്റ് വിജിലൻസിന്റെ അന്വേഷണത്തിലെ കണ്ടെത്തലുകൾ അടങ്ങിയ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാർ**

156 (1007) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാരുടെ തസ്തികകൾ, ഓരോ തസ്തികയിലുമുള്ള ജീവനക്കാരുടെ എണ്ണം, നിയമനത്തിന്റെ സ്വഭാവം, നിയമനരീതി എന്നിവയുടെ വിശദവിവരം നൽകാമോ?

അനുബന്ധമായി ചേർക്കുന്നു.+

(ബി) കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ യുവജീവനക്കാരെ വനം ഇക്കോടൂറിസം ഡയറക്ടറേറ്റിന് കീഴിൽ വിവിധ ജില്ലകളിലെ പ്രവർത്തനങ്ങൾക്കായി നിയോഗിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ശിപാർശ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**വനം വകുപ്പിലെ ഓഫ്ലൈൻ സ്ഥലംമാറ്റ ഉത്തരവ്**

157 (1008) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് ആസ്ഥാനത്തുനിന്നും പുറപ്പെടുവിച്ച ഓൺലൈൻ സ്ഥലംമാറ്റ ഉത്തരവുകൾ നിലനിൽക്കെ ഡിവിഷൻ തലത്തിൽ ഓഫ് ലൈനായി സമാന്തര സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഏത് സാഹചര്യത്തിലാണ് ഇപ്രകാരം നടപടി ഉണ്ടായതെന്ന് വ്യക്തമാക്കുമോ;

(ബി) ചട്ടവിരുദ്ധമായ ഓഫ്ലൈൻ ട്രാൻസ്ഫറുകൾ കർശനമായി വിലക്കിയ ഭരണവിഭാഗം മേധാവിയുടെ ഓഫീസ് ഉത്തരവ് നിലനിൽക്കെ ഓഫ്ലൈൻ ട്രാൻസ്ഫറിന് ഉത്തരവിട്ട ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

(എ&ബി) വനം വകുപ്പ് ആസ്ഥാനത്തുനിന്നും പുറപ്പെടുവിച്ച ഓൺലൈൻ സ്ഥലംമാറ്റ ഉത്തരവുകൾക്കെതിരെ സമാന്തര ഉത്തരവുകളൊന്നുംതന്നെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ പുറപ്പെടുവിച്ചിട്ടില്ല. ഡിവിഷൻ തലങ്ങളിൽ പുറപ്പെടുവിച്ച ഓൺലൈൻ പൊതുസ്ഥലംമാറ്റ ഉത്തരവുകൾക്കുശേഷം ഓൺലൈൻ പൊതുസ്ഥലംമാറ്റത്തിൽ സ്ഥലംമാറ്റം ലഭിക്കാതിരുന്നവർക്കും അപേക്ഷിച്ച സ്ഥലങ്ങളിൽ മാറ്റം ലഭിക്കാതെ വിദൂര സ്ഥലങ്ങളിലേക്ക് മാറ്റം ലഭിച്ചവർക്കും അവരുടെ അപേക്ഷകൾകൂടി പരിഗണിച്ചും കോടതി കേസുകൾ

പരിഹരിക്കുന്നതിന്റെ ഭാഗമായുമാണ് നിയമനാധികാരികളായ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ഉത്തരവുകൾ പുറപ്പെടിവിച്ചിട്ടുള്ളത്.

**വനം വകുപ്പിൽ സൃഷ്ടിച്ച തസ്തികകൾ**

158 (1009) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിൽ സൂപ്പർ ന്യൂമററി ഉൾപ്പെടെ എത്ര തസ്തികകൾ പുതുതായി അനുവദിച്ചിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിൽ പുതുതായി സൃഷ്ടിച്ച തസ്തികകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) അപ്ഗ്രേഡ് ചെയ്ത് സൃഷ്ടിച്ച തസ്തികകൾ ഏതെല്ലാമാണ് എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

വനം വകുപ്പിൽ ആർ.ആർ.ടി.-കളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി 20 സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികകൾ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികകളായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**തിരുവനന്തപുരം ജില്ലയിൽ വനം വകുപ്പ് ഡ്രൈവർ കാറ്റഗറിയിലെ പി.എസ്.സി. നിയമനം**

159 (1010) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വനം വകുപ്പ് ഡ്രൈവർ കാറ്റഗറിയിലേക്കുള്ള (കാറ്റഗറി നം.111/2022) പി.എസ്.സി. ലിസ്റ്റ് നിലവിൽ വന്ന തീയതിയും നാളിതുവരെ എത്ര നിയമനങ്ങൾ നടന്നുവെന്നും അറിയിക്കാമോ?

തിരുവനന്തപുരം ജില്ലയിൽ വനം വകുപ്പ് ഡ്രൈവർ കാറ്റഗറിയിലേക്കുള്ള (കാറ്റഗറി നം.111/2022) പി.എസ്.സി. റാങ്ക് ലിസ്റ്റ് 06-05-2025-ന് നിലവിൽ വന്നു. ടി റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെയായി രണ്ട് നിയമനങ്ങൾ നടന്നിട്ടുണ്ട്.

(ബി) പ്രസ്തുത കാറ്റഗറിയിലേക്കുള്ള (വനം വകുപ്പ്) മുൻ ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിച്ചതെന്നും അന്ന് മുതൽ 2025 ആഗസ്റ്റ് വരെ ഡ്രൈവർ തസ്തികയിൽ വിരമിച്ചവരുടെയും സർവീസിലിരിക്കെ ഉദ്യോഗസ്ഥർ മരണപ്പെട്ടിട്ടുണ്ടെങ്കിൽ അപ്രകാരവും എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വർഷം തിരിച്ചുള്ള

വിവരം ലഭ്യമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ വനം വകുപ്പ് ഡ്രൈവർ കാറ്റഗറിയിലേക്കുള്ള (കാറ്റഗറി നമ്പർ 120/2017) മുൻ ലിസ്റ്റിന്റെ കാലാവധി 09-08-2021-ൽ അവസാനിച്ചു. മുൻ ലിസ്റ്റിന്റെ കാലാവധി അവസാനിച്ചത് മുതൽ 2025 ആഗസ്റ്റ് വരെ മരണംമൂലവും വിരമിക്കൽമൂലവും തസ്തിക സൃഷ്ടിക്കലും വഴി ഫോറസ്റ്റ് ഡ്രൈവർ തസ്തികയിൽ നാല് ഒഴിവുകളുണ്ടായിട്ടുണ്ട്. ആയതിൽ രണ്ട് ഒഴിവുകൾ അന്തർ ജില്ലാ സ്ഥലമാറ്റത്തിലൂടെ നികത്തുകയും രണ്ട് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്.

**സ്വകാര്യ ഭൂമിയിലെ ചന്ദനമരങ്ങൾ**

160 (1011) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഭൂമിയിൽ ചന്ദനമരം നട്ടുവളർത്താൻ പ്രോത്സാഹിപ്പിക്കുന്ന പദ്ധതി വനം വകുപ്പ് നടപ്പാക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

സ്വകാര്യ ഭൂമിയിൽ ചന്ദനമരം നട്ടുവളർത്താൻ പ്രോത്സാഹിപ്പിക്കുന്ന പ്രത്യേക പദ്ധതികൾ വനം വകുപ്പ് നടപ്പാക്കി വരുന്നില്ല. എന്നാൽ 29-03-2025-ലെ ജി.ഒ.(ആർ.റ്റി)നം.137/2025/വനം നമ്പർ ഉത്തരവ് പ്രകാരം "ടീ ബാങ്കിങ്"

സ്കീമിൽ ഉൾപ്പെടുത്തി സ്വകാര്യ വ്യക്തികൾക്ക് ചന്ദനം ഉൾപ്പെടെയുള്ള മരങ്ങൾ നട്ടുവളർത്തുന്നതിന് തൈകൾ നൽകിവരുന്നുണ്ട്. ഇതിനായി വനം വകുപ്പും സ്വകാര്യ വ്യക്തികളും തമ്മിൽ ഉടമ്പടിവയ്ക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചന്ദനം നട്ടുവളർത്തി 15 വർഷങ്ങൾക്കുശേഷം ഇവ വനം വകുപ്പിലേക്ക് ഏറ്റെടുത്ത് നിയമാനുസരണം വില്പന നടത്തി ഉടമസ്ഥർക്ക് അർഹമായ തുക നൽകുന്നതാണ് ഈ പദ്ധതി.

(ബി) സ്വകാര്യ വ്യക്തികളിൽ നിന്നും ഇപ്രകാരം സ്വീകരിക്കുന്ന ചന്ദനത്തടികൾ ഏത് രീതിയിലാണ് വിനിയോഗിക്കുന്നത്; ലേല നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഉടമസ്ഥർക്ക് ലഭിക്കുന്ന തുക എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

സ്വകാര്യ വ്യക്തികളിൽ നിന്നും The Kerala Forest (Restriction on cutting and selling of sandal trees and Grant of License for Possession and Transport of Sandalwood and Sandal oil) Rules 2012-ലെ ചട്ടങ്ങൾ പ്രകാരം ശേഖരിക്കുന്ന ചന്ദനത്തടികൾ സർക്കാർ അംഗീകൃത ചന്ദന ഡിപ്പോയിലെത്തിച്ച് ഓൺലൈനായി പൊതുലേലം വഴി വിറ്റഴിക്കുകയാണ് ചെയ്യുന്നത്. നിലവിൽ മറയൂർ ചന്ദന ഡിപ്പോയിൽ ചന്ദനത്തടികൾ ചെത്തിയൊരുക്കി, ക്ലാസിഫൈ

ചെയ്ത് ലോട്ടുകളാക്കി ഓൺലൈൻ ലേലം മുഖേന വിറ്റഴിക്കുന്നു. ടി ചട്ടത്തിലെ ചട്ടം 5 (g) പ്രകാരം ചന്ദനത്തിന്റെ വില്പന വിലയിൽ നിന്നും ചന്ദനം മുറിക്കുന്നതിനും കടത്തുന്നതിനും തൊലി ചെത്തി ഒരുക്കി വൃത്തിയാക്കി ലേലം ചെയ്യുന്നതിനും ചെലവാകുന്ന തുകയും നിയമാനുസൃത നികുതികളും കിഴിച്ച് ബാക്കി മുഴുവൻ തുകയും ഉടമസ്ഥന് നൽകിവരുന്നു.

(സി) സ്വന്തം ഭൂമിയിലെ ചന്ദനമരങ്ങൾ വെട്ടി വനം വകുപ്പിന് കൈമാറിയവർക്ക് 2021 മുതൽ നാളിതുവരെ പണം നൽകിയിട്ടില്ലെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇപ്രകാരം എത്രപേർക്ക് പണം നൽകാനുണ്ട്; പ്രസ്തുത തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

2021 മുതൽ നാളിതുവരെ സ്വകാര്യഭൂമിയിലെ ചന്ദനമരങ്ങൾ ശേഖരിച്ച ഇനത്തിൽ 77 പേർക്ക് പണം നൽകാനുണ്ട്. ഇത്തരത്തിൽ ശേഖരിച്ച് വില്പന നടത്തുന്ന തടികളുടെ വില ഫണ്ടിന്റെ ലഭ്യതയനുസരിച്ചാണ് വ്യക്തികൾക്ക് നൽകിവരുന്നത്. ടി വ്യക്തികൾക്ക് പ്രസ്തുത തുക നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**വനംവകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ ലഭിച്ചിട്ടുള്ള പരാതികൾ**

161 (1012) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ നാളിതുവരെ വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ കസ്റ്റഡി മർദനവും മറ്റ് ശാരീരിക മാനസിക പീഡനങ്ങളും സംബന്ധിച്ച് ലഭിച്ചിട്ടുള്ള പരാതികൾ എത്രയാണെന്ന് വർഷവും പരാതിയുടെ ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

മുൻ സർക്കാരിന്റെയും നിലവിലുള്ള സർക്കാരിന്റെയും കാലയളവിൽ നാളിതുവരെ വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ കസ്റ്റഡി മർദനവും മറ്റ് ശാരീരിക മാനസിക പീഡനങ്ങളും സംബന്ധിച്ച് ലഭിച്ചിട്ടുള്ള പരാതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം | പരാതിയുടെ ഇനം |
|---|---|---|
| 2017 | 1 | മാനസിക പീഡനം |
| 2019 | 2 | കസ്റ്റഡി മർദനം |
| 2020 | 2 | ശാരീരിക പീഡനം |
| 2022 | 2 | കസ്റ്റഡി മർദനം |
| 2023 | 1 | കസ്റ്റഡി മർദനം |
| 2024 | 6 | കസ്റ്റഡി മർദനം |

| | | |
|---|---|---|
| 2025 | 6 | കസ്റ്റഡി മർദനം |
| | 1 | മാനസിക പീഡനം |

(ബി) ഇക്കാലയളവിൽ വനംവകുപ്പ് ഉദ്യോഗസ്ഥരുടെ കസ്റ്റഡിയിലിരിക്കെ മരണപ്പെട്ട സംഭവങ്ങൾ എത്ര എണ്ണമാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2020 വർഷത്തിൽ റാന്നി ഡിവിഷനിൽ തെളിവെടുപ്പിനിടെ കിണറ്റിൽ വീണ് ഒരാൾ മരണപ്പെട്ടു.

(സി) കസ്റ്റഡി മരണം, കസ്റ്റഡി പീഡനം എന്നിവയുമായി ബന്ധപ്പെട്ട പരാതികളിൽ നാളിതുവരെ നടപടി പൂർത്തിയാക്കിയിട്ടുള്ള കേസുകളുടെ എണ്ണം എത്രയാണെന്ന് വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

കസ്റ്റഡി മരണം, കസ്റ്റഡി പീഡനം എന്നിവയുമായി ബന്ധപ്പെട്ട പരാതികളിൽ 2022-ലെ 2 പരാതികളിലും 2024-ലെ ഒരു പരാതിയിലും 2025-ലെ 4 പരാതികളിലും നടപടി പൂർത്തീകരിച്ചിട്ടുള്ളതാണ്. 8 പരാതികൾ വ്യാജമാണെന്ന് കണ്ടെത്തിയിട്ടുള്ളതാണ്. ഒരു പരാതി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലും മറ്റ് പരാതികളിൽ അന്വേഷണം നടന്നുവരികയുമാണ്.

(ഡി) ഇക്കാലയളവിൽ ഇപ്രകാരമുള്ള കേസുകളിൽ ഉൾപ്പെട്ട കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ; ശിക്ഷാ നടപടികളുടെ ഭാഗമായി എത്ര ഉദ്യോഗസ്ഥരെ സർവീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

2020 വർഷത്തിൽ തെളിവെടുപ്പിനിടെ കിണറ്റിൽ വീണ് മരണപ്പെട്ട കേസിൽ തിരുവനന്തപുരം സി.ബി.ഐ. കോടതിയിൽ വിചാരണ നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. 2022-ൽ ലഭിച്ച ഒരു പരാതിയുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. മറ്റ് കേസുകളിൽ അന്വേഷണം പൂർത്തിയാക്കുന്ന മുറയ്ക്ക് നിയമാനുസൃതം തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ആരെയും സർവീസിൽ നിന്ന് നാളിതുവരെ നീക്കം ചെയ്തിട്ടില്ല.

**വണ്ടൂർ മണ്ഡലത്തിൽ വനം വകുപ്പ് നടപ്പാക്കിയ പ്രവൃത്തികൾ**

162 (1013) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിലെ വന്യജീവി ശല്യം പരിഹരിക്കുന്നതിനായി നടപ്പാക്കിയ വിവിധ പ്രവൃത്തികളുടെ

വിശദവിവരം ലഭ്യമാക്കാമോ?

2016 മേയ് മാസം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ മനുഷ്യ – വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി നടപ്പാക്കിയ വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഈ സാമ്പത്തിക വർഷം നടപ്പാക്കുന്ന ചിങ്കകല്ല് ഉന്നതിയിലെ സൗരോർജ തൂക്കുവേലി നിർമ്മാണ പ്രവൃത്തികളും മിഷൻ ഫെൻസിങ് പദ്ധതി പ്രകാരം നിലവിലുള്ള സൗരോർജ വേലികളുടെ പരിപാലനവും പുരോഗമിച്ചുവരുന്നു.

**വനം-വന്യജീവി വകുപ്പ് കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

163 (1014) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ വനം വന്യജീവി വകുപ്പിന് കീഴിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ വനം വകുപ്പ് നടപ്പാക്കിയ പ്രവൃത്തികൾ**

164 (1015) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനം വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനം വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശവും ഉത്തരവുകളുടെ പകർപ്പും അനുബന്ധങ്ങളായി ചേർക്കുന്നു.+ കൂടാതെ വൃക്ഷസമൃദ്ധി പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷം മുതൽ 2024-25 സാമ്പത്തിക വർഷം വരെ 40941 വൃക്ഷ തൈകൾ MGNREGS പദ്ധതി പ്രകാരം വനം വകുപ്പിന്റെ സാങ്കേതിക ഉപദേശത്തോടെ മാടപ്പള്ളി ബ്ലോക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പഞ്ചായത്തിൽ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

**വനത്തിനുള്ളിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ**

165 (1016) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാനകൾ കാടിറങ്ങുന്നതിന് പിന്നിൽ വനത്തിനുള്ളിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളാണെന്ന് വനം വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ചാണ് റിപ്പോർട്ടിൽ പരാമർശമുള്ളത്; പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) കാട്ടാനകൾ കാടിറങ്ങുന്നതിന് പിന്നിൽ വനത്തിനുള്ളിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളാണെന്ന് വനം വകുപ്പ് റിപ്പോർട്ട് നൽകിയിട്ടില്ല.

**വനം കരാറുകാരുടെ കുടിശ്ശിക**

166 (1017) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന്

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വനം കരാറുകാരുടെ കുടിശ്ശിക ലഭിക്കാത്തതുമൂലം കോൺട്രാക്ടർമാരും അതുമൂലം കരാർ പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളും പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രതിസന്ധി സമയബന്ധിതമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വനം വകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് വിവിധ കരാറുകാർക്ക് കുടിശ്ശിക ഇനത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ 63.66 കോടി രൂപ നൽകാനുണ്ടായിരുന്നതിൽ 2025-26 സാമ്പത്തിക വർഷത്തിൽ 47.83 കോടി രൂപ കൊടുത്തുതീർത്തിട്ടുള്ളതാണ്. നിലവിൽ 2025-26 സാമ്പത്തിക വർഷത്തെ ഉൾപ്പെടെ 28.21 കോടി രൂപ കുടിശ്ശിക ഇനത്തിൽ നൽകാനുള്ളത് അടിയന്തരമായി കൊടുത്ത് തീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**അധിനിവേശ സസ്യങ്ങൾ**

167 (1018) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധിനിവേശ സസ്യങ്ങളായ സെന്ന, യൂക്കാലി, ഗ്രാന്റിസ് തുടങ്ങിയവ

വനത്തിനുള്ളിൽ നട്ടുപിടിപ്പിച്ചത് വനത്തിലെ സ്വാഭാവിക ആവാസ വ്യവസ്ഥ നഷ്ടപ്പെടുന്നതിനും വന്യമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങുന്നതിനും കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം സസ്യങ്ങളെ നീക്കം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

അധിനിവേശ സസ്യങ്ങളായ സെന്ന, യൂക്കാലി, ഗ്രാന്റിസ് തുടങ്ങിയവ വനത്തിനുള്ളിൽ നട്ടുപിടിപ്പിച്ചത് വനത്തിലെ സ്വാഭാവിക ആവാസ വ്യവസ്ഥ നഷ്ടപ്പെടുന്നതിനും വന്യമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങുന്നതിനും ഒരു പരിധിവരെ കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ട്. 17-12-2021-ലെ സ.ഉ.(കൈ) നമ്പർ 29/2021/വനം പ്രകാരം കേരളത്തിലെ വന പ്രദേശങ്ങളിലുള്ള വിദേശയിനം വൃക്ഷങ്ങളായ സെന്ന, യൂക്കാലി ഗ്രാന്റിസ് തുടങ്ങിയവ നീക്കം ചെയ്ത് അതത് സ്ഥലത്തിന് അനുയോജ്യമായ തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഇത്തരം സസ്യങ്ങളെ പൂർണ്ണമായും നീക്കം ചെയ്യുന്ന രീതിയിലുള്ള നടപടിയാണോ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിനായി നാളിതുവരെ ഏതൊക്കെ വനമേഖലകളിൽ എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നതിന്റെ വിശദാംശം നൽകുമോ?

ഇത്തരം സസ്യങ്ങളെ പൂർണ്ണമായും നീക്കം ചെയ്യുന്ന രീതിയിലുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. 17-12-2021-ലെ സ.ഉ.(കൈ) നമ്പർ 29/2021/വനം പ്രകാരം ഇത്തരം സസ്യങ്ങളെ ഘട്ടംഘട്ടമായി നീക്കം ചെയ്ത് 20 വർഷംകൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി നാളിതുവരെ വിവിധ വനമേഖലകളിൽ 3027.33 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു.+

(സി) മേല്പറഞ്ഞ സസ്യങ്ങളെ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തികൾക്കായി വൻതുക ചെലവഴിച്ചതിനുശേഷവും ഇത്തരം വനമേഖലകളിൽ അധിനിവേശ സസ്യങ്ങൾ വളരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി നടപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചതായി വിലയിരുത്തുന്നുണ്ടോ; വിശദവിവരം നൽകുമോ?

വിദേശയിനം സസ്യങ്ങൾ നീക്കം ചെയ്ത് ഇക്കോ-റെസ്റ്റോറേഷൻ പൂർത്തിയാക്കിയ സ്ഥലങ്ങളിൽ വിദേശ സസ്യങ്ങൾ വലിയ തോതിൽ പുനർജീവിച്ച് വരുന്നതായി കണ്ടെത്തിയിട്ടില്ല. ടി പദ്ധതി നടപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചതായി വിലയിരുത്തപ്പെട്ടിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വനം കുറ്റകൃത്യങ്ങളിലെ പുനരന്വേഷണം**

168 (1019) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം കുറ്റകൃത്യങ്ങൾ അന്വേഷിക്കാനും കുറ്റപത്രം നൽകാനും റെയ്ഞ്ച് ഓഫീസർമാർക്ക് അധികാരം നൽകുന്ന ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ മുമ്പ് കോടതിയിൽ തള്ളിപ്പോയ കേസുകളിൽ അപ്പീൽ നൽകി അന്വേഷണം നടത്തുന്നതിന് വനംവകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരമുള്ള എത്ര കേസുകളിലാണ് അപ്പീൽ നൽകാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

തീരുമാനിച്ചിട്ടുണ്ട്. ആകെ 21 കേസുകൾ ഉള്ളതിൽ ഒരു കേസിൽ അപ്പീൽ നൽകിയിട്ടുണ്ട്. ബാക്കി 20 കേസുകളിൽ അപ്പീൽ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹൈറേഞ്ച് സർക്കിളിൽ 4 കേസുകളും ഈസ്റ്റേൺ സർക്കിളിന് കീഴിൽ 9 കേസുകളും വൈൽഡ് ലൈഫ് കോട്ടയത്തിന് കീഴിൽ 3 കേസുകളും നോർത്തേൺ സർക്കിളിൽ 4 കേസുകളിലുമാണ് അപ്പീൽ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്.

(ബി) അന്വേഷണ ഉദ്യോഗസ്ഥന് അധികാരമില്ലെന്ന കാരണത്താൽ 2017

മുതൽ നാളിതുവരെ വനം വകുപ്പിന്റെ എത്ര കേസുകൾ കോടതിയിൽ തള്ളിപ്പോയിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദവിവരം നൽകുമോ?

അന്വേഷണ ഉദ്യോഗസ്ഥന് അധികാരമില്ലെന്ന കാരണത്താൽ 2017 മുതൽ നാളിതുവരെ 34 കേസുകളാണ് തള്ളിപ്പോയിട്ടുള്ളത്. ഹൈറേഞ്ച് സർക്കിളിൽ 4 കേസുകളും സെൻട്രൽ സർക്കിളിൽ 17 കേസുകളും ഈസ്റ്റേൺ സർക്കിളിൽ 9 കേസുകളും വൈൽഡ് ലൈഫ് കോട്ടയത്തിന് കീഴിൽ 3 കേസുകളും നോർത്തേൺ സർക്കിളിൽ ഒരു കേസുമാണ് ഇപ്രകാരം തള്ളിപ്പോയിട്ടുള്ളത്.

(സി) മേല്പറഞ്ഞ എല്ലാ കേസുകളിലും അപ്പീൽ നൽകി പുനർ അന്വേഷണം നടത്താൻ തയ്യാറാകുമോ; വിശദാംശം നൽകുമോ?

നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**എരിഞ്ഞിപ്പുഴ ചെക്ക്ഡാം പദ്ധതി**

169 (1020) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തിൽ നവകേരള സദസ്സിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന എരിഞ്ഞിപ്പുഴ ചെക്ക്ഡാം പദ്ധതിക്ക് വനം വകുപ്പിന്റെ എൻ.ഒ.സി.

ലഭ്യമാക്കുന്ന നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് വനംവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ & ബി) കാസർഗോഡ് ജില്ലയിൽ മൂളിയാർ ഗ്രാമപഞ്ചായത്ത് എരിഞ്ഞിപ്പുഴയിൽ ചെക്ക്ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് 0.359 ഹെക്ടർ വനഭൂമി വിട്ടുനൽകുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇറിഗേഷൻ ഡിവിഷൻ കാസർഗോഡ് 21-06-2025-ലെ FP/KL/HYD/IRRG/523669/ 2025 നമ്പർ പ്രകാരം പ്രൊപ്പോസൽ പരിവേഷ് പോർട്ടലിൽ സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കാസർഗോഡും നോഡൽ ഓഫീസറും ശിപാർശ ചെയ്തതിനെ തുടർന്ന് സ്റ്റേജ് 1 അനുമതിക്കായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

**യൂക്കാലിത്തോട്ടം വിപുലനയിലെ കരാർ ലംഘനം**

170 (1021) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വികസന കോർപ്പറേഷൻ തിരുവനന്തപുരം ഡിവിഷനിലെ അരിപ്പ യൂണിറ്റിൽ യൂക്കാലിത്തോട്ടം വിപുലനയിൽ കരാർ ലംഘനം

ഉണ്ടായതിലൂടെ കോർപ്പറേഷന് നഷ്ടമുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

തിരുവനന്തപുരം ഡിവിഷനിലെ അരിപ്പ സബ്യൂണിറ്റിലെ താഴെപ്പറയുന്ന തോട്ടങ്ങളിൽനിന്നും യൂക്കാലി/അക്കേഷ്യ/മറ്റ പലവിധ മരങ്ങൾ വെട്ടിശേഖരിച്ച് നീക്കം ചെയ്യുന്നതിനായി 2023-24 വർഷം MSTC മുഖേന നടത്തിയ ഇ-ലേലത്തിലൂടെ ശ്രീ. വി. ചന്ദ്രൻ, ചിത്ര എന്റർപ്രൈസസ്, പാങ്ങോട് P.O., പിൻ-695609 എന്ന വ്യക്തിയുടെ പേരിൽ താഴെപ്പറയുന്ന 2 തോട്ടങ്ങളുടെ വില്പന സ്ഥിരീകരിച്ച് നൽകുകയും ടിയാൾ തിരുവനന്തപുരം ഡിവിഷണൽ മാനേജരുമായി കരാർ ഒപ്പുവച്ചിട്ടുള്ളതുമാകുന്നു.

തോട്ടം(1)- അരിപ്പ Block X/6p, IX/10, V/4p 2013 യൂക്കാലിപ്റ്റസ് പെല്ലിറ്റ (8.474 Ha)

തോട്ടം(2)- അരിപ്പ Block VIII/7- 2007 യൂക്കാലിപ്റ്റസ് ഹൈബ്രിഡ് (12.75 Ha)

യഥാർഥ കരാർ കാലാവധിക്കുള്ളിൽ തോട്ടത്തിലെ പണികൾ പൂർത്തിയാക്കാതിരുന്നതിനാൽ മേൽ രണ്ട് കരാറുകളുടെയും കാലാവധി നിരവധി തവണ നീട്ടിനൽകിയിരുന്നു. അവയുടെ വിശദവിവരം അനുബന്ധമായി

ചേർക്കുന്നു.+

മേൽ കാലയളവിനുള്ളിൽ കരാറുകാരൻ തോട്ടത്തിലെ ജോലികൾ പൂർത്തിയാക്കുകയോ കരാർവ്യവസ്ഥ 27 പ്രകാരം തോട്ടം തിരികെ കൈമാറുകയോ ചെയ്തിരുന്നില്ല. കരാർ കാലാവധി അവസാനിച്ചമുറയ്ക്ക് തയ്യാറാക്കിയ മഹസർ പ്രകാരമുള്ള തോട്ടത്തിന്റെ നിൽപ് അവസ്ഥ സംബന്ധിച്ച് ഡിവിഷണൽ മാനേജർ 20-12-2024, 09-01-2025, 22-04-2025, 28-05-2025 തീയതികളിലായി റിപ്പോർട്ട് ചെയ്തത് അനുബന്ധമായി ചേർക്കുന്നു.+

മേൽ രണ്ട് തോട്ടങ്ങളിൽ ലേലത്തുകയും അനുബന്ധ നികുതികളും ഉൾപ്പെടെ കരാറുകാരൻ കോർപ്പറേഷനിൽ ഒടുക്കേണ്ട വില്പന മൂല്യത്തിന്റെ സിംഹഭാഗം ഇനിയും ഒടുക്കാനുണ്ടെന്നും ബാക്കി അടയ്ക്കേണ്ട തുകയ്ക്ക് തുല്യമായ മരങ്ങൾ തോട്ടത്തിൽ അവശേഷിക്കുന്നില്ലെന്നും വ്യക്തമാകുന്നു. മേൽ സാഹചര്യത്തിൽ പ്രസ്തുത തോട്ടങ്ങളുടെ എക്സ്ട്രാക്ഷനുമായി ബന്ധപ്പെട്ട് കരാറുകാരന്റെ ഭാഗത്തുനിന്നും കരാർ ലംഘനം നടന്നതായി വ്യക്തമാകുന്നു. കരാർ വ്യവസ്ഥ പ്രകാരം വില്പന മൂല്യം ഒടുക്കുന്നതിനും പണികൾ പൂർത്തിയാക്കി തോട്ടം തിരികെ നൽകുന്നതിനും വീഴ്ച വരുത്തിയതിന് വ്യക്തമായ കാരണങ്ങൾ ഉണ്ടെങ്കിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആയത് ബോധിപ്പിക്കുന്നതിനായി അവസരങ്ങൾ നൽകിക്കൊണ്ട് ഡിവിഷണൽ മാനേജരും മാനേജിങ് ഡയറക്ടറും കരാറുകാരന് പലതവണ നോട്ടീസുകൾ നൽകിയെങ്കിലും അവസാന നോട്ടീസിന് മാത്രമാണ് കരാറുകാരൻ പ്രതികരിച്ചത്. ടി മറുപടിയിൽ വ്യക്തമായ ഒരു കാരണവും നൽകിയതുമില്ല.

ആയതിനാൽ ലേലവ്യവസ്ഥ (27) പ്രകാരം കരാർ ലംഘനം നടത്തിയ കരാറുകാരനായ ശ്രീ. വി. ചന്ദ്രൻ, ചിത്ര എന്റർപ്രൈസസിനെ കരിമ്പട്ടികയിൽപ്പെടുത്തി ഉത്തരവായിട്ടുള്ളതാകുന്നു. ക്രമക്കേടുകൾ നടന്നതായി പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ട സാഹചര്യത്തിൽ അന്വേഷണം പോലീസ് വിജിലൻസ് മുഖാന്തരം നടത്തുന്നതിനായി ഫയൽ ആഭ്യന്തര (വിജിലൻസ്) വകുപ്പിന് കൈമാറിയിട്ടുണ്ട്.

(ബി) ഏതൊക്കെ ഇനത്തിൽ എത്ര രൂപയുടെ നഷ്ടമുണ്ടായതായാണ് കണ്ടെത്തിയിട്ടുള്ളത്; കരാർ നൽകിയത് ആർക്കാണെന്ന് വ്യക്തമാക്കുമോ; കരാറുകാരനെതിരെയും ഉത്തരവാദികളായവർക്കെതിരെയും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം ഡിവിഷനിലെ അരിപ്പ സബ് യൂണിറ്റിലെ അരിപ്പ Block X/6p, IX/10, V/4p-2013 യൂക്കാലിപ്റ്റസ് പെല്ലിറ്റ (8.474 Ha), Block VIII/7 –2007

യൂക്കാലിപ്റ്റസ് ഹൈബ്രിഡ് (12.75 Ha) എന്നീ തോട്ടങ്ങളുടെ എക്സ്ട്രാക്ഷനുമായി ബന്ധപ്പെട്ട് കരാറുകാരന്റെ ഭാഗത്തുനിന്നും കരാർ ലംഘനം നടന്നതായി പ്രഥമദൃഷ്ട്യാ വ്യക്തമായിട്ടുണ്ട്. ആയതിനാൽ ലേല വ്യവസ്ഥകൾ പ്രകാരം കരാറുകാരനായ ശ്രീ. വി. ചന്ദ്രൻ, ചിത്ര എന്റർപ്രൈസസ്, പാങ്ങോട് പി.ഒ. തിരുവനന്തപുരത്തിനെ കരിമ്പട്ടികയിൽപ്പെടുത്തി ഉത്തരവായിട്ടുള്ളതാകുന്നു. ക്രമക്കേടുകൾ നടന്നതായി പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ട സാഹചര്യത്തിൽ അന്വേഷണം പോലീസ് വിജിലൻസ് മുഖാന്തരം നടത്തുന്നതിനായി ഫയൽ ആഭ്യന്തര (വിജിലൻസ്) വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത അന്വേഷണം പൂർത്തിയായി റിപ്പോർട്ട് ലഭിച്ച് കഴിഞ്ഞാൽ മാത്രമെ പ്രസ്തുത തോട്ടങ്ങളുടെ വില്പനയുമായി ബന്ധപ്പെട്ട് കോർപ്പറേഷനുണ്ടായ നഷ്ടം തിട്ടപ്പെടുത്താൻ സാധിക്കൂ.

(സി) കരാറിന് വിരുദ്ധമായി കൂടുതൽ തടിവെട്ടി കടത്തിക്കൊണ്ട് പോയത് തടയുന്ന കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് കൃത്യവിലോപം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; കടത്തിക്കൊണ്ടുപോയ തടി പിടിച്ചെടുക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പ്രസ്തുത തോട്ടങ്ങളുടെ എക്സ്ട്രാക്ഷനുമായി ബന്ധപ്പെട്ട് കരാർ ലംഘനം നടന്നതായി പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ട സാഹചര്യത്തിൽ, അന്വേഷണം പോലീസ് വിജിലൻസ് മുഖാന്തരം നടത്തുന്നതിനായി ഫയൽ ആഭ്യന്തര (വിജിലൻസ്) വകുപ്പിന് കൈമാറിയിട്ടുണ്ട്. അന്വേഷണം പൂർത്തിയായി റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ മാത്രമെ പ്രസ്തുത തോട്ടങ്ങളുടെ വില്പനയുമായി ബന്ധപ്പെട്ട് കോർപ്പറേഷനുണ്ടായ നഷ്ടം തിട്ടപ്പെടുത്താൻ സാധിക്കൂ.

**ജണ്ട നിർമ്മാണത്തിൽ ക്രമക്കേടുകൾ നടത്തിയവർക്കെതിരെ നടപടി**

171 (1022) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയുടെ അതിരുകൾ നിർണ്ണയിക്കുന്നതിനുള്ള ജണ്ട നിർമ്മാണത്തിൽ കോടിക്കണക്കിന് രൂപയുടെ ക്രമക്കേടുകൾ നടന്നതായുള്ള ദക്ഷിണ മേഖലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ ഗൗരവത്തോടെ കാണുന്നുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ

28-03-2025-ലെ റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

(ബി) റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിന് കാരണം വ്യക്തമാക്കുമോ?

കൊല്ലം സതേൺ സർക്കിൾ, ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2019-20, 2020-21 കാലയളവിൽ പാലോട് റെയ്ഞ്ചിൽ നിർമ്മിച്ചതും അപാകതകൾ കണ്ടെത്തിയതുമായ ജണ്ടകളുടെ നിർമ്മാണ മേൽനോട്ടം നിർവഹിക്കുകയും അവയുടെ അളവുകൾ പരിശോധിച്ച് എം.ബുക്കിൽ രേഖപ്പെടുത്തുകയും സാക്ഷ്യപ്പെടുത്തി ബില്ല് തയ്യാറാക്കി പാസ്സാക്കുന്നതിനായി നൽകിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഓരോ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ട ആനുപാതിക വിഹിതം തിട്ടപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫോറസ്റ്റ് കൺസർവേറ്ററിന് നിർദേശം നൽകിയിട്ടുണ്ട്.

**വനഭൂമിക്ക് സമീപത്തുള്ള സ്വകാര്യ പട്ടയഭൂമിയിലെ ഫാമുകൾ**

172 (1023) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടകരമായ വന്യജീവികൾ ഇല്ലാത്തതും വനഭൂമിയിൽ ലീസിന് നൽകിയിരിക്കുന്ന അക്കേഷ്യ, യൂക്കാലി, ആഞ്ഞിലി, ഓയിൽ പാം മുതലായ പ്ലാന്റേഷനുകൾക്ക് അകത്തോ സമീപത്തോ വരുന്നതും വഴിസൗകര്യമുള്ളതും വൈദ്യുതി ലഭ്യമായതും ജനവാസയോഗ്യവുമായ സ്വകാര്യ പട്ടയഭൂമിയിൽ വളർത്ത് മൃഗങ്ങളെ പരിപാലിക്കുന്ന ഫാമുകൾ നിർമ്മിക്കുന്നതിന് വനം വകുപ്പിന്റെ പ്രത്യേക അനുമതി വാങ്ങണമെന്ന് നിയമമുണ്ടോ; എങ്കിൽ ഈ അനുമതി നൽകുന്നതിനുള്ള അധികാരി ആരാണെന്നും ഇതിനായുള്ള നിയമം ഏതാണെന്നും വ്യക്തമാക്കാമോ?

ലീസിന് നൽകിയിട്ടുള്ള വനഭൂമിയിൽ പാട്ടകരാറിൽ പറഞ്ഞിരിക്കുന്ന പ്രവൃത്തികൾ മാത്രമെ ചെയ്യാൻ അനുവാദമുള്ളൂ. വനഭൂമി പാട്ടത്തിന് നൽകുമ്പോൾ പാട്ടവ്യവസ്ഥ പ്രകാരമുള്ള കാര്യങ്ങളെ ചെയ്യാൻ പാടുള്ളൂ. മാത്രമല്ല വനഭൂമി എന്ന സ്റ്റാറ്റസ് മാറുന്നില്ല. പട്ടയം നൽകുമ്പോഴും പട്ടയവ്യവസ്ഥ പ്രകാരം മാത്രമെ ഭൂമി

ഉപയോഗിക്കാൻ നിർവാഹമുള്ള.

(ബി) വനഭ്രമികൾക്ക് സമീപത്തുള്ള സ്വകാര്യ പട്ടയ ഭൂമികളിൽ വളർത്തുമൃഗ ഫാമുകൾ നടത്തുന്നതിന് ദൂരപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കാമോ; അതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

വനഭ്രമിക്ക് സമീപത്തുള്ള സ്വകാര്യ പട്ടയ ഭ്രമിയിൽ വളർത്തുമൃഗ ഫാമുകൾ നടത്തുന്നതിന് ദൂരപരിധി നിശ്ചയിച്ചിട്ടില്ല.

(സി) വനഭ്രമിയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ പട്ടയഭ്രമിയിൽ ഫാമുകൾ നിർമ്മിക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് വനം വകുപ്പിന് ഈ വർഷം എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഈ അപേക്ഷകളിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വനഭ്രമിയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ പട്ടയഭ്രമിയിൽ ഫാമുകൾ നിർമ്മിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

(ഡി) അപകടകരമായ വന്യജീവികൾ ഇല്ലാത്ത വനഭ്രമിയുടെ സമീപത്തുള്ള സ്വകാര്യ പട്ടയ ഭ്രമികളിൽ വളർത്തുമൃഗ ഫാമുകൾ നിർമ്മിക്കുന്നത് വനം വകുപ്പ് പ്രോത്സാഹിപ്പിക്കുമോ; വ്യക്തമാക്കാമോ?

അപകടകരമായ വന്യജീവികൾ ഇല്ലാത്ത വനഭ്രമി എന്നത് തരം തിരിക്കുന്നത് പ്രായോഗികമല്ല. വന ഭ്രമിയുടെ സമീപ പ്രദേശങ്ങളിൽ ഇത്തരം ഫാമുകൾ നടത്തുന്നത് വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് ഇറങ്ങുന്നതിനും മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമാകുന്നതിനും കാരണമാകാം. ആയതിനാൽ ഇത്തരം പ്രവൃത്തികൾ നിരുത്സാഹപ്പെടുത്തുന്നത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് സഹായിക്കും.

**കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിന്റെ വികസനം**

173 (1024) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിന്റെ വികസനത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ അനുവദിച്ച പദ്ധതികളും വർഷവും അവയുടെ തുകയും സംബന്ധിച്ച വിവരങ്ങളും അവയുടെ നിലവിലെ സ്ഥിതിയും ഇനം തിരിച്ച് അറിയിക്കുമോ?

കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്താനായി കിഫ്ബി ധനസഹായത്തോടെ 105 കോടി രൂപയുടെ ഒരു പദ്ധതി 23-05-2017-ലെ സ.ഉ.(സാധാ) നമ്പർ 196/2017/വനം

വന്യജീവി എന്ന ഉത്തരവ് പ്രകാരം അനുവദിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിശദമായ പദ്ധതിരേഖയുടെ അടിസ്ഥാനത്തിൽ ഒന്നാംഘട്ടമായി 02-02-2019-ലെ ഉത്തരവ് പ്രകാരം കിഫ്ബിയിൽ നിന്നും 71.92 കോടി രൂപ അനുവദിച്ചു.

50 ആനകളെ പാർപ്പിക്കാനുള്ള സൗകര്യം, വെറ്ററിനറി ഹോസ്പിറ്റൽ, ജലവിതരണ സംവിധാനം, സബ് സ്റ്റേഷൻ ഉൾപ്പെടെ വൈദ്യുതി വിതരണവും ഖര-ദ്രവ മാലിന്യസംസ്കരണം, ഓഫീസ് സമുച്ചയം, ക്വാർട്ടേഴ്സുകൾ, റിസപ്ഷൻ കേന്ദ്രം, പാർക്കിങ് സൗകര്യം, കുട്ടിയാനകളുടെ പരിചരണ കേന്ദ്രം, കഫ്റ്റീരിയ, ആനപാപ്പാന്മാർക്കുള്ള താമസസൗകര്യം, പാർക്കിനകത്തെ റോഡുകളുടെ നവീകരണം, ആന മ്യൂസിയം, ആനയൂട്ട് കേന്ദ്രം, ആനയ്ക്കുള്ള ഭക്ഷണശാല എന്നിവ ഉൾപ്പെടയുള്ള സൗകര്യങ്ങളാണ് വിഭാവനം ചെയ്തിരുന്നത്. 2020-ൽ പദ്ധതി തുക 79.06 കോടി രൂപയായും 2024-ൽ പദ്ധതി തുക 82.38 കോടി രൂപയായും കിഫ്ബി വർധിപ്പിച്ചു. മേൽ എല്ലാ സൗകര്യങ്ങളും പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ 11-10-2024-ൽ പദ്ധതി കമ്മീഷൻ ചെയ്തു.

ഈ കാലഘട്ടത്തിൽ ആനപുനരധിവാസ കേന്ദ്രത്തിന്റെ നടത്തിപ്പിനായി സംസ്ഥാന ബജറ്റിൽ നിന്നും അനുവദിച്ച തുകയുടെയും ചെലവാക്കിയ തുകയുടെയും

കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+ ആനകളുടെ ഭക്ഷണം, ചികിത്സ എന്നിവയ്ക്കാണ് പദ്ധതി വിഹിതം പ്രധാനമായും ചെലവഴിക്കുന്നത്.

**ആദിവാസി യുവാവിനെ വ്യാജ കാട്ടിറച്ചി കേസിൽ കുടുക്കി ജയിലിൽ അടച്ച സംഭവം**

174 (1025) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സരുൺ സജി എന്ന ആദിവാസി യുവാവിനെ വ്യാജ കാട്ടിറച്ചി കേസിൽ കുടുക്കി ജയിലിൽ അടച്ച സംഭവത്തിൽ വനംവകുപ്പ് വിജിലൻസ് ആൻഡ് ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വിജിലൻസ് ആൻഡ് ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

1. മഹസർ തയ്യാറാക്കിയത് 20-09-2022-ൽ ആണെങ്കിലും 22-09-2022 എന്ന് തെറ്റായാണ് മഹസറിന്റെ ആരംഭത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. ടി മഹസർ തയ്യാറാക്കിയ (കൈപ്പട സാക്ഷി) സമയത്ത് സ്ഥലത്ത് ഡ്യൂട്ടിയിൽ ഇല്ലാതിരുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർ ഷിജിരാജാണ് മഹസർ തയ്യാറാക്കിയത്.

3. ടി മഹസർ പ്രകാരം കസ്റ്റഡിയിലെടുത്ത കെ.എൽ. 37 ബി. 4817 നമ്പർ ഓട്ടോറിക്ഷ കിഴുകാനം ഭാഗത്തുനിന്ന് വളകോട് ഭാഗത്തേക്കാണോ വളകോട് നിന്നും കിഴുകാനം ഭാഗത്തേക്കാണോ എന്ന് വ്യക്തമാക്കിയിട്ടില്ല.

4. കാട്ടിറച്ചി എന്ന് മാത്രമാണ് മഹസറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ മഹസറിൽ സാമ്പിൾ എടുത്ത വിവരം രേഖപ്പെടുത്തുകയോ പ്രതിയുടെ സാന്നിധ്യത്തിൽ സാമ്പിൾ എടുക്കുകയോ ചെയ്തിട്ടില്ല.

5. പ്രതിയെ അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.

6. ഫോറം-1 റിപ്പോർട്ടിൽ വൈൽഡ് ലൈഫ് ആക്ടും ബന്ധപ്പെട്ട സെക്ഷനുകളും രേഖപ്പെടുത്തിയിട്ടില്ല. (ഫോറസ്റ്റ് ആക്ട് പ്രകാരം തയ്യാറാക്കുന്ന മഹസറിന്റെ ഫോം 1 പകർപ്പാണ് സമർപ്പിച്ചിരുന്നത്)

7. അറസ്റ്റ് ചെയ്യപ്പെട്ട സമയം പ്രതിയിൽനിന്നും കണ്ടെടുത്ത വസ്തുവകകളുടെ

വിവരങ്ങളടങ്ങിയ പ്രോപ്പർട്ടി ലിസ്റ്റ് തയ്യാറാക്കി നൽകിയിട്ടില്ല.

8. ടി കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് മഹസറിൽ ഉൾപ്പെട്ടിട്ടുള്ളവരുടെയും സെക്ഷൻ സ്റ്റാഫിന്റെയും ചെക്ക്പോസ്റ്റിൽ ഡ്യൂട്ടിയിലുണ്ടായിരുന്നവരുടെയും വാച്ചർമാരുടെയും മൊഴികൾ പരിശോധിച്ചതിൽ ടി മഹസറിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥലം, സമയം, ഇറച്ചി പിടിച്ചെടുത്ത വാഹനം കിഴക്കാനം ഭാഗത്തു നിന്നാണോ വളകോട് ഭാഗത്തു നിന്നാണോ വന്നത്, പ്രതിയുടെ അറസ്റ്റ് രേഖപ്പെടുത്തിയത് എപ്പോൾ എവിടെ വച്ച് തുടങ്ങിയ കാര്യങ്ങളിൽ വൈരുധ്യങ്ങളുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

9. ചെക്ക്പോസ്റ്റിൽ വാഹന രജിസ്റ്റർ പരിശോധിച്ചതിൽ 20-09-2022-ൽ കേസുമായി ബന്ധപ്പെട്ട് കസ്റ്റഡിയിലെടുത്ത ഓട്ടോറിക്ഷ ചെക്ക്പോസ്റ്റ് കടന്നുപോയ സമയത്തിൽ തിരുത്തൽ വരുത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ടി വാഹനം ചെക്ക്പോസ്റ്റിൽ പരിശോധിച്ചതായും കാണുന്നില്ല.

10. ടി മഹസർ തയ്യാറാക്കിയ അന്നേ ദിവസം നടത്തിയ തുടരന്വേഷണത്തിൽ കൂട്ടുപ്രതികളുടെ പുരയിടത്തിൽ നിന്നും കണ്ടെത്തിയ വെടിമരുന്നും അനുബന്ധ വസ്തുക്കളെയും സംബന്ധിച്ച് മഹസറോ റിപ്പോർട്ടോ തയ്യാറാക്കിയിട്ടില്ല.

11. ഫോറം I-ൽ കൂട്ടുപ്രതികളുടെ പേരോ, വിലാസമോ ഉൾപ്പെടുത്തിയിട്ടില്ല.

12. ടി കേസിന്റെ വിവരങ്ങൾ ഹോക്ക് മൊഡ്യൂളിൽ ചേർത്തിട്ടുള്ളതായി കാണുന്നില്ല.

13. വൻമാവ് ചെക്ക്പോസ്റ്റിൽ സൂക്ഷിച്ചിരിക്കുന്ന വാഹന പരിശോധനാ രജിസ്റ്ററിൽ 20-09-2022-ൽ കെ.എൽ. 37 ബി. 4817 നമ്പർ ഓട്ടോറിക്ഷ കടന്നുപോയ സമയം തിരുത്തിയിട്ടുള്ളതായി കാണുന്നു.

14. അറസ്റ്റ് ചെയ്യപ്പെട്ട സമയത്ത് പ്രതിയുടെ കൈവശം ഉണ്ടായിരുന്ന ബസ് യാത്രാടിക്കറ്റ് (രാവിലെ 6.30-ന് ശേഷമുള്ള വളകോട് നിന്നും ഈരാറ്റുപേട്ട ഭാഗത്തേക്കുള്ള കെ.എസ്.ആർ.ടി.സി.) ബന്ധുക്കളെ കാണിച്ചുവെങ്കിലും തിരികെ നൽകാൻ ഫോറസ്റ്റർ തയ്യാറായിട്ടില്ല.

റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.[+]

(ബി) ഉത്തരവാദികളായ വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; മേല്പറഞ്ഞ ഉദ്യോഗസ്ഥരെ പ്രോസിക്യൂഷൻ ചെയ്യുന്നതിന് അനുമതി നൽകുന്ന കാര്യത്തിൽ കാലതാമസം ഉണ്ടായതിന്റെ കാരണം വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ വിഷയത്തിൽ കൃത്യവിലോപം കാട്ടിയ ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും ടി ജീവനക്കാരെ വകുപ്പുതല അച്ചടക്ക നടപടിക്ക് വിധേയരാക്കുകയും ചെയ്തിട്ടുണ്ട്. പ്രോസിക്യൂഷൻ അനുമതി നൽകുന്ന വിഷയത്തിൽ നടപടിക്രമങ്ങൾ പാലിക്കേണ്ടതിനാൽ സ്വാഭാവികമായ കാലതാമസം മാത്രമാണ് ഉണ്ടായിട്ടുള്ളത്.

(സി) വ്യാജ കേസിൽ കുടുക്കി പീഡനത്തിനിരയായ ആദിവാസി യുവാവിന് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നഷ്ടപരിഹാരത്തിനായി ശ്രീ. സരുൺ സജി ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതും ആയത് നിലവിൽ കോടതിയുടെ പരിഗണനയിലുമാണ്.

**വിത്തുണ്ട പദ്ധതി**

175 (1026) ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾക്ക് വനത്തിൽ തന്നെ ഭക്ഷണമൊരുക്കുന്ന വനം

വകുപ്പിന്റെ വിത്തുണ്ട പദ്ധതിയുടെ പ്രവർത്തനം വിശദമാക്കാമോ?

വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ തന്നെ ഭക്ഷ്യ-ജല ലഭ്യത ഉറപ്പാക്കുന്നതിനായി വനം വകുപ്പ് രൂപകല്പന ചെയ്ത് നടപ്പാക്കിവരുന്ന മിഷൻ ഫുഡ്, ഫോഡർ, വാട്ടർ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായിട്ടാണ് നടപ്പ് വർഷം കാലവർഷത്തോട് അനുബന്ധിച്ച് "വിത്തുട്ട് പരിപാടി നടപ്പാക്കിയത്. തദ്ദേശീയ ഫലവൃക്ഷങ്ങളുടെയും മുള, പുല്ല് മുതലായ വന്യമൃഗങ്ങളുടെ പ്രധാന തീറ്റയായിട്ടുള്ള തദ്ദേശസസ്യങ്ങളുടെയും വിത്തുകളും മണ്ണും ചേർത്ത് മഴക്കാലത്തിനുമുമ്പ് തയ്യാറാക്കിയ "വിത്തുണ്ടകൾ" വനത്തിനുള്ളിൽ വിതറി മുളപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. സ്വാഭാവിക വിത്ത് വിതരണത്തേക്കാൾ കൂടുതൽ സ്ഥലത്തേക്ക് തദ്ദേശീയ ഫലവൃക്ഷങ്ങളും തീറ്റസസ്യങ്ങളും മുളപ്പിക്കാൻ ഇതുകൊണ്ട് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വർഷം അഞ്ച് ലക്ഷത്തിലധികം വിത്തുണ്ടകൾ തയ്യാറാക്കി വിതറുവാൻ ഈ പരിപാടിയിലൂടെ സാധിച്ചിട്ടുണ്ട്.

(ബി) വിത്തുണ്ട പദ്ധതി പൊതുജന പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

"വിത്തുട്ട്" പരിപാടി പൊതുജന പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന്

സ്കൂളുകൾ, കോളേജുകൾ, ക്ലബ്ബുകൾ, സന്നദ്ധ പ്രവർത്തകർ, ജനപ്രതിനിധികൾ, കലാസാംസ്കാരിക മേഖലയിലെ പ്രമുഖർ, യുവജന സംഘടനകൾ, വിവിധ സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ തുടങ്ങിയവരെ ക്ഷണിക്കുകയും സാമൂഹിക മാധ്യമങ്ങളിലൂടെയും പ്രാദേശിക മാധ്യമങ്ങളിലൂടെയും പ്രചരണം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിലൂടെ വിത്ത് ശേഖരിക്കുന്നതിലും അവ ഉപയോഗിച്ച് വിത്തുണ്ടകൾ തയ്യാറാക്കുന്നതിലും വനമേഖലയിൽ വിതരണം ചെയ്യുന്നതിലും പൊതുജന പങ്കാളിത്തം ലഭ്യമായിട്ടുണ്ട്.

(സി) ജനവാസ മേഖലയിലെ കൈതയുടെ മണം പിടിച്ച് നാട്ടിലെത്തുന്ന കാട്ടാനകളെ തടയുന്നതിന് വനം വകുപ്പ് വനാതിർത്തികളിലെ കൈതകൃഷി നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

വനത്തിന് പുറത്ത് ജനവാസമേഖലകളിലെ കൈതച്ചക്ക കൃഷി നിയന്ത്രിക്കുന്നതിന് വനം വകുപ്പ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ വിദഗ്ധരും വനയോരമേഖലയിലെ പരമ്പരാഗത കൃഷിക്കാരും വന്യമൃഗങ്ങളെ നാട്ടിലേക്ക് ആകർഷിക്കുന്ന തരത്തിലുള്ള കൃഷിരീതികൾ വനമേഖലയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ നിരുത്സാഹപ്പെടുത്തണമെന്ന നിർദേശം മുന്നോട്ടുവയ്ക്കുന്നുണ്ട്.

**തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയം**

176 (1027) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പക്ഷി സങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) തട്ടേക്കാട് പക്ഷി സങ്കേതത്തിലെ ജനവാസമേഖലയെ സങ്കേതത്തിൽനിന്നും ഒഴിവാക്കുന്നതിന് വേണ്ടിയുള്ള ശിപാർശ ദേശീയ വന്യജീവി ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ദേശീയ വന്യജീവി ബോർഡിന്റെ സ്റ്റാൻഡിങ് കമ്മിറ്റി രൂപീകരിച്ച സൈറ്റ് ഇൻസ്പെക്ഷൻ കമ്മിറ്റി സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും സംസ്ഥാന സർക്കാരിനോട് "Formulates appropriate guidelines and an action plan for the adoption of sustainable development practices in the Thattekkad human

settlement and the details of additional area to be included in the Sanctuary" തയ്യാറാക്കി സമർപ്പിക്കാൻ ദേശീയ വന്യജീവി ബോർഡ് നിർദേശം നൽകിയിട്ടുള്ളതുമാണ്. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**മണ്ണാർമല എന്ന പ്രദേശത്തെ പുലി സാന്നിധ്യം**

177 (1028) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ മണ്ണാർമല എന്ന പ്രദേശത്ത് നിരന്തരം പുലിയുടെ സാന്നിധ്യം വ്യക്തമായ സാഹചര്യത്തിൽ പ്രദേശത്തെ ജനങ്ങൾ അനുഭവിക്കുന്ന ആശങ്കയും ഭീതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഈസ്റ്റേൺ സർക്കിളിന് കീഴിലെ നിലമ്പൂർ സൗത്ത് ഡിവിഷനിലെ കാളികാവ് റെയ്ഞ്ച് പരിധിയിൽ വരുന്ന മണ്ണാർമല പ്രദേശത്ത് പുലിയുടെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രദേശവാസികൾക്ക് ജാഗ്രത നിർദേശം നൽകുകയും നിരന്തര നിരീക്ഷണവും രാത്രികാല പരിശോധനയും നടത്തിയിട്ടുണ്ട്.

(ബി) പ്രശ്നപരിഹാരത്തിന് വനം വകുപ്പ് എന്തെങ്കിലും നടപടികൾ

സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രദേശത്ത് നിരന്തരം പ്രത്യക്ഷപ്പെടുന്ന പുലിയെ പിടികൂടുന്നതിനും ജനങ്ങളുടെ ജീവന് സുരക്ഷ ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(ബി&സി) National Tiger Conservation Authority (NTCA)-യുടെ മാർഗനിർദേശങ്ങൾ പ്രകാരം ടി പ്രദേശത്ത് ക്യാമറകൾ സ്ഥാപിച്ച് പുലിയുടെ സാന്നിധ്യം സ്ഥിരീകരിച്ചിട്ടുള്ളതും ട്രാപ്പ് കേജുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. പ്രദേശവാസികൾക്ക് ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. കരുവാരക്കുണ്ട് ഫോറസ്റ്റ് സ്റ്റാഫിന്റെയും ആർ.ആർ.ടി.-യുടെയും വെട്ടത്തൂർ ഒ.പി. സ്റ്റാഫിന്റെയും നേതൃത്വത്തിൽ രാത്രികാല പരിശോധനയും നിരന്തര നിരീക്ഷണവും നടത്തിവരുന്നുണ്ട്.

**വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരം**

178 (1029) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന്

വിശദമാക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷം മൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകുന്നത് 1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് പ്രകാരമാണ്. ഇതിന്റെ ഭാഗമായുള്ള 05-04-2018-ലെ സ.ഉ.(കൈ)നം. 17/2018/വനം, 25-10-2022-ലെ സ.ഉ.(കൈ)നം.50/2022/വനം, 20-01-2024-ലെ സ.ഉ.(കൈ)നം.03/2024/വനം എന്നീ ഉത്തരവുകൾ പ്രകാരം മനുഷ്യ-വന്യജീവി സംഘർഷത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവർക്കും നിലവിൽ നഷ്ടപരിഹാരം നൽകിവരുന്നു. ടി ഉത്തരവുകൾ പ്രകാരം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10 ലക്ഷം രൂപയാണ് നൽകിവരുന്നത്. സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക, പരമാവധി ഒരു ലക്ഷം രൂപ വരെയും അനുവദിച്ചുവരുന്നു. പട്ടികവർഗക്കാരുടെ കാര്യത്തിൽ ചികിത്സാ ചെലവ് മുഴുവനായും അനുവദിച്ചുവരുന്നു. 08-01-2015-ലെ സ.ഉ.(കൈ)നം.02/2015/വനം പ്രകാരം കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നു.

09-05-2025-ലെ സ.ഉ.(സാധാ)നം.304/2025/DMD പ്രകാരം മനുഷ്യ-വന്യജീവി സംഘർഷ ബാധിതർക്കുള്ള നഷ്ടപരിഹാരം വിതരണം ചെയ്യുന്ന രീതിയും പാമ്പുകടി, തേനീച്ച/കടന്നൽ കുത്ത് എന്നിവമൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരത്തുകയും പരിഷ്കരിച്ചിട്ടുണ്ട്. വനത്തിന് പുറത്ത് പാമ്പുകടിയേറ്റോ തേനീച്ച/കടന്നൽ എന്നിവയുടെ കുത്തേറ്റോ സംഭവിക്കുന്ന ജീവഹാനിക്ക് നൽകുന്ന നഷ്ടപരിഹാരം നാല് ലക്ഷം രൂപയായി വർധിപ്പിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുകയാണ് നഷ്ടപരിഹാരമായി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

2021-22 മുതൽ 31-07-2025 വരെ നഷ്ടപരിഹാരയിനത്തിൽ നൽകിയിട്ടുള്ള തുക ഇനം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

**വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ സോളാർ ഫെൻസിങ് സ്ഥാപിക്കുന്നതിനുള്ള നടപടി**

179 (1030) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ രാഷ്ട്രീയ കൃഷി വികാസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

യോജന (ആർ.കെ.വി.വൈ.) പദ്ധതിയിലുൾപ്പെടുത്തി വനാതിർത്തികളിൽ സോളാർ ഫെൻസിങ് സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) സൗരോർജ വേലി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വാഴാനി ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി Rashriya Krishi Vikas Yojana (RKVY) പദ്ധതി പ്രകാരം വിവിധ വനാതിർത്തികളിലായി സൗരോർജ വേലി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം മച്ചാട് റെയ്ഞ്ചിലെ വാഴാനി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വലിയ തോട് മുതൽ കരുമത്ര വരെ മൂന്ന് കിലോമീറ്റർ, ചേപ്പിലക്കാട് മുതൽ പട്ടാണിക്കാട് വരെ 5.67 കിലോമീറ്റർ എന്നിവിടങ്ങളിലെ സോളാർ ഫെൻസിങ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. കുറ്റിക്കാട് മുതൽ മേലില്ലം വരെ പത്ത് കിലോമീറ്റർ സോളാർ ഫെൻസിങ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ കൃഷി വകുപ്പിന് തയ്യാറാക്കി നൽകിയിട്ടുണ്ട്. ആയത് അംഗീകരിച്ച് കൃഷി വകുപ്പിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന

മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സോളാർ ഫെൻസിങ് പദ്ധതി പൂർത്തിയാക്കിയ വനാതിർത്തികളിൽ സ്ഥാപിച്ച സൗരോർജ വേലിയുടെ സംരക്ഷണവും പരിപാലനവും ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ സോളാർ ഫെൻസിങ് സ്ഥാപിച്ചിട്ടുള്ള ഭാഗത്ത് കാട്ടുകല്ലുകൾ പാകി ഫെൻസിങ് സംരക്ഷിക്കുന്നതിനും അടിക്കാടുകൾ വെട്ടി തെളിക്കുന്നതിനും MGNREGS പദ്ധതി മുഖേന നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഫെൻസിങ് പൂർത്തിയാക്കിയ ചേപ്പിലക്കോട്, പട്ടാണിക്കാട് ഭാഗങ്ങളിൽ സോളാർ ഫെൻസിങ് പരിചരണത്തിനുവേണ്ടി ബെനിഫിഷ്യറി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

**കോതമംഗലം വനം ഡിവിഷനിലെ വന്യമൃഗശല്യം പ്രതിരോധിക്കുന്നതിനായി ഫെൻസിങ്ങിന്റെ നിർമ്മാണം**

180 (1031) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം വനം ഡിവിഷനുകീഴിൽ കീരംപാറ പഞ്ചായത്തിൽ വന്യമൃഗശല്യം പ്രതിരോധിക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള ഫെൻസിങ്ങിന്റെ

നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ;

(ബി) പ്രദേശത്ത് വന്യമൃഗശല്യം നിരന്തരമായി തുടരുന്ന സാഹചര്യത്തിൽ ഫെൻസിങ്ങിന്റെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) കോതമംഗലം ഡിവിഷനിലെ കീരംപാറ പഞ്ചായത്തിൽ പച്ചക്കുത്ത് ചേലമല മുതൽ കളപ്പാറ-വെളിയച്ചാൽ വരെയുള്ള ഭാഗത്തേക്ക് എട്ട് കി.മീ. സൗരോർജ തൂക്കുവേലി നബാർഡ് പദ്ധതിയിലുൾപ്പെടുത്തി KPHCC മുഖാന്തരം പ്രവൃത്തി ആരംഭിച്ച് മൂന്ന് കി.മീ. പൂർത്തീകരിച്ചിട്ടുള്ളതും അവശേഷിക്കുന്ന അഞ്ച് കിലോമീറ്റർ തൂക്കുവേലിയുടെ പ്രവൃത്തി പുരോഗമിച്ച് വരികയുമാണ്. ആയത് സമയബന്ധിതമായി പൂർത്തിയാക്കാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ ഫെൻസിങ് നിർമ്മാണം**

181 (1032) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ വനാതിർത്തിയിൽ വന്യജീവികളുടെ

ആക്രമണം തടയുന്നതിന് ഫെൻസിങ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കുരാച്ചുണ്ടിലെ ജനവാസമേഖലയിൽ വന്യജീവികൾ കടന്നുവരാതിരിക്കാൻ എത്ര കിലോമീറ്റർ ഫെൻസിങ് നിർമ്മിക്കണമെന്നാണ് സർക്കാർ കരുതുന്നത്; നബാർഡിൽ ഇതുസംബന്ധിച്ച പ്രൊപ്പോസൽ നിലവിലുണ്ടോ; വിശദമാക്കാമോ?

(എ&ബി) സ്വീകരിച്ചിട്ടുണ്ട്. കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ വനാതിർത്തിയിൽ ഒാട്ടപ്പാലം, കാളങ്ങാളി, മണ്ടോറപ്പാറ, മുപ്പതാംമൈൽ ഭാഗങ്ങളിൽ 20 കിലോമീറ്ററിൽ സോളാർ ഫെൻസിങ് സ്ഥാപിക്കുന്നതിന് ₹1,60,00,000/- (ഒരു കോടി അറുപതു ലക്ഷം രൂപ) യുടെ അടങ്കൽ തയ്യാറാക്കി RKVY സ്കീമിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പാക്കുന്നതിന് കൃഷി വകുപ്പുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പര്യാപ്തമായതിനാൽ കുരാച്ചുണ്ടിലെ ജനവാസമേഖലയിൽ പുതുതായി ഫെൻസിങ് നിർമ്മിക്കേണ്ട ആവശ്യം വരുന്നില്ല. നബാർഡിൽ ഇതുസംബന്ധിച്ച പ്രൊപ്പോസലുകളൊന്നും നിലവിലില്ല.

**അപകടകാരികളായ വന്യജീവികളെ കൊല്ലുന്നതിനുള്ള വ്യവസ്ഥകൾ**

182 (1033) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടകാരികളായ വന്യമൃഗങ്ങളെ കൊല്ലുന്നതിനുള്ള വ്യവസ്ഥകളിൽ എന്തൊക്കെ ഇളവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

അപകടകാരികളായ വന്യമൃഗങ്ങളെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിലെ നിലവിലെ വ്യവസ്ഥകൾ ബാധകമാണ്. ജനവാസ മേഖലകളിൽ മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന അപകടകാരികളായ കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാരെയും സെക്രട്ടറിമാരെയും അധികാരപ്പെടുത്തിയിട്ടുള്ള ഉത്തരവിന്റെ കാലാവധി 28-05-2025-ലെ സ.ഉ.(കൈ)നം.17/2025/വനം പ്രകാരം 27-05-2026 വരെ ദീർഘിപ്പിച്ചിട്ടുള്ളതാണ്.

(ബി) കൃഷി നശിപ്പിക്കാനെത്തുന്ന മൃഗങ്ങളെ പ്രതിരോധിക്കാൻ വൈദ്യുതവേലികൾ സ്ഥാപിക്കുന്നതിൽ എന്തൊക്കെ നിയന്ത്രണങ്ങളാണ് നിലവിലുള്ളത്; വിശദമാക്കാമോ?

വന്യമൃഗങ്ങൾ ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്നത് പ്രതിരോധിക്കുന്നതിനായി വനാതിർത്തിയിൽ സോളാർ വൈദ്യുതവേലികൾ വിവിധ പദ്ധതികളിലുൾപ്പെടുത്തി സ്ഥാപിക്കുന്നുണ്ട്. സ്വകാര്യ കൃഷിഭൂമിയിൽ വന്യമൃഗങ്ങളെ പ്രതിരോധിക്കാനായി മനുഷ്യർക്കോ മൃഗങ്ങൾക്കോ അപകടകരമല്ലാത്ത സോളാർ വേലികൾ സ്ഥാപിക്കുന്നതിന് വനം വകുപ്പിന്റെ ഭാഗത്തുനിന്നും നിയന്ത്രണങ്ങൾ ഇല്ലാത്തതാണ്. എന്നാൽ സ്വകാര്യ വ്യക്തികൾ A/c കറണ്ട് ഉപയോഗിച്ച് വൈദ്യുത വേലികൾ അശാസ്ത്രീയവും അനധികൃതവുമായി സ്ഥാപിക്കുകയും അതിലൂടെ അപകടത്തിൽപ്പെട്ട് മനുഷ്യജീവൻ നഷ്ടപ്പെട്ടിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കെണിയിൽ കുടുങ്ങിയോ വൈദ്യുത കമ്പികളിൽ കുടുങ്ങിയോ വന്യമൃഗങ്ങൾ കൊല്ലപ്പെടുന്ന സാഹചര്യത്തിൽ കൃഷിക്കാർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ?

അനുമതിയില്ലാതെ അസ്വാഭാവിക കാരണങ്ങളാൽ വന്യജീവികൾ കൊല്ലപ്പെടുന്ന സാഹചര്യങ്ങളിൽ പരിശോധനകളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**സോളാർ ഫെൻസിങ് സംവിധാനം**

183 (1034) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ കാടിറക്കം തടയുന്നതിന് സ്ഥാപിച്ചിട്ടുള്ള സോളാർ ഫെൻസിങ് സംവിധാനം നിരന്തരം തകരാറിലാക്കുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് മിഷൻ സോളാർ ഫെൻസിങ് എന്ന പദ്ധതി വനം വകുപ്പ് പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ ആസൂത്രണം ചെയ്തുനടപ്പാക്കിവരുന്നു. വന്യജീവികളുടെ കാടിറക്കം തടയുന്നതിനായി നിലവിൽ വനാതിർത്തികളിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജവേലികളുടെ സമയാസമയങ്ങളിലുള്ള അറ്റകുറ്റപ്പണികൾ ഉറപ്പ് വരുത്തുന്നതിന് സംസ്ഥാനത്തെ വനം വകുപ്പിലെ എല്ലാ ഫീൽഡ് വിഭാഗം ജീവനക്കാർക്കും ഫെൻസിങ് നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നിവയിൽ പ്രായോഗിക പരിശീലനം നൽകിവരുന്നു. കൂടാതെ ഫെൻസിങ് അറ്റകുറ്റപ്പണികൾക്കാവശ്യമായ ഉപകരണങ്ങൾ എല്ലാ വനം സ്റ്റേഷനുകളിലും ലഭ്യമാക്കുന്നതിനായി ടൂൾ റൂം സ്ഥാപിക്കുന്നതിന്റെ ആദ്യഘട്ടം

പൂർത്തീകരിച്ചിട്ടുണ്ട്. ഫെൻസിങ് ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിക്കുന്നതിന് വനം വകുപ്പിന്റെ നേതൃത്വത്തിൽ സോളാർ ഫെൻസിങ് സർവീസ് സെന്റർ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എല്ലാ സൗരോർജവേലികളും സ്മാർട്ട് ഫെൻസിങ് ആക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള ഫെൻസിങ് സംവിധാനം തകരാറിലാക്കുന്ന ചെറുസസ്യങ്ങൾ, വള്ളിപ്പടർപ്പുകൾ എന്നിവ യഥാസമയം വനസംരക്ഷണ സമിതികൾ മുഖേന നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സോളാർ ഫെൻസിങ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ജീവനക്കാർ പ്രതിദിന നിരീക്ഷണം നടത്തി ഉറപ്പുവരുത്തുന്നുണ്ട്.

(ബി) അരുവിക്കര മണ്ഡലത്തിൽ ഉൾപ്പെടുന്ന വനപ്രദേശങ്ങളിൽ നിന്നും എത്ര കിലോമീറ്റർ ദൂരത്തിലാണ് സോളാർ ഫെൻസിങ് സ്ഥാപിച്ചിട്ടുള്ളതെന്നും ഇനി പുതിയതായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ ഏതെല്ലാമെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

അരുവിക്കര മണ്ഡലത്തിൽ ഉൾപ്പെടുന്ന തിരുവനന്തപുരം വന്യജീവി ഡിവിഷനിലെ കോട്ടൂർ എ.ബി.പി. റെയ്ഞ്ചിന്റെ പരിധിയിൽ 19.65 കിലോമീറ്ററും പേപ്പാറ വന്യജീവി സങ്കേതത്തിൽ 14.68 കിലോമീറ്ററും നെയ്യാർ വന്യജീവി

സങ്കേതത്തിൽ 7.765 കിലോമീറ്ററും തിരുവനന്തപുരം ഡിവിഷന്റെ കീഴിൽ പരുത്തിപ്പള്ളി റെയ്ഞ്ചിന്റെ പരിധിയിൽ 28.55 കിലോമീറ്ററും സൗരോർജ്ജവേലി നിലവിൽ നിർമ്മിച്ചിട്ടുണ്ട്. മിഷൻ സോളാർ ഫെൻസിങ് പരിപാടിയിലൂടെ ആയതിൽ പ്രവർത്തനരഹിതമായവ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

അരുവിക്കര മണ്ഡലത്തിൽ എ.ബി.പി. റെയ്ഞ്ചിന്റെ കീഴിലെ അരിയാവിള മുതൽ കൈതോട് വരെ മൂന്ന് കിലോമീറ്റർ ദൂരവും പേപ്പാറ വന്യജീവി സങ്കേതത്തിലെ പൊടിയം, മുക്കോത്തിവയൽ, പാറ്റാംപാറ, എറുമ്പിയാട്, ആമോട്, പൊടിയക്കാല തുടങ്ങിയ പ്രദേശങ്ങളിലെ 30 കിലോമീറ്റർ ദൂരവും നെയ്യാർ വന്യജീവി സങ്കേതത്തിലെ കോട്ടൂർ സെക്ഷന് കീഴിലെ 4.5 കിലോമീറ്റർ ദൂരവും പുതിയതായി സൗരോർജവേലി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. എ.ബി.പി. സർക്കിളിനുകീഴിലെ വിതുര, ആര്യനാട്, പാലോട് എന്നീ സെക്ഷനുകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ 14 കിലോമീറ്റർ ദൂരവും സോളാർ ഫെൻസിങ് പുതുതായി നിർമ്മിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**വന്യജീവി ആക്രമണങ്ങൾ തടയാൻ ഫെൻസിങ് നിർമ്മിക്കുന്നതിനുള്ള നടപടികൾ**

184 (1035) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യജീവികൾ ഇറങ്ങുന്നതും നിലവിൽ ഫെൻസിങ് ഇല്ലാത്തതുമായ പ്രദേശങ്ങളിൽ ഫെൻസിങ് നിർമ്മിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷം നേരിടുന്ന വനാതിർത്തി പ്രദേശങ്ങളിൽ നിലവിൽ 2648.34 കിലോമീറ്റർ ദൂരത്തിൽ സോളാർ വേലികൾ സ്ഥാപിച്ചിട്ടുള്ളതും അതിൽ പ്രവർത്തനക്ഷമമല്ലാതിരുന്ന 1954 കിലോമീറ്റർ വേലികൾ സർക്കാരിന്റെ മിഷൻ സോളാർ ഫെൻസിങ് എന്ന തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി പ്രവർത്തന സജ്ജമാക്കിയിട്ടുള്ളതുമാണ്. ഇനിയും സോളാർ വേലികൾ നിർമ്മിക്കാനുള്ള വനാതിർത്തികളിൽ വനം വകുപ്പിന്റെ തനത് ഫണ്ട് ഉപയോഗിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കൃഷി വകുപ്പ് പോലുള്ള മറ്റിതര വകുപ്പുകളുടെയും ഫണ്ടുപയോഗിച്ചും സോളാർ വേലികൾ നിർമ്മിച്ചുവരുന്നു.

(ബി) സംസ്ഥാനത്താകെ വനം വകുപ്പ് എത്ര ദൂരം ഫെൻസിങ് പൂർത്തീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഇനി എത്ര ദൂരം ഫെൻസിങ് പൂർത്തീകരിക്കാനുണ്ടെന്ന് വനം

ഡിവിഷൻ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

(ബി&സി) സംസ്ഥാനത്ത് വനം വകുപ്പ് പൂർത്തീകരിച്ച സോളാർ ഫെൻസിങ്ങിന്റെ ഡിവിഷൻ തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) പ്രവർത്തനക്ഷമമല്ലാത്ത ഫെൻസിങ്ങുകളിൽ അറ്റകുറ്റപ്പണി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പദ്ധതികളുടെ ഭാഗമായി 2025 ഫെബ്രുവരി മുതൽ സർക്കാർ നടപ്പാക്കി വരുന്ന മിഷൻ സോളാർ ഫെൻസിങ് എന്ന തീവ്രയജ്ഞ പരിപാടി ആരംഭിക്കുന്നതിന് മുമ്പ് കേരളത്തിൽ 580 കിലോമീറ്റർ സോളാർ ഫെൻസിങ് മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുണ്ടായിരുന്നത്. എന്നാൽ പദ്ധതിയുടെ ഭാഗമായി വനം വകുപ്പ് ഉദ്യോഗസ്ഥരും താൽക്കാലിക വാച്ചർമാരും പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനത്തിലൂടെ നിലവിൽ 1954 കിലോമീറ്റർ ഫെൻസിങ് സംസ്ഥാനത്ത് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. സോളാർ ഫെൻസിങ്ങുകളുടെ സമയാസമയങ്ങളിലുള്ള അറ്റകുറ്റപ്പണികൾ തീർക്കുന്നുണ്ടെന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്തെ വനം വകുപ്പിലെ എല്ലാ ഫീൽഡ് വിഭാഗം ജീവനക്കാർക്കും ഫെൻസിങ് നിർമ്മാണം, മെയിന്റനൻസ് എന്നിവയിൽ പ്രായോഗിക പരിശീലനം നൽകിവരുന്നു. കൂടാതെ ഫെൻസിങ് അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ ഉപകരണങ്ങൾ എല്ലാ വനം സ്റ്റേഷനിലും ലഭ്യമാക്കുന്നതിനായി ടൂൾ റൂമുകൾ സ്ഥാപിക്കുന്നതിന്റെ ആദ്യഘട്ടം പൂർത്തീകരിച്ചു. ഫെൻസിങ് ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിക്കുന്നതിന് സംസ്ഥാനത്ത് ആദ്യമായി വനം വകുപ്പിന്റെ നേതൃത്വത്തിൽ നോർത്ത് വയനാട് ഡിവിഷനിൽ സോളാർ ഫെൻസിങ് സർവീസ് സെന്റർ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. ഫെൻസിങ്ങിനുണ്ടാവുന്ന കേടുപാടുകൾ യഥാസമയം വനം വകുപ്പ് ഉദ്യോഗസ്ഥർ അറിയുന്നതിന് സംസ്ഥാനത്തെ എല്ലാ സോളാർ ഫെൻസിങ്ങുകളും സ്മാർട്ട് ഫെൻസിങ് ആക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. സോളാർ ഫെൻസിങ്ങുകളുടെ നിരന്തര പരിചരണം ഉറപ്പുവരുത്തുന്നതിന് പൊതുജനപങ്കാളിത്തത്തോടെ സോളാർ ഫെൻസിങ് കർമ്മസേനകളും രൂപീകരിച്ചിട്ടുണ്ട്.

**മലയാറ്റൂർ വനം ഡിവിഷനിലെ ഹാങ്ങിങ് ഫെൻസിങ് നിർമ്മാണം**

185 (1036) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാറ്റൂർ വനം ഡിവിഷനുകീഴിൽ പിണ്ടിമന, കോട്ടപ്പടി, വേങ്ങൂർ പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന രീതിയിൽ പ്രഖ്യാപിച്ചിട്ടുള്ള 30 കി.മീ. ഹാങ്ങിങ് ഫെൻസിങ്ങിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ?

മലയാറ്റൂർ ഡിവിഷനിൽ കോടനാട് റെയ്ഞ്ചിന് കീഴിൽ നബാർഡ് സ്കീമിൽ 30 കിലോമീറ്റർ സോളാർ ഫെൻസിങ് ചെയ്യുന്ന പ്രവൃത്തിയുടെ കരാർ 04-01-2025-ൽ ഒപ്പുവച്ചിട്ടുള്ളതും പ്രവൃത്തി ചെയ്യുന്നതിനായി ഫെബ്രുവരി മാസത്തിൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളതുമാണ്. മേൽ പ്രവൃത്തിയുടെ ഭാഗമായി നാളിതുവരെ 2.6 കിലോമീറ്റർ ദൂരത്തിലെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും 5.7 കി.മീ. ദൂരത്തിലെ പ്രാഥമിക പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

(ബി) ഹാങ്ങിങ് ഫെൻസിങ് കടന്നുപോകുന്ന പ്രദേശങ്ങളിൽ ആവശ്യമായ വീതിയിൽ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സോളാർ ഫെൻസിങ് കടന്നുപോകുന്ന പ്രദേശത്തെ മരങ്ങൾ നിൽക്കുന്ന

അവസ്ഥയിൽ ആറ് തവണ ഇ-ലേലം ചെയ്തിട്ടും വിറ്റുപോയിട്ടില്ലാത്തതാണ്. മേൽപ്രദേശത്തെ ഹാർഡ്‌വുഡ് മരങ്ങൾ ഡിപ്പാർട്ട്മെന്റ് തലത്തിൽ മുറിച്ച് ഡിപ്പോയിൽ എത്തിക്കുന്നതിനും സോഫ്റ്റ്‌വുഡും അക്കേഷ്യ മരങ്ങളും ലേലം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പ്രദേശങ്ങളിൽ വന്യമൃഗശല്യം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ ഫെൻസിങ്ങിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സോളാർ ഫെൻസിങ്ങിന് തടസ്സമായി നിന്നിരുന്ന മരങ്ങൾ ലേലത്തിൽ വിറ്റുപോകാത്ത സാഹചര്യത്തിൽ മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അധ്യക്ഷതയിൽ 22-08-2025-ന് കരാറുകാരുടെ യോഗം വിളിച്ചുചേർത്തിട്ടുള്ളതും ഫെൻസിങ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നിർദേശം നൽകിയിട്ടുണ്ട്.

**വന്യജീവികൾ നാട്ടിലിറങ്ങുന്നത് തടയാൻ നടപടി**

186 (1037) <u>ശ്രീ. ആന്റണി രാജു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിലിറങ്ങുന്ന വന്യജീവികളെ നിയന്ത്രിക്കുന്നതിനായി

ഉദ്യോഗസ്ഥർക്ക് കൂടുതൽ ആയുധങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

സ്വീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി കിഫ്ബി ഫണ്ടുപയോഗിച്ച് ദ്രുതകർമ്മ സേനകളുടെ (RRT) ശാക്തീകരണത്തിനായി 50 തോക്കുകൾ (12 ബോർ പമ്പ് ആക്ഷൻ), 5000 തിരകൾ, 15 ട്രാൻക്വിലൈസറുകൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വനാതിർത്തികളിൽ നിരീക്ഷണം ശക്തമാക്കുന്നതിനും മുന്നറിയിപ്പ് സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വ്യാപകമായ ഇടങ്ങളിൽ വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ഇറങ്ങുമ്പോൾ ജനങ്ങളെ അറിയിക്കാൻ നൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ മാർഗങ്ങൾ നടപ്പാക്കിവരുന്നു. ഏറ്റവും കാര്യക്ഷമമായി നൂതന സാങ്കേതിക വിദ്യയിലൂന്നിയുള്ള നിരീക്ഷണ പരിപാടികളും മറ്റിതര സംരക്ഷണ സംവിധാനങ്ങളും നടപ്പാക്കാനായി മിഷൻ Real Time Monitoring എന്ന തീവ്രയജ്ഞ പരിപാടി മനുഷ്യ-വന്യമൃഗ സംഘർഷ

ലഘൂകരണത്തിനായി സർക്കാർ രൂപപ്പെടുത്തി നടപ്പാക്കിവരുന്ന 10 മിഷനുകളിൽ ഒന്നാണ്. M-STrIPES മോണിറ്ററിങ്, ANIDERS സംവിധാനം, AI അധിഷ്ഠിത ക്യാമറകൾ, നൈറ്റ് വിഷൻ ക്യാമറകളും ഡ്രോണുകളും ഉപയോഗിച്ചുള്ള നിരീക്ഷണം, AI സ്മാർട്ട് ഫെൻസിങ് സിസ്റ്റം, SARPA ആപ്പ് തുടങ്ങിയ വിവിധ സംവിധാനങ്ങൾ ഇതിനായി വിവിധ ഭാഗങ്ങളിൽ ഉപയോഗിക്കുന്നു. കൂടാതെ ഡിജിറ്റൽ ഡിസ്പ്ലെ ബോർഡുകൾ ഉൾപ്പെടെയുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ, SMS അലെർട്ട് സിസ്റ്റം, പൊതുജന പങ്കാളിത്തത്തോടെയുള്ള വാട്ട്സാപ്പ് കൂട്ടായ്മകൾ എന്നിവയും നിലവിലുണ്ട്. വന്യമൃഗ സാന്നിധ്യത്തെക്കുറിച്ച് നിരന്തരം നിരീക്ഷിക്കുന്നതിനും മുന്നറിയിപ്പുകൾ നൽകുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വനം ഡിവിഷൻ തലത്തിൽ 36 ഡിവിഷണൽ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകളും വനം വകുപ്പ് ആസ്ഥാനത്ത് സ്റ്റേറ്റ് ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററും പ്രവർത്തിച്ചുവരുന്നു. ഈ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകൾ ദുരന്തനിവാരണ വകുപ്പിന്റെ ജില്ലാ/സംസ്ഥാന എമർജൻസി ഓപ്പറേഷൻ സെന്ററുകളുമായി ചേർന്ന് മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനും നിവാരണത്തിനുമായി പ്രവർത്തിക്കുന്നതാണ്.

(സി) ജനവാസ മേഖലയിൽ വന്യജീവികൾ പ്രവേശിക്കുന്നത് തടയുന്നതിനായി വനത്തിൽ തന്നെ വെള്ളവും ഭക്ഷണവും ഒരുക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വന്യമൃഗ സംഘർഷ ലഘൂകരണത്തിനായി സർക്കാർ 10 മിഷനുകൾ വിഭാവനം ചെയ്ത് നടപ്പാക്കിവരുന്നു. ഈ തീവ്രയജ്ഞ പദ്ധതികളിൽ മിഷൻ ഫുഡ്, ഫോഡർ, വാട്ടർ എന്നത് വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണ-ജലലഭ്യത വനത്തിനുള്ളിൽ തന്നെ ഉറപ്പുവരുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. വനാന്തരങ്ങളിലെ കുളങ്ങളിലും ചെക്ക്ഡാമുകളിലും മറ്റു ജലസംഭരണികളിലും ജലസംഭരണശേഷി വർധിപ്പിച്ച് വന്യജീവികൾക്ക് ജലലഭ്യത ഉറപ്പാക്കിയും വനമേഖലകളിൽ പടർന്ന് പിടിച്ചിട്ടുള്ള സെന്ന പോലുള്ള അധിനിവേശ സസ്യങ്ങളെ ഉന്മൂലനം ചെയ്ത് തദ്ദേശീയ ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വനത്തിനുള്ളിൽ ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതിയാണിത്. കൺട്രോൾ ബേണിങ് (control burning) നടത്തി പുതിയ പുൽനാമ്പുകൾ മുളപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ യജ്ഞം ഊന്നൽ നൽകുന്നുണ്ട്.

ഈ പദ്ധതിയുടെ ഭാഗമായി നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ള പദ്ധതികൾ

അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) പ്രസ്തുത പദ്ധതിയിൽ മറ്റ് വകുപ്പുകളുടെ സഹകരണം ഉറപ്പാക്കാനും പദ്ധതി വ്യാപിപ്പിക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

മിഷൻ ഫുഡ്, ഫോഡർ, വാട്ടർ തീവ്രയജ്ഞ പ്രവർത്തനങ്ങളിൽ സാധ്യമാകുന്നിടത്തോളം പൊതുജനപങ്കാളിത്തവും സന്നദ്ധസേവനവും ലഭ്യമാക്കിവരുന്നു. ആവാസ വ്യവസ്ഥാ പരിപോഷണത്തിനും വന്യജീവി സംരക്ഷണത്തിനും മനുഷ്യ-വന്യജീവി സംഘർഷ നിവാരണത്തിനും ഈ പദ്ധതി പ്രയോജനപ്പെടുമെന്നതിനാൽ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന വനമേഖലകൾക്ക് കൂടുതൽ ഊന്നൽ നൽകി തുടരുന്നതുമാണ്. ഈ പദ്ധതിയിലേക്കായി മറ്റു വകുപ്പുകളുടെ സേവനം ആവശ്യമാണെന്ന് കാണുന്നപക്ഷം അവരുടെ സഹകരണം തേടുന്നതായിരിക്കും.

**മലയോര മേഖലകളിലെ വന്യമൃഗ ശല്യം**

187 (1038) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി-സംഘർഷങ്ങൾ ലഘൂകരിക്കാൻ കിഫ്ബി വഴി വനം-വന്യജീവി വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി KIIFB ഫണ്ടുപയോഗപ്പെടുത്തി സംസ്ഥാന വന വികസന ഏജൻസി (SFDA), മുഖേന പാലക്കാട്, മണ്ണാർക്കാട്, സൈലന്റ് വാലി നാഷണൽ പാർക്ക്, പുനലൂർ, തിരുവനന്തപുരം എന്നീ വനം ഡിവിഷനുകളിലായി 94.22 കിലോമീറ്റർ നീളത്തിൽ സോളാർ വേലി, വയനാട് വന്യജീവി ഡിവിഷന് കീഴിൽ 10 കിലോമീറ്റർ നീളത്തിൽ റെയിൽ ഫെൻസിങ്, പാലക്കാട്, വയനാട് വന്യജീവി എന്നീ വനം ഡിവിഷനുകളിലായി 0.71 കിലോമീറ്റർ നീളത്തിൽ ആന പ്രതിരോധ മതിൽ, നോർത്ത് വയനാട് ഡിവിഷനിൽ 4.68 കിലോമീറ്റർ നീളത്തിൽ ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിങ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ സൗത്ത് വയനാട് ഡിവിഷനിൽ 11.23 കിലോമീറ്റർ നീളത്തിൽ ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിങ് പ്രവൃത്തി ലക്ഷ്യമിട്ടിട്ടുള്ളതിൽ ആറ് കിലോമീറ്റർ പൂർത്തീകരിച്ചിട്ടുള്ളതാണ്. നോർത്ത് വയനാട് വനം ഡിവിഷനിൽ

1.32 കി.മീ., സൗത്ത് വയനാട് വനം ഡിവിഷനിൽ 49.12 കി.മീ., വയനാട് വന്യജീവി ഡിവിഷനിൽ 68.40 കി.മീ., നിലമ്പൂർ സൗത്ത് ഡിവിഷനിൽ 23.25 കി.മീ. എന്നിങ്ങനെ ആകെ 142 കിലോമീറ്റർ നീളത്തിൽ സൗരോർജ്ജ തൂക്കുവേലി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

മനുഷ്യ-വന്യജീവി സംഘർഷം തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, വികസനപ്രവർത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയ വിവിധ കാരണങ്ങൾ മുൻനിർത്തി വനത്തിനുള്ളിലെ മനുഷ്യവാസ മേഖലകളിൽ നിന്നും സ്വയംസന്നദ്ധമായി ആദിവാസി ഇതര വിഭാഗത്തിൽ വരുന്നവരുടെ പുനരധിവാസത്തിനായുള്ള പദ്ധതി ആർ.കെ.ഡി.പി., കിഫ്ബി എന്നിവയുടെ സാമ്പത്തിക സഹായത്തോടെ 'നവകിരണം' എന്ന പേരിൽ സർക്കാർ നടപ്പാക്കിവരുന്നു. കിഫ്ബി പദ്ധതി പ്രകാരം 398 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് തുക നൽകി വനാന്തരങ്ങളിൽ നിന്ന് മാറിപ്പോകാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. ടി 398 അർഹതകുടുംബങ്ങളിൽ 173 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതി തുക പൂർണ്ണമായും നൽകുകയും (യൂണിറ്റ് ഒന്നിന് 15 ലക്ഷം രൂപ നിരക്കിൽ), 225 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ 7.50 ലക്ഷം രൂപ വീതം ഇതിനകം നൽകിയിട്ടുള്ളതാണ്. ഈ പദ്ധതിയിലൂടെ KIIFB

Phase I & II പദ്ധതി മുഖേന 42.825 കോടി രൂപ നൽകിയിട്ടുള്ളതാണ്.

കൂടാതെ KIIFB ഫണ്ടുപയോഗിച്ച് ദ്രുതകർമ്മ സേനകളുടെ (RRT) ശാക്തീകരണത്തിനായി 25 വാഹനങ്ങൾ, 50 തോക്കുകൾ (12 ബോർ പമ്പ് ആക്ഷൻ), 15 ട്രാൻക്വിലൈസറുകൾ, 5000 തിരകൾ, 25 വീതം നൈറ്റ് വിഷൻ ക്യാമറകൾ, ബൈനോക്കുലറുകൾ, ടോർച്ച് ലൈറ്റുകൾ, ബോഡി പ്രൊട്ടക്ടീവ് ഗിയറുകൾ, ബ്രഷ് കട്ടറുകൾ, മൊബൈൽ സ്പീക്കറുകൾ, പവർ സാ, വലിയ മൃഗങ്ങളെ പിടികൂടുന്നതിനായി ആധുനിക സംവിധാനത്തോടുകൂടിയ കൂടുകൾ, വന്യമൃഗങ്ങളുടെ സഞ്ചാരം നിരീക്ഷിക്കുന്നതിനായി 12 വാച്ച് ടവറുകൾ, 10 തെർമ്മൽ ഡ്രോണുകൾ, 43 സ്റ്റാൻഡേർഡ് ഡ്രോണുകൾ, 1000 ക്യാമറാ ട്രാപ്പുകൾ, AI സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള 267 മുന്നറിയിപ്പ് സംവിധാനങ്ങൾ, 20 വീതം റേഡിയോ കോളറുകളും മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന ജനവാസ മേഖലകളിൽ ആയിരത്തിലധികം സോളാർ വിളക്കുകൾ, സോളാർ ഹൈമാസ്റ്റ് വിളക്കുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിനും ആന പുനരധിവാസ കേന്ദ്രങ്ങൾ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ അനിമൽ ഹോസ്പൈസ് സെന്റർ, വനത്തിനുള്ളിൽ വന്യമൃഗങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി 45 ചെക്ക് ഡാമുകൾ എന്നീ പ്രവൃത്തികൾ

പൂർത്തീകരിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വയനാട് വന്യജീവി സങ്കേതവുമായി ബന്ധപ്പെട്ട് ആരംഭിച്ച റെയിൽ ഫെൻസിങ് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

വയനാട് വന്യജീവി സങ്കേതവുമായി ബന്ധപ്പെട്ട് ആരംഭിച്ച റെയിൽ ഫെൻസിങ് പദ്ധതി കുറിച്ച്യാട് റെയ്ഞ്ചിലെ കുപ്പാടി ഫോറസ്റ്റ് സ്റ്റേഷനിലെ സത്രംക്കുന്ന് മുതൽ മൂടക്കൊല്ലി വരെ 10 കി.മീ. റെയിൽ ഫെൻസിങ് 13.75 കോടി രൂപ ചെലവഴിച്ച് 31-06-2021-ന് പൂർത്തീകരിച്ചിട്ടുണ്ട്.

(സി) മലയോര മേഖലകളിൽ വന്യമൃഗങ്ങൾമൂലം ജീവനും സ്വത്തിനും നാശമുണ്ടാകുന്നതും ക്രമസമാധാന വിഷയമായി മാറുന്നതും ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ വളരെ ഗൗരവത്തോടെയാണ് സർക്കാരും വനം വകുപ്പും സമീപിക്കുന്നത്. മനുഷ്യ-വന്യജീവി സംഘർഷത്തെ സർക്കാർ "സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിച്ചുകൊണ്ടുള്ള നടപടികളാണ് സ്വീകരിച്ചു പോരുന്നത്. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി ഇതുവരെ സ്വീകരിച്ചുപോന്നിരുന്ന പരമ്പരാഗത രീതിയിലുള്ള പ്രവർത്തനങ്ങൾക്ക് പുറമെ

അവയെ വിഷയാധിഷ്ഠിതമായി തരംതിരിച്ച് പത്ത് തീവ്രയജ്ഞ പരിപാടികൾക്ക് സർക്കാർ രൂപം നൽകി നടപ്പാക്കിവരുന്നു. ഇതുകൂടാതെ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെയും സഹകരണത്തോടെയും വിവിധ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനായി സെപ്റ്റംബർ 16 മുതൽ 45 ദിവസത്തെ ജനകീയ പരിപാടിക്കും സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. സർക്കാർ രൂപകല്പന ചെയ്ത് നടപ്പാക്കി വരുന്ന തീവ്രയജ്ഞ പരിപാടികളും അവയുടെ ലക്ഷ്യവും സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.

1) വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണ-ജലലഭ്യത വനത്തിനുള്ളിൽ തന്നെ ഉറപ്പുവരുത്തുന്നതിനായി മിഷൻ ഫുഡ്, ഫോഡർ, വാട്ടർ;

2) പരമ്പരാഗത അറിവുകളുടെ ശേഖരണത്തിനും അവയുടെ ഫലപ്രാപ്തി സംബന്ധിച്ച ശാസ്ത്രീയ പഠനങ്ങൾക്കും പ്രായോഗികമായവയുടെ ഉപയുക്തതയ്ക്കും പ്രചാരണത്തിനുമായി കേരള വനഗവേഷണ കേന്ദ്രവുമായി ചേർന്ന് ഗോത്രഭേരി അഥവാ Mission Tribal Knowledge എന്ന തീവ്രയജ്ഞ പദ്ധതി;

3) വനം വകുപ്പ് ഇതുവരെ സ്ഥാപിച്ചിട്ടുള്ള സൗരോർജ വേലികളുടെ അവസ്ഥ വിലയിരുത്തി ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കാൻ മിഷൻ സോളാർ ഫെൻസിങ്;

4) മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്നയിടങ്ങളിൽ RRT സംഘം എത്തിച്ചേരുന്നതിന് മുമ്പുതന്നെ ചിട്ടയായ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ അടിയന്തരമായി തുടക്കം കുറിക്കാൻ തദ്ദേശവാസികളിൽ നിന്നും സന്നദ്ധരായവരെ ഉൾപ്പെടുത്തി Primary Response Team (PRT) കൾ രൂപീകരിക്കുക;

5) മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വ്യാപകമായ ഇടങ്ങളിൽ ഏറ്റവും കാര്യക്ഷമമായി നൂതന സാങ്കേതിക വിദ്യയിലൂന്നിയുള്ള നിരീക്ഷണ പരിപാടികളും മറ്റിതര സംരക്ഷണ സംവിധാനങ്ങളും നടപ്പാക്കാനായി മിഷൻ Real Time Monitoring;

6) മനുഷ്യ-വന്യജീവി സംഘർഷങ്ങൾ സംബന്ധിച്ച് പ്രാദേശിക സംഘർഷ സാഹചര്യങ്ങൾക്ക് അനുസൃതമായ വിജ്ഞാന അവബോധ പരിപാടികൾ സംഘടിപ്പിക്കുകയും പൊതുജനത്തിന് വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അനുബന്ധ വിഷയങ്ങളെക്കുറിച്ചും അവബോധരാക്കുന്നതിനുവേണ്ടി മിഷൻ സെൻസിറ്റൈസേഷൻ ടു പബ്ലിക്;

7) വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗവേഷണം, പഠനം എന്നിവ നടത്തുകയും കാലാവസ്ഥാവ്യതിയാനം മൂലമുള്ള വന്യമൃഗങ്ങളുടെ

സ്വഭാവത്തിലുള്ള മാറ്റങ്ങൾ, സംഘർഷത്തിന് കാരണമാകുന്ന വിവിധ കാരണങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തുന്നതിന് മുൻകൈ എടുക്കുകയും പഠന ഗവേഷണ പരിപാടികളുടെ കണ്ടെത്തലുകൾ ഉദ്യോഗസ്ഥരിലേക്കും പൊതുജനങ്ങളിലേക്കും കൃത്യമായി എത്തിക്കുന്നതിനുമുള്ള നടപടികൾക്കുമായി Mission Science on Human Wildlife Conflict;

8) നാടൻ കുരങ്ങുകൾ മൂലമുണ്ടാകുന്ന സംഘർഷങ്ങളുടെ കാരണങ്ങളും പൊതുവായും പ്രാദേശിക പ്രത്യേകതകൾക്ക് അനുസരിച്ച് പ്രത്യേകമായും പ്രതിവിധിയായി സ്വീകരിക്കാവുന്ന നടപടികൾ ഉൾക്കൊള്ളിച്ചും വിശദമായ പഠനറിപ്പോർട്ട് തയ്യാറാക്കി അതനുസരിച്ച് നാടൻ കുരങ്ങുകൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും പ്രായോഗികമായി ഇല്ലാതാക്കുന്നതിനായി Mission Bonnet Macaque;

9) ജനവാസമേഖലയിലെ ജനങ്ങളുടെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനും സംഘർഷം ഒഴിവാക്കുന്നതിനും നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അധികാര വികേന്ദ്രീകരണം കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാൻ ആവശ്യമായ പരിശീലനങ്ങളും സാങ്കേതിക സഹായങ്ങളും വനം വകുപ്പ്

പഞ്ചായത്തുകൾക്ക് നൽകുന്നതിലേക്കായി Mission Wild Pig;

10) പാമ്പുമൂലമുള്ള മരണം ഒഴിവാക്കാൻ ലക്ഷ്യമിടുന്ന മിഷൻ സർപ്പ.

**മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളിൽ സൗരോർജ്ജ തൂക്കുവേലി**

188 (1039) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം, തൃശ്ശൂർ ജില്ലകളിലെ മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നബാർഡ് സഹായത്തോടെ സൗരോർജ തൂക്കുവേലി സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വെളിപ്പെടുത്തുമോ?

എറണാകുളം, തൃശ്ശൂർ ജില്ലകളിലെ മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നബാർഡ് സഹായത്തോടെ സൗരോർജ തൂക്കുവേലി സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിവരങ്ങൾ ഡിവിഷൻ തിരിച്ച് ചുവടെ ചേർക്കുന്നു.

മലയാറ്റൂർ ഡിവിഷൻ

മലയാറ്റൂർ വനം ഡിവിഷനുകീഴിൽ കോടനാട് റെയ്ഞ്ചിൽ നബാർഡ് സ്കീമിൽ 30 കി.മീ. സോളാർ ഹാങ്ങിങ് ഫെൻസിങ് ചെയ്യുന്ന പ്രവൃത്തിയിൽ 2.6

കി.മീ. ദൂരം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും 5.7 കി.മീ. ദൂരത്തിലെ പ്രാഥമിക പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

ചാലക്കുടി ഡിവിഷൻ

ചാലക്കുടി ഡിവിഷനുകീഴിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നബാർഡ് സ്കീമിൽ 18 കി.മീ. സോളാർ ഹാങ്ങിങ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയിൽ 6 കി.മീ. (അതിരപ്പിള്ളി അമ്പലം മുതൽ പിള്ളപ്പാറതോട് വരെ) പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. തുമ്പൂർമുഴി മുതൽ പിള്ളപ്പാറ പാർക്കിങ് ഷെഡ് വരെയുള്ള 12 കി.മീ. പൂർത്തീകരിക്കുന്നതിന് ടി പ്രദേശങ്ങളിലെ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

വാഴച്ചാൽ ഡിവിഷൻ

വാഴച്ചാൽ ഡിവിഷനുകീഴിൽ നബാർഡ് സ്കീമിൽ അതിരപ്പിള്ളി റെയ്ഞ്ചിൽ 60 കി.മീ. ദൂരത്തിൽ സോളാർ ഹാങ്ങിങ് ഫെൻസിങ് സ്ഥാപിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്. അതിരപ്പിള്ളി റെയ്ഞ്ചിലെ ഏഴാറ്റുമുഖം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ നെല്ലിപ്പോക്കറ്റ് മുതൽ മുനിത്തടം വരെയുള്ള 10 കി.മീ. ദൂരത്തിൽ അടിക്കാടുകൾ നീക്കം ചെയ്ത് ബേസ് പോസ്റ്റുകൾ സ്ഥാപിക്കുകയും

അതിൽ 4.5 കി.മീ. ദൂരം സോളാർ ഹാങ്ങിങ് ഫെൻസിങ് സ്ഥാപിക്കുന്ന ജോലികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

(ബി) സൗരോർജ തൂക്കുവേലി ഓരോ ഡിവിഷനുകീഴിലും എത്ര ദൂരമാണ് സ്ഥാപിക്കുന്നതെന്നും നിലവിൽ ഓരോ ഡിവിഷനുകളിലും എത്ര ദൂരം സ്ഥാപിച്ചുവെന്നും അറിയിക്കുമോ?

അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

മലയാറ്റൂർ ഡിവിഷനിലെ പ്രവൃത്തികൾ 2026 ഏപ്രിൽ മാസത്തിലും ചാലക്കുടി ഡിവിഷനിലെ പ്രവൃത്തികൾ 2026 മേയ് മാസത്തിലും വാഴച്ചാൽ ഡിവിഷനിലെ പ്രവൃത്തികൾ 2026 സെപ്റ്റംബർ മാസത്തിലും പൂർത്തീകരിക്കാൻ കഴിയും.

**ഏറനാട് മണ്ഡലത്തിലെ വനം-വന്യജീവി വകുപ്പിന്റെ പദ്ധതികൾ**

189 (1040) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറനാട് മണ്ഡലത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനം-വന്യജീവി വകുപ്പിന് കീഴിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയിട്ടുള്ളവയുടെ വിശദാംശവും പൂർത്തീകരിക്കാനുള്ളവയുടെ നിലവിലെ സ്ഥിതിയും ലഭ്യമാക്കാമോ?

(എ &ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഒഴിവാക്കാൻ മണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ?

ഏറനാട് മണ്ഡലത്തിനുകീഴിൽ മനുഷ്യ-വന്യജീവി സംഘർഷമുള്ള മേഖലകൾ അടിസ്ഥാനമാക്കി കൂടുതൽ ഫെൻസിങ് നിർമ്മാണം നടത്തുന്നതിന് കൊടുമ്പുഴ മുതൽ കല്ലറ വരെ 3 കി.മീറ്റർ, ഇരുമ്പുഴി മുതൽ ചീങ്കണ്ണി പാലി വരെ 10 കി.മീറ്റർ എന്നിങ്ങനെ 13 കി.മീറ്റർ ദൂരത്തിന് RKVY പദ്ധതിയിൽ കൃഷി വകുപ്പിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി 3 പി.ആർ.ടി.-കൾ രൂപീകരിക്കുകയും മിഷൻ സോളാർ പദ്ധതി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഫെൻസിങ് പദ്ധതിയുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭാഗമായി പ്രവർത്തന ക്ഷമമല്ലാത്ത ഫെൻസിങ്ങുകൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിലേക്കായി സ്റ്റേഷൻ തലത്തിൽ ഓരോ ടൂൾറൂമുകൾ സജ്ജീകരിക്കുകയും ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ടി കാര്യത്തിലേക്കായി ഒരു ദിവസവേതന വാച്ചറെ ഓരോ സ്റ്റേഷനിലും നിയോഗിച്ചിട്ടുണ്ട്. വന്യജീവികൾക്ക് കാട്ടിൽ ഭക്ഷണവും വെള്ളവും ഉറപ്പുവരുത്തുന്നതിന് വിവിധ മിഷൻ പദ്ധതികളും നടപ്പാക്കുന്നുണ്ട്. വനാതിർത്തികളിൽ സ്ഥിരം പട്രോളിങ്ങ് നടത്തുകയും ജനങ്ങൾക്ക് ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്.

**വന്യമൃഗശല്യം തടയാൻ നടപടി**

190 (1041) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് കടന്നുവരുന്നത് വർധിച്ചുവരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പരിശോധിച്ചിട്ടുണ്ട്. വന്യമൃഗ ഇടനാഴികളുടെയും വനമേഖലയുടെയും ശിഥിലീകരണം, കാലാവസ്ഥാ വ്യതിയാനം, വനമേഖലയോട് ചേർന്ന പ്രദേശങ്ങളിലെ മാലിന്യ നിക്ഷേപം, അശാസ്ത്രീയമായ ടൂറിസം പ്രവർത്തനങ്ങൾ/റോഡ് നിർമ്മാണം തുടങ്ങിയവ, കാട്ടുതീ, ജനസാന്ദ്രത, വനമേഖലകളിൽ ജലത്തിന്റെയും ആഹാരത്തിന്റെയും ലഭ്യതക്കുറവ്, തെറ്റായ ഭൂവിനിയോഗം, വനമേഖലയോട് ചേർന്ന് കിടക്കുന്ന ഭൂപ്രദേശത്തെ കൃഷി രീതി, ഭൂപ്രദേശത്തിന്റെ കിടപ്പ്, കളസസ്യങ്ങളുടെ ആധിക്യം, വന്യമൃഗങ്ങളെ ആകർഷിക്കാൻ ഭക്ഷണ പദാർഥങ്ങൾ നൽകുന്നത്, വനമേഖലയോട് ചേർന്ന് പ്രവർത്തിക്കുന്ന അനധികൃത ഫാമുകൾ (പന്നി/കോഴി/ആട്), പരിപാലിക്കാത്ത തോട്ടങ്ങൾ തുടങ്ങി വിവിധ കാരണങ്ങളാലാണ് വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടന്നുവരുന്നത്.

(ബി) വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് കടന്നു വരാതിരിക്കുന്നതിനായി വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്കാവശ്യമായ ആഹാരവും ജലവും ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി 10 വ്യത്യസ്ത മിഷനുകൾ നടപ്പാക്കാനായി 23-02-2025-ലെ സ.ഉ.(കൈ)നം.8/2025/വനം

പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുള്ളതാണ്. ഇതിൽ വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണ-ജലലഭ്യത വനത്തിനുള്ളിൽ തന്നെ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതിയാണ് മിഷൻ ഫുഡ് ഫോഡർ & വാട്ടർ. വനാന്തരങ്ങളിലെ കുളങ്ങളിലും ചെക്ക്ഡാമുകളിലും മറ്റ് ജലസംഭരണികളിലും ജലസംഭരണശേഷി വർധിപ്പിച്ച് വന്യജീവികൾക്ക് ജലലഭ്യത ഉറപ്പാക്കിയും വനമേഖലകളിൽ പടർന്ന് പിടിച്ചിട്ടുള്ള സെന്ന പോലുള്ള അധിനിവേശ സസ്യങ്ങളെ ഉന്മൂലനം ചെയ്ത് തദ്ദേശീയ ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വനത്തിനുള്ളിൽ ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നുണ്ട്. വനമേഖലകളിലെ വിവിധയിടങ്ങളിലായി 2024-25 കാലയളവിൽ 1434 കുളങ്ങൾ, ചെക്കുഡാമുകൾ എന്നിവയിലും 574 വയലുകളും 308 മറ്റിതര ജലസ്രോതസ്സുകളിലും അധികമായി അടിഞ്ഞുകൂടിയ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.

(സി) ഇതിന്റെ ഭാഗമായി വന മേഖലകളിലുള്ള അധിനിവേശ സസ്യങ്ങളെ നീക്കം ചെയ്യാൻ ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ വിവിധ വനമേഖലകളിൽ പടർന്നുപിടിച്ചിട്ടുള്ള അധിനിവേശ

സസ്യങ്ങൾ നിർമ്മാർജനം ചെയ്യാനുള്ള വിവിധ പദ്ധതികൾ പുരോഗമിച്ചുവരുന്നു. ഇതിന്റെ ഭാഗമായി അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന (സെന്ന) നിർമ്മാർജനവുമായി ബന്ധപ്പെട്ട് വയനാട് ജില്ലയിൽ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്. വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ 1748 ഹെക്ടറിലും നോർത്ത് വയനാട് ഡിവിഷനിൽ 100 ഹെക്ടർ പ്രദേശത്തും ഇതിനോടകം മഞ്ഞക്കൊന്ന നീക്കം ചെയ്തിട്ടുള്ളതും ബാക്കിയുള്ളവ നീക്കം ചെയ്യാനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നതുമാണ്. വനത്തിനുള്ളിലെ വയലുകളിലെയും ചതുപ്പുകളിലെയും അധിനിവേശ കളസസ്യങ്ങൾ നീക്കം ചെയ്ത് പരിപാലിക്കുന്നതിന് നബാർഡ് മുഖേന ₹25 കോടി ലഭ്യമാക്കുകയും അതനുസരിച്ചുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

ഇതുകൂടാതെ വിവിധ സർക്കിളുകളിലായി 5585.57 ഹെക്ടർ സ്ഥലത്ത് ആവാസവ്യവസ്ഥയ്ക്ക് ദോഷകരമായതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ, സെന്ന തുടങ്ങിയ വിദേശ ഏകവിള തോട്ടങ്ങളെ ഘട്ടംഘട്ടമായി നീക്കം ചെയ്ത് പ്രസ്തുത പ്രദേശങ്ങളെ സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപിച്ചുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നബാർഡ് പദ്ധതിയിലുൾപ്പെടുത്തി വിവിധ സർക്കിളുകളിലായി 5031 ഹെക്ടർ സ്ഥലത്ത് ടി

പ്രവൃത്തികൾ നടപ്പാക്കിവരുന്നു. ആയതിൻ പ്രകാരം ആകെ 1583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്.

**വന്യമൃഗ ആക്രമണം**

191 (1042) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനവാസ മേഖലയിൽ വർധിച്ചുവരുന്ന വന്യമൃഗ ആക്രമണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ അഞ്ച് വർഷത്തിനിടെ വന്യമൃഗ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെയും പരിക്ക് പറ്റിയവരുടെയും എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ?

കഴിഞ്ഞ അഞ്ച് വർഷത്തിനിടെ വന്യമൃഗ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെയും പരിക്ക് പറ്റിയവരുടെയും എണ്ണം ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.[+] മരണങ്ങളിൽ അധികവും വനത്തിന് പുറത്തുവച്ച് പാമ്പ് കടിയേറ്റുണ്ടായ മരണങ്ങളാണ്.

(ബി) വന്യമൃഗ ആക്രമണത്തിൽ ഉണ്ടായിട്ടുള്ള കൃഷിനാശം ഉൾപ്പെടെയുള്ള നാശനഷ്ടങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; ആയതിന്റെ വിവരങ്ങളും അത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തടയുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗങ്ങളും നാശനഷ്ടങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാരം സംബന്ധിച്ച വിവരങ്ങളും അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം മൂലമുള്ള കൃഷ്ടനഷ്ടങ്ങൾക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകുന്നത് 1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് പ്രകാരമാണ്. ഇതിന്റെ ഭാഗമായുള്ള 05-04-2018-ലെ സ.ഉ.(കൈ)നം.17/2018/വനം, 25-10-2022-ലെ സ.ഉ.(കൈ)നം.50/2022/വനം, 20-01-2024-ലെ സ.ഉ.(കൈ)നം.03/2024/വനം എന്നിവ പ്രകാരം മനുഷ്യ-വന്യജീവി സംഘർഷത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവർക്കും നിലവിൽ നഷ്ടപരിഹാരം നൽകിവരുന്നു. ടി ഉത്തരവുകൾ പ്രകാരം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10 ലക്ഷം രൂപയാണ് നൽകിവരുന്നത്. വനത്തിന് പുറത്തുവച്ച് സംഭവിക്കുന്ന പാമ്പുകടി, തേനീച്ച, കടന്നൽ എന്നിവയുടെ കുത്ത് എന്നിവ മൂലമുണ്ടാകുന്ന ജീവഹാനിക്ക് നഷ്ടപരിഹാരമായി 2 ലക്ഷം രൂപയും നൽകിവരുന്നു. സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക, പരമാവധി ഒരു ലക്ഷം രൂപ

വരെയും അനുവദിച്ചുവരുന്നു. പട്ടികവർഗക്കാരുടെ കാര്യത്തിൽ ചികിത്സാ ചെലവ് മുഴുവനായും അനുവദിച്ചുവരുന്നു. 08-01-2015-ലെ സ.ഉ.(കൈ)നം.02/2015/വനം പ്രകാരം കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നു.

എന്നാൽ 09-05-2025-ലെ സ.ഉ.(സാധാ)നം.304/2025/DMD പ്രകാരം മനുഷ്യ-വന്യജീവി സംഘർഷ ബാധിതർക്കുള്ള നഷ്ടപരിഹാരം വിതരണം ചെയ്യുന്ന രീതിയും പാമ്പുകടി, തേനീച്ച/കടന്നൽകുത്ത് എന്നിവമൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരത്തുകയും പരിഷ്കരിച്ചിട്ടുണ്ട്. വനത്തിന് പുറത്ത് പാമ്പുകടിയേറ്റോ തേനീച്ച/കടന്നൽ എന്നിവയുടെ കുത്തേറ്റോ സംഭവിക്കുന്ന ജീവഹാനിക്ക് നൽകുന്ന നഷ്ടപരിഹാരം നാല് ലക്ഷം രൂപയായി വർധിപ്പിച്ചിട്ടുണ്ട്. 2021-22 മുതൽ 2025 ജൂലൈ വരെ സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷങ്ങളിലെ മരണം, പരിക്ക് മറ്റ് നാശനഷ്ടങ്ങൾ എന്നിവയുടെ എണ്ണവും നൽകിയിട്ടുള്ള നഷ്ടപരിഹാരവും അനുബന്ധമായി ചേർക്കുന്നു.+

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി നൽകിയിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നാട്ടിൽ വർധിച്ചുവരുന്ന കാട്ടുപന്നി ആക്രമണം തടയുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള മാർഗങ്ങൾ അറിയിക്കാമോ?

ജനവാസ മേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരെ ഓണററി വൈൽഡ് ലൈഫ് വാർഡനായി ചുമതലപ്പെടുത്തിയും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസറായി ചുമതലപ്പെടുത്തിയും 1972-ലെ വന്യജീവി (സംരക്ഷണം) നിയമപ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും ടി നിയമപ്രകാരം ഷെഡ്യൂൾ 2-ൽ ഉൾപ്പെട്ട കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും ഡെലിഗേറ്റ് ചെയ്തുകൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. ടി ഉത്തരവിന്റെ കാലാവധി 28-05-2025-ലെ സ.ഉ.(കൈ)നം. 17/2025-വനം പ്രകാരം 28-08-2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഈ അധികാരം ഉപയോഗപ്പെടുത്തി നാളിതുവരെ സംസ്ഥാനത്ത് കാടിനുപുറത്ത് ജനങ്ങളുടെ ജീവനും സ്വത്തിനും

അപകടകാരികളായ 4734 കാട്ടുപന്നികളെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൊന്ന് ഇല്ലായ്മ ചെയ്തിട്ടുള്ളതാണ്. 07-03-2024-ലെ ഉത്തരവ് നം.(കൈ)4/2024/DMD പ്രകാരം മനുഷ്യ-വന്യമൃഗ സംഘർഷം പൊതുവിൽ "സംസ്ഥാന സവിശേഷ ദുരന്തമായി"പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ അപകടകാരികളായ കാട്ടുപന്നികളെ കൊല്ലുന്നതിന് അംഗീകൃത ഷൂട്ടർമാർക്കുള്ള ഓണറേറിയം 1500/- രൂപാ നിരക്കിലും കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെ ജഡം മറവുചെയ്യുന്നതിനുള്ള ചെലവിനത്തിൽ 2000/- രൂപയും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഫണ്ടിൽനിന്നും വകയിരുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകാൻ 06-03-2025-ലെ GO(Rt) No.108/2025/ DMD പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

**മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ കേന്ദ്ര വിഹിതം**

192 (1043) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാനടക്കം ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് എന്ന പദ്ധതി വഴിയും ഉപപദ്ധതിയായ പ്രോജക്ട് എലിഫന്റ് ആൻഡ് ടൈഗർ വഴിയും 2020 മുതൽ 2025

വരെ കാലയളവിൽ കേന്ദ്ര ഗവൺമെന്റ് കേരളത്തിന് അനുവദിച്ച തുക എത്രയെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാനടക്കം ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് എന്ന പദ്ധതി വഴിയും പ്രോജക്ട് എലിഫന്റ് ആൻഡ് ടൈഗർ വഴിയും 2020 മുതൽ 2025 വരെ കാലയളവിൽ കേന്ദ്ര ഗവൺമെന്റ് കേരളത്തിന് കേന്ദ്രവിഹിതമായി റിലീസ് ചെയ്ത തുകയും ചെലവഴിച്ച തുകയും വർഷം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

**കാട്ടാന ആക്രമണം**

193 (1044) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മിക്ക ജില്ലകളിലും കാട്ടാനകളുടെ ആക്രമണം വർധിച്ചുവരുന്നതിനാൽ ഇത്തരം ആക്രമണങ്ങൾ തടയുന്നതിനായി സ്വീകരിച്ചിരിക്കുന്ന പ്രതിരോധ നയം എന്താണെന്ന് വ്യക്തമാക്കാമോ?

കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ജനവാസമേഖലയിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇറങ്ങിയതായി ശ്രദ്ധയിൽപ്പെട്ടാൽ അവയെ വനത്തിനുള്ളിലേക്ക് തിരികെ അയയ്ക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കാറുണ്ട്. കാട്ടാനയുൾപ്പെടെയുള്ള വന്യജീവികളെ കാട്ടിലേക്ക് തുരത്തുവാനും സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാനത്താകെ 28 ആർ.ആർ.ടി.-കൾ പ്രവർത്തിച്ചുവരുന്നു. വയനാട്, പാലക്കാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. മനുഷ്യ-വന്യജീവി സംഘർഷ സാധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാഫുകൾ നിരന്തര പട്രോളിങും പരിശോധനയും ശക്തമാക്കിയിട്ടുള്ളതും രാത്രികാല പട്രോളിങും അന്തർ സംസ്ഥാന അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിങും നടത്തുന്നുണ്ട്. ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവും ഉപയോഗിച്ച് കാട്ടിലേക്ക് തിരികെ വിടുന്നതിന് ആധുനിക അനിഡേർസ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു.

ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ ട്രാപ്പ്, റിയൽ ടൈം മോണിറ്ററിങ് സിസ്റ്റം മുതലായവ വന്യമൃഗങ്ങളുടെ സാന്നിധ്യം മുൻകൂട്ടി അറിയുന്നതിനും മനുഷ്യ-വന്യമൃഗ

സംഘർഷം ലഘൂകരിക്കുന്നതിനും ഉപയോഗപ്പെടുത്തിവരുന്നു. വനമേഖലയിൽ നിന്നും കാട്ടാനകൾ ജനവാസമേഖലയിലേക്ക് കടന്നുവരുന്നത് തടയുന്നതിനായി വനാതിർത്തികളിൽ സോളാർ വേലികളും കിടങ്ങുകളും നിർമ്മിച്ച് പരിപാലിച്ചുവരുന്നുണ്ട്.

(ബി) കാട്ടാനകളുടെ ആക്രമണം തടയുന്നതിനായി നിലവിലെ പദ്ധതി ഫലപ്രദമാണോയെന്ന് വിശദമാക്കാമോ; 2024-25 കാലയളവിൽ കാട്ടാന ആക്രമണത്തിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും എത്ര പേർക്ക് ഗുരുതരമായി പരിക്ക് പറ്റിയിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് സർക്കാർ എടുത്ത നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ? 2024-25 വർഷത്തിൽ കേരളത്തിൽ 19 പേർ കാട്ടാനകളുടെ മുന്നിൽപ്പെട്ടുണ്ടായ അപകടങ്ങളിൽ മരണപ്പെട്ടിട്ടുണ്ട്. കാട്ടാനകൾ കാരണം ഇക്കാലയളവിൽ 79 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. കാട്ടാനകൾ കാരണം ഉണ്ടായിട്ടുള്ള മരണങ്ങളിൽ ഏറിയ പങ്കും വനത്തിനുള്ളിൽവച്ച് കാട്ടാനയുടെ മുന്നിൽപ്പെട്ട് ഉണ്ടായിട്ടുള്ളവയാണ്. കാട്ടിനുള്ളിൽവച്ച് കാട്ടാനകളുടെ മുന്നിൽപ്പെട്ടുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനായി ഉന്നതികളിൽ വനം വകുപ്പും എക്സൈസ് വകുപ്പും സംയുക്തമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

വനമേഖലയോട് ചേർന്ന് ശരിയായി പരിപാലിക്കാതെ അടിക്കാട് പിടിച്ചുകിടക്കുന്ന കൃഷിഭൂമികൾ കാട്ടാനകൾക്ക് താവളമൊരുക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരം കൃഷിഭൂമികളിലെ അടിക്കാടുകൾ സമയാസമയം വെട്ടിത്തെളിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ റവന്യൂ വകുപ്പുവഴി ജില്ലാ ഭരണകൂടങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്. സമീപകാലങ്ങളിൽ സെൽഫിയും റീൽസും മറ്റും ചെയ്യുവാനായി സ്വരക്ഷപോലും നോക്കാതെ കാട്ടാനകളുടെ മുന്നിലേക്ക് കടന്നുകയറുന്നതും കാട്ടാനകളെ അനാവശ്യമായി പ്രകോപിപ്പിക്കുന്നതുമായ അനാരോഗ്യകരമായ സംഭവങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുത്തുന്നതിനും അപകടത്തെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനുമുള്ള ശ്രമങ്ങളും നടത്തിവരുന്നു. വനത്തിനുള്ളിലൂടെയും വനാതിർത്തികളിലൂടെയും കടന്നുപോകുന്ന റോഡുകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. കാട്ടാനകളുടെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടാൽ അശാസ്ത്രീയമായും പരിശീലനം ലഭിക്കാതെയും സ്ഫോടകവസ്തുക്കളും മറ്റും ഉപയോഗിച്ച് അവയെ തുരത്താനായി മുതിരുന്നതും വന്യമൃഗങ്ങളെ പ്രകോപിതരാക്കുകയും അപകടങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്യുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വന്യമൃഗങ്ങൾ ജനവാസമേഖലയിലേക്ക്

ഇറങ്ങുന്നത് തടയാനായി തയ്യാറാക്കിയിട്ടുള്ള പ്രതിരോധ നിർമ്മിതികൾ ഫലപ്രദമാണെന്നാണ് കണ്ടുവരുന്നത്. എന്നാൽ ഇത്തരം പ്രതിരോധ നിർമ്മിതികൾ കൊണ്ടുമാത്രം അപകടങ്ങൾ പൂർണ്ണമായും ഒഴിവാക്കാനാകില്ലെന്നും അതിനായി സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളും പൊതുജനങ്ങളും ഒരുപോലെ സഹകരിച്ച് പ്രവർത്തിക്കേണ്ടതുണ്ടെന്നുമാണ് മനസ്സിലാക്കുന്നത്. ഇതിലേക്കായി മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനായി സർക്കാർ 10 മിഷനുകൾ വിഭാവനം ചെയ്ത് നടപ്പാക്കിവരുന്നു.

1) വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണ-ജലലഭ്യത വനത്തിനുള്ളിൽ തന്നെ ഉറപ്പുവരുത്തുന്നതിനായി മിഷൻ ഫുഡ്, ഫോഡർ, വാട്ടർ;

2) പരമ്പരാഗത അറിവുകളുടെ ശേഖരണത്തിനും അവയുടെ ഫലപ്രാപ്തി സംബന്ധിച്ച ശാസ്ത്രീയ പഠനങ്ങൾക്കും പ്രായോഗികമായവയുടെ ഉപയുക്തതയ്ക്കും പ്രചാരണത്തിനുമായി കേരള വന ഗവേഷണ കേന്ദ്രവുമായി ചേർന്ന് ഗോത്രഭേരി അഥവാ Mission Tribal Knowledge എന്ന തീവ്രയജ്ഞ പദ്ധതി;

3) വനം വകുപ്പ് ഇതുവരെ സ്ഥാപിച്ചിട്ടുള്ള സൗരോർജ വേലികളുടെ അവസ്ഥ വിലയിരുത്തി ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി

പ്രവർത്തനക്ഷമമാക്കാൻ മിഷൻ സോളാർ ഫെൻസിങ്;

4) മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്നയിടങ്ങളിൽ RRT സംഘം എത്തിച്ചേരുന്നതിന് മുമ്പുതന്നെ ചിട്ടയായ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്ക് അടിയന്തരമായി തുടക്കം കുറിക്കാൻ തദ്ദേശവാസികളിൽ നിന്നും സന്നദ്ധരായവരെ ഉൾപ്പെടുത്തി Primary Response Team (PRT)കൾ;

5) മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വ്യാപകമായ ഇടങ്ങളിൽ ഏറ്റവും കാര്യക്ഷമമായി നൂതന സാങ്കേതികവിദ്യയിലൂന്നിയുള്ള നിരീക്ഷണ പരിപാടികളും മറ്റിതര സംരക്ഷണ സംവിധാനങ്ങളും നടപ്പാക്കാനായി മിഷൻ Real Time Monitoring;

6) മനുഷ്യ-വന്യജീവി സംഘർഷങ്ങൾ സംബന്ധിച്ച് പ്രാദേശിക സംഘർഷ സാഹചര്യങ്ങൾക്ക് അനുസൃതമായ വിജ്ഞാന അവബോധ പരിപാടികൾ സംഘടിപ്പിക്കുകയും പൊതുജനത്തെ വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അനുബന്ധ വിഷയങ്ങളെക്കുറിച്ചും അവബോധരാക്കുന്നതിനുവേണ്ടി മിഷൻ സെൻസിറ്റൈസേഷൻ ടു പബ്ലിക്;

7) വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗവേഷണം, പഠനം എന്നിവ നടത്തുകയും കാലാവസ്ഥാവ്യതിയാനം മൂലമുള്ള വന്യമൃഗങ്ങളുടെ

സ്വഭാവത്തിലുള്ള മാറ്റങ്ങൾ, സംഘർഷത്തിന് കാരണമാകുന്ന വിവിധ കാരണങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തുന്നതിന് മുൻകൈ എടുക്കുകയും പഠന ഗവേഷണ പരിപാടികളുടെ കണ്ടെത്തലുകൾ ഉദ്യോഗസ്ഥരിലേക്കും പൊതുജനങ്ങളിലേക്കും കൃത്യമായി എത്തിക്കുന്നതിനുമുള്ള നടപടികൾക്കുമായി Mission Science on Human Wildlife Conflict;

8) നാടൻ കുരങ്ങുകൾ മൂലമുണ്ടാകുന്ന സംഘർഷങ്ങളുടെ കാരണങ്ങളും പൊതുവായും പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ച് പ്രത്യേകമായും പ്രതിവിധിയായി സ്വീകരിക്കാവുന്ന നടപടികൾ ഉൾക്കൊള്ളിച്ചും വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കി അതനുസരിച്ച് നാടൻ കുരങ്ങുകൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും പ്രായോഗികമായി ഇല്ലാതാക്കുന്നതിനായി Mission Bonnet Macaque;

9) ജനവാസമേഖലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനും സംഘർഷം ഒഴിവാക്കുന്നതിനും നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അധികാര വികേന്ദ്രീകരണം കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാൻ ആവശ്യമായ പരിശീലനങ്ങളും സാങ്കേതിക സഹായങ്ങളും വനം വകുപ്പ്

പഞ്ചായത്തുകൾക്ക് നൽകുന്നതിലേക്കായി Mission Wild Pig;

10) പാമ്പുകടി മരണം ഉണ്ടാകാതിരിക്കാൻ ലക്ഷ്യമിടുന്ന മിഷൻ സർപ്പ

എന്നിവയാണ് മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി രൂപപ്പെടുത്തി നടപ്പാക്കി വരുന്ന തീവ്രയജ്ഞ പരിപാടികൾ.

**നിയന്ത്രിത നായാട്ട് അനുവദിക്കാൻ നടപടി**

194 (1045) ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവനും സ്വത്തിനും കൃഷിക്കും നാശമുണ്ടാക്കുന്ന വന്യജീവികളെ നിയന്ത്രിക്കുന്നതിനായി നിയന്ത്രിത നായാട്ട് നടത്തുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ?

ജനവാസമേഖലകളിൽ മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന അപകടകാരികളായ കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാരെയും സെക്രട്ടറിമാരെയും അധികാരപ്പെടുത്തിയിട്ടുള്ള ഉത്തരവിന്റെ കാലാവധി 28-05-2025-ലെ സ.ഉ. (കൈ)നം.17/2025/വനം പ്രകാരം 27-05-2026 വരെ ദീർഘിപ്പിച്ചിട്ടുള്ളതാണ്. മറ്റ്

വന്യജീവികളെ നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടി സർക്കാർ ആലോചനയിലാണ്.

(ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിർദേശം തേടിയിരുന്നോ; വിശദമാക്കാമോ? 1972-ലെ വന്യജീവി (സംരക്ഷണം) നിയമം പ്രകാരം കാട്ടുപന്നികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് 06-06-2025-ന് അഭ്യർഥിച്ചിരുന്നു. എന്നാൽ കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 11-06-2025-ന് നൽകിയ മറുപടിയിൽ സംസ്ഥാന സർക്കാരിന്റെ അഭ്യർഥന നിരാകരിച്ചുകൊണ്ട് നിയമത്തിലെ നിലവിലെ സാധ്യതകൾ ഉപയോഗപ്പെടുത്താനാണ് നിർദേശിച്ചിട്ടുള്ളത്.

(സി) വന നിയമങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് പഠിക്കുന്നതിന് വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇല്ല.

**വന്യമൃഗ സാന്നിധ്യം മനസ്സിലാക്കാൻ നൂതന സാങ്കേതിക വിദ്യ**

195 (1046) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:

ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ഇറങ്ങുമ്പോൾ ജനങ്ങളെ അറിയിക്കാൻ നൂതന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ മാർഗങ്ങൾ നടപ്പാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ഇറങ്ങുമ്പോൾ ജനങ്ങളെ അറിയിക്കാൻ നൂതന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ മാർഗങ്ങൾ നടപ്പാക്കിവരുന്നു. നൂതന സാങ്കേതിക വിദ്യയിലൂന്നിയുള്ള നിരീക്ഷണ പരിപാടികളും മറ്റിതര സംരക്ഷണ സംവിധാനങ്ങളും നടപ്പാക്കാനായി മിഷൻ Real Time Monitoring എന്ന തീവ്രയജ്ഞ പരിപാടി മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനായി സർക്കാർ രൂപപ്പെടുത്തി നടപ്പാക്കിവരുന്ന 10 മിഷനുകളിൽ ഒന്നാണ്. M-STrIPES മോണിറ്ററിങ്, ANIDERS സംവിധാനം, AI അധിഷ്ഠിത ക്യാമറകൾ, നൈറ്റ് വിഷൻ ക്യാമറകളും ഡ്രോണുകളും ഉപയോഗിച്ചുള്ള നിരീക്ഷണം, AI സ്മാർട്ട് ഫെൻസിങ് സിസ്റ്റം, SARPA ആപ്പ് തുടങ്ങിയ വിവിധ സംവിധാനങ്ങൾ ഇതിനായി വിവിധ ഭാഗങ്ങളിൽ ഉപയോഗിക്കുന്നു. കൂടാതെ ഡിജിറ്റൽ ഡിസ്പ്ലെ ബോർഡുകൾ ഉൾപ്പെടെയുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ,

SMS അലെർട്ട് സിസ്റ്റം, പൊതുജന പങ്കാളിത്തത്തോടെയുള്ള വാട്സാപ്പ് കൂട്ടായ്മകൾ എന്നിവയും നിലവിലുണ്ട്. വന്യമൃഗ സാന്നിധ്യത്തെക്കുറിച്ച് നിരന്തരം നിരീക്ഷിക്കുന്നതിനും മുന്നറിയിപ്പുകൾ നൽകുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വനം ഡിവിഷൻ തലത്തിൽ 36 ഡിവിഷണൽ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകളും വനം വകുപ്പ് ആസ്ഥാനത്ത് സ്റ്റേറ്റ് ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററും പ്രവർത്തിച്ചുവരുന്നു. ഈ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകൾ ദുരന്തനിവാരണ വകുപ്പിന്റെ ജില്ലാ/സംസ്ഥാന എമർജൻസി ഓപ്പറേഷൻ സെന്ററുകളുമായി ചേർന്ന് മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനും നിവാരണത്തിനുമായി പ്രവർത്തിക്കുന്നതാണ്.

(ബി) വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ഇറങ്ങുന്നത് തടയാൻ രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും ഉപയോഗിക്കുന്ന നൂതന സാങ്കേതികവിദ്യ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇവ സംസ്ഥാനത്ത് നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും ഉപയോഗിക്കുന്ന

നൂതന സാങ്കേതികവിദ്യകളിൽ നമ്മുടെ ഭൂമിശാസ്ത്ര പ്രത്യേകതകൾക്കും ഭൗതിക, സാമ്പത്തിക സാഹചര്യങ്ങൾക്കും അനുയോജ്യമായ റിയൽടൈം മോണിറ്ററിങ് സാങ്കേതികവിദ്യയും നിർമ്മിതബുദ്ധിയും അടിസ്ഥാനമാക്കിയുള്ള (പരീക്ഷണാടിസ്ഥാനത്തിലുള്ള) സ്മാർട്ട് ഫെൻസിങ്, നിരീക്ഷണ മുന്നറിയിപ്പ് സംവിധാനങ്ങളും നടപ്പാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണങ്ങൾ നടത്തിവരുന്നുമുണ്ട്.

**വനാതിർത്തികളിലെ താമസക്കാർ നേരിടേണ്ടിവരുന്ന വന്യജീവി ആക്രമണം**

196 (1047) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തികളിലെ താമസക്കാർ നേരിടേണ്ടിവരുന്ന വന്യജീവി ആക്രമണവും കൃഷിനാശവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വനമേഖലയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ജനവാസമേഖലകളിൽ ചിലയിടങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഫലപ്രദമായി നേരിടുന്നതിനായി മനുഷ്യ-വന്യജീവി സംഘർഷത്തെ സംസ്ഥാന

സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചിട്ടുള്ളതും ദുരന്തസാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതുപോലെ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യാനുമാണ് സർക്കാർ ശ്രമിച്ചുവരുന്നത്.

(ബി) വന്യജീവി ആക്രമണത്തിൽ നിന്നും ജനത്തെ രക്ഷിക്കാനും ഒപ്പം വന്യജീവികളെ സംരക്ഷിക്കാനുമായുള്ള മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കുമോ?

മനുഷ്യ-വന്യജീവി സംഘർഷങ്ങളെ അവയുടെ മൂലകാരണങ്ങളും വൈവിധ്യവും തോതും മേഖലകളും കണക്കിലെടുത്ത് സംസ്ഥാനത്തെ സംഘർഷ ബാധിത പ്രദേശങ്ങളെ 12 ലാൻഡ്സ്കേപ്പുകളായി തിരിച്ചിട്ടുണ്ട്. ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായ രീതിയിൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ നിവാരണ പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇവ ക്രോഡീകരിച്ച് സംസ്ഥാനത്തിലെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ നിവാരണ പ്രവർത്തനങ്ങളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന്റെ ഭാഗമായി വനം വകുപ്പ് തയ്യാറാക്കിയ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ നയസമീപന രേഖ വിശദമായി ചർച്ച ചെയ്ത് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ശേഖരിക്കുന്നതിനായി 27-08-2025-ന് തിരുവനന്തപുരത്തുവച്ച് വിവിധ വകുപ്പ് പ്രതിനിധികൾ, ശാസ്ത്രജ്ഞർ, കർഷക പ്രതിനിധികൾ, ജനപ്രതിനിധികൾ മറ്റ് സ്റ്റേക്ക് ഹോൾഡേഴ്സ് എന്നിവരെ ഉൾപ്പെടുത്തി ഒരു കൺസൾട്ടേറ്റീവ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചിട്ടുള്ളതാണ്.

(സി) കഴിഞ്ഞ 5 വർഷക്കാലയളവിൽ വന്യജീവി ആക്രമണത്തിനിരയായവർക്കും ജീവഹാനി സംഭവിച്ചവർക്കുമായി എത്ര തുക വനം വകുപ്പ് നൽകുകയുണ്ടായി; വിശദാംശം വ്യക്തമാക്കുമോ?

2020-21 മുതൽ 2024-25 വരെ സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ മരണപ്പെട്ടിട്ടുള്ളവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരമായി 4499.82 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.[+]

**വന്യമൃഗ ആക്രമണത്തിനിരയായവർക്ക് നഷ്ടപരിഹാരം**

197 (1048) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

[+] നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യമൃഗ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും സ്വത്തിനും കൃഷിക്കും നാശം സംഭവിച്ചവർക്കുമായി എത്ര രൂപ നഷ്ടപരിഹാര തുകയായി വിതരണം ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (20-05-2021 മുതൽ 31-08-2025 വരെ) വന്യമൃഗ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും സ്വത്തിനും കൃഷിക്കും നാശം സംഭവിച്ചവർക്കുമായി വിതരണം ചെയ്ത നഷ്ടപരിഹാര തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഏതൊക്കെ നഷ്ടപരിഹാര തുകകൾ വർധിപ്പിച്ചിട്ടുണ്ട്; ഇനി ഏതൊക്കെ നഷ്ടപരിഹാര തുകകൾ വർധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വ്യക്തമാക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് വനം വകുപ്പിൽനിന്നും നഷ്ടപരിഹാരം അനുവദിച്ച് നൽകുന്നത് 1980-ലെ കേരള റൂൾസ് ഫോർ പെയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബൈ വൈൽഡ് അനിമൽസ് (Kerala Rules for Payment of Compensation to Victims of Attack by Wild Animals, 1980)-ൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരമാണ്. ഇതിന്റെ ഭാഗമായുള്ള 05-04-2018-ലെ സ.ഉ.(കൈ)നം.17/2018/വനം, 20-01-2024-ലെ സ.ഉ.(കൈ)നം.03/2024/വനം എന്നീ ഉത്തരവുകൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് നഷ്ടപരിഹാരം അനുവദിച്ചുവന്നിരുന്നത്.

മനുഷ്യ-വന്യജീവി സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 09-05-2025-ലെ സ.ഉ.(സാധാ) നം.304/2025/DMD പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾക്ക് 07-03-2024 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷത്തിലുണ്ടാകുന്ന സ്ഥായിയായ അംഗവൈകല്യത്തിന് അനുവദിച്ചിരുന്ന പരമാവധി നഷ്ടപരിഹാര തുക രണ്ട് ലക്ഷത്തിൽനിന്നും രണ്ടര ലക്ഷമായി ടി പുതുക്കിയ ഉത്തരവ് പ്രകാരം ഉയർത്തിയിട്ടുണ്ട്. കൂടാതെ വനത്തിന് പുറത്തുവച്ച് പാമ്പ് കടിയേറ്റോ തേനീച്ച/കടന്നൽ എന്നിവയുടെ കുത്തേറ്റോ മരണമടയുന്നവരുടെ ആശ്രിതർക്ക്

നൽകി വന്നിരുന്ന ധനസഹായം രണ്ട് ലക്ഷം രൂപയിൽ നിന്നും നാല് ലക്ഷമായും ഉയർത്തിയിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട മറ്റ് നഷ്ടപരിഹാര തുകകൾ പരിഷ്കരിക്കുന്ന വിഷയം സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**റിയൽ ടൈം മോണിറ്ററിങ് സിസ്റ്റം**

198 (1049) ശ്രീ. വി. ശശി:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര കർഷകരുടെ ജീവനും സ്വത്തിനും ഭീഷണി സൃഷ്ടിച്ചുകൊണ്ട് അനുദിനം വർധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങൾ പ്രതിരോധിക്കുന്നതിന് കൂടുതൽ ഫലപ്രദവും ശാസ്ത്രീയവുമായ സംവിധാനങ്ങൾ ഒരുക്കേണ്ടതിന്റെ ആവശ്യകത പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കേണ്ടതിന്റെ ആവശ്യകത പരിശോധനാ വിധേയമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വനം വകുപ്പ് തയ്യാറാക്കിയ മനുഷ്യ-

വന്യജീവി സംഘർഷ ലഘൂകരണ നയസമീപന രേഖ വിശദമായി ചർച്ച ചെയ്ത് അഭിപ്രായങ്ങളും നിർദേശങ്ങളും ശേഖരിക്കുന്നതിനായി 27-08-2025-ന് തിരുവനന്തപുരത്തുവച്ച് വിവിധ വകുപ്പ് പ്രതിനിധികൾ, ശാസ്ത്രജ്ഞർ, കർഷക പ്രതിനിധികൾ, ജനപ്രതിനിധികൾ മറ്റ് സ്റ്റേക്ക് ഹോൾഡേഴ്സ് എന്നിവരെ ഉൾപ്പെടുത്തി ഒരു കൺസൾട്ടേറ്റീവ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചിട്ടുള്ളതാണ്. ഇതിനുപുറമെ സർക്കാർ രൂപകല്പന ചെയ്തിട്ടുള്ള പത്ത് തീവ്രയജ്ഞ മിഷനുകളും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനുള്ള ഫലപ്രദവും ശാസ്ത്രീയവും പരമ്പരാഗതവുമായ മാർഗങ്ങൾ അവലംബിക്കുകയും പരിശോധനാ വിധേയമാക്കുകയും ചെയ്യുന്നുണ്ട്. ടി പത്ത് തീവ്രയജ്ഞ പരിപാടികളുടെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

1) വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണ-ജലലഭ്യത വനത്തിനുള്ളിൽ തന്നെ ഉറപ്പുവരുത്തുന്നതിനായി മിഷൻ ഫുഡ്, ഫോഡർ, വാട്ടർ;

2) പരമ്പരാഗത അറിവുകളുടെ ശേഖരണത്തിനും അവയുടെ ഫലപ്രാപ്തി സംബന്ധിച്ച ശാസ്ത്രീയ പഠനങ്ങൾക്കും പ്രായോഗികമായവയുടെ ഉപയുക്തതയ്ക്കും പ്രചാരണത്തിനുമായി കേരള വന ഗവേഷണ കേന്ദ്രവുമായി ചേർന്ന് ഗോത്രഭേരി അഥവാ Mission Tribal Knowledge എന്ന തീവ്രയജ്ഞ പദ്ധതി;

3) വനം വകുപ്പ് ഇതുവരെ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജ വേലികളുടെ അവസ്ഥ വിലയിരുത്തി ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കാൻ മിഷൻ സോളാർ ഫെൻസിങ്;

4) മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്നയിടങ്ങളിൽ RRT സംഘം എത്തിച്ചേരുന്നതിന് മുമ്പുതന്നെ ചിട്ടയായ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്ക് അടിയന്തരമായി തുടക്കം കുറിക്കാൻ തദ്ദേശവാസികളിൽ നിന്നും സന്നദ്ധരായവരെ ഉൾപ്പെടുത്തി Primary Response Team (PRT)-കൾ രൂപീകരിക്കുന്നതിനായി Mission PRT;

5) മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വ്യാപകമായ ഇടങ്ങളിൽ ഏറ്റവും കാര്യക്ഷമമായി നൂതന സാങ്കേതികവിദ്യയിലൂന്നിയുള്ള നിരീക്ഷണ പരിപാടികളും മറ്റിതര സംരക്ഷണ സംവിധാനങ്ങളും നടപ്പാക്കാനായി മിഷൻ Real Time Monitoring;

6) മനുഷ്യ-വന്യജീവി സംഘർഷങ്ങൾ സംബന്ധിച്ച് പ്രാദേശിക സംഘർഷ സാഹചര്യങ്ങൾക്ക് അനുസൃതമായ വിജ്ഞാന അവബോധ പരിപാടികൾ സംഘടിപ്പിക്കുകയും പൊതുജനങ്ങളെ വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അനുബന്ധ വിഷയങ്ങളെക്കുറിച്ചും

ബോധവാന്മാരാക്കുന്നതിനുവേണ്ടി മിഷൻ സെൻസിറ്റൈസേഷൻ ടു പബ്ലിക്;

7) വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗവേഷണം, പഠനം എന്നിവ നടത്തുകയും കാലാവസ്ഥാവ്യതിയാനം മൂലമുള്ള വന്യമൃഗങ്ങളുടെ സ്വഭാവത്തിലുള്ള മാറ്റങ്ങൾ, സംഘർഷത്തിന് കാരണമാകുന്ന വിവിധ കാരണങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തുന്നതിന് മുൻകൈ എടുക്കുകയും പഠന ഗവേഷണ പരിപാടികളുടെ കണ്ടെത്തലുകൾ ഉദ്യോഗസ്ഥരിലേക്കും പൊതുജനങ്ങളിലേക്കും കൃത്യമായി എത്തിക്കുന്നതിനുമുള്ള നടപടികൾക്കുമായി Mission Science on Human Wildlife Conflict;

8) നാടൻ കുരങ്ങുകൾ മൂലമുണ്ടാകുന്ന സംഘർഷങ്ങളുടെ കാരണങ്ങളും പൊതുവായും പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ച് പ്രത്യേകമായും പ്രതിവിധിയായി സ്വീകരിക്കാവുന്ന നടപടികൾ ഉൾക്കൊള്ളിച്ചും വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കി അതനുസരിച്ച് നാടൻ കുരങ്ങുകൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും പ്രായോഗികമായി ഇല്ലാതാക്കുന്നതിനായി Mission Bonnet Macaque;

9) ജനവാസമേഖലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനും സംഘർഷം

ഒഴിവാക്കുന്നതിനും നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അധികാര വികേന്ദ്രീകരണം കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാൻ ആവശ്യമായ പരിശീലനങ്ങളും സാങ്കേതിക സഹായങ്ങളും വനം വകുപ്പ് പഞ്ചായത്തുകൾക്ക് നൽകുന്നതിലേക്കായി Mission Wild Pig;

10) പാമ്പുകടിയേറ്റ് ഒരു മരണം പോലും ഉണ്ടാവരുത് എന്ന വനം വകുപ്പിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി മിഷൻ സർപ്പ.

(ബി) മനുഷ്യവാസ മേഖലയിലെ വന്യജീവി ആക്രമണങ്ങളുടെ ഫലമായി ജനങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഒരു നിയമനിർമ്മാണത്തിന്റെ സാധ്യത പരിശോധനാ വിധേയമാക്കുമോ; വിശദമാക്കുമോ?

കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്ക് നിയമപരമായ സാധുത നൽകുന്നതിലേക്കുള്ള കരട് ബില്ലിന് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതും ഈ നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതുമാണ് .

(സി) കാടിറങ്ങുന്ന വന്യജീവികളെ സംബന്ധിച്ച് മനുഷ്യവാസ മേഖലയിൽ മുന്നറിയിപ്പ് നൽകുന്നതിനുവേണ്ടി നടപ്പാക്കിയ റിയൽ ടൈം മോണിറ്ററിങ്

സിസ്റ്റം കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷ സാഹചര്യങ്ങൾ ഒഴിവാക്കാൻ വന്യമൃഗ സാന്നിധ്യം മുൻകൂട്ടി അറിയുന്നതിനും ജനങ്ങൾക്ക് മുന്നൊരുക്കങ്ങൾ സ്വീകരിച്ച് സുരക്ഷിതരായിരിക്കുവാനും സഹായിക്കുന്ന അടിസ്ഥാന വിവരം കൈമാറൽ സംവിധാനങ്ങൾ നിലവിൽ വനമേഖലകളിൽ നടപ്പാക്കിവരുന്നുണ്ട്. ഇത്തരത്തിലുള്ള നൂതന സാങ്കേതികവിദ്യയിലൂടെ നിരീക്ഷണ പരിപാടികളും മറ്റിതര സംരക്ഷണ സംവിധാനങ്ങളും നടപ്പാക്കിയിട്ടുണ്ട്. ഇത്തരം സംവിധാനങ്ങളിലൂടെ സംസ്ഥാനത്തെ ആനത്താരകൾ, വന്യമൃഗങ്ങളുടെ സ്ഥിരം സഞ്ചാരപാതകൾ എന്നിവ തുടർച്ചയായി നിരീക്ഷിക്കാനും വന്യമൃഗങ്ങളുടെ നീക്കം മുൻകൂട്ടി അറിയാനും സാധിക്കുന്നു.

ആധുനിക സാങ്കേതികവിദ്യയുടെ കൃത്യമായ ഉപയോഗം വനാതിർത്തി പ്രദേശങ്ങളിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും വനം-വന്യജീവി പരിപാലനം കാര്യക്ഷമമാക്കുന്നതിനും വളരെ സഹായകമാകും. മനുഷ്യ-വന്യജീവി സംഘർഷ സാഹചര്യങ്ങൾ ഒഴിവാക്കാൻ വന്യമൃഗ സാന്നിധ്യം മുൻകൂട്ടി അറിയുന്നതിനും ജനങ്ങൾക്ക് മുന്നൊരുക്കങ്ങൾ സ്വീകരിച്ച്

സുരക്ഷിതരായിരിക്കാനും സഹായിക്കുന്ന അടിസ്ഥാന വിവരകൈമാറൽ സംവിധാനങ്ങൾ നിലവിൽ സംസ്ഥാനത്തെ വനമേഖലകളിൽ സജ്ജീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വ്യാപകമായ ഇടങ്ങളിൽ ഏറ്റവും കാര്യക്ഷമമായി ഇത്തരത്തിലുള്ള നൂതന സാങ്കേതിക വിദ്യയിലൂന്നിയുള്ള നിരീക്ഷണ പരിപാടികളും മറ്റിതര സംരക്ഷണ സംവിധാനങ്ങളും സജ്ജീകരിക്കുന്നതിനാണ് മിഷൻ Real Time Monitoring ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ആനത്താരകൾ, വന്യമൃഗങ്ങളുടെ സ്ഥിരം സഞ്ചാരപാതകൾ എന്നിവ തുടർച്ചയായി നിരീക്ഷിക്കുകയും വന്യമൃഗങ്ങളുടെ നീക്കം മുൻകൂട്ടിയറിഞ്ഞ് മുൻകരുതൽ സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യുകയെന്നതാണ് ടി പദ്ധതിയുടെ പ്രധാന ലക്ഷ്യം.

(ഡി) ഭക്ഷണത്തിനും വെള്ളത്തിനുമായി വന്യമൃഗങ്ങൾ കാടിറങ്ങുന്നത് ഒഴിവാക്കുന്നതിനുവേണ്ടി കാടിനുള്ളിൽ വന്യമൃഗങ്ങൾക്ക് ആവശ്യമായ ജലവും ഭക്ഷണവും ലഭിക്കുന്നതിന് ശാസ്ത്രീയമായ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ തന്നെ ഭക്ഷ്യ-ജല ലഭ്യത ഉറപ്പാക്കുന്നതിനായി വനം വകുപ്പ് മിഷൻ ഫുഡ്, ഫോഡർ, വാട്ടർ തീവ്രയജ്ഞ

പരിപാടി എന്നിവ നടപ്പാക്കിവരുന്നു. ഇതുപ്രകാരം വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ സജ്ജീകരിക്കുന്നതിനുമായി കുളങ്ങളും മറ്റ് ജലസംഭരണികളും അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കുകയും അധിനിവേശ കളസസ്യങ്ങളെ ഉന്മൂലനം ചെയ്യും തദ്ദേശീയമായ ഫലവൃക്ഷങ്ങളുടെയും പുല്ലിന്റെയും വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽ തന്നെ നിലനിർത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മിഷൻ ഫുഡ്, ഫോഡർ, വാട്ടർ തീവ്രയജ്ഞ പരിപാടികളിലൂടെ 2025 ഫെബ്രുവരി മുതൽ നാളിതുവരെ ചുവടെ പറയുന്ന പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

സീഡ് ബാൾ (വിത്തുണ്ട) വ്യാപനം - 506487 എണ്ണം

വിസ്ത ക്ലിയറൻസ് - 620.722 ഹെക്ടർ

തുറസ്സായ പ്രദേശങ്ങളുടെ പുനഃസ്ഥാപനം - 263.15 ഹെക്ടർ

വയലുകളുടെ പുനഃസ്ഥാപനം - 572.72 ഹെക്ടർ

പുൽമേടുകളുടെ പുനഃസ്ഥാപനം - 1704.85 ഹെക്ടർ

സ്വാഭാവിക കുളങ്ങളുടെ പരിപാലനം - 111 എണ്ണം

കൃത്രിമ കുളങ്ങളുടെ നിർമ്മാണം - 55 എണ്ണം

കൃത്രിമ കുളങ്ങളുടെ പരിപാലനം - 112 എണ്ണം

കോൺക്രീറ്റ് ചെക്ക് ഡാമുകളുടെ നിർമ്മാണം - 2 എണ്ണം

കോൺക്രീറ്റ് ചെക്ക് ഡാമുകളുടെ പരിപാലനം - 113 എണ്ണം

കൽത്തടയണകളുടെ നിർമ്മാണം - 21 എണ്ണം

മൺ തടയണകളുടെ നിർമ്മാണം - 15 എണ്ണം

ബ്രഷ്-വുഡ് ചെക്ക് ഡാമുകളുടെ നിർമ്മാണം - 646 എണ്ണം

നീരുറവകളുടെ പരിപാലനം - 226 എണ്ണം.

**വന്യജീവി ആക്രമണങ്ങളിൽ പരിക്കേറ്റവർക്കുള്ള നഷ്ടപരിഹാരം**

199 (1050) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വന്യജീവി ആക്രമണങ്ങളിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ട്; എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്?

2016-17 മുതൽ 10-09-2025 വരെ സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷത്തിൽ മരണപ്പെട്ടവരുടെയും പരിക്ക് പറ്റിയവരുടെയും വർഷം

തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ബി) മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരം അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ എത്രപേർക്ക് എത്ര തുക അനുവദിച്ചുനൽകിയിട്ടുണ്ട്?

2016-17 മുതൽ 10-09-2025 വരെ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും നൽകിയിട്ടുള്ള നഷ്ടപരിഹാരത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(സി) എത്രപേർക്ക് ഇനിയും നഷ്ടപരിഹാരം അനുവദിക്കാനുണ്ട്; ഇവർക്ക് നഷ്ടപരിഹാരം അനുവദിക്കാത്തതിന്റെ കാരണം അറിയിക്കാമോ; വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

10-09-2025 വരെ ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ 1063 അപേക്ഷകളിൽ നഷ്ടപരിഹാരം അനുവദിക്കാൻ ബാക്കിയുണ്ട്. മതിയായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് ചട്ടപ്പടിയുള്ള നടപടിക്രമങ്ങൾ പാലിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതാണ്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വന്യജീവികളുടെ ആക്രമണം തടയാൻ നടപടി**

200 (1051) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ വനാതിർത്തിയോട് ചേർന്ന ഏതെല്ലാം പ്രദേശങ്ങളിലാണ് കാട്ടാന ഇറങ്ങി കൃഷി നശിപ്പിച്ചതെന്ന് അറിയിക്കുമോ; വിശദവിവരം നൽകാമോ?

തൃശ്ശൂർ സെൻട്രൽ സർക്കിളിന് കീഴിലെ തൃശ്ശൂർ വനം ഡിവിഷന്റെ പരിധിയിൽ വരുന്ന ചേലക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പാഞ്ഞാൾ, മുള്ളൂർക്കര എന്നീ പഞ്ചായത്തുകളുടെ അതിർത്തി മേഖലകളായ ആറ്റൂർ, പാറപ്പുറം മേഖലകളിലും വാഴക്കോട് ഭാഗത്തുമാണ് കാട്ടാനകളുടെ സാന്നിധ്യം ഉണ്ടാകാറുള്ളത്. തൃശ്ശൂർ-ഷൊർണ്ണൂർ, തൃശ്ശൂർ-മായന്നൂർ റോഡ് മുറിച്ചുകടന്നാണ് ആനകൾ എത്താറുള്ളത്. മേല്പറഞ്ഞ പഞ്ചായത്തുകളിലാണ് ഇത്തരത്തിൽ ആനകൾ കടന്നുകയറുന്നതുമൂലം കാർഷിക നഷ്ടം സംഭവിക്കുന്നത്.

(ബി) ചേലക്കര നിയോജകമണ്ഡലത്തിലെ വനാതിർത്തി പ്രദേശങ്ങളിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനായി 11-07-2025-ന് ചേലക്കര പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിൽ എം.എൽ.എ.-യുടെ

നേതൃത്വത്തിൽ തൃശ്ശൂർ ഡി.എഫ്.ഒ., മച്ചാട് റെയ്ഞ്ച് ഓഫീസർ തുടങ്ങിയ വനംവകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുത്ത യോഗത്തിലെ പ്രധാന തീരുമാനങ്ങൾ ഇതിനകം വനം വകുപ്പ് നടപ്പാക്കിയോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

11-07-2025-ൽ ചേർന്ന യോഗത്തിലെ പ്രധാന തീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത യോഗത്തിലെ തീരുമാനമനുസരിച്ച് അകമല കേന്ദ്രീകരിച്ച് പുതിയ RRT രൂപീകരിച്ച് സ്ഥിരമായ പട്രോളിങ് ആരംഭിക്കുന്നതിനും മണ്ണാത്തിപ്പാറ മുതൽ തലമുറിയൻകുളമ്പ് വരെ 9 കി.മീ. ദൂരത്തിൽ ഫെൻസിങ് ജോലികൾ പൂർത്തീകരിക്കുന്നതിനും മച്ചാട് റെയ്ഞ്ചിലെ പഴയന്നൂർ, ചേലക്കര, മുള്ളൂർക്കര, പാഞ്ഞാൾ എന്നീ പഞ്ചായത്തുകളിലുൾപ്പെട്ട 15 വാർഡുകളിൽ പ്രാഥമിക സന്നദ്ധ പ്രതികരണ സേന (PRT) രൂപീകരിക്കുന്നതിനും രൂപീകരിച്ച PRT-യിലെ അംഗങ്ങൾക്ക് ഏകദിന പരിശീലനം നൽകാനും കഴിഞ്ഞിട്ടുണ്ട്.

(സി) ഏതെല്ലാം തീരുമാനങ്ങളാണ് ഇനിയും നടപ്പാക്കാൻ അവശേഷിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

തിരുമണി മുതൽ തലമുറിയൻകുളമ്പ് വരെ ശേഷിക്കുന്ന ഏകദേശം 20

കി.മീ. സോളാർ ഫെൻസിങ് പൂർത്തീകരിക്കേണ്ടതുണ്ട്. ഫെൻസിങ് പ്രവൃത്തിയുടെ കരാർ പ്രകാരമുള്ള കാലാവധി അവസാനിച്ചതിനാൽ കരാർ പുതുക്കിയതിനുശേഷം മാത്രമെ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ. കരാർ പുതുക്കുന്നതിന് ആവശ്യമായ അടിയന്തരനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫെൻസിങ് പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം മാത്രമെ പ്രസ്തുത സ്ഥലത്ത് Beneficiary Committee-കൾ രൂപീകരിക്കാൻ സാധിക്കുകയുള്ളൂ.

**വന്യമൃഗങ്ങൾ വരുത്തുന്ന കൃഷിനാശത്തിന് നഷ്ടപരിഹാര നിരക്ക് വർധിപ്പിക്കാൻ നടപടി**

201 (1052) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങൾ വരുത്തുന്ന കാർഷിക വിളനാശത്തിന് കർഷകർക്ക് നൽകുന്ന നഷ്ടപരിഹാര നിരക്ക് വനം വകുപ്പ് പരിഷ്കരിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ?

08-01-2015-ലെ സർക്കാർ ഉത്തരവ് (കൈ)നം.02/2015/വനം പ്രകാരമാണ് ഓരോ വിളയ്ക്കും നൽകാവുന്ന നഷ്ടപരിഹാര നിരക്ക് പരിഷ്കരിച്ചത്. ടി ഉത്തരവ്

പ്രകാരം കണക്കാക്കപ്പെടുന്ന തുകയിൽ നഷ്ടപരിഹാരമായി അനുവദിക്കാവുന്ന പരമാവധി തുക 75,000/- രൂപ ആയിരുന്നത് 05-04-2018-ലെ സർക്കാർ ഉത്തരവ് (കൈ) നം.17/2018/വനം പ്രകാരം അനുവദനീയമായ പരമാവധി തുക ഒരു ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. നഷ്ടപരിഹാര നിരക്ക് കാലാനുസൃതമായി പരിഷ്കരിക്കുന്ന വിഷയം പരിശോധനയിലാണ്.

07-03-2024-ലെ സ.ഉ.(കൈ)നം.4/2024/DMD പ്രകാരം കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷം "സംസ്ഥാന സവിശേഷ ദുരന്തം"ആയി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 09-05-2025-ലെ സ.ഉ.(സാധാ) നം.304/2025/DMD പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ടി മാനദണ്ഡങ്ങൾ പ്രകാരം മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നത് കൃഷി വകുപ്പ് മുഖേനയാണ്.

(ബി) കൃഷി ആവശ്യങ്ങൾക്കുള്ള സാധനങ്ങളുടെ വില വർധിച്ചിട്ടും നഷ്ടപരിഹാരത്തുകയിൽ കാലാനുസൃതമായി വർധനവ് വരുത്താത്തതുമൂലം കർഷകർ നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ;

എങ്കിൽ വിശദമാക്കുമോ;

(സി) വന്യമൃഗങ്ങൾ കാരണമുള്ള കാർഷിക വിളനാശത്തിന് നൽകാവുന്ന നഷ്ടപരിഹാര നിരക്ക് വർധിപ്പിക്കുമോ; വിശദമാക്കുമോ?

(സി&ഡി) 07-03-2024-ലെ സ.ഉ.(കൈ)നം.4/2024/DMD പ്രകാരം കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷം "സംസ്ഥാന സവിശേഷ ദുരന്തം" ആയി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 09-05-2025-ലെ സ.ഉ.(സാധാ) നം.304/2025/DMD പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ടി മാനദണ്ഡങ്ങൾ പ്രകാരം മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നത് കൃഷി വകുപ്പ് മുഖേനയാണ്. വന്യമൃഗങ്ങൾ കാരണമുള്ള കാർഷിക വിള നാശത്തിന് നൽകാവുന്ന നഷ്ടപരിഹാര നിരക്ക് പരിഷ്കരിക്കുന്ന വിഷയം പരിശോധനയിലാണ്.

**വന്യജീവികളെ പ്രതിരോധിക്കുവാൻ പ്രായോഗിക നടപടികൾ**

202 (1053) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിന് പുറത്തെത്തി നാശം വിതയ്ക്കുന്ന വന്യജീവികളെ പ്രതിരോധിക്കുവാൻ വന്യജീവി സംരക്ഷണ നിയമത്തിലെ വകുപ്പ് 11(2) ഫലപ്രദമായി ഉപയോഗിക്കുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെടുന്നുവെന്ന ആരോപണം ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ കാര്യത്തിൽ എന്തൊക്കെ തിരുത്തൽ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സന്ദിഗ്ദ്ധ ഘട്ടത്തിൽ സ്വന്തം ജീവൻ രക്ഷിക്കുന്നതിനോ മറ്റൊരു വ്യക്തിയുടെ ജീവൻ രക്ഷിക്കുന്നതിനോവേണ്ടി ആക്രമണകാരിയായ വന്യമൃഗത്തെ പരിക്കേൽപ്പിക്കുകയോ കൊല്ലുകയോ ചെയ്യുന്നത് കുറ്റകരമല്ലെന്നാണ് വന്യജീവി (സംരക്ഷണ) നിയമത്തിലെ വകുപ്പ് 11(2) വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇങ്ങനെ ഒരു മൃഗത്തെ കൊല്ലുകയോ പരിക്കേൽപ്പിക്കുകയോ ചെയ്യുന്ന വ്യക്തി നിയമത്തിലെയോ അനുബന്ധ ചട്ടങ്ങളിലെയോ മറ്റ് വ്യവസ്ഥകൾ ലംഘിക്കാൻ പാടില്ലെന്നും ഈ വകുപ്പ് വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത വകുപ്പ് ഏറ്റവും അടിയന്തര സാഹചര്യങ്ങളിൽ മാത്രം ഒരു വ്യക്തിയുടെ ജീവൻ രക്ഷിക്കുന്നതിനായി മാത്രം ഉപയോഗിക്കേണ്ടതാണ്. നിലവിലെ കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വനത്തിന് പുറത്തിറങ്ങുന്ന വന്യജീവിയെ

പ്രതിരോധിക്കുവാൻ 11(1)(a), 11(1)(b) എന്നീ വകുപ്പുകൾ പ്രകാരമുള്ള നടപടിയെ സ്വീകരിക്കുവാൻ കഴിയൂ.

(ബി) വന്യജീവികളെ അതിന്റെ ആവാസവ്യവസ്ഥയിൽ നിലനിർത്തുന്നതിനും പ്രജനനം നിയന്ത്രിക്കുന്നതിനും വന്യജീവി ആക്രമണങ്ങൾ തടയുന്നതിനും മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ദേശീയോദ്യാനങ്ങളുടെയും കടുവാ സങ്കേതങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും പരിപാലനത്തിനും നഷ്ടപരിഹാരമുൾപ്പെടെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണങ്ങൾക്കുമായി 2016-17 മുതൽ നാളിതുവരെ ചെലവഴിച്ചിട്ടുള്ള തുകയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) വർഷംതോറും കോടിക്കണക്കിന് രൂപ ഇത്തരത്തിൽ ചെലവഴിച്ചിട്ടും വന്യജീവി ആക്രമണങ്ങളെ പ്രതിരോധിക്കാൻ സർക്കാർ പരാജയപ്പെട്ട സാഹചര്യത്തിൽ അയൽസംസ്ഥാനങ്ങളെ മാതൃകയാക്കി ശാസ്ത്രീയമായ കാഴ്ചപ്പാടും സാങ്കേതികവിദ്യയും കൂട്ടിയിണക്കി പ്രായോഗിക സമീപനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിക്കുവാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുവാൻ ഫലപ്രദമായ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിനായി വളരെ വിശദമായ പദ്ധതികളാണ് നിലവിൽ നടപ്പാക്കിവരുന്നത്. ഇന്ത്യയിൽ വന്യജീവികളെയും അവയുടെ ആവാസവ്യവസ്ഥയും പരിരക്ഷിക്കുന്നത് 1972-ലെ വന്യജീവി (സംരക്ഷണ) നിയമം മൂലമാണ്. ടി നിയമത്തിനും ബന്ധപ്പെട്ട ചട്ടങ്ങൾക്കും അനുസൃതമായി മാത്രമെ സംസ്ഥാന സർക്കാരിന് പ്രവർത്തിക്കാനാകുകയുള്ളൂ. വനവും വന്യജീവികളുമുള്ള എല്ലാ ഭൂപ്രദേശത്തും മനുഷ്യ-വന്യജീവി സംഘർഷങ്ങൾ നിലനിൽക്കുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ കാരണങ്ങളുടെ വ്യത്യസ്തത പോലെ തന്നെ ഓരോ പ്രദേശത്തും ലഘൂകരണ നടപടികളും വ്യത്യസ്തമായിരിക്കും. കേരളത്തിൽ തന്നെ ഭൂലഭ്യത, ഭൂപ്രകൃതി, ഭൂവിനിയോഗം, ജനസാന്ദ്രത, സാമൂഹിക-സാംസ്കാരിക പ്രത്യേകതകൾ, വന്യജീവികളുടെ വിന്യാസം എന്നിവയ്ക്ക് അനുസൃതമായി ഓരോ മേഖലയ്ക്കും അനുയോജ്യമായ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ നിവാരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. സർക്കാരിന്റെയും വനം വകുപ്പിന്റേയും പ്രവർത്തനങ്ങൾ ഫലം കാണുന്നുവെന്നാണ് മുൻവർഷങ്ങളെ അപേക്ഷിച്ച് മനുഷ്യ-വന്യജീവി

സംഘർഷങ്ങളിലെ മനുഷ്യരുടെ ജീവൻ നഷ്ടപ്പെടുന്നത് കുറഞ്ഞു വരുന്നതായിട്ടുള്ള കണക്കുകൾ വ്യക്തമാക്കുന്നത്. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ നിവാരണ പ്രവർത്തനങ്ങൾക്ക് ശാസ്ത്രീയവും സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിലും ഏറ്റവും നൂതനമായ മാർഗങ്ങളാണ് സർക്കാരും വനം വകുപ്പും സ്വീകരിച്ചുവരുന്നത്. അതോടൊപ്പം മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്ക് പരമ്പരാഗത അറിവുകളും മാർഗങ്ങളും പ്രായോഗികമായി ഉപയോഗിച്ച് വരുവാൻ ശ്രമിക്കുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെക്കാൾ മികച്ച മാതൃകയാണ് കേരളം സ്വീകരിച്ചിട്ടുള്ളത്.

**മനുഷ്യ-വന്യജീവി സംഘർഷങ്ങൾ തടയാൻ നടപടി**

203 (1054) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിൽ വന്യജീവി ആക്രമണങ്ങളാൽ ദിനംപ്രതി ആളുകൾ മരിക്കുമ്പോഴും പ്രസ്തുത കാലയളവിൽ അനുവദിച്ച ഫണ്ടിന്റെ 33 ശതമാനം മാത്രമാണ് ചെലവഴിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

2021-22 മുതൽ 2024-25 വരെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളുൾപ്പെടുന്ന വിവിധ ബജറ്റ് ശീർഷകങ്ങളിൽ 16926.54 ലക്ഷം രൂപ വനം വകുപ്പിന് റിലീസ് ലഭിക്കുകയും ആയതിൽ 16466.90 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുള്ളതാണ്. അതായത് ലഭിച്ച തുകയിൽ 97.28 ശതമാനം തുകയും വിനിയോഗിച്ചിട്ടുണ്ട്. നടപ്പുവർഷത്തിൽ നാളിതുവരെ 650.26 ലക്ഷം രൂപ റിലീസ് നൽകുകയും ആയതിൽ 273.69 ലക്ഷം രൂപ (42.09%) വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കുറയ്ക്കുന്നതിന് വിഭാവനം ചെയ്ത പദ്ധതികൾ പ്രായോഗികമായി നടപ്പിലാക്കുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രധാന കാരണങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് വിഭാവനം ചെയ്ത പദ്ധതികൾ പ്രായോഗികമായി നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടില്ല.

(സി) ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്സ് പദ്ധതിയിലും പ്രോജക്ട് എലിഫന്റ്, പ്രോജക്ട് ടൈഗർ പദ്ധതികളിലും അനുവദിച്ച തുകകൾ ഫലപ്രദമായി വിനിയോഗിക്കാൻ ഏതുതരത്തിലുള്ള നടപടികളാണ്

സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്സ്, പ്രോജക്ട് എലിഫന്റ്, പ്രോജക്ട് ടൈഗർ എന്നിവയ്ക്ക് ഓരോന്നിനും തയ്യാറാക്കി അംഗീകരിച്ചിട്ടുള്ള മാനേജ്മെന്റ് പ്ലാനുകൾക്ക് അനുസൃതമായി ഓരോ വർഷവും വാർഷിക കർമ്മപദ്ധതി തയ്യാറാക്കുകയും ആയത് കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും കേന്ദ്രസർക്കാർ വാർഷിക കർമ്മപദ്ധതിയിൽ ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തി അംഗീകരിച്ചുമാണ് തുക അനുവദിക്കുന്നത്. ആയതിന് റിലീസ് ലഭ്യമാകുന്ന തുക ഏതാണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നുണ്ട്. മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുന്നതിനും വാർഷിക കർമ്മപദ്ധതി തയ്യാറാക്കുന്നതിനും അതനുസരിച്ച് തുക വിനിയോഗിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും സർക്കിൾ തലത്തിലും വനം വകുപ്പ് ആസ്ഥാനത്തും കൃത്യമായ അവലോകനം ചെയ്യാറുണ്ട്.

(ഡി) വന്യജീവി ആക്രമണങ്ങളാൽ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിലുണ്ടായ വലിയ കുടിശ്ശിക കൊടുത്തുതീർക്കാൻ കേന്ദ്രവും സംസ്ഥാനവും ചേർന്ന് ഏത് രീതിയിലാണ് പ്രവർത്തിക്കുന്നത്; വിശദമാക്കാമോ?

കേന്ദ്ര-സംസ്ഥാന വിഹിതം 60:40 അനുപാതത്തിലുള്ള IDWH, പ്രോജക്ട് എലിഫന്റ് എന്നീ പദ്ധതികളും 100% സംസ്ഥാന വിഹിതമുള്ള MRMAC, റിലീഫ് ടു വിക്ടിംസ് എന്നീ പദ്ധതികളിൽ നിന്നുമാണ് മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകിവരുന്നത്. IDWH, പ്രോജക്ട് എലിഫന്റ് എന്നീ പദ്ധതികളുടെ വിവിധ ഘടകങ്ങളിൽ ഒരു ചെറിയ ഘടകം മാത്രമാണ് നഷ്ടപരിഹാരത്തിനായുള്ളത്. നഷ്ടപരിഹാരം നൽകുന്നതിന്റെ സിംഹഭാഗവും സംസ്ഥാന ഫണ്ടായ MRMAC, റിലീഫ് ടു വിക്ടിംസ് എന്നീ പദ്ധതികളിൽ നിന്നുമാണ് ചെലവഴിക്കുന്നത്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ചട്ടപ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

**മാവേലിക്കര മണ്ഡലത്തിലെ കാട്ടുപന്നി ആക്രമണം**

204 (1055) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ കാട്ടുപന്നി ആക്രമണം അതിരൂക്ഷമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മാവേലിക്കര മണ്ഡലത്തിന്റെ പരിധിയിലുള്ള പാലമേൽ, നൂറനാട്, വെള്ളിക്കുന്ന്, താമരക്കുളം ഗ്രാമപഞ്ചായത്തിൽ കാട്ടുപന്നികൾ കൃഷി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാട്ടുപന്നി ആക്രമണം ഇല്ലായ്മ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ജനവാസ മേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരെ ഓണററി വൈൽഡ് ലൈഫ് വാർഡനായി ചുമതലപ്പെടുത്തിയും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസറായി ചുമതലപ്പെടുത്തിയും 1972-ലെ വന്യജീവി (സംരക്ഷണം) നിയമപ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും ടി നിയമപ്രകാരം ഷെഡ്യൂൾ II-ൽപ്പെട്ട കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും ഡെലിഗേറ്റ് ചെയ്തുകൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. ടി ഉത്തരവിന്റെ കാലാവധി 28-05-2025-ലെ സർക്കാരിന്റെ (കൈ)നം.17/2025-

വനം ഉത്തരവ് പ്രകാരം 28-08-2025 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇക്കാര്യത്തിനായി എംപാനൽ ഷൂട്ടർമാരുടെ ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള ഈ അധികാരമുപയോഗിച്ച് മാവേലിക്കര മണ്ഡലത്തിലുൾപ്പെടുന്ന വിവിധ പഞ്ചായത്തുകൾ നാളിതുവരെ 39 കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്തിട്ടുള്ളതാണ്.

കൂടാതെ, അപകടകാരികളായ കാട്ടുപന്നികളെ കൊല്ലുന്നതിന് അംഗീകൃത ഷൂട്ടർമാർക്കുള്ള ഓണറേറിയം 1500/- രൂപാ നിരക്കിലും കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെ ജഡം മറവ് ചെയ്യുന്നതിനുള്ള ചെലവിനത്തിൽ 2000/- രൂപയും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഫണ്ടിൽ നിന്നും വകയിരുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകാൻ 06-03-2025-ലെ GO(Rt)No.108/2025/DMD പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

**വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവർ**

205 (1056) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത്

വന്യജീവി ആക്രമണത്തിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്നും അവ ഏതെല്ലാം വന്യജീവികൾ മൂലമാണ് മരണപ്പെട്ടിട്ടുള്ളതെന്നും വർഷം തിരിച്ച് വിശദമാക്കാമോ?

2016-17 മുതൽ 10-09-2025 വരെ സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷത്തിൽ മരണപ്പെട്ടിട്ടുള്ളവരുടെ വിവരം വർഷവും ഇനവും തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത കാലയളവിൽ മരണപ്പെട്ടവർക്കും പരിക്കേറ്റവർക്കും നൽകിയിട്ടുള്ള ധനസഹായത്തിന്റെ വിവരങ്ങൾ വർഷം തിരിച്ച് വിശദമാക്കാമോ?

(സി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വാമനപുരം മണ്ഡലത്തിൽ വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടതോ പരിക്കേൽക്കുകയോ ചെയ്തിട്ടുള്ള എത്ര പേരുണ്ടെന്നും അവർക്ക് നൽകിയിട്ടുള്ള ധനസഹായത്തിന്റെ വിവരങ്ങളും വർഷം തിരിച്ച് നൽകാമോ?

(ബി & സി) അനുബന്ധമായി ചേർക്കുന്നു.+

**ആദിവാസി സമൂഹത്തിലുൾപ്പെട്ടവരെ വന്യമൃഗങ്ങൾ ആക്രമിക്കുന്ന സംഭവങ്ങൾ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

206 (1057) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപജീവനത്തിന്റെ ഭാഗമായി വനവിഭവ ശേഖരണത്തിന് കാട്ടിൽ പോകുന്ന ആദിവാസി സമൂഹത്തിൽപ്പെട്ടവരെ വന്യമൃഗങ്ങൾ ആക്രമിക്കുന്ന സംഭവങ്ങൾ സംസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉപജീവനത്തിന്റെ ഭാഗമായി വനവിഭവ ശേഖരണത്തിന് കാട്ടിൽ പോകുന്ന ആദിവാസി സമൂഹത്തിൽപ്പെട്ടവർ കാട്ടിനുള്ളിൽവച്ച് വന്യമൃഗങ്ങളുടെ മുന്നിൽപ്പെട്ട് അപകടമുണ്ടായ സംഭവങ്ങൾ സംസ്ഥാനത്ത് ചിലയിടങ്ങളിൽ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ഗൗരവമായി കാണുന്നുണ്ട്.

(ബി) വനാതിർത്തി പ്രദേശങ്ങളിൽ വന്യമൃഗ ശല്യം രൂക്ഷമായ സാഹചര്യത്തിൽ ആദിവാസികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഈ സാഹചര്യത്തിൽ ആദിവാസി മേഖലയിലെ വിദ്യാർഥികൾക്ക് സ്കൂളിൽ പോകുന്നതിനായി സുരക്ഷിതമായ വഴികൾ ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) ആദിവാസി സമൂഹത്തിൽപ്പെട്ടവർ വനാതിർത്തിയോട് ചേർന്ന് വനത്തിന് പുറത്തുള്ള പ്രദേശങ്ങളിലും വനത്തിനുള്ളിലും താമസിക്കുന്നുണ്ട്. വനാതിർത്തിയോട് ചേർന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ സുരക്ഷയ്ക്കായി വനാതിർത്തികളിൽ സോളാർ ഫെൻസിങ്, ഹാങ്ങിങ് സോളാർ ഫെൻസിങ്, ആന പ്രതിരോധ മതിൽ, ആന പ്രതിരോധ കിടങ്ങ്, റെയിൽ ഫെൻസിങ് തുടങ്ങിയ പ്രതിരോധ സംവിധാനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിനകത്ത് ദ്രുത കർമ്മ സേന (RRT), സന്നദ്ധ പ്രാഥമിക പ്രതികരണ സേന (PRT) എന്നിവയും പ്രവർത്തിക്കുന്നുണ്ട്. വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളുടെ സുരക്ഷയ്ക്കായി ആദിവാസി ഉന്നതികളിലേക്കുള്ള പാതയോരങ്ങളിലും ഉന്നതിക്ക് ചുറ്റുമുള്ള വനാതിർത്തിയിലും മേല്പറഞ്ഞിട്ടുള്ള പ്രതിരോധ സംവിധാനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ആദിവാസി ഉന്നതികളിൽ വേണ്ടത്ര പരിപാലനമില്ലാതെ ഉപയോഗശൂന്യമായി കിടക്കുന്ന കൃഷി സ്ഥലങ്ങൾ കാട് വെട്ടിതെളിച്ചിടുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. രാത്രികാലങ്ങളിൽ

വനപാതകളിലൂടെ യാത്ര ഒഴിവാക്കുന്നതിന് പ്രേരണയും ബോധവൽക്കരണവും നടത്തുന്നു. വനപാതകളിൽ സോളാർ വഴിവിളക്കുകൾ/സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. വന്യജീവികളുടെ സാന്നിധ്യം സംബന്ധിച്ച് മുന്നറിയിപ്പ് നൽകുന്നതിന് വാട്സ്ആപ്പ് ഗ്രൂപ്പുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. സെറ്റിൽമെന്റുകളിലേക്ക് വരുന്ന കാനന പാതകളുടെ ഇരുവശവും മൃഗങ്ങളുടെ സാന്നിധ്യം മനസ്സിലാക്കുന്നതിനായി വിസ്ത ക്ലിയറൻസ് നടത്തുന്നുണ്ട്.

**കാട്ടാന ആക്രമണം തടയുന്നതിന് നടപടി**

207 (1058) ശ്രീ. സണ്ണി ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാട്ടാന ആക്രമണം രൂക്ഷമായിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വനത്തോടുചേർന്നുള്ള ജനവാസ മേഖലകളിൽ ചില സ്ഥലങ്ങളിൽ കാട്ടാനകളുടെ സാന്നിധ്യവും തന്മൂലമുള്ള സംഘർഷവും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാലക്കാട് മുണ്ടൂരിൽ വീടിന് മുറ്റത്തേക്ക് ഇറങ്ങിയ വ്യക്തിയെ കാട്ടാന ചവിട്ടി കൊന്നത് അടക്കം നിരവധി പേർ കാട്ടാന ആക്രമണങ്ങളിൽ കൊല്ലപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, പാലക്കാട് ഡിവിഷനിലെ മുണ്ടൂരിൽ വനത്തിൽ നിന്നും 150 മീറ്റർ മാത്രം അകലത്തിൽ സ്ഥിതി ചെയ്യുന്ന വീടിന് മുറ്റത്തേക്ക് അർധരാത്രിയിൽ ഇറങ്ങിയ കുമാരൻ എന്ന വ്യക്തിയെ വനാതിർത്തിയിൽ എത്തിയ കാട്ടാന ചവിട്ടിക്കൊന്ന സംഭവം റിപ്പോർട്ട് ചെയ്യുകയും അടിയന്തര സാമ്പത്തിക സഹായമായി 5 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതുമാണ്. ഇത്തരം സംഭവങ്ങൾ ഗൗരവമായി എടുത്തിട്ടുള്ളതും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

(സി) സംസ്ഥാനത്ത് കാട്ടാനയുടെ ആക്രമണം തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് മനുഷ്യ-കാട്ടാന സംഘർഷം ലഘൂകരിക്കുന്നതിനായി വനാതിർത്തികളിൽ സോളാർ ഫെൻസിങ്, ഹാങ്ങിങ് സോളാർ ഫെൻസിങ്, ആന പ്രതിരോധ മതിൽ, ആന പ്രതിരോധ കിടങ്ങ്, റെയിൽ ഫെൻസിങ്

തുടങ്ങിയ പ്രതിരോധ സംവിധാനങ്ങൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്തുവരുന്നു. കൂടാതെ സംസ്ഥാനത്ത് ദ്രുത കർമ്മ സേനയും (RRT), സന്നദ്ധ പ്രാഥമിക പ്രതികരണ സേനയും (PRT) 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. വനാതിർത്തികളിൽ വന്യജീവികളുടെ സാന്നിധ്യം സംബന്ധിച്ച് മുന്നറിയിപ്പ് നൽകുന്നതിന് പ്രദേശവാസികൾ ഉൾപ്പെടുന്ന വാട്സ്ആപ്പ് ഗ്രൂപ്പുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ ജാഗരൂകരാക്കുന്നതിലേക്കായി ഏർളിവാർണിങ് സിസ്റ്റം, എസ്.എം.എസ്. അലർട്ട് സിസ്റ്റം തുടങ്ങിയ സാങ്കേതികവിദ്യകൾ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു. ജനവാസ മേഖലയോടുചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർക്ക് ടി സ്ഥലങ്ങളിലെ കളകളും അടിക്കാടുകളും നീക്കം ചെയ്യുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ബോധവൽക്കരണം നടത്തുകയും

ചെയ്തിട്ടുണ്ട്. നിലവിൽ വനാതിർത്തികളിൽ നിർമ്മിച്ചിരുന്ന സോളാർ ഫെൻസിങ്ങുകൾ പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി "മിഷൻ സോളാർ ഫെൻസിങ് 2024"എന്ന തീവ്രയജ്ഞ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിലൂടെ 2025 ഫെബ്രുവരി മുതൽ ആഗസ്റ്റ് വരെ 1950 കി.മീറ്റർ സോളാർ ഫെൻസിങ് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ സജ്ജീകരിക്കുന്നതിനമായി "മിഷൻ ഫുഡ്, ഫോഡർ & വാട്ടർ"പദ്ധതി 2025 ഫെബ്രുവരി 1-ാം തീയതി ആരംഭിച്ചിട്ടുണ്ട്. കുളങ്ങളും മറ്റുജലസംഭരണികളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയും അധിനിവേശ കളസസ്യങ്ങളെ ഉന്മൂലനം ചെയ്തും ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽ തന്നെ നിലനിർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

**നിലമ്പൂർ നിയോജകമണ്ഡലത്തിലെ വന്യമൃഗാക്രമണം തടയുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ**

208 (1059) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ വന്യജീവി ആക്രമണത്താൽ മരണപ്പെട്ടവർ, പരിക്കേറ്റവർ എത്രയാണെന്ന് അറിയിക്കുമോ; ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ 13-09-2025 വരെയുള്ള കാലയളവിൽ മനുഷ്യ-വന്യജീവി സംഘർഷത്തിൽ 13 പേർ മരണപ്പെടുകയും 93 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

ഈ കാലയളവിൽ നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഒൻപതുപേർ വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെട്ടിട്ടുള്ളതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) കിഫ്ബി, രാഷ്ട്രീയ കൃഷി വികാസ് യോജന, എം.ആർ.എം.എ.സി. എന്നിവയിലും മറ്റുപദ്ധതികളിലുമായി നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് വനം ഡിവിഷനുകളിൽ ജനവാസമേഖലയോട് ചേർന്നുള്ള വനാതിർത്തിയിൽ എത്ര കിലോമീറ്റർ സൗരോർജ വേലി സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത മേഖലയിൽ സൗരോർജ വേലി സ്ഥാപിക്കാൻ ഇനി എത്ര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിലോമീറ്ററാണ് ബാക്കിയുള്ളതെന്ന് അറിയിക്കുമോ?

ജനവാസമേഖലയോട് ചേർന്നുള്ള വനാതിർത്തിയിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജ വേലിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ജനവാസ മേഖലയോടുചേർന്ന വനാതിർത്തിയിൽ അടിക്കാടുകൾ വെട്ടാത്തതിനെ തുടർന്ന് ആനയടക്കമുള്ള വന്യമൃഗങ്ങളുടെ സാമീപ്യം തിരിച്ചറിയാനാകാതെ ജനങ്ങൾ അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അടിക്കാടുകൾ വെട്ടാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; അടിക്കാടുകൾ വെട്ടുന്നതിനായി വനം വകുപ്പ് ആവശ്യമായ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ജനവാസമേഖലയോട് ചേർന്നുവരുന്ന വനാതിർത്തികളിലും വനത്തിലൂടെ കടന്നുപോകുന്ന പാതയോരങ്ങളിലും വനംവകുപ്പ് സമയാസമയം വിസ്താ ക്ലിയറൻസ് നടത്തിവരുന്നുണ്ട്. എന്നാൽ വനമേഖലയോട് ചേർന്നുള്ളതും വനംവകുപ്പിന്റെ അധികാര പരിധിയിൽപ്പെടാത്തതുമായ പുറമ്പോക്ക് ഭൂമി, തോട്ടങ്ങളുൾപ്പെടെയുള്ള സ്വകാര്യഭൂമി തുടങ്ങിയയിടങ്ങളിൽ കൃത്യമായ പരിപാലനം ഇല്ലാത്തതുകൊണ്ട് കുറ്റിക്കാടുകൾ വളർന്ന് ആനയുൾപ്പെടെയുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വന്യമൃഗങ്ങൾക്ക് തീറ്റയും ഒളിത്താവളവും ലഭ്യമാകുന്നതും അത്തരം സ്ഥലങ്ങളിൽ വന്യമൃഗങ്ങളുടെ സാന്നിധ്യം തിരിച്ചറിയാതെ ആളുകൾ അപകടത്തിൽപ്പെടുന്നതുമായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി സ്വകാര്യ തോട്ടങ്ങളിൽ സമയാസമയം കുറ്റിക്കാടുകൾ വെട്ടിത്തെളിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ജില്ലാ ഭരണകൂടം വഴി നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇത്തരത്തിൽ കാടുവെട്ടിത്തെളിക്കാൻ വൈമുഖ്യം പ്രകടിപ്പിക്കുന്ന തോട്ടങ്ങളിൽ തോട്ടമുടമയുടെ ചെലവിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കാട് വെട്ടിത്തെളിക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കുന്നുണ്ട്. പുറമ്പോക്കുഭൂമിയും മറ്റ് പാതയോരങ്ങളിലുമുള്ള കുറ്റിക്കാടുകൾ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ മുതലായവയിലൂടെ പഞ്ചായത്തുകളുടെ തനത് ഫണ്ടുപയോഗിച്ച് വെട്ടിത്തെളിച്ച് വിസ്താ ക്ലിയറൻസ് ഒരുക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ഡി) കടുവ, പുലി എന്നിവയുടെ ആക്രമണം തുടർച്ചയായി നേരിടുന്ന നിലമ്പൂർ മേഖലയിൽ ഇവയെ കണ്ടെത്തി പിടികൂടാനാവശ്യമായ ക്യാമറകളും കൂടുകളും സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

കടുവ, പുലി എന്നിവയുടെ സാന്നിധ്യം കണ്ടെത്തിയാൽ NTCA-യുടെ

മാർഗനിർദേശങ്ങൾ പ്രകാരമുള്ള നിരീക്ഷണ സംവിധാനങ്ങളും തുടർനടപടികളും സ്വീകരിക്കുന്നതാണ്.

**പാലക്കാട് ജില്ലയിലെ വന്യജീവി ആക്രമണം**

209 (1060) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ പാലക്കാട് ജില്ലയിൽ വന്യജീവി ആക്രമണത്തിൽ പരിക്കുപറ്റിയവരുടെയും മരണപ്പെട്ടവരുടെയും എണ്ണം എത്രയെന്ന് അറിയിക്കുമോ?

പാലക്കാട് ജില്ലയിൽ 2021 മുതൽ നാളിതുവരെ പാമ്പുകടിയേറ്റ് 56 മരണങ്ങളും മറ്റ് വന്യജീവികളുടെ ആക്രമണത്തിൽ 48 മരണങ്ങളും 643 പേർക്ക് പരിക്കും സംഭവിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ പാലക്കാട് ജില്ലയിൽ വന്യജീവി ആക്രമണത്തിന് ഇരയായവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കുമായി എത്ര തുക നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും ഇനി എത്ര തുക നൽകാൻ ബാക്കിയുണ്ടെന്നും അറിയിക്കുമോ?

ഈ കാലയളവിൽ പാലക്കാട് ജില്ലയിൽ വന്യജീവി ആക്രമണത്തിന്

ഇരയായവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കുമായി 769.23 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. ഇനി 81.37 ലക്ഷം രൂപ നൽകാൻ ബാക്കിയുണ്ട്.

**കൊമ്പുകുത്തിയിലെ കാട്ടാന ആക്രമണം**

210 (1061) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിലെ കൊമ്പുകുത്തിയിലെ രൂക്ഷമായ കാട്ടാന ആക്രമണം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കോരുത്തോട് ഗ്രാമ പഞ്ചായത്തിലെ കൊമ്പുകുത്തിയിലെ കാട്ടാന പ്രശ്നം പരിഹരിക്കുന്നതിന് നബാർഡ് പദ്ധതിയിലുൾപ്പെടുത്തി കണ്ടങ്കയം മുതൽ മതമ്പ വരെ 14 കി.മീ. ദൂരത്തിൽ 160.98 ലക്ഷം രൂപ ചെലവിൽ സൗരോർജ്ജ തൂക്കുവേലി നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. നിലവിൽ ഏഴ് കിലോമീറ്റർ ദൂരം സൗരോർജ്ജ തൂക്കുവേലി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൊമ്പുകുത്തി ഉന്നതിക്ക് ചുറ്റും ഒരു കിലോമീറ്റർ

ദൂരത്തിൽ നബാർഡ് പദ്ധതിയിലുൾപ്പെടുത്തി 22.50 ലക്ഷം രൂപ ചെലവിൽ ആനപ്രതിരോധ കിടങ്ങ് നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കൊമ്പുകുത്തി, മതമ്പ, ചെന്നാപ്പാറ മേഖലകളിൽ വിഹരിക്കുന്ന കാട്ടാനക്കൂട്ടത്തെ ഉൾക്കാട്ടിലേക്ക് കയറ്റിവിടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വണ്ടൻപതാൽ ആർ.ആർ.ടി. യൂണിറ്റും മുറിഞ്ഞപുഴ, വണ്ടൻപതാൽ ഫോറസ്റ്റ് സ്റ്റേഷൻ ജീവനക്കാരും ചേർന്ന് കൊമ്പുകുത്തി, മതമ്പ, ചെന്നാപ്പാറ മേഖലകളിൽ കാണപ്പെടുന്ന കാട്ടാനക്കൂട്ടത്തെ ഉൾക്കാട്ടിലേക്ക് കയറ്റി വിടുന്നുണ്ട്.

(സി) കൊമ്പുകുത്തിയിൽ രണ്ടാളുകളെ കൊല്ലുകയും വീടുകളിലെത്തി ആക്രമണം നടത്തുകയും ചെയ്യുന്ന ഒറ്റയാനായ കൊമ്പുകുത്തി കൊമ്പനെ മയക്കുവെടിവച്ച് പിടികൂടി അരിക്കൊമ്പനെ മാറ്റിയതുപോലെ വിദൂരവനങ്ങളിൽ എവിടേക്കെങ്കിലും കയറ്റിവിട്ട് ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പുവരുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കൊമ്പുകുത്തിയിൽ മനുഷ്യ-വന്യജീവി സംഘർഷത്തിലേർപ്പെടുന്ന കാട്ടാനകളെ ഉൾക്കാട്ടിലേക്ക് കയറ്റി വിടുന്നതിന് വണ്ടൻപതാൽ ആർ.ആർ.ടി.

യൂണിറ്റും എരുമേലി റെയ്ഞ്ചിലെ മറ്റ് ജീവനക്കാരും പ്രത്യേക ദൗത്യം നടത്തിവരുന്നുണ്ട്. ഈ വിഷയത്തിൽ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ആവശ്യമായ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**പാലപ്പിള്ളി, വെള്ളിക്കുളങ്ങര, ചിമ്മിനി, ചൊക്കന മേഖലകളിലെ വന്യജീവി ആക്രമണം**

211 (1062) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ടതും ചാലക്കുടി, പീച്ചി വനം ഡിവിഷനുകൾക്കുകീഴിൽ വരുന്നതുമായ പാലപ്പിള്ളി, വെള്ളിക്കുളങ്ങര, ചിമ്മിനി, ചൊക്കന മേഖലകളിലെ കാട്ടാനയുൾപ്പെടെയുള്ള വന്യജീവികളുടെ ആക്രമണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പുതുക്കാട് മണ്ഡലത്തിലുൾപ്പെട്ടതും ചാലക്കുടി ഡിവിഷന് കീഴിൽ വരുന്നതുമായ വന്യജീവി സംഘർഷം രൂക്ഷമായ മേഖലകളിൽ വനാതിർത്തികളിൽ സോളാർ ഫെൻസിങ് സ്ഥാപിച്ചിട്ടുണ്ട്. മിഷൻ സോളാർ ഫെൻസിങ്ങിന്റെ ഭാഗമായി വന്യജീവി സാന്നിധ്യം സ്ഥിരമായി അനുഭവപ്പെടുന്ന

പാലപ്പിള്ളി റെയ്ഞ്ചിൽ 6.1 കിലോമീറ്ററും വെള്ളിക്കുളങ്ങര റെയ്ഞ്ചിൽ 12 കിലോമീറ്ററും സോളാർ ഫെൻസിങ് പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതാണ്. ചിമ്മിനി റെയ്ഞ്ചിൽ 1.37 കിലോമീറ്റർ സോളാർ ഫെൻസിങ്ങും RKVY പദ്ധതിയിലുൾപ്പെടുത്തി വെള്ളിക്കുളങ്ങര റെയ്ഞ്ചിൽ 8.0 കിലോമീറ്റർ സോളാർ ഫെൻസിങ്ങും പൂർത്തീകരിച്ചിട്ടുള്ളതാണ്. ഹാങ്ങിങ് സോളാർ ഫെൻസിങ് സ്ഥാപിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതികളിൽ നിർമ്മാണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഡിവിഷൻ തലത്തിൽ Divisional Forest Emergency Operation Centre (DFEOC) രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. വനാതിർത്തിയോട് ചേർന്ന് താമസിക്കുന്നവരെയുൾപ്പെടുത്തി ഒരു വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. വന്യമൃഗങ്ങളുടെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടാൽ ഉടനടി വാട്സ്ആപ്പ് ഗ്രൂപ്പിൽ മുന്നറിയിപ്പ് സന്ദേശങ്ങൾ കൈമാറുകയും അടിയന്തര പ്രതിരോധ സംവിധാനങ്ങൾ സജ്ജമാക്കുകയും ചെയ്തുവരുന്നു.

വന്യജീവികളുടെ ആക്രമണത്തിൽനിന്ന് കർഷകരെയും കാർഷിക വിളകളെയും സംരക്ഷിക്കുന്നതിനും രാത്രികാല പട്രോളിങ് ശക്തിപ്പെടുത്തുന്നതിനും നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളെ കാട്ടിലേക്ക് തുരത്തുന്നതിനും കൂടുതൽ വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. ചാലക്കുടി ഡിവിഷന്

കീഴിലെ മൊബൈൽ പാർട്ടി ജീവനക്കാരെ നിയോഗിച്ച് Rapid Response Team മാതൃകയിൽ പ്രത്യേക ടീം പ്രവർത്തിച്ചുവരുന്നുണ്ട്. വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളും ചെക്ക് ഡാമുകളും നിർമ്മിച്ചിട്ടുണ്ട്. വിത്തുട്ട്, ANR planting തുടങ്ങിയ പ്രവൃത്തികളിലൂടെ ഭക്ഷ്യയോഗ്യമായ സസ്യങ്ങളുടെ ലഭ്യത വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി പാലപ്പിള്ളി റെയ്ഞ്ചിൽ ആർ.ആർ.ടി. ജനജാഗ്രത സമിതികൾ രൂപീകരിച്ചിട്ടുണ്ട്. വന്യജീവി സംഘർഷം രൂക്ഷമായ പഞ്ചായത്തുകളിൽ സ്വയം സന്നദ്ധ പ്രാഥമിക പ്രതികരണ സേനകളും (PRT) രൂപീകരിച്ചിട്ടുണ്ട്.

പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പീച്ചി വനം ഡിവിഷനിൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടിയുടെ നടത്തിപ്പിനായി സംഘർഷബാധിത പഞ്ചായത്തുകളുടെ ലിസ്റ്റ് തയ്യാറാക്കി, വിവിധ കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മിഷൻ ഫുഡ്, ഫോഡർ & വാട്ടർ പ്രോഗ്രാമിന്റെ ഭാഗമായി വനത്തിനുള്ളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് ചിമ്മിനി വന്യജീവി സങ്കേതത്തിൽ വിറകുതോട് ഭാഗത്തെ കുളവും തോട്ടപ്പുര ഭാഗത്തെ വണ്ണാത്തിക്കുളവും വൃത്തിയാക്കിയിട്ടുണ്ട്. ജനവാസ

മേഖലയിലെ വന്യജീവികളുടെ സാന്നിധ്യം നിരീക്ഷിച്ച് പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് കൊടുക്കാൻ വാട്സ്ആപ്പ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രൈമറി റെസ്പോൺസ് ടീം, ജനജാഗ്രതാ സമിതി എന്നിവയും രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ നിരീക്ഷണ ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്.

(ബി) റാപിഡ് റെസ്പോൺസ് ടീമിന്റെ (ആർ.ആർ.ടി.) സേവനം കാര്യക്ഷമമാക്കുന്നതിനും ക്യാമറകൾ സ്ഥാപിക്കുന്നതിനും സോളാർ ഫെൻസിങ്, മഴക്കുഴികൾ, ജണ്ടകെട്ടൽ, ട്രഞ്ച് കുഴിക്കൽ തുടങ്ങിയ സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ?

പാലപ്പിള്ളി റെയ്ഞ്ചിൽ RRT നിലവിൽ വരാന്തരപ്പിള്ളി സെക്ഷൻ ഓഫീസ് കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ടി RRT-യ്ക്ക് ആവശ്യമായ വാഹനം ലഭ്യമായിട്ടുണ്ട്. RRT പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടി തയ്യാറാക്കിയ 256 ലക്ഷം രൂപയുടെ പ്രൊപ്പോസൽ നബാർഡ് ട്രാഞ്ച XXXI ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. പാലപ്പിള്ളി മേഖലയിൽ 3 ക്യാമറ ട്രാപ്പുകൾ പ്രവർത്തനക്ഷമമാണ്. ചാലക്കുടി ഡിവിഷനിൽ ജണ്ട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. വനത്തിനുള്ളിൽ വന്യജീവികൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് വനത്തിനകത്ത് കുളങ്ങളും

ചെക്ക് ഡാമുകളും നിർമ്മിച്ചിട്ടുണ്ട്.

മിഷൻ സോളാർ ഫെൻസിങ്ങിന്റെ ഭാഗമായി വന്യജീവി സാന്നിധ്യം സ്ഥിരമായി അനുഭവപ്പെടുന്ന പാലപ്പിള്ളി (6.1 KM), വെള്ളിക്കുളങ്ങര(12 KM) റെയ്ഞ്ചുകളിൽ സോളാർ ഫെൻസിങ് പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതും RKVY പദ്ധതിയിലുൾപ്പെടുത്തി വെള്ളിക്കുളങ്ങര റെയ്ഞ്ചിൽ 8 കി.മീ. സോളാർ ഫെൻസിങ് പൂർത്തീകരിച്ചിട്ടുള്ളതുമാണ്. കാട്ടാനകളുൾപ്പെടെയുള്ള വന്യജീവികൾ ഇറങ്ങുന്നതും നിലവിൽ ഫെൻസിങ് ഇല്ലാത്തതുമായ പ്രദേശങ്ങളിൽ ഫെൻസിങ് നിർമ്മിക്കുന്നതിന് RKVY പദ്ധതിയിലുൾപ്പെടുത്തി സോളാർ ഫെൻസിങ്, സോളാർ ഹാങ്ങിങ് ഫെൻസിങ് എന്നിവ സ്ഥാപിക്കുന്നതിന് വിവിധ അടങ്കലുകൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിനായുള്ള പ്രൊപ്പോസൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, തൃശ്ശൂരിന് നൽകിയിട്ടുള്ളതാണ്. ആയതിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു.+

പീച്ചി ഡിവിഷന്റെ ചിമ്മിനി റെയ്ഞ്ചിൽ ആർ.ആർ.ടി. രൂപീകരിച്ചിട്ടില്ല. അത്യാവശ്യ ഘട്ടങ്ങളിൽ തൊട്ടടുത്തുള്ള പാലപ്പിള്ളി ആർ.ആർ.ടി.-യുടെ സേവനം ലഭ്യമാക്കിവരുന്നുണ്ട്. ചിമ്മിനി റെയ്ഞ്ചിൽ 1.37 കി.മീറ്റർ സോളാർ ഫെൻസിങ്,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

140 ജണ്ടകൾ എന്നിവ നിർമ്മിച്ചിട്ടുള്ളതും ക്യാമറകൾ സ്ഥാപിക്കൽ, മഴക്കുഴികൾ നിർമ്മിക്കൽ, ട്രഞ്ച് കുഴിക്കൽ എന്നിങ്ങനെയുള്ള സുരക്ഷാ നടപടികൾ, ഫണ്ടിന്റെ ലഭ്യതയുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.

(സി) എം.എൽ.എ.-എസ്.ഡി.എഫിൽ തുക അനുവദിച്ച് വിവിധ കേന്ദ്രങ്ങളിൽ ക്യാമറകൾ സ്ഥാപിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള നിർദ്ദേശത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ചാലക്കുടി ഡിവിഷനിലെ പാലപ്പിള്ളി റെയ്ഞ്ചിലെ വന്യജീവി സാന്നിധ്യം സ്ഥിരമായി അനുഭവപ്പെടുന്ന മേഖലകളിലെ വിവിധയിടങ്ങളിൽ 23 ക്യാമറകൾ സ്ഥാപിക്കുന്നതിന് വിശദമായ പ്രൊപ്പോസൽ അംഗീകാരത്തിനായി എം.എൽ.എ. ഓഫീസിലും തൃശ്ശൂർ കളക്ട്രേറ്റ് ഫിനാൻസ് വിങ്ങിലും 17-05-2025-ൽ സമർപ്പിച്ചിട്ടുള്ളതാണ്. ആയതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**വാമനപുരം മണ്ഡലത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് നടപടി**

212 (1063) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം മണ്ഡലത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷം

ലഘൂകരിക്കുന്നതിനായി വനം വകുപ്പ് മുഖാന്തരം നടപ്പാക്കിക്കൊണ്ടിരിക്കുന്ന ആനക്കിടങ്ങ്, സൗരോർജവേലി എന്നിവ എവിടെയെല്ലാമാണ് സ്ഥാപിക്കുന്നതെന്നും എത്ര കിലോമീറ്റർ നീളത്തിലാണ് ഇവ നിർമ്മിക്കുന്നതെന്നും അവയുടെ നിർമ്മാണ പുരോഗതിയും സംബന്ധിച്ച വിശദവിവരങ്ങൾ നൽകുമോ?

തിരുവനന്തപുരം ഡിവിഷനിലെ പാലോട്, കുളത്തുപ്പുഴ റെയ്ഞ്ചുകളിലുൾപ്പെട്ടുവരുന്ന വാമനപുരം മണ്ഡലത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി വനംവകുപ്പ് മുഖാന്തരം നടപ്പാക്കിക്കൊണ്ടിരിക്കുന്ന ആനക്കിടങ്ങ്, സൗരോർജവേലി എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

**കോവളം മണ്ഡലത്തിലെ പദ്ധതികൾ**

213 (1064) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും മുൻ സർക്കാരിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കാലത്ത് ഭരണാനുമതി ലഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് പ്രവൃത്തി ആരംഭിച്ചതുമായ മൈനർ, മേജർ ഇറിഗേഷൻ പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ?

കോവളം മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണാനുമതി നൽകിയ പ്രവൃത്തികളും മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകിയതും ഈ സർക്കാരിന്റെ കാലത്ത് പ്രവൃത്തി ആരംഭിച്ചതുമായ 25 പ്രവൃത്തികളാണ് മൈനർ ഇറിഗേഷൻ വിഭാഗത്തിന്റെ കീഴിലുള്ളത്. മേജർ ഇറിഗേഷൻ വിഭാഗത്തിന് കീഴിൽ പ്രസ്തുത കാലയളവിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഇല്ല.

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**പിറവം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശം**

214 (1065) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പിറവം നിയോജകമണ്ഡലത്തിൽ വിവിധ മിഷനുകൾക്കും പദ്ധതികൾക്കും കീഴിൽ 2021 ജൂൺ മുതൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ മൈനർ ഇറിഗേഷനും മേജർ ഇറിഗേഷനും കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പിറവം നിയോജകമണ്ഡലത്തിൽ വിവിധ മിഷനുകൾക്കും പദ്ധതികൾക്കും കീഴിൽ 2021 ജൂൺ മുതൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും പ്രസ്തുത കാലയളവിൽ മൈനർ ഇറിഗേഷനും മേജർ ഇറിഗേഷനും കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(സി) പുതിയ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; നിലവിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്?

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങളും നിലവിൽ പൂർത്തികരിക്കാനുള്ള പ്രവൃത്തികൾ സംബന്ധിച്ച

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

**തീരസംരക്ഷണം**

215 (1066) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ 576 കിലോമീറ്റർ ദൈർഘ്യമുള്ള തീരമേഖലയെ തീരശോഷണത്തിൽനിന്നും സംരക്ഷിക്കാൻ ജലവിഭവ വകുപ്പ് കഴിഞ്ഞ അഞ്ച് വർഷം നടത്തിയ ശാസ്ത്രീയ പഠനങ്ങളുടെ പുരോഗതി വിശദീകരിക്കാമോ?

തീരമേഖലയെ തീരശോഷണത്തിൽനിന്നും സംരക്ഷിക്കാൻ ലോക ബാങ്കിന്റെ സഹായത്തോടെ RKP for R പദ്ധതിയിലുൾപ്പെടുത്തി ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. വിവിധ ജില്ലകളിലായി കടലാക്രമണം രൂക്ഷമായ മേഖലകളെ തിരഞ്ഞെടുത്ത് 30 കിലോമീറ്ററോളം നീളത്തിൽ സംരക്ഷണം ലഭിക്കുന്ന രീതിയിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

തീരമേഖലയെ തീരശോഷണത്തിൽനിന്നും സംരക്ഷിക്കുന്നതിനായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ചെന്നൈ ആസ്ഥാനമായുള്ള National Centre for Coastal Research (NCCR) പ്രാഥമിക പഠനം നടത്തിയിരുന്നു. കടലാക്രമണത്തിന് ശാശ്വത പരിഹാരം കാണുന്നതിന് രൂപരേഖ തയ്യാറാക്കാനായി വിവരങ്ങൾ ശേഖരിക്കുകയും തുടർന്ന് തീരദേശ മാനേജ്മെന്റ് പ്ലാൻ (SMP) സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഫൈനൽ റിപ്പോർട്ട് അംഗീകാരത്തിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്.

കാസർഗോഡ് ജില്ലയിലെ ബേക്കൽ-കോട്ടിക്കുളം, കൊപ്പൽ, വലിയപറമ്പ, അഴിത്തല മുതൽ അജാനൂർ കടപ്പുറം വരെയും കീഴൂർ, കാവുഗോളി, കോയിപ്പാടി-പെർവാഡ്, പെരിങ്ങടി, ഉപ്പള, ശാരദാനഗർ, മുസോടി വരെയും ഹൊസബട്ടു, കണ്വതീർത്ഥ വരെയുള്ള തീരപ്രദേശങ്ങൾ ഈ പ്രാഥമിക പഠനത്തിൽ പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ മാഹി അഴി മുതൽ എട്ടിക്കുളം വരെ 69.5 കി.മീ. (NCCR) തീരപ്രദേശമാണ്. ആയതിൽ മാഹി അഴിമുതൽ കൊടുവള്ളി വരെ 10 കി.മി. പ്രദേശം ഹോട്ട്സ്പോട്ട് ഏരിയയിലുൾപ്പെട്ടതാണ്. പ്രസ്തുത തീരപ്രദേശങ്ങളിൽ തന്നെ അതിതീവ്ര ഹോട്ട്സ്പോട്ട് സ്ഥലങ്ങളായ സെന്റ് ജോസഫ് സ്കൂൾ, പെട്ടിപ്പാലം, കുറിച്ചിയിൽ, പ്രസ് വളപ്പ് എന്നീ പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി മിഷൻ ഡയറക്ടറേറ്റുമായി ചേർന്ന് ഏഷ്യൻ

ഡെവലപ്മെന്റ് ബാങ്കിന്റെ നേതൃത്വത്തിൽ വിശദമായ പഠനം നടന്നുവരുന്നുണ്ട്. കൂടാതെ NCCR-ന്റെ നേതൃത്വത്തിൽ തലശ്ശേരി തീരപ്രദേശങ്ങളുടെ സംരക്ഷണ പ്രവൃത്തിക്കായുള്ള മാതൃക രൂപരേഖയും ലഭ്യമായിട്ടുണ്ട്. മലപ്പുറം ജില്ലയിലെ CESCP 1491 കാപ്പിരിക്കാട് മുതൽ CESCP 1549 പൊന്നാനി ലൈറ്റ് ഹൗസ് വരെയുള്ള തീരപ്രദേശം ശക്തമായ കടലാക്രമണം നേരിടുന്ന പ്രദേശമാണ്. പ്രസ്തുത തീരപ്രദേശം അതിതീവ്ര തീരശോഷണ മേഖലയായി തിരഞ്ഞെടുത്തിട്ടുള്ളതാണ്. അതുമായി ബന്ധപ്പെട്ട് നൂതനമായ രീതിയിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് ജലസേചന വകുപ്പും NCCR (National centre for Coastal Research) വിഭാഗവുമായി ചേർന്ന് വിശദമായ പരിശോധന നടത്തുകയും മറ്റുപഠന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കടൽഭിത്തിയുടെ Tentative Design തയ്യാറാക്കിയിട്ടുള്ളതാണ്. മിഷൻ ഡയറക്ടേറ്റിൽനിന്നും ഡിസൈൻ finalize ചെയ്യുന്ന മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതാണ്. കൂടാതെ രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശമായ വള്ളിക്കുന്ന് പഞ്ചായത്തിലെ പരപ്പാൽ ബീച്ചിൽ അനുയോജ്യമായ തീരസംരക്ഷണ പ്രവൃത്തിക്ക് ഡിസൈൻ ലഭ്യമാക്കുന്നതിന് ഹൈഡ്രോളിക് മോഡൽ സ്റ്റഡീസ് നടത്തുന്നതിന് CWPRS പൂനെയുമായി ബന്ധപ്പെടുകയും മേൽപ്രവൃത്തിക്ക് ഭരണാനുമതി നൽകുകയും

CWPRS ആവശ്യപ്പെട്ട തുക 18 ശതമാനം GST ഉൾപ്പെടെ 10,41,326/- രൂപ കൈമാറിയിട്ടുള്ളതുമാണ്. അതനുസരിച്ച് CWPRS പൂനെയുമായി പ്രവൃത്തി ആരംഭിക്കുന്നതിന് ആവശ്യപ്പെടുകയും ആയതിനുള്ള CWPRS ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ കോസ്റ്റൽ ഇറോഷൻ സബ് ഡിവിഷൻ കോഴിക്കോട് മുഖേന പ്രവൃത്തി നടപ്പിലാക്കിവരുന്നു. ഇപ്പോൾ പ്രവൃത്തി പുരോഗമിച്ചുവരികയാണ്. ഈ പ്രവൃത്തി പൂർത്തീകരിച്ച് ആവശ്യപ്പെട്ട വിവരങ്ങൾ കോസ്റ്റൽ ഇറോഷൻ വിഭാഗത്തിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് CWPRS പൂനെയ്ക്ക് കൈമാറുന്നതുമാണ്. CWPRS പൂനെയിൽനിന്നും അനുയോജ്യമായ ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കോഴിക്കോട് ജില്ലയിലെ ഹോട്ട്സ്പോട്ടായി പ്രഖ്യാപിച്ച കാപ്പാട് തീരപ്രദേശത്ത് NCCR സംഘം പഠനം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ General Hotspot - Kappad Groyenes- constructions of series of Groyenes at Kappad Kozhikode district എന്ന പ്രവൃത്തിയുടെ 7626 ലക്ഷം രൂപയുടെ വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കുകയും ഭരണാനുമതി ലഭ്യമാക്കുന്നതിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് മന്ത്രിസഭയുടെ അംഗീകാരത്തിനായി

സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കോഴിക്കോട് കോർപ്പറേഷനിലെ ഭട്ട് റോഡ് ബീച്ചിൽ പുലിമുട്ടുകളുടെ ശ്രേണി നിർമ്മിക്കുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ചെന്നൈ പഠനം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ ഡിസൈൻ പ്രകാരം തയ്യാറാക്കിയ ഡി.പി.ആർ. അംഗീകാരത്തിനായി സമർപ്പിക്കുകയും ആയതിന് 02-09-2025-ലെ G.O(Rt)No.740/2025/WRD പ്രകാരം 700 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതിക അനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോഴിക്കോട് കോർപ്പറേഷനിലെ കോതി, മുഖദാർ എന്നീ പ്രദേശങ്ങളിൽ CWPRS Pune പഠനം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ ഡിസൈൻ പ്രകാരമുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ബി) തീരസംരക്ഷണത്തിനായി ജലവിഭവ വകുപ്പ് നടപ്പിലാക്കിയ ദീർഘകാല പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; നിരന്തരമുള്ള കടലാക്രമണത്തിൽനിന്ന് ഏതെല്ലാം പ്രദേശങ്ങളെ സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തിന്റെ തീരപ്രദേശത്ത് കടൽക്ഷോഭത്തിന്റെ ഗുരുതരമായ

പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി കഴിഞ്ഞ 5 വർഷങ്ങളിൽ കേരള ജലസേചന വകുപ്പ് വിപുലമായ തീരദേശ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരികയാണ്. ചെറിയ അറ്റകുറ്റപ്പണികൾ മുതൽ പ്രധാന ഗ്രോയിൻ ഫീൽഡുകൾ, കടൽഭിത്തി നിർമ്മാണങ്ങൾ വരെയുള്ള പദ്ധതികൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലായി വ്യാപിച്ചുകിടക്കുന്നു. കാസർഗോഡ് ജില്ലയിൽ ഹൊസബെട്ടു, ഉപ്പള, ശാരദാ നഗർ, ഹനുമാൻ നഗർ, കാവുഗോളി, ചേരങ്കൈ, കോയിപ്പാടി, കീഴൂർ, ചെമ്പരിക്ക, പെർവാഡ്, നാങ്കി കൊപ്പളം, കസബ, കണ്ണി ജന്മ കടപ്പുറം, കോട്ടിക്കുളം കടപ്പുറം, ബേക്കൽ കടപ്പുറം, ബേക്കൽ പുതിയ കടപ്പുറം, പള്ളിക്കര കടപ്പുറം, തൈകടപ്പുറം, ബല്ല കടപ്പുറം, അജാനൂർ കടപ്പുറം എന്നീ പ്രദേശങ്ങളിൽ തീരസംരക്ഷണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ പ്രവൃത്തികൾ പൂർത്തീകരിച്ചതിലൂടെ കെ.ടി. നഗർ, ആലിങ്ങൽ, പള്ളിക്കുളം, സദ്ദാം ബീച്ച്, പുത്തൻ കടപ്പുറം വള്ളിക്കുന്ന് പഞ്ചായത്തിലെ ആനങ്ങാടി പ്രദേശവും സംരക്ഷിച്ചിട്ടുണ്ട്. കൂടാതെ പടിഞ്ഞാറെക്കര അഴിമുഖം വരെ 5.037 കിലോ മീറ്റർ തീരം കടൽഭിത്തിയാൽ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. നിറമരുതൂർ പഞ്ചായത്തിലെ

ഉണ്ണിയാൽ ബീച്ചിലെ തേവർ കടപ്പുറത്ത് CP 1627-നും CP 1628-നും ഇടയിൽ 15 മീറ്റർ നീളത്തിൽ കോർ ഭിത്തിയുടെ നിർമ്മാണം നടത്തിയിട്ടുണ്ട്. താനൂർ മുനിസിപ്പാലിറ്റിയിലെ ചീരൻകടപ്പുറത്ത് (അഞ്ചുടി) CP 1643 മുതൽ വടക്കോട്ട് 60 മീറ്റർ നീളത്തിൽ തകർന്ന കടൽഭിത്തിയുടെ അടിയന്തര നവീകരണം നടത്തിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ നടപ്പാക്കിയ കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ മുഖേന വടകര നിയോജകമണ്ഡലത്തിലെ ആവിക്കൽ കുരിയാടി, കുരിയാടി, കൊയിലാണ്ടി വളപ്പ്, ആനാട് പ്രദേശത്തിന്റെ ഒരുഭാഗം, കാപ്പുഴക്കൽ (അഴിയൂർ പഞ്ചായത്ത്) എന്നീ തീരപ്രദേശങ്ങളും കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കണ്ണൻ കടവ്, കാപ്പാട്, കൊയിലാണ്ടി എന്നീ പ്രദേശങ്ങളും കോഴിക്കോട് കോർപ്പറേഷനിലെ ഡിവിഷൻ 72-ലെ കോയറോഡ്, മൂസക്കണ്ടി, തുമ്പിരിപറമ്പ്, തൈക്കട്ടം പറമ്പ്, സ്രാമ്പി പറമ്പ്, ശാന്തി നഗർ ഡിവിഷൻ 1-ൽ എലത്തൂർ സുബ്രമണ്യ ക്ഷേത്രത്തിന് അടുത്തും കപ്പക്കൽ കോയ വളപ്പും ഭാഗത്തും ഗോതീശ്വരം ഭാഗത്തും കടലുണ്ടി മുതൽ വാക്കടവ് വരെയും വാക്കടവ് മുതൽ ചാലിയം വരെയുമുള്ള പ്രദേശങ്ങളിലും കടൽ ഭിത്തി നിർമ്മാണം/പുനരുദ്ധാരണം നടപ്പിലാക്കിയും ഡിവിഷൻ 57-ൽ കോതിയിൽ

പുലിമുട്ടുകൾ നിർമ്മിച്ചും തീരദേശ ജനതയുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കോഴിക്കോട് കല്ലായി നദീമുഖ ഗ്രോയിനുകളുടെ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ തീരസംരക്ഷണത്തിനായി വകുപ്പ് ദീർഘകാല പദ്ധതികളായ ഗ്രോയിൻസ് നിർമ്മാണവും കരിങ്കൽ കൊണ്ടുള്ള കടൽഭിത്തി നിർമ്മാണവും ഗാബിയോൺ ബോക്സ്, ടെട്രാപോഡ് എന്നിവ ഉപയോഗിച്ചുള്ള ഗ്രോയിൻസ്/കടൽഭിത്തി നിർമ്മാണവുമാണ് നടപ്പിലാക്കുന്ന പദ്ധതികൾ. ടി പ്രവൃത്തികളിലൂടെ ശംഖുമുഖം, വലിയതുറ, ചെറിയതുറ, ബീമാപള്ളി, പൂന്തുറ, വെട്ടുകാട് തുടങ്ങിയ പ്രദേശങ്ങളെ സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്.

കൊല്ലം ജില്ലയിൽ കാട്ടിൽമേക്കതിൽ ക്ഷേത്രത്തിന് വടക്കുവശം KMML Deposit fund ഉപയോഗിച്ച് 2 പുലിമുട്ടുകളുടെ നിർമ്മാണം ഭാഗികമായും വെള്ളനാത്തുരുത്തിൽ IREL Deposit fund ഉപയോഗിച്ച് 4 പുലിമുട്ടുകളുടെ നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്. കോവിൽതോട്ടം, പുത്തൻതുറ, നീണ്ടകര എന്നീ തീരപ്രദേശങ്ങളിൽ Gabion box ഉപയോഗിച്ച് കടൽഭിത്തിയുടെ പുനർനിർമ്മാണം നടത്തി ടി പ്രദേശങ്ങളുടെ ഒരു ഭാഗം സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ജലസേചന വകുപ്പിൽ നിലവിൽ സീ വാൾ, കോർ വാൾ തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ദീർഘകാല പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ താൽക്കാലിക സംരക്ഷണം നൽകുന്നതിനായി മണൽ നിറച്ച പോളിപ്രൊപിലിൻ ബാഗുകൾ വിന്യസിച്ചും കരിങ്കൽ ഭിത്തികൾ ഉപയോഗിച്ചുമുള്ള സംരക്ഷണ പ്രവൃത്തികളും ജലസേചന വകുപ്പ് മുഖേന വിവിധ തീരപ്രദേശങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. നേരിട്ടുള്ള കടലാക്രമണങ്ങളിൽനിന്ന് സംരക്ഷണം ഉറപ്പാക്കുക, പ്രദേശവാസികളുടെ ജീവൻ സംരക്ഷിക്കുക, പൊതു അടിസ്ഥാന സൗകര്യങ്ങളും കെട്ടിടങ്ങളും സംരക്ഷിക്കുക എന്നിവയായിരുന്നു ഈ അടിയന്തര പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ.

(സി) തീരസംരക്ഷണ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ജലവിഭവ വകുപ്പിന് കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

തീരസംരക്ഷണ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ 10 വർഷത്തിനിടയിൽ കേന്ദ്ര സർക്കാരിൽനിന്ന് സാമ്പത്തിക സഹായം ലഭ്യമായിട്ടില്ല.

(ഡി) തീരദേശ ജനതയുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനുള്ള

ഉത്തരവാദിത്വം നിറവേറ്റാൻ ഏതെല്ലാം വിഭവസമാഹരണ മാർഗങ്ങളാണ് സ്വീകരിക്കുന്നത്; വിശദാംശം നൽകാമോ?

തീരദേശ ജനതയുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക സംസ്ഥാന സർക്കാരിന്റെ പ്രധാന ഉത്തരവാദിത്വമാണ്. ഇതിനായി സാമ്പത്തിക സഹായങ്ങളും സ്ഥാപനപരമായ സംവിധാനങ്ങളും ശാസ്ത്രീയ പിന്തുണയും പങ്കാളിത്ത വകുപ്പുകളുടെ സഹകരണവും ഒരുമിച്ചുള്ള വിഭവസമാഹരണ മാർഗങ്ങളുമാണ് സ്വീകരിക്കേണ്ടത്.

1. <u>സാമ്പത്തിക സഹായങ്ങൾ</u>: സംസ്ഥാന ബജറ്റ്, കിഫ്ബി, NABARD/RIDF, കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികൾ, ദുരിതാശ്വാസ ഫണ്ടുകൾ (SDRF), NDMF, ലോക ബാങ്ക്, ADB മുതലായവ.

2. <u>സ്ഥാപനപരമായ സംവിധാനങ്ങൾ</u>: വലിയ തീരസംരക്ഷണ പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകുന്നതിനായി KIIDC, മിഷൻ ഡയറക്ടറേറ്റ് പോലുള്ള പ്രത്യേക വിഭാഗങ്ങൾ രൂപീകരിക്കുന്നത്.

3. <u>ശാസ്ത്രീയ പിന്തുണ</u>: NCCR, NIOT, NCSCM, NIO, CWPRS, CWRDM, KUFOS കേന്ദ്ര/സംസ്ഥാന ഏജൻസികളിൽ നിന്നുള്ള ശാസ്ത്രീയ സാങ്കേതിക സഹായം ലഭ്യമാക്കൽ.

4. പങ്കാളിത്ത വകുപ്പുകളുടെ സഹകരണം: ഫിഷറീസ്, തദ്ദേശസ്വയംഭരണം, KSDMA, ഹാർബർ, KCZMA തുടങ്ങിയ വകുപ്പുകളുടെ സഹകരണം ഉറപ്പാക്കൽ.

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

216 (1067) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ വർഷം തിരിച്ച് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വർഷം തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**വണ്ടൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

217 (1068) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ ജലവിഭവ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പ് തുക അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

(എ&ബി) 2016 മേയ് മാസം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് തുക അനുവദിച്ച പ്രവൃത്തികളും പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

**വെട്ടിയാർ ചീപ്പ് നിർമ്മാണം**

218 (1069) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര-നൂറനാട് ഗ്രാമപഞ്ചായത്തുകളിലെ കൃഷിക്ക് ഉപകാരപ്രദമായ 'വെട്ടിയാർ ചീപ്പ്' നിർമ്മാണത്തിന് ബജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

മാവേലിക്കര മണ്ഡലത്തിലെ തഴക്കര-നൂറനാട് ഗ്രാമപഞ്ചായത്തിലെ 'വെട്ടിയാർ ചീപ്പ്' എന്ന പദ്ധതിക്കുവേണ്ടി 2022-23-ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II-ൽ അപ്പാരൽ പാർക്ക് മാവേലിക്കര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്ന പദ്ധതിക്ക് പകരമായി ഒരു കോടി രൂപ അടങ്കൽ തുകയിലും 20 ശതമാനം വിഹിതത്തിലുമുൾപ്പെടുത്തി 05-08-2022-ലെ സ.ഉ(സാധാ)നം. 5578/2022/ധന പ്രകാരം “Construction of vented cross bar and its mechanical works in vettiyar bridge in Thazhakkara & Nooranad Panchayath in Mavelikkara LAC”എന്ന പ്രവൃത്തി അനുവദിച്ചിരുന്നു. എന്നാൽ മെക്കാനിക്കൽ വിഭാഗമുൾപ്പെട്ട സംയുക്ത പരിശോധനയിലും പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരവും ഒരു കോടി രൂപയിൽ ഈ പ്രോജക്ട് പൂർത്തീകരിക്കാൻ സാധിക്കില്ലെന്ന് ബോധ്യപ്പെട്ടതിനാൽ 2023-24-ലേക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II-ൽ ക്രമനമ്പർ 403 ആയി ഉൾപ്പെടുത്തിയിരുന്ന “മാവേലിക്കര മണ്ഡലത്തിലെ വിവിധ ഹോമിയോ ആശുപത്രികളുടെ നവീകരണം" എന്ന പ്രവൃത്തിക്ക് പകരമായി മൈനർ ഇറിഗേഷൻ വകുപ്പ് നിർവഹണ വകുപ്പായി മേൽ പദ്ധതിക്കായി 2 കോടി രൂപ അടങ്കൽ തുകയിലും 20 ശതമാനം വിഹിതത്തിലുമുൾപ്പെടുത്തി 12-03-2024-ലെ സ.ഉ.(സാധാ)നം.2311/ 2024/ FIN പ്രകാരം ഭേദഗതിവരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്ക് മൈനർ ഇറിഗേഷനും ഐ.ഡി.ആർ.ബി.-യും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മൈനർ ഇറിഗേഷനിലെയും ഐ.ഡി.ആർ.ബി.-യിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വെട്ടിയാർ വി.സി.ബി. സൈറ്റ് സന്ദർശിക്കുകയും ഡിസൈൻ ആവശ്യമായ പ്രോജക്ട് ആയതിനാൽ സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തി വിശദമായ സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഉൾപ്പെടുത്തി ഡിസൈനിനുള്ള indent details ചീഫ് എഞ്ചിനീയർ ഐ.&എ.-യുടെ കാര്യാലയത്തിൽ നിന്നും ഐ.ഡി.ആർ.ബി.-ക്ക് നൽകുകയും ചെയ്തു. Structure-ന്റെ stability ഉറപ്പാക്കുന്നതിനായി കൂടുതൽ ടെസ്റ്റുകൾ ചെയ്യണമെന്നും സോയിൽ ഇൻവെസ്റ്റിഗേഷൻ ഒന്നുകൂടി ചെയ്ത് 30T/sqm കിട്ടുമെന്ന് ഉറപ്പാക്കണമെന്നും ഐ.ഡി.ആർ.ബി. നിർദേശിച്ചതനുസരിച്ച് ഡിസൈൻ indent പുതുക്കി നൽകിയിരുന്നു. ഫൈനൽ ഡിസൈൻ പൂർത്തീകരിക്കുന്ന പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ Structural ഡിസൈൻ ചെയ്യുന്നതിനായി മെക്കാനിക്കൽ സംബന്ധമായ ഡീറ്റെയിൽസ് ഇറിഗേഷൻ മെക്കാനിക്കൽ ഡിവിഷൻ IDRB-ക്ക് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

IDRB ഡിസൈൻ പൂർത്തിയാക്കുന്നതനുസരിച്ച് വിശദമായ എസ്റ്റിമേറ്റ്

തയ്യാറാക്കുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

**കേരള വാട്ടർ അതോറിറ്റി, ഇറിഗേഷൻ, ഭൂജല വകുപ്പുകൾ മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികൾ**

219 (1070) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള വാട്ടർ അതോറിറ്റി, ഇറിഗേഷൻ, ഭൂജല വകുപ്പുകൾ മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള വാട്ടർ അതോറിറ്റി, ഇറിഗേഷൻ, ഭൂജല വകുപ്പുകൾ മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ ഉത്തരവുകളുടെ പകർപ്പുകൾ സഹിതം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ജലാശയങ്ങളിലെയും നദികളിലെയും ജലഗുണനിലവാരം ഉറപ്പാക്കാൻ പദ്ധതി**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

220 (1071) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അതിമാരകമായ ജലജന്യ രോഗങ്ങൾ തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ ജലസ്രോതസ്സുകളുടെയും ജല ഗുണനിലവാരം ഉറപ്പാക്കേണ്ടതിന്റെ സാഹചര്യം വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ജില്ലാതലത്തിൽ ആരോഗ്യ വകുപ്പുമായി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അടിയന്തര യോഗം ചേർന്ന് മുൻകരുതലുകൾ സ്വീകരിക്കുകയും കൂടാതെ പൊതുജനങ്ങൾ ഉപയോഗിക്കുന്ന കുളങ്ങളും ജലസ്രോതസ്സുകളും വൃത്തിയാക്കിയും അവയിലേക്കെത്തുന്ന മാലിന്യ വഴികൾ അടച്ചും പൊതുജലസ്രോതസ്സുകളിലെ ജലശുദ്ധി ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ബോധവൽക്കരണ നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ എല്ലാ ജലസ്രോതസ്സുകളിലെയും ജലത്തിന്റെ

ഗ്രണനിലവാരം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും ഗ്രണനിലവാരം സംബന്ധിച്ച വിവരങ്ങൾ ജലാശയങ്ങൾക്ക് സമീപം പ്രദർശിപ്പിക്കുന്നതിനുമുള്ള സാധ്യത പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

കുടിവെള്ള സ്രോതസ്സുകളിലെ ജലം പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കിണറുകളിലും ടാങ്കുകളിലും ക്ലോറിനേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

(സി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മാരകമായ അമീബിക് മസ്തിഷ്കജ്വരം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജലസ്രോതസ്സുകളെ സുരക്ഷിതമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

"ജലമാണ് ജീവൻ" എന്ന പേരിൽ തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവരുടെ സഹകരണത്തോടെ ഹരിത കേരള മിഷൻ കാമ്പയിൻ ഏറ്റെടുത്തിട്ടുള്ളതാണ്. കൂടാതെ സംസ്ഥാനത്തെ കിണറുകൾ, ജലസംഭരണ ടാങ്കുകൾ, നീന്തൽ കുളങ്ങൾ, വാട്ടർ തീം പാർക്കുകൾ എന്നിവ ശുചിത്വത്തോടെ ക്ലോറിനേറ്റ് ചെയ്ത് പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജനകീയ ശുചീകരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു. ജല സ്രോതസ്സുകളിലേക്ക് മാലിന്യം വലിച്ചെറിയുന്നവർക്ക് പിഴ ഈടാക്കിയിട്ടുള്ളതും അമീബിക് മസ്തിഷ്ക ജ്വരം തടയാൻ വിപുലമായ ബോധവൽക്കരണം നടത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നതുമാണ്.

(ഡി) പൊതുകുളങ്ങൾ, നീന്തൽ പരിശീലന കേന്ദ്രങ്ങൾ, വാട്ടർ തീം പാർക്കുകൾ തുടങ്ങി പൊതുജനങ്ങൾ കൂട്ടമായി ഉപയോഗപ്പെടുത്തുന്ന ജലാശയങ്ങളുടെ ജലഗുണനിലവാരം സംബന്ധിച്ച് നിബന്ധനകൾ നിർദേശിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. നീന്തൽ പരിശീലന കേന്ദ്രങ്ങൾ, വാട്ടർ തീം പാർക്കുകൾ, റിസോർട്ടുകൾ, ഹോട്ടലുകൾ എന്നിവ ക്ലോറിനേഷൻ നടത്തി ജല ഗുണ നിലവാരം പരിശോധിച്ചുവരുന്നു. വെള്ളം കെട്ടികിടക്കുന്നതും ഒഴുക്ക് നിലച്ചതും പായൽ മൂടി കിടക്കുന്നതുമായ കുളങ്ങളിലും തോടുകളിലും ഇറങ്ങുന്നത് ഒഴിവാക്കണമെന്ന നിർദേശവും ബോധവൽക്കരണവും പൊതുജനങ്ങൾക്ക് ആരോഗ്യ വകുപ്പ് മുഖേന നൽകുന്നുണ്ട്.

**ജലവിഭവ വകുപ്പ് മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും പ്രവൃത്തികളും**

221 (1072) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ ജലവിഭവ വകുപ്പ് മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ?

ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ ജലവിഭവ വകുപ്പ് മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇക്കാലയളവിൽ വടകര മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ചശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇവ ഓരോന്നിനുമായി നീക്കിവച്ചിട്ടുള്ള തുകകൾ എത്രവീതമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ബി&സി) ഇക്കാലയളവിൽ വടകര മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ചശേഷം നാളിതുവരെയായി നടപ്പാക്കാൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കഴിയാതെ പോയതോ ആരംഭിച്ചശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും ഇവ ഓരോന്നിനുമായി നീക്കിവച്ചിട്ടുള്ള തുകകൾ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണ്; ഇവ ഓരോന്നിനും നീക്കിവച്ചിട്ടുള്ള കേന്ദ്രസംസ്ഥാന തദ്ദേശസ്ഥാപന വിഹിതങ്ങൾ എത്രവീതമാണ്; വ്യക്തമാക്കുമോ?

ജൽ ജീവൻ മിഷൻ പ്രവൃത്തികൾ, അമൃത് എന്നിവ കേന്ദ്ര സംസ്ഥാന സംയുക്ത പദ്ധതിയാണ്. അമൃത് 2.0 നിയമാവലി പ്രകാരം ഒരു ലക്ഷം വരെ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികൾക്ക് 50:37.5:12.5 എന്ന അനുപാതത്തിലാണ് കേന്ദ്ര സംസ്ഥാന തദ്ദേശസ്ഥാപന വിഹിതം. ജെ.ജെ.എം. നിയമാവലി പ്രകാരം 50:25:15:10 എന്ന അനുപാതത്തിലാണ് കേന്ദ്ര സംസ്ഥാന തദ്ദേശസ്ഥാപന ഉപഭോക്തൃ വിഹിതം.

(ഇ) ഇക്കാലയളവിൽ വടകര മണ്ഡലത്തിനായി വകുപ്പ് മുഖേന ചെലവാക്കിയ ആകെ തുക എത്ര; വർഷവും ഇനവും തിരിച്ചുള്ള കണക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ലഭ്യമാക്കുമോ?

ഇക്കാലയളവിൽ വടകര മണ്ഡലത്തിനായി വകുപ്പ് മുഖേന ചെലവാക്കിയ ആകെ തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ജലവിഭവ വകുപ്പ് ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

222 (1073) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**എരഞ്ഞിപ്പറമ്പ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

223 (1074) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കുന്ദമംഗലം മണ്ഡലത്തിൽ പ്രവൃത്തിയിലുള്ള എത്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളാണ് നിലവിലുള്ളതെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

കുന്ദമംഗലം മണ്ഡലത്തിൽ പ്രവൃത്തിയിലുള്ള താഴെപ്പറയുന്ന 3 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളാണ് നിലവിലുള്ളത്.

1. ചാത്തമംഗലം പഞ്ചായത്തിൽ വെള്ളന്നൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി.

2. നായർകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി.

3. മാവൂർ പഞ്ചായത്തിൽ കന്നിപറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി.

മേല്പറഞ്ഞ മൂന്ന് പദ്ധതികളും സുഗമമായി പ്രവർത്തിക്കുന്നു.

(ബി) എരഞ്ഞിപ്പറമ്പ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവൃത്തി എന്നാണ് ആരംഭിച്ചത്; ആയതിന്റെ പൂർത്തീകരണം വൈകുന്നതിന് ഇടയാക്കിയ കാരണമെന്താണ്; പ്രസ്തുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ചാത്തമംഗലം പഞ്ചായത്തിൽ നടപ്പാക്കിവരുന്ന എരഞ്ഞിപറമ്പ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കരാറുടമ്പടി വച്ച് 10-02-2020-ന് കരാറുകാരന് സ്ഥലം

കൈമാറിയെങ്കിലും 2020 വർഷത്തിലുണ്ടായ Covid-19 നിയന്ത്രണങ്ങളുടെ ഭാഗമായി പ്രവൃത്തി നടത്തേണ്ട വാർഡുകൾ കണ്ടൈൻമെന്റ് സോണുകളായി പ്രഖ്യാപിച്ചതിനാലും നിപ്പ വൈറസ് കാരണമുള്ള നിയന്ത്രണങ്ങൾമൂലവും ശക്തമായ കാലവർഷത്തിനാലും 2021 നവംബർ മാസത്തോടെയാണ് പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചത്. എന്നാൽ കനത്ത മഴ കാരണം പ്രവൃത്തിയുടെ സൈറ്റിലേക്കുള്ള വഴിയിലൂടെ വാഹന സൗകര്യം സാധ്യമാകാതിരുന്നതിനാൽ 2022 ജനുവരി മാസത്തിലാണ് പ്രവൃത്തി പുനരാരംഭിച്ചത്. പിന്നീട് പമ്പ്ഹൗസിന്റെ സ്ട്രക്ചർ പൂർത്തിയായി. ഡി.ഐ. പൈപ്പ് ഇടുന്ന പ്രവൃത്തി പുരോഗമിക്കവെ, കോൺക്രീറ്റ് റോഡിലൂടെ പൈപ്പ് ഇടുന്ന വേളയിൽ സമീപവാസികളുടെ എതിർപ്പുമൂലവും അമ്പലപ്പറ്റ-വെളുത്തേടത്ത് മീത്തൽ പൈപ്പ് ഇടുന്നതിനായി റോഡ് കുഴിച്ചതിനാൽ റോഡ് ഗതാഗതയോഗ്യമല്ലാതാകുമെന്ന് കാണിച്ച് പ്രസ്തുത പ്രദേശവാസികളുടെ എതിർപ്പ് മൂലവും പ്രവൃത്തി തടസ്സപ്പെട്ടിരുന്നു. കള്ളൻതോട്-കൂളിമാട് റോഡിൽ KRFB മുഖാന്തരം നടത്തുന്ന പ്രവൃത്തിയുടെ ഭാഗമായി നേരത്തെ lay ചെയ്തിട്ടുള്ള പൈപ്പ്, ഗ്രേഡിയന്റ് കട്ടിങ്ങിന്റെയും ഡ്രെയിനേജ് നിർമ്മാണത്തിന്റെയും ഭാഗമായി പുറത്തെടുക്കുകയും റോഡിന്റെ ഗ്രേഡിയന്റ് കട്ടിങ് പൂർത്തിയാക്കിയതിനുശേഷം 2025 ഏപ്രിൽ

മാസത്തോടുകൂടി പൈപ്പ് പുനഃസ്ഥാപിക്കുകയും ചെയ്യ. മേൽ കാരണങ്ങളാൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം വരികയും നിലവിൽ കരാറുടമ്പടി പ്രകാരമുള്ള 85% പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രിക്കൽ വിഭാഗം ആവശ്യപ്പെട്ടതുപ്രകാരം ട്രാൻസ്ഫോമറിന്റെ കപ്പാസിറ്റി അടിസ്ഥാനമാക്കി Dipole post-ന് പകരം Concrete platform നിർമ്മിച്ച് അതിന് മുകളിൽ ട്രാൻസ്ഫോമർ സ്ഥാപിക്കേണ്ടി വരുന്നതിനാലും പുതുക്കിയ DSR നിരക്കും കാരണം മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പമ്പ് ഹൗസിലേക്കുള്ള വൈദ്യുതി കണക്ഷൻ, പമ്പ് ഹൗസിന്റെ വൈദ്യുതീകരണം എന്നിവയ്ക്ക് വകയിരുത്തിയ തുകയെക്കാൾ PWD ഇലക്ട്രിക്കൽ വിഭാഗവും KSEB-യും സമർപ്പിച്ച എസ്റ്റിമേറ്റ് തുക അധികരിച്ചിട്ടുണ്ട്. ആയതിനാൽ മേൽ പ്രവൃത്തിക്കുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് അധിക തുക അനുവദിക്കാവുന്നതും തുടർന്ന് പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതുമാണ്.

**അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് വഴി നടപ്പാക്കിയ പദ്ധതികൾ**

224 (1075) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് 2021 വർഷം മുതൽ

നാളിതുവരെ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിക്കുമായി ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ?

അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് 2021 വർഷം മുതൽ നാളിതുവരെ നടപ്പാക്കിയ പദ്ധതികളും ഓരോ പദ്ധതിക്കുമായി ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കായംകുളം മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ സംബന്ധിച്ച്**

225 (1076) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി, മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പ് വഴി 2016 മുതൽ നാളിതുവരെ നടപ്പാക്കിയ പദ്ധതികൾ, അതിനായി ചെലവഴിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവ വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി, മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പ് വഴി 2016 മുതൽ നാളിതുവരെ നടപ്പാക്കിയ പദ്ധതികൾ, അതിനായി ചെലവഴിച്ച തുക, പദ്ധതികളുടെ പുരോഗതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

**ഷട്ടർ ഹോസ്റ്റിങ് യൂണിറ്റ്**

226 (1077) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നദികരയിലെ പൂവൻപാറയ്ക്ക് സമീപമുള്ള പണ്ടുവിളയിൽ ഷട്ടർ ഹോയിസ്റ്റിങ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി എസ്റ്റിമേറ്റ് പ്രകാരമുള്ള തുടർനടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

വാമനപുരം നദിക്കരയിലെ പൂവൻപാറയ്ക്ക് സമീപമുള്ള പണ്ടുവിളയിൽ ഷട്ടർ ഹോയിസ്റ്റിങ്ങ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള മെക്കാനിക്കൽ പ്രവൃത്തികൾക്കായി 1,00,29,000/-(ഒരു കോടി ഇരുപത്തി ഒൻപതിനായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാമ്പത്തിക അനുമതി, ഭരണാനുമതി എന്നിവ ലഭിക്കുന്നതിനായി 02-11-2024-ന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് 'price' മുഖേന ലഭിച്ചിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം ഈ പ്രവൃത്തിക്ക് അനുമതി നൽകാൻ സാധിച്ചിട്ടില്ല.

**ഏറനാട് മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

227 (1078) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, ഭൂജല വകുപ്പ്, വാട്ടർ അതോറിറ്റി എന്നിവ മുഖേന ഏറനാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ പേര്, നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശം നൽകാമോ?

(എ&ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, ഭൂജല വകുപ്പ്, വാട്ടർ അതോറിറ്റി എന്നിവ മുഖേന ഏറനാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികളും പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ പേര്, നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(സി) 2024-25, 2025-26 സാമ്പത്തിക വർഷത്തിൽ ഏറനാട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതികൾക്കും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ?

2024-25, 2025-26 സാമ്പത്തിക വർഷത്തിൽ ഏറനാട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പുതിയ പദ്ധതികളും പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

**കൊടുങ്ങല്ലൂർ മണ്ഡലത്തിലെ പ്രവൃത്തികൾ**

228 (1079) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 5 വർഷ കാലയളവിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും എന്താണെന്നും വ്യക്തമാക്കുമോ?

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 5 വർഷ കാലയളവിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ അനുവദിച്ച പ്രവൃത്തികളും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ജൽജീവൻ പദ്ധതി**

229 (1080) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. എം. മണി:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിഭവ വകുപ്പ് നടപ്പാക്കിവരുന്ന ജൽജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

സംസ്ഥാനത്ത് 2020-ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീടുകളിൽ മാത്രമാണ് കണക്ഷൻ ഉണ്ടായിരുന്നത് (25.06%). ജെ.ജെ.എം.-പദ്ധതിയിലൂടെ 54.45 ലക്ഷം കൂടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 21.13 ലക്ഷം കണക്ഷനുകൾ നൽകി. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീടുകളിൽ 38.62 ലക്ഷം വീടുകളിൽ കൂടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.31%).

പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾ സംസ്ഥാനത്ത് 3 ജില്ലകളിൽ മാത്രമാണ് 25 ശതമാനത്തിനുമുകളിൽ കുടിവെള്ള കണക്ഷൻ കവറേജ്

ഉണ്ടായിരുന്നത്. (ആലപ്പുഴ, എറണാകുളം, തൃശ്ശൂർ). ഇപ്പോൾ 7 ജില്ലകൾ 50 ശതമാനത്തിന് മുകളിൽ കവറേജ് കൈവരിച്ചു (കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ). 3 ജില്ലകൾ 45 ശതമാനത്തിന് മുകളിൽ കവറേജ് കൈവരിച്ചു (പത്തനംതിട്ട, കോട്ടയം, മലപ്പുറം). മറ്റു ജില്ലകൾ 30 ശതമാനത്തിന് മുകളിൽ കവറേജ് കൈവരിച്ചു. പദ്ധതി തുടങ്ങുമ്പോൾ ഒരു പഞ്ചായത്തിലും 100 ശതമാനം കവറേജ് ഉണ്ടായിരുന്നില്ല. ഇപ്പോൾ 117 പഞ്ചായത്തുകൾ 100 ശതമാനം കവറേജ് കൈവരിച്ചു. 408 പഞ്ചായത്തുകൾ 50 ശതമാനത്തിന് മുകളിൽ കവറേജ് കൈവരിച്ചു.

9 നിയമസഭാ മണ്ഡലങ്ങളും 100 ശതമാനം കവറേജ് കൈവരിച്ചു (ധർമ്മടം, കല്ല്യാശ്ശേരി, കണ്ണൂർ, ബേപ്പൂർ, വൈപ്പിൻ, എറണാകുളം, കൊച്ചി, അരൂർ, വൈക്കം).

വിവിധ സ്കീമുകളിലായി നാളിതുവരെ 5546 വർക്ക് പാക്കേജുകളായി നടപ്പിലാക്കി വരുന്ന പ്രവൃത്തികളിൽ 3214 പ്രവൃത്തികൾ നിലവിൽ പൂർത്തിയാക്കിക്കഴിഞ്ഞു. 1770 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ബാക്കി പ്രവൃത്തികൾ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

ഇതുവരെ 5610.30 കോടി രൂപ കേന്ദ്ര വിഹിതമായും 6033.29 കോടി രൂപ സംസ്ഥാന വിഹിതമായും നൽകിയിട്ടുണ്ട്. (ആകെ–11643.59 കോടി രൂപ). മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

2025-26 സാമ്പത്തിക വർഷം ഇതുവരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇത് തരണം ചെയ്യുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് നബാർഡിൽ നിന്ന് 9000 കോടി രൂപ വായ്പയെടുക്കുവാൻ തത്വത്തിൽ അനുമതി നൽകികൊണ്ടും ആദ്യഘട്ടത്തിൽ 5000 കോടി രൂപ വായ്പയെടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകുന്നതിനും അനുമതി നൽകിക്കൊണ്ട് 15-09-2025-ലെ GO(MS)No.67/2025/WRD നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും പൂർണ്ണമായും കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

ജൽ ജീവൻ മിഷൻ (JJM) പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് 54.45 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 44714.79 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി

ആരംഭിക്കുന്ന സമയത്ത് കേവലം 17.50 ലക്ഷം (25.06%) ഭവനങ്ങളിൽ മാത്രമാണ് കണക്ഷനുകൾ ഉണ്ടായിരുന്നത്. ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഇതുവരെ സംസ്ഥാനത്ത് 21.13 ലക്ഷം കൂടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി നൽകിയ കണക്ഷനുകളുൾപ്പെടെ നിലവിൽ ഗ്രാമീണ മേഖലയിൽ ആകെ 38.62 ലക്ഷം കൂടിവെള്ള കണക്ഷനുകളാണ് നിലവിലുള്ളത്. ഇത് ആകെ ഗ്രാമീണ വീടുകളുടെ 55.31 ശതമാനമാണ്.

2020 ഏപ്രിലിൽ 100 ശതമാനം കവറേജുള്ള പഞ്ചായത്തുകളൊന്നും ഉണ്ടായിരുന്നില്ലെങ്കിലും ഇപ്പോൾ സംസ്ഥാനത്തെ 117 പഞ്ചായത്തുകൾ 100 ശതമാനം കവറേജ് കൈവരിച്ചു. ജൽ ജീവൻ മിഷൻ ആരംഭിക്കുന്നതിനുമുമ്പ് 50 ശതമാനത്തിന് മുകളിൽ കവറേജ് ഉണ്ടായിരുന്ന പഞ്ചായത്തുകൾ 116 ആയിരുന്നു. ഇപ്പോൾ അത് നൂറു ശതമാനം കവറേജ് കൈവരിച്ച പഞ്ചായത്തുകളുൾപ്പെടെ 525 ആണ്. 2020 ഏപ്രിലിൽ 25 ശതമാനത്തിൽ താഴെ വീടുകളിൽ മാത്രം കുടിവെള്ള സൗകര്യമുള്ള പഞ്ചായത്തുകളുടെ എണ്ണം 517 ആയിരുന്നു. ഇപ്പോൾ അത് 200 ആയി കുറഞ്ഞിട്ടുണ്ട്.

ജൽ ജീവൻ മിഷൻ ആരംഭിക്കുന്നതിന് മുമ്പ് 25 ശതമാനത്തിൽ താഴെ

വീടുകളിൽ കുടിവെള്ള സൗകര്യമുള്ള നിയമസഭാ മണ്ഡലങ്ങളുടെ എണ്ണം 82 ആയിരുന്നു. ഇപ്പോൾ അത് 12 ആയി കുറഞ്ഞിട്ടുണ്ട്. 2020 ഏപ്രിലിൽ 100 ശതമാനം കവറേജുള്ള നിയമസഭാ മണ്ഡലങ്ങളൊന്നും ഉണ്ടായിരുന്നില്ലെങ്കിലും ഇപ്പോൾ 9 നിയമസഭാ മണ്ഡലങ്ങൾ 100 ശതമാനം കവറേജ് കൈവരിച്ചു. ബാക്കിയുള്ള ഗ്രാമീണ വീടുകളിലും മിഷന്റെ ദീർഘിപ്പിച്ച കാലാവധിയായ 2028-നുള്ളിൽ കണക്ഷൻ നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) സമഗ്ര കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്ന വിദൂര വനമേഖലകളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

സമഗ്ര കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്ന വിദൂര വനമേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയോടൊപ്പം ജലനിധി, ഭൂജല വകുപ്പ് തുടങ്ങിയ ഏജൻസികളും സ്ഥലങ്ങൾ മനസ്സിലാക്കി ചെറുകിട കുടിവെള്ള പദ്ധതികൾ ജൽ ജീവൻ മിഷൻ, PM JANMAN മുതലായവയിലുൾപ്പെടുത്തി ആവിഷ്കരിച്ചുവരുന്നുണ്ട്.

**ജലവിഭവ വകുപ്പ് പദ്ധതികളുടെ പുരോഗതി**

230 (1081) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി, മേജർ/മൈനർ ഇറിഗേഷൻ തുടങ്ങി ജലവിഭവ വകുപ്പിന് കീഴിലുള്ള വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെയും അവയുടെ നിലവിലെ പുരോഗതി സംബന്ധിച്ചും അനുവദിച്ച തുക സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ നൽകാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി, മേജർ/മൈനർ ഇറിഗേഷൻ തുടങ്ങി ജലവിഭവ വകുപ്പിന് കീഴിലുള്ള വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെയും അവയുടെ നിലവിലെ പുരോഗതി സംബന്ധിച്ചും അനുവദിച്ച തുക സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) മണ്ണട്ടാംപാറ അണക്കെട്ട് നവീകരണം, പുല്ലിപ്പുഴ സാൾട്ട് എക്സ്ക്ലൂഷൻ ചെക്ക് ഡാം നിർമ്മാണം, കടലുണ്ടിപ്പുഴ, പുല്ലിപ്പുഴ, ബാലാതിരുത്തി സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തികൾ, ദേശീയ ജല പാത നവീകരണം, കടലുണ്ടിക്കടവ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അഴിമുഖത്തെ മണ്ണും ചെളിയും നീക്കം ചെയ്യൽ, ജൽ ജീവൻ മിഷൻ, (പെരുവള്ളൂർ പഞ്ചായത്ത്, പള്ളിക്കൽ പഞ്ചായത്ത്) എന്നീ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം പ്രത്യേകമായി നൽകാമോ?

മണ്ണട്ടാംപാറ അണക്കെട്ട് നവീകരണം, പുല്ലിപ്പുഴ സാൾട്ട് എക്സ്ക്ലൂഷൻ ചെക്ക് ഡാം നിർമ്മാണം, കടലുണ്ടിപ്പുഴ, പുല്ലിപ്പുഴ, ബാലാതിരുത്തി സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തികൾ, ദേശീയ ജല പാത നവീകരണം, കടലുണ്ടിക്കടവ് അഴിമുഖത്തെ മണ്ണും ചെളിയും നീക്കം ചെയ്യൽ, ജൽ ജീവൻ മിഷൻ, (പെരുവള്ളൂർ പഞ്ചായത്ത്, പള്ളിക്കൽ പഞ്ചായത്ത്) എന്നീ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ആലത്തൂർ മണ്ഡലത്തിലെ വിവിധ പദ്ധതികൾ**

231 (1082) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിൽ 2020-21 സാമ്പത്തിക വർഷം മുതൽ ജലവിഭവ വകുപ്പ് മുഖേന നടപ്പാക്കാൻ ബജറ്റിൽ അനുവദിച്ച വിവിധ പദ്ധതികളുടെ വിശദാംശം നൽകാമോ?

ആലത്തൂർ മണ്ഡലത്തിൽ 2020-21 സാമ്പത്തിക വർഷം മുതൽ ജലവിഭവ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വകുപ്പ് മുഖേന നടപ്പാക്കാൻ ബജറ്റിൽ അനുവദിച്ച വിവിധ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**കരുനാഗപ്പള്ളി മണ്ഡലത്തിലെ പദ്ധതികൾ**

232 (1083) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളും മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചതും നിലവിലെ സർക്കാരിന്റെ കാലത്ത് പ്രവൃത്തി ആരംഭിച്ചതുമായ മൈനർ, മേജർ ഇറിഗേഷൻ പദ്ധതികളുടെ വിവരങ്ങളും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

(എ&ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളും മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചതും നിലവിലെ സർക്കാരിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കാലത്ത് പ്രവൃത്തി ആരംഭിച്ചതുമായ മൈനർ, മേജർ ഇറിഗേഷൻ പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവയും അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കുണ്ടറ മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ**

233 (1084) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 മുതൽ നാളിതുവരെയായി കുണ്ടറ മണ്ഡലത്തിലേക്കായി അനുവദിച്ചിട്ടുള്ള ഇറിഗേഷൻ പദ്ധതികൾ ഏതൊക്കെ; ആയതിന് അനുവദിച്ചിട്ടുള്ള തുക എത്ര; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പ്രവർത്തന പുരോഗതി എന്താണ്; വിശദമാക്കാമോ?

2021-22 മുതൽ നാളിതുവരെയായി കുണ്ടറ മണ്ഡലത്തിലേക്കായി അനുവദിച്ചിട്ടുള്ള ഇറിഗേഷൻ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കൂഴക്കോട് മൈനർ ഇറിഗേഷൻ പദ്ധതി**

234 (1085) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ കുഴക്കോട് പ്രദേശത്ത് മൈനർ ഇറിഗേഷൻ പദ്ധതിയിലുൾപ്പെടുത്തി കാർഷികാവശ്യത്തിനായി കനാൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന് ഭരണാനുമതി ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് എപ്പോൾ ഭരണാനുമതി ഉത്തരവ് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ കുഴക്കോട് പ്രദേശത്ത് മൈനർ ഇറിഗേഷൻ പദ്ധതിയിലുൾപ്പെടുത്തി കാർഷികാവശ്യത്തിനായി കനാൽ നിർമ്മിക്കുന്ന പദ്ധതി തയ്യാറാക്കിയിട്ടില്ല. എന്നാൽ കാർഷികാവശ്യത്തിനായി കോഴിക്കോട് ജില്ലാ പഞ്ചായത്ത് കുഴക്കോട് പ്രദേശത്ത് പെരുവഴിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി 130 ലക്ഷം രൂപ മൈനർ ഇറിഗേഷൻ ഡിവിഷൻ കോഴിക്കോട് കാര്യാലയത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ കനാൽ നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാകാത്തത് കാരണം എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ മറ്റ് നടപടികൾ സ്വീകരിക്കുവാനോ

സാധിച്ചിട്ടില്ല.

**ജൽ ജീവൻ മിഷന്റെ പ്രവർത്തനം**

235 (1086) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് 2020-ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീടുകളിൽ മാത്രമാണ് കണക്ഷൻ ഉണ്ടായിരുന്നത് (25.06%). ജൽ ജീവൻ മിഷനിലൂടെ 54.45 ലക്ഷം കൂടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 21.13 ലക്ഷം കണക്ഷനുകൾ നൽകി. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീടുകളിൽ 38.62 ലക്ഷം വീടുകളിൽ കൂടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.31%).

വിവിധ സ്കീമുകളിലായി നാളിതുവരെ 5546 വർക്ക് പാക്കേജുകളായി നടപ്പിലാക്കി വരുന്ന പ്രവൃത്തികളിൽ 3214 പ്രവൃത്തികൾ നിലവിൽ പൂർത്തിയാക്കികഴിഞ്ഞു. 1770 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി

പുരോഗമിച്ചുവരുന്നു. ബാക്കി പ്രവൃത്തികൾക്കുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) 2020-ൽ തുടങ്ങിയ പദ്ധതി എത്ര ശതമാനം പൂർത്തിയായി; ബാക്കിയുള്ളത് എപ്പോൾ പൂർത്തീകരിക്കും; വ്യക്തമാക്കുമോ?

ജൽ ജീവൻ മിഷനിലൂടെ 54.45 ലക്ഷം കൂടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 21.13 ലക്ഷം കണക്ഷനുകൾ നൽകി. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീടുകളിൽ 38.62 ലക്ഷം വീടുകളിൽ കൂടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.31 %).

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. മിഷൻ പിരീഡ് 2024 ആയി തുടക്കത്തിൽ നിശ്ചയിച്ചിരുന്നു. പിന്നീടത് 2025 വരെ ദീർഘിപ്പിക്കുകയും 2025-26-ലെ യൂണിയൻ ബജറ്റിൽ കാലാവധി 2028 വരെ നീട്ടിയതായും പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത സമയപരിധിക്കുള്ളിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തുന്ന സംയുക്ത പദ്ധതി എത്ര

തുകയുടേതെന്നും എത്ര തുക നാളിതുവരെ ചെലവാക്കിയെന്നും ഇതിൽ കേന്ദ്ര വിഹിതം, സംസ്ഥാനവിഹിതം എന്നിവ എത്ര ചെലവാക്കി എന്നും വ്യക്തമാക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഇതുവരെ 5610.30 കോടി രൂപ കേന്ദ്ര വിഹിതമായും 6033.29 കോടി രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട്. (ആകെ–11643.59 കോടി രൂപ). ഈ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

ജൽ ജീവൻ മിഷൻ പദ്ധതിയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ 2019-20 മുതൽ 2024-25 സാമ്പത്തിക വർഷം വരെ അനുവദിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) പ്രസ്തുത പദ്ധതി മുഖേന എത്ര ഗ്രാമീണ വീടുകളിൽ കുടിവെള്ളം എത്തിച്ചുവെന്നും ഇനി നൽകേണ്ടത് എത്ര വീടുകളിലേക്കാണെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ജൽ ജീവൻ പദ്ധതി മുഖേന 54,45,342 കണക്ഷൻ നൽകാനാണ് ഭരണാനുമതി ലഭിച്ചത്. ഇതിൽ 21,12,725 കണക്ഷൻ നൽകി കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്. ഇനി 31,19,817 കണക്ഷൻ നൽകാനുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഇതുവരെ നൽകിയ കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

**മങ്കട മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി**

236 (1087) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; ഏതെല്ലാം പഞ്ചായത്തിലാണ് പദ്ധതി പൂർത്തിയാകാനുള്ളത്; എത്ര കണക്ഷനുകളാണ് നൽകാൻ ബാക്കിയുള്ളത്; വ്യക്തമാക്കുമോ?

മങ്കട മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

മങ്കട മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ തുടങ്ങിയശേഷം നൽകിയ കണക്ഷൻ, ഇനി നൽകാനുള്ള കണക്ഷൻ എന്നിവയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പദ്ധതിയുടെ ഭാഗമായുള്ള വാട്ടർടാങ്ക്, ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ?

മങ്കട മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്ന മൂർക്കനാടിനും സമീപ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള പദ്ധതിയിൽ കീഴ്മുറിയിൽ 28 MLD ജല ശുദ്ധീകരണശാലയുടെ പ്രവൃത്തി 35 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്, കീഴ്മുറിയിൽ 13.5 ലക്ഷം ലിറ്റർ ഉന്നതതല ജല സംഭരണിയുടെ പ്രവൃത്തി ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ ആരംഭിക്കാനാകൂ.

മൂച്ചിക്കലിലുള്ള 28 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ പ്രവൃത്തി 100 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. പെരിന്താറ്റിരിയിൽ 13 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ പ്രവൃത്തി 100 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. കുഴാപ്പറമ്പിൽ 15 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ പ്രവൃത്തി 45 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ചുള്ളിക്കോട് 13 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ പ്രവൃത്തി നൂറ് ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പദ്ധതിയുടെ ഭാഗമായി കുഴിച്ച ഏതെല്ലാം റോഡുകൾ

പൂർവസ്ഥിതിയിലാക്കാൻ ബാക്കിയുണ്ട്; ഗ്രാമപഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കുമോ?

പദ്ധതിയുടെ ഭാഗമായി കുഴിച്ച റോഡുകളിൽ കുറവ പഞ്ചായത്തിൽ 6 കി.മീ. എൽ.എസ്.ജി.ഡി. റോഡും പുഴക്കാട്ടിരി പഞ്ചായത്തിൽ 90 മീറ്റർ എൽ.എസ്.ജി.ഡി. റോഡും മങ്കട പഞ്ചായത്തിൽ 1.5 കി.മീ. പി.ഡബ്ല്യു.ഡി. റോഡും മൂർക്കനാട് പഞ്ചായത്തിൽ 2 കി.മീ. എൽ.എസ്.ജി.ഡി. റോഡും കേരള വാട്ടർ അതോറിറ്റി റീസ്റ്റോർ ചെയ്യാനുണ്ട്. കൂടാതെ കൂട്ടിലങ്ങാടി പഞ്ചായത്തിൽ 2.8 കി.മീ. റോഡ് പി.ഡബ്ല്യു.ഡി. റീസ്റ്റോർ ചെയ്യാനുണ്ട്.

(ഡി) മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മങ്കട നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടിയും വകുപ്പുകളുമായി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചും തടസ്സങ്ങൾ നീക്കി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**അഷ്ടമുടി കായലിന്റെ പാരിസ്ഥിതിക സംരക്ഷണത്തിനായി സമിതി**

237 (1088) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഷ്ടമുടി കായലിന്റെ പാരിസ്ഥിതിക സംരക്ഷണത്തിനായി പ്രത്യേക മാനേജ്മെന്റ് സമിതി രൂപീകരിക്കണമെന്ന ഹൈക്കോടതി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 10-06-2025-ലെ WP(C)18400/2024 ഉത്തരവിൽ അഷ്ടമുടി കായലിന്റെ സംരക്ഷണത്തിനായി പ്രത്യേക മാനേജ്മെന്റ് സമിതി രൂപീകരിക്കണമെന്ന് ഉത്തരവിടുകയുണ്ടായി. ആയതിന്റെ ഫലമായി സംസ്ഥാന തണ്ണീർത്തട അതോറിറ്റി മുൻകൈയെടുത്തുകൊണ്ട് കൊല്ലം ജില്ലാകളക്ടർ അധ്യക്ഷനായി Ashtamudi Wetland Management Unit രൂപീകരിക്കുകയുണ്ടായി. ആയതിൽ ജലസേചന വകുപ്പുൾപ്പെടെ വിവിധ വകുപ്പുകൾ അംഗങ്ങളായുണ്ട്. കേരളത്തിലെ തണ്ണീർത്തടങ്ങളുടെ സംരക്ഷണവും മാനേജ്മെന്റും സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനായി "സ്റ്റേറ്റ് വെറ്റ്ലാൻഡ് അതോറിറ്റി-കേരളം "(SWAK) എന്ന അതോറിറ്റി പ്രവർത്തിക്കുന്നു. പരിസ്ഥിതി വകുപ്പാണ് ഇതിന്റെ നോഡൽ ഡിപ്പാർട്ട്മെന്റ്.

(ബി) റാംസർ കൺവെൻഷൻ പ്രകാരം അഷ്ടമുടി കായലിന്റെ മലിനീകരണം തടയുന്നതിനും കണ്ടൽ വനങ്ങൾ സംരക്ഷിക്കുന്നതിനും അനധികൃത കൈയേറ്റങ്ങൾ ഒഴിവാക്കുന്നതിനും സാധിക്കുന്ന രീതിയിൽ തുടർനടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും സുസ്ഥിരമായ വിനിയോഗത്തിനും വേണ്ടിയുള്ള റാംസർ ഉടമ്പടി പ്രകാരം അന്താരാഷ്ട്ര പ്രാധാന്യമുള്ള തണ്ണീർത്തടങ്ങളുടെ പട്ടികയിൽ അഷ്ടമുടി തണ്ണീർത്തടം ഉൾപ്പെടുത്തിയിട്ടുണ്ട്. കൊല്ലം കോർപ്പറേഷന്റെ ഒരു പ്രധാന ഭാഗം പങ്കിടുന്നതിനാൽ നഗര മലിനീകരണത്തിന് അഷ്ടമുടി കായൽ ഇരയായിട്ടുണ്ട്. റെസ്റ്റോറന്റുകൾ, ആശുപത്രികൾ, വ്യാവസായിക, വാണിജ്യ സ്ഥാപനങ്ങൾ എന്നിവ ഖര, ദ്രവ മാലിന്യങ്ങൾ, പ്രത്യേകിച്ച് ടോയ്‌ലറ്റ് മാലിന്യങ്ങൾ എന്നിവ കായലിലേക്ക് തള്ളുന്നു, ഇത് ചില ഭാഗങ്ങളിൽ ദുർഗന്ധം ഉണ്ടാക്കുന്നു. ജലസേചന വകുപ്പിന്റെ പരിധിയിൽ വരുന്ന കൊല്ലം മണിച്ചിത്തോടിൽ നിന്നും ഖരമാലിന്യങ്ങൾ അഷ്ടമുടി കായലിലേക്ക് പതിക്കാതിരിക്കുന്നതിനുവേണ്ടി Deposit-Kollam Corporation Urban Agglomeration–Improvement of drainage facilities of Manichithodu in Kollam Corporation എന്ന പ്രവൃത്തി നടന്നുവരികയാണ്. കൂടാതെ

മണിച്ചിതോടിലേക്ക് ഖരമാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയുന്നതിനായി ഫെൻസിങ് പ്രവൃത്തികളും മേല്പപറഞ്ഞ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തി പൂർത്തീകരിക്കുന്നതുവഴി മണിച്ചിതോടിലേക്ക് ഖരമാലിന്യങ്ങൾ തള്ളുന്നത് ഒരു പരിധിവരെ തടയുവാൻ സാധിക്കുന്നതാണ്.

കൂടാതെ അഷ്ടമുടിക്കായലിന്റെ മലിനീകരണം ഒഴിവാക്കുന്നതിനായി ജനസാന്ദ്രതയുള്ള സ്ഥലങ്ങളിൽ ഫെൻസിങ് സ്ഥാപിക്കുകയും ബോധവൽക്കരണത്തിനായി സൂചനാഫലകങ്ങൾ സ്ഥാപിക്കുകയും കൈയേറ്റം റിപ്പോർട്ട് ചെയ്യുന്ന ഉടൻതന്നെ റവന്യൂ വകുപ്പുമായി ചേർന്ന് കൈയേറ്റം ഒഴിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

**പുഴയുടെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള ഫണ്ട്**

238 (1089) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴയുടെ വശം ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പിൽനിന്നും നടപ്പ് സാമ്പത്തിക വർഷം മലപ്പുറം ജില്ലയ്ക്ക് അനുവദിച്ച തുകയും പ്രവൃത്തികളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

പുഴയുടെ വശം ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് മൈനർ/മേജർ

ഇറിഗേഷന് കീഴിൽ നടപ്പ് സാമ്പത്തിക വർഷം (2025-26) മലപ്പുറം ജില്ലയ്ക്ക് തുക ഒന്നും തന്നെ അനുവദിച്ചിട്ടില്ല.

(ബി) തിരൂരങ്ങാടി താലൂക്കിൽപ്പെട്ട വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ മൂന്നിയൂർ പഞ്ചായത്തിലെ പതിമൂന്നാം വാർഡിലുൾപ്പെടുന്ന പരപ്പനങ്ങാടി ഇറിഗേഷൻ സബ്ഡിവിഷന്റെ കീഴിൽ വരുന്ന കടലുണ്ടി പുഴയുടെ വശം ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

തിരൂരങ്ങാടി താലൂക്കിൽപ്പെട്ട വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ മൂന്നിയൂർ പഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ ഉൾപ്പെടുന്ന പരപ്പനങ്ങാടി ഇറിഗേഷൻ സബ്ഡിവിഷന്റെ കീഴിൽ വരുന്ന കടലുണ്ടി പുഴയുടെ വശം ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നിലവിൽ ഫണ്ട് അനുവദിച്ചിട്ടില്ല.

**കുറ്റ്യാടി ഇറിഗേഷൻ പദ്ധതി**

239 (1090) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി നാദാപുരം നിയോജക മണ്ഡലത്തിലെ തുണേരി വേറ്റുമ്മൽ-കായപ്പനച്ചി-ടെയിൽ എൻഡ്-കനാൽ

പദ്ധതിക്ക് ബജറ്റിൽ 1.50 കോടി വകയിരുത്തിയതിന്റെ ഭരണാനുമതി ലഭ്യമാക്കുന്നതിന് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

2025-26 ബജറ്റിൽ നാദാപുരം നിയോജകമണ്ഡലത്തിലെ തൂണേരി വേറ്റുമ്മൽ ടെയിൽ എൻഡ് ഡിസ്ട്രിബ്യൂട്ടറി കനാൽ പദ്ധതിക്ക് അടങ്കൽ തുക 1.5 ലക്ഷം രൂപയും വകയിരുത്തിയ തുക 30,000/-രൂപയും മാത്രമാണ്. എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ അടങ്കൽ തുക 150 ലക്ഷം രൂപയാണ്. ആയതിനാൽ അടങ്കൽ തുക 150 ലക്ഷം രൂപയ്ക്കുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ, പ്രോജക്ട് -1 തയ്യാറാക്കിവരുന്നു.

**നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ കനാൽ റോഡുകൾ**

240 (1091) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ ഫണ്ട് അനുവദിച്ച ഏതെല്ലാം കനാൽ റോഡുകൾക്കാണ് ഇറിഗേഷൻ വകുപ്പിന്റെ അനുമതി നൽകാൻ കാലതാമസം വന്നിട്ടുള്ളത്; പ്രസ്തുത റോഡുകൾ നവീകരിക്കുന്നതിന് അടിയന്തരമായി ഗ്രാമപഞ്ചായത്തിന് അനുമതി

നൽകാമോ?

മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം നടുവണ്ണൂർ പഞ്ചായത്ത് അനുമതി നൽകാൻ (NOC) Water Conservation Act പ്രകാരം 115/- രൂപ അപേക്ഷ ഫീസ് ഒടുക്കിയ രസീതും ആവശ്യമായ രേഖകളും സഹിതം Form 3 A-ൽ അപേക്ഷിച്ചിരുന്നു. "പുതിയോട്ടിൽ മീത്തൽ കാരങ്ങൽ കനാൽ റോഡ്" എന്ന പ്രവൃത്തിയുടെ അപേക്ഷ NOC അനുവദിക്കുന്നതിനായി സമർപ്പിച്ചിരിക്കുകയാണ്. ഇതേ പദ്ധതിയിൽ നടുവണ്ണൂർ പഞ്ചായത്തിൽ ഉൾപ്പെട്ട (1) കിഴക്കേടത്ത് മുക്ക് കൊക്കരപ്പാറ റോഡ് (2) നടുവണ്ണൂർ മെയിൻ കനാൽ റോഡ് എന്നീ പ്രവൃത്തികളുടെ NOC-യ്ക്കുള്ള അപേക്ഷ ന്യൂനതകൾ പരിഹരിച്ച് പുനഃസമർപ്പിക്കുന്നതിന് പഞ്ചായത്തിന് നിർദേശം നൽകിയിട്ടുണ്ട്.

**കുറ്റ്യാടി ജലസേചന പദ്ധതി പുനരുദ്ധാരണം**

241 (1092) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 വർഷം മുതൽ കുറ്റ്യാടി ജലസേചന പദ്ധതിയുടെ പുനരുദ്ധാരണത്തിനായി കുറ്റ്യാടി നിയോജകമണ്ഡലത്തിൽ എത്ര പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; പദ്ധതിയുടെ അടങ്കൽ തുക സഹിതം വിശദമാക്കാമോ?

2021 വർഷം മുതൽ നടപ്പിലാക്കിയ പുനരുദ്ധാരണ പ്രവൃത്തികളുടെ ലിസ്റ്റും 2021 മുതൽ കുറ്റ്യാടി മണ്ഡലത്തിൽ നോൺ പ്ലാൻ പ്രവൃത്തികളുടെ ലിസ്റ്റും അനുബന്ധമായി ചേർക്കുന്നു.+

(ബി) പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി കുറ്റ്യാടി നിയോജകമണ്ഡലത്തിൽ പരിഹരിച്ച പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പ്രവൃത്തികൾ നടപ്പിലാക്കുന്നതുവഴി കാലപ്പഴക്കം ചെന്ന കനാലുകളുടെ ചോർച്ച പരിഹരിച്ച് മെച്ചപ്പെട്ട രീതിയിൽ ജലവിതരണം നടത്താൻ സാധിച്ചിട്ടുണ്ട്.

(സി) 2025-ൽ കുറ്റ്യാടി ഇറിഗേഷൻ പുനരുദ്ധാരണത്തിനായി കുറ്റ്യാടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

2025-ൽ കുറ്റ്യാടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പുനരുദ്ധാരണ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(ഡി) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി സമർപ്പിച്ചിട്ടുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പ്ലാൻ, കാഡ എന്നിവയിലുൾപ്പെടുത്തി സമർപ്പിച്ച പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ ടെൻഡർ നടപടികളിലാണ്.

**മണലൂർ മണ്ഡലത്തിലെ പാറന്നൂർ ചിറ ടൂറിസം പദ്ധതി**

242 (1093) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ചൂണ്ടൽ പഞ്ചായത്തിലെ പാറന്നൂർ ചിറ ടൂറിസം പദ്ധതി 'ഡെസ്റ്റിനേഷൻ ചലഞ്ച്' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ എൻ.ഒ.സി.-ക്കായി പഞ്ചായത്ത് അധികൃതരുടെ അപേക്ഷ വടക്കാഞ്ചേരി മേജർ ഇറിഗേഷൻ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ലഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത എൻ.ഒ.സി. നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

സൂപ്രണ്ടിങ് എഞ്ചിനീയർ, ഇറിഗേഷൻ സെൻട്രൽ സർക്കിൾ, തൃശ്ശൂർ -ന്റെ

ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് നിരാക്ഷേപ സാക്ഷ്യപത്രം അനുവദിക്കുകയും സെക്രട്ടറി, ചൂണ്ടൽ ഗ്രാമപഞ്ചായത്തുമായി തലപ്പിള്ളി ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരാക്ഷേപ സാക്ഷ്യപത്ര ഉടമ്പടി ഒപ്പ് വച്ചിട്ടുള്ളതുമാണ്.

**വൻകിട ജലസേചന പദ്ധതികൾ**

243 (1094) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൂർത്തീകരിക്കാത്ത വൻകിട ജലസേചന പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം-2) കാര്യാലയത്തിന്റെ കീഴിൽ വരുന്ന ഇടമലയാർ ജലസേചന പദ്ധതിയിലുൾപ്പെട്ട ലിങ്ക് കനാൽ നിർമ്മാണം പൂർത്തിയാക്കാനുണ്ട്. പെരിയാർ നദീതടത്തിലെ ജലം ചാലക്കുടി നദിയിലേക്ക് വഴി തിരിച്ചുവിടുന്ന പദ്ധതിയാണ്. ഇതിനായി പെരിയാർ നദിയിലെ ജലലഭ്യതയെക്കുറിച്ച് വിശദമായ പഠനം നടത്തേണ്ടതുണ്ട്. കൂടാതെ ലിങ്ക് കനാലിന്റെ പൂർത്തീകരിക്കാനുള്ള ഭാഗത്തെ നിർമ്മാണം (പൈപ്പ്/ഓപ്പൺ കനാൽ) എപ്രകാരം ആയിരിക്കണം എന്നതിനെക്കുറിച്ച് സാങ്കേതിക തീരുമാനം

എടുക്കേണ്ടതുണ്ട്. സാങ്കേതിക തീരുമാനമാകുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കി പൂർത്തീകരിക്കാൻ കഴിയുന്നതാണ്. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് 2.34 ശതമാനം പൂർത്തീകരിക്കാനുണ്ട്. പിറവം ബ്രാഞ്ച് കനാൽ 459 മീറ്റർ, കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി റീച്ച് 2-560 മീറ്റർ, റീച്ച് 3-782 മീറ്റർ, റീച്ച് 5-1026 മീറ്റർ, റീച്ച് 6-1947 മീറ്റർ എന്നിവയാണ് പൂർത്തീകരിക്കാനുള്ളത്. ഫണ്ട് ലഭ്യതക്കുറവും തർക്കങ്ങളും കാരണമാണ് യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്തത്. തർക്കങ്ങൾ പരിഹരിക്കുന്ന മുറയ്ക്കും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കും പദ്ധതി പൂർത്തിയാക്കാൻ കഴിയുന്നതാണ്.

ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം-1) കാര്യാലയത്തിന്റെ കീഴിൽ 10000 Ha-ന് മുകളിൽ ജലസേചനം നടത്തുന്ന വൻകിട പദ്ധതികളൊന്നും പൂർത്തീകരിക്കാനില്ല.

(ബി) ജലവിഭവ വകുപ്പിനെ നദീതടങ്ങളുടെ അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ജലവിഭവ വകുപ്പിനെ നദീതടങ്ങളുടെ അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ നദീതടങ്ങളിലൂടനീളം സംയോജിത ജലവിഭവ മാനേജ്മെന്റ് (IWRM)

നടപ്പിലാക്കുന്നതിനുള്ള ഒരു ആധികാരിക മാർഗനിർദേശ ഗൈഡായി സംയോജിത നദീതട സംരക്ഷണത്തിനും മാനേജ്മെന്റിനുമുള്ള പ്രവർത്തന ചട്ടക്കൂട് (OPERATIONAL FRAMEWORK FOR INTEGRATED RIVER BASIN CONSERVATION AND MANAGEMENT) 26-06-2025-ലെ GO(P)No.25/2025/WRD സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ വരികയും ചെയ്തിട്ടുണ്ട്. ഈ ചട്ടക്കൂട് നിരവധി പ്രധാന അധ്യായങ്ങളായി ക്രമീകരിച്ചിരിക്കുന്നു. ഓരോന്നും നദീതട പരിപാലനത്തിന്റെ അടിസ്ഥാന മേഖലയെ അഭിസംബോധന ചെയ്യുന്നു. ദീർഘകാലത്തെ തന്ത്രപരമായ ആസൂത്രണവും വാർഷിക പ്രവർത്തന പദ്ധതികളും മുതൽ സുതാര്യമായ സാമ്പത്തിക ഘടനകളും നിരീക്ഷണ സംവിധാനങ്ങളും വരെ, ഇത് IWRM ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള സമഗ്രമായ അടിത്തറ നൽകുന്നു. ഉദ്യോഗസ്ഥ-ഭരണകൂടം എന്നിവരെയുൾപ്പെടുത്തി 4 തട്ടുകളായി പ്രവർത്തിക്കുന്ന തരത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രസ്തുത ചട്ടക്കൂടിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യം, തദ്ദേശസ്വയംഭരണം, കൃഷി, പരിസ്ഥിതി കൂടാതെ ബന്ധപ്പെട്ട വകുപ്പിലെ മന്ത്രിമാരും ഉൾപ്പെടുന്ന അപെക്സ് കമ്മിറ്റി, അഡീഷണൽ ചീഫ് സെക്രട്ടറി മറ്റുവകുപ്പ് സെക്രട്ടറിമാർ ഉൾപ്പെടുന്ന സ്റ്റിയറിങ് കമ്മിറ്റി, വകുപ്പ്

തലവന്മാർ ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റി, ജില്ലാതല ഉദ്യോഗസ്ഥരും കളക്ടറും ഉൾപ്പെടുന്ന റിവർ ബേസിൻ ലെവൽ കമ്മിറ്റി എന്നിവയുൾപ്പെടുന്നു. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കുന്ന സെക്ടറൽ പ്ലാനുകളുടെ അടിസ്ഥാനത്തിലായിരിക്കും പദ്ധതികൾ/പ്രവൃത്തികൾ ആവിഷ്കരിക്കുന്നത്.

**ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പൊതു കുളങ്ങളുടെ നവീകരണം**

244 (1095) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ മണ്ഡലത്തിൽ പൊതുകുളങ്ങൾ നവീകരിക്കുന്നതിന് ഇറിഗേഷൻ വകുപ്പ് മൈനർ വിഭാഗം എത്ര പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്നും വിശദമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പൊതുകുളങ്ങൾ നവീകരിക്കുന്നതിന് ചുവടെ ചേർക്കുന്ന 2 പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം നടപ്പിലാക്കാൻ സാധിച്ചില്ല.

| SL No. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (in Lakhs) |
|---|---|---|
| 1 | Renovation and side protection works of | 75.00 |

| | | |
|---|---|---|
| | Kodathikulam in Chavakkad Municipality | |
| 2 | Renovation and side protection works of Irinjamkulam in Orumanayoor Gramapanchayath | 45.00 |

പ്രസ്തുത പ്രവൃത്തികൾക്ക് Repair, Renovation and Restoration of Water bodies under Pradhan Manthri Krishi Sinchayee Yojana- Har khet ko pani-എന്ന പദ്ധതിയിലുൾപ്പെടുത്തുന്നതിന് സെൻട്രൽ വാട്ടർ കമ്മീഷന്റെ മാർഗരേഖകൾ പ്രകാരം DPR തയ്യാറാക്കികൊണ്ടിരിക്കുന്നു.

**ഇരിണാവ് ഡാം പാലം**

245 (1096) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ മടക്കര പുഴയിൽ നിർമ്മിച്ച ഇരിണാവ് ഡാം പാലം റഗുലേറ്റർ മാത്രമായി നിലനിർത്തുകയും ഷട്ടർ മാറ്റി പുതിയ ഷട്ടർ സ്ഥാപിക്കുകയും ചെയ്യുന്നതിന് ഡയറക്ടർ കെ.ഇ.ആർ.ഐ. (പീച്ചി) പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കല്ല്യാശ്ശേരി നിയോജകമണ്ഡല പരിധിയിൽ സ്ഥിതി ചെയ്യുന്ന ഇരിണാവ് ഡാമിന്റെ ഷട്ടറുകളും തൂണുകളുടെ പല ഭാഗങ്ങളും നശിച്ച് പ്രവർത്തനക്ഷമമല്ലാത്ത

നിലയിലാണ്. ഇരിണാവ് ഡാം, കെ.ഇ.ആർ.ഐ. (പീച്ചി) ഉദ്യോഗസ്ഥർ സന്ദർശിക്കുകയും പ്രാഥമിക പരിശോധന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ, റെഗുലേറ്ററിന്റെ ഗേറ്റുകൾ പലയിടങ്ങളിലും കേടുപാടുകൾ വന്ന നിലയിലാണെന്നും കൂടാതെ, ജലനിരപ്പിന് താഴെയുള്ള ഭാഗത്തിന്റെ കേടുപാടുകൾ പുറമെനിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ ആയത് മനസ്സിലാക്കുന്നതിന് നൂതന സാങ്കേതിക വിദ്യയായ അണ്ടർ വാട്ടർ വീഡിയോഗ്രഫി, ഗേറ്റുകളുടെ ശാസ്ത്രീയ ബല പരിശോധന, റെഗുലേറ്റർ സ്ഥിതി ചെയ്യുന്ന പുഴ ഭാഗത്തെ ആഴം, മറ്റ് വിവരങ്ങൾ എന്നിവ ശേഖരിക്കുന്നതിന് വിശദമായ സർവെ, നിലവിലുള്ള കാലപ്പഴക്കം ചെന്ന നിർമ്മിതിയിൽ പുതിയ നിലയിൽ മെക്കാനിക്കൽ ഷട്ടറുകൾ സ്ഥാപിക്കുന്നതിന്റെ പ്രായോഗികത എന്നിവ പരിശോധിക്കുൾപ്പെടെ വിശദമായ പര്യവേഷണ പ്രവൃത്തി ആവശ്യമാണെന്ന് KERI ശിപാർശ ചെയ്തിട്ടുണ്ട്.

**ഡാമുകൾക്ക് ചുറ്റുമുള്ള നിയന്ത്രിത മേഖല**

246 (1097) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകൾക്കുചുറ്റും നിയന്ത്രിത

മേഖലയാക്കിയിട്ടുണ്ടെങ്കിൽ അത് എത്ര ദൂരമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഡാമുകൾക്ക് ചുറ്റും നിയന്ത്രിത മേഖലയാക്കിയിട്ടില്ലെങ്കിൽ അപ്രകാരം ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അത് എത്ര ദൂരമായിരിക്കുമെന്നും വിശദമാക്കാമോ;

(സി) ഡാമുകൾക്ക് ചുറ്റും നിയന്ത്രിത മേഖലയാക്കുകയാണെങ്കിൽ അവിടെ എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തേണ്ടിവരികയെന്ന് അറിയിക്കാമോ?

(എ-സി) ഡാമുകളുടെ സമീപം പുതിയ നിർമ്മാണങ്ങൾക്ക് എൻ.ഒ.സി. നൽകുന്നതുമായി ബന്ധപ്പെട്ട് ഡാമുകളുടെ ചുറ്റും നിയന്ത്രിത മേഖല നിഷ്കർഷിക്കുന്നതിന് മാർഗനിർദേശങ്ങൾ വ്യക്തമാക്കിക്കൊണ്ട് 2024 ഡിസംബർ 26 -ന് ജി. ഒ.(എം.എസ്.)നമ്പർ 67/2024/ജ.വി.വ. ഉത്തരവ് പുറത്തിറക്കിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിനെ തുടർന്ന്, വിവിധ തലങ്ങളിൽനിന്നും ഇതുസംബന്ധിച്ച് നിർദേശങ്ങളും പരാതികളും ലഭിക്കുകയുണ്ടായി. ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത ഉത്തരവ് പിൻവലിക്കുമെന്ന് ജലവിഭവ വകുപ്പുമന്ത്രി നിയമസഭയിൽ ഉറപ്പ് നൽകുകയുണ്ടായി. ഇതിനെ തുടർന്ന് 03-04-2025-ലെ ജി. ഒ.(എം.എസ്) നം.26/2025/ജ.വി.വ. ഉത്തരവ് പ്രകാരം 26-12-2024-ലെ ജി.ഒ(എം.എസ്) നം.

67/2024/ജ.വി.വ. ഉത്തരവ് പിൻവലിക്കുകയും ചെയ്തു.

ജലസംഭരണികളുടെ സമീപം നടത്തുന്ന പുതിയ നിർമ്മാണങ്ങൾക്ക് എൻ.ഒ.സി. നൽകുന്നതിനുള്ള കരട് മാർഗനിർദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു. ആയതുമായി ബന്ധപ്പെട്ട് 24-06-2025, 14-08-2025 തീയതികളിൽ സർവകക്ഷി യോഗം നടക്കുകയുമുണ്ടായി.

(ഡി) ഡാമുകൾക്ക് ചുറ്റും നിയന്ത്രിത മേഖലയാകുമ്പോൾ പ്രസ്തുത മേഖലയിൽ താമസിക്കുന്നവരുടെയും കൃഷിയിറക്കുന്നവരുടെയും ഭൂമി ഏറ്റെടുക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഇ) ഡാമുകൾക്ക് ചുറ്റും നിയന്ത്രിത മേഖലയാകുമ്പോൾ പ്രസ്തുത മേഖലയിൽ താമസിക്കുന്നവർക്ക് നൽകുന്നതിനുള്ള നഷ്ടപരിഹാരം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അത് എത്രയാണെന്ന് അറിയിക്കാമോ;

(എഫ്) ഡാമുകൾക്ക് ചുറ്റും നിയന്ത്രിത മേഖലയാക്കുകയാണെങ്കിൽ പ്രസ്തുത സ്ഥലത്ത് കൃഷി ഇറക്കി വന്നിരുന്നവർക്ക് പകരം കൃഷിഭൂമി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(ഡി-എഫ്) ജലസംഭരണികൾക്ക്/ജലാശയങ്ങൾക്ക് സമീപത്തായുള്ള പുതിയ സ്ഥിര നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാത്രമാണ്

നിയന്ത്രണങ്ങളേർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. കൃഷിക്കോ ചെറുതും മറ്റ് താൽക്കാലിക നിർമ്മാണ പ്രവർത്തനങ്ങൾക്കോ നിയന്ത്രണങ്ങൾ ബാധകമായിരിക്കുകയില്ല.

**അരുവിക്കര ഡാമിലെ ഡി-സിൽറ്റേഷൻ പദ്ധതി**

247 (1098) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര ഡാമിലെ ഡി-സിൽറ്റേഷൻ പദ്ധതിയുടെ നിർവഹണ പുരോഗതി അറിയിക്കുമോ; ഇവിടെ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന മണലിന്റെ അളവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടെങ്കിൽ അറിയിക്കാമോ; പദ്ധതി ഏത് കാലയളവിനുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്; വിവരങ്ങൾ നൽകുമോ;

(ബി) പദ്ധതി പൂർത്തിയായിക്കഴിയുമ്പോൾ ഡാമിലെ ജലസംഭരണ ശേഷി എത്ര ശതമാനം വർധിപ്പിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

(എ&ബി) തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ആവശ്യങ്ങൾ നിറവേറ്റുന്ന അരുവിക്കര ഡാമിൽ മണ്ണും മണലും അടിഞ്ഞുകൂടി സംഭരണശേഷിയിൽ കുറവ് സംഭവിച്ചതിന്റെ അടിസ്ഥാനത്തിൽ അവ നീക്കം

ചെയ്ത് സംഭരണശേഷി പുനഃസ്ഥാപിക്കുന്നതിനായുള്ള ഡി-സിൽറ്റേഷൻ പദ്ധതി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി.) മുഖേന നടപ്പിലാക്കിവരുന്നുണ്ട്. ടേൺ കീ അടിസ്ഥാനത്തിലാണ് ഡി-സിൽറ്റേഷൻ പദ്ധതി നടപ്പിലാക്കുന്നത്.

പ്രസ്തുത ഡി-സിൽറ്റേഷൻ പദ്ധതിയിൽ 10,24,586 ക്യൂബിക് മീറ്റർ ആണ് ഡി-സിൽറ്റ് ചെയ്യുന്നത്. ഇതിൽ ചരൽ, മണൽ, കളിമണ്ണ്, എക്കൽ എന്നിവ ഉൾപ്പെടുന്നു. നിലവിൽ 9755.95 ക്യൂബിക് മീറ്റർ ആണ് ഡി-സിൽറ്റ് ചെയ്തിട്ടുള്ളത്. ഒരു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് പദ്ധതിയിട്ടിരുന്നത്. എന്നാൽ നഗരത്തിലെ കുടിവെള്ള ആവശ്യങ്ങൾക്കായി വെള്ളം ഉപയോഗിച്ച് വരുന്നതിനാൽ, പദ്ധതി പ്രവൃത്തികൾ വളരെ ശ്രദ്ധയോടെയാണ് പുരോഗമിച്ചുവരുന്നത്. ആയതിനാൽ ഡി-സിൽറ്റേഷൻ പദ്ധതി പ്രവൃത്തികൾ 2026 അവസാനത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഡി-സിൽറ്റ് ചെയ്യുന്നത് വഴി സർക്കാരിന് ₹13.88 കോടി രൂപയുടെ വരുമാനവും ഡാമിൽ ഏകദേശം ഒരുമില്യൺ ക്യൂബിക് മീറ്റർ അധിക ജലസംഭരണശേഷിയും ഉറപ്പാക്കാനും സാധിക്കും. അതുവഴി തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ജലസേചന ആവശ്യങ്ങൾ കൂടുതൽ മെച്ചപ്പെടാനും സഹായകമാകും.

**ഡാമുകളിൽ ഡി-സിൽറ്റേഷൻ നടത്തുന്നതിനുള്ള നടപടി**

248 (1099) ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ ചുമതലയിലുള്ള ഡാമുകളിൽ ഡി-സിൽറ്റേഷൻ നടത്തുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കുമോ?

മീങ്കര, ചുള്ളിയാർ, വാളയാർ എന്നീ ഡാമുകളിൽ നിന്നും യഥാക്രമം 0.603 Mm3, 0.735 Mm3, 0.410 Mm3 ചെളിയും മണലും നീക്കം ചെയ്തു. മംഗലം ഡാമിൽ 2.79 Mm3 ചെളി ഡീ-സിൽറ്റേഷൻ ചെയ്യുന്നതിനുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഒരു കേസ് നിലവിലുണ്ട്. മലമ്പുഴ, കാഞ്ഞിരപ്പുഴ ഡാമുകളിൽ ഡീ-സിൽറ്റേഷൻ നടത്താനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മലങ്കര ഡാം ഡീ-സിൽറ്റേഷൻ പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഡീ-സിൽറ്റേഷൻ ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

അരുവിക്കര ഡാമിന്റെ ഡി-സിൽറ്റേഷൻ പദ്ധതി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി.) മുഖേന നടപ്പിലാക്കി വരുന്നുണ്ട്. നിലവിൽ 9755.95 ക്യുബിക് മീറ്റർ ആണ് ഡീ-സിൽറ്റ് ചെയ്തിട്ടുള്ളത്.

മലമ്പുഴ, കാഞ്ഞിരപ്പുഴ അണക്കെട്ടുകളിലെ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിന് പ്രാരംഭ പഠന പദ്ധതിക്ക് 1,63,15,000/- രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ബി) ഡാമുകളുടെ സംഭരണ ശേഷിയിൽ കുറവ് വന്നിട്ടുള്ളതായി ശാസ്ത്രീയ പഠന റിപ്പോർട്ടുകളിലൂടെ അറിയിച്ചിട്ടുണ്ടോ; പഠന റിപ്പോർട്ടുകളുടെ വിശദാംശം നൽകാമോ?

ഡാമുകളുടെ സംഭരണശേഷി സംബന്ധിച്ച് കേരള എഞ്ചിനീയറിങ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) ഡി-സിൽറ്റേഷൻ നടപടികളുടെ പദ്ധതിരേഖ തയ്യാറാക്കുന്നത് ഏത് ഏജൻസിയുടെ സഹായത്തോടെയാണ്; വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ജലസേചന വകുപ്പ്, കെംഡെൽ, കെ.ഐ.ഐ.ഡി.സി. എന്നിവർ പദ്ധതിരേഖ തയ്യാറാക്കുന്നുണ്ട്. അംഗീകൃത കരാർ ഏജൻസി മുഖേന ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ പഠനം നടത്തിയതിന് ശേഷമാണ് കെ.ഐ.ഐ.ഡി.സി. (KIIDC)പദ്ധതിരേഖ തയ്യാറാക്കുന്നത്.

**മലമ്പുഴ മണ്ഡലത്തിലെ ചെല്ലൻകാവ് മിനി ഡാം നിർമ്മാണം**

249 (1100) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ സംസ്ഥാന ബജറ്റിൽ നാലുകോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനി ഡാം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

2020-21 വർഷത്തെ സംസ്ഥാന ബജറ്റിൽ 4 കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ ചെല്ലൻകാവ് മിനിഡാമിന്റെ നിർമ്മാണത്തിനായി 21-04-2025-ലെ സ.ഉ.(സാധാ)നം.384/2025/WRD നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

**പൂരപ്പുഴ പാറയിൽ വി.സി.ബി. നിർമ്മാണത്തിലെ ചോർച്ച പരിഹരിക്കൽ**

250 (1101) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി മണ്ഡലത്തിലെ പൂരപ്പുഴ പാറയിലെ വി.സി.ബി. (Vented Cross Bar) നിർമ്മാണത്തിലെ ചോർച്ച പരിഹരിക്കുന്നതിനായി ഫൈബർ ഷട്ടർ മാറ്റി മെറ്റൽ ഷട്ടർ ആക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) മെക്കാനിക്കൽ വിഭാഗം എഞ്ചിനീയർമാർ വി.സി.ബി.-യുടെ ചോർച്ച തടയുന്നതിന് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) വി.സി.ബി.-യുടെ ചോർച്ച തടയുന്നതിനുള്ള നടപടി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

(എ-സി) തിരുരങ്ങാടി മണ്ഡലത്തിലെ പൂരപ്പുഴ പാറയിൽ വി.സി.ബി.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിർമ്മാണം പൂർത്തീകരിക്കുകയോ പൂർത്തീകരണ certificate issue ചെയ്യുകയോ ചെയ്തിട്ടില്ലാത്തതുമായ സാഹചര്യത്തിൽ പ്രവൃത്തിയിൽ ഉൾപ്പെട്ട FRP ഷട്ടറിലൂടെ വന്ന ചോർച്ച പരിഹരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വമായതിനാൽ സൂപ്രണ്ടിങ് എഞ്ചിനീയറുടെ നിർദേശ പ്രകാരം കരാറുകാരൻ ഷട്ടറുകൾ പൂനെ ആസ്ഥാനമായുള്ള ഷട്ടർ നിർമ്മാതാക്കൾക്ക് അയയ്ക്കുകയും ഷട്ടറുകളുടെ അപാകതകൾ പരിഹരിച്ച് തിരിച്ചയയ്ക്കുകയും തുടർന്ന് ഷട്ടറുകൾ പുനഃസ്ഥാപിക്കുകയും ചെയ്തെങ്കിലും ബീഡിങ്ങിലൂടെയുള്ള ചോർച്ചയ്ക്ക് പൂർണ്ണ പരിഹാരമായിട്ടില്ല. പൂനെയിലെ ഷട്ടർ നിർമ്മാതാക്കൾ സ്ഥലം സന്ദർശിച്ച് ചോർച്ച പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. പാറയിൽ വി.സി.ബി.-യുടെ ചോർച്ച പരിഹരിക്കുന്നതിന് മൈനർ ഇറിഗേഷൻ സിവിൽ വിഭാഗവും ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗവും നടത്തിയ സംയുക്ത പരിശോധനയെ തുടർന്ന് മെക്കാനിക്കൽ വിഭാഗം, ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ PRICE മുഖേന 62.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്.

(ഡി) ഈ വി.സി.ബി.-യുടെ ചോർച്ച പരിഹരിക്കുന്നതിൽ വന്ന

കാലതാമസം എത്രയാണ്; വിശദമാക്കാമോ; കാലതാമസം കാരണം അധികമായി വന്ന സാമ്പത്തിക ബാധ്യത എത്രയാണ്; വിശദമാക്കാമോ?

വി.സി.ബി.-യുടെ ചോർച്ച ഇതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. പ്രവൃത്തി Contract period-നുള്ളിൽ ആയതിനാൽ നിലവിൽ അധികബാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകിയ തീയതി, സാങ്കേതിക അനുമതി നൽകിയ തീയതി, എഗ്രിമെന്റ് ഒപ്പുവച്ച തീയതി, നിർമ്മാണം പൂർത്തീകരിച്ചെങ്കിലും ചോർച്ചയുള്ളതിനാൽ എം.എൽ.എ.-യുടെ ആവശ്യപ്രകാരം മെക്കാനിക്കൽ എഞ്ചിനീയറിങ് വിഭാഗം സന്ദർശിച്ച തീയതി, ചോർച്ച മാറ്റുന്നതിന് നിലവിലുള്ള ഫൈബർ ഷട്ടർ മാറ്റി മെക്കാനിക്കൽ ഷട്ടർ സ്ഥാപിക്കണമെന്ന് റിപ്പോർട്ട് സമർപ്പിച്ച തീയതി എന്നിവ ഓരോന്നും ഇനം തിരിച്ച് വിശദമാക്കാമോ?

ഭരണാനുമതി - 06-05-2017-ലെ GO (Rt)No.391/17/WRD.

സാങ്കേതികാനുമതി - 12-07-2019-ലെ ORDER NO.MlDMpm/2019-2020/2019/174/lA

എഗ്രിമെന്റ് – 04-10-2019-ലെ No. SE(Ml) 27/2019-20.

തിരുരങ്ങാടി എം.എൽ.എ.-യുടെ ആവശ്യപ്രകാരം മെക്കാനിക്കൽ വിഭാഗം 12-01-2024-ൽ സൈറ്റ് സന്ദർശിക്കുകയും 23-01-2024-ന് സൂപ്രണ്ടിങ് എഞ്ചിനീയർ, നിലവിലുള്ള ഫൈബർ ഷട്ടറുകൾ മാറ്റി പുതിയ മെറ്റൽ ഷട്ടറുകൾ സ്ഥാപിക്കുന്നതാണ് ഉചിതമെന്ന് മെക്കാനിക്കൽ ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നു. തുടർന്ന് PRICE-3 മുഖേന 62,00,000/- (അറുപത്തി രണ്ട് ലക്ഷം) രൂപയുടെ മെക്കാനിക്കൽ പ്രവൃത്തികൾക്കുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി 06-11-2024-ന് സാമ്പത്തിക/ഭരണാനുമതികൾക്കായി മെക്കാനിക്കൽ വിഭാഗം ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നൽകുകയും പ്രസ്തുത കാര്യാലയം അത് പരിശോധിച്ചുവരികയുമാണ്.

(എഫ്) ഈ പദ്ധതിയുടെ അപാകത പരിഹരിക്കുന്നതിന് മെക്കാനിക്കൽ ഷട്ടർ ആക്കി മാറ്റുന്നതിനുള്ള റിപ്പോർട്ട് പ്രകാരമുള്ള ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണെന്നും ഇനി ഇതിന്റെ തുടർനടപടികൾ എന്തെല്ലാമാണെന്നും ബന്ധപ്പെട്ട വകുപ്പിലെയും ചീഫ് എഞ്ചിനീയറുടെയും ഓഫീസിലെയും ഫയൽ നമ്പറുകൾ സഹിതം വിശദമാക്കാമോ? അത് എത്രയാണ്?

പ്രസ്തുത എസ്റ്റിമേറ്റ് (PRICEID-IRR/MH/EST/5022/2024_16_1_1) നിലവിൽ

സാമ്പത്തിക/ഭരണാനുമതികൾക്കായി മെക്കാനിക്കൽ വിഭാഗം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് PRICE-3 മുഖേന നൽകിയിട്ടുണ്ട്. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. മെക്കാനിക്കൽ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഫയൽ നമ്പർ CEMECH/4/2024-CT ആണ്.

**അച്ചൻകോവിലാറിന്റെ ഇടത് കരയിൽ സംരക്ഷണഭിത്തി**

251 (1102) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര ഗ്രാമപഞ്ചായത്ത് വാർഡ് 7, കല്ലിമേൽ കല്ലുവളയം പള്ളിക്ക് സമീപം അച്ചൻകോവിലാറിന്റെ ഇടത് കരയിൽ സംരക്ഷണഭിത്തി നിർമ്മിക്കുവാൻ ബജറ്റിൽ മൂന്നുകോടി രൂപ വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്കായി മേജർ ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ നടപടികൾ

സ്വീകരിക്കുമോ?

(ബി&സി) പ്രസ്തുത പ്രവൃത്തിക്ക് 3.00 കോടി രൂപയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**ഹരിപ്പാട് മണ്ഡലത്തിലെ കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ**

252 (1103) ശ്രീ രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ നടന്നുവരുന്ന കടലാക്രമണ പ്രതിരോധ പ്രവൃത്തികളുടെ നിർവഹണ പുരോഗതി അറിയിക്കാമോ?

ഹരിപ്പാട് മണ്ഡലത്തിലെ കടലാക്രമണ പ്രതിരോധ പ്രവൃത്തികളുടെ നിർവഹണ പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

22-02-2017-ലെ G.O(Rt)No.142/2017/WRD പ്രകാരം ആലപ്പുഴ ജില്ലയിലെ ഗ്രോയിൻ പാടങ്ങളുടെ (അമ്പലപ്പുഴ, പതിയങ്കര, ആറാട്ടുപുഴ, വട്ടച്ചാൽ, കാട്ടൂർ) നിർമ്മാണത്തിനായി 121.65 കോടി രൂപയുടെ പ്രവൃത്തികൾ കിഫ്ബി വഴി നടപ്പിലാക്കുന്നതിന് തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികൾക്ക് മദ്രാസ് ഐ.ഐ.ടി.-യെ കൊണ്ട് പഠനം നടത്തി, അവർ നൽകിയ ഡിസൈൻ അനുസരിച്ച് KIIDC മുഖേന സമർപ്പിച്ച DPR പ്രകാരം കിഫ്ബിയിൽനിന്ന് 184.04 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ചു. ഇതിൽ ആറാട്ടുപുഴ പഞ്ചായത്തിലെ ആറാട്ടുപുഴ പദ്ധതിക്ക് (28.52 കോടി - 21 പുലിമുട്ട്), വട്ടച്ചാൽ (30.67 കോടി - 16 പുലിമുട്ട്), പതിയങ്കര പദ്ധതിക്ക് (21.64 കോടി - 13 പുലിമുട്ട്) എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു. പദ്ധതിയിൽ ആറാട്ടുപുഴയിൽ 1.20 കി.മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണത്തിന് വേണ്ടി 21 പുലിമുട്ടുകളും 40 മീറ്റർ നീളത്തിലുള്ള കടൽഭിത്തിയുടെയും വട്ടച്ചാലിൽ 1.80 കി.മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണത്തിനുവേണ്ടി 16 പുലിമുട്ടുകളുടെ നിർമ്മാണം, തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ 1.50 കി.മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണത്തിനുവേണ്ടി 13 പുലിമുട്ടുകളുടെ നിർമ്മാണം എന്നിവ 15-05-2025-ൽ പൂർത്തീകരിച്ചു. ഈ പ്രദേശങ്ങളിൽ 50 പുലിമുട്ടുകളുടെ നിർമ്മാണമാണ് പൂർത്തീകരിച്ചത്.

കിഫ്ബിയുടെ ധനസഹായത്തോടെ രണ്ടാം ഘട്ടം തീരദേശ സംരക്ഷണ പദ്ധതിയിലുൾപ്പെടുത്തി ഹരിപ്പാട് മണ്ഡലത്തിലെ വട്ടച്ചാൽ-നെല്ലാനിക്കൽ ഭാഗത്ത് 473 മീറ്റർ നീളത്തിൽ 4 പുലിമുട്ടുകളാണ് ശിപാർശ ചെയ്തിട്ടുള്ളത്.

ടെട്രാപോഡുകളുടെ കാസ്റ്റിങ് പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിക്കുകയാണ്.

(ബി) എ.ഡി.ബി., ലോക ബാങ്ക് സഹായത്തോടെ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ള കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; ഈ പ്രോജക്ടുകളുടെ തൽസ്ഥിതി സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

എ.ഡി.ബി., ലോക ബാങ്ക് സഹായത്തോടെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ മിഷൻ ഡയറക്ടേറ്റ് മുഖേന സ്വീകരിച്ചുവരുന്നു. ആയതിൽ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ള കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

Protection for coastal stretch of length 7.3 km from Thottappally estuary to location near Thrikkunnapuzha Sree. Mahavishnu Temple in Thrikkunnapuzha GP.

Protection for coastal stretch of length 2.2 km Mangalam to Arattupuzha in Arattupuzha GP.

Protection for coastal stretch of length 1.6 km Kallikkad to Vattachal.

Protection for coastal stretch of length 5.4 km from Ramancherry to Valiyazhikkal Beach estuary in Aarattupuzha GP.

(സി) തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളിൽ അനുഭവപ്പെടുന്ന അതിരൂക്ഷമായ കടലാക്രമണം നേരിടുന്നതിന് കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനും കൂടുതൽ പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

തൃക്കുന്നപ്പുഴ പഞ്ചായത്തിൽ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പ്രൊപ്പോസലുകൾ അനുബന്ധമായി ചേർക്കുന്നു.+ ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്.

**കോഴിക്കോട് പുന്നൂർ പുഴ സംരക്ഷണം**

253 (1104) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പുന്നൂർ പുഴ സംരക്ഷണത്തിനായി 2021-ൽ ആരംഭിച്ച കാരന്തൂർ മുതൽ മാളിക്കടവ് വരെയുള്ള ഭാഗത്തെ സംരക്ഷണ ഭിത്തി നിർമ്മാണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) ഇതിനായി തയ്യാറാക്കിയ പദ്ധതികളും ആയതിന് നീക്കിവച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) കോഴിക്കോട് പുന്നൂർ പുഴയുടെ കാരന്തൂർ മുതൽ മാളിക്കടവ് വരെയുള്ള ഭാഗത്തെ പൂന്നൂർ പുഴ സംരക്ഷണത്തിനുവേണ്ടി 2021-നുശേഷം Deposit work ആയി 5 സംരക്ഷണ ഭിത്തി പ്രവൃത്തികളും രണ്ട് ഡീസിൽറ്റേഷൻ പ്രവൃത്തിയും വിഭാവനം ചെയ്തിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങളും വിനിയോഗിച്ച തുകയും അനുബന്ധമായി ചേർക്കുന്നു.+

**കോട്ടക്കൽ മണ്ഡലത്തിലെ തോടുകളുടെ നവീകരണവും സംരക്ഷണഭിത്തി നിർമ്മാണവും**

254 (1105) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ പുഞ്ചപ്പാടം തോട്, പൈങ്കണ്ണൂർ തോട് എന്നിവയുടെ സംരക്ഷണഭിത്തി നിർമ്മാണവും തോടുകളുടെ നവീകരണവും എന്ന പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത പ്രൊപ്പോസലിന്മേൽ ചീഫ് എഞ്ചിനീയർ (ജലസേചനം) സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ&ബി) കോട്ടക്കൽ മണ്ഡലത്തിലെ പൈങ്കണ്ണൂർ, പുഞ്ചപ്പാടം തോടിന്റെ നവീകരണത്തിനായുള്ള പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കി വരുന്നു.

(സി) നിലവിൽ കോട്ടക്കൽ മണ്ഡലത്തിലെ തോടുകൾക്ക് സംരക്ഷണ ഭിത്തി കെട്ടുന്നതിനായി എത്ര പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ചീഫ് എഞ്ചിനീയർ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ടെന്നും ഇവയിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ; ഭരണാനുമതി ലഭ്യമാക്കാനുള്ള പ്രവൃത്തികളുടെ വിശദാംശം ഫയൽ നമ്പർ സഹിതം ലഭ്യമാക്കാമോ?

കോട്ടക്കൽ മണ്ഡലത്തിലെ തോടുകളുടെ സംരക്ഷണ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് ഈ സാമ്പത്തിക വർഷത്തിൽ (2025-2026) ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ എസ്റ്റിമേറ്റുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല.

**അട്ടപ്പാടി കുന്ദാനദീതട പദ്ധതി**

255 (1106) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അട്ടപ്പാടി കുന്ദാനദീതട പദ്ധതിയിൽ കയ്യാല കെട്ടുന്നതിന് അട്ടപ്പാടിയിലെ ആദിവാസികളുടെ ആർ.ഒ.ആർ. (റെക്കോർഡ് ഓഫ് റൈറ്റ്സ് ഇൻ ലാൻഡ് റെക്കോർഡ്സ്) രസീതുകൾ ഇറിഗേഷൻ ഉദ്യോഗസ്ഥർ സ്വീകരിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അട്ടപ്പാടി കുന്ദാനദീതട പദ്ധതിയിൽ കയ്യാല കെട്ടുന്നതിന് അട്ടപ്പാടിയിലെ ആദിവാസികളുടെ ആർ.ഒ.ആർ. (റെക്കോർഡ് ഓഫ് റൈറ്റ്സ് ഇൻ ലാൻഡ് റെക്കോർഡ്സ്) രസീതുകൾ ഇറിഗേഷൻ വകുപ്പിൽ സ്വീകരിച്ചിട്ടില്ല.

**ലോക ബാങ്ക് ധനസഹായത്തോടെയുള്ള കടൽഭിത്തി നിർമ്മാണം**

256 (1107) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക ബാങ്ക് ധനസഹായത്തോടെ സംസ്ഥാനത്ത് കടൽഭിത്തി നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ലോകബാങ്ക് സഹായത്തോടെ 30 Km കടൽത്തീരം സംരക്ഷിക്കാൻ പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി 24 അടിയന്തര പ്രാധാന്യമുള്ള പ്രദേശങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിന്റെ ഡിസൈനും വിവരശേഖരണവും പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

കാസർഗോഡ് ജില്ലയിൽനിന്നും ഈ പദ്ധതിയിലേക്കായി കണ്ടെത്തിയ പ്രദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കടൽക്ഷോഭം നേരിടുന്ന ഗുരുവായൂർ മണ്ഡലത്തിലെ കടപ്പുറം പഞ്ചായത്ത്**

257 (1108) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ മണ്ഡലത്തിലെ കടൽക്ഷോഭം നേരിടുന്ന കടപ്പുറം പഞ്ചായത്തിൽ തകർന്ന് കിടക്കുന്ന കടൽഭിത്തി നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിലെ കടൽക്ഷോഭം നേരിടുന്ന കടപ്പുറം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പഞ്ചായത്തിലെ തകർന്നുകിടക്കുന്ന കടൽഭിത്തി നവീകരിക്കുന്നതിനും അനുബന്ധ കടലാക്രമണ സംരക്ഷണത്തിന്റെ ഭാഗമായി ലോക ബാങ്കിന്റെ സഹായത്തോടെ Resilient Kerala Program for Results പദ്ധതിയിലുൾപ്പെടുത്തി "Coastal protection for a length of 2500 m in between CP 1381 and CP 1409 in Kadappuram Panchayat in Guruvayur - General Civil work"- എന്ന പ്രവൃത്തി മിഷൻ ഡയറക്ടേറ്റ് മുഖാന്തരം വിഭാവനം ചെയ്തിട്ടുണ്ട്.

കൂടാതെ (i) ASE- Reformation of damaged sea wall in between CP 1390 and CP 1394 in Kadappuram Grama panchayat in Guruvayur LAC - Rs. 6.00 Cr.

(ii) ASE- Reformation of damaged sea wall in between CP 1394 and CP 1397 in Kadappuram Grama panchayat in Guruvayur LAC-Rs. 6.00 Cr. എന്നീ പ്രവൃത്തികൾക്ക് National Disaster Mitigation Fund (NDMF)-ൽ അനുമതി ലഭിക്കുന്നതിനായി Kerala State Disaster Management Authority (KSDMA)-ക്ക് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**കൈപമംഗലം നിയോജകമണ്ഡലത്തിലെ ജലസേചന വകുപ്പിന്റെ പദ്ധതികൾ**

258 (1109) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2025 വരെ കൈപ്പമംഗലം മണ്ഡലത്തിൽ ജലസേചന വകുപ്പ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള വിശദമായ റിപ്പോർട്ട് നൽകാമോ?

2016 മുതൽ 2025 വരെ കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള വിശദമായ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.+

(ബി) കൈപ്പമംഗലം മണ്ഡലത്തിലെ എറിയാട്, എടവിലങ്ങ് എന്നീ ഗ്രാമപഞ്ചായത്തുകളിലെ തീരപ്രദേശങ്ങളെ ഹോട്ട്സ്പോട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഈ പ്രദേശത്ത് ടെട്രാപോഡ് സംരക്ഷിത ഭിത്തി നിർമ്മാണം വേഗത്തിൽ ആക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ hotspot-ൽ ഉൾപ്പെടുന്ന കൊടുങ്ങല്ലൂർ തീരസംരക്ഷണ പ്രവൃത്തികൾക്കായി 23-05-2025-ൽ National Centre for Coastal Research (NCCR)-ൽനിന്ന് ടെട്രാപോഡ് ഉപയോഗിച്ചുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കടൽഭിത്തി നിർമ്മാണ പ്രവൃത്തിക്കായുള്ള ഡിസൈൻ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ "GENERAL-HOTSPOT-ASE work-Reformation of Damaged Sunken sea wall using tetrapods in b/w C P stones 1195 to 1224 for 6 km stretches along Kodungallur sea coast in Kaipamangalam constituency -General Civil Work" എന്ന പ്രവൃത്തിക്കുവേണ്ടി 328.65 കോടി രൂപയുടെ DPR തയ്യാറാക്കിയിട്ടുണ്ട്. Hotspot-ൽ ഉൾപ്പെടുന്ന പ്രദേശത്തെ തീരദേശ മണ്ണൊലിപ്പ് തടയുന്നതിനും തീരദേശ സംരക്ഷണം ഉറപ്പാക്കുന്നതിനും മേൽപ്രവൃത്തി ലക്ഷ്യമിടുന്നു.

കൂടാതെ പ്രസ്തുത പ്രദേശമുൾപ്പെടെ 12 ഹോട്ട്സ്പോട്ടുകളിൽ തീരസംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായുള്ള പ്രൊപ്പോസൽ മിഷൻ ഡയക്ടേറ്റിൽനിന്നും ADB ഫണ്ടിനുള്ള ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് വരികയാണ്.

**ഭട്ട് റോഡ് പുലിമുട്ട് നിർമ്മാണം**

259 (1110) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ ഭട്ട് റോഡ്

പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട മദ്രാസ് ഐ.ഐ.ടി.-യുടെ പഠന റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ?

കോഴിക്കോട് നിയോജകമണ്ഡലത്തിലെ ഭട്ട് റോഡ് പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് മദ്രാസ് ഐ.ഐ.ടി.-യുടെ പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(ബി&സി) പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് മദ്രാസ് ഐ.ഐ.ടി.-യിൽനിന്നും ലഭ്യമായ ഡിസൈനിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രസ്തുത പ്രവൃത്തിയുടെ പദ്ധതി രൂപരേഖയ്ക്ക് 02-09-2025-ലെ GO(Rt)No.740/2025/WRD ഉത്തരവ് പ്രകാരം 700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

**വൈപ്പിൻ മണ്ഡലത്തിലെ കടലാക്രമണം**

260 (1111) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ കടലാക്രമണം രൂക്ഷമായിട്ടുള്ളതും ജനവാസകേന്ദ്രങ്ങളെ ബാധിക്കുന്നതുമായ എടവനക്കാട്, നായരമ്പലം, പള്ളിപ്പുറം, ഞാറക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളിലെ തകർന്ന് കിടക്കുന്ന കടൽഭിത്തികൾ നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

എടവനക്കാട് പഞ്ചായത്തിലെ ഏറ്റവും ദുർബലമായ പ്രദേശങ്ങളിൽ തീരസംരക്ഷണ പ്രവർത്തനങ്ങൾക്കായി GIDA മുഖേനയും NDMF മുഖേനയും ഫണ്ട് ലഭ്യമാക്കി പ്രവൃത്തികൾ ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ADB ധനസഹായം ലഭ്യമാക്കി മിഷൻ ഡയറക്ടേറ്റ് മുഖാന്തരം പ്രസ്തുത പ്രവൃത്തികൾ നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രദേശങ്ങൾ ഹോട്ട്സ്പോട്ടുകളിൽ ഉൾപ്പെടുത്തി കടലാക്രമണം തടയുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനായി 09-08-2024-ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്ക് എം.എൽ.എ. നിവേദനം സമർപ്പിച്ചിരുന്നതും ആയതുപ്രകാരം 1R2/355/ജ.വി.വ. നമ്പർ ഫയലിൽ അടിയന്തര റിപ്പോർട്ടിനായി ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നതിൽ, നാളിതുവരെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ

റിപ്പോർട്ട് സമർപ്പിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ;

(സി) റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ബി&സി) വൈപ്പിൻ മണ്ഡലത്തിലെ കടലാക്രമണം രൂക്ഷമായിട്ടുള്ള പ്രസ്തുത പ്രദേശങ്ങൾ ഹോട്ട്സ്പോട്ടുകളിൽ ഉൾപ്പെടുത്തി കടലാക്രമണം തടയുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് എം.എൽ.എ. സമർപ്പിച്ച നിവേദനം IR2/355/2024-ജ.വി.വ. ഫയലിൽ കൈകാര്യം ചെയ്യുകയും ആയതിന്മേൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് 25-05-2025-ൽ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു.+

ചീഫ് എഞ്ചിനീയറിൽ നിന്നും ലഭ്യമായ റിപ്പോർട്ടിലെ വിവരങ്ങൾ എം.എൽ.എ.-യെ 03-06-2025-ലെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു.+

(ഡി) സംസ്ഥാനത്തിന്റെ എല്ലാ കടൽത്തീരങ്ങളെയും ഉൾപ്പെടുത്തി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ.സി.സി.ആർ.) സമർപ്പിച്ച കരട് റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ; ഇതിന്റെ അടിസ്ഥാനത്തിൽ കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് ഡിസൈൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

തീരമേഖലയെ തീരശോഷണത്തിൽനിന്നും സംരക്ഷിക്കുന്നതിനായി ചെന്നൈ ആസ്ഥാനമായുള്ള National Centre for Coastal Research (NCCR) പ്രാഥമിക പഠനം നടത്തിയിരുന്നു. കടലാക്രമണത്തിന് ശാശ്വത പരിഹാരം കാണുന്നതിന് രൂപരേഖ തയ്യാറാക്കാനായി വിവരങ്ങൾ ശേഖരിക്കുകയും തുടർന്ന് തീരദേശ മാനേജ്മെന്റ് പ്ലാൻ (SMP) സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഫൈനൽ റിപ്പോർട്ട് അംഗീകാരത്തിനായി സർക്കാരിൽ ഇപ്പോൾ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്.

(ഇ) പ്രസ്തുത പദ്ധതി എപ്പോൾ നടപ്പിലാക്കാൻ സാധിക്കുമെന്നും ആയതിനുള്ള ധനസ്രോതസ്സ് ഏതെന്നും വിശദമാക്കുമോ?

മിഷൻ ഡയറക്ടേറ്റ് മുഖേന ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (എ.ഡി.ബി.) സാമ്പത്തിക സഹായം ലഭ്യമാക്കി പ്രസ്തുത പ്രവൃത്തികൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ഇതുസംബന്ധിച്ച ജലവിഭവ വകുപ്പിലെ ഫയൽ നമ്പറുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ?

IR1/132/2024 ജ.വി.വ. നമ്പർ ഫയലിലാണ് ഈ വിഷയം കൈകാര്യം ചെയ്യുന്നത്.

**മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ അമ്പാട്ട്തോട് സംരക്ഷണ ഭിത്തി നിർമ്മാണം**

261 (1112) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബജറ്റിൽ 1.5 കോടി രൂപ വകയിരുത്തിയ മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ അമ്പാട്ട്തോട് സംരക്ഷണ ഭിത്തി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തിലെ കേരള സംസ്ഥാന ബജറ്റ് എസ്റ്റിമേറ്റിൽ അനുബന്ധം 2, VOL-2-ൽ, ക്രമനമ്പർ 1380 ആയി ഉൾപ്പെടുത്തിയ മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ അമ്പാട്ട്തോട് സംരക്ഷണഭിത്തി നിർമ്മാണ പ്രവൃത്തിക്ക് 150 ലക്ഷം രൂപയുടെ ഭരണാനുമതി 29-03-2025-ലെ സ.ഉ.(സാധാ) നം.316/2025/WRD നമ്പർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ടി

പ്രവൃത്തിക്ക് സാങ്കേതിക അനുമതി നൽകി ടെൻഡർ ചെയ്ത് പ്രവൃത്തിയുടെ കരാർ ഉടമ്പടിയിൽ ഏർപ്പെടുകയും കരാറുകാരന് സ്ഥലം കൈമാറുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 08-06-2026 (12 മാസം) വരെയാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കാസർഗോഡ് ജില്ലയിലെ വലിയ പറമ്പ് ദ്വീപ്**

262 (1113) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ വലിയ പറമ്പ് ദ്വീപ് പഞ്ചായത്തിനെ സംസ്ഥാന ജലവിഭവ വകുപ്പ് 'ഹോട്ട് സ്പോട്ട്' ആയി ഉൾപ്പെടുത്തി വർഷങ്ങൾ കഴിഞ്ഞിട്ടും കടലാക്രമണം തടയുന്നതിനായി ഒരു പദ്ധതിയും സ്വീകരിക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് അറിയിക്കാമോ?

വലിയ പറമ്പ് പ്രദേശത്തെ കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ ADB സഹായത്തോടെ നടപ്പിലാക്കുന്നതിനായി മിഷൻ ഡയറക്ടേറ്റ് മുഖേന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

തത്വത്തിൽ അനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത് പരിശോധിച്ചുവരുന്നു.

**കണ്ണൂർ-പയ്യാമ്പലം ബീച്ച് വാക്ക് വേ - രണ്ടാം ഘട്ടം**

263 (1114) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിൽ, കണ്ണൂർ-പയ്യാമ്പലം ബീച്ച് വാക്ക് വേ - രണ്ടാം ഘട്ടത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനായി ജലവിഭവ വകുപ്പിന്റെ അനുമതി വേണമെന്നാവശ്യപ്പെട്ട് കത്ത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

കണ്ണൂർ പയ്യാമ്പലത്ത് ടൂറിസം വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പയ്യാമ്പലം ബീച്ച് നടപ്പാതയുടെ രണ്ടാം ഘട്ടത്തിന്റെ പ്രവൃത്തി നടത്തിപ്പുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പിന്റെ അനുമതിക്കായി ടൂറിസം വകുപ്പിന് കത്ത് ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കത്തിന് മറുപടിയായി എൻ.ഒ.സി. നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് നൽകാമോ; എൻ.ഒ.സി. നൽകിയിട്ടില്ലെങ്കിൽ കാരണം

വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് വകുപ്പ് എന്തെങ്കിലും മറുപടി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

(ബി&സി) NOC നൽകിയിട്ടില്ല. വിനോദസഞ്ചാര വകുപ്പിന്റെ 11-10-2021-ലെ സ.ഉ.(സാധാ)നം.314/2021/ടൂറിസം ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച പയ്യാമ്പലം ബീച്ച് വാക്ക് വേ സൗന്ദര്യവൽക്കരണം ഫേസ് - 2 എന്ന ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് ജലസേചന വകുപ്പിൽ നിന്നും എൻ.ഒ.സി. അനുവദിക്കുന്നതിന് ടൂറിസം ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും അപേക്ഷ ലഭിച്ചിരുന്നു. അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ചതിൽ ടൂറിസം വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഒപ്പ് വച്ചിട്ടില്ലാത്തതിനാൽ അപേക്ഷ പുനഃസമർപ്പിക്കുന്നതിനായി തലശ്ശേരി ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും വിനോദസഞ്ചാര വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് തിരികെ നൽകിയിരുന്നു. എന്നാൽ പുനഃസമർപ്പിച്ച രേഖകളും അപൂർണ്ണമായതിനാൽ കണ്ണൂർ ഇറിഗേഷൻ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ ആയവ 05-10-2023-ലെ കത്ത് നമ്പർ ISK/NOC/1/2022 പ്രകാരം തിരികെ നൽകിയിട്ടുണ്ട്. പൂർണ്ണമായ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച്

തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**കുന്നംകുളം മണ്ഡലത്തിലെ കരിച്ചാൽക്കടവ് റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പുരോഗതി**

264 (1115) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ കരിച്ചാൽക്കടവ് റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

കരിച്ചാൽ കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പ്രവൃത്തിയുടെ ബാലൻസ് വർക്ക് എസ്റ്റിമേറ്റിലെ 80 ശതമാനം പ്രവൃത്തികളും ബ്രിഡ്ജിന്റെ 53.4 മീറ്റർ വരുന്ന deck slab കൈവരികൾ ഉൾപ്പെടെ കോൺക്രീറ്റിങ് ജോലികളും ചെക്ക്ഡാമിന്റെ ഏപ്രോണിന്റെ ഗാബിയോൺ ബോക്സ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട 95 ശതമാനം പ്രവൃത്തികളും ബണ്ട് റോഡുകളുടെ സംരക്ഷണത്തിനായുള്ള cantilever retaining wall 235 മീറ്ററിൽ 230 മീറ്ററും പൂർത്തീകരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡുകളുടെ നിർമ്മാണം നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) പദ്ധതി സംബന്ധിച്ച് പുതുക്കിയ ഭരണാനുമതിക്ക് വേണ്ടി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(ബി&സി) നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ഡി) ടി പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകും; വ്യക്തമാക്കാമോ?

ആറാട്ടുതോട്ടിൽ സ്ഥിതി ചെയ്യുന്ന പ്രവൃത്തി സ്ഥലം പാടങ്ങളാൽ ചുറ്റപ്പെട്ട് കിടക്കുന്നതിനാൽ കാലാവസ്ഥ വ്യതിയാനങ്ങൾ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതിയെ സാരമായി ബാധിക്കുന്നുണ്ട്. കാലാവസ്ഥ അനുകൂലമാകുകയാണെങ്കിൽ 2025 ഡിസംബർ മാസത്തിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജ്**

265 (1116) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ "തിണപ്പഴക്ക്" (സീവേജ്) മൂലമുള്ള വെള്ളത്തിന്റെ ചോർച്ച അടയ്ക്കുന്നതിന് ടെൻഡർ എടുത്ത് മൂന്ന് വർഷമായിട്ടും

നിരവധി തവണ കരാർ തുക കൂട്ടി നൽകിയിട്ടും കരാർ കാലാവധി നീട്ടി നൽകിയിട്ടും ഇന്നേവരെ പ്രവൃത്തി പൂർത്തീകരിക്കാത്ത കോൺട്രാക്ടർക്കെതിരായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോൺട്രാക്ടറുടെ ഭാഗത്ത് നിന്നുള്ള വീഴ്ചമൂലം കാലാവധി ദീർഘിപ്പിക്കേണ്ടി വന്ന രണ്ട് തവണ ഒരു ലക്ഷം രൂപ വീതം പിഴ ഈടാക്കിയിട്ടുണ്ട്.

**കടക്കാട്ടുപാറ ആല്വുംകടവ് റെഗുലേറ്റർ പദ്ധതി**

266 (1117) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ജലസേചന മേഖലയിൽ കടക്കാട്ടുപാറ ആല്വുംകടവ് റെഗുലേറ്റർ പദ്ധതി നടപ്പാക്കുന്നതിന് കിഫ്ബിയിൽനിന്നും അനുമതി ലഭിക്കുന്നതിലേക്കായി ജലസേചന വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) ജലസേചന വകുപ്പ് 2025-26 സാമ്പത്തിക വർഷം തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കുന്ന പദ്ധതികളുടെ മുൻഗണനാ പട്ടികയിൽ കടക്കാട്ടുപാറ ആല്വുംകടവ് റെഗുലേറ്റർ പദ്ധതിയെ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന കാര്യം

പരിഗണിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ കടക്കാട്ടുപാറ ആലുങ്കടവ് റഗുലേറ്റർ പദ്ധതിക്കായി 49.20 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് KIIFB-യിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി തയ്യാറാക്കിയിരുന്നുവെങ്കിലും KIIFB-ക്ക് ചുമത്തിയിട്ടുള്ള സാമ്പത്തിക പരിധി മറികടന്നിരിക്കുന്നതിനാൽ ടി പ്രവൃത്തിയുടെ പ്രൊപ്പോസൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പരിഗണിക്കുവാൻ നിർവാഹമില്ലായിരുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ പരിഗണിക്കുന്നതിനായി ഡി.എസ്.ആർ. 2021 പ്രകാരമുള്ള പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. ആയതനുസരിച്ച് പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

**ഉടുമ്പനാശ്ശേരി വി.സി.ബി.-കം-ബ്രിഡ്ജ് നിർമ്മാണം**

267 (1118) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ചെറുപുഴയ്ക്ക് കുറുകെയുള്ള ഉടുമ്പനാശ്ശേരി വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി

പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മങ്കട മണ്ഡലത്തിലെ ചെറുപുഴയ്ക്ക് കുറുകെയുള്ള ഉടുമ്പനാശ്ശേരി വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി 03-07-2025-ന് പൂർത്തീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ചുവരുന്നു.

(ബി) ഇരുപത് ശതമാനം തുക ബജറ്റിൽ വകയിരുത്തിക്കൊണ്ട് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; ഭരണാനുമതി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(ബി&സി) 2022-23 ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ മങ്കട മണ്ഡലത്തിലെ ചെറുപുഴയ്ക്ക് കുറുകെയുള്ള ഉടുമ്പനാശ്ശേരി വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി 300 ലക്ഷം

രൂപ തുക വരുന്ന ഡി.പി.ആർ. ചീഫ് എഞ്ചിനീയർ, ഐ & എ സമർപ്പിച്ചിരുന്നെങ്കിലും 03-08-2022-ൽ കൂടിയ AS Committee-യിൽ വി.സി.ബി. നിർമ്മാണം മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുനഃസമർപ്പിക്കുവാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകിയിരുന്നു. എന്നാൽ കാർഷിക മേഖല പ്രധാനമായും ആശ്രയിച്ച് പോന്നിരുന്നതും 60 വർഷത്തിൽ അധികം പഴക്കമുള്ളതുമായ ടി പദ്ധതി കർഷകർക്കും അതുവഴിയുള്ള യാത്രക്കാർക്കും പ്രയോജനകരമാകണമെങ്കിൽ ബജറ്റിൽ വിഭാവനം ചെയ്ത പ്രകാരം തന്നെ പുനർനിർമ്മിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബജറ്റിൽ നിർദേശിച്ച പ്രകാരം പാലം പ്രവൃത്തിക്കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ വീണ്ടും ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത പാലത്തിലൂടെ വലിയ വാഹനങ്ങൾ കയറുവാൻ സാധ്യതയുള്ളതിനാൽ മണ്ണ് പര്യവേഷണവും പാലത്തിന്റെ ഡിസൈനും ആവശ്യമായതുകൊണ്ട് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും 3.40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി 03-07-2025-

ന് പൂർത്തീകരിക്കുകയും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സൂക്ഷ്മപരിശോധന നടത്തി ഡിസൈൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

**നട്ടികടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്**

268 (1119) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവ് റെഗുലേറ്റർ- കം-ബ്രിഡ്ജ് പ്രവൃത്തിയുടെ ഡിസൈൻ തയ്യാറാക്കി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവ് റെഗുലേറ്റർ- കം-ബ്രിഡ്ജിനായുള്ള പ്രവൃത്തിയുടെ പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. ഡിസൈൻ തയ്യാറാക്കിവരുന്നു. ഡിസൈൻ ലഭ്യമായശേഷം വിശദമായ പദ്ധതി രൂപരേഖ (DPR) തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**തുക്കുന്നപ്പുഴ പാലത്തിന്റെ പുനർനിർമ്മാണം**

269 (1120) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാത വികസനത്തിന്റെ ഭാഗമായി തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പഴയ പാലം പൊളിച്ച് പുനർനിർമ്മിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ?

കൊല്ലം-കോഴിക്കോട് ദേശീയ ജലപാതയിൽ (NW-3) സ്ഥിതി ചെയ്യുന്ന തൃക്കുന്നപ്പുഴ ലോക്കും പാലവും ദേശീയ ജലപാത മാനദണ്ഡങ്ങൾക്കനുസരിച്ച് പുതുക്കി പണിയുന്ന പ്രവൃത്തിയാണ് നിലവിൽ നടക്കുന്നത്. അതിൽ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ലോക്ക് ഭിത്തികളുടെ നിർമ്മാണം 80 ശതമാനം പൂർത്തിയായി. 250 മീറ്ററോളം നീളം വരുന്ന അപ്രോച്ച് റോഡിന്റെ നിർമ്മാണമാണ് ഇനി അവശേഷിക്കുന്നത്.

(ബി) ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി ആദ്യം നിശ്ചയിച്ചിരുന്ന സമയപരിധി എന്നായിരുന്നുവെന്ന് വ്യക്തമാക്കുമോ?

01-08-2018-ൽ കരാറുടമ്പടി വച്ചിട്ടുള്ള പ്രവൃത്തിക്കായി ആദ്യം അനുവദിച്ച കാലാവധി 10-08-2018 മുതൽ 01-02-2020 വരെ 540 ദിവസമായിരുന്നു.

(സി) നിശ്ചിത സമയപരിധിക്കുള്ളിൽ ഈ പ്രവൃത്തി പൂർത്തീകരിക്കാത്തിന്റെ കാരണം എന്തെന്ന് വിശദമാക്കുമോ; ഇക്കാര്യത്തിൽ

ആരുടെ ഭാഗത്ത് നിന്നാണ് വീഴ്ച സംഭവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പ്രവൃത്തി പൂർത്തീകരണം വൈകാനുണ്ടായ കാരണങ്ങൾ ചുവടെ ചേർക്കുന്നു.

- 2018 ഓഗസ്റ്റ് മാസത്തിലെ മഹാപ്രളയവും മണ്ണൊലിപ്പിനെയും തുടർന്ന് ജലനിരപ്പ് ഗണ്യമായി ഉയർന്നതിനാൽ കോൺക്രീറ്റ് ബണ്ട് നിർമ്മിക്കേണ്ടിവന്നു.
- വില്ലേജ് ഓഫീസ്, വോളിബോൾ കോർട്ട് എന്നിവ മാറ്റുന്നതിനും മരങ്ങൾ മുറിച്ച് മാറ്റുന്നതിനുമുണ്ടായ കാലതാമസം.
- കോവിഡ് 19 മഹാമാരി.
- ടെർമിനൽഭാഗത്ത് ജങ്കാർ ജെട്ടി, പ്ലാറ്റ്ഫോം എന്നിവയുടെ നിർമ്മാണം.
- തെക്കുഭാഗത്ത് കോഫർഡാം, വടക്ക് ഭാഗത്ത് റിങ് ബണ്ട് നിർമ്മാണം.
- മണ്ണിന്റെ ദുർബലമായ ഘടന മൂലം U ടൈപ്പ് ഷീറ്റ് പൈലുകൾ ഉപയോഗിച്ച് ഷോറിങ് അധികമായി നടപ്പാക്കേണ്ടിവന്നത്.
- ജങ്കാർ/ഫെറി സർവീസിന്റെ ലഭ്യത കുറവ്.
- തെക്കു-പടിഞ്ഞാറൻ മൺസൂൺ സമയത്ത് കൊച്ചി തുറമുഖം വഴി ജങ്കാർ എത്തുന്നതിനുള്ള നിയന്ത്രണം.

- ഇരുചക്ര വാഹനങ്ങളുടെ ഗതാഗതത്തിനായുള്ള താൽക്കാലിക സ്റ്റീൽ പാലത്തിനായി പഞ്ചായത്ത് അധികൃതരും നാട്ടുകാരും നടത്തിയ പ്രതിഷേധം.
- നിലവിലുള്ള പാലം പൊളിക്കുന്നതിന് കേരള ഹൈക്കോടതിയുടെ ഇടക്കാല സ്റ്റേ.
- താൽക്കാലിക സ്റ്റീൽ പാലത്തിന്റെ നിർമ്മാണം.
- തിരഞ്ഞെടുപ്പ് മാതൃക പെരുമാറ്റ ചട്ടം.
- നിലവിലുള്ള ചാനലിന്റെ സ്റ്റെബിലിറ്റിയെ ബാധിക്കാതെ ഒരു മീറ്റർ കട്ടിയുള്ള RCC ഏപ്രൺ, പ്രീ കാസ്റ്റ് RCC പൈലുകൾ എന്നിവ പൊളിക്കേണ്ടി വന്നത്.
- തെക്ക് പടിഞ്ഞാറൻ മൺസൂൺ.
- പുതുക്കിയ എസ്റ്റിമേറ്റിന് IWAI-യുടെ അനുമതി ലഭ്യമാകുന്നതിൽ വന്ന കാലതാമസം.

മേല്പറഞ്ഞ കാരണങ്ങളാലാണ് പ്രവൃത്തി വൈകിയത്.

(ഡി) പാലത്തിന്റെ നിർമ്മാണം വൈകുന്നത് കാരണം തൃക്കുന്നപ്പുഴ പഞ്ചായത്തിലെ തീരദേശ നിവാസികൾ അനുഭവിക്കുന്ന പ്രതിസന്ധിയും

പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

തദ്ദേശവാസികൾക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനായാണ് ജങ്കാർ സർവീസും അതോടൊപ്പം ഇരുചക്ര വാഹനങ്ങൾക്കും കാൽനടയാത്രക്കാർക്കും യാത്ര സുഗമമാക്കുന്നതിനുവേണ്ടി പ്രത്യേക താൽക്കാലിക സ്റ്റീൽ നടപ്പാലവും നിർമ്മിച്ചുനൽകിയിട്ടുള്ളത്.

(ഇ) തുക്കുന്നപ്പുഴ പാലത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പാലത്തിന്റെ പുനർനിർമാണം പൂർത്തിയായിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ നിർമ്മാണം ത്വരിതഗതിയിൽ നടക്കുന്നുണ്ട്.

**ആറ്റപ്പിള്ളി റഗുലേറ്റർ-കം- ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ്**

270 (1121) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ആറ്റപ്പിള്ളി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ തകർന്ന അപ്രോച്ച് റോഡ് പുനർനിർമ്മിക്കുന്നതിനും റെഗുലേറ്ററിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുമായി സമർപ്പിച്ച എസ്റ്റിമേറ്റിന് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന്

അറിയിക്കാമോ;

(ബി) 2025-26 വർഷ ബജറ്റ് ചർച്ചയുടെ മറുപടി പ്രസംഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചതിനനുസൃതമായി ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ&ബി) തൃശ്ശൂർ ജില്ലയിലെ വരാന്തരപ്പിള്ളി, മറ്റത്തൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ആറ്റപ്പിള്ളിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം 2008-ൽ ആരംഭിക്കുകയുണ്ടായി. 2012-ൽ പാലം നിർമ്മാണം പൂർത്തിയായെങ്കിലും സാങ്കേതിക പ്രശ്നങ്ങളും സാമ്പത്തിക ബുദ്ധിമുട്ടുകളും കാരണം തുടർപ്രവർത്തനങ്ങൾ നിലച്ചു. തുടർന്ന് 2016-ൽ പ്രവൃത്തികൾ പുനരാരംഭിക്കുകയും 2019-ൽ ഭാഗികമായി പൂർത്തീകരിക്കുകയും ചെയ്തു. 2018-ലെ പ്രളയത്തിലും 2019-ലെ മഹാപ്രളയത്തിലും പുഴയുടെ അടിത്തട്ടിലെ ശക്തമായ നീരൊഴുക്കുമൂലം ഉണ്ടായ വ്യതിയാനങ്ങൾ എത്രമാത്രമാണെന്ന് കണ്ടെത്തുന്നതിനായി കെ.ഇ.ആർ.ഐ. (KERI) പീച്ചിയുടെ നേതൃത്വത്തിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. 2021-ൽ മറ്റത്തൂർ ഭാഗത്ത് അപ്രോച്ച്റോഡിൽ നിന്നും മണ്ണ് ഊർന്നുപോയി റോഡിൽ (ഇടതുകരയോട് ചേർന്ന ഭാഗം) ഗർത്തങ്ങൾ

രൂപപ്പെട്ടിരുന്നു. അപ്രോച്ച് റോഡ് തകർന്നതിനെത്തുടർന്ന് 2021 മുതൽ ഗതാഗതം പൂർണ്ണമായി നിരോധിക്കപ്പെട്ടു. ഏപ്രണിന്റെയും പൈൽ കേപ്പിന്റെയും അടിയിലും വെൽ ഫൗണ്ടേഷന്റെ ഇടയ്ക്കും ഉണ്ടായ മണ്ണൊലിപ്പും കാലാവസ്ഥ വ്യതിയാനം മുഖേനയുള്ള മാറ്റങ്ങളും ഉൾപ്പെടെ നിലവിലുള്ള മറ്റ് പ്രശ്നങ്ങൾ പരിശോധിക്കുവാനും ആറ്റപ്പിള്ളി ആർ.സി.ബി.-യുടെ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുമുള്ള മാർഗങ്ങൾ നിർദ്ദേശിക്കുന്നതിനും ഒരു സാങ്കേതിക വിദഗ്ധ സമിതിയെ 12-07-2023-ലെ സർക്കാർ ഉത്തരവ് സ.ഉ.(സാധാ)നമ്പർ 625/2023/ജ.വി.വ. പ്രകാരം നിയോഗിക്കുകയും പ്രസ്തുത സമിതിയുടെ ശിപാർശകൾ പ്രകാരം അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടത്താൻ കെ.ഇ.ആർ.ഐ. (KERI) പീച്ചിയെ ചുമതലപ്പെടുത്തുകയും ആയത് പൂർത്തിയാക്കുകയും ചെയ്തു. കമ്മിറ്റിയുടെ ശിപാർശകൾക്കനുസൃതമായി ആർ.സി.ബി.-യുടെയും അപ്രോച്ച് റോഡിന്റെയും ശേഷിക്കുന്ന പ്രവൃത്തികൾക്കുള്ള ഡിസൈൻ ഐ.ഡി.ആർ.ബി. തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 1390 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. സർക്കാർ പരിശോധിച്ച് വരികയുമാണ്.

**ന്യൂ കട്ട് റെഗുലേറ്റർ**

271 (1122) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ ന്യൂ കട്ട് പുഴയിലുള്ള ന്യൂ കട്ട് റെഗുലേറ്റർ പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ എന്തെല്ലാമായി; ഈ പ്രവൃത്തിയുടെ ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണുള്ളത്; ഫയൽ നമ്പർ സഹിതം വിശദമാക്കാമോ?

ന്യൂ കട്ട് റെഗുലേറ്റർ ദേശീയ ജലപാത നിലവാരത്തിൽ ലോക്ക് കം റെഗുലേറ്റർ ആയി പുതുക്കിപ്പണിയുന്നതിന്റെ പ്രാരംഭമായി മണ്ണ് പര്യവേക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നു. ഡിസൈൻ തയ്യാറാക്കുന്നതിനായി ഇൻഡന്റ് തയ്യാറാക്കി ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 28-07-2025-ലെ CEINKP/195/2025-W3 കത്ത് പ്രകാരം ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡിന് (IDRB) നൽകിയിരിക്കുകയാണ്.

(ബി) ഈ പ്രവൃത്തിയിൽ വരുന്ന നിർമ്മാണങ്ങൾ എന്തെല്ലാമാണ്; ഇനം തിരിച്ച് വിശദമാക്കാമോ?

പ്രവൃത്തിയുടെ ഡിസൈൻ ലഭ്യമായശേഷം മാത്രമെ പ്രവൃത്തിയിലുൾപ്പെട്ട

ഇനങ്ങളെ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

(സി) നൂ കട്ട് പുഴയുടെ വീതിയും ആഴവും കൂട്ടി, സൈഡ് കെട്ടി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾ ഈ പദ്ധതിയുടെ ഭാഗമായി ചേർത്തിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിൽ മണ്ണ് പര്യവേക്ഷണ പ്രവൃത്തി മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഡിസൈൻ ലഭിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോഴാണ് ആവശ്യമായ ഭാഗങ്ങളിൽ ആഴം കൂട്ടുന്ന പ്രവൃത്തികളും സംരക്ഷണഭിത്തി നിർമ്മിക്കുന്ന പ്രവൃത്തികളും പരിശോധിക്കുന്നത്.

(ഡി) ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

എസ്റ്റിമേറ്റ് തുക കണക്കാക്കിയിട്ടില്ല.

**കുമ്പള കഞ്ചികട്ട റെഗുലേറ്റർ കം ബ്രിഡ്ജ്**

272 (1123) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുമ്പള കഞ്ചികട്ട റെഗുലേറ്റർ കം ബ്രിഡ്ജ്

അടച്ചിട്ടതുമൂലം ഗതാഗതം തടസ്സപ്പെട്ടതിനാൽ പൊതുജനങ്ങൾ പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റെഗുലേറ്റർ കം ബ്രിഡ്ജ് പുനർനിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) നടപ്പുവർഷത്തെ നബാർഡ് ആർ.ഐ.ഡി.എഫ്. (റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്) പദ്ധതിയിലുൾപ്പെടുത്തി കഞ്ചിക്കട്ട റെഗുലേറ്റർ കം ബ്രിഡ്ജ് പുനർനിർമ്മിക്കാനുള്ള നടപടി സ്വീകരിക്കുമോ?

(ബി&സി) കുമ്പള-കഞ്ചിക്കട്ട വി.സി.ബി. കം ബ്രിഡ്ജ് പ്രവൃത്തിയുടെ 27.10 കോടി രൂപ തുക വരുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് NABARD RIDF-Tranche XXXI-ൽ പരിഗണിക്കുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**ബാക്കിക്കയം റെഗുലേറ്ററിന്റെ പ്രവർത്തനം**

273 (1124) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര നിയോജകമണ്ഡലത്തിലെ വേങ്ങര പഞ്ചായത്തിൽ പാണ്ടികശാലയ്ക്ക് സമീപം കടലുണ്ടി പുഴയ്ക്ക് കുറുകെയുള്ള ബാക്കിക്കയം റെഗുലേറ്ററിന്റെ നിലവിലെ പ്രവർത്തനം സംബന്ധിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത റെഗുലേറ്ററിന്റെ ശേഷിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള ഫയലിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

(എ&ബി) മലപ്പുറം ജില്ലയിലെ വേങ്ങര നിയോജകമണ്ഡലത്തിലെ വേങ്ങര പഞ്ചായത്തിൽ കടലുണ്ടിപ്പുഴയ്ക്കുറുകെ പാണ്ടികശാലയ്ക്ക് സമീപം ജലനിധിക്കുവേണ്ടി ചെറുകിട ജലസേചന വകുപ്പ് നിർമ്മിച്ച് നൽകിയ ബാക്കിക്കയം റെഗുലേറ്ററിന്റെ പ്രവർത്തനവും പരിപാലനവും നിർവഹിക്കുന്നതിന് 04-06-2024-ലെ സർക്കാർ ഉത്തരവ് GO(Rt)No. 421/2024/WRD പ്രകാരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ പൂർണ്ണമായും തീർന്നിട്ടില്ലെങ്കിലും ജലസംഭരണം നടന്നുവരുന്നുണ്ട്. തുലാവർഷം തീരുന്നതോടുകൂടി റെഗുലേറ്ററിന്റെ ഷട്ടറുകൾ താഴ്ത്തി ജലസംഭരണം ആരംഭിക്കുകയും കാലവർഷത്തിന് മുമ്പ് വരെ പരമാവധി ജലം സംഭരിച്ച്

നിർത്തുകയും ചെയ്യുന്നുണ്ട്. എല്ലാവർഷവും ജലസേചന വകുപ്പ് ഷട്ടർ മെയിന്റനൻസ് ഉൾപ്പെടെ റെഗുലേറ്ററിന്റെ വാർഷിക പരിപാലനത്തിനായി തുക വകയിരുത്തുന്നുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 9.50 ലക്ഷം രൂപ തുക വരുന്ന Annual maintenance പ്രവൃത്തികൾ നടന്നുവരുന്നു.

(സി) ബാക്കിക്കയം റെഗുലേറ്ററിന്റെ ശേഷിക്കുന്ന പ്രവൃത്തിയുടെ ഫയൽ രണ്ടുതവണ ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ ധനകാര്യ വകുപ്പിന്റെ അഭിപ്രായം എന്തായിരുന്നുവെന്ന് വിശദമാക്കുമോ?

ബാക്കിക്കയം റെഗുലേറ്ററിന്റെ ശേഷിക്കുന്ന പ്രവൃത്തി സംബന്ധിച്ച ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിൽ അയച്ചപ്പോൾ പ്രസ്തുത പ്രവൃത്തിക്ക് നിബന്ധനകളോടെ 6.34 കോടി രൂപയുടെ ഭരണാനുമതി നൽകാമെന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു.

(ഡി) ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെയും ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ബാക്കിക്കയം റെഗുലേറ്ററിന്റെ ശേഷിക്കുന്ന പ്രവൃത്തികൾക്കുള്ള 6.34 കോടി

രൂപയുടെ പ്രൊപ്പോസൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

**മങ്കട കീഴ്മുറിക്കടവ് മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം**

274 (1125) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ നിർമ്മിക്കുന്ന കീഴ്മുറിക്കടവ് മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് തീയതിയിൽ പൂർത്തിയാക്കാൻ കഴിയുമെന്നും പദ്ധതി അടിയന്തരമായി പൂർത്തീകരിച്ച് മണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

(എ&ബി) മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയിൽ 11.09 മീറ്റർ വീതിയിൽ 156 മീറ്റർ നീളത്തിലുള്ള പാലവും 12 സ്പാനുകളുടെ റെഗുലേറ്ററും

റെഗുലേറ്ററിന്റെ അപ്സ്ട്രീമിൽ-വലതുകരയിൽ 605 മീറ്റർ നീളത്തിലും ഇടതുകരയിൽ 85 മീറ്റർ നീളത്തിലും സംരക്ഷണഭിത്തിയും; റെഗുലേറ്ററിന്റെ ഡൗൺസ്ട്രീമിൽ-വലതുകരയിൽ 245 മീറ്റർ നീളത്തിലും ഇടതുകരയിൽ 50 മീറ്റർ നീളത്തിലും സംരക്ഷണഭിത്തിയും ആണ് പദ്ധതി ഘടകങ്ങളിൽ ഉൾപ്പെടുന്നത്. കൂടാതെ 186 മീറ്റർ നീളത്തിലുള്ള അപ്രോച്ച് റോഡ് ആണ് ഇരുകരകളിലും കൂടി ഉൾപ്പെടുന്നത്. ഇതിൽ അപ്രോച്ച് റോഡ് ഒഴികെയുള്ള മറ്റ് എല്ലാ പ്രധാന ഘടകങ്ങളുടെയും (റെഗുലേറ്റർ, പാലം, സംരക്ഷണഭിത്തി) നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിലുള്ള റോഡിൽനിന്നും നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള പാലത്തിലേക്ക് കയറാൻ സാധിക്കുന്നതാണ്.

അപ്രോച്ച് റോഡിന്റെ വീതി വർധിപ്പിക്കുന്നതിന്റെ ഭാഗമായി 68 സെന്റ് ഭൂമി ഏറ്റെടുക്കാൻ റവന്യൂ വകുപ്പിൽനിന്ന് 07-04-2022-ലെ സ.ഉ. (സാധാ) നമ്പർ 1609/2022/റവന്യൂ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. 4(1) & 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും സർവെ & ലാൻഡ് റെക്കോർഡ്സ് വകുപ്പ് ഡ്രോയിങ്സ് പുതുക്കി നൽകുകയും ചെയ്തു. സോഷ്യൽ അസസ്സ്മെന്റ് ഇംപാക്ട് സ്റ്റഡി (Social Assessment Impact Study) പൂർത്തിയാകുകയും 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ഭൂമിയുടെ വിലനിർണ്ണയം പൂർത്തീകരിക്കുകയും അടിസ്ഥാന വിലനിർണ്ണയം, ഡീറ്റെയിൽഡ് വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ജില്ലാ കളക്ടർ അംഗീകരിക്കുകയും ചെയ്തു. തുടർന്ന് കിഫ്ബിയിൽ നഷ്ടപരിഹാര തുകയുടെ ബിൽ സമർപ്പിക്കുകയും ആയത് കിഫ്ബി അംഗീകരിക്കുകയും തഹസിൽദാറിന്റെ അക്കൗണ്ടിലേക്ക് തുക കൈമാറുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ നേരിട്ട കാലതാമസംമൂലം പദ്ധതിയുടെ പൂർത്തീകരണ തീയതി 31-03-2026 വരെ നീട്ടിനൽകിയിട്ടുണ്ട്.

**മണലൂർ മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികൾ**

275 (1126) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം

നൽകുമോ?

(എ–സി) മണലൂർ മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ, അടങ്കൽ തുക നിലവിലെ സ്ഥിതി എന്നിവ അനുബന്ധമായി ചേർക്കുന്നു.+

കൂടാതെ മണലൂർ മണ്ഡലത്തിൽ ഇടിയഞ്ചിറ റെഗുലേറ്ററിന്റെയും ഏനാമാക്കൽ റെഗുലേറ്ററിന്റെയും സിവിൽ മെക്കാനിക്കൽ നവീകരണ പ്രവൃത്തികളാണ് പുരോഗമിക്കുന്നത്. ഇടിയഞ്ചിറ റെഗുലേറ്ററിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1) ഇടിയഞ്ചിറ റെഗുലേറ്ററിന്റെ നവീകരണ പ്രവൃത്തികൾക്കായുള്ള സിവിൽ വർക്കുകൾക്ക് 2.42 കോടി രൂപയും മെക്കാനിക്കൽ വർക്കുകൾക്ക് 2.62 കോടി രൂപയും.

2) ഏനാമാക്കൽ റെഗുലേറ്ററിന്റെ നവീകരണ പ്രവൃത്തികൾക്കായി സിവിൽ വർക്കുകൾക്ക് 4.008 കോടി രൂപയും മെക്കാനിക്കൽ വർക്കുകൾക്ക് 4.53 കോടി രൂപയും.

ഇടിയഞ്ചിറ റെഗുലേറ്ററിന്റെ സിവിൽ പ്രവൃത്തികൾ 75 ശതമാനവും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മെക്കാനിക്കൽ പ്രവൃത്തികൾ 95 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്.

ഏനമാക്കാൽ റെഗുലേറ്ററിന്റെ മെക്കാനിക്കൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ ഡിവിഷൻ ബഞ്ചിൽ ഫയൽ ചെയ്തിരിക്കുന്ന WA 1811/2024 കേസിൽ പ്രവൃത്തി റീടെൻഡർ ചെയ്യുവാനായി വിധിയാവുകയും തുടർന്ന് റീടെൻഡർ നടപടികൾ സ്വീകരിച്ചതുമാണ്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിലവിലെ കരാറുകാരൻ അപ്പീൽ പോകുകയും ബഹുമാനപ്പെട്ട ഹൈക്കോടതി വിധി സ്റ്റേ ചെയ്യപ്പെട്ടിരിക്കുകയുമാണ്. മെക്കാനിക്കൽ പ്രവൃത്തികളും സിവിൽ പ്രവൃത്തികളും ഒരുമിച്ച് ചെയ്യേണ്ടതിനാൽ മെക്കാനിക്കൽ പ്രവൃത്തിയിൽ വിധിയായതിനുശേഷം പ്രവൃത്തി ആരംഭിക്കുമ്പോൾ മാത്രമെ സിവിൽ പ്രവൃത്തികളും ആരംഭിക്കുവാൻ സാധ്യമാകുകയുള്ളൂ.

**ജലവിഭവ വകുപ്പ് മുഖേന പട്ടാമ്പി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ**

276 (1127) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെയും മുൻ സർക്കാരിന്റെയും കാലയളവിൽ

പട്ടാമ്പി നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലോ പ്രാദേശിക ഫണ്ടിലോ ഉൾപ്പെടാത്ത ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ വിശദവിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ചതിന്റെ ഉത്തരവുകളുടെ പകർപ്പ് സഹിതം ലഭ്യമാക്കുമോ;

(സി) പദ്ധതിയുടെ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള വിവരങ്ങൾ നൽകാമോ?

(എ-സി) നിലവിലെ സർക്കാരിന്റെയും മുൻ സർക്കാരിന്റെയും കാലയളവിൽ പട്ടാമ്പി നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലോ പ്രാദേശിക ഫണ്ടിലോ ഉൾപ്പെടാത്ത പദ്ധതികളുടെ വിശദവിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി, പദ്ധതിയുടെ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള വിവരങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങളും ഫണ്ട് അനുവദിച്ചതിന്റെ ഉത്തരവുകളുടെ പകർപ്പും അനുബന്ധങ്ങളായി

ചേർത്തിരിക്കുന്നു.+

**ഇരിക്കൂർ മണ്ഡലത്തിലെ മൈനർ, മേജർ ഇറിഗേഷൻ പദ്ധതികൾ**

277 (1128) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ, മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് പ്രവൃത്തി ആരംഭിച്ചതുമായ മൈനർ, മേജർ ഇറിഗേഷൻ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**മണലൂർ മണ്ഡലത്തിലെ കിഴക്കോളൂരിൽ കേച്ചേരിപ്പുഴ ബണ്ട് നിർമ്മാണം**

278 (1129) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കിഴക്കോളൂരിൽ കേച്ചേരിപ്പുഴയുടെ ബണ്ട് 2018-ലെ പ്രളയത്തിൽ തകർന്നതുമൂലം പുഴ മാറി ഒഴുകിയതിനാൽ കിഴക്കോളൂർ പ്രദേശത്ത് വളരെയേറെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) 2024-ലും പ്രളയക്കെടുതിമൂലം ഈ പ്രദേശത്തുള്ളവരെ മാറ്റി പാർപ്പിക്കേണ്ടി വന്നിട്ടുള്ളതിനാൽ തകർന്ന ബണ്ട് ബലപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) മഴക്കാലത്ത് ഈ പ്രദേശത്തുള്ളവർക്ക് നാശനഷ്ടങ്ങളും പ്രയാസങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തകർന്ന ബണ്ട് ബലപ്പെടുത്തുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 12-12-2024-ന് കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് ആളൂർ ഗ്രൂപ്പ് ഫാമിങ് സൊസൈറ്റി 2023-2024-ലെ നവകേരള സദസ്സിലും 2024-2025-ൽ കരുതലും കൈതാങ്ങും പോർട്ടലിലും നൽകിയ പരാതി പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും ആളൂർ പുഴയുടെ ഇടതു കരയിൽ Gail Pipe ഇട്ടതിന്റെ ഭാഗമായി ബണ്ട് ബലപ്പെടുത്താത്തതിനാൽ മൂന്നിടത്തായി ഏകദേശം 6 മീറ്റർ നീളത്തിൽ പുഴ വരമ്പ് തകർന്ന ഭാഗത്ത്

സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് 14.7 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയത് പ്രവൃത്തിയുടെ മുൻഗണനയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് നടപ്പിലാക്കാവുന്നതാണ്.

**ചേലക്കര നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ**

279 (1130) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ ചേലക്കര മൈനർ ഇറിഗേഷൻ സെക്ഷൻ ഓഫീസ്, വടക്കാഞ്ചേരി മൈനർ ഇറിഗേഷൻ സെക്ഷൻ ഓഫീസ് എന്നീ ഓഫീസുകൾക്ക് കീഴിൽ എത്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളാണ് നിലവിലുള്ളത്; ഇതിന്റെ പേരുവിവരം മൈനർ ഇറിഗേഷൻ സെക്ഷൻ തലത്തിൽ വ്യക്തമാക്കാമോ?

ചേലക്കര നിയോജകമണ്ഡലത്തിലെ ചേലക്കര മൈനർ ഇറിഗേഷൻ സെക്ഷൻ, വടക്കാഞ്ചേരി മൈനർ ഇറിഗേഷൻ സെക്ഷൻ എന്നീ കാര്യാലയങ്ങളുടെ കീഴിലായി 7 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളാണുള്ളത്.

| | |
|---|---|
| മൈനർ ഇറിഗേഷൻ സെക്ഷൻ, ചേലക്കര | 1.പഴയന്നൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീം.<br>2.ഇട്ടിച്ചിറക്കുണ്ട് ലിഫ്റ്റ് |

| | |
|---|---|
| | റിഗേഷൻ സ്കീം.<br>3.അറയ്ക്കാമല ലിഫ്റ്റ്<br>ഇറിഗേഷൻ സ്കീം.<br>4.പാറക്കടവ് ലിഫ്റ്റ് ഇറിഗേഷൻ<br>സ്കീം. |
| മൈനർ ഇറിഗേഷൻ<br>സെക്ഷൻ, വടക്കാഞ്ചേരി | 5. പല്ലൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീം<br>6.ദേശമംഗലം ലിഫ്റ്റ്<br>ഇറിഗേഷൻ സ്കീം.<br>7.ചെറുതുരുത്തി ലിഫ്റ്റ്<br>ഇറിഗേഷൻ സ്കീം. |

(ബി) ഇവയിൽ ഏതെല്ലാമാണ് പരിപൂർണ്ണമായി പ്രവർത്തന സജ്ജമായിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) അറ്റകുറ്റപ്പണി നടത്താനുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഏതെല്ലാമാണ്; കർഷകർക്ക് യഥാസമയം വെള്ളം ലഭ്യമാക്കുന്നതിന് ഇവ അടിയന്തരമായി അറ്റകുറ്റപ്പണി നടത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) 7 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും കർഷകർക്ക് വെള്ളം ലഭ്യമാക്കുന്നതിന് പ്രവർത്തനസജ്ജമാണ്. എങ്കിലും അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട്. അവ ചുവടെ ചേർക്കുന്നു.

1) മൈനർ ഇറിഗേഷൻ സെക്ഷൻ, ചേലക്കര കാര്യാലയത്തിന്

കീഴിൽ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിരുന്ന ഇട്ടിച്ചിറക്കുണ്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പമ്പ് ഹൗസിന്റെ പുനരുദ്ധാരണവും മെയിൻ കനാലിന്റെ അറ്റകുറ്റപ്പണികളും രണ്ട് 60 HP മോട്ടോർ & പമ്പ് സെറ്റിന്റെ വിതരണവും സ്ഥാപനവും ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തിക്ക് 25-11-2024-ലെ G.O(Rt)No. 898/2024/WRD പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് തൃശ്ശൂർ മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 17-03-2025-ലെ IRR/IA/EST_TS/4706/2023_5_1_1 ഉത്തരവ് പ്രകാരം 50 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. തൃശ്ശൂർ മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ടി പ്രവൃത്തിക്ക് 5 തവണ ടെൻഡർ ചെയ്തിട്ടും കരാറുകാരുടെ ഭാഗത്തുനിന്നും പ്രതികരണമൊന്നും ലഭ്യമാകാത്തതിനാൽ പ്രവൃത്തി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

2) പഴയന്നൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കനാലുകളിലെ അറ്റകുറ്റപ്പണികൾ.

3) ഇട്ടിച്ചിറക്കുണ്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കനാലുകളിലെ

അറ്റകുറ്റപ്പണികൾ.

4) അറക്കമല ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ പ്രവർത്തനരഹിതമായിട്ടുള്ള ഒരു പമ്പും മോട്ടോറും.

5) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലെ ജലസേചനം/പമ്പിങ് തുടങ്ങുന്നതിന് മുമ്പായി കനാലുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള സിൽറ്റും മറ്റും നീക്കം ചെയ്ത് കനാലുകൾ വൃത്തിയാക്കുന്നതിനും കനാലിന്റെ അറ്റകുറ്റപ്പണികൾക്കായും നീരൊഴുക്ക് സുഗമമാക്കുന്നതിനുമുള്ള പ്രവൃത്തികൾ.

6) പല്ലർ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ tail end-ലേക്ക് വെള്ളം കൊണ്ടുപോകുന്ന കനാൽ പ്രവൃത്തി.

അറ്റകുറ്റപ്പണികൾ നടത്താനുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ "2702-01-800-94-00-34-03-NV" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**സ്ഥലം ഏറ്റെടുത്ത വകയിൽ ശ്രീ. കെ. പി. ജോസഫിന് ലഭിക്കാനുള്ള നഷ്ടപരിഹാരം**

280 (1131) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളക്കുളം ഗ്രാമ പഞ്ചായത്തിലെ തന്റെ സ്ഥലം മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിക്കായി ഏറ്റെടുത്ത വകയിലുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിന് ശ്രീ. കെ. പി. ജോസഫ്, കയ്യൂരിക്കൽ വീട്, കാരിക്കോട് എന്ന വ്യക്തി നൽകിയ അപേക്ഷയിൽ ജലസേചന വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

20-07-2022-ലെ എൽ.എ.ആർ.49/11 ന് സ.ഉ(സാധാ)നം.627/2022/ WRD, 03-04-2024-ലെ സ.ഉ (സാധാ) നം. 287/2024/WRD പ്രകാരം യഥാക്രമം ₹1,18,407/-, ₹6,94,391/-രൂപ നൽകിയിട്ടുണ്ട്.

ഫണ്ട് നൽകിയിട്ടില്ലെന്ന പരാതി സംബന്ധിച്ച് ചീഫ് എഞ്ചിനീയറോട് റിപ്പോർട്ട് തേടിയിരുന്നതും കോട്ടയം സബ് കോടതിയിലെ എൽ.എ.ആർ. 49/11 നമ്പർ കേസിന് അനുവദിച്ച 6,94,391/- രൂപ ചീഫ് എഞ്ചിനീയറുടെ 18-03-2025-ലെ നടപടിക്രമമനുസരിച്ച് BAMS മുഖേന പിറവം എം.വി.ഐ.പി. ഡിവിഷൻ നം.4 എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വിതരണം ചെയ്തിട്ടുള്ളതാണ്. എൽ.എ.ആർ. കേസിൽ അനുവദിച്ച തുകയായ ₹6,94,391/- രൂപ കക്ഷിക്ക് നൽകിയിട്ടുണ്ടെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിറവം അറിയിച്ചിട്ടുമുണ്ട്.

(ബി) പ്രസ്തുത വ്യക്തിക്ക് എൽ.എ.ആർ. നം. 49/2011 & LA APP

NO.429/2013 പ്രകാരം എത്ര രൂപയാണ് സ്ഥലമേറ്റടുക്കലുമായി ബന്ധപ്പെട്ട് നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ശ്രീ. കെ. പി. ജോസഫിന്റെ പരാതി പരിഹരിക്കുന്നതിന് ജലസേചന വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(ബി&സി) പ്രസ്തുത വ്യക്തിക്ക് 20-07-2022-ലെ എൽ.എ.ആർ. 49/11 നമ്പർ കേസിന് സ.ഉ(സാധാ)നം.627/2022/WRD, 03-04-2024-ലെ സ.ഉ(സാധാ) നം. 287/2024/WRD പ്രകാരം യഥാക്രമം ₹1,18,407/-, ₹6,94,391/- രൂപ നൽകിയിട്ടുണ്ട്.

കോട്ടയം സബ് കോടതിയിലെ എൽ.എ.ആർ. 49/11 നമ്പർ കേസിന് മുതലിനത്തിൽ 32,474/-രൂപയും Court Cost 11,330/- രൂപയും 31-12-2025 വരെയുള്ള മുൻകൂർ പലിശ 3,563/- രൂപയും ഉൾപ്പെടെ ആകെ 47,367/- രൂപ കൂടി നൽകുവാനുണ്ടെന്ന് 02-09-2025-ലെ കത്ത് മുഖേന പദ്ധതി വിഭാഗം II ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലിൽ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

**കേരള വാട്ടർ അതോറിറ്റി നിയമനങ്ങളിലെ ക്രമക്കേടുകൾ**

281 (1132) ശ്രീ. ടി. വി. ഇബ്രാഹിം:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് ഒഴിവുകൾ ഇല്ലാതിരുന്നിട്ടും നിയമനം നടത്തിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിണ്ടോ; സംഭവത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് ഒഴിവുകൾ ഇല്ലാതിരുന്നിട്ടും നിയമനം നടത്തിയെന്ന ആരോപണം സംബന്ധിച്ച് അഡ്മിനിസ്ട്രീവ് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) നിയമന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തിയിട്ടുണ്ടോ; ഇവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) വാട്ടർ അതോറിറ്റി ഡയറക്ടർ ബോർഡുമായി ആലോചിക്കാതെ തീരുമാനങ്ങൾ എടുത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ

ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(ബി-ഡി) അഡ്മിനിസ്ട്രേറ്റീവ് വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള കർശന നടപടികൾ സ്വീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

**സീതാർകുണ്ട് മിനി ഡൈവേഴ്ഷൻ പദ്ധതി**

282 (1133) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ സംസ്ഥാന ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ സീതാർകുണ്ട് മിനി ഡൈവേഴ്ഷൻ പദ്ധതി തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്ന്

വിശദമാക്കാമോ?

(എ&ബി) സീതാർകുണ്ട് മിനി ഡൈവേഴ്ഷൻ പദ്ധതിക്കുവേണ്ടി അത്തിക്കുണ്ട് മുതൽ ചുള്ളിയാർ അണക്കെട്ട് വരെയുള്ള കനാലിന്റെ Topographical Survey, Coastal Engineering Division, KERI 2020-ൽ പൂർത്തീകരിച്ചിട്ടുണ്ട്.

ടി പദ്ധതിയുടെ Pre Feasibility Report തയ്യാറാക്കുന്നതിനായി 06-08-2020-ന് 14 അംഗങ്ങൾ അടങ്ങിയ ഒരു Technical Team രൂപീകരിച്ചിരുന്നു. 2022-ൽ പദ്ധതിയുമായി ബന്ധപ്പെട്ട Preliminary Study Report for Pre feasibility Report തയ്യാറാക്കുകയുണ്ടായി.

എന്നാൽ ടീം അംഗങ്ങളിൽ പലരും സ്ഥലം മാറിയതും വിരമിച്ചുപോയതും നിമിത്തം പ്രസ്തുത റിപ്പോർട്ട് പുനഃപരിശോധിക്കാനും ആയതിന്റെ Recommendations & Remarks സമർപ്പിക്കുന്നതിനുമായി ഡയറക്ടർ, KERI-യുടെ നേതൃത്വത്തിൽ 14 അംഗങ്ങൾ അടങ്ങിയ ഒരു Technical Team-നെ 04-03-2024-ൽ പുനഃസംഘടിപ്പിക്കുകയുണ്ടായി.

പദ്ധതിയുടെ ജലലഭ്യത പരിശോധിക്കുന്നതിനായി Technical Team 01-10-2024-ന് പദ്ധതി പ്രദേശവും Rain gauge station-നുകളും

സന്ദർശിക്കുകയുണ്ടായി. ഇതിനുശേഷം Technical Team സമർപ്പിച്ച പദ്ധതിയുടെ 2025-ലെ കരട് റിപ്പോർട്ട് പ്രകാരം Feasible ആയി തിരിച്ചുവിടുവാനുള്ള ജലലഭ്യത തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ നിന്നും ലഭ്യമല്ലെന്ന് വിലയിരുത്തുകയുണ്ടായി.

ജിയോളജിക്കലും ഹൈഡ്രോളജിക്കലും സംബന്ധിച്ചുള്ള കാരണങ്ങളാൽ സീതാർകുണ്ട് പദ്ധതിയിലൂടെ ചുള്ളിയാർ ഡാമിലെ ജലലഭ്യത ഉറപ്പാക്കുന്നത് ലഭ്യമായ Report പ്രകാരം പ്രായോഗികമല്ലെന്നാണ് പ്രാഥമികമായി വിലയിരുത്തുന്നത്.

**ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ**

283 (1134) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കി വരുന്ന ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഓരോ പ്രവൃത്തികളുടെയും പുരോഗതികൾ വിശദീകരിക്കാമോ?

(എ&ബി) മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കി വരുന്ന ജലവിഭവ വകുപ്പുമായി ബന്ധപെട്ട പ്രവൃത്തികളുടെ വിശദാംശങ്ങളും ഓരോ പ്രവൃത്തിയുടെയും

പുരോഗതികളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) തോടുനവീകരണം, പാർശ്വഭിത്തി സംരക്ഷണം, തടയണ നിർമ്മാണം, കനാൽ നിർമ്മാണം എന്നിവയിൽ പ്രൊപ്പോസലുകൾ സമർപ്പിച്ച പുതിയ പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

തോടുനവീകരണം, പാർശ്വഭിത്തി സംരക്ഷണം, തടയണ നിർമ്മാണം, കനാൽ നിർമ്മാണം എന്നീ പ്രവൃത്തികൾക്കായി തയ്യാറാക്കിയിരുന്ന പ്രൊപ്പോസലുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ പ്രസ്തുത പ്രവൃത്തികൾക്ക് ഫണ്ട് ലഭ്യമായിട്ടില്ല.

**നിരാക്ഷേപ പത്രം അനുവദിക്കാൻ നടപടി**

284 (1135) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴയിൽ പുതിയ കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ അധികാര പരിധിയിൽപ്പെട്ട സ്ഥലം കെ.എസ്.ഇ.ബി.എൽ.-ന് ലീസിന് നൽകുവാൻ നിരാക്ഷേപ പത്രം അനുവദിക്കുന്നതിനായി ജലസേചന വകുപ്പ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴയിൽ പുതിയ കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ സ്ഥലം കെ.എസ്.ഇ.ബി.എൽ.-ന് ലീസിന് നൽകുവാൻ നിരാക്ഷേപ പത്രം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്.

**വേമ്പനാട്ടുകായലിന്റെ പുനരുജ്ജീവനം**

285 (1136) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്ടുകായലിന്റെ സംഭരണശേഷി 15 ശതമാനമായി കുറഞ്ഞുവെന്ന റിപ്പോർട്ട് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. വേമ്പനാട് കായലിൽ അടിഞ്ഞുകൂടിയിട്ടുള്ളതും economic value ഇല്ലാത്തതുമായ soil നീക്കം ചെയ്ത് "Six Lanning of Thurvoor Thekku to Paravoor of NH-66" എന്ന പ്രവൃത്തിയിലേക്ക് ഉപയോഗിക്കുന്നതിനായി 21-04-2025-ലെ സ.ഉ.(സാധാ)നം.28/2025/ജവിവ പ്രകാരം NHAI-ക്ക് അനുമതി

നൽകിയിട്ടുള്ളതാണ്. പ്രവൃത്തി നടന്നുവരുന്നു.

(ബി) മാലിന്യങ്ങളും കൈയേറ്റവും മൂലം കായലിന്റെ വിസ്തൃതി കുറഞ്ഞതായും ജലസംഭരണശേഷി 85 ശതമാനം നഷ്ടപ്പെട്ടതായും കണ്ടെത്തിയിരിക്കുന്ന സാഹചര്യത്തിൽ റംസാർ സൈറ്റായ വേമ്പനാട്ടുകായലിന്റെ പുനരുജ്ജീവനത്തിനായി സമഗ്രമായ കർമ്മപദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കുമോ?

വേമ്പനാട് കായലിന്റെ പുനരുജ്ജീവനത്തിനായി സമഗ്രമായ കർമ്മ പദ്ധതികൾ തയ്യാറാക്കുന്നത് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ അധികാര പരിധിയിൽ മാത്രം വരുന്നതല്ല. പരിസ്ഥിതി, റവന്യൂ, തദ്ദേശസ്വയംഭരണം, മത്സ്യബന്ധനം, ടൂറിസം, തുറമുഖം, ഉൾനാടൻ ജലഗതാഗതം, കൃഷി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, SWAK, CWRDM, KUFOS തുടങ്ങിയ വകുപ്പുകളുടെ ഏകോപനത്തോടുകൂടി മാത്രമെ അത്തരമൊരു സമഗ്ര പദ്ധതി വികസിപ്പിക്കാൻ സാധിക്കുകയുള്ളൂ. കായലിന്റെ പുനരുജ്ജീവനത്തിന് വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളെ പങ്കെടുപ്പിച്ചുള്ള ചർച്ചകൾ ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ നടന്നുവരുന്നുണ്ട്. കൂടാതെ വേമ്പനാട് കായലിന്റെ

ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിനുള്ള 28.79 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (Restoration of Eco System of Vembanad Lake and surrounding water bodies leading to the lake in Aroor LAC-Phase 1) എന്ന പ്രവൃത്തിയുടെ വിശദമായ പദ്ധതി രൂപരേഖ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**നദീതട സംരക്ഷണം**

286 (1137) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കവും വരൾച്ചയും നേരിടാനും നദീതട പരിപാലനത്തിനുമുള്ള നദീതട സംരക്ഷണ ചട്ടക്കൂടിന് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. കേരളത്തിൽ പ്രതിവർഷം ശരാശരി 3000 മില്ലീമീറ്റർ മഴ ലഭിച്ചിട്ടും മഴക്കാലം കഴിഞ്ഞാൽ പലയിടത്തും ജലക്ഷാമം രൂക്ഷമാകാറുണ്ട്. തെക്കുപടിഞ്ഞാറൻ മൺസൂൺ (ജൂൺ-സെപ്റ്റംബർ), വടക്കുകിഴക്കൻ മൺസൂൺ (ഒക്ടോബർ-ഡിസംബർ) എന്നീ ആറ് മാസങ്ങളിലാണ് ഏകദേശം 90 ശതമാനം

മഴയും ലഭിക്കുന്നത്. ഈ മഴവെള്ളം നദികളിൽ നിറയുമെങ്കിലും തുടർന്നുവരുന്ന വരണ്ട കാലാവസ്ഥ ജനജീവിതത്തെയും കാർഷിക മേഖലയെയും ബാധിക്കുന്നു. ഈ പ്രതിസന്ധി പരിഹരിക്കാനും പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുവാനും ഫലപ്രദമായ ജല മാനേജ്മെന്റ് എന്നത്തേക്കാളും അടിയന്തരമായി മാറിയിരിക്കുന്നു. നദീതടങ്ങളിൽ ഉടനീളം സംയോജിത ജലവിഭവ മാനേജ്മെന്റ് (IWRM) നടപ്പിലാക്കുന്നതിനുള്ള ഒരു ആധികാരിക മാർഗനിർദേശ ഗൈഡായി സംയോജിത നദീതട സംരക്ഷണത്തിനും മാനേജ്മെന്റിനുമുള്ള പ്രവർത്തന ചട്ടക്കൂട് (OPERATIONAL FRAMEWORK FOR INTEGRATED RIVER BASIN CONSERVATION AND MANAGEMENT) 25-06-2025-ലെ മന്ത്രിസഭായോഗം അംഗീകരിക്കുകയും 26-06-2025-ലെ സർക്കാർ ഉത്തരവ് GO(P)No.25/2025/WRD പ്രകാരം നിലവിൽ വരികയും ചെയ്തു. നദീതട പരിപാലനത്തിന്റെ അടിസ്ഥാന മേഖലയെ അഭിസംബോധന ചെയ്യുന്ന നിരവധി അധ്യായങ്ങളായി ഈ ചട്ടക്കൂട് ക്രമീകരിച്ചിരിക്കുന്നു. ദീർഘകാല തന്ത്രപരമായ ആസൂത്രണവും വാർഷിക പ്രവർത്തന പദ്ധതികളും മുതൽ സുതാര്യമായ സാമ്പത്തിക ഘടനകളും നിരീക്ഷണ സംവിധാനങ്ങളും വരെ IWRM ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള സമഗ്രമായ അടിത്തറ നൽകുന്നു. ഉദ്യോഗസ്ഥ-

ഭരണക്കൂടതലങ്ങളിലുള്ളവരെ ഉൾപ്പെടുത്തി 4 തട്ടുകളായി പ്രവർത്തിക്കുന്ന തരത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രസ്തുത ചട്ടക്കൂടിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യം, തദ്ദേശസ്വയംഭരണം, കൃഷി, പരിസ്ഥിതി കൂടാതെ ബന്ധപ്പെട്ട വകുപ്പിലെ മറ്റുമന്ത്രിമാരും ഉൾപ്പെടുന്ന അപെക്സ് കമ്മിറ്റി, അഡീഷണൽ ചീഫ് സെക്രട്ടറി, മറ്റു വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെടുന്ന സ്റ്റിയറിങ് കമ്മിറ്റി, വകുപ്പ് തലവന്മാർ ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റി, കളക്ടറും ജില്ലാതല ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന റിവർ ബേസിൻ ലെവൽ കമ്മിറ്റി എന്നിവ ഉൾപ്പെടുന്നു. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കുന്ന സെക്ടറൽ പ്ലാനുകളുടെ അടിസ്ഥാനത്തിൽ ആയിരിക്കും പദ്ധതികൾ/പ്രവൃത്തികൾ ആവിഷ്കരിക്കുന്നത്. നിലവിൽ അപ്രകാരമുള്ള സെക്ടറൽ പ്ലാൻ തയ്യാറാക്കിയിട്ടില്ല.

(ബി) നദീതട സംരക്ഷണം ലക്ഷ്യമിട്ട് അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണത്തിൽനിന്നും സർക്കാർ പിന്മാറിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സുസ്ഥിരമായ നദീതട മാനേജ്മെന്റിനായുള്ള ഏറ്റവും ലളിതമായ മാതൃക സ്വീകരിച്ച്, നിലവിലുള്ള ഏജൻസികളെയോ പ്രക്രിയകളെയോ തടസ്സപ്പെടുത്താതെ മെച്ചപ്പെടുത്തലുകൾ കൊണ്ടുവരുന്ന ഒരു സംവിധാനമായാണ്

സംയോജിത നദീതട സംരക്ഷണത്തിനും മാനേജ്മെന്റിനുമുള്ള പ്രവർത്തന ചട്ടക്കൂട് (OPERATIONAL FRAMEWORK FOR INTEGRATED RIVER BASIN CONSERVATION AND MANAGEMENT) രൂപകല്പന ചെയ്തിരിക്കുന്നത്. ഒരു പുതിയ അതോറിറ്റി സ്ഥാപിക്കുന്നതിന് പകരം നിലവിലുള്ള സർക്കാർ സംവിധാനങ്ങളെയും സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് പ്രവർത്തിക്കുന്ന ഒരു ചട്ടക്കൂട് രൂപപ്പെടുത്താനാണ് ശ്രമിക്കുന്നത്. IWRM-ന്റെ ഒരു മാർഗനിർദേശ അതോറിറ്റിയായി പ്രവർത്തിക്കാൻ രൂപകല്പന ചെയ്തിരിക്കുന്ന ഈ ചട്ടക്കൂട്, ഭരണഘടന, ആസൂത്രണ രീതികൾ, സാമ്പത്തിക മാനേജ്മെന്റ് എന്നിവയുൾപ്പെടെയുള്ള അവശ്യഘടകങ്ങളുടെ രൂപരേഖ നൽകുന്നു. സർക്കാർ ഏജൻസികൾ, പ്രാദേശിക സമൂഹങ്ങൾ, സിവിൽ സൊസൈറ്റി, സ്വകാര്യ മേഖല എന്നിവക്കിടയിലുള്ള സഹകരണത്തിന് ഊന്നൽ നൽകുകയും സുസ്ഥിര നദീതട പരിപാലനത്തിനായി എല്ലാ പങ്കാളികളും ഒരുമിച്ച് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. വ്യക്തമായ റോളുകളും ഉത്തരവാദിത്വങ്ങളും നിർവചിക്കുന്നതിലൂടെ ഈ ചട്ടക്കൂട് വകുപ്പുകളിലുടനീളം യോജിച്ച പ്രവർത്തനം വർധിപ്പിക്കാനും നദീതട പരിപാലന സംരംഭങ്ങളുടെ കാര്യക്ഷമതയും സ്വാധീനവും മെച്ചപ്പെടുത്താനും ലക്ഷ്യമിടുന്നു.

**ഡാമുകൾക്കും ജലാശയങ്ങൾക്കും ചുറ്റും ബഫർസോൺ**

287 (1138) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാമുകൾക്കും ജലാശയങ്ങൾക്കും ചുറ്റും ബഫർസോൺ കൊണ്ടുവരുന്നതിന് സർക്കാർ ഉത്തരവിറക്കിയിരുന്നോ; ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഉത്തരവിറക്കിയതെന്ന് വ്യക്തമാക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

2021 വരെ ജലസംഭരണികൾക്ക് സമീപമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിരാക്ഷേപപത്രം (എൻ.ഒ.സി.) നൽകിയിരുന്നത് കേരള ഡാം സേഫ്റ്റി അതോറിറ്റി (കെ.ഡി.എസ്.എ.) ആയിരുന്നു. 2021–ലെ ഡാം സേഫ്റ്റി ആക്ട് നിലവിൽ വന്നതോടെ കേരള ഡാം സേഫ്റ്റി അതോറിറ്റി (കെ.ഡി.എസ്.എ.) പ്രവർത്തനക്ഷമമല്ലാതായി. തുടർന്ന് ജല സംഭരണികളുടെ സമീപം നടത്തുന്ന നിർമ്മാണങ്ങൾക്ക് എൻ.ഒ.സി. നൽകുന്നതിന് കൃത്യമായ സംവിധാനം ഇല്ലാതെയായി. എൻ.ഒ.സി. അനുവദിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങളെ തുടർന്ന് ജലവിഭവ വകുപ്പിന്റെ കീഴിലുള്ള സംഭരണികൾക്ക് സമീപം പുതിയ നിർമ്മാണങ്ങൾക്ക് എൻ.ഒ.സി.

നൽകുന്നതിനുള്ള മാർഗനിർദേശങ്ങൾ വ്യക്തമാക്കിക്കൊണ്ട് 26-12-2024-ന് ജി.ഒ.(എം.എസ്)നമ്പർ 67/2024/ ജ.വി.വ. ഉത്തരവ് പുറത്തിറക്കി. ഈ ഉത്തരവ് പ്രകാരം ജല സംഭരണികളുടെ പരമാവധി ജല നിരപ്പിൽനിന്നും (MWL) 20 മീറ്റർ വരെയുള്ള പ്രദേശത്തെ കാറ്റഗറി 1 ബഫർ സോൺ എന്ന് രേഖപ്പെടുത്തിയിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ബി) എതിർപ്പിനെ തുടർന്ന് പ്രസ്തുത ഉത്തരവ് പിൻവലിക്കുവാൻ സർക്കാർ തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച സർക്കാർ ഉത്തരവുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. 26-12-2024-ലെ ജി.ഒ.(എം.എസ്)നമ്പർ 67/2024/ജ.വി.വ. ഉത്തരവിനെ തുടർന്ന് വിവിധ തലങ്ങളിൽനിന്നും ഇതുസംബന്ധിച്ച് നിർദേശങ്ങളും പരാതികളും ലഭിക്കുകയുണ്ടായി. ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ജലവിഭവ വകുപ്പ് പുറത്തിറക്കിയ പ്രസ്തുത ഉത്തരവ് പിൻവലിക്കുമെന്ന് ജലവിഭവ വകുപ്പുമന്ത്രി നിയമസഭയിൽ ഉറപ്പ് നൽകുകയുണ്ടായി. ഇതിനെ തുടർന്ന് 3-04-2025–ലെ ജി.ഒ.(എം.എസ്.) നമ്പർ 26/2025/ജ.വി.വ. ഉത്തരവ് പ്രകാരം 26-12-2024–ലെ ജി.ഒ.(എം. എസ്) നമ്പർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

67/2024/ജ.വി.വ. ഉത്തരവ് പിൻവലിക്കുകയും ചെയ്തു. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

**അനധികൃത കുഴൽക്കിണറുകൾക്കെതിരെ നടപടി**

288 (1139) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കുഴൽക്കിണറുകൾ സ്ഥാപിക്കാൻ ജലവിഭവ വകുപ്പ് അനുമതി നൽകുന്നുണ്ടോ; ഇതിനുള്ള നിലവിലെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

സ്വകാര്യ വ്യക്തികൾക്ക് കുഴൽക്കിണർ നിർമ്മാണത്തിന്റെ ആദ്യ ഘട്ടമായ ഭൂജലപര്യവേഷണത്തിനുവേണ്ടി ഭൂജലവകുപ്പിന്റെ നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫോറത്തിനോടൊപ്പം ഭൂമിയുടെ കരം തീർത്ത രസീതിന്റെ പകർപ്പും അപേക്ഷകൻ/അപേക്ഷകയുടെ ഐഡന്റിറ്റിക്ക് തെളിവായി ആധാർ കാർഡിന്റെ പകർപ്പും സമർപ്പിക്കേണ്ടതാണ്.

ഭൂജലപര്യവേഷണത്തിൽ സ്ഥലം ശാസ്ത്രീയവും സാങ്കേതികവും നിലവിലെ ഭൂജല അതോറിറ്റി നിയമങ്ങൾക്ക് വിധേയവുമായി അനുയോജ്യമാണെന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കാണുന്ന പക്ഷം കുഴൽക്കിണർ നിർമ്മാണത്തിനുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ടി സർട്ടിഫിക്കറ്റിനെ അടിസ്ഥാനപ്പെടുത്തി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ (പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) നിന്നും അപേക്ഷകൻ/ അപേക്ഷക കുഴൽക്കിണർ നിർമ്മാണത്തിനായി പെർമിറ്റ് വാങ്ങിയശേഷം നിർമ്മാണം നടത്താവുന്നതാണ്.

(ബി) 2024-25 വർഷത്തിൽ അനധികൃത കുഴൽക്കിണറുകൾക്കെതിരെ എത്ര നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

2024-25 വർഷത്തിൽ 111 അനധികൃത കുഴൽക്കിണറുകൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ഭൂജല വകുപ്പിന്റെ പ്രവർത്തനം**

289 (1140) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജല വകുപ്പിന്റെ പ്രവർത്തനലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംബന്ധിച്ച വിശദാംശം നൽകാമോ?

ഭൂജലവകുപ്പിന്റെ പ്രവർത്തനലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. സുസ്ഥിര ഭൂജലലഭ്യത കൈവരിക്കുന്നതിനായി വിവിധ തരം ഭൂജല സംപോഷണ പദ്ധതികൾക്കായുള്ള സ്ഥാനനിർണ്ണയവും നിർമ്മാണവും.

2. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ചെറുകിട കുടിവെള്ള വിതരണ പദ്ധതികളും കുഴൽക്കിണർ കൈപമ്പ് പദ്ധതികളും നടപ്പാക്കൽ.

3. കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണം, കുഴൽക്കിണർ കൈപമ്പ് പദ്ധതികളുടെ അറ്റകുറ്റപ്പണികൾ.

4. വിവിധതരം കിണറുകൾക്കുള്ള (തുറന്ന കിണർ, ബോർവെൽ, ട്യൂബ് വെൽ, ഫിൽറ്റർ പോയിന്റ് വെൽ) സ്ഥാന നിർണ്ണയം.

5. കുടിവെള്ളം, ജലസേചനം വ്യാവസായിക അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ എന്നിവയുടെ ആവശ്യങ്ങൾക്കുമുള്ള കിണറുകളുടെ (ബോർവെൽ, ട്യൂബ് വെൽ, ഫിൽറ്റർ പോയിന്റ് വെൽ) നിർമ്മാണം, ഡെവലപിങ്, ലോഗിങ്, കിണറുകളുടെ ജലക്ഷമതാ പരിശോധന.

6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജൽജീവൻ മിഷൻ, മറ്റ് സ്ഥാപനങ്ങൾ, എം.പി./എം.എൽ.എ. ഫണ്ട്, എസ്.സി. ഫണ്ട്, വരൾച്ചാ ദുരിതാശ്വാസ ഫണ്ട് എന്നിവ വിനിയോഗിച്ച് ചെറുകിട കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കൽ, സാങ്കേതിക സഹായം നൽകൽ.

7. കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ജൽ ശക്തി അഭിയാൻ പ്രോഗ്രാമിന്റെ ഭാഗമായ ജൽ സഞ്ജയ് ജൻ ഭാഗിധാരി എന്ന ഉദ്യമത്തിലൂടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ജലവിഭവ മാനേജ്മെന്റ് പ്രവർത്തനങ്ങളുടെ ഏകോപനവും മേൽനോട്ടവും.

8. ഭൂജല ഉപഭോഗത്തിന്റെ നിയന്ത്രണത്തിനും ക്രമീകരണത്തിനുമായുള്ള ആക്ടിന്റെ ഫലപ്രദമായ നടപ്പാക്കൽ.

9. സംസ്ഥാനത്തിലെ ഭൂജല വിഭവശേഷി തിട്ടപ്പെടുത്തൽ.

10. ഭൂജലത്തിന്റെ ഗുണനിലവാരം തിട്ടപ്പെടുത്തൽ.

11. ഭൂജല നിരപ്പ്, ഗുണനിലവാരം എന്നിവയുടെ ഡാറ്റാ ശേഖരണവും പഠന റിപ്പോർട്ടുകൾ തയ്യാറാക്കലും.

12. ഭൂജലത്തിന്റെ ക്രമമായ ഉപയോഗത്തിനും സംരക്ഷണത്തിനുമായുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

13. ദുരന്തനിവാരണ അതോറിറ്റിയുടെ നിർദേശാനുസരണം റാപ്പിഡ് റിസ്ക് അസെസ്മെന്റുമായി ബന്ധപ്പെട്ട് പഠന റിപ്പോർട്ടുകൾ തയ്യാറാക്കൽ.

14. നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള പദ്ധതികൾക്കുള്ള സാങ്കേതിക സഹായം നൽകൽ.

15. നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഫലപ്രദമായ നടപ്പിലാക്കൽ.

(ബി) തീരദേശത്തെ കുഴൽക്കിണറുകളിലെ ഭൂജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

വകുപ്പിന്റെ തീരദേശത്തെ കുഴൽ കിണറുകളുടെ ജല ഗുണനിലവാരം ഉറപ്പാക്കുന്നതിലേക്കായി ടി കിണറുകളുടെ ജലത്തിന്റെ ഹൈഡ്രോകെമിക്കൽ പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രീ മൺസൂൺ, പോസ്റ്റ് മൺസൂൺ ഡാറ്റ വിശകലനം നടത്തുകയും ചെയ്തിരുന്നു. അതിനായി pH, Electrical Conductivity, Turbidity, TDS, Total Hardness, Total Alkalinity, Calcium, Magnesium, Chloride, Sodium, Potassium, Sulphate, Nitrate, Carbonate, Bicarbonate, Iron എന്നീ പാരാമീറ്ററുകളുടെ പരിശോധനാഫലങ്ങൾ BIS-ന്റെ (ISO 10500:2012) Drinking water standard-മായി താരതമ്യ പഠനം നടത്തുകയും

ചെയ്തിട്ടുണ്ട്. കൂടാതെ ടി ജലത്തിന്റെ ജലസേചനത്തിനുള്ള അനുയോജ്യതയും പഠനവിധേയമാക്കിയിട്ടുണ്ട്. മേൽ നിരീക്ഷണ കിണറുകളിൽ തുടർന്നും മോണിറ്ററിങ് നടന്നുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിന്റെ തീരദേശ മേഖലയിൽ എത്ര കുഴൽക്കിണർ നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിവിധ ജില്ലകളുടെ തീരദേശത്ത് ഭൂജല വകുപ്പിന്റെ യന്ത്രങ്ങൾ നിർമ്മിച്ചതും കരാറുകാർ വഴി നിർമ്മിച്ചതുമായ കുഴൽക്കിണറുകളുടെ കണക്ക് തരം തിരിച്ച് ലഭ്യമാക്കാമോ; ജില്ലകൾ തമ്മിലുള്ള എണ്ണത്തിന്റെ അന്തരം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ജില്ലകളുടെ തീരദേശത്ത് ഭൂജലവകുപ്പിന്റെ യന്ത്രങ്ങൾ നിർമ്മിച്ചതും കരാറുകാർ വഴി നിർമ്മിച്ചതുമായ കുഴൽക്കിണറുകളുടെ കണക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.+

വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പൊതു കുടിവെള്ള പദ്ധതികൾക്കും അപേക്ഷകർ ആവശ്യപ്പെടുന്നതനുസരിച്ചും തുക ഒടുക്കുന്നതിന്റെയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അടിസ്ഥാനത്തിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിനാലാണ് ജില്ലകൾ തമ്മിൽ എണ്ണത്തിൽ അന്തരമുണ്ടാകുന്നത്. കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിലെ തീരപ്രദേശങ്ങളിലാണ് കുഴൽക്കിണർ (ട്യൂബ് വെൽ) കൂടുതലായി നിർമ്മിക്കുന്നത്.

(ഡി) സർക്കാർ അംഗീകൃതമല്ലാത്ത കുഴൽക്കിണർ നിർമ്മാണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമാനുസൃതമല്ലാത്ത കുഴൽക്കിണർ നിർമ്മാണത്തിന് ഈ സർക്കാർ വന്നതിനുശേഷം എത്ര തുക പിഴ ഈടാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉണ്ട്. നിയമാനുസൃതമല്ലാത്ത കുഴൽക്കിണർ നിർമ്മാണത്തിന് ഈ സർക്കാർ വന്നതിനുശേഷം 13,20,750/-രൂപ (പതിമൂന്ന് ലക്ഷത്തി ഇരുപതിനായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം) പിഴ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.+

**ഭൂജല വകുപ്പിന്റെ ആലപ്പുഴ ജില്ലാ ഓഫീസിൽ നടത്തിയ പരിശോധനകൾ**

290 (1141) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23-നുശേഷം ധനകാര്യ പരിശോധനാ വിഭാഗം ആലപ്പുഴ ഭൂജല

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വകുപ്പ് ജില്ലാ ഓഫീസിൽ എത്ര തവണ പരിശോധന നടത്തിയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പരിശോധനകളിൽ ടി ഓഫീസിൽ ക്രമക്കേടുകൾ കണ്ടെത്തുകയും റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ലഭിച്ച റിപ്പോർട്ടിൽ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി ശിപാർശ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) 2022-23-നുശേഷം ധനകാര്യ പരിശോധനാ വിഭാഗം ഭൂജല വകുപ്പിന്റെ ആലപ്പുഴ ജില്ലാ ഓഫീസിൽ 5 (അഞ്ച്) തവണ പരിശോധന നടത്തി. അതിൽ 3 പരിശോധനകളിൽ ക്രമക്കേടുകൾ കണ്ടെത്തുകയും പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**നാദാപുരം നിയോജകമണ്ഡലത്തിലെ ജൽജീവൻ പദ്ധതി പ്രവർത്തനം**

291 (1142) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ ജൽജീവൻ മിഷൻ നടത്തിവരുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

നാദാപുരം മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭാഗമായ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെയും വാട്ടർ ടാങ്കുകളുടെയും നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തികളുടെ ഭാഗമായ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെയും വാട്ടർ ടാങ്കുകളുടെയും നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രവൃത്തിക്ക് വേണ്ടി എടുത്ത റോഡിലെ കുഴികൾ മൂടിയശേഷം പൂർണമായി ഗതാഗത യോഗ്യമാക്കിയിട്ടുണ്ടോ?

പൂർണ്ണമായും ഗതാഗത യോഗ്യമാക്കുവാനുള്ള റോഡ് റീസ്റ്റോറേഷൻ പ്രവൃത്തികൾ നടന്നുവരുന്നു.

(ഡി) ജൽ ജീവൻ പദ്ധതി പ്രവർത്തനാനന്തരം പുനഃസ്ഥാപിച്ചതും അല്ലാത്തതുമായ റോഡുകളുടെ വിവരങ്ങൾ പ്രത്യേകമായി കാണിക്കുന്ന പട്ടിക ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പുനഃസ്ഥാപിച്ചതും അല്ലാത്തതുമായ പഞ്ചായത്ത് റോഡുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ഉപയോഗശൂന്യമായ ജലസംഭരണി ടാങ്കുകൾ പൊളിച്ചുനീക്കാൻ നടപടി**

292 (1143) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ ഉടമസ്ഥതയിൽ എത്ര ഉപയോഗശൂന്യമായ ജലസംഭരണി ടാങ്കുകളുണ്ടെന്നുള്ള കണക്ക് ജില്ലതിരിച്ച് ലഭ്യമാക്കാമോ?

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 14 |
| 2 | കൊല്ലം | 8 |
| 3 | പത്തനംതിട്ട | 0 |
| 4 | ആലപ്പുഴ | 20 |
| 5 | കോട്ടയം | 8 |
| 6 | ഇടുക്കി | 13 |
| 7 | എറണാകുളം | 27 |
| 8 | തൃശ്ശൂർ | 8 |
| 9 | പാലക്കാട് | 22 |
| 10 | മലപ്പുറം | 9 |
| 11 | കോഴിക്കോട് | 4 |
| 12 | വയനാട് | 7 |
| 13 | കണ്ണൂർ | 11 |
| 14 | കാസർഗോഡ് | 10 |

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

| ആകെ | 161 |
|---|---|

(ബി) പഴക്കംമൂലം അപകടാവസ്ഥയിലായ ഈ ടാങ്കുകൾ പൊളിച്ച് നീക്കുന്നതിനുള്ള പ്രത്യേക പദ്ധതികളോ നടപടികളോ സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

പഴക്കംമൂലം അപകടാവസ്ഥയിലായ ടാങ്കുകൾ പൊളിച്ച് നീക്കുന്നതിനുള്ള നടപടികൾ ലഭ്യമായ ഫണ്ടുകൾ ഉപയോഗപ്പെടുത്തി നിലവിലെ ചട്ട പ്രകാരം സ്വീകരിച്ചുവരുന്നു. ഇതിനായി പ്രത്യേക പദ്ധതികൾ നിലവിൽ രൂപീകരിച്ചിട്ടില്ല.

(സി) കൊതുകുകളുടെ വളർച്ചയ്ക്ക് പ്രധാന കേന്ദ്രങ്ങളായി മാറിയിരിക്കുന്ന ഇത്തരത്തിലുള്ള ടാങ്കുകൾ പൊതുജനങ്ങളിൽ കൊതുകുജന്യ രോഗങ്ങൾ വ്യാപിക്കുന്നതിന് കാരണമാകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

പ്രസ്തുത ടാങ്കുകളിലെല്ലാം ജലസംഭരണമില്ലാത്തതിനാൽ കൊതുകുജന്യരോഗങ്ങൾ വ്യാപിക്കുന്നതിനുള്ള സാഹചര്യം കാണുന്നില്ല. എന്നിരുന്നാലും ഇത്തരം ടാങ്കുകളിൽ മഴവെള്ളം മുഖേനയോ മറ്റ് സാഹചര്യങ്ങളിൽ കൂടിയോ ജലം കെട്ടിക്കിടക്കുകയാണെങ്കിൽ അത്തരം

സാഹചര്യങ്ങൾ അടിയന്തരമായി തീർപ്പാക്കാൻ ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിക്കാറുണ്ട്.

(ഡി) പൊതുജനാരോഗ്യത്തിന് ഗുരുതര ഭീഷണിയായിരിക്കുന്ന ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

പൊതുജനാരോഗ്യത്തിന് ഗുരുതര ഭീഷണിയാകുന്ന സാഹചര്യമോ കാലപ്പഴക്കംമൂലം തകർന്ന് വീഴുന്ന സാഹചര്യമോ ശ്രദ്ധയിൽപ്പെട്ടാൽ അത്തരം ടാങ്കുകൾ അടിയന്തരമായി പൊളിച്ച് നീക്കം ചെയ്യാറുണ്ട്.

**കാഞ്ഞൂർ പഞ്ചായത്തിലെ ജൽ ജീവൻ പദ്ധതി**

293 (1144) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജകമണ്ഡലത്തിൽ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള കുടിവെള്ള സംഭരണി നിർമ്മിക്കുന്നതിനായുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) കുടിവെള്ള സംഭരണി സ്ഥാപിക്കുന്ന സ്ഥലത്തേക്ക് റോഡ്

നിർമ്മിക്കാനുള്ള ആവശ്യം ജലവിഭവ വകുപ്പിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; റോഡ് നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ജലവിഭവ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കുടിവെള്ള സംഭരണി സ്ഥാപിക്കുന്ന സ്ഥലത്തേക്ക് പുതിയ റോഡിന്റെ നിർമ്മാണം ആവശ്യമില്ല. നിലവിലുള്ള കനാൽ ബണ്ട് റോഡ് ഉപയോഗിക്കാവുന്നതാണ്.

(സി) ആലുവ നിയോജകമണ്ഡലത്തിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി കുഴിച്ച മുഴുവൻ റോഡുകളും ടാർ ചെയ്യും കോൺക്രീറ്റ് ചെയ്യും പൂർവസ്ഥിതിയിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

മുഴുവൻ റോഡുകളും പൂർവസ്ഥിതിയിലാക്കിയിട്ടില്ല. 5 കിലോമീറ്റർ ടാറും 10 കിലോമീറ്റർ കോൺക്രീറ്റും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത പഞ്ചായത്ത് പരിധിയിൽ പൈപ്പ് ലൈനിനായി കുഴിച്ച എത്ര കിലോമീറ്റർ റോഡുകൾ പൂർവസ്ഥിതിയിലാക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ?

20 കിലോമീറ്റർ റോഡ് പൂർവസ്ഥിതിയിൽ ആക്കുവാനുണ്ട്.

(ഇ) റോഡുകൾ പൂർവസ്ഥിതിയിലാക്കാനുള്ള അടിയന്തര നിർദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ; വ്യക്തമാക്കുമോ?

ടാറിങ് പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

**കുറ്റ്യാടി മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി**

294 (1145) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ എട്ട് ഗ്രാമ പഞ്ചായത്തുകളിലായി നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ അവസ്ഥ, പദ്ധതിയുടെ അടങ്കൽ തുക, പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന സമയം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലായി നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

(ബി) ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തകരാറിലായ കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വിവിധ റോഡുകൾ പൂർവസ്ഥിതിയിലേക്ക് മാറ്റുന്നതിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; ഇതുവരെയായി എത്ര റോഡുകൾ പൂർവസ്ഥിതിയിലേക്ക് മാറ്റിയിട്ടുണ്ടെന്നും ഇനി എത്ര റോഡുകൾ പൂർവസ്ഥിതിയിലേക്ക് മാറ്റാൻ ബാക്കിയുണ്ടെന്നും പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതി നിർവഹണം പൂർത്തിയായ ഗ്രാമ പഞ്ചായത്തുകളിൽ പൊളിച്ച റോഡുകൾ അടിയന്തര പ്രാധാന്യത്തോടെ പൂർവസ്ഥിതിയിൽ ആക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജൽ ജീവൻ മിഷൻ പ്രവൃത്തികൾക്കായി കുഴികൾ എടുക്കുമ്പോൾ പൈപ്പ്ലൈൻ സ്ഥാപിച്ച ഉടൻതന്നെ റോഡുകളുടെ താൽക്കാലിക പുനരുദ്ധാരണവും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുള്ള പുനരുദ്ധാരണവും നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തികളിൽ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾക്ക് മുഖ്യ പ്രാധാന്യം നൽകി, ഓരോ പ്രവൃത്തിയുടെയും കരാർ പ്രകാരം സമയബന്ധിതമായി റോഡ് പ്രവൃത്തികൾ പൂർത്തിയാക്കാൻ കരാറുകാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

പൂർവസ്ഥിതിയിലേക്ക് മാറ്റിയ റോഡുകളുടെയും മാറ്റാൻ ബാക്കിയുള്ള

റോഡുകളുടെയും പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ഇത്തരത്തിൽ തകരാറിലായ റോഡുകൾ പൂർവസ്ഥിതിയിലേക്ക് മാറ്റുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രവൃത്തികളിൽ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾക്ക് മുഖ്യ പ്രാധാന്യം നൽകി ഓരോ പ്രവൃത്തിയുടെയും കരാർ പ്രകാരം സമയബന്ധിതമായി റോഡ് പ്രവൃത്തികൾ പൂർത്തിയാക്കാൻ കരാറുകാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ജൽ ജീവൻ മിഷൻ പദ്ധതി**

295 (1146) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതി നടത്തിപ്പിന്റെ അഖിലേന്ത്യാ ശരാശരി എത്രയാണ്; സംസ്ഥാനത്ത് എത്ര ശതമാനം പണികൾ നാളിതുവരെ പൂർത്തീകരിച്ചു; പദ്ധതി നടത്തിപ്പിൽ സംസ്ഥാനം വളരെ പിന്നിലാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനിടയായ സാഹചര്യം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എന്താണെന്ന് വ്യക്തമാക്കുമോ?

എല്ലാ ഗ്രാമീണ വീടുകളിലും ടാപ്പ് വഴി ശുദ്ധജലം ലഭ്യമാക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജല ജീവൻ മിഷൻ (JJM). കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. മിഷൻ പിരീഡ് 2024 ആയി തുടക്കത്തിൽ നിശ്ചയിച്ചിരുന്നു. പിന്നീടത് 2025 വരെ ദീർഘിപ്പിക്കുകയും 2025-26-ലെ യൂണിയൻ ബജറ്റിൽ കാലാവധി 2028 വരെ നീട്ടിയതായും പ്രഖ്യാപിച്ചിട്ടുണ്ട്.

ഗ്രാമീണ വീടുകളിലെ നിലവിലുള്ള കുടിവെള്ള കണക്ഷന്റെ ശതമാനത്തെ അടിസ്ഥാനമാക്കി അഖിലേന്ത്യാ ശരാശരി 81.08 ശതമാനമാണ്. കേരളത്തിൽ അത് 55 ശതമാനമാണ്.

സംസ്ഥാനത്ത് 2020-ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീടുകളിൽ മാത്രമാണ് കണക്ഷൻ ഉണ്ടായിരുന്നത് (25.06%).

നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീടുകളിൽ 38.62 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.31%).

പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾ സംസ്ഥാനത്ത് 3 ജില്ലകളിൽ

മാത്രമാണ് 25 ശതമാനത്തിന് മുകളിൽ കൂടിവെള്ള കണക്ഷൻ കവറേജ് ഉണ്ടായിരുന്നത്. (ആലപ്പുഴ, എറണാകുളം, തൃശ്ശൂർ).

ഇപ്പോൾ 7 ജില്ലകൾ 50 ശതമാനത്തിന് മുകളിൽ കവറേജ് കൈവരിച്ചു. (കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ).

3 ജില്ലകൾ 45 ശതമാനത്തിന് മുകളിൽ കവറേജ് കൈവരിച്ചു. (പത്തനംതിട്ട, കോട്ടയം, മലപ്പുറം). മറ്റു ജില്ലകൾ- 30 ശതമാനത്തിന് മുകളിൽ കവറേജ് കൈവരിച്ചു.

പദ്ധതി തുടങ്ങുമ്പോൾ ഒരു പഞ്ചായത്തിലും 100 ശതമാനം കവറേജ് ഉണ്ടായിരുന്നില്ല. ഇപ്പോൾ 117 പഞ്ചായത്തുകൾ 100 ശതമാനം കവറേജ് കൈവരിച്ചു. 408 പഞ്ചായത്തുകൾ 50 ശതമാനത്തിന് മുകളിൽ കവറേജ് കൈവരിച്ചു.

9 നിയമസഭാ മണ്ഡലങ്ങളും 100 ശതമാനം കവറേജ് കൈവരിച്ചു. (ധർമ്മടം, കല്ല്യാശ്ശേരി, കണ്ണൂർ, ബേപ്പൂർ, വൈപ്പിൻ, എറണാകുളം, കൊച്ചി, അത്തൂർ, വൈക്കം).

വിവിധ സ്കീമുകളിലായി നാളിതുവരെ 5546 വർക്ക് പാക്കേജുകളായി നടപ്പിലാക്കി വരുന്ന പ്രവൃത്തികളിൽ 3214 പ്രവൃത്തികൾ നിലവിൽ പൂർത്തിയാക്കി

കഴിഞ്ഞു. 1770 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ബാക്കി പ്രവൃത്തികളിൽ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. (16-8-2024-നുശേഷം ലഭിച്ച ഓഫറുകൾ വർക്ക് അവാർഡ് ചെയ്യുവാൻ നാഷണൽ ജൽ ജീവൻ മിഷന്റെ കൂടി അനുമതി ആവശ്യമുണ്ട്. ഇതിനായി NJJM -ന് കത്ത് നൽകിയിട്ടുണ്ട്.)

ദേശീയ തലത്തിൽ 2019-ൽ ജൽ ജീവൻ മിഷൻ പദ്ധതി ആരംഭിച്ചെങ്കിലും കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020 ഒക്ടോബറിലാണ്. പദ്ധതി ആരംഭിക്കുമ്പോൾ കേരളത്തിലെ ഗ്രാമീണ വീടുകളിൽ കവറേജ് 25 ശതമാനത്തിൽ താഴെയായിരുന്നു.

പദ്ധതി ആരംഭിക്കുമ്പോൾ പല പ്രദേശങ്ങളിലും കുടിവെള്ള വിതരണ പദ്ധതികൾ ഇല്ലായിരുന്നു. ആയതിനാൽ പല ഇടങ്ങളിലും പുതുതായി പദ്ധതികൾ ആവിഷ്കരിക്കേണ്ടിവന്നു.

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഗ്രാമീണ-നഗര സ്വഭാവം വേർതിരിച്ചെടുക്കാൻ കഴിയാത്ത രീതിയിലുള്ള ആവാസ വ്യവസ്ഥയുണ്ട്. ഇതുമൂലം ചെറുപദ്ധതികളിലൂടെ എല്ലാ ഗ്രാമീണ വീടുകളിലും കണക്ഷൻ എത്തിക്കുക പ്രായോഗികമല്ല. കേരളത്തിൽ പ്രധാനമായും ഉപരിതല ജലസ്രോതസ്സുകൾ അടിസ്ഥാനമാക്കിയുള്ള സുസ്ഥിരമായ അടുത്ത 30 വർഷത്തേക്ക് കൂടിയുള്ള

ആസൂത്രണത്തോടെ സ്ഥായിയായ കുടിവെള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. കേരളത്തിലെ ഗ്രാമ-നഗര വ്യത്യാസമില്ലാത്ത സാഹചര്യവും ദീർഘകാല ആവശ്യങ്ങളും സുസ്ഥിരതയും പരിഗണിച്ച് പ്രതിദിനം ഒരു വ്യക്തിക്ക് 100 ലിറ്റർ എങ്കിലും കുടിവെള്ളം ഉറപ്പുവരുത്തുന്ന തരത്തിലുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഈ പദ്ധതികൾ പൂർത്തിയാക്കുവാൻ കൂടുതൽ സമയം ആവശ്യമാണ്.

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പദ്ധതി നടപ്പിലാക്കുന്നതിനായി ആവശ്യമായ ഭൂമി ലഭ്യമാകുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. കൂടാതെ കൂടുതൽ ഗ്രാമീണ റോഡുകളും മെച്ചപ്പെട്ട ടാർ റോഡുകളാണ്. പദ്ധതികളുടെ പൈപ്പ് ലൈൻ സ്ഥാപിക്കണമെങ്കിൽ ഈ റോഡുകൾ വഴി മാത്രമെ സാധ്യമാവുകയുള്ളൂ. ഇതിന് ദേശീയ പാത, പൊതുമരാമത്ത്, റെയിൽവേ, വനം മുതലായ വിവിധ ഏജൻസികളിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം തുടങ്ങിയവയും പദ്ധതി നിർവഹണത്തിൽ കാലതാമസം വരുത്തുന്നുണ്ട്. ഇത്തരം പ്രതിസന്ധികൾക്കിടയിലും പദ്ധതി തുടങ്ങിയതിനുശേഷം നാലുവർഷംകൊണ്ട് തന്നെ നിലവിലുണ്ടായിരുന്നതിനേക്കാൾ അധികം കണക്ഷൻ നൽകാൻ കഴിഞ്ഞു. 30 ശതമാനത്തോളം വർധന ഗ്രാമീണ കണക്ഷനുകളുടെ കവറേജിൽ

ഈ കാലയളവിൽ കൈവരിക്കാൻ കഴിഞ്ഞു.

നിലവിലുള്ള കുടിവെള്ള കണക്ഷന്റെ ശതമാനത്തെ മുൻ നിർത്തിയാണ് കേരളം മറ്റ് പല സംസ്ഥാനങ്ങളെ അപേക്ഷിച്ച് പുറകിലായതായി നിരീക്ഷിക്കപ്പെടുന്നത്. ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് സുസ്ഥിരത ഉറപ്പാക്കുന്ന ബൃഹത് പദ്ധതികൾ നടപ്പിലാക്കുന്നതിനാൽ ഉൽപാദന ഘടകങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കൂടുതൽ കുടിവെള്ള കണക്ഷനുകൾ നൽകുവാൻ സാധിക്കുകയുള്ളൂ. നാളിതുവരെ (12-09-2025) 21.13 ലക്ഷം കണക്ഷനുകൾ നൽകി. ഇതുകൂടാതെ 8.17 ലക്ഷം കണക്ഷനുകൾ HTC ആയി നൽകിയിട്ടുണ്ട്. സ്കീമുകളുടെ പ്രൊഡക്ഷൻ കമ്പോണന്റുകളുടെ പൂർത്തീകരണത്തോടെ ഈ കണക്ഷനുകളിലും കുടിവെള്ളമെത്തിക്കുവാൻ കഴിയും. ഇപ്പോൾ കുടിവെള്ളം നൽകുവാൻ കഴിയാത്ത ഈ 8.17 ലക്ഷം കണക്ഷനുകളെ സംസ്ഥാനം ഇപ്പോൾ FHTC കണക്കിൽ ദേശീയ തലത്തിൽ നൽകിയിട്ടില്ല. ഇതും സംസ്ഥാനം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കണക്ഷൻ നൽകുന്നതിൽ പിന്നിലാണെന്നുള്ള നിരീക്ഷണത്തിന് കാരണമാണ്.

ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളിലും പദ്ധതി ആദ്യം നിശ്ചയിച്ച കാലയളവിൽ പൂർത്തിയാക്കാത്തതിനാലും നൽകിയ കണക്ഷനുകളുടെ

സുസ്ഥിരത ഉറപ്പാക്കാൻ കഴിയാത്തതിനാലും പദ്ധതി പൂർത്തീകരണ കാലാവധി കേന്ദ്ര സർക്കാർ 2028 വരെ നീട്ടിയിട്ടുണ്ട്.

(ബി) ജൽ ജീവൻ മിഷൻ പദ്ധതിയിൽ സംസ്ഥാനത്ത് നടപ്പാക്കുന്ന പ്രവൃത്തികൾക്ക് ആകെ എത്ര തുകയാണ് ആവശ്യമായിട്ടുള്ളത്; ഇതിൽ കേന്ദ്ര വിഹിതം എത്രയാണ്; സംസ്ഥാന വിഹിതം എത്രയാണ്; കേന്ദ്രവിഹിതമായി നാളിതുവരെ എത്ര ലഭിച്ചിട്ടുണ്ട്; എത്ര തുക സംസ്ഥാന വിഹിതമായി നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ?

JJM-ലൂടെ 54.45 ലക്ഷം കൂടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 21.13 ലക്ഷം കണക്ഷനുകൾ നൽകി. പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിലാണ്.

ഇതുവരെ 5610.30 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്. 6033.29 കോടി രൂപ സംസ്ഥാന വിഹിതമായും നൽകിയിട്ടുണ്ട്. (ആകെ–11643.59 കോടി രൂപ). ഇതിൽ 11643.59 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പദ്ധതിയുടെ കേന്ദ്ര വിഹിതം വെട്ടിക്കുറയ്ക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; കേന്ദ്രവിഹിതം കുറയുന്ന സാഹചര്യത്തിൽ അവശേഷിക്കുന്ന തുക ഏത്

രീതിയിൽ കണ്ടെത്താനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്; പദ്ധതി പൂർത്തീകരണത്തിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

കേരളത്തിലെ ഗ്രാമ നഗര വ്യത്യാസമില്ലാതെ സാഹചര്യങ്ങളും ദീർഘകാല ആവശ്യങ്ങളും സുസ്ഥിരതയും പരിഗണിച്ച് പ്രതിദിനം ഒരു വ്യക്തിക്ക് 100 ലിറ്റർ എങ്കിലും കുടിവെള്ളം ഉറപ്പുവരുത്തുന്ന തരത്തിലുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ജെ.ജെ.എം. മാർഗരേഖ അനുസരിച്ച് ഇത് 55 ലിറ്റർ ആണ്. ഇതിന് ആനുപാതികമായി മൊത്തം ഭരണാനുമതി തുകയിൽ 4511.70 കോടി രൂപയുള്ള 50 ശതമാനം കേന്ദ്ര വിഹിതം കുറച്ചിട്ടുണ്ട്.

2025-26 സാമ്പത്തിക വർഷം ഇതുവരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇതുതരണം ചെയ്യാനായി കേരള വാട്ടർ അതോറിറ്റിക്ക് നബാർഡിൽ നിന്നും 9000 കോടി രൂപ വായ്പ എടുക്കുവാൻ തത്വത്തിൽ അനുമതി നൽകിക്കൊണ്ടും ആദ്യഘട്ടത്തിൽ 5000 കോടി രൂപ വായ്പ എടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകുന്നതിന് അനുമതി നൽകിക്കൊണ്ടും 15-09-2025-ലെ G.O.(Ms) No.67/ 2025/WRD നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ജൽ ജീവൻ കരാറുകാർക്ക് നൽകാനുള്ള കുടിശിക**

296 (1147) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ പദ്ധതിയുടെ പണി പൂർത്തിയായിട്ടില്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയിലെ കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് 2020-ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീടുകളിൽ മാത്രമാണ് കണക്ഷനുണ്ടായിരുന്നത് (25.06%). JJM പദ്ധതിയിലൂടെ 54.45 ലക്ഷം കുടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ 21.13 ലക്ഷം കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീടുകളിൽ 38.62 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.31 %).

പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾ സംസ്ഥാനത്ത് 3 ജില്ലകളിൽ

മാത്രമാണ് 25 ശതമാനത്തിന് മുകളിൽ കൂടിവെള്ള കണക്ഷൻ കവറേജ് ഉണ്ടായിരുന്നത്. (ആലപ്പുഴ, എറണാകുളം, തൃശ്ശൂർ).

ഇപ്പോൾ 7 ജില്ലകൾ 50 ശതമാനത്തിന് മുകളിൽ കവറേജ് കൈവരിച്ചു (കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ).

3 ജില്ലകൾ 45 ശതമാനത്തിന് മുകളിൽ കവറേജ് കൈവരിച്ചു (പത്തനംതിട്ട, കോട്ടയം, മലപ്പുറം). മറ്റു ജില്ലകൾ 30 ശതമാനത്തിന് മുകളിൽ കവറേജ് കൈവരിച്ചു.

പദ്ധതി തുടങ്ങുമ്പോൾ ഒരു പഞ്ചായത്തിലും 100 ശതമാനം കവറേജ് ഉണ്ടായിരുന്നില്ല. ഇപ്പോൾ 117 പഞ്ചായത്തുകൾ 100 ശതമാനം കവറേജ് കൈവരിച്ചു. 408 പഞ്ചായത്തുകൾ 50 ശതമാനത്തിന് മുകളിൽ കവറേജ് കൈവരിച്ചു.

9 നിയമസഭാമണ്ഡലങ്ങളും 100 ശതമാനം കവറേജ് കൈവരിച്ചു. (ധർമ്മടം കല്ല്യാശ്ശേരി, കണ്ണൂർ, ബേപ്പൂർ, വൈപ്പിൻ, എറണാകുളം, കൊച്ചി, അത്തൂർ, വൈക്കം),

620 സ്കീമുകളിലായി 5546 വർക്ക് പാക്കേജുകളായി നടപ്പിലാക്കി വരുന്ന പ്രവൃത്തികളിൽ 3214 പ്രവൃത്തികൾ നിലവിൽ പൂർത്തിയാക്കി കഴിഞ്ഞു. 1770

പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ബാക്കി പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

ഇതുവരെ 5610.30 കോടി രൂപ കേന്ദ്ര വിഹിതമായും 6033.29 കോടി രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട്. (ആകെ 11643.59 കോടി രൂപ). മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 2025 ആഗസ്റ്റ് 31-ലെ കണക്ക് പ്രകാരം 6039.24 കോടി രൂപ (5540 ബില്ലുകൾ - 2024 മാർച്ച് മുതലുള്ളത്) കുടിശ്ശിക നൽകുവാനുണ്ട്.

2025-26 സാമ്പത്തിക വർഷം ഇതുവരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇതുതരണം ചെയ്യാനായി കേരള വാട്ടർ അതോറിറ്റിക്ക് നബാർഡിൽ നിന്നും 9000 കോടി രൂപ വായ്പ എടുക്കുവാൻ തത്വത്തിൽ അനുമതി നൽകിക്കൊണ്ടും ആദ്യഘട്ടത്തിൽ 5000 കോടി രൂപ വായ്പ എടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകുന്നതിന് അനുമതി നൽകിക്കൊണ്ടും 15-09-2025-ലെ G.O. (Ms)No.67/2025/WRD നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാരും കേരള സർക്കാരും ചേർന്ന് 50:50 എന്ന

അനുപാതത്തിലാണ് ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഫണ്ട് ലഭ്യമാക്കുന്നത്. ഫണ്ട് സ്വരൂപിച്ചും ജൽ ജീവൻ മിഷൻ മാർഗരേഖ അനുസരിച്ചും ലഭ്യമാകുന്ന മുറയ്ക്ക് കരാറുകാരുടെ ബില്ലുകളുടെ സീനിയോറിറ്റി അനുസരിച്ചും കരാറുകാർക്ക് ഫണ്ട് വിതരണം ചെയ്യുന്നതാണ്.

**മട്ടന്നൂർ മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ**

297 (1148) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

മട്ടന്നൂർ നിയോജകമണ്ഡലത്തിലുൾപ്പെട്ട കീഴല്ലൂർ, മാങ്ങാട്ടിടം, തില്ലങ്കേരി, മാലൂർ, കൂടാളി, പടിയൂർ, കല്യാട്, ചിറ്റാരിപ്പറമ്പ, കോളയാട് എന്നീ 8 പഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കീഴല്ലൂർ പഞ്ചായത്ത്

പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള 3178 കണക്ഷനുകളിൽ

നിലവിൽ 2130 കുടിവെള്ള കണക്ഷനുകളുടെ പ്രവൃത്തി പൂർത്തീകരിച്ച് കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി വെള്ളിയാംപറമ്പിൽ 1.20 LL ഉന്നതതല സംഭരണിയും കൊതേരിയിൽ 0.60 LL സംപ് കം പമ്പ്ഹൗസിന്റെയും പനയത്താംപറമ്പിൽ 0.70 LL ഉന്നതതല സംഭരണിയുടെയും പ്രവൃത്തി അന്തിമഘട്ടത്തിലാണ്. കീഴല്ലൂർ പഞ്ചായത്തിന്റെ ഉയർന്ന ഭാഗങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിനായി ചെറുകുഞ്ഞിക്കരിയിൽ സ്ഥാപിക്കേണ്ട 3.00 LL ഉപരിതല സംഭരണിക്ക് കിൻഫ്ര ഏറ്റെടുക്കുന്ന ഭൂമി കൈമാറിക്കിട്ടാത്തതുകൊണ്ട് പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. കീഴല്ലൂർ പഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തി 79 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

2. മാങ്ങാട്ടിടം പഞ്ചായത്ത്

പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള 7706 കണക്ഷനുകളിൽ നിലവിൽ 1438 കുടിവെള്ള കണക്ഷനുകളുടെ പ്രവൃത്തി പൂർത്തീകരിച്ച് നിലവിലുള്ള സ്രോതസ്സ് വഴി കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്. ആയിത്തറയിൽ 11.00 LL ഉന്നതതല സംഭരണിയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മാങ്ങാട്ടിടം പഞ്ചായത്തിനകത്തുള്ള ജൽ ജീവൻ മിഷൻ പ്രവൃത്തി 95 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

3. തില്ലങ്കേരി പഞ്ചായത്ത്

പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള 2939 കുടിവെള്ള കണക്ഷനുകളിൽ നിലവിൽ 2700 കുടിവെള്ള കണക്ഷനുകളുടെ പ്രവൃത്തി പൂർത്തീകരിച്ച് കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി 6.00 LL, 1.00 LL എന്നീ ഉപരിതല സംഭരണികളുടെ പ്രവൃത്തി കാഞ്ഞിരാടും കാഞ്ഞിരാട് മലയിലും പൂർത്തീകരിച്ചിട്ടുണ്ട്. തില്ലങ്കേരി പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിലേക്ക് കുടിവെള്ളമെത്തിക്കുന്നതിന്റെ (Thillankery –Zone III & IV) പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. തില്ലങ്കേരി പഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തി 91 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

4. മാലൂർ പഞ്ചായത്ത്

പദ്ധതിയുടെ ഭാഗമായി 5139 കുടിവെള്ള കണക്ഷനുകൾ നൽകാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പഞ്ചായത്തിൽ പ്രവൃത്തി പുരോഗമിച്ചുവരുന്നു. ചിത്രമലയിൽ 1.50 LL ഉന്നതതല സംഭരണിയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മാലൂർ പഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തി 26 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

5. കൂടാളി പഞ്ചായത്ത്

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള 5635 കണക്ഷനുകളിൽ നിലവിൽ 4458 കുടിവെള്ള കണക്ഷനുകളുടെ പ്രവൃത്തി പൂർത്തീകരിച്ച് കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി 210 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

6. പടിയൂർ കല്യാട് പഞ്ചായത്ത്

പദ്ധതിയിൽ 99.18 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ളതിൽ 75.33 കിലോ മീറ്റർ സ്ഥാപിച്ചു. 5048 ഗാർഹിക കണക്ഷൻ നൽകാനുള്ളതിൽ 3508 എണ്ണം നൽകി.

7. ചിറ്റാരിപ്പറമ്പ

പദ്ധതിയിൽ 139.62 കി.മി. സ്ഥാപിച്ച് 5950 എണ്ണം കുടിവെള്ള കണക്ഷൻ നൽകാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രവൃത്തി പുരോഗമിച്ചുവരുന്നു.

8. കോളയാട്

പദ്ധതിയിൽ 145.18 കി.മി. സ്ഥാപിച്ച് 4125 എണ്ണം കുടിവെള്ള കണക്ഷൻ നൽകാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) മട്ടന്നൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന

കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

കിഫ്ബി മുഖാന്തരം മട്ടന്നൂർ ഇരിട്ടി കുടിവെള്ള പദ്ധതിയുടെ (ഫേസ് II) പാക്കേജ് -I-ന്റെ ഭാഗമായി മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ പദ്ധതിയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി വഴി 12500 കുടിവെള്ള കണക്ഷൻ നൽകാനാണ് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നുണ്ട്. നിലവിൽ 18 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

**കുന്നത്തുനാട് മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ വഴി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ**

298 (1149) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ വഴി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക വീതമാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ജൽ ജീവൻ മിഷൻ പദ്ധതി വഴി കുന്നത്തുനാട് മണ്ഡലത്തിൽ എത്ര

പേർക്ക് പുതുതായി വാട്ടർ കണക്ഷൻ ലഭ്യമാക്കിയെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

(എ-സി) പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ഡി) കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ജൽ ജീവൻ മിഷൻ പദ്ധതികളിൽ ഏതെല്ലാം പൂർത്തീകരിച്ചു; ഇനി ഏതെല്ലാം പദ്ധതികൾ പൂർത്തീകരിക്കാനുണ്ട്; വ്യക്തമാക്കാമോ?

പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ഇ) പൂർത്തീകരിക്കാത്ത പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; മുഴുവൻ പ്രവൃത്തികളും വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

2025-26 യൂണിയൻ ബജറ്റിൽ പദ്ധതി പൂർത്തീകരണ കാലാവധി 2028 വരെ ദീർഘിപ്പിച്ചതായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത സമയ പരിധിക്കുള്ളിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കൂടിയും വകുപ്പുകളുമായി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചും വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**കോട്ടക്കൽ മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി**

299 (1150) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കോട്ടക്കൽ നഗരസഭ, മാറാക്കര, ആതവനാട് എന്നീ തദ്ദേശസ്ഥാപനങ്ങളുടെ പരിധിയിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി സ്വകാര്യ വ്യക്തിയിൽനിന്നും ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് റവന്യൂ (ബി) വകുപ്പിൽ നിന്നും നൽകിയ പ്രൊപ്പോസലിന്മേൽ ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മലപ്പുറം ജില്ലയിൽ ജൽ ജീവൻ മിഷൻ പദ്ധതിക്കുവേണ്ടി 2013-ലെ RFCT LARR Act പ്രകാരം ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടതുണ്ടെങ്കിൽ ആയതിലേക്കായി ഫണ്ട് ലഭ്യത വ്യക്തമാക്കിക്കൊണ്ടുള്ള പുതുക്കിയ ഭരണാനുമതി, Form No.II-ലുള്ള അർഥന പത്രം, സ്കെച്ച് തുടങ്ങിയവ സർക്കാർ ഉത്തരവിൽ (GO (Ms) No.56/2019/RD) നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം ശിപാർശ സമർപ്പിക്കണമെന്ന് 30-04-2025-ൽ

റവന്യൂ വകുപ്പ് അറിയിച്ചിരുന്നു. അതുപ്രകാരം ശിപാർശ സമർപ്പിക്കുവാൻ വാട്ടർ അതോറിറ്റിയോട് നിർദേശിച്ചിട്ടുണ്ട്.

ജൽ ജീവൻ മിഷൻ പദ്ധതി പഞ്ചായത്തുകൾക്ക് കീഴിൽ നടപ്പിലാക്കുന്ന പദ്ധതിയാണ്. ഭൂമിക്കാവശ്യമായ തുക പദ്ധതിയിൽ അനുവദനീയമല്ല. പദ്ധതിക്കുവേണ്ട ഭൂമി ഏറ്റെടുത്ത് നിർവഹണ ഏജൻസിയായ വാട്ടർ അതോറിറ്റിക്ക് ഗ്രാമപഞ്ചായത്തുകൾ നൽകേണ്ടതുണ്ട്. പദ്ധതിക്കുവേണ്ടി സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നത് ഗ്രാമപഞ്ചായത്ത് ആയതിനാൽ റവന്യൂ വകുപ്പ് ആവശ്യപ്പെട്ട പ്രകാരം ഫണ്ട് ലഭ്യത വ്യക്തമാക്കിക്കൊണ്ടുള്ള പഞ്ചായത്തിന്റെ ഭരണാനുമതി, അർഥന പത്രം, സ്കെച്ച് തുടങ്ങിയ വിവരങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് തയ്യാറാക്കി നൽകേണ്ടതുണ്ട്. പ്രസ്തുത വിവരങ്ങൾ അടിയന്തരമായി റവന്യൂ വകുപ്പിന് നൽകുവാൻ ജില്ലാ ജല ശുചിത്വ മിഷൻ ചെയർപേഴ്സൺ കൂടിയായ മലപ്പുറം ജില്ലാ കളക്ടർക്ക് മിഷൻ ഡയറക്ടർ നിർദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ജലവിഭവ (സി) വകുപ്പിലുള്ള C3/235/2025 നമ്പർ ഫയലിന്റെ വിശദാംശവും പകർപ്പും ലഭ്യമാക്കുമോ?

C3/235/2025 നമ്പർ ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(സി) ജൽ ജീവൻ മിഷൻ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ നടപടികളിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതികൾക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനായി സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവലോകനയോഗങ്ങൾ സംഘടിപ്പിച്ച് സ്ഥലലഭ്യത സംബന്ധിച്ചുള്ള പ്രശ്നങ്ങൾക്ക് ആവശ്യമായ പരിഹാരങ്ങൾ കണ്ടെത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**ജൽ ജീവൻ മിഷൻ പദ്ധതികൾ**

300 (1151) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതി ഏതുഘട്ടത്തിലാണെന്നും എത്ര ശതമാനം വരെ പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് 2020-ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീടുകളിൽ മാത്രമാണ് കണക്ഷൻ ഉണ്ടായിരുന്നത് (25.06%). ജൽ ജീവൻ മിഷനിലൂടെ 54.45 ലക്ഷം കൂടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 21.13 ലക്ഷം കണക്ഷനുകൾ നൽകി. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീടുകളിൽ 38.62 ലക്ഷം വീടുകളിൽ കൂടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.31 %).

വിവിധ സ്കീമുകളിലായി നാളിതുവരെ 5546 വർക്ക് പാക്കേജുകളായി നടപ്പിലാക്കി വരുന്ന പ്രവൃത്തികളിൽ 3214 പ്രവൃത്തികൾ നിലവിൽ പൂർത്തിയാക്കികഴിഞ്ഞു. 1770 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ബാക്കി പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

സംസ്ഥാനത്ത് ജൽ ജീവൻ പദ്ധതി മുഖേന 54,45,342 കണക്ഷൻ

ലഭ്യമാക്കുന്നതിനാണ് ഭരണാനുമതി നൽകിയത്. ഇതിൽ 21,12,725 കണക്ഷൻ നൽകി കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്. ഇനി 31,19,817 കണക്ഷൻ നൽകാനുണ്ട്.

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഇതുവരെ നൽകിയ കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

**ജൽ ജീവൻ മിഷൻ**

301 (1152) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ മുഖാന്തരം ഇതുവരെ നൽകിയ കുടിവെള്ള കണക്ഷനുകളുടെ എണ്ണവും ഇനി നൽകാനുള്ള കണക്ഷനുകളുടെ എണ്ണവും വിശദമാക്കുമോ?

സംസ്ഥാനത്ത് 2020-ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീടുകളിൽ മാത്രമാണ് കണക്ഷൻ ഉണ്ടായിരുന്നത് (25.06%). JJM പദ്ധതിയിലൂടെ 54.45 ലക്ഷം കുടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ 21.17 ലക്ഷം കണക്ഷനുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീടുകളിൽ 38.67 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.31%). ഇനി 31.15 ലക്ഷം കണക്ഷനുകൾ നൽകുവാനുണ്ട്.

(ബി) വാമനപുരം മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ മുഖാന്തരം നൽകിയ കുടിവെള്ള കണക്ഷനുകളുടെ എണ്ണവും ഇനി നൽകാനുള്ള കണക്ഷനുകളുടെ എണ്ണവും വിശദമാക്കുമോ?

വാമനപുരം മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ മുഖാന്തരം 43,941 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇനി 30019 കുടിവെള്ള കണക്ഷനുകൾ നൽകുവാനുണ്ട് .

**ജൽജീവൻ മിഷൻ പദ്ധതി**

302 (1153) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവിധ കുടിവെള്ള പദ്ധതികളുടെ നിർവഹണം മുടങ്ങിയതിനാൽ കടുത്ത പ്രതിസന്ധിയുണ്ടായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം

വ്യക്തമാക്കുമോ?

എല്ലാ ഗ്രാമീണ വീടുകളിലും ടാപ്പ് വഴി ശുദ്ധജലം ലഭ്യമാക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ (JJM). മിഷൻ കാലാവധി 2024 ആയി തുടക്കത്തിൽ നിശ്ചയിച്ചിരുന്നു. പിന്നീടത് 2025 വരെ ദീർപ്പിക്കുകയും, 2025-26 -ലെ യൂണിയൻ ബഡ്ജറ്റിൽ കാലാവധി 2028 വരെ നീട്ടിയതായും പ്രഖ്യാപിച്ചിട്ടുണ്ട്.

വിവിധ സ്കീമുകളിലായി 5546 വർക്ക് പാക്കേജുകളിലായി നടപ്പിലാക്കിവരുന്ന പ്രവൃത്തികളിൽ 3214 പ്രവൃത്തികൾ നിലവിൽ പൂർത്തിയാക്കിക്കഴിഞ്ഞു. 1770 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ബാക്കി പ്രവൃത്തികൾ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതുവരെ 5610.30 കോടി രൂപ കേന്ദ്ര വിഹിതമായും 6033.29 കോടി രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട്. (ആകെ 11643.59 കോടി രൂപ). തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ട്.

2025-26 സാമ്പത്തിക വർഷം ഇതുവരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇത്

തരണംചെയ്യാനായി കേരള വാട്ടർ അതോറിറ്റിക്ക് നബാർഡിൽ നിന്നും 9000 കോടി രൂപ വായ്പ എടുക്കുവാൻ തത്വത്തിൽ അനുമതി നൽകിക്കൊണ്ടും ആദ്യഘട്ടത്തിൽ 5000 കോടി രൂപ വായ്പ എടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകുന്നതിന് അനുമതി നൽകിക്കൊണ്ടും 15-09-2025-ലെ G.O. (Ms)No.67/2025/WRD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഏതു പദ്ധതികളാണ് ഇപ്രകാരം മുടങ്ങിയിട്ടുള്ളതെന്നും അവയുടെ പേരും കാരണവും കാണിച്ച പട്ടികയോടൊപ്പം വ്യക്തമാക്കുമോ?

വിവിധ സ്കീമുകളിലായി 5546 വർക്ക് പാക്കേജുകളിലായി നടപ്പിലാക്കി വരുന്ന പ്രവൃത്തികളിൽ 3214 പ്രവൃത്തികൾ നിലവിൽ പൂർത്തിയാക്കിക്കഴിഞ്ഞു. 1770 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ബാക്കി പ്രവൃത്തികൾ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ 24-06-2024-ലെ W-11045/2/2024-JJM-II-DDWS കത്ത് പ്രകാരം 16-08-2024-ന് ശേഷം പുതിയ വർക്കുകൾ അവാർഡ് ചെയ്യാൻ പാടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഇതുപ്രകാരം ടെൻഡർ ചെയ്തിട്ട് വർക്ക് ഓർഡർ കൊടുക്കാൻ സാധിക്കാത്ത വർക്കുകളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ടെൻഡർ നടപടികൾ പൂർത്തീകരിച്ച പദ്ധതികൾക്ക് കേന്ദ്ര അനുമതി വൈകുന്നതിനാൽ ലെറ്റർ ഓഫ് അക്സപ്റ്റൻസ് നൽകുവാൻ സാധിക്കാതെ വരുന്നത് പ്രതിസന്ധി സൃഷ്ടിക്കുന്ന സാഹചര്യത്തിൽ, കേന്ദ്ര അനുമതി ലഭ്യമാക്കുന്നതിന് അടിയന്തര ഇടപെടൽ നടത്തുമോ; വ്യക്തമാക്കുമോ ?

16-08-2024-നുശേഷം വർക്കുകൾ അവാർഡ് ചെയ്യുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ അനുമതിക്കായി 03-07-2025, 29-10-2024, 28-03-2025 തീയ്യതികളിൽ കത്തുകൾ നൽകിയിട്ടുണ്ട്.

(ഡി) കേന്ദ്ര അനുമതിക്കായി കാത്തുനിൽക്കാതെ നിലവിൽ ടെൻഡർ ചെയ്ത ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് മുൻകൈയെടുക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുടെ പങ്കാളിത്തത്തോടുകൂടിയാണ് നടപ്പിലാക്കുന്നത്. പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിലാണ് നടപ്പിലാക്കുന്നത്. നിലവിൽ ടെൻഡർ ചെയ്ത പ്രവൃത്തികൾ അവാർഡ് ചെയ്യാനായി കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. അല്ലാത്തപക്ഷം ഈ പ്രവൃത്തികൾക്ക് കേന്ദ്ര വിഹിതം

ലഭ്യമാകുകയില്ല. ആയതിനാൽ അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ അവാർഡ് ചെയ്ത് സമയബന്ധിതമായി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**വണ്ടാഴി-കിഴക്കഞ്ചേരി-കണ്ണമ്പ്ര-വടക്കഞ്ചേരി കുടിവെള്ള പദ്ധതി**

303 (1154) ശ്രീ. പി.പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വണ്ടാഴി-കിഴക്കഞ്ചേരി-കണ്ണമ്പ്ര-വടക്കഞ്ചേരി കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി, കണ്ണമ്പ്ര, പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ളപദ്ധതിയുടെ ഭാഗമായി 9 പ്രവൃത്തികളാണ് നടന്നു വരുന്നത്. ഈ പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

**പുനലൂർ നിയോജക മണ്ഡലത്തിലെ ജൽ ജീവൻ മിഷന്റെ പദ്ധതി**

304 (1155) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പുനലൂർ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി നൽകിയ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി. പി. ആർ.) എസ്റ്റിമേറ്റ് പ്രകാരമുള്ള പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ടി പദ്ധതിയുടെ നിലവിലെ പുരോഗതി പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

പുനലൂർ നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലായി നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ഇടമുളയ്ക്കൽ പഞ്ചായത്ത്**

പഞ്ചായത്തിൽ ഡി.പി.ആർ. പ്രകാരമുള്ള 53 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കുകയും, ഇതുകൂടാതെ അധിക പ്രവൃത്തിയായി 50 കി.മീ. പൈപ്പ് ലൈൻ വിവിധ വാർഡുകളിലായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ടി പഞ്ചായത്തിലെ ആകെ പ്രവൃത്തികളിൽ ഏകദേശം 90 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

**കരവാളൂർ പഞ്ചായത്ത്**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡി.പി.ആർ. പ്രകാരമുള്ള 75 കി.മീ. പൈപ്പ്ലൈനും അധികമായി 35 കി.മി. പൈപ്പ്ലൈനും ഉൾപ്പെടെ 110 കി.മീ പൈപ്പ്ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. ആകെ പ്രവൃത്തികളിൽ ഏകദേശം 80 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

**തെന്മല പഞ്ചായത്ത്**

ഡി.പി.ആർ. പ്രകാരമുള്ള 136 കി.മീ. പൈപ്പ്ലൈനിൽ, 18 കി.മീ. പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പുതിയ സ്രോതസ്സുകളായി 6 കുഴൽക്കിണറുകളും, 4 കിണറുകളും നിർമ്മിച്ചിട്ടുണ്ട്. ടി സ്രോതസ്സുകളുടെ അനുബന്ധ പ്രവൃത്തികൾ, നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ നവീകരണം, ജല സംഭരണികൾ സ്ഥാപിക്കൽ, ടാൻസ്മിഷൻ - വിതരണ ശൃംഘല സ്ഥാപിച്ച് കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തികൾ എന്നിവ നിലവിൽ പുരോഗമിച്ചുവരുന്നു.

**ആര്യങ്കാവ് പഞ്ചായത്ത്**

ഡി.പി.ആർ. പ്രകാരമുള്ള 83 കി.മീ. പൈപ്പ്ലൈനിൽ, 2 കി.മീ. പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പുതിയ സ്രോതസ്സുകളായി 2 കുഴൽക്കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. പുതിയ സ്രോതസ്സുകളുടെ നിർമ്മാണം, അനുബന്ധ പ്രവൃത്തികൾ,

നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ നവീകരണം, ജല സംഭരണികൾ സ്ഥാപിക്കൽ, ട്രാൻസ്മിഷൻ - വിതരണ ശൃംഖല സ്ഥാപിച്ച് കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തികൾ എന്നിവ നിലവിൽ പുരോഗമിച്ചു വരുന്നു.

(ബി) നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം രൂക്ഷമായ കരവാളൂർ, ഇടമുളയ്ക്കൽ, തെന്മല, ആര്യങ്കാവ് പഞ്ചായത്തുകളിൽ കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കരവാളൂർ, ഇടമുളയ്ക്കൽ പഞ്ചായത്തിലെ 80 ശതമാനം വീടുകളിലും ജൽ ജീവൻ മിഷൻ മുഖേന കുടിവെള്ള കണക്ഷൻ നൽകിക്കഴിഞ്ഞു. ശേഷിക്കുന്ന വീടുകളിൽ കണക്ഷൻ നൽകുവാനുള്ള പ്രവൃത്തി പുരോഗമിച്ചുവരുന്നു. JICA കുടിവെള്ള പദ്ധതിയിൽ നിന്നും എല്ലാ മേഖലകളിലേക്കും വെള്ളം എത്തിക്കുന്നതിന്, വാൽവുകൾ ക്രമീകരിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തെന്മല, ആര്യങ്കാവ് പഞ്ചായത്തുകളിൽ നിലവിലെ കുടിവെള്ള പദ്ധതികളിൽ നിന്നും ജല വിതരണം നടത്തിവരുന്നു. കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ പഞ്ചായത്ത് നിലവിലെ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതിയിൽ നിന്നും ആവശ്യമായ സന്ദർഭങ്ങളിൽ ടാങ്കർ ലോറിയിൽ

ജല വിതരണം നടത്തുന്നുണ്ട്.

(സി) തെന്മല, ആര്യങ്കാവ് പഞ്ചായത്തുകളിൽ നിലവിലുള്ള വിവിധ കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ടി പഞ്ചായത്തുകളിൽ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങളെ ലിസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തെന്മല പഞ്ചായത്തിൽ നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 3 കുടിവെള്ള പദ്ധതികൾ നിലവിലുണ്ട്.

1. WSS to Thenmala – open well scheme with 1 LL OHSR and distribution network – 845 connections
2. WSS to Urukunnu - open well scheme with 1 LL OHSR and distribution network – 144 connections
3. WSS to Edamon - open well scheme with 0.4 LL OHSR and distribution network–230 connections

ആര്യങ്കാവ് പഞ്ചായത്തിൽ നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 2 കുടിവെള്ള പദ്ധതികൾ നിലവിലുണ്ട്.

1. RWSS to Aryankavu – borewell near Aryankavu LPS – 0.4 LL OHSR and distribution network - 122 connections

2. RWSS to Achenkovil – open well scheme with 0.6 LL GLSR and distribution network-274 connections

ഇവകൂടാതെ പഞ്ചായത്ത് നേരിട്ട് നടത്തിവരുന്ന ചെറുകിട കുടിവെള്ള പദ്ധതികളും നിലവിലുണ്ട്. തെന്മല പഞ്ചായത്തിൽ നാഗമല, കുറവൻതാവളം, 40-ാം മൈൽ, ഒറ്റക്കൽ റയിൽവേ സ്റ്റേഷൻ ഭാഗം, നേതാജി നഗർ, എടമൺ സത്രം എന്നീ പ്രദേശങ്ങളിലും, ആര്യങ്കാവ് പഞ്ചായത്തിൽ അമ്പനാട്, മേലേ ആനച്ചാടി, വെൻച്ചൂർ വാർഡ്, കഴുതുരുട്ടി റയിൽവേ സ്റ്റേഷൻ ഭാഗം, ഫ്ലോറൻസ്, ഇടപ്പാളയം, ആര്യകാവ് ക്ഷേത്രം ഭാഗം എന്നീ പ്രദേശങ്ങളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ടി പ്രദേശങ്ങൾ നിലവിൽ നടന്നുവരുന്ന ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ജൽജീവൻ മിഷൻ കുടിവെള്ള പദ്ധതി**

305 (1156) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ ഉൾപ്പടെ ഏതൊക്കെ കുടിവെള്ള പദ്ധതികളുടെ പ്രവൃത്തികൾ നിലവിൽ നടന്നുവരുന്നു എന്നത് വിശദമാക്കാമോ?

നെന്മാറ നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ, കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തി എലവഞ്ചേരി, പല്ലശ്ശന, കൊല്ലങ്കോട്, മുതലമട, നെല്ലിയാമ്പതി, പുതുനഗരം, വടവന്നൂർ, കൊടുവായൂർ, നെന്മാറ, അയിലൂർ എന്നീ പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള പദ്ധതികളാണ് നടന്നുവരുന്നത്.

നെന്മാറ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന കുടിവെള്ള പദ്ധതികളിലെ പ്രവൃത്തികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇതിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും എത്രയെണ്ണം കമ്മീഷൻ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കിഫ്ബിയിലുൾപ്പെടുത്തി നടപ്പിലാക്കിയ അയിലൂർ, മേലാർകോട് കുടിവെള്ള പദ്ധതി, നെന്മാറ നിയോജകണ്ഡലത്തിലെ പല്ലശ്ശന, എലവഞ്ചേരി പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ 26 എം.എൽ.ഡി. പ്ലാന്റ് എന്നിവ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(സി) നിലവിൽ നടന്നുവരുന്ന പദ്ധതികൾ എന്ന് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ?

നെന്മാറ നിയോജകമണ്ഡലത്തിൽ നിലവിൽ നടന്നുവരുന്ന പദ്ധതികൾ 2026 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**ജൽജീവൻ മിഷൻ പദ്ധതി**

306 (1157) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ പദ്ധതിയുടെ പ്രവൃത്തികൾക്കായി റോഡുകൾ കുഴിക്കുമ്പോൾ ആയത് പൂർവസ്ഥിതിയിലാക്കുന്നതിനുള്ള തുക പ്രസ്തുത പ്രവൃത്തിയുടെ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം തുകയാണ് ഇപ്രകാരം വകയിരുത്തുന്നത്; വിശദാംശം വ്യക്തമാക്കുമോ; പ്രസ്തുത തുക ചെലവഴിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; ഇപ്രകാരം റോഡുകൾ പൂർവസ്ഥിതിയിൽ ആക്കുന്നുണ്ടെന്ന് പരിശോധിക്കുന്നതിന് എന്ത്

നടപടിക്രമമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മേല്പറഞ്ഞ പ്രകാരം കുഴിക്കുന്ന റോഡുകൾ പൂർവസ്ഥിതിയിലാക്കുന്നതിന് പ്രത്യേക തുക കരാറിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ റോഡുകൾ പൂർവസ്ഥിതിയിലാക്കുന്നതിന് ഏതു മാർഗമാണ് അവലംബിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് പൈപ്പ്ലൈനുകൾ സ്ഥാപിക്കാൻ പഞ്ചായത്ത് റോഡുകൾ മുറിക്കേണ്ടതായി വന്നിട്ടുണ്ട്. ജൽ ജീവൻ മിഷൻ മാർഗനിർദേശമനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ജൽ ജീവൻ മിഷൻ പദ്ധതിയിൽ അനുമതി ലഭ്യമാക്കിയിട്ടുള്ള ഓരോ പദ്ധതിയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരം ലഭ്യമാക്കി ജില്ലാ കളക്ടർ അധ്യക്ഷനായുള്ള ജില്ലാതല വാട്ടർ & സാനിറ്റേഷൻ കമ്മിറ്റിയിൽ സമർപ്പിച്ച് അനുമതി നേടുകയും അതിനുശേഷം സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷൻ കമ്മിറ്റിയിൽ (SLSSC) സമർപ്പിച്ചാണ് അനുമതി ലഭ്യമാക്കുന്നത്. ഇപ്രകാരം അനുമതി ലഭ്യമാക്കുന്ന

പദ്ധതികൾ ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് വാട്ടർ & സാനിറ്റേഷൻ മിഷനിൽ സമർപ്പിച്ച് അന്തിമാനുമതി നൽകുന്നു.

ഇപ്രകാരം അനുമതി ലഭ്യമായ ജൽ ജീവൻ മിഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി പൈപ്പ്ലൈൻ സ്ഥാപിച്ചശേഷം PWD റോഡുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുടെ തുകയ്ക്ക് അംഗീകാരം ലഭിച്ചിരുന്നെങ്കിലും പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നതിനുള്ള അംഗീകാരം മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ അനുവദിച്ചിരുന്നുള്ളൂ. ഇതനുസരിച്ച് പൈപ്പ്ലൈൻ സ്ഥാപിച്ചശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുനഃസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വമാണ്. ഇതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അൺ ടൈഡ് ഗ്രാൻഡ് ഉപയോഗിക്കുവാനും പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്. ഇതുസംബന്ധിച്ച് കേന്ദ്രസർക്കാറിന്റെ 29-09-2022-ലെ W-11011/10/2022/JJM-III-DDWS കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തനത് ഫണ്ടിൽ നിന്നും കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഭാഗമായിട്ടുള്ള അൺ ടൈഡ് ഗ്രാൻഡ്

ഉൾപ്പെടെയുള്ള ഫണ്ടിൽ നിന്നും റോഡ് പുനഃസ്ഥാപനം എന്നിവ ഉൾപ്പെടെയുള്ള പ്രാദേശികമായ ആവശ്യങ്ങൾക്ക് (മറ്റു പ്രവൃത്തികളിൽ പ്രസ്തുത തുക വകയിരുത്തിയിട്ടില്ല എന്ന് ഉറപ്പുവരുത്തി) ആവശ്യമായ ഫണ്ട് കണ്ടെത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നാലും അഞ്ചും ഘട്ടങ്ങളിൽ കേന്ദ്രസർക്കാരിന് സമർപ്പിച്ച ഭരണാനുമതി ലഭ്യമാക്കിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുകകൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിനെത്തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനഃസ്ഥാപനത്തിന് ഫണ്ട് അനുവദിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് ആറാം സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിങ് കമ്മിറ്റിയിൽ റോഡ് പുനഃസ്ഥാപനത്തിനുള്ള പദ്ധതികൾ സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനഃസ്ഥാപനത്തിനായി സമർപ്പിച്ച പദ്ധതികൾക്ക് (പൂർത്തീകരിച്ച പ്രവൃത്തികൾ ഒഴികെ) 1351.20 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് റോഡ് പുനഃസ്ഥാപനത്തിന് തുക ലഭ്യമായ പ്രവൃത്തികളിൽ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പഞ്ചായത്തുകൾക്ക് റോഡ് പുനഃസ്ഥാപനത്തിന് തുക

അനുവദിക്കുന്നുണ്ട്. ജൽ ജീവൻ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി റോഡുകൾ മുറിക്കേണ്ട സാഹചര്യത്തിൽ പ്രസ്തുത റോഡുകളുടെ പുനഃസ്ഥാപനം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളുടെ വിശദമായ മാർഗരേഖ ഉൾപ്പെടുത്തികൊണ്ടുള്ള സർക്കുലർ 8-01-2024-ൽ കേരള വാട്ടർ അതോറിറ്റി പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഗ്രാമപഞ്ചായത്തുകൾക്കായി ഏകോപിച്ച പ്രവർത്തനത്തിലൂടെ മുറിച്ച റോഡുകൾ റീസ്റ്റോർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ജൽജീവൻ പദ്ധതിക്കുവേണ്ടി വെട്ടിപ്പൊളിച്ച റോഡുകൾ പൂർവസ്ഥിതിയിലാക്കൽ**

307 (1158) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ പദ്ധതിക്കുവേണ്ടി വെട്ടിപ്പൊളിച്ച റോഡുകൾ പൂർവസ്ഥിതിയിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ

കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് പൈപ്പ്ലൈനുകൾ സ്ഥാപിക്കാൻ പഞ്ചായത്ത് റോഡുകൾ മുറിക്കേണ്ടതായിവന്നിട്ടുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതി മാർഗനിർദേശമനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ് നടപ്പിലാക്കുന്നത്.

ജൽ ജീവൻ മിഷൻ പദ്ധതികളിലുൾപ്പെടുത്തി പൈപ്പ്ലൈൻ സ്ഥാപിച്ചശേഷം PWD റോഡുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുടെ തുകയ്ക്ക് അംഗീകാരം ലഭിച്ചിരുന്നെങ്കിലും പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നതിനുള്ള അംഗീകാരം മാത്രമെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ അനുവദിച്ചിരുന്നുള്ളൂ. ഇതനുസരിച്ച് പൈപ്പ് സ്ഥാപിച്ചശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുനഃസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വമാണ്. ഇതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അൺ ടൈഡ് ഗ്രാൻഡ് ഉപയോഗിക്കുവാനും പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്. ഇതുസംബന്ധിച്ച് കേന്ദ്രസർക്കാറിന്റെ 29-09-2022-ലെ W-11011/10/2022/JJM-III-DDWS കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തനത് ഫണ്ടിൽ നിന്നും കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുള്ള

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഭാഗമായിട്ടുള്ള അൺ ടൈഡ് ഗ്രാൻഡ് ഉൾപ്പെടെയുള്ള ഫണ്ടിൽ നിന്നും റോഡ് പുനഃസ്ഥാപനത്തിന് ആവശ്യമായ ഫണ്ട് കണ്ടെത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നാലും അഞ്ചും ഘട്ടങ്ങളിൽ കേന്ദ്രസർക്കാരിന് സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുകകൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിനെത്തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനഃസ്ഥാപനത്തിന് ഫണ്ട് അനുവദിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് ആറാം സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിങ് കമ്മിറ്റിയിൽ റോഡ് പുനഃസ്ഥാപനത്തിനുള്ള പദ്ധതികൾ സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനഃസ്ഥാപനത്തിനായി സമർപ്പിച്ച പദ്ധതികൾക്ക് (പൂർത്തീകരിച്ച പ്രവൃത്തികൾ ഒഴികെ) 1351.20 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയുണ്ടായി. ജൽ ജീവൻ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി റോഡുകൾ മുറിക്കേണ്ട സാഹചര്യത്തിൽ പ്രസ്തുത റോഡുകളുടെ പുനഃസ്ഥാപനം സംബന്ധിച്ച്

സ്വീകരിക്കേണ്ട നടപടികളുടെ വിശദമായ മാർഗരേഖ ഉൾപ്പെടുത്തി കൊണ്ടുള്ള സർക്കുലർ 8-01-2024 -ൽ കേരള വാട്ടർ അതോറിറ്റി പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾക്കായി ഏകോപിച്ച പ്രവർത്തനത്തിലൂടെ മുറിച്ച റോഡുകൾ റെസ്റ്റോർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇതുസംബന്ധിച്ച് സർക്കാർ നിർദേശമുണ്ടായിട്ടും സത്വരനടപടികൾ സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ കരാറുകാർക്ക് 2025 ആഗസ്റ്റ് മാസം വരെ 6039.24 കോടി രൂപയുടെ ബിൽ കുടിശ്ശികയുണ്ട്. ആയതിനാൽ നിലവിൽ ഇത് റോഡ് റീസ്റ്റോറേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. റോഡ് പുനഃസ്ഥാപനവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുത്ത് വർഷങ്ങളായിട്ടും പൂർത്തീകരിക്കാത്ത കോൺട്രാക്ടർമാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ കരാറുകാർക്ക് 2025 ആഗസ്റ്റ് മാസം വരെ 6039.24 കോടി രൂപയുടെ ബിൽ കുടിശ്ശികയുണ്ട്. ആയതിനാൽ നിലവിൽ ഇത് റോഡ് റീസ്റ്റോറേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. കരാർ പ്രവൃത്തിയിൽ മനഃപൂർവമായ കാലതാമസം വരുത്തുന്ന കരാറുകാർക്കെതിരെ കരാർ നിബന്ധനകളനുസരിച്ച് പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ജൽജീവൻ മിഷൻ പദ്ധതിയിലെ കുടിശ്ശിക**

308 (1159) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതിയിൽ കരാറുകാർക്ക് നിലവിൽ എത്ര തുക കുടിശ്ശിക ഇനത്തിൽ വിതരണം ചെയ്യാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതിയിൽ നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് റോഡ് റീസ്റ്റോറേഷൻ ചാർജ്, മറ്റ് വകുപ്പുകൾ, ഏജൻസികൾ തുടങ്ങിയവയ്ക്ക് അടയ്ക്കുവാനുള്ള തുകയുൾപ്പെടെ ആകെ 6039.24

കോടി രൂപ (5540 ബില്ലുകൾ - 2024 മാർച്ച് മുതൽ 2025 ആഗസ്റ്റ് വരെ) കുടിശ്ശിക നൽകുവാനുണ്ട്.

(ബി) കരാറുകാർക്ക് യഥാസമയം തുക നൽകുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; കുടിശ്ശിക പൂർണ്ണമായും എന്നത്തേക്ക് വിതരണം ചെയ്യുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതിയിൽ കേന്ദ്ര സർക്കാരും കേരള സർക്കാരും ചേർന്ന് 50:50 എന്ന അനുപാതത്തിലാണ് ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഫണ്ട് ലഭ്യമാക്കുന്നത്. ഇരു ഗവൺമെന്റിൽ നിന്നും ഫണ്ട് സ്വരൂപിച്ച് ജൽ ജീവൻ മിഷൻ മാർഗരേഖ അനുസരിച്ചും കരാറുകാരുടെ ബില്ലുകളുടെ സീനിയോറിറ്റി അനുസരിച്ചും കരാറുകാർക്ക് ഫണ്ട് വിതരണം ചെയ്യുന്നതായിരിക്കും.

പദ്ധതിയുടെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനായി ജല അതോറിറ്റിക്ക് നബാർഡിൽ നിന്നും വായ്പയെടുക്കുവാൻ 15-09-2025 -ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

**കുണ്ടറ നിയോജകമണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ**

309 (1160) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 മുതൽ നാളിതുവരെ കുണ്ടറ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണെന്നും അതിനായി അനുവദിച്ചിട്ടുള്ള തുക എത്രയെന്നും പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ കുണ്ടറ, പേരയം, ഇളമ്പള്ളൂർ, തൃക്കോവിൽവട്ടം, കൊറ്റംകര, പെരിനാട് എന്നീ പഞ്ചായത്തുകളിൽ 2021-22 മുതൽ നാളിതുവരെയുള്ള പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ഉടുമ്പൻചോല മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി**

310 (1161) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഓരോ പഞ്ചായത്തിലും അനുവദിച്ച തുക, പ്രവർത്തനങ്ങളുടെ പുരോഗതി ശതമാനാടിസ്ഥാനത്തിൽ, കുടിവെള്ളം നൽകാൻ ഉദ്ദേശിക്കുന്ന സ്രോതസ്സ് ഇവ സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും നൽകാൻ തീരുമാനിച്ച കുടിവെള്ള കണക്ഷനുകളുടെ എണ്ണം, നിലവിൽ കൊടുത്തിട്ടുള്ള കുടിവെള്ള കണക്ഷനുകളുടെ എണ്ണം ഇവ സംബന്ധിച്ച വിശദാംശം നൽകാമോ?

(എ-സി) ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളിലെ ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതി, കുടിവെള്ളം നൽകാൻ ഉദ്ദേശിക്കുന്ന സ്രോതസ്സ് എന്നിവയെ പറ്റിയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളിലെ ജൽ ജീവൻ മിഷൻ പദ്ധതിക്കായി അനുവദിച്ച തുക, നൽകാൻ തീരുമാനിച്ച കുടിവെള്ള കണക്ഷനുകളുടെ എണ്ണം, നല്കിയ ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ എണ്ണം എന്നിവ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ശുദ്ധജലം കുഴികളിലാക്കി വിതരണം ചെയ്യുന്ന പദ്ധതി**

311 (1162) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ ശുദ്ധജലം കുപ്പികളിലാക്കി വിതരണം ചെയ്യുന്ന പദ്ധതി എല്ലാ ജില്ലകളിലും കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഹില്ലി അക്വ കുപ്പിവെള്ളം കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുവാൻ താലൂക്കടിസ്ഥാനത്തിലാണ് വിതരണം നടത്തിവരുന്നത്. കൂടാതെ സുജലം പദ്ധതി പ്രകാരം സംസ്ഥാനത്തെ റേഷൻ കടകൾ വഴിയും കൺസ്യൂമർ ഫെഡും അനുബന്ധ സ്ഥാപനങ്ങൾ വഴിയും ജയിലിലെ ഫ്രീഡം ഫുഡ് ഔട്ട്ലെറ്റിലൂടെയും KTDC കമ്പനി നേരിട്ട് നടത്തുന്ന ഔട്ട്ലെറ്റ് വഴിയും ഫ്രാഞ്ചൈസി സ്റ്റോറുകൾ വഴിയും കുപ്പിവെള്ളം വിതരണം ചെയ്തുവരുന്നു.

ഇതോടൊപ്പം തന്നെ Railway, KSRTC, Swift ബസുകൾ വഴിയും ഹില്ലി അക്വ കുപ്പിവെള്ളം നല്ല രീതിയിൽ വിതരണം നടത്തിവരുന്നു. കൂടാതെ എറണാകുളം ജില്ലയിലെ ആലുവയിലും കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറയിലും ഇടുക്കി

ജില്ലയിലെ കട്ടപ്പനയിലും പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

312 (1163) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒൻപത് വർഷത്തിനിടയിൽ കാസർഗോഡ് ജില്ലയിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നുള്ള വിവരം നിയോജകമണ്ഡലം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ;

(സി) പൂർത്തിയാക്കിയ പ്രവൃത്തികളും ആരംഭിക്കാത്ത പ്രവൃത്തികളും ഭാഗികമായി മാത്രം പൂർത്തിയായ പ്രവൃത്തികളും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ പ്രവൃത്തിയും ഏറ്റെടുത്ത കരാറുകാർ ആരൊക്കെയാണെന്നും അവർക്ക് എത്ര തുക കുടിശ്ശികയിനത്തിൽ നൽകാനുണ്ടെന്നും വ്യക്തമാക്കാമോ?

(എ-ഡി) കഴിഞ്ഞ ഒൻപത് വർഷത്തിനിടയിൽ കാസർഗോഡ് ജില്ലയിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും കരാറുകാരുടെ വിവരങ്ങൾ സഹിതം അനുബന്ധമായി ചേർക്കുന്നു+

(ഇ) ജില്ലയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ച ശേഷം ഭരണാനുമതിക്ക് കാത്തിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ തീയതിയും തുകയും അടക്കമുള്ള വിശദാംശം സഹിതം മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ?

ജില്ലയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ച ശേഷം ഭരണാനുമതിക്ക് കാത്തിരിക്കുന്ന പ്രവൃത്തികളും അവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ തീയതിയും തുകയും അടക്കമുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+

**തിരൂർ മണ്ഡലം സമ്പൂർണ്ണ കുടിവെള്ള വിതരണ മണ്ഡലമാക്കാൻ നടപടി**

313 (1164) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തിരൂർ മണ്ഡലത്തിൽ വാട്ടർ കണക്ഷൻ നിലവിൽ ലഭ്യമാകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വാർഡുകൾ എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ?

എടപ്പാൾ ഡിവിഷന് കീഴിൽ തിരൂർ നിയോജകമണ്ഡലത്തിൽ ആതവനാട്, തിരൂർ, തിരുനാവായ, തലക്കാട്, കൽപകഞ്ചേരി, വളവന്നൂർ എന്നീ പഞ്ചായത്തുകളിലാണ് കുടിവെള്ള വിതരണം നടത്തിവരുന്നത്. ജൽ ജീവൻ മിഷൻ പ്രവൃത്തികൾ ആരംഭിച്ചതിനുശേഷം തിരുനാവായ പഞ്ചായത്തിൽ ആകെയുള്ള 23 വാർഡുകളിലായി 5522 കണക്ഷനുകളും, തലക്കാട് പഞ്ചായത്തിൽ 1, 2, 4, 5 വാർഡുകളിലായി 2010 കണക്ഷനുകളും, ആതവനാട് പഞ്ചായത്തിൽ ആകെയുള്ള 22 വാർഡുകളിലായി 6172 കണക്ഷനുകളും, കൽപകഞ്ചേരി പഞ്ചായത്തിൽ 6146 കണക്ഷനുകളും വളവന്നൂർ പഞ്ചായത്തിൽ 5731 കണക്ഷനുകളും നൽകിയിട്ടുണ്ട്. തിരൂർ മുനിസിപ്പാലിറ്റിയിൽ 3189 കണക്ഷനുകൾ നിലവിലുണ്ട്. കൂടാതെ തിരൂർ മുനിസിപ്പാലിറ്റിയിൽ അമൃത് പ്രവർത്തനങ്ങളുടെ ഭാഗമായി 2984 കണക്ഷനുകൾ നൽകുന്നതിന് എസ്റ്റിമേറ്റ് സാങ്കേതിക അനുമതി ലഭിച്ചതാണ്. ടെൻഡർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നമുറയ്ക്ക് കണക്ഷനുകൾ നൽകാവുന്നതാണ്.

(ബി) തിരൂർ മണ്ഡലത്തിൽ വാട്ടർ കണക്ഷനായി സമർപ്പിക്കപ്പെട്ട അപേക്ഷകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിസ്ഥാനമാക്കി ഇനം തിരിച്ച് ലഭ്യമാക്കാമോ?

ജെ. ജെ. എം. പ്രവർത്തനങ്ങളുടെ ഭാഗമായി എടപ്പാൾ ഡിവിഷന് കീഴിൽ ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

തിരുന്നാവായ - 5471, തലക്കാട് - 2010, ആതവനാട് - 2022.

(സി) നിലവിലെ അപേക്ഷകരിൽ വാട്ടർ കണക്ഷൻ നൽകാനാകാത്ത അപേക്ഷകരുടെ എണ്ണം എത്രയാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ച് അറിയിക്കാമോ?

തിരൂർ- 5, തിരുന്നാവായ- 2 അപേക്ഷകൾ ഇ-ടാപ്പ് വഴി ലഭിച്ചിട്ടുണ്ട്. അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നിലവിലെ അപേക്ഷകരിൽ വാട്ടർ കണക്ഷൻ നൽകുന്നതിന് യോഗ്യരല്ലാത്ത അപേക്ഷകരുടെ വിവരം കാരണം സഹിതം വ്യക്തമാക്കാമോ?

യോഗ്യമല്ലാത്ത അപേക്ഷകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

(ഇ) കിണറുകളിൽ ഉപ്പുവെള്ളം ആയതിനാൽ വാട്ടർ കണക്ഷൻ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ

വാർഡ് മെമ്പർമാരിൽ നിന്നോ മറ്റേതെങ്കിലും സംഘടന/കൂട്ടായ്മകളിൽനിന്നോ ജല അതോറിറ്റിക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരവും അതിന്മേൽ സ്വീകരിച്ച നടപടിയും വ്യക്തമാക്കാമോ?

ഇല്ല.

(എഫ്) തിരൂർ മണ്ഡലം സമ്പൂർണ്ണ കുടിവെള്ള വിതരണ മണ്ഡലമാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടെ തിരൂർ മണ്ഡലത്തിലെ എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ള വിതരണം സാധ്യമാകുന്നതാണ്. തിരൂർ മുനിസിപ്പാലിറ്റിയിൽ അമൃത് പ്രവർത്തനങ്ങളുടെ ഭാഗമായി 2984 കണക്ഷനുകൾ നൽകുന്നതിന് ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു.

**മലമ്പുഴ നിയോജക മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി**

314 (1165) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം മലമ്പുഴ പഞ്ചായത്തിലെ കവ, ആനക്കൽ, തെക്കേ മലമ്പുഴ എന്നീ പ്രദേശങ്ങളിലേക്ക് കുടിവെള്ള കണക്ഷൻ എത്തിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതിയിൽ മലമ്പുഴ പഞ്ചായത്തിലെ കവ, ആനക്കൽ, തെക്കേ മലമ്പുഴ എന്നീ പ്രദേശങ്ങൾക്കുവേണ്ടി 3 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജലസംഭരണിയും അതിലേക്കുള്ള പൈപ്പ്ലൈനും പമ്പ് സെറ്റും, 52 കിലോ മീറ്റർ വിതരണ ശൃംഖല സ്ഥാപിക്കലും 814 കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തികളുമാണുള്ളത്.

വിതരണ ശൃംഖല സ്ഥാപിക്കുകയും, കുടിവെള്ള കണക്ഷൻ നൽകുകയും ചെയ്യുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു (52 കി.മീ വിതരണ ശൃംഖല സ്ഥാപിക്കാനുള്ളതിൽ 49 കി.മീ സ്ഥാപിച്ചിട്ടുണ്ട്). 3 ലക്ഷം ലിറ്റർ ജലസംഭരണിയും അതിലേക്കുള്ള പൈപ്പ്ലൈനും പമ്പ് സെറ്റും ഉൾപ്പെടുന്ന പ്രവൃത്തി ടെൻഡർ ഘട്ടത്തിലാണ്.

(ബി) മലമ്പുഴയിലേക്കും സമീപ പ്രദേശങ്ങളിലേക്കും ജലവിതരണം നടത്തുന്നതിനായി മലമ്പുഴയിൽ 3 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള

ജലസംഭരണി നിർമ്മിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മലമ്പുഴ പഞ്ചായത്തിലെ സോൺ II - കവ, ആനക്കൽ, തെക്കേ മലമ്പുഴ എന്നീ പ്രദേശങ്ങൾക്കുവേണ്ടി 3 ലക്ഷം ലിറ്റർ ജലസംഭരണി, പമ്പിങ് മെയിൻ എന്നിവ ഉൾപ്പെടുന്ന പ്രവൃത്തിയുടെ 3-ാം ടെൻഡറിൽ പങ്കെടുത്ത കരാറുകാരൻ എസ്റ്റിമേറ്റ് തുകയേക്കാൾ 27 ശതമാനം അധികരിച്ച തുകയാണ് ക്വാട്ട് ചെയ്തിട്ടുള്ളത്.

ക്വാട്ട് ചെയ്ത തുക നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങളേക്കാൾ കൂടുതൽ ആയതിനാൽ പ്രസ്തുത ടെൻഡർ അനുമതിക്കായി സർക്കാരിലേക്ക് നൽകുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയിൽ പുരോഗമിക്കുന്നു.

**പൈപ്പ്ലൈനുകൾ നവീകരിക്കുന്നതിന് കർമ്മ പദ്ധതി**

315 (1166) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് നാളിതുവരെ പൈപ്പ്ലൈൻ പൊട്ടിയതുമൂലം കുടിവെള്ളം മുടങ്ങിയ എത്ര സംഭവങ്ങൾ

ഉണ്ടായിട്ടുണ്ട്; കുടിവെള്ള പൈപ്പ്ലൈനുകളുടെ അറ്റകുറ്റപ്പണികൾക്കായി ഈ കാലയളവിൽ നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശവും കുടിവെള്ള ചോർച്ചയിലൂടെ ഉണ്ടായ നഷ്ടവും എത്രയാണെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ പൈപ്പ്ലൈൻ പൊട്ടിയതുമൂലം കുടിവെള്ളം കുറഞ്ഞ സമയത്തേക്കെങ്കിലും തടസ്സപ്പെട്ട 3,34,126 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. കുടിവെള്ള പൈപ്പ്ലൈനുകളുടെ അറ്റകുറ്റപ്പണികൾക്കായി ഈ കാലയളവിൽ നാളിതുവരെ 353.14 കോടി രൂപ ചെലവായിട്ടുണ്ട്. വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഏകദേശം 20 ശതമാനം മുതൽ 35 ശതമാനം വരെ ചോർച്ചയിലൂടെ നഷ്ടമാകാറുണ്ട്.

(ബി) പൈപ്പ്ലൈനുകളുടെ പഴക്കംമൂലം കുടിവെള്ള വിതരണം മുടങ്ങുകയും വൻതോതിൽ ജലം നഷ്ടപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തെ പ്രധാന കുടിവെള്ള വിതരണ പൈപ്പ്ലൈനുകൾ മുഴുവൻ നവീകരിക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി നടപ്പാക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

സംസ്ഥാനത്തെ പ്രധാന കുടിവെള്ള വിതരണ പൈപ്പ്ലൈനുകൾ മുഴുവൻ നവീകരിക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി നിലവിലില്ലെങ്കിലും, ജൽ ജീവൻ മിഷൻ, അമൃത്, കിഫ്ബി, സ്റ്റേറ്റ് പ്ലാൻ, മുതലായ വിവിധങ്ങളായ

പദ്ധതികളിലുൾപ്പെടുത്തി ഫണ്ട് ലഭ്യതക്കനുസരിച്ച് കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ റോഡ് നവീകരണ പ്രവൃത്തികളുടെ ഭാഗമായി കാലപ്പഴക്കംചെന്ന പൈപ്പ്ലൈനുകളും, ഇന്റർകണക്ഷനുകളും മറ്റും മാറ്റി കൂടിവെള്ള ജലവിതരണശൃംഖല ശക്തിപ്പെടുത്തുന്ന പ്രവൃത്തികളും നടപ്പിലാക്കിവരുന്നുണ്ട്.

**ഉടുമ്പൻചോല മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ**

316 (1167) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ ഉടുമ്പൻചോല മണ്ഡലത്തിൽ ജലവിഭവ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിയുടേയും പ്രവർത്തന പുരോഗതി, അനുവദിച്ച തുക ഇവ സംബന്ധിച്ച വിശദാംശം നൽകുമോ?

(എ&ബി) 2021 മുതൽ നാളിതുവരെ ഉടുമ്പൻചോല മണ്ഡലത്തിൽ ജലവിഭവ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ചതും നടപ്പിലാക്കിയതുമായ

പ്രവൃത്തികളും പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി, അനുവദിച്ച തുക ഇവ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു+

**ജൽ ജീവൻ മിഷൻ പദ്ധതി**

317 (1168) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ നടപ്പിലാക്കുന്നതിന്റെ പേരിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള എത്ര കിലോമീറ്റർ റോഡുകൾ ഗതാഗതയോഗ്യമല്ലാതാക്കിയിട്ടുള്ളതെന്നത് വിശദമാക്കുമോ; അവ പുനഃസ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങളിലായി മൊത്തം 56,813.17 കിലോമീറ്റർ റോഡുകൾ കുഴിക്കേണ്ടതായി വന്നിട്ടുണ്ട്. ഇതിൽ 38,204 കിലോമീറ്റർ ടാർ റോഡുകളും 18,609.17 കിലോമീറ്റർ കോൺക്രീറ്റ്/ബീം ഭാഗങ്ങളും ഉൾപ്പെടുന്നു. ഇതിനകം 31,079.17 കിലോമീറ്റർ റോഡ് പുനഃസ്ഥാപനം പൂർത്തിയായിട്ടുണ്ട്. അതിൽ 12,670 കിലോമീറ്റർ ടാർ റോഡും 18,409.17

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിലോമീറ്റർ കോൺക്രീറ്റ്/ബീം ഭാഗവും ഉൾപ്പെടുന്നു. ഇതോടെ ഇനി 25,534 കിലോമീറ്റർ ടാർ റോഡ് പുനഃസ്ഥാപനം നടത്താനുള്ളത് ശേഷിക്കുന്നു.

ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ കൂടിവെള്ള കണക്ഷനുകൾ നൽകുന്നതിന് ജലവിതരണ പദ്ധതികൾക്കായുള്ള പൈപ്പ്ലൈനുകൾ സ്ഥാപിക്കാൻ പഞ്ചായത്ത് റോഡുകൾ മുറിക്കേണ്ടതായി വന്നിട്ടുണ്ട്. ജൽ ജീവൻ മിഷൻ മാർഗനിർദേശമനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

ജൽ ജീവൻ മിഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി പൈപ്പ്ലൈൻ സ്ഥാപിച്ചശേഷം PWD റോഡുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള മുഴുവൻ തുകയും അനുവദിച്ചിരുന്നെങ്കിലും പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ അംഗീകരിച്ച് ഭരണാനുമതി ലഭിച്ച പദ്ധതികളിൽ അനുവദിച്ചിരുന്നുള്ളൂ. ഇതനുസരിച്ച് പൈപ്പ്ലൈൻ സ്ഥാപിച്ച ശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുനഃസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വമാണ്. ഇതിനായി

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അൺ ടൈഡ് ഗ്രാൻഡ് ഉപയോഗിക്കുവാനും പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്. ഇതുസംബന്ധിച്ച് കേന്ദ്രസർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തനത് ഫണ്ടിൽനിന്നും കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഭാഗമായിട്ടുള്ള അൺ ടൈഡ് ഗ്രാൻഡ് ഉൾപ്പെടെയുള്ള ഫണ്ടിൽ നിന്നും റോഡ് പുനഃസ്ഥാപനം ഫണ്ട് കണ്ടെത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നാലും അഞ്ചും ഘട്ടങ്ങളിൽ കേന്ദ്രസർക്കാരിന് സമർപ്പിച്ച ഭരണാനുമതി ലഭ്യമാക്കിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിനെത്തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനഃസ്ഥാപനത്തിന് ഫണ്ട് അനുവദിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് ആറാം സ്റ്റേറ്റ് ലെവൽ സ്റ്റീം സാങ്ഷനിങ് കമ്മിറ്റിയിൽ റോഡ് പുനഃസ്ഥാപനത്തിനുള്ള പദ്ധതികൾ സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനഃസ്ഥാപനത്തിനായി സമർപ്പിച്ച പദ്ധതികൾക്ക് (പൂർത്തീകരിച്ച

പ്രവൃത്തികൾ ഒഴികെ) 1351.20 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയുണ്ടായി. ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി റോഡുകൾ മുറിക്കേണ്ട സാഹചര്യത്തിൽ പ്രസ്തുത റോഡുകളുടെ പുനഃസ്ഥാപനം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളുടെ വിശദമായ മാർഗരേഖ ഉൾപ്പെടുത്തിക്കൊണ്ടുള്ള സർക്കുലർ 8-01-2024 -ൽ കേരള വാട്ടർ അതോറിറ്റി പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾക്കായി ഏകോപിപ്പിച്ച പ്രവർത്തനത്തിലൂടെ മുറിച്ച റോഡുകൾ റീസ്റ്റോർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജൽ ജീവൻ മിഷൻ ഫണ്ടിലെ ലഭ്യതക്കുറവ് നിലവിൽ പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയില്ലാതെ വാട്ടർ അതോറിറ്റി വെട്ടിപൊളിച്ച റോഡുകൾ നാളിതുവരെയും ഗതാഗത യോഗ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ജൽ ജീവൻ മിഷൻ മാർഗനിർദേശമനുസരിച്ച് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നടപ്പിലാക്കുന്നതിന് തിരഞ്ഞെടുത്ത നിർവഹണ ഏജൻസികളിലൊന്നാണ് വാട്ടർ അതോറിറ്റി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുന്നതിനായാണ് റോഡുകൾ കുഴിച്ചിട്ടുള്ളത്. ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി റോഡുകൾ മുറിക്കേണ്ട സാഹചര്യത്തിൽ പ്രസ്തുത റോഡുകളുടെ പുനഃസ്ഥാപനം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളുടെ വിശദമായ മാർഗരേഖ ഉൾപ്പെടുത്തിക്കൊണ്ടുള്ള സർക്കുലർ 8-01-2024-ൽ കേരള വാട്ടർ അതോറിറ്റി പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഗ്രാമപഞ്ചായത്തുകളുമായി ഏകോപിപ്പിച്ച പ്രവർത്തനത്തിലൂടെ മുറിച്ച റോഡുകൾ റീസ്റ്റോർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജൽ ജീവൻ മിഷൻ ഫണ്ടിലെ ലഭ്യതക്കുറവ് നിലവിൽ പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട് .

(സി) ഇതിൽ എത്ര കിലോമീറ്റർ റോഡുകളാണ് ജലവകുപ്പ് നേരിട്ട് പുനരുദ്ധരിച്ചത്; വിശദാംശങ്ങൾ നൽകാമോ?

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങളിലായി മൊത്തം 56,813.17 കിലോമീറ്റർ റോഡുകൾ കുഴിച്ചിട്ടുണ്ട്. ഇതിൽ 38,204 കിലോമീറ്റർ ടാർ റോഡുകളും 18,609.17 കിലോമീറ്റർ കോൺക്രീറ്റ്/ബീം ഭാഗങ്ങളും ഉൾപ്പെടുന്നു. ഇതിനകം 31,079.17 കിലോമീറ്റർ റോഡ് പുനഃസ്ഥാപനം പൂർത്തിയായിട്ടുണ്ട്. അതിൽ 12,670 കിലോമീറ്റർ ടാർ റോഡും 18,409.17 കിലോമീറ്റർ കോൺക്രീറ്റ്/ബീം ഭാഗവും ഉൾപ്പെടുന്നു. ഇനി 25,534 കിലോമീറ്റർ ടാർ റോഡ് പുനഃസ്ഥാപനം നടത്താനുണ്ട്. ഇതിൽ KWA കരാർ ചെയ്ത് നടപ്പിലാക്കിവരുന്നത് 9,041 കിലോമീറ്റർ, 1,065.03 കോടി രൂപ ചെലവിലാണ്. കൂടാതെ, ഇനി അറേഞ്ച് ചെയ്യേണ്ട പ്രവർത്തികൾ (JJM ൽ ഭരണാനുമതി ലഭ്യമായത്) 13,055 കിലോമീറ്റർ, 1,537.88 കോടി രൂപ ചെലവ് വരും.

(ഡി) ഇക്കാര്യത്തിൽ എത്ര രൂപയാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് ഇതുവരെ നൽകിയതെന്നും ഇതിനായി എത്ര കോടി രൂപയാണ് അവർ ആവശ്യപ്പെട്ടതെന്നും വ്യക്തമാക്കാമോ;

(ഇ) ഇനി എത്ര കോടി രൂപ ഈ ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതുണ്ട്; വ്യക്തമാക്കുമോ?

(ഡി&ഇ) ജൽ ജീവൻ മിഷൻ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പൈപ്പ്ലൈൻ സ്ഥാപിച്ച ശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ അംഗീകരിച്ച് ഭരണാനുമതി ലഭിച്ച പദ്ധതികളിൽ അനുവദിച്ചിരുന്നുള്ളൂ. ഇതനുസരിച്ച് പൈപ്പ്ലൈൻ സ്ഥാപിച്ച ശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുനഃസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വമാണ്.

നാലും അഞ്ചും ഘട്ടങ്ങളിൽ കേന്ദ്രസർക്കാരിന് സമർപ്പിച്ച ഭരണാനുമതി ലഭ്യമാക്കിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ ഭരണാനുമതി ലഭിച്ച പദ്ധതികളിൽ റോഡുകളുടെ പുനഃസ്ഥാപനത്തിനായി സമർപ്പിച്ച പദ്ധതികൾക്ക് (പൂർത്തീകരിച്ച പ്രവൃത്തികൾ ഒഴികെ) 1351.20 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയുണ്ടായി.

പ്രസ്തുത റോഡുകളുടെ പുനഃസ്ഥാപനം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളുടെ വിശദമായ മാർഗരേഖ ഉൾപ്പെടുത്തിക്കൊണ്ടുള്ള സർക്കുലർ 8-01-2024 -ൽ കേരള വാട്ടർ അതോറിറ്റി പുറപ്പെടുവിച്ചിട്ടുണ്ട്. അനുമതി ലഭിച്ച പ്രവൃത്തികൾ കരാറുകളിലുൾപ്പെടുത്തി നടത്തിവരുന്നു. ജൽ ജീവൻ മിഷൻ ഫണ്ടിലെ ലഭ്യതക്കുറവ് നിലവിൽ പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. പഞ്ചായത്തുകൾ നേരിട്ട് പ്രവൃത്തികൾ നടത്തുവാൻ തയ്യാറാവുന്ന സ്ഥലങ്ങളിൽ പ്രവൃത്തി പൂർത്തിയാക്കി ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് ജൽ ജീവൻ മിഷൻ പദ്ധതിയിൽ അനുമതി ലഭിച്ച തുക ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി നൽകുന്നതാണ്.

(എഫ്) മതിയായ ഫണ്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ഇത്തരത്തിൽ കുത്തിപ്പൊളിച്ച റോഡുകൾ സഞ്ചാരയോഗ്യമാക്കുവാൻ കഴിയുന്നില്ലയെന്ന വിവരം ജലവിഭവ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതിക്കായി പൈപ്പുകൾ സ്ഥാപിച്ച റോഡുകൾ താൽക്കാലികമായി പുനഃരുദ്ധാരണം നടത്തി സഞ്ചാര യോഗ്യമാക്കുന്നുണ്ട്. റോഡ് പുനഃരുദ്ധാരണത്തിന് ഭരണാനുമതിയിൽ തുക വകയിരുത്തിയിട്ടുള്ള

റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനോടൊപ്പം ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നമുറയ്ക്ക് താൽകാലികമായി റോഡ് ഗതാഗത യോഗ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ജി) ചെറിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി ജെ.സി.ബി. ഉപയോഗിച്ച് റോഡുകൾ കുത്തിപൊളിച്ചതുകൊണ്ടാണ് ഇങ്ങനെ റോഡുകൾ തകർന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; ഇത്തരത്തിൽ റോഡുകൾ പൂർണ്ണമായും തകർത്തത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ; ഇങ്ങനെ തകർക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ പുനഃസ്ഥാപിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നാളിതുവരെ മാനുവൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചാണ് ജൽ ജീവൻ മിഷൻ പൈപ്പുകൾ സ്ഥാപിക്കുന്നത്. മാത്രവുമല്ല റോഡിന് ആവശ്യമായ

വീതിയുള്ള സ്ഥലങ്ങളിൽ കഴിയുന്നത്ര ടാർ കട്ടിങ് ഒഴിവാക്കിയാണ് പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നത്.

റോഡ് പുനരുദ്ധാരണ പ്രവൃത്തികളിൽ നിലവിലുള്ള മാനുവൽ നിർദേശങ്ങൾ പാലിക്കാറുണ്ട്. ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് തേർഡ് പാർട്ടി ഇൻസ്പെക്ഷൻ ഏജൻസികളെയും നിയോഗിച്ചിട്ടുണ്ട്. പ്രവൃത്തികൾ സംബന്ധിച്ച് പരാതികൾ ലഭിച്ചാൽ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. ജൽ ജീവൻ മിഷൻ പ്രവൃത്തികൾക്കായി കുഴികൾ എടുക്കുമ്പോൾ പൈപ്പ്ലൈൻ സ്ഥാപിച്ച ഉടൻതന്നെ റോഡുകളുടെ താൽക്കാലിക പുനരുദ്ധാരണവും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുള്ള പുനരുദ്ധാരണവും നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**കുടിവെള്ള വിതരണത്തിലെ ഗുണനിലവാരം, ശുചിത്വം, കാര്യക്ഷമത**

318 (1169) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണത്തിൽ ഗുണനിലവാരം, ശുചിത്വം, കാര്യക്ഷമത എന്നിവ ഉറപ്പാക്കുന്നതിനായി പ്രത്യേക നയം രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) കാലാവസ്ഥാ വ്യതിയാനം കുടിവെള്ളത്തിന്റെ ലഭ്യതയിലും വിതരണത്തിലും സൃഷ്ടിച്ചിട്ടുള്ള വെല്ലുവിളികൾ നേരിടുന്നതിനായി പ്രസ്തുത നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ള മാർഗനിർദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കുടിവെള്ളത്തിന്റെ ഗുണനിലവാരത്തിലും വിതരണ സംവിധാനത്തിലും കാലാവസ്ഥാ വ്യതിയാനം എന്തെല്ലാം പ്രശ്നങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പ്രതിസന്ധി ഫലവത്തായി നേരിടുന്നതിന് സാധിച്ചിട്ടുണ്ടോ; അതിനായി എന്തെല്ലാം പ്രവൃത്തികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ-ഡി) നിലവിൽ ഇത്തരത്തിൽ പ്രത്യേക നയം രൂപീകരിച്ചിട്ടില്ല. കേരള വാട്ടർ അതോറിറ്റിയിൽ കുടിവെള്ള വിതരണത്തിന്റെ ഗുണനിലവാരം, ശുചിത്വം,

കാര്യക്ഷമത എന്നിവ ഉറപ്പാക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

ജലത്തിന്റെ ഗുണമേന്മ നിരന്തരം പരിശോധിക്കുകയും നിലവാര മാനദണ്ഡങ്ങൾ പാലിക്കുകയും ചെയ്യുന്നുണ്ട്. വിതരണം ചെയ്യുന്ന ജലത്തിൽ കൃത്യമായ അളവിൽ ക്ലോറിനേഷൻ നടത്തുകയും വിതരണ ശൃംഖലയുടെ വാലറ്റങ്ങളിൽ മതിയായ അളവിൽ റെസിഡ്യുവൽ ക്ലോറിൻ ഉണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. ജലശുദ്ധീകരണം, വിതരണം എന്നിവയ്ക്കുള്ള വ്യക്തമായ പരിപാലന പദ്ധതി തയ്യാറാക്കുകയും അത് പാലിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ സംഭരണ ടാങ്കുകൾ നിശ്ചിത ഇടവേളകളിൽ ശുദ്ധമാക്കുന്നുണ്ട്. ജലച്ചോർച്ചകൾ കണ്ടെത്തി അതിവേഗത്തിൽ പരിഹരിക്കാൻ സംവിധാനങ്ങൾ ഏർപ്പാടാക്കിയിട്ടുണ്ട്. അറ്റകുറ്റപ്പണികൾ കൂടുതൽ കാര്യക്ഷമമാക്കാൻ ബ്ലൂ ബ്രിഗേഡ് സംവിധാനവും ഇലക്ട്രോ മെക്കാനിക്കൽ ടീമും സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ കാലാനുസൃതമായി വിവിധ നൂതന സാങ്കേതിക വിദ്യകൾ അവലംബിക്കുകയും ചെയ്യുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലം കുടിവെള്ളത്തിന്റെ ഗുണനിലവാരത്തിലും വിതരണ സംവിധാനത്തിലും ശ്രദ്ധയിൽപ്പെട്ടിട്ടുള്ള പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

മഴയുടെ തീവ്രതയും സമയക്രമവും മാറുന്നതിന്റെ ഫലമായി നദികളും കിണറുകളും വരണ്ടുപോകുന്ന അവസ്ഥ ഉണ്ടാകുന്നുണ്ട്. അതിതീവ്ര മഴയിൽ ജലം കടലിലേക്ക് ഒഴുകിപോകുന്നതിനാൽ വെള്ളം തങ്ങിനിന്ന് ഭൂഗർഭ ജലവിതാനം പുഷ്ടിപ്പെടുവാനുള്ള സാഹചര്യം കുറയുന്നതായി കാണുന്നുണ്ട്. കൂടാതെ തീവ്ര മഴ ജലസ്രോതസ്സുകളിലേക്ക് കൂടുതൽ മാലിന്യങ്ങൾ എത്തിക്കുകയും തന്മൂലം കുടിക്കുവാൻ പര്യാപ്തമായ ജലത്തിന്റ ലഭ്യതയിൽ കുറവുണ്ടാവുകയും ചെയ്യുന്നുണ്ട്. ഇത് ജല ശുദ്ധീകരണ പ്രവൃത്തികളെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. കൂടാതെ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട ജലവിതരണ സംവിധാനത്തിന് സാരമായ കേടുപാടുകൾ സംഭവിക്കാറുണ്ട്. മറ്റൊരു വശത്ത് നിലവിൽ വരൾച്ചക്കാലത്ത് അനുഭവപ്പെടുന്ന ഉയർന്ന താപനില ജല ആവശ്യകത വർധിപ്പിക്കുന്നുണ്ട്. എന്നാൽ ഈ സമയത്തെ ജല ലഭ്യതക്കുറവ് കാരണം ആവശ്യമുള്ള അളവിൽ പലപ്പോഴും ജലവിതരണം സാധ്യമാകാറില്ല.

ഇത്തരം വെല്ലുവിളികൾ നേരിടുന്നതിനായി മഴവെള്ളം ശേഖരിച്ച് ഉപയോഗിക്കുന്നതും ഭൂഗർഭജലവിതാനം റീചാർജ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതും ഫലവത്തായ മാർഗങ്ങളാണ്. കൂടാതെ അണക്കെട്ടുകളും ചെക്ക് ഡാമുകളും നവീകരിച്ച് ആവശ്യമായ അളവിൽ ജലസംഭരണം നടത്താവുന്നതാണ്.

നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയും അടിസ്ഥാന ഘടകങ്ങൾ ശക്തിപ്പെടുത്തിയും കാലാവസ്ഥ പ്രതിസന്ധികൾ നേരിടാൻ ജലവിതരണ പദ്ധതികളെ ഒരു പരിധിവരെ അനുയോജ്യമാക്കാവുന്നതാണ്. വൈദ്യുതിക്കായി സോളാർ പോലെയുള്ള ബദൽ മാർഗങ്ങൾ അവലംബിക്കാവുന്നതാണ്. കൂടാതെ സാധ്യമായ മേഖലകളിൽ ഓട്ടോമേഷൻ ഏർപ്പാടാക്കാവുന്നതാണ്. ജല സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കാവുന്നതുമാണ്.

നിലവിൽ വരൾച്ചക്കാലത്ത് ആവശ്യമായ ഇടങ്ങളിൽ താൽക്കാലിക തടയണകൾ നിർമ്മിച്ച് പരമാവധി ജലം സംഭരിച്ച് ജല വിതരണം നടത്തുന്നുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ പൈപ്പ്‌ലൈൻ ചോർച്ചകൾ കണ്ടെത്തുവാനും പരിഹരിക്കാനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അനധികൃത ജലചൂഷണം കണ്ടെത്തി തടയാൻ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ ജലത്തിന്റെ ഗുണനിലവാര പരിശോധന ഉറപ്പാക്കുന്നുണ്ട്. മൺസൂണിനുമുൻപും ശേഷവും ജല ശുദ്ധീകരണശാലയുമായി ബന്ധപ്പെട്ടിട്ടുള്ള 'ഇൻടേക്ക് പോയിന്റ്' -ൽ നിന്നും ജലം ശേഖരിച്ച് നെട്ടൂരിലുള്ള സ്റ്റേറ്റ് റഫറൽ

ഇൻസ്റ്റിറ്റ്യൂട്ടിൽ പെസ്റ്റിസൈഡ് വിഭാഗത്തിൽ 7 ഘടകങ്ങളും ഹെവി മെറ്റൽ വിഭാഗത്തിൽ 11 ഘടകങ്ങളും മറ്റു വിഭാഗങ്ങളിലായി 25 ഘടകങ്ങളും കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം അറിയുന്നതിന് മൈക്രോബയോളജി ടെസ്റ്റുകളും നടത്തിവരുന്നുണ്ട്. ആവശ്യമായ സമയങ്ങളിൽ സ്രോതസ്സുകളിൽ സൂപ്പർ ക്ലോറിനേഷൻ നടത്താറുണ്ട്. നിശ്ചിത ഇടവേളകളിൽ ശുദ്ധീകരണശാലകൾ, ടാങ്കുകൾ, മറ്റ് അനുബന്ധ ഘടകങ്ങൾ തുടങ്ങിയവ വൃത്തിയാക്കുന്നുണ്ട്. നൂതന സാങ്കേതിക വിദ്യകൾ കാലാനുസൃതമായി അവലംബിക്കുന്നുണ്ട്. ജല സംരക്ഷണത്തിനും ശുദ്ധീകരണത്തിനുമായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടത്താറുണ്ട്. ഇതിലൂടെയെല്ലാം കാലാവസ്ഥ വ്യതിയാനംമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ജലവിതരണത്തെ സാരമായി ബാധിക്കാതിരിക്കാൻ ശ്രമിക്കുന്നുണ്ട് .

**വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾ**

319 (1170) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ എത്ര പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പുരോഗതി വിശദമാക്കാമോ?

(എ&ബി) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങളും പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(സി) വർക്കല മണ്ഡലത്തിൽ കുടിവെള്ളം ലഭ്യമല്ലാത്ത പ്രദേശങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കുടിവെള്ളം എത്തിക്കുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉണ്ട്. വർക്കല മുനിസിപ്പാലിറ്റിയിലെ കണ്ണമ്പ, ചാലുവിള പ്രദേശത്തും നടയാറാകുന്നിലും ഇലകമൺ പഞ്ചായത്തിലെ തോണിപ്പാറയിലും ചെമ്മരുതി പഞ്ചായത്തിലെ ഞെക്കാട് ഖാദി റോഡിലും വലിയവിള പനയറ പൊയ്കയിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോളനി, പാളയംകുന്ന മുരിങ്ങവിള, കുന്നത്തുമല പ്രദേശങ്ങളിലും ജലക്ഷാമം നേരിടുന്നുണ്ട്. 23 MLD യുടെയും 15 MLD യുടെയും സംഭരണ ടാങ്കുകളുടെയും പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് ജലക്ഷാമം പരിഹരിക്കുന്നതാണ്. വെട്ടൂർ പഞ്ചായത്തിലെ കൊച്ചുവിള ടാങ്ക് മുതൽ അപ്പൂപ്പൻനട വരെയും പള്ളിമുക്ക് മുതൽ വെട്ടൂർ സ്കൂൾ വരെയും അമ്മൻനട മുതൽ കയറ്റാഫീസ് വരെയും പള്ളിക്കൽ പഞ്ചായത്തിലെ ഈരാറ്റിൻ, വഞ്ചിമുക്ക്, മൂതല, പള്ളിക്കൽ-കാട്ടുപുതുശ്ശേരി പ്രദേശങ്ങളിലും ജലക്ഷാമം നേരിടുന്നുണ്ട്. ജലക്ഷാമം പരിഹരിക്കുന്നതിനായി ബജറ്റ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തി 20 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ടെൻഡർ നടപടികൾ പുരോഗമിക്കുകയാണ്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+

**ജൽജീവൻ മിഷൻ**

320 (1171) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഗ്രാമീണ ഭവനങ്ങളിൽ ശുദ്ധജലം എത്തിക്കുവാനുള്ള ജൽജീവൻ മിഷൻ പദ്ധതിയുടെ കരാർ എടുത്ത സംസ്ഥാനത്തെ കോൺട്രാക്ടർമാർക്ക് നാളിതുവരെ എത്ര തുക കുടിശ്ശികയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; നാളിതുവരെ കോൺട്രാക്ടർമാർക്ക് എത്ര തുക നൽകിയിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഇതുവരെ 5610.30 കോടി രൂപ കേന്ദ്ര വിഹിതമായും 6033.29 കോടി രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട്. (ആകെ– 11643.59 കോടി രൂപ). ഈ തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ട്.

ജൽ ജീവൻ മിഷൻ പദ്ധതിയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ 2019-20 മുതൽ 2024-25 സാമ്പത്തിക വർഷം വരെ അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Year | Release by GOI (central share) | Release by GOK (state share) | Total Release (GoI + GoK) | Total expenditure (central and state share) |
|---|---|---|---|---|
| 2019-20 | 101.29 | 101.29 | 202.58 | 125.96 |
| 2020-21 | 303.18 | 303.18 | 606.36 | 621.91 |
| 2021-22 | 1353.44 | 1353.44 | 2706.88 | 2017.01 |
| 2022-23 | 2206.54 | 1616.28 | 3822.82 | 3483.61 |
| 2023-24 | 671.18 | 1207.15 | 1878.33 | 2913.96 |
| 2024-25 | 974.68 | 1451.94 | 2426.62 | 2481.14 |

| | | | | |
|---|---|---|---|---|
| 2025-26 | 0 | 0 | 0 | 0 |
| Total | 5610.30 | 6033.29 | 11643.59 | 11643.59 |

പദ്ധതിയിൽ നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് റോഡ് റെസ്റ്റോറേഷൻ ചാർജ്, മറ്റ് വകുപ്പുകൾ, ഏജൻസികൾ തുടങ്ങിയവയ്ക്ക് അടയ്ക്കുവാനുള്ള തുക ഉൾപ്പെടെ ആകെ 6039.24 കോടി രൂപ (5540 ബില്ലുകൾ - 2024 മാർച്ച് മുതൽ 2025 ആഗസ്റ്റ് വരെ) കൂടിശ്ശിക നൽകുവാനുണ്ട്.

(ബി) പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിനായി കാലാവധി നീട്ടി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനായി കാലാവധി നീട്ടി നൽകിയിട്ടുണ്ട്. 2025-26 കേന്ദ്ര ബജറ്റ് പ്രകാരം ജൽ ജീവൻ മിഷൻ പദ്ധതിയുടെ കാലാവധി 2028 വരെ നീട്ടിയതായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള തുകയ്ക്ക് ആനുപാതികമായ കേന്ദ്രവിഹിതം മുഴുവൻ ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്നും ഇനി ലഭിക്കാനുള്ള തുക എത്രയെന്നും അറിയിക്കാമോ; ഇതിന് ആനുപാതികമായി സംസ്ഥാന വിഹിതം എത്ര തുക അനുവദിച്ചെന്നും

ഇനി അനുവദിക്കാനുള്ളത് എത്രയെന്നതും സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ?

കേന്ദ്ര സർക്കാരും കേരള സർക്കാരും സംയുക്തമായി നടപ്പിലാക്കുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ജൽ ജീവൻ മിഷൻ. 50:50 എന്ന അനുപാതത്തിലാണ് ജൽ ജീവൻ പദ്ധതിയിൽ ഫണ്ട് ലഭ്യമാക്കുന്നത്. പദ്ധതിക്ക് കീഴിലുള്ള വിവിധ തുകകൾ/ബില്ലുകൾ വിതരണം ചെയ്യുന്നത് ഇരു ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ചും സീനിയോറിറ്റി അനുസരിച്ചുമാണ്. ജൽ ജീവൻ മിഷനിലൂടെ 54.45 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകാനായി 44,714.79 കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 39,452.48 കോടി രൂപയുടെ പദ്ധതികൾക്ക് സാങ്കേതിക അനുമതിക്ക് അംഗീകാരം ലഭിക്കുകയും, 35,826.87 കോടി രൂപയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. പദ്ധതിക്കായി ഇതുവരെ കേന്ദ്ര വിഹിതമായി 5,610.30 കോടി രൂപയും സംസ്ഥാന വിഹിതമായി 6,033.29 കോടി രൂപയും (മൊത്തം 11,643.59 കോടി രൂപ) ലഭിച്ചിട്ടുണ്ട്. ഈ തുക മൊത്തം ചെലവഴിച്ചിട്ടുണ്ട്.

പദ്ധതിയിൽ ലഭിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | കേന്ദ്രവിഹിതം (തുക കോടിയിൽ) | സംസ്ഥാനവിഹിതം (തുക കോടിയിൽ) |
|---|---|---|
| 2020-21 | 303.08 | 303.08 |
| 2021-22 | 1353.44 | 1353.44 |
| 2022-23 | 2206.54 | 1616.29 |
| 2023-24 | 671.18 | 1207.15 |
| 2024-25 | 974.68 | 1451.93 |
| 2025-26 | 0 | 0 |

2024-25 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കേണ്ട രണ്ടാമത്തെ ഗഡുവായ 974.68 കോടി രൂപ ഇതുവരെ ലഭ്യമായിട്ടില്ല. എങ്കിലും, ഈ തുക ലഭിക്കുമെന്ന ഉറപ്പിന്മേൽ സംസ്ഥാന സർക്കാർ മുൻകൂറായി 500 കോടി രൂപ രണ്ടാം ഗഡുവായി അനുവദിച്ചിട്ടുണ്ട്.

**ജൽ ജീവൻ മിഷൻ**

321 (1172) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പ്രവൃത്തി കേരളത്തിൽ ആരംഭിച്ചത് എന്നാണെന്ന് വിശദമാക്കുമോ?

ദേശീയ തലത്തിൽ 2019-ൽ ജൽജീവൻ മിഷൻ പദ്ധതി ആരംഭിച്ചെങ്കിലും കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020 ഒക്ടോബറിലാണ്.

(ബി) ഇതിന്റെ ഫണ്ട് ഇനത്തിൽ ഓരോ സാമ്പത്തിക വർഷവും കേന്ദ്ര-സംസ്ഥാന സർക്കാറുകൾ അനുവദിച്ച തുക പ്രത്യേകം വിശദമാക്കുമോ?

ഇതുവരെ 5610.30 കോടി രൂപ കേന്ദ്ര വിഹിതമായും 6033.29 കോടി രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട്. (ആകെ– 11643.59 കോടി രൂപ). മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

ഓരോ സാമ്പത്തിക വർഷവും കേന്ദ്ര-സംസ്ഥാന സർക്കാറുകൾ അനുവദിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഓരോ പഞ്ചായത്തിലും എല്ലാവർക്കും കുടിവെള്ളം ലഭിച്ചു എന്ന 'ഹർ ഘർ ജൽ' പ്രഖ്യാപനം നടന്ന പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

74 പഞ്ചായത്തുകളാണ് എല്ലാവർക്കും കുടിവെള്ളം ലഭിച്ചു എന്ന 'ഹർ ഘർ ജൽ' പ്രഖ്യാപനം ഇതുവരെ നടത്തിയിട്ടുള്ളത്. ഈ പഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) നാളിതുവരെ ഈ പദ്ധതിയിൽ കരാറുകാർക്ക് എത്ര തുകയാണ് കുടിശ്ശികയുള്ളതെന്ന് വ്യക്തമാക്കുമോ?

നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 6039.24 കോടി രൂപ (5540 ബില്ലുകൾ - 2024 മാർച്ച് മുതൽ ഓഗസ്റ്റ് വരെ) കുടിശ്ശിക നൽകുവാനുണ്ട്.

(ഇ) കുടിശ്ശിക നൽകാത്തതിനാൽ പല കരാറുകാർക്കും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള പരിഹാര നടപടികൾ സ്വീകരിക്കുമോ?

ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇത് തരണംചെയ്യാനായി കേരള വാട്ടർ അതോറിറ്റിക്ക് നബാർഡിൽ നിന്നും 9000 കോടി രൂപ വായ്പ എടുക്കുവാൻ തത്വത്തിൽ അനുമതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിക്കൊണ്ടും ആദ്യഘട്ടത്തിൽ 5000 കോടി രൂപ വായ്പ എടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകുന്നതിന് അനുമതി നൽകിക്കൊണ്ടും 15-09-2025-ലെ G.O.(Ms)No.67/2025/WRD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(എഫ്) ഓരോ ജില്ലയിലും ജൽ ജീവൻ മിഷന്റെ പ്രവൃത്തികളിലെ പുരോഗതി വിലയിരുത്തുന്നതിന് ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും അടിയന്തിര യോഗം വിളിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ജൽ ജീവൻ മിഷൻ ബഹു. മുഖ്യമന്ത്രിയുടെ മുൻഗണന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ്. കൂടാതെ ബഹു. ജലവിഭവ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്ന ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി, സംസ്ഥാന മിഷൻ ഡയറക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ നടത്തി പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇതോടൊപ്പം ബഹു.എം.എൽ.എ., ബഹു.എം.പി., ജില്ലാകളക്ടർ തുടങ്ങിയവരുടെ നേതൃത്വതിൽ ഉദ്യോഗതല മീറ്റിങ്ങുകളും നടത്തിവരുന്നു. ഇത്തരം അവലോകന യോഗങ്ങൾ

ആവശ്യമനുസരിച്ച് തുടർന്നും നടത്തി പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനും ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

**വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്ന പ്രവൃത്തികൾ നടഷിലാക്കുന്നത്തിനുള്ള നടപടി**

322 (1173) ശ്രീ. അനൂപ് ജേക്കബ്:താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിലുള്ള കാലതാമസമാണ് സംസ്ഥാനത്തെ ജലവിതരണ സംവിധാനത്തിൽ നാളുകളായുള്ള പ്രയാസങ്ങൾക്ക് കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നത് JJM, STATE PLAN, KIIFB, AMRUT, NABARD, RKI തുടങ്ങിയവയുടെ ശീർഷകത്തിൻ കീഴിലാണ്. ഈ പ്രവൃത്തികളിൽ ചിലതിന് കാലതാമസം ഉണ്ടാകുന്നത് ഭൂമി ഏറ്റെടുക്കൽ, വിവിധ PWD, NH തുടങ്ങിയ അനുമതികൾ, സാങ്കേതികവും കരാർപ്രശ്നങ്ങളും മുതലായവമൂലമാണ്. ടി പ്രശ്നങ്ങൾ സംസ്ഥാനത്തെ ജലവിതരണ

സംവിധാനത്തിൽ ചില പ്രതിസന്ധികൾക്ക് വഴിവെക്കുന്നുവെങ്കിലും ഇവയെല്ലാം പരിഹരിച്ച് മുന്നോട്ടു പോകാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

സംസ്ഥാനത്ത് 2020-ൽ ജൽ ജീവൻ മിഷൻ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീടുകളിൽ മാത്രമാണ് കണക്ഷൻ ഉണ്ടായിരുന്നത് (25.06%). നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീടുകളിൽ 38.62 ലക്ഷം വീടുകളിൽ കൂടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.31%). മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പദ്ധതി നടപ്പിലാക്കുന്നതിനായി ആവശ്യമായ ഭൂമി ലഭ്യമാകുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. കൂടാതെ കൂടുതൽ ഗ്രാമീണ റോഡുകളും മെച്ചപ്പെട്ട ടാർ റോഡുകളാണ്. പദ്ധതികളുടെ പൈപ്പ്ലൈൻ സ്ഥാപിക്കണമെങ്കിൽ ഈ റോഡുകൾ വഴി മാത്രമേ സാധ്യമാവുകയുള്ളൂ. ഇതിന് ദേശീയ പാത, പൊതുമരാമത്ത്, റെയിൽവേ, വനം മുതലായ വിവിധ ഏജൻസികളിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം തുടങ്ങിയവയും പദ്ധതി നിർവഹണത്തിൽ കാലതാമസം വരുത്തുന്നുണ്ട്. ഇത്തരം പ്രതിസന്ധികൾക്കിടയിലും പദ്ധതി തുടങ്ങിയതിനുശേഷം നാലുവർഷം കൊണ്ടുതന്നെ നിലവിലുണ്ടായിരുന്നതിനേക്കാൾ അധികം കണക്ഷൻ നൽകാൻ

കഴിഞ്ഞു. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ എല്ലാ പ്രധാന നഗരങ്ങളിലും ശുദ്ധമായ കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി നടപ്പിലാക്കിവരുന്ന കേന്ദ്ര-സംസ്ഥാന സംയോജിത പദ്ധതിയായ അമൃത് 1.0 മുഖ്യമായും നടപ്പിലാക്കുന്നത് കേരള വാട്ടർ അതോറിറ്റി മുഖേനയാണ്. കേരളത്തിലെ പ്രധാനപ്പെട്ട ഒൻപത് നഗരങ്ങളിൽ നടപ്പിലാക്കിയ പദ്ധതി ഏതാണ്ട് 93 ശതമാനം പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും ശുദ്ധമായ കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി നടപ്പിലാക്കിവരുന്ന കേന്ദ്ര-സംസ്ഥാന സംയോജിത പദ്ധതിയായ അമൃത് 2.0 മുഖ്യമായും നടപ്പിലാക്കുന്നത് കേരള വാട്ടർ അതോറിറ്റി മുഖേനയാണ്. കേരളത്തിലെ എല്ലാ നഗരങ്ങളും നടപ്പിലാക്കിവരുന്ന ഈ പദ്ധതിയും മികച്ച രീതിയിൽ പുരോഗമിക്കുന്നു. റോഡ് കട്ടിങ് അനുമതി ലഭ്യമാകാത്തതും സ്ഥലത്തിന്റെ ലഭ്യത കുറവും ഈ പദ്ധതികളെ പ്രതിസന്ധിയിലാക്കുന്നുണ്ടെങ്കിലും ഇവയെല്ലാം പരിഹരിച്ച് മുന്നോട്ടുപോകുന്നു.

പ്രധാന നഗരങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ കിഫ്ബി ധനസഹായത്തോടെ 77 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. അവയിൽ 66 കുടിവെള്ള പദ്ധതികളും 11 സർക്കിളുകളുടെ കീഴിലായി (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, കൊച്ചി, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതികളും ഉൾപ്പെടുന്നു. റോഡ് കട്ടിങ് അനുമതി ലഭ്യമാകാത്തത് ഈ പദ്ധതികളെയും പ്രതിസന്ധിയിലാക്കുന്നുണ്ടെങ്കിലും ഇവയെല്ലാം പരിഹരിച്ച് മുന്നോട്ട് പോകുന്നു. കിഫ്ബി ധനസഹായത്തോടെയുള്ള 29 കുടിവെള്ള പദ്ധതികളും 5 പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പദ്ധതികളും ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. 2016 മുതൽ സംസ്ഥാന പദ്ധതിയിൽ 824.15 കോടി രൂപയുടെ 2190 പ്രവൃത്തികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയിൽ കാലോചിതമായി മാറ്റങ്ങൾ നടപ്പിലാക്കാത്തതാണ് ഇത്തരമൊരു അവസ്ഥ സൃഷ്ടിക്കാനിടയാക്കിയതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വാട്ടർ അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അവ എന്തെല്ലാമെന്ന് വിശദമാക്കുമോ?

നിലവിൽ കേരളത്തിലൊട്ടാകെ ജലവിതരണം നടത്തുന്നതുമായി ബന്ധപ്പെട്ടുള്ള ബൃഹത്തായ പദ്ധതികളായ ജൽ ജീവൻ മിഷൻ (JJM), അമൃത് (AMRUT) എന്നിവയുടെ നിർമ്മാണം കേരളത്തിലുടനീളം പുരോഗമിക്കുന്നതിനാൽ ഈ പദ്ധതികളുടെ പൂർത്തീകരണത്തിനുശേഷം അതോറിറ്റി ഓഫീസുകൾ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

(സി) സംസ്ഥാനത്ത് ഇരുപത്തിനാല് മണിക്കൂറും തടസ്സരഹിതമായ ജലവിതരണം സാധ്യമാകാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത ലക്ഷ്യം യാഥാർഥ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികളെല്ലാംതന്നെ പൊതുജനങ്ങൾക്ക് ഇരുപത്തിനാല് മണിക്കൂറും തടസരഹിതമായി ശുദ്ധജലം ലഭിക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ വിതരണ ശൃംഖലയിൽ ഇടയ്ക്കിടെയുണ്ടാകുന്ന വിതരണനഷ്ടം കാരണവും, പമ്പ് സെറ്റ് തുടങ്ങിയ അനുബന്ധ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ കാരണവും, പലപ്പോഴും ഇത് സാധ്യമാകാറില്ല. എന്നിരുന്നാലും പൈപ്പ് ലൈനുകളിലെ പൊട്ടലുകൾ/ലീക്കുകൾ യഥാസമയം ബ്ലൂ ബ്രിഗേഡ്/റണ്ണിങ് കോൺട്രാക്ട് സംവിധാനം ഉപയോഗിച്ച്

പരിഹരിച്ചും പൈപ്പ്ലൈനിലെ ബ്ലോക്കുകൾ നൂതന സംവിധാനം ഉപയോഗിച്ച് കണ്ടെത്തിയും കഴിയുന്നത്ര വേഗത്തിൽ ശുദ്ധജലവിതരണം പുനഃസ്ഥാപിക്കാറുണ്ട്. കൂടാതെ വിവിധ അമൃത്, ജൽ ജീവൻ മിഷൻ, സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, നബാർഡ്, ADB, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾ എന്നിവയിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന പൈപ്പ്ലൈനുകളും, പമ്പ് സെറ്റുകളും മാറ്റി സ്ഥാപിച്ചും പൊതുജനങ്ങൾക്ക് 24x7 ശുദ്ധജലം ലഭ്യമാക്കുക എന്ന കാര്യം ലക്ഷ്യമിടുന്നു. എല്ലാ ഗ്രാമീണ വീടുകളിലും ടാപ്പ് വഴി ശുദ്ധജലം ലഭ്യമാക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ (JJM). നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീടുകളിൽ 38.62 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.31%). മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ഗ്രാമ-നഗര വ്യത്യാസമില്ലാത്ത ആവാസ വ്യവസ്ഥയും സാഹചര്യവും ദീർഘകാല ആവശ്യങ്ങളും സുസ്ഥിരതയും പരിഗണിച്ച് പ്രതിദിനം ഒരു വ്യക്തിക്ക് 100 ലിറ്ററെങ്കിലും കുടിവെള്ളം ഉറപ്പുവരുത്തുന്ന തരത്തിലുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഈ പദ്ധതികൾ പൂർത്തിയാക്കുവാൻ കൂടുതൽ സമയം ആവശ്യമാണ്.

(ഡി) പുതിയ എന്തെല്ലാം കർമ്മ പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് വിശദമാക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതി പൂർത്തീകരണ കാലാവധി 2028 വരെ കേന്ദ്ര സർക്കാർ നീട്ടിയിട്ടുണ്ട്. പ്രസ്തുത സമയ പരിധിയിക്കുള്ളിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും ശുദ്ധമായ കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി നടപ്പിലാക്കിവരുന്ന കേന്ദ്ര-സംസ്ഥാന സംയോജിത പദ്ധതിയായ അമൃത് 2.0, മുഖ്യമായും നടപ്പിലാക്കുന്നത് കേരള വാട്ടർ അതോറിറ്റി മുഖേനയാണ്. ഏതാണ്ട് 2215 കോടി രൂപയുടെ 217 കുടിവെള്ള പദ്ധതികൾക്കാണ് അമൃത് പദ്ധതിയിൽ ഭരണാനുമതി ലഭിച്ചിരിക്കുന്നത്. ഇതിലൂടെ ഏതാണ്ട് 4.35 ലക്ഷം പുതിയ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിടുന്നത്. 2026-ഓടുകൂടി പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. പ്രധാന നഗരങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ കിഫ്ബി ധനസഹായത്തോടെ നാളിതുവരെ 5406.948 കോടി രൂപയുടെ 77 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. അവയിൽ 4976.715 കോടി രൂപയുടെ 66 കുടിവെള്ള

പദ്ധതികളും 430.233 കോടി രൂപയുടെ, 11 സർക്കിളുകളുടെ കീഴിലായി (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, കൊച്ചി, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതികളും ഉൾപ്പെടുന്നു. 2027-ഓടുകൂടി കിഫ്ബി പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ ഏതാണ്ട് 22 ലക്ഷം പുതിയ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിടുന്നത്. 2025-26 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ 137.88 കോടി രൂപയ്ക്ക് 319 പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ADB ധനസഹായത്തോടെ കൊച്ചി കോർപ്പറേഷനിൽ 24x7 ജലവിതരണം ഉറപ്പാക്കാനുള്ള 1141 കോടി രൂപയുടെ പദ്ധതി ആരംഭഘട്ടത്തിലാണ്.

**ആലപ്പുഴ മണ്ഡലത്തിൽ സമ്പൂർണമായി കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ**

323 (1174) ശ്രീ. പി. പി. ചിത്തരഞ്ജൻ:താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ സമ്പൂർണമായും കുടിവെള്ളം എത്തിക്കുന്നതിനുള്ള എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിലെ ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ സമ്പൂർണ കുടിവെള്ളം എത്തിക്കുന്നതിനായ് അമൃത് പദ്ധതി മുഖേന 7500 കണക്ഷനുകൾ നൽകുന്ന പ്രവൃത്തിയും, 3000 കണക്ഷനുകൾ നൽകുന്ന പ്രവൃത്തിയും നടന്നുവരുന്നു. 500 കണക്ഷനുകൾ നൽകുന്ന പ്രവൃത്തി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 33 കി.മീ. ദൈർഘ്യത്തിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. ആലപ്പുഴ മുനിസിപ്പാലിറ്റിയിലേയും, ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിലേയും ജലവിതരണ ശൃംഖലയുടെ വിപുലീകരണവും, നവീകരണത്തിനും വേണ്ടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 299.311 കോടി രൂപയുടെ ഭരണാനുമതി 2-04-2023-ന് നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ 7 ഉന്നതതല ജലസംഭരണികളും, 2.8 കി.മി (മാരാരിക്കുളം തെക്ക്), 6.5 കി.മി (മണ്ണഞ്ചേരി), 0.62 കി.മി (ആര്യാട്) ട്രാൻസ്മിഷൻ മെയിനും 580 കിലോമീറ്റർ വിതരണ ശൃംഖലയുമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ പദ്ധതിയിൽ നിലവിൽ 9

പാക്കേജുകളാണുള്ളത്. ഇതിൽ 6 പാക്കേജുകളാണ് ആലപ്പുഴ നിയോജക മണ്ഡലത്തിൽ നടന്നുവരുന്നത്. ഭരണാനുമതി തുകയിൽ 214.6 കോടി രൂപയുടെ പ്രവൃത്തികളാണ് ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടന്നുവരുന്നത്. ഈ പദ്ധതിയുടെ പൂർത്തീകരണത്തോടെ 374518 ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. കൂടാതെ, ആലപ്പുഴ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ആര്യാട്, മാരാരിക്കുളം തെക്ക്, മണ്ണഞ്ചേരി പഞ്ചായത്തുകളിൽ നടന്നുവരുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കിഫ്ബി മുഖേന നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതിയുടെ ഓരോ ഘട്ടത്തിന്റെയും പുരോഗതിയെ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

ആലപ്പുഴ മുനിസിപ്പാലിറ്റിയിലേയും, ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിലേയും ജലവിതരണ ശൃംഖലയുടെ വിപുലീകരണവും, നവീകരണത്തിനും വേണ്ടിയുള്ള കിഫ്ബി പദ്ധതിയിൽ നിലവിൽ 9 പാക്കേജുകളാണുള്ളത്. ഇതിൽ പാക്കേജ് 1, 3, 4, 5, 6, 7 എന്നീ 6 പാക്കേജുകളാണ് ആലപ്പുഴ നിയോജകമണ്ഡലത്തിലുള്ളത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പാക്കേജ് 1**

ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ചാത്തനാട് 16 LL സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയും, 5 LL സംഭരണ ശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും, വടികാട് ഭാഗത്ത് 16 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയും, 3 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും, മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ (കാട്ടൂർ) 12 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയും, 3 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും, ഇതിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിങ് മെയിൻ (2.6 കി.മീ.)-ഉം അനുബന്ധ മോട്ടോറുകളും പമ്പുകളും കൂടാതെ ഓപ്പറേറ്റർമാർക്കുള്ള ക്വാർട്ടേഴ്സും, കലവൂർ സർവോദയപുരം ഭാഗത്തെ റെയിൽവേ ക്രോസ്സിങ്ങും ഈ പാക്കേജിൽ ഉൾപ്പെടുന്നു. പ്രവൃത്തി 95 ശതമാനം പൂർത്തീകരിച്ചു. റെയിൽവേ ക്രോസ്സിങ്ങിന് 02-04-2024-ന് അനുമതി ലഭിച്ചു. മഴ കാരണം നിലവിൽ വെള്ളം നിൽക്കുന്ന അവസ്ഥയിൽ ആയതിനാൽ പ്രവൃത്തി നടത്തുന്നതിനുവേണ്ട caution sanction റയിൽവേയിൽ നിന്ന് ലഭ്യമായിട്ടില്ല. വടികാട്, ചാത്തനാട്, കാട്ടൂർ ജലസംഭരണികൾ നിലവിലെ വിതരണ ശൃംഖലയിലേക്ക് ഇന്റർ കണക്ട് ചെയ്ത് കമ്മീഷൻ ചെയ്ത് ഉദ്ഘാടനം നിർവഹിച്ചു.

**പാക്കേജ് 3-**

മണ്ണഞ്ചേരി പഞ്ചായത്തിൽ 12 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയും 3 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും ഇവയിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിങ് മെയിനും (6.5 കി.മി), അനുബന്ധ മോട്ടോറുകളും പമ്പുകളും 103 കി.മി. ശൃംഖലകളുടെ വിപുലീകരണവും ഈ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു. പൈപ്പുകൾ സപ്ലൈ ചെയ്തിട്ടുണ്ട്. 2026 ഫെബ്രുവരി മാസം വരെയാണ് പൂർത്തീകരണ കാലാവധി.

**പാക്കേജ് 4**

ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ കൊമ്മാടി ഉന്നതതല ജലസംഭരണിയിൽ നിന്നും സോൺ 1 (വാർഡുകൾ 1, 2, 46, 47, 49, 50, 51, 52) ലേക്കുള്ള വിതരണ ശൃംഖലയും, (93 കി. മീ.) റെയിൽവേ ക്രോസ്സിങ്ങും (2 Nos. മംഗലം, മാളികമുക്ക്) ഈ പാക്കേജിൽ ഉൾപ്പെടുന്നു. പ്രവൃത്തി പുരോഗമിക്കുന്നു. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. 2026 ഫെബ്രുവരി മാസം വരെയാണ് പൂർത്തീകരണ കാലാവധി.

**പാക്കേജ് 5**

മാരാരിക്കുളം തെക്ക് വിതരണ ശൃംഖലയുടെ (101 കി.മീ.) നവീകരണമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ടെൻഡർ നടപടികൾക്കുശേഷം M/s. ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് സൊസൈറ്റിക്ക് പ്രവൃത്തി ഉത്തരവ് 14-01-2025-ൽ നൽകി. പൈപ്പ് വിതരണം ചെയ്തു. മെയ് 2026 വരെയാണ് പൂർത്തീകരണ കാലാവധി.

**പാക്കേജ് 6**

ആര്യാട് പഞ്ചായത്തിൽ 9 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജലസംഭരണിയും 19 കി.മി വിതരണ ശൃംഖലയും 620 മി. ക്ലിയർ വാട്ടർ പമ്പിങ് മെയിനുമാണ് ഈ പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പ്രവൃത്തി പുരോഗമിക്കുന്നു. ജലസംഭരണികളുടെ നിർമ്മാണ പ്രവൃത്തിയിൽ പൈലിങ് പ്രവൃത്തികൾ നടന്നുവരുന്നു. ജലവിതരണക്കുഴലുകൾ സ്ഥാപിക്കുന്നതിനുവേണ്ട പൈപ്പുകൾ സപ്ലൈ ചെയ്തിട്ടുണ്ട്. 2026 സെപ്റ്റംബർ മാസം വരെയാണ് പൂർത്തീകരണ കാലാവധി.

**പാക്കേജ് 7**

ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ചാത്തനാട് ഉന്നതതല ജലസംഭരണിയിൽ നിന്നും സോൺ 2 (വാർഡ്- 3,4,21,22,48) ലേക്കുള്ള വിതരണ ശൃംഖല

സ്ഥാപിക്കുന്ന പ്രവൃത്തിയാണ് (74.82 കി.മീ.) ഈ പാക്കേജിൽ ഉൾപ്പെടുന്നത്. പ്രവൃത്തി പുരോഗമിക്കുന്നു. മെയ് 2026 വരെയാണ് പൂർത്തീകരണ കാലാവധി.

(സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരണത്തിന് വേണ്ടുന്ന സമയം, ചെലവഴിക്കുന്ന തുക എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

കിഫ്ബി മുഖേന നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതിയുടെ ഓരോ ഘട്ടത്തിനും ചെലവഴിക്കുന്ന തുക, പൂർത്തികരിക്കാൻ ഉദ്ദേശിക്കുന്ന തീയതി എന്നിവ അനുബന്ധമായി ചേർക്കുന്നു.+

**തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ കുടിവെള്ള ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ**

324 (1175) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ നിന്നുള്ള വായ്പ വിനിയോഗിച്ച് തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ കുടിവെള്ള ശൃംഖല ശക്തിപ്പെടുത്തുന്നതിനായി തയ്യാറാക്കിയ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ നിന്നുള്ള വായ്പ വിനിയോഗിച്ച് തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ 24 X 7 ജലവിതരണ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് "കേരള അർബൻ വാട്ടർ സർവീസസ് ഇമ്പ്രൂവ്മെന്റ് പ്രോജക്ട് (KUWSIP)' പദ്ധതി. വരുമാനരഹിത ജലത്തിന്റെ അളവ് (NRW) 20 ശതമാനത്തിൽ താഴെയായി കുറയ്ക്കുകയും ക്രമേണ സാമ്പത്തികവും സേവന സുസ്ഥിരതയും കൈവരിക്കുകയും, കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ പ്രവർത്തനശേഷി വർധിപ്പിക്കൽ, ബില്ലിങ് സംവിധാനങ്ങൾ, ഉപഭോക്തൃ സേവന കേന്ദ്രങ്ങൾ, മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റങ്ങൾ തുടങ്ങിയവ മെച്ചപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരം കേന്ദ്ര സർക്കാരിലെ ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമിക് അഫയേഴ്സ് (DEA) സ്ക്രീനിങ് കമ്മിറ്റി 19-12-2017-ൽ നടന്ന 78-ാമത് യോഗത്തിൽ ADB-യിൽ നിന്ന് രണ്ട് ഘട്ടങ്ങളിലായി 250 ദശലക്ഷം യു.എസ്. ഡോളറിന്റെ സാമ്പത്തിക സഹായത്തിനുള്ള KUWSIP നിർദേശം അംഗീകരിച്ചു. ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി 07-02-2020-ലെ G.O (MS) No.13/2020/WRD പ്രകാരം നൽകി. ADB യും

സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. പദ്ധതിയുടെ നിർവഹണ ഏജൻസി കേരള ജല അതോറിറ്റിയാണ്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും, ജലശുദ്ധീകരണ ശാലകളുടെ നവീകരണവുമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കൊച്ചിയിൽ സ്ഥിരവും വിശ്വസനീയവുമായ ജലവിതരണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരം ആദ്യഘട്ടത്തിൽ തിരുവനന്തപുരത്തെ പ്രവൃത്തികളിൽ അരുവിക്കരയിലെ ചില അടിയന്തര ജോലികൾ മാത്രമായി പരിമിതപ്പെടുത്തുകയും കൊച്ചി നഗരത്തിലെ ജലലഭ്യത ഉറപ്പുവരുത്തുവാനായി ആലുവയിൽ 190 എം.എൽ.ഡി. ജലശുദ്ധീകരണ ശാലയുടെ നിർമ്മാണവും ഉൾപ്പെടുത്തുകയും ചെയ്തു.

(ബി) ഒരോ നഗരത്തിലും ഇതുവരെ വിനിയോഗിച്ച തുക ഉൾപ്പെടെ പ്രസ്തുത പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതിയിൽ ഇതുവരെ തുകയൊന്നും വിനിയോഗിച്ചിട്ടില്ല. എ.ഡി.ബി. 23-11-2023 -ൽ, ടി പദ്ധതിക്കായി ആദ്യ ഘട്ടത്തിൽ 170 മില്യൺ U.S.

ഡോളർ എ.ഡി.ബി. വായ്പക്ക് അനുമതി നൽകി. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും ജലശുദ്ധീകരണ ശാലകളുടെ നവീകരണവും, 10 വർഷത്തേക്കുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (O&M) കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവൃത്തിയുടെ ദർഘാസ് 17-05-2025-ലെ G.O(Ms)No. 38/2025/WRD പ്രകാരം L1 ബിഡറായ M/S SUEZ Projects Pvt. Ltd. JV with Mis SUEZ Eau France, SAS ന് 938.70 കോടി രൂപ നിരക്കിൽ (Exd, Provisional Sum & GST) സർക്കാർ അംഗീകരിക്കുകയും, ബഹുമാനപ്പെട്ട ജലവിഭവ- നിയമം വ്യവസായം കയർ വകുപ്പുമന്ത്രിമാരുടെ സംയുക്ത നേതൃത്വത്തിൽ 10-04-2025-ന് കേരള ജലഅതോറിറ്റിയിലെ ട്രേഡ് യൂണിയനുകളുമായും സേവന സംഘടനകളുമായും നടത്തിയ യോഗത്തിൽ ശിപാർശ ചെയ്ത അധിക നടപടികൾകൂടി (additional measures) ഉൾപ്പെടുത്തി പ്രവൃത്തി അവാർഡ് ചെയ്യുവാൻ കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർക്ക് അനുമതി നൽകുകയും ചെയ്തു.

ADB മാനദണ്ഡങ്ങൾക്കനുസൃതമായി ഈ പദ്ധതി നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റിയെ സഹായിക്കുന്നതിനുള്ള ലോൺ ഇംപ്ലിമെന്റേഷൻ സപ്പോർട്ട് യൂണിറ്റ് (LISU)-നുള്ള കൺസൾട്ടൻസി സേവനം,

17-05-2025-ലെ GO (Ms) No. 38/2025/WRD പ്രകാരം Tractebol GKW GmbH (GER), in Joint Venture with Centre for Environment and Development (IND) and Vision EIS Consulting Pvt. Ltd (IND) ന് 29.95 കോടി രൂപ (including provisional sums) നിരക്കിൽ ജോലിയുടെ വ്യാപ്തി കുറയുന്നതിനാൽ, കൺസൾട്ടൻസി ജോലികളിലെ ലാഭം വകുപ്പിലേക്ക് ക്രമീകരിക്കണം എന്ന വ്യവസ്ഥയിൽ അവാർഡ് ചെയ്യാൻ കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർക്ക് സർക്കാർ അനുമതി നൽകി.

KUWSIP പദ്ധതിയിൽ ഉൾപ്പെട്ട ഘടകങ്ങൾ തമ്മിലുള്ള തുക ക്രമീകരിച്ചുകൊണ്ട് പദ്ധതിക്ക് നൽകിയിട്ടുള്ള ആകെ ഭരണാനുമതി തുകയിൽ മാറ്റം വരുത്താതെ (07-02-2020 (G.O(Ms) No.13/2020/WRD പ്രകാരമുള്ള 2511 കോടി രൂപ) ആലുവയിൽ 190 എം.എൽ.ഡി. ജലശുദ്ധീകരണ ശാഖയുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി പ്രത്യേകം നൽകുമെന്ന വ്യവസ്ഥയിൽ പുതുക്കിയ ഘടകങ്ങളുടെ സ്റ്റേറ്റ്മെൻറ് 17-05-2025-ലെ (G.O.(Ms) No.38/2025/WRD പ്രകാരം സർക്കാർ അംഗീകരിച്ചു. ആലുവയിലെ 190 എം.എൽ.ഡി പ്ലാന്റിന് ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

കൊച്ചി കോർപ്പറേഷനിൽ ആദ്യഘട്ടമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിക്കലും, വിപുലപ്പെടുത്തലും പ്രവൃത്തിയുടെ ദർഘാസ് കേരള സർക്കാർ അംഗീകരിച്ചതിനെത്തുടർന്ന് കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ടിനായി, ഇന്ത്യയും (Department of Economic Affairs DEA) ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കും ("എഡിബി") തമ്മിൽ 22-05-2025-ൽ വായ്പാ കരാർ (Loan Agreement) ഒപ്പുവച്ചു. 22-05-2025 -ൽ നടന്ന പദ്ധതി കരാറിൽ Project Agreement) ഒരു വശത്ത് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കും ("എഡിബി") മറുവശത്ത് കേരള സംസ്ഥാനവും, കേരള ജല അതോറിറ്റിയും ഒപ്പുവച്ചു.

21-06-2025-ൽ 'കൊച്ചിയിലെ ജലവിതരണ സംവിധാന പ്രവർത്തനങ്ങളും പരിപാലനവും സിസ്റ്റം അപ്ഗ്രേഡും' എന്ന പ്രവൃത്തിക്കുള്ള കരാർ, കെ.ഡബ്ല്യു.എ. കൊച്ചി പി.എച്ച്. സർക്കിൾ സൂപ്രണ്ടിങ് എഞ്ചിനീയർ, L1 കരാറുകാരൻ M/s Suez Project Pvt Ltd-മായി ഒപ്പുവച്ചു. 05-07-2025-ൽ LISU കൺസൾട്ടന്റിനായുള്ള കരാർ പ്രോജക്ട് ഡയറക്ടർ (മാനേജിങ് ഡയറക്ടർ, കെ.ഡബ്ല്യു.എ.) M/s GKW Consult Gmbh-മായി ചേർന്ന് നടപ്പിലാക്കി.

**ചാത്തന്നൂർ മണ്ഡലത്തിലെ കല്ലുവാതുക്കൽ കുടിവെള്ള പദ്ധതി**

325 (1176) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ കല്ലുവാതുക്കൽ കുടിവെള്ള പദ്ധതിയിൽ നാളിതുവരെ പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കല്ലുവാതുക്കൽ പഞ്ചായത്തിൽ പി.എച്ച്. ഡിവിഷൻ കൊല്ലത്തിന്റെ 25 പ്രൊജക്ടുകളും, പ്രൊജക്ട് ഡിവിഷൻ കൊല്ലത്തിന്റെ രണ്ട് പ്രവൃത്തികളുമാണ് പ്രധാനമായും ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. ഇതിൽ പി.എച്ച്. ഡിവിഷൻ കൊല്ലത്തിന്റെ കീഴിലുള്ള പ്രോജക്ടുകളിൽ 24 എണ്ണം പൂർത്തീകരിച്ചവയാണ്. ബാക്കിയുള്ള ഒരു പ്രവൃത്തി പ്രോജക്ട് ഡിവിഷൻ മുഖാന്തരം ചെയ്ത കിഫ്ബി പദ്ധതി നിലവിൽ വന്നതിനാൽ ഉപേക്ഷിച്ചു. പ്രോജക്ട് ഡിവിഷൻ കൊല്ലത്തിന്റെ കീഴിൽ കിഫ്ബി സാമ്പത്തിക സഹായത്താൽ നിർവഹിക്കപ്പെടുന്ന കുടിവെള്ള ഉൽപാദന പ്രവൃത്തിയിൽ അടുതല പാലത്തിന് സമീപമുള്ള കിണറിന്റെയും അനുബന്ധ ജലവാഹക കുഴലിന്റെയും പ്രവൃത്തി, കാട്ടുപുറത്തു സ്ഥാപിതമായ 7.5 ദശലക്ഷം ഉൽപാദന ശേഷിയുള്ള ജലശുദ്ധീകരണ ശാലയുടെ സ്ഥാപന പ്രവൃത്തി,

അടുതലയിൽ ഇത്തിക്കര ആറിന് കുറുകെ നിലവിലുണ്ടായിരുന്ന തടയണയുടെ ശാക്തീകരണ പ്രവൃത്തി, കാട്ടുപുറം ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം, ജലശുദ്ധീകരണശാലയിൽ നിന്നും കല്ലുവാതുക്കൽ ജലസംഭരണി വരെയുള്ള ജലവാഹക കുഴലിന്റെ സ്ഥാപനം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

രണ്ടാമത്തെ പ്രവൃത്തിയായ കുടിവെള്ള വിതരണ ശൃംഖലയുടെ വിപുലീകരണവും ഗാർഹിക കണക്ഷനുകളുടെ നൽകലും ഉൾപ്പെടുന്ന പ്രവൃത്തി ജലജീവൻ മിഷൻ വഴിയും നടത്തപ്പെട്ടുവരുന്നു. പ്രസ്തുത പ്രവൃത്തിയിൽ നാളിതുവരെ 5664 ഗാർഹിക കണക്ഷനുകളും 212.14 KM ജലവിതരണ ശൃംഖലയും സ്ഥാപിച്ചുകഴിഞ്ഞു.

(ബി) പ്രസ്തുത കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം പ്രവൃത്തികൾ അവശേഷിക്കുന്നുണ്ടെന്നും ആയത് എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

കിഫ്ബി സാമ്പത്തിക സഹായത്താൽ ക്രമീകരിച്ചിട്ടുള്ള പ്രവൃത്തികളിൽ ഇത്തിക്കര ആറിന് കുറുകെ മണ്ണയത്ത് നിർമ്മിക്കപ്പെടുന്ന തടയണയുടെ 20 ശതമാനം പ്രവൃത്തികൾ അവശേഷിക്കുന്നു. ആയത് 2025 ഡിസംബറോടുകൂടി

പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ജലജീവൻ മിഷനിലുൾപ്പെടുത്തി ക്രമീകരിച്ചിട്ടുള്ള പ്രവൃത്തിയിൽ 3979 ഗാർഹിക കണക്ഷനുകളും 57.67 കി.മീ ജലവിതരണ കുഴലുകളും സ്ഥാപിക്കേണ്ടത് പൊതുമരാമത്ത് നിരത്തുകളിലായതിനാൽ അവയുടെ അനുമതി പുനരുദ്ധാരണ ചെലവ് ഒടുക്കുന്ന മുറയ്ക്ക് മാത്രമേ ലഭ്യമാകൂ. ബാക്കിയുള്ള പ്രവൃത്തികൾ 2027 മാർച്ചോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ?

കിഫ്ബി പദ്ധതി 2026 ജനുവരി മാസത്തിലും ജലജീവൻ മിഷൻ പദ്ധതി 2027 മാർച്ചിനകവും പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കേരള വാട്ടർ അതോറിറ്റി വഴിയുള്ള പദ്ധതികൾ**

326 (1177) ശ്രീ. എം. രാജഗോപാലൻ:താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ജലത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും ജലജന്യരോഗങ്ങൾ ഒഴിവാക്കുന്നതിനുമായി കേരള വാട്ടർ അതോറിറ്റിവഴി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലം ഉപഭോക്താക്കളിലേക്ക് എത്തുമ്പോൾ അതിൽ ആവശ്യമായ അളവിൽ ക്ലോറിനുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി വിവിധ ഘട്ടങ്ങളിൽ "Residual chlorine" പരിശോധന നടത്തിവരുന്നു. ജലശുദ്ധീകരണ ശാലകളും സംഭരണ ടാങ്കുകളും മറ്റ് അനുബന്ധ ഘടകങ്ങളും നിശ്ചിത ഇടവേളകളിൽ വൃത്തിയാക്കുന്നുണ്ട്. ഇതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് രീതികൾ ചിട്ടപ്പെടുത്തിയിട്ടുമുണ്ട്. പൈപ്പ്ലൈൻ ചോർച്ചകൾ സമയബന്ധിതമായി കണ്ടെത്തുവാനും പരിഹരിക്കാനും ബ്ലൂ ബ്രിഗേഡ്/റണ്ണിങ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാലപ്പഴക്കംചെന്ന പൈപ്പ്ലൈനുകൾ വിവിധങ്ങളായ പദ്ധതികളിലുൾപ്പെടുത്തി മാറ്റിസ്ഥാപിച്ച് വരുന്നുണ്ട്. ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ NABL അംഗീകൃത ടെസ്റ്റിങ് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ജലജന്യരോഗങ്ങൾ ഒഴിവാക്കുന്നതിലേക്കായി നെട്ടൂർ കേരള ജല അതോറിറ്റി സ്റ്റേറ്റ് റഫറൻസ്

ഇൻസ്റ്റിറ്റ്യൂട്ടിന് കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം ജല അതോറിറ്റി മുഖേന വിതരണം ചെയ്യുന്ന ജലത്തിന്റെ സ്രോതസ്സുകളായ നദികൾ, പുഴകൾ, കായലുകൾ എന്നിവിടങ്ങളിൽ നിന്നും നിശ്ചിത ഇടവേളകളിൽ ജലം ശേഖരിച്ച് 14 ജില്ലകളിലേയും ജില്ലാ ലാബുകളിൽ ഇവയിലെ ഭൗതിക, രാസ, ജൈവിക പരിശോധനകൾ നടത്തിവരുന്നുണ്ട്. കൂടാതെ കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ മറ്റ് സ്രോതസ്സുകളായ കിണറുകളിലെയും മറ്റും ജലവും പരിശോധിച്ചുവരുന്നുണ്ട്. കൂടാതെ മൺസൂണിന് മുൻപും ശേഷവും ജലശുദ്ധീകരണ ശാലയുമായി ബന്ധപ്പെട്ടിട്ടുള്ള ഇൻടേക്ക് പോയിന്റിൽ നിന്നും ജലം ശേഖരിച്ച് നെട്ടൂരിലുള്ള സ്റ്റേറ്റ് റഫറൻസ് ഇൻസ്റ്റിറ്റ്യൂട്ടിൽ പെസ്റ്റിസൈഡ് വിഭാഗത്തിൽ 7 ഘടകങ്ങളും ഹെവി മെറ്റൽ വിഭാഗത്തിൽ 11 ഘടകങ്ങളും മറ്റു വിഭാഗങ്ങളിലായി 25 ഘടകങ്ങളും കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം അറിയുന്നതിന് മൈക്രോബയോളജി ടെസ്റ്റുകളും നടത്തിവരുന്നുണ്ട്. ഭൗതിക/രാസ/ജൈവ ഘടകങ്ങൾ അനുവദനീയമായ പരിധിക്കപ്പുറം വരുകയാണെങ്കിലും മറ്റുരീതികളിലുള്ള മലിനീകരണം ശ്രദ്ധയിൽപ്പെടുകയാണെങ്കിലും മലിനീകരണ നിയന്ത്രണ ബോർഡിനേയും മറ്റ് ബന്ധപ്പെട്ട അധികാരികളേയും അറിയിച്ച് ആവശ്യമായ നടപടികൾ

സ്വീകരിച്ചുവരുന്നു. ശുദ്ധീകരിച്ച വെള്ളം ടാങ്കർ ലോറികളിലൂടെ ലഭ്യമാക്കുന്നതിനായി വെന്റിങ് പോയിന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ആവശ്യമായ സമയങ്ങളിൽ സ്രോതസ്സുകളിൽ സൂപ്പർ ക്ലോറിനേഷൻ നടത്താറുണ്ട്.

**കുടിവെള്ള ചാർജ് വർധിപ്പിക്കുന്ന നടപടി**

327 (1178) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ:താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് കൂടാതെ കെട്ടിടത്തിന്റെ പ്രത്യേകതകൂടി പരിഗണിച്ച് ശുദ്ധജലത്തിന്റെ താരിഫ് കണക്കാക്കാൻ ജല അതോറിറ്റി തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഒരു തീരുമാനം കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(ബി) മേല്പറഞ്ഞ പ്രകാരം താരിഫ് നിശ്ചയിക്കുമ്പോൾ കുടിവെള്ള ചാർജിൽ വലിയ വർധനവ് ഉണ്ടാകുന്നത് സാധാരണക്കാരെ ദോഷകരമായി ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) തുടർച്ചയായ കുടിവെള്ള ചാർജ് വർധനവിൽ പ്രതിസന്ധി അനുഭവിക്കുന്ന ജനങ്ങൾക്ക് കൂടുതൽ ഭാരം നൽകുന്ന പ്രസ്തുത പരിഷ്കരണത്തിൽ നിന്ന് പിന്മാറുവാൻ സർക്കാർ തയ്യാറാകുമോ വിശദാംശം വ്യക്തമാക്കുമോ?

(എ-സി) കെട്ടിടത്തിന്റെ പ്രത്യേകത (ഓടിട്ട കെട്ടിടങ്ങൾ, വാർക്ക കെട്ടിടങ്ങൾ, പുതിയ കെട്ടിടങ്ങൾ, പഴയ കെട്ടിടങ്ങൾ തുടങ്ങിയ) പരിഗണിച്ച് ശുദ്ധജലത്തിന്റെ താരിഫ് കണക്കാക്കാൻ ജല അതോറിറ്റി തീരുമാനിച്ചിട്ടില്ല.

**ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൊളിച്ച റോഡുകളുടെ പുനഃസ്ഥാപനം**

328 (1179) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൊളിച്ച പൊതുമരാമത്ത് റോഡുകളുടെ പുനഃസ്ഥാപന പ്രവൃത്തികൾക്കാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

റോഡ് റെസ്റ്റോറേഷന് ആവശ്യമായ തുക മുൻകൂറായി പൊതുമരാമത്ത് വകുപ്പിലേക്ക് അടവാക്കിയതിനുശേഷം മാത്രമാണ് കേരള വാട്ടർ അതോറിറ്റിക്ക് പൈപ്പുകൾ സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കാറുള്ളത്. അതിനുശേഷമാണ് പൊതുമരാമത്ത് റോഡുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നത്.

(ബി) ആമ്പല്ലൂർ-പാലപ്പിള്ളി റോഡ്, തൃശ്ശൂർ-മണലി റോഡ് ഉൾപ്പടെയുള്ള പൊതുമരാമത്ത് റോഡുകളുടെ പുനഃസ്ഥാപന പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനും റോഡുകളുടെ നവീകരണ പ്രവൃത്തികൾക്ക് തടസ്സം വരാതെ പുനഃസ്ഥാപന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

അളകപ്പ നഗർ ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് അമ്പല്ലൂർ-പാലപ്പിള്ളി പൊതുമരാമത്ത് റോഡിൽ പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയുടെ കരാറിൽ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തി ഉൾപ്പെട്ടിട്ടുള്ളതാണ്. കരാറുകാരന് കുടിശ്ശികയുള്ള ബിൽ തുകകൾ കിട്ടാതെ പ്രവൃത്തി ചെയ്യുന്നതിന് സാധിക്കുകയില്ലെന്ന് അറിയിച്ചിരുന്നു. തുടർന്ന് 24-06-2025-ൽ പ്രീ ടെർമിനേഷൻ നോട്ടീസും 22-08-2025-ൽ ഫൈനൽ ടെർമിനേഷൻ നോട്ടീസും കരാറുകാരന് നൽകിയിട്ടുള്ളതാണ്. നിലവിൽ കരാറുകാരൻ കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്.

30-06-2025-ൽ സബ് കളക്ടറുടെ അധ്യക്ഷതയിൽ കൂടിയ ജില്ല ഇൻഫ്രാസ്ട്രക്ച്ചർ കോർഡിനേഷൻ കമ്മിറ്റി (DICC) യോഗത്തിൽ ആമ്പല്ലൂർ പാലപ്പിള്ളി റോഡിൽ വാട്ടർ അതോറിറ്റി പ്രവൃത്തികൾ നിർവഹിക്കുന്നതിന്

വാട്ടർ അതോറിറ്റി കരാറുകാരൻ സന്നദ്ധതനല്ലാത്തതിനാൽ നിലവിൽ കട്ട് ചെയ്ത ഭാഗത്തിന്റെ റെസ്റ്റോറേഷൻ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റിക്ക് നൽകാൻ പൊതുമരാമത്ത് വകുപ്പിനോട് നിർദ്ദേശിച്ചു. 3150 മീറ്റർ നീളം റോഡ് റെസ്റ്റോറേഷൻ ചെയ്യുന്നതിന് 60,55,000/- രൂപ അടവാക്കുന്നതിനുള്ള പി.ഡബ്ല്യു.ഡി.-യുടെ ഡിമാൻഡ് നോട്ടും എസ്റ്റിമേറ്റും കേരള വാട്ടർ അതോറിറ്റിയിൽ ലഭിച്ചിട്ടുണ്ട്. നിലവിൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഫണ്ട് ലഭ്യതക്കുറവുണ്ട്.

ആമ്പല്ലൂർ പാലപ്പള്ളി റോഡിൽ പൈപ്പ് സ്ഥാപിക്കുന്നതിനുവേണ്ടി റോഡ് പൊളിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനായി 52,328/- രൂപയുടെ ബാങ്ക്ഗാരന്റി സമർപ്പിക്കുന്നതിന് പി.ഡബ്ല്യു.ഡി. ആവശ്യപ്പെട്ടിരുന്നെങ്കിലും സംയുക്ത പരിശോധന റിപ്പോർട്ട് ബാങ്ക്ഗാരന്റിയോടൊപ്പം ലഭ്യമല്ലെന്ന കാരണത്താൽ ബാങ്ക്ഗാരന്റി നിരസിച്ചതിനെത്തുടർന്ന് ഈ റോഡിൽ ഇതുവരെ പൈപ്പുകൾ സ്ഥാപിച്ചിട്ടില്ല.

തൃക്കുർ മണലി റോഡിൽ പൈപ്പ് സ്ഥാപിക്കുന്നത് കേരള വാട്ടർ അതോറിറ്റിയാണ്. എന്നാൽ ഈ കരാർ ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി

നിർത്തിവച്ചിരിക്കുകയും, ടെർമിനേഷൻ നടപടികൾക്കെതിരെ കോടതി വിധി നേടുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ റോഡിലെ റെസ്റ്റോറേഷൻ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിനോട് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പ്രവൃത്തിക്കുവേണ്ടി 9,20,000/- രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഫണ്ട് ലഭ്യതക്കുറവുണ്ട്.

**പേപ്പാറ ഡാമിന്റെ സംഭരണശേഷി**

329 (1180) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേപ്പാറ ഡാമിന്റെ സംഭരണശേഷി 110.5 മീറ്ററിലേക്ക് ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇതിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

പേപ്പാറ ഡാമിന്റെ സംഭരണശേഷി 110.5 മീറ്ററിലേക്ക് ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംഭരണശേഷി ഉയർത്തുന്നതിന് കേന്ദ്ര

പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ അനുമതി നേടേണ്ടതുണ്ട്. ഇതിനായി പരിവേഷ് പോർട്ടലിൽ അപേക്ഷ സമർപ്പിക്കുകയും, പരിവേഷ് പോർട്ടലിൽ നിന്നും അധിക വിവരങ്ങൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശം പൂർണ്ണമായി സർവെ ചെയ്തതിന്റെ വിശദാംശങ്ങളും, അധികമായി മുങ്ങുന്ന പ്രദേശത്തിന്റെ വിസ്തൃതി കണക്കാക്കി സ്കെച്ചുകൾ ഉൾപ്പെടെ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും തയ്യാറാക്കുകയും ചെയ്തു. എന്നാൽ പരിവേഷ് പോർട്ടലിലെ സാങ്കേതിക പ്രശ്നം കാരണം അപേക്ഷ തുടർന്ന് സമർപ്പിക്കാൻ സാധിച്ചില്ല. നിലവിലെ പ്രസ്തുത വിഷയം സംസ്ഥാന വനം വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) മേൽ വിഷയത്തിൽ വനം വകുപ്പ് എതിർപ്പ് അറിയിച്ചിട്ടുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കുമോ?

പേപ്പാറ ഡാമിന്റെ സംഭരണശേഷി ഉയർത്തുന്ന വിഷയത്തിൽ വനം വകുപ്പ് എതിർപ്പൊന്നും അറിയിച്ചിട്ടില്ല. എന്നാൽ സെറ്റിൽമെന്റ് പ്രദേശങ്ങളിലേക്ക് വെള്ളം കയറുന്നതുമായി ബന്ധപ്പെട്ട് കൂടുതൽ വിശദീകരണം വനം വകുപ്പ് ആവശ്യപ്പെടുകയും അതിന്റെ വിശദാംശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(സി) വനം വകുപ്പ് ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾ ഏത് രീതിയിൽ പരിഹരിക്കാൻ സാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വനം വകുപ്പ് ചൂണ്ടിക്കാണിച്ച പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശം പൂർണ്ണമായി സർവെ ചെയ്തതിന്റെ വിശദാംശങ്ങളും, അധികമായി മുങ്ങുന്ന പ്രദേശത്തിന്റെ വിസ്തൃതി കണക്കാക്കി സ്കെച്ചുകൾ ഉൾപ്പെടെ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും തയ്യാറാക്കുകയും ചെയ്തു. എന്നാൽ പരിവേഷ് പോർട്ടലിലെ സാങ്കേതിക പ്രശ്നം കാരണം അപേക്ഷ തുടർന്ന് സമർപ്പിക്കാൻ സാധിച്ചില്ല. നിലവിലെ പ്രസ്തുത വിഷയം സംസ്ഥാന വനം വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഡാമിന്റെ സംഭരണശേഷി ഉയർത്തുന്നതിലൂടെ ശുദ്ധജലവിതരണത്തിൽ എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഡാമിന്റെ സംഭരണശേഷി വർധിപ്പിക്കുന്നതിലൂടെ 17.4 മില്യൺ ക്യൂബിക് മീറ്റർ അധിക ജലം സംഭരിക്കാൻ സാധിക്കും. ഇതുവഴി തിരുവനന്തപുരം

നഗരത്തിൽ കൂടുതൽ ശുദ്ധജലം എത്തിക്കാനും, വേനൽ കാലങ്ങളിൽ നഗരത്തിലെ ശുദ്ധജലക്ഷാമം കാര്യക്ഷമമായി നേരിടാനും കഴിയുന്നതാണ്.

**സൗജന്യ കുടിവെള്ള വിതരണം**

330 (1181) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ വിഭാഗങ്ങൾക്ക് സൗജന്യമായി കുടിവെള്ള വിതരണം നടത്തുന്നതിന് പ്രതിമാസം എത്ര തുകയാണ് ജല അതോറിറ്റിക്ക് ചെലവ് വരുന്നതെന്ന് വ്യക്തമാക്കുമോ?

മുൻഗണനാ വിഭാഗങ്ങൾക്ക് സൗജന്യമായി കുടിവെള്ള വിതരണം നടത്തിയതിന് 2024-ൽ ശരാശരി 7.86 കോടി രൂപയാണ് പ്രതിമാസം ചെലവായത്.

(ബി) ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കിയതോടെ സൗജന്യ ഉപഭോക്താക്കളുടെ എണ്ണം വർധിച്ചിട്ടുണ്ടോ; മുൻകാലങ്ങളിൽ നിന്നും എത്ര തുക അധികമായി ഈയിനത്തിൽ ചെലവഴിക്കേണ്ടിവരുന്നു; വ്യക്തമാക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കിയതോടെ സൗജന്യ ഉപഭോക്താക്കളുടെ എണ്ണം വർധിച്ചിട്ടുണ്ട്.

| വർഷം | BPL സബ്സിഡി നൽകിയ ഇനത്തിൽ ചെലവഴിക്കേണ്ടി വന്ന തുക (കോടിയിൽ) | മുൻ വർഷത്തേക്കാൾ അധികമായി ചെലവഴിക്കേണ്ടി വന്ന തുക (കോടിയിൽ) |
|---|---|---|
| 2021 | 12.90 | ----- |
| 2022 | 16.40 | 3.49 |
| 2023 | 57.30 | 40.90 |
| 2024 | 94.28 | 36.98 |

(സി) സംസ്ഥാന ബജറ്റിൽ ഈയിനത്തിലുള്ള ചെലവിനായി തുക വകയിരുത്തിയിട്ടുണ്ടോ; അല്ലെങ്കിൽ ഇതിനായി എന്തെങ്കിലും ഗ്രാന്റ് അനുവദിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) സൗജന്യ കുടിവെള്ള വിതരണത്തിനായി നിലവിൽ ജല അതോറിറ്റിക്കുള്ള ചെലവ് എപ്രകാരമാണ് കണ്ടെത്തുന്നതെന്ന് വിശദമാക്കുമോ; തുക അപര്യാപ്തമെങ്കിൽ ഇതിനായി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

(സി&ഡി) സംസ്ഥാന ബജറ്റിൽ ഈയിനത്തിലുള്ള ചെലവിനായി തുക വകയിരുത്തിയിട്ടില്ല. ഇതിനായി ഗ്രാന്റ് അനുവദിക്കുന്നില്ല. ബി.പി.എൽ. ഉപഭോക്താക്കൾക്ക് 2008 മുതൽ 2024 (05/24 വരെ) വരെ സബ്സിഡി ഇനത്തിൽ നൽകിയ 123.88 കോടി രൂപ, വാട്ടർ അതോറിറ്റി KSEBL-ന് വൈദ്യുതി കുടിശ്ശികയായി നൽകേണ്ട 2068 കോടി രൂപയിൽ നിന്നും കുറവ് ചെയ്തനൽകുന്നത് പരിഗണിക്കാവുന്നതാണെന്ന് WS-B2/94/2024-WRD കത്ത് പ്രകാരം സർക്കാർ കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. സൗജന്യ കുടിവെള്ള വിതരണത്തിനായി നിലവിൽ ജല അതോറിറ്റിക്കുള്ള ചെലവ് ജല വിതരണത്തിന്റെ റവന്യൂ വരുമാനത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്.

**വാട്ടർ അതോറിറ്റിയിലെ നിയമനങ്ങൾ**

331 (1182) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള ഓഫീസ് അറ്റൻഡന്റ്, വാച്ച്മാൻ, ലാസ്കർ മുതലായ ലാസ്റ്റ് ഗ്രേഡ് തസ്തികകളിലെ ഒഴിവുകൾ

പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഓഫീസ് അറ്റൻഡന്റ്, വാച്ച്മാൻ, ലാസ്കർ എന്നീ തസ്തികകളിലെ നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റിയിൽ സ്വീകരിച്ചുവരുന്നു.

(ബി) വാട്ടർ അതോറിറ്റിയിലെ ലാസ്റ്റ് ഗ്രേഡ് തസ്തികകൾ ഇല്ലാതാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

വൈജ്ഞാനിക ഭരണനിർവഹണത്തിന്റെ ഭാഗമായി കാലഹരണപ്പെട്ട തസ്തികകളെ പരിവർത്തനം ചെയ്ത് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ പ്രൊപ്പോസലിൽ ലാസ്റ്റ് ഗ്രേഡ് തസ്തികകളും പരിവർത്തനം ചെയ്യുന്നതിനായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടം എന്ന നിലയിൽ 39 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ പരിവർത്തനം ചെയ്ത് 34 മീറ്റർ റീഡർ തസ്തികകൾ സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രൊപ്പോസലിലെ മറ്റ് വസ്തുതകളിന്മേൽ വിശദമായ work study-യുടെ അടിസ്ഥാനത്തിൽ നിശ്ചിത മാതൃകയിലുള്ള

manpower statement സഹിതം മറ്റ് തസ്തികകൾ പുനഃനിർണ്ണയിക്കുന്നതിനുള്ള ശിപാർശ ലഭ്യമാക്കുവാൻ കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(സി) വാട്ടർ അതോറിറ്റിയിൽ ഓഫീസ് അസിസ്റ്റന്റ്, വാച്ച്മാൻ, ലാസ്കർ, അസിസ്റ്റന്റ് തുടങ്ങിയ വിവിധ തസ്തികകളിൽ ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയ നിയമനങ്ങളുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

ഓഫീസ് അറ്റൻന്റ് - 337

വാച്ച്മാൻ – 182

ലാസ്കർ – 90

**കുടിവെള്ള പദ്ധതിക്കായി മുറിച്ച റോഡുകളുടെ റെസ്റ്റോറേഷൻ**

332 (1183) ശ്രീ. എ. പ്രഭാകരൻ:താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി റോഡ് കട്ടിങ് നടത്തിയ പാലക്കാട്-മലമ്പുഴ റോഡ്, ഒലവക്കോട്-മലമ്പുഴ റോഡ് എന്നിവ പുനഃസ്ഥാപിച്ച് പൂർവസ്ഥിതിയിലാക്കാൻ വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി റോഡ് കട്ടിങ് നടത്തിയ പാലക്കാട് -മലമ്പുഴ റോഡിന്റെ റെസ്റ്റോറേഷൻ പ്രവൃത്തിയുടെ ഭാഗമായി ഇനിഷ്യൽ ലെവൽ എടുക്കുന്ന പ്രവൃത്തി നടന്നുവരുന്നു. ഒലവക്കോട്-മലമ്പുഴ റോഡിൽ GSB, WMM ഇടുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഇനി ടാറിങ് പ്രവൃത്തി ബാക്കിയുണ്ട്.

(ബി) ഈ രണ്ട് റോഡുകളും പുനഃസ്ഥാപിക്കുന്നതിനായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് അറിയിക്കാമോ?

ഈ രണ്ട് റോഡുകളുടെ റെസ്റ്റോറേഷനായി 1,45,88,766.50/- രൂപ എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**വാട്ടർ അതോറിറ്റിക്ക് നിലവിൽ കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശം**

333 (1184) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിക്ക് നിലവിൽ കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശം തരംതിരിച്ച് വ്യക്തമാക്കുമോ?

കേരള ജല അതോറിറ്റിക്ക് വാട്ടർ ചാർജിനത്തിൽ 31-07-2025-ലെ ഡി.സി.ബി. പ്രകാരമുള്ള കുടിശ്ശിക താഴെ പറയുംപ്രകാരമാണ്.

1. ഗാർഹികം: 324.63 കോടി രൂപ

2. ഗാർഹികേതരം: 191.89 കോടി രൂപ

3. വ്യാവസായികം: 3.42 കോടി രൂപ

4. സ്പെഷ്യൽ : 4.87 കോടി രൂപ

5. മറ്റിനങ്ങൾ : 138.48 കോടി രൂപ

6. എൽ.എസ്.ജി.ഡി. (പൊതു ടാപ്പുകൾ): 588.98 കോടി രൂപ

ആകെ : 1252.27 കോടി രൂപ

(ബി) എത്ര ലക്ഷം ഗാർഹിക പൈപ്പ് കണക്ഷനുകളാണുള്ളതെന്നും അതിൽ പ്രവർത്തനരഹിതമായ മീറ്ററുകളുടെ എണ്ണം എത്രയെന്നും ഇതുമൂലം ജല അതോറിറ്റിക്ക് എത്ര വരുമാന നഷ്ടം ഉണ്ടാകുന്നുവെന്നും വ്യക്തമാക്കുമോ?

ജൂലൈ 2025-ലെ ഡി.സി.ബി. പ്രകാരം ആകെ ഗാർഹിക കണക്ഷനുകളുടെ എണ്ണം: 43,71,535.

കേടായ മീറ്ററുകളുടെ എണ്ണം: 16,480

മീറ്ററുകൾ പ്രവർത്തിക്കാത്തതുകാരണം നിയമാനുസൃതമായ സർചാർജ് ഈടാക്കുന്നതിനാൽ വാട്ടർ അതോറിറ്റിക്ക് പ്രകടമായ നഷ്ടം ഉണ്ടാകുന്നില്ല. ഒരു വാട്ടർ മീറ്റർ പ്രവർത്തനരഹിതമായാൽ മുൻ ആവറേജ് പ്രകാരമാണ് ബില്ല് ചെയ്യുന്നത്. മീറ്ററുകൾ പ്രവർത്തനരഹിതമാകുമ്പോൾ മുൻമാസത്തെ റീഡിങ് അനുസരിച്ചുള്ള തുകയാണ് വാട്ടർ ചാർജായി കണക്കാക്കുന്നത്. അതോടൊപ്പം ആദ്യ രണ്ടു മാസം ജല ഉപഭോഗത്തിന്റെ മുൻ ശരാശരി പ്രകാരമുള്ള വാട്ടർ ചാർജിന്റെ 25 ശതമാനവും അതുകഴിഞ്ഞുള്ള രണ്ട് മാസങ്ങളിൽ 50 ശതമാനവും ആറ് മാസം കഴിഞ്ഞാൽ 100 ശതമാനവും സർചാർജായി ഈടാക്കുന്നുണ്ട്. ഇപ്രകാരം 100 ശതമാനം സർചാർജ് ഈടാക്കുന്നതിനാൽ ഗാർഹിക വിഭാഗം കണക്ഷനുകളിലെ മീറ്ററുകൾ പ്രവർത്തനരഹിതമായാലും കാര്യമായ നഷ്ടം വരുന്നില്ല. മീറ്റർ ഫോൾട്ടി ആണെന്ന് കണ്ടെത്തിയാൽ കേടായ വാട്ടർമീറ്റർ മാറ്റി സ്ഥാപിക്കുന്നതിനായി ഉപഭോക്താവിന് നോട്ടീസ് നൽകുന്നു. മൂന്ന് മാസത്തിനുശേഷവും കേടായ വാട്ടർമീറ്റർ മാറ്റി സ്ഥാപിക്കാത്ത ഉപഭോക്താക്കളുടെ കണക്ഷനുകൾ വിച്ഛേദിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അണ്ടർ വാട്ടർ ലീക്ക്, ഗാർഹിക കണക്ഷനുകളിലെ ചോർച്ച എന്നിവ കാരണം വിതരണത്തിനായുള്ള വെള്ളത്തിന്റെ എത്ര ശതമാനം

കണക്കിൽപ്പെടാതെ പ്രതിദിനം നഷ്ടപ്പെടുന്നുവെന്ന് അറിയിക്കാമോ; ഇതുമൂലം ജല അതോറിറ്റിക്ക് എത്ര തുകയുടെ നഷ്ടമുണ്ടാകുന്നുവെന്നും വ്യക്തമാക്കുമോ?

കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ 35 - 40 ശതമാനത്തോളം വരുമാനരഹിത ജലമായാണ് കണക്കാക്കുന്നത്. ഇതിൽ പൈപ്പുകളിലൂടെയും മറ്റുമുള്ള ചോർച്ച കാരണം ഉണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം) മീറ്റർ തകരാർ, മോഷണം തുടങ്ങിയ കാരണങ്ങളാൽ ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്തുവാൻ കഴിയാത്തതുമൂലമുള്ള നഷ്ടവും (വാണിജ്യ നഷ്ടം) ഉൾപ്പെടുന്നു. വരുമാനരഹിത ജലത്തിന്റെ അളവ് കുറയ്ക്കുന്നതിന്റെ ആദ്യപടിയായി ജലനഷ്ടം കൃത്യമായി കണക്കാക്കേണ്ടതുണ്ട്. ആയതിനായി ഉൽപാദന കേന്ദ്രങ്ങളിലും പ്രധാന വിതരണ ലൈനുകളിലും ബൾക്ക് വാട്ടർ മീറ്ററുകൾ സ്ഥാപിക്കേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ ഘട്ടംഘട്ടമായി മാത്രമേ നടപ്പിലാക്കാൻ കഴിയൂ. വരുമാനരഹിത ജലത്തിന്റെ അളവ് കൃത്യമായി അറിയാത്തതിനാൽത്തന്നെ അതുമൂലമുള്ള നഷ്ടവും കൃത്യമായി കണ്ടെത്താൻ സാധിക്കില്ല.

(ഡി) ജല അതോറിറ്റി നിലവിൽ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

കേരളാ വാട്ടർ അതോറിറ്റി അതിന്റെ ആരംഭകാലം മുതൽ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിന് ഒരു പരിധി വരെ സഹായകരമാകുന്നത്. സർക്കാർ അംഗീകരിക്കുന്ന താരിഫ് അനുസരിച്ച് ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന വാട്ടർ ചാർജാണ് ജല അതോറിറ്റിയുടെ പ്രധാന വരുമാന മാർഗം. ജലശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചെലവിനേക്കാൾ കുറഞ്ഞ തുകയ്ക്ക് ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് കേരളാ വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതിയെ ബാധിക്കുന്നു.

കേരളാ വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നത് വാട്ടർ സപ്ലൈ റെഗുലേഷൻ ആക്ട് 1986 (1986 ലെ ആക്ട് 14) പ്രകാരമാണ്. ആക്ടിലെ വ്യവസ്ഥകളനുസരിച്ച് കുടിവെള്ള ചാർജ് ഫിക്സ് ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിക്ക് ലാഭമോ നഷ്ടമോ ഇല്ലാത്ത രീതിയിൽ ആയിരിക്കണമെന്നുണ്ട്. ആക്ടിലെ സെക്ഷൻ 15 സബ്സെക്ഷൻ (iii) അനുസരിച്ച് ഗവൺമെന്റിന്റെ അനുമതിയില്ലാതെ കേരള വാട്ടർ അതോറിറ്റിക്ക് വാട്ടർ താരിഫ് പുതുക്കുവാൻ സാധിക്കുകയില്ല. വർഷാവർഷം വർധിച്ചുവരുന്ന ശമ്പളം, പെൻഷൻ,

വൈദ്യുതി ചെലവ്, അറ്റകുറ്റപണികളുടെ ചെലവ്, വായ്പാ തിരിച്ചടവ് (പലിശ ഉൾപ്പടെ) എന്നിവയ്ക്ക് അനുസൃതമായി കുടിവെള്ള ചാർജിൽ വർധനവ് ഉണ്ടാകുന്നില്ല. ഇവയെല്ലാം കേരളാ വാട്ടർ അതോറിറ്റി നഷ്ടത്തിലാകുവാൻ കാരണമാകുന്നു. കേരള വാട്ടർ അതോറിറ്റിയുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രൊവിഷണൽ കണക്ക് പ്രകാരം നിലവിൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത വർഷത്തെ ആകെ നഷ്ടം 317.63 കോടി രൂപയും സഞ്ചിത നഷ്ടം 7156.76 കോടി രൂപയുമാണ്.

**വെള്ളക്കര കുടിശിക**

334 (1185) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിക്ക് വെള്ളക്കര കുടിശ്ശിക ഇനത്തിൽ വൻതുക നൽകുവാനുള്ള സർക്കാർ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രൈവറ്റ് സ്ഥാപനങ്ങളുടെയും സ്വകാര്യ വ്യക്തികളുടെയും വിശദാംശങ്ങൾ കുടിശ്ശിക തുക സഹിതം വ്യക്തമാക്കുമോ?

ജല അതോറിറ്റിക്ക് വാട്ടർ ചാർജ് കുടിശ്ശിക ഇനത്തിൽ വൻതുക നൽകുവാനുള്ള (പത്തു ലക്ഷം രൂപയിൽ കൂടുതൽ കുടിശ്ശികയുള്ളത്) സർക്കാർ സ്ഥാപനങ്ങളുടെയും, സ്വകാര്യ വ്യക്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) വെള്ളക്കര കുടിശ്ശിക ഇനത്തിൽ ജലഅതോറിറ്റിക്ക് ആകെ എത്ര തുകയാണ് ലഭിക്കാനുള്ളത്; പ്രസ്തുത തുക തിരികെ പിടിക്കുന്നതിന് ഈ സർക്കാരിന്റെ കാലയളവിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

07/2025-ലെ ഡി.സി.ബി. പ്രകാരം ജലഅതോറിറ്റിക്ക് വാട്ടർ ചാർജ് ഇനത്തിൽ ആകെ 1252.27 കോടി രൂപ കുടിശ്ശികയായുണ്ട്. വാട്ടർ ചാർജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ശക്തമായ പല നടപടികളും വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. കൃത്യമായി ബില്ല് അടയ്ക്കാത്ത ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസ് നൽകുകയും അടയ്ക്കാത്തപക്ഷം ഡിസ്കണക്ഷൻ നടത്തുകയും ചെയ്യുന്നു. ഉപഭോക്താവ് ആവശ്യപ്പെടുന്നമുറയ്ക്ക് കുടിശ്ശിക അടയ്ക്കുന്നതിന് തവണകളായി ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അധിക കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളുടെ കുടിശ്ശിക നിവാരണം ചെയ്യുന്നതിന് 2022-ൽ ആംനസ്റ്റി പദ്ധതിയിലുൾപ്പെടുത്തി നിയമാനുസൃതമായ ഇളവുകൾ നൽകി കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള തീവ്രശ്രമം നടത്തിയിരുന്നു. യുദ്ധകാലടിസ്ഥാനത്തിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുവേണ്ടി എല്ലാ ഓഫീസുകളിലും 01-01-2023 മുതൽ 31-03-2023 വരെ വാർറൂമുകൾ പ്രവർത്തിച്ചുവന്നിരുന്നു. സർക്കാർ ഓഫീസുകളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് പൊതുമേഖല സ്ഥാപനങ്ങളിൽനിന്നും സർക്കാർ സ്ഥാപനങ്ങളിൽനിന്നും കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിൽനിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് കുടിശ്ശിക തുക അടയ്ക്കണമെന്ന് കാണിച്ച് കത്ത് മുഖേനയും നേരിട്ടും അറിയിപ്പുകൾ നൽകുന്നുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽനിന്നും കുടിശ്ശിക അടയ്ക്കണം എന്ന് കാണിച്ച് എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും ജല വിഭവ വകുപ്പ് സെക്രട്ടറി കത്തു നൽകിയിട്ടുണ്ട്.

എല്ലാ സ്ഥാപനങ്ങളിലും വാട്ടർ അതോറിറ്റിയുടെ ഓഫീസർമാർ നേരിട്ട് പോയി കുടിശ്ശിക തുക അടയ്ക്കണമെന്ന് കാണിച്ച് കത്തുകളും നൽകുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി എല്ലാ വകുപ്പുമേലധികാരികൾക്കും ഡിവിഷൻ

തലത്തിൽ കുടിശ്ശിക അടയ്ക്കുന്നതിന് കത്തിടപാടുകൾ നടത്തുന്നുണ്ട്. കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളെയും വകുപ്പ് മേധാവികളെയും നേരിൽ കണ്ട് കുടിശ്ശിക തുക എത്രയും വേഗം അടയ്ക്കണമെന്ന് ആവശ്യപ്പെടുന്നുണ്ട്. സെക്ഷൻ തലത്തിൽ ഇതിനായി സ്ക്വാഡ് പ്രവർത്തനങ്ങൾ ഊർജിതമായി നടന്നുവരുന്നു. കുടിശ്ശിക "ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" പ്രകാരം അടയ്ക്കാൻ സന്നദ്ധമാകുന്ന വകുപ്പുകൾക്ക് അതിനുള്ള നടപടികളും സ്വീകരിക്കാറുണ്ട്. റവന്യൂ അദാലത്തുകൾ സംഘടിപ്പിക്കുമ്പോൾ സർക്കാർ വകുപ്പുകളിലെ കുടിശ്ശികകൾ പരമാവധി ഇളവുകൾ നൽകി തീർപ്പുകൽപ്പിക്കാറുണ്ട്.

കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസ് നൽകി കണക്ഷൻ കട്ട് ചെയ്ത് കുടിശ്ശിക ഈടാക്കുക, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി കുടിശ്ശിക പിരിച്ചെടുക്കുക, വലിയ കുടിശ്ശികയുള്ള ബില്ലുകൾക്ക് തവണകൾ (പരമാവധി 10 തവണകൾ) അനുവദിച്ച് കുടിശ്ശിക പിരിക്കുക, റവന്യൂ അദാലത്തുകൾ സംഘടിപ്പിച്ച് കുടിശ്ശിക ഈടാക്കുക, റവന്യൂ റിക്കവറി നടപടികൾ നടത്തി കുടിശ്ശിക ഈടാക്കുക, SMS വഴി സന്ദേശം അയച്ച് കുടിശ്ശിക തുക അടയ്ക്കാൻ പ്രേരിപ്പിക്കുക തുടങ്ങി വിവിധ മാർഗങ്ങളിലൂടെ വാട്ടർ ചാർജ് കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കരവാരം-നഗരൂർ-പുളിമാത്ത് കുടിവെള്ള പദ്ധതി**

335 (1186) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ കരവാരം-നഗരൂർ-പുളിമാത്ത് കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

ആറ്റിങ്ങൽ മണ്ഡലത്തിലെ പുളിമാത്ത്, നഗരൂർ, കരവാരം പഞ്ചായത്തുകൾക്കായുള്ള സംയുക്ത ശുദ്ധജല പദ്ധതിയുടെ വിവിധ തരത്തിലുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ ഒന്നാം ഘട്ടമായുള്ള കിണർ, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, ട്രാൻസ്മിഷൻ ലൈനുകൾ, വാട്ടർ ടാങ്കുകൾ, പമ്പ് ഹൗസുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി പൂർത്തീകരിച്ചുവരികയാണ്. ജല ജീവൻ മിഷന്റെ ഭാഗമായി രണ്ടാം ഘട്ടമായുള്ള വിതരണ ശൃംഖലകൾ സ്ഥാപിക്കൽ, കുടിവെള്ള കണക്ഷനുകൾ എന്നിവയുടെ പ്രവൃത്തിയും പുരോഗമിച്ചു വരികയാണ്. പ്രസ്തുത പഞ്ചായത്തുകളിൽ നാളിതുവരെ 68 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചു.

(ബി) പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്കുള്ള ജല വിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

പദ്ധതിയുടെ ഭാഗമായി 339.4 കി.മീ പൈപ്പ്ലൈൻ ശൃംഖല സ്ഥാപിക്കാനുള്ളതിൽ നാളിതുവരെ 179.636 കി. മീ പൂർത്തീകരിച്ചിട്ടുണ്ട്.

**വാട്ടർ അതോറിറ്റിയിൽ ഹെഡ് ഓഫറേറ്റർ തസ്തിക**

336 (1187) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഓപ്പറേറ്റർ തസ്തികയിലുള്ളവരുടെ എണ്ണത്തിൽ പ്ലാന്റ് കപ്പാസിറ്റി, വാട്ടർ കണക്ഷൻ തുടങ്ങിയവയിലുള്ള വർധനവിന് ആനുപാതികമായി ഹെഡ് ഓപ്പറേറ്റർ തസ്തികകളുടെ എണ്ണം വർധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ, കേരള വാട്ടർ അതോറിറ്റിയിൽ ഹെഡ് ഓപ്പറേറ്റർ തസ്തികകളുടെ എണ്ണം വർധിപ്പിക്കുന്നതിനായി യാതൊരു പദ്ധതികളും പരിഗണനയിലില്ല. പ്ലാന്റ് കപ്പാസിറ്റിയുടെയും വാട്ടർ കണക്ഷനുകളുടെയും വർധനവ് പോലുള്ള കാര്യങ്ങൾ കണക്കിലെടുത്ത്, ഭാവിയിൽ ഈ വിഷയത്തിൽ കൂടുതൽ പഠനങ്ങളുടെയും

വിശകലനങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമേ ഇക്കാര്യം പരിശോധിക്കുവാൻ കഴിയുകയുള്ളൂ.

**അത്തൂർ മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ**

337 (1188) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലവിഭവ വകുപ്പുവഴി അത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ആയതിന് അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ?

ജലവിഭവ വകുപ്പുവഴി അത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ആയതിന് അനുവദിച്ച തുക എത്രയെന്നും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

**തളിപ്പറമ്പ് മണ്ഡലത്തിലെ കുടിവെള്ള കണക്ഷനുകൾ**

338 (1189) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാരിന്റെ കാലത്ത് തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ ആകെ എത്ര കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്; ഇതിനായി ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; തദ്ദേശസ്ഥാപന അടിസ്ഥാനത്തിൽ വിശദാംശങ്ങൾ നൽകാമോ; തളിപ്പറമ്പ് മണ്ഡലത്തിൽ കുടിവെള്ള കണക്ഷനുകൾ ആകെ എത്ര ശതമാനം കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ 31269 കുടിവെള്ള കണക്ഷനുകൾ നൽകി 63 ശതമാനം കൈവരിച്ചിട്ടുണ്ട്. ഇതിനായി ആകെ 8527.926 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നിയോജകമണ്ഡലത്തിലെ തദ്ദേശസ്ഥാപന അടിസ്ഥാനത്തിൽ നൽകിയ കണക്ഷനുകളുടെ എണ്ണവും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു

| തദ്ദേശ സ്ഥാപനം | കുടിവെള്ള കണക്ഷനുകളുടെ എണ്ണം | ചെലവഴിച്ച തുക (ലക്ഷം ) |
|---|---|---|
| തളിപ്പറമ്പ് മുനിസിപ്പാലിറ്റി | 996 | 467.21 |
| ആന്തൂർ മുനിസിപ്പാലിറ്റി | 3085 | 575.51 |
| പരിയാരം പഞ്ചായത്ത് | 6727 | 1344.85 |

| | | |
|---|---|---|
| കുറുമാത്തൂർ പഞ്ചായത്ത് | 5618 | 761.325 |
| മലപ്പട്ടം പഞ്ചായത്ത് | 1959 | 377.383 |
| ചപ്പാരപ്പടവ് പഞ്ചായത്ത് | 2772 | 576.117 |
| കൊളച്ചേരി പഞ്ചായത്ത് | 4650 | 1919.98 |
| കുറ്റ്യാട്ടൂർ പഞ്ചായത്ത് | 2548 | 755.35 |
| മയ്യിൽ പഞ്ചായത്ത് | 2914 | 1750.201 |

(ബി) പ്രസ്തുത കാലയളവിൽ തളിപ്പറമ്പ് മണ്ഡലത്തിൽ തീരസംരക്ഷണത്തിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ?

ഈ സർക്കാർ കാലത്ത് തളിപ്പറമ്പ് മണ്ഡലത്തിൽ തീരസംരക്ഷണ പ്രവൃത്തികൾക്കായി തുക അനുവദിച്ചിട്ടില്ല.

(സി) ഈ സർക്കാരിന്റെ കാലത്ത് തളിപ്പറമ്പ് മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി ആകെ എത്ര തുക അനുവദിച്ചിട്ടുണ്ട്; ഓരോ പ്രവൃത്തിയുടെയും വിശദാംശങ്ങൾ നൽകാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**നിലമ്പൂർ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ പദ്ധതികളുടെ പൂർത്തീകരണം**

339 (1190) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ പദ്ധതികൾ ആരംഭിച്ച് വർഷങ്ങളായിട്ടും പൂർത്തീകരിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഓരോ പഞ്ചായത്തുകളിലെയും ഈ പദ്ധതിയുടെ അവസ്ഥ വിശദമാക്കാമോ; പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. നിലമ്പൂർ മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

നിലമ്പൂർ മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ, ഇനിനൽകാനുള്ള കണക്ഷൻ എന്നിവയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലമ്പൂർ നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കരുളായി, അമരമ്പലം, മൂത്തേടം, ചോക്കാട് ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെയും, ചുങ്കത്തറ, എടക്കര, പോത്തുകല്ല്, വഴിക്കടവ് ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെയും ജലശുദ്ധീകരണശാലയും, ജല സംഭരണിയും നിർമ്മിക്കാനാവശ്യമായ സ്ഥലവും ഇതുവരെ ലഭ്യമായിട്ടില്ല. ജൽ ജീവൻ മിഷൻ പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുത്ത് നൽകേണ്ട ചുമതല ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്കാണ്.

2025-26-ലെ കേന്ദ്ര ബജറ്റിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ കാലാവധി 2028 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഭൂമി ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത സമയപരിധിക്കുള്ളിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) ജൽ ജീവൻ മിഷൻ പ്രവൃത്തികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപന റോഡുകൾ വെട്ടിപ്പൊളിച്ചത് പുനഃസ്ഥാപിക്കാൻ സാധിക്കാത്തതിനാൽ പ്രസ്തുത റോഡുകൾ ഗതാഗത യോഗ്യമല്ലാതായിത്തീർന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം റോഡുകളുടെ പണി പൂർത്തീകരിച്ച് പൂർവസ്ഥിതിയിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലമ്പൂർ മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ ഭാഗമായി 403 കി.മീ. പഞ്ചായത്ത് റോഡുകൾ കട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 152 കി.മീ. റെസ്റ്റോറേഷൻ പൂർത്തീകരിച്ചു, 251 കി.മീ. റെസ്റ്റോറേഷൻ ചെയ്യുവാനുണ്ട്. മഴമൂലം റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികളിൽ കാലതാമസം നേരിട്ടുവെങ്കിലും പ്രവൃത്തികൾ ഉടൻ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജൽ ജീവൻ മിഷൻ പദ്ധതിക്കായി പൈപ്പുകൾ സ്ഥാപിച്ചതിനാൽ റോഡുകൾ ഭാഗികമായി ഗതാഗതായോഗ്യമല്ലാതായതിൽ ശ്രദ്ധയിൽപ്പെട്ട റോഡുകൾ താൽക്കാലികമായി പുനരുദ്ധാരണം നടത്തി സഞ്ചാര യോഗ്യമാക്കിയിട്ടുണ്ട്.

ജൽ ജീവൻ മിഷൻ പ്രവൃത്തികൾക്കായി കുഴികൾ എടുക്കുമ്പോൾ പൈപ്പ്ലൈൻ സ്ഥാപിച്ച ഉടൻതന്നെ റോഡുകളുടെ താൽക്കാലിക

പുനരുദ്ധാരണവും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുള്ള പുനരുദ്ധാരണവും നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിൽ പൈപ്പ് ലൈൻ സ്ഥാപനത്തിൽ തകർന്ന റോഡുകൾ**

340 (1191) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിൽ പ്രധാന മന്ത്രി ഗ്രാമ സഡക് യോജനയുടെ കീഴിലുള്ള പറമ്പന്തളി റോഡിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിലായി എടുത്ത ട്രഞ്ചിന്റെ റെസ്റ്റോറേഷന് വേണ്ടി വാട്ടർ അതോറിറ്റി പി. എം. ജി. എസ്. വൈ.യുടെ അക്കൗണ്ടിലേക്ക് അടയ്ക്കേണ്ട തുക സംബന്ധിച്ച് മുല്ലശ്ശേരി പഞ്ചായത്ത് അധികൃതർ എം.എൽ.എ. മുഖേന നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ പറമ്പതളി-മാനാന റോഡിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി എടുത്ത ട്രെഞ്ചിന്റെ റെസ്റ്റോറേഷനും റോഡ് പൂർവസ്ഥിതിയിൽ പുനഃസ്ഥാപിക്കുന്നതിനുവേണ്ടി പഞ്ചായത്ത്

അധികൃതർ നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുപ്രകാരം തുടർനടപടി എടുക്കുകയും ആയതിനുവേണ്ട തുകയായ 93,48,970/- രൂപ അനുവദിച്ചിട്ടുണ്ട്. ഫണ്ട് KSRRDA വകുപ്പിന് കൈമാറുന്നതിനുവേണ്ടി ടി സ്ഥാപനത്തിന്റെ ട്രഷറി അക്കൗണ്ട് നമ്പർ നൽകുന്നതിന് KSRRDA യോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ട്രഷറി അക്കൗണ്ട് നമ്പർ നൽകുന്നതിന് പകരമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ട് നമ്പർ ആണ് നൽകിയത്. ആയതിനാൽ പ്രസ്തുത ഫണ്ട് കൈമാറുന്നതിന് സാധിക്കാതെ വന്നു. ഫണ്ട് ട്രഷറി അക്കൗണ്ട് വഴി കൈമാറുന്നതിനായി KSRRDA-ക്ക് കത്ത് നൽകിയിട്ടുള്ളതാണ്. മേൽ തുക RKI കേരള പദ്ധതിയുടെ ഭാഗമായി വരുന്നതാകയാൽ ട്രഷറി അക്കൗണ്ട് വഴി മാത്രമേ കൈമാറുവാൻ സാധിക്കുകയുള്ളൂ.

(ബി) പ്രസ്തുത റോഡ് പുനർനിർമ്മിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി നൽകേണ്ടതായ തുക ടി പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിലേക്ക് കൈമാറി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

KSRRDA ട്രഷറി അക്കൗണ്ട് നമ്പർ നൽകുന്നമുറയ്ക്ക് ടി തുക പ്രസ്തുത അക്കൗണ്ടിലേക്ക് കൈമാറി നൽകുന്നതിന് സാധിക്കുന്നതാണ് .

**ഹരിപ്പാട് കുടിവെള്ള പദ്ധതി**

341 (1192) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ നിർവഹണം വൈകുന്നതിന്റെ കാരണമെന്തെന്ന് അറിയിക്കാമോ?

ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ നിർവഹണത്തിന്റെ ഭാഗമായി മുല്ലശേരി കടവിലെ intake well പള്ളിപ്പാട് 50 MLD ജല ശുദ്ധീകരണശാല, പള്ളിപ്പാട് മേഖലയിലേക്കുള്ള ജലസംഭരണി തുടങ്ങിയവയുടെ പണികൾ വിവിധ പദ്ധതികളിലുൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്നുള്ള പ്രവർത്തിയായ മുല്ലശ്ശേരി intake കിണറിൽ നിന്നുമുള്ള റോ വാട്ടർ പമ്പിങ് മെയിൻ 800 MS പൈപ്പിന്റെ പ്രവൃത്തി ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാർ എഗ്രിമെന്റ് വച്ചിട്ടുണ്ട്. ഈ പദ്ധതിയിലെ മറ്റ് പ്രവർത്തികളെ, അഞ്ചു സോണുകളായി വിഭജിച്ച് എല്ലാ സോണുകളിലെയും ഉപരിതല സംഭരണികൾ, ട്രാൻസ്മിഷൻ മെയിൻ ലൈനുകൾ, പമ്പിങ് മെയിനുകൾ എന്നീ പ്രവൃത്തികൾക്കായുള്ള ടെൻഡർ നടപടികൾ നടന്നുവരുന്നു.

(ബി) മാന്നാർ മുല്ലശ്ശേരി കടവ് മുതൽ പള്ളിപ്പാട് ജലശുദ്ധീകരണശാല വരെ 9 കി.മീ. നീളം 900 ഹൈ മോഡുലസ്-ഹൈ ഡെൻസിറ്റി പോളിഎത്തിലീൻ (എച്ച്. എം. -എച്ച്. ഡി. പി. ഇ.) റോവാട്ടർ പമ്പിങ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ വർക്ക് ഓർഡർ നൽകിയിട്ടും നിർവഹണം വൈകുന്നതിന്റെ കാരണമെന്തെന്ന് അറിയിക്കാമോ?

മാന്നാർ മുല്ലശ്ശേരി കടവ് മുതൽ പള്ളിപ്പാട് ജലശുദ്ധീകരണശാല വരെ 9 കി.മീ. നീളം, 800 എം.എം. MS പമ്പിങ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ടെൻഡർ അംഗീകരിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകവേ, ടെൻഡറിൽ പങ്കെടുത്ത മറ്റൊരു കാരാറുകാരൻ അദ്ദേഹത്തെ ടെൻഡറിൽ അസാധു ആക്കിയ നടപടിക്കെതിരെ ബഹു. ഹൈക്കോടതിയിൽ പെറ്റീഷൻ നൽകിയതിനെത്തുടർന്ന് ടെൻഡർ നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കേണ്ട സാഹചര്യവുമുണ്ടായി. തുടർന്ന് 15-7-2025-ൽ ബഹു. ഹൈക്കോടതിയിൽ നിന്നും വാട്ടർ അതോറിറ്റിക്ക് അനുകൂല വിധി വന്നതിനെത്തുടർന്ന് ടെൻഡർ നടപടികൾ പൂർത്തിയാക്കി വർക്ക് ഓർഡർ നൽകിയിരുന്നു. എന്നാൽ അസാധു ആക്കപ്പെട്ട കരാറുകാരൻ ബഹു.

ഹൈക്കോടതിയിൽ അപ്പീൽ നൽകുകയും, തുടർന്ന് ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ ഈ പ്രവൃത്തിയുടെ ടെൻഡർ നടപടികൾക്ക് ഈ കേസിന്റെ തുടർ തീരുമാനങ്ങൾ ബാധകമായിരിക്കുമെന്ന് പറഞ്ഞിരുന്നു. തുടർന്ന് പ്രസ്തുത അപ്പീൽ 09-09-2025-ൽ ബഹു. ഹൈക്കോടതി ഡിസ്പോസ് ചെയ്യുകയുമുണ്ടായി. എന്നാൽ ജഡ്ജ്മെന്റിന്റെ പകർപ്പ് ഇതുവരെ ലഭ്യമായിട്ടില്ല.

(സി) ഹരിപ്പാട് മണ്ഡലത്തിൽ നിലനിൽക്കുന്ന അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഈ പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുമോ; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഹരിപ്പാട് മണ്ഡലത്തിൽ നിലനിൽക്കുന്ന അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഹരിപ്പാട് കുടിവെള്ള പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി പദ്ധതിയുടെ ഭാഗമായിട്ടുള്ള 5 സോണുകളിലെയും ഉപരിതല സംഭരണികൾ, ട്രാൻസ്മിഷൻ മെയിൻ ലൈനുകൾ, പമ്പിങ് മെയിനുകൾ എന്നീ പ്രവൃത്തികൾക്കായുള്ള റീടെൻഡർ നടപടികൾ സ്വീകരിച്ചു. മാന്നാർ മുല്ലശ്ശേരി

കടവ് മുതൽ പള്ളിപ്പാട് ജലശുദ്ധീകരണശാല വരെ 9 കി.മീ. നീളം 800 എം.എം MS പമ്പിങ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ എഗ്രിമെന്റ് വച്ചിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായുള്ള distribution ലൈനുകളുടെ പ്രവൃത്തികൾ നിലവിൽ പുരോഗമിച്ചുവരികയുമാണ്. ഇതിനുപുറമെ അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി ഹരിപ്പാട് മുനിസിപ്പാലിറ്റിയിൽ 7 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല സംഭരണിയുടെയും, ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ പൈപ്പ് ലൈനിന്റെയും പ്രവൃത്തികൾ പുരോഗമിച്ചുവരുന്നുണ്ട്. കൂടാതെ മുനിസിപ്പാലിറ്റിയിലെ വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ഒരു പ്രവൃത്തിയും 900 FHTC നൽകുന്ന പ്രവൃത്തിയും അമൃത് 2.0 പദ്ധതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്.

**പാലക്കാട് നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി**

342 (1193) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയിലെ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് വൻകുടിശ്ശികയുള്ളതിനാൽ പദ്ധതി തടസ്സപ്പെട്ട് നിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പാലക്കാട് നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു. പാലക്കാട് നിയോജകമണ്ഡലത്തിൽ ജൽജീവൻ മിഷൻ പ്രവൃത്തികൾ ചെയ്ത വകയിൽ നാളിതുവരെ കരാറുകാർക്ക് 3483.84 ലക്ഷം രൂപ നൽകിയിട്ടുണ്ട്. നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 1054.45 ലക്ഷം രൂപ (4 ബില്ലുകൾ- 2024 മാർച്ച് മുതൽ 2025 ആഗസ്റ്റ് വരെ) കുടിശ്ശിക നൽകുവാനുണ്ട്. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇതുതരണം ചെയ്യുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് നബാർഡിൽ നിന്ന് 9000 കോടി രൂപ വായ്പ എടുക്കുവാൻ തത്വത്തിൽ അനുമതി നൽകിക്കൊണ്ടും ആദ്യഘട്ടത്തിൽ 5000 കോടി രൂപ വായ്പയെടുക്കുന്നതിന് സർക്കാർ ഗാരന്റി നൽകുന്നതിന് അനുമതി നൽകിക്കൊണ്ടും 15-09-2025-ലെ G.O (Ms) No: 67/2025/WRD പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പാലക്കാട് മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി സംബന്ധിച്ച് ബഹു. വൈദ്യുതി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ ജലവിഭവ വകുപ്പിന് നൽകിയ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ജില്ലാകളക്ടറുടെ ചേമ്പറിൽ ജൽ ജീവൻ മിഷൻ പ്രവൃത്തികളിൽ, പുരോഗതിയിൽ 40 ശതമാനം കുറവുള്ള പഞ്ചായത്തുകളുടെ അവലോകനത്തിനായി ബഹുമാനപ്പെട്ട വൈദ്യുത മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതിക്കുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് നിർദേശം നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ മാത്തൂർ-പിരായിരി പഞ്ചായത്തുകളുടെ ജൽ ജീവൻ മിഷൻ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള കരാറുകാരനെക്കൂടി ഉൾപ്പെടുത്തി 28-07-2025-ൽ കേരള വാട്ടർ അതോറിറ്റി ഉത്തര മേഖല ചീഫ് എഞ്ചിനീയർ മീറ്റിങ് നടത്തുകയുണ്ടായി. പ്രസ്തുത മീറ്റിങ്ങിൽ പൈപ്പുകൾ സപ്ലൈ ചെയ്യുന്നതിനുവേണ്ടി സപ്ലൈ ഓർഡർ നൽകിയതായും പ്രവൃത്തികൾ ഉടൻ പൂർത്തീകരിക്കുന്നതാണെന്നും കോൺട്രാക്ടർ അറിയിച്ചു. ഇതിനെത്തുടർന്ന് 30-07-2025-ൽ സൂപ്രണ്ടിങ് എഞ്ചിനീയറുടെ നേതൃത്വത്തിൽ മീറ്റിങ് കൂടി. കരാറുകാരൻ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്. പ്രവൃത്തി 78 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) കനത്ത മഴക്കാലത്തും പിരായിരി പഞ്ചായത്തിലെ മെട്രോ നഗർ, കുറുക്കൻപാറ, ഫാത്തിമറോഡ്, ഉണ്ണീരംകുന്ന്, ഉപാസന നഗർ, കല്ലേക്കാടിന്റെ

വിവിധ പ്രദേശങ്ങൾ എന്നിവിടങ്ങളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ?

ഉണ്ട്. ഇത് പരിഹരിക്കുന്നതിനായി മാത്തൂർ പിരായിരി പഞ്ചായത്തുകളെ ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ കുടിവെള്ള വിതരണ പദ്ധതി പൂർത്തിയാകുന്നമുറയ്ക്ക് പ്രസ്തുത പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടുന്നതാണ്.

**മലപ്പുറം നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

343 (1194) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് 2.0 പദ്ധതിയിൽ സ്റ്റേറ്റ് വാട്ടർ ആക്ഷൻ പ്ലാൻ മൂന്നാം ഘട്ട പ്രവൃത്തികളിൽ ഉൾപ്പെടുത്തിയ മലപ്പുറം മണ്ഡലത്തിലെ പാണക്കാട്, മേൽമുറി വില്ലേജുകളിലെ മിനി കുടിവെള്ള പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ; അഡീഷണൽ പ്രൊപ്പോസലിന് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ?

മലപ്പുറം മണ്ഡലത്തിലെ പാണക്കാട്, മേൽമുറി വില്ലേജുകൾക്കായുള്ള അമൃത് 2.0 പദ്ധതിയിൽ 7.5 എം.എൽ.ഡി. പ്ലാന്റിന്റെ 10 ശതമാനത്തോളം പ്രവൃത്തികൾ

പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ നടന്നുവരുന്നു. അഡീഷണൽ പ്രൊപ്പോസലിന് 5.62 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടേയും നഗരസഭയുടെയും സംയുക്ത സംരംഭമായ പ്രസ്തുത കുടിവെള്ള പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

അമൃത് 2.0 സ്വാപ് 1, അമൃത് 2.0 അഡീഷണൽ പ്രൊപ്പോസൽ, മലപ്പുറം നഗരസഞ്ചയം നിക്ഷേപ പദ്ധതി എന്നീ 3 പദ്ധതികളിലുൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിക്കേണ്ട പ്രസ്തുത കുടിവെള്ള പദ്ധതികളിൽ അമൃത് 2.0 സ്വാപ് 1 25-03-2026-നാണ് പൂർത്തീകരിക്കേണ്ടത്. അമൃത് 2.0 അഡീഷണൽ പ്രൊപ്പോസൽ പദ്ധതിയുടെ പോസ്റ്റ് ടെൻഡർ നടപടികൾ നടന്നുവരുന്നു. മലപ്പുറം നഗരസഞ്ചയം നിക്ഷേപ പദ്ധതിക്ക് നഗരസഭ തുക നിക്ഷേപിക്കുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്

(സി) അമൃത് 2.0 ഒന്നാം ഘട്ടത്തിലുൾപ്പെട്ട 7.5 എം. എൽ. ഡി. സംഭരണശേഷിയുള്ള ജല ശുദ്ധീകരണശാല നിർമ്മിക്കുന്നതിനായി നേരത്തെ

ഭരണാനുമതി നൽകിയ 7.60 കോടി രൂപയുടെ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാർ നൽകിയിട്ടുണ്ട്. ഏകദേശം 10 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) ജൽ ജീവൻ മിഷന് കീഴിലുള്ള പുൽപ്പറ്റ, പൂക്കോട്ടൂർ, മൊറയൂർ സമഗ്ര കുടിവെള്ള പദ്ധതി, കോഡൂർ കാലമ്പറമ്പ് കുടിവെള്ള പദ്ധതി, അമൃത് പദ്ധതിക്ക് കീഴിലുള്ള ഇരുമ്പുഴി കരുമാഞ്ചേരി പറമ്പ് പദ്ധതി, മലപ്പുറം നഗരസഭയിലെ പാണക്കാട്-മേൽമുറി പദ്ധതികൾ എന്നിവ യാഥാർഥ്യമാക്കി മലപ്പുറം മണ്ഡലത്തിലെ കുടിവെള്ള പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ജൽ ജീവൻ മിഷൻ പ്രവൃത്തിയായ കോഡൂർ കാലമ്പറമ്പ് കുടിവെള്ള പദ്ധതിയുടെ കിണറിന്റെയും ശുദ്ധീകരണശാലയുടെയും പ്രവൃത്തി 80 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. വിതരണ പൈപ്പ്ലൈനിന്റെയും കണക്ഷൻ നൽകുന്നതിന്റെയും പ്രവൃത്തി 25 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ഇരുമ്പുഴി കരുമാഞ്ചേരി പദ്ധതിയിലുൾപ്പെടുന്ന 5 MLD WTP, 7.2 LL OHSR ഡിസൈൻ സ്റ്റേജിലാണ് നിലവിലുള്ളത്. ഡിസ്ട്രിബ്യൂഷൻ പ്രവൃത്തി 35 ശതമാനം

പൂർത്തീകരിച്ചിട്ടുണ്ട്. അമൃത് 2.0 സ്വാപ് 1, അമൃത് 2.0 അഡീഷണൽ പ്രൊപ്പോസൽ, മലപ്പുറം നഗരസഞ്ചയം നിക്ഷേപ പദ്ധതി എന്നീ 3 പദ്ധതികളിലുൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിക്കേണ്ട പ്രസ്തുത കുടിവെള്ള പദ്ധതികളിൽ അമൃത് 2.0 സ്വാപ് 1 25-03-2026-നാണ് പൂർത്തീകരിക്കേണ്ടത്. അമൃത് 2.0 അഡീഷണൽ പ്രൊപ്പോസൽ പദ്ധതിയുടെ പോസ്റ്റ് ടെൻഡർ നടപടികൾ നടന്നുവരുന്നു. മലപ്പുറം നഗരസഞ്ചയം നിക്ഷേപ പദ്ധതി നഗരസഭ തുക നിക്ഷേപിക്കുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ ആരംഭിക്കാവുന്നതാണ്.

ജൽ ജീവൻ മിഷന് കീഴിലുള്ള പുൽപ്പറ്റ, പൂക്കോട്ടൂർ, മൊറയൂർ സമഗ്ര കുടിവെള്ള പദ്ധതിയുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കയ്പമംഗലം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

344 (1195) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിലെ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിനായി നടപ്പിലാക്കിവരുന്ന നാട്ടിക ഫർക്ക കുടിവെള്ള പദ്ധതി

+നിയമനങ്ങളുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എത്രയും വേഗം പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

3 പാക്കേജുകളിലായി തയ്യാറാക്കിയ KIIFB- നാട്ടിക ഫർക്ക സമഗ്ര കുടിവെള്ള പദ്ധതിയുടെ ജലശുദ്ധീകരണശാല അടങ്ങുന്ന പാക്കേജ്-1 ടെൻഡർ 40 ശതമാനത്തിന് മുകളിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ടി കാര്യത്തിൽ തീരുമാനമെടുക്കുന്നതിലേക്കായി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ഗ്രാവിറ്റി മെയിൻ ഉൾപ്പെടുന്ന പാക്കേജ്-2 പദ്ധതി ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. ആയതിന്റെ പ്രവൃത്തി ആരംഭഘട്ടത്തിലാണ്.

പാക്കേജ് 3-ൽ വെള്ളാനി പ്ലാന്റിൽ നിലവിലുള്ള ജലവിതരണകുഴലുകളും മറ്റും മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയാണ് (Utility Shifting) ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ ടെൻഡർ നടപടികൾ, പാക്കേജ് 1-ന്റെ ടെൻഡർ നടപടികൾ പൂർത്തിയാക്കുന്നതിനൊപ്പം ആരംഭിക്കുന്നതാണ്. നിലവിൽ ജലവിതരണം നടത്തിവരുന്ന നാട്ടിക ഫർക്ക കുടിവെള്ള പദ്ധതിയുടെ കാലപ്പഴക്കം ചെന്ന പ്രിമോ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് KIIFB

പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളതും 3 റീച്ചുകളിലായി നടപ്പിലാക്കുന്നതുമായ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ പൂർത്തീകരിച്ച് LOA നൽകി എഗ്രിമെന്റ് വച്ചിട്ടുണ്ട്. മേൽപ്രവൃത്തികളിൽ പൈപ്പുകൾ വിതരണം ചെയ്യുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

(ബി) 2025-26 സാമ്പത്തിക വർഷ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തി 2 കോടി രൂപ അനുവദിച്ചിട്ടുള്ളതും സാമ്പത്തികാനുമതി ലഭിച്ചിട്ടുള്ളതുമായ കയ്പമംഗലം നിയോജകമണ്ഡലം തനത് കുടിവെള്ള പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

കൈപ്പമംഗലം നിയോജകമണ്ഡലം തനത് കുടിവെള്ളപദ്ധതിക്കായി 2 കോടി രൂപയുടെ DPR തയ്യാറാക്കിവരുന്നു. ആയതിന് ഭരണാനുമതി നൽകിയതിനുശേഷം സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്. പ്രസ്തുത DPR-ൽ എസ്. എൻ. പുരം ഗ്രാമപഞ്ചായത്തിൽ ഓമൻകുളം, പതിയാശ്ശേരി എന്നീ പ്രദേശങ്ങളിലേക്കായി മിനി കുടിവെള്ള

പദ്ധതികൾ നടപ്പിലാക്കുന്നതിനും മതിലകം, എസ്.എൻ.പുരം ഗ്രാമപഞ്ചായത്തുകളിൽ ജലവിതരണ ലഭ്യത തോത് ഉയർത്തുന്നതിനും നിലവിലെ മതിലകം ബൂസ്റ്റർ പമ്പ്ഹൗസിൽ മോട്ടോർ പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിക്കുന്നതിനും ആവശ്യമായ ഘടകങ്ങളാണ് ഉൾപ്പെടുത്തുന്നത്.

**ന്യൂനപക്ഷ ക്ഷേമ വകുപ്പ് വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും പ്രവൃത്തികളും**

345 (1196) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ ന്യൂനപക്ഷ ക്ഷേമ വകുപ്പ് വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം അറിയിക്കുമോ?

ന്യൂനപക്ഷക്ഷേമ വകുപ്പ് സംസ്ഥാനത്തിൽ പൊതുവെ നടപ്പിലാക്കുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന സ്കോളർഷിപ്പ് പോലുള്ള പദ്ധതികൾ, അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട നിർധനരായ ന്യൂനപക്ഷ

മതവിഭാഗത്തിലെ വിധവകൾക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതി എന്നിങ്ങനെ വകുപ്പിന്റെ വിവിധ പദ്ധതികളുടെ പ്രയോജനം വടകര മണ്ഡലത്തിനും ലഭിക്കുന്നുണ്ട്. ഇതുകൂടാതെ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജനവികാസ് കാര്യക്രം പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഇക്കാലയളവിൽ വടകര മണ്ഡലത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ചശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ചശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണെന്നുള്ള വിശദാംശം അറിയിക്കുമോ?

പി. എം. ജെ. വി. കെ. പദ്ധതി പ്രകാരം അനുവദിച്ച 5 പ്രവൃത്തികളിൽ 1 പ്രവൃത്തി (ഡയാലിസിസ് സെന്റർ) പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 4 പ്രവൃത്തികളിൽ 3 പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലും 1 പ്രവൃത്തിയുടെ നിർമ്മാണം പുരോഗമിച്ചുവരികയുമാണ്.

(സി) ഇവയ്ക്ക് ഓരോന്നിനും നീക്കിവച്ചിട്ടുള്ള തുക എത്രവീതമാണെന്നുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണെന്നും ഇവ ഓരോന്നിനും നീക്കിവച്ചിട്ടുള്ള കേന്ദ്ര, സംസ്ഥാന, തദ്ദേശസ്ഥാപന വിഹിതങ്ങൾ എത്രവീതമാണെന്നും വ്യക്തമാക്കുമോ;

(ഇ) ഇക്കാലയളവിൽ വടകര മണ്ഡലത്തിനായി വകുപ്പുമുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണെന്ന വിവരം വർഷവും ഇനവും തിരിച്ച് ലഭ്യമാക്കുമോ?

(സി-ഇ) കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജനവികാസ് കാര്യക്രം പദ്ധതിയിൽ അനുവദിക്കപ്പെട്ട പോജക്ടുകൾക്ക് അംഗീകരിക്കുന്ന തുകയുടെ 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവുമാണ്. മണ്ഡലത്തിൽ പദ്ധതി പ്രകാരം അനുവദിച്ച പ്രോജക്ടുകൾക്ക് നീക്കിവച്ച തുകയുടെയും ഇതുവരെ ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | അംഗീകരിച്ച തുക (ലക്ഷത്തിൽ) | ചെലവാക്കിയ തുക |
|---|---|---|
| ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ- | 82.09 | 73.684 |

| | | |
|---|---|---|
| വടകര മുനിസിപ്പാലിറ്റി സെമിനാർ ഹാൾ, STEM ലാബ് നിർമ്മാണം | | |
| കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അപ്ഗ്രേഡേഷൻ- വടകര മുനിസിപ്പാലിറ്റി | 190 | 92.547 |
| കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അപ്ഗ്രേഡേഷൻ- പണിക്കോട്ടി | 160 | 32.7889 |
| ജില്ലാ ആശുപത്രി വടകരയ്ക്കായി ഡയാലിസിസ് മെഷീൻ സ്ഥാപിക്കൽ | 211.78 | 211.78 |
| ഗവൺമെന്റ് ജില്ലാ ആശുപത്രി വടകര, ഘട്ടം II-ന്റെ നിർമ്മാണം | 8318.23 | 705.11407 |

**ദേവികുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

346 (1197) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷ ക്ഷേമ വകുപ്പ് ദേവികുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി വകുപ്പുമുഖേന നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികളായ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, തൊഴിൽ നൈപുണി വികസന പദ്ധതികൾ, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ,

എന്നിവയുടെ പ്രയോജനം സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ന്യൂനപക്ഷ ജനവിഭാഗങ്ങൾക്കും ലഭിക്കുന്നുണ്ട്. അപ്രകാരം ഇതിന്റെ പ്രയോജനം ദേവികുളം മണ്ഡലത്തിനും ലഭിക്കുന്നുണ്ട്. വകുപ്പിന്റെ ഇത്തരം പദ്ധതികൾ മണ്ഡലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നില്ല.

**ന്യൂനപക്ഷ വിഭാഗങ്ങളുടെ സംരക്ഷണവും ഉന്നമനവും**

347 (1198) ശ്രീ. മുഹമ്മദ് മുഹസിൻ:

ശ്രീമതി സി. കെ. ആശ:

ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ പല സംസ്ഥാനങ്ങളിലും ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നേരെ ശത്രുതാപരമായ സമീപനം ഉണ്ടാകുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങളുടെ സംരക്ഷണത്തിനും ഉന്നമനത്തിനുമായി സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉണ്ട്. ന്യൂനപക്ഷങ്ങളുടെ സാമൂഹിക, സാമ്പത്തിക വിദ്യാഭ്യാസപരമായ ഉന്നമനം ലക്ഷ്യമാക്കി ജസ്റ്റിസ് സച്ചാർകമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് രൂപീകരിച്ച ശ്രീ. പാലൊളി മുഹമ്മദ്കുട്ടി അധ്യക്ഷനായ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ പരിഗണിച്ച് ന്യൂനപക്ഷങ്ങളുടെ ക്ഷേമം ലക്ഷ്യമാക്കി വിവിധ ക്ഷേമ പദ്ധതികളായ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, തൊഴിൽ നൈപുണ്യ വികസന പദ്ധതികൾ, കരിയർഗൈഡൻസ് പ്രോഗ്രാമുകൾ, പ്രീ-മാരിറ്റൽ കൗൺസിലിങ്, സ്വയം തൊഴിൽ പദ്ധതി, മറ്റ് അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നുണ്ട്. ക്രിസ്ത്യൻ ന്യൂനപക്ഷവിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസപരമായ ഉന്നമനം ലക്ഷ്യമാക്കി രൂപീകരിച്ച ജസ്റ്റിസ് (റിട്ട.) ജെ .ബി കോശി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ വിവിധ വകുപ്പുകളിലായി സ്വീകരിച്ചുവരുന്നു. മൈക്രോ ന്യൂനപക്ഷങ്ങൾക്കുവേണ്ടിയും വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. എല്ലാ ന്യൂനപക്ഷങ്ങളെയും ചേർത്തുപിടിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

(ബി) ന്യൂനപക്ഷ വിഭാഗങ്ങളിലെ വിധവകൾ, വിവാഹമോചിതർ, ഉപേക്ഷിക്കപ്പെട്ടവർ തുടങ്ങി സാമ്പത്തികമായി ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്ത്രീകളുടെ ഉന്നമനത്തിനായി നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ?

ന്യൂനപക്ഷ വിഭാഗങ്ങളിലെ വിധവകൾ, വിവാഹമോചിതർ, ഉപേക്ഷിക്കപ്പെട്ടവർ തുടങ്ങി സാമ്പത്തികമായി ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്ത്രീകളുടെ ഉന്നമനത്തിനായി ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1.ഇമ്പിച്ചിബാവ ഭവന/പുനരുദ്ധാരണ പദ്ധതി

2. സ്വയം തൊഴിൽ പദ്ധതി

(സി) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവജനങ്ങളെ മികച്ച തൊഴിലുകൾ നേടാൻ പ്രാപ്തരാക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവജനങ്ങളെ മികച്ച തൊഴിലുകൾ നേടാൻ പ്രാപ്തരാക്കുന്നതിനുവേണ്ടി ന്യൂനപക്ഷക്ഷേമ വകുപ്പ് ASAP, KASE, Digital university മുഖേന നൈപുണ്യ പരിശീലന പദ്ധതികൾ സംഘടിപ്പിച്ചുവരുന്നു. 2025-26 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ITC Fee Reimbursement ശീർഷകത്തിൽ 180 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ,

ന്യൂനപക്ഷവിഭാഗങ്ങളിലെ യുവജനങ്ങൾക്ക് സിവിൽ സർവീസ്, യു.പി.എസ്.സി., പി.എസ്.സി. എന്നീ മത്സരപരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനായി ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 24 യുവജനപരിശീലന കേന്ദ്രങ്ങളും, അവയ്ക്കുകീഴിൽ 28 ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു.

(ഡി) സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗങ്ങൾ ഭയരഹിതരും അഭിമാനബോധമുള്ളവരുമായി ജീവിക്കുന്നതിനുവേണ്ടി നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

ന്യൂനപക്ഷങ്ങളുടെ ക്ഷേമം ലക്ഷ്യമാക്കി വിവിധ ക്ഷേമ പദ്ധതികളായ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, തൊഴിൽ നൈപുണ്യ വികസന പദ്ധതികൾ, കരിയർഗൈഡൻസ് പ്രോഗ്രാമുകൾ, പ്രീമാരിറ്റൽ കൗൺസിലിങ്, സ്വയംതൊഴിൽ പദ്ധതി, മറ്റ് അടിസ്ഥാന സൗകര്യ വികസനപദ്ധതികൾ എന്നിവ നടപ്പിലാക്കുന്നുണ്ട്.

**ആലപ്പുഴ നിയോജകമണ്ഡലത്തിൽ പി.എം.ജെ.വി.കെ. പദ്ധതി**

348 (1199) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ പ്രധാനമന്ത്രി ജനവികാസ് കാര്യക്രം (പി.എം.ജെ.വി.കെ.) പദ്ധതി പ്രകാരം എന്തൊക്കെ പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വിശദമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിൽ പ്രധാനമന്ത്രി ജൻവികാസ് കാര്യക്രം (പി.എം.ജെ.വി.കെ.) പദ്ധതി പ്രകാരം വുമൺ ഫെസിലിറ്റേഷൻ & എംപവർമെന്റ് സെന്റർ എന്ന പ്രവൃത്തിയാണ് നടന്നുവരുന്നത്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച വുമൺ ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

പൈലിങ് പുരോഗമിക്കുന്നു. 110 പൈലിങ്ങിൽ 92 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) എത്ര രൂപ ചെലവഴിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്നും ഇവ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

14.23 കോടി രൂപ ചെലവഴിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതി 2026 മാർച്ചിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ന്യൂനപക്ഷ മത വിഭാഗത്തിലെ വിധവകൾക്കായി ഭവന പുനരുദ്ധാരണ പദ്ധതി**

349 (1200) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കായി ഭവന പുനരുദ്ധാരണ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ പ്രയോജനം ഇതുവരെ 2950 പേർക്ക് ലഭിച്ചിട്ടുണ്ട് വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു.

| വർഷം | എണ്ണം |
|---|---|
| 2021-22 | 624 |
| 2022-23 | 897 |
| 2023-24 | 719 |
| 2024-25 | 710 |

(ബി) ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾ, വിവാഹമോചിതരായ സ്ത്രീകൾ എന്നിവർക്കായി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; വിശദാംശം ലഭ്യമാക്കാമോ?

നിലവിലുണ്ട്. പദ്ധതിയുടെ പ്രയോജനം കൂടുതൽ പേർക്ക് ലഭ്യമാക്കുംവിധം അർഹതാ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതുൾപ്പെടെയുള്ള നടപടി പൂർത്തീകരിച്ചുവരുന്നുണ്ട്. നടപ്പുവർഷം 500 പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

**ന്യൂനപക്ഷ ക്ഷേമവകുപ്പ് ആലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ**

350 (1201) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമവകുപ്പ് ആലപ്പുഴ മണ്ഡലത്തിൽ ഏതൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന വിശദവിവരം ലഭ്യമാക്കാമോ?

ന്യൂനപക്ഷക്ഷേമ വകുപ്പ് സംസ്ഥാനത്തിൽ പൊതുവേ നടപ്പിലാക്കുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന സ്കോളർഷിപ്പ് പോലുള്ള പദ്ധതികൾ, തൊഴിൽ നൈപുണി വികസന പദ്ധതികൾ, അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട നിർധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതി എന്നിങ്ങനെ വകുപ്പിന്റെ വിവിധ പദ്ധതികളുടെ പ്രയോജനം ആലപ്പുഴ മണ്ഡലത്തിനും ലഭിക്കുന്നുണ്ട്. ഇതുകൂടാതെ, ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത വകുപ്പ് മുഖേന ഏതൊക്കെ പദ്ധതികൾക്കാണ് തുക ചെലവഴിക്കുന്നതെന്നുള്ള വിവരം വ്യക്തമാക്കുമോ?

ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾക്കും, മണ്ഡലത്തിൽ പ്രധാനമന്ത്രി ജനവികാസ് കാര്യക്രം (പി.എം.ജെ.വി.കെ.) പദ്ധതി പ്രകാരം നടന്നുവരുന്ന വുമൺഫെസിലിറ്റേഷൻ & എംപവർമെന്റ് സെന്റർ എന്ന പ്രവൃത്തിക്കും തുക ചെലവഴിക്കുന്നുണ്ട്.

**ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ വിവിധ പദ്ധതികൾ**

351 (1202) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-2021 മുതൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ വിവിധ പദ്ധതികൾക്ക് ഓരോ വർഷവും ലഭിച്ചിട്ടുള്ള ബജറ്റ് വിഹിതം എത്രയാണെന്നും ഇതിൽ ഓരോ വർഷവും എത്ര തുക വിതരണം ചെയ്തുവെന്നും വിശദമാക്കുമോ?

2020-2021 മുതൽ ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ വിവിധ പദ്ധതികൾക്ക് ഓരോ വർഷവും വിതരണം ചെയ്യുന്നതിനായി ലഭിച്ചിട്ടുള്ള ബജറ്റ് വിഹിതം സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത്, ലഭിച്ച അപേക്ഷകരുടെ എണ്ണം പരിഗണിച്ചും ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം ജനസംഖ്യാനുപാതം പാലിച്ചുമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഏതെങ്കിലും ധനസഹായ പദ്ധതികളിൽ കുടിശ്ശിക വിതരണം ചെയ്യാനുണ്ടോയെന്നും ഓരോ പദ്ധതിയിലും എന്നുവരെയുള്ള അപേക്ഷകൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

കുടിശ്ശിക വിതരണം ചെയ്യാനില്ല. കഴിഞ്ഞ സാമ്പത്തിക വർഷംവരെ ലഭിച്ച അപേക്ഷകളിൽ ധനസഹായം നൽകിയിട്ടുണ്ട്.

(സി) ന്യൂനപക്ഷ വിദ്യാർഥികൾക്കുള്ള മാർഗദീപം പദ്ധതിയിൽ ഈ കാലയളവിൽ എത്ര തുക അനുവദിച്ചുവെന്നും എത്ര തുക വിതരണം ചെയ്തുവെന്നും വ്യക്തമാക്കുമോ?

ന്യൂനപക്ഷ വിദ്യാർഥികൾക്കുള്ള മാർഗദീപം പദ്ധതിക്ക് 2024-25 വർഷം അനുവദിച്ച 20 കോടി രൂപയിൽ 1,21,667 വിദ്യാർഥികൾക്കായി 1825 ലക്ഷം രൂപ സ്കോളർഷിപ്പിനായി വിനിയോഗിച്ചിട്ടുണ്ട്. 2025-26 വർഷത്തേക്ക് 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയിൽ നടപ്പ് വർഷത്തേക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

**ന്യൂനപക്ഷക്ഷേമ വകുപ്പിലെ ഫയൽ തീർപ്പാക്കൽ**

352 (1203) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:

ശ്രീ. പി. നന്ദകുമാർ:

ശ്രീ. എച്ച്. സലാം:

ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പാക്കുന്ന നൈപുണ്യ വികസന പദ്ധതികളും തൊഴിലധിഷ്ഠിത പദ്ധതികളും എന്തൊക്കെയെന്ന് വിശദമാക്കാമോ?

സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അസാപ്, കെയ്സ്, ഡിജിറ്റൽ യൂണിവേഴ്സിറ്റി എന്നീ സർക്കാർ ഏജൻസികൾ മുഖേന തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതികൾക്കായി ഈ സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട്?

2025-26 സാമ്പത്തിക വർഷം അസാപ്, കെയ്സ്, ഡിജിറ്റൽ യൂണിവേഴ്സിറ്റി എന്നീ ഏജൻസികൾ മുഖേന പരിശീലനം സംഘടിപ്പിക്കുന്നതിന് 180 ലക്ഷം രൂപ 2225-04-277-94 (പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

(സി) 2025 ജൂലായ് 1 മുതൽ ആഗസ്റ്റ് 31 വരെ നീണ്ടുനിന്ന ഫയൽ അദാലത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് എത്ര ഫയലുകൾ തീർപ്പാക്കി; ഇനിയും തീർപ്പാക്കാനുള്ള ഫയലുകളിൽ നടപടി ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

2025 ജൂലായ് 1 മുതൽ ആഗസ്റ്റ് 31 വരെ നീണ്ടുനിന്ന ഫയൽ അദാലത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പിൽ തീർപ്പാക്കാനുണ്ടായിരുന്ന 715 ഫയലുകളിൽ 468 ഫയലുകളും (65.45%), ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിൽ തീർപ്പാക്കാനുണ്ടായിരുന്ന 3185 ഫയലുകളിൽ 2963 ഫയലുകളും തീർപ്പാക്കിയിട്ടുണ്ട് (93.03%). വകുപ്പിൽ അവശേഷിക്കുന്ന 247 ഫയലുകളും ഡയറക്ടറേറ്റിലെ 222 ഫയലുകളും തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം**

353 (1204) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പ് പ്രഖ്യാപിച്ച ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് ആകെ എത്ര ഗ്രൗണ്ടുകൾ നവീകരിക്കുകയോ നിർമ്മിക്കുകയോ ചെയ്തിട്ടുണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം സംസ്ഥാനത്ത് നവീകരിക്കുകയോ നിർമ്മിക്കുകയോ ചെയ്തിട്ടുള്ള കളിക്കളങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**അത്തൂർ മണ്ഡലത്തിൽ കായിക വകുപ്പ് അനുവദിച്ച പദ്ധതികൾ**

354 (1205) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കായിക വകുപ്പുവഴി അത്തൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി)

**1. പള്ളിപ്പുറം കളിസ്ഥല നിർമ്മാണം, അത്തൂർ:**

2025 - 26 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II -ലെ ക്രമ നം 1178 ആയി 100 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 20 ലക്ഷം രൂപ ബജറ്റ് വിഹിതമായും ഉൾപ്പെടുത്തിയിട്ടുള്ള അത്തൂർ മണ്ഡലത്തിലെ പള്ളിപ്പുറം കളിസ്ഥലം പ്രവൃത്തിയുടെ ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് 10-07-2025-ൽ സ്പോർട്സ് കേരള ഫൗണ്ടേഷനിൽ നിന്നും കായിക യുവജന കാര്യാലയത്തിലേക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരികയാണ്.

**2. ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി:**

വി.വി.എച്ച് എസ്. എസ്. കോടംതുരുത്ത് ഫുട്ബോൾ ഗ്രൗണ്ട് വികസനം.

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി അരൂർ നിയോജകമണ്ഡലത്തിൽ വി.വി.എച്ച്.എസ്.എസ്. കോടംതുരുത്ത് ഫുട്ബോൾ ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവൃത്തിക്ക് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും 50 ലക്ഷം രൂപയും കായിക യുവജനകാര്യാലയത്തിന്റെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷവും കൂടി ചേർത്ത് 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതി 30-11-2024-ൽ നൽകിയിട്ടുണ്ട്. 19-02-2024-ൽ 93,89,000/- രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/s പ്രൈംടെക് എഞ്ചിനീയറിങ് എന്ന സ്ഥാപനത്തിന് 07-02-2025 -ൽ പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകുകയും 27-02-2025-ൽ കരാറുകാരനുമായി കരാറിലേർപ്പെടുകയും ചെയ്തു. എന്നാൽ സ്കൂളിന് അടുത്തുള്ള ആശുപത്രി ബിൽഡിങ് എസ്കവേറ്റ് ചെയ്ത മണ്ണ് ഗ്രൗണ്ടിലേക്ക് മാറ്റിയതുമൂലം ഗ്രൗണ്ടിലേക്ക് പ്രവേശനം തടസ്സപ്പെട്ടിരുന്നു. ടി മണ്ണ് പ്രസ്തുത ഗ്രൗണ്ടിൽ നിന്ന് മാറ്റിയതിനുശേഷം 05-06-2025-ൽ സൈറ്റ് കരാറുകാരന് കൈമാറുകയും ചെയ്തു. തുടർന്ന് സൈറ്റ് ക്ലിയറൻസ് പ്രവൃത്തിയും ഗ്രൗണ്ട്

ലെവലിങ് പ്രവൃത്തികളും പൂർത്തീകരിച്ചു. തുടർന്നുള്ള നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി ഗ്രൗണ്ടിൽ നിലവിലുള്ള മരങ്ങൾ മുറിച്ചു മാറ്റേണ്ടതായിട്ടുണ്ട്. 20-08-2025-ലെ വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതിയും, 12-09-2025-ൽ പ്രസ്തുത സ്കൂൾ ഹെഡ്മിസ്ട്രസിന്റെ കത്തും ലഭ്യമായിട്ടുണ്ട്. ഉടൻ തന്നെ പ്രവൃത്തി പുനരാരംഭിക്കുന്നതാണെന്നും പ്രസ്തുത പ്രവൃത്തി 2025 ഡിസംബറോടുകൂടി പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) പള്ളിപ്പുറത്ത് ഐ.എച്ച്.ആർ.ഡി. കോളേജിന് അനുവദിച്ച ജോമോൻ സ്മാരക സ്റ്റേഡിയത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും, പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി സംബന്ധിച്ച വിശദാംശവും അറിയിക്കുമോ?

കിഫ്ബിപദ്ധതി പള്ളിപ്പുറം ഐ. എച്ച്. ആർ.ഡി. കോളേജിൽ സ്റ്റേഡിയം, അരൂർ (കിഫ്ബി പദ്ധതി):

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം ഐ.എച്ച്.ആർ.ഡി. കോളേജിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിലേക്കായി 16.83 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ എസ്.പി.വി. ആയി ആദ്യം കിറ്റ്കോയെയാണ് നിയമിച്ചിരുന്നത്. കിറ്റ്കോ തയ്യാറാക്കിയ എസ്റ്റിമേറ്റ്

പ്രകാരം കിഫ്ബിയിൽ നിന്നും ഈ പദ്ധതിക്കായി 7.67 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. എന്നാൽ പദ്ധതി ദീർഘകാലം നടപ്പിലാക്കാതിരുന്ന സാഹചര്യത്തിൽ പദ്ധതി നിർവഹണം സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏൽപ്പിക്കുകയും, ആദ്യഘട്ടത്തിൽ 18.45 കോടി രൂപയുടെ എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിയിരുന്നെങ്കിലും പദ്ധതി തുക നിജപ്പെടുത്തി സമർപ്പിക്കാൻ കിഫ്ബി നിർദ്ദേശിക്കുകയുണ്ടായി. തുടർന്ന് സ്പോർട്സ് കേരള ഫൗണ്ടേഷൻ 10.86 കോടി രൂപയുടെ പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ 12-02-2024-ന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ. കിഫ്ബി പരിശോധിക്കുകയും ആയതിന്റെ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് 19-03-2025-ൽ സ്പോർട്സ് കേരള ഫൗണ്ടേഷന് നൽകിയിട്ടുമുണ്ട്. ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിന്റെ മറുപടി സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ, മേല്പറഞ്ഞ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിന്റെ മറുപടി സമർപ്പിക്കുമ്പോൾ അതോടൊപ്പം പുതുക്കിയ ഭരണാനുമതിയും സമർപ്പിക്കുവാൻ കിഫ്ബി ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി പുതുക്കുന്നതിനായി കായിക യുവജനകാര്യ ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ

സർക്കാരിന്റെ പരിഗണനയിലാണ്. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവർത്തിച്ചുവരുന്ന പ്രസ്തുത കോളേജിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് സർക്കാർ അംഗീകരിച്ച പ്രകാരമുള്ള ഒരു ധാരണാപത്രത്തിൽ ഏർപ്പെടണമെന്ന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനോട് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ധാരണപത്രം ലഭിച്ചിട്ടില്ല.

**കായിക വകുപ്പിന് കീഴിലെ വിവിധ പദ്ധതികൾ**

355 (1206) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തനം പുരോഗമിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക എത്രയാണെന്നും പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

(എ&ബി) കായിക വകുപ്പിന് കീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തനം പുരോഗമിക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**ഹെൽത്തി കിഡ്സ് പദ്ധതി**

356 (1207) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കായിക വകുപ്പ് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ലോവർ പ്രൈമറി തലത്തിൽ നടപ്പാക്കുന്ന കായിക വിനോദ പദ്ധതിയായ ഹെൽത്തി കിഡ്സ് പദ്ധതിയെക്കുറിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിങ് ഹബ്ബുകളാക്കുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പ്, SCERT, NGGFn (നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻസ് ഫൗണ്ടേഷൻ) എന്നിവയുമായി സഹകരിച്ച് സ്പോർട്സ് കേരള ഫൗണ്ടേഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുഖേന കായിക യുവജന കാര്യാലയം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ഹെൽത്തി കിഡ്സ്.

ഈ പദ്ധതിയിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനും, കൂടാതെ പ്രൊഫഷണൽ ഗെയിമുകളുടെ അടിസ്ഥാനപരമായ വഴികളിലേക്കുള്ള പരിചയം നൽകി, അവർക്ക് സ്പോർട്സിലും ഗെയിമുകളിലും താൽപര്യം വളർത്തുന്നതിനും സഹായിക്കുന്നു. ഇതിന്റെ ഭാഗമായി, സംസ്ഥാനത്തെ സ്കൂൾ വിദ്യാർഥികളുടെ കായികവും ബൗദ്ധികവുമായ ശേഷികൾ മെച്ചപ്പെടുത്തുകയാണ് പ്രധാന ലക്ഷ്യം.

നിലവിൽ കേരളത്തിലെ തിരഞ്ഞെടുത്ത 55 സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അടുത്ത ഘട്ടമായി, CSR ഫണ്ട്, MLA ഫണ്ട്, MP ഫണ്ട് തുടങ്ങിയ ഫണ്ടിങ് സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിന്, 06-07-2025-ലെ സ.ഉ. (സാധാ) നമ്പർ 190/2025/കാ.യു.വ. പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ CSR ഫണ്ട്, സ്പോൺസർഷിപ്പ് തുടങ്ങിയവ സമാഹരിക്കുന്നതിനായി, PSU-കളും സാമൂഹിക ക്ലബ്ബുകളുടെയും പ്രതിനിധികളെ പങ്കെടുപ്പിച്ച് ഒരു കോൺക്ലേവ് (Conclave) സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പദ്ധതിയെ

കേരളത്തിലെ എല്ലാ ലോവർ പ്രൈമറി സ്കൂളുകളിലേക്കും വ്യാപിപ്പിക്കുക എന്നതാണ് അടുത്ത ഘട്ടത്തിലെ ലക്ഷ്യം.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയ വിദ്യാലയങ്ങളിൽ നിന്നുള്ള പ്രവർത്തനാനുഭവവും പദ്ധതി നടപ്പിലാക്കിയതിലൂടെ കൈവന്ന നേട്ടങ്ങളും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പദ്ധതി നടപ്പാക്കിയ വിദ്യാലയങ്ങളിൽ നിന്നുള്ള പ്രവർത്തനാനുഭവങ്ങളും കൈവരിച്ച നേട്ടങ്ങളും വിലയിരുത്തപ്പെട്ടിട്ടുണ്ട്. ആകെ 334 അധ്യാപകർ പ്രതികരണ ഫോറം പൂരിപ്പിച്ച്, പരിശീലനങ്ങളുടെ ഫലപ്രാപ്തി, പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ, വിദ്യാർഥികളുടെ പങ്കാളിത്തം, കാണപ്പെട്ട മെച്ചപ്പെടുത്തലുകൾ, മൊബൈൽ ആപ്പിന്റെ ഉപയോഗസൗകര്യം, മേൽനോട്ട സംഘത്തിന്റെ പ്രകടനം എന്നിവ സംബന്ധിച്ച അവരുടെ അനുഭവങ്ങളും നിരീക്ഷണങ്ങളും നിർദേശങ്ങളുമായി പങ്കുവെച്ചിട്ടുള്ള വിവരം സ്പോർട്സ് കേരള ഫൗണ്ടേഷൻ അറിയിച്ചിട്ടുണ്ട്.

അധ്യാപകരുടെ ഈ പ്രതികരണങ്ങൾ മുഖ്യമായും അഞ്ചു മേഖലകളെ ഉൾക്കൊള്ളുന്നതാണ്:

1. പരിശീലനങ്ങളുടെ ഫലപ്രാപ്തി

2. പരിപാടി നടത്തുന്നതിനുള്ള സൗകര്യങ്ങൾ

3. വിദ്യാർഥികളുടെ പങ്കാളിത്തം

4. കുട്ടികളിൽ കണ്ട മെച്ചപ്പെടുത്തലുകൾ

5. മൊബൈൽ ആപ്പിന്റെയും മേൽനോട്ട സംഘത്തിന്റെയും പ്രവർത്തനക്ഷമത.

**ശ്രീനാരായണപുരം പഞ്ചായത്തിലെ കളിക്കളം നിർമ്മാണം**

357 (1208) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ ആസ്തി വികസന ഫണ്ടിൽനിന്ന് അമ്പത് ലക്ഷം രൂപയും കായിക വകുപ്പിന്റെ അമ്പത് ലക്ഷം രൂപയും കണക്കാക്കി അനുവദിച്ചിട്ടുള്ള ശ്രീനാരായണപുരം പഞ്ചായത്തിലെ കളിക്കളം നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി അംഗീകരിച്ച ഒന്നാംഘട്ട ലിസ്റ്റിൽ തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് കളിസ്ഥലവും ഉൾപ്പെട്ടിരുന്നു. എന്നാൽ നിശ്ചിത സമയത്തിനകം എം.എൽ.എ. ആസ്തി വികസന ഫണ്ട് അനുവദിച്ചതായുള്ള ജില്ലാ കളക്ടറുടെ കത്ത് ലഭിക്കാത്തതിനാൽ 26-03-2025-ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത കളിസ്ഥലം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽനിന്നും ഒഴിവാക്കിയിരുന്നു. 11-04-2025-ലെ LSGD/JD/TSR/2715/2025-E4 കത്ത് പ്രകാരം ബഹു. കൈപ്പമംഗലം നിയോജകമണ്ഡലം എം.എൽ.എ. 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും ആയതിനാൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു. തുടർന്ന് 30-08-2025-ലെ സർക്കാർ ഉത്തരവ് പ്രകാരം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഉൾപ്പെട്ട കളിക്കളങ്ങളുടെ ഭേദഗതി വരുത്തിയ ലിസ്റ്റിൽ മേൽ പ്രവൃത്തി വീണ്ടും ഉൾപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിവരുന്നു.

(ബി) കായിക വികസനത്തിനായി വിദ്യാലയങ്ങളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ?

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിങ് ഹബ്ബുകളാക്കുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പ്, SCERT, NGGFn (നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻസ് ഫൗണ്ടേഷൻ) എന്നിവയുമായി സഹകരിച്ച് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന കായിക യുവജന കാര്യാലയം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ഹെൽത്തി കിഡ്സ്. ഈ പദ്ധതിയിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനും, കൂടാതെ പ്രൊഫഷണൽ ഗെയിമുകളുടെ അടിസ്ഥാനപരമായ വഴികളിലേക്കുള്ള പരിചയം നൽകി, അവർക്ക് സ്പോർട്സിലും ഗെയിമുകളിലും താൽപര്യം വളർത്തുന്നതിനും സഹായിക്കുന്നു. ഇതിന്റെ ഭാഗമായി, സംസ്ഥാനത്തെ സ്കൂൾ വിദ്യാർഥികളുടെ കായികവും ബൗദ്ധികവുമായ ശേഷികൾ മെച്ചപ്പെടുത്തുകയാണ് പ്രധാന ലക്ഷ്യം. നിലവിൽ കേരളത്തിലെ തിരഞ്ഞെടുത്ത 55 സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അടുത്ത ഘട്ടമായി, CSR ഫണ്ട്, MLA ഫണ്ട്, MP ഫണ്ട്

തുടങ്ങിയ ഫണ്ടിങ് സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പദ്ധതിയെ കേരളത്തിലെ എല്ലാ ലോവർ പ്രൈമറി സ്കൂളുകളിലേക്കും വ്യാപിപ്പിക്കുക എന്നതാണ് അടുത്ത ഘട്ടത്തിലെ ലക്ഷ്യം. കായിക യുവജന കാര്യാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന ജി. വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ സ്പോർട്സ് സ്കൂളുകളിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

**കപ്പാസിറ്റി ബിൽഡിങ് പദ്ധതി:**

സ്പോർട്സ് സ്കൂളിലെ കായിക താരങ്ങൾക്ക് മികച്ച പരിശീലനം ലഭ്യമാക്കുന്നതിലേക്ക് മികച്ച പരിശീലകരെ നിയമിക്കുന്നതിനുള്ള പദ്ധതി.

**ന്യൂട്രീഷൻ പദ്ധതി:**

യുവ അത്ലറ്റുകൾക്ക് കായിക പ്രകടനത്തിന്റെ ഒരു പ്രധാന ഭാഗമാണ് പോഷകാഹാരം. ഒപ്റ്റിമൽ വളർച്ചയ്ക്കും വികാസത്തിനുംപുറമേ പ്രവർത്തനത്തിനും ഊർജം നൽകുന്നതിന് ശരിയായ അളവിൽ മാക്രോ ന്യൂട്രിയന്റുകൾ, മൈക്രോ ന്യൂട്രിയന്റുകൾ, ദ്രാവകങ്ങൾ എന്നിവ അത്യാവശ്യമാണ്. ആയതിലേക്ക് കായിക താരങ്ങൾക്ക് ദിവസേന 300/- രൂപയുടെ ന്യൂട്രീഷൻ ഭക്ഷണം നൽകുന്ന

പദ്ധതിയാണ്.

**സ്പോർട്സ് കിറ്റ് വിതരണം:**

കായികതാരങ്ങൾക്ക് പരിശീലനത്തിനായുള്ള ട്രാക്ക്സ്യൂട്ട്, ടീ ഷർട്ട്, ഷൂസ്, ബാഗ് അടങ്ങുന്ന സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നു.

**കോച്ചസ് എംപവർമെന്റ് പ്രോഗാം:**

സ്പോർട്സ് സ്കൂളുകളിലെ പരിശീലകരുടെ മികവ് വർധിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വിദഗ്ധരുടെ 5 ദിവസത്തെ പരിശീലന ക്ലാസ് സംഘടിപ്പിക്കുകയും പുതിയ പരിശീലന ടെക്നിക്സ് പരിശീലകർക്ക് പരിചയപ്പെടുത്തുന്നു. ഇതിലൂടെ കുട്ടികളുടെ കായിക നൈപുണ്യം ഉയർത്തുന്നതിന് സാധിക്കുന്നു.

കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള ഹോസ്റ്റൽ സ്കീമിൽ സ്കൂൾ, പ്ലസ് വൺ ക്ലാസുകളിലെ കുട്ടികളെ തിരഞ്ഞെടുത്ത് പരിശീലനം നൽകിവരുന്നു. ഇപ്രകാരം കൗൺസിലിന്റെ കീഴിലുള്ള 27 ജില്ലാ സ്പോർട്സ് അക്കാദമികളിലും, 13 സ്കൂൾ സ്പോർട്സ് അക്കാദമികളിലുമായി കുട്ടികൾക്ക് വിവിധ കായിക ഇനങ്ങളിൽ പരിശീലനം നൽകിവരുന്നു. കൂടാതെ, കൗൺസിലിന്റെ

കീഴിൽ വിവിധ സ്കൂളുകളെ ഡേ ബോർഡിങ് സെന്ററുകളായി തിരഞ്ഞെടുത്ത് ടി സ്കൂളുകളിലെ കുട്ടികൾക്ക് വിവിധ കായിക ഇനങ്ങളിൽ പരിശീലനം നൽകിവരുന്നു. കൂടാതെ, കൗൺസിലിന്റെ കീഴിലുള്ള റൂറൽ കോച്ചിങ് സെന്ററുകളിൽ രാവിലെയും വൈകുന്നേരവും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പരിശീലകരുടെ നേതൃത്വത്തിൽ കുട്ടികൾക്കായി വിവിധ കായിക ഇനങ്ങളിൽ പരിശീലനം നൽകിവരുന്നു.

സർക്കാരിന് കീഴിലുള്ള വിവിധ വകുപ്പുകളുടെ സഹകരണത്തോടെ കുട്ടികളിലും, വിദ്യാർഥികളിലും, മറ്റും കായികക്ഷമതയുടെ കുറവ് അനുഭവപ്പെടുന്ന യാഥാർഥ്യം ഉൾക്കൊണ്ട് സംസ്ഥാനത്തെ വിദ്യാർഥികളുടെ കായികക്ഷമത വർധിപ്പിക്കുന്നതിനും, കായിക സാക്ഷരതയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായി കേരള കായികക്ഷമത മിഷൻ എന്ന പദ്ധതി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ വിഭാവനം ചെയ്തിട്ടുണ്ട്. 5 വിഭാഗങ്ങളിലായി സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടാണ് ടി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അതിൽ നഴ്സറി തലം മുതൽ പ്ലസ് ടു വരെയുള്ള സ്കൂൾ തലത്തിലെ കുട്ടികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

**കാസർഗോഡ് മണ്ഡലത്തിൽ കായിക വകുപ്പ് അനുവദിച്ച ഫണ്ടുകൾ**

358 (1209) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 14 വർഷം കാസർഗോഡ് മണ്ഡലത്തിൽ കായിക വകുപ്പിൽ നിന്ന് വിവിധ പദ്ധതികൾക്കായി ആകെ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക ഏതെല്ലാം പ്രവൃത്തികൾക്കാണ് അനുവദിച്ചതെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) തുക അനുവദിച്ചതായി കാണുന്നില്ല.

(സി) പൂർത്തീകരിച്ചതും പൂർത്തീകരിക്കാത്തതും ആരംഭിക്കാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) എസ്റ്റിമേറ്റ് തയ്യാറായിട്ടും ഭരണാനുമതി നൽകാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ?

(ഇ) കാസർഗോഡ് മണ്ഡലത്തിൽ ഏതെങ്കിലും സ്റ്റേഡിയത്തിന് ഏതെങ്കിലും വർഷം ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോയെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ?

(സി-ഇ) വിവരം അനുബന്ധമായി ചേർക്കുന്നു.

(എഫ്) കാസർഗോഡ് മണ്ഡലത്തിൽ പിങ്ക് സ്റ്റേഡിയം നിർമ്മിക്കാൻ ആലോചനയുണ്ടായിരുന്നോ; എങ്കിൽ ഇതിനായി സ്ഥലം പരിശോധിച്ചിരുന്നോ; എവിടെ സ്റ്റേഡിയം നിർമ്മിക്കാനാണ് ആലോചിച്ചത്; വ്യക്തമാക്കാമോ?

ഉണ്ട്. ഇതിനായി സ്ഥലം പരിശോധിച്ചിരുന്നു. കാസർഗോഡ് താളിപ്പടപ്പ് സ്റ്റേഡിയമാണ് പിങ്ക് സ്റ്റേഡിയമാക്കാൻ നിശ്ചയിച്ചിരുന്നത്.

**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം**

359 (1210) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രകാരം ഗുരുവായൂർ മണ്ഡലത്തിൽ അനുമതി ലഭിച്ച പദ്ധതികളുടെ വിശദവിവരങ്ങളും പുരോഗതിയും വിശദമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം ഗുരുവായൂർ മണ്ഡലത്തിൽ അനുമതി നൽകിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**1 പുന്നയൂർ ഗ്രാമപഞ്ചായത്ത് കളിസ്ഥല നവീകരണം:**

പുന്നയൂർ ഗ്രാമപഞ്ചായത്ത് കളിസ്ഥലം നിർമ്മാണത്തിനായി ഗുരുവായൂർ നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് വിഹിതമായി 07-12-2023-ലെ തൃശ്ശൂർ ജില്ലാ കളക്ടറുടെ നടപടിക്രമം പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും 16-01-2024-ൽ എം.എൽ.എ. ഫണ്ട് വിഹിതവും പ്ലാൻ ഫണ്ട് വിഹിതവും ഉൾപ്പെടെ 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതി കായിക യുവജനകാര്യ ഡയറക്ടർ നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 93.88 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിക്ക് ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. സാവൺ. കെ. ബി, തൃശ്ശൂർ എന്ന കരാറുകാരനാണ് 79.88 ലക്ഷം രൂപയ്ക്ക് ടി

പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടോയ്ലെറ്റ് ബ്ലോക്ക്, ഫെൻസിങ്, ഫ്ലഡ്ലൈറ്റിന്റെ ഫൗണ്ടേഷൻ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മഡ് കോർട്ട്, ഇന്റർ ലോക്ക്, ഫ്ലഡ്ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ പുരോഗമിച്ചുവരുന്നു. നിലവിൽ 95 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആദ്യ പാർട്ട് ബിൽ തുക കരാറുകാരന് നൽകിയിട്ടുണ്ട്.

**2.പുന്നയൂർക്കുളം പഞ്ചായത്ത് ഗ്രൗണ്ട്:**

30-08-2025-ലെ സ.ഉ (സാധാ) നമ്പർ 223/2025/കാ.യു.വ. പ്രകാരം പുന്നയൂർക്കുളം പഞ്ചായത്ത് ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തി ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടന്നുവരുന്നു.

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

360 (1211) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കായിക വകുപ്പ് മുഖേന ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം നൽകുമോ?

**ചങ്ങനാശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം:**

2019 -20-ലെ ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി മണ്ഡലത്തിലെ ചങ്ങനാശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്കായി 14-06-2022-ൽ 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, 10-10-2022-ൽ 377 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കുകയും യോഗ്യത നേടിയ കരാറുകാരിൽവച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത M/s.കൺവെർജ് സ്പോർട്സ് ഇൻഫ്രാ പ്രൈവറ്റ് ലിമിറ്റഡ് 345 ലക്ഷം രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു.

പ്രസ്തുത പ്രവൃത്തിയിൽ 11's ഫുട്ബോൾ ടർഫ്, ഫ്ലഡ്ലൈറ്റ്, സ്പ്രിംഗ്ളർ സിസ്റ്റം, സംമ്പ് & പമ്പ് റൂം, നിലവിലുള്ള ഗ്യാലറിയുടെ ടെൻസൈൽ റൂഫിങ്, മഡ് വോളിബോൾ കോർട്ട്, ക്രിക്കറ്റ് പ്രാക്ടീസ് പിച്ച്, ജിം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡ്രെയിൻ, സംമ്പ് & പമ്പ് റൂം, ചുറ്റുമതിൽ, സ്പ്രിംഗ്ളർ, ഗ്രൗണ്ട് ലെവലിങ് ജിമ്മിനുള്ളിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ പ്ലാസ്റ്ററിങ് പ്രവൃത്തികൾ, നിലവിലുള്ള ഗ്യാലറി പൊളിച്ചുനീക്കൽ, ഫ്ലഡ്ലൈറ്റ് സ്ഥാപിക്കൽ, ജിം ബിൽഡിങ്ങിലെ സീലിങ് പ്രവൃത്തികൾ, ഫുട്ബോൾ ടർഫിൽ പുല്ല് നടുന്ന പ്രവൃത്തി ടെൻസൈൽ റൂഫിങ്ങിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ എന്നിവ പൂർത്തീകരിച്ചു. ടെൻസൈൽ റൂഫിങ്ങിന്റെ ഫാബ്രിക്കേഷൻ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. ഈ പ്രവൃത്തിയുടെ 91 ശതമാനം നിലവിൽ പൂർത്തീകരിച്ചുകഴിഞ്ഞു.

**17-ാം വാർഡ് ഔട്ട്പോസ്റ്റ് ജംഗ്ഷൻ പഞ്ചായത്ത് സ്റ്റേഡിയം:**

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെട്ട ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കുറിച്ചി ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡ് ഔട്ട്പോസ്റ്റ് ജംഗ്ഷൻ പഞ്ചായത്ത് സ്റ്റേഡിയം പ്രവൃത്തിക്കായി എം.എൽ.എ.-

എ.ഡി.എസ്-ൽ നിന്ന് 50 ശതമാനം, സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നുമുള്ള 50 ശതമാനവും ചേർത്ത് ആകെ 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതി 16-03-2024-ന് കായിക വകുപ്പ് ഡയറക്ടർ നൽകിയിട്ടുണ്ട്. (ഉത്തരവ് നം. എ 3-5143/23/ഡി.എസ്.വൈ.എ). 30-04-2024-ൽ പ്രസ്തുത പദ്ധതിക്ക് 93.89 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 12-06-2024-ന് ദർഘാസ് ക്ഷണിച്ചിരുന്നുവെങ്കിലും ടെൻഡറിൽ ആരുംതന്നെ പങ്കെടുക്കാതിരുന്നതിനാൽ 29-06-2024-ൽ റീടെൻഡർ ചെയ്യുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത M/s.കൺവെർജ് സ്പോർട്സ് ഇൻഫ്രാ പ്രൈവറ്റ് ലിമിറ്റഡ് 78.95 ലക്ഷം രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. പ്രസ്തുത പ്രവൃത്തിയിൽ ഫെൻസിങ് (8 മീറ്റർ ഉയരത്തിൽ), സിന്തറ്റിക്ക് ഫുട്ബോൾ ടർഫ് (50:30), ഗ്രൗണ്ട് ഫില്ലിങ് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫെൻസിങ്, കെർബ് മുതലായ പ്രവൃത്തികൾ 70 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ചങ്ങനാശ്ശേരി മുനിസിപ്പൽ സ്റ്റേഡിയത്തിന് 500 ലക്ഷം രൂപയുടെയും 17-ാം വാർഡ് ഔട്ട്പോസ്റ്റ് ജംഗ്ഷൻ പഞ്ചായത്ത് സ്റ്റേഡിയത്തിനായി 100 ലക്ഷം

രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

361 (1212) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നും നിലവിൽ എത്ര കളിസ്ഥലങ്ങൾ ഇപ്രകാരം പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിക്കായി ജനപ്രതിനിധികളുടെ ശിപാർശ പ്രകാരം ഒന്നാംഘട്ടമായി 124 കളിസ്ഥലങ്ങളും രണ്ടാംഘട്ടമായി 12 കളിസ്ഥലങ്ങളും 2025-26 സാമ്പത്തിക വർഷത്തിൽ മൂന്നാംഘട്ടമായി 36 കളിസ്ഥലങ്ങളും നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നിലവിൽ ഒന്നാം ഘട്ടത്തിലെ 10 കളിക്കളങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതി വിഭാവനം ചെയ്തപ്പോൾ ഒരു എം.എൽ.എ.ക്ക് ഒരു സാമ്പത്തിക വർഷം എത്ര തുക ഉപയോഗിച്ചുള്ള പദ്ധതി നടപ്പിലാക്കുന്നതിനാണ് വകുപ്പ് ശിപാർശ നൽകിയിരിക്കുന്നത്; എത്ര തുക നൽകുന്നതിനാണ് ഉത്തരവായിട്ടുള്ളതെന്നും വിശദമാക്കുമോ?

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഒരു കളിക്കളത്തിന് ആവശ്യമായി വരുന്ന തുകയുടെ 50 ശതമാനം തുക (പരമാവധി 50 ലക്ഷം രൂപ) കായിക വകുപ്പിന്റെ പദ്ധതി വിഹിതമായും ബാക്കി വരുന്ന തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യപ്രതിബദ്ധതാ ഫണ്ട് എന്നിവയിൽ നിന്നുമാണ് വകയിരുത്തുന്നത്.

(സി) ഒരു സാമ്പത്തിക വർഷം ആ വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി ഒരു മണ്ഡലത്തിൽ ഒന്നിലധികം കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകുന്നുണ്ടോ; വ്യക്തമാക്കുമോ?

ഒരു നിയമസഭാ മണ്ഡലത്തിൽ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് വിഹിതം ഉൾപ്പെടുത്തി ഒന്നിലധികം കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന്

അനുമതി നൽകുന്നുണ്ട്. ഒരു പഞ്ചായത്തിൽ ഒരു കളിക്കളമെങ്കിലും നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

**കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം**

362 (1213 ) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം നടന്ന കായിക ഉച്ചകോടിയിലെ തീരുമാനങ്ങൾ എത്രത്തോളം നടപ്പാക്കിയിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

കായികരംഗത്ത് ആഗോള പങ്കാളിത്തവും നിക്ഷേപവും ലക്ഷ്യമിട്ടാണ് കേരളത്തിലെ കായികലോകത്തിന് പുത്തനുണർവും ദിശാബോധവും നൽകിക്കൊണ്ട് 2024 ജനുവരി 23 മുതൽ 26 വരെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിച്ചത്. ആഗോള കായിക രംഗത്തെ പുത്തൻ പ്രവണതകൾ, സങ്കേതങ്ങൾ എന്നിവ

പരിചയപ്പെടുത്തുന്നതിനും തദ്ദേശീയമായ നവീന ആശയങ്ങൾ വിദേശ പ്രതിനിധികൾക്കും നിക്ഷേപകർക്കും മുന്നിൽ അവതരിപ്പിക്കുന്നതിനും ഉച്ചകോടിയിലൂടെ സാധ്യമായി.

കേരളം വിഭാവനം ചെയ്യുന്ന കായിക സമ്പദ്‌വ്യവസ്ഥയ്ക്ക് വലിയ ഊർജം പകരുന്നതിനായി വിവിധ പദ്ധതികളിലായി 5025 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് സമ്മിറ്റിൽ ലഭ്യമായത്. അടിസ്ഥാന സൗകര്യ വികസനം, കായിക പരിശീലനം, ഇ-സ്പോർട്സ്, സ്പോർട്സ് ലീഗ്, കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം, സാഹസിക കായിക വിനോദം/മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിൽ നിന്നുള്ള പദ്ധതികളാണ് സമ്മിറ്റിൽ അവതരിപ്പിക്കപ്പെട്ടത്.

അടിസ്ഥാന സൗകര്യ വികസന മേഖലയിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനോടൊപ്പംതന്നെ നൂതനമായ ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിക്കുനന്തിനും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ഫിറ്റ്നെസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് എൻ.ബി.എഫ്. അക്കാദമിയുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയുടെയും ഉദ്ഘാടനം പൂർത്തിയായിട്ടുണ്ട്. കായികോപകരണങ്ങൾ

വിതരണം ചെയ്യുന്നതിന് ഡെക്കാത്തലോണുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഒരു സ്കൂൾ ഒരു ഗെയിം പദ്ധതി മികച്ച രീതിയിൽ നടന്നുവരുന്നു.

ഫുട്ബോൾ പ്രതിഭകളെ തിരഞ്ഞെടുക്കുന്നതിനും പരിശീലനം നൽകുന്നതിനും റയൽ മാഡ്രിഡ് ഫൗണ്ടേഷനുമായി സഹകരിച്ച് ആർ.ബി.എസ്. കോർപ്പറേഷൻ സമർപ്പിച്ച പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി. അടിസ്ഥാന കായിക പരിശീലന മേഖലയിൽ ഇന്ത്യ ഖേലോ ഫുട്ബോൾ പ്രഖ്യാപിച്ച പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി.

ഇ-സ്പോർട്സ് മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം, പരിശീലനം, മത്സരം എന്നിവയ്ക്കായി വിവിധ ഏജൻസികൾ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിക്കുകയും ഇ-സ്പോട്സ് സെന്ററുകൾ സ്ഥാപിക്കുന്നതിനായി എജൻസികളെ എംപാനൽ ചെയ്യുന്ന നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. കായിക താരങ്ങൾക്ക് കൂടുതൽ അവസരം നൽകുന്നതിനും വാണിജ്യവൽക്കരിക്കുന്നതിനുമായി വിവിധ ലീഗുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേരള ഫുട്ബോൾ അസോസിയേഷൻ സമ്മിറ്റിൽ കേരള സൂപ്പർ ലീഗ് പ്രഖ്യാപിച്ചതാണ്. സൂപ്പർ ലീഗ് കേരള ആദ്യ സീസൺ ഗംഭീരമായി

പൂർത്തിയായി. രണ്ടാം സീസൺ ഒക്ടോബറിൽ നടക്കും. സമ്മിറ്റിൽ പ്രഖ്യാപിച്ച ക്രിക്കറ്റ് ലീഗ് രണ്ട് സീസൺ വിജയകരമായി പൂർത്തിയാക്കി. കേരള ക്രിക്കറ്റ് അസോസിയേഷൻ സമ്മിറ്റിൽ വാഗ്ദാനം ചെയ്ത 1200 കോടിയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലെ സ്റ്റേഡിയങ്ങളുമായി ബന്ധപ്പെട്ട ആദ്യഘട്ട പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരികയാണ്. കോളേജ് സ്പോർട്സ് വാണിജ്യവൽക്കരിക്കുക എന്ന ആശയത്തോടെ രൂപം കൊടുത്ത കോളേജ് സ്പോർട്സ് ലീഗ് ഉന്നതവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ആരംഭിക്കുകയും ആയത് മികച്ച രീതിയിൽ നടന്നുവരികയും ചെയ്യുന്നു.

സാഹസിക കായിക വിനോദം/മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിലും കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനുമായി ലഭിച്ച പ്രൊപ്പോസലുകൾ നടപ്പിലാക്കുന്നതിന് വിവിധ ഏജൻസികളുമായി ചർച്ചകൾ നടത്തിവരുന്നു.

(ബി) കായിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും പരിപാലിക്കാനും എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്തെ കായിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പരിപാലിക്കുന്നതിനുമായി കായികയുവജന കാര്യാലയത്തിന്റെ കീഴിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ രൂപീകരിച്ചിട്ടുണ്ട്. സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സംസ്ഥാനത്തൊട്ടാകെ വിവിധ പദ്ധതികളിലൂൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ നടന്നുവരികയാണ്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിലൂൾപ്പെടുത്തി 16 സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ, ഓപ്പൺ ജിംനേഷ്യം, ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഒന്നാംഘട്ടമായി 124 കളിസ്ഥലങ്ങൾ, രണ്ടാംഘട്ടമായി 12 കളിസ്ഥലങ്ങൾ, മൂന്നാംഘട്ടമായി 36 കളിസ്ഥലങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കായികരംഗത്തെ നഷ്ടപ്രതാപം വീണ്ടെടുക്കാൻ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന സൗകര്യങ്ങളൊരുക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിൽ പരിശീലനം നൽകുന്നതിനും അതത് കായിക ഇനങ്ങൾക്ക് അനുയോജ്യമായ രീതിയിലും ശാസ്ത്രീയമായ പരിശീലന സൗകര്യം ഒരുക്കുന്നതിനുമായി ജി.വി. രാജ സെന്റർ ഫോർ എക്സലൻസ് സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

**രാജ്യാന്തര കായിക ഉച്ചകോടിയിലെ പ്രഖ്യാപനങ്ങൾ**

363 (1214) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് നടന്ന രാജ്യാന്തര കായിക ഉച്ചകോടിയിൽ സംസ്ഥാനത്തിന്റെ കായിക സമ്പദ്‌വ്യവസ്ഥ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നടന്ന പ്രധാന പ്രഖ്യാപനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രഖ്യാപനങ്ങളിൽ ഏതൊക്കെയാണ് നാളിതുവരെ നടപ്പാക്കിയിട്ടുള്ളത്; എത്ര കോടി രൂപയുടെ നിക്ഷേപം ലഭ്യമായിട്ടുണ്ട്; എത്ര

നിക്ഷേപ പദ്ധതികൾക്ക് നാളിതുവരെ അനുമതി നൽകിയിട്ടുണ്ട്; ഈ പദ്ധതികൾ വഴി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) കായിക രംഗത്ത് ആഗോള പങ്കാളിത്തവും നിക്ഷേപവും ലക്ഷ്യമിട്ടാണ് കേരളത്തിലെ കായികലോകത്തിന് പുത്തനുണർവും ദിശാബോധവും നൽകിക്കൊണ്ട് 2024 ജനുവരി 23 മുതൽ 26 വരെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിച്ചത്. ആഗോള കായിക രംഗത്തെ പുത്തൻ പ്രവണതകൾ, സങ്കേതങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നതിനും തദ്ദേശീയമായ നവീന ആശയങ്ങൾ വിദേശ പ്രതിനിധികൾക്കും നിക്ഷേപകർക്കും മുന്നിൽ അവതരിപ്പിക്കുന്നതിനും ഉച്ചകോടിയിലൂടെ സാധ്യമായി.

കേരളം വിഭാവനം ചെയ്യുന്ന കായിക സമ്പദ് വ്യവസ്ഥയ്ക്ക് വലിയ ഊർജം പകരുന്നതിനായി വിവിധ പദ്ധതികളിലായി 5025 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് സമ്മിറ്റിൽ ലഭ്യമായത്. അടിസ്ഥാന സൗകര്യ വികസനം, കായിക പരിശീലനം, ഇ-സ്പോർട്സ്, സ്പോർട്സ് ലീഗ്, കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം, സാഹസിക കായിക

വിനോദം/മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിൽനിന്നുള്ള പദ്ധതികളാണ് സമ്മിറ്റിൽ അവതരിപ്പിക്കപ്പെട്ടത്.

അടിസ്ഥാന സൗകര്യ വികസന മേഖലയിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനോടൊപ്പം തന്നെ നൂതനമായ ഫിറ്റ്നെസ് സെന്ററുകൾ സ്ഥാപിക്കുനന്തിനും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ഫിറ്റ്നെസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് എൻ.ബി.എഫ്. അക്കാദമിയുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയുടെയും ഉദ്ഘാടനം പൂർത്തിയായിട്ടുണ്ട്. കായികോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ഡെക്കാത്തലോണുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഒരു സ്കൂൾ ഒരു ഗെയിം പദ്ധതി മികച്ച രീതിയിൽ നടന്നുവരുന്നു.

ഫുട്ബോൾ പ്രതിഭകളെ തിരഞ്ഞെടുക്കുന്നതിനും പരിശീലനം നൽകുന്നതിനും റയൽ മാഡ്രിഡ് ഫൗണ്ടേഷനുമായി സഹകരിച്ച് ആർ.ബി.എസ്. കോർപ്പറേഷൻ സമർപ്പിച്ച പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി. അടിസ്ഥാന കായിക പരിശീലന മേഖലയിൽ ഇന്ത്യ ഖേലോ ഫുട്ബോൾ പ്രഖ്യാപിച്ച പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി.

ഇ-സ്പോർട്സ് മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം, പരിശീലനം, മത്സരം എന്നിവയ്ക്കായി വിവിധ ഏജൻസികൾ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിക്കുകയും ഇ-സ്പോട്സ് സെന്ററുകൾ സ്ഥാപിക്കുന്നതിനായി എജൻസികളെ എംപാനൽ ചെയ്യുന്ന നടപടികൾ പുരോഗമിക്കുന്നു. കായിക താരങ്ങൾക്ക് കൂടുതൽ അവസരം നൽകുന്നതിനും വാണിജ്യവൽക്കരിക്കുന്നതിനുമായി വിവിധ ലീഗുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേരള ഫുട്ബോൾ അസോസിയേഷൻ സമ്മിറ്റിൽ കേരള സൂപ്പർ ലീഗ് പ്രഖ്യാപിച്ചതാണ്. സൂപ്പർ ലീഗ് കേരള ആദ്യ സീസൺ ഗംഭീരമായി പൂർത്തിയായി. രണ്ടാം സീസൺ ഒക്ടോബറിൽ നടക്കും. സമ്മിറ്റിൽ പ്രഖ്യാപിച്ച ക്രിക്കറ്റ് ലീഗ് രണ്ട് സീസൺ വിജയകരമായി പൂർത്തിയാക്കി. കേരള ക്രിക്കറ്റ് അസോസിയേഷൻ സമ്മിറ്റിൽ വാഗ്ദാനം ചെയ്ത 1200 കോടിയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലെ സ്റ്റേഡിയങ്ങളുമായി ബന്ധപ്പെട്ട ആദ്യഘട്ട പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരികയാണ്. കോളേജ് സ്പോർട്സ് വാണിജ്യവൽക്കരിക്കുക എന്ന ആശയത്തോടെ രൂപം കൊടുത്ത കോളേജ് സ്പോർട്സ് ലീഗ് ഉന്നതവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ആരംഭിക്കുകയും ആയത് മികച്ച രീതിയിൽ നടന്നുവരികയും ചെയ്യുന്നു.

സാഹസിക കായിക വിനോദം/മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിലും കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനുമായി ലഭിച്ച പ്രൊപ്പോസലുകൾ നടപ്പിലാക്കുന്നതിന് വിവിധ ഏജൻസികളുമായി ചർച്ചകൾ നടത്തിവരുന്നു.

(സി) കായിക ഉച്ചകോടിയുടെ നടത്തിപ്പിന് എത്ര തുക ചെലവഴിച്ചു; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കാമോ?

ISSK യുടെ നടത്തിപ്പിനായി ചെലവഴിച്ച തുക 3,43,07,677/-രൂപ. വിശദാംശം ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

| Sl No | Component | Amount |
|---|---|---|
| 1 | Venue Rentals & arrangements | 66,31,152 |
| 2 | Venue Branding | 9,98,546 |
| 3 | Food | 62,67,293 |
| 4 | Accommodation | 13,44,911 |
| 5 | Logistics | 21,26,196 |
| 6 | Technology | 2,94,139 |
| 7 | Cultural Extravaganza | 38,47,610 |
| 8 | Print material | 5,58,521 |
| 9 | Event material | 15,98,948 |
| 10 | Media & Promotions | 71,69,914 |

| | | |
|---|---|---|
| 11 | Preparatory events | 21,94,433 |
| 12 | Administrative expenses of SKF | 5,76,015 |
| 13 | Consultancy charges | 6,99,999 |
| | Total | 3,43,07,677 |

**കായികരംഗത്തെ നിക്ഷേപങ്ങൾ**

364 (1215) ശ്രീ. വി. ആർ. സുനിൽ കുമാർ:

ശ്രീ. പി. എസ്. സുപാൽ:

ശ്രീ. സി. സി. മുകുന്ദൻ:

ശ്രീ. ഇ. കെ. വിജയൻ: ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക താരങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള താരങ്ങളുമായി മത്സരിക്കുന്നതിനുള്ളശേഷി ഉറപ്പാക്കുന്നതിനായി കായികരംഗത്ത് കൂടുതൽ നിക്ഷേപം കൊണ്ടുവരേണ്ടതിന്റെ ആവശ്യകത വിശകലനവിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) കായിക വിനോദരംഗത്ത് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനുവേണ്ടി ആരംഭിച്ച ഇന്റർനാഷണൽ സ്പോർട്സ് സമ്മിറ്റിൽ ലഭിച്ച ഓഫറുകൾ പ്രകാരമുള്ള നിക്ഷേപങ്ങൾ ഈ മേഖലയിൽ ലഭ്യമായിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപാദനത്തിൽ കായിക വിനോദത്തിനും അതുമായി ബന്ധപ്പെട്ട സംരംഭങ്ങൾക്കും നിർണ്ണായക പങ്കാളിത്തം ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) കായിക രംഗത്ത് ആഗോള പങ്കാളിത്തവും നിക്ഷേപവും ലക്ഷ്യമിട്ടാണ് കേരളത്തിലെ കായികലോകത്തിന് പുത്തനുണർവും ദിശാബോധവും നൽകിക്കൊണ്ട് 2024 ജനുവരി 23 മുതൽ 26 വരെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിച്ചത്. ആഗോള കായിക രംഗത്തെ പുത്തൻ പ്രവണതകൾ, സങ്കേതങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നതിനും തദ്ദേശീയമായ നവീന ആശയങ്ങൾ വിദേശ പ്രതിനിധികൾക്കും നിക്ഷേപകർക്കും മുന്നിൽ അവതരിപ്പിക്കുന്നതിനും ഉച്ചകോടിയിലൂടെ സാധ്യമായി.

കേരളം വിഭാവനം ചെയ്യുന്ന കായിക സമ്പദ് വ്യവസ്ഥയ്ക്ക് വലിയ ഊർജം പകരുന്നതിനായി വിവിധ പദ്ധതികളിലായി 5025 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് സമ്മിറ്റിൽ ലഭ്യമായത്. അടിസ്ഥാന സൗകര്യ വികസനം, കായിക പരിശീലനം, ഇ-സ്പോർട്സ്, സ്പോർട്സ് ലീഗ്, കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം, സാഹസിക കായിക വിനോദം/മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിൽനിന്നുള്ള പദ്ധതികളാണ് സമ്മിറ്റിൽ അവതരിപ്പിക്കപ്പെട്ടത്.

അടിസ്ഥാന സൗകര്യവികസന മേഖലയിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനോടൊപ്പം തന്നെ നൂതനമായ ഫിറ്റ്നെസ് സെന്ററുകൾ സ്ഥാപിക്കുനന്തിനും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ഫിറ്റ്നെസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് എൻ.ബി.എഫ്. അക്കാദമിയുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയുടെയും ഉദ്ഘാടനം പൂർത്തിയായിട്ടുണ്ട്. കായികോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ഡെക്കാത്തലോണുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഒരു സ്കൂൾ ഒരു ഗെയിം പദ്ധതി മികച്ച രീതിയിൽ നടന്നുവരുന്നു.

ഫുട്ബോൾ പ്രതിഭകളെ തിരഞ്ഞെടുക്കുന്നതിനും പരിശീലനം നൽകുന്നതിനും റയൽ മാഡ്രിഡ് ഫൗണ്ടേഷനുമായി സഹകരിച്ച് ആർ.ബി.എസ്. കോർപ്പറേഷൻ സമർപ്പിച്ച പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി. അടിസ്ഥാന കായിക പരിശീലന മേഖലയിൽ ഇന്ത്യ ഖേലോ ഫുട്ബോൾ പ്രഖ്യാപിച്ച പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി.

ഇ-സ്പോർട്സ് മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം, പരിശീലനം, മത്സരം എന്നിവയ്ക്കായി വിവിധ ഏജൻസികൾ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിക്കുകയും ഇ-സ്പോട്സ് സെന്ററുകൾ സ്ഥാപിക്കുന്നതിനായി എജൻസികളെ എംപാനൽ ചെയ്യുന്ന നടപടികൾ പുരോഗമിക്കുന്നു. കായിക താരങ്ങൾക്ക് കൂടുതൽ അവസരം നൽകുന്നതിനും വാണിജ്യവൽക്കരിക്കുന്നതിനുമായി വിവിധ ലീഗുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേരള ഫുട്ബോൾ അസോസിയേഷൻ സമ്മിറ്റിൽ കേരള സൂപ്പർ ലീഗ് പ്രഖ്യാപിച്ചതാണ്. സൂപ്പർ ലീഗ് കേരള ആദ്യ സീസൺ ഗംഭീരമായി പൂർത്തിയായി. രണ്ടാം സീസൺ ഒക്ടോബറിൽ നടക്കും. സമ്മിറ്റിൽ പ്രഖ്യാപിച്ച ക്രിക്കറ്റ് ലീഗ് രണ്ട് സീസൺ വിജയകരമായി പൂർത്തിയാക്കി. കേരള ക്രിക്കറ്റ് അസോസിയേഷൻ സമ്മിറ്റിൽ വാഗ്ദാനം ചെയ്ത 1200 കോടിയുടെ അടിസ്ഥാന

സൗകര്യ വികസന പദ്ധതിയിലെ സ്റ്റേഡിയങ്ങളുമായി ബന്ധപ്പെട്ട ആദ്യഘട്ട പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരികയാണ്. കോളേജ് സ്പോർട്സ് വാണിജ്യവൽക്കരിക്കുക എന്ന ആശയത്തോടെ രൂപം കൊടുത്ത കോളേജ് സ്പോർട്സ് ലീഗ് ഉന്നതവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ആരംഭിക്കുകയും ആയത് മികച്ച രീതിയിൽ നടന്നുവരികയും ചെയ്യുന്നു.

സാഹസിക കായിക വിനോദം/മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിലും കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനുമായി ലഭിച്ച പ്രൊപ്പോസലുകൾ നടപ്പിലാക്കുന്നതിന് വിവിധ ഏജൻസികളുമായി ചർച്ചകൾ നടത്തിവരുന്നു.

(ഡി) കായിക വിനോദത്തോടൊപ്പം വളരെയധികം പ്രാധാന്യമർഹിക്കുന്ന സ്പോർട്സ് മെഡിസിൻ മേഖലയിൽ സംസ്ഥാനത്ത് കൂടുതൽ നിക്ഷേപങ്ങൾ ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ?

കായിക യുവജന കാര്യാലയത്തിന് കീഴിൽ രാജീവ്ഗാന്ധി മെഡിസിൻ സെന്ററിന് പുറമെ കണ്ണൂർ സ്പോർട്സ് സ്കൂൾ, കുന്നംകുളം സ്പോർട്സ് ഡിവിഷൻ, ജി. വി. രാജ സ്പോർട്സ് സ്കൂൾ എന്നിവിടങ്ങളിൽ മെഡിസിൻ സെന്ററുകൾ

പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന, ജില്ലാ തലത്തിലുള്ള കായികതാരങ്ങൾക്കും ദേശീയ-അന്തർദേശീയ മത്സരങ്ങൾക്ക് തയ്യാറെടുക്കുന്നവർക്കും സമഗ്രമായ കായിക വൈദ്യ സേവനങ്ങൾ സ്പോർട്സ് മെഡിസിൻ സെന്ററുകളിലൂടെ ലക്ഷ്യമിടുന്നു. അത്യാധുനിക രീതിയിലുള്ള ഫിസിയോതെറാപ്പി ഉപകരണങ്ങൾ നിലവിൽ മെഡിസിൻ സെന്ററുകളിൽ ലഭ്യമാണ് കൂടാതെ 2 കോടി രൂപയുടെ ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലൂടെ പരിക്കുകൾക്കുശേഷം കായികതാരങ്ങളെ കുറഞ്ഞ കാലയളവിൽ പരിശീലനത്തിലേക്ക് തിരികെ കൊണ്ടുവരാൻ സഹായകരമാവുന്നതാണ്.

ആരോഗ്യ വകുപ്പുമായി സഹകരിച്ച് ജില്ലാ, സംസ്ഥാന തലത്തിൽ മെഡിക്കൽ ഫിറ്റ്നെസ്സ് ക്യാമ്പുകൾ മുതലായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. ഇതിലൂടെ കായികതാരങ്ങളുടെ ആരോഗ്യപരിശോധന, ഫിറ്റ്നസ് ടെസ്റ്റിങ്, പരിക്കുകൾ കണ്ടെത്തൽ എന്നിവ സാധിക്കുന്നതിനോടൊപ്പം കേരളത്തിലെ മൊത്തത്തിലുള്ള കായിക വൈദ്യ മേഖലയെ ശക്തിപ്പെടുത്തുകയും ചെയ്യും.

**കായിക വകുപ്പുമുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

365 (1216) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ കായിക വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ ദേവികുളം നിയോജക മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് വിഹിതമുപയോഗിച്ച് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി പള്ളിവാസൽ ഗ്രാമപഞ്ചായത്ത് കളിസ്ഥല നിർമ്മാണ പ്രവൃത്തിക്ക് ഇടുക്കി ജില്ലാ കളക്ടറിൽ നിന്നും 27-08-2024-ലെ നം. ഡി3-3834/2022-23/എൽ.എ.സി-എ.ഡി.എസ് പ്രകാരം എം.എൽ.എ. ഫണ്ടിലുൾപ്പെടുത്തി 50 ലക്ഷം രൂപയും കായിക യുവജനകാര്യാലയത്തിലെ പ്ലാൻ ഫണ്ടിൽനിന്നും 50 ലക്ഷം രൂപ കൂടി ചേർത്ത് 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതി 27-09-2024-ൽ നൽകിയിട്ടുണ്ട്. ആയതുപ്രകാരം 07-10-2024 -ൽ 93,89,000/- രൂപയ്ക്ക് (18% ജി.എസ്.ടി. ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും തുടർന്ന് 76,46,271/- രൂപയ്ക്ക് (ജി.എസ്.ടി. ഒഴികെ) ടെൻഡർ

ക്ഷണിക്കുകയും യോഗ്യത നേടിയ കരാറുകാരിൽ എസ്റ്റിമേറ്റ് റേറ്റിന് 5.20 ശതമാനം കുറവ് രേഖപ്പെടുത്തിയ ശ്രീ. മനു മോഹൻ, തളികയിൽ ഹൗസ്, കല്ലാർകുട്ടി പി.ഒ., പൊളിഞ്ഞപാലം, പിൻ - 685562 എന്ന കരാറുകാരനുമായി 29-11-2024-ന് 72,48,603/- രൂപയ്ക്ക് (ജി.എസ്.ടി. ഒഴികെ) എഗ്രിമെന്റിൽ ഏർപ്പെടുകയും ഗ്യാലറിയുടെ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. മഴ കാരണം പ്രവൃത്തി നിർത്തിവയ്ക്കേണ്ട സാഹചര്യമുണ്ടായി. എന്നാൽ 07-09-2025 മുതൽ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 23 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിങ് ഹബ്ബുകളാക്കുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പ്, SCERT, NGGFn (നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻസ് ഫൗണ്ടേഷൻ) എന്നിവയുമായി സഹകരിച്ച് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന കായിക യുവജന കാര്യാലയം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഹെൽത്തി കിഡ്സ് പദ്ധതി ദേവികുളം നിയോജകമണ്ഡലത്തിലെ ഗവ.എൽ.പി.എസ്.-ൽ നടപ്പിലാക്കിയിട്ടുണ്ട്.

**അർജന്റീന പങ്കെടുക്കുന്ന ഫുട്ബോൾ മത്സരം**

366 (1217) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്ക് മെസ്സിയെയും അർജന്റീന ഫുട്ബോൾ ടീമിനെയും എത്തിച്ച് ഫുട്ബോൾ മത്സരം നടത്തുന്ന നടപടികളുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത മത്സരവും ഇതിന്റെ ചെലവുകളും സ്പോൺസർ ചെയ്യുന്നത് ആരാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത മത്സരവും ഇതുമായി ബന്ധപ്പെട്ട ചെലവുകളും സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കുമോ; എങ്കിൽ എത്ര തുകയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഈ മത്സരത്തിൽ നിന്ന് സർക്കാരിന് സാമ്പത്തിക വരുമാനം ലഭ്യമാകുമോ; വിശദമാക്കാമോ?

(എ-ഡി) ലോകകപ്പ് ജേതാക്കളായ അർജന്റീന ഫുട്ബോൾ ടീമിനെ സൗഹൃദ മത്സരത്തിനായി കേരളത്തിൽക്കൊണ്ട് വരുന്നതിന് സ്പോൺസറായി

പ്രവർത്തിക്കാൻ റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിങ് കമ്പനി സന്നദ്ധത അറിയിച്ച് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ, റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിങ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് സ്പോൺസറായി ചുമതലപ്പെടുത്തി സർക്കാർ 07-01-2025-ന് സ.ഉ.(സാധാ)10/2025/S&YA ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ അർജന്റീന ഫുട്ബോൾ ടീമിന്റെ സന്ദർശനത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിച്ചിട്ടുണ്ട്. അർജന്റീന ഫുട്ബോൾ ടീമിനെ കേരളത്തിലേക്ക് ക്ഷണിക്കുന്നതിനും അർജന്റീന ഫുട്ബോൾ അക്കാദമി, സ്പെയ്ൻ ഹയർ സ്പോർട്സ് കൗൺസിൽ, ലാലിഗ എന്നിവരുമായി സഹകരണത്തിനുള്ള ചർച്ചകൾക്കുമായി 2024 സെപ്തംബർ 3 മുതൽ 5 വരെ കായിക വകുപ്പുമന്ത്രി, കായികവകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, കായിക-യുവജനകാര്യ ഡയറക്ടർ എന്നിവർ സ്പെയിൻ സന്ദർശിച്ചതുമായി ബന്ധപ്പെട്ട് 13,04,434/-രൂപ ചെലവായിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു. സംസ്ഥാനത്തെ സാമ്പത്തിക, ടൂറിസം രംഗങ്ങൾക്ക് വലിയ പ്രോത്സാഹനത്തിന് മത്സരം വഴിയൊരുക്കും.

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

367 (1218) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ 2021 മുതൽ 2025 വരെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച കളിക്കളങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ 2021 മുതൽ 2025 വരെ ബജറ്റിൽ ഉൾപ്പെടുത്തി വകുപ്പ് മുഖേന അനുവദിച്ച പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

(എ&ബി) വടക്കാഞ്ചേരി മണ്ഡലത്തിൽ 2021 മുതൽ 2025 വരെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച കളിക്കളങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.[+]

(സി) ഈ പ്രവൃത്തികളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത പ്രവൃത്തികളെല്ലാംതന്നെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കായിക മേഖലയ്ക്കുള്ള സർക്കാർ വിഹിതം ഗണ്യമായി വെട്ടിക്കുറച്ചത്**

368 (1219) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക മന്ത്രി നേതൃത്വം നൽകിയ ലഹരിവിരുദ്ധ യാത്രയുടെ ഭാഗമായി പതിനാല് ജില്ലകളിൽ സംഘടിപ്പിച്ച മിനി മാരത്തോൺ മത്സരത്തിൽ വിജയിച്ച താരങ്ങൾക്ക് മൂന്ന് മാസങ്ങൾക്ക് ശേഷവും സമ്മാനത്തുക വിതരണം ചെയ്തിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സമ്മാനത്തുക വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ലഹരിവിരുദ്ധ സന്ദേശ യാത്രയുടെ ഭാഗമായി ജില്ലകളിൽ സംഘടിപ്പിച്ച മിനി മാരത്തോണിൽ പങ്കെടുത്ത് വിജയിച്ച താരങ്ങൾക്ക് സമ്മാനത്തുക വിതരണം ചെയ്യുന്നതിനു വേണ്ടി 13 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കൊച്ചിയിൽ ആരംഭിച്ച പെൺകുട്ടികളുടെ ഫുട്ബോൾ അക്കാദമി കെട്ടിടത്തിന്റെ വാടക കുടിശ്ശിക നൽകാത്തതുമൂലം കെട്ടിടം ഒഴിയേണ്ടിവന്ന സാഹചര്യമുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വാടക നൽകുവാൻ സാധിക്കാതെ വന്ന സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും കൊച്ചിയിൽ ആരംഭിച്ച പെൺകുട്ടികളുടെ ഫുട്ബോൾ അക്കാദമി കെട്ടിടത്തിന്റെ ഉടമയും തമ്മിലുള്ള കരാർ കാലാവധി അവസാനിക്കുകയും കെട്ടിട ഉടമ കരാർ പുതുക്കി നൽകാത്ത സാഹചര്യത്തിൽ വനിതാ ഫുട്ബോൾ കായികതാരങ്ങൾക്കായി പനമ്പിള്ളി നഗറിൽ തന്നെ പുതിയൊരു ഹോസ്റ്റൽ കെട്ടിടം കണ്ടെത്തി കായികതാരങ്ങളെ അവിടെ താമസിപ്പിക്കുകയും അക്കാദമി പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത അക്കാദമിയിൽ മതിയായ പരിശീലകർ ഇല്ലാത്ത സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത അക്കാദമിയിൽ പുതിയ ഒരു ഫുട്ബോൾ പരിശീലകയെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(ഡി) കായിക മേഖലക്കുള്ള സർക്കാർ വിഹിതം ഗണ്യമായി വെട്ടിക്കുറച്ചത് സംസ്ഥാനത്തെ കായിക മേഖലയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായി വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

കായിക മേഖലക്കുള്ള വിഹിതം വെട്ടിക്കുറച്ചിട്ടില്ല.

**പട്ടാമ്പി മണ്ഡലത്തിൽ കായിക വകുപ്പ് മുഖാന്തരം അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ**

369 (1220) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടാമ്പി മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലോ പ്രാദേശിക ഫണ്ടിലോ ഉൾപ്പെടാത്ത ഏതെല്ലാം പദ്ധതികളാണ് വകുപ്പ് മുഖാന്തരം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശം, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, പദ്ധതികളുടെ

നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ചതിന്റെ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

(എ& ബി) അനുബന്ധമായി ചേർക്കുന്നു.+

**അർജന്റീന ഫുട്ബോൾ ടീമിന്റെ കേരള സന്ദർശം**

370 (1221) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുട്ബോൾ ഇതിഹാസം ലയണൽ മെസ്സി അടങ്ങുന്ന അർജന്റീന ഫുട്ബോൾ ടീം കേരളം സന്ദർശിക്കുന്നതിനും ഫുട്ബോൾ മത്സരത്തിൽ പങ്കെടുക്കുന്നതിനും തീരുമാനമായിട്ടുണ്ടോയെന്ന് അറിയിക്കുമോ?

തീരുമാനമായിട്ടുണ്ട്.

(ബി) പ്രസ്തുത തീരുമാനം സംബന്ധിച്ച് സംസ്ഥാന സർക്കാരും എ.എഫ്.എ.-യും (അർജന്റീന ഫുട്ബോൾ അസോസിയേഷൻ) തമ്മിൽ ധാരണാപത്രം ഒപ്പിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇല്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) അർജന്റീന ഫുട്ബോൾ ടീം കേരളത്തിൽ വരുന്നുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട സംഘാടന ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സന്ദർശനവുമായി ബന്ധപ്പെട്ട് കായിക വകുപ്പ് ഏതെല്ലാം സ്പോൺസർമാരെ സമീപിച്ചിട്ടുണ്ട്; സ്പോൺസർഷിപ്പുമായി ബന്ധപ്പെട്ട വിശദാംശം ലഭ്യമാക്കുമോ?

റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിങ് കമ്പനി പ്രൈവറ്റ് ലിമിറ്റഡിനെ സ്പോൺസറായി ചുമതലപ്പെടുത്തി 07-01-2025-ലെ സ.ഉ.(സാധാ)10/2025/ക.യു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ അർജന്റീന ഫുട്ബോൾ ടീമിന്റെ സന്ദർശനത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി സ്പോർട്സ് കേരള ഫൗണ്ടേഷനെയാണ് നിയമിച്ചിട്ടുള്ളത്.

(ഇ) പ്രസ്തുത സന്ദർശനവുമായി ബന്ധപ്പെട്ട് സർക്കാരിന് ഇതിനോടകം സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ?

അർജന്റീന ഫുട്ബോൾ ടീമിന്റെ കേരള സന്ദർശനം, അർജന്റീന അക്കാദമികൾ കേരളത്തിൽ ആരംഭിക്കുക, ലാലിഗയും സ്പെയിൻ ഹയർ സ്പോർട്സ് കൗൺസിൽ എന്നിവരുമായുള്ള സഹകരണം എന്നീ വിഷയങ്ങളുടെ ചർച്ചകൾക്കായി 13,04,434/- രൂപ ചെലവായി.

(എഫ്) പ്രസ്തുത സന്ദർശനവുമായി ബന്ധപ്പെട്ട് സർക്കാരിന് സാമ്പത്തിക ബാധ്യതയോ സാമ്പത്തിക-കായിക നേട്ടമോ ഉണ്ടാകുമോയെന്ന് വിശദമാക്കുമോ?

സാമ്പത്തിക ബാധ്യതയില്ല. കേരള ഫുട്ബോളിന്റെ വികസനത്തിന് ഊർജം പകരുന്നതാകും ലോകകപ്പ് ജേതാക്കളായ അർജന്റീന ടീമിന്റെ സന്ദർശനം. കേരളത്തിലെ ഉയർന്നുവരുന്ന കായിക താരങ്ങൾക്ക് വലിയ പ്രചോദനമാകാൻ മെസ്സിയുടെയും സംഘത്തിന്റെയും സന്ദർശനത്തിനാകും. അന്താരാഷ്ട്ര മത്സരങ്ങൾ സംഘടിപ്പിക്കാനുള്ള കേരളത്തിന്റെ പ്രാപ്തിക്ക് ആഗോള അംഗീകാരം നേടിയെടുക്കാൻ കഴിയും. കായിക രംഗത്ത് അന്താരാഷ്ട്ര സഹകരണത്തിനുള്ള വലിയ സാധ്യതകൾക്ക് വഴിതുറക്കും. കേരളത്തിന്റെ സാമ്പത്തിക, ടൂറിസം മേഖലകളുടെ പ്രോത്സാഹനത്തിന് സഹായിക്കും.

**കായിക മേഖലയുടെ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ വകയിരുത്തിയ തുക**

371 (1222) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും കായിക മേഖലയുടെ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ വകയിരുത്തിയ തുകയും അനുവദിച്ച തുകയും ചെലവഴിച്ച തുകയും സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും കായിക മേഖലയുടെ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ വകയിരുത്തിയ തുകയും അനുവദിച്ച തുകയും ചെലവഴിച്ച തുകയും അനുബന്ധമായി ചേർക്കുന്നു.[+]

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ കായിക വകുപ്പിന്റെ പദ്ധതികൾ**

372 (1223) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ കായിക വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നുള്ള വിശദാംശം നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ സർക്കാരിന്റെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ പനത്തടി ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഫണ്ട് വിഹിതം ലഭ്യമാകുന്നമുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**സ്പോർട്സ് കേരള ഫൗണ്ടേഷൻ**

373 (1224) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്പോർട്സ് കൗൺസിൽ നിലവിലുള്ളപ്പോൾ ഈ സർക്കാരിന്റെ കാലത്ത് സ്പോർട്സ് കേരള ഫൗണ്ടേഷൻ സ്ഥാപിച്ചതിന്റെ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

കായിക അടിസ്ഥാന സൗകര്യ വികസനപ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി സർക്കാർ അക്രഡിറ്റഡ് ഏജൻസികൾ നിലവിലില്ലാത്ത സാഹചര്യത്തിൽ കായിക യുവജനകാര്യാലയത്തിന് കീഴിൽ പ്രവർത്തിച്ചുവന്നിരുന്ന കായിക എഞ്ചിനീയറിങ് വിഭാഗത്തിലെ ജീവനക്കാരുടെ

കായിക ഇൻഫ്രാസ്ട്രക്ച്ചർ വികസനവുമായി ബന്ധപ്പെട്ട മേഖലയിലെ അറിവും പ്രവൃത്തി പരിചയവും വൈദഗ്ധ്യവും കണക്കിലെടുത്ത് കായിക എഞ്ചിനീയറിങ് വിഭാഗത്തെയും അവിടത്തെ സ്റ്റാഫിനെയും പുനർവിന്യസിച്ചുകൊണ്ട് 26-02-2021-ലെ സ.ഉ.(കൈ) നം. 6/2021/കാ.യു.വ. പ്രകാരമാണ് സ്പോർട്സ് കേരള ഫൗണ്ടേഷൻ രൂപീകരിച്ചത്. സ്പോർട്സ് കേരള ഫൗണ്ടേഷന്റെ കീഴിൽ എഞ്ചിനീയറിങ് വിഭാഗവും, ഓപ്പറേഷൻ വിഭാഗവുമാണ് പ്രവർത്തിച്ചുവരുന്നത്. സംസ്ഥാന സ്പോർട്സ് കൗൺസിൽ നടത്തുന്ന പ്രവർത്തനങ്ങളല്ല സ്പോർട്സ് കേരള ഫൗണ്ടേഷൻ നടപ്പിലാക്കിവരുന്നത്.

(ബി) എന്തൊക്കെ ചുമതലകളാണ് പ്രസ്തുത സ്ഥാപനം നിറവേറ്റുന്നതെന്നും ഇതിന്റെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ വിവിധ ഇനങ്ങളിൽ എത്ര തുക ചെലവഴിച്ചു എന്നുമുള്ള വിവരങ്ങൾ ഇനം തിരിച്ചു ലഭ്യമാക്കാമോ?

കായിക യുവജനകാര്യാലയത്തിന്റെ ബജറ്റ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ, കായിക യുവജന കാര്യാലയത്തിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണ/പുനരുദ്ധാരണ പ്രവൃത്തികൾ, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ ആധുനികവൽക്കരണം, വിവിധ യൂണിവേഴ്സിറ്റികളുടെ കായിക അടിസ്ഥാന

സൗകര്യ വികസന പ്രവൃത്തികൾ, വിവിധ സ്കൂളുകളിലെ ഗ്രൗണ്ടുകളുടെ നവീകരണം/നിർമ്മാണം, ഖേലോ ഇന്ത്യ പദ്ധതികൾ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണം/നവീകരണം, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ, ഓപ്പൺ ജിം തുടങ്ങിയ പ്രവൃത്തികളാണ് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടപ്പിലാക്കിവരുന്നത്. കിഫ്ബി ധനസഹായത്തോടുകൂടി നിർമ്മിക്കുന്ന സ്റ്റേഡിയങ്ങളുടെ എസ്.പി.വി.-യായും സ്പോർട്സ് കേരള ഫൗണ്ടേഷൻ പ്രവർത്തിക്കുന്നുണ്ട്.

സ്പോർട്സ് കേരള ഫൗണ്ടേഷന്റെ ഭരണപരമായ ചെലവുകൾക്കായി 60 ലക്ഷം രൂപ വീതം സംസ്ഥാന ബജറ്റിൽ വകയിരുത്തുന്നുണ്ട്. അതിൽ നാളിതുവരെ ആകെ Rs.1,51,86,709/- രൂപ ചെലവഴിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതികൾ, കായിക വകുപ്പിന്റെ പദ്ധതികൾ, എം.എൽ.എ. ആസ്തി വികസന പദ്ധതികൾ, മറ്റ് സർക്കാർ-അർധ സർക്കാർ വകുപ്പുകളുടെ പദ്ധതികൾ എന്നിവ നടപ്പിലാക്കുമ്പോൾ ലഭിക്കുന്ന സെന്റേജ് ചാർജിൽ നിന്നാണ് സ്പോർട്സ് കേരള ഫൗണ്ടേഷന്റെ ജീവനക്കാരുടെ ശമ്പളവും മറ്റ് ദൈനംദിന ചെലവുകൾക്കുമുള്ള തുക കണ്ടെത്തുന്നത്.

(സി) സംസ്ഥാന സ്പോർട്സ് കൗൺസിൽ നിറവേറ്റുന്ന ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പ്രധാന ഉത്തരവാദിത്വങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.

1) സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്ക് അംഗീകാരം നൽകുക.

2) സംസ്ഥാന സ്പോർട്സ് കൗൺസിൽ ഗ്രാന്റ് ഇൻ എയ്ഡ് നിയമപ്രകാരം സംസ്ഥാന മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും, ദേശീയ/മേഖല മത്സരങ്ങൾക്ക് മുന്നോടിയായി നടക്കുന്ന പരിശീലന ക്യാമ്പിനും, മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും മറ്റുമായി സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്ക് ഗ്രാന്റ് അനുവദിക്കുക.

3) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ സ്പോർട്സ് ഹോസ്റ്റലുകളിലേക്ക് മികച്ച കായിക താരങ്ങളെ തിരഞ്ഞെടുക്കുന്നതിലേക്ക് ജില്ലാ സ്പോർട്സ് കൗൺസിൽ മുഖേന ജില്ലാതല സെലക്ഷൻ നടത്തുകയും അതിൽ നിന്നും തിരഞ്ഞെടുക്കുന്ന കായികതാരങ്ങളെ സോണൽ സെലക്ഷനിൽ

പങ്കെടുപ്പിച്ച് ആയതിൽ നിന്നും മികച്ച കായിക താരങ്ങളെ തിരഞ്ഞെടുത്ത് പരിശീലനം നൽകുക.

4) കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ കായിക ഇനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഡേ ബോർഡിങ് സെന്ററുകൾ, സ്പോർട്സ് ടെയിനിങ് സെന്ററുകൾ എന്നിവയ്ക്ക് പരിശീലനത്തിന് ആവശ്യമായ തുകകൾ നൽകുക.

5) അവശത അനുഭവിക്കുന്ന മുൻകാല കായിക താരങ്ങളെ സഹായിക്കുന്ന പദ്ധതി പ്രകാരം അവശ കായികതാര പെൻഷൻ/ഫാമിലി പെൻഷൻ നൽകുക.

6) ദേശീയ മത്സരത്തിൽ പങ്കെടുത്ത് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന സംസ്ഥാന കായികതാരങ്ങൾക്ക് (സബ് ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങൾക്ക്) ക്യാഷ് അവാർഡ് നൽകുക.

7) സംസ്ഥാന സർക്കാർ വർഷം തോറും നടപ്പിലാക്കുന്ന സ്പോർട്സ് ക്വാട്ട നിയമനത്തിനുള്ള അർഹരായ കായികതാരങ്ങളുടെ സർട്ടിഫിക്കറ്റ് പരിശോധിച്ച് നൽകുക.

8) ജി.വി.രാജ അവാർഡിന് പുറമെ ഒളിമ്പ്യൻ സുരേഷ് ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, മികച്ച കായിക

പരിശീലകൻ, മികച്ച കായികാധ്യാപകൻ (സ്കൂൾ, കോളേജ് തലം), മികച്ച കായിക നേട്ടം കൈവരിച്ച കോളേജ്/സ്കൂൾ, മികച്ച സ്പോർട്സ് ഹോസ്റ്റൽ/സ്കൂൾ/ കോളേജ്, മാധ്യമ അവാർഡുകൾ എന്നിവ നൽകുക.

9) പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളിൽ റാങ്ക് ലിസ്റ്റിൽ ഇടം നേടാൻ സാധ്യതയുള്ള കായികതാരങ്ങളുടെ സർട്ടിഫിക്കറ്റുകൾ (കേരള സ്റ്റേറ്റ് സ്പോർട്സ് കൺസിൽ അംഗീകരിച്ച കായിക ഇനങ്ങളിൽ പി.എസ്.സി.-യിൽ നിന്നും ഗ്രേസ് മാർക്ക് ലഭിക്കുന്നതിന് അർഹതയുള്ളവ) കൗൺസിലിൽ നിന്നും കൗണ്ടർ സൈൻ ചെയ്തുനൽകുക.

10) 2000 -ലെ കേരള സ്പോർട്സ് ആക്ടിൽ പറഞ്ഞതിൻ പ്രകാരം മറ്റ് ചുമതലകളും കർത്തവ്യങ്ങളും നിർവഹിക്കുക.

**കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ**

374 (1225) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ തിരഞ്ഞെടുക്കപ്പെട്ട കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കാലാവധി പൂർത്തിയായത് എപ്പോഴാണെന്നും അതിലെ അംഗങ്ങൾ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ?

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ 2019 ഏപ്രിലിൽ തിരഞ്ഞെടുത്ത ഭരണസമിതി അംഗങ്ങൾ കാലാവധി പൂർത്തിയാകുംമുമ്പ് 06-02-2023-ന് രാജിവച്ച് ഒഴിയുകയുണ്ടായി. തുടർന്ന് സർക്കാർ നാമനിർദ്ദേശം ചെയ്ത ഭരണ സമിതി ചുമതലയേൽക്കുകയുണ്ടായി. നിലവിൽ ടി ഭരണ സമിതി തുടർന്നുവരുന്നു. നിലവിലെ ഭരണ സമിതി അംഗങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ. യു. ഷറഫലി, പ്രസിഡന്റ്

2. ശ്രീ. എം. ആർ. രഞ്ജിത്ത്, വൈസ് പ്രസിഡന്റ്

3. ശ്രീ. വി. കെ. സനോജ്, അംഗം

4. ശ്രീ. ഗോപൻ ജെ. എസ്., അംഗം

5. ശ്രീമതി. രഞ്ജു സുരേഷ്, അംഗം

6. ശ്രീമതി. കെ. സി. ലേഖ, അംഗം

7. ശ്രീ. ബാബു പി. ഐ., അംഗം

8. ശ്രീ. സി. കെ. വിനീത്, അംഗം

9. ശ്രീ. എ. ശ്രീകുമാർ, അംഗം

10. സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്, അംഗം

11. സെക്രട്ടറി, ധനകാര്യ *(എക്സ്പെൻഡിച്ചർ)* വകുപ്പ്, അംഗം

12. ഡയറക്ടർ, കായികയുവജനകാര്യാലയം, അംഗം

13. ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻസ്, അംഗം

14. സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, അംഗം

(ബി) പ്രസ്തുത കൗൺസിലിന്റെ ഭരണ സമിതിക്ക് കാലാവധി നീട്ടുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കേരള സ്പോർട്സ് ആക്ട് 2000 വകുപ്പ് 3(7) പ്രകാരം സ്പോർട്സ് കൗൺസിലിലെ എക്സ് ഓഫീഷ്യോ അംഗങ്ങൾ അല്ലാത്ത ഓരോ അംഗവും അടുത്ത പുന:സംഘടനവരെ തുടരുന്നതാണ്. പുതിയ ഭരണ സമിതി തിരഞ്ഞെടുപ്പിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്സ് കൗൺസിലുകളുടെയും കാലാവധി വർഷങ്ങൾക്കുമുമ്പ് പൂർത്തിയായിട്ടും തിരഞ്ഞെടുപ്പ് നടപടികൾ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

കേരള സ്പോർട്സ് ആക്ട് 2000 വകുപ്പ് 3(7) പ്രകാരം സ്പോർട്സ് കൗൺസിലിലെ എക്സ് ഓഫീഷ്യോ അംഗങ്ങൾ അല്ലാത്ത ഓരോ അംഗവും

അടുത്ത പുന:സംഘടനവരെ തുടരുന്നതാണ്. പുതിയ ഭരണ സമിതി തിരഞ്ഞെടുപ്പിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉണ്ട്.

**ജി.വി.രാജ സ്പോർട്സ് സ്കൂളിൽ നടപ്പിലാക്കിയ പദ്ധതികൾ**

375 (1226) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ജി.വി. രാജ സ്പോർട്സ് സ്കൂളിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളും അവയുടെ ഫണ്ട് വിവരങ്ങളും അറിയിക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ ജി.വി. രാജ സ്പോർട്സ് സ്കൂളിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇവയിൽ പൂർത്തിയാക്കിക്കഴിഞ്ഞ പദ്ധതികളും നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളും ഏതെല്ലാമാണ്; വിശദാംശം നൽകാമോ?

ഇവയിൽ പൂർത്തിയാക്കിക്കഴിഞ്ഞ പദ്ധതികളും നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.+

**സ്പോർട്സ് ഹോസ്റ്റലിലെ കുട്ടികൾക്ക് ഭക്ഷണ അലവൻസ്**

376 (1227) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് ഹോസ്റ്റലിലെ കുട്ടികൾക്ക് ഭക്ഷണ അലവൻസ് കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര മാസത്തെ അലവൻസ് കുടിശ്ശികയുണ്ട്; ആകെ എത്ര തുക വിതരണം ചെയ്യാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

2025 മാർച്ച് വരെയുള്ള ഭക്ഷണ അലവൻസ് കുടിശ്ശികയിൽ 1,02,37,509/- രൂപയുടെ ബില്ലുകൾ പ്രോസസ്സ് ചെയ്തിട്ടുണ്ട്. നിലവിൽ 2025-26 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ആവശ്യത്തിന് രണ്ടാം ഘട്ടമായി കേരള സ്റ്റേറ്റ് സ്പോർട്സ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൗൺസിലിന് 01-09-2025-ലെ സ.ഉ. (സാധാ) നം.228/2025-കാ.യു.വ. പ്രകാരം അനുവദിച്ച 4,53,93,507/- രൂപയിൽ നിന്നും കുടിശ്ശിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്പോർട്സ് കൗൺസിലിൽ നിന്നും സ്വീകരിച്ചുവരുന്നു.

(ബി) കായിക സംഘടനകൾക്ക് നൽകുന്ന വാർഷിക സഹായം മുടങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര വർഷമായി സഹായം മുടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഈ ഇനത്തിൽ എത്ര തുകയുള്ള കുടിശ്ശികയാണ് വിതരണം ചെയ്യാനുള്ളത്; പ്രസ്തുത സഹായം മുടങ്ങാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

കായിക സംഘടനകൾക്ക് കുടിശ്ശിക ഇനത്തിൽ 1,02,60,907/- രൂപ നടപ്പുവർഷം അനുവദിച്ചിട്ടുണ്ട്. കൂടാതെ 38-മത് നാഷണൽ ഗെയിംസിന്റെ തയ്യാറെടുപ്പുകൾക്ക് കായിക അസോസിയേഷനുകൾക്ക് 37,82,600/- രൂപയും നൽകിയിട്ടുണ്ട്. 3.5 കോടിയോളം രൂപ അനുവദിക്കുവാനുണ്ട്. കുടിശ്ശിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്പോർട്സ് കൗൺസിലിൽനിന്നും സ്വീകരിച്ചുവരുന്നു.

**ശ്രീപാദം സ്റ്റേഡിയത്തിലെ സ്പോർട്സ് ഹോസ്റ്റൽ**

377 (1228) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ സ്പോർട്സ് ഹോസ്റ്റലിൽ എത്ര കുട്ടികളാണ് നിലവിലുള്ളതെന്നും ഇവർ ഏതെല്ലാം കായിക ഇനങ്ങളിലാണ് പരിശീലനം നേടിക്കൊണ്ടിരിക്കുന്നതെന്നുമുള്ള വിവരം ഒരോ കുട്ടിയുടെയും കായിക ഇനം തിരിച്ച് ലഭ്യമാക്കുമോ?

ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ സ്പോർട്സ് അക്കാദമിയിൽ അത്ലറ്റിക്സ്, തയ്ക്വാൺഡോ, ഖൊ-ഖൊ, ബോക്സിങ്, റെസ്ലിങ് എന്നീ കായിക ഇനങ്ങളിലായി 102 കുട്ടികളാണ് നിലവിലുള്ളത്. കായിക ഇനം തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത സ്റ്റേഡിയത്തിലെ സ്പോർട്സ് ഹോസ്റ്റലിൽ നിലവിൽ എത്ര പരിശീലകരെയാണ് നിയമിച്ചിട്ടുള്ളതെന്ന വിവരം ഇവരുടെ പേരും കായിക ഇനവും തിരിച്ച് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത സ്റ്റേഡിയത്തിലെ സ്പോർട്സ് ഹോസ്റ്റലിൽ നിലവിലുള്ള പരിശീലകരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പരിശീലകരുടെ പേര് | കായിക ഇനം |
|---|---|---|
| 1 | ശ്രീ. പിന്റോ ജെ. റെബല്ലോ | അത്ലറ്റിക്സ് |
| 2 | ശ്രീ. ഡി. ബിജു | തയ്ക്വാൺഡോ |
| 3 | ശ്രീ. ഷോബി ആർ. | ഖൊ-ഖൊ |
| 4 | ശ്രീ. പ്രേം നാഥ് | ബോക്സിങ് |
| 5 | ശ്രീ. അനൂപ് പി. നായർ | ഖൊ-ഖൊ |
| 6 | ശ്രീമതി രംഭ സാഹു | റെസ്ലിങ് |

**സ്പോർട്സ് ഹോസ്റ്റലുകളിലെ കുട്ടികൾക്കുള്ള ഭക്ഷണ അലവൻസ്**

378 (1229) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിലുള്ള കോളേജ് സ്പോർട്സ് ഹോസ്റ്റലുകളിലെ കുട്ടികൾക്കുള്ള ഭക്ഷണ അലവൻസ് കുടിശ്ശികയാണോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഹോസ്റ്റലുകളിലെ കുട്ടികൾക്ക് നിലവിൽ നൽകുന്ന ഭക്ഷണ അലവൻസ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിദ്യാർഥികൾക്ക് ഭക്ഷണ അലവൻസ് കുടിശ്ശിക അടക്കം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ-സി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ വിവിധ ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന ജില്ലാ/കോളേജ്/സ്കൂൾ സ്പോർട്സ് അക്കാദമികളിൽ പരിശീലനം ചെയ്തുവരുന്ന കായികതാരങ്ങളുടെ Boarding and Lodging ചെലവുകൾക്കായി 24-04-2025-ലെ സ.ഉ. (സാധാ) നം. 107/2025/കാ.യു.വ. പ്രകാരം 15,00,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

16-05-2025-ലെ സ.ഉ. (സാധാ) നം.131/2025/കാ.യു.വ. പ്രകാരം വിവിധ പദ്ധതികളുടെ നടത്തിപ്പിനായി അനുവദിച്ച 6,29,98,600/- രൂപയിൽ നിന്നും 4,77,76,444/- രൂപ മേൽ ആവശ്യത്തിനുവേണ്ടി സ്പോർട്സ്

കൗൺസിലിൽനിന്നും ചെലവാക്കിയിട്ടുണ്ട്. കൂടാതെ 01-09-2025-ലെ സ.ഉ. (സാധാ) നം. 228/2025/കാ.യു.വ. പ്രകാരം 4,53,93,507/- രൂപ മേൽ ആവശ്യത്തിനുവേണ്ടി സ്പോർട്സ് കൗൺസിലിന് അനുവദിച്ചുനൽകിയിട്ടുണ്ട്. ടി തുകയിൽ നിന്നും കോളേജ് സ്പോർട്സ് ഹോസ്റ്റലിലെ കുട്ടികളുടെ ഭക്ഷണ അലവൻസ് കുടിശ്ശിക അടക്കം അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്പോർട്സ് അക്കാദമികളിലെ കുട്ടികൾക്ക് ഒരാൾക്ക് പ്രതിദിനം 250/- രൂപ ഭക്ഷണ അലവൻസായി നൽകിവരുന്നു.

**കുന്നുമ്മൽ വോളിബോൾ അക്കാദമി**

379 (1230) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നുമ്മൽ വോളിബോൾ അക്കാദമിയുടെ നിർമ്മാണ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി 2025 വർഷത്തിൽ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കുന്നുമ്മൽ വോളിബോൾ അക്കാദമിയുടെ നിർമ്മാണ പ്രവൃത്തിക്ക് 1.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പ്രവൃത്തിക്ക് ടെൻഡർ ക്ഷണിക്കുകയും ശ്രീ. മുബീൻ എം. എ., കാസർഗോഡ് എന്ന കരാറുകാരനുമായി 84.55 ലക്ഷം രൂപയ്ക്ക് 19-07-2024-ന് കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടി സ്ഥലം വളരെ ചരിഞ്ഞ പ്രതലമായതിനാൽ മൂന്നായി തരം തിരിച്ചാണ് റീട്ടെയ്നിങ് വാളിന്റെ നിർമ്മാണം നടത്തുന്നത്. നിലവിൽ താഴത്തെ റീട്ടെയ്നിങ് വാളിന്റെ നിർമ്മാണ പ്രവർത്തനമാണ് നടന്നുവരുന്നത്. മെറ്റീരിയൽ ലഭ്യമാകാത്തതും മഴക്കാലമായതിനെത്തുടർന്ന് ടി സ്ഥലത്ത് വാഹനങ്ങൾ കൂടുങ്ങുന്നതും മെറ്റീരിയൽ കൊണ്ടുവരുന്നതിന് ബുദ്ധിമുട്ടാക്കി. ഇത് പ്രവൃത്തി നടപ്പിലാക്കുന്നതിന് കാലതാമസമുണ്ടാക്കി. എങ്കിലും നിലവിൽ പ്രവൃത്തി പുനരാരംഭിച്ചതായി സ്പോർട്സ് കേരള ഫൗണ്ടേഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ ഡി.ആർ. റീട്ടെയ്നിങ് വാളിന്റെ പ്രവൃത്തി നടന്നുവരുന്നു. ഇതിൽ ബൽറ്റ് കോൺക്രീറ്റ് പ്രവൃത്തി പുരോഗമിക്കുന്നു. 25% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. 2025 ഡിസംബർ അവസാനത്തോടെ ടി പ്രവൃത്തി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) കുന്നുമ്മൽ വോളിബോൾ അക്കാദമിയുടെ ഹോസ്റ്റൽ നിർമ്മാണത്തിനായി ബജറ്റിൽ വകയിരുത്തിയ രണ്ടുകോടി രൂപയുടെ പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

2024-25 ബജറ്റിൽ ക്രമനമ്പർ 880 ആയി കുന്നുമ്മൽ വോളീബോൾ അക്കാദമിയുടെ ഹോസ്റ്റൽ ബിൽഡിങ് പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ട്. കുന്നുമ്മൽ വോളിബോൾ അക്കാദമിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തിയിൽ ഉൾപ്പെട്ട ലാൻഡ് ഡെവലപ്മെന്റ് വർക്കിൽ നിലവിലുള്ള ഭൂമി റീട്ടെയിനിങ് വാൾ ചെയ്ത് രണ്ട് തട്ടായി ലെവലിങ് പൂർത്തിയാക്കിയാൽ മാത്രമേ ഈ പ്രവൃത്തി ചെയ്യാൻ സാധിക്കുകയുള്ളൂ. വലിയ ലെവൽ വ്യത്യാസത്തിൽ കാട് പിടിച്ചുകിടക്കുന്ന പ്രദേശമായതിനാലാണ് എസ്റ്റിമേറ്റ് എടുക്കാൻ സാധിക്കാതെ വന്നതെന്നും എത്രയുംവേഗം ഹോസ്റ്റൽ ബിൽഡിങ്ങിനുള്ള പ്ലാനും സ്ട്രക്ചറൽ ഡിസൈനും ഉൾപ്പെടെ തയ്യാറാക്കി ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതാണെന്നും സ്പോർട്സ് കേരളാ ഫൗണ്ടേഷൻ അറിയിച്ചിട്ടുണ്ട്.

**കിണവക്കൽ കപ്പാറയിൽ നീന്തൽക്കുളം നിർമ്മാണം**

380 (1231) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ **നരിക്കോട്മലയിൽ** നേരത്തെ അനുവദിച്ച നീന്തൽ കുളത്തിനുപകരം കോട്ടയം ഗ്രാമപഞ്ചായത്തിലെ കിണവക്കൽ കപ്പാറയിൽ സ്ഥലം കണ്ടെത്തുകയും പ്രൊപ്പോസൽ നൽകുകയും ചെയ്തിട്ടുള്ള പുതിയ നീന്തൽക്കുളവുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത നീന്തൽക്കുളം നിർമ്മാണത്തിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോയെന്ന് വിശദമാക്കുമോ;

(സി) നീന്തൽക്കുള നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

(എ-സി) തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ നരിക്കോട്ട് മലയിൽ നീന്തൽക്കുളം നിർമ്മാണത്തിന് അനുവദിച്ച തുക ഉപയോഗിച്ച് കൂത്ത്പറമ്പ് നിയോജകമണ്ഡലത്തിലെ കോട്ടയം ഗ്രാമപഞ്ചായത്തിലെ കിണവക്കൽ

വാർഡിൽ കപ്പാറ എന്ന സ്ഥലത്ത് നീന്തൽക്കുളം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ തയ്യാറാക്കുന്നതിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ സ്ഥല സന്ദർശനം നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് അനന്തര നടപടി സ്വീകരിക്കുന്നതാണ്.

**തില്ലങ്കേരി വില്ലേജിലെ അന്താരാഷ്ട്ര യോഗ റിസർച്ച് & സ്റ്റഡി സെന്റർ**

381 (1232) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ തില്ലങ്കേരി വില്ലേജിൽ അന്താരാഷ്ട്ര യോഗ റിസർച്ച് & സ്റ്റഡി സെന്റർ സ്ഥാപിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിലെ തില്ലങ്കേരി വില്ലേജിൽ അന്താരാഷ്ട്ര യോഗ റിസർച്ച് & സ്റ്റഡി സെന്റർ സ്ഥാപിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കലിനായി ഭരണാനുമതി നൽകിയിരുന്നു. 19-08-2025-ലെ സ.ഉ.(സാധാ) നം.213/2025/S& YA ഉത്തരവ് പ്രകാരം 7,84,68,382/- രൂപയുടെ പുതുക്കിയ ഭരണാനുമതി 2204-00-104-08-

13-/യോഗ കേന്ദ്രം (നോൺ പ്ലാൻ) ശീർഷകത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ശീർഷകത്തിൽ ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള കായിക യുവജന ക്ഷേമ ഡയറക്ടേറ്റ് സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധനയിലാണ്.

**മഞ്ചേരി പയ്യനാട് സ്റ്റേഡിയം വികസനം**

382 (1233) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിന്റെ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണം എപ്പോഴാണെന്ന് അറിയിക്കാമോ; ആയതിന്റെ മാസ്റ്റർ പ്ലാൻ അടക്കമുള്ള വിശദാംശം ലഭ്യമാക്കാമോ?

(എ-സി) മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ പ്രവർത്തിക്കുന്ന എലൈറ്റ് അക്കാദമിയുടെ നവീകരണത്തിന് 1.64 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 74.41 ലക്ഷം രൂപയുടെ പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ട്. 89.25 ലക്ഷം രൂപയുടെ പ്രവർത്തിക്ക് ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വെള്ളൂർ പെരുന്തട്ട് സ്റ്റേഡിയം നിർമ്മാണ പുരോഗതി**

383 (1234) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം മണ്ഡലത്തിലെ ഇരുമ്പയം പെരുന്തട്ട് സ്റ്റേഡിയം നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ നിർമ്മാണത്തിന് തടസ്സങ്ങൾ ഇല്ല. 2019-20-ലെ ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന കോട്ടയം ജില്ലയിലെ വൈക്കം മണ്ഡലത്തിലെ വെള്ളൂർ ഇരുമ്പയം പെരുന്തട്ട് സ്റ്റേഡിയം, നിർമ്മാണ പ്രവൃത്തിക്കായി 14-06-2022-ൽ 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 14-10-2022-ൽ 283.53 ലക്ഷം

രൂപയുടെ സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത M/s. വയലിൽ കൺസ്ട്രക്ഷന് 223.42 ലക്ഷം രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു.

പ്രസ്തുത പ്രവൃത്തിയിൽ (21 X 16) ഇൻഡോർ സ്റ്റേഡിയം, (60 X 40) ഫുട്ബോൾ കോർട്ട്, ടോയ്ലറ്റ്, ചെയ്ഞ്ചിങ് റൂം, ഫെൻസിങ്, ഇൻഡോർ സ്റ്റേഡിയത്തിനും ഫുട്ബോൾ കോർട്ടിനും ഫ്ലഡ്ലൈറ്റ്, ഓപ്പൺ ജിം, സോളാർ, ഇലക്ട്രിഫിക്കേഷൻ, ഇന്റർലോക്ക്, സ്ട്രീറ്റ് ലൈറ്റ്, എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇൻഡോർ ഫ്ലോറിങ് പ്രവൃത്തികൾ, ഡ്രെയിനേജ് പ്രവൃത്തികൾ, എന്നിവ പൂർത്തീകരിച്ചു. ടോയ്ലെറ്റ്, ചെയ്ഞ്ചിങ് റൂം പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. ഇലക്ട്രിഫിക്കേഷൻ, ഇന്റർലോക്ക്, പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. ഈ പ്രവൃത്തിയുടെ 91% നിലവിൽ പൂർത്തീകരിച്ചു കഴിഞ്ഞു. എം.എൽ.എ. നിർദേശിച്ച പ്രകാരം മാപ്പിൽ വുഡ് ഒഴിവാക്കി അക്രിലിക്ക് ഫ്ലോറിങ് ചെയ്യുകയും ഓപ്പൺ ജിം, സോളാർ എന്നിവയുടെ എസ്റ്റിമേറ്റ് പരിശോധിച്ച് ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിച്ച് ജനങ്ങൾക്ക് തുറന്നുകൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

അടുത്ത മാസം സ്റ്റേഡിയം ജനങ്ങൾക്ക് തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് കരുതുന്നു.

**ആലപ്പുഴ മണ്ഡലത്തിൽ നിർമ്മിക്കുന്ന ഇൻഡോർ സ്റ്റേഡിയങ്ങൾ**

384 (1235) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ വകുപ്പ് മുഖേന എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയതെന്നും അവയുടെ പുരോഗതി സംബന്ധിച്ച വിവരവും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന ഇൻഡോർ സ്റ്റേഡിയങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും ഇവയ്ക്ക് ചെലവഴിക്കുന്ന തുക എത്രയെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. ആര്യാട് പഞ്ചായത്ത് ഗ്രൗണ്ടിൽ മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണം:**

ആര്യാട് ഗ്രാമപഞ്ചായത്തിൽ മിനി സ്റ്റേഡിയം സ്ഥാപിക്കുന്നതിനായി 2019-20 സംസ്ഥാന ബജറ്റിലുൾപ്പെടുത്തി 5 കോടി രൂപ ഭരണാനുമതി നൽകുകയും 4.77 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകയും ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ആര്യാട് ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം നിർമ്മാണ പദ്ധതിക്ക് വേണ്ടിയുള്ള ആദ്യ ടെൻഡർ ക്യാൻസൽ ചെയ്യുകയുണ്ടായി. തുടർന്ന് റീ-ടെൻഡർ നടപടികൾ സ്വീകരിക്കുകയും അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനായ ശ്രീ. ടോമി മാത്യൂവുമായി കരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 9 മാസമാണ് പദ്ധതിയുടെ പൂർത്തീകരണ കാലാവധി. ഈ പദ്ധതിയുടെ ഭാഗമായി പ്രീ എഞ്ചിനീയറിങ് ഇൻഡോർ മൾട്ടി പർപ്പസ് കോർട്ട്, ഓഫീസ്, വനിതകൾക്കും പുരുഷൻമാർക്കുമായുള്ള പ്രത്യേക ടോയ്ലെറ്റ്/ചെയ്ഞ്ച് റൂം സംവിധാനം, ഫിറ്റ്നസ് സെന്റർ, ഇലക്ട്രിഫിക്കേഷൻ എന്നീ സൗകര്യങ്ങളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

54 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചു. ഓഫീസ്/ജിം കെട്ടിടത്തിന്റെ സ്ട്രക്ചറൽ പ്രവൃത്തികൾ (ഫൗണ്ടേഷൻ, ഭിത്തികൾ, തൂണുകൾ, ബീമുകൾ, മേൽക്കൂര) എന്നിവ പൂർത്തീകരിച്ചു. പ്ലാസ്റ്ററിങ് പ്രവൃത്തികൾ പുരോഗമിക്കുന്നു. 2026 ജനുവരി മാസത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

ആര്യാട് ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം നിർമ്മാണത്തിനായി 09-03-2022-ലെ സ.ഉ.(ആർറ്റി)നം.52/2022/എസ് വൈ എ പ്രകാരം 4202-03-84-01 (P) ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത ശീർഷകത്തിൽ ഫണ്ടില്ലാതിരുന്നതിനാൽ, 27-05-2025-ലെ സ.ഉ.(ആർറ്റി)നം.4738/2025/ഫിൻ. പ്രകാരം 58,82,000/- കോടി രൂപ 4202-03-102-84-02(P) ശീർഷകത്തിൽ വകയിരുത്തിയിരുത്തിക്കൊണ്ട് അഡീഷണൽ ഫണ്ട് അനുവദിക്കുകയും നിലവിൽ CC 1st & Part bill & CC 2nd& Part bill - 1,15,69,244/- (PMC & GST ഉൾപ്പടെ) തുക, കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്.

**2. ജി. എച്ച്. എസ്. എസ്. കണിച്ചുകുളങ്ങര മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണം**

കണിച്ചുകുളങ്ങര ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ മൾട്ടിപർപ്പസ് മിനി സ്റ്റേഡിയം സ്ഥാപിക്കുന്നതിനായി 2019-20 സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി 5 കോടി രൂപ ഭരണാനുമതി നൽകുകയും 4.76 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകുകയും ദർഘാസ് ക്ഷണിക്കുകയും ചെയ്തു. കണിച്ചുകുളങ്ങര ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ മൾട്ടി പർപ്പസ് മിനി സ്റ്റേഡിയം നിർമ്മാണം പദ്ധതിക്കുവേണ്ടിയുള്ള ആദ്യ ടെൻഡർ ക്യാൻസൽ ചെയ്യുകയുണ്ടായി. ആയതിനാൽ റീ-ടെൻഡർ നടപടികൾ സ്വീകരിക്കുകയും അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനായ ശ്രീ. ടോമി മാത്യുവുമായി കരാറിൽ ഏർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 9 മാസമാണ് പദ്ധതിയുടെ പൂർത്തീകരണ കാലാവധി.

ഈ പദ്ധതിയുടെ ഭാഗമായി പ്രീ എഞ്ചിനീയറിങ് ഇൻഡോർ മൾട്ടീ പർപ്പസ് കോർട്ട്, ഓഫീസ് കെട്ടിടം, കോൺഫറൻസ് ഹാൾ, ഫിറ്റ്നസ് സെന്റർ, മൂന്ന് നിലകളിലുമായി വനിതകൾക്കും പുരുഷൻമാർക്കുമായുള്ള പ്രത്യേക ടോയ്ലെറ്റ്/ചെയ്ഞ്ച് റൂം സംവിധാനം, ഇലക്ട്രിഫിക്കേഷൻ എന്നീ സൗകര്യങ്ങളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

നിലവിൽ 85% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. (ഓഫീസ്/ജിം കെട്ടിടത്തിന്റെ നിർമ്മാണം 90% വും, ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവൃത്തി 80% പൂർത്തീകരിച്ചു). 2025 ഡിസംബർ മാസത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

കണിച്ചുകുളങ്ങര ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ മൾട്ടിപർപ്പസ് മിനി സ്റ്റേഡിയം 09-03-2022-ലെ സ.ഉ.(ആർറ്റി)നം. 52/2022/ എസ് വൈ എ പ്രകാരം 5 കോടി രൂപ 4202-03-84-01 (P) ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത ശീർഷകത്തിൽ ഫണ്ടില്ലാതിരുന്നതിനാൽ ബിൽ തുക ലഭ്യമാകാതിരുന്ന കാരണത്താൽ കരാറുകാരൻ മൂന്നു തവണകളായി താൽക്കാലികമായി പ്രവൃത്തി നിർത്തിവച്ചു. ഇതിനാൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ കാലതാമസം നേരിട്ടു.

നിലവിൽ CC 1st & Part bill & CC 2nd& Part bill & CC 3rd& part bill - 2,33,23,143/- (PMC & GST ഉൾപ്പടെ) തുക, കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്.

**3. ഒരു പഞ്ചായത്ത് ഒരു കളിക്കളം - എസ് ഡി വി സ്കൂൾ കളിസ്ഥലത്തിന്റെ കായിക അടിസ്ഥാന വികസനം**

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി എസ് ഡി വി സ്കൂൾ കളിസ്ഥലത്തിന്റെ കായിക അടിസ്ഥാന വികസനം പ്രവൃത്തിക്ക് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും കായിക യുവജനകാര്യ ഡയറക്ടറുടെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷവും കൂടി ചേർത്ത് ഒരു കോടി രൂപയുടെ സമഗ്ര ഭരണാനുമതി 16-03-2024-ൽ നൽകിയിരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ 30-04-2024-ൽ 93,89,000/- രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/s. പ്രൈംടെക് എഞ്ചിനീയറിങ് എന്ന സ്ഥാപനത്തിന് 22-10-2024-ൽ പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകുകയും 01-11-2024-ൽ കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. 6 മാസമാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി.

'കോടതിപാലം' പുനർനിർമ്മിക്കുന്നതിന്റെ ഭാഗമായി പൈൽലോഡ് ടെസ്റ്റ് നടന്നതിനാൽ സൈറ്റിലേക്കുള്ള പ്രവേശനം ബാരിക്കേട് വച്ച് തടഞ്ഞിരുന്നു. 12-01-2025-നാണ് സൈറ്റിലേക്കുള്ള പ്രവേശനം സാധ്യമായത്. 12-01-2025-ന് നിർമ്മാണത്തിനായി സൈറ്റ് കൈമാറുകയും 13-01-2025-ന് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു.

ഗ്രൗണ്ട് നവീകരണ പ്രവൃത്തികൾ, മഡ് കോർട്ട്, ഡ്രെയിനേജ്, ലോങ് ജംപ്പിറ്റ് സ്റ്റെപ്പ് ഗ്യാലറി, ഫെൻസിങ് എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 5% പ്രവൃത്തി (ഗ്രൗണ്ട് ലെവലിങ്, സ്റ്റെപ്പ് ഗ്യാലറി) പൂർത്തീകരിച്ചു. ഡ്രെയിനേജിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. 2025 നവംബർ മാസത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

കടുത്ത മഴകാരണം ഗ്രൗണ്ടിൽ ഉണ്ടായ വെള്ളകെട്ടും സ്കൂളിന്റെ ഭാഗത്തുനിന്നും ഡ്രെയിനേജിനായുള്ള അധിക പ്രവൃത്തികൾ ഗ്രൗണ്ടിൽ നടന്നതുമൂലം പ്രസ്തുത ഗ്രൗണ്ടിന്റെ പ്രവൃത്തികൾക്ക് കാലതാമസം നേരിട്ടു.

**4. മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിലെ യുവഭാരത് സാംസ്കാരിക നിലയത്തിൽ വോളീബോൾ കോർട്ടിന്റെയും പുതിയ കെട്ടിടത്തിന്റെയും നിർമ്മാണം.**

ആലപ്പുഴ മണ്ഡലത്തിലെ മാരാരിക്കുളം യുവഭാരത് സാംസ്കാരിക നിലയം പുതിയ കെട്ടിടവും ഇൻഡോർ വോളീബോൾ കോർട്ടിന്റെ നിർമ്മാണ പ്രവൃത്തിയും 08-09-2025 തീയതിയിൽ പൂർത്തീകരിച്ചു.

**5. മാരാരിക്കുളം ഉദയകുമാർ സ്മാരക വോളീബോൾ അക്കാഡമിയുടെ നവീകരണം**

ആലപ്പുഴ മണ്ഡലത്തിലെ ഉദയകുമാർ സ്മാരക വോളീബോൾ കോർട്ട് നിർമ്മാണ പ്രവൃത്തിയും 05-02-2024-ൽ പൂർത്തീകരിച്ചു.

**6. സെന്റ് അഗസ്റ്റിൻ ഹൈ സ്കൂൾ ഗ്രൗണ്ട് – ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

ആലപ്പുഴ ജില്ലയിലെ ആലപ്പുഴ മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി സെന്റ് അഗസ്റ്റിൻ ഹൈസ്കൂൾ ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയുടെ ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

**പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജിലെ സ്റ്റേഡിയം_നിർമ്മാണം**

385 (1236) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജിൽ ഖേലോ ഇന്ത്യ പദ്ധതിയിലുൾപ്പെടുത്തി ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജിൽ ഖേലോ ഇന്ത്യ പദ്ധതിയിലുൾപ്പെടുത്തി സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാൻ കായികയുവജന കാര്യാലയത്തിൽ നിന്നും സ്പോർട്സ് കേരള ഫൗണ്ടേഷന് നിർദേശം നൽകുകയും ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം പരിശോധിക്കുകയും നിർദിഷ്ട സ്ഥലത്ത് ബാറ്റ്മിന്റൺ കോർട്ട്, ബാസ്ക്കറ്റ്ബോൾ കോർട്ട് ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുവാനുള്ള സാധ്യത വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 36.4 x 30.6 x 12.7 മീറ്റർ അളവിലുള്ള ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിവരികയും ചെയ്യുന്നുണ്ട്.

**നെടുമ്പന സ്റ്റേഡിയം നിർമ്മാണ പുരോഗതി**

386 (1237) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽനിന്നും തുക അനുവദിച്ചിട്ടുള്ളതും സ്പോർട്സ് കേരള ഫൗണ്ടേഷൻ നിർവഹണ ചുമതല

ഏറ്റെടുത്തിട്ടുള്ളതുമായ നെടുമ്പന സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിലെ നെടുമ്പന ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിക്കായി 23-12-2023-ൽ എം.എൽ.എ. എ.ഡി.എസ്. പദ്ധതിയിലുൾപ്പെടുത്തി കൊല്ലം ജില്ലാകളക്ടർ 99 ലക്ഷം രൂപയുടെ ഭരണാനുമതി 31-01-2024-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ 91.66 ലക്ഷം രൂപയ്ക്ക് (GST ഉൾപ്പെടെ) സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. 05-02-2024, 24-02-2024 എന്നീ തീയതികളിൽ ഇ-ടെൻഡർ ക്ഷണിച്ചുവെങ്കിലും ആരും തന്നെ ടെൻഡറിൽ പങ്കെടുത്തിരുന്നില്ല. തുടർന്ന് 18-03-2024-ന് ടെൻഡർ സബ്മിഷനുള്ള അവസാന ദിവസം കണക്കാക്കി 09-03-2024-ന് റീ-ടെൻഡർ ക്ഷണിക്കുകയും അതിൽ ഒരാൾ മാത്രം പങ്കെടുക്കുകയും ചെയ്തു.

16-03-2024 മുതൽ 04-06-2024 വരെ പാർലമെന്റ് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റചട്ടം നിലവിൽവന്നിരുന്നു. അതിനുശേഷമാണ് ടി ദർഘാസ് ടെൻഡർ അക്സപ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി 20-07-2024-ന് സെലക്ഷൻ നോട്ടീസ് നൽകുവാനും തുടർന്ന് കരാറിൽ ഏർപ്പെടാനും

കഴിഞ്ഞത്. ശ്രീ. റെജി എസ്. ആർ., കൊല്ലം എന്ന കരാറുകാരനുമായാണ് 77.41 ലക്ഷം രൂപയ്ക്ക് (GST ഒഴികെ) 29-07-2024-ൽ കരാറിൽ ഏർപ്പെട്ടിട്ടുള്ളത്.

ടി പദ്ധതിയിൽ പ്രധാനമായും മഡ് ഫുട്ബോൾ കോർട്ട് (58m X 38m), മഡ് ബാഡ്മിന്റൻ കോർട്ട് (13.4m X 6.1m), സ്റ്റെപ്പ് ഗ്യാലറി, ചുറ്റുമതിൽ, ഡ്രെയിനേജ്, ഫെൻസിങ്, ഫ്ലഡ്ലൈറ്റ് പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 6 മാസമാണ്.

കരാറുകാരന് 07-08-2024-ന് നിർമ്മാണത്തിനായി കൈമാറുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. നിലവിലുള്ള സ്റ്റേജ്, ചുറ്റുമതിൽ, ഫെൻസിങ് എന്നിവ പൊളിച്ചുനീക്കുന്ന പ്രവൃത്തി മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പ്രസ്തുത പൊളിച്ച് നീക്കൽ കാരണം പ്രധാന പ്രവൃത്തി തുടങ്ങാൻ കാലതാമസം നേരിട്ടിട്ടുണ്ട്. 25-08-2025-ന് പ്രവൃത്തി പുനരാരംഭിക്കുകയും പ്രവൃത്തി പുരോഗമിക്കുകയും ചെയ്യുന്നു.

**പാലക്കാട് ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ ശോചനീയാവസ്ഥ**

387 (1238) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയം ഒരു കായിക മത്സരവും നടത്താൻ കഴിയാത്ത വിധം ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പാലക്കാട് മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള ഇന്ദിരാഗാന്ധി മുൻസിപ്പൽ സ്റ്റേഡിയം ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി സ്റ്റേഡിയത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള തുക അനുവദിക്കുന്നകാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

17-01-2024-ൽ ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രിയുടേയും ബഹുമാനപ്പെട്ട തദ്ദേസസ്വയംഭരണ വകുപ്പുമന്ത്രിയുടേയും അധ്യക്ഷതയിൽ നടന്ന യോഗത്തിൽ

കിഫ്ബി പദ്ധതിയിലുൾപ്പെട്ട പാലക്കാട് ജില്ലാ സ്റ്റേഡിയം പാലക്കാട് മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തി നടപ്പിലാക്കുന്നതിന് മുന്നോടിയായി ധാരണാപത്രം തയ്യാറാക്കി 16-02-2024-ന് പാലക്കാട് മുനിസിപ്പാലിറ്റിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 05-12-17-ലെ സ.ഉ.(സാധാ) നം. 245/2017/കാ.യു.വ പ്രകാരമുള്ള ഫോർമാറ്റിലാണ് ധാരണാപത്രത്തിൽ ഏർപ്പെടുന്നത്. എന്നാൽ, പ്രസ്തുത ഫോർമാറ്റ് പ്രകാരമുള്ള ധാരണാപത്രത്തിലെ ചില ക്ലോസുകളിൽ പാലക്കാട് മുനിസിപ്പാലിറ്റി എതിർപ്പ് ഉന്നയിക്കുകയും മാറ്റങ്ങൾ വരുത്തിയ കരട് ധാരണാപത്രം 15-03-2025-ന് പാലക്കാട് മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിക്കുകയും ചെയ്തിരുന്നു. ഈ മാറ്റങ്ങൾ സർക്കാർ അംഗീകരിച്ച ഫോർമാറ്റിൽ നിന്നും വ്യത്യസ്തമായതിനാൽ, ധാരണാപത്രം ഒപ്പിടുന്നത് സംബന്ധിച്ച തീരുമാനത്തിനായി കായിക യുവജനകാര്യ ഡയറക്ടർ ലഭ്യമാക്കിയ കത്തിന്മേൽ സ്പഷ്ടീകരണം ആവശ്യപ്പെടുകയും തുടർന്ന് കായിക യുവജനകാര്യ ഡയറക്ടർ ലഭ്യമാക്കിയ സ്പഷ്ടീകരണം സർക്കാർ പരിശോധിച്ചുവരികയുമാണ്.

**ഓരോ മണ്ഡലത്തിനും ഓരോ സ്റ്റേഡിയം**

388 (1239) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ മണ്ഡലത്തിനും ഓരോ സ്റ്റേഡിയം എന്ന 2022-ലെ ബജറ്റ് പ്രഖ്യാപന പ്രകാരം എത്ര മണ്ഡലങ്ങളിൽ സ്റ്റേഡിയം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും അത് എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ;

ഓരോ മണ്ഡലത്തിനും ഓരോ സ്റ്റേഡിയം എന്ന 2022-ലെ ബജറ്റ് പ്രഖ്യാപന പ്രകാരം വിവിധ മണ്ഡലങ്ങളിൽ സ്റ്റേഡിയം നിർമ്മാണം പൂർത്തിയായിട്ടുള്ളവയുടെയും ആയത് എവിടെയെല്ലാമാണെന്നുമുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രഖ്യാപന പ്രകാരം എത്ര മണ്ഡലങ്ങളിൽ സ്റ്റേഡിയം നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും അത് എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണം ആരംഭിച്ചിട്ടുള്ള പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) ഇപ്രകാരം എത്ര മണ്ഡലങ്ങളിൽ സ്റ്റേഡിയം നിർമ്മാണം ആരംഭിക്കാനുണ്ടെന്നും അത് എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ?

നിർമ്മാണം ആരംഭിക്കാനുള്ള പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഓരോ മണ്ഡലങ്ങളിലും സ്റ്റേഡിയം നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള തുക, എം.എൽ.എ. ഫണ്ടിൽനിന്ന് അനുവദിച്ചിട്ടുള്ള തുക, മറ്റ് ഫണ്ടുകളിൽ നിന്ന് ലഭ്യമായിട്ടുള്ള തുക എന്നിവ ഇനം തിരിച്ച് അറിയിക്കാമോ?

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഒരു കളിക്കളത്തിന് ആവശ്യമായി വരുന്ന തുകയുടെ 50% തുക (പരമാവധി 50 ലക്ഷം രൂപ) കായിക വകുപ്പിന്റെ പദ്ധതി വിഹിതമായും ബാക്കി വരുന്ന തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപനങ്ങളുടെ സാമൂഹ്യപ്രതിബദ്ധതാ ഫണ്ടിൽ നിന്നുമാണ് വകയിരുത്തുന്നത്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഇ) സ്റ്റേഡിയം നിർമ്മാണം ആരംഭിക്കാത്ത മണ്ഡലങ്ങളിൽ അത് എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ 50% എം.എൽ.എ. ഫണ്ട് ലഭ്യമായതിനുശേഷമാണ് പ്ലാൻ ഫണ്ട് വകയിരുത്തുക. എം.എൽ.എ. ഫണ്ട് അനുവദിച്ചതിന് ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ ഭരണാനുമതി ലഭ്യമായാലുടൻ തന്നെ സംയുക്ത ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതാണ്.

**ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ സ്റ്റേഡിയം നവീകരണം**

389 (1240) ശ്രീ. കെ. എം. സച്ചിൻദേവ്: ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം ആധുനിക രീതിയിൽ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(എ&ബി) ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് സ്റ്റേഡിയം നവീകരിക്കുന്ന പ്രവൃത്തിക്ക് കോഴിക്കോട് ജില്ലാകളക്ടറിൽ നിന്നും 99 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിനെ തുടർന്ന് 22-10-2024-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെൻഡർ ക്ഷണിക്കുകയും യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ബിബിൽ കുമാർ, മാളിക്കടവ്, കോഴിക്കോട് എന്ന കരാറുകാരനുമായി 18-12-2024-ന് 73,35,186/- രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പഞ്ചായത്ത് മുഖേന പൂർത്തിയായതിനുശേഷം 10-06-2025-നാണ് പ്രവൃത്തി ആരംഭിച്ചത്. നിലവിൽ ഗ്രൗണ്ട് ഡെവലപ്മെന്റ്, ഫെൻസിങ്, ഡ്രൈ റബിൾ (കരിങ്കൽ കെട്ട്), വാക്ക് വേ എന്നിവ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിക്കുകയും ഇതിൽ പ്ലിന്ത് ലെവൽ വരെയുള്ള ഡ്രൈ റബിൾ വർക്കും അതിന്റെ ഫൗണ്ടേഷന്റെ ബെൽറ്റ് കോൺക്രീറ്റും പൂർത്തിയായിട്ടുള്ളതുമാണ്. പ്രസ്തുത സ്ഥലത്ത് ഗ്രൗണ്ട് ഡെവലപ്മെന്റിന് ആവശ്യമായ മണ്ണ് സൈറ്റിൽ എത്തിച്ചെങ്കിലും മഴ കാരണം

മണ്ണിൽ ഈർപ്പം നിലനിന്ന് ചെളിയായതിനാൽ മണ്ണ് അരിക്കുവാനോ, അനുബന്ധ പ്രവൃത്തികൾ ആരംഭിക്കുവാനോ സാധിച്ചിട്ടില്ല. ഡി.പി.ആർ. വർക്ക് നിലവിൽ നടന്നുവരുന്നു. ടി പ്രവൃത്തി 2026 ജനുവരിയിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

**ഹരിപ്പാട് മണ്ഡലത്തിലെ മിനി സ്റ്റേഡിയം നിർമ്മാണം**

390 (1241) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ സ്പോർട്സ് വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന വിവിധ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഹരിപ്പാട് മണ്ഡലത്തിൽ കായിക വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. ഹരിപ്പാട് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം - 2.45 കോടി
2. ഹരിപ്പാട് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ട് പുനരുദ്ധാണം - 2.55 കോടി

(ബി) ഹരിപ്പാട് ബോയ്സ് ഹയർസെക്കൻഡറി സ്കൂളിലെ മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം അറിയിക്കാമോ; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഹരിപ്പാട് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിക്ക് 2.45 കോടി രൂപയുടെ ഭരണാനുമതി 05-01-2023-ന് നൽകുകയും 2.22 കോടി രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ 06-01-2024-ന് സാങ്കേതികാനുമതി നൽകുകയും ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ലഭ്യമായ ദർഘാസുകളിൽ യോഗ്യരായ കരാറുകാരിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. വർക്കിച്ചൻ റ്റി. എന്ന കരാറുകാരനുമായി 1,96,28,046/- രൂപയ്ക്ക് 31-05-2024-ന് കരാറിൽ ഏർപ്പെടുകയും ചെയ്തു. തുടർന്ന് പ്രവൃത്തിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഹരിപ്പാട് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പാളും കായിക യുവജന കാര്യാലയം ഡയറക്ടറുമായി 01-08-2024-ന് ധാരണപത്രത്തിൽ ഏർപ്പെടുകയും 02-08-2024-ന് കരാറുകാരന് സൈറ്റ് കൈമാറി നൽകുകയും ചെയ്തു. ഈ പദ്ധതിക്കായി വിഭാവനം ചെയ്തിരുന്നത് 21 വീതിയുള്ള ഇൻഡോർ കോർട്ടായിരുന്നു. എന്നാൽ ഇൻഡോർ

കോർട്ടിന് മറുവശത്ത് എൽ.എസ്.ജി.ഡി പുതിയതായി ഒരു ബിൽഡിങ് കൂടി നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കുകയും ആയത് കൂടി കണക്കിലെടുക്കുമ്പോൾ ഇൻഡോർ കോർട്ടിന് നിശ്ചയിച്ചിരുന്ന 21 മീറ്റർ വീതിയിൽ ചെയ്യുന്നതിന് കഴിയുകയില്ലായെന്നും 19.30 മീ. വീതി മാത്രമേ സ്റ്റേഡിയത്തിന് ലഭിക്കുകയുള്ളുയെന്ന വിവരം എം.എൽ.എ.-യെ ധരിപ്പിക്കുകയും ഇതുസംബന്ധിച്ച് 28-11-2024-ൽ എം.എൽ.എ.-യുമായി മീറ്റിംഗ് നടത്തുകയും പ്രസ്തുത മീറ്റിംഗിൽ ഇൻഡോർ കോർട്ടിന്റെ വീതി 21 മീറ്ററിൽനിന്നും 19.30 മീറ്റർ ആയി നിജപ്പെടുത്താനും ടി മീറ്റിംഗിൽ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ ഡിസൈൻ പുതുക്കി പ്രീ എഞ്ചിനീയേർഡ് ബിൽഡിങിന്റെ ഡിസൈൻ ഡ്രോയിങ് തയാറാക്കി, വെറ്റിങ് ചെയ്ത് നൽകാൻ കരാറുകാരന് നിർദ്ദേശം നൽകുകയും ചെയ്തു. ആയതിൻപ്രകാരം കരാറുകാരൻ വെറ്റിങ് ഡ്രോയിങ് 25-02-2025-ൽ സമർപ്പിക്കുകയും ചെയ്തു.

കൂടാതെ സൈറ്റിൽ നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിന് നടപടികൾ സ്വീകരിക്കാൻ പ്രിൻസിപ്പാളിനോട് അഭ്യർഥിക്കുകയും ആയത് പ്രകാരം 2025 ജനുവരി 23-ാം തീയതി മരം മുറിക്കുന്നതിനുള്ള അനുമതി ഹരിപ്പാട് മുനിസിപ്പാലിറ്റിയിൽ നിന്നും ലഭ്യമാക്കി

29-01-2025-ന് പ്രസ്തുത മരങ്ങൾ മുറിക്കുകയും ചെയ്തു. എന്നാൽ സൈറ്റിന്റെ അടുത്ത് സ്കൂൾ ബിൽഡിങ്ങിന്റെ ഫൗണ്ടേഷൻ പ്രവൃത്തിയുമായി ബന്ധപ്പെട്ട മണ്ണ് പ്രസ്തുത ഗ്രൗണ്ടിലാണ് നിക്ഷേപിച്ചിരുന്നത്. ആയത് മാറ്റിയതിനുശേഷമാണ് കരാറുകാരൻ 15-5-2025-ൽ പ്രവൃത്തി പുനരാരംഭിച്ചത്. ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന്റെ പ്ലിന്ത് ലെവൽ വരെ പൂർത്തിയായിട്ടുണ്ട്. സ്റ്റീൽ സ്ട്രക്ചറിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. നിലവിൽ 25% പ്രവൃത്തി പൂർത്തീകരിച്ചു. അവശേഷിക്കുന്ന പ്രവൃത്തികൾ ത്വരിതഗതിയിൽ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കും.

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

391 (1242) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ പാലാട്

ഗ്രൗണ്ടിൽ സ്റ്റേഡിയം നിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി മലപ്പുറം ജില്ലയിലെ നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ പാലാട് ഗ്രൗണ്ടിൽ സ്റ്റേഡിയം നിർമ്മിക്കുന്ന പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാകുന്നതിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ തയാറാക്കിയ എസ്റ്റിമേറ്റ് മലപ്പുറം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. എം.എൽ.എ. ഫണ്ട് വിഹിതമായ 50 ലക്ഷം രൂപയുടെ ഭരണാനുമതി മലപ്പുറം ജില്ലാകളക്ടറിൽ നിന്നും ലഭിച്ചാലുടൻ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷം രൂപയും കൂടി ഉൾപ്പെടുത്തി 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതി കായിക യുവജനകാര്യ ഡയറക്ടർ ലഭ്യമാക്കുന്നതും ദർഘാസ് അടക്കമുള്ള തുടർനടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിക്കുന്നതുമാണ്.

**ഇരിമ്പിളിയം സ്റ്റേഡിയം നിർമ്മാണം**

392 (1243) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി'യിൽ ഉൾപ്പെടുത്തിയിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കുമോ?

(എ&ബി) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെട്ട കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി കായിക യുവജന കാര്യാലയത്തിൽ നിന്നും ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയത് പ്രകാരം സ്പോർട്സ് കേരള ഫൗണ്ടേഷൻ പ്രവൃത്തിക്ക് 24-06-2024-ൽ സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെൻഡർ ക്ഷണിക്കുകയും യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട്

ചെയ്ത് ശ്രീ. പി. പി. സിറാജ്ജുദ്ദീൻ, പുള്ളിയിൽ പാറമ്മതൊടി വീട്, മേൽമുറി പോസ്റ്റ്, മലപ്പുറം എന്ന കരാറുകാരനുമായി 12-09-2024-ന് 74,98,615/- രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തു. പ്രസ്തുത ഗ്രൗണ്ടിന്റെ നവീകരണ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. നിലവിൽ സ്റ്റെപ് ഗ്യാലറി സ്ട്രക്ച്ചർ വർക്ക്, പുഴയുടെ വശത്തുള്ള കരിങ്കൽ കെട്ട് ഉയർത്തുന്ന പ്രവൃത്തികൾ എന്നിവ പൂർത്തിയായിട്ടുണ്ട്. ഗ്രൗണ്ട് ഡെവലപ്മെന്റിന്റെയും ഫെൻസിങ്ങിന്റെയും പ്രവൃത്തികൾ നടന്നുവരുന്നു. ടി പ്രവൃത്തി 2025 ഒക്ടോബർ മാസത്തിൽ പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

**കോതമംഗലം ചേലാട് സ്റ്റേഡിയം നിർമ്മാണം**

393 (1244) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ചേലാട് സ്റ്റേഡിയത്തിന്റെ നിലവിലെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

കിഫ്ബി ഫണ്ട് വിനിയോഗിച്ച് കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി M/s. KITCO-യെ ആണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ, പ്രസ്തുത പദ്ധതിയിൽ യാതൊരു പുരോഗതിയും ഉണ്ടാകാത്ത സാഹചര്യത്തിൽ എസ്.പി.വി. സ്ഥാനത്തുനിന്നും M/s. KITCO-യെ നീക്കം ചെയ്ത് പകരം സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിച്ചിട്ടുണ്ട്. എന്നാൽ, പദ്ധതിയുടെ മാസ്റ്റർ പ്ലാൻ അല്ലാതെ പ്രവൃത്തിയുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ ഒന്നുംതന്നെ KITCO നാളിതുവരെ കൈമാറി നൽകിയിട്ടില്ല. ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡിൽ നിന്നും ലഭിച്ച റെയിൻ ഫാൾ & ഡിസ്ചാർജ് ഡാറ്റയുടെ അടിസ്ഥാനത്തിൽ ഡിസൈൻ നടപടികൾ പുരോഗമിച്ച് വരികയും എസ്റ്റിമേറ്റും ലാൻഡ് കൺവെർഷന് ആവശ്യമായ രേഖകളും സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തയ്യാറാക്കിവരികയുമാണ്. പ്രസ്തുത പദ്ധതിയിൽ നാച്വറൽ ഫുട്ബോൾ ടർഫ്, 8 ലെയ്ൻ 400 മീ സിന്തറ്റിക് ട്രാക്ക്, പവലിയൻ ബിൽഡിങ്, സംപ് & പമ്പ് റൂം, ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങൾ വേഗത്തിൽ പരിഹരിച്ച് നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സ്റ്റേഡിയം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം വില്ലേജ് റിക്കാർഡുകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് ഭൂമിയുടെ തരം മാറ്റം ആവശ്യമാണ്. ഇതുമായി ബന്ധപ്പെട്ട് മുൻ എസ്.പി.വി. ആയ കിറ്റ്കോ സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ നിരസിച്ചതിനെ തുടർന്ന് ടി പ്രവൃത്തിയുടെ നിലവിലെ എസ്.പി.വി. ആയ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന ഭൂമിയുടെ തരം മാറ്റലിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരുവനന്തപുരം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിലെ അന്താരാഷ്ട്ര മത്സരങ്ങൾ**

394 (1245) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിൽ ഈ വർഷം നടത്തുന്നതിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള അന്താരാഷ്ട്ര മത്സരങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

കേരള ക്രിക്കറ്റ് അസോസിയേഷൻ മുഖേനയാണ് ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. ടി സ്റ്റേഡിയത്തിൽ 2025-ൽ ഇനി അന്താരാഷ്ട്ര മത്സരങ്ങൾ ഒന്നുംതന്നെ നിലവിൽ ഷെഡ്യൂൾ ചെയ്തിട്ടില്ല. എന്നാൽ 2026 ജനുവരി 31-ന് ഇന്ത്യാ-ന്യൂസിലാന്റ് മത്സരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2025 ഒക്ടോബർ 15 മുതൽ കേരളം-മഹാരാഷ്ട്ര രഞ്ജിട്രോഫി മത്സരവും നടക്കുന്നുണ്ട്.

(ബി) പ്രസ്തുത സ്റ്റേഡിയത്തിലേക്ക് കൂടുതൽ അന്താരാഷ്ട്ര മത്സരങ്ങൾ കൊണ്ടുവരുന്നതിനായി കായിക വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പ്രസ്തുത സ്റ്റേഡിയത്തിലേക്ക് കൂടുതൽ ക്രിക്കറ്റ് അന്താരാഷ്ട്ര മത്സരങ്ങൾ കൊണ്ടു വരുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കേരളാ ക്രിക്കറ്റ് അസോസിയേഷൻ മുഖേനയാണ് മത്സരങ്ങൾ നടക്കുന്നത്.

**കായംകുളം മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണം**

395 (1246) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ വകുപ്പുവഴി അനുവദിച്ച ഭരണിക്കാവ് ഗവൺമെന്റ് യു. പി.എസ്., കണ്ടല്ലൂർ എന്നിവിടങ്ങളിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ച് നാല് വർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; നിർമ്മാണ പ്രവർത്തനങ്ങൾ എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഭരണിക്കാവ് ഗവ. യു.പി.എസ്. സ്റ്റേഡിയം

ആലപ്പുഴ ജില്ലയിലെ കായംകുളം മണ്ഡലത്തിലെ ഭരണിക്കാവ് ഗവ. യു.പി.എസ്. സ്റ്റേഡിയം പ്രവൃത്തിക്കായി ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത പ്രവൃത്തി 27-05-2023-ന് പൂർത്തികരിച്ചിട്ടുണ്ട്. തുടർന്ന്, അർജന്റ് സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തിക്കായി കായിക യുവജനകാര്യാലയത്തിൽ നിന്നും 19-11-2024-ന് 5 ലക്ഷം രൂപയുടെ ഭരണാനുമതി

നൽകുകയും സ്പോർട്സ് കേരള ഫൗണ്ടേഷൻ 22-11-2024-ന് സാങ്കേതികാനുമതി നൽകി ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു.

യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. നവാസ് കെ. വി., മലപ്പുറം എന്ന കരാറുകാരന് 07-02-2025-ന് പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 21-05-2025-ൽ കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും 05-06-2025-ൽ നിർമ്മാണത്തിനായി സൈറ്റ് കരാറുകാരന് കൈമാറി നൽകുകയും നിലവിൽ പ്രവൃത്തി 90% പൂർത്തിയായിട്ടുണ്ട്.

അധിക പ്രവൃത്തിയായ പ്രീ എഞ്ചിനീയേഡ് ബിൽഡിങ്ങിന്റെ സൈഡ് കവറിങ്, സ്പോർട്സ് ഫ്ലോറിങ്, ഇലക്ട്രിഫിക്കേഷൻ എന്നിവയ്ക്കായി 49.90 ലക്ഷം രൂപയ്ക്ക് 31-07-2025-ൽ ഭരണാനുമതി നൽകുകയും, 25-08-2025-ന് സ്പോർട്സ് കേരള ഫൗണ്ടേഷൻ 46.84 ലക്ഷം രൂപയ്ക്ക് (GST ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും ചെയ്തു. 27-08-2025-ൽ ഇ-ടെൻഡർ ക്ഷണിച്ചുവെങ്കിലും ആരും തന്നെ ടെൻഡറിൽ പങ്കെടുത്തിരുന്നില്ല. ആയതിനാൽ റീ-ടെൻഡർ ചെയ്യേണ്ടതുണ്ട്.

<u>കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത് ഇൻഡോർ സ്റ്റേഡിയം</u>

ആലപ്പുഴ ജില്ലയിലെ കായംകുളം മണ്ഡലത്തിലെ കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത് ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തിയുടെ ബാലൻസ് വർക്കായ ഇൻഡോർ സ്റ്റേഡിയത്തിന്റെ സൈഡ് കവറിങ്ങ്, സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തി, ശിലാഫലകം, നെയിംബോർഡ്, ഇലക്ട്രിക് കണക്ഷൻ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി 68.50 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സ്പോർട്സ് കേരള ഫൗണ്ടേഷൻ സമർപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം, ഭരണാനുമതി നൽകാൻ നടപടി സ്വീകരിച്ചുവരുന്നു.

**കായിക അധ്യാപക നിയമനം**

396 (1247) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ എത്ര കായിക അധ്യാപകരുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ നിലവിൽ എത്ര കായിക അധ്യാപക തസ്തികകൾ ഒഴിവുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

(എ&ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) ഇവരുടെ വേതന നിരക്ക് യു.പി., ഹൈസ്കൂൾ എന്നിങ്ങനെ തരംതിരിച്ച് പരിഷ്കരിക്കാൻ ആലോചിക്കുന്നുണ്ടോ;

(ഡി) ഹയർ സെക്കൻഡറി തലത്തിൽ കായിക അധ്യാപക തസ്തിക സൃഷ്ടിക്കുവാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

(സി&ഡി) നിലവിൽ പരിഗണനയിലില്ല.

**സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ധനാഗമ മാർഗങ്ങളും ചെലവുകളും**

397 (1248) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഹജ്ജ് യാത്രയുമായി ബന്ധപ്പെട്ട് കേന്ദ്ര ഹജ്ജ് കമ്മിറ്റിയിൽ നിന്നും സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് എത്ര തുകയാണ് ലഭിച്ചിട്ടുള്ളത് എന്നതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2016 മുതൽ നാളിതുവരെ ഹജ്ജ് യാത്രയുമായി ബന്ധപ്പെട്ട് കേന്ദ്ര ഹജ്ജ് കമ്മിറ്റിയിൽ നിന്നും സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് എത്ര തുകയാണ് ലഭിച്ചിട്ടുള്ളത് എന്നതിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| SL NO | YEAR | AMOUNT |
|---|---|---|
| 1 | 2016-2017 | 200,26,138/- |
| 2 | 2017-2018 | 23,117,950/- |
| 3 | 2018-2019 | 18,120,600/- |
| 4 | 2019-2020 | 14,748,250/- |
| 5 | 2020-2021 | 52,12,800/- |
| 6 | 2021-2022 | 13,01,200/- |
| 7 | 2022-2023 | 57,38,000/- |
| 8 | 2023-2024 | 99,33,800/- |

(ബി) പ്രസ്തുത തുകയിൽ നിന്നും സംസ്ഥാന ഹജ്ജ് കമ്മിറ്റി എത്ര രൂപ ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചു എന്നതിന്റെ വർഷം, ഇനം, തുക എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) കേന്ദ്ര ഹജ്ജ് കമ്മിറ്റിയിൽ നിന്നും ലഭിക്കുന്ന തുകയ്ക്ക് പുറമേ സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ധനാഗമ മാർഗങ്ങൾ എന്തെല്ലാമാണെന്നും 2016 മുതൽ നാളിതുവരെ എത്ര തുക ഈ ഇനത്തിൽ ലഭിച്ചുവെന്നും വ്യക്തമാക്കാമോ?

(ബി&സി) സർക്കാർ ഗ്രാന്റ് ഇൻ എയ്ഡ്, സൗദി എയർലൈൻ ഫുഡ് മണി, ഹജ്ജ് ഹൗസ് ബുക്കിങ് ഡൊണേഷൻ, മറ്റ് ഡൊണേഷനുകൾ എന്നിവയാണ്. ആയതിന്റെ വിശദീകരണം 2016-2017 മുതൽ 2023-2024 വരെയുള്ള വരവ് – ചെലവ് കണക്കുകളിൽ നിന്ന് ലഭ്യമാണ്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ഡി) സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് കണ്ണൂർ ഹജ്ജ് ഹൗസ് നിർമ്മിക്കുന്നതിനായി 2025-ലെ ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് എത്ര രൂപ സംഭാവനയായി ലഭിച്ചുവെന്ന് വിശദമാക്കാമോ?

15-09-2025-വരെ 19,92,669/-രൂപയും (പത്തൊൻപത് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി അറുന്നൂറ്റി അറുപത്തി ഒൻപത് രൂപ മാത്രം) കണ്ണൂർ ഹജ്ജ് ഹൗസ് നിർമ്മിക്കുന്നതിന് സംഭാവനയായി ലഭിച്ചിട്ടുണ്ട്.

**ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജിന് പോയവർ**

398 (1249) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2016 മുതൽ ഹജ്ജ് കർമ്മം നിർവഹിക്കുന്നതിനുവേണ്ടി സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഓരോ വർഷവും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഇതിൽ എത്രപേർക്ക് ഹജ്ജ് കർമ്മം നിർവഹിക്കാൻ ഓരോ വർഷവും അവസരം ലഭിച്ചുവെന്നും വിശദമാക്കാമോ?

വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച അപേക്ഷകരുടെ എണ്ണം | അവസരം ലഭിച്ചവരുടെ എണ്ണം |
|---|---|---|
| 2016 | 76487 | 10268 |
| 2017 | 95245 | 11470 |
| 2018 | 69709 | 11689 |
| 2019 | 43196 | 13457 |
| 2020 | 26064 | NIL (NOT GONE COVID -19) |
| 2021 | 6506 | NIL (NOT GONE COVID -19) |
| 2022 | 10565 | 5766 |
| 2023 | 18807 | 11556 |
| 2024 | 24796 | 18200 |
| 2025 | 20636 | 16482 |

(ബി) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രസ്തുത വർഷങ്ങളിൽ ഹജ്ജ് പുറപ്പെടൽ കേന്ദ്രം ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ; ഓരോ ഹജ്ജ്

പുറപ്പെടൽ കേന്ദ്രത്തിൽനിന്നും എത്ര പേരാണ് പ്രസ്തുത വർഷങ്ങളിൽ ഹജ്ജ് കമ്മിറ്റി മുഖേന യാത്രയായതെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് 2016 മുതൽ 2018 വരെ കൊച്ചി മാത്രമാണ് പുറപ്പെടൽകേന്ദ്രമായി ഉണ്ടായിരുന്നത്. 2019-ൽ സംസ്ഥാന സർക്കാരിന്റെ ഇടപെടലിന്റെ ഫലമായി കോഴിക്കോടിനെക്കൂടി ഉൾപ്പെടുത്തി. എന്നാൽ 2022-ൽ കോവിഡിനുശേഷം വന്ന ഹജ്ജ് തീർഥാടന സമയത്ത് കോഴിക്കോടിനെ ഉൾപ്പെടുത്തിയിരുന്നില്ല. സംസ്ഥാന സർക്കാരിന്റെ നിരന്തരഇടപെടലിന്റെ ഫലമായി 2023 മുതൽ കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നീ മൂന്ന് എയർപോർട്ടുകളും ഹജ്ജ് പുറപ്പെടൽകേന്ദ്രമായി പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | കൊച്ചി, | കോഴിക്കോട് | കണ്ണൂർ |
|---|---|---|---|
| 2016 | 10268 | nil | nil |
| 2017 | 11470 | nil | nil |
| 2018 | 11689 | nil | nil |
| 2019 | 2750 | 10707 | nil |
| 2020 | കോവിഡ് -19 | | |
| 2021 | കോവിഡ് -19 | | |
| 2022 | 5766 | nil | nil |
| 2023 | 2481 | 7045 | 2030 |

| | | | |
|---|---|---|---|
| 2024 | 4477 | 10515 | 3208 |
| 2025 | 6388 | 5339 | 4755 |

(സി) കോഴിക്കോട് വിമാനത്താവളത്തിന്റെ പുറപ്പെടൽ കേന്ദ്രം വഴി പോകുന്ന ഹജ്ജ് യാത്രക്കാരിൽ നിന്നും സംസ്ഥാനത്തെ മറ്റ് പുറപ്പെടൽ കേന്ദ്രങ്ങളിൽ നൽകുന്നതിനെക്കാളും അമിതചാർജ് ഈടാക്കുന്നതുമൂലം യാത്രക്കാർ കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അമിതചാർജ് കുറയ്ക്കുന്നതിന് സംസ്ഥാന ഹജ്ജ് കമ്മിറ്റി എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് വിമാനത്താവളത്തിൽ ഹജ്ജ് യാത്രാനിരക്ക് കൂടുതൽ ആയതിനാൽ അപേക്ഷകരുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. യാത്രാ നിരക്ക് എല്ലാ എമ്പാർക്കേഷനുകളിലും ഏകീകരിക്കുന്നതിന് 11-09-2025-ൽ സംസ്ഥാന ന്യൂനപക്ഷ ക്ഷേമ, വഖഫ് ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്രന്യൂനപക്ഷ കാര്യ മന്ത്രി ശ്രീ. കിരൺ റിജ്ജുവിനും ബഹുമാനപ്പെട്ട വ്യോമയാന മന്ത്രി ശ്രീ. റാംമോഹൻ നായിഡു വിനും കത്ത് നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പ് സെക്രട്ടറി 16-09-2025-ൽ കേന്ദ്ര വ്യോമയാന സെക്രട്ടറിക്കും സംസ്ഥാന ഹജ്ജ് കമ്മിറ്റി 24-07-2025-ൽ കേന്ദ്ര ഹജ്ജ് കമ്മിറ്റിക്കും കത്ത്

നൽകിയിട്ടുണ്ട്. ടെൻഡർ നടപടികളിലൂടെയാണ് ഓരോ എമ്പാർക്കേഷനുകളിലും സർവീസ് നടത്തേണ്ട വിമാന കമ്പനികളെ തിരഞ്ഞെടുക്കുന്നത്.

(ഡി) കോഴിക്കോട് ഹജ്ജ് പുറപ്പെടൽ കേന്ദ്രത്തിൽ നിന്നുമുള്ള യാത്രക്കാരുടെ യാത്രാചാർജ് വർധനവിനെതിരെ സുപ്രീംകോടതിയിൽ നടന്ന കേസിൽ കേന്ദ്ര ഹജ്ജ് കമ്മിറ്റി നൽകിയ സത്യവാങ്മൂലം സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ശ്രദ്ധയിൽവന്നിട്ടുണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച് സംസ്ഥാന ഹജ്ജ് കമ്മിറ്റിയോട് കേന്ദ്ര ഹജ്ജ് കമ്മിറ്റി എന്തെങ്കിലും അഭിപ്രായം ആരാഞ്ഞിരുന്നോ; വിശദാംശം ലഭ്യമാക്കുമോ?

ഇതുസബന്ധിച്ചുള്ള രേഖാമൂലമുള്ള അറിയിപ്പ് ഒന്നും ലഭിച്ചിട്ടില്ല.

**ഹജ്ജ് യാത്രക്കാരുടെ വർധിപ്പിച്ച വിമാനയാത്രാക്കൂലി**

399 (1250) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിപ്പൂർ വിമാനത്താവളത്തിൽനിന്നും പുറപ്പെടുന്ന ഹജ്ജ് യാത്രികർക്ക് വിമാന യാത്രക്കൂലിയിൽ നാൽപ്പതിനായിരം രൂപയുടെ വർധനവ്

കഴിഞ്ഞവർഷം നടപ്പിലാക്കിയത് ഈ വർഷം കുറയ്ക്കുവാനോ പൂർണ്ണമായും ഒഴിവാക്കുവാനോ സർക്കാർ നടപടി സ്വീകരിക്കുമോ?

കോഴിക്കോട് എമ്പാർക്കേഷനിൽ നിന്നുള്ള വിമാന യാത്ര നിരക്ക് കുറക്കുന്നത് സംബന്ധിച്ച് നിലവിൽ കേന്ദ്രത്തിൽനിന്നും അറിയിപ്പ് ഒന്നും ലഭിച്ചിട്ടില്ല. യാത്രാ നിരക്ക് എല്ലാ എമ്പാർക്കേഷനുകളിലും ഏകീകരിക്കുന്നതിന് 11-09-2025-ൽ സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്രന്യൂനപക്ഷ കാര്യ മന്ത്രി ശ്രീ. കിരൺ റിജ്ജു, ബഹുമാനപ്പെട്ട വ്യോമയാന മന്ത്രി ശ്രീ. റാംമോഹൻ നായിഡു എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പ് സെക്രട്ടറി 16-09-2025 -ൽ കേന്ദ്ര വ്യോമയാന സെക്രട്ടറിക്കും സംസ്ഥാന ഹജ്ജ് കമ്മിറ്റി 24-07-2025-ൽ കേന്ദ്ര ഹജ്ജ് കമ്മിറ്റിക്കും കത്ത് നൽകിയിട്ടുണ്ട്.

(ബി) ഹജ്ജിനുപോകുന്ന യാത്രക്കാർക്കായി കേരളത്തിൽനിന്നും പുറപ്പെടുന്ന വിമാന സർവീസുകളുടെ ഷെഡ്യൂൾ വിവരങ്ങൾ നൽകാമോ?

നിലവിൽ ഹജ്ജ് 2026-ന്റെ വിമാനങ്ങളുടെ ഷെഡ്യൂൾ സബന്ധിച്ചുള്ള വിവരങ്ങൾ ഒന്നും ലഭിച്ചിട്ടില്ല. കേന്ദ്രം ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഈ വർഷം കേരളത്തിൽ നിന്നുള്ള ഹജ്ജ് യാത്രക്കാർക്ക് സുഗമമായി ഹജ്ജ് നിർവഹിച്ച് മടങ്ങിവരുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

കേരളത്തിലെ ഹജ്ജ് തീർഥാടകർക്കായി മൂന്ന് ഘട്ടങ്ങളിലായി ഹജ്ജ് സാങ്കേതിക പഠന ക്ലാസ് ഹജ്ജ് കമ്മിറ്റി സംഘടിപ്പിക്കുന്നുണ്ട്. ഹാജിമാർക്ക് ആവശ്യമായ വിവിധ സേവനങ്ങൾ നൽകുന്നതിനായി ഓരോ മണ്ഡലങ്ങളിലും ഹജ്ജ് ടെയിനർമാരെ നിയമിച്ചിട്ടുണ്ട്. കേരളത്തിൽനിന്നും കാലിക്കറ്റ് എയർപോർട്ട്, കൊച്ചി എയർപോർട്ട് (CIAL), കണ്ണൂർ എയർപോർട്ട് (KIAL) എന്നീ എയർപോർട്ടുകളിൽ നിന്നുമാണ് യത്രാസൗകര്യം ഉള്ളത്. മൂന്ന് എംബാർക്കേഷൻ പോയിന്റുകളിലും ഹജ്ജ് തീർത്ഥാടകർക്ക് ഹജ്ജ്ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. കേരളത്തിലെ മൂന്ന് എംബാർക്കേഷനുകളിലും വച്ച് നടത്തുന്ന ഹജ്ജ് ക്യാമ്പിൽ ഹജ്ജ് തീർത്ഥാടകർ വിമാനത്തിൽ കയറുന്നത് വരെയുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുനൽകുന്നുണ്ട്. ഹാജിമാരെ സഹായിക്കുന്നതിന് സംസ്ഥാന ഹജ്ജ് ഇൻസ്പെക്ടർമാരെ ഹാജിമാർക്കൊപ്പം സൗദിയിൽ ജോലി ചെയ്യുന്നതിന് നിയമിക്കാറുണ്ട്. ഹജ്ജ് തീർഥാടകരുടെ

സൗകര്യത്തിനായി കരിപ്പൂർ ഹജ്ജ് ഹൗസ്സും അനുബന്ധമായി 2022-ൽ പണികഴിപ്പിച്ച വനിതാ ഡോർമിറ്ററി ബ്ലോക്കും സജ്ജമാണ്. പുതുതായി കണ്ണൂർ എംബാർക്കേഷൻ പോയിന്റിൽ ഹജ്ജ് ഹൗസ് നിർമ്മിക്കുന്ന നടപടികൾ ആരംഭഘട്ടത്തിലാണ്. ഇതിനായി സർക്കാർ 5 കോടി രൂപ 2025-26 ബജറ്റിൽ അനുവദിച്ചിട്ടുണ്ട്.

**വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം**

400 (1251) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷനിൽ പുരോഗമിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) നേരത്തെ അംഗീകരിച്ച എസ്റ്റിമേറ്റ് തുക വർധിപ്പിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കൂടുതൽ തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അധികമായി അനുവദിച്ച തുക ഉപയോഗിച്ച് നിർവഹിക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തിയാക്കാനാകുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

(എ-സി) പുതിയ അമൃത് ഭാരത് പുനർവികസന പദ്ധതിയുടെ ഭാഗമായി നവീകരിച്ച സൗകര്യങ്ങൾ പൂർത്തിയാവുന്ന ഘട്ടത്തിലാണ്, ഇവ ഉടൻതന്നെ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാൻ പദ്ധതിയിട്ടിട്ടുണ്ട്.

നവീകരിച്ച സൗകര്യങ്ങൾ

- പാർക്കിങ് ഏരിയ, സർക്കുലേറ്റിങ് ഏരിയ എന്നിവയുടെ വികസനം
- PF1- -ലെ പ്ലാറ്റ്ഫോം ഉപരിതലത്തിന്റെ നവീകരണം.
- കൂടുതൽ പ്ലാറ്റ്ഫോം ഷെൽട്ടറുകൾ, മൾട്ടി ലൈൻ ഡിസ്പ്ലേ ബോർഡ്, സിംഗിൾ ലൈൻ ഡബിൾ ഫേസ് ഡിസ്പ്ലേ ബോർഡ്, കോച്ച് ഗൈഡൻസ് ഡിസ്പ്ലേ ബോർഡ് എന്നിവയുടെ സ്ഥാപനം.
- സ്റ്റേഷൻ കെട്ടിടങ്ങളുടെ നവീകരണത്തിന്റെ ഭാഗമായി പുതിയ പ്രവേശന കവാടം (എൻട്രൻസ് ആർച്ച്), സ്റ്റേഷനിലേക്കുള്ള റോഡിന്റെ നവീകരണം, പുതിയ പോർട്ടിക്കോ, കോൺകോഴ്സിന്റെ നവീകരണം. ബുക്കിങ് ഓഫീസ്, വെയിറ്റിങ് ഹാൾ എന്നിവയുടെ നിർമ്മാണം.

- എൽ.ഇ.ഡി. ടിവി, സർക്കുലേറ്റിങ് ഏരിയയിലും പാർക്കിങ് ഏരിയയിലും കൂടുതൽ ലൈറ്റിങ് സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തി.

മേൽ സൗകര്യങ്ങളെല്ലാം ഇപ്പോൾ പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലാണ്, ഉടൻതന്നെ ഉദ്ഘാടനം ചെയ്യും.

(ഡി) വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷനിലേക്ക് സെക്കന്റ് എൻട്രിയും പടിഞ്ഞാറൻ കവാടത്തിലേക്ക് ഫൂട്ട് ഓവർ ബ്രിഡ്ജും ഉൾപ്പെടെ സ്ഥലം എം.എൽ.എ. ഉന്നയിച്ച ആവശ്യങ്ങൾ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നത് റെയിൽവേയുടെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

സ്റ്റേഷനിൽ രണ്ടാമതൊരു പ്രവേശന കവാടം നിർമ്മിക്കുന്നത് പ്രയോഗികമല്ലാത്തതിനാൽ പരിഗണനയില്ല എന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

**കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ റിസർവേഷൻ കൗണ്ടർ**

401 (1252) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വളരെ പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനായ കോഴിക്കോട് റെയിൽവേ സ്റ്റേഷനിലെ റിസർവേഷൻ കൗണ്ടർ ഒരെണ്ണമാക്കി മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

യാത്രക്കാർക്ക് റിസർവ്ഡ്, അൺറിസർവ്ഡ് ടിക്കറ്റുകൾ നൽകുന്നതിനായി നാല് ഇന്റഗ്രേറ്റഡ് അൺറിസർവ്ഡ് ടിക്കറ്റിങ് സിസ്റ്റം (IUTS) കൗണ്ടറുകൾ കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ സജീകരിച്ചിട്ടുണ്ട്. ഇതിൽ ഒരു കൗണ്ടർ പ്ലാറ്റ്ഫോം നമ്പർ 1-ലും മറ്റ് മൂന്ന് കൗണ്ടറുകൾ പ്ലാറ്റ്ഫോം നമ്പർ 4-ലും സ്ഥിതിചെയ്യുന്നു.

(ബി) പ്രസ്തുത റിസർവേഷൻ കൗണ്ടറുകളുടെ എണ്ണം വർധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

കൂടുതൽ കൗണ്ടറുകൾ തുടങ്ങണമെന്ന ആവശ്യം റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

*****